കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 01, തിങ്കൾ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 194 –നമ്പർ 12

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 01, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

II. അനുമോദനം

ട്വന്റി-ട്വന്റി ലോകകപ്പ് വിജയം

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ
- ശ്രീ പി. സി. വിഷ്ണുനാഥ്

(അവതരണാനുമതി നിഷേധിച്ചു.)

IV. ശ്രദ്ധ ക്ഷണിക്കൽ

(1) നെൽകൃഷി മേഖല നേരിടുന്ന പ്രതിസന്ധി
- ശ്രീ. മുരളി പെരുനെല്ലി

(2) തീരദേശ പരിപാലന പ്ലാനിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത
- ശ്രീ. രമേശ് ചെന്നിത്തല

V. സബ്മിഷൻ

(1) ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേട്
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ

(2) സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം
- ഡോ. മാത്യു കുഴൽനാടൻ

(3) സർക്കാർ മേഖലയിലെ ഡയാലിസിസ് സംവിധാനം
- ശ്രീ. വി. കെ. പ്രശാന്ത്

(4) ചാലക്കുടി റവന്യൂ ടവർ
- ശ്രീ. സനീഷ്കുമാർ ജോസഫ്

(5) തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളിൽ കടലാക്രമണം
- ശ്രീ. രമേശ് ചെന്നിത്തല

(6) വാമനപുരം പുഴയിലെ ജലവിതരണ പദ്ധതികൾ
- ശ്രീമതി ഒ. എസ്. അംബിക

(7) കൈത്തറി സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കൽ
- ശ്രീ. സി. കെ. ഹരീന്ദ്രൻ

(8) ദേവികുളത്ത് ലൈഫ് ഫ്ലാറ്റ് സമുച്ചയം
- ശ്രീ. എ. രാജ

(9) ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം
- ശ്രീ. ഇ. കെ. വിജയൻ

(10) വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും
- ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

VI. ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം
ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം
ധനാഭ്യർത്ഥന നമ്പർ XXXIV - വനം

VII. നിയമനിർമ്മാണ കാര്യം

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

അനുബന്ധം 1 മുതൽ 3 വരെ

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2024 ജൂലൈ 01, തിങ്കൾ

വാല്യം 194} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 12

നിയമസഭ 2024 ജൂലൈ മാസം 01-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*331)

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സുഗമമാക്കാൻ നടപടി

1 (*331) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ജോയി:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടയൽ റണ്ണിനൊരുങ്ങുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ അംഗീകാരങ്ങളും അനുമതിയും നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇനി ഏതെല്ലാം അനുമതിയും അംഗീകാരങ്ങളുമാണ് ലഭ്യമാകാനുള്ളതെന്ന് അറിയിക്കുമോ;

(സി) അനുമതികൾ സമയബന്ധിതമായി നേടിയെടുക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ഡി) കസ്റ്റംസ് പോർട്ട് എന്ന അംഗീകാരം ലഭിച്ചതിലൂടെ ഏതെല്ലാം പ്രവർത്തനങ്ങളാണ് വിഴിഞ്ഞം തുറമുഖത്ത് നടത്താൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ?

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, (എ) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി അംഗീകരിച്ചുകൊണ്ടുള്ള ഡിക്ലറേഷൻ 15-06-2024-ന് ലഭ്യമായിട്ടുണ്ട്.

കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 8 പ്രകാരമുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. സെക്ഷൻ 9 പ്രകാരം ലാൻഡിംഗ് ഏരിയയുടെയും കസ്റ്റംസ് ഏരിയയുടെയും പരിധി വ്യക്തമാക്കുന്ന വിജ്ഞാപനത്തിന്മേലുള്ള അംഗീകാരം 24-06-2024-ന് ലഭ്യമായിട്ടുണ്ട്.

കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 45-ന്മേൽ തത്വത്തിൽ അംഗീകാരം ലഭിച്ചു. കസ്റ്റംസ് ഏരിയ റഗുലേഷൻ 2009-ലെ ചട്ടം 5 പ്രകാരം കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള അംഗീകാരം 24-06-2024-ന് ലഭിച്ചിട്ടുണ്ട്.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ടിനായുള്ള ലൊക്കേഷൻ കോഡ് (IN NYY1) 21-06-2024-ന് ലഭ്യമായിട്ടുണ്ട്

(ബി)

- EDI (Electronic Data Interchange) അംഗീകാരം ലഭ്യമാകാനുണ്ട്.
- കസ്റ്റോഡിയൻ കോഡിനുള്ള അംഗീകാരം ലഭ്യമാകാനുണ്ട്.
- ഇമിഗ്രേഷൻ ചെക്ക് പോസ്റ്റ് (ICP) ക്ലിയറൻസ് ലഭിക്കാനുണ്ട്.
- വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടിന് 28-03-2024-ന് ലഭ്യമായ NSPC-യുടെ ഇടക്കാല ക്ലിയറൻസിന് 07-10-2024 വരെ കാലാവധിയുണ്ട്. പൂർണ്ണ അംഗീകാരത്തിനുള്ള ആഡിറ്റ്/ഇൻസ്പെക്ഷൻ ജൂൺ 2024-ൽ നടന്നിരുന്നു, അംഗീകാരം പ്രതീക്ഷിക്കുന്നു.
- International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിന്മേലുള്ള ഇടക്കാല അംഗീകാരം 02-04-2024-ന് ലഭ്യമായിട്ടുണ്ട്.

(സി) കസ്റ്റംസ് പ്രിവന്റീവ് ഡിപ്പാർട്ട്മെന്റിന്റെയും സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സ് ആൻഡ് കസ്റ്റംസ് (CBIC) ബോർഡിന്റെയും

വ്യവസ്ഥകൾ/ആവശ്യങ്ങൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് മേൽ സൂചിപ്പിച്ച വിവിധ കസ്റ്റംസ് അനുമതികൾ തുറമുഖത്തിന് ലഭിച്ചത്.

ചുവടെപ്പറയുന്ന തുറമുഖ ഘടകങ്ങളുടെ പൂർത്തീകരണത്തിന് നടത്തിയ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുശേഷമാണ് മറ്റ് അനുമതികൾ ലഭിച്ചത്.

ബ്രേക്ക് വാട്ടർ: 2960 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.

കണ്ടെയ്നർ ബർത്ത്: 800 മീറ്റർ കണ്ടെയ്നർ ബർത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 400 മീറ്റർ പ്രവർത്തനസജ്ജമാണ്.

തുറമുഖത്തെ NH-66-മായി ബന്ധിപ്പിക്കുന്ന എൻ.എച്ച്. റോഡ് കണക്ടിവിറ്റി: ആകെ 1700 മീറ്റർ നീളമുള്ള നാലുവരിപ്പാതയുടെ ആദ്യത്തെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ): വിഴിഞ്ഞം തുറമുഖത്ത് ആകെ 31 ക്രെയിനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 23 CRMG ക്രെയിനുകളും 8 RMQ ക്രെയിനുകളുമാണ് ഉൾപ്പെടുന്നത്. ഇവയുടെ കമ്മിഷനിംഗിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

തുറമുഖത്തേയ്ക്കുള്ള യന്ത്രസാമഗ്രികൾ (ക്രെയിനുകൾ അല്ലാത്തവ):

1. ടഗ്ഗുകൾ: 70 ton BP-3 എണ്ണം, 55 ton BP-1 എണ്ണം: എല്ലാം തുറമുഖത്ത് ലഭ്യമായിട്ടുണ്ട്.
2. പൈലറ്റ്-കം-സർവ്വേ വെസ്സൽ: പൈലറ്റ് കം പെട്രോൾ വെസ്സൽ 1 എണ്ണം വിഴിഞ്ഞത്ത് ലഭ്യമായിട്ടുണ്ട്.
3. മൂറിങ് ലോഞ്ചസ്: 2 എണ്ണത്തിനായുള്ള ഓർഡർ നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ലഭ്യമാകും.
4. നാവിഗേഷൻ സഹായികൾ: എല്ലാം സ്ഥാപിച്ചിട്ടുണ്ട്.

- പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് (POB), 220 KV GIS സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, 33 KV/11 KV പോർട്ട് സബ് സ്റ്റേഷൻ, സെക്യൂരിറ്റി

ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പോർട്ട് യൂസർ ബിൽഡിംഗ് (PUB)-ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

- ചുറ്റുമതിൽ: താത്കാലിക ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
- കണ്ടെയ്നർ ബാക്അപ് യാർഡ്: 63 ഹെക്ടർ റിക്ലമേഷൻ പൂർത്തീകരിച്ചു. 12.69 ഹെക്ടർ പേവർ ബ്ലോക്ക് സ്ഥാപിക്കൽ പൂർത്തിയായി.
- കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി: കണ്ടെയ്നർ സ്കാനറുകൾ വാങ്ങുന്നതിലേക്കായുള്ള അറ്റോമിക് എനർജി റെഗുലേഷൻ ബോർഡ് (AERB)-യുടെ അംഗീകാരം 30-05-2024-ന് ലഭ്യമായിട്ടുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024 ആഗസ്റ്റോടെ കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി പ്രവർത്തനസജ്ജമാകുന്നതാണ്.

(ഡി) കസ്റ്റംസ് ആക്ട് 1962, സെക്ഷൻ 7a പ്രകാരമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തെ കയറ്റിറക്കുമതി ചരക്കുകൾ കൈകാര്യം

ചെയ്യുന്നതിനുള്ള കസ്റ്റംസ് പോർട്ടായി അംഗീകരിച്ചിട്ടുണ്ട്. ഈ അംഗീകാരത്തിന്മേൽ വിഴിഞ്ഞം തുറമുഖത്തിന് കാർഗോ കൈകാര്യം ചെയ്യുവാൻ സാധിക്കും. വിവിധതരം കാർഗോ കണ്ടെയ്നറുകളിൽ നിറച്ച് കൈകാര്യം ചെയ്യുന്ന തരത്തിലാണ് വിഴിഞ്ഞം തുറമുഖം വിഭാവനം ചെയ്തിട്ടുള്ളത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാനത്തെ സമ്പദ്വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്നും ഏതൊക്കെ മേഖലകളിലാണ് മാറ്റം വരുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നമ്മുടെ നാടിന്റെ സാമ്പത്തികവും വാണിജ്യപരവും വ്യാവസായികവുമായ മേഖലകളിൽ വലിയ രൂപത്തിലുള്ള സാധ്യതകൾ വളർന്നുവരികയാണ്. അതോടൊപ്പം വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനം സജ്ജമാകുന്നതോടുകൂടി വൻതോതിലുള്ള

തൊഴിൽ സാധ്യതകളുമുണ്ടാകും. ഇതെല്ലാം നമ്മുടെ സമ്പദ്ഘടനയ്ക്ക് വലിയ ത്രുപത്തിലുള്ള ഉത്തേജനം പകരും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, വിഴിഞ്ഞം തുറമുഖം സജ്ജമാകുന്നതോടുകൂടി ഉണ്ടാകുന്ന തൊഴിൽ സാധ്യതകൾ എന്തെല്ലാമാണെന്നും അവയിലേയ്ക്കുള്ള നിയമനങ്ങൾ സർക്കാർ നിയന്ത്രണത്തിലാണോ നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, തൊഴിൽ സാധ്യതകളെ സംബന്ധിച്ച് കൃത്യമായി വിലയിരുത്തിയിട്ടില്ല. ഗവൺമെന്റല്ല നിയമനം നടത്തുന്നത്. അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (AVPPL) ആണ് നിയമനം നടത്തുന്നത്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം സുഗമമാക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളൊരുക്കാനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ചരക്കുനീക്കത്തിന് നിലവിലെ പരിമിതികൾ

പരിഹരിക്കുന്നതിന് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, വിഴിഞ്ഞം ആഴക്കടൽ കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് പോർട്ടിൽ ഏകദേശം 16 ശതമാനം ചരക്കുകളും കരമാർഗ്ഗമാണ് കൈകാര്യം ചെയ്യുന്നത്. അതോടൊപ്പം റെയിൽ സംവിധാനവും റോഡ് സംവിധാനവും ഇപ്പോൾ വിഭാവനം ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്. റെയിൽവെയുടെ കാര്യത്തിൽ പരിസ്ഥിതി പഠനം പൂർത്തീകരിക്കുകയും അതിന്റെ ഡി.പി.ആർ. റെയിൽവേ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ 1.7 കിലോമീറ്റർ റോഡിന്റെ ജോലികൾ അന്തിമ ഘട്ടത്തിലാണ്. അത് എൻ.എച്ച്.-മായി കണക്ട് ചെയ്യുന്ന രൂപത്തിലേയ്ക്ക് എത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. ജോയി: സർ, ടയൽ റണ്ണിന് ഒരുങ്ങുന്ന വിഴിഞ്ഞം തുറമുഖത്തിന്റെ ചരക്കുനീക്കത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. വിഴിഞ്ഞം-നവായിക്കുളം റിംഗ് റോഡിന്റെ നിലവിലെ അവസ്ഥ എന്താണെന്ന്

വ്യക്തമാക്കാമോ; അതിന്റെ രണ്ടും മൂന്നും ഘട്ടത്തിലേയ്ക്കുള്ള പാരിസ്ഥിതിക അനുമതിക്കുള്ള പഠനത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ റോഡുമായി ബന്ധപ്പെട്ട കണക്ടിവിറ്റിയെ സംബന്ധിച്ച് എൻ.എച്ച്.-ന്റെ പ്രതിനിധികളുമായി കൂടിയാലോചന നടത്തുകയും അക്കാര്യത്തിന്മേൽ അനുകൂല തീരുമാനമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഈ കഴിഞ്ഞ ജൂൺ 19-ന് രണ്ടും മൂന്നും ഘട്ടങ്ങളിലേയ്ക്കുള്ള പാരിസ്ഥിതിക പഠനം നടത്തിയതിൽ 703 പേർ പങ്കെടുത്തിരുന്നു. അതിൽ 110 പേർ പരാതികൾ നൽകിയിട്ടുണ്ട്. അതുസംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുകയും കേന്ദ്ര അനുമതിക്കായി ശിപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം തുറമുഖത്തിന്റെ ഒന്നാംഘട്ട കമ്മിഷനിംഗിനുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഒന്നാംഘട്ട പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഈ മാസം ട്രയൽ റൺ നടത്തുന്നതും ഈ വർഷംതന്നെ കമ്മീഷൻ ചെയ്യുന്നതുമാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വിഴിഞ്ഞം പദ്ധതി തുടക്കത്തിൽ വയബിളാകില്ല എന്നുള്ളതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് വയബിലിറ്റി ഗ്യാപ് ഫണ്ട് തരാമെന്ന് സമ്മതിച്ചത്. അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. അടിസ്ഥാന വികസന പദ്ധതികൾക്കുവേണ്ടി ദീർഘകാല അടിസ്ഥാനത്തിൽ പലിശരഹിത വായ്പകൾ നൽകുന്ന കേന്ദ്ര പദ്ധതികളുണ്ട്. തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അത് പ്രയോജനപ്പെടുത്തിയിട്ടുമുണ്ട്. അത് ലഭ്യമാക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു; അതിന്റെ ഫലമെന്താണ്; കഴിഞ്ഞ 8 വർഷംകൊണ്ട് സംസ്ഥാന ഗവൺമെന്റ് വിഴിഞ്ഞം പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, കഴിഞ്ഞ എട്ട് വർഷംകൊണ്ട് 884.38 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവഴിച്ചിട്ടുണ്ട്. വയബിലിറ്റി ഗ്യാപ് ഫണ്ട് (VGF) ലഭിക്കുന്നതിനുവേണ്ടി ത്രികക്ഷി കരാറിൽ ഒപ്പിടുന്നതിള്ള എല്ലാ ഫയലുകളും ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ തീയതി അടുത്ത ദിവസം

നിശ്ചയിക്കും. കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനായി നബാർഡിനെ സമീപിക്കുകയും അതിൽ തീരുമാനമാകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ജോബ് മൈക്കിൾ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ സംസ്ഥാന ഗവൺമെന്റിനെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങ് എം.എൽ.എ. ആയിരുന്ന കാലത്ത് നിർദ്ദേശിച്ച കോട്ടയം തുറമുഖ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോട്ടയം പോർട്ടിൽനിന്നും കോട്ടയം-ചങ്ങനാശ്ശേരി പോർട്ട് റൂട്ടിലൂടെ ചരക്കുഗതാതഗതം നടത്തുന്നതിനാവശ്യമായ പദ്ധതിക്ക് രൂപം നൽകാൻ തയ്യാറാകുമോ; ടി പദ്ധതി മുഖേന ചങ്ങനാശ്ശേരി, കുട്ടനാട്, തിരുവല്ല തുടങ്ങിയ പ്രദേശങ്ങളിൽ കൂടുതൽ വികസനമുണ്ടാകുമെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് മാരിടൈം ബോർഡുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. സമീപകാല ഭാവിയിൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യങ്ങൾ സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ട്രഷറി തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാൻ നടപടി

2 (*332) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കെ. പി. എ. മജീദ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എ. കെ. എം. അഷ്റഫ് ചുമതലപ്പെടുത്തിയതുപ്രകാരം

(ശ്രീ. എൻ. എ. നെല്ലിക്കുന്ന്): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് കണ്ടെത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) സംസ്ഥാനത്തെ ചില ട്രഷറികളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് തട്ടിപ്പുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലാ ട്രഷറി, തിരുവനന്തപുരം പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കൊടുങ്ങല്ലൂർ സബ് ട്രഷറി, ചങ്ങരംകുളം സബ് ട്രഷറി, ചേലക്കര സബ് ട്രഷറി, വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി, നെയ്യാറ്റിൻകര പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, പത്തനംതിട്ട ജില്ലാ ട്രഷറി, കഴക്കൂട്ടം സബ് ട്രഷറി എന്നിവിടങ്ങളിൽ വ്യാജ ചെക്കുകൾ ഉപയോഗിച്ച് വിവിധ കാലഘട്ടങ്ങളിൽ തട്ടിപ്പ് നടത്തിയതായി കണ്ടെത്തിയിട്ടുണ്ട്. കുറെ വർഷങ്ങളിലെ കണക്കുകളുണ്ട്.

(സി) മേൽ ട്രഷറികളിൽ നടന്ന തട്ടിപ്പുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിലും പോലീസ്/വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തലത്തിലും അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടി/ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ കേസുകളിലും ധനാപഹരണം നടത്തിയ മുഖ്യപ്രതികളെ സർവീസിൽനിന്നും ഡിസ്മിസ് ചെയ്യുകയും വീഴ്ച

സംഭവിച്ച മറ്റുള്ള ജീവനക്കാർക്കെതിരെ ശക്തമായ അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ധനാപഹരണം നടത്തിയ മുഴുവൻ തുകയും ആയതിന്റെ 18 ശതമാനം പലിശയും ഉൾപ്പെടെ ടി ജീവനക്കാരിൽനിന്നും റവന്യൂ റിക്കവറി മുഖാന്തരം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇത്തരം തട്ടിപ്പുകൾ ആവർത്തിക്കപ്പെടാതിരിക്കാൻ ട്രഷറി സോഫ്റ്റ്വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും ഇതിനോടകം കാതലായ മാറ്റം വരുത്തിയിട്ടുണ്ട്. ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി കൂടുതൽ സുരക്ഷാ മാനദണ്ഡങ്ങൾ നടപ്പിൽവരുത്താൻ തീരുമാനിച്ചിട്ടുമുണ്ട്.

ട്രഷറി വകുപ്പിൽ എല്ലാ ജീവനക്കാർക്കും PEN അടിസ്ഥാനത്തിൽ ഐ.പി. ബൈൻഡ് ചെയ്ത് നൽകിയിട്ടുണ്ട്. അപ്രകാരം ഐ.പി. ബൈൻഡ് ചെയ്തിട്ടുള്ള കമ്പ്യൂട്ടർ മുഖാന്തരം മാത്രമെ ബന്ധപ്പെട്ട ജീവനക്കാരന് സ്വന്തം യൂസർ ഐ.ഡി.-യും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ. ട്രഷറി ഓഫീസർ UMAS (User Management Authentication

System) ആപ്ലിക്കേഷനിൽ എല്ലാ ജീവനക്കാർക്കും അതത് ദിവസത്തെ പ്രവൃത്തി നിശ്ചയിച്ച് (role mapping) നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ ജീവനക്കാർക്ക് അവരിൽ നിക്ഷിപ്തമായ നിർദ്ദിഷ്ട ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. അതിൻപ്രകാരം ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി ജീവനക്കാരൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയതിനുശേഷം ട്രഷറി ഇടപാടുകൾ നടത്തുന്നതിന് Core-TIS എന്ന ആപ്ലിക്കേഷനിൽ തനിക്ക് നിശ്ചയിച്ചിട്ടുള്ള ഐ.പി. മുഖാന്തരം പ്രവേശിച്ച് ആധാറിന്റെ അവസാനത്തെ എട്ട് അക്കങ്ങൾ രേഖപ്പെടുത്തുമ്പോൾ ജീവനക്കാരന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ 24 മണിക്കൂർമാത്രം വാലിഡിറ്റിയുള്ള ഒരു ഒ.ടി.പി. ലഭിക്കുന്നു. ഇതുപയോഗിച്ച് മാത്രമെ ബന്ധപ്പെട്ട ജീവനക്കാരന് അന്നേദിവസം ഇടപാടുകൾ നടത്തുന്നതിനായി ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ.

ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേക്കായി ഇടപാടുകാരുടെ പാസ്വേർഡ് നിശ്ചിത

ഇടവേളകളിൽ നിർബന്ധിതമായി മാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ്സൈറ്റിൽ ഏർപ്പെടുത്തിയിട്ടുമുണ്ട്.

രണ്ട് ദിവസത്തിലധികം അവധിയിൽ പ്രവേശിക്കുന്നവരുടെയും വിരമിക്കുന്നവരുടെയും എൽ.പി.ആർ.-ൽ പ്രവേശിക്കുന്നവരുടെയും വി.ആർ.എസ്. എടുക്കുന്നവരുടെയും യൂസർ ഐ.ഡി.-യും പാസ്വേർഡും സ്വയം നിഷ്ക്രിയമാകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC (Standardisation Testing and Quality Certification) മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. ആയതിന്റെ കാലാവധി കഴിയുന്ന മുറയ്ക്ക് വീണ്ടും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ട്രഷറി ആപ്ലിക്കേഷനുകളുടെയും ഫങ്ഷണൽ ഓഡിറ്റ് നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

എല്ലാ ട്രഷറി ഇന്റർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി SSL (Secure Sockets Layer)

സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ കാലാവധി കഴിയുന്നമുറയ്ക്ക് പുതുക്കുന്നുമുണ്ട്.

സ്പാർക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ ട്രഷറി ജീവനക്കാർക്ക് ട്രഷറി ആപ്ലിക്കേഷനുകളിലേക്കുള്ള പ്രവേശനം അനുവദിക്കുന്നുള്ളൂ.

എല്ലാ ട്രഷറികളിലും സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു ട്രഷറി ഇടപാട് നടക്കുമ്പോൾ ആയത് ഏത് ജീവനക്കാരന് assign ചെയ്തനൽകിയിട്ടുള്ള ഐ.പി. മുഖാന്തരമാണ് നടന്നിട്ടുള്ളതെന്നും ഏത് ജീവനക്കാരന്റെ യൂസർ ഐ.ഡി.-യും പാസ്വേർഡും ഉപയോഗിച്ച് എപ്പോഴാണ് ടി ഇടപാട് നടന്നിട്ടുള്ളതെന്നും വ്യക്തമായി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ട്രഷറിയിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രഷറിയിൽനിന്ന് പണം പിൻവലിക്കുമ്പോൾ പ്രസ്തുത വിവരം എസ്.എം.എസ്. മുഖേന അക്കൗണ്ട് ഉടമയുടെ KYC-യിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പരിലേക്ക് അറിയിക്കുന്നതിനുള്ള

സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ചെക്ക് ബുക്ക് വിതരണം ചെയ്യുമ്പോഴും മേൽപ്രകാരം അക്കൗണ്ടുടമയ്ക്ക് എസ്.എം.എസ്. മുഖേന വിവരം ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.

നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ കൂടാതെ ഭാവിയിൽ കൂടുതൽകാര്യങ്ങൾകൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ഉടൻ പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ/മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.

- എല്ലാ അക്കൗണ്ടുടമകൾക്കും e-KYC നിർബന്ധമാക്കും.
- ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കും.
- ഒരു അക്കൗണ്ട് ഉടമയ്ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള ചെക്ക് ബുക്കിലെ മൂന്ന് ചെക്ക് ലീഫുകൾ അവശേഷിക്കുമ്പോൾമാത്രമെ പുതിയ ചെക്ക് ബുക്ക് അനുവദിക്കുകയുള്ളൂ.
- ഇടപാടുകാരന്റെ മൊബൈലിലേക്ക് വരുന്ന ഒ.ടി.പി.-യുടെ അടിസ്ഥാനത്തിൽ മാത്രമെ പുതിയ ചെക്ക് ബുക്ക് ഇഷ്യൂ ചെയ്യുകയുള്ളൂ.
- ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ മാറ്റുന്നതിന് പഴയ മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഇ-സന്ദേശത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ.

- പെൻഷൻ നിർത്തലാക്കുമ്പോൾത്തന്നെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (PTSB) അക്കൗണ്ടിലെ ഇടപാടുകൾ സ്വയം മരവിക്കും.
- ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ LSGD-K-SMART-മായി സംയോജിപ്പിച്ച്, പെൻഷൻകാർ മരണപ്പെടുമ്പോൾ പ്രസ്തുത വിവരം ലഭ്യമാക്കി പെൻഷൻ നിർത്തലാക്കും.
- ബാങ്കിംഗ് സെക്ടറുമായി കിടപിടിക്കുന്ന രീതിയിലുള്ള സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി ബാങ്കിംഗ് സോഫ്റ്റ്വെയർ ഡെവലപ്പേഴ്സുമായി ചർച്ച നടത്തി തുടർക്രമീകരണം നടത്തും.

ശ്രീ. യു. എ. ലത്തീഫ്: സർ, സർക്കാരിന്റെ സ്വന്തവും ഏറ്റവും വിശ്വസ്തതയുമുള്ള ട്രഷറിയിൽ തീക്കട്ടയിൽ ഉറുമ്പരിക്കുന്നതുപോലെ വ്യാജ ചെക്കുകളുപയോഗിച്ച് പണം തട്ടിയെടുക്കുന്നത് തടയാൻ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി നൽകിയതിൽ വളരെ സന്തോഷമുണ്ട്. ട്രഷറിയിൽപ്പോലും പണം നിക്ഷേപിച്ചാൽ സുരക്ഷിതത്വമില്ലെന്ന തോന്നൽ നിക്ഷേപകർക്കുള്ളതുകൊണ്ട് നഷ്ടപ്പെടുന്ന പണം നിക്ഷേപകർക്ക് തിരിച്ചുനൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നിക്ഷേപകർ ട്രഷറിയെ വിശ്വസിച്ച് നടത്തിയ നിക്ഷേപമാണ് ട്രഷറിയിലുള്ളത്. ട്രഷറിയിലെ എന്തെങ്കിലും പോരായ്മയുടെ ഫലമായോ ട്രഷറിയിലെ ഉദ്യോഗസ്ഥർ എന്തെങ്കിലും തട്ടിപ്പുനടത്തുകയോ ചെയ്താൽ അത് നിക്ഷേപകരെ ബാധിക്കുകയില്ല. അവരുടെ കാര്യത്തിൽ സംരക്ഷണമുണ്ടാകും, അത് നിമയത്തിലുണ്ട്. മാത്രമല്ല, ട്രഷറി പണം തട്ടിപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയെല്ലാം ഡിസ്മിസ് ചെയ്തിട്ടുണ്ട്. 2010 മുതലുള്ള കേസുകളുടെ വിവരങ്ങളും ഓരോ ഘട്ടത്തിലും സ്വീകരിച്ച നടപടികളുടെയും ഡിസ്മിസലിന്റെയും റവന്യൂ റിക്കവറിയുടെയും വിശദാംശങ്ങളും എന്റെ കൈവശമുണ്ട്. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ചിട്ടുണ്ട്. ഓരോഘട്ടത്തിലും കുറച്ചുകൂടി സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ട്രഷറി അക്കൗണ്ട് ഇടപാടുകാർക്ക് യാതൊരു സംശയത്തിനുമിടയില്ല. വളരെ അപൂർവം കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അത് തടയുമെന്ന് മാത്രമല്ല,

നിക്ഷേപകരുടെ കാര്യം സംരക്ഷിക്കുകയും ചെയ്യും. നിക്ഷേപകരുടെ പണം നഷ്ടപ്പെടുകയുമില്ല.

ശ്രീ. യു. എ. ലത്തീഫ്: സർ, ഇതുവരെ എത്ര പേർ വ്യാജ ചെക്കുകളുപയോഗിച്ച് പണം തട്ടിയെടുത്തെന്നും എത്ര തുക നഷ്ടപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇങ്ങനെയൊരു വിഷയമായതിനാൽ സാമാന്യം ദീർഘമായി മറുപടി പറയേണ്ടതുണ്ട്. 2007 മുതലുള്ള കേസുകളുടെ വിശദാംശങ്ങൾ എന്റെ കൈവശമുണ്ട്. 2007-ൽ ഇത്തരമൊരു സംഭവമുണ്ടായതിൽ ജൂനിയർ അക്കൗണ്ടന്റായ ശ്രീ. എം. ടി. ജോസഫിനെ ട്രഷറി ഡയറക്ടർ സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും 1,61,850/- രൂപയും അതിന്റെ 18 ശതമാനം പലിശയും ഈടാക്കുന്നതിന് ഉത്തരവാകുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഉത്തരവാദിത്വമുള്ള മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും നടപടിയെടുത്തിട്ടുണ്ട്. അതിൽ നേരിട്ട് ഇടപെട്ട ഉദ്യോഗസ്ഥരെയാണ് ഡിസ്മിസ് ചെയ്തത്. 2010-ൽ ഇതിന് സമാനമായ ഒരു കേസ്സിൽ സീനിയർ അക്കൗണ്ടന്റായ ശ്രീ. എസ്.

വി. വിനോദ് അടക്കമുള്ളവരുടെ പേരിൽ കേസെടുക്കുകയുണ്ടായി. 2014-ൽ കൊടുങ്ങല്ലൂർ സബ് ട്രഷറിയിൽനിന്നും വ്യാജ ചെക്ക് ബുക്ക് നൽകിയതിന്റെ പേരിൽ അക്കൗണ്ടന്റായിരുന്ന ശ്രീ. കെ. എം. അലിക്കുഞ്ഞിനെ സർവീസിൽനിന്നും ഡിസ്മിസ് ചെയ്യുകയും സർക്കാരിനുണ്ടായ നഷ്ടം തിരികെ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കുറ്റക്കാരായ മറ്റ് ഉദ്യോഗസ്ഥരുടെ മേൽ വിവിധ നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. 2020-ൽ ട്രഷറിയിൽ വലിയൊരു തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് പ്രമാദമായ ഒരു കേസ് വന്നിരുന്നു. അതുസംബന്ധിച്ച് കുറ്റക്കാരനായ ഉദ്യോഗസ്ഥനെ ഡിസ്മിസ് ചെയ്യുകയും വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ഉൾപ്പെടെ കേസ്സെടുത്ത് നടപടികൾ സ്വീകരിച്ചുവരികയുമാണ്. 2022-ൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പത്തനംതിട്ട ജില്ലാ ട്രഷറിയിൽ ഒരു വ്യാജ അക്കൗണ്ട് തുടങ്ങിയതിൽ പെൻഷണറുടെ സ്ഥിരനിക്ഷേപവും മറ്റ് തുകകളും എടുത്തതായി വിവരം ലഭിക്കുകയും ഉടൻതന്നെ അതിന്മേൽ നടപടി സ്വീകരിക്കുകയും ചെയ്തു. ഇത്തരം കേസുകളിലെല്ലാം കുറ്റക്കാരെ ഉടൻതന്നെ

അറസ്റ്റ് ചെയ്യുകയും നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. ഡിസ്മിസ് ചെയ്യുക മാത്രമല്ല ക്രമിനൽ കേസുകൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. എത്ര പണം നഷ്ടപ്പെട്ടു എന്നതിന് ഇങ്ങനെയുള്ള കേസുകളുടെ ആകെ തുക കണക്കുകൂട്ടിയെടുക്കണം. ഇതിനിടയിലുണ്ടായ അഞ്ചോ ആറോ കേസുകളിലും കൃത്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, എല്ലാ ബാങ്കുകളും അവരുടെ നിക്ഷേപകരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി എ.ടി.എം., മറ്റ് ഓൺലൈൻ സംവിധാനങ്ങൾ എന്നിവ സജീവമാക്കിയിരിക്കുകയാണ്. എന്നാൽ നമ്മുടെ ട്രഷറിയിൽ പണം നിക്ഷേപിക്കുമ്പോഴോ പിൻവലിക്കുമ്പോഴോ നിക്ഷേപകർക്ക് യാതൊരു അറിവും ലഭിക്കുന്നില്ല. ഇപ്പോഴും പഴയ രീതിയാണ് അവലംബിച്ചുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി അത് പരിശോധിച്ചുകാണുമെന്ന് കരുതുന്നു. എം.എൽ.എ.-മാരുടെ ശമ്പളം ട്രഷറിയിൽനിന്നാണ് ലഭിച്ചുകൊണ്ടിരുന്നത്, അങ്ങ് ആ പാസ് ബുക്ക് പരിശോധിച്ചുനോക്കിയിട്ടുണ്ടോ? നാല് പേപ്പറുകൾ മടക്കിവച്ച്

പിൻചെയ്ത ഒരു പാസ് ബുക്കാണ് നൽകിയിരുന്നത്. അത് കാണുമ്പോൾത്തന്നെ അങ്ങയുടെ വകുപ്പിന്റെ ദയനീയ സ്ഥിതി മനസ്സിലാക്കാൻ സാധിക്കും. അതുകൊണ്ട് കാലത്തിനനുസരിച്ച് ട്രഷറിയിലെ നിക്ഷേപകരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒരു മാസം മുമ്പുണ്ടായ കേസ് ഒഴികെ ബാക്കിയെല്ലാ കേസുകളിലും നഷ്ടപ്പെട്ട മുഴുവൻ തുകയും ഇടപാടുകാർക്ക് നൽകിയിട്ടുണ്ട്. അക്കാര്യത്തിൽ യാതൊരു സംശയവുമില്ല. ട്രഷറികളിൽ നിലനിന്നിരുന്നത് പഴയ സംവിധാനമായതുകൊണ്ട് അതിൽ വലിയരീതിയിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇവിടെ നടക്കുന്ന എല്ലാ ബാങ്കിംഗ് പ്രവർത്തനങ്ങൾക്കും പരിമിതിയുണ്ട്. അത്തരം കാര്യങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി ആവശ്യമാണ്. പണം പിൻവലിച്ചാൽ ഉടനെ മെസ്സേജ് ലഭിക്കുന്ന സംവിധാനം ട്രഷറികളിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ പണം നിക്ഷേപിച്ചാൽ മെസ്സേജ് ലഭിക്കുന്ന സംവിധാനം ഇപ്പോൾ നിലവിലില്ല. അതിലേയ്ക്കാവശ്യമായ കാര്യങ്ങൾ

അടിയന്തരമായി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം നേരിട്ട ഏറ്റവും പ്രധാന പ്രശ്നം സെർവറിന്റെ കപ്പാസിറ്റി വളരെ കുറവായിരുന്നുവെന്നതാണ്. പഴയ ഒരു സിസ്റ്റം മുഖേനയാണ് ഇത് ആരംഭിച്ചത്. ഇപ്പോൾ കുറെയേറെ പണം മാറ്റിവച്ച് ആ സെർവറിന്റെ കപ്പാസിറ്റി വർധിപ്പിച്ച് സിസ്റ്റം കറക്ടാക്കിയിട്ടുണ്ട്. നേരത്തെ ട്രഷറി ജീവനക്കാർക്ക് വിരലടയാളമോ മറ്റ് സാങ്കേതികവിദ്യയോ ഉപയോഗിച്ച് സിസ്റ്റം ലോഗ്-ഇൻ ചെയ്യുകയുന്നതിന് ആതന്റിക്കേഷന്റെ പ്രശ്നമുണ്ടായിരുന്നു. ഇപ്പോൾ അതിനുള്ള സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ ഇടപാടുകളുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾകൂടി ചെയ്യേണ്ടതുണ്ട്. ബാങ്കുകൾക്ക് ഇത്തരം കാര്യങ്ങൾ ചെയ്തുകൊടുക്കുന്നവരുമായി ബന്ധപ്പെട്ടോ വലിയ കമ്പനികളുമായി ചർച്ച ചെയ്തോ വിശ്വാസ്യത കുറച്കൂടി വർധിപ്പിക്കുന്നതിലേയ്ക്കായി എല്ലാ ട്രഷറികളിലും സാധാരണ നടത്താറുള്ള റൂട്ടിൻ ഇൻസ്പെക്ഷനുപുറമെ പ്രത്യേക ഇൻസ്പെക്ഷൻ നടത്തി രണ്ട് മാസത്തിനകം നടപടികളെല്ലാം

പൂർത്തീകരിക്കുന്നതാണ്. ഇത്തരത്തിൽ എവിടെയെങ്കിലും ഒറ്റപ്പെട്ട സംഭവങ്ങളുണ്ടെങ്കിൽ അതുംകൂടി കണ്ടെത്തേണ്ടതുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാനത്ത് സാമ്പത്തിക ഇടപാടുകൾ നടക്കുന്ന ഏറ്റവും വിശ്വസ്തമായ ഒരു മേഖലയാണ് ട്രഷറി എന്നാണ് എല്ലാവരും കരുതുന്നത്. ട്രഷറികളിൽ സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നത് ഖേദകരമാണ്. അത് തടയുന്നതിനായി ലോഗ്-ഇൻ ചെയ്യുന്നതിന് ബയോമെട്രിക് പഞ്ചിംഗുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കുന്നത് വളരെ നല്ല കാര്യമാണ്. അടുത്തിടെ കഴക്കൂട്ടം ട്രഷറിയിലടക്കം നടന്ന സാമ്പത്തിക തിരിമറികളിൽ നിരപരാധികളായ ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഏറ്റവും അനിവാര്യമായ ട്രഷറികളിൽ ജോലി ചെയ്യാൻ കൂടുതൽ ജീവനക്കാർ ഇല്ലാതിരിക്കുകയും ആവശ്യമില്ലാത്തിടത്ത് ജീവനക്കാർ കൂടുതൽ ഉണ്ടാകുകയും ചെയ്യുന്ന അവസ്ഥ പ്രയാസമുണ്ടാക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. അതുകൊണ്ട് ജോലിഭാരം കുറയ്ക്കുന്നതിനുവേണ്ടി

ജീവനക്കാരെ ആനുപാതികമായി പുനർവിന്യസിച്ച് ഈ പ്രയാസങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏതെങ്കിലും ടഷറികളിൽ ജീവനക്കാരുടെ അഭാവമുള്ളതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും സ്ഥലത്ത് അത്തരം പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്. കൂടാതെ, യാത്രാസൗകര്യവും വീട്ടിലെ സൗകര്യങ്ങൾക്കും അനുസരിച്ച് ദീർഘകാലം ഒരേ ടഷറികളിൽതന്നെ ജോലി ചെയ്യുന്ന ജീവനക്കാരുണ്ട്. അത്തരം കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതാണ്. ചില ജീവനക്കാർ സ്ഥിരമായി ഒരിടത്തുതന്നെ ജോലി ചെയ്ത് ആ ടഷറിയിലെ കാര്യങ്ങളെല്ലാം മനസ്സിലാക്കിയശേഷം രണ്ടോ മൂന്നോ വർഷക്കാലമായി പണമിടപാടുകൾ നടക്കാത്തതോ മരിച്ചുപോയവരോ ആയിട്ടുള്ളവരുടെ അക്കൗണ്ടുകളിൽനിന്ന് പണം തട്ടിയെടുക്കുന്നതടക്കമുള്ള നിരവധി കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കാര്യങ്ങൾ പരിശോധിച്ച് കൃത്യമായ നടപടി സ്വീകരിക്കുന്നതാണ്.

ഇവിടെ സൂചിപ്പിച്ച കാര്യങ്ങളും ജീവനക്കാരുടെ പുനഃക്രമീകരണം അടക്കമുള്ള വിഷയങ്ങളെക്കുറിച്ചും പരിശോധിക്കുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നമ്മുടെ ട്രഷറികളിൽ വലിയ രീതിയിൽ ഉണ്ടാകുന്ന സാമ്പത്തിക തട്ടിപ്പുകളിൽ വൻസ്രാവുകൾ രക്ഷപ്പെടുകയും സാധാരണക്കാരായ ജീവനക്കാർ കുടുങ്ങുകയുമാണ് ചെയ്യുന്നത്. 2020-ലെ വഞ്ചിയൂർ സബ്-ട്രഷറി തട്ടിപ്പ് കേസിലും സമാനമായ സ്ഥിതിയാണുണ്ടായത്. കമ്പ്യൂട്ടർവൽക്കരണത്തിന് ശേഷവും ഇത്തരം തട്ടിപ്പുകൾ നടക്കുന്നുവെന്നത് എല്ലാവരെയും സങ്കടപ്പെടുത്തുന്ന കാര്യമാണ്. നമ്മുടേത് പഴയ സോഫ്റ്റ്വെയർ ആയതുകൊണ്ടുതന്നെ കണക്കുകൾ ഒത്തുനോക്കപ്പെടുന്നില്ല. അങ്ങേയ്ക്കും എനിക്കും ട്രഷറിയിൽ അക്കൗണ്ടുണ്ട്. ഇത് എന്റെ പാസ്ബുക്കാണ്, (പാസ്ബുക്ക് ഉയർത്തിക്കാണിച്ചു). ട്രഷറിയിൽ പോകുമ്പോൾ എപ്പോഴെങ്കിലും മാനുവലായി പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുമെന്നല്ലാതെ സാധാരണയായി ബാങ്കുകളിൽ സൗകര്യം ഒരുക്കിയിട്ടുള്ളതുപോലെ കമ്പ്യൂട്ടറിൽ അപ്ഡേറ്റ് ചെയ്യലഭിക്കുന്ന

സംവിധാനം നിലവിലില്ല. ഇവ പരിഷ്കരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മാന്വൽ രീതിയിൽ അല്ലാതെതന്നെ ഇപ്പോൾ പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുന്നുണ്ട്. എന്താണ് അങ്ങയുടെ പാസ്ബുക്കിന് സംഭവിച്ചതെന്ന് പരിശോധിക്കാം. തിരുവനന്തപുരം ട്രഷറിയിൽ മാന്വൽ അല്ലാതെ തന്നെ പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. പൊതുവിൽ ആ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, തട്ടിപ്പുകൾ എല്ലാ കാലത്തും നടന്നിട്ടുണ്ട്. തട്ടിപ്പുകൾ നടക്കാത്ത മേഖലകളില്ല എന്നുള്ളതാണ് വാസ്തവം. സർക്കാർ ട്രഷറി ബാൻ കൊണ്ടുവരുമ്പോൾ പണം പിൻവലിക്കാൻ കഴിഞ്ഞില്ലെങ്കിലോ എന്ന ആശങ്ക നിലനിൽക്കുന്ന സാഹചര്യമുള്ളതുകൊണ്ട് ട്രഷറിയിൽ പണം നിക്ഷേപിക്കാൻ ആളുകൾക്ക് ഭയമാണ്. അതിനുപുറമെ ഇത്തരം തട്ടിപ്പുകൾകൂടി വരുമ്പോൾ ആളുകൾ പണം നിക്ഷേപിക്കാൻ മടിക്കും. പാസ്ബുക്ക് മാന്വലായി അപ്ഡേറ്റ്

ചെയ്യുന്ന രീതി പല സ്ഥലങ്ങളിലുമുണ്ട്. കോഴിക്കോട്ടും ഇവിടത്തെ ട്രഷറിയിലും ഈ സംവിധാനമാണുള്ളത്, അത് പരിശോധിക്കണം. ഇത്തരം തട്ടിപ്പുകൾ തടയാൻ ധാരാളം ആധുനിക സംവിധാനങ്ങളുണ്ടെങ്കിലും തട്ടിപ്പുകാരുടെ പ്രവർത്തനങ്ങൾ അതിനെയൊക്കെ മറികടക്കുന്ന നിലയിലാണ്. തട്ടിപ്പില്ലാത്ത ഒരു മേഖലയുമില്ല എന്നുള്ളതാണ് വാസ്തവം. അതുകൊണ്ട് ട്രഷറി തട്ടിപ്പ് തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ട്രഷറികളിലെ ധനാപഹരണം തടയാൻ സർക്കാർ സ്വീകരിച്ച നടപടികളെക്കുറിച്ച് നേരത്തെ വിശദീകരിച്ചിരുന്നു. ട്രഷറിയുടെ വിശ്വാസ്യത നഷ്ടപ്പെടുന്ന തരത്തിലുള്ള ഒരു കേസും റിപ്പോർട്ട് ചെയ്തിട്ടില്ല. പത്തുപതിനഞ്ച് വർഷത്തെ കണക്കുകളാണ് ഞാനിവിടെ സൂചിപ്പിച്ചത്. സംസ്ഥാനത്തിന്റെ അഭിമാനമാണ് കേരളത്തിലെ ട്രഷറി. ധനാപഹരണവുമായി ബന്ധപ്പെട്ട ഒറ്റപ്പെട്ട കേസുകൾക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. പണം നഷ്ടപ്പെട്ടിട്ടുള്ളവർക്കെല്ലാം അത് തിരികെ നൽകിയിട്ടുമുണ്ട്.

ഓൺലൈനായി പണമിടപാടുകൾ നടത്തുന്നതുകൊണ്ട് തട്ടിപ്പുകൾ ഇല്ലാതാകുമെന്ന് പറയാൻ സാധിക്കില്ല. വലിയ ബാങ്കുകളുടെ ഉൾപ്പെടെ ഏറ്റവും കൂടുതൽ തട്ടിപ്പുകൾ നടക്കുന്നത് ഓൺലൈൻ രംഗത്താണ്. അതുകൊണ്ട് എത്ര മികച്ച സംവിധാനം ഏർപ്പെടുത്തിയാലും നമ്മൾ വളരെ വിജിലന്റായിരിക്കണം. ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ പഴുതുകളുമടച്ച് ട്രഷറി തട്ടിപ്പുകൾ തടയാനുള്ള സംവിധാനങ്ങൾ ഉടനെ നടപ്പാക്കുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, വളരെ പരിമിതമായ സാഹചര്യങ്ങളിൽ പ്രവർത്തിക്കുന്ന ചാലക്കുടി സബ്-ട്രഷറി കെട്ടിടം ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. നിരവധി പ്രാവശ്യം ഇത് പുതുക്കിപ്പണിയുമെന്ന് വകുപ്പ് പറഞ്ഞെങ്കിലും പ്രവൃത്തി ചെയ്തിട്ടില്ല. അത് പുതുക്കിപ്പണിയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ഈ ചോദ്യവുമായി ബന്ധപ്പെട്ട കാര്യമല്ല. നിലവിൽ ഇരുപതിലധികം ട്രഷറികൾ പുതുക്കിപ്പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നേരത്തെ

കുറെയധികം ട്രഷറികൾ പുതിക്കിനിർമ്മിച്ചിരുന്നു. അതിന്റെ ഭാഗമായി ഇക്കാര്യം പരിശോധിക്കാം.

ശ്രീ. എ. പ്രഭാകരൻ: സർ, ട്രഷറി ഇടപാടുകളിൽ ഒരു കാരണവശാലും അപാകതകൾ ഉണ്ടാകാൻ പാടില്ല. അത് തടയാൻ കർക്കശ നിലപാട് സ്വീകരിക്കണം. വഞ്ചിയൂർ ട്രഷറി തട്ടിപ്പുകേസിൽ എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ട്രഷറിയിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രമാദമായ വഞ്ചിയൂർ ട്രഷറി തട്ടിപ്പുകേസിലാണ് ഓൺലൈൻ കളികൾക്കുവേണ്ടി പണം ഉപയോഗിച്ചുവെന്ന വാർത്ത വന്നത്. തട്ടിപ്പ് നടത്തിയ ഉദ്യോഗസ്ഥനിൽനിന്ന് പണം തിരികെ ലഭ്യമാക്കാൻ കർശന നടപടി സ്വീകരിക്കുകയും ടിയാളെ ജോലിയിൽനിന്ന് പിരിച്ചുവിടുകയും ചെയ്തു. നിലവിൽ ഈ കേസുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്. ഇത്തരം കേസുകളിൽ കുറ്റക്കാരെന്ന് ശ്രദ്ധയിൽപ്പെട്ട ഒരാളെയും ഒഴിവാക്കിയിട്ടില്ല. കഴക്കൂട്ടം സബ്-ട്രഷറി തട്ടിപ്പ് കേസിൽ

ഒളിവിൽ പോയ പ്രതിയെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയാണ്. ധനാപഹരണ കേസുകളിൽ കസ്റ്റമേഴ്സിന് നഷ്ടംവരാൻ പാടില്ല. അതുകൊണ്ടുതന്നെ ഇക്കാര്യം കൃത്യമായി പരിശോധിക്കുന്നുണ്ട്. ബാങ്കുകളിലും മറ്റും കള്ളച്ചെക്ക് നൽകി എഴുതി ഒപ്പിട്ട് വാങ്ങുന്ന സംവിധാനം ട്രഷറികളിൽ അനുവദിക്കാൻ കഴിയില്ല. അതുകൊണ്ട് ട്രഷറിയിൽ പൊതുവിൽ വിശ്വാസ്യതയില്ലാത്ത തരത്തിലുള്ള കാര്യങ്ങൾ സംഭവിക്കാതിരിക്കാൻ ശ്രമിക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും സുരക്ഷിതത്വം ഉറപ്പുവരുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ ആവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ട്രഷറിയിലെ എ.ടി.എം. സംവിധാനത്തിന് റിസർവ് ബാങ്കിന്റെ അനുമതിയുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളുണ്ട്. പർച്ചേസിനും മറ്റും ഓൺലൈനായി പണം അടയ്ക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നുണ്ട്. അക്കാര്യവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിവരികയാണ്. റിസർവ് ബാങ്കിന്റെ ചില നോംസ് പ്രകാരം ട്രഷറിയിൽ ബാങ്കിംഗിന് തുല്യമായ രീതിയിലുള്ള പ്രവർത്തനങ്ങൾ

നടത്താൻ അനുവാദം ലഭിച്ചിട്ടില്ല. എന്നാൽ ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനം ഉടനെ ആരംഭിക്കുന്നതാണ്.

ശ്രീ. പി. നന്ദകുമാർ: ദേശസാൽകൃത ബാങ്കുകളടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളിൽ ചില തട്ടിപ്പുകൾ നടക്കുന്നത് സംബന്ധിച്ച് വാർത്തകൾ വരുന്നുണ്ട്. 2011-2016 കാലഘട്ടങ്ങളിൽ നടന്ന ട്രഷറി ക്രമക്കേടുകളിൽ അന്നത്തെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്? തട്ടിപ്പിന് വിധേയരായ ആളുകളിൽനിന്ന് തെളിവെടുപ്പ് നടത്തിയതിനുശേഷം അവർക്ക് പണം മടക്കിക്കൊടുക്കാത്ത പല കേസുകളും നിലവിലുണ്ട്. അത്തരം വിഷയങ്ങളിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ട്രഷറി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളെക്കുറിച്ച് നേരത്തേ വിശദീകരിച്ചിരുന്നു. പണം നഷ്ടപ്പെട്ടവർക്ക് അത് തിരികെ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. പണം തിരികെ കൊടുക്കുമെന്ന കാര്യത്തിൽ തർക്കമില്ല. അതിനാവശ്യമായ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് തുക കൊടുക്കാവുന്നതേയുള്ളൂ. നഷ്ടപ്പെട്ട മുഴുവൻ തുകയും അതിന്റെ 18 ശതമാനം പലിശയും ഉൾപ്പെടെ തട്ടിപ്പ്

നടത്തിയ ജീവനക്കാരിൽനിന്നും റവന്യൂ റിക്കവറി മുഖാന്തരം ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടിയുമായി ബന്ധപ്പെട്ട ചില കേസുകളിൽ കോടതി നടപടികൾ നിലനിൽക്കുന്നുണ്ട്. റവന്യൂ റിക്കവറി ആരംഭിക്കാൻ പോകുന്ന ഘട്ടത്തിൽ ചിലർ കോടതിയെ സമീപിക്കുന്നുണ്ടെങ്കിലും റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെ വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. എന്നാൽ ഇതെല്ലാം കോടതി നടപടിക്രമങ്ങളായതുകൊണ്ടുതന്നെ നമ്മുടെ കൈയിൽ നിൽക്കുന്നതല്ല. ചില കേസുകളിൽ കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ അത് പൂർത്തീകരിക്കാൻ ശ്രമിക്കുന്നതാണ്. പണം നഷ്ടപ്പെട്ടവർക്ക് ഇതിന്റെ പേരിൽ നഷ്ടമുണ്ടാകാത്ത തരത്തിൽ കാര്യങ്ങൾ ചെയ്യുന്നതാണ്. കഴിഞ്ഞ പത്തുപതിനഞ്ച് വർഷത്തിനിടെ ഒറ്റപ്പെട്ട കേസുകൾ മാത്രമെ ഉണ്ടായിട്ടുള്ളൂ. ഇത്തരം തട്ടിപ്പുകൾ ഉണ്ടാകുമ്പോൾ ഉടനടി നടപടി സ്വീകരിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി

3 (*333) ശ്രീ. എം. വിൻസെന്റ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി ഉമ തോമസ്:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഉത്തരേന്ത്യ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന വൻകിട കമ്പനികൾ വൻതോതിൽ പരുത്തി വാങ്ങി സംഭരിക്കുന്നത് പരുത്തിയുടെ വിലവർദ്ധനവിന് കാരണമാകുന്നുവെന്നത് വസ്തുതയാണോ;

(സി) എങ്കിൽ ഇത് തടയാൻ കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടാൻ നടപടി സ്വീകരിക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, (എ) പരുത്തിയുടെ വിലക്കയറ്റം കൈത്തറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. പരുത്തിയുടെ വില ഉയരുന്നതിന് ആനുപാതികമായി ആഭ്യന്തര വിപണിയിൽ നൂലിന്റെ വില ഉയരുന്നില്ല. കൈത്തറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുമ്പോൾ ഉല്പാദന ചെലവ് കൂടുന്ന സാഹചര്യമാണുള്ളത്. ഇതുമൂലം കൈത്തറി ഉൽപ്പന്നങ്ങളുടെ വില ക്രമാതീതമായി ഉയരുകയും ഉൽപ്പന്നങ്ങൾ

കമ്പോളത്തിൽ വിൽക്കാൻ സാധിക്കാതെവരികയും ചെയ്യുന്നു. ഇത് കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം, തൊഴിലാളികളുടെ വേതനം, തൊഴിൽ ലഭ്യത എന്നിവയെയും സാരമായി ബാധിക്കുന്നു.

പരുത്തി (കോട്ടൺ) പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന, പൊതുമേഖലയിലും സഹകരണ മേഖലയിലും പ്രവർത്തിക്കുന്ന സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനത്തെ പരുത്തിയുടെ വിലക്കയറ്റം സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ സീസൺ സമയത്ത് പരുത്തിയുടെ വിലയിൽ ഗണ്യമായ കുറവ് വന്നിരുന്നുവെങ്കിലും നിലവിൽ പരുത്തിക്ക് വിളവെടുപ്പ് സമയങ്ങളിൽ പോലും ഉയർന്ന വിലയാണുള്ളതെന്ന് കാണുന്നു.

(സി) കേന്ദ്ര സർക്കാർ സ്ഥാപനമായ കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ (CCI) ആണ് പരുത്തിയുടെ മിനിമം സപ്പോർട്ട് പ്രൈസ് (MSP) നിശ്ചയിക്കുന്നത്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ

പരുത്തിയുടെ വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർദ്ധന നിയന്ത്രിക്കാനാവും. ഇക്കാര്യം യൂണിയൻ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

പരുത്തിയുടെ ഉയർന്ന വില ക്രമീകരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പരുത്തിയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വിളവെടുപ്പ് സീസണിൽ തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പരുത്തി വാങ്ങുന്നതിനായി ഈ സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തുകയും 70 കോടി രൂപ നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ (എൻ.സി.ഡി.സി.) നിന്നും ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ശ്രീ. എം. വിൻസെന്റ്: സർ, കൈത്തറി ഉൽപ്പന്നങ്ങളുടെ വില അതിന്റെ മാർക്കറ്റിനെ സാരമായി ബാധിച്ചിട്ടുണ്ട്. മാർക്കറ്റ്

ഉണർത്തുന്നതിനുവേണ്ടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ മാർക്കറ്റ് ഇൻസെന്റീവ് കൊടുക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ മാർക്കറ്റ് ഇൻസെന്റീവ് പുന:സ്ഥാപിച്ചെങ്കിലും സംസ്ഥാന സർക്കാർ നിർത്തലാക്കിയ മാർക്കറ്റ് ഇൻസെന്റീവ് പുന:സ്ഥാപിച്ചിട്ടില്ല. National Handloom Development Corporation Limited (NHDC) നൂലിന്റെ സബ്സിഡി 10 ശതമാനത്തിൽനിന്നും 15 ശതമാനമായി വർധിപ്പിച്ചു. എന്നാൽ 2011-ൽ ആണ് സംസ്ഥാന ഗവൺമെന്റ് സബ്സിഡി തീരുമാനിച്ചത്. ഇതുവരെയും അത് പരിഷ്കരിക്കുകയോ വർധിപ്പിക്കയോ ചെയ്തിട്ടില്ല. നാൽപ്പതാം നമ്പർ നൂലിന് കിലോഗ്രാമിന് 25 രൂപയാണ് സബ്സിഡിയായി നൽകുന്നത്. അത് വർധിപ്പിക്കാനും മാർക്കറ്റ് ഇൻസെന്റീവ് ഏർപ്പെടുത്താനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനായി കേരളം ധാരാളം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ നടപ്പിലാക്കിയ സ്കൂൾ യൂണിഫോം പദ്ധതിയാണ് ഈ മേഖലയിൽ ചലനാത്മകത സൃഷ്ടിച്ചത്. പരുത്തിയുടെ വില

വർധിക്കുന്നതുകൊണ്ട് മാർക്കറ്റിൽ നൂലിന്റെ വില ഇടിയുന്ന സാഹചര്യമാണുള്ളത്. അതാണ് ഈ പ്രതിസന്ധിക്ക് കാരണമാകുന്നത്. ഇത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് പലവിധത്തിലുള്ള സപ്പോർട്ടുകൾ നൽകുന്നുണ്ട്. ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ അതിനെക്കാൾ കൂടുതൽ സാമ്പത്തിക സപ്പോർട്ടുകൾ നൽകുന്നുണ്ട്. മാർക്കറ്റിംഗിന്റെ കാര്യത്തിലും നൂലിന്റെ ലഭ്യതയുടെ കാര്യത്തിലും പൊതു സംവിധാനങ്ങളുണ്ട്. ഇപ്പോൾ കോട്ടൺ ബോർഡ് ഉൾപ്പെടെയുള്ള പുതിയ സംവിധാനങ്ങളിലൂടെ സീസണിൽ ഗുണമേന്മയുള്ള കോട്ടൺ വില കുറച്ച് പരമാവധി സംഭരിക്കുന്നതിനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, അങ്ങയുടെ മറുപടിയിൽ പറഞ്ഞതുപോലെ സ്കൂൾ യൂണിഫോം കൈത്തറിയിലേയ്ക്ക് മാറ്റുന്ന പദ്ധതി ഏറെ സ്വാഗതം ചെയ്യപ്പെട്ടതിനെത്തുടർന്ന് നെയ്ത്ത് തൊഴിലാളികൾ സ്കൂൾ യൂണിഫോം നെയ്യുന്ന തരത്തിലേയ്ക്ക് വലിയ മുതൽമുടക്കിൽ അവരുടെ കൈത്തറികൾ പുനഃസംഘടിപ്പിക്കുകയുണ്ടായി. ടി തറിയിൽ ഇപ്പോൾ മറ്റ് തുണിത്തരങ്ങൾ

നെയ്യാൻ നിവൃത്തിയില്ല. കഴിഞ്ഞ ഓണത്തിനുശേഷം മൂന്ന് മാസമാണ് ഇവർക്ക് നൂൽ വിതരണം ചെയ്തിട്ടുള്ളത്. അതിനുശേഷം നൂൽ വിതരണം മുടങ്ങിയിരിക്കുകയാണ്. 6 മാസമായി കൈത്തറി യൂണിഫോം നെയ്തവരുടെ കൂലി മുടങ്ങിയിരിക്കുകയാണ്. ഈ രണ്ട് മാസമെങ്കിലും കൃത്യമായി നൂൽ നൽകിയില്ലെങ്കിൽ അവരുടെ ഓണക്കാലം ദുരിതത്തിലാകും. അതിനാൽ അടിയന്തരമായി നൂൽ വിതരണം ചെയ്യാനും അവരുടെ കൂലിയുടെ കുടിശ്ശിക നൽകാനും നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ആരംഭിച്ചതിനുശേഷം നൽകിയിട്ടുള്ള പണത്തിന്റെ കണക്കുകളുടെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ഡിസംബർ മാസം വരെയുള്ള കൂലിയാണ് വിതരണം ചെയ്തിട്ടുള്ളത്. തൊഴിലാളികൾക്ക്, വിദ്യാഭ്യാസ വകുപ്പുവഴി ലഭിക്കുന്ന പണം കൈമാറി നൽകിക്കൊണ്ടിരിക്കുകയാണ്. ഇനി 18 കോടി രൂപ അനുവദിച്ച് നൽകാനുണ്ട്. അത് അടിയന്തരമായി നൽകുന്നതിന് രണ്ട് വകുപ്പുകളും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും ഫണ്ട് ലഭിക്കുന്നമുറയ്ക്ക് അത് തൊഴിലാളികൾക്ക് നൽകുന്നതിനാവശ്യമായ നടപടി

സ്വീകരിക്കും. നൂലിന്റെ വിലയിനത്തിൽ സ്പിന്നിംഗ് മില്ലുകൾക്ക് 5.64 കോടി രൂപ കൂടി അനുവദിച്ചുനൽകാനുണ്ട്. ഈ പദ്ധതി ആരംഭിച്ചതിനുശേഷം സർക്കാർ ഇതുവരെ 339.93 കോടി രൂപയാണ് ഈ മേഖലയിൽ വിതരണം ചെയ്തിട്ടുള്ളത്.

(ശ്രീ. സണ്ണി ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീമതി ഉമ തോമസ്: സർ, കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ വേതനം വർധിപ്പിച്ച് അവർക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിലും ജീവിത സാഹചര്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പാക്കി കൈത്തറി മേഖലയുടെ നിലനിൽപ്പ് സാധ്യമാക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കാൻ പുതുതലമുറയെ ആകർഷിക്കുന്നതിനും സാധ്യമാകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, സർക്കാർ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ ആരോഗ്യ മേഖലയിൽ പ്രത്യേക സംവിധാനം നടപ്പാക്കുന്നുണ്ട്. ഇതിലേയ്ക്കായി ഇത്തവണ പുതിയൊരു

പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാഴ്ച കുറവുള്ളവർക്ക് രണ്ടായിരം രൂപ കണ്ണട അലവൻസായി അനുവദിക്കുന്നതിലേയ്ക്കായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്. ചെറുപ്പക്കാരെ ആകർഷിക്കുന്നതിനായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന യുവ വീവ് പദ്ധതിയുടെ ഗുണഭോക്താക്കളായ 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് മൂന്ന് മാസം 200 രൂപ വീതം നൽകി കൈത്തറി പരിശീലനം നൽകുന്നതാണ്. അതിനുശേഷം മൂന്ന് മാസത്തേയ്ക്ക് ഇവർ തൊഴിൽ ചെയ്യുന്ന സ്ഥലങ്ങളിൽ ഗവൺമെന്റിന്റെ ഭാഗമായി 125 രൂപ അധികം വേജ് സപ്പോർട്ട് നൽകുന്നുണ്ട്. ഇപ്രകാരം 80 പേർക്ക് ഈ സാമ്പത്തിക വർഷം പരിശീലനം നൽകിയിട്ടുണ്ട്. ഈ വർഷവും അതിനുവേണ്ടി 22.42 ലക്ഷം രൂപ വിതരണം ചെയ്യ കഴിഞ്ഞിട്ടുണ്ട്. 75 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

ശ്രീ. സി. ആർ. മഹേഷ്: സർ, കൈത്തറി വ്യവസായത്തെ സംബന്ധിച്ച് ഗ്രാമപ്രദേശങ്ങളിൽ തറിയൊച്ചകൾ ഉയർന്നുകേട്ടിരുന്ന നല്ലൊരു കാലഘട്ടം നമുക്കുണ്ടായിരുന്നു. പ്രവർത്തന മൂലധനമില്ലാത്ത

പ്രാഥമിക സംഘങ്ങളെ സഹായിക്കാനായി സർക്കാർ എന്ത് പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, കൈത്തറി മേഖലയുടെ പൊതുവായ പ്രതിസന്ധി പരിഹരിക്കുന്നതിന് സാധ്യമാകുന്ന രൂപത്തിലുള്ള സാമ്പത്തിക പിന്തുണയാണ് പല തലങ്ങളിൽനിന്നും ഈ മേഖലയ്ക്കുവേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സംഘങ്ങൾക്കും ആവശ്യമായ പിന്തുണ നൽകുന്നുണ്ട്. ചിലയിടങ്ങളിൽ പ്രവർത്തന മൂലധനമായും മറ്റിടങ്ങളിൽ നൂൽ സംഭരിച്ചുനൽകുന്നതിനും സർക്കാർ നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. എൻ. കെ. അക്ബർ: സർ, പരുത്തിയുടെ അമിത വിലവർദ്ധന കാരണം ടെക്സ്റ്റൈൽ മില്ലുകൾ കടുത്ത പ്രതിസന്ധി നേരിടുകയാണ്. NTC മില്ലുകളുടെ നിലവിലുള്ള അവസ്ഥയെന്താണ്?

ശ്രീ. പി. രാജീവ്: സർ, പൊതുവെ കേരളത്തിൽ ഉണ്ടായിരുന്ന NTC മില്ലുകളെല്ലാം അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ പ്രതിസന്ധി നമുക്ക് മാത്രമല്ല ഉണ്ടായത്. ഇതിന്റെ പ്രധാന മേഖലയായ തിരുപ്പൂരിലും ടെക്സ്റ്റൈൽ മില്ലുകൾ അടച്ചുപൂട്ടുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ NTC-ക്ക് ആറ്

മില്ലുകളാണ് ഉണ്ടായിരുന്നത്. കൊല്ലം പാർവ്വതി സ്പിന്നിംഗ് മിൽ 2008 മുതൽ അടച്ചിട്ടിരിക്കുകയാണ്. കോവിഡ് സമയത്ത് അടച്ചശേഷം തുറന്ന് പ്രവർത്തിച്ചിട്ടില്ലാത്ത അളഗപ്പ, കണ്ണൂർ, കേരളലക്ഷ്മി, വിജയമോഹിനി തുടങ്ങിയ അഞ്ച് മില്ലുകൾ തുറന്ന് പ്രവർത്തിക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ പലതവണ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. അല്ലെങ്കിൽ നമുക്ക് കൈമാറി തന്നാൽ മറ്റ് കാര്യങ്ങൾക്കായി അത് ഉപയോഗിക്കാമെന്ന നിർദ്ദേശവും മുന്നോട്ടുവച്ചിട്ടുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിമാനസ്തംഭവും ലാഭകരമായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ട്രാവൻകൂർ ടൈറ്റാനിയം ഈ അടുത്ത കാലത്ത് ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ ദിവസം അവിടത്തെ ട്രേഡ് യൂണിയൻ അംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ വന്നുകണ്ടിരുന്നു. നിലവിലുള്ള ഈ പ്രതിസന്ധി മറികടക്കാനും TTP-യെ പഴയ പ്രതാപത്തിലേയ്ക്ക് കൊണ്ടുവരാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, കൈത്തറി മേഖലയിലേയ്ക്ക് തിരിയാൻ ട്രാവൻകൂർ ടൈറ്റാനിയം ഇതുവരെയും തീരുമാനിച്ചിട്ടില്ല. എങ്കിലും അദ്ദേഹം പറഞ്ഞ കാര്യങ്ങൾ പ്രത്യേകം പരിശോധിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, കുറേ മാസങ്ങളായി ഖാദി തൊഴിലാളികൾക്ക് മുടങ്ങിക്കിടക്കുന്ന മിനിമം വേതനവും ഇൻസെന്റീവും അടിയന്തരമായി കൊടുക്കുമോ; അവർക്ക് ഇൻസെന്റീവ് നൽകുന്നതിനുപകരം മാസംതോറും അവർക്ക് ശമ്പളം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യയായ അംഗം ഖാദി മേഖലയിൽ ചൂണ്ടിക്കാണിച്ച കാര്യം ഗൗരവമുള്ളതാണ്. തൊഴിൽ വകുപ്പ് ലേബർ ഇൻകം സപ്പോർട്ട് സ്കീമായിട്ടാണ് അത് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാർ അടിയന്തരമായി കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. ശശി: സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലുകൾ കൈത്തറിക്കാവശ്യമായ നൂൽ നിർമ്മിക്കുന്നില്ലെന്ന

കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നിലവിലുള്ള മില്ലുകളുടെ പൊതുസ്ഥിതിയെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. എല്ലായിടത്തും പ്രവർത്തിക്കുന്ന ടെക്സ്റ്റൈൽ മില്ലുകൾ കുറെ പ്രതിസന്ധികൾ നേരിടുന്നുണ്ട്. ഏറ്റവും മോഡേണൈസായ മില്ലാണ് കോമളപുരം സ്പിന്നിംഗ് മിൽ. അവിടെ ഒരു കിലോഗ്രാം നൂൽ നിർമ്മിക്കുന്നതിനുള്ള ഉല്പാദന ചെലവ് 232 രൂപയാണ്. അതിന്റെ ശരാശരി വിപണന വില 200 രൂപയാണ്. ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിച്ചാൽ അവിടെ 32 രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. എന്നാൽ കോട്ടയം ടെക്സ്റ്റൈൽസിൽ ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിച്ചാൽ അവിടെ 60 രൂപയുടെ നഷ്ടമാണുണ്ടാകുന്നത്. പ്രഭുറാം മില്ലിൽ ഒരു കിലോഗ്രാം നൂൽ ഉല്പാദിപ്പിക്കുമ്പോൾ 47 രൂപയുടെ നഷ്ടം സംഭവിക്കുന്നു. എടരിക്കോട് സ്പിന്നിംഗ് മില്ലിൽ 62 രൂപയുടെ നഷ്ടമുണ്ടാകുന്നു. പരുത്തിയുടെ വിലക്കുടുതലും നൂലിന്റെ വിലക്കുറവുംമൂലം ഉല്പാദനം വർധിക്കുംതോറും

ഭീമമായ നഷ്ടം സംഭവിക്കുകയാണ്. ഇതാണ് അടിസ്ഥാനമായ പ്രതിസന്ധിയുടെ കാരണം. ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ എത്രമാത്രം നടപ്പാക്കാൻ കഴിയുമെന്ന് പ്രത്യേകം പരിശോധിക്കാം.

ശ്രീ. എം. വിജിൻ: സർ, കൈത്തറി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ആരോഗ്യ സംരക്ഷണം വളരെ പ്രധാനമാണ്. അതിനായി സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യയായ തൃക്കാക്കര അംഗത്തിന്റെ ചോദ്യത്തിനുള്ള മറുപടിയിൽ ഇക്കാര്യം വിശദീകരിച്ചിട്ടുണ്ട്. പ്രത്യേകമായ ആരോഗ്യ പരിരക്ഷ പദ്ധതി, കാഴ്ച കുറവുള്ളവർക്ക് കണ്ണട നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയവയെല്ലാം സർക്കാർ നടപ്പാക്കിവരുന്നുണ്ട്.

നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

4 (*334) ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടക്കമുള്ള നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ വിഭാഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നികുതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) സംസ്ഥാനത്ത് AI അടക്കമുള്ള നൂതന സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തി നികുതി പിരിവിനെ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ വകുപ്പ് ശ്രമിച്ചുവരുന്നു. നിർമ്മിത ബുദ്ധിയുടെ സാധ്യത ഉപയോഗിച്ച് വ്യാപാര സംബന്ധമായ വിവരങ്ങൾ വിശകലനം ചെയ്ത് Red

Flag report generate ചെയ്യുന്ന സാങ്കേതിക വിദ്യയാണ് BIFA അഥവാ Business Intelligence & Fraud Analytics. ഇതുവഴിയുള്ള മെഷീൻ ലേണിംഗ് മൊഡ്യൂളുകളിലൂടെ വിൽപ്പനകൾ കുറച്ച് റിപ്പോർട്ട് ചെയ്യൽ, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൂടുതൽ കണക്കാക്കൽ പോലുള്ള അസാധാരണങ്ങളായ പ്രവർത്തനങ്ങളെ തിരിച്ചറിയാൻ കഴിയുന്നു. ഇതുകൂടാതെ നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും ചെയ്യുന്നു. കൂടാതെ NIC ചിട്ടപ്പെടുത്തി Comprehensive Analytical Report, RFID, VAHAN എന്നിവയുമായി സംയോജിപ്പിച്ച് ചരക്ക് നീക്കം തൽസമയം ട്രാക്ക് ചെയ്ത് റിപ്പോർട്ടുകൾ തരുന്നു. മറ്റൊരു നൂതന സാങ്കേതികവിദ്യ, സംസ്ഥാനത്തിന്റെ അതിർത്തികളിൽ സ്ഥാപിച്ചിരിക്കുന്ന AI-യുടെ സഹായത്തോടെ പ്രവർത്തിക്കുന്ന ANPR സിസ്റ്റമാണ്. ഇത് സംസ്ഥാനത്തിനകത്തേക്കുള്ള ചരക്ക് നീക്കത്തെ സമീപത്ത് വിന്യസിച്ചിട്ടുള്ള എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുമായി മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ചുകൊണ്ട് നിരീക്ഷണം നടത്തിവരുന്നുണ്ട്. കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്ന കൺട്രോൾ റൂം വഴി ഈ ക്യാമറകളെ

നിരീക്ഷിച്ച് അതുവഴി കടന്നുവരുന്ന വാഹനങ്ങളിലൂടെയുള്ള ചരക്ക് നീക്കം വിലയിരുത്തിവരുന്നു. ഇത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വാണിജ്യ വിവരങ്ങൾ ഡാറ്റ അനലിറ്റിക്സിലൂടെ വിദഗ്ധ വിശകലനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. നികുതി വകുപ്പിലെ ഓഡിറ്റ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതിദായകർ സൂക്ഷിച്ചിരിക്കുന്ന രേഖകളും അക്കൗണ്ടുകളും വിശദമായി പരിശോധിച്ച് അവർ ഫയൽ ചെയ്ത റിട്ടേണുകളുമായി താരതമ്യം ചെയ്ത് എവിടെയെങ്കിലും നികുതി ചോർച്ച ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക്

നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപ്രകാരം ചരക്ക് നീക്കങ്ങൾക്ക് ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇരുപത്തിനാല് മണിക്കൂറും പട്രോളിംഗിലേർപ്പെട്ടിരിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തിനകത്തേക്കും പുറത്തേക്കും നികുതി വെട്ടിച്ച് നടത്തുന്ന ചരക്ക് നീക്കങ്ങളെ തടഞ്ഞ് പിഴ ചുമത്തുകയും നികുതി വെട്ടിച്ച് കടത്തുന്ന ചരക്കുകളും വാഹനങ്ങളും കണ്ടുകെട്ടാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ വാഹന പരിശോധനയിൽ കണ്ടെത്തുന്ന തുടരന്വേഷണം ആവശ്യമായ കേസുകൾ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറുകയും ചെയ്യുന്നു.

(സി) ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി നിയമപ്രകാരം ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടവരെക്കൊണ്ട് രജിസ്ട്രേഷൻ എടുപ്പിക്കാനും അവർ നികുതി അടയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ടാക്സ്പേയർ സർവീസസ് എന്നീ വിഭാഗങ്ങൾ സംസ്ഥാനത്തുടനീളം നടത്തിവരുന്ന

ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ പതിനായിരക്കണക്കിന് ആളുകൾ ഓൺലൈൻ പോർട്ടലുകളായ ഫ്ലിപ്കാർട്ട്, ആമസോൺ, മിന്ത്ര തുടങ്ങി വിവിധ മേഖലകളിലൂടെ കോടിക്കണക്കിന് രൂപയുടെ സാധനങ്ങൾ പർച്ചേസ് ചെയ്യുന്നുണ്ട്. ഇവയിൽ ഏറിയ പങ്കും ഇതര സംസ്ഥാനങ്ങളിലാണ് ഉല്പാദിപ്പിക്കുന്നത്. ഇത്തരം ഇടപാടുകൾക്ക് IGST ഈടാക്കേണ്ടതുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തിന് വലിയ രീതിയിലുള്ള വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ടോ? വരുമാന നഷ്ടം ഉണ്ടാകുന്നുവെന്നാണ് അനുമാനിക്കപ്പെടുന്നത്. അങ്ങനെയെങ്കിൽ അത് തടയുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. ധാരാളം കൺസ്യൂമേഴ്സുള്ള സ്ഥലമെന്ന നിലയിൽ

നിരവധി സ്ഥാപനങ്ങളുടെ കച്ചവട ഉല്പന്നങ്ങൾ സംസ്ഥാനത്ത് ഓൺലൈനായി വരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം ആമസോൺ ഉൾപ്പടെയുള്ള കമ്പനികളും ആപ്പിൾ, ഫ്ലിപ്കാർട്ട് പോലെയുള്ള നിരവധി ഓൺലൈൻ സർവ്വീസുകളുമാണ്. സിനിമ കാണുന്നതിനായി ഒ.റ്റി.പി. ഡൗൺലോഡ് ചെയ്യുമ്പോൾ അതിന്റെ ഇൻവോയിസിൽ ജി.എസ്.ടി. രേഖപ്പെടുത്തിയിട്ടുണ്ട്. നേരത്തേ ഇത് കൃത്യമായി ലഭിക്കുന്നില്ലെന്ന പ്രശ്നം കേരളം ഉന്നയിച്ചിരുന്നു. നിരന്തരമായി IGST-യുടെ പല പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ടിരുന്ന സംസ്ഥാനമാണ് കേരളം. ഇത്തരം കാര്യങ്ങളിൽ നമുക്ക് നഷ്ടം വരുന്നുണ്ടെന്നും അതുകൊണ്ടുതന്നെ പഠനം നടത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. കഴിഞ്ഞ ജി.എസ്.ടി. കൗൺസിൽ യോഗം ചേർന്നപ്പോൾ നൽകിയ കണക്കുകൾ പ്രകാരം ഇത്തരം ഓൺലൈൻ ബിസിനസ്സുകൾക്ക് ഇതുവരെ E-Way ബില്ലിന്റെ സംവിധാനം ഉണ്ടായിരുന്നില്ല. ഇപ്പോൾ E-Way ബില്ലുകൾ രേഖപ്പെടുത്തണമെന്ന സംവിധാനം വന്നിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് 500 കേസുകളെടുത്തിട്ടുമുണ്ട്. ആമസോണിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും

വാങ്ങിയ സാധനങ്ങളുടെ ബില്ല് പരിശോധിച്ചപ്പോൾ ജി.എസ്.ടി. ടാക്സ് ഇവിടെ ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തിയിരുന്നു. അത്തരത്തിൽ പരിശോധന നടത്തി ദീർഘമായ ഒരു പ്രക്രിയയിൽക്കൂടി ഇത് ബോധ്യപ്പെടുത്തുകയും സെൻട്രൽ കൗൺസിൽ അതംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈനിലൂടെ വരുന്ന സാധനങ്ങളുടെ കാര്യത്തിൽ ഈ ടാക്സ് നമുക്ക് ലഭിക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്. IGST സംബന്ധിച്ചും നമ്മൾ നിരന്തരമായി ഈ പ്രശ്നം ഉന്നയിച്ചിരുന്നു. IGST സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിനെ കൃത്യമായി ബോധ്യപ്പെടുത്താൻ കൂടുതൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഈ കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിനുശേഷം രണ്ടാഴ്ചക്കകം എല്ലാ സംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥരെ വിളിച്ച് IGST-യുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കൃത്യത വരുത്താനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഫ്ലിപ്കാർട്ട്, ആമസോൺ, മറ്റ് ഓൺലൈൻ സർവ്വീസസ് എന്നിവയുടെ ടാക്സ് ഇനി മുതൽ E-Way bill മുഖേനയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അത് കേരളത്തിന് ഗുണകരമാകുമെന്നാണ് കരുതുന്നത്.

ശ്രീ. ടി. സിദ്ദിഖ്: 40 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള സ്ഥാപനങ്ങളാണ് ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നത്. സംസ്ഥാനത്ത് ഇത്തരം വിറ്റുവരവുള്ള പല സ്ഥാപനങ്ങളും ജി.എസ്.ടി. നെറ്റ്‌വർക്കിന്റെ പരിധിക്കുപുറത്താണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? സംസ്ഥാനത്തിന് IGST വിഹിതം കൃത്യമായി ലഭ്യമാകണമെങ്കിൽ ഇത് പരിധിയിൽ വരേണ്ടതുണ്ട്. അതിലേയ്ക്കായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ ശരിയാണ്. വാറ്റ് സംവിധാനം നിലനിന്നിരുന്ന കാലയളവിൽ വിറ്റുവരവിന്റെ പരിധി പത്ത് ലക്ഷം രൂപയായിരുന്നു. എന്നാൽ ജി.എസ്.ടി. വന്നപ്പോൾ ഈ പരിധി നാൽപ്പത് ലക്ഷം രൂപയായി. സേവനങ്ങളുമായി ബന്ധപ്പെട്ട് സർവ്വീസ് ടാക്സിനുള്ള പരിധി ഇരുപത് ലക്ഷം രൂപയാണ്. എന്നാൽ ഇത്തരം പല കാര്യങ്ങളിലും രജിസ്ട്രേഷൻ ഇല്ലാത്തതുകൊണ്ട് ജി.എസ്.ടി. വകുപ്പ് വിറ്റുവരവിന്റെ പരിധിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ചുകൊണ്ടുതന്നെ രജിസ്ട്രേഷൻ

നടപടികൾ സ്വീകരിക്കുന്നതിനായി സർവ്വേ നടത്തുന്നുണ്ട്. ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗങ്ങളും രജിസ്ട്രേഷൻ നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പല റസ്റ്റോറന്റുകളിലും വലിയരീതിയിൽ കച്ചവടം ഉണ്ടെന്ന് തോന്നാറില്ല. അതുകൊണ്ട് അത്തരം റസ്റ്റോറന്റുകൾ സന്ദർശിച്ച് പഠനം നടത്തുന്നതോടൊപ്പം സ്ട്രീറ്റ് സർവ്വെയും നടത്തുന്നുണ്ട്. അതുകൂടാതെ കാറ്ററിംഗ് സ്ഥാപനങ്ങൾ, ബ്യൂട്ടിപാർലർ, കോച്ചിംഗ് സെന്റർ, ട്യൂഷൻസെന്റർ തുടങ്ങി B2C (Business-to-Consumer) മേഖലയിൽ പ്രവർത്തിക്കുന്ന ധാരാളം സ്ഥാപനങ്ങളെ കണ്ടെത്തി രജിസ്ട്രേഷൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. ടി. ജെ. വിനോദ്: സർ, ഒന്നര വർഷംമുമ്പ് സംസ്ഥാനത്ത് ജി.എസ്.ടി. വകുപ്പിൽ എകദേശം 52 ശതമാനത്തോളം ഉദ്യോഗസ്ഥരെ റീ സ്ട്രക്ചറിംഗ് നടത്തി പുതിയ ഒരു ഓഡിറ്റ് വിംഗ് രൂപീകരിക്കുകയുണ്ടായി. ഇവർക്ക് നിലവിൽ നൽകപ്പെട്ടിരിക്കുന്ന ടാർജറ്റ് ആകെ പ്രവൃത്തിഭാരത്തിന്റെ

5 ശതമാനം മാത്രമാണെന്നും ബാക്കി 95 ശതമാനം ജോലിയും ചെയ്യുന്നത് അവശേഷിക്കുന്ന 48 ശതമാനം ഉദ്യോഗസ്ഥരാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ സംസ്ഥാന അതിർത്തിയിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഡ്യൂട്ടി നിർവ്വഹിച്ചിരുന്ന പതിനെട്ടോ ഇരുപതോ സ്ക്വാഡുകളുടെ സ്ഥാനത്ത് ഒന്നോ രണ്ടോ സ്ക്വാഡുകൾ മാത്രമായി ചുരുങ്ങുകയും തൽഫലമായി അവർക്ക് കാര്യമായ രീതിയിൽ പ്രവർത്തിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. ഇതുമൂലം തമിഴ്നാട് സർക്കാർ അതിർത്തിയിൽ പരിശോധന ശക്തമാക്കുകയും കേരളത്തിലെ വ്യാപാരികൾക്ക് തമിഴ്നാട് ജി.എസ്.ടി. വകുപ്പിൽനിന്നും അധികമായി നോട്ടീസ് വരികയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഓഡിറ്റ് വിഭാഗത്തിന് കൃത്യമായ മാനദണ്ഡങ്ങളുണ്ട്. ഓഡിറ്റ് വിഭാഗത്തെ നിലവിൽ ടാക്സ്പേയർ സർവ്വീസ്, എൻഫോഴ്സ്മെന്റ്, ഓഡിറ്റ് എന്നിങ്ങനെ മൂന്നായി വിഭജിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗത്തിന് മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിന് ചെക്ക്ലിസ്റ്റും മാന്വലുമുണ്ട്. നേരത്തെ ആർബിട്രറിയായി ഡിസിഷൻ

എടുത്തിരുന്നെങ്കിലും പണം അടയ്ക്കാതെ ലിറ്റിഗേഷന് പോകുന്ന നിരവധി കേസുകളുണ്ടായിരുന്നു. നിലവിൽ ആ പ്രശ്നത്തിന് മാറ്റമുണ്ടായിട്ടുണ്ട്. കൂടാതെ ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തി തീരുമാനമെടുക്കുകയും ചെയ്യുന്നുണ്ട്. അതുകൊണ്ടുതന്നെ കുറച്ചുകൂടി സുതാര്യമായി കാര്യങ്ങൾ നടക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനം ആരംഭിച്ച് ആദ്യത്തെ ഏതാനും ദിവസങ്ങൾക്കകം ആഡിറ്റ് വിഭാഗം കണക്കാക്കിയ 53 കോടി രൂപയുടെ നികുതിയിൽ ഏകദേശം 16 കോടി രൂപ, നോട്ടീസിനുമുമ്പ് തന്നെ നികുതിദായകർ ഒടുക്കിയിട്ടുണ്ട്. നികുതിദായകരെ വിശ്വസനീയമായ രേഖകളും മറ്റും കാണിച്ചതിനുശേഷമാണ് ഈ വിഭാഗം കണക്കെടുപ്പ് നടത്തുന്നത്. അതുകൊണ്ടുതന്നെ അവർ തുക അടയ്ക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ പ്രവർത്തനം കൃത്യമായി മുന്നോട്ട് പോകുന്നതിനാൽ നല്ലരീതിയിൽ ആഡിറ്റിംഗ് നടത്താൻ സാധിക്കുന്നുണ്ട്. ഇന്റലിജൻസ് വിഭാഗം നല്ല രീതിയിൽ ഡ്യൂട്ടി ചെയ്യുന്നില്ലെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇന്റലിജൻസ് വിഭാഗം ഓരോ വർഷവും രേഖപ്പെടുത്തിയിട്ടുള്ള കണക്കുകൾ വിശദീകരിക്കാം. 2023-2024 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ്

വിഭാഗം വിവിധ മേഖലകളിൽ നടത്തിയ 960 പരിശോധനകളിൽ 1775.28 കോടി രൂപയുടെ ജി.എസ്.ടി. വെട്ടിപ്പ് കണ്ടെത്തുകയും ആ വർഷംതന്നെ 1709 കോടി രൂപ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. 2024-25-ൽ 178493 വാഹനങ്ങളുടെയും 2023-24 വർഷത്തിൽ 918269 വാഹനങ്ങളുടെയും 2022-23-ൽ 1092108 വാഹനങ്ങളുടെയും പരിശോധന നടത്തിയിട്ടുണ്ട്. വരുമാനം വർധിപ്പിക്കുന്നതിനായി കാര്യക്ഷമമായ പരിശോധനകളും അതിനാവശ്യമായ ശ്രമങ്ങളും നടത്തിവരുന്നു.

(ശ്രീ. ചാണ്ടി ഉമ്മൻ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. ഇ. കെ. വിജയൻ: സർ, ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. വിൽപ്പന നികുതിയുമായി ബന്ധപ്പെട്ടുകൊണ്ട് അസസ്സ്മെന്റ് നടത്തിയതിലുണ്ടായ തർക്കംമൂലം ഒട്ടേറെ ആളുകൾ പണം അടയ്ക്കാതിരിക്കുകയും അതിന്റെ ഫലമായി നിരവധി കേസുകൾ നിലനിൽക്കുകയും ചെയ്യുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ അദാലത്ത് മുഖേന പരിഹരിക്കുന്നതിനെക്കുറിച്ച് അലോചിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: ജി.എസ്.ടി. നിയമത്തിൽ അദാലത്ത് മുഖേന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പരിമിതിയുണ്ട്. ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നടപടിക്രമങ്ങൾ പുതിയതായതുകൊണ്ട് കച്ചവടക്കാർക്ക് പരിചയക്കുറവുള്ളതിനാൽ റിട്ടേൺസ് സമർപ്പിക്കുന്നതിൽ ചില പോരായ്മകൾ സംഭവിച്ചിട്ടുണ്ട്. പലരും നികുതി അടച്ചെങ്കിലും അവ റിട്ടേണിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത്തരം കേസുകൾ ഒഴിവാക്കിക്കൊടുക്കാനും ഈ വർഷം വരെയുള്ള കേസുകളിൽ ഫൈനില്ലാതെ തുക അടയ്ക്കുന്നതിന് അവസരം നൽകാനും ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന് അദാലത്തിന്റെ എഫക്ട് തന്നെയാണുള്ളത്. ഇത്തരത്തിൽ സംസ്ഥാനത്തെ മറ്റ് ടാക്സുകളുമായി ബന്ധപ്പെട്ട് കഴിഞ്ഞ ബഡ്ജറ്റിൽ ചെറിയ നികുതി അടയ്ക്കേണ്ട കുറെ കേസുകളിൽ അവ അടയ്ക്കുന്നത് ഒഴിവാക്കികൊടുക്കാൻ തീരുമാനിച്ചത് പൊതുവിൽ അപ്രീഷിയേറ്റ് ചെയ്തിട്ടുള്ള കാര്യമാണ്. 50000 രൂപ വരെയുള്ള നികുതി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് നിരവധിപേർക്ക് അത് ഒഴിവാക്കിക്കൊടുക്കാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്. ആദ്യത്തെ രണ്ടു

മൂന്ന് വർഷക്കാലം ഇത്തരത്തിൽ സംഭവിച്ചത് അറിവില്ലായ്മ കൊണ്ടാണ്. ഈ സിസ്റ്റം പരിചയമില്ലാത്തതുകൊണ്ടുണ്ടായ കാര്യത്തിൽ സംസ്ഥാനത്തിനും രാജ്യത്തിനും നഷ്ടം വരാത്ത തരത്തിൽ ഈ കേസുകൾ തീർപ്പാക്കാനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചരക്കുനീക്കങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ഇ-വേ ബിൽ, ഇ-ഇൻവോയ്സ് തുടങ്ങിയവ നിയമപരമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും ചെയ്യുന്ന ജോലിയാണ് എൻഫോഴ്സ്മെന്റ് വിഭാഗം ചെയ്യുന്നത്. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എൻഫോഴ്സ്മെന്റ് വിഭാഗം കൂടുതൽ ശക്തിപ്പെടുത്തേണ്ട ആവശ്യകതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഇന്റലിജൻസ് എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താനും നികുതി വെട്ടിപ്പ് തടയാനുമുള്ള സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, തീർച്ചയായും. എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുകയും നികുതി വെട്ടിപ്പ്

തടയുകയും ചെയ്യുക എന്നുള്ളതു് നമ്മുടെയെല്ലാം പൊതുതാൽപര്യമാണ്. പ്രസ്തുത നിർദ്ദേശവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിച്ച് കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്. എന്നാൽ ഇപ്പോൾ അവർ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെയും തളളിക്കളയാൻ കഴിയില്ല. എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ കഴിഞ്ഞ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. 1200 കോടി രൂപയുടെ ആക്രി കളളബില്ല് വ്യാപാരത്തിനെതിരെ 200 കോടി രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയ 'ഓപ്പറേഷൻ പാംടീ' ഇക്കഴിഞ്ഞ രണ്ടുമാസത്തിനിടയ്ക്കാണ് നടത്തിയത്. ഈ കേസിൽ രണ്ടുപേരുടെ അറസ്റ്റ് രേഖപ്പെടുത്തുകയും അതിന്റെ നടപടിക്രമങ്ങൾ തുടർന്നുവരികയുമാണ്. ഒരുകൂട്ടം ഉദ്യോഗസ്ഥർ ടീമായി നിന്നാൽ മാത്രമെ ആ വർക്ക് നടപ്പാക്കാൻ സാധിക്കുകയുള്ളൂ. എറണാകുളത്തുള്ള ഹോട്ടലിൽ വച്ച് നടന്ന ട്രെയിനിംഗ് ക്യാമ്പിന് അവർ ഒരുമിച്ച് വന്നതുകൊണ്ടാണ് വളരെ പെട്ടെന്ന് അവിടെ എത്താനും ഇരുന്നൂറോളം സ്ഥലങ്ങളിൽ പരിശോധന നടത്താനും കഴിഞ്ഞത്. കഴിഞ്ഞ ദിവസം 42 ഹോട്ടലുകളിലാണ് ഒരേസമയം പരിശോധന

നടത്തിയത്. കുറച്ച് ഹോട്ടലുകൾ സെലക്ട് ചെയ്താണ് പരിശോധന നടത്തിയത്. പലയിടത്തും വലിയ തോതിൽ പണം അടയ്ക്കാനുണ്ടായിരുന്നു. 170 കോടി രൂപയുടെ ടേൺ ഓവർ സപ്രഷനാണ് കണ്ടെത്തിയത്. ഇതിൽ 7 കോടി രൂപയുടെ നികുതിവെട്ടിപ്പ് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വാഹന പരിശോധനയും മറ്റും ചെയ്തവരുന്നുണ്ട്. ഓണം പ്രമാണിച്ചുള്ള 'കോമ്പിംഗ് ഓപ്പറേഷൻ' പുരോഗമിച്ചുകൊണ്ടിരിക്കുന്നു. വ്യാജ രജിസ്ട്രേഷനെടുക്കുന്നവരെ കണ്ടെത്താനുള്ള ശ്രമങ്ങളും നടത്തിവരുന്നുണ്ട്. എൻഫാഴ്സ്മെന്റിന്റെ പരിശോധനയിൽ 'റിവേഴ്സൽ' എന്ന നടപടിക്രമം ഉൾപ്പെടെ ആയിരത്തി എഴുന്നൂറ്റി ചില്വാനം കോടി രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളത്. ഇന്ത്യയിൽ ആദ്യമായി ഏറ്റവും കൂടുതൽ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുള്ളത് നമ്മുടെ സംസ്ഥാനമാണെന്ന് ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് പറഞ്ഞകാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താം. പ്രത്യേകിച്ച് ഓണം ഉൾപ്പെടെ വരുന്ന സാഹചര്യത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തെ കൂടുതൽ

ശക്തിപ്പെടുത്തുന്നതാണ്. ജി.എസ്.ടി.-യുടെ ഹണിമൂൺ പീരീഡ് കഴിഞ്ഞു. വ്യാപാരികൾക്ക് കൃത്യമായി ഈ സിസ്റ്റം മനസ്സിലായിക്കഴിഞ്ഞിട്ടുണ്ട്. ടാക്സ് വെട്ടിക്കുന്നവർക്ക് യാതൊരു ഇളവും കൊടുക്കാൻ കഴിയില്ല. എൻഫോഴ്സ്മെന്റ് അടക്കമുള്ള കാര്യങ്ങളെ കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, കേരളത്തിലെ ധനകാര്യവകുപ്പ് പൊതുവിൽ തനതു നികുതി വരുമാനം വർധിപ്പിക്കുന്നതിന് ശ്രദ്ധേയമായ നടപടികളാണ് സ്വീകരിക്കുന്നത്. നിരവധി ആളുകളിൽനിന്നും ലഭിക്കേണ്ട നികുതി ലഭ്യമാക്കുന്നതിനും നികുതി കുടിശ്ശിക കുറച്ചുകൊണ്ടുവരുന്നതിനും സർക്കാർ വേണ്ടത്ര ഇടപെടൽ നടത്തുന്നുണ്ടോ; എന്തെല്ലാം നടപടികളാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നികുതി കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുറെയേറെ കേസുകൾ കോടതിയുടെ പരിഗണനയിലിരിക്കുന്നതുകൊണ്ട് തടസ്സം നേരിടുന്നുണ്ട്. പൊതുനികുതിയുമായി ബന്ധപ്പെട്ട് പറയുമ്പോൾ, നികുതി

അടയ്ക്കാത്ത 25 ബാറുകളുടെ ലൈസൻസ് ക്യാൻസൽ ചെയ്യുന്നതിന് നോട്ടീസ് കൊടുത്തു. അവരുടെ കച്ചവടം മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്തതരത്തിൽ ശക്തമായ നടപടി സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്. അക്കാര്യത്തിൽ വലിയ ഡിഫക്ട് ഉണ്ടായിരുന്നു. ഇപ്പോഴത്തെ സഭാസമ്മേളനം ചേരുന്നതിന് തൊട്ടുമുമ്പുള്ള കണക്കനുസരിച്ച് 13.6 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ഇക്കഴിഞ്ഞ ഒന്നരണ്ടു മാസത്തിനകം ലൈസൻസുമായി ബന്ധപ്പെട്ട് 91 ലക്ഷം രൂപയുടെ കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്. ടേൺ ഓവർ സപ്രഷനും മറ്റുകാര്യങ്ങളും പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഇക്കാര്യം കുറച്ചുകൂടി കർശനമാക്കി മുന്നോട്ടു കൊണ്ടുപോകാനാണ് സർക്കാർ ആലോചിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ ബിസിനസ്സിന്റെയും സർവ്വീസിന്റെയും മൂലധനത്തിന്റെയും സ്വഭാവം മാറുകയാണ്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണെന്നു മാത്രമല്ല, പരിധികളില്ലാത്ത കൺസ്യൂമറിസം ഉള്ള സംസ്ഥാനംകൂടിയാണ്. ബിസിനസ്സിന്റെയും സർവ്വീസിന്റെയും കാര്യത്തിൽ ഇപ്പോൾ മാറ്റം വരികയും റീട്ടെയിൽ ബിസിനസ്സും

ഹോൾസെയിൽ ബിസിനസ്സുമൊക്കെ പതിയെ തകർന്നുകൊണ്ടിരിക്കുയും ചെയ്യുന്ന അവസ്ഥയാണുള്ളത്. ഇപ്പോൾ ക്ലൗഡ് ക്യാപ്പിറ്റലിലേയ്ക്കും ക്ലൗഡ് ബിസിനസ്സിലേയ്ക്കും കാര്യങ്ങൾ മാറുകയാണ്. ആമസോണിനെക്കുറിച്ചും നെറ്റ്ഫ്ലിക്സിനെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഡിസ്നിപ്ലസ്, എയർബ്നം, യൂബർ തുടങ്ങിയ നിരവധി സർവ്വീസ് പ്രൊവൈഡേഴ്സ് മുഖേന ഭീമമായ ബിസിനസ്സാണ് നടക്കുന്നതെന്ന് നമ്മുടെ വീടുകളിലും ചുറ്റുപാടുകളിലുംമാത്രം ശ്രദ്ധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അത്തരം ബിസിനസുകളിലൂടെ വലിയതോതിലുള്ള നികുതി ചോർച്ച സംസ്ഥാനത്തുണ്ടാകുന്നു എന്നത് യാഥാർത്ഥ്യമാണ്. പക്ഷെ നിലവിലുള്ള നിയമങ്ങളൊന്നും ഇതിനെ കൃത്യമായി അഡ്രസ് ചെയ്യുന്നില്ല. അതുകൊണ്ടുതന്നെ കോടിക്കണക്കിന് രൂപയുടെ നികുതിച്ചോർച്ചയുണ്ടാക്കുന്ന ഇത്തരം ബിസിനസ്സുകളെ ഗൗരവമായി കണക്കിലെടുത്തുകൊണ്ട് ഇവയെക്കുറിച്ച് പ്രത്യേക പഠനം നടത്താനും ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താനും സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ മേഖലയിൽ നമ്മൾ ഒരിക്കലും കാണാത്തതും നമ്മുടെ മുന്നിലേയ്ക്ക് വരാത്തതുമായ വ്യാപാരങ്ങളാണ് ഉൾപ്പെടുന്നത്. ആമസോൺ, ഫ്ലിപ്കാർട്ട്, സ്വിഗി, സൊമാറ്റോ എന്നിവ മുഖേന വസ്തുവും ഭക്ഷണവും മറ്റും സാധനങ്ങളും വീടുകളിൽ എത്തിക്കാറുണ്ട്. എന്നാൽ ഓൺലൈനിലൂടെ ഒരു പുതിയ സിനിമ ഡൗൺലോഡ് ചെയ്താൽ എന്ത് സർവ്വീസാണ് ലഭിക്കുന്നത്? ഇത് നമ്മുടെ മുന്നിൽ വരുന്നില്ല എന്നത് ഒരു പ്രശ്നമാണ്; ഇത് കണ്ടുപിടിക്കുന്നതിനായി നമ്മുടെ പരിമിതിക്കുള്ളിൽനിന്നുകൊണ്ട് ഡാറ്റയും വിശദാംശങ്ങളും ഉൾപ്പെടുത്തി, ഒന്നരണ്ടു മാസത്തെ റിസർച്ച് നടത്തിയതിനുശേഷം അനലിറ്റിക്സ് വിംഗുമായി കൺസൾട്ട് ചെയ്തു. ഓൺലൈൻ പോലുള്ള സേവനങ്ങളിൽനിന്നും ഒരു സാധനം വാങ്ങുമ്പോൾ ഉപഭോക്താക്കൾക്ക് ബില്ല് ലഭിക്കുന്നില്ലെന്ന് പറയുന്നതിന്റെ അടിസ്ഥാനത്തിലാണ് ഇ-വേ ബിൽ വേണമെന്ന് തീരുമാനിച്ചത്. പ്രത്യേകിച്ച്, ഓൺലൈൻ പർച്ചേസുകൾക്ക് നമുക്ക് കാണാൻ കഴിയാത്തതായ സർവ്വീസുകൾ വരുന്നുണ്ട്. സംസ്ഥാന ഗവൺമെന്റ്

അതുസംബന്ധിച്ച് കൂടുതൽ പഠിക്കാനും നടപടികൾ സ്വീകരിക്കാനുമുള്ള ശ്രമം ശക്തമാക്കുന്നതാണ്.

ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിലെ പ്രതീക്ഷിത വരുമാനം

5 (*335) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ :
ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ജി.എസ്.ടി., ജി.എസ്.ടി. ഇതര ഇനങ്ങളിൽ പ്രതീക്ഷിച്ചിരുന്നതിൽ കൂടുതൽ വരുമാനം നേടുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയ അവസരത്തിൽത്തന്നെ അത് നടപ്പാക്കുന്നതുമൂലം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നഷ്ടത്തിന് കോമ്പൻസേഷൻ ലഭ്യമാക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നോ; കേന്ദ്ര സർക്കാരിൽനിന്നും നിലവിൽ ഈ ഇനത്തിൽ തുക ലഭ്യമാകുന്നുണ്ടോ;

(സി) ജി.എസ്.ടി. നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി രാജ്യത്ത് ആദ്യമായി വകുപ്പ്

പുനഃസംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് ഈ രംഗത്തെ നേട്ടമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): (എ) മറുപടിയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പാർലമെന്റ് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 -ലെ കളക്ഷന്റെ 14 ശതമാനം വാർഷിക വർദ്ധനവുകണക്കിൽ അഞ്ചുവർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഈ പറഞ്ഞ 5 വർഷ കാലാവധി ജൂൺ 2022-ന് അവസാനിച്ചു. സംസ്ഥാനത്തിന് നാളിതുവരെ ജി.എസ്.ടി കോമ്പൻസേഷനായി 43363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) ജി.എസ്.ടി നിയമങ്ങൾക്കനുസൃതമായി നികുതി ഭരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ

+ അനുബന്ധം 1

സമഗ്രമായി പുന:സംഘടിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് നേട്ടമായി കണക്കാക്കുന്നു. പുന:സംഘടനയെത്തുടർന്ന് വകുപ്പിലെ ജീവനക്കാർക്ക് വിദഗ്ധ പരിശീലനം നൽകുകയും വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ്, ടാക്സ് പെയർ സർവ്വീസസ് എന്നീ പ്രധാന വിഭാഗങ്ങളിലായി പുനർവിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിലുമുള്ള ജീവനക്കാർക്ക് പ്രസ്തുത വിഭാഗത്തിന് അനുസൃതമായ രീതിയിൽ മികച്ച പരിശീലനം നൽകിവരുന്നതിലൂടെ നികുതിദായകർക്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. വകുപ്പ് പുന:സംഘടനയ്ക്കുശേഷം രജിസ്ട്രേഷൻ സംവിധാനം ഏകീകൃതമാക്കിയതിലൂടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമാക്കാനും സാധിച്ചിട്ടുണ്ട്.

ആധുനിക സാങ്കേതിക വിദ്യകളടക്കമുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയ

വിദഗ്ധ പരിശീലനം നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കാൻ സഹായിച്ചിട്ടുണ്ട്.

പുന:സംഘടനയിലൂടെ പുതുതായി രൂപീകരിച്ച ഓഡിറ്റ് വിഭാഗം നികുതി ചോർച്ച കണ്ടെത്തുന്നതിനുള്ള കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. റിസ്ക് അടിസ്ഥാനത്തിൽ നികുതിദായകരെ തരംതിരിക്കുകയും തെരഞ്ഞെടുക്കപ്പെടുന്ന നികുതിദായകരെ ജി.എസ്.ടി നിയമം അനുശാസിക്കുന്ന രീതിയിൽ ഓഡിറ്റ് നടത്തുകയും ചെയ്യുന്ന സംവിധാനം നികുതി ചോർച്ച കണ്ടെത്തുന്നതിന് കൂടുതൽ സഹായകരമാകുന്നുണ്ട്. ഇപ്രകാരം പുന:സംഘടനയിലൂടെ വകുപ്പിന്റെ പ്രവർത്തനങ്ങളെ സ്പെഷ്യലൈസ് ചെയ്യുന്നതിനും അതത് പ്രവർത്തന മേഖലകളിലെ ജീവനക്കാരുടെ പ്രാവീണ്യം വർധിപ്പിക്കുന്നതിനും സാധ്യമാക്കിയതുമൂലം സംസ്ഥാനത്തിന്റെ വരുമാനം വർധിക്കുന്നതിനുള്ള നടപടികൾ കൂടുതൽ ഫലപ്രദമായിട്ടുണ്ട്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ : 2017-ലാണ് ജി.എസ്.ടി. നിലവിൽ വരുന്നത്; അന്ന് 12 ശതമാനമായിരുന്ന ജി.എസ്.ടി. 2022-ൽ 18

ശതമാനമായി ഉയർത്തി. 2017-ന് മുമ്പ് ഏറ്റെടുത്ത പ്രവൃത്തികൾക്ക് ജി.എസ്.ടി. നൽകുവാൻ 2017-നുശേഷം കരാറുകാർ നിർബന്ധിതമാകുന്നുണ്ട്. അന്നത്തെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ജി.എസ്.ടി. ഉൾപ്പെടുത്തിയിരുന്നില്ല. ജി.എസ്.ടി.-മൂലം കരാറുകാരന് അധിക ബാധ്യത വരുന്ന സാഹചര്യം വളരെ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. അത് അവർക്ക് തിരിച്ചുകിട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് നിർമ്മാണവുമായി ബന്ധപ്പെട്ട കോൺട്രാക്ട് പ്രവൃത്തികൾക്ക് 12 ശതമാനമായിരുന്ന ജി.എസ്.ടി. 18 ശതമാനമാക്കി എന്നാണ്. അതുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർക്ക് നഷ്ടം വരേണ്ടതില്ല. അന്നുണ്ടായിരുന്ന ടാക്സിന് മാത്രമെ അവർക്ക് ബാധ്യത ഉണ്ടാകുകയുള്ളൂ. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പും പൊതുമരാമത്ത് വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് അധികംവരുന്ന നികുതി ഗവൺമെന്റ് അഡീഷണലായി കൊടുക്കേണ്ടതാണെന്ന് സൂചിപ്പിച്ചുകൊണ്ട് സർക്കുലർ

ഇറക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം ഏതാണെന്ന് പ്രത്യേകം പരിശോധിച്ചാലേ മനസ്സിലാക്കുകയുള്ളൂ.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)+

[10.00 AM]

II. അനുമോദനം

ട്വന്റി-ട്വന്റി ലോകകപ്പ് വിജയം

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യൻ ടീം നേടിയ ചരിത്ര വിജയം നമ്മുടെ രാജ്യത്തിന് അഭിമാനകരമാണ്. ഈ വിജയം നമ്മുടെ തലമുറയ്ക്ക് പ്രചോദനം നൽകുകയും രാജ്യത്തിന്റെ കായിക മേഖലയ്ക്ക് ഊർജ്ജം പകരുകയും ചെയ്യും. ക്യാപ്റ്റൻ ശ്രീ. രോഹിത് ശർമ്മയുടെ നേതൃത്വത്തിൽ യുവ കളിക്കാരെയും പരിചയസമ്പന്നരായ കളിക്കാരെയും അണിനിരത്തി മെനഞ്ഞെടുത്ത ടീമിൽ

+ അനുബന്ധം 2

മലയാളി താരമായ ശ്രീ. സഞ്ജു സാംസണിന്റെ സാന്നിധ്യം കേരളത്തിന് അഭിമാനം പകരുന്നതാണ്. ആവേശകരമായ മത്സരത്തിലൂടെ ലോകത്തിനുമുന്നിൽ രാജ്യത്തിന്റെ പേരുയർത്താൻ ടീമിന് സാധിച്ചു. ഈ വിജയം ഇന്ത്യൻ ക്രിക്കറ്റിന് ഒരു പുതുയുഗത്തിന്റെ തുടക്കം കുറിക്കുന്നു. ഭാവിയിൽ ഇന്ത്യൻ ടീം കൂടുതൽ വിജയങ്ങൾ നേടുമെന്ന് നമുക്ക് ഉറപ്പിക്കാം. വിജയശില്പികളായ ഇന്ത്യൻ ടീമിനും ടീം മാനേജ്മെന്റിനും കേരള നിയമസഭയുടെ ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ട്വന്റി-ട്വന്റി ലോകകപ്പ് ക്രിക്കറ്റ് കിരീടം നേടിയ ഇന്ത്യൻ ക്രിക്കറ്റ് ടീമിന് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. രാജ്യത്തിനാകെ അഭിമാനവും അത്യാഹ്ലാദവും പകർന്ന നേട്ടത്തിൽ ഈ സഭയുടെ സന്തോഷത്തിനൊപ്പം പങ്കുചേരുന്നു. നീണ്ട നാളുകൾക്കുശേഷമാണ് രാജ്യാന്തര ക്രിക്കറ്റിൽ ഇന്ത്യ ഒരു ലോക കിരീടം സ്വന്തമാക്കുന്നത്. അതുകൊണ്ടുതന്നെ ഈ വിജയത്തിന് വലിയ പ്രാധാന്യമുണ്ട്. ദേശീയ ടീം ഈ ലോകകപ്പ് മത്സരത്തിലുടനീളം അതിഗംഭീരമായ പ്രകടനമാണ് കാഴ്ചവച്ചത്. ടൂർണമെന്റിൽ ഒരു കളിയിലും

പരാജയമറിയാതെയായിരുന്ന ടീം മുന്നേറ്റം നടത്തിയത്. കളിയുടെ എല്ലാ മേഖലയിലും മിടുക്കരായ താരങ്ങൾ നമുക്കുണ്ട്. അവരുടെ കഠിനാദ്ധ്വാനത്തിന്റെയും തികഞ്ഞ ആത്മവിശ്വാസത്തിന്റെയും ഫലമാണ് ഈ കിരീട നേട്ടം. ഫൈനൽ മത്സരത്തിൽ എതിരാളികളായ ദക്ഷിണാഫ്രിക്ക കടുത്ത പോരാട്ടമാണ് നടത്തിയത്. എന്നാൽ ഇന്ത്യൻ ടീമിന്റെ ഒത്തിണക്കവും പ്രതിസന്ധികളിൽ പതറാത്ത സമീപനവും അന്തിമ വിജയത്തിലേയ്ക്കെത്തിച്ചു. ശ്രീ. രോഹിത് ശർമ്മ, ശ്രീ. വിരാട് കോഹ്‌ലി തുടങ്ങിയ പരിചയ സമ്പന്നരായ താരങ്ങളും യുവ താരങ്ങളുംചേർന്ന ടീം എല്ലാ അർത്ഥത്തിലും അർഹിക്കുന്ന വിജയമാണ് നേടിയത്. ശ്രീ. ജസ്പ്രീത് ബുംറയുടെ നേതൃത്വത്തിലുള്ള ബൗളർമാരുടെ പ്രകടനം മികച്ചതായിരുന്നു. ഒപ്പം ടീം പരിശീലകൻ ശ്രീ. രാഹുൽ ദ്രാവിഡ് വഹിച്ച പങ്കിനെക്കുറിച്ചും എടുത്തുപറയേണ്ടതാണ്. മലയാളികളുടെ പ്രിയപ്പെട്ട താരം ശ്രീ. സഞ്ജു സാംസണിന് കളിക്കാൻ അവസരം ലഭിച്ചില്ലെങ്കിലും ടീമിലെ അദ്ദേഹത്തിന്റെ സാന്നിധ്യം നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമാണ്. ഇന്ത്യൻ ക്രിക്കറ്റിനും രാജ്യത്തിന്റെ കായിക വികസനത്തിനും ഊർജ്ജം

പകരുന്നതാണ് ലോകകപ്പ് ക്രിക്കറ്റിലെ കിരീട നേട്ടം. രാജ്യത്തെ ഒന്നിച്ചുനിർത്താൻ ശേഷിയുള്ള ഒരു വികാരമാണ് ക്രിക്കറ്റ്. പ്രതിഭാശാലികളുടെ നീണ്ട നിരയുള്ള ഇന്ത്യൻ ക്രിക്കറ്റിന് കൂടുതൽ കിരീടങ്ങൾ നേടാൻ കഴിയും. മറ്റ് കായികയിനങ്ങളിലും ഇത്തരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിയട്ടെ എന്ന് ആഗ്രഹിക്കുന്നു. ഇന്ത്യൻ ക്രിക്കറ്റ് ടീമിനും ഈ ടീമിനുപിന്നിൽ പ്രവർത്തിച്ച മുഴുവൻപേർക്കും ഒരിക്കൽക്കൂടി ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ടീം ഇന്ത്യയുടെ ട്വന്റി-ട്വന്റി ലോകകപ്പ് വിജയം നമ്മെ വല്ലാതെ പ്രചോദിപ്പിക്കുകയാണ്. മത്സരത്തിന്റെ മുക്കാൽഭാഗം കടന്നപ്പോഴും വിജയം ഇന്ത്യൻ ടീമിന്റെ കൈപ്പിടിയിലായിരുന്നില്ല. പിന്നീട് ആ മത്സരം തിരിച്ചുപിടിക്കുകയായിരുന്നു. തോൽക്കാൻ മനസ്സില്ലെന്ന പോരാട്ട വീര്യത്തിന്റെ ഉജ്ജ്വലമായ പ്രതീകമായിരുന്നു ആ തിരിച്ചുവരവ്. ഈ വിജയം വരാനിരിക്കുന്ന തലമുറയെക്കൂടി ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള ഒരു വിജയമായിരുന്നു. പിന്നാലെ വരുന്നവർക്കുള്ള ഒരു പാഠപുസ്തകമാണ്

ഈ മത്സരം. ഉറച്ചുനിന്ന് പൊരുതിയാൽ നഷ്ടപ്പെട്ടുപോയ ഏത് വിജയത്തെയും നമുക്ക് തിരിച്ചുപിടിക്കാൻ കഴിയുമെന്നാണ് അവർ കളിക്കളത്തിൽ തെളിയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ പ്രതിഭാശാലികളുടെ കൂട്ടമാണ് ടീം ഇന്ത്യ. ഫൈനൽ മത്സരത്തിൽ തിളങ്ങിയ ശ്രീ. വിരാട് കോഹ്‌ലിയും ഈ ടൂർണമെന്റിലൂടനീളം തിളങ്ങിനിന്ന, എതിരാളികളായ എല്ലാ ബാറ്റ്സ്മാന്മാരെയും വിറപ്പിച്ച ശ്രീ. ജസ്പ്രീത് ബുംറയെന്ന പേസ് ബൗളർ, ഫൈനൽ മത്സരത്തിൽ ഒരുപാട് വേട്ടയാടലുകൾക്കുശേഷം തിളങ്ങിനിന്ന ശ്രീ. ഹാർദ്ദിക് പാണ്ഡ്യ, എല്ലാ മത്സരങ്ങളിലും ചുക്കാൻപിടിച്ച ക്യാപ്റ്റൻ ശ്രീ. രോഹിത് ശർമ്മ, ബോർഡർ ലൈനിൽ പറന്നുനിന്ന് ക്യാച്ചുകൾ നേടിയ ശ്രീ. സൂര്യകുമാർ യാദവ്, തുടങ്ങിയ എല്ലാവരും പ്രതിഭാശാലികളാണ്. മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, ഒരു മലയാളി സാന്നിധ്യം കളിക്കളത്തിന് പുറത്താണെങ്കിലും ഉണ്ടായിരുന്നുവെന്നത് വലിയൊരു കാര്യമാണ്; ഞാൻ അതിനെ കുറ്റപ്പെടുത്തുന്നില്ല. കാരണം പ്രതിഭാശാലികളുടെ സാന്നിധ്യമായിരുന്ന ഇന്ത്യൻ ടീം. ശ്രീ. രോഹിത് ശർമ്മയും ശ്രീ. വിരാട് കോഹ്‌ലിയും ട്വന്റി-ട്വന്റി

ലോകകപ്പ് മത്സരത്തിനുശേഷം പടിയിറങ്ങുമ്പോൾ നമ്മുടെ പ്രിയപ്പെട്ട താരം ശ്രീ. സഞ്ജു സാംസണിന് ആ പ്രതിഭാശാലികളുടെ ശ്രേണിയിലേക്ക് ഒരിടം ലഭിക്കും. അത് ഇന്ത്യൻ ക്രിക്കറ്റ് ടീമിനെ കൂടുതൽ ശക്തമാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ടീം ഇന്ത്യയെ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ലോകത്തുതന്നെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാജ്യമാണ് നമ്മുടേത്. അവിടെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഏക കായികയിനം ക്രിക്കറ്റാണ്. ശ്രീ. കപിൽദേവിന്റെ കാലംമുതൽതന്നെ ക്രിക്കറ്റിൽ നമ്മൾ ലോക ശക്തികളായി നിലനിൽക്കുകയാണ്. ട്വന്റി-ട്വന്റി മത്സരമായാലും മറ്റുള്ള ഏത് മത്സരങ്ങളായാലും കഴിഞ്ഞ പത്തുവർഷത്തെ ആവേറേജ് പരിശോധിച്ചാൽ ഇന്ത്യൻ ക്രിക്കറ്റിന്റെ അപാരമായ പ്രകടനങ്ങൾ കാണാൻ സാധിക്കും. കേരളത്തിന്റെ ശ്രീ. സഞ്ജു സാംസൺ, ശ്രീമതി മിന്നുമണി തുടങ്ങിയവരെല്ലാംതന്നെ അഭിമാനാർഹരാണ്. ഇത്തരം

കളികളിലൂടെയെങ്കിലും രാജ്യത്തിന്റെ പ്രശസ്തി ലോകത്തിനുമുന്നിൽ എത്തിച്ചതിലുള്ള സന്തോഷം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

[10.06 AM]

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

പോലീസ് ഉദ്യോഗസ്ഥരുടെ ആത്മഹത്യ

മി. സ്പീക്കർ: ഔദ്യോഗിക ജീവിതത്തിലെ സമ്മർദ്ദങ്ങളും ജോലി ഭാരവും നിമിത്തം പാറശ്ശാല സ്വദേശി മദനകുമാർ ഉൾപ്പെടെ നിരവധി പോലീസുദ്യോഗസ്ഥർ ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. പി. സി. വിഷ്ണുനാഥ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവനന്തപുരം പരശുവയ്ക്കൽ സ്വദേശിയും സിവിൽ പോലീസ് ഓഫീസറുമായ

മദനകുമാറിനെ 24-06-2024-ന് ക്വാർട്ടേഴ്സിൽ ആത്മഹത്യ ചെയ്യപ്പെട്ട നിലയിൽ കാണപ്പെടുകയുണ്ടായി. ടി സംഭവത്തിൽ പൂന്തുറ പോലീസ് സ്റ്റേഷനിൽ 828/24 ക്രൈം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. ഇദ്ദേഹത്തിന് കുടുംബ പ്രശ്നങ്ങളുള്ളതിനാൽ കുറച്ചുനാളായി കുടുംബവുമായി അകന്നു കഴിയുകയായിരുന്നുവെന്നും ഒപ്പം ജോലിയിൽനിന്നും വിട്ടുനിന്നിരുന്നതായും അറിയാൻ സാധിച്ചിട്ടുണ്ട്. സേനാംഗങ്ങൾക്കിടയിലെ ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ കൂടുതലും കുടുംബപ്രശ്നങ്ങളും സാമ്പത്തിക പ്രശ്നങ്ങളും പല തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളും കൂടാതെ ഇതിൽനിന്നും ഉരുത്തിരിയുന്ന മാനസിക സംഘർഷങ്ങളുമാണെന്നാണ് പൊതുവെ കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ഔദ്യോഗിക ജീവിതത്തിലെ പ്രശ്നങ്ങളും ആത്മഹത്യകൾക്ക് വഴിവച്ചിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത്തരത്തിൽ കാണുന്ന ആത്മഹത്യാ പ്രവണതകൾ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ എല്ലാ ഘട്ടത്തിലും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ആധുനികകാലത്ത് തൊഴിലിടങ്ങളിൽ ജീവനക്കാർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്

വിവിധ തരത്തിലുള്ള ഇടപെടലുകളാണ് നിലനിൽക്കുന്നത്. മാറിയ ജീവിത നിലവാരവും ജീവിത ശൈലിയും സമൂഹത്തിൽ വരുത്തിയ മാറ്റം സമൂഹത്തിന്റെ എല്ലാ മേഖലയിലുമെന്നപോലെ പോലീസ് ഉദ്യോഗസ്ഥരുടെ ജീവിതത്തെയും പല തരത്തിൽ സ്വാധീനിച്ചിട്ടുണ്ട്. തിരക്കേറിയ ജീവിതവും തുറന്ന ആശയവിനിമയത്തിന്റെ അഭാവവും ആളുകളിൽ മാനസിക സംഘർഷം വർധിക്കാനിടയാക്കിയിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കിടയിലെ ആത്മഹത്യാ പ്രവണത ഇല്ലാതാക്കുന്നതിനും മാനസിക സംഘർഷം കുറയ്ക്കുന്നതിനും പോലീസ് വകുപ്പും സർക്കാരും നിരവധി കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. 2017-ൽ ആരംഭിച്ച HATS (Help and Assistance to Tackle Stress) സംവിധാനംവഴി മാനസിക സംഘർഷം നേരിടുന്ന പോലീസ് ഉദ്യോഗസ്ഥരെ കണ്ടെത്തി കൗൺസിലിംഗും യോഗയും ഉൾപ്പെടെയുള്ള പരിശീലന പരിപാടികളും നടത്തിവരുന്നു. ജില്ലാതലത്തിൽ കൗൺസിലർമാരെയും സൈക്കോളജിസ്റ്റുകളെയും വനിതാ പോലീസ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി കുടുംബ കൗൺസിലിംഗിനായി പ്രവർത്തിച്ചുവരുന്ന DCRC

(Domestic Conflict Resolution Centres) സംവിധാനം പോലീസുദ്യോഗസ്ഥരുടെ കുടുംബപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായകരമാകുന്നുണ്ട്. തുറന്ന ആശയവിനിമയത്തിലൂടെ വിവിധ കാരണങ്ങളാലുള്ള മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും മറ്റുമായി മുതിർന്ന പോലീസുദ്യോഗസ്ഥരെ ഉൾപ്പെടുത്തി സ്റ്റേഷനുകളിൽ മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേരളാ പോലീസ് ആക്ട് സെക്ഷൻ 104-ലെ വ്യവസ്ഥ പ്രകാരമുള്ള പോലീസ് വെൽഫെയർ ബ്യൂറോയും രൂപീകരിച്ചിട്ടുണ്ട്. സേനാംഗങ്ങൾക്കും അടുത്ത കുടുംബാംഗങ്ങൾക്കും ഗുരുതരമായ അസുഖങ്ങളും അപകടങ്ങളും മറ്റും ഉണ്ടാകുന്ന സന്ദർഭത്തിൽ ചികിത്സയ്ക്കായി 3 ലക്ഷം രൂപവരെയുള്ള ഗ്രാന്റും 3 ലക്ഷം രൂപവരെ പലിശരഹിത വായ്പയും അനുവദിച്ചുവരുന്നു. സർവ്വീസിലിരിക്കെ മരണപ്പെടുന്ന അവസരത്തിൽ ഒരുലക്ഷം രൂപവരെയും ഡ്യൂട്ടിയിലിരിക്കെ മരണപ്പെടുകയാണെങ്കിൽ 2 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നു. ഇതിനുപുറമെ കേരള പോലിസ് വെൽഫെയർ ആൻഡ് അമിനിറ്റി ഫണ്ടും നിലവിലുണ്ട്. അർഹമായ ലീവുകളും വീക്ക്ലി ഓഫും

നിർബന്ധമായും നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവി പ്രത്യേക സർക്കുലർ മുഖാന്തരം നിർദ്ദേശം നൽകിയിട്ടുണ്ട്. മദ്യപാന ശീലമുള്ളവരെ ലഹരി മുക്തരാക്കുന്നതിന് ഡീഅഡിക്ഷൻ സെന്ററുകളെയും സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളെയും സഹകരിപ്പിച്ച് പ്രത്യേക കർമ്മപദ്ധതികൾ നടത്തിവരുന്നു. സേനാംഗങ്ങളുടെ പരിശീലന കാലയളവിൽത്തന്നെ സാമ്പത്തിക അച്ചടക്കം സംബന്ധിച്ചും ആയോധന കലകളിലുള്ള പരിശീലനംവഴി മനോബലം വർധിപ്പിക്കുന്ന നടപടികളും മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് പ്രത്യേക പരിശീലന പരിപാടികളും നടത്തുന്നുണ്ട്. പോലീസ് സേനയിൽ 8 മണിക്കൂർ ജോലി അത്ര വേഗം നടപ്പാക്കാൻ സാധിക്കുന്ന കാര്യമല്ല. എന്നാൽ സർക്കാർ ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. തിരക്കേറിയ പ്രധാനപ്പെട്ട 52 സ്റ്റേഷനുകളിൽ ഇതിനോടകംതന്നെ ഈ സമയക്രമം നടപ്പാക്കുകയും കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. സംസ്ഥാനത്ത് പുതിയതായി 13 പോലീസ് സ്റ്റേഷനുകളും 19 സൈബർ

പോലീസ് സ്റ്റേഷനുകളും 4 വനിതാ പോലീസ് സ്റ്റേഷനുകളും ആരംഭിച്ചിട്ടുണ്ട്. കുറ്റാന്വേഷണവും ക്രമസമാധാന പാലനവും വേർതിരിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ വർധിച്ചുവരുന്ന സാഹചര്യം കണക്കിലെടുത്ത് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണ വിഭാഗവും ആരംഭിച്ചിട്ടുണ്ട്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലംമുതൽ ഈ വർഷം മാർച്ച് 31-വരെ പോലീസിൽ 5670 പുതിയ തസ്തികകൾ സൃഷ്ടിച്ച് ജോലിഭാരം കുറച്ചിട്ടുണ്ട്. പുതുതായി സേനയിലേക്ക് എത്തിച്ചേരുന്ന സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള നിരവധി പേരുടെ സേവനം കുറ്റാന്വേഷണങ്ങളിലും വികസന പ്രവർത്തനങ്ങളിലും വിനിയോഗിക്കാൻ സാധിക്കുക എന്ന ലക്ഷ്യത്തോടെ അതത് വിഭാഗവുമായി ബന്ധപ്പെട്ട് നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദൈനംദിന ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ജീവിതാവശ്യങ്ങൾക്ക് സമീപിക്കാവുന്ന സംവിധാനമാണ് പോലീസ് കാന്റീൻവഴി സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിട്ടുള്ളത്.

കമ്പോളവിലയിൽനിന്നും 30 ശതമാനംവരെ വിലക്കുറവിൽ പ്രവർത്തിച്ചിരുന്ന പോലീസ് കാന്റീനിൽ ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് പോലീസ് ഉദ്യോഗസ്ഥർക്കുള്ള നികുതിയിളവ് ഒഴിവാക്കപ്പെട്ടിരുന്നു. കേന്ദ്രസർക്കാരുമായി ഫലപ്രദമായ ഇടപെടലുകൾ നടത്തിയതിന്റെ ഫലമായി നികുതി ഇളവ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണത്തിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുറഞ്ഞ നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിന് സർക്കാരിന്റെ സഹായത്തോടെ കേരള പോലീസ് ഹൗസിംഗ് സൊസൈറ്റിയും ജില്ലാടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും സജീവമായി പ്രവർത്തിച്ചുവരുന്നു. നീതിബോധം, മനുഷ്യാവകാശ സംരക്ഷണം, സേവനതല്പരത, സാമൂഹിക പ്രതിബദ്ധത, ശാസ്ത്രീയ അന്വേഷണ രീതികൾ തുടങ്ങിയ മേഖലകളിൽ നമ്മുടെ പോലീസ് സേന ഇന്ന് രാജ്യത്തിന് മാതൃകയാണ്. ഇതിനിടയിൽ നിലനിൽക്കുന്ന ചില ദൗർബല്യങ്ങൾ പരിഹരിച്ച് ജനങ്ങൾക്കിടയിൽ കൂടുതൽ വിശ്വാസമാർജ്ജിക്കുന്നതിനും ഒപ്പം

സേനാംഗങ്ങൾക്കിടയിൽ പൊതുവായ ജീവിതസാഹചര്യം കാത്തു സൂക്ഷിക്കുന്നതിനും സർക്കാർ ഇടപെടലുകൾ നടത്തിവരികയാണ് .

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സഭയിൽ പോലീസ് അതിക്രമങ്ങൾ നിരന്തരം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ പോലീസുകാരോട് സർക്കാർ കാണിക്കുന്ന അതിക്രമം കാരണം സേനയിൽ ആത്മഹത്യ വർധിക്കുന്നത് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ വിഷയമാകുന്നത് ഒരുപക്ഷേ ഈ നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായിരിക്കാം. ആവശ്യത്തിന് സേനാംഗങ്ങളെ വിന്യസിക്കാതെ അമിത ജോലിഭാരം അടിച്ചേൽപ്പിക്കുന്നത് 'സ്റ്റേറ്റ് സ്പോൺസേർഡ് അട്രോസിറ്റി' ആണ്, അത് മനുഷ്യാവകാശ ലംഘനമാണ്. അതുകൊണ്ടുകൂടിയാണ് പ്രസ്തുത വിഷയത്തിൽ മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുത്തത്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ 88 പോലീസുകാരാണ് ആത്മഹത്യ ചെയ്തത്. ജൂൺ 8-ാം തീയതി ആലപ്പുഴ ഡി.എച്ച്.ക്യു. (District Headquarters)-ലെ പേലീസുകാരൻ സുധീഷ്, 11-ാം തീയതി ഇൻഫോപാർക്ക് സ്റ്റേഷനിലെ പോലീസുകാരൻ മധു, 14-ാം തീയതി വിഴിഞ്ഞം സ്റ്റേഷനിലെ

പോലീസുകാരൻ കുരുവിള ജോർജ്ജ്, 24-ാം തീയതി പാറശ്ശാല സിറ്റി ട്രാഫിക്കിലെ മദനകുമാർ എന്നിവരാണ് ആത്മഹത്യ ചെയ്തത്. ആറ് ദിസത്തിനിടയിൽ; ഈ സഭ സമ്മേളിക്കുന്നതിനിടയിൽ 5 പോലീസ് ഉദ്യോഗസ്ഥരാണ് സംസ്ഥാനത്ത് ആത്മഹത്യ ചെയ്തത്. (...ബഹളം.....) പോലീസുകാർ ആത്മഹത്യ ചെയ്ത വിഷയം പറയുമ്പോൾ ഭരണപക്ഷം ബഹളംവയ്ക്കുന്നത് എന്തിനാണ്? പോലീസുകാർ നിരന്തരമായി ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളുണ്ടായപ്പോൾ അവ തടയുന്നതിനായി ഡി.ജി.പി. ഒരു സർക്കുലർ ഇറക്കിയിരുന്നു, അതിലുള്ള ഒരു പ്രധാന നിർദ്ദേശം പോലീസുകാർക്ക് യോഗ പഠനം നടപ്പിലാക്കുമെന്നായിരുന്നു. 16 മുതൽ 18 മണിക്കൂർ വരെയും ചില അവസരങ്ങളിൽ 24 മണിക്കൂറും തുടർച്ചയായി ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന പോലീസുകാരന് യോഗ ചെയ്യാൻ എപ്പോഴാണ് സമയം ലഭിക്കുന്നത്? പാവപ്പെട്ട പോലീസുകാർക്ക് അതിനുള്ള യോഗമില്ല. ഒരു ശരാശരി പോലീസ് സ്റ്റേഷന്റെ ചുമതലകൾ എന്തൊക്കെയാണ്? കേസന്വേഷണം, ജി.ഡി. (General Diary), സ്റ്റേഷൻ സെക്യൂരിറ്റി, ജീപ്പ് പട്രോളിംഗ്, ബൈക്ക് പട്രോളിംഗ്, റൈറ്റർ, അസിസ്റ്റന്റ് റൈറ്റർ, കമ്പ്യൂട്ടർ

ഓപ്പറേറ്റർ, കോടതി ഡ്യൂട്ടി, തപാൽ ഡ്യൂട്ടി, തടവുകാരുടെ അകമ്പടി, പിക്കറ്റ് ഡ്യൂട്ടി, വാഹന പരിശോധന, ഗതാഗത നിയന്ത്രണം, വി.ഐ.പി. അകമ്പടി, വാറന്റ് നടപ്പാക്കൽ, പ്രതിയെ പിടിക്കൽ എന്നീ ചുമതലകളാണുള്ളത്. ഇതിൽത്തന്നെ പെറ്റി കേസ് എടുക്കുന്നതിനും കുറ്റപത്രങ്ങളുടെ എണ്ണം തികയ്ക്കുന്നതിനും ടാർജറ്റ് ഫിക്സ് ചെയ്തിട്ടുണ്ട്. കൂടാതെ ജനമൈത്രി, എസ്.പി.സി. (Student Police Cadet), പിങ്ക് പോലീസ്, വയോജന ഹെൽപ്പ്ഡെസ്ക്, ശിശു സൗഹാർദ്ദ ഡെസ്ക് തുടങ്ങി പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ട്. എന്നാൽ പോലീസിന്റെ സ്റ്റേങ്ത് പഴയപോലെതന്നെ തുടരുന്ന അവസരത്തിൽപ്പോലും പോലീസ് സ്റ്റേഷനിൽനിന്നും പുതിയ ജോലികൾ വീതംവച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് 8 മണിക്കൂർ ജോലി എന്ന പാറ്റേൺ പോലീസുകാരെ സംബന്ധിച്ചിടത്തോളം സ്വപ്നം കാണാൻപോലും സാധിക്കില്ല എന്നത് വസ്തുതയാണ്. 8 മണിക്കൂർ ജോലി എന്നത് 1991-ൽ നിയമിച്ച എം. കെ. ജോസഫ് (Rtd IPS) കമ്മീഷന്റെ ശിപാർശയാണ്. അതുപോലെ പോലീസിനുള്ള മറ്റൊരു ഡ്യൂട്ടിയാണ് "Cr.P.C. 174". ഞാൻ ഒരു

പോലീസ് സുഹൃത്തിനോട് സംസാരിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആഴ്ചയിൽ 3 എണ്ണത്തിൽ കൂടുതൽ ഇത്തരം ഡ്യൂട്ടി ലഭിക്കാറുണ്ടെന്നാണ്. 'Cr.P.C. 174' ഡ്യൂട്ടിയെ സംബന്ധിച്ച് അങ്ങേയ്ക്കും അറിയാമെന്ന് കരുതുന്നു. മൂന്നും നാലും ദിവസം പഴകിയ മൃതശരീരങ്ങൾ അടച്ചുപൂട്ടിയ വീട്ടിൽനിന്നൊക്ക കണ്ടെത്തുമ്പോൾത്തന്നെ അവ ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന അവസ്ഥയിലായിരിക്കും. ദുർഗന്ധം സഹിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കാനായി പോലീസുകാർക്ക് മണിക്കൂറുകളോളം കാത്തിരിക്കേണ്ടിവരാറുണ്ട്. അവർക്ക് യഥാസമയം ആഹാരം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, ആവശ്യത്തിന് ഉറക്കവും ലഭിക്കുന്നില്ല. പോലീസുകാരന്റെ ദുരിതമയമായ നരകജീവിതം ഇപ്രകാരം തുടർന്നുകൊണ്ടിരിക്കുകയാണ്. ഞാൻ സൂചിപ്പിച്ച ജോലികൾ ഒരു പോലീസ് സ്റ്റേഷനിൽ ചെയ്യണമെങ്കിൽ 59 പോലീസുകാർ ആ സ്റ്റേഷനിൽ ഉണ്ടായിരിക്കണം. അതായത് 59 പോലീസുകാർ 18 മണിക്കൂറും ജോലി ചെയ്യേണ്ടതുണ്ട്. ഒരു ദിവസം ഇപ്രകാരം ജോലി ചെയ്യുന്നതിന് ഇത്രയും പോലീസുകാർ ആവശ്യമായി വരുമ്പോൾ അതിനടുത്ത ദിവസവും ഡ്യൂട്ടി

ചെയ്യാൻ അത്രയും പോലീസുകാർ ആവശ്യമാണ്. ഫലത്തിൽ 118 പോലീസുകാർ ഒരു സ്റ്റേഷനിൽ ഉണ്ടെങ്കിൽ മാത്രമെ മേൽപ്പറഞ്ഞ ജോലികൾ നിർവഹിച്ചുകൊണ്ട് ഒരു സ്റ്റേഷന് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ശരാശരി 44 പോലീസുകാരെ വച്ചാണ് 118 പോലീസുകാരുടെ ജോലി ഒരു സ്റ്റേഷനിൽ നടത്തുന്നതെന്ന സത്യം അങ്ങും ഈ സഭയും മനസ്സിലാക്കണം; ഇതിനെയാണ് അമിതഭാരമെന്ന് പറയുന്നത്. അമിത ജോലിഭാരമാണ് അവരെ മനഃസംഘർഷത്തിലേക്ക് കൊണ്ടുപോകുന്നതും തുടർന്ന് വിഷാദരോഗികളാക്കി മാറ്റുന്നതും. ഈ സാഹചര്യത്തെക്കുറിച്ച് സഭയിൽ ചർച്ച ചെയ്യണ്ടേ? പോലീസ് സേനയിൽ ആവശ്യത്തിന് അംഗബലമില്ലാത്തതും സേനയിലുള്ള രാഷ്ട്രീയ അതിപ്രസരവും പ്രധാന കാരണങ്ങളാണ്. അംഗബലം ഇല്ലെന്നുള്ളതിന് ഇവിടെ തെളിവുണ്ട്. 20 പോലീസ് ജില്ലകളുടെ മേധാവികൾ മേലധികാരികൾക്ക് അയച്ചിരിക്കുന്ന ഒരു റിപ്പോർട്ട് ഉദ്ധരിച്ചാണ് ഞാൻ സംസാരിക്കുന്നത്. അതിന്റെ രേഖ എന്റെ കൈവശമുണ്ട്. അങ്ങയുടെ തൊട്ട് മുമ്പിലുള്ള സെക്രട്ടേറിയറ്റിലെ കൺട്രോൾമെന്റ് പോലീസ് സ്റ്റേഷനിൽ അധികമായി ആവശ്യപ്പെട്ട

പോലീസുകാരുടെ എണ്ണം ഞാൻ വായിക്കാം. ഐ.ഒ.പി. (Inspector of Police)-1, എസ്.ഐ. (Sub Inspector)-5, എ.എസ്.ഐ. (Assistant Sub Inspector)-3, എസ്.സി.പി.ഒ. (Senior Civil Police Officer)-12, സി.പി.ഒ. (Civil Police Officer)-44, ഡബ്ല്യു.എസ്.സി.പി.ഒ. (Senior Civil Police Officer (Women)-6, ഡബ്ല്യു.സി.പി.ഒ. (Civil Police Officer(Women)-8, ഡ്രൈവർ-2. അപ്പോൾ യഥാർത്ഥ സ്ഥിതി എന്തായിരിക്കും? പല സ്റ്റേഷനുകളിലും ആക്ച്വൽ സ്ട്രെങ്ത് എന്നത് സാങ്ഷൻഡ് സ്ട്രെങ്തിന്റെ പകുതിപോലും ഉണ്ടാകാറില്ല. ഈ സാഹചര്യത്തിലാണ് പോലീസ് സേനയെ മെച്ചപ്പെട്ട രീതിയിൽ കൊണ്ടുപോകുന്നതിനായി ജില്ലാ പോലീസ് മേധാവിമാർ സർക്കാരിനോട് സേനയിലേക്ക് കൂടുതൽ പോലീസുകാരെ വിന്യസിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നത്. അതുമായി ബന്ധപ്പെട്ട ചില ഫയൽ നമ്പറുകൾ ഞാൻ വായിക്കാം, P4-64/2023 -Creation of additional post - Highway patrol, P1-5/2022- Special Investigation team for POCSO Cases, A2-275 -Security for hospitals. ഇതുപറയാൻ കാരണം: കോട്ടയം ചങ്ങനാശ്ശേരിക്കാരിയായ ഡോ. വന്ദനദാസിനെ കൊട്ടാരക്കര

ആശുപത്രിയിൽവച്ച് ഒരാൾ കുത്തിക്കൊന്നു. ആശുപത്രികളുടെ സുരക്ഷയ്ക്കുവേണ്ടി പോലീസുകാരെ നിയോഗിക്കുമെന്ന് (ഫയൽ നമ്പർ P-446/2023; സെക്യൂരിറ്റി ഫോർ ഹോസ്പിറ്റൽ പ്രകാരം) അടുത്തദിവസം പ്രഖ്യാപനമുണ്ടായി. ഇതെല്ലാം ധനകാര്യവകുപ്പിന്റെയും ആഭ്യന്തര വകുപ്പിന്റെയും കൈവശമുള്ള ഫയലുകളാണ്. ഈ ഫയലുകളിന്മേൽ തീരുമാനമെടുത്തെങ്കിൽ മാത്രമെ അംഗബലമില്ലെന്ന പോലീസുകാരുടെ നിരന്തരമായ പരാതിക്ക് പരിഹാരമുണ്ടാകകയുള്ളൂ എന്നതിനാൽ അക്കാര്യത്തിൽ നടപടി സ്വീകരിക്കണം. ടെലികമ്മ്യൂണിക്കേഷനിൽനിന്നും ആളുകളെ നിയോഗിച്ചാണ് പുതുതായി സൈബർ ഡിവിഷൻ ആരംഭിച്ചത്. ട്രാഫിക് സ്റ്റേഷനിലെ കേസുകൾ ഇപ്പോൾ ലോക്കൽ സ്റ്റേഷനിലേക്ക് മാറ്റിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. കെ. അക്ബർ സഭയിൽ ഉന്നയിച്ച സബ്മിഷന് മറുപടിയായി പറഞ്ഞത്, ഇനി പുതിയ ട്രാഫിക് സ്റ്റേഷനുകൾ ആരംഭിക്കില്ലെന്നാണ്. ഈ കേസുകൾകൂടി ലോക്കൽ സ്റ്റേഷനിലേക്ക് വരുമ്പോൾ പ്രയാസമനുഭവിച്ചുകൊണ്ടിരിക്കുന്ന പോലീസുകാരുടെ തലയിലേക്ക് ഈ പുതിയഭാരംകൂടി അടിച്ചേൽപ്പിക്കുന്ന

സ്ഥിതിയാണുണ്ടാകുന്നത്. സ്റ്റേഷനുകളിൽ ഡ്രൈവർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. ഉന്നത ഉദ്യോഗസ്ഥർ മറ്റ് പോലീസുകാരോട് വാഹനമോടിക്കാൻ ആവശ്യപ്പെടുകയും അവർ വണ്ടിയോടിച്ച് അപകടമുണ്ടാകുമ്പോൾ ഈ പോലീസുകാരന്റെ മേൽ നടപടിയെടുക്കുകയും ചെയ്യുന്നതിന്റെ ഫലമായി അവരുടെ രണ്ട് ഇൻക്രിമെന്റ് ബാർ ചെയ്യുകയാണ്. ഡ്രൈവർമാരുടെ തസ്തികയുണ്ടായിട്ടും ഒഴിഞ്ഞുകിടക്കുന്നതാണ് ഈ പ്രശ്നത്തിന് കാരണമാകുന്നത്. "തൊണ്ടിമുതലും ദൃക്സാക്ഷിയും" എന്ന ഫഹദ് ഫാസിലിന്റെ സിനിമയിൽ പറയുന്നതുപോലെ വരുന്ന വാദിയുടെയും പ്രതിയുടെയും കൈയിൽനിന്നും കാർബൺ പേപ്പറും മറ്റ് സ്റ്റേഷനറികളും വാങ്ങിയെടുക്കുകയാണ് ചെയ്യുന്നത്. സ്റ്റേഷനറി വാങ്ങാൻ പോലീസുകാർക്ക് പണം കൊടുക്കുന്നില്ല. ഞാൻ ഉപക്ഷേപം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി രണ്ടുമൂന്ന് തവണ പോലീസ് സ്റ്റേഷനിൽ പോയപ്പോഴാണ് സർക്കാർ കൊടുത്ത കമ്പ്യൂട്ടറുകളൊന്നും പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടത്. പോലീസുകാരൻ സ്വന്തം പണം മുടക്കി വാങ്ങിയ ലാപ്ടോപ്പിൽ കേസ് തയ്യാറാക്കുന്ന

അവസ്ഥയാണുള്ളത്. 500 പൗരന്മാർക്ക് ഒരു പോലീസ് എന്ന സർക്കാർ നിർദ്ദേശം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? സി.പി.ഒ.-മാർ തല മുണ്ഡനം ചെയ്ത് മുട്ടിലിഴഞ്ഞ് ശയനപ്രദക്ഷിണം നടത്തി സമരം ചെയ്തു. പോലീസ് സേനയുടെ അംഗബലം വർധിപ്പിക്കണമെന്നാണ് പോലീസ് അസോസിയേഷന്റെയും ജില്ലാ പോലീസ് മേധാവിമാരുടെയും ആവശ്യം. പോലീസ് സേനയിൽ ജോലി നേടുന്നതിനായി പ്രിലിമിനറി ടെസ്റ്റെഴുതി മെയിൻ പരീക്ഷയും കായികക്ഷമതാ പരിശീലനവും പാസ്സായി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടശേഷവും ശയന പ്രദക്ഷിണം നടത്തുകയും തല മുണ്ഡനം ചെയ്ത് മുട്ടിലിഴഞ്ഞ് സർക്കാരിനോട് യാചിക്കുകയും അവരുടെ കുടംബംവരെ വന്ന് സമരം ചെയ്യുകയും ചെയ്തിട്ടും ഈ സർക്കാർ അത് കേൾക്കാൻ തയ്യാറായോ? അംഗബലമില്ലെന്ന് പറയുമ്പോഴും അവർ നിരാശയോടുകൂടി ഇവിടെനിന്നും മടങ്ങിപ്പോകുന്ന സാഹചര്യമാണുള്ളത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടക്കുന്നത് കേരളത്തിലാണെന്നാണ് കഴിഞ്ഞ കുറേ ദിവസമായി അസംബ്ലിയിൽ മുഴങ്ങിക്കേൾക്കുന്ന വാദഗതി. മറ്റ് പല സംസ്ഥാനങ്ങളിലും യൂണിഫോം ഫോഴ്സിന് പി.എസ്.സി. വഴിയല്ല

നിയമനം നൽകുന്നത്. അവർക്ക് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡാണുള്ളത്. പോലീസിലേയ്ക്കും മറ്റ് യൂണിഫോം ഫോഴ്സുകളിലേയ്ക്കുമാണ് ഏറ്റവും കൂടുതൽ ആളുകളെ നിയമിക്കേണ്ടിവരുന്നത്. എക്സൈസ്, ഫയർഫോഴ്സ്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നിവിടങ്ങളിൽ പ്രത്യേക റിക്രൂട്ട്മെന്റിലൂടെയാണ് നിയമനം നടത്തുന്നത്. ആ വാദം അംഗീകരിച്ചാൽ തമിഴ്നാട് പോലീസിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയവരുടെ എണ്ണം പൂജ്യമാണ്, ഒരാളെയും നിയമിച്ചിട്ടില്ല. കാരണം അവിടെ റിക്രൂട്ട്മെന്റ് ബോർഡുവഴിയാണ് നിയമനം നടത്തുന്നത്. ഇനി ആ ന്യായം പറഞ്ഞ് ആളുകളെ പറ്റിക്കരുത്. പോലീസുകാർ ആത്മഹത്യയിലേക്ക് പോകുന്നതിന് കാരണമെന്താണ്? ഇവർക്ക് ആരോഗ്യപരമായ കുടുംബജീവിതത്തിന്റെ പ്രശ്നമുണ്ട്. 16-ഉം 18-ഉം മണിക്കൂർ ഡ്യൂട്ടി ചെയ്യേണ്ടി വരുന്നതുകാരണം അവർക്ക് കുടുംബത്തിൽ നടക്കുന്ന പ്രധാന ആഘോഷങ്ങളിലൊന്നും പങ്കെടുക്കാൻ കഴിയാറില്ല. വൈകുന്നേരം സിനിമയ്ക്ക് പോകാൻ റെഡിയായിരിക്കാൻ ഭാര്യയോടും മക്കളോടും പറഞ്ഞിട്ടുപോകും; വീട്ടുകാർ കാത്തിരിക്കുമ്പോഴാണ് അടിയന്തരമായി വേറെ ജോലിക്കുപോകണമെന്ന് മേലുദ്യോഗസ്ഥൻ

പറയുന്നത്. ഇത്തരം സാഹചര്യങ്ങളിൽ കുടുംബ ബന്ധങ്ങളിൽ വലിയ പ്രശ്നമുണ്ടാകുകയും തൽഫലമായി ടി വ്യക്തിയുടെമേൽ അത് വലിയ സമ്മർദ്ദമായും വിഷാദരോഗമായും മാറുകയും ചെയ്യുന്നുവെന്ന് മാത്രമല്ല, പിടിച്ചുനിൽക്കാൻ കഴിയാത്തവർ ആത്മഹത്യ ചെയ്യുന്ന അവസ്ഥയും ഉണ്ടാകുന്നു. സമീപകാലത്ത് 148 പേരാണ് പോലീസ് സേനയിൽ നിന്നും വി.ആർ.എസ്. എടുത്തുപോയത്. അത്തരത്തിൽ പലരും തുടർന്നും അപേക്ഷകൾ കൊടുത്തെങ്കിലും അവരുടെ അപേക്ഷ അംഗീകരിക്കുന്നില്ല. ആറ് വർഷംകൂടി സർവീസുള്ള ഒരു ഡിവൈ.എസ്.പി. വി.ആർ.എസ്. എടുത്ത് ഇപ്പോൾ ഗ്രാഫിക് ഡിസൈനറായി ജോലി ചെയ്യുകയാണ്. ഇതാണ് പോലീസ് സേനയുടെ അവസ്ഥ.

സെൻട്രൽ പോലീസ് കാന്റീൻ അനുവദിച്ചതും ശബരിമല ബസ് സൗജന്യമാക്കിയതും ജനറൽ ഡയറി സമയം 24 എന്നത് 12 മണിക്കൂറാക്കിയതും സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റ് ഫോഴ്സ് രൂപീകരിച്ചതും പാറാവ് ഡ്യൂട്ടി ചെയ്യുന്നവർക്ക് പിറ്റേദിവസം അവധി കൊടുത്തതും യൂണിഫോം അലവൻസ് 5000 രൂപയാക്കി വർധിപ്പിച്ചതുമെല്ലാം

ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. മ്യൂസിയം പോലീസ് സ്റ്റേഷൻ സന്ദർശിച്ചാൽ അവിടെ കുടുസുമുറികളാണുള്ളതെന്ന് കാണാൻ സാധിക്കും. വനിതാ പോലീസുകാർക്ക് കൃത്യമായ റെസ്റ്റിംഗ് റൂമില്ല. അവരുടെ ജീവിതശൈലീ രോഗങ്ങൾ വർധിക്കുന്നുവെന്നാണ് ഇപ്പോൾ മനസ്സിലാകുന്നത്. അതിന് കാരണം രാത്രി ഡ്യൂട്ടിയുടെ അതിപ്രസരമാണ്. ഇപ്പോൾ പോലീസ് സ്റ്റേഷനുകളുടെ ഹയറാർക്കി മാറി. രാഷ്ട്രീയക്കാരും ലോക്കൽ കമ്മിറ്റിയും ഏരിയ കമ്മിറ്റിയുമെല്ലാം അക്കാര്യത്തിൽ ഇടപെടുകയാണ്. സർ, സിപി.ഐ.(എം) അല്ലാത്ത പോലീസുകാരുടെ നേരെ പ്രതികാര നടപടികളെടുക്കുന്ന സാഹചര്യവും ഉണ്ടാകുന്നുണ്ട്. 'അപ്പവും അമലുവും വിഷമിക്കരുത്. നന്നായി പഠിക്കുക, പോലീസിലല്ലാതെ ഏതെങ്കിലും ജോലി നേടിയെടുക്കുക, അമ്മയെ നോക്കുക' ജോബി ദാസിന്റെ ആത്മഹത്യാക്കുറുപ്പിലെ വാക്കുകളാണിവ. ഇതിനെക്കാൾ വലിയൊരു റിപ്പോർട്ട് സർക്കാരിന് ആവശ്യമുണ്ടോ? ഇനിയെങ്കിലും ഈ സർക്കാർ ഉണർന്ന് അടിയന്തര നടപടി സ്വീകരിക്കണം. നാട്ടുകാരുടെ മുഴുവൻ പരാതി കേൾക്കുന്ന പോലീസുകാരുടെ പരാതി കേൾക്കാനുള്ള

സംവിധാനമുണ്ടാകണം. രാഷ്ട്രീയ അതിപ്രസരം അവസാനിപ്പിച്ച് ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ പോലീസുകാർ ആത്മഹത്യ ചെയ്യുന്നത് പോലീസ് സേനയിലുണ്ടാകുന്ന സംഘർഷംകൊണ്ടുമാത്രമല്ല. ഓരോ ആത്മഹത്യയുടെയും കാരണം സംബന്ധിച്ച പരിശോധനയിലേക്ക് കടക്കുന്നില്ല. എന്നാൽ പോലീസ് സേനയിലുള്ള ചില പ്രശ്നങ്ങളും അവരുടെ സംഘർഷത്തിന് ഇടയാക്കിയിട്ടുണ്ട്. നമ്മളാരും ആത്മഹത്യ വർധിക്കണമെന്ന് ആഗ്രഹിക്കുകയോ അത് നിയന്ത്രിക്കേണ്ടതില്ലെന്ന് ചിന്തിക്കുകയോ ചെയ്യുന്നവരല്ല. സ്വാഭാവികമായും അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന് ഗൗരവമായി ആലോചിക്കുകയും അതിന്റെ ഭാഗമായുള്ള ഇടപെടലുകളുണ്ടാകുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ അംഗത്തിന് യോഗയെക്കുറിച്ച് വല്ലാത്ത തെറ്റിദ്ധാരണയാണുള്ളത്. ജോലിയുണ്ടെങ്കിൽ പിന്നെ യോഗ ചെയ്യാൻ കഴിയില്ലെന്ന തോന്നലാണ് അദ്ദേഹത്തിനുള്ളത്. പലവിധ തിരക്കുകൾക്കിടയിലും ചെയ്യാൻ കഴിയുന്ന

ഒന്നാണ് യോഗ. ബഹുമാന്യനായ അംഗം ഇപ്പോൾ സംസാരിച്ചു കഴിഞ്ഞതിനുശേഷം ഇരുന്നല്ലോ. യോഗയുടെ ശരിയായ രീതിയനുസരിച്ച് അവിടെയിരുന്നും ചെയ്യാൻ സാധിക്കും. അതിനെക്കുറിച്ച് ബഹുമാന്യനായ മുൻ പ്രതിപക്ഷനേതാവിനോട് ചോദിച്ചാൽ കൃത്യമായി പറഞ്ഞുതരും. അതുകൊണ്ട് യോഗയെക്കുറിച്ച് അത്തരം തെറ്റിദ്ധാരണയുണ്ടാകേണ്ടതില്ല. യോഗ മാനസിക സംഘർഷം കുറയ്ക്കുന്നതിന് വലിയതോതിൽ വഴിവയ്ക്കുമെന്നുള്ളതുകൊണ്ടാണ് പോലീസിന് മറ്റെല്ലാ തരത്തിലുമുള്ള പരിശീലനം ലഭിക്കുന്നുണ്ടെങ്കിലും യോഗക്കൂടി അതിന്റെ ഭാഗമായി ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിച്ചത്. പോലീസുകാർ മിക്കവാറും സമയങ്ങളിലും ഡ്യൂട്ടിയിലായതുകൊണ്ട് യോഗ ചെയ്യാനുള്ള അവസരമില്ലാതെ വരുന്നില്ല, അവർക്കും അത് ചെയ്യാൻ സാധിക്കും. അതിനെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ഏതെങ്കിലും യോഗാ വിദഗ്ധരുടെ സേവനം ലഭ്യമാക്കണമെന്ന് ബഹുമാന്യനായ സ്പീക്കറോട് പറഞ്ഞ് എല്ലാവർക്കും അതുമായി ബന്ധപ്പെട്ട് പ്രത്യേകമായി ഒരു ക്ലാസ് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പോലീസുകാർക്ക്

ജോലികൾ ചെയ്യേണ്ടിവരുന്നുവെന്നുള്ളത് ശരിയാണ്. എല്ലാ പോലീസ് സ്റ്റേഷനുകളിലും പോലീസുകാർക്ക് അവരുടെ ഡ്യൂട്ടി കൃത്യമായി നിർവ്വഹിക്കേണ്ടിവരുന്നതിന്റെ ഭാഗമായി എട്ട് മണിക്കൂർ ജോലിയെന്ന സമ്പ്രദായം പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ചില സ്റ്റേഷനുകളിൽ എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കുന്നതിന് പ്രാരംഭം കുറിക്കുകയും ഇത് കൂടുതൽ സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. പരിഷ്കൃത സമൂഹത്തിൽ എട്ട് മണിക്കൂർ ജോലി സമ്പ്രദായം നടപ്പാക്കാൻ സാധിക്കേണ്ടതുണ്ട്. ഓരോ ജോലിക്കും അതിന്റേതായ പ്രത്യേകതകളുണ്ട്. ചീഞ്ഞളിഞ്ഞ മൃതശരീരത്തിനടുത്തുനിന്ന് മാറിപ്പോകാൻ പോലീസുകാരന് കഴിയാത്തൊരവസ്ഥ നിലനിൽക്കുന്നുവെന്നത് വസ്തുതയാണ്. പക്ഷേ, അതെങ്ങനെ ഒഴിവാക്കാൻ കഴിയും? പോലീസുകാർ നേരിടുന്ന പ്രശ്നങ്ങൾ സഭ മുമ്പാകെ അവതരിപ്പിക്കുമ്പോൾ എന്തിനാണ് ആ ഭാഗം അത്തരത്തിൽ സൂചിപ്പിച്ചതെന്ന് മനസിലാകുന്നില്ല. അത്തരമൊരു ഡ്യൂട്ടി ഒഴിവാക്കാൻ കഴിയുന്നതാണോ? പോലീസിന്റെ ഡ്യൂട്ടിയിൽ അത്

ഉൾപ്പെടുത്തേണ്ടതില്ലെന്ന് നിശ്ചയിക്കാൻ കഴിയുമോ? അതൊക്കെ പോലീസുകാരുടെ ഡ്യൂട്ടിയുടെ ഭാഗമായി വരുന്നതാണ്. പോലീസ് ഡ്യൂട്ടിയുടെ പ്രത്യേകതയനുസരിച്ച് അത്തരം ചില നടപടികൾ സ്വീകരിക്കേണ്ടിവരുന്നുണ്ട്.

പോലീസ് സ്റ്റേഷനുകളിലെ അംഗസംഖ്യ വർധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ന്യായമായ ആവശ്യമാണ്. പൊതുവെ എല്ലാ സ്റ്റേഷനുകളിലെയും പോലീസിന്റെ അംഗസംഖ്യ ഇനിയും വർധിക്കേണ്ടതുണ്ടെന്നത് ഒരു വസ്തുതയാണ്. ഇക്കാര്യം സർക്കാർ തള്ളിക്കളയുന്നില്ല. സർക്കാർ അതിനാവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഓരോ സ്റ്റേഷനും കൃത്യമായി പ്രവർത്തിക്കുന്നതിനാവശ്യമായ അംഗബലം നൽകണമെന്നതന്നെയാണ് സർക്കാർ ആഗ്രഹിക്കുന്നത്. അക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് മറ്റ് തരത്തിലുള്ള യാതൊരു കടുംപിടുത്തങ്ങളുമില്ല. ജില്ലാ പോലീസ് മേധാവികൾ അതത് ജില്ലകളിൽ ഏതെങ്കിലും തരത്തിലുള്ള കുറവുകളും പ്രശ്നങ്ങളും ഉണ്ടെങ്കിൽ അതുസംബന്ധിച്ച് സംസ്ഥാന പോലീസ്

മേധാവിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നത് സ്വാഭാവികമാണ്. അദ്ദേഹം പറഞ്ഞ രീതിയിൽ, എല്ലാ സ്ഥലങ്ങളിലും ആവശ്യമായത്രയും സെക്യൂരിറ്റി നൽകുന്നതിന് പോലീസുകാർ വേണമെന്നത് ശരിയാണ്. അഖിലേന്ത്യാടിസ്ഥാനത്തിലുള്ള CISF (Central Industrial Security Force)-ന്റെ മാതൃകയിലുള്ള SISF (State Industrial Security Force)-ന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പക്ഷേ, ഇത്തരം സേവനം ആവശ്യപ്പെടുന്ന സ്ഥാപനങ്ങൾ അതിനുള്ള തുക മുടക്കേണ്ടി വരും. അപ്രകാരം തുക മുടക്കുവാൻ കഴിയുന്ന സ്ഥാപനങ്ങളിൽ എസ്.ഐ.എസ്.എഫ്. ജീവനക്കാരെ നിയോഗിക്കുന്നതോടൊപ്പം പോലീസിന്റെ സേവനം ലഭ്യമാക്കേണ്ട സ്ഥലങ്ങളിൽ അവരെയും നിയോഗിക്കാൻ സാധിക്കുന്നതാണ്. ട്രാഫിക് സ്റ്റേഷനുകളുടെ കാര്യത്തിൽ ട്രാഫിക് നിയന്ത്രണങ്ങളും അതുമായി ബന്ധപ്പെട്ട കേസുകളും കൈകാര്യം ചെയ്യുന്നത് അതത് പോലീസ് സ്റ്റേഷനുകളിൽത്തന്നെയാണ്. അതിനാവശ്യമായി വരുന്ന പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിക്കാറുണ്ട്. ഡ്രൈവർ തസ്തികകൾ

പൂർണ്ണമായി ഒഴിഞ്ഞുകിടക്കുന്നില്ല. ചിലപ്പോൾ ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നെങ്കിൽ റിക്രൂട്ട്മെന്റിന്റെ ഭാഗമായി അവയൊക്കെ നികത്തപ്പെടുന്നതാണ്; അതൊന്നും അംഗബലത്തെ വലിയ തോതിൽ ബാധിക്കുന്നില്ല. പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷനറി പർച്ചേസ് ചെയ്യിക്കുന്ന രീതി പണ്ട് കാലത്ത് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നെങ്കിലും നിലവിൽ അങ്ങനെയൊന്നില്ല. ഓരോ സ്റ്റേഷനിലും അവിടത്തെ ആവശ്യങ്ങൾക്കായുള്ള ചെറിയൊരു തുക കൈവശമുണ്ടെന്നതാണ് വസ്തുത. അതല്ലാതെ ആരും അവിടേയ്ക്ക് സ്റ്റേഷനറി വാങ്ങിക്കൊടുക്കേണ്ട സാഹചര്യമുണ്ടാകുന്നില്ല.

ബഹുമാന്യനായ അംഗം കാര്യങ്ങൾ മനസിലാക്കുന്ന ആളാണല്ലോ. പ്രതിപക്ഷാംഗമായതുകൊണ്ട് പി.എസ്.സി. റാങ്ക്ലിസ്റ്റിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞ് ഭരണപക്ഷത്തെ വിമർശിക്കാൻ ശ്രമിച്ചതായിരിക്കാനാണ് സാധ്യത. ഒരു കാലത്തുമില്ലാത്ത രീതിയിൽ ഭാവിയിലെ ഒഴിവുകളടക്കം കണക്കാക്കി ഉദ്യോഗാർഥികളെ റിക്രൂട്ട് ചെയ്യുന്ന രീതിയാണുള്ളത്. അതിന്റെ ഭാഗമായി കൂടുതൽ ഉദ്യോഗാർത്ഥികളെ റിക്രൂട്ട്

ചെയ്യ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ പി.എസ്.സി. റാങ്ക്ലിസ്റ്റുകളുടെ അവസ്ഥയെന്താണ്? ഏത് റാങ്ക് ലിസ്റ്റ് എടുത്ത് പരിശോധിച്ചാലും ആവശ്യമുള്ളതിനെക്കാൾ കൂടുതൽ ആളുകളെ ഉൾപ്പെടുത്തിയാണ് ലിസ്റ്റ് പ്രസിദ്ധീകരിക്കാറുള്ളത്. ഈ സാഹചര്യത്തിൽ സാധാരണഗതിയിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട ഒരാൾക്ക് താൻ ജോലിക്ക് അർഹനായി/അർഹയായി എന്നൊരു ചിന്തയായിരിക്കും ഉണ്ടാകുന്നത്. ഈ ചിന്ത തെറ്റാണെന്ന് പറയുന്നില്ല. ആ ചെറുപ്പക്കാരനോ/ചെറുപ്പക്കാരിയോ ഉടൻതന്നെ തനിക്ക് ആ ജോലി ലഭിക്കുമെന്നാണ് വിചാരിക്കുന്നത്. നൂറ് പേർ ഉൾപ്പെട്ട ലിസ്റ്റിൽനിന്ന് പത്തുപേരെയാണ് നിയമിക്കുന്നതെങ്കിൽ തൊണ്ണൂറുപേർ നിയമനം കിട്ടാതെ പുറത്തുനിൽക്കുകയാണ്. തങ്ങൾക്ക് ജോലി കിട്ടിയില്ലല്ലോ എന്നോർത്ത് ഈ തൊണ്ണൂറുപേരും നിരാശപ്പെടുകയാണ്. അവരെയെല്ലാം നിയമിക്കാൻ കഴിയുമോ? പത്തുപേരെ മാത്രമെ നിയമിക്കാൻ കഴിയുകയുള്ളൂ, അതിനപ്പുറം നിയമനം നടത്താൻ കഴിയില്ല. പത്ത് പേരെ നിയമിക്കുന്നതിന് നൂറ് പേരുടെ ലിസ്റ്റ് ആവശ്യമാണോ? യഥാർഥത്തിൽ ഇതാണ് പ്രശ്നം. അത് ബഹുമാന്യനായ അംഗം മനസിലാക്കാത്ത കാര്യമല്ല.

പക്ഷേ, അത് ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ വേണ്ടി പറഞ്ഞ കാര്യമായിരിക്കാനാണ് സാധ്യത. ഈ കാര്യങ്ങളെല്ലാം മുന്നിൽകണ്ടുകൊണ്ടാണ്, ഭാവിയിൽ വരുന്ന ഒഴിവുകളടക്കം കണക്കാക്കി ഉദ്യോഗാർഥികളെ റിക്രൂട്ട് ചെയ്യുന്ന നടപടി സർക്കാർ സ്വീകരിച്ചത്. ഇവിടെ പി.എസ്.സി. നിയമനം കൂടുതലാണെന്ന് അദ്ദേഹംതന്നെ സമ്മതിക്കുകയുണ്ടായി. ഞാൻ അതുമായി ബന്ധപ്പെട്ട് മറ്റൊരു മറുപടിയിലേക്ക് കടക്കുന്നില്ല. രാജ്യമാകെ അംഗീകരിക്കുന്ന വസ്തുതയാണത്. ഇവിടെ പി.എസ്.സി. നിയമനങ്ങൾ നല്ല രീതിയിലാണ് നടപ്പാക്കുന്നത്.

പോലീസുകാർക്ക് അവരുടെ കുടുംബങ്ങളുമായി ബന്ധപ്പെട്ട പരിപാടികളിൽ പങ്കെടുക്കാനുള്ള സൗകര്യങ്ങൾ നിഷേധിക്കുന്ന നിലപാട് പോലീസ് വകുപ്പോ സർക്കാരോ സ്വീകരിച്ചിട്ടില്ല. അത്തരം കാര്യങ്ങൾക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നുമുണ്ട്. പോലീസ് ജോലിയുടെ പ്രത്യേക സ്വഭാവമനുസരിച്ച് അടിയന്തര സാഹചര്യങ്ങളിൽ ചിലപ്പോൾ അത്തരം പരിപാടികളിൽ അവർക്ക് പങ്കെടുക്കാൻ

കഴിഞ്ഞില്ലെന്ന് വരും. അത് ആ ജോലിയുടെ പ്രത്യേക സ്വഭാവത്തിന്റെ ഭാഗമായി ഉണ്ടാകുന്നതാണ്.

ഈ സംവിധാനത്തിന്റെ കുറവുകൊണ്ടല്ല പോലീസുദ്യോഗസ്ഥർ വി.ആർ.എസ്. (വോളന്ററി റിട്ടയർമെന്റ് സ്കീം) സ്വീകരിക്കുന്നത്. ഐ.പി.എസ്., ഐ.എ.എസ്. ഉദ്യോഗസ്ഥർ വി.ആർ.എസ്. എടുക്കുന്നില്ലേ? അതൊക്കെ ഐ.എ.എസ്. വേണ്ടെന്ന് വയ്ക്കുന്നതുകൊണ്ടാണോ. ഇത്തരത്തിൽ എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയുന്നതാണ്. മികച്ച ഓഫീസർമാരായിരുന്നവർ വി.ആർ.എസ്. എടുത്തിട്ടില്ലേ. മറ്റ് ചില ആവശ്യങ്ങളാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്.

പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ സൗകര്യം വേണമെന്ന് പറഞ്ഞത് ശരിയാണ്. ആവശ്യമായ സൗകര്യങ്ങൾ നല്ല രീതിയിൽത്തന്നെ ഒരുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ ഇടപെടലോ രാഷ്ട്രീയ സ്വാധീനമോ പോലീസ് സ്റ്റേഷനുകളിൽ നിലനിൽക്കുന്നുണ്ടെന്ന ആരോപണം ശരിയല്ല. പോലീസിന് തങ്ങളുടെ കൃത്യങ്ങൾ നിർവ്വഹിക്കാൻ പൂർണ്ണ അവകാശവും സ്വാതന്ത്ര്യവുമുണ്ട്. ഒരു

തരത്തിലുമുള്ള ബാഹ്യഇടപെടലുകളും ഇപ്പോൾ പോലീസ് സ്റ്റേഷനുകളെ ഭരിക്കുന്നില്ലെന്നതാണ് വസ്തുത. സാമൂഹ്യ പ്രാധാന്യമുള്ള ജോലികൾ നിർവ്വഹിക്കുമ്പോൾ പോലീസ് ഉദ്യോഗസ്ഥർക്ക് അതിന്റേതായ വിഷമങ്ങളുണ്ടാകുന്നുവെന്നത് ശരിയാണ്. കൃത്യസമയത്ത് ഭക്ഷണം കഴിക്കാനും വിശ്രമമെടുക്കാനും സാധിക്കാത്ത സാഹചര്യമുണ്ടാകുന്നുണ്ട്. സാധാരണഗതിയിൽ ഒരു മണിക്ക് ഭക്ഷണം കഴിക്കാറുള്ള നിയമസഭാ സാമാജികർക്ക് ചില സന്ദർഭങ്ങളിലെങ്കിലും കൃത്യസമയത്ത് ഭക്ഷണം കഴിക്കാൻ സാധിക്കാറുണ്ടോ; സഭാസമ്മേളനത്തിന്റെ ഭാഗമായി ചർച്ചയും മറ്റും നീണ്ടുപോകുമ്പോൾ അത് കഴിയട്ടെ എന്ന് വിചാരിക്കാറില്ലേ; അങ്ങനെ നോക്കുമ്പോൾ ചിലപ്പോൾ ഭക്ഷണസമയംതന്നെ കഴിഞ്ഞുപോകാറില്ലേ; ഓരോ ജോലിക്കും അതിന്റെ പ്രത്യേകതയനുസരിച്ചുള്ള ചില ക്രമീകരണങ്ങളുണ്ട്. അത്തരം ക്രമീകരണങ്ങളുടെ ഭാഗമായി ചില പ്രയാസങ്ങളുണ്ടാകുന്നുണ്ടെന്നത് വസ്തുതയാണ്. പോലീസുകാർക്ക് ആവശ്യമായ വിശ്രമവും ആഴ്ചയിൽ ഒരു ഓഫും അർഹമായ അവധിയും സ്ട്രസ് കുറയ്ക്കുന്നതിനുള്ള കൗൺസിലിംഗുമുണ്ടാകണം. കൃത്യമായി പരാതി

കേൾക്കാനും അവയ്ക്ക് പരിഹാരം കണ്ടെത്താനുമുള്ള സംവിധാനമുണ്ടാകണം. ഇക്കാര്യങ്ങളിലെല്ലാം സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

സമൂഹത്തിൽ പുതിയ തരം കുറ്റകൃത്യങ്ങൾ ഉരുത്തിരിഞ്ഞ് വരികയാണ്. സൈബർ ക്രൈം, പൊതുജനങ്ങളുടെ സുരക്ഷ, വർധിക്കുന്ന ട്രാഫിക് നിയന്ത്രണം, പുതിയ നിയമങ്ങൾ, നിയമങ്ങളിലെ മാറ്റം ഇവയെല്ലാം കാരണം ജോലിഭാരം വർധിക്കുന്നുവെന്നത് ശരിയാണ്. അതനുസരിച്ച് അംഗബലം വർധിപ്പിക്കാനും സാങ്കേതികവിദ്യ കൂടുതലായി ഉപയോഗപ്പെടുത്തി ജോലിഭാരം കുറയ്ക്കാനും സർക്കാർ ചില നടപടികൾ സ്വീകരിച്ചുവരികയാണ്. സാമ്പത്തിക പരിമിതികളുണ്ടെങ്കിലും ഇത്തരം നടപടികൾ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്നത് വസ്തുതയാണ്. ജനങ്ങളുമായി ബന്ധപ്പെട്ട ജോലികൾ ചെയ്യാൻ മതിയായ പോലീസുകാരില്ലാത്ത സ്റ്റേഷനിൽനിന്ന് ഓഫീസ് ജോലികൾക്കും മറ്റും അവരെ നിയോഗിക്കുന്നത് ഒഴിവാക്കണമെന്ന കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ ജോലിയുടെ ഭാഗമായുണ്ടാകുന്ന സമ്മർദ്ദം പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയില്ല, കഴിയാവുന്നിടത്തോളം ലഘൂകരിക്കാൻ സർക്കാർ പരമാവധി കാര്യങ്ങൾ

ചെയ്യുന്നതാണ്. ജോലി സമ്മർദ്ദംമൂലമോ കുടുംബപരമോ മാനസികമോ ആയ കാരണങ്ങളാലോ പോലീസുകാർ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടാകാതിരിക്കാൻ ഉചിതമായ നടപടി സ്വീകരിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് സേനയിൽ പ്രശ്നങ്ങളുണ്ടെങ്കിൽ അവ ഗൗരവമായി പരിശോധിക്കാൻ സർക്കാർ തയ്യാറാണ്. സമൂഹത്തിൽ ഏതൊക്കെ തരത്തിലുള്ള സംഘർഷങ്ങളാണുണ്ടാകുന്നത്, അവ ലഘൂകരിക്കാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട് തുടങ്ങിയ കാര്യങ്ങൾ ഗൗരവമായി പരിശോധിക്കുന്നതും നടപടി സ്വീകരിക്കാവുന്നതുമാണ്. ഇതെല്ലാം ഒരു വകുപ്പിന്റെയോ ഗവൺമെന്റിന്റെയോ മാത്രം വിഷയമായി കാണാതെ, സംസ്ഥാനത്തിന്റെ പൊതുവിലുള്ള കാര്യമായി പരിഗണിക്കേണ്ടതാണ്. ഈ ഘട്ടത്തിൽ ഏതെങ്കിലും തരത്തിൽ പോലീസിന്റെ മനോവീര്യം തകർക്കുന്ന തരത്തിലുള്ള ഇടപെടലുകളുണ്ടാകാതിരിക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ഇതിനിടയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ എങ്ങനെ പരിഹരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന് സർക്കാർ പരിശോധിക്കുന്നതാണ്. ഒരു

ആപൽബന്ധുവായാണ് പോലീസ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നാം ഓർക്കേണ്ടതുണ്ട്. പ്രളയ-കോവിഡ് കാലഘട്ടങ്ങളിൽ അവരുടെ പ്രവർത്തനം നാം കണ്ടതാണ്. മാത്രമല്ല, ഇത് പോലീസിന് പുതിയൊരു മുഖം നൽകിയിട്ടുണ്ടെന്നതും വസ്തുതയാണ്. ആ പോലീസ് സേനയെ കൂടുതൽ ആത്മവീര്യത്തോടെ പ്രവർത്തിക്കുന്ന ഒരു സേനയാക്കി മാറ്റുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ ഉത്തരവാദപ്പെട്ടവരാണ്

പോലീസുകാർ. എന്നാൽ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ 88 പോലീസുകാർ ആത്മഹത്യ ചെയ്തുവെന്ന ഞെട്ടിക്കുന്ന വിവരമാണ് പ്രമേയാവതാരകൻ ശ്രീ. പി. സി. വിഷ്ണുനാഥ് ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം അതിന്റെ തുടർച്ചയായി നടത്തിയ പ്രസംഗം ആ വിഷയത്തിന്റെ അടിസ്ഥാനകാരണം തേടിയുള്ള അന്വേഷണമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനെ ചെറുതായി കാണരുത്. ശവശരീരങ്ങൾക്ക് പോലീസ് കാവൽ നിൽക്കരുതെന്നല്ല ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞത്. ശവശരീരങ്ങൾക്ക് കാവൽ നിൽക്കുകയെന്ന ഏറ്റവും ക്ലേശകരമായ ജോലിയുൾപ്പെടെ വൈവിധ്യമാർന്ന ജോലികൾ; ഒരു മനുഷ്യനാണോ ഇത് ചെയ്യുന്നത് എന്നുപോലും നാം സംശയിക്കുന്ന തരത്തിലുള്ള ജോലിഭാരമാണ് പോലീസുകാരുടെ മേൽ അടിച്ചേൽപ്പിക്കപ്പെട്ടിരിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരുപാട് ആളുകൾ ചെയ്യേണ്ട ജോലി കുറച്ചുപേർ മാത്രം ചെയ്യുമ്പോഴുണ്ടാകുന്ന അമിത ജോലിഭാരം എങ്ങനെ മാനേജ് ചെയ്യണമെന്നതിനെക്കുറിച്ചാണ് പ്രമേയാവതാരകൻ വിശദീകരിച്ചത്. ഇത്തരത്തിൽ പോലീസുകാർക്കുണ്ടാകുന്ന മാനസിക പ്രയാസങ്ങളും അതുവഴി

അവർക്കുണ്ടാകുന്ന അമിത സമ്മർദ്ദവും ദേഷ്യവും പ്രയാസവുമെല്ലാം ക്രമസമാധാനത്തെ ഗുരുതരമായി ബാധിക്കുകയാണ്. പോലീസ് സ്റ്റേഷനിലെത്തുന്ന സാധാരണക്കാരെയും അത് ബാധിക്കുകയാണ്. പോലീസുകാർക്കുണ്ടാകുന്ന ദേഷ്യവും സങ്കടവും പ്രയാസവുമെല്ലാം അവർ സാധാരണക്കാരോട് ചെയ്തതീർക്കുകയാണ്. പോലീസ് റോഡിലിറങ്ങിയാൽ ആളുകൾ വീടിനകത്ത് കയറുന്ന, കുട്ടികൾ പേടിച്ചോടുന്ന പഴയകാലത്തെ കുട്ടൻപിള്ള പോലീസിന്റെ കാലമല്ല ഇത്. റിഫൈൻഡായിട്ടുള്ള പോലീസ് സേനയാണ് ഇന്നുള്ളത്. ആധുനിക സംവിധാനങ്ങളുപയോഗിച്ചുകൊണ്ട് അന്വേഷണങ്ങൾ നടത്തി കുറ്റകൃത്യമില്ലാതാക്കാൻ പരിശ്രമിക്കുന്ന, ജനങ്ങളുടെ കൂടെപ്പിറപ്പായി നിൽക്കുന്ന സംവിധാനമാണ് ഇന്ന് ലോകത്ത് എല്ലായിടത്തുമുള്ള പോലീസ്. എന്നിട്ടും ആ പഴയ രീതിയിലാണോ പോലീസുകാരെ നാം കാണേണ്ടത്? അവർക്കുണ്ടാകുന്ന അമിത ജോലിഭാരം ജോലിയെ എങ്ങനെ ബാധിക്കുന്നുവെന്നതിന്റെ വിലയിരുത്തലല്ലേ വേണ്ടത്; അത് പോലീസിന്റെ ആത്മവീര്യം കളയാൻവേണ്ടി ചെയ്തതാണോ; ഇതൊരു യാഥാർത്ഥ്യമല്ലേ; ഇത്രമാത്രം ആളുകൾ സമ്മർദ്ദത്തിലാകുന്നുവെന്നും

തൽഫലമായി അവർക്ക് ജോലി ചെയ്യാൻ കഴിയാതെ പോകുന്നുവെന്നുമുള്ള വാർത്ത ഗൗരവമായി കാണേണ്ടതല്ലേ? 2023 ഡിസംബർ 7-ന് പോലീസുകാരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കാൻ കൗൺസിലിംഗ് ഉൾപ്പെടെ നിർദ്ദേശിച്ച് സംസ്ഥാന പോലീസ് മേധാവി നൽകിയ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യത്തിന് അവധിയടക്കം കുടുംബാംഗങ്ങളോടൊപ്പം ആഘോഷവേളകൾ ചെലവിടാൻ പോലീസുകാർക്ക് അവസരം നൽകണമെന്ന് സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു. അതിന്മേൽ ഇവിടെ എന്ത് നടപടിയാണ് സ്വീകരിച്ചത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞതുപോലെയല്ല കാര്യങ്ങളെന്ന് മനസ്സിലാക്കണം. പോലീസുകാർക്ക് ആവശ്യത്തിനുപോലും അവധി കിട്ടുന്നില്ല. അതുകൊണ്ടാണ് മാനസിക സമ്മർദ്ദമുണ്ടാകുന്നതെന്ന് മനസ്സിലാക്കിയാണ് പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചത്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെവന്ന് ഇങ്ങനെ മറുപടി പറഞ്ഞാൽ എങ്ങനെ ശരിയാകും? ഒരു കുഴപ്പവുമില്ല, എല്ലാം നന്നായി പോകുന്നുവെന്നാണ് അദ്ദേഹം പറയുന്നത്. അതുതന്നെ വളരെ ഗുരുതരമായ

പ്രശ്നമാണ്. കുടുംബാംഗങ്ങളോടൊപ്പം സമയം ചെലവഴിക്കാൻ കഴിയുന്നില്ല, കുടുംബത്തിലെ കാര്യങ്ങളിൽ പങ്കെടുക്കാൻ കഴിയുന്നില്ല. കാൻസർ രോഗിയായ സ്വന്തം അമ്മയെ ആശുപത്രിയിൽകൊണ്ടുപോകാൻ അവധി ചോദിച്ചിട്ട് കൊടുക്കാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്ത പോലീസുകാരനുമുണ്ട്. അതുപോലെ ഭാര്യ ക്രിട്ടിക്കൽ കണ്ടീഷനിൽ പ്രസവത്തിന് ആശുപത്രിയിൽ കിടക്കുമ്പോൾ അവധി ലഭിക്കാത്ത സമ്മർദ്ദത്തിനാൽ തലചുറ്റി വീണ പോലീസുകാരന്റെ കഥയുണ്ട്. അങ്ങനെ നിരവധി സംഭവങ്ങളുണ്ടെങ്കിലും എല്ലാ കാര്യങ്ങളും ഇവിടെ പറയാൻ സാധിക്കില്ല. പോലീസുകാരുടെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കിയതുകൊണ്ടാണ് പോലീസ് മേധാവി അത്തരത്തിലൊരു സർക്കുലർ പുറപ്പെടുവിച്ചതെന്ന് അത് വായിച്ചാൽത്തന്നെ മനസ്സിലാകും. ആ സർക്കുലറിൽത്തന്നെ ഇത്തരം കണ്ടെത്തലുകൾ അടങ്ങിയിട്ടുണ്ട്. പക്ഷെ, അത് എങ്ങനെ പരിഹരിക്കാൻ കഴിയും; ഈ സർക്കുലർ കാരണം പോലീസ് സേനയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ഉണ്ടായോ? ടെയ്നിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ പല രീതിയിലുള്ള മാറ്റങ്ങളുണ്ടാകേണ്ടി വരും.

മേലുദ്യോഗസ്ഥരുടെ സമ്മർദ്ദം അവർ താഴേയ്ക്ക് കൊടുക്കുകയാണ്. എനിക്ക് ഒരു പോലീസുദ്യോഗസ്ഥൻ ഒരു വോയ്സ് മെസ്സേജ് കേൾപ്പിച്ചുതന്നിരുന്നു; അതിൽ മറ്റൊരു മേലുദ്യോഗസ്ഥൻ അദ്ദേഹത്തോട് കേട്ടാൽ ചെവി പൊട്ടിപ്പോകുന്ന തരത്തിലുള്ള ചീത്തയാണ് പറയുന്നത്. ഇത് കേൾക്കുന്ന സാധാരണ പോലീസുകാരൻ ആരോടാണ് ഇതൊക്കെ പറഞ്ഞ് തീർക്കുന്നത്? പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കാനെത്തുന്ന പൊതുജനങ്ങളോടാണ് ഇത്തരം പോലീസുകാരുടെ അമർഷം മുഴുവൻ തീർക്കുന്നത്. മേലുദ്യോഗസ്ഥരിൽനിന്നും ലഭിക്കുന്ന സ്നേഹവും സ്നേയിനുമെല്ലാം പോലീസുകാർ കീഴുദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കൊടുത്തുകൊണ്ടിരിക്കുകയാണ്. ട്രെയ്നിംഗ് ക്യാമ്പിൽ ഇതൊന്നും പഠിപ്പിക്കുന്നില്ലല്ലോ. അപ്പോൾ ആധുനിക സംവിധാനങ്ങളല്ല ഉപയോഗിക്കുന്നതെന്നാണ് ഇതിലൂടെ വെളിവാകുന്നത്. പോലീസുകാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് ആരൊക്കെയാണ് ഇടപെടുന്നത്. 'ബാഹ്യ ഇടപെടൽ കേരള പോലീസിൽ ഇല്ല' എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എത്ര ഭംഗിയായാണ് ഇവിടെ പ്രസ്താവിച്ചത്. കേരള പോലീസിൽ ബാഹ്യ

ഇടപെടലുകളില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നെഞ്ചിൽ കൈവച്ച് പറയാൻ സാധിക്കുമോ? പോലീസിന്റെ അധികാരശ്രേണിയിലുള്ള മേലുദ്യോഗസ്ഥർ പറഞ്ഞാൽ കീഴുദ്യോഗസ്ഥർ അനുസരിക്കാറുണ്ടോ? പോലീസ് സൂപ്രണ്ടിനെ നിയന്ത്രിക്കുന്നത് ആരാണ്? ജില്ലാ കമ്മിറ്റികളല്ലേ. എസ്.എച്ച്.ഒ.-മാരെ നിയന്ത്രിക്കുന്നത് ആരാണ്? ഏരിയ കമ്മിറ്റികളല്ലേ. അത് വെളിവാക്കുന്ന എത്രയോ സംഭവങ്ങൾ ഈ നാട്ടിലുണ്ടായിട്ടുണ്ട്. ....(ബഹളം).... നിങ്ങൾക്ക് സംശയമുണ്ടെങ്കിൽ ഞാൻ പറഞ്ഞുതരാം. നാഷണൽ ഹൈവേയിൽ ഒരു ക്രിമിനൽ തോക്ക് ചൂണ്ടി വാഹനത്തിന്റെ ചില്ല് തല്ലിപ്പൊട്ടിച്ചതിനെത്തുടർന്ന് അവർ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചപ്പോൾ ഏത് ക്രിമിനലാണെന്നും അയാളുടെ പേരെന്താണെന്നും പോലീസുകാർ ചോദിച്ചു. തുടർന്ന്, അയാളുടെ പേര് പറഞ്ഞപ്പോൾ 'അതാണെങ്കിൽ നിങ്ങൾ സ്ഥലം വിട്ട് പൊയ്ക്കോളൂവെന്നും അത് ഇവിടത്തെ ഏരിയ സെക്രട്ടറിയുടെ സ്വന്തം ആളാണ്' എന്നുമുള്ള മറുപടിയാണ് പോലീസ് സ്റ്റേഷനിൽനിന്നും ലഭിച്ചത്. എന്നിട്ടും അവർ പോലീസ് സ്റ്റേഷനിലെത്തി പരാതി കൊടുത്തപ്പോൾ 'ഇയാൾക്ക്

എതിരെയാണെങ്കിൽ, ഈ ക്രിമിനലിനെതിരായാണെങ്കിൽ കേസും പരാതിയുമൊന്നും നൽകാതിരിക്കുന്നതാണ് നല്ലതെന്നും അയാളെ സംരക്ഷിക്കാൻ വേറെ ആളുണ്ട് എന്നുമുള്ള ഉപദേശമാണ് അവിടത്തെ എസ്.എച്ച്.ഒ. നൽകിയത്. ചാലക്കുടിയിൽ എൽ.ഡി.എഫ്. പാർട്ടി പ്രവർത്തകൻ പോലീസ് ജീപ്പിന്റെ മുകളിൽ കയറിനിന്ന് ജീപ്പിന്റെ ഗ്ലാസ്സ് തല്ലിപൊളിച്ചില്ലേ. പോലീസ് അയാളെ അറസ്റ്റ് ചെയ്തുകൊണ്ടുപോയപ്പോൾ ജീപ്പിൽനിന്നും ആരാണ് ഇറക്കിക്കൊണ്ടുപോയത്? അവിടത്തെ ഏരിയ സെക്രട്ടറി. എന്നിട്ട് ആ ഏരിയ സെക്രട്ടറിയെ അറസ്റ്റ് ചെയ്തോ? പിന്നീട് ചാലക്കുടി എസ്.ഐ.-യെ റോഡിലിട്ട് പേപ്പട്ടിയെപ്പോലെ തല്ലിക്കൊല്ലുമെന്ന് അവിടത്തെ ഒരു പ്രധാനപ്പെട്ട നേതാവ് പ്രസംഗിച്ചല്ലോ, സർക്കാർ നടപടിയെടുത്തോ? ഇത്രയൊക്കെ സംഭവിക്കുമ്പോഴും ബാഹ്യ ഇടപെടലുകൾ പോലീസിലില്ലെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. പോലീസ് സേനയിലെ മേലുദ്യോഗസ്ഥർ പറയുന്നതല്ല പോലീസുദ്യോഗസ്ഥർ അനുസരിക്കുന്നത്. അതിനുപകരം, പോലീസ് സ്റ്റേഷനുകളിൽ ഇടപെടുന്ന ഇത്തരക്കാർ പറയുന്ന കാര്യങ്ങളാണ് അവർ

അനുസരിക്കുന്നത്. .....(ബഹളം).... ക്രിമിനലുകൾക്ക് political patronage കൊടുക്കുന്നുവെന്ന് ഞങ്ങൾ ഈ സഭയിൽ ആരോപണം ഉന്നയിച്ചിട്ടുണ്ട്. സ്വർണ്ണ കള്ളക്കടത്ത് സംഘങ്ങൾക്ക്, സ്വർണ്ണം മോഷ്ടാക്കൾക്ക്, മയക്കുമരുന്ന് സംഘങ്ങൾക്കുമെല്ലാം ഈ സംസ്ഥാനത്ത് political patronage കൊടുക്കുന്നുവെന്ന് ഞങ്ങൾ ഈ സഭയിൽ പറഞ്ഞപ്പോൾ ബഹളമുണ്ടാക്കിയ ആളുകളാണ് ഇന്ന് ഇതെല്ലാം കേട്ടുകൊണ്ടിരിക്കുന്നത്. Political patronage-നെക്കുറിച്ച് ഗൗരവത്തോടുകൂടി എൽ.ഡി.എഫ്.-കാർതന്നെ ഇപ്പോൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ...(ബഹളം).... ഞാൻ മാരുതി കാറിന്റെ കാര്യം പറയണ്ടല്ലോ. ആ political patronage ക്രിമിനലുകൾക്ക് കൊടുക്കുന്ന ഒരു നാട്ടിൽ പോലീസിന് എന്താണ് ജോലി? ബാഹ്യമായ യാതൊരു ഇടപെടലും കേരള പോലീസ് സേനയിലില്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒറ്റ പ്രസ്താവനയിന്മേലാണ് ഞാൻ മറുപടി പറഞ്ഞത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പി.എസ്.സി. നിയമനങ്ങളുടെ കാര്യത്തിൽ പണ്ടുമുതലേ എടുക്കുന്നൊരു നിലപാടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. ലിസ്റ്റുകൾ

വെട്ടിച്ചുരുക്കിയല്ലോ. കഴിഞ്ഞ ദിവസം എന്റെ മുന്നിൽ വന്ന മറ്റൊരു പരാതി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അയച്ചിട്ടുണ്ട്. 32 വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒരു തസ്തികയുടെ ലിസ്റ്റിൽ 20 പേർ മാത്രമാണുള്ളത്. കാരണം, അത്രത്തോളം വെട്ടിച്ചുരുക്കിയിരിക്കുകയാണ്. വിവരാവകാശ നിയമപ്രകാരം കേരളത്തിലെ ഓരോ പോലീസ് ജില്ലകളിലുമുള്ള റിപ്പോർട്ട് ചെയ്യപ്പെടാത്ത വേക്കൻസികളുടെ ലിസ്റ്റുമായാണ് പോലീസ് ലിസ്റ്റിലുൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമരം ചെയ്തത്. എല്ലാ അംഗീകൃത തസ്തികയിലും ആളുകളെ നിയമിച്ചുവെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന ശരിയല്ല. റിപ്പോർട്ട് ചെയ്യപ്പെടാത്ത നിരവധി വേക്കൻസികൾ ജില്ലകളിലെ നിരവധി പോലീസ് സ്റ്റേഷനുകളിലുണ്ട്. ഇതുസംബന്ധിച്ച് 20 പോലീസ് ജില്ലകളിലെയും മേധാവികളിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലിസ്റ്റിലുൾപ്പെട്ടവർ സ്വാഭാവികമായും ഇങ്ങനെയൊക്കെ പറഞ്ഞെന്നുവരും. പക്ഷേ, അങ്ങയെപ്പോലൊരാൾ പി.എസ്.സി. ലിസ്റ്റിനെക്കുറിച്ച് ഇത്തരത്തിൽ കുറ്റപ്പെടുത്തുന്നത് ശരിയല്ല. കാരണം, ഒഴിവുള്ള തസ്തികകളാണ്/സീറ്റുകളാണ്

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത്. ആ ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെടുന്ന നിശ്ചിത തീയതി മാത്രമല്ല, ഭാവിയിലുണ്ടാകാവുന്ന ഒഴിവുകൾകൂടി കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന രീതിയാണ് പോലീസ് റിക്രൂട്ട്മെന്റിൽ സ്വീകരിച്ചിട്ടുള്ളത്. അക്കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഇതിന്റെ വസ്തുത അങ്ങ് മനസ്സിലാക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, പോലീസ് ലിസ്റ്റ് നിലവിൽ വന്നതിനുശേഷവും 20 പോലീസ് ജില്ലകളിലും ഒഴിവുകൾ നിലവിലുണ്ടെന്ന് വിവരാവകാശ നിയമപ്രകാരം ഉദ്യോഗാർത്ഥികൾക്ക് വിവരം കിട്ടിയിട്ടുണ്ട്. ആ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്താലല്ലേ അഡ്വൈസ് മെമ്മോ ലഭിക്കുകയുള്ളൂ. അങ്ങനെ നൂറുകണക്കിന് ഒഴിവുകൾ ഇപ്പോഴും നിലവിലുണ്ട്. സമൂഹത്തിലെ ക്രമസമാധാന പാലനം മാത്രമല്ലല്ലോ പോലീസിന്റെ ജോലി; ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞ കാര്യങ്ങളൊന്നും ഞാനിവിടെ ആവർത്തിക്കുന്നില്ല. കാരണം 20 കൊല്ലം മുമ്പുണ്ടാകാതിരുന്ന അല്ലെങ്കിൽ അന്നുണ്ടായിരുന്നതിന്റെ നൂറിരട്ടി ജോലികൾ (സൈബർ ക്രൈം

ഉൾപ്പെടെയുള്ള കാര്യങ്ങൾ) പുതുതായി പോലീസ് സേനയിൽ വരികയാണ്. എല്ലാവരും എല്ലാം നോക്കണം, കുറ്റാന്വേഷണവും നടത്തണം, ലാ ആൻഡ് ഓർഡർ ഉറപ്പുവരുത്തണം, സൈബർ ക്രൈമുകൾ പരിശോധിക്കണം എന്നിങ്ങനെ എല്ലാവരും എല്ലാ കാര്യങ്ങളും നിർവ്വഹിക്കേണ്ടതായ തികച്ചും അശാസ്ത്രീയമായ സംവിധാനമാണ് ഇപ്പോൾ പോലീസ് സേനയിൽ നിലവിലുള്ളത്. അത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രം രൂപപ്പെട്ടുവന്നതല്ല. എന്നാലിപ്പോൾ 8 വർഷമായി എൽ.ഡി.എഫ്. സർക്കാരാണ് അധികാരത്തിലിരിക്കുന്നത്. അത് തികച്ചും സങ്കീർണ്ണമായൊരു പ്രശ്നമാണ്. ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്ന പ്രഥമ ജോലി നിർവ്വഹണത്തെപ്പോലും സാരമായി ബാധിക്കുന്ന തരത്തിൽ ഇതൊക്കെ ഗൗരവമായി മാറുന്നുവെന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ പോലീസ് സംവിധാനത്തെക്കുറിച്ചും മേലുദ്യോഗസ്ഥരെക്കുറിച്ചും ധാരാളം പരാതികൾ പോയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട സ്പീക്കറോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് അങ്ങയുടെ നിയന്ത്രണത്തിലുള്ള കാര്യമല്ല.

എല്ലാവരും സംയുക്തമായി നൽകിയ ഒരു പരാതി കണ്ടപ്പോൾ ഞാൻ വിഷമിച്ചുപോയി. വളരെ മോശമായ രീതിയിലാണ് അവരെ കൈകാര്യം ചെയ്യുന്നത്. ഇവിടെയുള്ള വാച്ച് ആൻഡ് വാർഡിന്റെ നൂറിരട്ടി ജോലി ചെയ്യുന്നവരാണ് സാധാരണ പോലീസ് സ്റ്റേഷനിൽ ജോലി ചെയ്യുന്ന പോലീസുകാർ. അതുകൊണ്ട് ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് അവരെ തള്ളിവിടാതെ പോലീസ് സേനയ്ക്കാവശ്യമായ ആളുകളുടെ എണ്ണം വർധിപ്പിച്ച് ജോലിഭാരം കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഒരു സംവിധാനമുണ്ടാകണം. പക്ഷേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയങ്ങളെല്ലാം ലഘൂകരിച്ച് എല്ലാം നന്നായി പോകുന്നുവെന്നാണ് പറയുന്നത്. ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞതുപോലെ, സഭയുടെ ചരിത്രത്തിലാദ്യമായാണ് പോലീസുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായൊരു കാര്യം ചർച്ച ചെയ്യുന്നത്. ഇതുസംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ ഞങ്ങൾ ശക്തമായി പ്രതിഷേധിക്കുന്നു. മാത്രമല്ല, നടപടി സ്വീകരിക്കാൻ സർക്കാരിന് പ്രേരണ നൽകണമെന്ന്

കരുതി തന്നെയാണ് ഈ വിഷയം നിയമസഭയിൽ അവതരിപ്പിച്ചത്. അതിൽ നടപടിയൊന്നും സ്വീകരിക്കാൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, മേലുദ്യോഗസ്ഥരുടെ പീഡനത്തിന് വിധേയമാകുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവായി ഉമേഷ് എന്ന ആറന്മുള പോലീസ് സ്റ്റേഷനിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ ഫെയ്സ് ബുക്കിൽ എഴുതിയ പോസ്റ്റിന്റെ ഒറ്റവരി വായിച്ചാൽ മനസ്സിലാകും. 'ശമ്പളം ലഭിക്കാതെയും അവധി ലഭിക്കാതെയും നിരന്തരം പീഡനത്തിന് ഇരയായി ആത്മഹത്യ ചെയ്താൽ, ആ വാർത്ത കേൾക്കുമ്പോൾ പട്ടി ചത്തുവെന്ന് കേൾക്കുന്നതിനപ്പുറം എന്തെങ്കിലും വികാരം അയാളെ പട്ടിണിക്കിട്ട ഏമാനും ശിങ്കിടികൾക്കുമുണ്ടാകുമോ എന്നും സാമ്പത്തിക അച്ചടക്കമില്ലായ്മമൂലം എന്നല്ലാതെ മറ്റെന്തെങ്കിലും നേതാവിന്റെ പഠന

റിപ്പോർട്ടിൽ പറയുമോ' എന്നുമാണ് ഉമേഷ് ചോദിച്ചത്. ഉമേഷിന്റെ മാനസികാവസ്ഥ എന്താണെന്ന് അറിയണ്ടേ; അദ്ദേഹത്തിന്റെ മേലുദ്യോഗസ്ഥർ അദ്ദേഹത്തോട് പ്രതികാരം ചെയ്തെന്നും രണ്ട് മാസം ശമ്പളം നൽകിയില്ലെന്നും ഭക്ഷണത്തിനും മക്കളുടെ പഠനത്തിനുപോലും താൻ പ്രയാസമനുഭവിക്കുകയാണെന്നും ഉമേഷുതന്നെ പറയുന്നുണ്ട്. അതുകൊണ്ടാണ് ധാരാളം പ്രശ്നങ്ങൾ പോലീസ് സേനയിലുണ്ടെന്ന് പറഞ്ഞത്. അതിൽ പ്രധാനമായും ജോലിഭാരമാണ്. അതിനുപുറമെ മേലുദ്യോഗസ്ഥർ കീഴുദ്യോഗസ്ഥരോട് കാണിക്കുന്ന ഇത്തരം മോശം പ്രവണതയുമുണ്ട്. പോലീസുകാരുടെ ആത്മഹത്യയും സ്വയം വിരമിക്കലും ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ഗവേഷണം നടത്തുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് പോലീസ് റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിക്കാൻ തീരുമാനിച്ചത്. എന്നാൽ അതിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. കെട്ടിടം പണിത് രണ്ടുവർഷമായിട്ടും വൈദ്യുതി കണക്ഷൻപോലും ലഭിച്ചിട്ടില്ലെന്നാണ് റിപ്പോർട്ട്. അതിന്റെ പ്രവർത്തനം ആരംഭിച്ചോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. 2016-ലെ

റിപ്പോർട്ടിൽ അഞ്ഞൂറ് പൗരൻമാർക്ക് ഒരു പോലീസ് വേണമെന്നിരിക്കെ 656 പൗരൻമാരക്ക് ഒരു പോലീസ് എന്ന ശരാശരിയാണ് നിലവിലുള്ളത്. 2016-ലെ റിപ്പോർട്ടുപ്രകാരം 8000 പോലീസുകാരുടെ അഭാവമുണ്ട്. അതിനാൽ ഇതുസംബന്ധിച്ച് വീണ്ടും പഠനം നടത്തി എത്ര പോലീസുകാരുടെ കുറവുണ്ട്; ഏതുരീതിയിൽ പോലീസുകാരെ വിന്യസിക്കണം; ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ പോലീസിനെ കൂടെ കൊണ്ടുനടക്കുന്നുണ്ടോ; തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ച് പോലീസുകാരെ അവരുടെ ജോലിയിലേയ്ക്ക് തിരിച്ചയയ്ക്കണം. അല്ലെങ്കിൽ അങ്ങയുടെ കൂടെയുള്ളവർതന്നെ മാനസിക സമ്മർദ്ദത്താൽ വഴിയിലൂടെ പോകുന്നവരെയെല്ലാം തല്ലുന്ന അവസ്ഥയിലേയ്ക്ക് പോകുമെന്നുള്ളതുകൂടി അങ്ങയുടെ ശ്രദ്ധയിലുണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിൽ 88 പോലീസുകാർ ആത്മഹത്യ ചെയ്തുവെന്നത് വളരെ ഗൗരവമായി സർക്കാർ നോക്കി കാണേണ്ട വസ്തുതയാണ്. അതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് പോലീസിന്റെ സ്ട്രെങ്ത് കുറവാണ് എന്നതാണ്. പോലീസിന്റെ ക്രൂരതകൾ വർധിക്കുന്നുവെന്ന് പറയുമ്പോൾ, പോലീസ് സാധാരണക്കാരിലേയ്ക്ക് അമിതമായ സമ്മർദ്ദം അടിച്ചേൽപ്പിക്കുന്നുവെന്നത് യാഥാർഥ്യമാണ്. ട്രാഫിസം പോലീസിനെ മുമ്പ് പല സ്ഥലങ്ങളിലും കാണാൻ സാധിച്ചിരുന്നു. എന്നാലിപ്പോൾ അതുപോലും കാണാൻ സാധിക്കുന്നില്ല. റൂറൽ ഏരിയയിലെ ട്രാഫിക് നിയന്ത്രിക്കുന്നതിൽ പലപ്പോഴും പോലീസുകാരുടെ അഭാവം ധാരാളമായിട്ടുണ്ട്. മറ്റുപല രീതികളിലൂടെ ട്രാഫിക് വാർഡർമാരെ

ക്രമീകരിച്ചുവിടുന്നതായാണ് കാണാൻ സാധിക്കുന്നത്. ഇതുസംബന്ധിച്ച് അന്വേഷിക്കുമ്പോൾ പോലീസ് സേനയ്ക്ക് സ്ട്രെങ്ത്തില്ലെന്നാണ് അറിയുന്നത്. പോലീസിന്റെ സ്ട്രെങ്ത്തിന്റെ കുറവ് ഇവരുടെ ജോലിയെ സാരമായി ബാധിക്കുന്നുണ്ട്. 1991-ൽ എം. കെ. ജോസഫ് കമ്മീഷനുശേഷം ഗവൺമെന്റ് ഈ മേഖലയിൽ ആധികാരികമായ പഠനം നടത്തിയിട്ടില്ലെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഇതുസംബന്ധിച്ച് ഇനിയൊരു പഠനത്തിന്റെ ആവശ്യമില്ല. അമിതമായ രാഷ്ട്രീയ ഇടപെടലുകൾ പോലീസിനെ രാഷ്ട്രീയവൽക്കരിക്കുന്നു. അവരുടെ അമിതമായ ജോലിഭാരം ആത്മഹത്യകൾ വർധിക്കുന്നതിന് കാരണമാകുന്നുണ്ട്. അതിനാൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിലെ ഭൂരിഭാഗം പോലീസുകാരും നീതി നിഷേധിക്കപ്പെട്ട് ജോലി ചെയ്യുന്നവരാണ്. സേനയിലുള്ള

സമ്മർദ്ദങ്ങൾ വലിയ തോതിൽ അനുഭവിച്ചാണ് അവർ കൃത്യനിർവ്വഹണം നടത്തുന്നത്. യുവാക്കളുടെ അഭിമാനമായി കരുതിയിരുന്ന എസ്.ഐ. കുപ്പായം അഴിച്ചുവച്ച് ഹവിൽദാറായി തിരുവനന്തപുരത്ത് ജോലി ചെയ്യുന്ന കിരൺ എന്നൊരു പോലീസുദ്യോഗസ്ഥനെ കഴിഞ്ഞ ദിവസം നമ്മൾ പത്രമാധ്യമങ്ങളിലൂടെ അറിയാനിടയായി. ഇതെല്ലാം പോലീസ് സേനയിലുള്ള സമ്മർദ്ദങ്ങളെയാണ് കാണിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

[10.59 AM]

IV. ശ്രദ്ധ ക്ഷണിക്കൽ

(1) നെൽകൃഷി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. മുരളി പെരുനെല്ലി: സർ, നമുക്ക് അന്നം നൽകുന്ന നെൽ കർഷകർ നേരിടുന്ന പ്രയാസങ്ങളെക്കുറിച്ചാണ് സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്.

കുട്ടനാട്, പാലക്കാട്, തൃശ്ശൂർ, പൊന്നാനി തുടങ്ങിയ കോൾനിലങ്ങൾ കൂടാതെ കരഭൂമിയടക്കമുള്ള ഏകദേശം മൂന്നുലക്ഷം ഹെക്ടറോളംവരുന്ന നെൽകൃഷി മേഖലയിലെ കൃഷിക്കാരുടെ പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്. നെൽകൃഷി സംരക്ഷണത്തിൽ കൃഷിവകുപ്പ് മാത്രമല്ല, ഇറിഗേഷൻ, സിവിൽ സപ്ലൈസ്, വൈദ്യുതി തുടങ്ങിയ വകുപ്പുകളുടെ പങ്കും വളരെ പ്രധാനപ്പെട്ടതാണ്. നെല്ലുല്പാദനത്തിൽ കമ്മി സംസ്ഥാനമായ കേരളം കഴിഞ്ഞ കുറെ വർഷങ്ങളായി സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും ശക്തമായ പ്രോത്സാഹനത്തിന്റെയും ഇടപെടലിന്റെയും ഭാഗമായി ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും മുന്നിട്ടുനിൽക്കുന്ന സംസ്ഥാനമായി മാറിയിരിക്കുകയാണ്. ശാസ്ത്രീയമായി സംസ്കരിച്ചെടുക്കാത്ത വിത്തിനങ്ങൾ, രാസവളം, കീടനാശിനി പ്രയോഗങ്ങൾ, ഗുണനിലവാരമില്ലാത്ത ജൈവവളങ്ങൾ, മണ്ണിന്റെ ഘടന, ഒരേ വിത്തുപയോഗിച്ചുള്ള ആവർത്തന കൃഷി എന്നിവമൂലം ഉല്പാദനത്തിൽ വൻ ഇടിവും കനത്ത നഷ്ടവുമാണ് അനുഭവപ്പെട്ടിരിക്കുന്നത്. 'വിത്തുഗുണം പത്തുഗുണം' എന്നാണ് ചൊല്ല്. നല്ല ഗുണമേന്മയുള്ള വിത്ത് ലഭിക്കാത്തതുമൂലം കഴിഞ്ഞ സീസണിൽ

ഉല്പാദനത്തിൽ വൻ ഇടിവുണ്ടായിട്ടുണ്ട്. യഥാസമയം ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് വിത്ത് ലഭിക്കാതെ വരുമ്പോൾ കർഷകർ സ്വകാര്യ ഏജൻസികളെ ആശ്രയിക്കുകയും അവർ കൊയ്തെടുക്കുന്ന നെല്ല് വിത്തെന്ന പേരിൽ കർഷകർക്ക് നൽകുകയും ചെയ്യുകയാണ്. വിത്ത് സംഭരണ കേന്ദ്രങ്ങൾ വളരെ അത്യാവശ്യമാണ്. സീഡ് അതോറിറ്റി ശക്തമാക്കിക്കൊണ്ട് ആറ് വിപണന-സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുമെന്ന നിലപാടാണുണ്ടായിരുന്നത്. വിളവിറക്കുന്ന സമയത്ത് നല്ലയിനം വിത്ത് ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണം. കാലാവസ്ഥാ വ്യതിയാനംമൂലം തൃശ്ശൂർ, പാലക്കാട് ജില്ലകളിലടക്കം നാൽപ്പത് ഡിഗ്രി സെൽഷ്യസ് വരെ ചൂട് ഉയരുകയും തൽഫലമായി നെല്ലുല്പാദനം പകുതിയോളമായി കുറയുകയും ചെയ്തത് കർഷകരെ ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. കർഷകർക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനും കാലാവസ്ഥാ വ്യതിയാനംമൂലമുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അടിയന്തരമായി ശാസ്ത്ര-ഗവേഷണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഇത്തരം വിളവ് ഇടിവ് സംഭവിക്കുന്നതിന്റെ കാരണമെന്താണെന്ന് ഗൗരവതരമായി പരിശോധിക്കുന്നതോടൊപ്പം അതിന് പരിഹാരം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കണം. ഉല്പാദനക്കുറവുമൂലം ഈ വർഷം തൃശ്ശൂർ ജില്ലയിൽമാത്രം 200 കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. രാസവളവും കീടനാശിനിയും ഉപയോഗിക്കുന്നതുമൂലം ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. ഈ മേഖലയിൽ റൗണ്ടപ് അടക്കമുള്ള നിരോധിക്കപ്പെട്ട കീടനാശിനികൾ ഉപയോഗിക്കുന്നുവെന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് കൃഷിവകുപ്പ് മുൻകൈയെടുത്ത് രാസവള-കീടനാശിനി വിൽപ്പനശാലകൾ പരിശോധിച്ച് ഇവ വില്പന നടത്തുന്നില്ലെന്ന് ഉറപ്പുവരുത്തണം. നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന വില കൊടുക്കുന്ന സംസ്ഥാനമാണ് കേരളം. 2016-മുതൽ കൃത്യമായ വില നൽകുന്നതിൽ കുറവുണ്ടായിട്ടില്ല. ഇത്തവണ ഉല്പാദനം പകുതിയായിട്ടുപോലും അതിനുള്ള വില യഥാസമയം നൽകിയിട്ടില്ല. നെല്ലിന്റെ സംഭരണ വിലയിനത്തിൽ കേന്ദ്രസർക്കാർ ആയിരത്തി ചില്ലാനം കോടി രൂപ കൊടുക്കേണ്ടതുണ്ട്; ടി തുക

അടിയന്തരമായി കൊടുക്കാൻ നടപടി സ്വീകരിക്കണം. സംഭരണ വിഷയത്തിൽ ബാങ്കുകളുടെ ഭാഗത്തുനിന്നും ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിരിക്കുന്നത്. മുൻകാലങ്ങളിൽ സഹകരണ പ്രസ്ഥാനങ്ങളെയടക്കം പ്രയോജനപ്പെടുത്തിക്കൊണ്ട് നെല്ല് സംഭരിച്ചിരുന്ന തരത്തിൽ ഇവിടെയും നെല്ല് സംഭരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇത്തവണത്തെ നെല്ലിന്റെ വിളവ് ഇടിവ് സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി നെല്ലുല്പാദകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുകയും ബാക്കിയുള്ള സംഭരണവില നൽകാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, വളരെ ഗൗരവതരമായ വിഷയമാണ് ആദരണീയനായ മുരളി പെരുനെല്ലി ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചിരിക്കുന്നത്. കാലാവസ്ഥാ വ്യതിയാനം സംസ്ഥാനത്തെ കാർഷികമേഖലയെ സാരമായി ബാധിക്കുന്നുവെന്നത് സർക്കാർ ഗൗരവതരമായാണ് കാണുന്നത്. 2024 ഫെബ്രുവരി മാസം മുതൽ മെയ്

മാസം വരെയുണ്ടായ കടുത്ത വരൾച്ചയും ഉഷ്ണതരംഗവും തുടർന്നുണ്ടായ അതിതീവ്ര മഴയുംകാരണം നെൽകൃഷിയിലും മറ്റിതര കൃഷികളിലും വ്യാപകമായ നാശനഷ്ടവും ഉല്പാദനത്തിൽ കുറവും സംഭവിച്ചിട്ടുണ്ട്. വരൾച്ചമൂലമുണ്ടായ കൃഷിനാശം വിലയിരുത്താനായി ബ്ലോക്കുതലത്തിൽ വിദഗ്ധസമിതി രൂപീകരിക്കുകയും സ്ഥലസന്ദർശനം നടത്തി നഷ്ടം തിട്ടപ്പെടുത്തുകയും ചെയ്തിരുന്നു. മുണ്ടകൻ കൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിൽ ഉല്പാദനത്തിൽ ഹെക്ടറിന് 500 മുതൽ 1000 കിലോഗ്രാം വരെ കുറവുണ്ടായി എന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 6369 ഹെക്ടർ നെൽകൃഷിക്ക് നാശനഷ്ടം സംഭവിച്ചതിലൂടെ പ്രത്യക്ഷമായി 1.25 കോടി രൂപയുടെയും പരോക്ഷമായി 1.36 കോടി രൂപയുടെയും നഷ്ടം കർഷകർക്കുണ്ടായി എന്നാണ് പ്രാഥമികമായി കണ്ടെത്തിയിരിക്കുന്നത്. മെയ് മാസം അവസാനം സംസ്ഥാനത്തുണ്ടായ അതിതീവ്രമഴ 7124 ഹെക്ടർ നെൽകൃഷിയെയും 9146 കർഷകരെയും ബാധിച്ചിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയിംസ് പോർട്ടലിലെ പ്രാഥമിക വിവര കണക്കുപ്രകാരം 106.86 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. കേരളത്തിലെ നെൽവയലുകൾ സംരക്ഷിക്കാനും

നെൽകർഷകർക്ക് പരമാവധി സേവനങ്ങൾ നൽകി അവരെ ഈ മേഖലയിൽ നിലനിർത്താനും സർക്കാർ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന സാഹചര്യത്തിൽ പ്രകൃതി ദുരന്തങ്ങൾക്കായുള്ള അടിയന്തര പരിഹാര പദ്ധതി മുഖേന വിളനാശത്തിന് നഷ്ടപരിഹാരമായി സംസ്ഥാന വിഹിതവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള വിഹിതവും നൽകുന്നുണ്ട്. വിതച്ച നെല്ല് നഷ്ടപ്പെട്ടുപോയ കർഷകർക്ക് വീണ്ടും കൃഷിയിറക്കുന്നതിനായി നെൽവിത്ത് സൗജന്യമായി നൽകുന്നതിന് കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റി മുഖേന ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഗുണമേന്മയുള്ള വിത്ത് ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താനായി സർക്കാർ ഗൗരവതരമായ സമീപനം സ്വീകരിച്ചിട്ടുണ്ട്. അക്കാര്യം വീണ്ടും പരിശോധിച്ച് ഉറപ്പാക്കുന്നതാണ്. കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതും പ്രസ്തുത കാലയളവിൽ വിളവെടുപ്പ് നടത്താൻ സാധിക്കുന്നതുമായ നെല്ലിന്റെ കൂടുതൽ വിത്തിനങ്ങൾ കേരള

കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ വിത്തുകളും കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിമുഖേന ഇൻഷ്വർ ചെയ്ത വിളകൾക്ക് നാശനഷ്ടം സംഭവിക്കുമ്പോൾ പദ്ധതി മാനദണ്ഡങ്ങൾക്കും നിരക്കുകൾക്കും വിധേയമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതിനായി ഈ സാമ്പത്തിക വർഷത്തിൽ 3314 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പാക്കുന്നുണ്ട്. വിവിധ ജില്ലകളിൽ നിശ്ചയിച്ചിരിക്കുന്ന നിരക്കനുസരിച്ച് പ്രീമിയം തുക അടച്ച് അംഗങ്ങളാകുന്ന നെൽകർഷകർക്ക് സംസ്ഥാന-കേന്ദ്ര സർക്കാരുകൾ തുല്യവിഹിതം പ്രീമിയമായി അടച്ചാണ് പദ്ധതി നടപ്പാക്കുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങളായ കനത്ത ചൂട്, വരൾച്ച, ഉഷ്ണതരംഗം, അതിതീവ്രമഴ തുടങ്ങിയവമൂലമുണ്ടാകുന്ന കൃഷിനാശനഷ്ടങ്ങൾ എന്നിവയെ കാലാവസ്ഥാ നിലയങ്ങൾ സ്ഥാപിച്ച് ശാസ്ത്രീയമായി കണ്ടെത്തി ഹെക്ടറിന്

80,000 രൂപവരെ നെൽകർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. സംസ്ഥാന പദ്ധതിയായ നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണത്തിലൂടെ ത്രിതല പഞ്ചായത്ത് നടപ്പാക്കുന്ന നെൽകൃഷി പദ്ധതി എന്നിവയിലൂടെ കർഷകർക്ക് ഗുണമേന്മയും അത്യുല്പാദനശേഷിയുമുള്ള നെൽവിത്തുകൾ, കുമ്മായ വസ്തുക്കൾ, ഉഴവുകൂലി എന്നിവ നൽകുന്നതിലൂടെ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനവും നിലനിർത്താനുള്ള നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നത്. ത്രിതല പഞ്ചായത്തുകൾ വകകൊള്ളിക്കുന്ന തുകയ്ക്കുപുറമെ 2024-2025 സാമ്പത്തിക വർഷത്തിൽ 95.1 കോടി രൂപയാണ് നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷി വകുപ്പ് വകയിരുത്തിയിരിക്കുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്കുകൾ പ്രകാരം 2015-16 മുതൽ 2022-23 വരെയുള്ള വർഷങ്ങളിൽ സംസ്ഥാനത്ത് നെൽകൃഷിയുടെ വിസ്തൃതിയിൽ നേരിയ കുറവ് സംഭവിച്ചെങ്കിലും അരിയുടെ ഉല്പാദനത്തിൽ വർധനവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷം നെല്ലിന്റെ ഉല്പാദനക്ഷമത സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും

ഉയർന്നതലമായ ഹെക്ടറിന് 4744 കിലോഗ്രാമായി മാറി. 2015-16 സാമ്പത്തിക വർഷത്തിൽ ഇത് 4247 കിലോഗ്രാമായിരുന്നു. തരിശുനില കൃഷി പ്രോത്സാഹിപ്പിച്ചും നെൽവയലുകൾ തരംമാറ്റുന്നത് തടഞ്ഞും വയൽ നിലനിർത്തുന്ന കർഷകന് പ്രോത്സാഹന ബോണസ് നൽകിയും രജിസ്റ്റേർഡ് വിത്തുല്പാദക പദ്ധതിപ്രകാരം വിത്തുകൾ ഉല്പാദിപ്പിച്ച് നൽകിയും വിത്തുപരിശോധനാ കേന്ദ്രങ്ങൾ നവീകരിച്ച് ഉയർന്ന ഉല്പാദനക്ഷമതയും ഗുണമേന്മ ഉറപ്പാക്കിയതുമായ വിത്തുകൾ കർഷകർക്ക് നൽകിയും ഇൻഷ്വറൻസ് പരിരക്ഷ നൽകി കർഷകരെ ഈ മേഖലയിൽ നിലനിർത്തിയും ഉല്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്ന് പൂർണ്ണമായി സംഭരിച്ചുമാണ് ഈ നേട്ടം കൈവരിക്കാൻ സാധിച്ചത്. നെൽകൃഷിക്ക് നാശനഷ്ടമുണ്ടാകുന്ന സാഹചര്യങ്ങളിൽ ജില്ലകളിൽ കൺട്രോൾ റൂമുകൾ തുറക്കുകയും കൃഷിനാശത്തിന് അപേക്ഷ സമർപ്പിക്കുന്നതിന് കൃഷിഭവൻ മുഖേനയും ദൃശ്യ-ശ്രവ്യ-സാമൂഹിക മാധ്യമങ്ങൾ മുഖേനയും കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ദേശീയതലത്തിൽ നടപ്പാക്കിവരുന്ന വികേന്ദ്രീകരണ ധാന്യസംഭരണ പദ്ധതിയുടെ

ഭാഗമായാണ് സംസ്ഥാനത്ത് നെല്ലുസംഭരണം നടത്തിവരുന്നത്. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് പൂർണ്ണമായും സംഭരിക്കുന്നതും ഉയർന്ന വില നൽകുന്നതും നമ്മുടെ സംസ്ഥാനത്താണ്. ഈ വർഷവും പരാതികളൊന്നുമില്ലാതെ സമയബന്ധിതമായി സംഭരണപ്രക്രിയ പൂർത്തിയാക്കിവരുന്നു. കേന്ദ്ര സർക്കാർ നൽകേണ്ട താങ്ങുവിലയോടൊപ്പം സംസ്ഥാന പ്രോത്സാഹന ബോണസ്സുകൂടി ചേർത്താണ് കർഷകർക്ക് സംഭരണ വില നൽകിവരുന്നത്. ഈ സംഭരണ കാലത്ത് സംസ്ഥാനത്ത് 198214 കർഷകരിൽനിന്ന് 558412 മെട്രിക് ടൺ നെല്ല് സംഭരിച്ചു. ഇതിന്റെ വിലയായി നൽകേണ്ട 1551.43 കോടി രൂപയിൽ 1173.81 കോടി രൂപയും നൽകിക്കഴിഞ്ഞു. ഇനി 53818 കർഷകർക്ക് 407.62 കോടി രൂപ നൽകാൻ ബാക്കിയുണ്ട്. ആയത് നൽകാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. നെൽ സംഭരിച്ച വകയിൽ കേന്ദ്രസർക്കാരിൽനിന്ന് സംസ്ഥാനത്തിന് 1079.5 കോടി രൂപ ലഭ്യമാകാനുണ്ട്. നെല്ലിന്റെ സംഭരണം കൂടുതൽ കാര്യക്ഷമമാക്കാൻ നിയോഗിച്ച കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്. കേരളത്തിന്റെ നെല്ലറകളായ കുട്ടനാട്,

പാലക്കാട്, തൃശ്ശൂർ കോൾ നിലങ്ങൾ തുടങ്ങിയവയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നിരവധി പദ്ധതികളാണ് സർക്കാർ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. കേരളത്തിലെ നെൽകർഷകരെ സഹായിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. വരൾച്ചമൂലം കൃഷിനാശമുണ്ടായ കർഷകരെ സഹായിക്കുന്നതിനായി അധിക തുക നൽകണമെന്ന് അഭ്യർഥിച്ച് ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രിക്ക് 21-06-2024-ന് കത്തയച്ചിട്ടുണ്ട്. കൂടാതെ ഈ മാസംതന്നെ ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയെ നേരിൽക്കണ്ട് കർഷക പ്രശ്നങ്ങൾ അവതരിപ്പിക്കുന്നുണ്ട്. സർക്കാർ നിലവിൽ കൈക്കൊണ്ടുകൊണ്ടിരിക്കുന്ന നടപടികളിലൂടെ കേരളത്തിലെ നെൽക്കർഷകർക്ക് നല്ല വരുമാനം ഉറപ്പാക്കി അവരെ ഈ മേഖലയിൽ പിടിച്ചു നിർത്താനും അതുവഴി നെല്ലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കാനും സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. റൗണ്ടപ് പോലുള്ള കീടനാശിനികൾ ഉപയോഗിക്കുന്നത് തടയുന്നതിനായി രാസവള-കീടനാശിനി ശാലകൾ പരിശോധിക്കാൻ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. മുരളി പെരുനെല്ലി: സർ, കൃഷിനാശം സംഭവിച്ചവർക്ക് ഇൻഷ്വറൻസ് ലഭിക്കുക എന്നുള്ളത് കർഷകരുടെ അവകാശമാണ്. അശാസ്ത്രീയമായ നടപടികളും നിർദ്ദേശങ്ങളും ഒഴിവാക്കി അർഹരായ മുഴുവൻ കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, തീർച്ചയായും ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് അശാസ്ത്രീയവും അനാവശ്യവുമായ എല്ലാ നടപടികളും ഒഴിവാക്കുന്നതായിരിക്കും. കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ വേഗത്തിൽ ലഭിക്കണം. കാലാവസ്ഥാ വ്യതിയാനം നമ്മുടെ മുമ്പിലുള്ള യാഥാർഥ്യമായതുകൊണ്ടുതന്നെ പൂർണ്ണമായ വിളവുകൾ നശിക്കുന്നതല്ല, കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ മനസ്സിലാക്കുന്ന തരത്തിലുള്ള കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അതനുസരിച്ച് മഴയുടെ കൂടുതൽ, കുറവ്, വരൾച്ച, ഉഷ്ണതരംഗം എന്നിവയെല്ലാം കണക്കിലെടുത്ത് ഉല്പാദനത്തിൽ കുറവുവരുമെന്ന് കണക്കുകൂട്ടിക്കൊണ്ടുള്ള നഷ്ടപരിഹാരം നൽകുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി

കേരളത്തിലെ 14 ജില്ലകളിലും നടപ്പാക്കുകയും അതിൽ 27 വിളകളെ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീർച്ചയായും കർഷകർക്ക് ബുദ്ധിമുട്ടില്ലാതെ ഇൻഷ്വറൻസിൽ ചേരുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കുന്നതായിരിക്കും.

(2) തീരദേശ പരിപാലന പ്ലാനിൽ ഭേദഗതി വരുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിലെ തീരദേശങ്ങളിൽ ജീവിക്കുന്ന സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. 2011-നാണ് തീരദേശ പരിപാലന നിയമം നിലവിൽ വന്നത്. 18-01-2019-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനത്തെത്തുടർന്ന് സംസ്ഥാന സർക്കാർ തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ അപൂർണ്ണവും കടലോര ഉൾനാടൻ തീരങ്ങളിൽ അധിവസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രതികൂലമായി ബാധിക്കുന്നതുമാണെന്ന ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. ആ ആശങ്കയെക്കുറിച്ച് ഈ സഭയിൽ ഉന്നയിക്കാൻ ആഗ്രഹിക്കുന്നു. തീരദേശപരിപാലന നിയമത്തിൽ ഇളവ് നൽകുന്നതിനായി

കേന്ദ്രഗവൺമെന്റ് 18-01-2019-ലാണ് ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചത്. ഇപ്രകാരം ലഭിക്കുന്ന ഇളവുകൾ സംസ്ഥാനത്തിന് പൂർണ്ണമായും ഉപകാരപ്പെടുംവിധം പഠിച്ച് ശിപാർശകൾ സമർപ്പിക്കാനായി പരിസ്ഥിതി വകുപ്പുസെക്രട്ടറി ചെയർമാനായ മൂന്നംഗ വിദഗ്ധ സമിതിയെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചിരുന്നു. ഈ സമിതി തയ്യാറാക്കിയ കരട് തീരദേശ പരിപാലന പ്ലാൻ തീരദേശവാസികളെ പ്രതികൂലമായി ബാധിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. 2021 ജൂലൈ മാസത്തിൽ സംസ്ഥാന സർക്കാരിന്റെ കരട് തീരദേശ പരിപാലന പ്ലാൻ സംബന്ധിച്ച നിർദേശങ്ങൾ മത്സ്യത്തൊഴിലാളി സംഘടനകൾക്ക് നൽകുകയുണ്ടായി. ശ്രീ. വി. ദിനകരൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ചിത്തരഞ്ജൻ തുടങ്ങിയ നേതാക്കൾ അടക്കമുള്ള എല്ലാ പാർട്ടികളുടെയും മത്സ്യത്തൊഴിലാളി സംഘടനകളുമായി അക്കാര്യം ചർച്ച ചെയ്തിരുന്നു. 22-07-2021-ന് അതുസംബന്ധിച്ച വകുപ്പുതല നിർദേശങ്ങൾ സംസ്ഥാന സർക്കാരിന് നൽകിയെങ്കിലും കരട് തീരദേശ പ്ലാൻ തയ്യാറാക്കിയ അവസരത്തിൽ മത്സ്യത്തൊഴിലാളി സംഘടനകളുമായി പിന്നീട് ചർച്ച

നടത്തിയില്ല. ഇപ്രകാരം ചർച്ച ചെയ്യാതെ രൂപപ്പെടുത്തിയ കരട് തീരദേശ പ്ലാനിന്മേൽ അഭിപ്രായം ആരായുന്നതിനാണ് പൊതുജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പബ്ലിക് ഹിയറിംഗ് നടത്തിയത്. ഞങ്ങളുടെ നാട്ടിൽ നിന്നും ധാരാളം ആളുകൾ പബ്ലിക് ഹിയറിംഗിൽ പങ്കെടുത്തിരുന്നു. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളും മത്സ്യത്തൊഴിലാളി സംഘടനകളും ബന്ധപ്പെട്ട മറ്റ് സംഘടനകളും ഇത് ഒരുതരത്തിലും അംഗീകരിക്കാൻ സാധിക്കില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. കേരളത്തിലെ 66 തീരദേശ ഗ്രാമങ്ങളെ മാത്രമാണ് കരട് പ്ലാൻപ്രകാരം CRZ-III-ൽനിന്ന് CRZ-II കാറ്റഗറിയിലേക്ക് മാറ്റിയിട്ടുള്ളത്. സമാന സ്വാഭാവമുള്ള നിരവധി ഗ്രാമപഞ്ചായത്തുകളും മുൻസിപ്പൽ കോർപ്പറേഷൻ വാർഡുകളും ഈ പ്ലാനിൽ ഉൾപ്പെട്ടിട്ടില്ല. തീരദേശ പരിപാലന നിയമത്തെത്തുടർന്ന് കാറ്റഗറി III-ൽ ഉൾപ്പെടുന്ന തീരദേശ പഞ്ചായത്തുകളിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള ജനങ്ങൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ? അവർക്ക് വീട് നിർമ്മിക്കാൻ കഴിയില്ല, നമ്പർ നൽകില്ല, കടമുറികൾ പുതുക്കി നിർമ്മിക്കാൻ കഴിയില്ല, പഴയ കടമുറി

പൊളിച്ചു നിർമ്മിക്കാൻ കഴിയില്ല, പുതുതായി കടമുറികൾ വയ്ക്കാൻ കഴിയില്ല, പഞ്ചായത്ത് നമ്പർ നൽകില്ല ഇത്തരത്തിലുള്ള ഗുരുതരമായ സാഹചര്യമാണ് തീരദേശ പരിപാലന നിയമം വന്നതിനുശേഷം മത്സ്യത്തൊഴിലാളികളും കയർ തൊഴിലാളികളുമടങ്ങുന്ന തീരദേശത്തെ ജനങ്ങൾ നേരിടുന്നത്. CRZ ക്ലിയറൻസിനുവേണ്ടി അയയ്ക്കുന്ന അപേക്ഷകളിൽ ഒന്നിൽപ്പോലും പരിഹാരമുണ്ടാകുന്നില്ലെന്ന പരാതിയുമുണ്ട്. CRZ ക്ലിയറൻസിനുവേണ്ടി കൊടുക്കുന്ന അപേക്ഷകൾ കുന്നുകൂടി കിടക്കുകയാണ്. മലയോര മേഖലയിലെ ബഫർ സോൺ തീരുമാനിച്ചപ്പോൾ ജനവാസ കേന്ദ്രങ്ങളെ ഞങ്ങളെല്ലാവരും ചേർന്ന് ഒഴിവാക്കിയതാണ്. അതുപോലെ തീർദേശവാസികളുടെ കാര്യത്തിലും അടിയന്തര ശ്രദ്ധയുണ്ടാകണം. സംസ്ഥാനത്ത് 398 തീരദേശ പഞ്ചായത്തുകൾ ഉള്ളതിൽ കേവലം 66 പഞ്ചായത്തുകളെ മാത്രമാണ് CRZ II-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടനാട് താലൂക്കിലെ 13 പഞ്ചായത്തുകളെ ഈ ലിസ്റ്റിൽനിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുകയാണ്. സുനാമി മേഖലകളായ ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പൊന്മന, ആലപ്പാട്, പുറക്കാട്, പുന്നപ്ര നോർത്ത്, പുന്നപ്ര സൗത്ത് എന്നീ

പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടില്ല. കടലിനും കായലിനുമിടയിൽ സ്ഥിതിചെയ്യുന്ന ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പൊഴിയൂർ, പനത്തുറ, കോവളം, പൊന്മന, ആലപ്പാട്, ഒറ്റമശ്ശേരി, ഞാറയ്ക്കൽ, ഇടവനക്കാട്, ഇളങ്കുന്നപ്പുഴ, നായരമ്പലം, കുഴിപ്പള്ളി, പള്ളിപ്പുറം, കടപ്പുറം, വലിയപറമ്പ് എന്നീ കോർപ്പറേഷൻ വാർഡുകളെയും പഞ്ചായത്തുകളെയും CRZ-II-ൽ ഉൾപ്പെടുത്തിയിട്ടില്ല. മിക്ക തീരദേശ പഞ്ചായത്തുകളും ജനനിബിഡമാണ്. 66 പഞ്ചായത്തുകളെ മാത്രമാണ് ഇപ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏകപക്ഷീയമായ നിലയിലാണ് കരട് പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഭൂമിയുടെ ലഭ്യത, ജനസാന്ദ്രത, തീരദേശ പഞ്ചായത്തുകളുടെ വികസിത സ്വഭാവം, പഞ്ചായത്തുകളുടെ നഗര സ്വഭാവം എന്നിവയൊന്നും പരിഗണിച്ചിട്ടില്ല. കേരളത്തിലെ ഏതാണ്ട് എല്ലാ പഞ്ചായത്തുകളും ഇന്ന് നഗര സ്വഭാവത്തിലുള്ളതാണ്. ഒട്ടുമിക്ക പഞ്ചായത്തുകളും നഗരപ്രദേശത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ടുകൊണ്ട് പ്രവർത്തിക്കുന്നവയാണ്. 2019-ലെ CRZ വിജ്ഞാപനമനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളെ സ്വാഭാവിക സവിശേഷതകൾക്കനുസരിച്ച്

തിരിച്ചറിയുന്നതിനും വർഗ്ഗീകരിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരിനാണുള്ളത്. ഈ സാഹചര്യത്തിൽ എനിക്ക് രണ്ടുമൂന്ന് നിർദേശങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 222 കടലോര മത്സ്യത്തൊഴിലാളി ഗ്രാമങ്ങളും 115 ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളുമുൾക്കൊള്ളുന്ന മുഴുവൻ തീരദേശ പഞ്ചായത്തുകളെയും മുൻസിപ്പൽ കോർപ്പറേഷനുകളെയും CRZ-II-ൽ ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുക. സുനാമി ഖനന മേഖലകളായ ആലപ്പാട്, പൊന്മന, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ, പുറക്കാട്, പുന്നപ്ര സൗത്ത്, പുന്നപ്ര നോർത്ത് എന്നീ പഞ്ചായത്തുകളെ CRZ-II-ൽ ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുക, പരമ്പരാഗത കടലോര ഉൾനാടൻ തീരദേശവാസികൾക്ക് വികസന നിരോധന മേഖലയിലും ഭവന നിർമ്മാണത്തിലും അനുബന്ധമായി കാര്യങ്ങൾ ചെയ്യാൻ സാധിക്കത്തക്ക നിലയിൽ പ്ലാൻ തയ്യാറാക്കുക, തീരദേശ മേഖലാ പരിപാലന പ്ലാൻ പ്രകാരമുള്ള മാപ്പുകളിൽ, കൃത്യമായി ഓരോ പ്രദേശത്തും ലാൻഡ് യൂസേഴ്സ് പ്ലാനുണ്ടാക്കണമെന്ന വിജ്ഞാപനത്തിലെ നിർദേശമനുസരിച്ച് പ്ലാൻ തയ്യാറാക്കുക, ദ്വീപുകൾക്കും

തുരുത്തുകൾക്കും 20 മീറ്റർ പരിധിയിൽ ലഭ്യമാക്കുന്ന ഇന്റഗ്രേറ്റഡ് ഐലന്റ് മാനേജ്മെന്റ് പ്ലാനിൽ എല്ലാ ഉൾനാടൻ മത്സ്യഗ്രാമങ്ങളെയും ഉൾപ്പെടുത്തി മാപ്പ് തയ്യാറാക്കുക, 2021-ലെ വിജ്ഞാപനമനുസരിച്ച് അനുവാദം ലഭിക്കാതിരുന്നതും എന്നാൽ യു.എ. നമ്പർ നൽകിയിട്ടുള്ളതുമായ ഭവനങ്ങൾ അനുവദിച്ച് നൽകാനുള്ള നടപടി സ്വീകരിക്കുക, തീരശോഷണവും കടലാക്രമണവുംമൂലം മാറ്റിപ്പാർപ്പിക്കുന്ന തദ്ദേശവാസികൾക്ക് അവരുടെ ഉടമസ്ഥതയിൽ സ്ഥലം നിലനിർത്താൻ സഹായിക്കുക. ടൂറിസം വികസന പ്ലാൻ ഉൾപ്പെടുത്തുമ്പോൾ അതിന്റെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കണം എന്നീ ആവശ്യങ്ങളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നിലവിൽ സോൺ III-ലുള്ളവയെ സോൺ II-ലേക്ക് മാറ്റാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഗൗരവമായ വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. ഇക്കാര്യത്തിൽ അദ്ദേഹത്തിനുള്ള തെറ്റിദ്ധാരണകൾ ഈ മറുപടി കേൾക്കുന്നതോടെ തീരുമെന്നാണ്

പ്രതീക്ഷിക്കുന്നത്. 2019-ൽ കേന്ദ്രസർക്കാർ, 2011-ലെ തീരദേശ പരിപാലന നിയമത്തിൽ കൂടുതൽ ഇളവ് അനുവദിക്കുന്നതിനുള്ള ഭേദഗതി പുറപ്പെടുവിച്ചിരുന്നു. ഈ ഇളവുകൾ പൂർണ്ണമായും സംസ്ഥാനത്തിന് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ച് പഠിക്കാൻ പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായ മൂന്നംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരുമായി വിശദമായ ചർച്ചകൾ നടത്തിയശേഷമാണ് തീരദേശവാസികൾക്ക് ഉപകാരപ്പെടുന്ന രീതിയിലുള്ള കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയത്. തുടർന്ന് കരട് പ്ലാനിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനായി 10 തീരദേശ ജില്ലകളിലും 2023 മാർച്ച് മുതൽ ജൂൺ വരെ പബ്ലിക് ഹിയറിംഗ് നടത്തുകയുണ്ടായി. ഇതിൽ ലഭിച്ച 33,000-ത്തോളം പരാതികളും അഭിപ്രായങ്ങളും ക്രോഡീകരിച്ച് കരട് പ്ലാനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ സസ്റ്റെനബിൾ കോസ്റ്റൽ

മാനേജ്മെന്റിന് (NCSCM) കൈമാറി. പ്രസ്തുത സ്ഥാപനം നിർദേശിച്ച ഭേദഗതികളും അധിക വിവരങ്ങളും ഉൾപ്പെടുത്തിയ കരട് പ്ലാൻ, ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ, ടൂറിസം മാനേജ്മെന്റ് പ്ലാൻ, ലാൻഡ് യൂസ് മാപ്പ് എന്നിവ 11-06-2024-ന് NCSCM-ന്റെ ടെക്നിക്കൽ സ്കൂട്ടിനി കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. ഇതിന് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് കരട് പ്ലാൻ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതിക്ക് സമർപ്പിക്കുന്നതാണ്. തീരദേശ പരിപാലന നിയമപ്രകാരം ഏറ്റവും കുറവ് നിയന്ത്രണമുള്ള മേഖലയായ CRZ-II-ൽ കേന്ദ്ര സർക്കാർ മുൻസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും മാത്രമാണ് പൊതുവിൽ ഉൾപ്പെടുത്തുന്നത്. എന്നാൽ രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ജനസാന്ദ്രതയുടെ കാര്യത്തിലും അടിസ്ഥാനസൗകര്യ വികസനത്തിന്റെ കാര്യത്തിലും സംസ്ഥാനത്തെ തീരദേശ മേഖലയോട് ചേർന്നുകിടക്കുന്ന ഏറെക്കുറെ എല്ലാ ഗ്രാമപഞ്ചായത്തുകളും നഗര സ്വഭാവമുള്ളവയാണ്. പഞ്ചായത്തുകളെ CRZ-II-ൽ ഉൾപ്പെടുത്താത്ത

സാഹചര്യമുണ്ടായാൽ അത് സംസ്ഥാനത്തിന് വളരെയധികം ദോഷമുണ്ടാക്കുന്ന തീരുമാനമാകും. ഇക്കാര്യം പരിഗണിച്ച് 175 പഞ്ചായത്തുകളെ Legally Designated Urban Area-കളായി വിജ്ഞാപനം ചെയ്യുകയും CRZ-II-ന്റെ ആനുകൂല്യം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിൽ 66 ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടുണ്ട്. ഇപ്രകാരം അനുമതി ലഭിച്ച 66 പഞ്ചായത്തുകളിൽ ആണവോർജ വകുപ്പ് നിർദേശിച്ച ചില പഞ്ചായത്തുകളിലെ പ്രദേശങ്ങൾക്ക് ഇളവിന് നിയന്ത്രണമുണ്ടാകും. സർക്കാർ ആവശ്യപ്പെട്ടതുപ്രകാരം ആനുകൂല്യം അനുവദിക്കുന്നതിൽ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ സർക്കാർ തുടർനടപടി സ്വീകരിക്കുന്നതാണ്. കരട് പ്ലാനിന് കേന്ദ്രാനുമതി ലഭിക്കുന്നതോടെ പൊക്കാളിപ്പാടങ്ങളും അനുബന്ധ പ്രദേശങ്ങളും സി.ആർ.ഇസഡ്-ൽനിന്നും പൂർണ്ണമായും ഒഴിവാക്കപ്പെടും. സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ആയിരം ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥിതിചെയ്യുന്ന കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർസോൺ പൂർണ്ണമായും ഒഴിവാകും. തീരദേശ പരിപാലന

നിയമത്തിന്റെ പരിധിയിലുൾപ്പെടുന്ന ഉൾനാടൻ ജലാശയങ്ങളുടെ നിർമ്മാണ നിരോധിതമേഖല 100 മീറ്ററിൽനിന്നും 50 മീറ്ററായി കുറയും. കേന്ദ്ര സർക്കാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 10 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകളുടെ സി.ആർ.ഇസഡ്. പരിധി 50 മീറ്ററിൽനിന്ന് 20 മീറ്ററാക്കി കുറയ്ക്കുന്നതിനുള്ള പ്ലാൻ തയ്യാറാക്കുന്നുണ്ട്. 10 ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള ദ്വീപുകൾക്കുള്ള മാർഗരേഖ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. തീരദേശ പരിപാലന നിയമത്തിൽ കേന്ദ്ര സർക്കാരിൽനിന്നും കൂടുതൽ ഇളവുകൾ ലഭിക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. പൊതുജനാഭിപ്രായം തേടിക്കൊണ്ടും ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിലുമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും തുടർന്നും കൈക്കൊള്ളുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, 66 പഞ്ചായത്തുകൾക്ക് മാത്രമാണ് സി.ആർ.ഇസഡ്. II-ലേയ്ക്ക് മാറ്റം വന്നിട്ടുള്ളത്. നൂറിലധികം

പഞ്ചായത്തുകൾക്കാണ് നമ്മൾ ശിപാശ ചെയ്തത്. ബാക്കിയുള്ള പഞ്ചായത്തുകൾകൂടി സി.ആർ.ഇസഡ്.-II-ലേയ്ക്ക് മാറ്റുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് സംസ്ഥാനത്തിന്റെ ആവശ്യമായതിനാൽ ഇക്കാര്യങ്ങൾ തീർച്ചയായും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതാണ്. 175 പഞ്ചായത്തുകൾ സി.ആർ.ഇസഡ്.-II-ലേയ്ക്ക് മാറ്റാൻ ആവശ്യപ്പെട്ടപ്പോൾ 66 പഞ്ചായത്തുകൾ മാത്രമാണ് മാറ്റിയിട്ടുള്ളത്. ബാക്കിയുള്ള പഞ്ചായത്തുകളുടെ കാര്യങ്ങൾക്കായി തുടർന്നും സമ്മർദം ചെലുത്തിക്കൊണ്ടേയിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇന്ന് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് അപരാഹ്ന സമ്മേളനമുള്ളതിനാൽ സബ്മിഷൻ അവതരിപ്പിക്കുന്ന അംഗങ്ങൾ പരമാവധി സമയം കുറച്ച് അവതരിപ്പിക്കുകയും മറുപടി ദീർഘമാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രിമാർ മേശപ്പുറത്തുവയ്ക്കുകയും ചെയ്യണം. പ്രധാനപ്പെട്ട കാര്യങ്ങൾ ചുരുക്കിപ്പറയാൻ ശ്രമിക്കണം.

[11.22 AM]

V. സബ്മിഷൻ

(1) ചെമ്പഴന്തി അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ സാമ്പത്തിക ക്രമക്കേട്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ ചെമ്പഴന്തി കേന്ദ്രമായി പ്രവർത്തിക്കുന്ന മിസലേനിയസ് വിഭാഗത്തിലെ ഒരു സംഘമാണ് ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം. ആ സംഘത്തിൽ ചില സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി മനസ്സിലാക്കിയതിനെത്തുടർന്ന് സഹകരണ വകുപ്പ് അന്വേഷണം നടത്തിവരികയാണ്. കഴിഞ്ഞ ജൂൺ 29 ശനിയാഴ്ച അണിയൂർകാരനായ ബിജുകുമാർ ആത്മഹത്യ ചെയ്തത് സംഘവുമായി ബന്ധപ്പെട്ട ചില സാമ്പത്തിക പ്രശ്നങ്ങൾ കാരണമാണെന്ന് പറയുന്നു. ഞാൻ ഇന്നലെ ബിജുകുമാറിന്റെ വസതിയിൽപോയി കുടുംബാംഗങ്ങളെ സന്ദർശിച്ചിരുന്നു. രണ്ടര ലക്ഷം രൂപയുടെ ഇടപാടിനെ സംബന്ധിച്ച് ബാങ്ക് പ്രസിഡന്റിന്റെ ഭാഗത്തുനിന്നുണ്ടായ നിഷേധാത്മകമായ നിലപാടും പെരുമാറ്റത്തിലുണ്ടായ പ്രശ്നങ്ങളുമാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്നാണ് അതീവ ദുഃഖിതരായ

കുടുംബാംഗങ്ങൾ എന്നോട് പറഞ്ഞത്. സംഘത്തിന്റെ നിക്ഷേപം, വായ്പ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തണം. റിയൽ എസ്റ്റേറ്റുകാർക്കും ഭൂമാഫിയകൾക്കും ധാരാളം വായ്പ നൽകുന്നതായാണ് പറയുന്നത്. ഈ കേസിലെ വസ്തുതകളെല്ലാം പുറത്തുകൊണ്ടുവരണമെന്ന് അഭ്യർഥിക്കുന്നു. അടിയന്തരമായി ബിജുകുമാറിന്റെ മരണത്തിന് ഉത്തരവാദികളായവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 1750-ാം നമ്പർ ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘത്തിലെ അംഗവും ഇടപാടുകാരനുമായ ബിജുകുമാർ ആത്മഹത്യ ചെയ്ത സംഭവം വളരെയധികം വേദനാജനകവും ദുഃഖകരവുമാണ്, അനുശോചനം രേഖപ്പെടുത്തുന്നു. ടിയാന് സംഘവുമായി ബന്ധപ്പെട്ട് സാമ്പത്തിക ഇടപാടുകളുണ്ടായിരുന്നു. ഇതുസംബന്ധിച്ച് സംഘം പ്രസിഡന്റുമായി ആശയവിനിമയം നടത്തുമ്പോൾ പ്രസിഡന്റിൽനിന്നും നിഷേധാത്മക

സമീപനമുണ്ടായതിനെത്തുടർന്നാണ് അദ്ദേഹം ആത്മഹത്യ ചെയ്തതെന്നാണ് പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെടുന്നത്. ചെമ്പഴന്തി അഗ്രിക്കൾച്ചറൽ ഇംപ്രൂവ്മെന്റ് സഹകരണ സംഘം മിസലേനിയസ് വിഭാഗത്തിൽപ്പെടുന്ന ഒരു സംഘമാണ്. ഡിപ്പാർട്ടുമെന്റ് നടത്തുന്ന പരിശോധനയിൽ പ്രസ്തുത സംഘത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് സെക്ഷൻ 65 അനുസരിച്ചുള്ള അന്വേഷണം ആരംഭിക്കുകയും ആയത് അവസാനഘട്ടത്തിലുമാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ വകുപ്പുതല നടപടിയുണ്ടാകും. ബിജുകുമാറിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് കഴക്കൂട്ടം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കുറ്റംചെയ്തവർ ആരായാലും സർക്കാരിന്റെ ഭാഗത്തുനിന്നും കർശന നടപടിയുണ്ടാകും.

(2) സഹകരണ വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം

ഡോ. മാത്യു കുഴൽനാടൻ: സർ, ജി.ഒ.(പി)നം.3/2017 പൊ.ഭ.വ. പ്രകാരം സർക്കാർ വകുപ്പുകളിലെ സ്ഥലംമാറ്റം ഓൺലൈൻ മുഖേനയാക്കണമെന്ന് നിർദേശിച്ചിരുന്നു. വളരെയധികം ജീവനക്കാരുള്ള

റവന്യൂ, പഞ്ചായത്ത്, കൃഷി, ആരോഗ്യം തുടങ്ങിയ വകുപ്പുകളിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം നടപ്പാക്കിയപ്പോൾ 2500 ജീവനക്കാരിൽ മാത്രമായി ഒതുങ്ങിനിൽക്കുന്ന സഹകരണ വകുപ്പിൽ ഇത് നടപ്പാക്കാത്തതിന്റെ കാരണമെന്താണ്? അഴിമതിയാണ് നാം ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നം. സഹകരണ വകുപ്പിൽ വൻതോതിൽ അഴിമതി നടക്കുന്നുവെന്ന വാർത്തകൾ നിരന്തരം പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. കരുവന്നൂർ ബാങ്ക് കൊള്ളയുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) അടക്കം വലിയ പ്രതിസന്ധിയിലാണ്. ഒരു സ്ഥലത്ത് സ്ഥിരമായി ഒരേ ഉദ്യോഗസ്ഥർ ജോലിചെയ്യുകയും അവർ തമ്മിൽ കൂട്ടുകെട്ടുണ്ടാക്കുകയും ചെയ്യുന്നതുകൊണ്ടാണ് ഇത്തരം അഴിമതികളുണ്ടാകുന്നത്. ഇതുകൂടാതെ, ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സഹകരണവകുപ്പിൽ ഓൺലൈൻ മുഖാന്തരം സ്ഥലംമാറ്റം നടപ്പാക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിരുന്നു. ബഹു. ട്രൈബ്യൂണൽ 7-3-2024-ന് വീണ്ടും ഇക്കാര്യം ആവശ്യപ്പെട്ടെങ്കിലും നിങ്ങൾ അത് നടപ്പാക്കിയില്ല. ബഹുമാനപ്പെട്ട എം. വിൻസെന്റ് അങ്ങയോട് ഓൺലൈൻ ട്രാൻസ്ഫറുമായി ബന്ധപ്പെട്ട ചോദ്യം

ഉന്നയിച്ചപ്പോൾ സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കിവരികയാണെന്ന മറുപടിയാണ് നിയമസഭയിൽ നൽകിയത്. എന്നാൽ നാളിതുവരെയും അത് നടപ്പാക്കിയിട്ടില്ല. നാളിതുവരെയായി സഹകരണ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ നടപ്പാക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, സഹകരണ വകുപ്പിൽ ഒരു രീതിയിലുള്ള അഴിമതിയും നടക്കുന്നില്ല. അതേസമയം യു.ഡി.എഫ്./ബി.ജെ.പി./എൽ.ഡി.എഫ്. സഹകരണ സംഘങ്ങളിൽ അഴിമതി നടക്കുന്നുവെന്നത് യാഥാർഥ്യമാണ്. സഹകരണ സംഘം രജിസ്ട്രാറുടെ 6-9-2021-ലെ 38/2021 നമ്പർ സർക്കുലർപ്രകാരം സഹകരണ സംഘങ്ങളിലെ ജീവനക്കാർ ഒരു സെക്ഷനിൽ രണ്ട് വർഷത്തിലധികം തുടരുന്നത് അനുവദിക്കാൻ പാടുള്ളതല്ലെന്ന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, സഹകരണ വകുപ്പിലെ ആഡിറ്റർമാരെ രണ്ടുവർഷത്തിലധികം ഒരു സ്ഥാപനത്തിൽ ആഡിറ്ററായി തുടരാൻ അനുവദിക്കരുതെന്ന നിർദേശവും

നൽകിയിട്ടുണ്ട്. സഹകരണ വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ സമ്പ്രദായം മുഖേന നടപ്പാക്കാനുള്ള മാനദണ്ഡങ്ങൾ 04-06-2024-ലെ സഹകരണ ഉത്തരവ് നമ്പർ 8/2023 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 2023-ൽ പൊതുസ്ഥലംമാറ്റത്തിനായി ഓൺലൈൻ സംവിധാനം നടപ്പാക്കുന്നതിനായി സ്പാർക്ക് മുഖേന ജീവനക്കാരിൽനിന്നും സഹകരണ സംഘം രജിസ്ട്രാർ അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ, പ്രസ്തുത പൊതുസ്ഥലംമാറ്റ നടപടികൾ സംബന്ധിച്ച് ഒ.എ. നമ്പർ 20/2024 പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരിഗണിച്ച കേസിൽ സഹകരണ വകുപ്പിന്റെ 2021-ലെ ഓൺലൈൻ പൊതുസ്ഥലംമാറ്റ നടപടികൾ ഒഴിവാക്കുന്നതിനും 2024-ലെ പൊതുസ്ഥലംമാറ്റം ഏപ്രിൽ 30-ന് പൂർത്തീകരിക്കുന്നതിനും 7-3-2024-ൽ ട്രൈബ്യൂണൽ വിധിന്യായം പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പിലെ കെ.എസ്.ആർ. ചട്ടം 144 അനുസരിച്ച് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സ്പാർക്ക് സോഫ്റ്റ്വെയറിലൂടെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ഒ.എ. 20/2024, 404/2024 നമ്പർ വിധി നടപ്പാക്കുന്നതിനുള്ള സമയപരിധി 30-4-2024-മുതൽ മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിച്ചുകൊണ്ട് 20-5-2024-ൽ എം.എ.നം. 932/2024 പ്രകാരമുള്ള ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2024-ൽ പുതിയ സോഫ്റ്റ്വെയറിലൂടെ ഓൺലൈൻ പൊതുസ്ഥലംമാറ്റം അടിയന്തരമായി നടപ്പാക്കാനുള്ള നടപടികൾ സഹകരണസംഘം രജിസ്ട്രാർ സ്വീകരിച്ചുവരുന്നു.

(3) സർക്കാർ മേഖലയിലെ ഡയാലിസിസ് സംവിധാനം

ശ്രീ. വി. കെ. പ്രശാന്ത്: സർ, സംസ്ഥാനത്ത് ഡയാലിസിസ് രോഗികളുടെ എണ്ണം അനുദിനം വർധിക്കുന്നതിനുള്ള കാരണം നമ്മുടെ ജീവിതശൈലിയും മറ്റു പ്രശ്നങ്ങളുമാണ്. ഈ രോഗികൾ ഡയബറ്റീസ് രോഗത്തിൽ തുടങ്ങി ഡയാലിസിസിന് വിധേയമാകുകയും ക്രമേണ വൃക്ക മാറ്റിവച്ച് അതിന് പരിഹാരം കാണേണ്ട സ്ഥിതിയുമാണ് കണ്ടുവരുന്നത്. ടി ചികിത്സയ്ക്കായി സ്വകാര്യ ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് വലിയ ചെലവ് വഹിക്കേണ്ടിവരുന്നുണ്ട്. ഇവർക്ക് തുടർച്ചയായി ഡയാലിസിസ്

ചെയ്യേണ്ട സാഹചര്യം വരുന്നതിനാൽ സർക്കാർ സ്ഥാപനങ്ങളിൽ ഈ സൗകര്യം കൂടുതലായി ഒരുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് രോഗികൾ ദിനംപ്രതി ജനപ്രതിനിധികളെ സമീപിക്കുന്നുണ്ട്. ആശുപത്രികളിലെത്താതെ വീട്ടിൽതന്നെ ഡയാലിസിസ് ചെയ്യാൻ കഴിയുന്നതരത്തിൽ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കാൻ സാധിക്കുമോ? സംസ്ഥാനത്തെ ഓരോ ആശുപത്രിയിലും നൂറുകണക്കിന് രോഗികൾ കൃ ലിസ്റ്റിൽ വരികയാണ്. ഈ ഗുരുതരമായ സാഹചര്യം പരിഗണിച്ച് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും ഇക്കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം പറഞ്ഞതുപോലെ സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതശൈലിയിലുണ്ടായ കാതലായ മാറ്റത്തിനനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർധിച്ചിട്ടുണ്ട്. വൃക്കരോഗികളുടെ എണ്ണത്തിൽ വലിയ വർധനവുണ്ടാകുന്നതുകാരണം ഡയാലിസിസ് ആവശ്യമുള്ളവരുടെ

എണ്ണവും വർധിക്കുന്നുണ്ട്. സംസ്ഥാനത്ത് ഹീമോഡയാലിസിസ്, പെരിറ്റോണിയൽ ഡയാലിസിസ് എന്നിങ്ങനെ രണ്ടു രീതിയിലാണ് ഡയാലിസിസ് ചെയ്യുന്നത്. സംസ്ഥാനത്തെ ഡി.എച്ച്.എസ്.-നുകീഴിലുള്ള നൂറോളം സർക്കാർ ആശുപത്രികളിൽ ഹീമോ ഡയാലിസിസ് നടക്കുന്നുണ്ട്. ആർദ്രം മിഷന്റെ സ്റ്റാൻഡേർഡൈസേഷൻ പ്രകാരം താലൂക്കുതല ആശുപത്രി മുതലാണ് ഡയാലിസിസ് ആരംഭിക്കുന്നത്. ഈ വർഷം നിർമ്മാണത്തിലല്ലാത്തതും ഡയാലിസിസ് ആരംഭിച്ചിട്ടില്ലാത്തതുമായ എല്ലാ ആശുപത്രികളിലും 2024 ഡിസംബറോടുകൂടി ഡയാലിസിസ് ആരംഭിക്കാൻ കഴിയും. കൂടാതെ കിഫ്ബിയിലൂടെയും മറ്റും കെട്ടിടം നിർമ്മിക്കുന്ന ഇടങ്ങളിൽ 2025 പകുതിയോടെ ഡയാലിസിസ് ആരംഭിക്കാൻ കഴിയും. ഇപ്പോൾ സംസ്ഥാനത്ത് 55000-ലധികം സെക്ഷനുകളിലാണ് ഒരു മാസം ഡയാലിസിസ് നടക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ഒരുക്കിയിട്ടുള്ള സൗകര്യങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു+.

+ അനുബന്ധം 3(a)

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രി (S.A.T.)-യിൽ കുട്ടികൾക്കുള്ള ഹീമോഡയാലിസിസ് നടക്കുന്നുണ്ട്. കാസർഗോഡ് പോലെയുള്ള അവശ്യം സൗകര്യങ്ങളില്ലാത്ത സ്ഥലങ്ങളിൽ സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ ആദ്യമായി ആരംഭിക്കുന്ന സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ പ്രയോജനം എല്ലാ ജില്ലകൾക്കും നല്ല രീതിയിൽ ലഭിക്കുന്നതാണ്. പെരിറ്റോണിയൽ ഡയാലിസിസ് ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചത്. ഇപ്പോൾ 14 ജില്ലകളിലായി 640 രോഗികൾ മാത്രമാണ് പെരിറ്റോണിയൽ ഡയാലിസിസ് ചെയ്യുന്നത്. ഇതിലേയ്ക്കായി ട്രെയിനിംഗ് ആവശ്യമാണ്. കൂടുതൽ രോഗികൾക്ക് പെരിറ്റോണിയൽ ഡയാലിസിസ് സാധ്യമാക്കുന്നതിനുവേണ്ടി സർക്കാർ ശ്രമിക്കുന്നുണ്ട്. ഡയാലിസിന്റെ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഇത് ഉൾപ്പെടുത്തിക്കൊണ്ട് പിന്തുണ നൽകുന്നുണ്ട്. അതുകൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിവിഹിതം

മാറ്റിവച്ചുകൊണ്ട് സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും ഡയാലിസിസ് ചെയ്യുന്നവർക്ക് പിന്തുണയും നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രാധാന്യമുൾക്കൊണ്ടാണ് സംസ്ഥാനത്തെ താലൂക്കുതലം മുതലുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാർ ശ്രമിക്കുന്നത്.

(4) ചാലക്കുടി റവന്യൂ ടവർ

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. സർക്കാരാണ് 2013-ൽ ചാലക്കുടിയടക്കം 12 പുതിയ താലൂക്കുകൾ അനുവദിച്ചത്. 2014-ൽ മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി ആസ്ഥാനമായി പുതിയൊരു താലൂക്ക് നിലവിൽ വന്നു. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 25 റവന്യൂ ടവറുകളും മിനി സിവിൽ സ്റ്റേഷനുകളും കിഫ്ബിയുടെ അംഗീകാരത്തോടെ നടപ്പാക്കുമെന്ന് അന്നത്തെ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിരുന്നു. അതിൽ ഉൾപ്പെട്ട ചാലക്കുടി റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ ഭരണാനുമതി

നൽകുകയും എസ്.പി.വി. ആയ ഭവന നിർമ്മാണ ബോർഡ് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ PFMS (Public Financial Management System) പോർട്ടൽ മുഖേന സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ താലൂക്കിന്റെ നിലവിലുള്ള അവസ്ഥ വളരെ ശോചനീയമാണ്. ചാലക്കുടി നഗരമധ്യത്തിലുള്ള ടൗൺ ഹാൾ വാണിജ്യ സമുച്ചയത്തിലെ നാലാം നിലയിൽ പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. അവിടെ ടോയ്ലെറ്റ് സൗകര്യങ്ങൾ പോലും പരിമിതമാണ്. ചാലക്കുടി പുഴയുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന ദുരന്തനിവാരണ പ്രവർത്തനങ്ങളും മലക്കപ്പാറ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ ആദിവാസി സംഘവും തോട്ടം തൊഴിലാളികളും കർഷകരുൾപ്പെടെയുള്ള സാധാരണക്കാരും പട്ടയ ആവശ്യങ്ങൾക്ക് നിരന്തരമായി ബന്ധപ്പെടുന്ന ഒരു ഓഫീസാണിത്. നിരവധി തവണ ഈ സഭയിലും റവന്യൂ വകുപ്പ് മുമ്പാകെയും ഈ വിഷയം ഉന്നയിച്ചിട്ടുള്ളമാണ്. അതിനാൽ കിഫ്ബിയുടെ അംഗീകാരത്തോടെയോ സർക്കാർ പണം അനുവദിച്ചോ ചാലക്കുടി റവന്യൂ ടവർ

യാഥാർത്ഥ്യമാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും മറുപടി പ്രസംഗത്തിലും 25 റവന്യൂ ടവർ മിനി സിവിൽ സ്റ്റേഷനുവേണ്ടി ആകെ 330 കോടി രൂപയുടെ പ്രഖ്യാപനമാണ് ഉണ്ടായിരുന്നത്. 10-11-2023-ലെ സർക്കാർ ഉത്തരവുപ്രകാരം ചാലക്കുടിയിൽ റവന്യൂ ടവർ നിർമ്മാണത്തിനായി 24.63 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. വിശദമായ പദ്ധതി റിപ്പോർട്ട് പദ്ധതി നിർവ്വഹണ ഏജൻസിയായ എസ്.പി.വി. ഭവന നിർമ്മാണ ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുമേൽ കൊണ്ടുവന്ന സാമ്പത്തിക നിയന്ത്രണം കാരണം പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് മാത്രം മുൻഗണന കൊടുക്കേണ്ടി വന്നതിനാൽ പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി നൽകുന്നത് സംബന്ധിച്ച നടപടികൾ

തൽക്കാലത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. ഇത് പിന്നീട് പരിശോധിക്കുന്നതാണ്.

(5) തൃക്കുന്നപ്പുഴ-ആറാട്ടുപുഴ പഞ്ചായത്തുകളിൽ കടലാക്രമണം

ശ്രീ. രമേശ് ചെന്നിത്തല: സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കുന്നപ്പുഴ-ആറാട്ടുപുഴ എന്നീ രണ്ട് പഞ്ചായത്തുകളിലെ അതിഗുരുതരമായ കടൽക്ഷോഭത്തെക്കുറിച്ച് നിരവധിതവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ മുമ്പിൽ ഉന്നയിച്ചിട്ടുണ്ട്. കാലാവസ്ഥാ മുന്നറിയിപ്പ് കാരണം മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്തതിനാൽ അവർ പട്ടിണിയിലാണ്. ഇപ്പോൾ ലഭിക്കുന്ന ചെമ്മീനിന് അന്താരാഷ്ട്ര വിപണിയിൽ മാർക്കറ്റില്ലാത്തതിനാൽ അത് വിൽക്കാൻ പോലും കഴിയുന്നില്ല. അങ്ങനെ പട്ടിണിയും പരിവട്ടവുമായി കഴിയുന്നതിനിടയിലാണ് രണ്ടുതവണയായി കള്ളക്കടൽ വന്ന് ഈ പ്രദേശം മുഴുവൻ തകർക്കുന്ന നിലയിൽ കടലാക്രമണ ഭീഷണിയുണ്ടാകുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാനൂർ, തോപ്പിൽ, തൈമൂല, ചേലക്കാട്, പതിയാങ്കര, പള്ളിപ്പാട്മുറി, കുമാരകോടി

എന്നീ സ്ഥലങ്ങളിൽ 4.1 മീറ്റർ ദൂരത്തിൽ 102.80 കോടി രൂപയുടെയും ആറാട്ടുപുഴ, വലിയഴീക്കൽ, പെരുമ്പള്ളി, മംഗലം എന്നീ സ്ഥലങ്ങളിൽ 96.40 കോടി രൂപയുടെയും ടെട്രാപോഡ് നിർമ്മാണത്തിനായി പ്രോജക്ടുകൾ തയ്യാറാക്കി ലോക ബാങ്കിന് സമർപ്പിച്ചിരുന്നു. ലോക ബാങ്കിന്റെ പ്രതിനിധികൾ ഈ പ്രദേശം വന്നുകണ്ടെങ്കിലും ഇതുവരെയും യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കായംകുളം കായലിന്റെയും അറബിക്കടലിന്റെയും ഇടയ്ക്കുള്ള ഒരു സ്ലിപ്പ് പോലെയുള്ള ഭാഗമാണിത്. ഇതു തുടർന്നാൽ രണ്ട് പഞ്ചായത്തുകൾ നഷ്ടപ്പെട്ടുപോകുമെന്ന സ്ഥിതിയാണുള്ളത്. അതിനാൽ ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം വളരെ ഗൗരവത്തോടെയാണ് കാണുന്നത്. ഹരിപ്പാട് മണ്ഡലത്തിൽ വലിയഴീക്കൽ, തറയിൽക്കടവ്, പെരുമ്പള്ളി, ആറാട്ടുപുഴ ജംഗ്ഷൻ മുതൽ മംഗലം വരെയുള്ള ഭാഗങ്ങളിലാണ് രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്നത്. ഈ പ്രദേശങ്ങളിലെ കടലാക്രമണ

ഭീഷണി നേരിടുന്നതിനായി 7 കടലാക്രമണ പ്രതിരോധ പ്രവൃത്തികൾക്ക് 142.96 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വലിയഴീക്കൽ, ആറാട്ടുപുഴ, തൃക്കുന്നപ്പുഴ എന്നിവിടങ്ങളിൽ ഈ പ്രവൃത്തി നടപ്പാക്കിവരുന്നു. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി വട്ടച്ചാൽ, പതിയാങ്കര, ആറാട്ടുപുഴ, നെല്ലാനിക്കൽ എന്നീ പ്രദേശങ്ങളിലായി 4.5 കിലോ മീറ്റർ നീളത്തിൽ 87.68 കോടി രൂപയുടെ 50 പുലിമുട്ടുകളുടെ പ്രവൃത്തികളാണ് നിലവിൽ കെ.ഐ.ഐ.ഡി.സി. (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) മുഖേന നടപ്പാക്കി വരുന്നത്. ഇവയിൽ 37 എണ്ണം പൂർത്തീകരിക്കുകയും ബാക്കി 13 എണ്ണത്തിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. കൂടാതെ ആലപ്പുഴ രണ്ടാംഘട്ട പദ്ധതിയിൽ നെല്ലാനിക്കൽ ഭാഗത്ത് 473 മീറ്റർ നീളത്തിൽ 3 പുലിമുട്ടുകളാണ് ഉൾപ്പെടുന്നത്. ചെന്നൈ ഐ.ഐ.ടി.-യെക്കൊണ്ട് പഠനം നടത്തി, അവർ നൽകിയ ഡിസൈൻ അനുസരിച്ച് ടി പ്രവൃത്തി ടെണ്ടർ ചെയ്യുകയും കരാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ടെട്രാപോഡ് കാസ്റ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി

ആരംഭിക്കുന്നതിന് മുമ്പായി നടന്ന ബാത്തിമെട്രിക് പരിശോധനയിൽ ആഴത്തിന്റെ വ്യതിയാനം കണ്ടെത്തിയതിനാൽ കിഫ്ബിയുടെ നിർദ്ദേശാനുസരണം വീണ്ടും ചെന്നൈ ഐ.ഐ.ടി. പഠനം നടത്തുകയും പുതിയ ഡിസൈൻ ആവശ്യപ്പെടുകയുമുണ്ടായി. പുതിയ ഡിസൈൻ അനുസരിച്ച് നെല്ലാനിക്കൽ ഭാഗത്ത് 4 പുലിമുട്ടുകൾ ഉൾപ്പെടുന്ന പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. അത് എത്രയുംവേഗം ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്. കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങൾ അടിയന്തരമായി ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷിക്കുന്നതിന് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടാതെ കല്ലുപയോഗിച്ചുള്ള സംരക്ഷണഭിത്തിയുടെ തകർന്നുപോയഭാഗം പുനർനിർമ്മിക്കുന്നതിനും പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തേണ്ട അവസ്ഥ നമുക്കുണ്ടെങ്കിൽപ്പോലും അടിയന്തരമായി ഇത്തരം കാര്യങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് എന്നെ സമീപിക്കുമ്പോൾ കഴിയുന്നത്ര സഹായം പൂർണ്ണമായും ചെയ്തുകൊടുത്തിട്ടുണ്ട്. വേൾഡ് ബാങ്ക് പ്രോഗ്രാം-

ഫോർ-റിസൾട്ട് എന്ന പദ്ധതിയുടെ കീഴിൽ Additional Financing-ൽ വരുന്ന വിവിധ Disbursement Linked Indicator (DLI)-കളിൽ DLI-10-ന്റെ കീഴിലാണ് തീരസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കുന്നത്. DLI-10 ന്റെ പ്രധാന ലക്ഷ്യം സംസ്ഥാനത്തിന് ഒരു ദീർഘകാല തീരദേശ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നുള്ളതാണ്. ടി പ്ലാനിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമെ ഈ പദ്ധതിയിൽ തീരസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ തീരദേശ മാനേജ്മെന്റ് പ്ലാൻ രൂപീകരണം ആരംഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരികയാണ്. തീരദേശത്ത് പൊതുവെ ബാധിക്കുന്ന വിഷയങ്ങൾ കൂടുതൽ രൂക്ഷമാകുന്ന പ്രദേശമാണ് ഈ മണ്ഡലത്തിലുള്ളത്. അതുകൊണ്ടുതന്നെ കഴിയുന്നത്ര നിലയിലുള്ള എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്.

(6) വാമനപുരം പുഴയിലെ ജലവിതരണ പദ്ധതികൾ

ശ്രീമതി ഒ. എസ്. അംബിക: സർ, വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾ പൂർണ്ണമായും നദിയിലെ ഒഴുക്കിനെ മാത്രം ആശ്രയിച്ചാണ്

നിലനിൽക്കുന്നത്. ചിറയിൻകീഴ്, നെടുമങ്ങാട്, വർക്കല, കാട്ടാക്കട താലൂക്കുകളിലും ആറ്റിങ്ങൽ, വർക്കല, ചിറയിൻകീഴ്, വാമനപുരം, അരുവിക്കര നിയോജകമണ്ഡലങ്ങളിലുമായി ലക്ഷത്തിലധികം കണക്ഷനുകളാണ് നിലവിലുള്ളത്. കഴിഞ്ഞ വേനലിൽ ഈ പ്രദേശം കടുത്ത ജലക്ഷാമം നേരിടുകയും പലയിടത്തും ദിവസങ്ങളോളം വെള്ളം മുടങ്ങുന്ന സാഹചര്യവുമുണ്ടായി. ഈ അവസ്ഥ ഇനിയും ഉണ്ടാകാതിരിക്കാനും വർഷം മുഴുവൻ ജല ലഭ്യത ഉറപ്പാക്കാനുമായി ഒരു 10 MLD പ്ലാന്റിന് ഒരു തടയണ നിർമ്മിക്കുകയോ നദിയിലെ പ്രശ്നത്തിന് ശാശ്വത പരിഹാരമെന്ന നിലയിൽ ഒരു അണക്കെട്ട് നിർമ്മിക്കുകയോ ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. തിരുവനന്തപുരം ജില്ലയുടെ വടക്കുഭാഗത്തുള്ള പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ശുദ്ധജലം വിതരണം ചെയ്യുന്നതിനായി വാമനപുരം നദിയെയാണ് കേരള ജല വിതരണ അതോറിറ്റി മുഖ്യമായി

ആശ്രയിക്കുന്നത്. നിലവിൽ വാമനപുരം നദി സ്രോതസ്സായി പ്രവർത്തിക്കുന്ന 41 പദ്ധതികൾക്കായി 129.21 ദശലക്ഷം ലിറ്റർ ജലമാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ വാമനപുരം നദി സ്രോതസ്സായി മേൽപ്പടി പദ്ധതികൂടി വിഭാവനം ചെയ്ത് നടപ്പാക്കിവരുന്നു. അതിലേയ്ക്കായി പ്രതിദിനം 108.5 ദശലക്ഷം ലിറ്റർ ജലം ആവശ്യമാണ്. ആയതുപ്രകാരം വാമനപുരം നദിയിൽനിന്നും വിവിധ ശുദ്ധജല വിതരണ പദ്ധതികൾക്കായി പ്രതിദിനം 237.71 ദശലക്ഷം ലിറ്റർ ജലം ആവശ്യമാണ്. എന്നാൽ വേനൽ സമയത്ത് നദിയിൽ നിന്നുള്ള ജല ലഭ്യതയിൽ കുറവ് വരുന്നതുമൂലം വിവിധ പദ്ധതികളിൽ നിന്നുമുള്ള ജലവിതരണം പൂർണ്ണമായോ ഭാഗികമായോ തടസ്സപ്പെടാറുണ്ട്. വാമനപുരം നദിയിൽ നിലവിൽ ഡാം/റിസർവോയർ ഇല്ലാത്തത് വേനൽക്കാലത്ത് ജലലഭ്യത ക്രമീകരിക്കുന്നതിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്. വരൾച്ചാ സമയത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി വാമനപുരം നദിയിൽ വിവിധ സ്ഥലങ്ങളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കാറുണ്ട്. നിലവിൽ പൂവൻപാറയിൽ 1.5 മീറ്റർ ഉയരത്തിൽ ഒരു തടയണ നിർമ്മിച്ചിട്ടുണ്ട്. വാമനപുരം നദിയിലെ ജലനിരപ്പ് താഴുമ്പോൾ

അതിന് മുകളിലായി 1 മീറ്റർ ഉയരത്തിൽ താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. കൂടാതെ കാരേറ്റിൽ 1.2 മീറ്റർ പൊക്കത്തിൽ താൽക്കാലിക തടയണയും അരുവിപ്പുറത്ത് 1 മീറ്റർ പൊക്കത്തിൽ താൽക്കാലിക ബണ്ടും നിർമ്മിക്കാറുണ്ട്. സ്രോതസ്സുകളിലെ ജലലഭ്യത വർധിപ്പിക്കുന്നതിനായി സ്ഥിരം തടയണകൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി ജല അതോറിറ്റി കൊല്ലംപുഴ സുബ്രഹ്മണ്യൻ കോവിലിനടുത്തായി വാമനപുരം നദിക്ക് കുറുകെ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാമനപുരം നദിയിൽ അരുവിപ്പുറം പാലത്തിന് സമീപത്തായി ഒരു ചെക്ക് ഡാം പണിയുന്നതിന് ജൽജീവൻ മിഷനിൽ ഭരണാനുമതി നൽകുകയും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി ശേഖരിച്ച് വാമനപുരം നദിയിലെ ജലവിതരണ പദ്ധതികൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി ജലസേചന വകുപ്പും കേരള ജല അതോറിറ്റിയും സംയുക്തമായി സ്ഥലസന്ദർശനം നടത്തുകയും വാവുപുരയ്ക്ക് സമീപം എഴുപേർതനക്കയം പമ്പ് ഹൗസ്, ആനാകുടി, അയിലം, പൂഴവൂർ പുഴക്കടവ്, എന്നീ സ്ഥലങ്ങളിൽ

ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുകയും പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ലഭ്യമാകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

(7) കൈത്തറി സംഘങ്ങൾക്ക് നൂൽ ലഭ്യമാക്കൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, തകർച്ചയുടെ വക്കിലായിരുന്ന കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി ഒന്നാം പിണറായി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ 'കൈത്തറി സ്കൂൾ യൂണിഫാം' പദ്ധതി ആരംഭകാലയളവിൽ നല്ല രീതിയിൽ നടപ്പാക്കുകയും എല്ലാവരും പ്രശംസിക്കുകയും സഹകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ വളരെ പരിതാപകരമായ അവസ്ഥയാണുള്ളത്. തൊഴിലാളിയുടെ പ്രതിമാസ വേതനമായി പതിനയ്യായിരം രൂപ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ടി പദ്ധതി മുഖേന ഇപ്പോൾ പ്രതിദിനം 200-250 രൂപയായി പരിമിതപ്പെടുത്തിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പിൽനിന്നും 48 ലക്ഷം മീറ്റർ തുണികൾക്കുള്ള ഓർഡർ മാത്രമെ ലഭിക്കുന്നുള്ളൂ. പദ്ധതി വിഭാവനം

ചെയ്തതുപോലെ ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ 7-ാം ക്ലാസ്സ് വരെ സൗജന്യ യൂണിഫോം വിതരണം ചെയ്യുന്നതിന് 72 ലക്ഷം മീറ്റർ തുണി ആവശ്യമാണ്. ഇത്രയും മീറ്റർ തുണി നെയ്തെടുക്കാൻ സാധിച്ചാൽ തൊഴിലാളികൾക്ക് മുടക്കമില്ലാതെ ജോലിയും കൂലിയും ലഭിക്കുകയും പദ്ധതി പൂർണ്ണ രൂപത്തിൽ വിജയിപ്പിക്കാൻ സാധിക്കുകയും ചെയ്യുന്നതാണ്. ബഡ്ജറ്റിൽ വിഭാവനം ചെയ്തതുപോലെ ഇതിലേയ്ക്കായി 140 കോടി രൂപ നീക്കിവച്ചാൽ അത് പാവപ്പെട്ട കൈത്തറി, നെയ്ത്ത് തൊഴിലാളികൾക്ക് ജീവിത മാർഗ്ഗമാകുന്നതാണ്. അതിനാൽ പദ്ധതി നടപ്പിലാക്കുന്നതിന് 72 ലക്ഷം മീറ്റർ തുണി ഉൽപാദിപ്പിക്കുന്നതിന് ഉത്തരവ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് പല സംഘങ്ങളും പ്രവർത്തന മൂലധനമില്ലാതെ പ്രതിസന്ധിയിലാണ്. പുനർ വായ്പ സമ്പ്രദായം നടപ്പിലാക്കിയിട്ടുമില്ല. തിരുവനന്തപുരം ജില്ലയിൽ വലിയ തോതിലാണ് നൂലിന്റെയും മറ്റ് അസംസ്കൃത വസ്തുക്കളുടെയും ക്ഷാമംഅനുഭവപ്പെടുന്നത്. പരമ്പരാഗത ഉൽപ്പന്നങ്ങൾ നെയ്യുന്ന സംഘങ്ങൾ നേരിടുന്ന മറ്റൊരു വെല്ലുവിളി മൂലധനത്തിന്റെ അഭാവമാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ യോജിച്ച്

നടപ്പാക്കിയ പദ്ധതിയായിരുന്നു 'ആർ.ആർ.ആർ. പാക്കേജ്'. ഈ പദ്ധതി പ്രകാരം നാല് ശതമാനം പലിശനിരക്കിൽ നൽകിയിരുന്ന വായ്പ തിരുവനന്തപുരം ജില്ലയിലെ സംഘങ്ങൾക്ക് ലഭിച്ചിട്ടില്ല; ആയത് നൽകാൻ നടപടി സ്വീകരിക്കണം. കുറഞ്ഞ പലിശയായതുകൊണ്ടുതന്നെ സംഘങ്ങൾക്ക് ആശ്വാസമാകും. നിലവിൽ കൈത്തറി ഉൽപ്പന്നങ്ങളുടെ കളറിംഗ് പ്രോസസ്സിനുവേണ്ടി ഈറോഡിലാണ് കൊണ്ടുപോകുന്നത്. കളറിംഗ് പ്രോസസ്സിനാവശ്യമായ എല്ലാ സംവിധാനങ്ങളും ബാലരാമപുരത്ത് ഒരുക്കിയിട്ടുള്ള സാഹചര്യത്തിൽ അവിടെ ടി യൂണിറ്റിന്റെ പ്രവർത്തനമാരംഭിക്കുകയും തിരുവനന്തപുരം ജില്ലയിലെ കൈത്തറി മേഖലയെ ലാഭകരമാക്കാൻ സഹായിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗം നൂൽ വിതരണത്തിലുണ്ടാകുന്ന ക്ഷാമവുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചത്. 'കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി' പരിതാപകരമാണെന്ന പ്രസ്താവന ശരിയല്ല. കഴിഞ്ഞ

ഗവൺമെന്റിന്റെ സമയത്തുള്ള ടി പദ്ധതി ശരിയായ രൂപത്തിൽ തുടരുന്നുണ്ട്. അത് സമയബന്ധിതമായി സ്കൂൾ തുറക്കുന്നതിനുമുമ്പ് നമുക്ക് വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്നത് അഭിമാനകരമാണ്. കൂലി കൊടുക്കുന്നതിന് കുറച്ച് ബാക്കിയുണ്ടെന്ന് ചോദ്യോത്തര വേളയിൽതന്നെ ബഹു. അംഗം വ്യക്തമാക്കിയിരുന്നു. സർക്കാർ അത് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നൂലിന്റെ അളവ് തിട്ടപ്പെടുത്തി യാൺ പർച്ചേസേഴ്സ് കമ്മിറ്റികൂടി സ്പിന്നിംഗ് മില്ലുകൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. യാൺ ബാങ്കുകളിൽ ലഭിക്കുന്ന ഇൻഡന്റ് അനുസരിച്ച് സ്പിന്നിംഗ് മില്ലുകൾ യഥാസമയം നൂൽ തടസ്സം കൂടാതെ വിതരണം ചെയ്യുന്നുണ്ട്. 'കൈത്തറി യൂണിഫോം പദ്ധതിക്ക്' പുറമെ കൈത്തറി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മറ്റ് ഉൽപന്നങ്ങൾക്കാവശ്യമായ നൂൽ അതത് സംഘങ്ങൾ യാൺ ബാങ്കുകൾ മുഖേന നേരിട്ടാണ് വാങ്ങിവരുന്നത്. യാൺ ബാങ്കുകളുടെ നൂൽ ക്ഷാമം പരിഹരിക്കുന്നതിന് നാഷണൽ ഹാൻഡ്ലൂം ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും കേരളത്തിലെ സഹകരണ മേഖലയിലെ മില്ലുകളിൽനിന്നും ന്യായമായ വിലയ്ക്ക് നൂൽ സംഭരിക്കുന്നതിനുവേണ്ടി

ഒറ്റത്തവണ ധനസഹായമായി ഒരു കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതോടൊപ്പം അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിന് സബ്സിഡിയായി ഈ സാമ്പത്തിക വർഷം 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 52,99,637 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഹാന്റ്ക്സ്, ഹാൻവീവ് മറ്റ് 6 യാൺ ബാങ്കുകൾ എന്നിവയ്ക്ക് നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങി പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിന് പ്രവർത്തന മൂലധനമായി മാർജിൻമണി ലോൺ അനുവദിക്കുന്നതിന് 2023-24 സാമ്പത്തിക വർഷം 52.50 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഒന്നരക്കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നാടുകാണിയിലുള്ള കൈത്തറി ഗ്രാമത്തിലാണ് ഡൈയിംഗ് യൂണിറ്റിനാവശ്യമായ സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(8) ദേവികുളത്ത് ലൈഫ് ഫ്ലാറ്റ് സമുച്ചയം

ശ്രീ. എ. രാജ: സർ, ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ദേവികുളം താലൂക്കിലെ തോട്ടം മേഖലയിൽ വിവിധ പഞ്ചായത്തുകളിലെ

ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകണമെന്നതാണ് എന്റെ സബ്മിഷനിലെ ആവശ്യം. സർക്കാരിന്റെ അഭിമാന പദ്ധതിയായ ലൈഫ് മിഷൻ ഭവന പദ്ധതിയിലൂടെ എന്റെ നിയോജകമണ്ഡലത്തിൽ ഇപ്പോൾതന്നെ പതിനയ്യായിരത്തോളം ഗുണഭോക്താക്കളുണ്ട്. അതിൽ നാലായിരത്തി എണ്ണൂറോളം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ വീട് നിർമ്മിച്ചു നൽകുകയും ചെയ്തു. എന്നാൽ എന്റെ മണ്ഡലത്തിലുൾപ്പെട്ട തോട്ടം മേഖലയിലെ ചിന്നക്കനാൽ, ദേവികുളം, മൂന്നാർ, പള്ളിവാസൽ പഞ്ചായത്തുകളിൽ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളുടെ എണ്ണം വളരെ കൂടുതലാണ്. നിലവിൽ വീട് അനുവദിച്ചുകിട്ടിയവരുടെ എണ്ണം വളരെ കുറവാണ്. തോട്ടം മേഖലയായതിനാൽ കൂടുതൽ ഗുണഭോക്താക്കൾക്കും സ്വന്തമായി ഭൂമിയില്ല. ഗുണഭോക്താക്കളുടെ ലിസ്റ്റ് അടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ച് മുൻഗണന പ്രകാരം വീട് അനുവദിക്കുന്നതിന് പ്രധാന തടസ്സം സ്ഥലം കണ്ടെത്താത്തുകൊണ്ടുള്ള ബുദ്ധിമുട്ടാണ്. ഫ്ലാറ്റ് മോഡലിൽ വീട് നിർമ്മിക്കുകയാണെങ്കിൽ കൂടുതൽ കുടുംബങ്ങൾക്ക്

അതിന്റെ ഗുണം ലഭിക്കും. ആയതിനാൽ ഈ മാതൃകയിൽ വീട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, മൂന്നാർ ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ട 3509 ഭൂരഹിത ഭവനരഹിതരിൽ 97 ഗുണഭോക്താക്കൾക്കും ദേവികുളം ഗ്രാമപഞ്ചായത്തിലെ 3160 ഗുണഭോക്താക്കളിൽ 159 ഗുണഭോക്താക്കൾക്കും പള്ളിവാസൽ ഗ്രാമപഞ്ചായത്തിലെ 566 ഗുണഭോക്താക്കളിൽ 25 പേർക്കും ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമി ലഭ്യമായ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ തേയിലത്തോട്ടം മേഖലകളിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുകയെന്നത് ഏറെ ശ്രമകരമാണ്. ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്'' ക്യാമ്പയിനിലൂടെ ഭൂമി കണ്ടെത്തി ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ

ഉൾപ്പെട്ടിട്ടുള്ള തോട്ടം മേഖലയിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനുള്ള ഊർജ്ജിത ശ്രമവും വകുപ്പിന്റെ നേതൃത്വത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തോട്ടം മേഖലയിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരികയാണ്. തോട്ടം മേഖലയിലെ ഭൂരഹിത-ഭവനരഹിതരുടെ പുനരധിവാസത്തിനായി നിലവിൽ ലൈഫ് മിഷൻ മുഖേന ഭവന സമുച്ചയങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടില്ല. എന്നാൽ മൂന്നാർ, ദേവികുളം, പള്ളിവാസൽ എന്നീ ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ തോട്ടം മേഖലകളിൽ താമസിക്കുന്ന ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് തോട്ടം മേഖലയിൽതന്നെ ഭവനം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 03-12-2021, 07-01-2022 എന്നീ തീയതികളിൽ ബന്ധപ്പെട്ട വകുപ്പുകളുടെ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ തോട്ടം മേഖലകളിലെ തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി തോട്ടം ഉടമകളിൽനിന്നും ഭൂമി

സറണ്ടർ ചെയ്ത് ലഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ലേബർ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തോട്ടം മേഖലകളിലെ തൊഴിലാളി കുടുംബങ്ങളുടെ പുനരധിവാസം നിലവിൽ തൊഴിലും നൈപുണ്യവും വകുപ്പിന്റെ സഹകരണത്തോടെ ഉറപ്പാക്കുന്നതിന് സർക്കാർ സാധ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

(9) ചിറ്റാരി-കണ്ടിവാതുക്കൽ റോഡ് നിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: സർ, നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ വാണിമേൽ, ചെക്യാട് ഗ്രാമപഞ്ചായത്തുകളിലെ ചിറ്റാരി-കണ്ടിവാതുക്കൽ റോഡിന് ടൈബൽ വകുപ്പ് 2.42 കോടി രൂപ 2015-16 വാർഷിക പദ്ധതിയിൽപ്പെടുത്തി അനുവദിച്ചിരുന്നു. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഓഫ് കേരള എന്ന സ്ഥാപനത്തിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. തുടർ പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ തുക അനുവദിക്കുന്നതിനുവേണ്ടി ഈ സഭയിൽതന്നെ നാലോളം സബ്മിഷൻ ഉന്നയിച്ചിരുന്നു. 2019-ലും നിയമസഭയിൽ സബ്മിഷൻ

നൽകിയിരുന്നു. പ്രസ്തുത കോളനിയിലേയ്ക്ക് നിലവിൽ വാഹനങ്ങൾക്ക് മാത്രമല്ല കാൽനട യാത്രക്കാർക്കുപോലും യാത്രചെയ്യാൻ സാധിക്കാത്ത സ്ഥിതിയാണ്. ഉരുൾപൊട്ടൽ പോലുള്ള പ്രകൃതിദുരന്തങ്ങൾ ഇടയ്ക്കിടെ ഉണ്ടാകുന്ന ഈ പ്രദേശത്ത് രക്ഷാപ്രവർത്തനത്തിനും മറ്റും വാഹനങ്ങൾ എത്തിപ്പെടാനും സാധിക്കാത്ത സാഹചര്യമാണുള്ളത്. നിരന്തരമായ ഇടപെടലിന്റെ ഭാഗമായി നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക വകയിരുത്താൻ ടൈബൽ വകുപ്പ് പി.ഡബ്ല്യു.ഡി.-യോടും ലോക്കൽ ബോഡിയോടും എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് BM&BC നിലവാരത്തിലും എം.എസ്.എസ്. നിലവാരത്തിലുമുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. നാളുകളേറെയായ മേൽ വിഷയത്തിൽ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വാണിമേൽ, ചെക്ക്യാട്, ചിറ്റാരി കണ്ടിവാതുക്കൽ പട്ടികവർഗ്ഗ നഗറിലേയ്ക്കുള്ള റോഡിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്.

പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി നേരത്തെ 2.42 കോടി രൂപ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഇംപ്ലിമെന്റേഷനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് നേരത്തേ ചുമതലപ്പെടുത്തിയിരുന്നത്. അതുപ്രകാരം വർക്ക് ടെണ്ടർ ചെയ്തെങ്കിലും ഏറ്റെടുത്ത കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനോ ഏറ്റെടുത്ത് നടപ്പാക്കുന്നതിനോ തയ്യാറാകാതെ ഉപേക്ഷിച്ചുപോവുകയാണ് ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ വീണ്ടും പ്രസ്തുത റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിനായി പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാനായി പി.ഡബ്ല്യു.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമാക്കി അംഗീകാരം തേടിയശേഷം സ്റ്റേറ്റ്തല വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് ലഭ്യമാക്കുന്നമുറയ്ക്ക് അടിയന്തര പ്രാധാന്യത്തോടുകൂടി പ്രയോറിറ്റി കൊടുത്ത് ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. മറുപടിയുടെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.+

(10) വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ പ്രദേശങ്ങളിലെ വെള്ളക്കെട്ടും യാത്രാദുരിതവും

+ അനുബന്ധം 3(b)

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ : സർ, എന്റെ മണ്ഡലത്തിലെ NHAI-യുടെ വെങ്ങളം-രാമനാട്ടുകര റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കിവരികയാണ്. ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് പരിശോധിച്ചതിനാൽ മികച്ച രീതിയിലാണ് പ്രസ്തുത പ്രവൃത്തി ചെയ്തുവരുന്നത്. കോഴിക്കോട് ബാലുശ്ശേരി റോഡിൽ വേങ്ങേരി മേൽപ്പാലത്തിന്റെ പ്രവൃത്തി കഴിഞ്ഞ ഒന്നര വർഷമായി ചെയ്യാത്തതുകൊണ്ട് ടി റോഡ് അടച്ചിട്ടിരിക്കുന്നതിനാൽ വാഹനങ്ങളെല്ലാം മാളിക്കടവ്-തണ്ണീർപ്പന്തൽ റോഡ് വഴിയാണ് പോകുന്നത്. ഹെവി വാഹനങ്ങളുടെ സഞ്ചാരം കാരണം കക്കുഴി, തണ്ണീർപ്പന്തൽ, മാളിക്കടവ് റോഡ് മഴയത്ത് പൊട്ടിപ്പൊളിഞ്ഞ സ്ഥിതിയിലാണ്. മാളിക്കടവ് എം.എസ്.എസ്. സ്കൂൾ, ഐ.ടി.ഐ. എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. റോഡ് പൊട്ടിപൊളിഞ്ഞതുകൊണ്ട് അപകടങ്ങൾ വർധിച്ചുവരികയാണ്. റോഡ് പുതുക്കിപ്പണിയുന്നതിന് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേക താൽപ്പര്യമെടുത്ത് 53 ലക്ഷം രൂപയും 25 ലക്ഷം രൂപയും അനുവദിച്ചിരുന്നു. എന്നാൽ ഈ റോഡിന്റെ പ്രവൃത്തി പകുതി ഭാഗം മാത്രം പൂർത്തീകരിച്ച് ബാക്കി

പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്. ഗുജറാത്തിൽനിന്നും കൊണ്ടുവന്ന പൈപ്പ് ലൈൻ പുനഃസ്ഥാപിക്കാത്തതാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് തടസ്സമായി പറയുന്നത്. രണ്ട് പ്രധാനപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്ക് അതുവഴി സഞ്ചരിക്കാൻ സാധിക്കാത്ത അവസ്ഥയും നിലനിൽക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി ടി റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മിച്ച ഏറ്റവും പ്രധാനപ്പെട്ട റോഡായ കോട്ടൂളി നേതാജി റോഡ് മുറിച്ചുകൊണ്ടാണ് ഈ റോഡ് കടന്നുപോകുന്നത്. അതിനാൽ അവിടെ ഒരു മേൽപ്പാലമെങ്കിലും നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. പാച്ചാക്കിൽ റോഡിന്റെ വശത്തുള്ള വലിയ തോതിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി ഡ്രെയിൻ നിർമ്മിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചുചേർത്ത് ടി പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ദേശീയ പാത NH-66 നിർമ്മാണവുമായി ബന്ധപ്പെട്ട്

വേങ്ങേരി, കോട്ടൂളി, പാച്ചാക്കിൽ തുടങ്ങിയ പ്രദേശങ്ങളിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ് ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ ഉന്നയിച്ചത്. ഈ വിഷയത്തെക്കുറിച്ച് നേരിട്ട് അറിയാവുന്നതും നിരവധി തവണ ഇടപെട്ടിട്ടുള്ളതുമാണ്. വേങ്ങേരി ജംഗ്ഷൻ വരുന്ന സ്ഥലത്താണ് പ്രധാനപ്പെട്ട പ്രശ്നം നിലനിൽക്കുന്നത്. ബാലുശ്ശേരിയിൽനിന്നുള്ള സംസ്ഥാനപാത ദേശീയപാത-66-മായി സംഗമിക്കുന്ന സ്ഥലമാണ് വേങ്ങേരി ജംഗ്ഷൻ. ദേശീയപാത അതോറിറ്റി ഇവിടെ ഒരു ഓവർപാസാണ് നിർമ്മിക്കേണ്ടത്. ഇതുമൂലം ഒരു വർഷത്തോളമായി ഇവിടെ ക്രോസ് മൂവ്മെന്റ് തടസ്സപ്പെട്ടുകിടക്കുകയാണ്. വലതുഭാഗത്തെ ഓവർപാസിന്റെ നിർമ്മാണം ജനുവരിയിൽ പൂർത്തീകരിച്ചു. എന്നാൽ ഇടതുഭാഗത്ത് വാട്ടർ അതോറിറ്റി യൂട്ടിലിറ്റി ഷിഫ്റ്റിംഗുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കാൻ തടസ്സമുണ്ടായി. അന്ന് ആ വിഷയത്തിൽ പ്രശ്നപരിഹാരത്തിനായി ഇടപെടുകയും തുടർന്ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തു. നിലവിൽ യൂട്ടിലിറ്റി ഷിഫ്റ്റിംഗും ഓവർപാസ് നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. മഴ കാരണം ചില തടസ്സങ്ങൾ നേരിടുന്നുവെന്നാണ്

മനസ്സിലാക്കുന്നത്. ജനങ്ങളുടെ ദുരിതം അവസാനിക്കണമെങ്കിൽ ഓവർപാസിന്റെ നിർമ്മാണം പൂർത്തിയാക്കേണ്ടതുണ്ട്. കാലാവസ്ഥ അനുകൂലമായാൽ സെപ്റ്റംബർ മാസത്തോടെ ഓവർപാസിന്റെ നിർമ്മാണം പൂർത്തിയാക്കാനാകുമെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിരിക്കുന്നത്. കോട്ടുളിയിലും പാച്ചാക്കിലിലും വെള്ളക്കെട്ടാണ് പ്രധാന പ്രശ്നമായി ഉയർന്നുവന്നിരിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കാനും വെള്ളത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന മാലിന്യങ്ങളടക്കം നീക്കം ചെയ്യാനും ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിരുന്നു. പാച്ചാക്കിൽ ഭാഗത്ത് റോഡിന്റെ ഇടതുഭാഗത്തുനിന്നും വലതുഭാഗത്തേയ്ക്ക് ഒഴുക്ക് സുഗമമാക്കാൻ ദേശീയപാതയ്ക്ക് കുറുകെ ബാലൻസിംഗ് കൾവർട്ടുകൾ നിർമ്മിക്കുമെന്ന് NHAI അറിയിച്ചിട്ടുണ്ട്. മലാപ്പറം മുതൽ തൊണ്ടയാട് വരെ ദേശീയപാത 66-ൽ ഇത്തരം 8 കൾവർട്ടുകളുണ്ട്. അതിൽ രണ്ടെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. ആറെണ്ണത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നുവെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. കഴിഞ്ഞദിവസം കോഴിക്കോട് ജില്ലാ വികസന സമിതി യോഗം ചേർന്ന്

ഇതുൾപ്പെടെയുള്ള വിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യണമെന്ന ആശയം മുന്നോട്ടുവച്ചിരുന്നു. നിർമ്മാണ സമയത്തുണ്ടാകുന്ന ഇത്തരം വെള്ളക്കെട്ടുൾപ്പെടെയുള്ള വിഷയങ്ങൾക്ക് പരിഹാരം കാണണമെന്ന തീരുമാനത്തിന്റെ ഭാഗമായി ഡെപ്യൂട്ടി കളക്ടറെ നോഡൽ ഓഫീസറായി നിശ്ചയിക്കുകയും ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള അവലോകന യോഗം ഉടൻ ചേരാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഈ അവലോകന യോഗത്തിൽ പ്രസ്തുത പ്രശ്നം പ്രത്യേകമായി ഫോളോഅപ് നടത്തുന്നതാണ്. ഇക്കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട അത്തൂർ അംഗം ശ്രീമതി ദെലീമ അത്തൂർ-തുറവൂർ എൻ.എച്ച്.-66-മായി ബന്ധപ്പെട്ട് ഒരു വിഷയം ഉന്നയിച്ചിരുന്നു. കെ.എസ്.ആർ.ടി.സി. കുഴിയിൽ വീഴുന്ന ഒരു ചിത്രത്തെക്കുറിച്ച് സൂചിപ്പിച്ചു. കേന്ദ്ര സർക്കാരിനെ നയിക്കുന്ന രാഷ്ട്രീയ പാർട്ടിയുടെ ഒരു ദേശീയ നേതാവ് 'കേരളത്തിലെ റോഡുകളിതാണ്' എന്നുപറഞ്ഞ് പരിഹസിച്ചുകൊണ്ടുള്ള ചിത്രമായിരുന്നു അത്. പൊതുവെ പി.ഡബ്ല്യു.ഡി.-യുമായി ഒരു ബന്ധവുമില്ലാത്ത റോഡുകളെ പി.ഡബ്ല്യു.ഡി.-യുടേതാണെന്ന്

വരുത്തിത്തീർത്ത് ഉത്തരവാദിത്വപ്പെട്ട ദൃശ്യ-അച്ചടി മാധ്യമങ്ങൾ തെറ്റായ വാർത്ത നൽകുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്. സ്മാർട്ട് സിറ്റി റോഡുമായി ബന്ധപ്പെട്ടും ഇതുപോലൊരു വാർത്ത വന്നിരുന്നു. ഗതാഗത യോഗ്യമാക്കുമെന്നുള്ള ഉറപ്പാണ് സർക്കാർ നൽകിയത്. ആ റോഡ് ഗതാഗത യോഗ്യമാക്കി. എന്നാൽ സ്മാർട്ട് സിറ്റി റോഡ് ഗതാഗത യോഗ്യമാക്കൽ മാത്രമല്ല ചെയ്യേണ്ടത്; അവിടെ കൾവർട്ട് വേണം, ഡക്ട് വേണം, മറ്റ് പലതും വേണം. അതിന്റെ പ്രവൃത്തി നടക്കുമ്പോൾ പറഞ്ഞ വാക്ക് പാലിച്ചില്ലെന്ന നിലയിൽ വാർത്ത കൊടുക്കുന്ന സ്ഥിതിയാണുള്ളത്. ഗതാഗത യോഗ്യമാക്കി പറഞ്ഞ വാക്ക് പാലിച്ച് മുന്നോട്ടുപോയിട്ടും ഇങ്ങനെ തെറ്റിദ്ധാരണ പരത്തുന്ന നിലയാണ് സ്വീകരിക്കുന്നത്. ഇത് പൊതുവെ നാടിന് എത്രത്തോളം ഹാനികരമാണെന്നത് ചർച്ച ചെയ്യപ്പെടണം. എൻ.എച്ച്.-66-മായി ബന്ധപ്പെട്ട ഇതുപോലുള്ള എല്ലാ വിഷയങ്ങളും പരിശോധിക്കാൻ സംസ്ഥാനതലത്തിൽ ഒരു യോഗം വിളിച്ചുചേർക്കുന്നതാണെന്ന് ഈ സഭയെ അറിയിക്കുകയാണ്.

[11.53 AM]

VI. ധനകാര്യം

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXI - മൃഗസംരക്ഷണം

ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

ധനാഭ്യർത്ഥന നമ്പർ XXXIV - വനം

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	ബജറ്റ് എസ്റ്റിമേറ്റ് 2024-25				
		15-02-2024-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക		
		റവന്യൂ (₹)	മൂലധനം (₹)	റവന്യൂ (₹)	മൂലധനം (₹)	ആകെ (₹)
(1)	(2)	(3)	(4)	(5)	(6)	(7)
XXXI	മൃഗസംരക്ഷണം	316,05,95,000	6,78,33,000	632,11,90,000	13,56,67,000	645,68,57,000
XXXII	ക്ഷീരവികസനം	56,04,53,000	10,23,33,000	112,09,06,000	20,46,67,000	132,55,73,000
XXXIV	വനം	248,75,96,000	31,93,34,000	497,51,93,000	63,86,68,000	561,38,61,000

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം

എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇനിപ്പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXI – മൃഗസംരക്ഷണം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പക്ഷിപ്പനി, പന്നിപ്പനി തുടങ്ങിയ രോഗങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിൽ റാഗിംഗ് നടക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകർക്ക് മിതമായ വിലയിൽ ഗുണമേന്മയുള്ള കന്നുകാലിത്തീറ്റകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരഗ്രാമ പദ്ധതി

വ്യാപിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ മൃഗാശുപത്രികളിൽ തെരുവു നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനും വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജീവനോപാധികൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനും വേണ്ടി പദ്ധതികൾ നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി

നടപ്പാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പക്ഷിപ്പനി പ്രതിരോധിക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവുമൂലം കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പശുക്കൾക്ക് നൽകുന്ന തീറ്റയിലൂടെ പാലിൽ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്ന അഫ്ലാടോക്സിൻ കലരുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കന്നുകാലികൾക്ക് വീട്ടുപടിക്കൽ ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ ക്ഷീരവികസന ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 645,68,57,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീമതി കെ. കെ. രമ

4. ശ്രീ. എൻ. ഷംസുദ്ദീൻ

5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

6. ശ്രീ. കുറുക്കോളി മൊയ്തീൻ

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. പി. ഉബൈദുള്ള

9. ശ്രീ. ടി. വി. ഇബ്രാഹിം

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. സണ്ണി ജോസഫ്

12. ശ്രീ. റോജി എം. ജോൺ

13. ശ്രീ. സജീവ് ജോസഫ്

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. സനീഷ്കുമാർ ജോസഫ്

ധനാഭ്യർത്ഥന നമ്പർ XXXII – ക്ഷീരവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന പാലിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനും ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ എല്ലാ തീറ്റവസ്തുക്കൾക്കും വില വർദ്ധിച്ചതായും അങ്ങനെയുള്ള സാഹചര്യത്തിലും ഇൻഷുറൻസ് തുകയിൽ വർദ്ധനവ് വരുത്തി കർഷകരെ പ്രതിസന്ധിയിലാക്കിയതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നാടൻ ഇനം പശുക്കളുടെ സംരക്ഷണത്തിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരകർഷക ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർദ്ധനവ് തടയാൻ ഫലപ്രദമായ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിൽ വീഴ്ച

വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനംമൂലം പ്രതിസന്ധിയിലായ ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ക്ഷീരമേഖലയിലെ സംരംഭകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ കാരണങ്ങളാൽ പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിനും പദ്ധതികൾ

ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽ ഉൽപ്പാദിപ്പിച്ച് കേരളത്തിൽ വിൽക്കുന്ന പാക്കറ്റ് പാലിന്റെയും പാൽ ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനത്തുനിന്ന് വരുന്ന പാൽ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനും അല്ലാത്തവ അതിർത്തിയിൽത്തന്നെ തടയാനും നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച കവറിൽ ടോൺഡ് മിൽക് വിൽക്കാൻ പാടില്ല എന്ന വ്യവസ്ഥ നിലനിൽക്കേ, ടോൺഡ് മിൽക് നിറയ്ക്കേണ്ട നീലക്കവറുകളിൽ സ്റ്റാൻഡേർഡ് മിൽക് എന്ന് അച്ചടിച്ച് മിൽമ പാൽ വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മിൽമയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകളിൽ അന്വേഷണം നടത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ :

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 132,55,73,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീമതി കെ. കെ. രമ
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. എൻ. ഷംസുദ്ദീൻ
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. നജീബ് കാന്തപുരം
8. ശ്രീ. കുറുക്കോളി മൊയ്തീൻ
9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. എ. പി. അനിൽ കുമാർ

13. ശ്രീ. അൻവർ സാദത്ത്

14. ഡോ. മാത്യു കുഴൽനാടൻ

15. ശ്രീ. സണ്ണി ജോസഫ്

16. ശ്രീ. സനീഷ്കുമാർ ജോസഫ്

17. ശ്രീ. ചാണ്ടി ഉമ്മൻ

18. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

19. ശ്രീ. പി. സി. വിഷ്ണുനാഥ്

ധനാഭ്യർത്ഥന നമ്പർ XXXIV – വനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ:

ശ്രീ. അനൂപ് ജേക്കബ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനമേഖല സംരക്ഷിക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വർദ്ധിച്ചുവരുന്ന വന്യമൃഗശല്യം തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ ഫലപ്രദമായ നടപടികൾ

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും പരിക്കേൽക്കുന്നവർക്കും അർഹമായ നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊടിക്കുത്തിമല ഇക്കോടൂറിസം പദ്ധതി നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണങ്ങളിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാട്ടുതീ തടയുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള അടിയന്തര നടപടികൾ

സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചാലിയാർ പുഴയിൽ തുടർച്ചയായി ഉണ്ടാകുന്ന നീർനായ ശല്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനഭ്രമിയോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങളിലെ യൂക്കാലി, അക്കേഷ്യ അടക്കമുള്ള മരങ്ങൾ കൂടുതൽ ജലം വലിച്ചെടുക്കുന്നതുമൂലം വനത്തിനുള്ളിൽ ജലദൗർലഭ്യം ഉണ്ടാകുന്നത് പരിഹരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി അക്രമണങ്ങൾക്കിരയായവർക്ക് അർഹമായ നഷ്ടപരിഹാരത്തുക ഉയർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി ആക്രമണം തടയാനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവി അക്രമണങ്ങൾക്ക് ഇരയായവർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക കുടിശ്ശിക തീർത്ത് വിതരണം ചെയ്യണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജനവാസ മേഖലകളിലെ വന്യജീവി അക്രമണങ്ങൾ ഫലപ്രദമായി പ്രതിരോധിക്കാൻ, ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കേന്ദ്ര വനം-വന്യജീവി നിയമം പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വന്യജീവികൾ കൃഷിനശിപ്പിക്കുകയും വളർത്തുമൃഗങ്ങളെ കൊന്നൊടുക്കുകയും ചെയ്യുന്നത് പ്രതിരോധിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിന്റെ കീഴിലെ വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ് : സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനം വകുപ്പിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുടേയും അസി. കൺസർവേറ്റർമാരുടേയും സ്ഥലംമാറ്റത്തിനായി

കോഴ ഇടപാട് നടന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ:

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപയിൽ 10,00,000 രൂപ കുറവുചെയ്യേണ്ടതാണ് . (വനങ്ങളിൽനിന്നും ഘട്ടം ഘട്ടമായി യൂക്കാലിപ്റ്റസ് , അക്കേഷ്യ മരങ്ങൾ ഒഴിവാക്കാൻ 2021-ലെ ഇക്കോ റിസ്റ്റോറേഷൻ പോളിസി നിർദ്ദേശിച്ചിരിക്കുന്ന സാഹചര്യത്തിൽ, വനം വകുപ്പിന്റെ കീഴിലുള്ള കെ.എഫ്.ഡി.സി. തോട്ടങ്ങളിൽ അതേ ഇനങ്ങളിൽപ്പെട്ട മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ:

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 561,38,61,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ്

ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. അനൂപ് ജേക്കബ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീമതി കെ. കെ. രമ

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

6. ശ്രീ. എൻ. ഷംസുദ്ദീൻ

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. കുറുക്കോളി മൊയ്തീൻ

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, 2024-25 സാമ്പത്തികവർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. രണ്ടാം പിണറായി ഗവൺമെന്റ് വന്നതിനുശേഷം ബഫർ സോൺ വിഷയത്തെക്കുറിച്ച് വലിയ തോതിലുള്ള ആശങ്ക ഉയർന്നിരുന്നു. ബഫർ സോണിന്റെ പേരിൽ കേരളത്തിലെ മലയോര മേഖലയിലെ പതിനായിരക്കണക്കിന് ആളുകളാണ് ആശങ്കയോടെ സമരരംഗത്ത് അണിനിരന്നത്. ജനവാസ മേഖലയിൽ പുതിയ നിർമ്മിതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് നിരവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച സുപ്രീംകോടതി വിധി വേഗത്തിൽ നടപ്പാക്കാതെ ജനവികാരത്തോടൊപ്പംനിന്നുകൊണ്ട് സമയബന്ധിതമായി സർക്കാർ നടപടി സ്വീകരിച്ചതിലൂടെ ജനങ്ങളുടെ ആശങ്ക ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത വിധി പ്രകാരമുള്ള നിയന്ത്രണങ്ങൾ നീക്കിക്കൊണ്ടുള്ള പുതിയ കോടതി വിധി നേടിയെടുക്കാൻ സർക്കാരിനും വനം വകുപ്പിനും സാധിച്ചത് അഭിമാനകരമായ നേട്ടമാണ്. വിവിധ നിർമ്മിതികളുടെ എണ്ണം, സ്ഥല പരിശോധന നടത്തിക്കൊണ്ട് കേരളത്തിലെ ജനസാന്ദ്രത എന്നിവ

ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ധരിപ്പിച്ചതിലൂടെ ഇത്തരം നടപടികളിൽ ജനങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ സാധിച്ചുവെന്ന് മാത്രമല്ല, കർശന നിയന്ത്രണങ്ങളിൽ ഇളവുവരുത്തി, ആയത് ക്വാറികൾക്കും ഖനികൾക്കും വൻകിട വ്യവസായങ്ങൾക്കും മാത്രമായിരിക്കുമെന്നും വ്യക്തമാക്കുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിലപാടുകൾ അംഗീകരിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി സർക്കാരിന് എടുത്തുപറയാവുന്ന ഒരു വലിയ നേട്ടമാണ്. ഇതുവഴി ഇരുപത് വർഷത്തിലധികമായുള്ള ജനങ്ങളുടെ പരാതികൾക്കും ബഫർ സോൺ വിഷയത്തിനും പരിഹാരം കണ്ടെത്താനും കേരളത്തിലെ സർക്കാരിന് സാധിച്ചു. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിൽപ്പെട്ട 782 കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ട് വർഷത്തെ സർക്കാരിന്റെ ഭരണ കാലയളവിൽ നവകിരണം പദ്ധതി മുഖേന 95 കോടി രൂപ അനുവദിച്ച് പുനരധിവാസത്തിന് സാഹചര്യമൊരുക്കി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ
ശ്രീ. ജി. എസ്. ജയലാൽ]

മലയോര മേഖലകളിൽ കൃഷി വ്യാപകമായി നശിപ്പിക്കുന്ന കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശസ്വയംഭരണ

സ്ഥാപന അദ്ധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നൽകിയിരുന്നു. എന്നാൽ അതിന്റെ കാലാവധി കഴിഞ്ഞിരിക്കുന്നുവെന്നും കാലാവധി നീട്ടിയില്ലെങ്കിൽ കൂടുതൽ അപകടകരമായ സ്ഥിതിയിലേയ്ക്ക് മാറുമെന്നും വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വനാശ്രിതരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചു. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി മേഖലയിൽനിന്നും എട്ട് പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. വന മേഖലയിൽ താമസിക്കുന്നവരുടെ പട്ടയം, വനാവകാശ നിയമപ്രകാരമുള്ള കൈവശരേഖ എന്നിവ നൽകുന്നതിന്റെ പ്രവർത്തനം കൂടുതൽ ത്വരിതപ്പെടുത്തണം. വനസൗഹൃദ സദസ്സിലൂടെ പാവപ്പെട്ടവർക്ക് നൽകിയ സഹായം കേരളത്തിൽ നാളിതുവരെ നടത്തിയതിൽവച്ച് ഏറ്റവും മാതൃകാപരമായ പ്രവർത്തനമാണ്. കേരളത്തിലെ ആദരണീയനായ മുഖ്യമന്ത്രി മാനന്തവാടിയിൽ ഉദ്ഘാടനം ചെയ്ത് ആരംഭിച്ച് 51 നിയമസഭാ നിയോജകമണ്ഡലങ്ങളിലുമെത്തിച്ചേർന്ന

വനസൗഹൃദ സദസ്സ് വമ്പിച്ച വിജയം കൈവരിച്ചതുവഴി പാവപ്പെട്ട ആദിവാസികൾക്ക് നിരവധി ആനുകൂല്യങ്ങൾ നൽകാൻ സാധിച്ചു. കുളത്തുപ്പുഴ ഫോറസ്റ്റ് മ്യൂസിയം ഞാൻ സന്ദർശിച്ചിരുന്നു. മൂന്ന് ഏക്കർ സ്ഥലത്ത് മനോഹരമായ ഒരു റിസർച്ച് സെന്റർ നിർമ്മാണം പൂർത്തിയാക്കി നാച്വറൽ ഹിസ്റ്ററി മ്യൂസിയമായി പരിണമിപ്പിച്ചത് സർക്കാരിന്റെ ഏറ്റവും വലിയ വികസന പ്രവർത്തനങ്ങളിലൊന്നാണ്. തേനീച്ചയുടെ ഉപദ്രവത്താൽ പരിക്കേൽക്കുന്ന ആദിവാസികൾക്ക് നൽകുന്ന നഷ്ടപരിഹാര തുക രണ്ട് ലക്ഷം രൂപയിൽനിന്ന് പത്ത് ലക്ഷം രൂപയാക്കി ഉയർത്താൻ തീരുമാനിച്ചതും വലിയൊരു സഹായമായിരിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഫയർ കൺട്രോൾ റൂം ആരംഭിച്ച് കാട്ടുതീ തടയാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർഡാമിൽ ഫയർ ഫോഴ്സിന്റെ ഒരു ഓഫീസുണ്ടെങ്കിലും അവർക്ക് സ്വന്തമായി കെട്ടിടമില്ല; പക്ഷെ സ്ഥലമുണ്ട്. കാട്ടുതീ ഉണ്ടാകാൻ സാധ്യതയുള്ള വനമേഖലയാണിത്. അവിടെ കെട്ടിടം അനുവദിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടി

സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോട്ടൂർ ആന പുനരധിവാസ കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ച് ഉൽഘാടന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. നിയമസഭാ സാമാജികർ എല്ലാവരും പോയി കാണേണ്ട സ്ഥലമാണത്. മനോഹരവും നൂതനവുമായ കാഴ്ചകളാണ് അവിടെയുള്ളത്. ആനകളുടെ പുനരധിവാസത്തിനും കൂട്ടിയാനകളെ വളർത്തുന്നതിനുംവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ കേരളത്തെ അതിശയിപ്പിക്കുന്നതാണ്. ഇപ്പോൾ വിദേശ രാജ്യങ്ങളിൽ നിന്നുപോലും റിസർച്ച് ഫെല്ലോസ് അവിടം സന്ദർശിക്കുന്നുണ്ട്. അവിടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇനി അത് പൂർത്തീകരിച്ച് ഉൽഘാടനം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കണം. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസികൾ നിർമ്മിക്കുന്ന വസ്തുവകകൾ വനശ്രീ വിപണന കേന്ദ്രങ്ങൾ മുഖേന വില്പന നടത്താവുന്നതാണ്. അമ്പൂരി പഞ്ചായത്ത് പന്ത്രണ്ട് ഉന്നതികളുള്ള ഒരു പ്രദേശമാണ്. മറ്റ് പേരുകൾ പറയാൻ കഴിയാത്തതുകൊണ്ടാണ് 'ഉന്നതി' എന്ന് സൂചിപ്പിക്കുന്നത്. അവിടെ നിന്നുള്ള ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി അമ്പൂരി കേന്ദ്രീകരിച്ച് ഒരു വിപണന കേന്ദ്രം

നടപ്പാക്കുന്നതിനായി വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോഴിക്കോട് ജില്ലയിൽ ടൈഗർ സഫാരി പാർക്കുണ്ട്. പക്ഷെ നെയ്യാർഡാമിൽ നിലവിലുണ്ടായിരുന്ന ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം ആരംഭിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പല സന്ദർഭങ്ങളിലും നിയമസഭയിൽ സബ്മിഷനായും ശ്രദ്ധക്ഷണിക്കലായും ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. അതിനുള്ള തടസ്സം കേന്ദ്രഗവൺമെന്റിന്റെ ഇടപെടലാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അടിയന്തരമായി ലയൺ സഫാരി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കണം. ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽ ഉണ്ടായിരുന്ന സംവിധാനം നഷ്ടപ്പെടുക എന്നുപറയുന്നത് അപമാനകരമാണ്. അടിയന്തര ഇടപെടൽ നടത്തി പാർക്കിന്റെ പ്രവർത്തനം പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂളുകളിൽ അഞ്ചോ പത്തോ സെന്റിനുള്ളിൽ മാതൃകാവനം നിർമ്മിക്കുന്നതാണ് ഏറ്റവും മനോഹരവും മാതൃകാപരവുമായ 'വിദ്യാവനം' പദ്ധതി. നഗരവനം പദ്ധതിയും അതുപോലെതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രിയും ഞാനും വനം വകുപ്പിലെ ഉദ്യോഗസ്ഥരും കമ്മിറ്റിയുടെ ഭാഗമായി മറ്റ് എം.എൽ.എ.-

മാരുമായി മഹാരാഷ്ട്ര സന്ദർശിക്കുന്ന അവസരത്തിൽ, മുംബൈയ്ക്ക് അടുത്ത് പൂനെയിൽ പത്തിരുപത് സെന്റ് സ്ഥലത്ത് നിർമ്മിച്ച നഗരവനം കാണാനിടയായി. കേരളത്തിലും നിരവധി കേന്ദ്രങ്ങളിൽ നഗരവനം നിർമ്മിക്കാനും മെച്ചപ്പെട്ട രീതിയിൽ പരിപാലിക്കാനും കഴിയണം. അതൊരു മാതൃകയായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഗ്രാമീണ മേഖലയിലെ പരിസ്ഥിതി സന്തുലനാവസ്ഥയ്ക്ക് കാവുകളും കാടുകളും കുളങ്ങളും സംരക്ഷിക്കുക അനിവാര്യമാണ്. കാവുകളുടെയും അതിനോടനുബന്ധിച്ചുള്ള കുളങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിക്കുകയും ബഡ്ജറ്റിൽ കൂടുതൽ തുക ഉൾപ്പെടുത്തുകയും വേണം. കാവുകളുടെ സംരക്ഷണത്തിനുവേണ്ടി ധനസഹായം നൽകുന്ന പദ്ധതികൾ ആവശ്യമാണ്. ഇതുവഴി ഗ്രാമീണ മേഖലയിലുണ്ടാകുന്ന മാറ്റം ചെറുതായിരിക്കില്ല. പ്രത്യേകിച്ച് പരിസ്ഥിതിയുടെ സന്തുലനം ഉറപ്പാക്കുന്നതിനായി കാവുകളുടെ സംരക്ഷണം ഏറ്റവും അനിവാര്യമായ കാര്യമാണ്. നമുക്ക് 30 ശതമാനം വനമേഖലയാണ് ഉണ്ടായിരുന്നത്. ഇക്കഴിഞ്ഞ ഏഴെട്ട് വർഷത്തിനിടയിൽ, പ്രത്യേകിച്ച് പിണറായി സർക്കാർ

വന്നതിനുശേഷം രണ്ട് ഘട്ടങ്ങളിലായി ഏകദേശം 15000 ഹെക്ടർ ഭൂമി കൂടി വനമേഖലയിലേയ്ക്ക് ചേർക്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വനമേഖലയുണ്ടെന്ന് പറയുന്ന സംസ്ഥാനങ്ങളിൽ വന മേഖല കുറഞ്ഞുവരുമ്പോൾ, കേരളത്തിൽ വന മേഖല വർധിക്കുന്നുവെന്നത് ഒരു നേട്ടമാണ്. ഇതുവഴി നമുക്ക് വനങ്ങളുടെ അനിവാര്യത ബോധ്യപ്പെടുത്താൻ കഴിയും. ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്താണ് വന മേഖല കൂടുതൽ വിപുലപ്പെടുത്തുന്നത് എന്നതാണ് പ്രത്യേകത. കേരളം കാർഷിക സമ്പദ്ഘടനയോട് ആഭിമുഖ്യമുള്ള ഒരു സംസ്ഥാനമാണ്. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തോടൊപ്പം മൃഗസംരക്ഷണം വഴിയും ഉരുക്കൾ വഴിയും ലഭിക്കുന്ന വരുമാനവുംകൂടി അതിൽ ഉൾക്കൊള്ളിക്കുന്നു. കാർഷിക വരുമാനത്തിന്റെ ഏകദേശം 21 ശതമാനത്തോളം ഉരുക്കളിൽനിന്നും ലഭിക്കുന്ന സംസ്ഥാനമാണ് കേരളം. പാലുല്പാദനത്തിൽ നിന്നായാലും ഇറച്ചി വില്പനയിൽ നിന്നായാലും മറ്റുപല നിലയിലുള്ള വരുമാനം വഴിയായാലും ആ രംഗത്ത് കഴിഞ്ഞ 3 വർഷമായി വലിയ നേട്ടമാണുണ്ടായത്. മനുഷ്യർ എന്നതുപോലെ തന്നെ

ജീവജാലങ്ങളുടെയും എണ്ണം വർധിച്ചുവരികയാണ്. മനുഷ്യർക്ക് ആവശ്യമായ വിവിധ ചികിത്സാ സൗകര്യങ്ങൾ ഗ്രാമീണതലങ്ങളിൽവരെ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മനുഷ്യർക്കെന്നതുപോലെ ഉരുക്കൾക്കും ആവശ്യമായ സംരക്ഷണവും ചികിത്സാ സൗകര്യവും ഗ്രാമീണമേഖലയിൽ എത്തിക്കാൻ നമുക്ക് കഴിയണം. എന്റെ നിയോജകമണ്ഡലത്തിൽ ഒരു വലിയ Goat Farm ഉണ്ട്. സെന്റർ ഓഫ് എക്സലൻസിൽ ഉൾപ്പെടുത്തിയ ടി ആടുവളർത്തൽ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിക്കാൻ ഒരു കോടി നാൽപ്പത് ലക്ഷം രൂപ കൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആയിരം മലബാറി ആടുകളെ വളർത്താൻ കഴിയുന്ന ഒരു കേന്ദ്രമായി അതിനെ ഉയർത്താൻ സാധിക്കും. അത് കേരളത്തിനൊരു മാതൃകയാണ്. Dairy college-നുവേണ്ടി ആഭ്യന്തര വകുപ്പിന് കീഴിൽ നെയ്യാർഡാമിൽ ഏറ്റെടുത്ത പതിനാറ് ഏക്കറോളം സ്ഥലത്ത് അത് നിർമ്മിക്കാനും പുൽകൃഷി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

കഴിഞ്ഞ ഏതാനും ദിവസങ്ങളായി ഇവിടെ രാഷ്ട്രീയ ഡിബേറ്റാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ

പരാജയപ്പെട്ടതുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാവരും സൂചിപ്പിക്കുന്നുണ്ട്. വിമർശനം ഉന്നയിക്കുന്നവരോട് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത് ഒരു കവി വചനമാണ്, 'പട്ടിണിയെക്കാൾ മറ്റൊരു ആർത്തിയും ഇല്ലല്ലോ' . കേരളത്തിന്റെ വികസന പ്രക്രിയയിൽ പട്ടിണി മാറ്റാൻ വേണ്ടിയുള്ള അടിസ്ഥാന സൗകര്യം ഒരുക്കൽ ആയിരുന്നു പിണറായി സർക്കാർ ചെയ്തത്. പക്ഷെ അത് ഈ ഗവൺമെന്റിനെതിരെ യു.ഡി.എഫ്. തിരിച്ചുവിടുകയാണ്. ഇടതുപക്ഷം മണ്ണൊരുക്കും യു.ഡി.എഫ്. കൊയ്തെടുക്കും. അതാണ് കേരളത്തിൽ നടക്കുന്നത്. ബി.ജെ.പി. ഉയർത്തിയ വർഗ്ഗീയ രാഷ്ട്രീയത്തിനെതിരായി മണ്ണൊരുക്കിയതും മതേതര ശക്തികളെ അണിനിരത്തിയതും ഞങ്ങളാണ്. പക്ഷെ അതിന്റെ ഫലം കൊയ്തത് യു.ഡി.എഫ്. ആണ്. അത് നിങ്ങൾ മറക്കരുത്. എക്കാലവും അത് ലഭിക്കുമെന്നും നിങ്ങൾ കരുതേണ്ടതില്ലെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മൃഗസംരക്ഷണ വകുപ്പ് സത്യത്തിൽ പരാജയപ്പെട്ടിരിക്കുകയാണ്.

മൃഗങ്ങൾക്ക് രോഗബാധയുണ്ടാകുന്ന സമയങ്ങളിൽ ആവശ്യമായ മരുന്നും ചികിത്സാ സൗകര്യങ്ങളും നൽകാൻ സാധിക്കുന്നില്ല. കൂടാതെ പല മൃഗാശുപത്രികളിലും ഡോക്ടർമാരില്ല. പകർച്ചവ്യാധികളുണ്ടാകുന്ന സമയത്ത് ഡിപ്പാർട്ട്മെന്റ് തന്നെ ഇടപെട്ട് വളർത്തുപന്നികളെ വ്യാപകമായി കൊലപ്പെടുത്തുന്നുണ്ട്. പക്ഷെ കർഷകർക്ക് സമയബന്ധിതമായി നഷ്ടപരിഹാരത്തുക കൊടുക്കുന്നില്ല. ക്ഷീരകർഷകർ വളരെയധികം പ്രതിസന്ധിയിലാണ്. കഠിനാധ്വാനം ചെയ്യുന്ന ക്ഷീരകർഷകർക്ക് സമയബന്ധിതമായി ജോലി ചെയ്താൽ മാത്രമെ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. അവരെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നത് വർഷങ്ങളായിട്ടുള്ള ആവശ്യമാണ്. രണ്ട് ഗവൺമെന്റുകളും അക്കാര്യത്തിൽ വേണ്ട താല്പര്യം കാണിക്കുന്നില്ല; വഞ്ചി ഇപ്പോഴും തിരുനക്കര തന്നെ എന്ന അവസ്ഥയാണ്. വളർത്തുമൃഗങ്ങളെ വന്യമൃഗങ്ങൾ ആക്രമിക്കുന്ന നിരവധി സംഭവങ്ങൾ ആ മേഖലകളിൽ വ്യാപകമായി ഉണ്ടാകുന്നുണ്ട്. നിയമസഭയുടെ ഈ സെഷനിൽ ഉണ്ടായ ഗൗരവമേറിയ ചർച്ചകളും വന്യജീവി ആക്രമണങ്ങളുമായി ബന്ധപ്പെട്ടാണ്. ഇതുസംബന്ധിച്ച്

പ്രത്യേകമായ പ്രമേയവും നിയമഭേദഗതിക്ക് സ്വകാര്യ ബില്ലും കൊണ്ടുവന്നു; കൂടാതെ ശ്രദ്ധക്ഷണിക്കൽ വേളയിൽ ടി വിഷയം അവതരിപ്പിക്കുകയും ചോദ്യോത്തരവേളയിൽ വളരെ സജീവമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഈ വിഷയം ശക്തമായി ഉന്നയിക്കുകയും ചെയ്തു. പതിനഞ്ചാം കേരള നിയമസഭയിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് നടപടികൾ നർത്തിവയ്ക്കാനുള്ള രണ്ട് ഉപക്ഷേപങ്ങൾ ഞാൻ തന്നെ കൊണ്ടുവന്നു. ആ രീതിയിലും ഗൗരവമേറിയ ചർച്ചയുണ്ടായിട്ടുണ്ട്. വയനാട്ടിൽ അജീഷ് എന്ന വ്യക്തി മരിച്ചതിനുശേഷം ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. ഒരു നടപടി നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി തേടി. എന്റെ നാട്ടിൽ, വനാതിർത്തിയിൽ നിന്ന് 10 കിലോമീറ്റർ അകലെയുള്ള പള്ളിയിൽ പോകുന്ന അവസരത്തിലാണ് മോട്ടോർ സൈക്കിളിൽ സഞ്ചരിച്ചിരുന്ന ഭാര്യാഭർത്താക്കന്മാരെ ആന കൊലപ്പെടുത്തിയത്. ആ വിഷയം സംബന്ധിച്ച് നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനായി അനുമതി ആവശ്യപ്പെട്ടുകൊണ്ട് സംസാരിച്ചു. വയനാട്ടിൽ സാലു എന്ന തോമസിനെ, അയാളുടെ

വീട്ടുപറമ്പിൽ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ വിഷയത്തിലും ഞങ്ങളിവിടെ നടപടികൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപത്തിനായി നോട്ടീസ് കൊണ്ടുവന്നു. ഇവയൊന്നും ചർച്ചയ്ക്കെടുക്കാൻ ഗവൺമെന്റ് തയ്യാറായില്ല. എന്നാൽ കക്ഷിവ്യത്യാസമില്ലാതെ എല്ലാവരും സജീവമായി സഭ മുമ്പാകെ ഉയർത്തുന്ന ഒരു പ്രശ്നമാണിത്. വനാതിർത്തി പങ്കിടാത്ത ഒരു ജില്ലയാണ് ആലപ്പുഴ. എന്നാൽ വനാതിർത്തിയിലെ പ്രശ്നങ്ങൾ ഗുരുതരമാണെന്ന് കുട്ടനാട് എം.എൽ.എ. കഴിഞ്ഞ ദിവസം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കുറഞ്ഞത് പത്ത് ചോദ്യങ്ങളുടെ മറുപടിയെങ്കിലും എന്റെ കൈവശമുണ്ട്. മിക്കവാറും എല്ലാ ചോദ്യങ്ങളും ആവർത്തന വിരസവും ഫാക്ട് ആൻഡ് ഫിഗേഴ്സിൽ ചെറിയ വ്യത്യാസങ്ങൾ വരുത്തിക്കൊണ്ടുമുള്ള ഒരേ തരത്തിലുള്ള മറുപടികളാണ് നൽകിയിരിക്കുന്നത്. നേരത്തെ എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് മാനന്തവാടിയിൽ ആരംഭിച്ച വനസൗഹൃദ സദസ്സിനെക്കുറിച്ച് സൂചിപ്പിച്ചു. വനമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി നിയോജകമണ്ഡലങ്ങളിലൂടെ യാത്രചെയ്ത് പഞ്ചായത്ത്

പ്രസിഡന്റുമാരിൽനിന്നും വിവരങ്ങൾ ശേഖരിച്ച് അവിടെ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ കുടുംബങ്ങൾക്ക് കൊടുക്കേണ്ട തുക നൽകുകയും ഫോട്ടോയെടുക്കുകയും ചെയ്തു. ഞങ്ങളുടെ ഫോട്ടോ വന്നുവെന്നല്ലാതെ എന്ത് ഫലമാണ് ലഭിച്ചതെന്ന് ചോദിച്ചാൽ അതിന് മറുപടിയില്ല. അതിന്മേൽ തുടർനടപടി സ്വീകരിച്ചിട്ടില്ല. വനാതിർത്തി പങ്കിടുന്ന പ്രദേശങ്ങളിലും അല്ലാത്തിടത്തും ഇപ്പോഴും വന്യജീവി ആക്രമണം വളരെ ഗുരുതരമായി നിലനിൽക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ ആറളം, കൊട്ടിയൂർ എന്നീ രണ്ട് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുണ്ട്. മാത്രമല്ല കർണ്ണാടകത്തിലെ ബ്രഹ്മഗിരി വന്യജീവി സംരക്ഷണ കേന്ദ്രത്തിന്റെ അതിർത്തി കൂട്ടുപുഴ-അയ്യൻകുന്ന് പഞ്ചായത്ത് പങ്കിടുകയാണ്. ഫലത്തിൽ മൂന്ന് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളാണ് ഇവിടെ സ്ഥിതിചെയ്യുന്നത്. കേരളത്തിൽ ആകെ 23 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളാണുള്ളത്. മുൻമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കുമായി ഫ്ലൈറ്റിൽ ഒരുമിച്ചുയാത്ര ചെയ്തപ്പോൾ ആറളം ഫാമിലെ ആനകളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ആദിവാസി ജനവിഭാഗങ്ങൾ താമസിക്കുന്ന ആറളം

ഫാമിൽനിന്നുമാത്രം ഇപ്രാവശ്യം എഴുപത്തിമൂന്ന് കാട്ടാനകളെയാണ് തുരത്തിയത്. ഫോറസ്റ്റ് ജീവനക്കാർ ജനവാസ മേഖലയിൽ ആനകൾ ഇറങ്ങാതിരിക്കാൻ പ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്. പക്ഷേ തുരത്തിയ ആനകൾ വീണ്ടും കടന്നുവരികയാണ്. ഇവിടെ ഇപ്പോൾ അമ്പത്തിമൂന്ന് കോടി രൂപ ചെലവഴിച്ച് ആന പ്രതിരോധ മതിൽ നിർമ്മിക്കുകയാണ്. കാലതാമസംവന്നതുകൊണ്ട് 2020-ൽ ഇരുപത് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിന് നിലവിൽ അമ്പത്തിമൂന്ന് കോടി രൂപയായി മാറി. പക്ഷേ, അത് വനംവകുപ്പിന്റേതല്ല, പട്ടികവർഗ്ഗ വികസനവകുപ്പിന്റെ തുകയാണ്. ആദിവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി അവരുടെയും ഞങ്ങളുടെയുമെല്ലാം ആവശ്യപ്രകാരം അമ്പത്തിമൂന്ന് കോടി രൂപയാണ് ചെലവഴിക്കുന്നത്. പക്ഷേ ആവശ്യങ്ങൾ നിറവേറ്റപ്പെടണം. ആറളം ഫാമിൽ ആനപ്രതിരോധ മതിലിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വിളിച്ചുചേർത്ത യോഗത്തിൽ ഞങ്ങൾ ആവശ്യപ്പെട്ടു. ഒരു വശത്ത്

നേരത്തെ കെട്ടിയ മതിലുണ്ട്. അയ്യൻകുന്ന് പഞ്ചായത്തിൽ വന്യമൃഗങ്ങൾ, പ്രത്യേകിച്ച് ആനകളാണ് കൂടുതലായും പ്രവേശിക്കുന്നത്. ഈ വിഷയം സംസാരിക്കുന്നതിനായി നാട്ടുകാർ ഇന്നലെ വിളിച്ചുകൂട്ടിയ യോഗത്തിൽ ഞാൻ പങ്കെടുത്തിരുന്നു. 'ആനപ്പേടിയിൽ ഉരുപ്പുംകുറ്റി ആയാംകുടി ഗ്രാമം'; 'വീടിന്റെ സമീപത്ത് കാട്ടാന; കൃഷിയിടങ്ങൾ ചതച്ചരച്ചു, 'കാട്ടാന ശല്യം പരിഹരിച്ചില്ലെങ്കിൽ കടുത്ത പ്രക്ഷോഭം' എന്നീ നിലകളിൽ നിത്യവും പത്രങ്ങളിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾ രക്ഷതേടി വനം വകുപ്പുദ്യോഗസ്ഥരെ സമീപിക്കുമ്പോൾ തങ്ങളുടെ കൈവശം പടക്കംപോലും ഇല്ലെന്ന് പറയുന്ന ഗതികേടിൽനിന്ന് വനം വകുപ്പിനെ രക്ഷിക്കണം. വാച്ചർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും അവർക്ക് ശമ്പളം കൊടുക്കുന്നില്ല; കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നുമില്ല. അവർക്ക് ആവശ്യമുള്ള ആയുധങ്ങളോ അതിനുള്ള സംരക്ഷണമോ നൽകുന്നില്ല. വനം വകുപ്പുദ്യോഗസ്ഥർ വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും ഫലപ്രദമാകുന്നില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുകയാണ്. എത്ര ആളുകൾ മരിച്ചുവെന്ന് നമുക്കെല്ലാവർക്കുമറിയാം. വയനാട്ടിലെ പ്രജീഷിനെ

കടുവ കൊന്ന് പകുതിയും ഭക്ഷിച്ച ശരീരമാണ് അദ്ദേഹത്തിന്റെ വീട്ടുകാർക്ക് കിട്ടിയത്. ഈ സംഭവം സഭയിൽ വന്ന വിഷയമാണ്.

കേരളം ഭ്രൂവിസ്തൃതിയിൽ കുറവുള്ളതും എന്നാൽ വനവിസ്തൃതിയും ജനസാന്ദ്രതയും കൂടിയ സ്ഥലവുമാണ്. ഇവിടത്തെ പ്രശ്നങ്ങൾ എല്ലാവർക്കുമറിയാവുന്നതാണ്. വന്യമൃഗ ആക്രമണങ്ങളെക്കുറിച്ച് പത്രങ്ങളിൽ ലേഖനങ്ങൾ വരുന്നു, മാതൃഭൂമിയിൽ എഡിറ്റോറിയൽ പേജിൽതന്നെ വാർത്തകൾ വരുന്നു. ശ്രീ. എം. വി. ശ്രേയാംസ് കുമാറിന്റെ ലേഖനങ്ങൾ ആവർത്തിച്ച് മറ്റ് പത്രങ്ങളിലും ചാനലുകളിലും വരുന്നു. ദീപിക പത്രത്തിന്റെ എഡിറ്റോറിയൽ പേജ് എന്റെ കൈയിലുണ്ട്. അതിൽ പറയുന്നത്, "വന്യജീവി സംരക്ഷണവും ജനദ്രോഹവും: വന്യമൃഗശല്യംമൂലമുള്ള വിളനാശത്തിന്റെ നഷ്ടപരിഹാരം പുറത്തുപറയാൻ കൊള്ളാത്തത്ര അപര്യാപ്തവും യഥാസമയം കിട്ടാത്തതുമാണ്. ഇതിനിടെയാണ് വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ വിചിത്രമായ മറുപടി നിയമസഭയിൽ കേട്ടത്: നിരക്ക് വർധിപ്പിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ

പരിഗണനയിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. നിലവിലെ നിരക്ക് അനുസരിച്ചുതന്നെ നഷ്ടപരിഹാരം നൽകാൻ സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും പറഞ്ഞു." മന്ത്രി സത്യസന്ധമായി കാര്യങ്ങൾ പറഞ്ഞു. അതുകൊണ്ട് അതിരൂക്ഷമായ ഈ വിഷയം നിയമസഭയിൽ ചർച്ച ചെയ്യണം. കാട്ടുപന്നികളെ കൊല്ലുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സംസാരിക്കുകയുണ്ടായി. കഴിഞ്ഞ മാസം 28-ാം തീയതി മലപ്പുറത്തെ എടവണ്ണ പാലപ്പറ്റയിൽ കാട്ടുപന്നി കുറുകെ ചാടി സ്കൂട്ടർ മറിഞ്ഞ് യാത്രാക്കാരനായ അരീക്കോട് സ്വദേശി പൂവഞ്ചീരി അബ്ദുൽ ഹമീദ് മരിച്ചു. കാട്ടുപന്നി വിഷയം അതിരൂക്ഷമായി നിൽക്കുകയാണ്. അതിന്റെ ഉത്തരവാദിത്വം കേന്ദ്രസർക്കാരിൽ ഒതുക്കരുത്. പന്നികളെ കൊല്ലാനുള്ള അനുമതി പഞ്ചായത്തിന് നൽകിയാൽപോലും തോക്കിനുള്ള ലൈസൻസ് ലഭിക്കുന്നില്ല. കൊന്നുകഴിഞ്ഞാൽ മണ്ണെണ്ണ ഒഴിച്ച് കുഴിച്ചിടണമെന്നാണ്. എന്തുകൊണ്ട് വെളിച്ചെണ്ണ ഒഴിച്ചുകൂടാ. കേരളത്തിന് ഈ വിഷയത്തിൽ ഒരു സമീപനം എടുക്കാവുന്നതേയുള്ളൂ. അതിനെ vermin ആയി പ്രഖ്യാപിക്കാൻ

കേരളം തീരുമാനിച്ചാൽ നമുക്ക് കുറച്ചുകൂടി മനുഷ്യത്വപരമായും ജനകീയമായും കർഷകരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്ന രീതിയിലുള്ള നിലപാടുകൾ സ്വീകരിക്കാൻ സാധിക്കും. കേന്ദ്രത്തിനെ മാത്രം പഴിചാരിക്കൊണ്ട് വിഷയങ്ങളെ കൈകാര്യം ചെയ്യാൻ കഴിയില്ല. വയനാട്ടിലെ അജീഷിന്റെ മരണത്തെ തുടർന്ന് കേന്ദ്രമന്ത്രി വയനാട്ടിൽ യോഗം വിളിച്ചുചേർത്തിരുന്നു. ഇതിൽ കേരള സർക്കാരിന് ഉത്തരവാദിത്വമുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. ഇതുമായി ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തണം. എന്റെ അഭിപ്രായത്തിൽ മനുഷ്യ-വന്യജീവി പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വനം വകുപ്പുമന്ത്രി, പ്രതിപക്ഷനേതാവ്, ബന്ധപ്പെട്ട എം.പി.-മാർ, എം.എൽ.എ.-മാർ എന്നിവരുമായി സംയുക്ത യോഗം വിളിച്ചുചേർക്കണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഈ വിഷയം നല്ല നിലയിൽ കൈകാര്യം ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. വനം വകുപ്പിന്റെ കുറ്റകരമായ കെടുകാര്യസ്ഥതയിൽ ശക്തമായ എതിർപ്പ് രേഖപ്പെടുത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. പശു വളർത്തലും പാൽ ഉൽപ്പാദനവും കേരളീയ ജീവിതത്തിന്റെ സംസ്കാരത്തിന്റെ ഭാഗമാണ്. അത് ഗ്രാമീണ ജീവിതത്തിന്റെ സൗന്ദര്യത്തിന്റെകൂടി ഭാഗമായിരുന്നു. ഗ്രാമീണ ജീവിതത്തിന്റെ അന്ത:സത്ത മാറി നാഗരിക സംസ്കാരത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ ഒരു സാഹചര്യത്തിലാണ് കേരളം പാലുല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമം ആരംഭിച്ചത്. അതിനായി ഭാവനാപൂർവ്വം വിവിധങ്ങളായ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. അതിൽ തൊഴിൽ നൽകുകയെന്ന ലക്ഷ്യംകൂടിയുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയിലൂടെ പശു വളർത്തൽ, പാൽ ഉൽപാദനം, ബയോ ഇൻപുട്സ്, തീറ്റപ്പുൽകൃഷി തുടങ്ങിയ ഒട്ടേറെ പദ്ധതികൾ സർക്കാർ നടപ്പാക്കുന്നുണ്ട്. ക്ഷീരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി ആയത് സാങ്കേതിക വിദ്യയിലൂടെ പരിഹരിക്കുന്നതിനായി 2023-24 വർഷം കേരള സ്റ്റേറ്റ് സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് Dairy Innovation Zone പദ്ധതി നടപ്പാക്കുകയാണ്. പുൽകൃഷി വ്യാപിപ്പിക്കുന്നതിനും മുരിങ്ങയുടെ പ്രത്യേക

ഗുണങ്ങൾ പ്രയോജനപ്പെടുത്തി ഉരുക്കളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനും കോളാർ മാതൃക (സങ്കര നേപ്പിയർ-മുരിങ്ങ സമ്മിശ്ര പുൽക്കൃഷി)-യിലുള്ള കൃഷി രീതി നടപ്പാക്കാനും തീരുമാനിച്ചു. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമാണ് ഇന്ത്യയ്ക്ക് മാതൃകയായ അതിദരിദ്രരില്ലാത്ത കേരളം പദ്ധതി. അതിദരിദ്രരെ കണ്ടെത്തി അത് പരിഹരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അതിദരിദ്ര കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കാനും ദാരിദ്ര്യ നിർമ്മാർജനത്തിനുമുള്ള പ്രത്യേക പദ്ധതിയിലൂടെ കേരളത്തിൽ അതിദരിദ്രരായ 64000 കുടുംബങ്ങളെ സർക്കാർ കണ്ടെത്തുകയും തെരഞ്ഞെടുക്കപ്പെട്ട നൂറ്റിനാൽപ്പത് കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുകയും ചെയ്തു. ഈ വകുപ്പ് ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാക്കുന്നതിന് ഈ വർഷം ക്ഷീര സംഘങ്ങളുടെ സഹകരണത്തോടെ ഒരു പശു ഡെയറി യൂണിറ്റ് സ്ഥാപിക്കാൻ ലക്ഷ്യമിടുന്നുണ്ട്. വാണിജ്യ ഡെയറി ഫാമുകൾക്കും യുവാക്കൾക്കുള്ള സ്റ്റാർട്ടപ്പ് ഡെയറി ഫാമുകൾക്കും പ്രത്യേക ധനസഹായ പദ്ധതി ആരംഭിച്ചു. സംരംഭകർക്കായി ഇരുപത് പശു

ഡെയറി യൂണിറ്റുകളും യുവാക്കൾക്ക് സ്റ്റാർട്ടപ്പ് ഡെയറി ഫാം പദ്ധതിയും നടപ്പാക്കാനുള്ള നൂതന പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. ഏറ്റവും ദുഷ്കരമായ ജീവിതം നയിക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക സുരക്ഷയ്ക്കായി കമ്മ്യൂണിറ്റി കാറ്റിൽഷെഡ് സ്ഥാപിച്ച് ക്ഷീര സംഘങ്ങളുമായി സഹകരിച്ച് പ്രത്യേക ഡെയറി പാക്കേജ് (ക്ഷീരലയം പദ്ധതി) നടപ്പാക്കാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. കാലാവസ്ഥ വ്യതിയാനത്തെതുടർന്ന് മത്സ്യ-കയർ മേഖലകളിലെ തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രത്യേക ഡെയറി പാക്കേജ് (ക്ഷീരതീരം പദ്ധതി) പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്. ആന്റിബയോട്ടിക്കുകളെ കുറിച്ച് ചർച്ച നടക്കുന്ന കാലമാണ്. പാലിൽ ആന്റിബയോട്ടിക് കണ്ടെത്തിയതിനെത്തുടർന്ന് അതും നിയന്ത്രിക്കാനുള്ള കർമ്മ പദ്ധതിയുടെ ഭാഗമായി സർട്ടിഫൈഡ് മിൽക്ക് സംസ്കരിച്ച് വിപണനം ചെയ്യുന്ന സംഘങ്ങൾക്ക് സർട്ടിഫിക്കേഷൻ പദ്ധതി നടപ്പാക്കുന്നുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സഹകരണ

സംഘങ്ങൾക്കായി സ്പെഷ്യൽ പെർഫോമൻസ് ബൂസ്റ്റർ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതും സ്വാഗതാർഹമാണ്. ഇന്ന് വയലുകൾ ഇല്ലാത്തതിനാൽ പ്രത്യേകം പുൽക്കൃഷി നടത്തേണ്ട സാഹചര്യമാണുള്ളത്. തരിശുഭൂമിയിലാണ് പുൽക്കൃഷി നടത്തുന്നത്. 2302 ഹെക്ടർ സ്ഥലത്ത് പുൽക്കൃഷി ചെയ്ത് 3.68 ലക്ഷം മെട്രിക് ടൺ തീറ്റപ്പുൽ അധികമായി ഉല്പാദിപ്പിക്കാനാണ് ശ്രമിക്കുന്നത്. 90 ഹെക്ടർ തരിശുഭൂമിയിൽ പുൽക്കൃഷി വ്യാപനം നടക്കുന്നുണ്ട്. തീറ്റപ്പുൽകൃഷി വികസന പദ്ധതിയിലൂടെ പുല്ലിന്റെ ലഭ്യതക്കുറവ് 53 ശതമാനത്തിൽനിന്ന് 40 ശതമാനമായി കുറയ്ക്കാൻ സാധിക്കും. തീറ്റപ്പുൽകൃഷിക്കായി സ്ഥലം കണ്ടെത്തി വ്യാപിപ്പിക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. ക്ഷീര വികസന വകുപ്പിന്റെ കീഴിലുള്ള 3618 സൊസൈറ്റികളെയും ഉൾപ്പെടുത്തിക്കൊണ്ട് ക്ഷീരസംഘങ്ങളിൽ ഏകീകൃത അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ സംവിധാനം (ക്ഷീരശ്രീ) ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ സംഘങ്ങൾക്ക് ഗ്രണം ലഭിക്കുകയാണ്. സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് 3 ലക്ഷം രൂപ നൽകാനുള്ള തീരുമാനവും ക്ഷീരസംഘങ്ങളിൽ മഴവെള്ള

സംഭരണിയും കുറഞ്ഞ നിരക്കിലുള്ള മാലിന്യ നിർമാർജന പ്ലാന്റ്, സൗരോർജ സംരക്ഷണ പദ്ധതികൾ എന്നിവ സ്ഥാപിക്കാനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷവും ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഒട്ടേറെ ഗ്രാമപഞ്ചായത്തുകൾ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പരിശ്രമങ്ങൾ നടത്തുകയും നല്ല മുന്നേറ്റം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന രണ്ട് ലക്ഷത്തോളം കർഷകർക്ക് മിൽക്ക് ഇൻസെന്റീവ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ക്ഷീര വികസന വകുപ്പിന്റെ വെബ്പോർട്ടലായ ക്ഷീരശ്രീ പോർട്ടലിന് സംസ്ഥാന ഗവൺമെന്റിന്റെയും ഇന്ത്യ ഗവൺമെന്റിന്റെയും ഇ-ഗവേണൻസ് അവാർഡ് ഈ വർഷം ലഭിച്ചുവെന്നത് അഭിമാനകരമാണ്. 2024-25 വർഷത്തോടെ ക്ഷീര സഹകരണ മേഖലയെ സ്വയംപര്യാപ്തമാക്കാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനമാണ് സർക്കാർ നടപ്പാക്കിവരുന്നത്. കർഷകരുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് പാൽവില ചാർട്ട് ശാസ്ത്രീയമായി നവീകരിച്ചിട്ടുണ്ട്. സംഘങ്ങളിൽ ഒരു ലിറ്റർ പാലിന് ഒരു രൂപ ഇൻസെന്റീവ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി

ക്ഷീരകർഷകരെയും കുടുംബങ്ങളെയും കന്നുകാലികളെയും ഉൾപ്പെടുത്തിക്കൊണ്ട് ആരോഗ്യ പരിരക്ഷയ്ക്കായുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് 'ക്ഷീരസാന്ത്വനം'. ഇതുകൂടാതെ കിടാരി പാർക്ക് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. 'കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം നിയന്ത്രണ ബിൽ' നിയമമാക്കുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ബിൽ പാസ്സാകുന്നതോടുകൂടി നിരവധി പദ്ധതികളും പരിപാടികളും കൃഷിക്കാരെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളും നടപ്പാക്കാൻ സാധിക്കും. സ്വയംപര്യാപ്തതയുടെ ഭാഗമായി 2024-25 സാമ്പത്തിക വർഷം ഇതര സംസ്ഥാനങ്ങളിൽനിന്ന് പതിനായിരം പശുക്കളെ കൊണ്ടുവരാനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിന് വളരെയധികം സഹായകരമായ മൊബൈൽ വെറ്ററിനറി യൂണിറ്റ് പരീക്ഷണാടിസ്ഥാനത്തിൽ 29 ബ്ലോക്കുകളിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. രാത്രികാല അടിയന്തര ചികിത്സയ്ക്ക് മൊബൈൽ സർജറി യൂണിറ്റ് വലിയ മാറ്റമാണ് കൊണ്ടുവരുന്നത്. സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി

കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര നഗരസഭയിലും മൊബൈൽ സർജറി യൂണിറ്റ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷിക്കാരെ സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിൽ വലിയൊരു ചലനം സൃഷ്ടിക്കുന്ന പദ്ധതിയാണിത്. വിദേശത്തുനിന്ന് പാൽ ഇറക്കുമതി ചെയ്യുന്ന സംവിധാനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലിന്റെ ഇറക്കുമതി അതീജിവിക്കാനുള്ള പ്രവർത്തനങ്ങൾ എത്രമാത്രം നടപ്പാക്കാൻ സാധിക്കുമെന്ന് ശ്രദ്ധിക്കേണ്ടതുണ്ട്. ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ഇന്ത്യയിലെ കൃഷിക്കാരെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽനിന്നും പുറകോട്ട് പോകുന്ന കേന്ദ്രഗവൺമെന്റിന്റെ തെറ്റായ നിലപാടിനെ തടയേണ്ടതുണ്ട്. വളരെ കൃത്യമായി കാലിത്തീറ്റയുടെ ഗുണനിലവാര പരിശോധന നടത്തണം.

വളരെ പ്രധാനപ്പെട്ട വകുപ്പാണ് വനം-വന്യജീവി വകുപ്പ്. നമ്മുടെ സംസ്ഥാന റവന്യൂവിൽ നല്ലൊരു ഫണ്ട് ചെലവഴിക്കേണ്ടതും സംരക്ഷിക്കേണ്ടതുമായ പ്രവർത്തനമാണ് വനം വകുപ്പിനുള്ളത്. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി സമൂഹത്തിൽപ്പെട്ട 752

കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കഴിഞ്ഞ രണ്ട് വർഷ കാലയളവിലെ നവീകരണ പദ്ധതികൾ മുഖേന 95.92 കോടി രൂപ അനുവദിച്ച് പുനരധിവാസ സംവിധാനം ഒരുക്കിയത് സന്തോഷകരമാണ്. പുനരധിവസിപ്പിക്കപ്പെടുന്നവരുടെ പരിശീലനത്തിനുള്ള പദ്ധതികളും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. 25000/- രൂപ വരെയുള്ള സഹായ പദ്ധതികളാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. അതോടൊപ്പം 156 ഹെക്ടർ ഭൂമി വനത്തോട് കൂട്ടിച്ചേർക്കാനും സാധിച്ചിട്ടുണ്ട്. വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിപ്പിക്കുന്നതിനും മനുഷ്യ ജീവൻ നഷ്ടപ്പെടുന്നതിനും കാരണമാകുന്നു. ഈ പശ്ചാത്തലത്തിൽ 1972-ലെ കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതികൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. പന്നിയെ വെടിവച്ച് കൊല്ലുന്നതിനുള്ള തുക വർധിപ്പിക്കുന്നത് ആ പ്രവർത്തനത്തിന് ആളെ ലഭിക്കുന്നതിന് സഹായകരമാണ്. പി.എസ്.സി. മുഖേന പട്ടികവർഗ വിഭാഗത്തിൽനിന്ന് 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകിയതും വളരെ സന്തോഷവും സ്വാഗതാർഹവും അഭിനന്ദനാർഹവുമായ

കാര്യമാണ്. വനം ഇക്കോ ടൂറിസം അതോറിറ്റിയുടെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാദാപുരം മണ്ഡലത്തിലെ ജാനകിക്കാട് ഇക്കോ ടൂറിസം പ്രോജക്ട് നേരത്തെ ആരംഭിച്ചതാണ്. ഇപ്പോൾ നാശത്തിന്റെ വക്കിലുള്ള ആ പദ്ധതിയെ പുനരുജീവിപ്പിക്കാനുള്ള ശ്രമമുണ്ടാകണം. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പരിഹാര മാർഗങ്ങൾ അടങ്ങിയ 620 കോടി രൂപ ചെലവ് വരുന്ന 5 വർഷ കാലയളവിലേക്കുള്ള പക്കേജ് തയ്യാറാക്കി കേന്ദ്രാനുമതി തേടുന്നതിന് ശ്രമിച്ചെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ല. ടി പ്രവർത്തനത്തിന് കമ്മിറ്റിയെ നിയോഗിച്ച് മുന്നോട്ടുപോകാൻ ശ്രമം നടത്തുന്നത് സന്തോഷകരമാണ്. വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തേണ്ടതുണ്ട്. ഇക്കാര്യത്തെക്കുറിച്ച് മാധവ് ഗാഡ്ഗിലും സൂചിപ്പിച്ചിട്ടുണ്ട്. അതിനുള്ള ശ്രമം കേരളത്തിലെ വനം വകുപ്പിന്റെയും കേരള സർക്കാരിന്റെയും ഭാഗത്തുനിന്നുണ്ടാകണം. 'വനസൗഹൃദ സദസ്', ഇൻഷ്വറൻസ് പരിരക്ഷ, വനത്തിനോട് ചേർന്നുള്ള ഭാഗങ്ങളിലെ ജനങ്ങളെക്കൂടി ഇൻഷ്വറൻസ് പരിരക്ഷയിലുൾപ്പെടുത്താനുള്ള പദ്ധതി എന്നിവ ആവിഷ്കരിക്കേണ്ടതുണ്ട്. വന്യജീവി ആക്രമണം

ഗുരുതരമായ സാഹചര്യമാണ്. മഞ്ഞക്കൊന്ന, വാറ്റിൽ, അക്കേഷ്യ, യൂക്കാലി എന്നീ മരങ്ങൾ നീക്കം ചെയ്യാനുള്ള പദ്ധതി ആവിഷ്കരിച്ചത് സന്തോഷകരമാണ്. വന്യജീവികളുടെ കടന്നാക്രമണം തടയുന്നതിനും വനസംരക്ഷണത്തിന്റെ ഭാഗമായും ഇതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. നേരത്തേ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഡോ.മാത്യു കുഴൽനാടൻ ഇതിനെ എതിർക്കുന്നുവെന്നാണ് സൂചിപ്പിച്ചത്. എന്നാൽ ഇതിന് കൂടുതൽ ഫണ്ട് ആവശ്യപ്പെട്ടുകൊണ്ട് പാസ്സാക്കണമെന്നാണ് അദ്ദേഹം പറയേണ്ടിയിരുന്നത്.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഒരു ആണ്ടറുതിപോലെ ഇങ്ങനെ പാസ്സാക്കുന്നതുകൊണ്ട് എന്താണ് കാര്യം. രാവിലെ റൂമിൽ വന്നപ്പോൾ ലഭിച്ചതാണ് ഈ തടിച്ച പുസ്തകം. ഈ ഗവണ്മെന്റിന്റെ പ്രോഗ്രസ് റിപ്പോർട്ട് എന്ന് തലക്കെട്ട് നൽകിയിരിക്കുന്ന ഈ പുസ്തകത്തിലെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പരാമർശങ്ങൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെങ്കിലും വായിക്കണം. "ക്ഷീര സാന്ത്വനം, ഗോസമൃദ്ധി എന്നീ കന്നുകാലി ഇൻഷ്വറൻസ് സ്കീമുകൾ

വിപുലപ്പെടുത്തും. തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകിയ കന്നുകാലികൾ ചത്തുപോയതിന്റെയും കറവ ശുഷ്കമായതിന്റെയും ഫലമായി കടക്കെണിയിലാകുകയും ജപ്തി നടപടികൾ അഭിമുഖീകരിക്കുകയും ചെയ്ത കൃഷിക്കാരുണ്ട്. ഇവരെ സഹായിക്കാൻ ഒരു പദ്ധതി തയ്യാറാക്കും." എന്നാണ് പ്രോഗസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. മൂന്ന് വർഷം കഴിഞ്ഞു; ഇനി എന്നാണ് തയ്യാറാക്കുന്നത്? മൃഗസംരക്ഷണ മേഖലയെ സംബന്ധിച്ച് ഗവൺമെന്റിന് താല്പര്യമില്ലെന്നതിന്റെ എറ്റവും വലിയ തെളിവാണ് ഈ തടിച്ച പുസ്തകം. ഈ മേഖലയെ നാം എങ്ങനെയാണ് അഭിമുഖീകരിക്കുന്നത്? ഏറ്റവും കൂടുതൽ കന്നുകാലി സമ്പത്തുള്ള രാജ്യമായ ഇന്ത്യയിലാണ് ലോകത്ത് ഉല്പാദിപ്പിക്കുന്ന പാലിന്റെ ഏകദേശം 25 ശതമാനത്തോളവും ഉല്പാദിപ്പിക്കുന്നത്. രാജ്യത്ത് ഈ മേഖലയിൽ 8 കോടിയോളം കർഷകരാണുള്ളത്. ഒരു കാലത്ത് കേരളത്തിലെ 90 ശതമാനത്തിലധികം വീടുകളിലും ഏതെങ്കിലും തരത്തിലുള്ള ഒരു കന്നുകാലിയെങ്കിലുമുണ്ടായിരുന്നു; ഒരു ആട് എങ്കിലുമുണ്ടായിരുന്നു. ഇന്ന് നമ്മുടെ നാട്ടിലെ സ്ഥിതിയെന്താണ്; എത്ര വീടുകളിൽ കന്നുകാലിയുണ്ട്;

എന്തുകൊണ്ട് ആളുകൾ ഇതിൽനിന്ന് പിന്തിരിഞ്ഞുപോയി എന്നതിനെക്കുറിച്ച് നാം ആലോചിച്ചിട്ടുണ്ടോ? ഇക്കഴിഞ്ഞ കന്നുകാലി സെൻസസ് അനുസരിച്ച് കേരളത്തിൽ മുമ്പുള്ളതിനെക്കാൾ 30 ശതമാനത്തിന്റെ കുറവാണ് കേരളത്തിൽ ഉണ്ടായിട്ടുള്ളത്. കഷകർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുകയാണ് വേണ്ടത്. ഏതെങ്കിലും ചെറിയ പദ്ധതികൾ പ്രഖ്യാപിക്കുന്നതിനുപകരം സ്ഥിരമായി ഈ മേഖലയിൽ നിൽക്കാൻ ഉതകുന്ന സംവിധാനം ഉണ്ടാക്കുകയാണ് വേണ്ടത്. കന്നുകാലി വളർത്തുന്ന കർഷകരുടെ വീട്ടിൽ കർഷക ആത്മഹത്യകൾ നടക്കുന്നില്ലെന്ന് ഹൈദരാബാദിലെ MANAGE (National Institute of Agricultural Extension Management)-ന്റെ പഠന റിപ്പോർട്ടുണ്ട്. ഇക്കാര്യം വളരെ പ്രാധാന്യത്തോടെയാണ് നമ്മൾ കാണേണ്ടത്. ജനങ്ങൾക്ക് പ്രതീക്ഷയുളവാക്കുന്ന രീതിയിലും സന്തോഷം പകരുന്ന രീതിയിലും ജീവിക്കാനുള്ള പദ്ധതികൾ തയ്യാറാക്കി സർക്കാർ ഈ മേഖലയെ സമൃഷ്ടപ്പെടുത്തിയാൽ ഏറെ നേട്ടങ്ങളുണ്ടെന്ന സൂചനയാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. മൃഗങ്ങളിലുണ്ടാകുന്ന വിവിധ രോഗങ്ങൾമൂലം,

പ്രത്യേകിച്ച് രക്തപരാദ രോഗങ്ങളായ തൈലേറിയ, അനാപ്ലാസ്മ, കുളമ്പുരോഗം എന്നിവ ക്ഷീരമേഖലയിലുണ്ടാക്കിയ തളർച്ച ചെറുതല്ല. സംസ്ഥാനത്ത് രണ്ട് വർഷം മുമ്പ് ആരംഭിച്ച പന്നിപ്പനി ഈ മേഖലയിലുണ്ടാക്കിയ ഭീതി ഇന്നും തുടരുകയാണ്. ഈ മേഖലയിലുള്ള ആശങ്ക അകറ്റാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ഇന്നും വൈറസ് രോഗങ്ങൾ ഫാമുകളിലുണ്ടെന്ന് കർഷകർ പറയുന്നുണ്ട്. അതിർത്തി കടന്നുവരുന്ന പന്നികളുടെ വരവിനെ നമ്മൾ നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അവ നിർബാധം വന്നുകൊണ്ടിരിക്കുന്നു എന്നതാണ് വസ്തുത. സാധാരണക്കാരായ ക്ഷീരകർഷകരുടെ അവസ്ഥ അതിദയനീയമാണ്. ക്ഷീരമേഖലയിൽ ഉയർന്ന പരിപാലന ചെലവുണ്ട്; എന്നാൽ പാലിന്റെ വില പിടിച്ചുനിർത്താൻ സാധിക്കാത്ത നിലയിലുമാണ്. കഴിഞ്ഞവർഷം പാലിന്റെ വില 56/- രൂപയായിരുന്നിട്ടും കർഷകർക്ക് ലഭിക്കുന്നത് 34/- രൂപയും 45/- രൂപയുമിടയിൽ മാത്രമാണ്. അതിനെക്കുറിച്ച് പഠിക്കാൻ നാം സന്നദ്ധരാകേണ്ടതുണ്ട്. ഇപ്പോൾ മാളുകളിൽ വിദേശപാലും പാലുല്പന്നങ്ങളും നിർലോഭം ലഭിക്കും. നമ്മുടെ കുട്ടികൾക്ക് ഇന്ന് സുലഭമായ വിദേശനിർമിത

പാലുല്പന്നങ്ങളും ഐസ്ക്രീമുകളുമാണ് ഇഷ്ടം. കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്താൻ താൽപര്യമുണ്ടോ ഇല്ലയോ എന്നതിന്റെ ഒരു തെളിവാണ് അവർക്ക് നൽകിവരുന്ന ഇൻസെന്റീവ്. സർക്കാരിന്റെ 1 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 3 ശതമാനവും ചേർന്ന് 4 ശതമാനം ഇൻസെന്റീവ് നൽകാമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. നവജാത ശിശുക്കൾക്ക് നാവിൽ തേൻ പുരട്ടിക്കൊടുക്കുന്ന ഒരു രീതിയുണ്ട്; അത് നിങ്ങളുടെ നാട്ടിലുണ്ടോ എന്ന് എനിക്കറിയില്ല. ആ ഒരു രീതിയിലാണ് സർക്കാരിന്റെ ഈ പദ്ധതി. പണ്ട് എപ്പോഴോ ഒരു ദിവസം കർഷകന് നാവിൽ തേൻ പുരട്ടിക്കൊടുത്തു; പിന്നെ നൽകിയിട്ടില്ല. 4 ശതമാനം ഇൻസെന്റീവ് നൽകാൻ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സന്നദ്ധരാണ്. എന്നാൽ നിങ്ങൾ അതിന് അനുമതി നൽകുന്നുമില്ല; 3 ശതമാനം മാത്രമെ നൽകാൻ പാടുള്ളൂവെന്നാണ് നിങ്ങൾ പറയുന്നത്. പ്രസ്തുത ഇൻസെന്റീവ് നൽകുന്നതിന് സർക്കാർ അനുമതിയില്ലെന്നാണ് മലപ്പുറം ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മേധാവികൾ പറഞ്ഞത്. ഇപ്പോൾ ക്ഷീര കർഷകർക്ക് മാത്രമെ ഇൻഷ്വറൻസുള്ളൂ; നമ്മുടെ

മൃഗസമ്പത്തിന് ഇൻഷ്വറൻസില്ല. മുമ്പുണ്ടായിരുന്ന 'ക്ഷീരസാന്ത്വനം' പദ്ധതി ഇപ്പോൾ നിലച്ചുപോയ വിവരം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അത് പുനഃസ്ഥാപിക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കണം. ഒരു കർഷകന് 5 മൃഗങ്ങളിൽ കൂടുതൽ വളർത്തണമെങ്കിൽ ലൈസൻസ് വേണമെന്ന നിയമം ലഘൂകരിക്കാൻ തയ്യാറാകണം. ചുരുങ്ങിയത് 25 മൃഗങ്ങളെയെങ്കിലും ലൈസൻസ് ഇല്ലാതെതന്നെ വളർത്താനുള്ള സ്വാതന്ത്ര്യമുണ്ടെങ്കിൽ ഈ മേഖലയെ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. കന്നുകാലിക്കുട്ടികൾക്കുള്ള തീറ്റ കഴിഞ്ഞ വർഷം മുടങ്ങിയതു കൂടാതെ ഇപ്രാവശ്യം ഏപ്രിൽ മാസത്തിൽ നൽകേണ്ടിയിരുന്നത് ഇതുവരെ നൽകാൻ സാധിച്ചിട്ടുമില്ല. തിരുരിലെ ഒരു വെറ്ററിനറി ആശുപത്രിയിൽ വെറ്ററിനറി സർജനെ നിയമിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞെങ്കിലും നാളിതുവരെ നിയമിച്ചിട്ടില്ല; അതിനുള്ള താൽപര്യംകൂടി കാണിക്കണം. കഴിഞ്ഞ തെരഞ്ഞെടുപ്പ് ഫലത്തിൽ ഞങ്ങൾ അഹങ്കരിക്കേണ്ടെന്ന് എന്റെ പ്രിയങ്കരനായ സുഹൃത്തും ബഹുമാനപ്പെട്ട അംഗവുമായ സി. കെ. ഹരീന്ദ്രൻ പറയുകയുണ്ടായി. നിങ്ങൾ നിലം പാകപ്പെടുത്തി, ഞങ്ങൾ കൊയ്യുവെന്ന് ഇവിടെ പലരും

പറയുകയുണ്ടായി. എന്താണ് സംഭവിച്ചതെന്ന് അറിയുന്നതിനായി നിങ്ങളുടെ ജില്ലാ കമ്മിറ്റിയുടെയും സ്റ്റേറ്റ് കമ്മിറ്റിയുടെയും നാഷണൽ കമ്മിറ്റിയുടെയും റിപ്പോർട്ട് മാത്രം വായിച്ചാൽ മതിയാകും. ഞങ്ങളും ഇത് വായിക്കുന്നവരല്ലേ? ഒരു കുടുംബത്തിലെ മക്കൾ ആടിനെ മേയ്ക്കാൻ പോയ ഒരു കഥയുണ്ട്. ആ കുടുംബത്തിലെ മക്കളിൽ ഏറ്റവും ഇളയ മകനോട് പിതാവിന് വലിയ താൽപര്യമായിരുന്നു. ഇതിൽ അസൂയ പൂണ്ട യഹൂദ എന്ന മൂത്ത മകനും മറ്റുള്ളവരും ചേർന്ന് ഇളയ കുട്ടിയെ ഒരു പൊട്ടക്കിണറ്റിലിട്ടതിനുശേഷം ആ കുട്ടിയെ ചെന്നായ പിടിച്ചുവെന്നുപറഞ്ഞ് വീട്ടിൽ തിരിച്ചെത്തി. പിതാവിന് വളരെ വിഷമമുണ്ടായി. എന്നാൽ വഴിയാത്രക്കാർ കുടിക്കാനായി കിണറ്റിൽനിന്നും വെള്ളം കോരിയപ്പോൾ ബക്കറ്റിൽപ്പിടിച്ച് ഇളയ കുട്ടി കരയ്ക്കുകയറുകയും അവർ ആ കുട്ടിയെ ചന്തയിൽക്കൊണ്ടുപോയി വിൽക്കുകയും ചെയ്തു. കുട്ടിയുടെ സൗന്ദര്യം കണ്ട് വലിയ വിലയ്ക്കാണ് ഒരാൾ ആ കുട്ടിയെ വാങ്ങിയത്. ആ കുട്ടി ഈജിപ്തിലെ കൊട്ടാരത്തിൽ വളരുകയും പിന്നീട് അവിടത്തെ രാജാവായിമാറുകയും ചെയ്യുന്ന ഒരു സാഹചര്യമാണുണ്ടായത്. ഈജിപ്തിൽ ആ സമയത്ത് കടുത്ത

വരുതിയുണ്ടായപ്പോൾ ലോകത്ത് ആദ്യമായി അന്ന് റേഷൻ സംവിധാനങ്ങൾ ആരംഭിച്ചു. ഇവിടെ നമുക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുണ്ട്; എന്നാൽ ഇവിടത്തെ സംവിധാനം പോലെയല്ല, വളരെ ശാസ്ത്രീയമായാണ് അവിടെ അത് നടത്തിയിരുന്നത്. റേഷൻ വാങ്ങുന്നതിനായി ആ പ്രദേശങ്ങളിലുള്ള ആളുകളൊക്കെ അവിടെ എത്തിയ കൂട്ടത്തിൽ യഹ്യദയും സാധനങ്ങളൊക്കെ വാങ്ങി തിരിച്ചുവന്നു. അന്ന് അവർ കിണറ്റിലിട്ട കുട്ടി അവിടത്തെ രാജാവാണെന്ന് പിന്നീടാണ് യഹ്യദയ്ക്ക് മനസ്സിലായത്. സി.പി.ഐ.(എം.)-ന്റെ അവസ്ഥ ഇതുപോലെയല്ലേ; മുമ്പ് കോൺഗ്രസിനെ നിങ്ങൾ പൊട്ടക്കിണറ്റിലിടാൻ ശ്രമിച്ചില്ലേ; നിങ്ങൾ ഏതുചെകുത്താനുമായും കൂട്ടുകൂടുമെന്ന് പറഞ്ഞില്ലേ? ബി.ജെ.പി. ജയിച്ചാലും കുഴപ്പമില്ല; ഇടതുപക്ഷം തോറ്റാൽമതി എന്നതായിരുന്നു കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും നയം എന്ന് എന്റെ ഒരു സ്നേഹിതൻ പറയുകയുണ്ടായി. 1989-ൽ വി. പി. സിംഗ് ഭൂരിപക്ഷം നേടി അധികാരത്തിലെത്തിയപ്പോൾ കോൺഗ്രസ് പിരിച്ചുവിടണമെന്ന് പറഞ്ഞ് ഇ.എം.എസ്. ഒരു ലേഖനമെഴുതി. അടുത്ത ദിവസത്തെ ലേഖനത്തിൽ മുസ്ലീംലീഗിനെ പിരിച്ചുവിടണമെന്നുമെഴുതി.

പിന്നീട് 1991-ലെ ജില്ലാ കൗൺസിൽ ഇലക്ഷൻ കഴിഞ്ഞപ്പോൾ യു.ഡി.എഫ്.-നെ പിരിച്ചുവിടണമെന്നും അവസാനത്തെ ഖണ്ഡികയിൽ മുസ്ലീംലീഗിനെ പിരിച്ചുവിടേണ്ടെന്നും ഇ.എം.എസ്. ലേഖനമെഴുതി. കാരണം മലപ്പുറത്ത് ഞങ്ങൾ വിജയിക്കുകയും ബാക്കിയുള്ളയിടങ്ങളിൽ നിങ്ങൾ വിജയിക്കുകയും ചെയ്തു. എന്നാൽ അന്ന് നിങ്ങൾ കൂഴിച്ചുമൂടാൻ ശ്രമിച്ച കോൺഗ്രസിന്റെ പിന്നാലെ, ഞങ്ങളുടെ മുന്നണിയിൽ സഹകരിച്ചിരുന്നുവെങ്കിൽ ഇതിലും നേട്ടമുണ്ടാകുമായിരുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം പറയുകയുണ്ടായി. ആ രാജാവിനുമുമ്പിൽ യഹൂദ കൈകൂപ്പിയതുപോലെയാണ് സി.പി.ഐ.(എം.) ഇന്ന് കോൺഗ്രസിന്റെ മുമ്പിൽ കൈകൂപ്പുന്നത്. ആ രാജാവിന്റെ പേര് യൂസഫ് നബിയെന്നായിരുന്നു. യൂസഫ് നബിയുടെ ചരിത്രമായിരുന്നു ഇത്. യൂസഫ് നബിയെ കൊലപ്പെടുത്താൻ ശ്രമിച്ച യഹൂദയുടെ സ്ഥാനത്താണ് സി.പി.ഐ.(എം.) ഇപ്പോഴുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഈ മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുകയാണ്. എനിക്ക് തൊട്ടുമുമ്പ് ബഹുമാന്യരായ രണ്ട്

യു.ഡി.എഫ്. അംഗങ്ങൾ സംസാരിച്ചു. അതിൽ ശ്രീ. സണ്ണി ജോസഫ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന ദുരന്തങ്ങളുടെയും ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളുടെയും ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിന്റെയും വനം വകുപ്പിന്റെയും മേൽ ആരോപിക്കുന്ന സ്ഥിതിയാണുണ്ടായത്. ഇതിൽ ഏറ്റവും പ്രധാനം വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികളും മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനാവശ്യമായ ധനസഹായം നൽകുന്നതടക്കമുള്ള കാര്യങ്ങളും സംബന്ധിച്ചുള്ളതാണ്. ഇക്കാര്യങ്ങൾക്കായി കേരളത്തിൽനിന്നുള്ള യു.ഡി.എഫ്. എം.പി.-മാർ എന്താണ് ചെയ്തിട്ടുള്ളതെന്നുകൂടി അദ്ദേഹം പരിശോധിക്കണം. കഴിഞ്ഞ വർഷം വനമേഖലയും കാർഷികമേഖലയുമായി ബന്ധപ്പെട്ട സംരക്ഷണത്തിനായി സംസ്ഥാന വനം വകുപ്പ് 620 കോടി രൂപയുടെ ഒരു പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആ പദ്ധതി നിഷ്കരുണം കേന്ദ്രം തള്ളിക്കളയുകയും ചെയ്തപ്പോൾ അതിനെതിരെ ഒരു വാക്കുപറയാൻ കേരളത്തിലെ യു.ഡി.എഫ്.-ലെ എം.പി.-മാർ ആരും തയ്യാറായില്ലെന്നത്

ഖേദകരമാണ്. ശ്രീ. കുറുക്കോളി മൊയ്തീൻ ക്ഷീര മേഖലയുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങളെക്കുറിച്ച് പരാമർശിച്ചു. ഇക്കഴിഞ്ഞ നാളുകളിലൊക്കെ ഏറ്റവും ശ്രദ്ധേയമായ നിലയിൽ ക്ഷീര വികസന മേഖല മാതൃകാപരമായി മുന്നോട്ടുപോകുകയാണ്. കേരളം ഇന്ന് പാലുല്പാദനത്തിന്റെ കാര്യത്തിൽ സ്വയംപര്യാപ്തതയുടെ അടുത്തെത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടപ്പോൾ,

"ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും

ചോര തന്നെ കൊതുകിന്നു കൗതുകം." എന്ന കവിവാക്യം ഓർമ്മവരികയാണ്.

ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അധീനതയിലുള്ള വന്യമൃഗങ്ങൾ ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയുടെ അധീനതയിലുള്ള നാട്ടുമൃഗങ്ങളെ കൊന്നുതിന്നുകൊണ്ടിരിക്കുകയാണ്. അക്കാര്യത്തിൽ നമുക്ക് രണ്ട് വിഭാഗങ്ങളെയും സംരക്ഷിക്കേണ്ടതുണ്ട്. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മൃഗങ്ങളെ വനത്തിനുള്ളിൽത്തന്നെ സംരക്ഷിക്കണം. വന്യമൃഗങ്ങൾ

നാട്ടുമൃഗങ്ങളെ കൊന്നതിന്നുന്നതും മനുഷ്യരെ കൊല്ലുന്ന സ്ഥിതിയും അവസാനിപ്പിക്കാനുള്ള നടപടി ക്കുട്ടായി നടപ്പാക്കണം. വനം വകുപ്പിനെതിരെ ആക്ഷേപങ്ങൾ ചൊരിയുമ്പോഴും വനംവകുപ്പ് ശ്രദ്ധേയമായ പല കാര്യങ്ങളും ചെയ്യുന്നുണ്ടന്ന് കാണാതെ പോകരുത്. ഇപ്പോൾ 9 പുതിയ ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-കൾ അനുവദിച്ചതിൽ ഒരു ആർ.ആർ.ടി. എന്റെ നിയോജകമണ്ഡലത്തിലെ വണ്ടൻപതാൽ-എരുമേലി ഫോറസ്റ്റ് ഡിവിഷന്റെ കീഴിലാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ നന്ദി അറിയിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ വനമേഖല സമ്പൂർണമായി ഫെൻസിംഗ് ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ സർക്കാർ സാധ്യമായ കുറെ കാര്യങ്ങൾ ചെയ്യുന്നത് കാണാതെ പോകുന്നത് ശരിയല്ല. എന്റെ നിയോജകമണ്ഡലത്തിലൂടെയാണ് ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്കുള്ള കാനനപാത കടന്നുപോകുന്നത്. അതുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങളുടെയും സംരക്ഷണ പ്രവർത്തനങ്ങളുടെയും പ്രവൃത്തി വനം വകുപ്പ് കുറെക്കൂടി

കാര്യക്ഷമമായി നടപ്പാക്കണം. കാനനപാതയിലൂടെ എത്തുന്ന മുഴുവൻ അയ്യപ്പഭക്തരും വനത്തിലെ കാളകെട്ടി ക്ഷേത്രത്തിൽ എത്തി അവിടെ ആചാരാനുഷ്ഠാനങ്ങൾ നടത്തിയശേഷമാണ് പോകുന്നത്. വനത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന ആ ക്ഷേത്രത്തിന്റെ ജീർണ്ണാവസ്ഥയും അവിടേയ്ക്കുള്ള റോഡിന്റെ ശോച്യാവസ്ഥയും പരിഹരിക്കുന്നതിന് വനം വകുപ്പിന്റെ നല്ല രീതിയിലുള്ള ഇടപെടലുണ്ടാകണം. 19-01-2023-ൽ എന്റെ നിയോജകമണ്ഡലത്തിലെ പമ്പാവാലി, എയ്ഞ്ചൽവാലി എന്നീ പ്രദേശങ്ങളെ പെരിയാർ ടൈഗർ റിസർവ് പരിധിയിൽനിന്നും ഒഴിവാക്കാനുള്ള തീരുമാനം കൈക്കൊണ്ടിരുന്നു. എന്നാൽ കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരം ലഭിച്ചാൽ മാത്രമെ അത് പ്രാബല്യത്തിൽ വരികയുള്ളൂ. അതിനുവേണ്ടി ഒരു വർഷത്തോളം വൈകി 25-01-2024-ൽ അനുമതിക്കായി കത്ത് അയയ്ക്കുകയും ചെയ്തു. എന്നാൽ, ഇത് PARIVESH പോർട്ടൽ മുഖേന അയയ്ക്കണമെന്നുള്ള നിബന്ധന പാലിക്കാത്തതുമൂലം ചില പ്രശ്നങ്ങളുണ്ടായതിന്റെ ഫലമായി നാളിതുവരെയും നടപ്പാക്കാൻ സാധിച്ചിട്ടുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോ

എന്ന് പരിശോധിച്ച് അടിയന്തര നടപടി സ്വീകരിക്കണം. വന്യജീവി ആക്രമണം തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതോടൊപ്പം ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് എന്തുചെയ്യാൻ കഴിയുമെന്ന് പരിശോധിക്കുകയും വേണം. കൺകറന്റ് ലിസ്റ്റിൽ പ്രതിപാദിച്ചിട്ടുള്ള വിഷയമാണ് വനമേഖല. അതുകൊണ്ടുതന്നെ കേന്ദ്രനിയമത്തോട് ഉപോൽബലകമായിത്തന്നെ കേരളത്തിന് നിയമമുണ്ടാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 254(2) പ്രകാരം കൺകറന്റ് ലിസ്റ്റിലുൾപ്പെട്ട കാര്യങ്ങൾക്ക് സംസ്ഥാനതലത്തിൽ നിയമനിർമ്മാണം നടത്താൻ സാധിക്കും. അതിന് രാഷ്ട്രപതിയുടെ അനുവാദം വേണമെന്ന് മാത്രമെയുള്ളൂ. വന്യമൃഗങ്ങൾ മനുഷ്യനെ ആക്രമിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട നിയമനിർമ്മാണത്തിനുള്ള സാധ്യത ഗൗരവമായി പരിശോധിക്കണം.

കന്നുകുട്ടിപരിപാലനത്തിനുവേണ്ട നടപടികൾ സ്വീകരിക്കുമ്പോൾ അത് കൂടുതൽ ഊർജ്ജിതവും കാര്യക്ഷമവുമാക്കണം എന്നാണ് മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. കന്നുകാലികളുടെ ഇൻഷ്വറൻസിന്റെ കാര്യത്തിൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും അത് കുറച്ചുകൂടി വർധിപ്പിക്കുകയോ അല്ലെങ്കിൽ പ്രീമിയം പൂർണ്ണമായും സബ്സിഡിയായി നൽകുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം. ഫാം-മെയ്ഡ് പാക്കേജും സംരംഭകത്വ വികസനവും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതും മാതൃകാപരമാണ്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളാൽ കൊല്ലപ്പെടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നത് സർക്കാർ കണ്ടില്ലെന്ന് നടിക്കുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമസഭയിൽ എത്രയോ വട്ടം ചർച്ചചെയ്തെങ്കിലും നടപടികൾ

ഉണ്ടാകുമെന്ന സർക്കാരിന്റെ ആവർത്തിച്ചുള്ള മറുപടി മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്; എന്നാൽ യാതൊരു നടപടിയും സ്വീകരിക്കുന്നുമില്ല. ഇതൊരു സാമൂഹിക പ്രശ്നമായി ഉടലെടുത്തിരിക്കുകയാണ്. വന്യജീവികളുടെ ആക്രമണം തടയാനും ഏതെങ്കിലും രീതിയിൽ അപകടം സംഭവിക്കുന്നവരെ എല്ലാ അർഥത്തിലും സംരക്ഷിക്കാനുമുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. പക്ഷേ അക്കാര്യത്തിൽ സർക്കാർ സമ്പൂർണ പരാജയമായി മാറിയിരിക്കുന്നു. The Payment of Compensation to Victims of Attack by Wild Animals Act, 1980 പ്രകാരമാണ് വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത്. ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടെ വന്യജീവി ആക്രമണങ്ങളാൽ 336 അപകടമരണങ്ങൾ ഉണ്ടായി. 2021-22 മുതൽ 2023-24 വരെ 6773 നഷ്ടപരിഹാര അപേക്ഷകളിന്മേൽ യാതൊരു നടപടിയും സർക്കാർ സ്വീകരിച്ചിട്ടില്ല എന്നാണ് അങ്ങ് നൽകിയ ഒരു മറുപടിയിൽ പറഞ്ഞിട്ടുള്ളത്. വന്യജീവികളുടെ ആക്രമണങ്ങൾ, കൃഷിനാശം എന്നിവ ഉൾപ്പെടെയുള്ള

കേസുകളാണിത്. ഇതിനെതിരെ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? എം.എൽ.എ.-മാരടക്കം ഈ വിഷയം നിയമസഭയിൽ ആവർത്തിച്ച് ഉന്നയിച്ചിട്ടും ബഹുമാനപ്പെട്ട മന്ത്രി അക്കാര്യത്തിൽ മറുപടി നൽകുന്നതല്ലാതെ നടപടികളിലേയ്ക്ക് കടക്കുന്നില്ല. അവർക്ക് കോമ്പൻസേഷൻപോലും നൽകാൻ സർക്കാരിന് സാധിക്കുന്നില്ല എന്നതാണ് ഗുരുതരമായ വിഷയം. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ അടിയന്തര ഇടപെടലുണ്ടാകണം.

2016 മുതൽ ഇന്നുവരെ 968 അപകടമരണങ്ങളാണ് ഉണ്ടായിട്ടുള്ളത്. വന്യമൃഗങ്ങൾ ജനവാസമേഖലയിലേയ്ക്ക് ഇറങ്ങാതിരിക്കാനുള്ള ശാസ്ത്രീയമായ നടപടികൾ വനംവകുപ്പ് സ്വീകരിക്കുന്നുണ്ടെങ്കിൽപ്പോലും അത് വിജയിക്കുന്നില്ല. അക്കാര്യത്തിൽ കൃത്യമായ പരിശോധന ഉണ്ടാകണം. മറ്റൊരു പ്രശ്നം, നമ്മുടെ സാംസ്കാരിക മേഖലയിൽ വനംവകുപ്പിന്റെ വീഴ്ചമൂലം ഉടലെടുത്തിരിക്കുന്ന നാട്ടാനകളുടെ അഭാവമാണ്. ഇന്ന് ക്ഷേത്ര ഉത്സവങ്ങളിലും പള്ളിപ്പെരുന്നാളുകളിലുമടക്കം ആനകളെ എഴുന്നള്ളിക്കുന്ന ചടങ്ങുകളിൽ ആനകളുടെ അഭാവമുണ്ടാകുന്നു. ബഹുമാനപ്പെട്ട മന്ത്രി

നിയമസഭയിൽ നൽകിയ മറുപടിയിൽ അങ്ങനെയൊരു കുറവിനെ സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ് പറയുന്നത്. വിവിധ ദേവാലയങ്ങളിലെ പെരുന്നാളുകൾ, മുസ്ലീം ദേവാലയങ്ങളിലെ ഉത്സവങ്ങളുടക്കം, സോഷ്യൽ ഫോറസ്ട്രിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിരിക്കുന്ന ഏകദേശം 8000-ഓളം ഉത്സവങ്ങൾ കേരളത്തിലുണ്ട്. അവയ്ക്കെല്ലാംകൂടി 300-ൽ താഴെ ആനകൾ മാത്രമെയുള്ളൂവെന്നും സർക്കാരിന്റെ മറുപടിയിലുണ്ട്. ഇത്രയേറെ ഉത്സവങ്ങൾ ഉണ്ടാകുമ്പോൾ ആനകളെ എവിടെനിന്ന് എത്തിക്കാൻ കഴിയുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. അതിന്റെ ഫലമായി അമിതമായ രീതിയിൽ മൃഗങ്ങളെ ഉപയോഗിക്കുന്ന സാഹചര്യം വരികയും അവയുടെ ആരോഗ്യം അപകടകരമായ നിലയിലേയ്ക്ക് മാറുകയും ചെയ്യുന്നു. ഈ ആനകളെല്ലാം 50 വയസ്സിനുമുകളിൽ പ്രായമുള്ളവയാണ്. ഈ വിഷയം പരിഹരിക്കാൻ സർക്കാർ ക്രിയാത്മകമായ നിലപാട് സ്വീകരിക്കണം. ആനകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതോടൊപ്പം നമ്മുടെ സാംസ്കാരികതയുടെ ഭാഗമായ ഉത്സവങ്ങൾക്ക് നാട്ടാനകളുടെ ലഭ്യത ഉറപ്പുവരുത്താനുള്ള

ഉത്തരവാദിത്വം സർക്കാരിനുണ്ടാകണം. ഫോറസ്റ്റ് വകുപ്പിന്റെ കോന്നി, കോട്ടൂർ തുടങ്ങിയ മേഖലകളിലെ ക്യാമ്പുകളിൽ ആനകൾ ചരിയുന്ന സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് വലിയ ദുരൂഹതകൾ ആരോപിക്കപ്പെടുന്ന സാഹചര്യത്തിൽ സർക്കാർ വിശദമായ പരിശോധന നടത്തണം.

ക്ഷീരവികസന മേഖലയുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ട് പരിശോധിച്ചാൽ പദ്ധതികൾക്ക് ഒരു കുറവുമില്ല. എന്നാൽ ക്ഷീരകർഷകന്റെ അവസ്ഥ വളരെ പരിതാപകരമാണ്. വൻദുരിതത്തിലേയ്ക്കാണ് ഇന്ന് ക്ഷീര/കാർഷിക മേഖല എടുത്തെറിയപ്പെട്ടിരിക്കുന്നത്. കർഷകർക്ക് പാലിന് ന്യായവില ലഭിക്കണമെന്നത് പ്രധാന ആവശ്യമാണ്. സംഘങ്ങളെ ശാക്തീകരിക്കുന്നതോടൊപ്പം സംഘങ്ങൾവഴി കർഷകർക്ക് ന്യായവില ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദപ്പെട്ട വകുപ്പുമേധാവികൾ അവരുടെ ചുമതല കൃത്യമായി നിർവ്വഹിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ചുമതലയെടുത്ത നാൾമുതൽ തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുമെന്ന് പ്രഖ്യാപനം

നടത്തിയിരുന്നെങ്കിലും ഒരർഥത്തിലും അതിന്റെ വ്യാപനം മുന്നോട്ടുപോകുന്നില്ല. അപകട മരണങ്ങൾ ഉണ്ടാകുമ്പോഴും ഇൻഷ്വറൻസ് പരിരക്ഷയുള്ളവർക്ക് മാത്രമാണ് സംരക്ഷണം ലഭിക്കുന്നത്. ഇൻഷ്വറൻസ് എടുക്കാത്ത എത്രയോ കർഷകരുണ്ട്. മാത്രമല്ല, ഇതിന്റെ നഷ്ടപരിഹാരം കാലോചിതമായി വർധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന്റെ മുന്നിലുണ്ടെങ്കിലും യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മൃഗങ്ങൾക്ക് എന്തെങ്കിലും അസുഖമുണ്ടാകുമ്പോൾ ധൃതിയിൽ വാക്സിനേഷൻ കൊടുക്കുന്നതിൽ കാര്യമില്ല. ലംപി സ്കിൻ രോഗം വളരെ ഗുരുതരമായ നിലയിൽ പല സ്ഥലങ്ങളിലും ആവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇത് വ്യാപിക്കുമെന്ന് അറിയാമായിരുന്നിട്ടും അതിനാവശ്യമായ പ്രതിരോധ നടപടികൾ എടുക്കുന്നതിൽ വകുപ്പ് പരാജയപ്പെടുകയാണുണ്ടായത്. എന്റെ നിയോജകമണ്ഡലത്തിലെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട വിഷയത്തെക്കുറിച്ച് സൂചിപ്പിക്കാം. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയെ സ്വാഭാവിക മരണത്തിന് വിട്ടുകൊടുക്കുകയാണോ? കോടിക്കണക്കിന് തുക

വിനിയോഗിച്ച് ആധുനിക പ്ലാന്റുകൾ അവിടെ സ്ഥാപിച്ചു. അതിന്റെ പ്രൊഡക്ഷൻ എവിടെയാണ്; എന്താണ് അവിടത്തെ പ്രശ്നം; എന്തുകൊണ്ട് അത് മുന്നോട്ടുകൊണ്ടുവരാൻ കഴിയുന്നില്ല; എന്നീ കാര്യങ്ങളിൽ സമഗ്രമായ അന്വേഷണം നടത്തണമെന്നുകൂടി ഈ സന്ദർഭത്തിൽ അറിയിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ക്ഷീര-മൃഗസംരക്ഷണ-വനമേഖലകളിൽ സർക്കാർ ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തൊടുപുഴയിലെ കൂട്ടിക്കർഷകനായ മാത്യു ബെന്നിയുടെ പതിമൂന്ന് പശുക്കൾ ചത്തുപോയ അവസരത്തിൽ ആ കുടുംബത്തെ സംരക്ഷിച്ചതും അവർക്കാവശ്യമായ ധനസഹായം നൽകിയതും ഈ സർക്കാർ ക്ഷീരമേഖലയിൽ നടത്തിയ കൃത്യമായ ഇടപെടലുകളാണ് വ്യക്തമാക്കുന്നത്. എന്റെ വ്യക്തിപരമായ ഒരനുഭവം പങ്കുവയ്ക്കാം. ഒരു ദിവസം രാത്രി പത്തു മണിയോടുകൂടി ഞാൻ വീട്ടിൽ നിൽക്കുമ്പോഴാണ് കോടഞ്ചേരി പഞ്ചായത്തിലെ ഒരു ക്ഷീരകർഷക, തന്റെ ആകെയുള്ള ഒരു പശുവിന്റെ വയറ്റിൽനിന്നും രക്തം പോകുന്നുവെന്ന് പറഞ്ഞ് എന്നെ വിളിക്കുന്നത്. ഈ

പ്രശ്നവുമായി ബന്ധപ്പെട്ട് ഞാൻ കൂടരഞ്ഞി പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടറെ വിളിച്ചപ്പോൾ അദ്ദേഹം ആ കർഷകയ്ക്ക് മൊബൈൽ വെറ്ററിനറി സേവനം എത്തിച്ചുകൊടുക്കുകയും തൽഫലമായി ആ പശുവിനെ രക്ഷിക്കാൻ സാധിക്കുകയും ചെയ്തു. ഈ സർക്കാർ ഒരു വിഷയത്തെ എങ്ങനെ നോക്കിക്കാണുന്നുവെന്നും എങ്ങനെയാണ് ഇടപെടൽ നടത്തുന്നതെന്നുമുള്ളതിന്റെ പ്രകടമായ ഉദാഹരണമാണിത്. സർക്കാരിന്റെ കാഴ്ചപ്പാടിന്റെ ഭാഗമായാണ് രാവിലെ ഒൻപത് മണി മുതൽ മൂന്ന് മണി വരെ മാത്രം പ്രവർത്തിക്കുന്ന മൃഗാശുപത്രികളുടെ സേവനം രാത്രിയിലും വീടുകളിലെത്തിച്ചുകൊടുക്കുന്ന സേവനമായി മാറുന്നത്. ക്ഷീരമേഖല നേരിടുന്ന നിരവധി പ്രതിസന്ധികൾ അഡ്രസ് ചെയ്യപ്പെടേണ്ടതുണ്ട്. ഇന്ന് നാമമാത്രമായ പശുക്കളെ ഉപയോഗപ്പെടുത്തി ഉപജീവനം നടത്തുന്ന കർഷകർക്ക് ഈ മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അതിന് ഒരു കാരണം കാലിത്തീറ്റയുടെ വില വർധനവാണ്. മിൽമ സബ്സിഡിയോടുകൂടി 1,350 രൂപയ്ക്ക് കാലിത്തീറ്റ കൊടുക്കുന്നുണ്ട്. എന്നാൽ അസംസ്കൃത പദാർഥങ്ങൾ കേരളത്തിൽ

ഇല്ലാത്തതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ കഴിയുന്നില്ല. സ്വാഭാവികമായും തീറ്റപ്പുൽകൃഷിയുടെ വ്യാപനം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള കൃഷിരീതിയിലേയ്ക്ക് പോകുന്നതും അതിനെ ഉപയോഗപ്പെടുത്തി കർഷകർക്ക് സഹായകരമാകുന്ന നിലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നതുമാണ് ഈ മേഖലയിൽ നമുക്ക് ചെയ്യാൻ കഴിയുന്നത്. അതിലേയ്ക്കായി പഞ്ചായത്തുകളുടെ സഹായത്തോടെ തൊഴിലുറപ്പ് പദ്ധതിയിൽ നമുക്ക് ഈ പദ്ധതിയെ ഉൾപ്പെടുത്താൻ സാധിക്കണം. തീറ്റപ്പുൽകൃഷി ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതിയുടെ നിർലോഭമായ പിന്തുണ ഈ കർഷകർക്ക് നൽകേണ്ടതുണ്ട്.

മറ്റൊന്ന്, വളർത്തുമൃഗങ്ങൾക്കുണ്ടാകുന്ന രോഗങ്ങളാണ്. പശു ചത്തുപോയാലോ ഗർഭം ധരിക്കുന്നില്ലെങ്കിലോ മാത്രമാണ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ ക്ഷീരകർഷകരെ സഹായിക്കാൻ കഴിയുന്നത്. എന്നാൽ മാരകമായ രോഗം വന്നാൽ അതിന്റെ ചികിത്സയ്ക്കാവശ്യമായ പണം കണ്ടെത്താൻ ക്ഷീര കർഷകർക്ക് കഴിയുന്നില്ല. ഗവൺമെന്റ് വ്യത്യസ്ത പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും അവ കുറച്ചുകൂടി വിപുലപ്പെടുത്തുകയും

പശുക്കളുടെ ചികിത്സയ്ക്കാവശ്യമായ പദ്ധതികൾ ഇൻഷ്വറൻസ് പരിരക്ഷയോടുകൂടി കൊടുക്കാനാവശ്യമായ ഇടപെടൽ നടത്തുകയും ചെയ്യേണ്ടതുണ്ട്. അതിൽനിന്നും അവരുടെ ജീവിതമാർഗ്ഗം കണ്ടെത്താൻ കഴിയാത്തതുകൊണ്ടാണ് ക്ഷീരകർഷകർ ഈ മേഖലയിൽനിന്ന് പിന്തിരിയുന്നത്. കഴിഞ്ഞ ദിവസമാണ് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെയറി ഫെഡറേഷന്റെ മുൻ ചെയർമാൻ ഡോ. മംഗൽജിത്ത് റായ് കോഴിക്കോട് എത്തിയത്. നമുക്ക് പാൽ സംഭരിച്ചുവയ്ക്കാനോ പാൽപ്പൊടിയാക്കി സംഭരിച്ചുവയ്ക്കാനോ കഴിയുന്നില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ 90 ശതമാനവും നമ്മൾ കുടിച്ചുതീർക്കുന്നു. ആ പാൽ മൂല്യവർധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാൻ സാധിക്കുന്നില്ല. അത്തരം പദ്ധതികൾ എങ്ങനെ വികസിപ്പിച്ചെടുക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് കൂടുതൽ ആലോചനകൾ നടത്താനും അത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും കൃത്യമായ ഇടപെടൽ നടത്താനും കഴിയണം. കഴിഞ്ഞ ദിവസം കണ്ണൂർ ജില്ലയിലെ ഒരു കർഷകൻ ഒരു കുഴത ഫാം ആരംഭിക്കുകയുണ്ടായി. കുഴതയുടെ ഒരു ലിറ്റർ

പാലിന് അയ്യായിരം രൂപ മാർക്കറ്റിൽ വിലയുണ്ടെന്നാണ് പത്രത്തിൽ വായിച്ചത്. സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനാണ് കഴുതപ്പാൽ ഉപയോഗിക്കുന്നത്. നമ്മുടെ ക്ഷീര കർഷക മേഖലയിൽ അത്തരം വാല്യൂ ആഡഡ് പ്രോഡക്ടുകൾ ഉപയോഗപ്പെടുത്താൻ ആവശ്യമായ ക്രമീകരണം ചെയ്യണം. ചാണകം ബ്രാൻഡ് ഇനത്തിൽ ഉൾപ്പെടുത്തി സൂപ്പർമാർക്കറ്റുകളിൽ വിപണനം ചെയ്യാൻ സാധിക്കണം. ഇങ്ങനെ മാറ്റങ്ങൾ വരുത്തിയാൽ മാത്രമെ ക്ഷീര മേഖലയിൽ പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. മറ്റൊന്ന്, പദ്ധതി ഇംപ്ലിമെന്റ് ചെയ്യുമ്പോഴുള്ള പ്രശ്നമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നേരത്തെ തൊഴുത്ത് നിർമ്മാണം, തീറ്റപ്പുൽ കൃഷി എന്നിവയൊക്കെ സാധ്യമായിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ കുറവുണ്ടാകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഇത് എങ്ങനെ പ്രാബല്യത്തിൽക്കൊണ്ടുവന്ന് ക്ഷീരകർഷകർക്ക് സഹായകരമാക്കാൻ കഴിയുമെന്ന് വളരെ ഗൗരവത്തോടെ ആലോചിച്ച് അതിനാവശ്യമായ പിന്തുണ നൽകണം. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര മേഖലയെ നിർബന്ധമായും ഉൾപ്പെടുത്തണമെന്ന വർഷങ്ങളായുള്ള ആവശ്യം

നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ നല്ല രീതിയിൽ സമ്മർദ്ദം ചെലുത്തണം. മുമ്പ് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രമന്ത്രിയെ നേരിൽകണ്ട് ഈ വിഷയത്തക്കുറിച്ച് ചർച്ച ചെയ്തിരുന്നു. ഇക്കാര്യത്തിൽ കൃത്യമായ ഇടപെടൽ ഉണ്ടാകണം.

വന്യജീവി സംരക്ഷണ നിയമം കേരളത്തെമാത്രം ബാധിക്കുന്ന ഒന്നല്ല. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളെയും ബാധിക്കുന്ന വിഷയമാണ്. വന്യമൃഗ ശല്യത്താൽ കർണ്ണാടകയിൽ ആഴ്ചയിൽ ഒരാൾ വീതം കൊല്ലപ്പെടുന്നുവെന്ന് കഴിഞ്ഞ ഏപ്രിൽ മാസം ഒന്നാം തീയതി മലയാള മനോരമ ദിനപത്രത്തിൽ വാർത്തയുണ്ടായിരുന്നു. നമ്മുടെ തൊട്ടടുത്തുള്ള നിരവധി സംസ്ഥാനങ്ങളിൽ ഈ പ്രശ്നമുണ്ട്. 2024 ഫെബ്രുവരിയിൽ വന്ന കണക്കനുസരിച്ച് മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ബംഗാൾ, മധ്യപ്രദേശ്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ പുലിയുടെ ആക്രമണത്തിൽ യഥാക്രമം 85, 11, 1, 2 വീതം ആളുകളാണ് കൊലചെയ്യപ്പെട്ടത്. കാട്ടാനയുടെ ആക്രമണത്തിൽ ഒഡീഷ, ജാർഖണ്ഡ്, ആസ്സാം, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിലും നിരവധി ആളുകൾ മരണപ്പെട്ടിട്ടുണ്ട്. വന്യജീവി ആക്രമണം, മനുഷ്യനും

വന്യജീവികളും തമ്മിലുള്ള സംഘർഷം എന്നിവ നിരന്തരം നാട്ടിലുണ്ടാകുന്ന സാഹചര്യത്തിൽ 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യണം. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനോട് മറ്റെല്ലാ കാര്യങ്ങളിലും ചിറ്റമ്മ നയം സ്വീകരിക്കുന്നതുപോലെ ഇക്കാര്യത്തിലും ചിറ്റമ്മ നയം തന്നെയാണ് സ്വീകരിക്കുന്നത്. കഴിഞ്ഞ ദിവസം കേന്ദ്രമന്ത്രി കേരളം സന്ദർശിച്ചപ്പോൾ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യേണ്ടതില്ലെന്ന നിലപാടാണ് സ്വീകരിച്ചത്. അതൊരു തെറ്റായ നിലപാടാണ്. 1972-ൽ വന്യജീവി സംരക്ഷണ നിയമം രൂപപ്പെടുത്തുന്ന ഘട്ടത്തിൽ അത് അനിവാര്യമായിരുന്നു. എന്നാൽ 50 വർഷങ്ങൾക്കിപ്പുറം നാം അതിനെക്കുറിച്ച് ചർച്ച ചെയ്യുന്ന ഈ അവസരത്തിൽ നിർബന്ധമായും കാലാനുസൃതമായ പരിഷ്കാരങ്ങൾ ഉണ്ടാകേണ്ടതാണ്. ദൗർഭാഗ്യവശാൽ കേരളത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട എം.പി.-മാർ ഏതെങ്കിലും വിഷയമുണ്ടാകുമ്പോൾ അതിനെ ഊതിപ്പെരുപ്പിച്ച് സമരം നടത്താറുണ്ട്. ഇത്തരത്തിൽ കേരള സർക്കാരിനെതിരെ സമരം നടത്തുന്നതല്ലാതെ കേന്ദ്രത്തിലെ എം.പി.-മാരെന്ന നിലയിലും നിയമം ഭേദഗതി ചെയ്യപ്പെടേണ്ട

വേദി എന്ന നിലയിലും ഇതിനെതിരെ പാർലമെന്റിൽ ശബ്ദമുയർത്തുന്നില്ല. എന്റെ ലോക്സഭാ മണ്ഡലം വയനാടാണ്. അവിടത്തെ എം.പി. പാർലമെന്റിൽ എപ്പോൾ എഴുന്നേറ്റ് നിന്നാലും മൈക്ക് കിട്ടുന്ന ബഹുമാന്യനായ വ്യക്തിത്വമാണ്, പക്ഷേ അദ്ദേഹം ഇന്നുവരെ ആ വിഷയത്തെക്കുറിച്ച് പാർലമെന്റിൽ ഒരക്ഷരം സംസാരിക്കുന്നത് കാണാൻ കഴിഞ്ഞിട്ടില്ല. വന്യജീവി സംരക്ഷണ നിയമത്തിൽ കാലോചിതമായ പരിഷ്കാരങ്ങൾ അനിവാര്യമായ സാഹചര്യത്തിൽ ടി നിയമം ഭേദഗതി ചെയ്യണം. മൃഗങ്ങളുടെ എണ്ണം പെരുകുന്ന സാഹചര്യമാണ് ഇന്നുള്ളത്. കാടിനുള്ളിലുണ്ടാകുന്ന മാറ്റങ്ങൾ എന്താണെന്ന് മനസ്സിലാക്കി അവ ജനങ്ങൾക്ക് ദോഷകരമായ രൂപത്തിൽ ഭവിക്കുന്നുണ്ടെങ്കിൽ ജനങ്ങൾക്ക് മുഖ്യപരിഗണന നൽകിക്കൊണ്ട് വന്യജീവി സംരക്ഷണ നിയമത്തിൽ കാതലായ മാറ്റം വരുത്തണം. സംസ്ഥാന സർക്കാർ 620 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചപ്പോൾ ആ പദ്ധതി നടപ്പാക്കേണ്ടതില്ലെന്ന ചിറ്റമ്മ നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചത്. ഈ നിയമം ഭേദഗതി ചെയ്യുന്നതിനായി നമ്മുടെ എം.പി.-മാർ

പാർലമെന്റിൽ ശക്തമായ ഇടപെടൽ നടത്തണം. കാട്ടുപന്നി എന്ന പ്രയോഗം ഇപ്പോൾ മാറിയിരിക്കുകയാണ്. ഇപ്പോഴുള്ളത് നാട്ടുപന്നിയാണ്. കാരണം കാട്ടിൽ ഉള്ളതിനെക്കാൾ കൂടുതൽ പന്നികൾ ഇപ്പോൾ നാട്ടിലാണുള്ളത്. അടുത്ത പത്ത് വർഷത്തിനുള്ളിൽ ജനിക്കുന്ന കാട്ടുപന്നികൾ കാടുകൾപോലും കാണില്ല എന്നത് നാം കാണേണ്ട പ്രധാനപ്പെട്ട പ്രശ്നമാണ്. ആ മൃഗങ്ങൾ നാട്ടിൽ വന്നാണ് കുഞ്ഞുങ്ങളെ പ്രസവിക്കുന്നത്. അതിനാൽ ഇവ നാട്ടുപന്നികളായി മാറുന്നുവെന്ന് മാത്രമല്ല, ഇതിന്റെ എണ്ണവും പെരുകുകയാണ്. കാട്ടുപന്നിയെ Vermin ആയി പ്രഖ്യാപിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടെങ്കിലും അതിനെ കൊല്ലാൻ കഴിയണം. കാട്ടുപന്നിയെ വെടിവച്ച് കൊന്നാൽ മണ്ണെണ്ണയൊഴിച്ച് നശിപ്പിക്കുകയാണ് ചെയ്യുന്നത്. എന്തിനാണ് അതിനെ നശിപ്പിക്കുന്നത്? നിയമഭേഭഗതി കൊണ്ടുവന്നാൽ കാട്ടുപന്നിയെ ലേലം ചെയ്ത് അവയുടെ ഇറച്ചി വില്പനയ്ക്ക് വയ്ക്കാൻ കഴിയും. ലോകരാജ്യങ്ങളിൽ നടക്കുന്ന സംഭവവികാസങ്ങളെക്കുറിച്ച് നാം പഠിക്കേണ്ടതുണ്ട്. ഓസ്ട്രേലിയയുടെ ദേശീയ മൃഗമാണ് കങ്കാരു. കങ്കാരുവിന്റെ എണ്ണം പെരുകുന്നത് ആ

രാജ്യത്തിന്റെ കാലാവസ്ഥയ്ക്കും മറ്റ് കാര്യങ്ങൾക്കും ഭീഷണിയാകുമെന്ന് കണ്ടപ്പോഴാണ് ആ ഗവൺമെന്റ് culling-ന് ആവശ്യമായ സൗകര്യം ഒരുക്കിക്കൊടുത്തത്. അതിന്റെ ഭാഗമായി നിശ്ചിത ഇടവേളകളിൽ കങ്കാരുവിനെ കൊന്നൊടുക്കുകയും എണ്ണം പെരുകുന്നത് നിയന്ത്രിക്കുകയും ചെയ്യുന്നുണ്ട്. ഇത് സ്വാഭാവികമായും വന്യജീവി സംരക്ഷണ നിയമത്തിലുണ്ടാകുന്ന ഭേദഗതിയുടെ ഭാഗമായാണ് ചെയ്യുന്നത്. ഇത്തരം നിയമങ്ങൾ ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാർ തയ്യാറാകണം. നിയമം ഭേദഗതി ചെയ്താൽ മാത്രമെ ഈ വിഷയത്തിന് പരിഹാരമുണ്ടാകുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ തീരുമാനപ്രകാരമാണ് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് വൈൽഡ്‌ലൈഫ് വാർഡന്റെ ചുമതല കൊടുത്തുകൊണ്ട് നാട്ടിലിറങ്ങുന്ന കാട്ടുപന്നിയെ വെടിവയ്ക്കാനുള്ള അവകാശം കൊടുത്തത്. പക്ഷേ ഇത്തരം ആളുകൾക്ക് തോക്ക് ലൈസൻസ് കൊടുക്കാത്ത വിഷയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. ഇതിനായി നേരത്തെ പോലീസ് ട്രെയിനിംഗ് കൊടുക്കാൻ തീരുമാനമെടുത്തെങ്കിലും പിന്നീട് അതിന്റെ ആവശ്യമില്ലെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് കുറേ

സംഘടനകൾ ചേർന്ന് കോടതിയിൽ കേസ് നൽകി. ഒരു അക്രഡിറ്റഡ് ഏജൻസിയെ നിയമിച്ചുകൊണ്ട് ട്രെയിനിംഗ് കൊടുക്കണമെന്ന് പിന്നീട് തീരുമാനമുണ്ടായെങ്കിലും അതും നടപ്പാക്കാൻ സാധിച്ചില്ല; അത് അനുവദിക്കാൻ തീരുമാനമുണ്ടാകണം. 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യാൻ ശക്തമായ ഇടപെടലുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ടും ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. എ. രാജ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. അടുത്തകാലത്ത് സംസ്ഥാനത്ത് വന്യമൃഗ ആക്രമണം വർദ്ധിച്ചുവരികയാണ്. ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഉണ്ടാകാത്തതുകൊണ്ടാണ് വന്യമൃഗ ആക്രമണം വർദ്ധിച്ചത് എന്നാണ് പ്രതിപക്ഷം പറയുന്നത്. കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം തിളക്കമാർന്ന വിജയം ഏറ്റുവാങ്ങിക്കൊണ്ടാണ് അവർ പാർലമെന്റിലേക്ക് പോയത്. തിരഞ്ഞെടുപ്പ് സമയത്ത് പരിസ്ഥിതിയുമായി ബന്ധപ്പെട്ട് അവരുടെ നിലപാട് എന്തായിരുന്നുവെന്ന്

പരിശോധിക്കുന്നത് നല്ലതായിരിക്കും. കോൺഗ്രസ്സിന്റെ പ്രകടന പത്രികയിൽ അവർ എപ്പോഴും തീവ്ര പരിസ്ഥിതി നിലപാട് ഉയർത്തിപ്പിടിക്കാറുണ്ട്. ഈ തിരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പരിസ്ഥിതിലോല മേഖലാ അതോറിറ്റി രൂപീകരിക്കുമെന്നാണ് പറഞ്ഞിരുന്നത്. നേരത്തെ നമ്മുടെ നാട്ടിൽ പരിസ്ഥിതിയുമായി ബന്ധപ്പെട്ട് വലിയ രീതിയിലുള്ള വിഷയങ്ങൾ ഉണ്ടായിരുന്നു. ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടും നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട കാര്യങ്ങൾ തന്നെയാണ് പ്രകടന പത്രികയിൽ കോൺഗ്രസ്സും ഉയർത്തിയിട്ടുള്ളത്. അതിൽ മറ്റൊന്ന് സൂചിപ്പിച്ചിരിക്കുന്നത്, വന വിസ്തീർണ്ണം വർധിപ്പിക്കണമെന്നാണ്. നിലവിൽ കേരളത്തിന്റെ വന വിസ്തൃതി കൂടുതലാണെങ്കിൽപ്പോലും ഇനിയും വർധിപ്പിക്കണമെന്ന നിലപാടുമായാണ് കോൺഗ്രസ്സ് മുന്നോട്ടുപോകുന്നത്. വന്യജീവികളെ സംരക്ഷിക്കാൻവേണ്ടി ഒരു ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുമെന്നതാണ് അവരുടെ പ്രകടനപത്രികയിലുള്ള മറ്റൊരാവശ്യം. നമ്മുടെ രാജ്യത്ത് ബഫർസോണുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉയർന്നുവന്നിരുന്നു. 2002-ൽ

ബി.ജെ.പി. ഗവൺമെന്റ് ഇന്ത്യ ഭരിച്ചുകൊണ്ടിരുന്നപ്പോഴാണ് ബഫർസോണിനെക്കുറിച്ചുള്ള പരാമർശങ്ങൾ ഉയർന്നുവരുന്നത്. Environment (Protection) Rules-ലാണ് ബഫർസോണിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത്. എന്നാൽ UPA ഗവൺമെന്റ് അധികാരത്തിലുള്ള അവസരത്തിലാണ് തീവ്രമായ പരിസ്ഥിതി നിലപാടുമായി മുന്നോട്ടുപോയത്. അന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ചുമതല വഹിച്ചിരുന്നത് ശ്രീ. ജയറാം രമേശ് ആയിരുന്നു. കേരളത്തിൽ സംരക്ഷിത മേഖലയ്ക്ക് ചുറ്റും സീറോ മുതൽ പന്ത്രണ്ട് കി.മീ. വരെ പരിസ്ഥിതി സംരക്ഷണ മേഖലയായി വിജ്ഞാപനം ചെയ്യാൻ അന്ന് തീരുമാനിച്ചത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. എന്നാൽ അതിൽ നിന്നെല്ലാം നമ്മൾ മാറി, ജനവാസ മേഖലയെ ഒഴിവാക്കിക്കൊണ്ട് സീറോ ബഫർസോണാക്കി നിലനിർത്തണമെന്ന് തീരുമാനിച്ചു. നമ്മുടെ വാദം അംഗീകരിച്ചുകൊണ്ടും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കിക്കൊണ്ടും സീറോ ബഫർസോൺ വനത്തിനകത്തുതന്നെ നിലനിർത്തിയാൽ മതിയെന്ന നിലയ്ക്ക് ബഹു. സുപ്രീം കോടതി ഉത്തരവിറക്കി. വന്യമൃഗ സംഘർഷങ്ങൾ തുടർച്ചയായി

സംഭവിക്കുന്നതിനാൽ ഈ ഗവൺമെന്റ് അതൊരു ദുരന്തമായി പ്രഖ്യാപിച്ചു. നിലവിൽ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി 100 കോടി രൂപ അനുവദിക്കുകയും 110 കോടി രൂപകൂടി അനുവദിക്കാനുള്ള ഇടപെടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരു കൺട്രോൾ റൂം പ്രവർത്തിപ്പിക്കാനും ചീഫ് വൈൽഡ് ലൈഫ് വാർഡനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്താനും വാട്സ്ആപ്പ് ഗ്രൂപ്പുകൾ ആരംഭിക്കാനും കൂടുതൽ വാച്ചർമാരെയും കഴിവുതെളിയിച്ചിട്ടുള്ള ഉദ്യോഗസ്ഥരെയും സംഘർഷ മേഖലകളിൽ നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്. അവർക്ക് നഷ്ടപരിഹാര തുക എത്രയും വേഗം കൊടുക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. സംഘർഷം വർധിക്കുന്നതിന്റെ ഭാഗമായാണ് ടി നടപടികളെല്ലാം കൈക്കൊണ്ടിട്ടുള്ളത്. മനുഷ്യ-വന്യജീവി സംഘർഷങ്ങൾ തടയുന്നതിനായി നിലവിലുള്ള നിയമങ്ങൾ കാലാനുസൃതമായി ഭേദഗതി ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള നിയമസഭ 14-02-2024-ൽ ഒരു പ്രമേയം പാസ്സാക്കിയിരുന്നു. വനം എന്ന വിഷയം കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതുകൊണ്ട് അതിൽ ഭേദഗതി

വരുത്തേണ്ടത് കേന്ദ്രഗവൺമെന്റാണ്. എന്നാൽ നമ്മുടെ നാട്ടിൽനിന്ന് പാർലമെന്റിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട എം.പി.-മാർ ഈ നിയമത്തിൽ ഭേദഗതി വരുത്താനുള്ള ഒരു കാര്യവും ചെയ്തിട്ടില്ല. സ്വഭാവികമായും കോൺഗ്രസ്സിനെ പ്രതിനിധീകരിച്ച് കേരളത്തിൽനിന്ന് ജയിച്ചുപോയവർക്ക് പാർലമെന്റിൽ ഈ വിഷയം ഉന്നയിക്കാൻ കഴിയില്ല. കാരണം 1972-ൽ കോൺഗ്രസ്സിന്റെ ഭരണകാലയളവിലാണ് ഈ നിയമം കൊണ്ടുവന്നത്. അതിൽ ഭേദഗതി വരുത്തണമെന്ന് നമ്മൾ ആവശ്യപ്പെടുന്നു. ഇപ്പോൾ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ കൈവശമുള്ള അധികാരങ്ങൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് കൊടുക്കണമെന്ന ഉപക്ഷേപം പാസ്സാക്കിയിട്ടുണ്ട്. ഒരു സംസ്ഥാനത്തിന് ചെയ്യാൻ കഴിയാവുന്ന കാര്യങ്ങളെല്ലാം ഈ ഗവൺമെന്റ് ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ കൊണ്ടുവന്ന നിയമം ഭേദഗതി ചെയ്യേണ്ടത് കേന്ദ്രസർക്കാരാണ്. എന്റെ നാട്ടിലെ ഒരു സംഭവത്തെക്കുറിച്ച് പറയാം. എന്റെ മണ്ഡലത്തിലെ കാഞ്ഞിരവേലിയിൽ ഇന്ദിര എന്ന ഒരു വ്യക്തി മരണപ്പെടുകയുണ്ടായി. ഈ വർഷാരംഭം മുതൽ മരണപ്പെട്ടവരിൽ ആറോളം പേർ എന്റെ

മണ്ഡലത്തിലുള്ളവരാണ്. ഇത്തരത്തിൽ ആളുകൾ മരണപ്പെടുമ്പോൾ ആ കുടുംബത്തിന്റെകൂടെ ചേർന്ന് നിന്നുകൊണ്ട് അവർക്കാവശ്യമായ കാര്യങ്ങൾ നമ്മൾ ചെയ്തിട്ടുണ്ട്. എന്നാൽ നമ്മുടെ നാട്ടിൽ ചിലർ തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് മരിച്ചവരുടെ ബോഡിവരെ എടുത്തുകൊണ്ടുപോയി സമരം ചെയ്യുന്ന അവസ്ഥയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. അങ്ങനെയുള്ളവർ വീണ്ടും ജയിച്ചുപോയിട്ടുണ്ട്. അവരെല്ലാവരും കേന്ദ്രത്തിൽ ആവശ്യങ്ങൾ ഉന്നയിക്കുമെന്നാണ് കരുതുന്നത്. നമ്മുടെ ഗവൺമെന്റ് ജനോപകാരപ്രദമായ നിരവധി കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം, കാടിനെ സംരക്ഷിക്കുന്നതിനുവേണ്ടി ആദിവാസി വിഭാഗത്തിൽപ്പെട്ട ഏകദേശം 460-ഓളം പേരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിക്കാൻ തീരുമാനിച്ചു. എന്റെ മണ്ഡലത്തിലുൾപ്പെടെ നിരവധി ആളുകൾ അതിന്റെ ഭാഗമായിട്ടുണ്ട്. വന്യമൃഗ സംഘർഷം കുറച്ചുകൊണ്ടുവരേണ്ടത് അനിവാര്യമാണ്. ഈ സംഘർഷം തുടർച്ചയായി സംഭവിക്കുന്നതുകൊണ്ട് പുതുതായി പതിമൂന്ന് RRT (Rapid Response Team)-കൾ പ്രഖ്യാപിച്ചിട്ടുള്ളതിൽ രണ്ടെണ്ണം ദേവികുളം

നിയോജകമണ്ഡലത്തിലാണ്. നേരത്തെതന്നെ RRT ഉണ്ടായിരുന്നുവെങ്കിലും 165 കിലോമീറ്ററോളം നീണ്ടുകിടക്കുന്ന ഉൾപ്രദേശമായതിനാൽ പുതുതായി രണ്ടെണ്ണം അനുവദിച്ചതാണ്. RRT വരുന്നതോടുകൂടി വന്യമൃഗസംഘർഷം കുറച്ചുകൊണ്ടുവരാൻ കഴിയുമെന്നാണ് കരുതുന്നത്. നേരത്തെ കണ്ണൂരിലെ എം.എൽ.എ. ശ്രീ. സണ്ണി ജോസഫ് പറഞ്ഞതുപോലെ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ വലിയ രണ്ട് സാങ്ച്വറികളുണ്ട്. എന്റെ മണ്ഡലത്തിൽ പാമ്പാടുംചോല, ആനമുടി, മതികെട്ടാൻചോല, ഇരവികുളം എന്നീ നാല് നാഷണൽ പാർക്കുകളും ചിന്നാർ, കുറിഞ്ഞിമല എന്നീ രണ്ട് സാങ്ച്വറികളുമാണുള്ളത്. എന്റെ മണ്ഡലത്തിന് ചുറ്റും എഴുപത് ശതമാനവും ഫോറസ്റ്റാണ്. ഈ ഫോറസ്റ്റിനിടയിലാണ് ഞങ്ങൾ താമസിക്കുന്നത്. ഈ അടുത്തിടെ രണ്ട് സ്ഥലങ്ങളിൽ, ഒന്ന്, പള്ളിവാസൽ വില്ലേജിൽ ചെങ്കുളം എന്ന സ്ഥലം റിസർവ് ഫോറസ്റ്റായി ഉൾപ്പെടുത്തുന്നതിനായി പുതിയൊരു നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. രേഖകൾ പരിശോധിച്ചാൽ പള്ളിവാസൽ വില്ലേജിൽ ഒരു സെന്റ് ഭൂമിപോലും ഫോറസ്റ്റ് എന്ന് രേഖപ്പെടുത്തിയിട്ടില്ലെന്ന് മനസ്സിലാക്കാൻ സാധിക്കും. മറ്റൊന്ന്

ചിന്നക്കനാലാണ്; അവിടെ കൂടുതലും വനപ്രദേശമാണുള്ളത്. അവിടം വീണ്ടും റിസർവ് ഫോറസ്റ്റാക്കാനുള്ള ഇടപെടലുമായാണ് വനം വകുപ്പ് ഇറങ്ങിയിരിക്കുന്നതെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇപ്പോൾത്തന്നെ റിസർവായും ഫോറസ്റ്റായുമുള്ള സ്ഥലത്താണ് ഈ അവസ്ഥ വന്നിരിക്കുന്നത്. എന്റെ മണ്ഡലത്തിലാണ് ആദിവാസി ഗ്രാമപഞ്ചായത്തായ ഇടമലക്കുടി. ഇടമലക്കുടിയിലേക്ക് റോഡ് നിർമ്മിക്കുന്നതിനായി സ്ഥലം വിട്ടുകൊടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇടമലക്കുടിയിലുള്ള ആളുകളെ ചേർത്തുപിടിക്കുന്നതിന് ഇടപെടൽ നടത്തിയ ഈ സർക്കാരിന് പ്രത്യേകം നന്ദി അറിയിക്കുന്നു.

2005-ലാണ് 'നീലക്കുറിഞ്ഞി ഉദ്യാനം' പ്രഖ്യാപിച്ചത്. വട്ടവട വില്ലേജിലെ കൊട്ടക്കൊമ്പൂരിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഇത് പ്രഖ്യാപിച്ചതിനുശേഷം അവിടെയുള്ളവർ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഇതിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ ഇപ്പോഴും വന്നിട്ടില്ല. ഈ സ്ഥലം അളന്നുതിരിച്ച് സംയുക്തമായി ഒരു സർവെ നടത്തിയാൽ മാത്രമെ ഇക്കാര്യത്തിന് ശാശ്വത പരിഹാരം കാണാൻ

കഴിയുകയുള്ളൂ. എന്റെ മണ്ഡലത്തിൽ എല്ലാ ദിവസങ്ങളിലും തുടർച്ചയായി വന്യമൃഗശല്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അടുത്തിടെ വട്ടവടയിൽ ഒരു ദിവസം 42 ആടുകളെ കാട്ടുനായകൾ കടിച്ചുകൊന്നു. അടുത്ത ദിവസം വീണ്ടും 10 ആടുകളെ കൊന്നു. പിന്നീട് ഇന്നലെവരെ ഈ ഒരു മാസത്തിനിടയിൽ തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ തുടർച്ചയായി വന്യമൃഗ ശല്യം നേരിടുകയാണ്. അവിടെയെല്ലാം കാട്ടാനകൾ തമ്പടിച്ചിരിക്കുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥർ അവിടെച്ചെന്ന് അവയെ കാട്ടിലേക്ക് തുരത്തിവിടാനുള്ള ശ്രമങ്ങൾ നടത്താറുണ്ടെങ്കിലും അവയൊന്നും തിരിച്ചുപോകാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ വിഷയങ്ങളിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജി. സ്റ്റീഫൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്തെ വനം-വന്യജീവി വകുപ്പ് ഇതര സംസ്ഥാനങ്ങൾക്കുപോലും മാതൃകയാകത്തക്ക നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. നാടിനെയാകെ

ആശങ്കയിലാഴ്ത്തിയ ബഫർസോൺ വിഷയത്തിൽ കേന്ദ്രസർക്കാർ ശക്തമായ നിലപാട് സ്വീകരിക്കാതിരുന്ന ഘട്ടത്തിൽ കേരളത്തിലെ ഗവൺമെന്റ് സുപ്രീംകോടതിയുടെ മുമ്പാകെയുള്ള കേസ് വിജയിപ്പിച്ച് ആശങ്കയിലായ വനാതിർത്തി മേഖലയിലെ ജനങ്ങളെ സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. ഈ വിഷയത്തിൽ അനുകൂലമായ കോടതിവിധി നേടിയെടുത്തതിലൂടെയാണ് ബഫർസോൺ വിഷയത്തിൽ ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞത്. വന്യമൃഗ മനുഷ്യ സംഘർഷം ഏറ്റവും രൂക്ഷമായിരിക്കുന്ന ഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. വനാതിർത്തി പങ്കിടുന്ന മണ്ഡലങ്ങളിലെ ജനങ്ങൾ വളരെയേറെ ഭീതിയിലാണ് കഴിയുന്നത്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരികയാണ്. രാജ്യത്ത് ആദ്യമായി സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചുകൊണ്ട് മനുഷ്യ-വന്യമൃഗ ആക്രമണങ്ങൾ നേരിടുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി എല്ലാ ഡിവിഷനിലും ഡിവിഷൻ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

അരുവിക്കര മണ്ഡലത്തിൽ പേപ്പാറ ഫോറസ്റ്റ് ഡിവിഷനിൽ ഇപ്പോൾത്തന്നെ 28 RRT-കളുടെ സേവനം സജ്ജമാക്കിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിധ്യം മുൻകൂറായി അറിയുന്നതിനുവേണ്ടി വനത്തിനോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിൽ ' Early warning system' സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്തുവരികയാണ്. വനംവകുപ്പിൽ പട്ടികവർഗ്ഗ വിഭാഗത്തിലുള്ള അഞ്ചൂറ് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടുണ്ട്. ഈ മേഖലയിലെ വിഷയങ്ങൾ നേരിട്ടറിയാവുന്നവർക്ക് വനമേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടാനും വനംവകുപ്പിന്റെ പ്രവർത്തനങ്ങളിൽ സഹായിക്കാനും കഴിയും. വനാന്തരങ്ങളിൽ താമസിക്കുന്ന ആദിവാസി ഇതര സമൂഹത്തിൽപ്പെട്ട 782 കുടുംബങ്ങൾക്ക് കഴിഞ്ഞ രണ്ടുവർഷംകൊണ്ട് പുനരധിവാസ സാഹചര്യമൊരുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. വനഭൂമി സംരക്ഷിക്കുന്നതിനായി നടത്തിയ വലിയൊരു കാൽവയ്പാണ് നിയമസഭ പാസ്സാക്കിയ 'കേരള സ്വകാര്യ വനങ്ങൾ (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) ഭേദഗതി ബിൽ'. ഞാൻ പ്രതിനിധാനം ചെയ്യുന്ന

മണ്ഡലത്തിലെ കോട്ടൂരിൽ നിലവിലുണ്ടായിരുന്ന ആന പുനരധിവാസ കേന്ദ്രത്തെ ഏഷ്യയിലെ ഏറ്റവും വലിയ ആന പുനരധിവാസ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ ആരംഭിക്കുകയും ആയതിലേയ്ക്ക് കിഫ്ബി ഫണ്ടുപയോഗിച്ച് 82.38 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. ശ്രീ. സി. കെ. ഹരീന്ദ്രൻ ടി ആന പുരനരധിവാസ കേന്ദ്രത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. നിലവിൽ അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്; രണ്ടാംഘട്ട പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കി നാടിന് സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ, ക്ഷീര കർഷകർക്ക് അനുകൂലമായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. 'ക്ഷീരശ്രീ', 'ക്ഷീരജാലകം' എന്നീ പദ്ധതികൾ മുഖേന ക്ഷീരകർഷകർക്ക് അർഹമായ സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകാൻ കഴിഞ്ഞിട്ടുണ്ട്. മിൽമയുടെ പ്രതിദിന പാൽ സംഭരണം 2013-14-ൽ 6.42 ലക്ഷം ലിറ്ററായിരുന്നത് ഇപ്പോൾ 12.56 ലക്ഷം ലിറ്ററായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്തു വർഷത്തിനിടയിൽ മിൽമയുടെ വിറ്റുവരവിൽ

97 ശതമാനം വർധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. സങ്കരയിനം പശുക്കളുടെ പാലുല്പാദനക്ഷമതയിൽ കേരളത്തിന് രാജ്യത്ത് മൂന്നാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ക്ഷീരവികസനവകുപ്പ് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മറ്റ് ബ്രാൻഡുകളുമായി കിടപിടിക്കുന്ന രീതിയിൽ 'Repositioning Milma' എന്ന ദീർഘകാല പദ്ധതി ആവിഷ്കരിച്ച് മിൽമയുടെ നേതൃത്വത്തിൽ മുന്നോട്ടുപോകുകയാണ്. അരുവിക്കര മണ്ഡലത്തിലെ വിതുരയിലും ചെറ്റച്ചലിലുമായി പ്രവർത്തിക്കുന്ന രണ്ട് ജഴ്സി ഫാമുകളെയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്ത് നടപ്പാക്കണം. ഓട്ടോമാറ്റിക് കുടിവെള്ള സംവിധാനം, താപനിയന്ത്രണ സംവിധാനം, അടിയന്തരമായ അറ്റകുറ്റപ്പണികൾ നടപ്പാക്കൽ, ജല ദൗർലഭ്യം പരിഹരിക്കൽ, ക്വാർട്ടേഴ്സുകളുടെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തൽ, പുൽകൃഷി ചെയ്യുന്നതിനുള്ള സ്ഥലം വികസിപ്പിക്കൽ തുടങ്ങിയവകൂടി ഈ രണ്ട് ഫാമുകളിലും നടപ്പാക്കേണ്ടതുണ്ട്. ഇത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി അടിയന്തരമായി ശ്രദ്ധ പതിപ്പിച്ച് ഇതിനാവശ്യമായ ഫണ്ട് ഈ

സാമ്പത്തികവർഷംതന്നെ അനുവദിക്കാൻ നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം കാരണം പാലിന്റെ അളവിൽ ഇരുപത് ശതമാനം കുറവുവന്നിരിക്കുകയാണ്. സ്വയംപര്യാപ്തത ഉണ്ടാകണമെങ്കിൽ നിലവിലുള്ള ക്ഷീരകർഷകരെ സഹായിക്കേണ്ടതുണ്ട്. ഈ മേഖലയിൽ പുതുതായി കടന്നുവരുന്ന യുവകർഷകരെ പ്രസ്തുത രംഗത്ത് നിലനിർത്താൻ നടപടി സ്വീകരിക്കണം. കാലിത്തീറ്റയ്ക്ക് വില വർധിക്കുന്നത് അവയുടെ ഉല്പാദനത്തിനുള്ള അസംസ്കൃത സാധനങ്ങൾ കേരളത്തിൽ ലഭ്യമാകാത്തതുകൊണ്ടാണ്. കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുമ്പോൾ വളരെയേറെ വില വർധിക്കുന്നുണ്ട്. പാലിന്റെ സബ്സിഡി ഇനത്തിൽ വകുപ്പ് ഒരു രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൂന്ന് രൂപയുമാണ് നൽകിക്കൊണ്ടിരിക്കുന്നത്. ഇതിലേയ്ക്കായി നീക്കിവയ്ക്കുന്ന തുക കുറവാണ്. പന്ത്രണ്ടുമാസവും പാലിനുള്ള സബ്സിഡി കൊടുക്കാൻ കഴിയാത്തത് ക്ഷീരകർഷകരെ ഒരുപരിധിവരെ ബുദ്ധിമുട്ടിക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന മാർഗ്ഗനിർദ്ദേശത്തിൽ സബ്സിഡിയുടെ

പരിധി നാൽപ്പതിനായിരം രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിൽ മാറ്റം വരുത്തണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ സമയത്ത് പാൽ ഉല്പാദനത്തിനനുസൃതമായ തുക നീക്കി വയ്ക്കാൻ സർക്കാർ കർശന നിർദ്ദേശം നൽകണം. തദ്ദേശീയ പശുക്കളുടെ പ്രൊഡക്ടിവിറ്റി തോത് 10.3 ശതമാനമാണ്. ഇതിന്റെ കാരണമായി ക്ഷീരകർഷകർ പറയുന്നത്, സങ്കരയിനമല്ലാത്ത കാളകളുടെ ബീജം കുത്തിവയ്ക്കുന്നതുകൊണ്ടാണ് എന്നാണ്. നിലവിൽ ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ അത്യുൽപാദനശേഷിയുള്ള ബീജം (Sex sorted semen) മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തകാലത്ത് ഒരു പത്രവാർത്ത വായിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ പഞ്ചാബിൽ പോയി ഇത്തരത്തിൽ അത്യുൽപാദനശേഷിയുള്ള ബീജം കൊണ്ടുവരുന്നതിനായി സംസ്ഥാന സർക്കാരുമായി ചർച്ചചെയ്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നാണ്. ഇതിന്റെ തുക അഞ്ഞൂറുരൂപയിൽനിന്നും പരമാവധി കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ലോകത്ത്

പാലുല്പാദനത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഒരുവർഷം ഇരുപത്തിയഞ്ച് ലക്ഷം മെട്രിക് ടൺ പാലാണ് നമ്മൾ ഉല്പാദിപ്പിക്കുന്നത്. കേരളം ഇപ്പോഴും സ്വയംപര്യാപ്തതയിലേക്ക് എത്തിയിട്ടില്ല. നാം ഇപ്പോഴും രണ്ടുലക്ഷം ലിറ്റർ പാലിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. കാലി സമ്പത്ത് മുപ്പത്തിമൂന്ന് ലക്ഷമായിരുന്നത് പതിമൂന്ന് ലക്ഷത്തിലേക്ക് ചുരുങ്ങിയിട്ടുണ്ട്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, പാലിന്റെ ഗുണമേന്മ നിർണ്ണയിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന് എല്ലാ ജില്ലകളിലും കേന്ദ്രങ്ങളുണ്ട്. എന്നാൽ നിയമപരമായി വകുപ്പിന് പാൽ പരിശോധിക്കാനുള്ള അധികാരം ഇല്ല. അത്തരത്തിലുള്ള ഒരു നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് വകുപ്പ് മുന്നോട്ടുപോകുമോ; അതുസംബന്ധിച്ച കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ജി. സ്റ്റീഫൻ: സർ, എന്റെ ശ്രദ്ധയിലില്ല. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രസ്തുത വിഷയം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് വിശ്വസിക്കുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പ് കഴിഞ്ഞ ഘട്ടത്തിലാണ് നമ്മൾ

നിയമസഭാ സമ്മേളനം ചേരുന്നത്. കേന്ദ്രഗവൺമെന്റ് നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് തുടങ്ങിയിട്ട് എട്ടുവർഷം കഴിഞ്ഞു. ഒന്നാം പിണറായി സർക്കാരിന്റെ കാലഘട്ടത്തിൽ കേരള സർക്കാരിനെ തകർക്കുന്നതിനും അപകീർത്തിപ്പെടുത്തുന്നതിനുമാണ് അന്വേഷണ ഏജൻസികളെ ഉപയോഗിച്ചിരുന്നതെങ്കിൽ, രണ്ടാം പിണറായി സർക്കാരിനെ അസ്ഥിരപ്പെടുത്താനും സാമ്പത്തികമായി തകർക്കുന്നതിനും വേണ്ടിയാണ് അവർ ശ്രമിക്കുന്നത്. ഒരുകാലത്ത് എല്ലാ അധിനിവേശ ശക്തികളും സാമ്രാജ്യത്വ ശക്തികളും കോളനികളെ സാമ്പത്തികമായാണ് ഞെരുക്കിക്കൊണ്ടിരുന്നത്. രണ്ടാം പിണറായി ഗവൺമെന്റിന്റെ ജനക്ഷേമ പ്രവർത്തനങ്ങൾ സ്വതന്ത്രമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം നിൽക്കുന്ന നിലപാടാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് പരിഹരിക്കാൻ കേരളത്തിൽനിന്നുള്ള എം.പി.-മാർ ഒറ്റക്കെട്ടായി പരിശ്രമിക്കുന്നതിന് കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും

നേതൃത്വത്തിൽ എം.പി.-മാർക്ക് നിർദ്ദേശം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. കേരളത്തിലെ ഏറ്റവും ഉദാത്തമായ മാതൃകയാണ് ക്ഷീരവികസന മേഖല. പാവപ്പെട്ട ഗ്രാമീണ ജനതയുടെ ജീവനാഡി എന്നതിനപ്പുറം കേരളം കണികണ്ടുണരുന്ന നന്മയും നമ്മുടെ നാടിന്റെ ഐശ്വര്യവുമാണവ. അവർ ഇന്ന് വലിയൊരു പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. ഒരു ലിറ്റർ പാലുല്പാദിപ്പിക്കാൻ അറുപത്തിയഞ്ച് രൂപ ചെലവുണ്ടെന്നിരിക്കെ, നിലവിൽ സൊസൈറ്റിയിൽനിന്നും അവർക്ക് ലഭിക്കുന്നത് നാൽപത്തിമൂന്ന് രൂപ മാത്രമാണ്. ഇതുമൂലം ഈ മേഖലയിൽ വലിയ കൊഴിഞ്ഞുപോക്ക് സംഭവിക്കുന്നുവെന്ന് മാത്രമല്ല, ക്ഷീരസംഘങ്ങൾ പൂട്ടിപ്പോകേണ്ട അവസ്ഥയിലേക്ക് നീങ്ങുകയാണ്. മിൽമയിൽനിന്നുള്ള കാലിത്തീറ്റയുടെ വില 1240 രൂപ ആയിരുന്നത് 1400 രൂപയായും കേരള ഫീഡ്സിൽ നിന്നുള്ളവയ്ക്ക് 1210 രൂപ ആയിരുന്നത് 1375 രൂപയായും വർധിപ്പിച്ചിട്ടുണ്ട്. ഇതോടെ പ്രൈവറ്റ് കമ്പനികളും കാലിത്തീറ്റയുടെ വില

വർധിപ്പിച്ചിരിക്കുകയാണ്. ഈ വില വർധനവ് പ്രൈവറ്റ് കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം പൊതുവെ ഉയർന്നിരിക്കുകയാണ്. അതുകൊണ്ട് കാലിത്തീറ്റയ്ക്ക് അടിയന്തരമായി സബ്സിഡി അനുവദിക്കുന്നതു കൂടാതെ പാലിന് അഞ്ചുരൂപവച്ച് സബ്സിഡി നൽകാനുള്ള തീരുമാനമുണ്ടാകണം. സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾക്ക് ഗ്രാന്റ് നൽകി സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനും തയ്യാറാകണം. തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഈ മേഖലയെ സംരക്ഷിക്കാൻ സത്വര നടപടികൾ സ്വീകരിക്കണം. പന്നി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായ പരാതികളാണുള്ളത്, അക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിലെ ഫാമിൽ 150-ഓളം പന്നികൾ അസുഖം ബാധിച്ച് ചത്തുപോകുകയും രോഗം ബാധിച്ച 600-ൽ അധികം പന്നികളെ കൊന്നൊടുക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ, നാളിതുവരെ അതിനുള്ള നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടില്ല,

ഈയിനത്തിൽ കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരത്തുക അടിയന്തരമായി വിതരണം ചെയ്യാൻ നടപടിയുണ്ടാകണം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ സഭയിൽ ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടത് വനം വകുപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. കേരളത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വന്യമൃഗശല്യത്തെത്തുടർന്ന് പാവപ്പെട്ട കർഷകരും ആദിവാസി സമൂഹവും ഇന്ന് ഭയവിഹ്വലരായി കഴിയുകയാണ്. യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുമ്പോഴും വന്യമൃഗശല്യത്തെ എത്ര ലാഘവത്തോടെയാണ് ഈ സർക്കാർ കാണുന്നത്? ഇതിന്റെ പൂർണ്ണ ഉത്തരവാദി സംസ്ഥാന സർക്കാർ മാത്രമാണ്. കേന്ദ്ര സർക്കാരിനെ മാത്രം പഴിചാരി രക്ഷപ്പെടാൻ സംസ്ഥാന സർക്കാരിന് സാധിക്കില്ല. ഇവിടെ ബഹുമാനപ്പെട്ട ഒരംഗം ശ്രീ. രാഹുൽ ഗാന്ധിക്കെതിരെയാണ് ആരോപണമുന്നയിച്ചത്. യാഥാർഥ്യങ്ങൾ കാണാതെയും അവ അംഗീകരിക്കാതെയും എന്തിനും ഏതിനും ശ്രീ. രാഹുൽ ഗാന്ധിയെയും കോൺഗ്രസ് പാർട്ടിയെയും കുറ്റപ്പെടുത്തുന്ന ഇത്തരം പ്രവണതകൾക്കുള്ള തിരിച്ചടിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിലുണ്ടായതെന്ന വസ്തുത

മനസ്സിലാക്കണം. ശ്രീ. രാഹുൽ ഗാന്ധി വയനാടിന്റെ ജനപ്രതിനിധിയെന്ന നിലയിൽ അവിടത്തെ അതിരൂക്ഷമായ വന്യമൃഗശല്യത്തിനെതിരെ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയും ഈ പ്രശ്നം പരിഹരിക്കുന്നതിന് തനിക്ക് കഴിയുംവിധം സർക്കാരിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ഏറ്റവുമധികം കത്തുകൾ നൽകിയതും അദ്ദേഹമായിരുന്നു. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കർഷകർ കൊല്ലപ്പെട്ടപ്പോൾ 'ഭാരത് ജോഡോ ന്യായ് യാത്ര' നിർത്തിവച്ച് അദ്ദേഹം വയനാട്ടിലെത്തുകയും ആ കുടുംബാംഗങ്ങളെ സന്ദർശിക്കുകയും ആ കുടുംബത്തെ സഹായിക്കാൻ മുന്നോട്ടുവരികയും ചെയ്തു. തുടർന്ന് കർണ്ണാടക സർക്കാരിനോട് ആ കുടുംബത്തെ സഹായിക്കണമെന്ന് നിർദ്ദേശം നൽകുകയും സർക്കാർ 15 ലക്ഷം രൂപ അനുവദിച്ച് ഉത്തരവിറക്കുകയും ചെയ്തിരുന്നു. എന്നാൽ ആ തീരുമാനത്തെ കർണ്ണാടകയിലെ ബി.ജെ.പി. നേതൃത്വം അതിശക്തമായി എതിർക്കുകയും ജാതിയും മതവും പ്രദേശവും പറഞ്ഞ് വിഭാഗീയത സൃഷ്ടിച്ച് ആ കുടുംബത്തെ ആക്ഷേപിക്കുകയും ചെയ്തതുകൊണ്ട് അവർ ആ സഹായം വേണ്ടെന്ന് പറയുന്ന

അവസ്ഥയാണുണ്ടായത്. തുടർന്ന് ശ്രീ. രാഹുൽ ഗാന്ധി, കേരളത്തിലെ പാർട്ടി ഘടകത്തോട് അവരെ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ 15 ലക്ഷം രൂപ ആ കുടുംബത്തിന് നൽകി സഹായിച്ചു. ഇത്തരത്തിൽ ശ്രീ. രാഹുൽ ഗാന്ധി ഇടപെടലുകൾ നടത്തിയപ്പോൾ സർക്കാരിനെ പ്രതിനിധീകരിച്ചുകൊണ്ട് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി അവിടെ സന്ദർശിക്കാൻപോലും തയ്യാറായില്ല. ഭരിക്കുന്ന ഗവൺമെന്റിന്റെ ഉത്തരവാദിത്വംപോലും നിർവ്വഹിക്കാൻ കഴിയാതെ, ഇത്തരത്തിലുള്ള കുറവുകളും പോരായ്മകളും മറ്റുള്ളവരുടെ ചുമലിൽ കെട്ടിവയ്ക്കാനുള്ള നീക്കം ശക്തമായി എതിർക്കപ്പെടേണ്ടതാണ്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ ആളുകൾ മരിച്ചുവീഴുന്നത് ജനങ്ങൾ നിസ്സഹായതയോടെ നോക്കിനിൽക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഈ സഭയിലെ പരിചയ സമ്പന്നനും പ്രമുഖ രാഷ്ട്രീയ നേതാവുമായ മുതിർന്ന ഒരംഗവുമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എല്ലാ ജനങ്ങളും ആവശ്യപ്പെടുന്നത്

ഭരണഘടനാപരമായ ബാധ്യത നിറവേറ്റാൻ കഴിയുന്നില്ലെങ്കിൽ, കക്ഷി രാഷ്ട്രീയത്തിനതീതമായി അദ്ദേഹത്തിന് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ അക്കാര്യം തുറന്നുപറഞ്ഞ് ആ വകുപ്പിന്റെ ചുമതലയെങ്കിലും ഒഴിയാനുള്ള സന്നദ്ധത കാണിക്കണമെന്നാണ്. ഈ സന്ദർഭത്തിൽ ഇതേ കാര്യം തന്നെയാണ് ഞാനും ആവശ്യപ്പെടുന്നത്. ഇത് ബഹുമാനക്കുറവ് കൊണ്ടുപറയുന്നതല്ല. കാരണം, കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലെയും മലയോര മേഖലയുൾപ്പെടെയുള്ള പ്രദേശങ്ങളിലെയും ജനങ്ങൾ അഭിമുഖീകരിക്കുന്ന ദുരന്തപൂർണ്ണമായ ഈ വിഷയത്തിൽ അടിയന്തര നടപടിയാണ് ആവശ്യം. അത് കേന്ദ്ര ഗവൺമെന്റിന്റെ നയമാണ്, നിയമമാണ് എന്നെല്ലാം പറഞ്ഞ് ആ ഉത്തരവാദിത്വത്തിൽനിന്ന് തലയൂരാൻ ശ്രമിച്ചാൽ അത് അംഗീകരിക്കാൻ കഴിയില്ല. അങ്ങനെയാണെങ്കിൽ കേരളത്തിൽ വെള്ളാനയെപ്പോലെ ഇങ്ങനെയൊരു വകുപ്പുതന്നെ എന്തിനാണ്? 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിലേറി നാളിതുവരെ 909 ജീവനുകളാണ് വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പൊലിഞ്ഞത്. എത്രയോ ആളുകളാണ് ജീവച്ഛവമായി കഴിയുന്നത്.

ഓരോദിവസവും വന്യമൃഗങ്ങളുടെ ആക്രമണത്തെത്തുടർന്ന് ഗുരുതരമായി പരുക്കേറ്റവരെക്കുറിച്ചുള്ള നിരവധി വാർത്തകളാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതോടൊപ്പം അതിനാവശ്യമായ ഫണ്ട് വനം വകുപ്പിന് അനുവദിക്കണമെന്നുകൂടി ആവശ്യപ്പെടുന്നു. ഇവിടെ പ്രഖ്യാപിക്കപ്പെട്ട RRT (Rapid Response Team)-കൾ വളരെ പരിമിതവും കാസർഗോഡ്, കണ്ണൂർ ജില്ലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുമാണ് രൂപീകരിക്കപ്പെട്ടത്. അക്കാര്യംകൂടി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഇവിടെ അവതരിപ്പിച്ച മൂന്ന് ധനാഭ്യർത്ഥനകളെയും പിന്തുണയ്ക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. സജീവ് ജോസഫ് കേരള ഗവൺമെന്റിന്റെയും മന്ത്രിമാരുടെയും തകരാറുകൊണ്ടാണ് വനഭൂമിയിൽനിന്നും ജനവാസ മേഖലയിലേയ്ക്ക് വന്യജീവികൾ കടന്നുവരുന്നതെന്ന നിലയിലാണ് കാര്യങ്ങൾ

അവതരിപ്പിക്കാൻ ശ്രമിച്ചത്. വന്യമൃഗങ്ങളുടെ ആക്രമണം മനുഷ്യജീവന് ഭീഷണിയാണെന്ന് നിസ്സംശയം തെളിയിക്കപ്പെട്ടാൽ മറ്റ് മാർഗ്ഗങ്ങളില്ലാത്ത സാഹചര്യത്തിൽ അവയെ വെടിവച്ച് കൊല്ലാമെന്നാണ് നിലവിലുള്ള നിയമം അനുശാസിക്കുന്നത്. എന്നാൽ അങ്ങനെ നാട്ടിലേയ്ക്കിറങ്ങുന്ന വന്യമൃഗങ്ങളെ വെടിവച്ച് കൊല്ലാൻ ഉത്തരവിട്ടാൽ അതിന് സമാന്തരമായി നടക്കുന്ന മറ്റുപല വ്യവഹാരങ്ങളും അതിനുത്തരവിട്ടവർക്ക് ബാധകമാകുന്ന തരത്തിലാണ് നിലവിലെ കേന്ദ്ര നിയമം. ആ നിയമം മാറ്റുന്നതിനുവേണ്ടി എം.പി.-മാർ പാർലമെന്റിൽ സജീവമായ ഇടപെടൽ നടത്തിയിട്ടുണ്ടോ? അങ്ങനെ ഇടപെടൽ നടത്താതിരിക്കുന്നതിന്റെ കാരണമാണ് പ്രധാനമായും ചർച്ച ചെയ്യപ്പെടേണ്ടത്. അപകടം സംഭവിച്ച സ്ഥലത്തേയ്ക്ക് നമ്മളെല്ലാം ഓടിയെത്താറുണ്ട്, അങ്ങനെ ഓടിയെത്തുക മാത്രമല്ല, അത്തരം മൃതശരീരങ്ങൾ വഹിച്ചുകൊണ്ട് ഗവൺമെന്റിനും ഗവൺമെന്റ് സംവിധാനങ്ങൾക്കുമെതിരെ വിലപേശൽ നടത്തുന്ന തരത്തിലുള്ള പല പ്രവണതകളും ഇപ്പോൾ കണ്ടുവരുന്നുണ്ട്. അതുകൊണ്ട് കേന്ദ്ര നിയമത്തിലെ അപാകതകൾ പരിഹരിക്കുന്നതിന് കൂട്ടായ ഇടപെടൽ നടത്തുകയാണ്

ഇവിടത്തെ ആവശ്യം. വന്യമൃഗശല്യം നിയന്ത്രിക്കുന്നതിനുള്ള കേന്ദ്ര നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെടുമ്പോൾ ഒരു കാരണവശാലും ആ നിയമം ഭേദഗതി ചെയ്യാൻ കഴിയില്ലെന്നാണ് കേന്ദ്ര മന്ത്രി വയനാട്ടിൽ വന്നപ്പോൾ അറിയിച്ചത്. അപ്പോൾ വന്യജീവി ആക്രമണത്തിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒളിച്ചോടി അതൊക്കെ സംസ്ഥാനങ്ങളുടെ തലയിൽ കെട്ടിവയ്ക്കാനുള്ള പരിശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നത്. വന്യജീവികൾ മനുഷ്യരെ ആക്രമിച്ചാലും പച്ചയോടെ ഭക്ഷിച്ചാലും കേന്ദ്ര ഗവൺമെന്റിന് യാതൊരു കുഴപ്പവുമില്ലെന്ന നിലപാടിനെതിരായ ശക്തമായ ഇടപെടലാണ് സംസ്ഥാനത്ത് ഉയർത്തിക്കൊണ്ടുവരേണ്ടത്. ഈ വിഷയം പാർലമെന്റിൽ ഉന്നയിക്കാൻ കേരള എം.പി.-മാർ ഒറ്റക്കെട്ടായി തയ്യാറാകണം. 2019-ലെ വനം സർവ്വെ റിപ്പോർട്ടുപ്രകാരം രാജ്യത്തുതന്നെ വനഭൂമി വർധിപ്പിക്കാൻ സാധിച്ച മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. ഇതിന്റെ ഭാഗമായി 823 ച.കി.മീ. വനമാണ് കേരളത്തിൽ വർധിപ്പിക്കാൻ സാധിച്ചത്. ബഫർ സോണുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിൽ

നടത്തിയ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായാണ് ഇരുപത് വർഷമായി നിലനിന്നിരുന്ന പരാതികളും ആശങ്കകളും പരിഹരിക്കുന്നതിന് അനുകൂലമായ വിധി സമ്പാദിക്കാൻ കഴിഞ്ഞത്. ഈ സഭാസമ്മേളനം ആരംഭിച്ചഘട്ടത്തിൽ സഭയിൽ സജീവമായി ഉയർന്നുവന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിച്ചുവെന്നത് ഏറ്റവും വലിയ നേട്ടമാണ്. കാട്ടുപന്നികൾ നാട്ടിലേയ്ക്ക് ഇറങ്ങുന്നതുമായി ബന്ധപ്പെട്ട് കാടറിയാത്ത പന്നിക്കുട്ടികളാണ് ഇപ്പോൾ ഉള്ളത് എന്നതുപ്പെടെ പല അഭിപ്രായപ്രകടനങ്ങളും ഇവിടെ ഉണ്ടായിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് എന്റെ മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് ഗ്രാമപഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ നടന്നൊരു സംഭവം ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും മൂന്ന് കിലോമീറ്റർ അപ്പുറത്ത് കോഴിക്കുന്ന് എന്ന പ്രദേശത്ത് ആന്റോ എന്ന 56 വയസ്സുകാരൻ ഓട്ടോറിക്ഷ ഓടിച്ചുപോയപ്പോൾ പന്നി ഓട്ടോറിക്ഷയിലിടിച്ച് ഡ്രൈവറിരിക്കുന്ന സീറ്റിന്റെ പഴുതിലൂടെ ചാടിപ്പോയി എന്ന് പറയപ്പെടുന്നു. അദ്ദേഹം പന്നിയെ കണ്ടില്ല, കാരണം പന്നിയുടെ ആക്രമണത്തിൽ അദ്ദേഹത്തിന്റെ

വാരിയെല്ലുകൾ ഒടിഞ്ഞ് ഗുരുതരമായ അവസ്ഥയിലായിരുന്നു. ജനവാസ മേഖലയിലേയ്ക്കുള്ള പന്നിയുടെ കടന്നുവരവ് ശക്തമായിരിക്കുന്നുവെന്നാണ് ഇത്തരം സംഭവങ്ങൾ സൂചിപ്പിക്കുന്നത്. പന്നികളെ വെടിവയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിനും സെക്രട്ടറിക്കും പ്രത്യേകിച്ച് അധികാരം നൽകിയിട്ടുണ്ട്. നിലവിൽ ഒരു പന്നിക്ക് ആയിരം രൂപയെന്ന നിരക്കിൽ ചെലവാക്കുന്നതിനുള്ള ഫണ്ട് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. തോക്ക്, തിര, ഷൂട്ടറുടെ ചെലവ്, ഇവയെ മറവ് ചെയ്യൽ എന്നീ കാര്യങ്ങൾക്കെല്ലാംകൂടി ആ തുക പര്യാപ്തമാകില്ല. ഈ നിയമം കാര്യക്ഷമമായി നടപ്പാക്കണമെങ്കിൽ അതിലേയ്ക്ക് അനുവദിച്ചിരിക്കുന്ന തുക വർധിപ്പിക്കേണ്ടത് അനിവാര്യമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് പി.എസ്.സി. വഴി പ്രത്യേക തസ്തിക സൃഷ്ടിച്ച് നിയമിച്ചിട്ടുണ്ട്. ഇതിലെ 'പ്രത്യേക തസ്തിക' എന്നീ വാക്കുകൾ അടിവരയിടേണ്ടതാണ്. ഈ സംസ്ഥാനത്ത് തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യുന്നതിനെ നിസാരവൽകരിക്കാൻ ഇവിടെ ശ്രമം ഉണ്ടായിട്ടുണ്ട്, എന്നാൽ അത് ഏറെ പ്രധാനപ്പെട്ടതാണെന്ന്

കാണണം. കാരണം കേന്ദ്രഗവൺമെന്റ് അപ്രഖ്യാപിത നിയമന നിരോധനമാണ് നടത്തുന്നത്; ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളും അങ്ങനെതന്നെയാണ് ചെയ്യുന്നത്. അതിൽ ഏതെങ്കിലും വിഭാഗത്തിന്റെ കണക്കെടുത്ത് അവതരിപ്പിക്കുന്നതിനപ്പുറത്ത് പുതിയ തസ്തിക സൃഷ്ടിക്കുക എന്ന രീതിയാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. വനമേഖലയ്ക്കത്ത് ആർ.ആർ.ടി. രൂപീകരിച്ചപ്പോഴും പുതിയ തസ്തിക സൃഷ്ടിച്ചുകൊണ്ടാണ് അവ നിർവ്വഹിക്കപ്പെട്ടത്. ആ നിലയിൽ 28 ആർ.ആർ.ടി.-കൾ പുതുതായി രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. പ്രത്യേകിച്ച്, വനം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന സൗഹൃദ സദസ്സ്, തീർച്ചയായും വനം വകുപ്പിനെ ജനകീയമാക്കുന്നതിന് സഹായകരമായിട്ടുണ്ട്.

ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ ഈ സർക്കാർ സംഘടിപ്പിച്ചിട്ടുണ്ട്; പ്രത്യേകിച്ച് കർഷകരുടെ വീട്ടുപടിക്കൽ സേവനം എത്തിക്കുന്നുവെന്നത് എടുത്തു പറയേണ്ടതാണ്. അത്തരം പ്രവർത്തനങ്ങൾക്കും വകുപ്പ് നേതൃത്വം നൽകുന്നുണ്ട്. എന്റെ മണ്ഡലത്തിലെ

കുതിരാനിലെ തുരങ്കപാത യാഥാർഥ്യമായതോടെ വടക്കാഞ്ചേരി മണ്ഡലത്തിന്റെ, പ്രത്യേകിച്ച്, വാഴാനി ഡാം, മച്ചാട് ഫോറസ്റ്റ് പ്രദേശങ്ങളിലൊക്കെ ആനകളെ കണ്ടുതുടങ്ങിയിരിക്കുന്നു. ആനക്കൂട്ടം എല്ലാദിവസവും കൃഷിയിടത്തിലേയ്ക്ക് കയറുകയാണ്. പ്രത്യേകിച്ച് വാഴാനി ഡാമിന്റെ തൊട്ടുത്തുള്ള 'കാക്കിനിക്കാട്' പ്രദേശത്തും, 'മേലില്ലം', 'കൊളത്താശ്ശേരി' തുടങ്ങിയ മേഖലകളിലും വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിലെ 'അകമല', 'കുഴിയോട്', 'ചക്യാറ', 'ചേപ്പലക്കോട്' മേഖലകളിലേയ്ക്കും ആനകൾ കൂട്ടത്തോടെ എത്തുകയാണ്. വടക്കാഞ്ചേരിയിലെ പ്രശസ്തമായ ഉത്രാളിക്കാവ് ക്ഷേത്രത്തിന്റെയും ശാസ്താവ് ക്ഷേത്രത്തിന്റെയും മധ്യഭാഗത്തായുള്ള റെയിൽവെ ട്രാക്കിനടുത്തുവരെ കൃഷിയിടങ്ങളിലൂടെ സഞ്ചരിച്ച് ആനകൾ എത്തുന്നുണ്ട്. അവിടെയുള്ള സ്റ്റേറ്റ് ഹൈവെയ്ക്കടുത്തുവരെ ആനകളെത്തിയതായി അവിടത്തെ നിരീക്ഷണ ക്യാമറകളിലൂടെ വിവരം ലഭിച്ചിട്ടുണ്ട്. ആനകളെ സംരക്ഷിക്കുക എന്നതും പ്രധാനപ്പെട്ട പ്രശ്നമാണ്. കാരണം, അവ റെയിൽവെ ട്രാക്കിലേയ്ക്ക് കയറാനുള്ള സാധ്യത തള്ളിക്കളയാനാകില്ല. സ്വാഭാവികമായും

അത്തരത്തിലുള്ള അപകടം ഒഴിവാക്കാനായി പട്ടാണിക്കാട് മുതൽ ചേപ്പലക്കോട് വരെയും മേലില്ലം മുതൽ കുറ്റിക്കാട് വരെയും സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കേണ്ടതായിട്ടുണ്ട്. കുതിരാൻ തുരങ്ക പാതയിൽനിന്നും ആന പ്രവേശിക്കുന്ന സ്ഥലത്ത് വനം വകുപ്പ് അതിവേഗത്തിൽ ഫെൻസിംഗ് സ്ഥാപിച്ചിട്ടുണ്ട്. പക്ഷേ, നാട്ടിലേയ്ക്ക് ഇറങ്ങിവരുന്ന ആനകളെ തിരിച്ച് വനത്തിലേയ്ക്ക് പറഞ്ഞയയ്ക്കുന്നതിനുള്ള ഒരു മിഷൻ നടപ്പാക്കേണ്ടതുണ്ട് എന്ന ഒരു നിർദ്ദേശം കൂടിയുണ്ട്; ഈ രീതിയിൽ അവയെ നിയന്ത്രിക്കാൻ സാധിക്കണം. മനുഷ്യ-വന്യജീവി സംഘർഷത്തെ ലഘൂകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് നിരന്തരം പരിശ്രമിക്കുകയും വ്യത്യസ്ത ഏജൻസികളെ ഉപയോഗപ്പെടുത്തി ഫെൻസിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തുകയും വേണം.

ക്ഷീരകർഷകരുമായി ബന്ധപ്പെട്ട് ശ്രീ. ജി. സ്റ്റീഫൻ വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിച്ചു. സബ്സിഡി പരിധി 40000 രൂപയായി നിശ്ചയിച്ചിരിക്കുന്നത് ഉയർത്താൻ സാധിക്കണം. കേരളത്തിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ

ഉൾപ്പെടുത്തിയിട്ടുള്ളതുപോലെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെക്കൂടി ഉൾപ്പടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ ആവശ്യമായ സമ്മർദ്ദം ചെലുത്തി അവരെ ഈ പദ്ധതിയുടെ ഭാഗമാക്കാൻ നടപടി സ്വീകരിക്കണം. ഇത്രയും പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. ടി. സിദ്ദിഖ്]

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആകെ ഭൂവിസ്തൃതിയുടെ 33 ശതമാനമെങ്കിലും വനഭൂമി ആയിരിക്കണമെന്നതാണ് ദേശീയ വന നയത്തിൽ പറയുന്നത്. കേരളത്തിന്റെ വനവിസ്തൃതി 33 ശതമാനമുണ്ടെന്നതിൽ നമുക്ക് അഭിമാനിക്കാം. വന ശോഷണം ഈ രാജ്യത്തും ലോകത്തും വലിയ തോതിലുള്ള പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനത്തിനും വന്യമൃഗങ്ങളും മനുഷ്യരും തമ്മിലുള്ള സംഘർഷം മൂർച്ഛിക്കുന്നതിനും ഇത് വലിയ തോതിൽ ഇടവരുത്തുന്നുണ്ട്. 1979-ലും 2001-ലും ഐക്യരാഷ്ട്രസഭ അംഗീകരിച്ച ജൈവ റിസർവുകളായ

അഗസ്ത്യമല, നീലഗിരിയുടെ താഴ്വാരം എന്നിവ ഉൾപ്പെടുന്ന കേരളത്തിന്റെ പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കേണ്ടതും പ്രധാനപ്പെട്ട കാര്യമാണ്. അതിൽനിന്നും ഉത്ഭവിക്കുന്ന പുഴകളും നദികളും ഇവയിൽനിന്നും വീണ്ടും രൂപംകൊള്ളുന്ന ജലാശയങ്ങളുമാണ് കേരളത്തിലെ 362000-ൽപ്പരം ഹെക്ടറോളം ജലസംഭരണികളായി മാറുന്നത്. അതുകൊണ്ടുതന്നെ ഭൂമിക്കും ഭാവിക്കുംവേണ്ടി നാം അവയെ സംരക്ഷിക്കണം. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘർഷം കേരളത്തിൽ മാത്രമാണുള്ളതെന്നും ഇന്ത്യയിലും ലോകത്ത് മറ്റൊരിടത്തും ഇത്തരത്തിൽ സംഭവിക്കുന്നില്ലെന്നും, അതുകൊണ്ടുതന്നെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി സ്ഥാനമൊഴിയണമെന്നുമാണ് ഒരു പ്രതിപക്ഷാംഗം ഇവിടെ പറഞ്ഞത്. കേരളത്തിൽ ഈ പ്രതിസന്ധി തുലോം കുറവാണെന്ന് ഇന്ത്യയുടെ മൊത്തത്തിലുള്ള കണക്ക് പരിശോധിച്ചാൽ മനസ്സിലാകും. വന്യമൃഗങ്ങളും മനുഷ്യനും തമ്മിലുള്ള സംഘർഷം കുറയ്ക്കണമെങ്കിൽ വനശോഷണത്തിന്റെ ഭാഗമായി ഉൾവനത്തിൽ കുറഞ്ഞുപോയ തീറ്റയും വെള്ളവും അവയ്ക്ക് വനത്തിൽതന്നെ നൽകി സംരക്ഷിക്കാനുള്ള

ഉത്തരവാദിത്വം നിർവ്വഹിക്കണം. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്തയച്ചെങ്കിലും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്. എം.പി.-മാർക്ക് ഈ വിഷയം പാർലമെന്റിൽ ഉയർത്തിക്കൊണ്ടുവരാൻ സാധിക്കണം. വന്യമൃഗാക്രമണത്തിന്റെ ഭാഗമായി ജീവഹാനി സംഭവിക്കുന്നവർക്ക് സംസ്ഥാന സർക്കാർ 38.5 കോടി രൂപ നൽകിയപ്പോൾ കേന്ദ്ര സർക്കാർ 1.75 കോടി രൂപ മാത്രമാണ് നൽകിയത്. പ്രതിപക്ഷത്തുനിന്നും ഒരംഗം ഇന്ത്യയുടെ പ്രതിപക്ഷനേതാവായ ശ്രീ. രാഹുൽ ഗാന്ധി വയനാട്ടിലെത്തിയെന്നും ആക്രമണത്തിനിരയായ ആളിന്റെ വീട്ടിൽപോയെന്നും പറയുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അവർക്ക് പതിനഞ്ച് ലക്ഷം രൂപ കൊടുത്തുവെന്ന കാര്യത്തിൽ ഞങ്ങൾക്ക് ആക്ഷേപമില്ല, അതൊക്കെ സന്തോഷമുള്ള കാര്യം തന്നെയാണ്. പക്ഷേ, അതിനുമപ്പുറം ഉത്തരവാദിത്വമുള്ള കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഭേദഗതി വരുത്തുന്നതോടൊപ്പം 602

കോടി രൂപയുടെ പ്രോജക്ടിന് അംഗീകാരം നേടിയെടുക്കുന്നതിലും അദ്ദേഹത്തിന്റെ പിന്തുണ പാർലമെന്റിൽ ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. വന്യമൃഗാക്രമണത്തിൽ മരണപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക പത്ത് ലക്ഷം രൂപയാണ്. സ്വാഭാവികമായും സാമ്പത്തികമായി ചെറിയൊരു സഹായമാണെങ്കിലും അത്തരത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ കുടുംബത്തിലെ ഒരംഗത്തിന് വനം വകുപ്പുതന്നെ താൽകാലികമായെങ്കിലും തൊഴിൽ നൽകാനുള്ള സാധ്യത ആരായുകയും അതിനുള്ള പരിശ്രമം നടത്തുകയും വേണമെന്നും അഭ്യർത്ഥിക്കുന്നു. ആർ.ആർ.ടി.-യുടെ പ്രഖ്യാപനത്തിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. കൊല്ലങ്കോട് റെയ്ഞ്ചിൽ ആർ.ആർ.ടി. പ്രഖ്യാപിച്ചതിൽ അതിയായി സന്തോഷിക്കുന്നുവെന്ന് മാത്രമല്ല, അങ്ങനെയൊരു നടപടി സ്വീകരിച്ച ബഹുമാനപ്പെട്ട മന്ത്രിയോടും വകുപ്പിനോടുമുള്ള അഭിനന്ദനവും ഞാൻ അറിയിക്കുന്നു. അതിനാവശ്യമായ വാഹനം വാങ്ങുന്നതിന് മാസങ്ങൾക്കുമുമ്പുതന്നെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും പണം അനുവദിച്ചിട്ടുണ്ട്. എന്റെ മണ്ഡലം 51 കി.മീ.

വനാതിർത്തി പങ്കിടുന്ന പ്രദേശമാണ്. ആ വനാതിർത്തിയിൽ ഇപ്പോഴുള്ള പ്രധാനപ്പെട്ട ആശങ്ക പുലിപ്പേടിയാണ്. കേരളചരിത്രം പഠിക്കുന്ന കാലത്ത് 'മണ്ണാപ്പേടിയും പുലപ്പേടി'യുമാണ് പഠിച്ചിരുന്നതെങ്കിൽ സ്വാഭാവികമായും ഇന്ന് ഇന്ത്യയിലൊട്ടാകെ ആനപ്പേടിയും പുലിപ്പേടിയുമാണ്. ഇവിടെയും സ്ഥിതി അതുതന്നെയാണ്. നാട്ടിലിറങ്ങിയ രണ്ട് പുലികളെ കൈയോടെ പിടിച്ചെങ്കിലും ഫോറസ്റ്റുകാർ കൊണ്ടുപോകുന്നതിനിടയിൽ കമ്പിവേലിയിൽ കുടുങ്ങി ഒരു പുലിയുടെ ജീവൻ നഷ്ടപ്പെട്ടതിന് കൊല്ലങ്കോട് വാഴപ്പടിയിലുള്ള ഉണ്ണികൃഷ്ണൻ എന്ന കർഷകന്റെ പേരിലാണ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നത്. മറ്റൊരു പുലി നെല്ലിയാമ്പതിയിലെ ഒരു കിണറ്റിൽ ചാടി ജീവാഹുതി നടത്തിയതുപോലെയായി. ഇപ്പോഴാണെങ്കിൽ പുലിയെ പിടിക്കുന്നതിനായി കൊല്ലങ്കോട് കൊശവൻകോട്ട് ഒരു കൂട് വച്ചിട്ടുള്ളപ്പോഴാണ് മുതലമടയിലെ കള്ളിയാംപാറയിൽ പുലി ഒരു നായയെ പിടിച്ചുകൊണ്ടുപോകുന്നത്. നെല്ലിയാമ്പതിയിലെ പുലി അന്വേഷിച്ചു പോകുന്നത് ചന്ദ്രാമലയിലെ ഒരു കോഴിക്കൂടിനെയാണ്; എന്നാൽ അന്വേഷിച്ചുപോയിട്ടും ഒന്നുംകിട്ടാത്തതിന്റെ കലി തീർത്തത് ഒരു പശുവിനെ

കൊന്നിട്ടാണ്. സ്വാഭാവികമായും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന് നല്ല പരിശ്രമം നടക്കുന്നുണ്ടെങ്കിലും ആ പരിശ്രമത്തിന് ഒന്നുകൂടി ശക്തിപകരാൻ കഴിയണം. കാട് കാക്കാൻ കാടറിയുന്ന കാടിന്റെ മക്കളെ നിയമിച്ച ഒരു ഗവൺമെന്റാണ് ഇന്ന് കേരളത്തിലുള്ളത്. അഞ്ഞൂറിലധികം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ച സർക്കാരിനെ ആദിവാസി സമൂഹത്തിനുവേണ്ടി ഞാൻ അഭിനന്ദിക്കുന്നു. ബഫർ സോണുമായി ബന്ധപ്പെട്ട് ഇരുപത് വർഷക്കാലമായി നിരന്തരം നടന്നുകൊണ്ടിരുന്ന പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ ശരിയായ നിലപാടെടുത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേരളത്തിന്റെ അഭിപ്രായം പറഞ്ഞ് അത് നേടിയെടുത്ത് വിജയിച്ചതിൽ അഭിനന്ദിക്കുന്നു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് 21 കേന്ദ്രങ്ങളിലായി നടത്താൻ തീരുമാനിച്ച വന സൗഹൃദസദസ്സ് ഇനിയും ആരംഭിക്കേണ്ടതുണ്ട്. വനവുമായി ബന്ധപ്പെട്ട് 50 സെന്റ് ഭൂമി കൈവശമുള്ള കർഷകർക്ക് നിയമ ഭേദഗതിയിലൂടെ അവരുടെ ഭൂമിക്കവകാശം കൊടുക്കാൻ കഴിഞ്ഞതിലും അതിയായ സന്തോഷമുണ്ട്.

ഇന്ത്യയുടെ പാൽ ഉത്പാദനരംഗം അഥവാ ക്ഷീരവികസന മേഖല വളരെ പ്രധാനപ്പെട്ടതാണ്. 2023-24-ൽ ഇന്ത്യയുടെ പാലുൽപാദനം 230.58 മില്യൺ ടൺ ആണെങ്കിൽ കേരളത്തിലെ ഉൽപാദനം 25.8 ലക്ഷം ടൺ ആണ്. പാലുൽപാദന രംഗത്തെ സ്വയം പര്യാപ്തതയിലേയ്ക്ക് കൊണ്ടുവരാൻ പരിശ്രമം തുടരുന്ന കേരളത്തിൽ എൽ.ഡി.എഫ്. ഗവൺമെന്റിനെയും അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയെയും ഞാൻ അഭിനന്ദിക്കുന്നു. ഡെയറി ഫാമുകൾക്കുള്ള സാമ്പത്തികസഹായം, ക്ഷീര സംഘങ്ങൾക്കുള്ള പുനരുദ്ധാരണ ഫണ്ട്, പുൽകൃഷിക്കുള്ള സാമ്പത്തിക സഹായം തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആരോഗ്യ പരിരക്ഷ മനുഷ്യന് മാത്രമല്ല നൽകേണ്ടത്. ഏത് അർദ്ധരാത്രിയിലും മനുഷ്യനെ ചികിത്സിക്കാൻ ഡോക്ടറുണ്ടെങ്കിൽ ഇന്ന് '1962' എന്ന നമ്പർ ഡയൽ ചെയ്താൽ അവരവരുടെ വീട്ടിൽ ഏത് അർദ്ധരാത്രിയിലും വെറ്ററിനറി സേവനമെത്തിക്കുന്ന രൂപത്തിൽ ആരംഭിച്ച മൊബൈൽ യൂണിറ്റ്, 'വിളക്കണയാത്ത മൃഗാശുപത്രികൾ' എന്ന നിലയ്ക്കുള്ള പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. മനുഷ്യർക്ക് ഇ-ഹെൽത്ത് കാർഡ് എന്നപോലെ

മൃഗങ്ങൾക്ക് 'ഇ-സമൃദ്ധ' പദ്ധതി ആരംഭിച്ചതിനെയും അഭിനന്ദിക്കുന്നു. ക്ഷീരമേഖലയിലാണ് ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിലെടുക്കുകയും വരുമാനമാർഗ്ഗമുണ്ടാക്കുകയും ചെയ്യുന്നത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി രണ്ട് പശുക്കളെ വളർത്തുന്ന ക്ഷീര കർഷകന് നൂറ് തൊഴിൽദിനങ്ങൾ കൊടുത്ത് കൂലി നൽകുന്ന നിലയിലേയ്ക്ക് ഈ മേഖലയെ മാറ്റാൻ സാധിച്ചു. ഇത് ഗ്രാമീണ മേഖലയിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ കഴിയണം. പാലുൽപാദനത്തിന്റെ തോത് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ പാലുൽപാദിപ്പിക്കുന്ന ജില്ലകളിലൊന്ന് പാലക്കാടാണ്. അവിടെ പാലുൽപാദനത്തിനാവശ്യമായ ഉരുക്കളെ വാങ്ങണമെങ്കിൽ അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കണം. ഇതിലേയ്ക്കായി തമിഴ്നാട്ടിലെ പല മാർക്കറ്റുകളെയും ആശ്രയിക്കുന്നുണ്ട്. അവിടെ നിന്നും കൊണ്ടുവരുന്ന ഉരുക്കളിൽനിന്ന് കൃത്യമായ അളവ് പാൽ ലഭിക്കാതെ ഭൂരിഭാഗം കർഷകരും വഞ്ചിക്കപ്പെടുകയാണ്. അതുകൊണ്ട് പാലക്കാട് കേന്ദ്രീകരിച്ച് Cattle Breeding and Research Station ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ഇന്ത്യൻ ക്രിക്കറ്റ് ടീം ട്വന്റി ട്വന്റി ലോകകപ്പ് മത്സരത്തിൽ അഭിമാനാർഹമായ വിജയം നേടിയതിൽ അഭിനന്ദനമറിയിച്ചുകൊണ്ട് ഇന്നിവിടെ പ്രസംഗം നടത്തിയിരുന്നു. തീർച്ചയായും നാം ആ വിജയത്തിൽ അഭിമാനിക്കണം. 2022-ൽ ഖത്തറിൽ വച്ചുനടന്ന ലോക ഫുട്ബോളിന്റെ ആദ്യ റൗണ്ടിൽ മെസ്സിയുടെ അർജന്റീന ടീം സൗദി അറേബ്യയോട് തോറ്റു. അർജന്റീനയുടെ കഥ കഴിഞ്ഞെന്നാണ് പല മാധ്യമങ്ങളും എഴുതിയത്. 2019-ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. 19 സീറ്റുകളിൽ വിജയിച്ചു. എൽ.ഡി.എഫ്. ഒറ്റ ഗോൾ മാത്രമെ നേടിയുള്ളൂ. പക്ഷേ, സെമി ഫൈനലായ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ 60-40 ആയി. അതുകഴിഞ്ഞ് 2021-ലെ ഫൈനലിൽ നിയമസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നപ്പോൾ എൽ.ഡി.എഫ്.-ന് 99. ചുവപ്പ് കാർഡ് കാണിച്ച് ജനങ്ങൾ പുറത്താക്കി റഫറിയെക്കൊണ്ട് കള്ളക്കളി കളിച്ച പെരിന്തൽമണ്ണയിലെ എം.എൽ.എ. ശ്രീ. നജീബ് കാന്തപുരം ഉൾപ്പെടെ ചേർന്നാലും നിങ്ങൾക്ക് നാൽപ്പത്തിയൊന്നേയുള്ളൂ. അതുകൊണ്ട് ഒറ്റക്കളി തോറ്റുവെന്നുള്ളതുകൊണ്ട് അർജന്റീന തോറ്റില്ല. അവസാനം ഫ്രാൻസിനോട് പൊരുതി കപ്പുനേടി.

അതുപോലെയായിരുന്ന ഞങ്ങളും. ഇപ്പോൾ ഈ തിരഞ്ഞെടുപ്പിൽ ഞങ്ങൾ തോറ്റു.

ശ്രീ. റോജി എം. ജോൺ: സർ, പോയിന്റ് ഓഫ് ഓർഡർ.....

ചെയർപേഴ്സൺ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. കെ. ബാബു (നെന്മാറ): സർ, അതിന്റെ വകുപ്പ് പറയണം. ചട്ടം പറയണം.

ശ്രീ. റോജി എം. ജോൺ: സർ, ഇവിടെ തിരഞ്ഞെടുക്കപ്പെട്ടുവന്ന പെരിന്തൽമണ്ണ അംഗം ശ്രീ. നജീബ് കാന്തപുരം തിരഞ്ഞെടുപ്പിൽ ക്രമക്കേട് കാണിച്ച് ഏതാണ്ട് റെഡ് കാർഡ് കാണിച്ച് റെഫറി പുറത്താക്കിയെന്നൊക്കെ പറഞ്ഞു. തിരഞ്ഞെടുക്കപ്പെട്ട് വന്ന ഒരംഗത്തിന്റെ അംഗത്വത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള പരാമർശം മറ്റൊരു അംഗത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത് തികച്ചും അപമാനകരമാണ്. അത്തരത്തിൽ ആക്ഷേപങ്ങളുണ്ടായിട്ടുള്ള പല അംഗങ്ങളും ഇവിടെയുണ്ട്. ഞങ്ങൾ ആ വിഷയങ്ങളൊന്നും ഇവിടെ ഉന്നയിക്കുന്നില്ല. അതുകൊണ്ട് ഒരു

അംഗത്തെ സംബന്ധിച്ച് ഇത്തരത്തിൽ അധിക്ഷേപകരമായ പരാമർശം നടത്തിയത് സഭാരേഖയിലുണ്ടാകാൻ പാടില്ല.

ചെയർപേഴ്സൺ: പരിശോധിച്ച് വേണ്ടത് ചെയ്യാം+.

ശ്രീ. കെ. ബാബു (നെന്മാറ): സർ, 2024-ലെ ആദ്യ റൗണ്ട് മത്സരത്തിൽ ഞങ്ങൾക്ക് ലഭിച്ചതും അന്നത്തെ ഒരേയൊരു ഗോളാണ്. പക്ഷേ, നിങ്ങൾ ഒരു സെൽഫ് ഗോൾ അടിച്ചല്ലേ തൃശ്ശൂർ സീറ്റ് ബി.ജെ.പി.-ക്ക് കൊടുത്തത്. നമുക്ക് ഗ്രൗണ്ടിലിറങ്ങാം. സെമിഫൈനലിലും ഫൈനലിലും എത്തുമ്പോൾ; അതായത്, പഞ്ചായത്തും നിയമസഭാ തിരഞ്ഞെടുപ്പും കഴിയുമ്പോൾ; സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ടീമായ എൽ.ഡി.എഫ്. കേരളത്തിൽ വിജയിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ശ്രീ. നജീബ് കാന്തപുരം എന്റെ പ്രിയ സുഹൃത്തുകൂടിയാണ്. ശ്രീ. പി. ടി. എ. റഹീമിനെ ഞങ്ങൾ വാടകയ്ക്കെടുത്തുവെന്നാണ് അദ്ദേഹം സഭയിൽ പറഞ്ഞത്. ഞങ്ങൾക്ക് ഒന്നേ അറിയേണ്ടതുള്ളൂ. പ്രിയപ്പെട്ട സഖാവായിരുന്ന ശ്രീ. മഞ്ഞളാംകുഴി അലി രണ്ട് തവണ എൽ.ഡി.എഫ്.-ൽനിന്ന് വിജയിച്ചതല്ലേ. അദ്ദേഹത്തെ നിങ്ങൾ വിലയ്ക്കെടുത്തോ അതോ

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11353/ഇ.ബി./2024/ലെജി. തീയതി 01-07-2024) സഭാരേഖയിൽ നിലനിർത്തി.

മുസ്ലീംലീഗിനെ അദ്ദേഹം വിലയ്ക്കെടുത്തോ എന്നതാണ് ഞങ്ങൾക്കറിയേണ്ടത്. ഇത്രയും പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്തുണച്ചുകൊണ്ടും ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു. മൃഗസംരക്ഷണ മേഖലയിലും വനം മേഖലയിലും സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. മൃഗസംരക്ഷണ മേഖലയിൽ മൃഗചികിത്സാ രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, വിവിധ ലാബുകളുടെ വികസനം തുടങ്ങി ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. അടിയന്തര ഘട്ടങ്ങളിൽ കർഷകരുടെ വീട്ടിലെത്തി വളർത്തുമൃഗങ്ങളെ ചികിത്സിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളിൽ രാത്രികാലങ്ങളിൽ അടിയന്തരചികിത്സ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. കന്നുകാലികളുടെ പരിപാലനത്തിനും ചികിത്സയ്ക്കുമായി നടപ്പിലാക്കിയ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ

സേവനം വ്യാപകമാക്കണം. പല തരത്തിലുള്ള രോഗങ്ങൾ കാരണം കന്നുകാലികൾ മരണപ്പെടുന്നതിലൂടെ കർഷകർക്ക് നിരാശയും നഷ്ടവുമുണ്ടാകുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ ഞാൻ കർഷകരെ സന്ദർശിച്ച് ആശ്വസിപ്പിക്കാറുണ്ട്. സാധാരണക്കാരായ കർഷകരാണ് ഈ രംഗത്ത് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' പദ്ധതി, കന്നുകാലികൾ മരണപ്പെടുന്നതിലൂടെയും ഉൽപാദനശേഷി നഷ്ടപ്പെടുന്നതിലൂടെയും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽത്തന്നെ നിലനിർത്തുന്നതിന് സഹായകരമായിട്ടുണ്ട്. പാലുൽപാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി കന്നുകുട്ടി പരിപാലന പദ്ധതി മുഖേന നേട്ടമുണ്ടാക്കുന്നതിന് ടി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പ്രാദേശികതലത്തിലെ കാർഷിക വികസന സമിതികളെയും ക്ഷീരകാർഷിക വികസന സമിതികളെയും സംഘടിപ്പിച്ചുകൊണ്ട് കർഷകരും ഉദ്യോഗസ്ഥരുമായി സംവാദം സംഘടിപ്പിച്ചാൽ കർഷകർക്ക് ധാരാളം കാര്യങ്ങൾ

മനസ്സിലാക്കാനും പരിഹാരം കണ്ടെത്താനും സാധിക്കും. കന്നുക്കുട്ടികളെ സബ്സിഡി നിരക്കിൽ നൽകുന്നതിനും അവയ്ക്ക് തീറ്റയും ഇൻഷ്വറൻസ് പരിരക്ഷയും ചികിത്സാ സേവനവും ഉറപ്പുവരുത്തുന്നതിനുമുള്ള 'ഗോവർദ്ധിനി' പദ്ധതി കർഷകർക്ക് ഏറെ ആശ്വാസകരമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കർഷകർക്ക് ആവശ്യമായ തീറ്റപ്പുല്ല് ലഭ്യമാക്കാത്തത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. പുറമ്പോക്ക് ഭൂമിയിലും പാതയോരങ്ങളിലും സൗകര്യപ്രദമായ മറ്റ് സ്ഥലങ്ങളിലും തീറ്റപ്പുൽക്കൃഷി വ്യാപകമാക്കുന്നതിന് സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിക്കണം. മൃഗസംരക്ഷണ മേഖലയിലെ സമഗ്രവികസനവും കർഷകരുടെ വരുമാന വർധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന 'മാതൃകാ മൃഗസംരക്ഷണ ഗ്രാമം' പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കണം. അത് കർഷകർക്ക് കൂടുതൽ ഗുണകരമാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

വെച്ചൂർ പശുക്കളെക്കുറിച്ച് പലപ്പോഴും ഇവിടെ സൂചിപ്പിക്കാറുണ്ട്. 12-09-2023-ന് ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് നൽകിയ മറുപടിയിൽ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ്

സർവ്വകലാശാലയുടെ കീഴിൽ മണ്ണുത്തിയിലെ വെച്ചൂർ ഫാമിൽ 200 വെച്ചൂർ പശുക്കളെയും 25 കാസർഗോഡ് കുള്ളൻ പശുക്കളെയും സംരക്ഷിക്കുന്നുണ്ടെന്ന് പറയുന്നുണ്ട്. വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നീ ഇനത്തിൽപ്പെട്ട പശുക്കൾ കർഷകരുടെ അമൂല്യമായ സമ്പത്താണ്. ഈ ഇനത്തിൽപ്പെട്ട പശുക്കളുടെ മൂത്രവും പാലും ഏറ്റവും ഗുണകരമാണ്. ഇന്ന് ധാരാളം അസുഖങ്ങൾക്കും ആയുർവേദ മരുന്നുകൾക്കും വെച്ചൂർ പശുക്കളുടെ മൂത്രം ഉപയോഗിക്കുന്നുണ്ട്. ഈ പദ്ധതി ശക്തിപ്പെടുത്താനും കാസർഗോഡ് കുള്ളൻ, വെച്ചൂർ എന്നീ പശുക്കളുടെ എണ്ണം വർധിപ്പിക്കാനും നടപടി സ്വീകരിക്കണം.

സ്വയംപര്യാപ്തതയെക്കുറിച്ച് സംസാരിക്കുന്ന ഈ ഘട്ടത്തിൽ ഖത്തറിലെ 'Baladna' എന്ന സംരംഭത്തെക്കുറിച്ചാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് രാജ്യങ്ങളിൽനിന്നുള്ള ഭക്ഷണസാധനങ്ങളും പാലും ഉൾപ്പെടെയുള്ളവ നിരോധിക്കപ്പെട്ടപ്പോൾ എങ്ങനെ ഇതിനെ മറികടക്കാമെന്ന ചിന്തയിൽനിന്നാണ് ഖത്തർ ഗവൺമെന്റ് ഈ സംരംഭം ആവിഷ്കരിച്ചത്. സ്വിറ്റ്സർലന്റ്, സ്വീഡൻ, അമേരിക്ക തുടങ്ങി മറ്റ്

രാജ്യങ്ങളിൽനിന്ന് പശുക്കളെ ഇറക്കുമതി ചെയ്യുന്ന രീതിയാണ് ഈ സംരംഭത്തിൽ സ്വീകരിച്ചിട്ടുള്ളത്. രണ്ടായിരത്തി അഞ്ഞൂറോളം പശുക്കളെ ആദ്യം ഇറക്കുമതി ചെയ്തു. 'Baladna' സംരംഭം ഒന്നര വർഷം മുമ്പ് ഞാൻ സന്ദർശിച്ചിരുന്നു, ഇത് ഏവരും കണ്ടിരിക്കേണ്ട സംരംഭമാണ്. ഇതിൽ യന്ത്രമുപയോഗിച്ചുള്ള കറവയാണ് നടക്കുന്നത്. ഇപ്പോൾ അവിടെ ഏകദേശം എണ്ണായിരം പശുക്കളുണ്ട്. ആവശ്യം കഴിഞ്ഞ് അധികമായി വരുന്ന പാലും മറ്റ് മൂല്യവർധിത ഉൽപന്നങ്ങളും മറ്റ് രാജ്യങ്ങളിലേക്ക് കയറ്റി അയയ്ക്കുകയാണ് ചെയ്യുന്നത്. ഈ സംരംഭത്തിലൂടെ മാത്രം ധാരാളം പണം സമ്പാദിക്കാൻ അവർക്ക് കഴിയുന്നുണ്ട്. അത്തരത്തിലുള്ള കാര്യങ്ങൾകൂടി മനസ്സിലാക്കി ഇടപെടലുകൾ നടത്തി മുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. നമ്മുടെ സംസ്ഥാനത്തും ഇത്തരം കാര്യങ്ങൾ നല്ല രീതിയിൽ നടപ്പാക്കാൻ സാധിക്കുമെന്നതിൽ യാതൊരു സംശയവുമില്ല.

കേരളത്തിൽ മുട്ടയുടെ ഉൽപാദനം വർധിപ്പിക്കാനും സ്വയംപര്യാപ്തത കൈവരിക്കാനും ലക്ഷ്യം വച്ചുകൊണ്ടാണ് സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (KEPCO - Kerala State Poultry Development Corporation)

മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപകമാക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. കോഴി മാംസത്തിന്റെയും കോഴി മുട്ടയുടെയും കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്നത് മലയാളികളുടെ സ്വപ്നമാണ്. ഭക്ഷ്യ സംസ്കാരത്തിൽ ഇനിയൊരിക്കലും ഒഴിച്ചുകൂടാനാകാത്തവിധം കോഴിയിറച്ചിയും കോഴി മുട്ടയും മലയാളികളുടെ പ്രധാന ഭക്ഷണമായി മാറിക്കഴിഞ്ഞിരിക്കുന്നു. അതിനാൽ സംസ്ഥാനത്ത് കോഴിയിറച്ചിയുടെയും കോഴിമുട്ടയുടെയും ആഭ്യന്തര ഉൽപാദനം വർധിപ്പിക്കാൻ കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കണം. ഇതുമായി ബന്ധപ്പെട്ട് കെപ്കോ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽനിന്ന് ഈ മേഖലയ്ക്ക് കൂടുതൽ തുക അനുവദിക്കാൻ നടപടിയുണ്ടാകണം. പാവപ്പെട്ട കർഷകർ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോൾ അവരെ സഹായിക്കാൻ നമുക്ക് സാധിക്കണം. പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി, ക്ഷീര മേഖലയിൽനിന്നുള്ള കർഷകരുടെ

കൊഴിഞ്ഞുപോക്ക് തടയാനും പുതിയ കർഷകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനും സാധിക്കണം. അമുൽ (AMUL – Anand Milk Union Limited) സംരംഭത്തിൽ പ്രവർത്തിക്കുന്ന ക്ഷീരകർഷകർ ക്ഷീര സൊസൈറ്റികളിൽ രാവിലെ പാൽ കൊണ്ടുവന്ന്, അളന്ന് തിട്ടപ്പെടുത്തി, അതിൽനിന്ന് ലഭിക്കുന്ന തുക ബാങ്കിൽ നിക്ഷേപിക്കുയാണ്; ഇതിൽനിന്ന് അവർക്ക് നല്ല വരുമാനം ലഭിക്കുന്നുണ്ട്. പശുക്കളുടെ മാത്രമല്ല, കർഷകരുടെ സംരക്ഷണംകൂടി ഏറ്റെടുത്തുകൊണ്ടാണ് അവിടെയുള്ള ക്ഷീര സൊസൈറ്റികൾ പ്രവർത്തിക്കുന്നത്. അത്തരത്തിൽ കർഷകരുടെ സംരക്ഷണംകൂടി ഏറ്റെടുത്തുകൊണ്ട് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കണം. കൃഷിവകുപ്പിന്റെ കീഴിലുള്ള കർഷക ക്ഷേമ ബോർഡിൽ നമ്മുടെ കർഷകരെക്കൂടി ഉൾപ്പെടുത്തി അവർക്ക് സംരക്ഷണം ഉറപ്പുവരുത്താൻ സാധിക്കണം. Amul കമ്പനിയിൽ ധാരാളം മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഇതേ മാതൃകയിലുള്ള ഒരു പദ്ധതി കേരളത്തിലും നടപ്പാക്കാനാവശ്യമായ എല്ലാ സംവിധാനങ്ങളും നമുക്ക് ലഭ്യമായ സാഹചര്യത്തിൽ അവ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ

സാധിക്കണം. ക്ഷീര കർഷകരുടെ ഉൽപന്നങ്ങൾക്ക് ഏറ്റവും കൂടുതൽ വില നൽകുന്നത് കേരളമാണെങ്കിലും ഉൽപാദനച്ചെലവ് കൂടുതലുള്ള സംസ്ഥാനവും കേരളമാണ്. അതുകൊണ്ടുതന്നെ ഉൽപാദനച്ചെലവ് കുറയ്ക്കാനുള്ള പദ്ധതികൾ ആവഷ്കരിക്കാനും ഉൽപാദനക്ഷമത വർധിപ്പിച്ച് ക്ഷീരോൽപാദനം വർധിപ്പിക്കാനും നടപടി സ്വീകരിക്കണം. കന്നുകാലികളുടെ പരിപാലന ചെലവ് കുറയ്ക്കാനുള്ള മാർഗം സ്വീകരിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നതും സർക്കാരിന്റെ ലക്ഷ്യമായിരിക്കണം. കേരളത്തിന്റെ ക്ഷീരമേഖലയുടെ വളർച്ച മിൽമയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് ഇന്ത്യയിലെ ക്ഷീരസഹകരണ ശൃംഖലയിൽ മിൽമ ഒന്നാമതാണ്. ഇന്ത്യയിലെ ഗുണനിലവാരം കൂടിയ പാൽ എന്ന ബഹുമതി ഉൾപ്പെടെ നിരവധി അംഗീകാരങ്ങളാണ് മിൽമ നേടിയെടുത്തത്. മിൽമയ്ക്ക് ഭീഷണിയായി ഗുണമേന്മ കുറഞ്ഞ വ്യാജ പാൽ പായ്ക്കറ്റുകൾ കേരളത്തിൽ സാർവ്വത്രികമായി കടന്നുവരുന്നുണ്ട്. കാലിത്തീറ്റയിലും പാലിലുമുള്ള അത്തരം വ്യാജന്മാരെ കണ്ടെത്തി ശക്തമായ പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്താൻ നടപടിയുണ്ടാകണം.

ഇത്തരം കാര്യങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ കാര്യമായ ഇടപെടലുണ്ടാകണം. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന്റെ ഭാഗമായി വന്യജീവികൾ ജനവാസ മേഖലയിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിന് കാട്ടിൽത്തന്നെ അവയ്ക്ക് വെള്ളവും ഭക്ഷണവും ഒരുക്കിക്കൊടുക്കാൻ സാധിക്കണം. നാം അത്തരത്തിലുള്ള ധാരാളം സംവിധാനങ്ങൾ ഒരുക്കുന്നുണ്ടെങ്കിലും അവയെല്ലാം ഫലപ്രദമായ രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിയണം. ജനവാസ മേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, ആന പ്രതിരോധ കിടങ്ങുകൾ, ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവ വേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അവയുടെ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷണം ഉറപ്പുവരുത്തുകയും വേണം. ഈ വിവരങ്ങളെല്ലാം ഒരു ചോദ്യത്തിന് മറുപടിയായി അങ്ങ് നൽകിയതാണ്. ഇത്തരം സംവിധാനങ്ങളുണ്ടെങ്കിൽപ്പോലും ഇപ്പോഴും

വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്നത് ഗ്രാമീണ ജനങ്ങൾക്കും ബൈക്ക് യാത്രികർക്കും ഭീഷണിയായി മാറുകയും അപകടങ്ങളും മരണങ്ങളുമുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നുണ്ട്. ഇത്തരത്തിൽ അപകടവും മരണവും സംഭവിക്കുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ വനം വകുപ്പിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വന്യജീവി ആക്രമണം ഏറെ ശ്രുക്ഷമായ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആനയും പുലിയും കടുവയും കാട്ടുപോത്തും മുതൽ പന്നിയും കുരങ്ങും വരെ നാട്ടിൽ സൈ്വരവിഹാരം നടത്തുന്നതാണ് ഇന്ന് മലയോര മേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്. വന്യജീവികൾ കാട്ടിലാണ് ജീവിക്കേണ്ടത്. അവ കാടിറങ്ങാതെ നോക്കേണ്ട വനം വകുപ്പ് ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു. അബദ്ധത്തിൽ ആരെങ്കിലും ഒരാൾ കാട്ടിൽക്കയറിയാൽ വകുപ്പ് അവർക്കെതിരെ കടുത്ത നടപടി

സ്വീകരിക്കുന്നുണ്ട്. അക്കാര്യത്തിൽ അങ്ങനെതന്നെയാണ് ചെയ്യേണ്ടത്, നിയമം പാലിക്കപ്പെടണം. വന്യജീവികൾ കാടിറങ്ങിയുണ്ടാക്കുന്ന പ്രതിസന്ധികൾക്കും പ്രയാസങ്ങൾക്കും വനം വകുപ്പിനുതന്നെയാണ് ഉത്തരവാദിത്വം. എന്നാൽ അവർ കൃത്യമായി ഉത്തരവാദിത്വം നിറവേറ്റാതെ നിസ്സംഗമായി നോക്കിനിൽക്കുന്ന സ്ഥിതിയാണിന്നുള്ളത്. എട്ട് വർഷത്തിനുള്ളിൽ തൊള്ളായിരം പേരാണ് ആനയുടെയും മറ്റ് വന്യജീവികളുടെയും ആക്രമണങ്ങളിൽ സംസ്ഥാനത്ത് കൊല്ലപ്പെട്ടത്. അവരാരുംതന്നെ കാട്ടിൽപ്പോയവരല്ല, നാട്ടിൽത്തന്നെ താമസിക്കുന്നവരായിരുന്നു. അവരുടെയെല്ലാം വീട്ടിൽക്കയറിയാണ് മൃഗങ്ങൾ ആക്രമിച്ചത്. മുറ്റത്ത് ജോലി ചെയ്യുകൊണ്ടിരുന്ന ആളിന്റെ പിന്നിലൂടെ വന്ന് ആന കുത്തിയത് കഴിഞ്ഞ മാസങ്ങളിൽ നാം കണ്ടതാണ്. കേരളത്തിൽ കഴിഞ്ഞ മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ രൂക്ഷമായ വന്യജീവി ആക്രമണങ്ങളാണുണ്ടായത്. വന്യജീവി ആക്രമണത്തിന്റെ ദൃശ്യം പകർത്താൻ പോയ മാതൃഭൂമി ന്യൂസ് ക്യാമറാമാൻ എ. വി. മുകേഷ് പാലക്കാടുവച്ച് ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത് നാം കണ്ടതാണ്.

പത്രധർമത്തിന്റെ പേരിൽ രക്തസാക്ഷിയായ ആളാണ് എ. വി. മുകേഷ്. ഇത്തരം വാർത്തകൾ കേൾക്കുമ്പോൾ, മുമ്പ് ഇടുക്കിയിൽ മലയാള മനോരമയുടെ ലേഖകൻ വിക്ടർ ജോർജിന്റെ മരണമാണ് ഓർമ്മ വരുന്നത്. എന്റെ മണ്ഡലത്തിലും വന്യജീവി ആക്രമണം വളരെ രൂക്ഷമാണ്. അമ്പലപ്പാറയിൽ ഇതുമായി ബന്ധപ്പെട്ട് വലിയ പ്രതിഷേധം നടത്തിയിരുന്നു. അവിടെ ഒരു ആനയുടെ കാലിൽ കമ്പി കയറി പരിക്ക് പറ്റിയതുകാരണം അത് ആ പരിസരത്തുതന്നെ കിടന്ന് തിരിയുകയാണ്. വനം വകുപ്പ് മയക്കുവെടി വച്ച് പിടിച്ച്, കാലിൽനിന്ന് കമ്പി മാറ്റി മരുന്ന് വച്ചുകെട്ടി. ഈ ആനയെ പുറത്ത് എവിടെയെങ്കിലും കൊണ്ടുപോയി വിടണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടെങ്കിലും വനം വകുപ്പ് അതിന് കൂട്ടാക്കിയില്ല. അവർ ആനയെ അവിടെത്തന്നെ വിട്ടിട്ടുപോയി; ആന ഇപ്പോഴും ആ പരിസരത്ത് തന്നെയുണ്ട്. മൂന്നുനാല് ആളുകൾ ഈ ആനയുടെ ആക്രമണത്തിൽനിന്ന് കഷ്ടിച്ചാണ് രക്ഷപ്പെട്ടത്. അതുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പ്രതിഷേധം നാം കാണേണ്ടതാണ്. കഴിഞ്ഞ ജൂൺ മാസം 12-ന് രാവിലെ 8.30-ന് കോട്ടോപ്പാടം പഞ്ചായത്തിലെ കണ്ടമംഗലം-

മേക്കളപ്പാറ റോഡിലൂടെ മദ്രസയിലേയ്ക്ക് കുട്ടികളും സ്കൂൾ ബസുകളും പോകുന്ന സമയത്താണ് എട്ട് ആനകളടങ്ങുന്ന ഒരു കൂട്ടം അതുവഴി കടന്നുപോയത്. ഇക്കാര്യത്തിലും ഒരു നടപടിയുമുണ്ടായില്ല. അട്ടപ്പാടിയിൽ ഓരോ മാസവും ആനയുടെ ആക്രമണത്തിൽ മനുഷ്യ ജീവനുകൾ പൊലിയുകയാണ്. ഫെൻസിംഗ് ചെയ്യാൻ നിർദ്ദേശമുണ്ടെങ്കിലും ആവശ്യത്തിന് ഫണ്ട് നൽകുന്നില്ല. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്, അത് വർധിപ്പിക്കേണ്ടതുണ്ട്. അട്ടപ്പാടിയിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.ടി.) കൂടി വേണമെന്ന് ആവശ്യപ്പെട്ടെങ്കിലും ഇന്നുവരെ അതിന് അനുകൂല സമീപനമുണ്ടായിട്ടില്ല. വന്യജീവികളുടെ സാന്നിധ്യമുണ്ടാകുമ്പോൾ അറിയിച്ചാൽ എത്തിച്ചേരേണ്ടവരാണ് റാപ്പിഡ് റെസ്പോൺസ് ടീം. ഇക്കാര്യങ്ങൾക്ക് പരിഹാരമുണ്ടാകണം. മൃഗസംരക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട കാര്യത്തെക്കുറിച്ചാണ് സൂചിപ്പിക്കാനുള്ളത്. വെറ്ററിനറി സർവ്വകലാശാലയുടെ ഒരു പ്രധാന കേന്ദ്രം എന്റെ മണ്ഡലത്തിലെ തിരുവിഴാംകുന്നിലാണുള്ളത്. ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, കോളേജ് ഓഫ് ഏവിയൻ സയൻസസ് ആൻഡ്

മാനേജ്മെന്റ്, ഏവിയൻ റിസർച്ച് സ്റ്റേഷൻ എന്നിവയെല്ലാം അവിടെ പ്രവർത്തിക്കുന്നുണ്ട്. നാനൂറ് ഏക്കറോളം വരുന്ന വളരെ സൗകര്യമുള്ള സ്ഥലമാണത്. ഈ കോളേജിൽ കുട്ടികൾക്ക് സ്പോട്ടിൽത്തന്നെ വിവിധ ജോലികൾ ലഭിക്കുന്നുണ്ട്. വളരെ നല്ല കോഴ്സുകൾ പഠിപ്പിക്കുന്ന ടി കോളേജിന്റെ ഹോസ്റ്റലിൽ സൗകര്യങ്ങൾ കുറവാണ്. അവിടെ ഒരു ബോയ്സ് ഹോസ്റ്റലിനും ഫാം ടൂറിസത്തിനുമുള്ള പ്രൊപ്പസലുകൾ ഗവൺമെന്റിന് മുന്നിലുണ്ട്, അവ അനുവദിക്കണം. ഗ്രീൻഫീൽഡ് ഹൈവേ ഇതുവഴി കടന്നുപോകുന്നതുകൊണ്ട് ഇരുപത്തിയൊന്ന് കോടി രൂപ നാഷണൽ ഹൈവേ യൂണിവേഴ്സിറ്റിയുടെ പേരിൽ അടച്ചിട്ടുണ്ട്. ഈ തുക വന്യജീവി ആക്രമണം തടയുന്നതിനുള്ള ഫെൻസിംഗിനും മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണത്തിനുംവേണ്ടി ഉപയോഗപ്പെടുത്തണം. അടുത്തിടെ അട്ടപ്പാടിയിൽ പശുക്കൾ ചത്തുപോയ സംഭവമുണ്ടായി. ആട്, പശു തുടങ്ങിയ വളർത്തുമൃഗങ്ങൾ ചത്തുപോകുന്ന സാഹചര്യത്തിൽ ഇൻഷ്വറൻസ് ഇല്ലാത്ത കർഷകർക്ക് യാതൊരുവിധ നഷ്ടപരിഹാരവും ലഭിക്കുന്നില്ല. ശ്രീ. ടി. വി. ഇബ്രാഹിം, അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഒരു

സഹോദരിയുടെ 25-ഓളം ആടുകൾ ചത്തുപോയപ്പോൾ അതിന് നഷ്ടപരിഹാരം ലഭിക്കാത്ത അവസ്ഥയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. അതുകൊണ്ട് ഇൻഷ്വറൻസ് ഇല്ലാത്തവർക്കും നഷ്ടപരിഹാരം നൽകാനുള്ള നടപടിയുണ്ടാകണം. ഈ വിഷയങ്ങൾ മാത്രം പറയാമെന്ന് കരുതിയപ്പോഴാണ് ഭരണപക്ഷത്തുനിന്നും ചിലർ രാഷ്ട്രീയം പറഞ്ഞത്. നിലവിൽ കേരളത്തിലെ ഇടതുപക്ഷത്തെ സംബന്ധിച്ചിടത്തോളം തിരഞ്ഞെടുപ്പ് പരാജയത്തെക്കുറിച്ചുള്ള അന്വേഷണങ്ങളുടെയും റിപ്പോർട്ടുകളുടെയും യോഗങ്ങളുടെയും ഒരു കാലമാണ്. ആ റിപ്പോർട്ടുകൾ വന്നപ്പോൾ ഒരു സി.പി.ഐ.(എം) ജില്ലാ കമ്മിറ്റിയിൽ ഉയർന്നുവന്ന വിമർശനം, 'ഇക്കണക്കിന് പോയാൽ നമ്മുടെ പാർട്ടിയെ കാണാൻ മ്യൂസിയത്തിൽ പോകേണ്ടിവരും' എന്നാണ്. അപ്പോഴാണ് എനിക്ക് സഖാവ് ശ്രീ. എ. കെ. ബാലൻ മുൻപ് നവകേരള സദസ്സിന് ഉപയോഗിച്ച ബസ് മ്യൂസിയത്തിൽ വയ്ക്കണമെന്ന് പറഞ്ഞ കാര്യം ഓർമ്മവന്നത്. ഞാനും ആ അഭിപ്രായത്തെ അടിവരയിടുകയാണ്. കേരളത്തിലെ സി.പി.ഐ.(എം)-ന്റെ തകർച്ചയ്ക്ക് ഏറ്റവും വലിയ ഉത്തരവാദിയായ നവകേരള സദസ്സും അതിന്റെ

പ്രതീകമായ ആ ബസ്സും ഒരു മ്യൂസിയത്തിൽതന്നെ ഇരിക്കട്ടെ എന്നാണ് ഞങ്ങളുടെ അഭിപ്രായം. നവകേരള സദസ്സ് ജനം തള്ളിക്കളയുമെന്ന് അന്നേ ഞങ്ങൾ പറഞ്ഞതാണ്. എന്തിനേറെ പറയുന്നു, ശ്രീ. ജോസ്. കെ. മാണിയുടെ വിലക്ക് ലംഘിച്ച് എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായ ശ്രീ. തോമസ് ചാഴികാടൻ പറഞ്ഞതെന്താണ്? ' മുഖ്യമന്ത്രി കോട്ടയത്തുവച്ച് പരസ്യമായി അധിക്ഷേപിച്ചത് എന്റെ പരാജയത്തിന് കാരണമായി' എന്നാണ്. കേരളാ കോൺഗ്രസുകാർക്ക് ഇതുപോലെ ഇനി എന്തൊക്കെ കേൾക്കാനിരിക്കുന്നു; ഇവിടെ എൽ.ഡി.എഫ്.-ന് എന്തൊരു അന്തസ്സായിരുന്നു?. ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്കും ദുരനുഭവമുണ്ടായിട്ടുണ്ട്, ഞാനത് വിശദീകരിക്കുന്നില്ല. കഴിഞ്ഞ എട്ട് വർഷമായി തിരുവായ്ക്ക് എതിർവായില്ല എന്നതായിരുന്നു സ്ഥിതി. ഇപ്പോൾ എന്താണ് സ്ഥിതി? എല്ലായിടത്തെയും കമ്മിറ്റിയംഗങ്ങൾ രൂക്ഷമായ വിമർശനങ്ങളാണ് ഉന്നയിക്കുന്നത്. എൽ.ഡി.എഫ്. തെരഞ്ഞെടുപ്പിൽ തോറ്റതിന് മുസ്ലീംലീഗിന്റെ മെക്കിട്ട് കയറിയിട്ട് വല്ല കാര്യവുമുണ്ടോ? മുസ്ലീംലീഗിന്റെ മുഖം മാറി, മുസ്ലീംലീഗിന്റെ മുഖം നഷ്ടപ്പെട്ടു

എന്നൊക്കെയാണ് പറയുന്നത്. ഞങ്ങൾ മുന്നോട്ടുവച്ച രാഷ്ട്രീയം ജനങ്ങൾ അംഗീകരിച്ചു എന്നതാണ് വസ്തുത. ഇവിടെ 'കാഫിർ' പോസ്റ്റ് ഉൾപ്പെടെയുള്ള എൽ.ഡി.എഫ്.-ന്റെ എല്ലാ കള്ളത്തരവും പൊളിഞ്ഞില്ലേ; എന്ത് വൃത്തികേടാണ് കാണിച്ചത്; ഞങ്ങളെക്കുറിച്ച് കേരളത്തിലെ ജനങ്ങൾക്കറിയാം. 'കാഫിർ' പോസ്റ്റിനുപിന്നിൽ യൂത്ത് ലീഗ് നേതാവ് ശ്രീ. പി. കെ. മുഹമ്മദ് കാസിമല്ലെന്ന് കേരളത്തിലെ ശ്രീ. പിണറായി വിജയന്റെ പോലീസിനുതന്നെ പറയേണ്ടിവന്നു. ഞങ്ങൾക്ക് ഒന്നേ പറയാനുള്ളൂ, ഞങ്ങൾ ഇത്തരത്തിലുള്ള പോസ്റ്റുകളൊന്നും ചെയ്യുകയില്ല. വടകരയ്ക്ക് തൊട്ടടുത്ത് കോഴിക്കോട് ലോക്സഭാ മണ്ഡലത്തിൽ എൽ.ഡി.എഫ്. സ്ഥാനാർത്ഥിയായി ശ്രീ. എളമരം കരീമിനെ മത്സരിപ്പിച്ചപ്പോൾ മുസ്ലീംലീഗ് പ്രവർത്തകരും നേതാക്കന്മാരും ശ്രീ. എം. കെ. രാഘവന്റെ കൂടെയായിരുന്നു. അത് രാഷ്ട്രീയമാണ്. എൽ.ഡി.എഫ്. പറയുന്ന ഈ 'കാഫിർ'-കൾ..., എനിക്ക് അങ്ങനെ അഭിപ്രായമില്ല, കാസർഗോഡും കണ്ണൂരും വയനാടും പാലക്കാടും തുടങ്ങി എല്ലാ മണ്ഡലങ്ങളിലും ഈ 'കാഫിർ'-കളെ വിജയപ്പിക്കാനാണ് മുസ്ലീംലീഗ്

പ്രവർത്തകർ രാപ്പകലില്ലാതെ അധ്വാനിച്ചതെന്ന് പറഞ്ഞു. അവർ മുൻപും ഇതുപോലുള്ള പല രാഷ്ട്രീയവും കൊണ്ടുവന്നിട്ടുണ്ട്. മുൻപ് ശ്രീ. സി. എം. ഇബ്രാഹിമിനെ കോഴിക്കോട്ട് മത്സരിപ്പിച്ചപ്പോൾ അദ്ദേഹം അഞ്ച് നേരം നിസ്കരിക്കുന്ന നല്ല മുസൽമാനാണെന്ന് പ്രചരിപ്പിച്ചു. ഞങ്ങൾക്കതിൽ അഭിപ്രായ വ്യത്യാസമില്ല, അദ്ദേഹം നിസ്കരിച്ചോട്ടെ. പക്ഷെ ഇത് രാഷ്ട്രീയമാണ്, ഞങ്ങൾ അവിടെ മത്സരിച്ച, എല്ലാ മാസവും ഒന്നാം തീയതി ഗുരുവായൂരിൽ പോകുന്ന കെ. കരുണാകരന്റെ മകൻ ശ്രീ. കെ. മുരളീധരനൊപ്പമാണ് നിന്നത്. 'ഞങ്ങളുടെ മുഖം നഷ്ടപ്പെട്ടു, ഞങ്ങൾ മറ്റുള്ളവരുടെ കൂടെ പോകുന്നു, തീവ്രവാദമാണ് ' എന്നൊക്കെ പറഞ്ഞ് ഇപ്പോൾ ഞങ്ങളോട് ഉപദേശിക്കുകയാണ്. പുത്തലത്ത് ദിനേശൻ ദേശാഭിമാനിയിൽ ലേഖനം എഴുതിയാണ് ഞങ്ങളെ ഉപദേശിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുതൽ എല്ലാവരും ഇപ്പോൾ ഒരേ ലെവലാണ്, മുസ്ലീംലീഗിനെതിരെയാണ് വിമർശനം നടത്തുന്നത്. തിരഞ്ഞെടുപ്പിൽ തോറ്റതിന് അരിശം മുഴുവനും ഞങ്ങളോടാണ്. പുത്തലത്ത് ദിനേശനോട് ഞങ്ങൾക്ക് പറയാനുള്ളത് 'നീ പോ മോനേ ദിനേശാ, അത് പറയാൻ നീ

ആയിട്ടില്ല' എന്നാണ്. കാരണം മുസ്ലീംലീഗിനെ മതേതരത്വം പഠിപ്പിക്കാൻ നിങ്ങളാരും ആയിട്ടില്ല. ഞങ്ങൾ വോട്ടിനുവേണ്ടി അത്തരം നിലപാടുകൾ ഒരുകാലത്തും സ്വീകരിച്ചിട്ടില്ല. എന്നും രാജ്യത്തിന്റെ മതേതരത്വത്തോടൊപ്പം നിന്നിട്ടേയുള്ളൂ. 'കാഫിർ' പ്രയോഗത്തെക്കുറിച്ച് ഞങ്ങൾക്ക് പറയാനുള്ളത്, അതിൽ ശക്തമായ അന്വേഷണമുണ്ടാകണമെന്നാണ്. ഇവിടെ ചോദ്യം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഒഴിഞ്ഞുമാറിയല്ലോ; മുൻപ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ അത് എവിടെ നിന്നാണ് വന്നതെന്ന് അരിയാഹാരം കഴിക്കുന്നവർക്കൊക്കെ അറിയാം. അതുകൊണ്ട് അതിനുപിന്നിൽ ആരാണെന്ന് ഉടൻ കണ്ടെത്തി ശക്തമായ നടപടിയുണ്ടാകണം എന്ന് ഞാൻ ആവശ്യപ്പെടുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച മൂന്ന് ധനാഭ്യർത്ഥനകളെയും ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ മാസം ആദ്യവാരത്തിൽ ബഹുമാന്യയായ ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി എന്റെ മണ്ഡലമായ പീരുമേട്ടിലെ

കോലാഹലമേട്ടിൽ സന്ദർശനം നടത്തുകയും അവിടെ പ്രവർത്തിക്കുന്ന കേരള ലൈവ്സ്റ്റോക് ഡെവലപ്മെന്റ് ബോർഡിന്റെയും ഡെയറി സയൻസ് കോളേജിന്റെയും പ്രവർത്തനം വിലയിരുത്തുകയും 14 പദ്ധതികൾക്ക് പുതുതായി തുടക്കം കുറിക്കുകയും ചെയ്തിരുന്നു. ക്ഷീര മേഖലയിൽ സമഗ്രമായ വികസനത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്. ഏതാണ്ട് അഞ്ഞൂറിലധികം ഏക്കർ സ്ഥലത്താണ് കേരള ലൈവ്സ്റ്റോക് ഡെവലപ്മെന്റ് ബോർഡും ഡെയറി സയൻസ് കോളേജും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിനെ സാർവ്വദേശീയ അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസ സമുച്ചയമായി മാറ്റാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. കെ.എൽ.ഡി. ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നിരവധി നിർദ്ദേശങ്ങൾ ഉയർന്നുവരികയും അവ നടപ്പാക്കാനുള്ള നടപടികളുമായി ബഹുമാനപ്പെട്ട മന്ത്രിയും വകുപ്പും മുന്നോട്ടുപോകുന്നുമുണ്ടെന്ന് അറിയുന്നതിൽ അങ്ങേയറ്റം സന്തോഷം രേഖപ്പെടുത്തുന്നു. മറുഭാഗത്ത് അങ്ങേയറ്റം ബഹുമാന്യനും

സമർഥനുമായ വനം വകുപ്പുമന്ത്രിയാണുള്ളത്. പക്ഷെ മൃഗങ്ങളുടെ ശല്യം കാരണം ജനങ്ങൾ പൊറുതിമുട്ടിയിരിക്കുകയാണെന്ന് തുറന്നുപറയാതെ തരമില്ല. വനംവകുപ്പിൽ നന്നായി പ്രവർത്തിക്കുന്ന കുറച്ച് ഉദ്യോഗസ്ഥരുണ്ട്; ബഹുമാനപ്പെട്ട മന്ത്രി ഉദ്യോഗസ്ഥരുടെ പണി എന്താണെന്നുള്ളത് ഗൗരവമായി പരിശോധിക്കണം. 1916-ൽ റവന്യൂ ഭൂമിയായിരുന്ന മൗണ്ട് സത്രം പ്രദേശത്ത് റവന്യൂ വകുപ്പ് വിട്ടുകൊടുത്ത സ്ഥലത്ത് എൻ.സി.സി.-ക്കുവേണ്ടി ഒരു എയർ സ്ട്രിപ്പ് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെയുൾപ്പെടെ അനുമതി ലഭിച്ചിരുന്നു; എന്നാൽ 1917-ൽ അത് വനമായി പ്രഖ്യാപിച്ചതിന്റെ ഫലമായി ഇപ്പോൾ നിർമ്മാണ പ്രവർത്തനത്തിന് തടസ്സം നേരിട്ടിരിക്കുകയാണ്. ഇത് 1916-ൽ റവന്യൂ ഭൂമിയായിരുന്നു. അതുമായി ബന്ധപ്പെട്ട രേഖകൾ കൊണ്ടുവരാൻ ആവശ്യപ്പെടുകയാണെങ്കിൽ രേഖ കൈവശമില്ലാത്ത സാഹചര്യമാണുള്ളത്. അതിന് മുൻപ് ആ ഭൂമി എച്ച്.എൻ.എൽ. (ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ്)-നുവേണ്ടി പാട്ടത്തിന് നൽകിയെന്നുള്ള തെറ്റാണ് റവന്യൂ വകുപ്പിന് സംഭവിച്ചത്. ഇന്നിപ്പോൾ അവിടെ റവന്യൂ വകുപ്പിനെയും

അടുപ്പിക്കുന്നില്ല. മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഉൾപ്പെടെ നിരവധി ചർച്ചകൾ നടത്തിയെങ്കിലും തടസ്സം നീങ്ങിയില്ല. ഇതിലേയ്ക്കായി ചെലവഴിച്ച കോടിക്കണക്കിന് രൂപ യാതൊരു പ്രയോജനവുമില്ലാത്ത അവസ്ഥയിലാണ്. ഏതാണ്ട് 1000 കുട്ടികൾക്ക് ട്രെയിനിംഗ് നൽകാനുള്ള ഒരു പദ്ധതിക്കാണ് വനംവകുപ്പ് തുരങ്കംവച്ചത്. ബഹുമാനപ്പെട്ട മന്ത്രി ഇടപെടലുകൾ നടത്തിയെങ്കിലും അദ്ദേഹം പറഞ്ഞാൽ ഐ.എഫ്.എസ്. (ഇന്ത്യൻ ഫോറസ്റ്റ് സർവ്വീസ്) അധികൃതർ സമ്മതിക്കുമോ എന്ന് എനിക്ക് സംശയമുണ്ട്. അതുകൊണ്ട് ആ എയർ സ്ട്രിപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പുനരാരംഭിക്കാൻ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷനുവേണ്ടി ആഭ്യന്തരവകുപ്പിന് അഞ്ച് ഏക്കർ സ്ഥലം അനുവദിച്ചു കൊടുത്തെങ്കിലും ടി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കെട്ടിടം പണി ആരംഭിച്ചപ്പോൾ അതിന് സ്റ്റോപ്പ് മെമ്മോ കൊടുക്കുകയുണ്ടായി. കെ.റ്റി.ഡി.സി.-ക്ക് നൽകിയ അഞ്ച് ഏക്കർ സ്ഥലത്ത് കോടിക്കണക്കിന് രൂപ ചെലവഴിച്ച് കെട്ടിടത്തിന്റെ മുക്കാൽ ഭാഗവും പൂർത്തിയാക്കിപ്പോൾ അതിനും ഇതേ ന്യായം പറഞ്ഞ്

വനം വകുപ്പ് തടസ്സം സൃഷ്ടിക്കുകയാണ് ചെയ്തത്. ഇങ്ങനെയായാൽ ഇത് എവിടെചെന്ന് നിൽക്കും? എണ്ണൂറോളം പാവപ്പെട്ട കുടുംബങ്ങൾക്ക് സീറോ ലാൻഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി അനുവദിച്ച് അളന്ന് തിട്ടപ്പെടുത്തി നൽകിയെങ്കിലും ആ ഭൂമിയിൽ പ്രവേശിക്കാൻ ഉദ്യോഗസ്ഥർ സമ്മതിക്കുന്നില്ല. നേരത്തെ വനം വകുപ്പ് ഒഴിവാക്കിയ 26 കൃഷിക്കാർക്ക് സ്ഥലം നൽകണമെന്ന് ഹൈക്കോടതി ഉത്തരവിട്ടതിന്റെ അസ്ഥാനത്തിൽ ഇടുക്കി സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചുവെങ്കിലും വനം വകുപ്പ് ഭൂമി അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നില്ല. വന്യമൃഗങ്ങളെക്കൊണ്ടും വകുപ്പുദ്യോഗസ്ഥരെകൊണ്ടും രക്ഷയില്ലാത്ത അവസ്ഥ വനം വകുപ്പിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലുണ്ടാകണം. കെ.എൽ.ഡി. ബോർഡ് നിലവിൽ വരുന്നതിനുമുമ്പ് പ്രവർത്തിച്ചിരുന്ന ഇൻഡോ-സ്വിസ് പ്രോജക്ടിന് അനുവദിച്ചുകൊടുത്ത സ്ഥലത്ത് ഇപ്പോൾ വനം വകുപ്പ് ജണ്ട കെട്ടിത്തുടങ്ങി. അവിടെ ആളുകൾ തർക്കം ഉന്നയിച്ചിരിക്കുകയാണ്. വനം വകുപ്പുദ്യോഗസ്ഥരെക്കൊണ്ട് വലിയ

ശല്യമാണ്, ജനങ്ങൾ പൊറുതിമുട്ടിയിരിക്കുന്നു. അതുമായി ബന്ധപ്പെട്ട രേഖകളൊന്നും വനം വകുപ്പിന്റെ കൈവശമില്ല. ഇൻഡോ-സ്വിസ് പ്രോജക്ടിന്റെ കാലം മുതലുള്ള രേഖകൾ ജനങ്ങളും കെ.എൽ.ഡി. ബോർഡും നൽകിയാൽപ്പോലും വനം വകുപ്പ് സ്ഥലം അനുവദിക്കില്ല. ആഷ്‌ലി എസ്റ്റേറ്റ്-മദാമ്മക്കുളം-കുട്ടിക്കൽ റോഡ് വർഷങ്ങൾക്കുമുമ്പ് പി.ഡബ്ല്യു.ഡി. റോഡായി പ്രഖ്യാപിച്ചതാണ് . നേരത്തെ പി.എം.ജി.എസ്.വൈ. ഫണ്ട് മുഖേന പ്രവൃത്തി നടപ്പാക്കിയെങ്കിലും തുടർനടപടി കൈക്കൊണ്ടിട്ടില്ല. നിലവിൽ പി.ഡബ്ല്യു.ഡി. ഫണ്ട് ഉപയോഗിച്ച് പ്രവൃത്തി നടപ്പാക്കിക്കൊണ്ടിരിക്കുന്ന റോഡിന്റെ നടുവിലൂടെ ജണ്ട സ്ഥാപിച്ചിരിക്കുകയാണ്. ഇടുക്കിയിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പങ്കെടുത്ത ഒരു യോഗത്തിൽ ഞാൻ ഇക്കാര്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ആ പ്രവൃത്തി കുറച്ചുനാൾ നിർത്തിവച്ചു. വനമേഖലയിലെ പ്രസ്തുത സ്ഥലങ്ങളിൽ പോയി കാത്തിരിക്കാൻ കഴിയില്ല. അടുത്തകാലത്തായി അവിടെ വീണ്ടും ജണ്ട സ്ഥാപിച്ചിരിക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദയവായി ഇക്കാര്യങ്ങളിൽ കുറച്ചുകൂടി

ഗൗരവമായി ഇടപെട്ട് പരിഹാരം കണ്ടെത്തണം. ടൂറിസം വകുപ്പ് മുൻകൈയെടുത്ത് പാഞ്ചാലി മേട്ടിൽ 3 കോടി രൂപ മുടക്കി രൂപംകൊടുത്ത പദ്ധതി ഏകദേശം 90 ശതമാനം പൂർത്തിയായപ്പോൾ കഴിഞ്ഞമാസം വനപാലകർ അതിന് സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. വനത്തിലെ മൃഗങ്ങളെല്ലാം ഇപ്പോൾ താലൂക്ക് ഓഫീസിന്റെയും കോടതി സമുച്ചയത്തിന്റെയും എൻ.എച്ച്.-ന്റെയും പരിസരത്ത് ചുറ്റിക്കറങ്ങി നടക്കുകയാണ്. അതിനെ ഓടിച്ചുവിടാൻ വനപാലകർക്ക് സമയമില്ല. എവിടെയെങ്കിലും റവന്യൂ ഭൂമി തരിശ്ശായി കിടക്കുന്നുണ്ടോ എന്ന് കണ്ടെത്തി അത് നോട്ടിഫൈ ചെയ്ത് വനമാക്കുന്ന ജോലിയാണ് മുഖ്യമായും വനം വകുപ്പ് ചെയ്തുകൊണ്ടിരിക്കുന്നത്. ഈ പ്രശ്നത്തിന് പരിഹാരം കണ്ടേ മതിയാകൂ. പീരുമേട്ടിൽ മൃഗങ്ങൾ ഇത്തരത്തിൽ ഇറങ്ങി നടക്കുന്ന സാഹചര്യമുണ്ടെങ്കിൽപ്പോലും അവിടെ ഒരു റേഞ്ച് ഓഫീസില്ല. റേഞ്ച് ഓഫീസ് പ്രവർത്തിക്കുന്നത് എരുമേലിയിലാണ്. കോട്ടയം ജില്ലയിലാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഡി.എഫ്.ഒ.) സ്ഥിതി ചെയ്യുന്നത്. വളഞ്ഞങ്ങാനത്ത് വനം വകുപ്പ് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നുണ്ട്.

അവിടെയെങ്കിലും ഒരു റേഞ്ച് ഓഫീസ് ആരംഭിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി പ്രസ്തുത പ്രശ്നങ്ങൾ നിയന്ത്രിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. ഞാൻ സഭയിൽത്തന്നെ ഈ വിഷയം എത്രയോ തവണ ഉന്നയിച്ചെങ്കിലും നാളിതുവരെ യാതൊരു പരിഹാരവും കണ്ടെത്തിയിട്ടില്ല. ജില്ലയിലെ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ എടുത്തുപറയുന്നില്ല. കാരണം അവിടത്തെ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ശ്രീ. എം. എം. മണി ആശാനുൾപ്പെടെ നിരവധി പേർ ഇവിടെയുണ്ട്. എല്ലാ മീറ്റിംഗുകളിലും അവർ ഇത്തരം കാര്യങ്ങൾ സംസാരിക്കുന്നുണ്ട്. സഹിക്കാൻ കഴിയാത്തതുകൊണ്ടാണ് ഇത്തരം കാര്യങ്ങളെക്കുറിച്ച് ഞാൻ തുറന്നുപറഞ്ഞത്. വനപ്രദേശമുള്ളത് ഇടുക്കിയിലാണെങ്കിലും ഡിവിഷൻ ഓഫീസ് കോട്ടയത്തും റേഞ്ച് ഓഫീസ് കോട്ടയം ജില്ലയിലെ എരുമേലിയിലുമാണ് പ്രവർത്തിക്കുന്നത്. എത്ര തലതിരിഞ്ഞ ഏർപ്പാടുകളാണ് ഇവിടെ നടക്കുന്നത്; ഇതിനെല്ലാം പരിഹാരം കാണണം. അടുത്തകാലത്തായി തേക്കടിക്കടുത്ത് സ്പിംഗ്വാലിയെന്ന സ്ഥലത്ത് മെയിൻ റോഡിന് സമീപം ദിലീപ് എന്ന വ്യക്തി അദ്ദേഹത്തിന്റെ കൃഷി

സ്ഥലത്തേയ്ക്ക് നടന്നുപോയപ്പോൾ കാട്ടുപോത്ത് കുത്തി പരിക്കേൽപ്പിച്ചു. തുടർന്ന് ജനങ്ങളെല്ലാം ചേർന്ന് ഡി.എഫ്.ഒ.-യെയും വനം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറെയും സർക്കിൾ ഇൻസ്പെക്ടറെയും മറ്റ് അധികാരികളെയും തടഞ്ഞുവയ്ക്കുകയുണ്ടായി. സ്ഥലം എം.എൽ.എ. ആയ ഞാൻ സംഭവം നടന്ന സ്ഥലത്തിന്റെ മൂന്നുകിലോമീറ്റർ അകലെയാണ് താമസിക്കുന്നത്. സംഭവമറിഞ്ഞ് ഞാൻ അവിടെ എത്തിയപ്പോൾ തിരുവനന്തപുരത്ത് സ്ഥാനാർഥിയായിരുന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 'നിരാമയ' എന്ന റിസോർട്ടിന്റെ പരിസരത്താണ് ആയിരക്കണക്കിനാളുകൾ കൂടിയിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു തീരുമാനമായതിനുശേഷം മാത്രമെ തടഞ്ഞുവച്ചവരെ വിടാൻ സാധിക്കുകയുള്ളുവെന്ന് അവർ പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ വിവരം അറിയിച്ചപ്പോൾ കാട്ടുപോത്തിന്റെ കുത്തേറ്റ വ്യക്തിക്ക് ചികിത്സാ സഹായം നൽകാമെന്നും ഈ പ്രശ്നം എങ്ങനെയെങ്കിലും പരിഹരിക്കണമെന്നും അദ്ദേഹം പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയെ വിശ്വസിച്ച് ഞാൻ അവരോട് ചികിത്സാ സഹായം നൽകാമെന്നും അദ്ദേഹത്തിന്റെ ഭാര്യക്ക് ഇ.ഡി.സി.-യിൽ ചെറിയൊരു

ജോലി നൽകാമെന്നും പറഞ്ഞ് ആ പ്രശ്നം പരിഹരിച്ചു. എന്നാൽ ചികിത്സാ സഹായമായി ഒരു ലക്ഷം രൂപ മാത്രമാണ് നൽകിയത്. ആശ്രുപത്രിയിൽ 7 ലക്ഷം രൂപ ചെലവായി; നാളിതുവരെ ബാക്കി കാശ് നൽകിയിട്ടില്ല. ജനപ്രതിനിധിയായ ഞാൻ ആയിരക്കണക്കിനാളുകളുടെ മുമ്പിൽവച്ച് പറഞ്ഞ വാക്കിന് എന്തെങ്കിലും വില കൽപ്പിക്കുന്നുണ്ടോ എന്ന് ഗൗരവമായി ചിന്തിക്കണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർഥിക്കുന്നു. എന്റെ നിയോജക മണ്ഡലമായ പീരുമേട് മുണ്ടക്കയത്തുനിന്ന് ആരംഭിച്ച് ആയത് അവസാനിക്കുന്നതുവരെയും വനം വകുപ്പിന്റെ ഏരിയയാണ്. അതുകൊണ്ടുതന്നെ വനം വകുപ്പിനെക്കൊണ്ട് പൊറുതിമുട്ടിയിരിക്കുന്ന അവസ്ഥയാണെന്ന് പറയേണ്ടതായി വന്നതിൽ അതിയായി ഖേദിക്കുന്നു. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള മൃഗസംരക്ഷണം, ക്ഷീരവികസനം, വനം എന്നിവ സംബന്ധിച്ച ധനാഭ്യർഥനകളെ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരളം

ഇപ്പോൾ ഉഷ്ണതരംഗത്തിന്റെ പിടിയിലാണ്. പശ്ചിമഘട്ടത്തെ കണ്ണിലെ കൃഷ്ണമണിപോലെ സംരക്ഷിക്കേണ്ട സന്ദർഭമാണിത്. കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്ന പശ്ചിമഘട്ട മലനിരകളുടെ വിസ്തൃതി 60000 ചതുരശ്ര കിലോമീറ്ററാണ്. 'ഭൂമിയുടെ ശ്വാസകോശം' എന്നറിയപ്പെടുന്ന ആമസോൺ കാടുകളിൽ 39000 കോടി മരങ്ങളും 40000 തരം സസ്യങ്ങളുമാണുള്ളത്. ഒമ്പത് രാജ്യങ്ങളിലായി വ്യാപിച്ചുകിടക്കുന്ന ആമസോൺ വനങ്ങളിൽ മനുഷ്യർക്ക് കടന്നുകയറാൻ സാധിക്കാത്ത ഘോരവനങ്ങളുമുണ്ട്. നമുക്ക് ചുറ്റുമുള്ള സസ്യങ്ങളുടെയും ജന്തുജാലങ്ങളുടെയും ഗുണവിശേഷങ്ങളെക്കുറിച്ച് നല്ല ബോധ്യമുള്ളവരായിരുന്നു നമ്മുടെ പൂർവ്വസൂരികൾ. അക്കാര്യം സംബന്ധിച്ച് ആയുർവേദത്തിൽ വിസ്തരിച്ച് പറയുന്നുണ്ട്. ഔഷധഗുണമില്ലാത്തതായി യാതൊന്നുമില്ലെന്നാണ് ചരകനും സുശ്രുതനും വാഗ്ഭടനുമെല്ലാം ഉൽബോധിപ്പിച്ചിട്ടുള്ളത്. കവയത്രി സുഗതകുമാരി ടീച്ചർ ഉൽബോധിപ്പിച്ചത്,

' ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി

ഒരു തൈ നടാം നൂറുകിളികൾക്കുവേണ്ടി

ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി'

എന്നായിരുന്നു. പത്ത് പുത്രൻമാർക്ക് തുല്യമാണ് ഒരു മരം എന്നാണ് പറയപ്പെടുന്നത്. ഇവയൊക്കെ വനസംരക്ഷണത്തിന്റെ അനിവാര്യതിയിലേയ്ക്ക് വിരൽ ചൂണ്ടുന്ന കാര്യങ്ങളാണ്. വന്യജീവികളും മനുഷ്യരും തമ്മിലുള്ള സംഘർഷത്തിനുള്ള ഒരു പ്രധാനകാരണം വന്യജീവികളുടെ വർധനവാണ്. കേരളത്തിൽ വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർധിച്ചുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. വനാതിർത്തി പങ്കിടുന്ന തമിഴ്നാട്ടിലും കർണ്ണാടകയിലും കൂടുതലും കടുവകളും ആനകളുമാണുള്ളത്. എന്നാൽ കേരളത്തിൽ കുരങ്ങൻ, കാട്ടുപന്നി എന്നിവയുടെ എണ്ണമാണ് വർധിക്കുന്നത്. രാജ്യത്ത് വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. മൃഗങ്ങളെ പിടികൂടി മറ്റ് ആവാസ മേഖലകളിലേയ്ക്ക് മാറ്റിപാർപ്പിക്കാനാണ് കേന്ദ്ര നിയമത്തിൽ അനുമതിയുള്ളത്. വന്യജീവി സംരക്ഷണ നിയമത്തെ ഭേദഗതി ചെയ്യണമെന്ന അനിവാര്യമായ ആവശ്യമാണ് നാം ഉയർത്തേണ്ടത്. കേന്ദ്ര സർക്കാരാണ് ഇതിന് നേതൃത്വം നൽകേണ്ടത്. ഇതിനുവേണ്ടി സംസ്ഥാന

സർക്കാരിന് എത്രത്തോളം സമ്മർദ്ദം ചെലുത്താൻ കഴിയുമെന്നതാണ് വിഷയം. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാട് അറിയേണ്ടത് അനിവാര്യമാണ്. കാസർഗോഡ് ജില്ലയെ സംബന്ധിക്കുന്ന ചില പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 90 കി.മീ. നീളത്തിൽ കർണ്ണാടക വനവുമായി അതിർത്തി പങ്കിടുന്ന കാസർഗോഡ് ജില്ലയിൽ വന്യജീവി സംഘർഷം കുറയ്ക്കുന്നതിന് ചില അടിയന്തര ഇടപെടലുകൾ ആവശ്യമാണ്. ആന, കടുവ, പുലി എന്നിവ കർണ്ണാടക വനത്തിൽനിന്നും ഇറങ്ങിവരുന്നുണ്ട്. ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കണമെന്ന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അംഗീകരിച്ചിട്ടില്ല. ഇതു സംബന്ധിച്ച് അടിയന്തര നടപടി സ്വീകരിക്കണം. നിലവിൽ ജില്ലയിൽ ആറ് സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നതിൽ നാല് സെക്ഷൻ ഓഫീസുകളിലും വാഹന സൗകര്യമില്ല, വാഹനം അനുവദിക്കാൻ നടപടി സ്വീകരിക്കണം. എന്റെ നിയോജക മണ്ഡലത്തിൽനിന്നും കർണ്ണാടക വനാതിർത്തിയിലേയ്ക്ക് എത്തിച്ചേരാൻ നിലവിൽ ഫീൽഡ് ഓഫീസർമാർക്ക് വാഹനസൗകര്യം ഇല്ലാത്തതിനാൽ ആയത് പരിഹരിക്കപ്പെടണം.

പുതിയതായി ചാർജ്ജെടുത്ത കുറച്ച് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്കും ആവശ്യത്തിനുള്ള വാഹനം ലഭ്യമാക്കണം. ജില്ലയിൽ മുഴുവൻ സമയവും പ്രവർത്തിക്കുന്ന വിപുലമായ സൗകരങ്ങളടങ്ങിയ ഒരു റാപ്പിഡ് റെസ്പോൺസ് ടീം രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ മൃഗസംരക്ഷണ വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി പക്ഷിമൃഗാദികളുടെ അമ്മ റാണിയാണ്. ഒരമ്മയുടെ സ്നേഹവും കരുതലും കേരളത്തിലെ പക്ഷിമൃഗാദികൾക്ക് ഉറപ്പുവരുത്തിക്കൊണ്ടുള്ള വൈവിധ്യമാർന്നതും മാതൃകാപരവുമായ പദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ നവീന ശാസ്ത്രീയ യുഗത്തിൽ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ മനുഷ്യ പുരോഗതിക്കൊപ്പം മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലും എങ്ങനെ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന കാഴ്ചപ്പാടോടുകൂടിയാണ് മൃഗസംരക്ഷണ വകുപ്പ് പ്രവർത്തിക്കുന്നത്. വളരെ ശ്രദ്ധേയവും അഭിനന്ദനാർഹവുമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് ധാരാളം ഡയറികൾ അടിച്ചുകൊടുത്ത കഥ നാം കേട്ടിട്ടുണ്ട്. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഡെയറി ഫാം

കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാണ് മുൻതൂക്കം നൽകിയിട്ടുള്ളത്. പത്ത് മുതൽ ഇരുപതുവരെയുള്ള പശുകളുടെ ഇടത്തരം ഡെയറി ഫാമുകൾക്ക് സഹായം ഉറപ്പുവരുത്തുന്ന സമഗ്രമായ ഫാം മെയ്ഡ് പാക്കേജാണ് ഏറ്റവും ശ്രദ്ധേയമായ രീതിയിൽ ചർച്ച ചെയ്യപ്പെടുന്നത്. ആരോഗ്യ പരിരക്ഷ, തീറ്റപ്പുൽക്കൃഷിക്ക് സഹായം, കാലിത്തീറ്റയ്ക്ക് ധനസഹായം, ഫാം ആധുനികവൽകരണം തുടങ്ങിയ ഘടകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളാണ് വളരെ ശ്രദ്ധേയമായിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ വികസന സെല്ലിന്റെ പ്രവർത്തനം വളരെ സജീവമാണ്. മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനവും വളരെ ശ്രദ്ധേയമാണ്. സർക്കാർ കേരളത്തിൽ മൃഗങ്ങൾക്കുവേണ്ടി രാത്രികാല അടിയന്തര ചികിത്സാ പദ്ധതി ഉറപ്പുവരുത്തിയിട്ടുണ്ട്. മനുഷ്യർക്കുതന്നെ രാത്രികാല ചികിത്സ ഉറപ്പുവരുത്താൻ കഴിയാത്തൊരു കാലം കേരളത്തിൽ ഉണ്ടായിരുന്നു. കോവിഡുകാലത്ത് പക്ഷികളുടെയും മൃഗങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്താൻ അതീവശ്രദ്ധ പുലർത്തിയ നമ്മുടെ നാട്ടിൽ രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി ആവിഷ്കരിക്കാൻ സർക്കാരിന് കഴിഞ്ഞത്

അഭിമാനകരമാണ്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള കർമ്മസേന വളരെ ശ്രദ്ധേയമായ സാമൂഹിക ഇടപെടലാണ് നടത്തിവരുന്നത്. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള ശ്രദ്ധേയമായ ഇടപെടലുകളാണ് വകുപ്പ് നടപ്പാക്കുന്നത്. പ്രതിരോധ കുത്തിവയ്പുമായി ബന്ധപ്പെട്ട തീവ്രയജ്ഞങ്ങൾ നല്ലരീതിയിൽ ഫലപ്രാപ്തി കാണുന്നുണ്ട്. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയായ 'ഗോ സമൃദ്ധി' മുഖേന കന്നുകാലികൾക്കും ക്ഷീരകർഷകർക്കും പരിരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കുന്ന വളരെ ശ്രദ്ധേയമായ പദ്ധതിയാണ് 'കേരള ചിക്കൻ പദ്ധതി'. ഭക്ഷണക്രമത്തിലും അഭിരുചിയിലും സ്വഭാവത്തിലും മനോഭാവത്തിലുമെല്ലാം അനുദിനം മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. വീട്ടിൽനിന്ന് അച്ഛൻ പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ കുട്ടി അച്ഛനോട് 'അച്ഛാ വരുമ്പോൾ ഒരു ചിക്കൻ ബിരിയാണി

കൊണ്ടുവരണം' എന്ന് ആവശ്യപ്പെടുകയാണ്. അപ്പോൾ അമ്മ അടുക്കളയിൽ നിന്ന് പറയുന്നു 'ഒന്നാക്കണ്ട, രണ്ടായിക്കോട്ടെ എന്നാൽ എനിക്ക് അത്താഴം വയ്ക്കണ്ടല്ലോ!' എന്ന തരത്തിൽ ചിക്കൻ ബിരിയാണി കഴിക്കുന്ന കാലഘട്ടമാണിത്. അതിലേയ്ക്കായി നമുക്ക് ഗുണമേന്മയുള്ള ചിക്കൻ ലഭിക്കണം. പൊതുജനങ്ങൾക്ക് ഗുണമേന്മയുള്ള കോഴിയിറച്ചി ലഭ്യമാക്കാനും ആരോഗ്യസംരക്ഷണവും പോഷകസുരക്ഷയും ഉറപ്പുവരുത്താനുമാണ് സർക്കാർ ഈ പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് ക്ഷീരവികസന മേഖലയിൽ വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് നടപ്പാക്കിവരുന്നത്. പാൽ സൊസൈറ്റികൾ എന്നാൽ കേവലം പാൽ കൊടുക്കുന്ന സ്ഥാപനം എന്നുള്ള നിലയ്ക്ക് മാത്രമല്ല, രാവിലെയുള്ള രാഷ്ട്രീയ ചർച്ചകൾ ആരംഭിക്കുന്ന കേന്ദ്രംകൂടിയാണ്. തലേദിവസത്തെ അന്തിചർച്ചയൊക്കെ കേട്ടശേഷം രാവിലെ പാൽ സൊസൈറ്റിയിലേയ്ക്ക് പോകുന്നവർ രാഷ്ട്രീയ അഭിപ്രായങ്ങൾ രൂപപ്പെടുത്തിയെടുക്കുന്ന പൊളിറ്റിക്കൽ സെന്റർ കൂടിയാണ് പാൽ സൊസൈറ്റികൾ. ക്ഷീര കർഷകർക്കും അവരുടെ കുടുംബങ്ങൾക്കും

ക്ഷീരസംഘം ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി നടപ്പാക്കുന്ന സമ്പൂർണ്ണ ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതിയായ 'ക്ഷീരസാന്ത്വനം' വളരെ ശ്രദ്ധേയമായ തരത്തിൽ നടപ്പാക്കിവരികയാണ്. പന്നി വളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. പുതിയ വാക്സിനുകൾ കണ്ടുപിടിക്കുമ്പോൾ സാധാരണ ഗിനി പന്നികളിലാണ് പരീക്ഷണം നടത്തുന്നത്. കോവിഡ് മഹാമാരി വന്നതിനുശേഷം ഗിനി പന്നികളുടെ കാര്യം മറക്കുകയും കോവിഷീൽഡ് പോലുള്ള വാക്സിൻ മനുഷ്യരിൽ പരീക്ഷണം നടത്തുകയും ആയതിന്റെ ഫലമായി പ്രത്യാഘാതങ്ങൾ വന്നുകൊണ്ടിരിക്കുകയുമാണ്. മെഡിക്കൽ സയൻസിന്റെ ശാസ്ത്രീയമായ കണ്ടെത്തലുകളുടെ പിൻബലത്തിൽ സ്ഥിരീകരിക്കപ്പെട്ടില്ല എങ്കിൽപ്പോലും ഇക്കാര്യം സംബന്ധിച്ച് സമൂഹത്തിൽ വലിയ ആശങ്കയുണ്ട്. അതിന്റെ ഫലമായാണ് ഹൃദയാഘാതം സംഭവിക്കുന്നത് എന്നാണ് പറയപ്പെടുന്നത്. ആധുനിക കാലത്ത് പന്നിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എൽ.ഡി. ബോർഡ് മുഖേന കർഷകതലത്തിൽ സാറ്റലൈറ്റ് പന്നിവളർത്തൽ യൂണിറ്റുകൾ

സ്ഥാപിക്കാനുള്ള പദ്ധതികൾ നടപ്പാക്കുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുന്നു. 'ആടുജീവിതം' എന്ന പുസ്തകത്തിലെ മനുഷ്യനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ കേരളത്തിലെ മൃഗസംരക്ഷണ വകുപ്പ് ആടിന്റെ സംരക്ഷണവും ആടുവളർത്തൽ പദ്ധതിയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഇടപെടലുകളാണ് നടത്തുന്നത്. ഗ്രാമീണ സ്ത്രീ കർഷകർക്കിടയിൽ വരുമാനം വർധിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സാറ്റലൈറ്റ് ആടുവളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പദ്ധതി ഏറ്റവും മികച്ച രീതിയിലാണ് നടപ്പാക്കുന്നത്. സംസ്ഥാനത്ത് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നുണ്ട്. പണ്ടുകാലത്ത് റേഡിയോ ഓൺ ചെയ്താൽ ആദ്യം കേൾക്കുന്ന പരസ്യം ഷാവാലാസ് കമ്പനിയുടെ കാലിത്തീറ്റയെക്കുറിച്ചായിരുന്നു. ഇന്ന് ക്ഷീരകർഷകർക്ക് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള കാലിത്തീറ്റ നൽകുക എന്ന ലക്ഷ്യം കൈവരിക്കാൻ സാധിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. കേരളത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമാണ്. കാസർഗോഡ് ജില്ലയിൽ ഒരു ആട് വളർത്തൽ ഫാം എത്രയുംവേഗം ആരംഭിക്കാനാവശ്യമായ നടപടി

സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കാനുള്ളത്. ഇന്നത്തെ ചർച്ചാവേളയിൽ പ്രതിപക്ഷനിരയിൽ രണ്ട് മുസ്ലീംലീഗ് എം.എൽ.എ.-മാർ യഹൂദ കഥയും മ്യൂസിയം കഥയുമായി രംഗപ്രവേശം നടത്തിയിരുന്നു. ഫാസിസത്തിന്റെ ഇരുണ്ട ഗുഹാമുഖങ്ങളിലേയ്ക്കാണ് ആട്ടിൻപറ്റങ്ങളെപ്പോലെ നാം വർത്തമാനകാല ഇന്ത്യയിൽ നയിക്കപ്പെടുന്നത്. സ്വാതന്ത്ര്യസമര പോരാളികളുടെ അഭിലാഷങ്ങളുടെ വിപരീത ദിശയിലാണ് ഇന്ന് നമ്മുടെ സഞ്ചാരമെന്ന ആശങ്ക വളരെ ശക്തമാണ്. അപ്പോഴാണ് ഇത്തരത്തിലുള്ള പ്രതികരണങ്ങളുമായി വരുന്നത്. ഏതായാലും ദിനേശന്റെ ലേഖനം ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീൻ വായിച്ചുവെന്നുള്ളത് വളരെ സന്തോഷകരമാണ്. ഏറ്റവും ശക്തവും യുക്തവുമായ മതനിരപേക്ഷ നിലപാട് സ്വീകരിക്കുന്ന പ്രസ്ഥാനവും വർഗ്ഗീയതയുമായി സന്ധിയില്ലാതെ, വർഗ്ഗീയതയ്ക്കെതിരായി, വർഗ്ഗീയ ഫാസിസ്റ്റ് പ്രവണതകൾക്കെതിരെ ഏറ്റവും ശക്തമായ നിലയിൽ പൊരുതി മുന്നേറുന്ന പ്രസ്ഥാനവുമാണ് സി.പി.ഐ.(എം.). അങ്ങനെയൊരു നിലപാട് സ്വീകരിക്കുന്നതുകൊണ്ടാണ് മതന്യൂനപക്ഷങ്ങളുടെ ഭാഗത്തുനിന്നും

ഞങ്ങൾക്ക് ചായയും സർബത്തും ഷേക്ക് ഹാൻഡും ചിരിയും കിട്ടിയത്. ഞങ്ങൾക്ക് ചായയും ഷേക്ക് ഹാൻഡും ചിരിയും തന്നിട്ട് വോട്ട് നിങ്ങൾക്ക് തന്നുവെന്നത് വെറും താൽക്കാലികം മാത്രമാണ്. പക്ഷേ ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മുസ്ലീംലീഗിന്റേതായ ചുവടുമാറ്റത്തിൽ ലീഗ് ആത്മപരിശോധന നടത്തേണ്ടതല്ലേ; മുസ്ലീംലീഗ് ഇപ്പോൾ ചെയ്യുന്നതെന്താണ്; മുസ്ലീം സമുദായത്തിനകത്ത് ഉയർന്നുവരുന്ന മതനിരപേക്ഷ ചിന്താഗതിക്കാരെ ദുർബലപ്പെടുത്തുംവിധം മതരാഷ്ട്രവാദികളുമായി സഖ്യം ചേരുകയും അവർ അതിന്റെ അജണ്ടതന്നെ പ്രചരിപ്പിക്കുകയും ചെയ്യുന്ന നേതൃത്വപരമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റുകാർ മതനിരാശരാണെന്ന മുസ്ലീംലീഗ് പ്രസിഡന്റിന്റെ പ്രസ്താവനയും ഇടപെടലും മുസ്ലീംലീഗിനെത്തന്നെ മതരാഷ്ട്രവാദികളുടെ പാളയത്തിലെത്തിക്കാൻ മാത്രമെ സഹായിക്കുവെന്ന തിരിച്ചറിവാണ് നിങ്ങൾക്കുണ്ടാകേണ്ടത്. സങ്കുചിത രാഷ്ട്രീയത്തിന്റെ ഭാഗമായി ഇത്തരം നിലപാടുകളെ പ്രോത്സാഹിപ്പിക്കുന്നതാരാണ്; വർഗ്ഗീയതയുടെ വിഷസർപ്പത്തിന് എന്നും വിളക്കുവയ്ക്കുന്നത് രാജ്യത്തെ

കോൺഗ്രസ് തന്നെയാണ്. അടിസ്ഥാന ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ ഏറ്റെടുക്കുന്ന സി.പി.ഐ.(എം.)-ന്റെ സമീപനം മുസ്ലീം ജനവിഭാഗങ്ങളിലെയടക്കം പാവപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. ഈ ധനാഭ്യർത്ഥനകളെ സ്വാഗതം ചെയ്യുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ ക്ഷീരകർഷകർ വളരെ ഗുരുതരമായ പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. ത്രിതലപഞ്ചായത്തുകളും ഡിപ്പാർട്ടുമെന്റും ഓരോ രൂപ വീതം എന്ന നിലയിൽ ഒരു ലിറ്റർ പാലിന് നാല് രൂപ അധികമായി നൽകിക്കൊണ്ടിരിക്കുന്ന മിൽക്ക് ഇൻസെന്റീവ് സ്കീം പ്രകാരം നൽകുന്ന തുക കൃത്യമായി കൂടാതെ യഥാസമയം ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും നടപടി ഉണ്ടാകണം. കാലിത്തീറ്റയുടെ വിലയിൽ അടിക്കടി വർധനവ് ഉണ്ടാകുന്നുണ്ട്. ഒരു ചാക്ക് കാലിത്തീറ്റയ്ക്ക് 1500/-രൂപ വരെ വില നൽകേണ്ടിവരുന്നത് സാധാരണ ക്ഷീരകർഷകന് യാതൊരു കാരണവശാലും താങ്ങാൻ സാധിക്കാത്തതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ

സർക്കാരിന്റെ ഇടപെടലുണ്ടാകണം. മൃഗസംരക്ഷണ വകുപ്പ് കന്നുകാലികളുടെ ഇൻഷ്വറൻസുമായി ബന്ധപ്പെട്ട് മുൻകൈയെടുത്ത് നടത്തിയിരുന്ന 'ക്ഷീര സാന്ത്വനം' പദ്ധതി കൃത്യമായി നടപ്പാക്കാനുള്ള സ്കീം സംസ്ഥാനത്ത് നിലവിലില്ല. പ്രൈവറ്റ് ഇൻഷ്വറൻസ് കമ്പനികളെ സമീപിക്കുമ്പോൾ അയ്യായിരം രൂപവരെ ഒരു കന്നുകാലിയുടെ ഇൻഷ്വറൻസിനുവേണ്ടി ചെലവഴിക്കേണ്ടി വരുന്നത് സാധാരണ ക്ഷീരകർഷകർക്ക് താങ്ങാൻ കഴിയില്ല. തൽഫലമായി ഇൻഷ്വറൻസ് പദ്ധതിതന്നെ അട്ടിമറിക്കപ്പെടുന്ന സാഹചര്യമാണുള്ളത്. ഇക്കാര്യങ്ങളിൽ സർക്കാരിന്റെ ഗൗരവമായ ഇടപെടലുണ്ടാകണം. വനവുമായി ബന്ധപ്പെട്ട് ഒരു വകുപ്പുണ്ടെന്ന് ഈ നാട്ടുകാർക്ക് ബോധ്യമാകുന്നത് ധനാഭ്യർത്ഥന ചർച്ച വരുമ്പോഴും ബഹുമാനപ്പെട്ട തോമസ് കെ. തോമസ് മന്ത്രിസ്ഥാനത്തിന്റെ കാര്യം പറയുമ്പോഴും മാത്രമാണ്. അല്ലാതെ ഇങ്ങനെയൊരു വകുപ്പുണ്ടെന്ന് ഇന്നുവരെ കേരളത്തിലെ ജനങ്ങൾക്ക് തോന്നിയിട്ടില്ല. വനംവകുപ്പിന്റെ കഴിഞ്ഞ കുറെ നാളുകളിലെ പ്രവർത്തനം പരിശോധിക്കുമ്പോൾ അക്കാര്യമാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വനം വകുപ്പിനെക്കൊണ്ട്

പൊറുതിമുട്ടിയെന്ന് ഭരണകക്ഷി അംഗംതന്നെ സഭയിൽ പറയുന്നതരത്തിൽ കാര്യങ്ങൾ എത്തിയ സ്ഥിതിയാണെങ്കിൽ നാടിന്റെ അവസ്ഥ എത്ര ഗുരുതരമാണെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്നതിൽ യാതൊരു സംശയവുമില്ല. ഇത് 52 വർഷങ്ങൾക്കുമുമ്പ് അന്നത്തെ സാഹചര്യമനുസരിച്ച് പാസ്സാക്കിയ നിയമമാണ്. പക്ഷേ ഇന്ന് ഈ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരേണ്ടത് അനിവാര്യമായതിനാൽ എല്ലാവരും ഒറ്റക്കെട്ടായി നിന്ന് പോരാടണം. അതുമാത്രമല്ല, 1972-ലെ നിയമം നിലനിൽക്കുമ്പോൾപോലും കഴിഞ്ഞ എട്ടു-പത്ത് വർഷങ്ങളായി അതിരൂക്ഷമായ വന്യജീവിശല്യം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഏതാണ്ട് എട്ടുവർഷംകൊണ്ട് 55000-ഓളം വന്യജീവി ആക്രമണങ്ങളിൽ 1000-ൽ അധികം ആളുകൾ മരണപ്പെടുകയും അതിലധികം ആളുകൾക്ക് ഗുരുതരമായി പരിക്കുപറ്റുകയും ചെയ്തിട്ടുണ്ട്. ഇവർക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടപരിഹാരം കൊടുക്കാനുണ്ട്. നമ്മൾ എന്താണ് ചെയ്യുന്നത്; നിലവിൽ താൽക്കാലിക ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

അരിക്കൊമ്പൻ വിഷയം കോടതിയിൽ വന്നപ്പോൾ ശാശ്വത പരിഹാരം വേണമെന്ന് എല്ലാവരും ആവശ്യപ്പെട്ടിരുന്നു. അരിക്കൊമ്പനെ നാടുകടത്തിയതോടെ പരിപാടികളെല്ലാം അവസാനിപ്പിച്ചു; അതിനുശേഷം യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. "മനുഷ്യന്റെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്ന വന്യജീവികളെ കൊന്നുതന്നെ നിയന്ത്രിക്കണം" എന്നാണ് പ്രശസ്തനായ പരിസ്ഥിതി ശാസ്ത്രജ്ഞൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ പറഞ്ഞിട്ടുള്ളത്. ഉടനടി ചെയ്യേണ്ട നടപടികൾ ഉടനടിതന്നെ ചെയ്യണം, ദീർഘകാലത്തിൽ ചെയ്യേണ്ട നടപടികൾ ദീർഘകാലത്തിൽ ചെയ്യണം. കൃഷി നശിപ്പിക്കുന്ന കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ് തുടങ്ങിയ വന്യജീവികളെ വെടിവച്ച് കൊല്ലാൻ കർഷകർക്ക് അനുമതി നൽകണമെന്നാണ് പ്രൊഫ. മാധവ് ഗാഡ്ഗിൽ ഉൾപ്പെടെയുള്ളവർ പറയുന്നത്. പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഈ സംവിധാനമുണ്ടെന്ന് വിദേശ രാജ്യങ്ങൾ സന്ദർശിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. ഓസ്ട്രേലിയയിലെ ദേശീയ മൃഗമാണ് കങ്കാരു. എന്നാൽ അതിന്റെ എണ്ണം വർധിക്കുമ്പോൾ, അതിന്റെ ആവാസ വ്യവസ്ഥയ്ക്ക് ഉൾക്കൊള്ളാൻ കഴിയാത്ത സാഹചര്യം

വരുമ്പോൾ സർക്കാർ തന്നെ അവിടെയുള്ള കർഷകർക്കും ജനങ്ങൾക്കും അതിനെ വെടിവയ്ക്കാനുള്ള അനുമതി കൊടുക്കുന്നു. അത്തരം സംവിധാനങ്ങൾ ഇവിടെയും ഉണ്ടാകണം. നമ്മുടെ ആവാസ വ്യവസ്ഥിതിയിൽ ഉൾക്കൊള്ളാൻ കഴിയാത്ത തരത്തിലുള്ള മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങിവരികയാണ്. അതുകൊണ്ടുതന്നെ അവയെ പ്രതിരോധിക്കാനോ തടഞ്ഞ് നിർത്താനോ നിയന്ത്രിക്കാനോ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ച് തീരുമാനമെടുത്ത് പത്രസമ്മേളനം നടത്തിയതുകൊണ്ടൊന്നും കാര്യമില്ല. ആനയും പുലിയും യഥേഷ്ടം നാട്ടിലേയ്ക്ക് ഇറങ്ങിവരികയാണ്. മുൻകാലങ്ങളിൽ ഒറ്റയ്ക്ക് വന്നുകൊണ്ടിരുന്ന മൃഗങ്ങൾ ഇപ്പോൾ കുടുംബത്തോടെയാണ് വരുന്നത്. ഇവയെല്ലാം നാട്ടിലുണ്ടാക്കുന്ന ദുരന്തം എത്രത്തോളമാണെന്ന് അനുദിനം നമ്മൾ കാണുന്നുണ്ട്. വനമേഖലയുമായി ബന്ധപ്പെട്ട് പ്രതിനിധാനം ചെയ്യുന്ന എല്ലാ ജനപ്രതിനിധികളും ഈ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ട്. മനുഷ്യന്റെ ജീവനും സ്വത്തും നശിപ്പിക്കുന്നത് ക്രിമിനൽ കുറ്റമാക്കുന്ന ഐ.പി.സി. 100, 103 വകുപ്പുകളുടെ ലംഘനം തന്നെയാണ് ഇപ്പോഴുള്ള നിയമങ്ങളെന്ന്

വേണമെങ്കിൽ പറയാം. അതുകൊണ്ട് അതിനാവശ്യമായ നിയമഭേദഗതി വരുത്താൻ നമ്മൾ ഒറ്റക്കെട്ടായി പ്രവർത്തിക്കണം. വന്യമൃഗങ്ങളുടെ നിയന്ത്രണത്തിന് വനം വകുപ്പിൽ Wild Animal Management വിഭാഗം ആരംഭിക്കാനുള്ള ക്രിയാത്മക ഇടപെടലുണ്ടാകണം. എന്റെ നിയോജകമണ്ഡലത്തിലെ മലയാറ്റൂർ, അയ്യംപുഴ, മൂക്കന്നൂർ, കറുകുറ്റി പഞ്ചായത്തുകൾ ദൈനംദിനം അതീവ ശ്രുക്ഷമായ വന്യമൃഗശല്യം അനുഭവിക്കുന്നുണ്ട്. പെരുമ്പാവൂർ നിയോജകമണ്ഡലത്തിലും തൊട്ടപ്പുറത്തുള്ള ചാലക്കുടി നിയോജകമണ്ഡലത്തിലും വസിക്കുന്നവർ എല്ലാദിവസവും അതിശ്രുക്ഷമായ വന്യമൃഗ ശല്യം അഭിമുഖീകരിക്കുകയാണ്. അവിടെയുള്ളവർക്ക് കിടന്നുറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. രാത്രികാലങ്ങളിൽ ആളുകൾ ജനപ്രതിനിധികളെ വിളിക്കുന്നു. ഒരു എം.എൽ.എ. അദ്ദേഹത്തിനുണ്ടായ അനുഭവമാണ് ഇവിടെ വ്യക്തമാക്കിയത്. ജനവാസ മേഖലയിൽ ആന കൂട്ടമായി വന്ന് നിൽക്കുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ചാൽ അവിടേയ്ക്ക് എത്തിച്ചേരാനുള്ള വാഹനം പോലും റെയ്ഞ്ച് ഓഫീസുകളിലില്ലാത്ത അവസ്ഥയാണ്. ആനയെ പേടിപ്പിക്കാൻ

അവർ ഒരു പടക്കം/ഗ്രണ്ട് പൊട്ടിക്കാമെന്ന് വിചാരിച്ചാൽ അതുപോലും എടുക്കാൻ കഴിയാത്ത തരത്തിലാണ് ഇന്ന് വനംവകുപ്പ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഫോറസ്റ്റ് ഗാർഡ്മാരോട് പറഞ്ഞാൽ അവർ എന്ത് ചെയ്യും; ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ പ്രസ്താവന വായിച്ചു കേൾപ്പിച്ചാൽ ആന പോകില്ലല്ലോ; ആനയെ പ്രതിരോധിക്കാൻ സംവിധാനങ്ങൾ വേണ്ടേ? അതുകൊടുക്കാൻ ഈ വകുപ്പ് തയ്യാറാകുന്നില്ല. കേന്ദ്ര ഫണ്ടിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ വർഷം അതിരപ്പിള്ളി, ചാലക്കുടി, മൂന്നാർ എന്നീ 3 ഡിവിഷനുകളിൽ ഫെൻസിംഗ് നിർമ്മിക്കുന്നതിനായി നബാർഡ് പദ്ധതിയിലൂടെ 13 കോടി രൂപ ലഭിച്ചു. ആ തുക ലഭിച്ച് ഒരു വർഷം പിന്നിട്ടിട്ടുപോലും ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അതിന്റെ നിർമ്മാണത്തിലേയ്ക്ക് കടക്കാൻ ഈ വകുപ്പിനോ സർക്കാരിനോ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? ഇതിൽ എന്ത് ആത്മാർത്ഥമായ ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് എത്ര

ആളുകൾക്കാണ് നഷ്ടപരിഹാരത്തുക കൂടിശ്ശികയായി നൽകാനുള്ളത്? ഫോറസ്റ്റ് വാച്ചർമാരുടേതുൾപ്പെടെ മാസങ്ങളായി ശമ്പളം കൂടിശ്ശികയാണ്. വന്യജീവി ആക്രമണങ്ങളിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടത് കേന്ദ്ര സർക്കാരാണെന്ന് സംസ്ഥാന സർക്കാർ വാദിക്കുമ്പോൾ അത് നൽകേണ്ടത് സംസ്ഥാന സർക്കാരാണെന്ന് കേന്ദ്ര സർക്കാർ പറയുന്നു. ഇക്കാര്യത്തിലെ വ്യക്തതയ്ക്കായി വിവരാവകാശ നിയമപ്രകാരം ആരാഞ്ഞപ്പോൾ 10 ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ IDWH (Integrated Development of Wildlife Habitats), Project Elephant എന്നിവയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന ടി തുകയുടെ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണെന്നാണ് മറുപടി ലഭിച്ചത്. എന്നാൽ കേന്ദ്ര സർക്കാർ പറയുന്നത് മുഴുവൻ തുകയും നൽകേണ്ടത് സംസ്ഥാന സർക്കാരാണെന്നാണ്. കേന്ദ്ര സർക്കാർ നൽകുന്ന തുക കേന്ദ്രത്തിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലൂടെത്തന്നെ അപകടത്തിൽപ്പെടുന്നവർക്ക് കൊടുക്കാൻ തയ്യാറാകണം. സംസ്ഥാനം 40

ശതമാനം തുക കൊടുക്കാൻ തയ്യാറാണെങ്കിൽ അത് അഡീഷണലായി കൊടുക്കണം. അങ്ങനെയുണ്ടായാൽ ഇപ്പോൾ കൊടുക്കുന്ന പത്ത് ലക്ഷത്തിന് പകരം 14 ലക്ഷം രൂപ കൊടുക്കാൻ കഴിയും. ഭരണപക്ഷത്തുള്ളവർ എപ്പോഴും കർണ്ണാടകയിലേയ്ക്ക് നോക്കി അവിടത്തെ കാര്യങ്ങൾ പറയുന്നവരാണ്. കർണ്ണാടകയിൽ വന്യജീവി ആക്രമണങ്ങളിൽപ്പെട്ട് മരണപ്പെടുന്നവർക്ക് 15 ലക്ഷം രൂപയാണ് കൊടുക്കുന്നത്. നമ്മൾ ഇവിടെ പത്ത് ലക്ഷം കൊടുത്താൽ അത് ആരാണ് കൊടുക്കേണ്ടതെന്നത് സംബന്ധിച്ച് തർക്കം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം വന്യമൃഗ ആക്രമണങ്ങളിൽ ഗുരുതരമായി പരിക്കേറ്റ 4485 ആളുകളിൽ കേവലം 612 പേർക്ക് മാത്രമാണ് നഷ്ടപരിഹാരം ലഭിച്ചത്. ഇതിൽനിന്നും ഈ സർക്കാരിന്റെ സമീപനം നമുക്ക് മനസ്സിലാക്കാൻ കഴിയും. വനംവകുപ്പിൽ എന്താണ് നടക്കുന്നത്? മുട്ടിൽ മരംമുറി കേസും വയനാട് സുഗന്ധഗിരി മരംമുറി കേസുമെല്ലാം നമ്മൾ ചർച്ച ചെയ്തതാണ്. സുഗന്ധഗിരി മരം മുറിക്കൽ കേസിൽ വിജിലൻസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ സസ്പെന്റ് ചെയ്യാൻ പറഞ്ഞ ഉദ്യോഗസ്ഥരെ

സംരക്ഷിക്കുന്ന നടപടിയാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഒരു വശത്ത് മരത്തിന്റെ ശിഖരം മുറിച്ചതിന്റെ പേരിൽ ചീഫ് വൈൽഡ് ലൈഫ് വാർഡനെതിരെ നടപടി സ്വീകരിച്ച സർക്കാർ മരം മുഴുവനായി മുറിച്ചുകൊണ്ടുപോയ ഉദ്യോഗസ്ഥനെ സംരക്ഷിക്കുന്ന നടപടിയാണ് സ്വീകരിച്ചത്. ഇപ്പോൾ കോഴ ആരോപണം സംബന്ധിച്ച വർത്തകളാണ് പുറത്തുവരുന്നത്. വനംവകുപ്പിലെ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കിയെന്നാണ് പറയുന്നത്. മൂന്ന് വർഷത്തിലധികമായി ഒരേ സ്ഥാനത്തിരിക്കുന്ന ഉദ്യോഗസ്ഥനെ അവിടെ നിലനിർത്തുന്നതിനുവേണ്ടി പാർട്ടി തലത്തിലിടപെട്ട് പിരിവ് നടത്തി അതിന്റെ പേരിൽ സ്ഥലംമാറ്റ പട്ടിക വെട്ടിച്ചുരുക്കിവച്ചിരിക്കുന്നു. പത്ര വാർത്തകളിൽ പറയുന്നത്, എൻ.സി.പി. നേതൃത്വം ശിപാർശ ചെയ്ത് തയ്യാറാക്കിയ പട്ടിക വെട്ടിച്ചുരുക്കാൻ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള ഇടപെടലിനെത്തുടർന്നാണ് നടപടിയുണ്ടായതെന്നാണ്. ഈ വകുപ്പിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ, ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലൊന്നും നടപടിയില്ല. ഇവിടെ ഒരു ആനയോ കടുവയോ

പുലിയോ നാട്ടിലിറങ്ങിയാൽ മയക്കുവെടി വയ്ക്കാൻപോലും പറ്റാത്ത സർക്കാരാണിത്. ആനയ്ക്ക് വയ്ക്കേണ്ട മയക്കുവെടി ആർക്കാണ് കൊണ്ടതെന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് സംശയമുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി മയക്കുവെടികൊണ്ട ഒരു സർക്കാരാണ് വന്യജീവി ആക്രമണത്തിന്റെ കാര്യത്തിൽ കേരളത്തിൽ അധികാരത്തിൽ ഇരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, 2024-25 സാമ്പത്തിക വർഷം മൃഗസംരക്ഷണ-ക്ഷീര വികസന മേഖലകൾക്ക് പദ്ധതി വിഹിതമായി ലഭിച്ചത് 392.4 കോടി രൂപയാണ്. ഇതിൽ 274.45 കോടി രൂപ മൃഗസംരക്ഷണ വകുപ്പിനും അനുബന്ധ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിക്കും കൂടിയുള്ളതാണ്. 117.95 കോടി രൂപ ക്ഷീര വികസന വകുപ്പിനും മിൽമയ്ക്കും ചേർത്തുള്ളതാണ്. രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതോടൊപ്പം കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ഈ

വെല്ലുവിളികൾക്കിടയിലും മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകളിലും അനുബന്ധ പൊതുമേഖലാ സ്ഥാപനങ്ങളിലും വിപ്ലവകരമായ വികസന പ്രവർത്തനങ്ങൾ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഈ സർക്കാർ കഴിഞ്ഞ വർഷങ്ങളിലും ഇത്തവണയുമായി ഒട്ടേറെ പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. അതെല്ലാം സമയബന്ധിതമായി നടപ്പാക്കിക്കൊണ്ടാണ് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുകൾ മുന്നോട്ട് പോകുന്നത്. ഈ വർഷം നടപ്പാക്കാൻ പോകുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് നമ്മുടെ സാമാജികർ ഇവിടെ ചൂണ്ടിക്കാണിച്ചിരുന്നു. ശ്രീ. സി. കെ. ഹരീന്ദ്രൻ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. നെട്ടുകാൽത്തേരിയിൽ ക്ഷീരവികസന വകുപ്പിന് ഡെയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനായി 16 ഏക്കർ സ്ഥലം അനുവദിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള സ്ഥലം ഇപ്പോൾ മാറ്റിയിടുകയും ഇതിലേയ്ക്കായി ഗവൺമെന്റിന്റെയും റവന്യൂ വകുപ്പിന്റെയും സഹായം ലഭിച്ചിട്ടുമുണ്ട്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ കോളേജ് നിർമ്മാണത്തിനുള്ള തുടർനടപടി ആരംഭിക്കുന്നതാണ്. നിലവിൽ ഒരു മാസം 50000/- രൂപ വാടക

കൊടുത്തുകൊണ്ടാണ് ഡെയറി സയൻസ് കോളേജ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരത്ത് ഒരു ഡെയറി സയൻസ് കോളേജിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ടാണ് അതിന്റെ പ്രവൃത്തിക്ക് ഉടനെ തുടക്കം കുറിക്കാൻ തീരുമാനിച്ചത്. ഒട്ടേറെ ബഹുമാനപ്പെട്ട അംഗങ്ങൾ പുൽകൃഷി വ്യാപിപ്പിക്കുന്നില്ലെന്ന് സൂചിപ്പിച്ചിരുന്നു. ഓരോ മാസവും നമ്മൾ പുൽക്കൃഷി വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഡെയറി സയൻസ് കോളേജിനായി ഇപ്പോൾ കണ്ടെത്തിയ ഭൂമിയിൽ കോളേജിന്റെ നിർമ്മാണം കഴിഞ്ഞ് ബാക്കിയുള്ള ഭാഗങ്ങളിൽ പുൽക്കൃഷി വ്യാപിപ്പിക്കാൻ ശ്രമം ആരംഭിക്കുന്നതാണ്. ശ്രീ. സണ്ണി ജോസഫ് ഒരുപാട് കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. ആഫ്രിക്കൻ പന്നിപ്പനിയുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക പൂർണ്ണമായി വിതരണം ചെയ്യാൻ സാധിക്കാത്തത് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ടതുകൊണ്ടാണ്. ഇതിൽ 50 ശതമാനം തുക കേന്ദ്ര ഗവൺമെന്റും 50 ശതമാനം തുക കേരള ഗവൺമെന്റുമാണ് കൊടുക്കേണ്ടത്. ഈ തിരഞ്ഞെടുപ്പിനുമുമ്പുതന്നെ ആഫ്രിക്കൻ പന്നിപ്പനിയുടെ ആദ്യഘട്ടം വയനാട്, കണ്ണൂർ ജില്ലകളിൽ റിപ്പോർട്ട്

ചെയ്തപ്പോൾ ഞാൻ നേരിട്ട് ചെന്നാണ് കർഷകർക്ക് നഷ്ടപരിഹാര തുക കൊടുത്തത്. അക്കാര്യത്തിൽ കർഷകർക്കൊന്നും യാതൊരു പരാതിയുമില്ല. അവർക്ക് 25-30 ലക്ഷം രൂപ ഒരുമിച്ചാണ് ലഭിച്ചത്. കാരണം പന്നിയുടെ ഭാരത്തിനനുസരിച്ച് കേന്ദ്രം നിർദ്ദേശിച്ച അതേ അടിസ്ഥാനത്തിൽത്തന്നെയാണ് ഞങ്ങൾ ആ ഫണ്ട് മുഴുവനും കൊടുത്തത്. ഇപ്പോൾ കുറച്ച് പേർക്കുകൂടി തുക നൽകാനുള്ള കാര്യത്തെക്കുറിച്ച് അദ്ദേഹം ചൂണ്ടിക്കാണിച്ചിരുന്നു. അതിനുള്ള ഫണ്ട് അലോട്ട് ചെയ്ത് ജില്ലകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. എപ്പോൾ വേണമെങ്കിലും നഷ്ടപരിഹാര തുക കർഷകർക്ക് ലഭ്യമാക്കാം. ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് വേണമെങ്കിലും അത് കർഷകർക്ക് കൊടുക്കാം. കാരണം സഭാസമ്മേളനം നടക്കുന്നതുകൊണ്ട് മന്ത്രിയെന്ന നിലയ്ക്ക് എനിക്ക് അവിടെ വരാൻ സാധിക്കാത്ത പ്രശ്നം മാത്രമെയുള്ളൂ. എല്ലാ ജില്ലകളിലും ആ തുക എത്തിച്ചിട്ടുണ്ട്; എത്രയുംവേഗം അത് വിതരണം ചെയ്യുന്നതാണ്. ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് നിരവധി തവണ

ആവശ്യപ്പെടുകയും അതുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയെയും കേന്ദ്രമന്ത്രിയെയും കേരളത്തിലെ മുഴുവൻ എം.പി.-മാരെയും നേരിട്ട് കാണുകയും അവർക്ക് കത്തുകൾ ഉൾപ്പെടെ നൽകുകയും ചെയ്തു. ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കണമെന്ന് എം.പി.-മാരോട് ആവശ്യപ്പെട്ടെങ്കിലും ഇതുവരെയും അത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. അതുകൂടി ലഭിച്ചാൽ ക്ഷീരമേഖലയിൽ ഒരു പുത്തൻ ഉണർവ് സൃഷ്ടിച്ച് ആർക്കും ബുദ്ധിമുട്ടില്ലാതെ കാര്യങ്ങൾ കൊണ്ടുപോകാൻ സാധിക്കും. കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപ്രദേശത്ത് ഈ പദ്ധതി നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിനോട് വീണ്ടും അഭ്യർഥിക്കുന്നതാണ്. പശുത്തൊഴുത്ത് നിർമ്മാണം, കന്നുകാലിക്കുട്, അസോള ടാങ്ക്, പുൽകൃഷി തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൊഴിലുറപ്പ് തൊഴിലാളികളെകൊണ്ട് പുൽകൃഷിയും നടപ്പാക്കാനുള്ള സംവിധാനമാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ഫാം ലൈസൻസ്

ചട്ടങ്ങൾ പരിഷ്കരിക്കാനുള്ള നടപടികൾ ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് പലപ്രാവശ്യം യോഗങ്ങൾ ചേർന്നിട്ടുണ്ട്. ഇതിൽ പശുക്കളുടെ കാര്യം മാത്രമല്ല ഉൾപ്പെട്ടിരിക്കുന്നത്. ഒരാൾ അഞ്ച് പശുക്കളിൽ കൂടുതൽ വളർത്തിയാൽ അതിന് ലൈസൻസ് നിർബന്ധമാണ്. 100 കോഴികൾ മാത്രം വളർത്തിയാൽ പോരാ, അത് ആയിരം കോഴികളാക്കി വർധിപ്പിക്കണമെന്നും പശുക്കൾ 20 എണ്ണമെങ്കിലും മിനിമം വേണമെന്നും പറഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽത്തന്നെ ഇത് ഏതുവിധേനയും നടപ്പാക്കാനുള്ള ശ്രമവുമായി സർക്കാർ മുന്നോട്ടുപോകുന്നുണ്ട്; ചർച്ചകൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൂടി നടപ്പാക്കാൻ സാധിച്ചാൽ നമ്മുടെ കർഷകർക്ക് ഈ മേഖലയിൽ കുറെയേറെ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. 'കന്നുകുട്ടി പരിപാലന പദ്ധതി' മുഖേന തീറ്റ സൗജന്യമായി നൽകുന്നതിനുള്ള ഭരണാനുമതി നൽകുകയും ഈ വർഷം ഇതിലേയ്ക്കായി 42 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാന സർക്കാർ 'കന്നുകുട്ടി പരിപാലന പദ്ധതി' പ്രകാരം കിടാവിനെ വാങ്ങാൻ

സഹായമായി നൽകുന്ന പണത്തിൽ ധാരാളം കുടിശ്ശിക വരുന്നതുമായി ബന്ധപ്പെട്ട പരാതി പരിഹരിക്കാൻ ശ്രമം നടത്തുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ഏതെങ്കിലും രീതിയിൽ കുടിശ്ശിക വന്നിട്ടുണ്ടോ എന്ന് പരിശോധിക്കാം. കേരളത്തിന് പുറത്തുപോയി കന്നുകുട്ടികളെ വാങ്ങാതെ, കേരളത്തിൽത്തന്നെ വളർത്തിയെടുക്കാൻ കഴിയുന്ന കിടാരി പാർക്കുകൾ ഇടുക്കി, എറണാകുളം, കൊല്ലം എന്നീ ജില്ലകളിൽ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇത്തരം പാർക്കുകൾ ആരംഭിക്കാൻ കഴിയുന്ന ജില്ലകളിലെല്ലാം പരമാവധി കൊണ്ടുവരുന്നതാണ്. അവിടെയുള്ള കന്നുകുട്ടികളെ കേരളത്തിന് പുറത്തൊന്നും കൊടുക്കില്ല. ആ കന്നുകുട്ടികളെ മുഴുവൻ കേരളത്തിലെ ക്ഷീരകർഷകർക്ക് മാത്രം കൊടുത്താൽ മതിയെന്ന നിബന്ധനയും അതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രീയങ്കരനായ പ്രതിപക്ഷനേതാവ് പറഞ്ഞ കാര്യങ്ങളിൽ ആലോചിച്ച് പരിഹാരം കാണുന്നതാണ്. 'ഗോ സമൃദ്ധി പ്ലസ് ഇൻഷ്വറൻസ് പദ്ധതിക്ക് സംസ്ഥാന സർക്കാർ 6 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ഇതിലേയ്ക്കായി തുക മാറ്റിവച്ചിട്ടില്ലെന്നാണ് പലരും

പറയുന്നത്. കഴിഞ്ഞ തവണ 'ക്ഷീര സാന്ത്വനം ഇൻഷ്വറൻസ്' പദ്ധതി ആരംഭിക്കാമെന്ന് വിചാരിച്ചെങ്കിലും പ്ലാനിംഗ് ബോർഡുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ ഉണ്ടായതിനെത്തുടർന്ന് അത് മാറ്റിവയ്ക്കേണ്ടിവന്നു. ആ പദ്ധതി നടപ്പാക്കുന്നതിനായി പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ക്ഷേമനിധി മുഖേന' ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിവരുന്നു. പ്ലാനിംഗ് ബോർഡിന്റെ അംഗീകാരം ലഭിക്കാത്തതിനാൽ കേരളത്തിലെ മൂന്ന് മിൽമ മേഖലക്കാരെയും ഉൾപ്പെടുത്തി ഞങ്ങൾ യോഗം വിളിച്ചുചേർത്തിരുന്നു. ക്ഷേമനിധി ബോർഡിനെക്കൂടി ഒരുമിച്ച് ചേർത്തുകൊണ്ടാണ് അതിലേയ്ക്കായി മൂന്ന് കോടി രൂപ നീക്കിവച്ചത്.

ശ്രീ. എം. വിൻസെന്റ്: സർ, 2021-ൽ മിൽമ ജീവനക്കാരുടെ ശമ്പള കരാർ അവസാനിച്ചിരുന്നു. ആ കരാർ 09-05-2023-ന് ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ സാന്നിധ്യത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി അംഗീകരിച്ചതാണ്. 13 മാസം കഴിഞ്ഞിട്ടും സർക്കാർ അനുമതി നൽകാത്തതിനാൽ ഇതുവരെയും നടപ്പായിട്ടില്ല. സർക്കാരിന് ഒരു

സാമ്പത്തിക ബാധ്യതയുമില്ലാത്ത ഇക്കാര്യത്തിൽ അടിയന്തരമായി അനുമതി നൽകാൻ തയ്യാറാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വീണ്ടും ഇക്കാര്യങ്ങൾ പറയേണ്ടതുണ്ടോ; ഞാനുംകൂടി ചേർന്നാണ് 2021 മുതലുള്ള ശമ്പള കരാറിന് അംഗീകാരം നൽകിയത് . ഇതിൽ വലിയ രീതിയിലുള്ള തർക്കങ്ങളൊക്കെ വന്നതാണ്. ഒരു മന്ത്രിയെന്ന നിലയ്ക്ക് ഒരു ദിവസം മുഴുവൻ മിൽമയുടെ ചർച്ചയിൽ പങ്കെടുത്ത് അത് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. പതിനെട്ട് ശതമാനം വർധനവോടെയാണ് മിൽമ ജീവനക്കാർക്ക് ശമ്പളം നൽകാൻ തീരുമാനമെടുത്തത്. അതുമാത്രമല്ല, അവർക്ക് 2021-മുതലുള്ള ശമ്പളം കൊടുക്കുകയാണ്. അത് കൊടുക്കുന്നതിൽ ബുദ്ധിമുട്ടില്ല. ശമ്പളത്തിന്റെ 60 ശതമാനം ആദ്യഘട്ടത്തിൽ കൊടുക്കുമെന്നും നാൽപ്പത് ശതമാനം അംഗീകാരം കഴിഞ്ഞാലുടൻ നൽകുമെന്നുമുള്ള കാര്യത്തിൽ ഒരു മാറ്റവുമില്ല. അതിനായി മിൽമയുടെ ഫണ്ട് മാറ്റിവച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ പാൽ വില കൊടുക്കുന്ന സംസ്ഥാനം കേരളമാണെന്ന് എന്താണ് മനസ്സിലാക്കാത്തത്; ഇന്ത്യയിലാണ് ഏറ്റവും കൂടുതൽ പാൽ

ഉല്പാദിപ്പിക്കുന്നത്. ഉല്പാദനക്ഷമതയുടെ കാര്യത്തിൽ കേരളമാണ് മൂന്നാം സ്ഥാനത്ത് നിൽക്കുന്നത്. ഒരു പശുവിൽനിന്നും ശരാശരി 10.12 ലിറ്റർ പാൽ ലഭിച്ചിരുന്നത് ഇപ്പോൾ 10.77 ആയി വർധിച്ചുവെന്നത് യാഥാർഥ്യമാണ്. ഇത് ഞാനല്ല വിലയിരുത്തിയത്; എറണാകുളം ജില്ലയിൽ കഴിഞ്ഞ ദിവസത്തെ അന്തർദേശീയ സെമിനാറിലാണ് ഇക്കാര്യം പരാമർശിച്ചത്. മിൽമ വഴി ഒരു ലിറ്റർ പാലിന് ഇപ്പോൾ ശരാശരി 42 രൂപയാണ് കൊടുക്കുന്നത്. നമ്മുടെ ക്ഷീര കർഷകരെല്ലാം പാലുൽപാദിപ്പിക്കുന്നവരാണെങ്കിലും അതിന്റെ പകുതിയെങ്കിലും പുറത്തുള്ള വീടുകളിലാണ് കൊടുക്കുന്നത്. അവർക്ക് ഒരു ലിറ്റർ പാലിന് മിനിമം 60 രൂപവച്ച് ലഭിക്കുന്നുവെന്ന് കർഷകർതന്നെ സമ്മതിക്കുന്നുണ്ട്. അത് ഞങ്ങൾ വിലക്കിയിട്ടില്ല, അവർ അതുകൂടി ചെയ്തുകൊള്ളട്ടെ എന്നാണ് തീരുമാനിച്ചിട്ടുള്ളത്. മിൽമ സംഭരിക്കുന്ന പാലിന്റെ വില്പനയിൽ ലഭിക്കുന്ന ലാഭ വിഹിതത്തിന്റെ 80.5 ശതമാനവും കർഷകർക്കാണ് കൊടുക്കുന്നത്. അത് കൃത്യമായി പാലിനുള്ള സബ്സിഡിയായി കൊടുക്കുന്നു. വേനൽക്കാലത്ത് ഒരു ലിറ്റർ പാലിന് 3 രൂപവച്ച് എറണാകുളം, തിരുവനന്തപുരം എന്നീ മേഖലകൾ സബ്സിഡി

നൽകുന്നുണ്ട്. കാലിത്തീറ്റയ്ക്കും സബ്സിഡി നൽകുന്നുണ്ട്. കേരളത്തിലെ പശുക്കൾ കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്നതിനായി കഴിക്കേണ്ട സൈലേജ് ഉൾപ്പടെയുള്ളവ സബ്സിഡിയോടുകൂടി മിൽമ നൽകിവരുന്നു. കേരളത്തിലെ പശുക്കൾക്ക് കൂടുതൽ സൈലേജ് നൽകുന്നതിനായി ക്ഷീരകർഷകർക്ക് സബ്സിഡിയോടുകൂടി കൊടുക്കാനുള്ള പുതിയ പദ്ധതി ഈ വർഷം ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ച കാര്യത്തിൽ, പുൽകൃഷി ക്രമാതീതമായി വർധിച്ചുവരുന്നുവെന്നാണ് പറയാനുള്ളത്. എല്ലാ വർഷവും 2400 ഹെക്ടർ സ്ഥലത്ത് പുതുതായി പുൽകൃഷി ആരംഭിച്ചിട്ടുണ്ട്. അങ്ങനെയില്ലെന്ന് നിങ്ങൾ പറയുമ്പോഴും, പുൽകൃഷി വർധിപ്പിച്ചുവരുന്നുണ്ട് എന്നതാണ് യാഥാർത്ഥ്യം. കേരളത്തിൽ സ്ഥലത്തിന്റെ കുറവുകാരണം പുൽകൃഷി ചെയ്യാൻ സ്ഥലം ലഭിക്കുന്നില്ല. സ്ഥലമുള്ള ഇടങ്ങളിൽ പുൽകൃഷി വ്യാപിപ്പിക്കാൻ ശ്രമം നടത്തുന്നതാണ്. പുൽകൃഷി ചെയ്യുന്ന കർഷകർക്ക് സബ്സിഡി ഉൾപ്പെടെ കൊടുത്തുകൊണ്ടാണ് അവരെ നിലനിർത്തുന്നത്. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെട്ടുവരികയാണ്. അതിന്റെ വർക്കിംഗ്

കാപ്പിറ്റൽ ഫണ്ടിൽ കുറവ് വന്നതുമൂലമാണ് ഇടക്കാലത്ത് വിറ്റുവരവ് കുറഞ്ഞത്. എന്നാൽ, ഇപ്പോൾ ഇടയാറിലും പുനലൂരിലും രണ്ട് പുതിയ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. നൂറുദിന പരിപാടിയിൽ ഇത്തവണ 250 പുതിയ വിപണന ശാലകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ വിറ്റുവരവ് 193 ലക്ഷം രൂപയായിരുന്നു. എന്നാൽ മാർച്ച് മുതൽ ജൂൺ വരെയുള്ള വിറ്റുവരവ് 241 ലക്ഷം രൂപയാണ്. ഏകദേശം 50 ലക്ഷം രൂപയുടെ വർധനവാണ് അവർക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. മൂന്ന് മാസത്തെ വില്പനയിൽ മാത്രമാണ് ഇത്രയധികം വർധനവ് വന്നത്. ഇപ്പോൾ എല്ലാ പ്ലാന്റുകളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പ്രവർത്തന മൂലധനത്തിനുള്ള സാമ്പത്തിക സഹായമായി പന്ത്രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. കേരളത്തിൽ മിൽമ, പൗൾട്രി ഫാക്ടറി ആരംഭിച്ച കാര്യം ശ്രീ. ലിന്റോ ജോസഫ് അറിഞ്ഞില്ലെന്നാണ് തോന്നുന്നത്. ഒന്നരണ്ടു മാസത്തിനകം അതിന്റെ ഉദ്ഘാടനം നടത്തുന്നതാണ്. ഇപ്പോൾ 132 കോടി രൂപയുടെ ഒരു പദ്ധതിയാണ് പൂർത്തീകരിക്കാൻ പോകുന്നത്. ഈ വർഷം

ഡിസംബർ മാസത്തിനുമുമ്പ് പ്രിയങ്കരനായ മുഖ്യമന്ത്രി അതിന്റെ ഉദ്ഘാടനം നടത്തുന്നതാണ്. മിൽമയുടെ വിവിധ മൂല്യവർധിത ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമം നടപ്പാക്കിവരുന്നുണ്ട്. പാൽ എത്രകിട്ടിയാലും ഏതെങ്കിലും രീതിയിൽ വിനിയോഗിക്കാൻ കഴിയും. പാൽ അധികം വന്നാൽ പാൽപ്പൊടിയാക്കാൻ സാധിക്കും. പാലുപയോഗിച്ച് മൂല്യവർധിത ഉല്പന്നങ്ങൾ ധാരാളമായി നിർമ്മിക്കുന്നുണ്ട്. കേരളത്തിൽ മിൽമയുടെ നാൽപ്പതിലധികം ഐസ്ക്രീമുകളാണുള്ളത്. മിൽമയുടെ എത്ര ഉല്പന്നങ്ങളുണ്ടെങ്കിലും അത് വിപണനം ചെയ്യാനുള്ള സംവിധാനം ഇന്ന് കേരളത്തിലുണ്ട്. ഇന്ന് മറ്റ് രാജ്യങ്ങളിലേയ്ക്ക് മിൽമയുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്യുന്നുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർക്കാർ പന്നി കർഷകർക്ക് 5.18 കോടി രൂപയാണ് നഷ്ടപരിഹാരമായി കൊടുത്തത്. ഈ രോഗത്തിന് കേന്ദ്രസർക്കാർ 50:50 ശതമാനം നഷ്ട പരിഹാരമാണ് സംസ്ഥാന സർക്കാരിന് നൽകുന്നത്. കേരളത്തിൽ മൃഗസംരക്ഷണ വകുപ്പിന് പദ്ധതി വിഹിതമായി ലഭിക്കുന്ന തുക ഉപയോഗിച്ച്

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്നുവാങ്ങി എല്ലാ മൃഗാശുപത്രികളിലും എത്തിക്കുന്നുണ്ട്. ഇതുകൂടാതെ തദ്ദേശസ്വയംഭരണ വകുപ്പും പദ്ധതികൾ തയ്യാറാക്കി കൂടുതൽ മരുന്നുകൾ മൃഗാശുപത്രികളിലേയ്ക്ക് എത്തിക്കുന്നുണ്ട്. കേരളത്തിന്റെ പൊതുമേഖലയിൽ രണ്ട് കാലിത്തീറ്റ ഉൽപാദന സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. കാലിത്തീറ്റകളുടെ വിലവർധനവിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പൊതുമേഖലയിലെ മറ്റ് സ്ഥാപനങ്ങൾ വിൽക്കുന്ന കാലിത്തീറ്റയെക്കാൾ വളരെ കുറഞ്ഞനിരക്കിലാണ് കേരളാ ഫീഡ്സും മിൽമയും കാലിത്തീറ്റ വിൽക്കുന്നത്. ഇത്തവണ കേരളാ ഫീഡ്സ് ഓരോ ചാക്ക് കാലിത്തീറ്റയ്ക്കും 50 രൂപയും മിൽമയുടെ മലബാർ യൂണിയൻ ഒരു ചാക്കിന് 250 രൂപയും തിരുവനന്തപുരം യൂണിയൻ ചാക്കൊന്നിന് 100 രൂപയുമാണ് വിലകുറച്ച് കൊടുക്കുന്നത്. അതെല്ലാം ഇപ്പോൾ പ്രാവർത്തികമായി കഴിഞ്ഞു. ഈ വർഷം കന്നുകുട്ടി പരിപാലന പദ്ധതിയിൽ അനുവദിച്ച 42 കോടി രൂപയിൽ 23 കോടിയോളം രൂപ പുതുതായി വരിചേർക്കുന്ന കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ നൽകാനുള്ളതാണ്. അതിനുള്ള ഭരണാനുമതി

ലഭ്യമായിട്ടുണ്ട്. തിരുവിഴാംകുന്ന് ഏവിയൻ സയൻസസ് കോളേജിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. അവിടെ ബിരുദ കോഴ്സിന് കുറെ കുട്ടികൾ പഠിക്കുന്നുണ്ട്. അവിടെ പെൺകുട്ടികൾക്ക് വനിതാ ഹോസ്റ്റൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ആൺകുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യമില്ല. അത് സ്ഥാപിക്കാനുള്ള നടപടി എത്രയും വേഗം ആരംഭിക്കും. അടുത്ത പദ്ധതിയിൽതന്നെ കോളേജിൽ ആൺകുട്ടികൾക്കുള്ള ഹോസ്റ്റൽ സ്ഥാപിക്കാനുള്ള തീരുമാനമെടുക്കും. അവിടെ നമ്മുടെ സ്ഥലം ഏറ്റെടുത്ത വകയിൽ കുറച്ച് പണം ലഭിച്ചിട്ടുണ്ട്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി ഒന്നരണ്ടുതവണ യോഗം ചേർന്ന് തീരുമാനമെടുത്തെങ്കിലും നടപ്പിലായില്ല. ആയത് നടപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, അതിന് ആവശ്യമായ സഹായം ചെയ്യാം. വേനൽച്ചൂട് സമയത്ത് ക്ഷീര കർഷകരെ സഹായിക്കുന്നില്ലെന്ന് ഇവിടെ ചില അംഗങ്ങൾ പറഞ്ഞു. ആ സമയത്ത് കേരളത്തിലെ എല്ലാ

ജില്ലകളിലെയും ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയും കേരളത്തിലെ പശുക്കളുടെ കണക്കെടുക്കുകയും ചെയ്തിരുന്നു. 496 പശുക്കളാണ് വേനൽച്ചൂടിൽ മരണപ്പെട്ടത്. വേനൽച്ചൂടിൽ മരണപ്പെട്ട പശുക്കൾക്കുള്ള ആനുകൂല്യമുൾപ്പെടെ നൽകുന്നതിനായി റവന്യൂ വകുപ്പ് ദുരന്തനിവാരണ ഫണ്ടിൽനിന്നും അനുവദിച്ചു നൽകിയ 1,98,24,800/- രൂപ ഉപയോഗിക്കുന്നതാണ്. കേരളത്തിൽ 11587 കന്നുകുട്ടികൾക്ക് ചർമ്മ മുഴ വന്നതിനെത്തുടർന്ന് 294 എണ്ണം മരണപ്പെട്ടു. ഈ ഇനത്തിൽ കർഷകർക്ക് 1.27 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇനിയും അത് ലഭിക്കാത്തവരുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ സഹിതം കൊണ്ടുവന്നാൽ ആയത് നൽകുന്നതാണ്. കേന്ദ്ര സർക്കാരിൽനിന്നും കുളമ്പു രോഗത്തിനുള്ള വാക്സിൻ ലഭിക്കുന്നമുറയ്ക്ക് 6 മാസം കൂടുമ്പോൾ വളരെ കൃത്യതയോടെ നൽകുന്നുണ്ട്. കുളമ്പുരോഗത്തിന്റെ നാലാംഘട്ട വാക്സിനേഷൻ ഈ മാസം മുതൽ ആരംഭിക്കുന്നതാണ്. ബ്രൂസല്ലോസിസ് രോഗത്തിനെതിരെയും ആവശ്യമായ വാക്സിൻ കൊടുക്കുന്നുണ്ട്. ഇപ്പോൾ പ്രധാനമായും പക്ഷിപ്പനിയാണ് കണ്ടുവരുന്നത്. കേരളത്തിൽ പക്ഷിപ്പനിയിലൂടെ

വളരെയധികം പ്രശ്നങ്ങളുണ്ടായിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-മാരെ അറിയിക്കണമെന്ന് തീരുമാനിച്ചു. ആലപ്പുഴയിലാണ് പക്ഷിപ്പനിമൂലം ഏറ്റവും കൂടുതൽ പക്ഷികളെ കൊന്നൊടുക്കിയത്. ആലപ്പുഴയിൽ 85297 പക്ഷികളും കോട്ടയത്ത് 22202 പക്ഷികളും പത്തനംതിട്ടയിൽ 7290 പക്ഷികളും ഉൾപ്പെടെ ആകെ 1147089 പക്ഷികളെ കൊന്നൊടുക്കി. ആലപ്പുഴ ജില്ല മുഴുവൻ പക്ഷിപ്പനി വ്യാപിച്ചുകഴിഞ്ഞു. മൃഗസംരക്ഷണ വകുപ്പിന്റെ ദ്രുതകർമ്മ സേന ഉൾപ്പെടെ നല്ലരീതിയിൽ പ്രവർത്തനം നടത്തിയെങ്കിലും ഇപ്പോൾ ആകാശത്തുകൂടി പറക്കുന്ന പ്രാവിനും കാക്കയ്ക്കും മയിലിനും ഏറ്റവും അവസാനം കൊക്കിനും പക്ഷിപ്പനി വന്നു. ഈ നാല് പക്ഷികളെയും പരിശോധനയ്ക്കായി ഭോപ്പാലിൽ പ്രവർത്തിക്കുന്ന ലാബിൽ അയച്ചു. റിസൾട്ട് വന്നപ്പോൾ അവയ്ക്കെല്ലാം പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ പ്രശ്നം എത്രയുംവേഗം പരിഹരിക്കപ്പെടേണ്ടതുണ്ട്. കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലെ ഓരോ താലൂക്കുകളിൽ ഇപ്പോൾ പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാനുള്ള സംവിധാനം

ഏർപ്പെടുത്തുകയും കേന്ദ്ര സർക്കാരിന് കത്തെഴുതുകയും ചെയ്തിട്ടുണ്ട്. അവരുടെ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. 'മിൽമ' വളരെ ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിന്റെ വരുമാനത്തിന്റെ ഭൂരിപക്ഷവും ക്ഷീര കർഷകർക്കാണ് കൊടുക്കുന്നത്. കഴിഞ്ഞ ഒരു വർഷമായി പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ഞാൻ ശ്രമിക്കുകയാണ്; അതിനായി സബ്സിഡിയും കൊടുക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ ഇപ്പോഴും പാലിന് 3 രൂപ സബ്സിഡി കൊടുക്കുന്നുണ്ട്. ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ, ഏതെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ പോയി അവിടെ പദ്ധതി വച്ചിട്ടുണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാവുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ഇക്കാര്യം ചർച്ച ചെയ്തിരുന്നു. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും കത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് മിക്കവാറും എല്ലാ പഞ്ചായത്തുകളും എല്ലാമാസവും തുക കൃത്യമായി കൊടുക്കുന്നുണ്ട്. ക്ഷീരവികസന വകുപ്പ് ആദ്യം ഒരു രൂപയായിരുന്ന സബ്സിഡി കൊടുക്കാൻ തീരുമാനിച്ചിരുന്നത്.

തദ്ദേശസ്വയംഭരണ വകുപ്പ് അന്ന് പദ്ധതി പാസാക്കാത്തതുകൊണ്ടാണ് അങ്ങനെ തീരുമാനിച്ചത്. പക്ഷേ ഒരാൾക്ക് രണ്ടര ലക്ഷവും രണ്ട് ലക്ഷവും ഒരു ലക്ഷം രൂപയും വച്ച് കൊടുത്തു. ഇതുസംബന്ധിച്ച് 40 ശതമാനത്തിന്റെ പരിധിയെക്കുറിച്ച് ചില അംഗങ്ങൾ ഇവിടെ പരാമർശിച്ചു. അത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെട്ട കാര്യമായതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയെക്കൊണ്ട് എന്തെങ്കിലും ഇളവ് വരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാം. ഇത്തവണ കൂടുതൽ പാൽ ഉൽപാദിപ്പിക്കാൻ വേണ്ടി, തദ്ദേശസ്വയംഭരണ വകുപ്പ് 40 ഗ്രാമപഞ്ചായത്തുകളിൽ പതിനായിരക്കണക്കിന് പശുക്കളെ കൊടുക്കാനുള്ള പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കാനുള്ള ശ്രമമാണ് നടപ്പാക്കിവരുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയിൽ 5 പശുക്കൾ, 10 പശുക്കൾ, 20 പശുക്കൾ എന്നിങ്ങനെ പശുക്കളുടെ യൂണിറ്റുകളുണ്ട്. ഇതു കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 90 ശതമാനം സബ്സിഡിയിൽ ഒരു പശുവിനെ കൊടുക്കുന്നുണ്ട്. വെറ്ററിനറി യൂണിവേഴ്സിറ്റി നിരവധി പദ്ധതികൾ നടപ്പാക്കി നല്ല രീതിയിലുള്ള മാറ്റങ്ങൾ

കൊണ്ടുവരികയാണ്. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. സൂചിപ്പിച്ചതുപോലെ മുട്ടയുല്പാദനത്തിനായി കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്, ആശ്രയ എന്നിങ്ങനെ കേരളത്തിൽ കെപ്കോ പുതിയ പദ്ധതികൾ കൊണ്ടുവരുന്നുണ്ട്. അത് എല്ലാ ഗ്രാമപഞ്ചായത്തിലും നടപ്പാക്കിക്കൊണ്ട് പരമാവധി മുട്ടയുല്പാദിപ്പിക്കും. വിപുലമായ നിലയിൽ കേരളത്തിൽ കേരള ചിക്കൻ പദ്ധതി നടപ്പാക്കുന്നതിനുള്ള എല്ലാ കാര്യങ്ങളും സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ സഭയിൽ സാധാരണ വളരെക്കുറച്ച് സംസാരിക്കുന്ന ആളായതിനാൽ ദയവായി എന്നെ വല്ലാതെ നിയന്ത്രിക്കരുതെന്ന് അങ്ങയോട് അപേക്ഷിക്കുന്നു. കേരളത്തിൽ ഒരു വനം വകുപ്പുണ്ടെന്ന് ജനപ്രതിനിധികൾക്ക് ഇന്നെങ്കിലും മനസ്സിലായി എന്നത് നല്ല കാര്യം തന്നെയാണ്. വനം വകുപ്പ് ഒരു ചർച്ചാ വിഷയമേ ആകാറില്ലെന്ന കാര്യം വർഷങ്ങളായി നിയമസഭയിലുണ്ടായിരുന്ന എനിക്കും മറ്റെല്ലാവർക്കും

അറിയാവുന്നതാണ്. അതിനുള്ള കാരണം വനം വകുപ്പിന്റെ പ്രവർത്തനത്തിന്റെ മേന്മ കൊണ്ടാണോ മേന്മ കുറവുകൊണ്ടാണോ എന്നൊക്കെ നിങ്ങളാണ് വിലയിരുത്തേണ്ടത്. വന്യജീവി ആക്രമണം സംഭവിക്കുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത് പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ ചോദ്യോത്തര വേളയിലും സബ്മിഷനിലും അടിയന്തരപ്രമേയത്തിലും ഈ നിയമസഭയിൽ പലപ്പോഴായി ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിന് പരിഹാരമാർഗ്ഗമായി ഇവിടെ നിർദ്ദേശിക്കപ്പെട്ടത് എന്താണ്; ഈ സഭയിൽ നിർദ്ദേശിച്ച ഏതെങ്കിലുമൊരു കാര്യം ഞാൻ നിരാകരിച്ചിട്ടുണ്ടോ? വന്യജീവി ആക്രമണം തടയാൻ എന്താണ് മാർഗ്ഗം? ഇവിടെ ചർച്ചയിൽ പങ്കെടുത്തവർ പറയുന്നത് കേട്ടപ്പോൾ തോന്നിയത് വെടിവച്ചു കൊല്ലാൻ അനുവാദം കിട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരമാകുമെന്നാണ്. അത്രത്തോളം കാര്യങ്ങൾ ചെയ്യണമോ എന്ന് സാവധാനം ആലോചിച്ചുനോക്കൂ. പ്രതിരോധ പ്രവർത്തനങ്ങൾ ഏർപ്പെടുത്തണമെന്നാണ് ഇവിടെ ചർച്ചയിൽ ഉയർന്നുവന്നത് . പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള

മലയോര മേഖലയിലെ എം.എൽ.എ.-മാർ എനിക്ക് നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. അതിൽ മതിൽ കെട്ടണം, ട്രഞ്ച് കുഴിക്കണം, സോളാർ ഫെൻസിംഗ് സ്ഥാപിക്കണം, തൂക്കുവേലികൾ കെട്ടണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കണം, ആർ.ആർ.ടി.-കൾ സ്ഥാപിക്കണം എന്നൊക്കെയാണ് പറഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ രണ്ടുതരം മാർഗങ്ങളാണ് സ്വീകരിക്കാനുള്ളത്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നേരത്തെ ഒരു ചർച്ചയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ഒന്ന്, പ്രതിരോധ പ്രവർത്തനങ്ങൾ, രണ്ട്, ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്നുള്ളതാണ്. ഇപ്പോൾ നടത്തുന്നത് പ്രതിരോധ പ്രവർത്തനങ്ങളാണ്. ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ ആ പരീക്ഷണങ്ങളൊന്നും വിജയിക്കുന്നില്ല. നമ്മൾ എന്തുകൊണ്ടാണ് പരീക്ഷണങ്ങൾ നടത്തിയത്; നമ്മുടെ കൈയിൽ വേറെ മാതൃകയില്ലായിരുന്നു. ഒരു മാതൃകയും ഇതുവരെയും നിർദ്ദേശിക്കപ്പെട്ടിട്ടുമില്ല. പല മാതൃകകൾ പരീക്ഷിച്ചു. ഏറ്റവും ഒടുവിൽ വയനാട്ടിൽ എ.ഐ. സംവിധാനം ഉപയോഗിച്ചുകൊണ്ട് 70 മീറ്റർ ദൂരത്തിൽ വച്ചുനടത്തുന്ന ഒരു

പരീക്ഷണം നടത്തിയിരുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള ടി പ്രവർത്തനം വിജയിക്കുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. അത് വിജയിച്ചാൽ കേരളത്തിലെ ഹോട്ട്സ്പോട്ടുകളായി നിർണ്ണയിക്കപ്പെട്ട പ്രദേശങ്ങളിലെല്ലാം ഈ സാമ്പത്തിക വർഷത്തിലെയും അടുത്ത സാമ്പത്തിക വർഷത്തിലെയും സാമ്പത്തികസ്ഥിതി പരിഗണിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇതിന്റെ പ്രധാന്യം ഉൾക്കൊണ്ടുകൊണ്ടാണ് കേരളത്തിലെ വന്യജീവി ആക്രമണത്തെ ഒരു സവിശേഷ സംസ്ഥാന ദുരന്തമായി പ്രഖ്യാപിക്കണമെന്ന് ഈ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അറിയിച്ചത്. അതിന്റെ ഫലമായി ഏകോപനം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥർ കഷ്ടപ്പെടുന്നുവെന്ന് ഇരിക്കൂർ എം.എൽ.എ. ശ്രീ. സജീവ് ജോസഫ് പറഞ്ഞിരുന്നു. മുമ്പ് അങ്ങനെയായിരുന്നോ; വനം വകുപ്പിലെ ഉദ്യോഗസ്ഥരെ കണ്ടുകിട്ടണമെങ്കിൽ മഷിയിട്ട് നോക്കണമായിരുന്നു. ഇപ്പോൾ സംഭവസ്ഥലത്ത് അവർ എത്തുന്നില്ലേ; വന്യമൃഗങ്ങളെ കാട്ടിലേക്ക്

തിരിച്ചയയ്ക്കാനുള്ള ശ്രമങ്ങളിൽ അവർ ഏർപ്പെടുന്നില്ലേ; ഏതെങ്കിലും സ്ഥലത്ത് അത്തരം പ്രവർത്തനങ്ങൾ അവർ ചെയ്യുന്നില്ലെന്ന് ചൂണ്ടിക്കാണിച്ചാൽ അത് നടപ്പാക്കുന്നതിന് എന്തു നടപടിയും സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തിന് സാമ്പത്തിക ഞെരുക്കമുണ്ടെന്ന വസ്തുത എല്ലാവർക്കും അറിയാവുന്നതാണ്. ആ സാമ്പത്തിക ഞെരുക്കം വനം വകുപ്പിനെയും ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷത്തെക്കാൾ ഈ വർഷത്തെ പദ്ധതി വിഹിതത്തിൽനിന്നും വലിയൊരു വെട്ടിക്കുറവാണ് ഉണ്ടായിട്ടുള്ളത്. അതേസമയം വന്യജീവി ആക്രമണത്തിൽ ഗുരുതരമായി പരിക്കേൽക്കുന്നവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും സഹായധനം നൽകുന്നതിനുള്ള സംഖ്യ 40 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ഈ പരിമിതികൾക്കിടയിലും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയാണ് സംസ്ഥാന സർക്കാർ അങ്ങനെ ചെയ്തിട്ടുള്ളത്. മരണപ്പെട്ട ധാരാളം പേരുടെ കുടുംബങ്ങൾക്ക് കാശ് കൊടുക്കാൻ ബാക്കിയുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചിരുന്നു; എന്നാൽ അതിനെക്കുറിച്ച് എനിക്കറിയില്ല. അങ്ങനെ ഏതെങ്കിലും സംഭവം ചൂണ്ടിക്കാണിച്ചാൽ അത് പരിശോധിക്കാം. ഇപ്പോൾ

അതത് സമയത്തുതന്നെ സഹായധനം കൊടുക്കുന്നുണ്ട്. പക്ഷേ അതിൽ വ്യവസ്ഥ വച്ചിട്ടുണ്ട്. പിന്തുടർച്ചാവകാശം സംബന്ധിച്ച ഔദ്യോഗിക രേഖ ഹാജരാക്കിയാൽ മാത്രമെ സഹായ ധനത്തിന്റെ രണ്ടാം ഗഡു കൊടുക്കാൻ സാധിക്കുകയുള്ളൂ. അത് ഉദാര മനസ്സുള്ളതുകൊണ്ടല്ല, ഭാവിയിൽ നിയമപരമായ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ടാണ്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സഹായധനം നൽകുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നില്ലെന്ന യാഥാർത്ഥ്യം ദയവായി മനസ്സിലാക്കണം.

ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-കൾ വേണമെന്ന് പല അംഗങ്ങളും ആവശ്യപ്പെട്ടു. 2019 മുതൽ 22 ആർ.ആർ.ടി.-കൾ അനുവദിക്കണമെന്ന പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലായിരുന്നുവെന്ന് ഭരണ-പ്രതിപക്ഷത്തുള്ളവർക്ക് അറിയാവുന്നതാണ്. ഇപ്പോഴാണ് 9 ആർ.ആർ.ടി.-കൾ അനുവദിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽമൂലമാണ് ധനകാര്യ വകുപ്പുമന്ത്രി ഈ പരിമിതിക്കിടയിലും അത് അനുവദിച്ചത്. കാസർഗോഡ് ജില്ലയിൽ ആർ.ആർ.ടി. ഇല്ലെന്ന് സൂചിപ്പിച്ചത് ശരിയാണ്. 14 ജില്ലകളുള്ള ഒരു

സംസ്ഥാനത്ത് 9 ആർ.ആർ.ടി.-കൾ അനുവദിച്ചാൽ അതിന്റെ പ്രയോജനം എല്ലാ ജില്ലകളിലും എത്തിക്കാൻ സാധിക്കില്ലെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. എന്നാലും അവരുടെ ആവശ്യം ന്യായമാണ്. കാരണം ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ ആർ.ആർ.ടി. വേണമെന്നത് ന്യായമായ ആവശ്യമാണ്. ബഹുമാനപ്പെട്ട ഉദുമ എം.എൽ.എ.-യും തൃക്കരിപ്പൂർ എം.എൽ.എ.-യും അക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഒരു സ്പെഷ്യൽ ആർ.ആർ.ടി. രൂപീകരിച്ച് കാസർഗോഡ് ജില്ലയുടെ പരാതി പരിഹരിക്കാനുള്ള ശ്രമം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനകം 66 വന്യജീവികളെ പിടികൂടി പുനരധിവസിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം പുനരധിവസിപ്പിക്കുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് കോട്ടൂരിൽ ആന പരിപാലന കേന്ദ്രം നിർമ്മിച്ചത്. ലോകോത്തര നിലവാരമുള്ള ആന പരിപാലന കേന്ദ്രമായി അതിനെ മാറ്റുന്നതാണ്. ഏതാനും മാസങ്ങൾക്കകം അതിന്റെ പ്രവർത്തനോദ്ഘാടനം നിർവഹിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വനം-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിലെ

പുത്തൂരിൽ സുവോളജിക്കൽ പാർക്ക് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2024 അവസാനിക്കുമ്പോൾ ഇന്ത്യയിലെതന്നെ ഏറ്റവും മാതൃകാപരമായ, എടുത്തുപറയത്തക്ക, സുവോളജിക്കൽ പാർക്കായി അതിനെ മാറ്റുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്. അതും ഈ വർഷംതന്നെ പ്രവർത്തനമാരംഭിക്കുന്നതാണ്. കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമുഴി ഭാഗത്ത് ഒരു സഫാരി പാർക്ക് നിർമ്മിക്കുമെന്ന് പറഞ്ഞിരുന്നു; അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി മുന്നോട്ടുപോകാനാണ് ആലോചിക്കുന്നത്. വന്യജീവികളുടെ സാന്നിധ്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ നൽകുന്നത് സംബന്ധിച്ച് ഇവിടെ പരാമർശിച്ചിരുന്നു. എല്ലാ ഡിവിഷനുകളിലും ഏർളി വാണിംഗ് സിസ്റ്റം സ്ഥാപിക്കാനുള്ള ശ്രമം നടത്തിവരുന്നുണ്ട്. വന്യജീവി സാന്നിധ്യം അറിയിക്കുന്നതിന് വാട്സ് ആപ്പ് ഗ്രൂപ്പ് മുഖേന ഏർളി വാണിംഗ് സിസ്റ്റം, സജ്ജമാക്കിയിട്ടുണ്ട്. അതുപോലെ പരീക്ഷണാടിസ്ഥാനത്തിൽ Animal Intrusion Detection and Repellent System നടപ്പാക്കിവരുന്നുണ്ട്. വനമേഖലയെ ശ്രദ്ധിക്കുന്നതിനുവേണ്ടി നിലവിലുള്ള 261 ജനജാഗ്രതാ

സമിതികളെ ശക്തിപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. വനസൗഹൃദ സദസ്സിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. വനസൗഹൃദ സദസ്സിൽ ഉന്നയിക്കുന്ന എല്ലാകാര്യങ്ങളും പരിഹരിച്ചിട്ടുണ്ടെന്ന് ഞാൻ അവകാശപ്പെടുന്നില്ലെങ്കിലും ഇതുമുഖേന ലഭിച്ച 80 ശതമാനം പരാതികൾക്കും പരിഹാരം കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ 252 പഞ്ചായത്തുകളിൽ ഉൾപ്പെടുന്ന 52 നിയോജകമണ്ഡലങ്ങളിലാണ് വന സൗഹൃദ സദസ്സ് നടത്തിയത്. ആകെ 4797 പരാതികൾ ലഭിച്ചതിൽ 4311 പരാതികളും പരിഹരിക്കാൻ സാധിച്ചിട്ടുണ്ടെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി ഇക്കാര്യം മനസ്സിലാക്കണം. വനം വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളിൽനിന്ന് വനം വകുപ്പുദ്യോഗസ്ഥരും ജനങ്ങളും തമ്മിൽ വേണ്ടത്ര സമ്പർക്കമില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ഈ വകുപ്പിനെ ജനസൗഹൃദ വകുപ്പാക്കി മാറ്റാൻ ശ്രമം ആരംഭിച്ചിട്ടുള്ളത്. അത് പൂർത്തിയാക്കാൻ ശ്രമിക്കുന്നതാണ്. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം നൽകിയതിന്റെ കണക്ക്

പരിശോധിച്ചാൽ 20-06-2024 വരെ 3152 കേസുകളിലായി 5,45,00,000/- രൂപ സഹായധനമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. അടുത്തവർഷവും 21.79 കോടി രൂപ നഷ്ടപരിഹാര ഇനത്തിൽ നൽകാനുള്ള തയ്യാറെടുപ്പുകൾ ചെയ്തുവരുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ആനയുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവർക്ക് ഇപ്പോൾ പത്തുലക്ഷം രൂപയാണ് നൽകുന്നത്. ആ തുക പൂർണ്ണമായും കേന്ദ്ര സർക്കാർ നൽകുന്നുവെന്നാണ് കേന്ദ്രമന്ത്രി പറഞ്ഞത്. ഈ ഇനത്തിൽ മുഴുവൻ തുകയും കേന്ദ്രസർക്കാരാണോ നൽകുന്നതെന്ന് അങ്ങാണ് പറയേണ്ടത്. പത്തുലക്ഷം രൂപ നൽകുന്നത് കേന്ദ്ര സർക്കാരാണെങ്കിൽ നമ്മുടെ അയൽ സംസ്ഥാനങ്ങൾ ചെയ്യുന്നതുപോലെ, സംസ്ഥാന സർക്കാർ നൽകുന്ന ആശ്വാസ ധനസഹായമെന്ന നിലയിൽ അഞ്ചുലക്ഷം രൂപകൂടി നഷ്ടപരിഹാരം കൊടുത്ത് ആ തുക വർധിപ്പിക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇക്കാര്യം ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കേരളം പത്തുലക്ഷം രൂപ നൽകാനാണ് നേരത്തെ

തീരുമാനിച്ചിരുന്നത്. കർണാടക- 15 ലക്ഷം രൂപ, തമിഴ്നാട്-5 ലക്ഷം രൂപ, മഹാരാഷ്ട്രയും ഗുജറാത്തും 20 ലക്ഷം രൂപ എന്നിങ്ങനെ എത്ര തുകയാണ് സഹായധനമായി നൽകേണ്ടതെന്ന് ഓരോ സംസ്ഥാനങ്ങളും തീരുമാനിച്ചിരുന്നു. എന്നാൽ കഴിഞ്ഞ തിരഞ്ഞെടുപ്പ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി വയനാട്ടിൽ സന്ദർശനം നടത്തിയിരുന്നു. തിരഞ്ഞെടുപ്പിന് മുമ്പു കേരളത്തിൽ വന്നത് രാജ്യം നന്നാക്കാനുള്ള സദുദ്ദേശ്യത്തോടെ മാത്രമായിരിക്കില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. അതിൽ രാഷ്ട്രീയ ലക്ഷ്യങ്ങളുമുണ്ടാകും. കേന്ദ്ര സർക്കാരാണ് ഈ തുക കൊടുക്കുന്നതെന്ന് അദ്ദേഹം അവിടെ വച്ച് പറഞ്ഞു. പത്തുലക്ഷം രൂപ വരെ സഹായധനം കൊടുക്കണമെന്നാണ് പറയുന്നത്. തിരഞ്ഞെടുപ്പിന് ഒരുമാസം മുമ്പ്; അതായത് 2024 രണ്ടാം മാസം, ഒരു ലെറ്റർ ഓഫ് മെമ്മൊറാണ്ടം കേരളത്തിന് ലഭിച്ചിരുന്നു. അദ്ദേഹം വയനാട്ടിൽ വന്നതിന്റെ തലേദിവസം ഒരു ഉത്തരവിറക്കിയിരുന്നു. അതിൽ പറയുന്നത് '....സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പത്തുലക്ഷം രൂപ വരെ കൊടുക്കാവുന്നതാണ്...' എന്നായിരുന്നു. അതൊരു ഉപദേശമാണ്. എന്നാൽ

അതിലൊരു വസ്തുതയുമുണ്ട്. കേരളത്തിലെ 23 വന്യജീവി സങ്കേതങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകളാണ് നമ്മൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആ പ്രോജക്ടുകളിൽ കേന്ദ്ര ഗവൺമെന്റിന് പങ്കാളിത്തമുണ്ട്. ഓരോ പ്രോജക്ടിലും 8, 9, 12 എന്നിങ്ങനെ മൂന്ന് കമ്പോണന്റുകളാണുള്ളത്. ആ കമ്പോണന്റുകളിൽ ഒന്നുമാത്രമാണ് ഇവിടെ സൂചിപ്പിച്ച കേന്ദ്ര സഹായം. കഴിഞ്ഞവർഷം വിവിധ പ്രോജക്ടുകളിലെ ഒരു കമ്പോണന്റ് മാത്രമെടുത്ത് കൂട്ടിനോക്കിയാൽ 1.71 കോടി രൂപയാണ് ആ ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ളത്. നമുക്ക് അങ്ങനെ നൽകുന്നുണ്ടെങ്കിൽ കണക്ക് പരിശോധിച്ചശേഷം ഇത്ര തുക തരണമെന്ന് ആവശ്യപ്പെട്ടുകൂടേ എന്ന് ഇവിടെ ഒരംഗം ചോദിച്ചു. തീർച്ചയായും അത്തരത്തിൽ ഫണ്ട് ആവശ്യപ്പെടാൻ തീരുമാനിച്ചിട്ടുണ്ട്. അതുപ്രകാരം അവർ ധനസഹായം നൽകുകയാണെങ്കിൽ 27 കോടി രൂപയാണ് നമുക്ക് ലഭിക്കേണ്ടത്. ഞങ്ങൾ അത് സംസ്ഥാനത്തിന് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടെങ്കിലും ലഭിക്കുമോ എന്ന് പറയാൻ സാധിക്കില്ല, നമുക്ക് ശ്രമിക്കാനേ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ ആ വാദം ഉന്നയിച്ച സ്ഥിതിക്ക്, അവരാണ് ആ തുക നൽകുന്നതെങ്കിൽ 27 കോടി

രൂപയിലധികം ലഭിക്കേണ്ടതുണ്ട്. അത് ലഭ്യമാക്കാനാവശ്യമായ നടപടി ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു ദിവസത്തെ ചോദ്യോത്തര വേളയിൽ ഞാൻ ഇക്കാര്യം വ്യക്തമാക്കിയിരുന്നു. ബഹുമാനപ്പെട്ട അംഗം ആവർത്തിച്ചാവർത്തിച്ച് ഇതുതന്നെ പറഞ്ഞാൽ ഞാൻ നിസ്സഹായനാണ്. എനിക്ക് അങ്ങനെ നിങ്ങളോട് വഴക്കുകൂടാൻ സാധിക്കില്ല. ശ്രീ. റോജി എം. ജോൺ ഇവിടെ നല്ല മൂർച്ചയുള്ള പ്രസംഗമാണ് നടത്തിയത്. പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങനെ ചൂണക്കുട്ടികളെപ്പോലെ പ്രസംഗിക്കണം. മുമ്പ് ഞാനും അങ്ങനെ തന്നെയായിരുന്നു. വാക്കുകൾ കുറച്ച് സൂക്ഷിച്ച് ഉപയോഗിക്കുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എല്ലാവരെയും ഉപദേശിച്ചിട്ടുണ്ട്. ആ ഉപദേശം ശ്രീ. റോജി എം. ജോൺ കേട്ടില്ലെന്ന് തോന്നുന്നു. ഞാൻ സ്ഥാനമൊഴിയുന്നതാണ് നല്ലതെന്ന് ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ. പറഞ്ഞു. ഞാൻ സ്ഥാനമൊഴിഞ്ഞാൽ പരിഹരിക്കപ്പെടുന്ന പ്രശ്നമാണോ വന്യജീവി സംഘർഷം?

ശ്രീ. ടി. സിദ്ദിഖ്: സർ, വഴങ്ങുമോ? (മൈക്ക് ഓഫ്..)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ എല്ലാവരോടും സ്നേഹപൂർവ്വമാണ് സംസാരിച്ചത്. സമയത്തിന്റെ കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾതന്നെ കുറച്ച് കൺസെഷൻ നൽകിക്കഴിഞ്ഞു. ഇത് രാജിവച്ചും വെടിവച്ചും പരിഹരിക്കാൻ കഴിയുന്ന ഒരു പ്രശ്നമല്ലെന്ന് ദയവായി മനസ്സിലാക്കുക. ഈ വിഷയവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ചെയ്യണമെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചിരുന്നു. അപ്രകാരം ചെയ്യണമെങ്കിൽ കേന്ദ്ര നിയമത്തിൽ മാറ്റം ആവശ്യമാണ്. അതിനാവശ്യമായ നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും സംസ്ഥാന സർക്കാർ പലവട്ടം സമർപ്പിച്ചു. ഞങ്ങൾ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ സന്ദർശിക്കാൻ പോയപ്പോൾ അദ്ദേഹം പറഞ്ഞത്, 'ഇപ്പോൾ അത് പരിഗണിക്കാൻ സാധ്യമല്ല, അസാധ്യമാണ് ' എന്നാണ്. എന്നാൽ ഇപ്പോൾ ഒരു ശുഭ വാർത്തയുണ്ട്, ഞങ്ങൾ സമർപ്പിച്ച ആ പ്രൊപ്പോസൽ ഒന്നുകൂടി സമർപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ഇന്നലെ ഒരു നിർദ്ദേശം വന്നിട്ടുണ്ട്. അത് ഫലപ്രാപ്തിയിലെത്തിയാൽ കുറെക്കൂടി പ്രയോജനകരമായിരിക്കും.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, (മൈക്ക് ഓഫ്)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ക്ഷമിക്കണം, ആർക്കും വഴങ്ങണ്ട എന്നാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ വളരെ പക്വതയോടുകൂടിയ സമീപനമാണ് പീരുമേട് എം.എൽ.എ. സാധാരണ സ്വീകരിക്കാറുള്ളത്. എന്നെക്കാൾ ഏറെ പക്വതയും നല്ല ജീവിതാനുഭവങ്ങളുമുള്ള തൊഴിലാളി നേതാവുകൂടിയാണ് അദ്ദേഹം. പക്ഷേ, അദ്ദേഹത്തെ ആരോ തെറ്റിദ്ധരിപ്പിക്കുകയോ അല്ലെങ്കിൽ കാര്യങ്ങൾ വേണ്ടത്ര മനസ്സിലാക്കാത്തതുകൊണ്ടോ ആയിരിക്കാം ഇന്ന് ഇത്തരത്തിൽ ഇവിടെ പ്രസംഗം നടത്തിയത്. പീരുമേടിലെ ഓഫീസ് കോട്ടയത്ത് ആരംഭിച്ചത് ഞാനാണോ? ഇടുക്കി ജില്ല രൂപം കൊള്ളുന്നതിനുമുമ്പ് അതിന്റെ ആസ്ഥാനം കോട്ടയമായിരുന്നു. ജില്ല രൂപം കൊണ്ടതിനുശേഷം ഇവിടെ നിരവധി വനം വകുപ്പുമന്ത്രിമാർ ചുമതലയിലുണ്ടായിട്ടുണ്ട്. ബാക്കി ഭാഗം ഞാൻ പൂരിപ്പിക്കുന്നില്ല.... അന്ന് എന്തുകൊണ്ട് മാറ്റിയില്ല?

(...ബഹളം...) അങ്ങനെ തോക്കിൽ കയറി വെടിവയ്ക്കാതിരിക്കൂ.... ഞാൻ പറയട്ടെ... നിങ്ങൾ പറഞ്ഞത് ഞാൻ ക്ഷമയോടുകൂടി കേട്ടില്ലേ. എന്നാൽ ഇവിടെ ഉന്നയിച്ചതുപ്രകാരം ഇതുമായി ബന്ധപ്പെട്ട പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. കാനന പാതയുമായി ബന്ധപ്പെട്ട മറ്റൊരു കാര്യത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. കോട്ടയം ഡിവിഷനുകീഴിലെ ശബരിമല പരമ്പരാഗത പാതയിലാണ് അങ്ങിവിടെ ഉന്നയിച്ച കാളകെട്ടിക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിലേയ്ക്കുള്ള വഴി നവീകരിക്കുന്നതിന് വനം വകുപ്പിന് എതിർപ്പില്ലെന്ന് അറിയിച്ചിട്ടുണ്ട്. അതിന് ഇതിനോടകം അനുമതിയും നൽകിക്കഴിഞ്ഞിട്ടുണ്ട്. സത്രം എയർസ്ട്രിപ്പുകൾ യാഥാർത്ഥ്യമാകുമോ എന്ന് അദ്ദേഹം ചോദിച്ചു. ഞാൻ മാത്രം വിചാരിച്ചാൽ അതിന് ഉത്തരം പറയാൻ സാധിക്കില്ല. എൻ.സി.സി. വകുപ്പാണ് അത് കൈകാര്യം ചെയ്യുന്നത്. പരിവേഷ് പോർട്ടലിൽ അവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇപ്പോൾ മറ്റ് തടസ്സങ്ങളൊന്നുമില്ല. എൻ.സി.സി. വകുപ്പ് പരിവേഷ് പോർട്ടലിൽ സ്റ്റേജ് 1

ക്ലിയറൻസിന് അപേക്ഷ സമർപ്പിച്ചത് ഇക്കഴിഞ്ഞ മാസമാണ്. വനം വകുപ്പിന് എതിർപ്പില്ലാത്തതുകൊണ്ടുതന്നെ അത് അംഗീകരിച്ച് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. മുല്ലപ്പെരിയാർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഇതിനോടകം സ്റ്റേജ് 1 ക്ലിയറൻസ് ലഭിച്ചുകഴിഞ്ഞിട്ടുണ്ട്. അവിടെയും മറ്റ് തടസ്സങ്ങളൊന്നുമുള്ളതായി കാണുന്നില്ല. വസ്തുതകൾ ഇതായിരിക്കെ എന്തുകൊണ്ടാണ് പരിണതപ്രജ്ഞനായ അങ്ങ് ഇങ്ങനെ പ്രകോപിതനായതെന്ന് മനസ്സിലാകുന്നില്ല; എനിക്കതിൽ പ്രതിഷേധവുമില്ല, കാരണം അദ്ദേഹം എന്നെക്കാൾ മുതിർന്ന ആളാണ്. കാട്ടുതീ ഉണ്ടാകുന്നത് ഒരു പ്രശ്നം തന്നെയാണ്. വകുപ്പിന്റെ ഭാഗത്തുനിന്നും കാട്ടുതീ തടയാൻ ശ്രമിക്കുന്നില്ലെന്ന് സൂചിപ്പിച്ചത് വസ്തുതാപരമല്ല. ഇത്തവണ കാട്ടുതീ വളരെ വ്യാപകമായി നമ്മുടെ കാടുകളെ നശിപ്പിച്ചിട്ടുണ്ട്. കാട്ടുതീ രണ്ട് കാര്യങ്ങൾ കൊണ്ടാണ് സംഭവിക്കുന്നത്. ഒന്ന്, സ്വാഭാവികമായി സംഭവിക്കുന്നത്; രണ്ട്, സംഭവിപ്പിക്കുന്നത്. കാട്ടുതീ ഉണ്ടാകുന്നതിന്റെ കാരണം ഏതായാലും രണ്ടും ഒരുപോലെ പരിശോധിച്ച് നടപടി സ്വീകരിക്കാനാണ് വനം വകുപ്പ് കൂടുതൽ വാച്ചർമാരെ നിയമിച്ചിട്ടുള്ളത്. ഇത്തവണ കാട്ടുതീ താരതമ്യേന

കുറവായിരുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കാട്ടുതീമൂലം വനം നശിക്കാൻ പാടില്ലെന്നുതന്നെയാണ് ഗവൺമെന്റിന്റെ നിലപാട്. എം.പി.-മാരുടെയും എം.എൽ.എ.-മാരുടെയും യോഗം വിളിച്ചുചേർക്കണമെന്നാണ് ബഹുമാനപ്പെട്ട പേരാവൂർ എം.എൽ.എ. സൂചിപ്പിച്ചത്. സർക്കാരിൽനിന്ന് അയയ്ക്കുന്ന എല്ലാ കത്തുകളുടെയും പകർപ്പ് അതത് സമയത്ത് എം.പി.-മാർക്ക് അയയ്ക്കാറുണ്ട്. യോഗം വിളിച്ചുകൂട്ടുന്നത് വലിയ പ്രയാസമുള്ള കാര്യമല്ല. പക്ഷേ സാധാരണ എം.പി.-മാരുടെ യോഗം കൂടാറുള്ളത് പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഓരോ വകുപ്പിന്റെയും കീഴിൽ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ്. അവർ അക്കാര്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കാമെന്ന് പറയാറുണ്ട്. ഞാൻ ബഹുമാനപ്പെട്ട വയനാട് എം.പി.-യെക്കുറിച്ച് ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോഴാണ് അദ്ദേഹം വന്നത്. പിന്നെ അദ്ദേഹം കോമ്പൻസേഷൻ പ്രഖ്യാപിച്ചു. അതെങ്ങനെയാണ്?

മി. സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ശ്രീ. പി. കെ. ബഷീർ ... അവിടെ ഇരിക്കൂ. (....ബഹളം.....) അങ്ങ് സംസാരിച്ചോളൂ.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ശ്രീ. രാഹുൽ ഗാന്ധിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ഒരു പരാമർശം നടത്തിയത് ഖേദകരമാണ്. തിരഞ്ഞെടുപ്പ് കാലത്ത് മാത്രമല്ല, അവിടെ ഇത്തരം സംഭവങ്ങളുണ്ടായ എല്ലാ സമയത്തും, 'ഭാരത് ജോഡോ യാത്ര' നിർത്തിവച്ച് അദ്ദേഹം വയനാട് സന്ദർശിച്ചിട്ടുണ്ട്. പക്ഷെ വനം വകുപ്പിന്റെ ചുമതല മാത്രമല്ല വയനാടിന്റെ ചുമതല കൂടിയുള്ള അങ്ങ് ആ ജില്ലയിലേയ്ക്ക് കാല്കുത്തിയില്ലല്ലോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി പറഞ്ഞത് എന്താണ്; ബഹുമാനപ്പെട്ട രാഹുൽ ഗാന്ധിയെക്കുറിച്ച് ഞാൻ ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല എന്നാണ്. കാള പെറ്റുവെന്ന് കേട്ടപ്പോഴേയ്ക്കും ഇവർ എന്തിനാണ് കയർ എടുക്കുന്നത്. (....ബഹളം.....) ഒന്നും പറയുന്നില്ലെന്നാണ് പറഞ്ഞത്...., അങ്ങനെയല്ലേ അദ്ദേഹം

പറഞ്ഞത്. .... എന്തിനാണ് ഇവർ ബഹളം വയ്ക്കുന്നത്. അവരുടെ മനസ്സിലെന്തോ ഉണ്ട്. കുറ്റബോധം കൊണ്ടാണോ ഇങ്ങനെ ബഹളം വയ്ക്കുന്നത്. (....ബഹളം.....)

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്...ഇരിക്കൂ (....ബഹളം.....) ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ,

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, പ്രതിപക്ഷനേതാവ് പറഞ്ഞത് നമ്മൾ കേട്ടു. അങ്ങ് ദയവായി മറ്റുള്ളവരോട് ഇരിക്കാൻ പറയണം. ഞാൻ എന്താണ് പറഞ്ഞത്; ഞാൻ വയനാട്ടിൽ പോയില്ലെന്ന കാര്യം അങ്ങ് ഇവിടെ പറഞ്ഞല്ലോ, (....ബഹളം.....) നിങ്ങൾ വെറുതെ രോഷം കൊള്ളല്ലേ.

മി. സ്പീക്കർ: അദ്ദേഹം ക്ലാരിഫൈ ചെയ്യട്ടെ. (....ബഹളം.....)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഒന്ന് ഇരിക്കൂ (....ബഹളം.....) ഇവർ എന്താണ് പറയുന്നത്; ബഹുമാനപ്പെട്ട ശ്രീ. ടി. സിദ്ദിഖ് എന്താണ് പറയുന്നത്; പ്രതിപക്ഷ നിരയിലെ അംഗങ്ങൾ എന്താണ് പറയുന്നത്?

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അദ്ദേഹം ക്ലാരിഫൈ ചെയ്യട്ടെ, അദ്ദേഹം പറയുന്നത് നിങ്ങൾ കേൾക്കൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആ സമയത്ത് ഞാൻ പോയില്ലെന്ന് പറഞ്ഞത് സത്യമാണ്. എനിക്ക് അന്ന് പോകാൻ സാധിച്ചില്ല. അതിന് ഇത്രയ്ക്ക് രോഷം കൊള്ളുന്നത് എന്തിനാണ്? ആ ഒരു സംഭവം ഒഴിച്ച് വേറെ ഏത് കാര്യത്തിലാണ് ഞാൻ പോകാതിരുന്നത്; വയനാട്ടിൽ ഞാൻ എപ്പോഴാണ് വരാതിരുന്നത്. എതൊരു സംഭവമുണ്ടായലും ഞാൻ അവിടെ എത്താറുണ്ട്. പക്ഷേ ആ സമയത്ത് എനിക്ക് ഒരു പ്രയാസമുണ്ടായതുകാരണമാണ് പോകാൻ സാധിക്കാത്തത്. (....ബഹളം.....) നിങ്ങൾക്ക് എന്തെങ്കിലും അജണ്ടയുണ്ടോ; എന്നെ സംസാരിക്കാൻ അനുവദിക്കാത്തത് എന്താണ്?

മി. സ്പീക്കർ: പ്ലീസ്....ശ്രീ. ടി. സിദ്ദിഖ്..... ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രീ. രാഹുൽ ഗാന്ധിയുടെ സഹായം ഇന്നത്തെ സാഹചര്യത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്ന് പറയാനാണ് ഞാൻ ആഗ്രഹിച്ചത്. അത് കേൾക്കുന്നതിനുമുമ്പ് നിങ്ങൾ

ചാടിയെഴുന്നേറ്റ് പ്രതിരോധം തീർക്കുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, അങ്ങ് ഇത് ഒരുപാട് കണ്ടതല്ലേ?

മി.സ്പീക്കർ: യെസ്.... യെസ്.... മിനിസ്റ്റർ അങ്ങ് സംസാരിച്ചോളൂ.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് തടസ്സപ്പെടുത്തണമെന്ന് എന്താണ് ഇത്ര നിർബന്ധം. ശ്രീ. പി. കെ. ബഷീർ.....

മി.സ്പീക്കർ: ശ്രീ. പി. കെ. ബഷീർ, പ്ലീസ്.... പ്ലീസ് ....

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട ശ്രീ. ഇ. കെ. വിജയൻ ജാനകിക്കാട് ഇക്കോ ടൂറിസം പ്രശ്നം പരിഗണിക്കണമെന്ന് സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം വകുപ്പിന്റെ സജീവ പരിഗണനയിലാണ്. ബഫർ സോൺ സംബന്ധിച്ച വിഷയത്തിൽ ഉണ്ടായ നേട്ടത്തെ ഒരു നേട്ടമായെങ്കിലും കാണാൻ സാധിക്കേണ്ടതല്ലേ? പ്രശംസിക്കേണ്ട; അതൊന്നും ഞാൻ പ്രതീക്ഷിക്കുന്നുമില്ല. ആരുടെയെങ്കിലും പ്രശംസയുടെ തേരിലേറി ഉന്നതിയിൽ എത്തിച്ചേരാൻ ആഗ്രഹിക്കുന്ന ഒരാളല്ല ഞാൻ. എന്നെ നിങ്ങൾക്ക് അറിയില്ല. പക്ഷേ അത് ചെറിയ കാര്യമായിരുന്നോ? ഞാൻ പ്രതിപക്ഷ നേതാവിനെ ഓർമ്മിപ്പിക്കുന്നു. അങ്ങ് ഈ സഭയിൽ

എന്താണ് പറഞ്ഞത്? നിങ്ങളുടെ ഈ നിലപാടുമായി സുപ്രീം കോടതിയിൽ പോയാൽ ആ വരാന്തയിൽ നിങ്ങളെ കയറ്റുകയില്ലെന്ന് അങ്ങ് ഇവിടെ പറഞ്ഞിട്ടുണ്ട്. പക്ഷേ വരാന്തയിൽ കയറി, ജനങ്ങൾക്ക് അനുകൂലമായ തീർപ്പുണ്ടാക്കി, മുപ്പത്തിയെട്ട് ലക്ഷത്തോളം വരുന്ന കർഷക കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടി സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് കർഷകരുടെ പക്ഷത്താണെന്ന് തെളിയിക്കുന്ന നടപടികൾ സ്വീകരിച്ചു. നാളെയും ആ നിലപാട് തന്നെയാണ് സ്വീകരിക്കുന്നത്. ഞാൻ കർഷക പക്ഷത്താണ് നിൽക്കുന്നത്. ഭരണഘടനാ ബാധ്യതകൾ വനം വകുപ്പുമന്ത്രി നിറവേറ്റണമെന്ന് ഇവിടെ സൂചിപ്പിച്ചു. എന്താണ് എന്റെ ഭരണഘടനാ ബാധ്യത? വനം വകുപ്പുമന്ത്രി എന്ന നിലയിൽ എന്റെ ഭരണഘടനാ ബാധ്യത എന്താണെന്ന് ദയവായി ഒന്ന് പറഞ്ഞുതരണം. വന സംരക്ഷണവും വന്യജീവി സംരക്ഷണവുമാണ് എന്റെ ബാധ്യത. പക്ഷേ ഈ ഗവൺമെന്റിന് ഒരു നിലപാടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന് മറ്റ് എന്തിനെക്കാളും പ്രാധാന്യം നൽകണമെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നിലപാടിനോടൊപ്പമാണ് ഞാൻ

നിൽക്കുന്നത്. ആ നിലപാടനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ ബാധ്യസ്ഥനാണ്. കാരണം ഞാൻ ഒരു സംവിധാനത്തിന്റെ ഭാഗമാണ്. ഞാനും അങ്ങനെയാണ് വിശ്വസിക്കുന്നത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കുന്നതിനുവേണ്ടിയുള്ള എളിയ ശ്രമങ്ങൾ മാത്രമെ ഇപ്പോൾ നടത്തിയിട്ടുള്ളൂ. എന്നാൽ ഈ ശ്രമങ്ങൾ പര്യാപ്തമല്ല എന്നെനിക്കറിയാം. നിങ്ങളിൽനിന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഞാൻ പ്രതീക്ഷിച്ചിരുന്നത്. ദൗർഭാഗ്യവശാൽ ചിലരുടെ പരാമർശം എന്തോ ലക്ഷ്യം വച്ച് എന്നെ ടാർജറ്റ് ചെയ്യുകയാണെന്ന നിലയിലായിപ്പോയി. അതിൽ എനിക്ക് പ്രയാസമുണ്ടെന്ന അഭിപ്രായം അറിയിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നുവെന്ന് പറഞ്ഞാൽ എന്താണ് അതിന്റെ അർത്ഥം? ഈ പറയുന്ന പ്രവർത്തനങ്ങളൊന്നും നടത്താൻ അനുവദിക്കുകയില്ല എന്നല്ലേ; എന്തിനാണ് അങ്ങനെയൊരു കർക്കശമായ നിലപാട് സ്വീകരിക്കുന്നത്? ഭരണപക്ഷത്തോ പ്രതിപക്ഷത്തോ ഇരിക്കുമ്പോൾ സ്വാഭാവികമായി പറയുന്നത് മാത്രം പോരെ; അതിനും അപ്പുറത്തേയ്ക്ക് എന്തിനാണ് പോയത്; ദയവായി അതൊന്നും

വേണ്ടിയിരുന്നില്ലെന്നേ ഞാൻ പറയുന്നുള്ളൂ. നിങ്ങളോടൊക്കെ എനിക്ക് അങ്ങനെ മാത്രമെ പറയാൻ സാധിക്കുകയുള്ളൂ. പ്രതിപക്ഷനേതാവിന് അക്കാര്യങ്ങൾ അറിയാം. നിങ്ങളോടൊന്നും മുഷിഞ്ഞ് സംസാരിക്കാൻ എനിക്കറിയില്ല. അതുകൊണ്ട് നമ്മൾ തമ്മിൽ അത്തരം സംസാരം വേണ്ട. വനം വകുപ്പുമായി ബന്ധപ്പെട്ട ചർച്ച ഇത്രയും സജീവമാകുന്നത് എന്റെ ഓർമ്മയിൽ ആദ്യമാണ്. ഈ ചർച്ച സജീവമായെന്നാണ് ഞാൻ പറഞ്ഞത്. ഈ ചർച്ച സജീവമാക്കിയ എല്ലാ അംഗങ്ങളോടും കൃതജ്ഞത രേഖപ്പെടുത്തുന്നു. ഞാൻ പറഞ്ഞ് തീരുംമുമ്പേ എഴുന്നേറ്റാൽ എങ്ങനെയാണ്; എന്താണ് ശ്രീ. സണ്ണി ജോസഫ്, നമുക്ക് അങ്ങനെ വേണമോ; പറഞ്ഞ് തീരുന്നതിനുമുമ്പ് എഴുന്നേറ്റാൽ എങ്ങനെയാണ്? സജീവമായി എന്ന് പറയുമ്പോൾ അത് മോശമായിപ്പോയി എന്ന അർഥത്തിലെടുത്താൽ എങ്ങനെയാണ് ശരിയാകുന്നത്; എനിക്കത് മനസ്സിലാകുന്നില്ല. എന്റെ ഭാഷയിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് പറഞ്ഞുതന്നാൽ തിരുത്തുന്നതാണ്. കുറേ വർഷങ്ങൾക്കുശേഷം വനം വകുപ്പിനെക്കുറിച്ചുള്ള ചർച്ച സജീവമായത് ഇന്നാണ്. സജീവമായി എന്നുപറഞ്ഞത് തെറ്റാണോ;

ആ വാക്ക് പിൻവലിക്കണോ; പ്രതിപക്ഷനേതാവ് പറയൂ, ഞാൻ ആ വാക്ക് പിൻവലിക്കണോ; ഈ ചർച്ച സജീവമാക്കിയ എല്ലാവരോടും നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകൾ പാസാക്കിത്തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXI
മൃഗസംരക്ഷണം

മി. സ്പീക്കർ: സർവ്വശ്രീ. എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, ചാണ്ടി ഉമ്മൻ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, എ. പി. അനിൽ കുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, അനൂപ് ജേക്കബ്, അൻവർ സാദത്ത്, സണ്ണി ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു.)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXl-ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: Technical error issue ഉണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ശബ്ദവോട്ട് രേഖപ്പെടുത്താം.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXII
ക്ഷീരവികസനം

മി. സ്പീക്കർ: സർവ്വശ്രീ. മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, എ. പി. അനിൽ കുമാർ, ടി. ജെ. വിനോദ്, റോജി എം. ജോൺ, സജീവ് ജോസഫ്, അനൂപ് ജേക്കബ്, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, ചാണ്ടി ഉമ്മൻ, കെ. ബാബു (തൃപ്പൂണിത്തുറ), പി. സി. വിഷ്ണുനാഥ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV – വനം

മി. സ്പീക്കർ: സർവ്വശ്രീ. അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, എൻ. എ. നെല്ലിക്കുന്ന്, നജീബ് കാന്തപുരം, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, അൻവർ സാദത്ത്, എ. പി. അനിൽ കുമാർ, സജീവ് ജോസഫ്, സണ്ണി ജോസഫ്, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, സനീഷ്കുമാർ ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്തു)

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2024-25 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി സതീശൻ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ ശബ്ദവോട്ട് രേഖപ്പെടുത്തി.)

മി. സ്പീക്കർ: ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

[3.45 PM]

VII. നിയമനിർമ്മാണ കാര്യം

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും

റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി

21-10-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. റവന്യൂ റിക്കവറി കേസുകൾ സ്റ്റേ ചെയ്യുന്നതിനും അനുവദിക്കുന്നതിനും കുടിശ്ശിക തവണകളായി അടയ്ക്കുന്നതിനും പലിശ പന്ത്രണ്ട് ശതമാനത്തിൽനിന്ന് ഒൻപത് ശതമാനമാക്കുന്നതിനും ബോട്ട്-ഇൻ-ലാൻഡ് ആയി എടുക്കുന്ന വസ്തുവിന്റെ നികുതി തിരികെ നൽകുന്നതിനുമായി കൊണ്ടുവന്ന ഈ ബിൽ പൊതുവെ സ്വാഗതാർഹമാണ്. എന്നിരുന്നാലും അതിൽ നിരവധി മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. സർഫാസി നിയമം കേന്ദ്ര ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ബാങ്കുകൾ സർഫാസി നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനുവേണ്ടി കൈമാറിയ കേസുകളിലെ കുടിശ്ശികക്കാർ, ഒഴിയാത്ത പ്രാരാബ്ധങ്ങളുടെ കെണിയിൽപ്പെട്ട് അടയ്ക്കാനുള്ള തുക കുടിശ്ശികയാകുകയും അത് ഒടുവിൽ ജപ്തിയിൽ എത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ കുടിശ്ശികക്കാരന് ആശ്വാസം ലഭിക്കുംവിധം എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോ എന്ന് പരിശോധിക്കണം. അടുത്തകാലത്ത് ഇവിടെ പാസ്സാക്കിയ ഇത്തരത്തിലുള്ള പല ബില്ലുകളിലും ഈ വ്യവസ്ഥ കൂടി ഉൾപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ നിരവധി

ചുമതലകളാണ് റവന്യൂ വകുപ്പിലേയ്ക്ക് എത്തിച്ചേരുന്നത്. നടപടികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് മതിയായ സൗകര്യം അനുവദിക്കേണ്ടതുണ്ട്. കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് പതിനഞ്ച് മുതൽ ഇരുപത് വർഷങ്ങളായി പെൻഡിംഗിലായ റവന്യൂ റിക്കവറി നടപടികൾ മോണിറ്റർ ചെയ്യപ്പെടാത്ത സാഹചര്യത്തിൽ സർക്കാരിന് ഉണ്ടാകുന്ന ഗണ്യമായ വരുമാനനഷ്ടം പരിഹരിക്കപ്പെടണം. ചില കേസുകളിൽ കുടിശ്ശികക്കാരൻ വീഴ്ച വരുത്തിയ തുകയിൽ പലിശയും പിഴപ്പലിശയും മറ്റ് ചാർജ്ജുകളും ഉൾപ്പെടുമ്പോൾ മുതലിനെക്കാൾ അധികരിച്ചുവരാൻ സാധ്യതയുണ്ട്. ഈ ബില്ലിന്റെ ഭാഗമായി, പലിശയും പിഴപ്പലിശയും മറ്റ് ചാർജ്ജുകളും കൂടിച്ചേർന്നുവരുന്ന തുക മുതലിനെക്കാൾ അധികരിക്കാൻ പാടില്ലെന്ന നിലപാട് സ്വീകരിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. അതോടൊപ്പം ബോട്ട്-ഇൻ-ലാൻഡായി സർക്കാർ കൈവശം വച്ചിട്ടുള്ള അല്ലെങ്കിൽ ഈ ആക്ടിലെ 71-ാം വകുപ്പ് പ്രകാരം നോട്ടിഫൈ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേൽ വായ്പ എടുത്ത വ്യക്തി 5 വർഷത്തിനുള്ളിൽ മരണപ്പെട്ടാൽ ടിയാന്റെ

അവകാശികൾക്ക് ടി വസ്തു നിയമാനുസൃതം തിരികെ ലഭിക്കാനുള്ള വ്യവസ്ഥകൾ ലഘൂകരിക്കാനും ആയതിന്മേൽ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നും പരിശോധിക്കണം. പത്ത് പതിനഞ്ച് കൊല്ലം മുമ്പ് നിശ്ചിത ഭൂമിയിന്മേൽ വായ്പ എടുത്ത അവസരത്തിലായിരിക്കും ഗവൺമെന്റ് വിജ്ഞാപനം ചെയ്ത് തുക നിശ്ചയിച്ചിട്ടുള്ളത്. ഇതിന് ഒരു രൂപ വർധിപ്പിച്ച് ഗവൺമെന്റിലേയ്ക്കെടുക്കാനുള്ള സൗകര്യം നൽകുമ്പോൾ ഉടമസ്ഥന് ഇന്നത്തെ വിലയ്ക്കനുസരിച്ച് ഒരുപാട് നഷ്ടം ഉണ്ടാകുന്ന സ്ഥിതിവിശേഷമുണ്ടാകും. ഇത് പരിഹരിക്കുന്നതിനും ഉടമസ്ഥനുതന്നെ ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ കഴിയുമോ എന്നും പരിശോധിക്കണം. ആക്ടിലെ വകുപ്പ് 50 എ പ്രകാരം ബോട്ട്-ഇൻ-ലാൻഡ് ആയി സർക്കാർ സ്ഥാപനം ഏറ്റെടുക്കുകയും വസ്തുവിന്മേലുള്ള കൂടിശ്ശിക പൂർണ്ണമായും അഞ്ചുവർഷത്തിനുള്ളിൽ അയാൾക്ക് ഒടുക്കാൻ കഴിയാതെ വരുകയും ചെയ്യുന്ന സാഹചര്യത്തിൽ അയാൾ അപേക്ഷിക്കുന്ന പക്ഷം ടി കാലയളവിനുള്ളിൽ അയാൾ ഒടുക്കിയ തുകയ്ക്ക് ആനുപാതികമായി വസ്തു മടക്കി നൽകുവാനുള്ള വ്യവസ്ഥ കൂടി ഉൾപ്പെടുത്തുന്നത് സാധാരണക്കാരന്

ഗണം ചെയ്യുന്നതാണ്. എന്നാൽ അക്കാര്യം ബില്ലിൽ വ്യക്തമാക്കിയിട്ടില്ല. അതായത് വകുപ്പ് 71 പ്രകാരം നോട്ടിഫൈ ചെയ്ത സ്ഥാപനങ്ങൾക്ക്, ആർ.ആർ. നടപടികൾ ആരംഭിച്ചതിനുശേഷം ആ സ്ഥാപനവുമായി കടിശ്ശികക്കാരൻ നേരിട്ട് ബന്ധപ്പെട്ട് കടിശ്ശിക അടച്ചാൽ, കടിശ്ശികയുടെ ഒരു ശതമാനം തുക മാത്രമാണ് സർവ്വീസ് ചാർജ്ജായി സർക്കാർ-ഇതര സ്ഥാപനങ്ങൾ ഈടാക്കിവരുന്നത്. എന്നാൽ സർക്കാർ സ്ഥാപനങ്ങൾ അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള കടിശ്ശികയ്ക്ക് 7.5 ശതമാനവും അഞ്ചുലക്ഷം രൂപ വരെയുള്ള കടിശ്ശികയ്ക്ക് അഞ്ച് ശതമാനവും സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ട്. സർക്കാർ ഇതര സ്ഥാപനങ്ങൾ ഈടാക്കുന്നതുപ്രകാരം സർക്കാർ വകുപ്പുകളും സർവ്വീസ് ചാർജ് ഒരു ശതമാനമായി കുറച്ചാൽ കടിശ്ശികക്കാർക്ക് ഏറെ ആശ്വാസകരമാകുമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. നിലവിൽ സെയിൽസ് ടാക്സ് വകുപ്പിൽ ആംനെസ്റ്റി സ്കീമിൽ കടിശ്ശിക അടച്ചാൽ സർവ്വീസ് ചാർജ് ഒഴിവാക്കിയിട്ടുണ്ട്. അതുപോലെ സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട

ആർ.ആർ. കേസുകൾ കൂടി സർവ്വീസ് ചാർജ് ഇനത്തിൽ കുറവ് വരുത്തിയാൽ സാധാരണക്കാർക്ക് അത് ഗുണം ചെയ്യും.

ബില്ലന്റെ ഖണ്ഡം 6-ൽ ഭൂമിയിൽനിന്ന് ഈടാക്കേണ്ട പൊതു നികുതി കുടിശ്ശികയിന്മേലുള്ള പലിശ 12 ശതമാനത്തിൽനിന്നും 9 ശതമാനമായി കുറച്ചിരിക്കുന്നു. ആക്ടിലെ വകുപ്പ് 71-ൽ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനവും കുടിശ്ശികക്കാരനും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള കരാറിൽ പലിശനിരക്ക് എത്രതന്നെ ആയാലും ആയത് 9 ശതമാനത്തെക്കാൾ അധികരിക്കാൻ പാടില്ലെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാൽ അത് സാധാരണക്കാർക്ക് ഗുണം ലഭിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതാണ്.

വകുപ്പ് 54-ൽ സൂചിപ്പിക്കുന്നത് 'Order confirming or setting aside sale'-നെക്കുറിച്ചാണ്. ആർ.ഡി. ഓഫീസുകളിലും സബ്കളക്ടർ ഓഫീസുകളിലും പല ലേലങ്ങളുടെയും Confirmation വർഷങ്ങളായി പെൻഡിംഗിലാണ്. നിശ്ചിത കാലയളവിൽ Confirmation നൽകണമെന്ന വ്യവസ്ഥ ഇല്ലാത്തതിനാൽ ലേലം സ്ഥിരപ്പെടുത്തി ലഭിക്കുന്നതിന് ഏറെ കാലവിളംബം ഉണ്ടാകുന്നു. ആയതിനാൽ Confirmation നൽകുന്നതിന്

സമയപരിധിക്കുടി ബില്ലിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കും. ലാൻഡ് റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഒറിജിനേറ്റ് ചെയ്യുന്ന റവന്യൂ ഒഴികെയുള്ള റവന്യൂ കുടിശ്ശിക ഈടാക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് 69 (2) പ്രകാരം form 24-ൽ ഒരു requisition forum-ഉം 69(3) പ്രകാരം ഒരു റവന്യൂ റിക്കവറി സർട്ടിഫിക്കറ്റും നിലവിലുണ്ട്. അത്തരത്തിൽ പബ്ലിക് റവന്യൂവിന്റെ കാര്യത്തിൽ കുടിശ്ശികക്കാരൻ ഒരു ജില്ലയിലും അയാളുടെ കുടിശ്ശിക മറ്റൊരു ജില്ലയിലും ആണെങ്കിൽ അത് പിരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പ് 69 (1) പ്രകാരം, ഫോറം 23 പ്രകാരം Requisition forum-ഉം Certificate-ഉം കൊടുക്കാൻ ആവശ്യമായ നിയമം നിലവിലുണ്ട്. എന്നാൽ പബ്ലിക് റവന്യൂ കുടിശ്ശിക പിൻവലിക്കുന്നതിന് ഓൺലൈൻ സംവിധാനം നിലവിൽ വന്നതോടെ തഹസീൽദാർ അതോറിറ്റിയായി Requisition കൊടുക്കുന്നത് 'Other than public revenue'-വിന്റെ ഫോറം 24-ആണ്. ആകയാൽ അതിന് പ്രത്യേകം ഫോറം നിശ്ചയിക്കുന്നത് നല്ലതായിരിക്കും. വില്ലേജ് ഓഫീസുകളിൽ ഓൺലൈൻ സേനവങ്ങളും ഇ-ഓഫീസ് ആയും ബന്ധപ്പെട്ട് നിരവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും അതിനാവശ്യമായ കമ്പ്യൂട്ടറുകളും

അനുബന്ധ സൗകര്യങ്ങളും നിലവിലില്ലാത്ത സ്ഥിതിവിശേഷമാണുള്ളത്. അതുകൊണ്ട് അത്തരം ഓഫീസുകളിൽ അവർ ചെയ്യേണ്ട സേവനങ്ങൾ പ്രാവർത്തികമാക്കുന്നതിന് വളരെയേറെ കാലതാമസം നേരിടുകയും അല്ലെങ്കിൽ ചെയ്യാൻ സാധിക്കാത്ത അവസ്ഥയും ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ഇവ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അങ്ങ് എല്ലാ എം.എൽ.എ.-മാരോടും വില്ലേജ് ഓഫീസുകളിൽ ആവശ്യമായ കമ്പ്യൂട്ടർ സൗകര്യം ലഭ്യമാക്കണമെന്ന് പറഞ്ഞിരുന്നു. കോട്ടയ്ക്കൽ മണ്ഡലത്തിൽ അവ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. സാമ്പത്തിക പിരിവ് ലഭിക്കുന്നതിലും നൽകുന്നതിലും സ്ഥലത്തിന്റെ കാര്യത്തിലുമൊക്കെ ചെറുതും വലുതുമായ വില്ലേജുകളുണ്ടാവാം. വളാഞ്ചേരി കാട്ടിപ്പരുത്തി വില്ലേജ് 2019-ൽ 69 ലക്ഷം രൂപയാണ് നികുതിയിനത്തിൽ പിരിച്ചെടുത്തത്. 2023-ൽ അവിടെ ഏകദേശം മൂന്നരകോടി രൂപയുടെ നികുതിപിരിവ് ഉണ്ടായിട്ടുണ്ട്. ഈ വ്യത്യാസം നിങ്ങൾക്ക് കണക്കാക്കാവുന്നതല്ലേ. എന്തുകൊണ്ടാണ് ഈ വ്യത്യാസം സംഭവിച്ചതെന്ന് പരിശോധിക്കണം. ആ ഉദ്യോഗസ്ഥർക്ക് നികുതി പിരിച്ചെടുക്കുന്നതിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ

നേരിട്ടോ എന്ന് പരിശോധിക്കണം. ഇത്തരത്തിൽ അതിന്റെ ചുറ്റുപാടുമുള്ള വളാഞ്ചേരി, കോട്ടക്കൽ, പെരിന്തൽമണ്ണ, മഞ്ചേരി, തിരൂരങ്ങാടി, ചെമ്മാട് തുടങ്ങിയുള്ള സ്ഥലങ്ങളിൽനിന്നും നികുതി പിരിച്ചെടുക്കാൻ ആവശ്യമായ നിലപാടുകൾ സ്വീകരിക്കാനും സാധിക്കുന്നതാണ്. അതിലേയ്ക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ നിയോഗിക്കാനും അവരെ ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാധ്യത ആരായേണ്ടതുണ്ട്. ഇത്തരത്തിൽ സർക്കാരിന് വരുമാനം വർധിക്കുമ്പോൾ അതിന് ആനുപാതികമായി ഉദ്യോഗസ്ഥർക്ക് ആവശ്യമായ സഹായങ്ങളൊന്നും ചെയ്യുന്നില്ല. 69 ലക്ഷം രൂപയിൽനിന്നും 3.5 കോടി രൂപയായി നികുതിപിരിവ് മാറിയത് ചിലപ്പോൾ ഉദ്യോഗസ്ഥരുടെ ആത്മാർത്ഥതകൊണ്ടാവാം. മറ്റ് പലയിടങ്ങളിലും ഉദ്യോഗസ്ഥരുടെ ആത്മാർത്ഥത കുറവും സംഭവിച്ചിട്ടുണ്ടാകാം. ഇത്തരത്തിൽ നികുതി തുക പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് ഇൻസെന്റീവ് നൽകണം. ഓഫീസിനുവേണ്ടിയോ അല്ലെങ്കിൽ ഉദ്യോഗസ്ഥർക്ക് ഉപയോഗപ്പെടുത്താൻ വേണ്ടിയോ അതുമല്ലെങ്കിൽ ഓഫീസിൽതന്നെ അനുബന്ധ സൗകര്യങ്ങൾ

ഒരുക്കുന്നതിനുവേണ്ടിയോ സൗകര്യപ്രദമായ രൂപത്തിൽ ഇൻസെന്റീവ് വിനിയോഗിക്കാൻ സാധിക്കണം. ഇപ്രകാരം ഇൻസെന്റീവ് നൽകിയാൽ ഉദ്യോഗസ്ഥർക്ക് നികുതി പിരിച്ചെടുക്കാനും മറ്റുകാര്യങ്ങൾ ദ്രുതഗതിയിൽ ചെയ്യാനും താല്പര്യമുണ്ടാകുന്നതാണ്. അതുകൊണ്ടുതന്നെ പിരിച്ചെടുക്കുന്ന നികുതിത്തുകയിൽനിന്നും അരശതമാനമെങ്കിലും ഉദ്യോഗസ്ഥർക്ക് ഇൻസെന്റീവായി നൽകിയാൽ സർക്കാരിന് അത് ഗുണകരമാകുന്നതാണ്.

ഭൂമിയുടെ തരംമാറ്റലുമായി ബന്ധപ്പെട്ട് പെൻഡിംഗിലുള്ള നിരവധി കേസുകൾ തീർപ്പുകല്പിക്കുന്നതിനും പരിഹരിക്കുന്നതിനും ഉദ്യോഗസ്ഥരെയും തഹസീൽദാർമാരെയും ഡെപ്യൂട്ടി കളക്ടർമാരെയും നിയമിക്കുമെന്ന് റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട യോഗത്തിൽ അറിയിച്ചിരുന്നു. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരിയിൽ എം.ഇ.എസ്. കോളേജ് സ്ഥാപിതമായിട്ട് വർഷങ്ങളോളമായി. ഈ വിഷയം സംബന്ധിച്ച് ഡോ. കെ. ടി. ജലീലിനും അറിയാവുന്നതാണ്. ടി കോളേജിന്റെ പരിധിയിൽ ഉൾപ്പെട്ട സ്ഥലം തരംമാറ്റുന്നതിനുവേണ്ടി അപേക്ഷ നൽകി വർഷങ്ങൾ പിന്നിട്ടെങ്കിലും യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല. കോളേജിന്റെ ഭൂമി

തരംമാറ്റി ലഭിക്കാത്തതുകൊണ്ട് കോളേജിന്റെ വിപുലീകരണത്തിനും ആവശ്യമായ സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനും പ്രയാസകരമായ അനുഭവമാണുണ്ടാകുന്നത്. ഈ സ്ഥലം തരംമാറ്റിയാൽതന്നെ ഏകദേശം രണ്ടു-മൂന്നു കോടി രൂപ വില്ലേജ് ഓഫീസിലേയ്ക്ക് അല്ലെങ്കിൽ റവന്യൂ ഡിപ്പാർട്ട്മെന്റിലേയ്ക്ക് വരുമാനമായി ലഭിക്കുന്നതാണ്. ഇത്തരത്തിലുള്ള നിരവധി കേസുകൾ ഈ മണ്ഡലത്തിലുണ്ട്. 2021-ൽ കെ.ആർ. ബേക്കറി തരംമാറ്റം ചെയ്യുന്നതിനായി അപേക്ഷ നൽകിയിരുന്നു. പത്തുനാൽപതു കൊല്ലമായി അവിടെ തെങ്ങും മറ്റ് സൗകര്യങ്ങളുമൊക്കെ ഉണ്ടായിട്ടും ഉദ്യോഗസ്ഥർ തരംമാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ തരംമാറ്റലുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കണം. ഇപ്പോൾ റവന്യൂ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ചില വില്ലേജുകളിൽ ധാരാളം തുക പിരിച്ചെടുക്കാനുണ്ടാകും; എന്നാൽ ചിലയിടത്ത് വളരെ കുറച്ചു തുക മാത്രമെ പിരിച്ചെടുക്കാൻ ഉണ്ടാകുകയുള്ളൂ. പത്തുലക്ഷം രൂപ പിരിച്ചെടുക്കാനുള്ള വില്ലേജിൽ ആ തുക പിരിച്ചെടുക്കുന്നത് വലിയ പ്രയാസമുള്ള കാര്യമല്ല.

മൂന്നോ നാലോ കോടി രൂപ പിരിച്ചെടുക്കാനുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്ക് കൂടുതൽ പ്രയത്നിക്കേണ്ടിവരും. പത്തുലക്ഷം രൂപ പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് അവാർഡ് കൊടുക്കുകയും മൂന്നു കോടി രൂപ പിരിച്ചെടുക്കാനുള്ള സ്ഥാനത്ത് രണ്ട് കോടി തൊണ്ണൂറ് ലക്ഷം രൂപ പിരിച്ചെടുക്കുന്ന ഉദ്യോഗസ്ഥന് അവാർഡ് നൽകാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. റവന്യു അവാർഡ് നൽകുന്നതിന് നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡത്തിൽ വ്യത്യാസം വരുത്തണം. പിരിച്ചെടുക്കുന്ന പണത്തിന്റെ മൂല്യംകൂടി പരിഗണിച്ചുകൊണ്ട് തുക പിരിച്ചെടുക്കുന്നവർക്ക് അവാർഡ് നൽകാനുള്ള നടപടി സ്വീകരിച്ചാൽ നന്നായിരിക്കും. കേസുകൾ തീർപ്പാക്കാൻ ആവശ്യമായ സർവ്വെയർമാരെ നിയോഗിക്കണമെന്ന് ജില്ലാ മീറ്റിംഗുകളിൽ എം.എൽ.എ.-മാർ നിരന്തരമായി ആവശ്യപ്പെടാറുണ്ട്. ഇ-ഓഫീസുമായി ബന്ധപ്പെട്ട് പറയുമ്പോൾ , Kerala State Wide Area Network (KSWAN) സൗകര്യങ്ങൾ ലഭ്യമാകാത്ത വില്ലേജ് ഓഫീസുകൾ നിലവിലുണ്ടെന്നുള്ളതും സ്റ്റാഫ് പാറ്റേണിന്റെ അപര്യാപ്തതയും എനിക്കറിയാം. എന്റെ മണ്ഡലത്തിൽ, കേരള ബിൽഡിംഗ് ടാക്സ്

പിരിച്ചെടുക്കുന്നതിൽ ജില്ലയിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന പൊൻമള വില്ലേജ് ഓഫീസിൽ ഒരു വില്ലേജ് ഓഫീസറും ഒരേയൊരു വില്ലേജ് അസിസ്റ്റന്റും മാത്രമാണുള്ളത്. വില്ലേജ് ഓഫീസുകളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കാനും നികുതി തുക പിരിച്ചെടുക്കാനുമുള്ള സൗകര്യം ഏർപ്പെടുത്തണം. ടി ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ജനങ്ങൾക്ക് കുറച്ചുകൂടി സൗകര്യപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുമോയെന്ന് അങ്ങ് പരിശോധിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

ശ്രീ. എൻ. കെ. അക്ബർ: സർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1968-ലെ കേരള റവന്യൂ റിക്കവറി ആക്ട്, 1985-ലെ കേരള റവന്യൂ റിക്കവറി (അമെന്റ്മെന്റ്) ആക്ട്, 2007-ലെ കേരള റവന്യൂ റിക്കവറി (അമെന്റ്മെന്റ്) ആക്ട് എന്നിവയിലെ പോരായ്മകൾ പരിഹരിക്കുന്നതിനാണ് 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വായ്പയുടെ

പേരിൽ കിടപ്പാടം നഷ്ടപ്പെടുന്ന പാവപ്പെട്ടവന്റെ വീടും സ്ഥലവും സംരക്ഷിക്കാൻ സാധിക്കുന്ന ഒരു ആശ്വാസ ബിൽ എന്ന നിലയിലാണ് ഞാൻ ഇതിനെ കാണുന്നത്.

'അവശന്മാ,രാർത്തന്മാരാലംബഹീനന്മാ-
രവരുടെ സങ്കടമാരറിയാൻ?
പണമുള്ളോർ നിർമിച്ച നീതിക്കിതിലൊന്നും
പറയുവാനില്ലേ?--ഞാൻ പിൻവലിച്ചു!'

എന്ന് ചങ്ങമ്പുഴയുടെ 'വാഴക്കുല' എന്ന കവിതയിൽ പറയുന്നുണ്ട്. എന്നാൽ ഇവിടെ അവശന്മാരും ആർത്തന്മാരും ആലംബഹീനന്മാരുമായവരുടെ സങ്കടങ്ങളിൽ ഇടപെടാൻ ഗവൺമെന്റിന് നേരത്തെയുണ്ടായിരുന്ന അധികാരം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. അതിൽ ഇടപെടുക എന്ന ലക്ഷ്യംവച്ചുകൊണ്ടാണ് ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. 1968-ലെ നിയമത്തിൽ ചില പ്രായോഗിക ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുന്നുണ്ട്. പല കാരണങ്ങൾകൊണ്ടും കുടിശ്ശിക ഉണ്ടാകാം. അങ്ങനെ കുടിശ്ശിക വന്നാൽ അത്തരം ആളുകൾക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി മൊറട്ടോറിയം നൽകുന്നതിനും ഗഡുക്കളായി കുടിശ്ശിക അടയ്ക്കുന്നതിനുമുള്ള

അനുവദിക്കുന്നതുമായ നടപടികൾ സ്വീകരിക്കുകയാണ് സാധാരണ ചെയ്യാൻ സാധിക്കുന്നത്. എന്നാൽ ഇത് തടയുന്ന തരത്തിലുള്ള ചില നിലപാടുകൾ വന്ന സാഹചര്യത്തിലാണ് ഗവൺമെന്റ് ഇത്തരം ഒരു ബിൽ കൊണ്ടുവന്നത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ നിയമത്തിലെ സെക്ഷൻ 6 അനുസരിച്ച് റവന്യൂ റിക്കവറിയുടെ പലിശനിരക്ക് 12 ശതമാനത്തിൽനിന്നും 9 ശതമാനമായി കുറച്ചത് ആശ്വാസകരമാണ്. സ്ഥാപനവും വ്യക്തിയും തമ്മിലുള്ള കരാർപ്രകാരം പലിശനിരക്ക് 9 ശതമാനത്തിൽ താഴെയാണെങ്കിൽ ആ പലിശ മാത്രമെ ഈടാക്കാൻ പാടുള്ളൂ എന്നുകൂടി വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെ കൂടുതൽ ഭൂമിയുള്ള ഭൂ ഉടമകൾ ചെറിയ തുകയ്ക്ക് വായ്പയെടുക്കുമ്പോൾ ജപ്തിയുടെ ഭാഗമായി മുഴുവൻ ഭൂമിയും ജപ്തി ചെയ്യുന്ന അവസ്ഥയുണ്ടാകുന്നുണ്ട്. സെക്ഷൻ 36 പ്രകാരം കുടിശ്ശികയ്ക്ക് അനുപാതികമായി മാത്രമെ ജപ്തി നടത്താൻ പാടുള്ളൂവെന്ന നിയമ ഭേദഗതി ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിനെ 'പാവപ്പെട്ടവന്റെ മാഗ്നാകാർട്ട' എന്ന് വിശേഷിപ്പിക്കാം. ഇടശ്ശേരിയുടെ

'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ വിളജപ്തി എന്ന നിലപാടുണ്ടായിരുന്നു. ആ കവിതയിൽ കാലവർഷത്തിന്റെ പ്രശ്നത്താൽ കൃഷി നശിക്കുകയും പാട്ടത്തുക ബാക്കിയുള്ളതിനാൽ ജന്മി കോടതിയിൽ പോകുകയും അവസാനം വിള ജപ്തി ചെയ്യുന്നതിന് കോടതി ഉത്തരവിടുകയും ചെയ്തു. അന്ന് ജപ്തി ചെയ്തത് വിളയാണെങ്കിൽ ഇന്ന് അവന്റെ സ്വത്തുതന്നെ ജപ്തി ചെയ്യുന്ന അവസ്ഥയാണുള്ളത്. അതിൽനിന്ന് പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ കൊണ്ടുവന്നത്. ഈ നിയമപ്രകാരം കുടിശ്ശികക്കാരന്/വായ്പയെടുത്ത ആളിന് കുടിശ്ശികയുണ്ടെങ്കിലും ഭൂമി വിൽക്കാൻ സാധിക്കുന്നു. ഭൂമി വിൽക്കാൻ സൗകര്യം നൽകാതെ ജപ്തി ചെയ്ത് കൊണ്ടുപോകുന്ന അവസ്ഥയാണ് മുമ്പുണ്ടായിരുന്നത്. നാട്ടിലെ സാധാരണക്കാരെ ചേർത്ത് നിർത്തുന്നുവെന്നതാണ് ഈ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഗുണവും പ്രത്യേകതയും. വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ സാധിക്കാത്ത സ്ഥിതി വന്നാൽ കുടിശ്ശികക്കാരന് തന്റെ കുടിയിരിപ്പ് വിറ്റഴിച്ച് കടം വീട്ടണമെന്ന് ആഗ്രഹമുണ്ടെങ്കിലും നിലവിലുള്ള നിയമ പ്രകാരം വിൽക്കാൻ സാധിക്കാത്ത

സാഹചര്യമാണുള്ളത്. എന്നാൽ ഈ നിയമത്തിൽ കൂടിശ്ശികക്കാരന് ഒരു കരാറുണ്ടാക്കി ജപ്തി ചെയ്യുന്ന വസ്തു മുഴുവനായോ ഭാഗികമായോ വിൽക്കാൻ സാധിക്കും. വിൽക്കുന്നയാളും വാങ്ങുന്നയാളും ഒരുമിച്ച് കളക്ടർക്ക് അപേക്ഷ നൽകി അനുവാദം ലഭ്യമായശേഷം ആധാരം രജിസ്റ്റർ ചെയ്താൽ മതിയാകും. ജനപ്രതിനിധികളായ നമ്മുടെ അരികിലേക്ക് ഒരു ദിവസമെങ്കിലും ഇത്തരം പ്രശ്നങ്ങളുമായി ധാരാളം ആളുകൾ സമീപിക്കാറുണ്ട്. മന്ത്രിയുടെ ശിപാർശപ്രകാരം സ്റ്റേ വാങ്ങി നൽകണമെന്ന ആവശ്യത്തിന്, മുമ്പുതന്നെ സ്റ്റേ ലഭിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. സർഫാസി നിയമത്തിൽനിന്ന് രക്ഷപ്പെടുത്താൻ സാധിക്കുന്ന ആശ്വാസങ്ങളെക്കുറിച്ച് ആലോചിക്കണമെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നേരത്തെ സൂചിപ്പിച്ചത് ഈയൊരു മനഃസ്ഥിതിയോടെയാണ്. 1956-ൽ ഐക്യകേരളം രൂപംകൊണ്ടതിനു ശേഷം ഒന്നാമത്തെ ഗവൺമെന്റ് 1957 ഏപ്രിൽ 5-ന് കൂടിയൊഴിപ്പിക്കാൻ പാടില്ലെന്ന ഒരു വ്യവസ്ഥ കൊണ്ടുവന്നിരുന്നു. രാജ്യത്തെ ഏറ്റവും സാധുക്കളുടെയും പാവപ്പെട്ടവരുടെയും കിടപ്പാടം ജപ്തി ചെയ്യാൻ പാടില്ലെന്ന ചരിത്രപരമായ നിയമമുണ്ടാക്കിയ ആ സംസ്ഥാനത്തുതന്നെ ബാങ്കിൽനിന്ന്

വായ്പയെടുത്തതിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട് തെരുവിലേയ്ക്ക് പോകേണ്ട സാഹചര്യമുണ്ടാകുന്നു. ചെറിയ സഹായമോ മാന്യമായ ഇളവോ നൽകിയാൽ കടം വീട്ടാമെന്ന് പറഞ്ഞാലും അതിനുള്ള സാഹചര്യമുണ്ടാകുന്നില്ല. സാധാരണ വില്ലേജ് ഓഫീസ് മുഖേനയാണ് ആർ.ആർ. നടപടി സ്വീകരിച്ചിരുന്നതെങ്കിൽ ചില നൃ ജനറേഷൻ ബാങ്കുകൾ ഗ്രണ്ടാസംഘങ്ങളെയാണ് വായ്പ തിരിച്ചുപിടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നത്. ബാങ്ക് ചുമതലപ്പെടുത്തിയവർ എന്നുപറഞ്ഞാണ് ഗ്രണ്ടാസംഘങ്ങൾ വസ്തു ഈടാക്കാൻ ശ്രമിക്കുന്നത്. ഇവിടെ ഗവൺമെന്റിന്റെ ഭേദഗതി നിയമത്തിൽ കൊണ്ടുവരുന്ന ഏറ്റവും ശ്രദ്ധേയമായ പരിരക്ഷ എന്നുപറയുന്നത് നിങ്ങൾക്ക് ടി വസ്തു വിൽക്കാൻ സാധിക്കും എന്ന വ്യവസ്ഥയാണ്. ഇത് തികച്ചും ആശ്വാസകരമായ ഒരു നടപടിയാണ്. ജില്ലാ കളക്ടറുടെ മുന്നിൽവച്ച് ഒരു കരാർ വ്യവസ്ഥയുണ്ടാക്കിയാണ് അത് ചെയ്യുന്നത്. ഏറ്റവും ശ്രദ്ധേയമായ ഒരു ഭേദഗതികൂടി ഈ ബില്ലിലുണ്ട്. ഒരാളുടെ പേരിൽ റവന്യൂ റിക്കവറി നടപടിയുണ്ടായാൽപ്പോലും അഞ്ച് വർഷംകൊണ്ട് മുതലും കൂടിശ്ശികയും

നിയമാനുസൃതമായ പലിശയും ഗഡുക്കളായി അടച്ചാൽ വസ്തു അയാൾക്ക് തിരിച്ച് നൽകുമെന്ന വ്യവസ്ഥയാണ്. ഈ നാട്ടിലെ, വായ്പയെടുത്തവരെ സഹായിക്കാൻ കഴിയുന്ന ഉദാരമായ വ്യവസ്ഥകളുള്ള ഒരു പ്രധാനപ്പെട്ട ബില്ലാണിത്. കേരള സർക്കാരിന്റെ ഏറ്റവും മനുഷ്യത്വപരമായ രൂപമാണ് ഈ ബില്ലിലുള്ളത്. വായ്പയെടുത്ത് തിരികെ അടയ്ക്കാൻ സാധിക്കാത്തവരെ ഉപേക്ഷിക്കുന്നതിന് പകരം അഞ്ച് വർഷത്തോളം സമയം നൽകി വായ്പ തിരിച്ചടയ്ക്കാൻ സാധിക്കുന്ന നിലയിലുള്ള സംവിധാനങ്ങൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. കൃഷിനാശം സംഭവിച്ച് തുക തിരിച്ചടയ്ക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടായതിന്റെ ഭാഗമായി വീട്ടിൽനിന്നും നാട്ടിൽനിന്നും ആട്ടിയോടിക്കപ്പെടുന്നവരുടെ കഥയാണ് എല്ലായിടത്തും കേൾക്കുന്നത്. എന്നാൽ, ഇവിടെ വായ്പയെടുത്ത് പാപ്പരാകുന്നവർക്ക് തിരിച്ചടവിന് സമയം നൽകുകയും തുക തിരിച്ചടച്ചതിനുശേഷം അവരുടെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിന് നിലകൊള്ളുകയുമാണ് ചെയ്യുന്നത്. അതായത് ഒരാളുടെ ജീവനും സ്വത്തും സംരക്ഷിക്കുക എന്നത് ഒരു മൗലിക കടമയല്ല; അതൊരു ചുമതലയായി കാണുന്നുവെന്നതാണ് ഈ ബില്ലിന്റെ

പ്രധാനപ്പെട്ട സവിശേഷത. നമ്മുടെ രാജ്യത്തെ വളരെ പാവപ്പെട്ട ജനതയെ ബാങ്ക് ജപ്തി നടപടികളിൽനിന്ന് സംരക്ഷിക്കുന്നതിനാണ് ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. വായ്പകളെയും അതിന്റെ പലിശയെയും പിന്നീടുള്ള നടപടിക്രമങ്ങളെയും സംബന്ധിച്ച വ്യവസ്ഥകൾ എല്ലാ ബാങ്കിംഗ് മേഖലയിലും നടപ്പാക്കാൻ കഴിയുന്ന രീതിയിലുള്ള ഭേദഗതി കൊണ്ടുവരണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർഥിക്കുന്നു. സർഫാസി പോലെയുള്ള മറ്റ് നിയമങ്ങളെല്ലാം തള്ളിക്കളഞ്ഞുകൊണ്ട് കടുത്ത നടപടികൾക്കുപകരം അങ്ങേയറ്റം ഉദാരമായ സമീപനങ്ങൾ സ്വീകരിക്കുന്ന വിധത്തിൽ ഈ നിയമം സമഗ്രമാക്കണം. സാധാരണക്കാർ ബാങ്കുകളിൽനിന്ന് വായ്പയെടുത്തശേഷം തിരിച്ചടയ്ക്കാത്തത് ഒരിക്കലും ബാങ്കുകളെ വഞ്ചിക്കണമെന്ന ആഗ്രഹത്തോടെയല്ല; മറിച്ച് അവർ നേരിടുന്ന പ്രയാസങ്ങൾകൊണ്ടാണ്. അതുകൊണ്ടുതന്നെ വായ്പകൾ തിരിച്ചടയ്ക്കാനുള്ള എല്ലാ സമീപനങ്ങളും ഉദാരമായ രീതിയിലായിരിക്കണം. സംസ്ഥാനത്ത് ഗവൺമെന്റാണ് വലുതെങ്കിലും തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിന് ഇക്കാര്യത്തിൽ ഒരു റോളുമില്ലാത്ത സ്ഥിതിയാണുള്ളത്. ഇക്കാര്യങ്ങൾ ബാങ്ക്

നേരിട്ട് ചെയ്യുന്നുവെന്ന് പറയുന്നത് ഒട്ടും ശരിയല്ല. മുതൽ തിരിച്ചടച്ചതിനുശേഷവും കണ്ണായ സ്ഥലമാണെന്ന് മനസ്സിലാക്കിയശേഷം അത് കക്ഷിക്ക് തിരിച്ചുകൊടുക്കാതിരിക്കുന്നതിനു വേണ്ടി ന്യൂ ജനറേഷൻ ബാങ്കുകൾ സ്വീകരിക്കുന്ന തെറ്റായ രീതികൾ പലയിടത്തുമുണ്ട്. സ്റ്റേറ്റ് ലെവൽ ബാങ്കിംഗ് കമ്മിറ്റികളുടെ മുന്നിലെത്തുന്ന അപേക്ഷകൾ പരിശോധിച്ചാൽ ഇക്കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ഈ ഭേദഗതികളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2024-ലെ നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചതിനുശേഷം ബിൽ സഭയിൽ തിരിച്ചുവരുമ്പോൾ അതിനെക്കുറിച്ച് സംസാരിക്കാമെന്നാണ് കരുതുന്നത്. 1968-ൽ കേരള നിയമസഭ പാസ്സാക്കിയ കേരള നികുതി വസൂലാക്കൽ ആക്ടിലെ ജനോപകാരപ്രദമായ ചില നടപടികൾ കൊണ്ടുവരണമെന്ന ലക്ഷ്യത്തോടെയാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഇത് സർക്കാരിന് ലഭിക്കാനുള്ള നികുതി ഉൾപ്പെടെയുള്ള കുടിശ്ശികകൾ

കുടിശ്ശികക്കാരന്റെ സ്ഥാവര വസ്തുക്കളിൽനിന്നും ഈടാക്കി നൽകുകയെന്ന ലക്ഷ്യത്തോടുകൂടിയുള്ള ആക്ടാണ്. സർക്കാരിന്റെ നികുതികൾ മാത്രമല്ല, ഈ ആക്ടിന്റെ സെക്ഷൻ 71-ൽ വ്യവസ്ഥ ചെയ്യുന്നതനുസരിച്ച് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, തുടങ്ങി ബാങ്കുകൾ ഉൾപ്പെടെ നിരവധി സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതും ഈ ആക്ടിന്റെ കീഴിൽത്തന്നെയാണ്. ശ്രീ. എൻ. കെ. അക്ബർ സൂചിപ്പിച്ചതുപോലെ കുടിശ്ശിക വരുത്തുന്നത് മനഃപൂർവമല്ല; എല്ലാ കുടിശ്ശികകളും ഒരു സാധാരണക്കാരന്റെ ജീവിത പ്രയാസങ്ങളിൽനിന്നും ഉയർത്തെഴുന്നേറ്റ് വരുന്നതാണ്. ആ ഒരു ധാരണയോടെയാണ് സർക്കാർ കുടിശ്ശികക്കാരനെ കാണുന്നത്. സർക്കാരിന്റെയും സ്ഥാപനങ്ങളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതുപോലെ കുടിശ്ശികക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാനും താല്പര്യങ്ങൾ സംരക്ഷിക്കാനും അവരുടെ ചിന്തയോടൊപ്പം നിൽക്കാനും കഴിയുംവിധത്തിലാണ് ഈ ഭേദഗതി ബിൽ സഭമുമ്പാകെ കൊണ്ടുവരാൻ

ലക്ഷ്യമിട്ടത്. കുടിശ്ശിക തുക ഗഡുക്കളാക്കി കൊടുത്തുകൊണ്ടുള്ള സർക്കാർ നിലപാട് സാധാരണക്കാരന് ആശ്വാസവും പ്രയോജനപ്രദവുമായിരുന്നു. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ജനങ്ങളുടെ പരാതികൾ കേട്ട് അവരുടെ പ്രശ്നങ്ങൾ എത്രയുംവേഗം പരിഹരിക്കണമെന്ന ലക്ഷ്യത്തോടെ നല്ലൊരു ശതമാനം ജനപ്രതിനിധികളും റവന്യൂ റിക്കവറിക്കുവേണ്ടി ഗവൺമെന്റിനെ സമീപിക്കാറുണ്ട്. ജനപ്രതിനിധികൾക്കുമാത്രമല്ല, ഏതൊരാൾക്കും ഏതൊരു വിഷമഘട്ടത്തിലും സമീപിക്കാൻ കഴിയും വിധത്തിലുള്ള അവസരം സ്റ്റേ ഉൾപ്പെടെയുള്ള ഈ നടപടികളിലുണ്ടായിരുന്നു എന്നാണ് ഇക്കാര്യം പരിശോധിച്ചപ്പോൾ മനസ്സിലായത്. HDFC (Housing Development Finance Corporation) ബാങ്ക് നൽകിയ ഒരു കേസിൽ സർക്കാരിന് ഗഡുക്കൾ അനുവദിക്കാൻ നിയമത്തിൽ വ്യവസ്ഥയില്ലെന്ന് ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ അപ്പീലിലും ഹൈക്കോടതി ഇതേ നിലപാടുതന്നെ തുടർന്നു. ഈ സാഹചര്യംകൂടി കണക്കിലെടുത്താണ് റവന്യൂ റിക്കവറി

നടപടികൾക്ക് സ്റ്റേ അനുവദിക്കൽ, മൊറട്ടോറിയം പ്രഖ്യാപിക്കൽ, സെറ്റിൽമെന്റ് സ്കീമുകൾ കൊണ്ടുവരൽ എന്നിവയെല്ലാം ഒരു നിയമഭേദഗതിയുടെ ഭാഗമായി കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ട് ഈ നിലപാട് സ്വീകരിച്ചത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ 2018-ലെ ഭീകരമായ പ്രളയവും അതിനുശേഷമുണ്ടായ കോവിഡും തകർത്തെറിഞ്ഞ സാമ്പത്തിക-സാമൂഹിക സ്ഥിതിവിശേഷമുള്ള കേരളത്തിൽ കുടിശ്ശികക്കാരനും അതുപോലെ കുടിശ്ശിക വന്നതിന്റെ പേരിൽ ദുരിതമനുഭവിക്കുന്ന സ്ഥാപനങ്ങൾക്കും സർക്കാരിനും amicable ആയ വിധത്തിൽ ഒരു നടപടിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ആക്ടിലെ 71-ാം വകുപ്പുപ്രകാരം റവന്യൂ റിക്കവറിക്കുവേണ്ടി സമീപിക്കുന്ന കുടിശ്ശികക്കാരുടെയും സ്ഥാപനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കാവുന്ന വിധത്തിൽ വ്യത്യസ്തങ്ങളായ ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബില്ലിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതി നിർദേശങ്ങൾ സ്വാഗതാർഹമാണ്. അവയെ

സ്വാഗതം ചെയ്യുന്നതോടൊപ്പം സബ്ജക്ട് കമ്മിറ്റിയിലോ ഇതിന്റെ ചർച്ചയിലോ വരേണ്ട പ്രധാനപ്പെട്ട ഒന്നുരണ്ടുകാര്യങ്ങൾ മാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ബോട്ട്-ഇൻ-ലാൻഡായി സർക്കാർ കൈവശം വച്ചിരിക്കുന്ന ഭൂമിയോ അതല്ലെങ്കിൽ അങ്ങ് പറഞ്ഞതുപോലെ ആക്ടിലെ സെക്ഷൻ 71 അനുസരിച്ച് സ്ഥാപനങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിന്മേലോ വായ്പയെടുത്തിരിക്കുന്ന വ്യക്തി അഞ്ചുവർഷത്തിനകം മരണപ്പെട്ടാൽ അവരുടെ അവകാശികൾക്ക് പ്രസ്തുത ഭൂമി തിരിച്ച് ലഭിക്കുന്നതിനുള്ള ഒരു പ്രൊവിഷൻ ഈ ഭേദഗതിയിൽ ഉൾപ്പെടുത്തിയാൽ നന്നായിരിക്കുമെന്ന നിർദേശമാണുള്ളത്. റവന്യൂ റിക്കവറി ആക്ടിൽ എപ്പോഴും ഭേദഗതിയുണ്ടാകാറില്ല. രണ്ടാമതായി, ലിമിറ്റേഷൻ ആക്ടുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്. ലിമിറ്റേഷൻ ആക്ട് പ്രകാരം ടൈംബാർ കഴിഞ്ഞ ക്ലെയിമുകൾക്ക് റവന്യൂ റിക്കവറി നിയമപ്രകാരം റവന്യൂ റിക്കവറി നടത്താൻ പാടില്ലെന്നാണ് വി. ആർ. കല്യാണിക്കുട്ടി കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചത്. ലിമിറ്റേഷൻ ആക്ട് എന്നത് ഒരു പ്രതിവിധി മാത്രമാണെന്നും

എന്നാൽ അത് പരിമിതപ്പെടുത്തിയിട്ടില്ലെന്നുമാണ് പിന്നീട് Bombay Dyeing and Manufacturing Co. Ltd. കേസ്സിൽ ഒരു വിധിയുണ്ടായത്. അതുകൊണ്ടുതന്നെ റിക്കവറി നടത്താനുള്ള അവകാശം നിലനിൽക്കുന്നുണ്ട്. സിവിൽ കോടതി മുഖേനയല്ലാതെ റവന്യൂ റിക്കവറി നടത്താനുള്ള ബദൽ സംവിധാനങ്ങളെക്കുറിച്ച് ഗവൺമെന്റുകൾ ആലോചിക്കണമെന്ന നിർദേശവും രണ്ടാമത്തെ കോടതി വിധിയിൽ വന്നിട്ടുണ്ട്. സാധാരണഗതിയിൽ ആദ്യത്തെ കോടതി വിധി നിലനിൽക്കുന്നതുകൊണ്ട് ലിമിറ്റേഷൻ ആക്ടുപ്രകാരം ടൈംബാർ കഴിഞ്ഞാൽ റിക്കവറി ചെയ്യാൻ സാധിക്കില്ല. പല ആളുകളും പലകാരണങ്ങൾകൊണ്ട് അതിൽനിന്നും രക്ഷപ്പെടുകയാണ് ചെയ്യുന്നത്. സിവിൽ കോടതി മുഖേനയല്ലാതെ റിക്കവറി നടത്താൻ ആൾട്ടർനേറ്റീവായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഗവൺമെന്റുകൾ സ്വീകരിക്കണമെന്നാണ് സുപ്രീകോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് റവന്യൂ റിക്കവറി ആക്ട് ഭേദഗതി ചെയ്യുന്ന ഈ അവസരത്തിൽ ഈ രണ്ടുകാര്യങ്ങൾ സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ പ്രസക്തമായ ചില കാര്യങ്ങളാണ് സൂചിപ്പിച്ചത്. ബോട്ട്-ഇൻ-ലാൻഡ് സ്ഥാവര വസ്തുക്കൾ ലേലം ചെയ്ത് കൂടിശ്ശിക ഈടാക്കുകയെന്ന ലക്ഷ്യംവച്ചുകൊണ്ട് ജപ്തിനടപടികളുമായി മുന്നോട്ടുപോകുമ്പോൾ ലേലം വിളിക്കാൻ ആളില്ലാതെ വരുന്ന ഘട്ടത്തിൽ നിലവിലുള്ള ആക്ട് പ്രകാരം 10 പൈസ നൽകി സർക്കാരിന്റെ പേരിൽ ഭൂമി ലേലം കൊള്ളുകയെന്ന സ്ഥിതിയാണുള്ളതെന്ന് എല്ലാവർക്കും അറിയാം. പിന്നീട് ഇത്തരം ഭൂമി പുറമ്പോക്ക് ആക്കി സർക്കാർ പ്രഖ്യാപിക്കുന്ന ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന നിലപാടുമാണ് കൈക്കൊണ്ടിട്ടുള്ളത്. എന്നാൽ ഭൂമി ഏറ്റെടുത്തതിനുശേഷം അധികകാലം ആകുന്നതിനുമുമ്പ് കൂടിശ്ശികക്കാരൻ ഏതെങ്കിലും വിധത്തിൽ പണം സമാഹരിച്ച് തിരിച്ചടയ്ക്കുമ്പോൾ ഭൂമി തിരികെ നൽകാനുള്ള ഒരു പ്രൊവിഷനും മുമ്പുണ്ടായിരുന്ന ആക്ടിൽ ഉണ്ടായിരുന്നില്ല. മാറിമാറിവന്ന സർക്കാരുകളെല്ലാം പ്രത്യേക സാഹചര്യമുപയോഗിച്ച് ക്യാബിനറ്റിൽവച്ച് മന്ത്രിസഭയിൽ അനുമതി നൽകുകയാണ് ചെയ്തുവന്നത്. ഇത് മറികടക്കാൻവേണ്ടിയാണ് ബോട്ട്-ഇൻ-

ലാൻഡായി പിടിച്ചെടുക്കപ്പെട്ട ഭൂമി അഞ്ചുവർഷക്കാലത്തേയ്ക്ക് ഏതെങ്കിലും വിധത്തിൽ വിൽക്കാനോ alter ചെയ്യാനോ പാടില്ലെന്ന നിർദേശത്തോടെ, ആ കാലയളവിൽത്തന്നെ പണമടച്ചാൽ കുടിശ്ശികക്കാരന് അത് തിരികെ നൽകാമെന്ന ആശയം മുന്നോട്ടുവയ്ക്കാൻ തീരുമാനിച്ചത്. അക്കാര്യം ഗൗരവതരമായ ഒരു ആശയമായി അങ്ങ് പറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. ബോട്ട്-ഇൻ-ലാൻഡ് വായ്പയായെടുത്ത വ്യക്തി മരണപ്പെട്ടതിനുശേഷം കുടിശ്ശിക തിരിച്ചടച്ചാൽ അവകാശികൾക്ക് ഭൂമി തിരികെ നൽകുക എന്നുള്ളത് ഒരു ശ്രമകരമായ ആശയമാണ്. തീർച്ചയായും സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ഇക്കാര്യംകൂടി ചർച്ച ചെയ്യുന്നതാണ്. വി. ആർ. കല്യാണിക്കുട്ടി കേസ്സുമായി ബന്ധപ്പെട്ട ലിമിറ്റേഷൻ ആക്ടിന്റെ കാര്യം സംബന്ധിച്ച് ഈ വിഷയത്തിന്റെ തുടക്കത്തിൽ ചർച്ച ചെയ്തിരുന്നു. ഒരിക്കൽക്കൂടി അങ്ങ് പറഞ്ഞ കാരണം പരിശോധിക്കാം. വി. ആർ. കല്യാണിക്കുട്ടി കേസ് യഥാർഥത്തിൽ മൂന്നാറിലെ WP(C).No.1801/2010 കേസ്സുപോലെ തുടരുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഒരു നിരീക്ഷണം നടത്തിയെന്നത്

ശരിയാണ്. പക്ഷേ അക്കാര്യത്തിൽ ലിമിറ്റേഷൻ ആക്ടുമായി ബന്ധപ്പെട്ട വിധി വന്നിട്ടില്ല. വി. ആർ. കല്യാണിക്കുട്ടി കേസ് ഇപ്പോഴും ബഹുമാനപ്പെട്ട സുപ്രീംകോടതി ബഞ്ചിന്റെ മുമ്പാകെയാണ്. വി. ആർ. കല്യാണിക്കുട്ടി കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി ഏതെങ്കിലും വിധത്തിലുള്ള നിയമപരമായ തീരുമാനമെടുത്താൽ, അത് തീർച്ചയായും ഇവിടെ നിലനിൽക്കുന്ന വിഷയവുമായി ബന്ധപ്പെട്ടും സ്വീകരിക്കാമെന്ന് നമുക്ക് നിലവിൽ തീരുമാനിക്കാം. പലിശനിരക്ക് കുറയ്ക്കുക എന്നത് ശ്രദ്ധേയമായ കാര്യമാണെന്ന് ശ്രീ. എൻ. കെ. അക്ബർ സൂചിപ്പിച്ചിരുന്നു. പലിശനിരക്ക് 12 ശതമാനത്തിൽനിന്നും 9 ശതമാനമായി മാറ്റിയിട്ടുണ്ടെന്ന് മാത്രമല്ല, മുമ്പ് ഏർപ്പെട്ടിരുന്ന കരാറിൽ പലിശനിരക്ക് 9 ശതമാനത്തിന് താഴെയാണെങ്കിൽ ആ നിരക്കിൽതന്നെ മുന്നോട്ടുപോകാൻ കഴിയുംവിധത്തിലാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഒരു ബോട്ട്-ഇൻ-ലാൻഡ് ഏറ്റെടുക്കുന്ന അവസരത്തിൽ, ഒരു ഭൂമി ആകെ ഏറ്റെടുക്കുക എന്നതിൽ മാറ്റം വരുത്തുകയും 2013-ലെ LARR Act (Land Acquisition, Rehabilitation and Resettlement Act)-ലെ വകുപ്പുകൾ 26(ബി), 27

എന്നിവപ്രകാരം ഒരു വില നിശ്ചയിച്ച് അതുമാത്രം ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുത്താൽ മതിയെന്ന ഒരു നിർദ്ദേശം ആക്ടിലെ വകുപ്പ് 50 എ-യുടെ തുടർച്ചയായി വ്യക്തമാക്കുന്നുണ്ട്. റവന്യൂ നടപടികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ബോട്ട്-ഇൻ-ലാൻഡ് ആകുന്നതിനുമുമ്പ് അറ്റാച്ച് ചെയ്തിരിക്കുന്ന ഒരു ഭൂമി മറ്റൊരു വ്യക്തിക്ക് വിൽപന നടത്താൻ നിർവാഹമില്ല. ജപ്തി ചെയ്താൽ പണം തിരിച്ചടയ്ക്കുക മാത്രമെ നിവൃത്തിയുള്ളൂ. ഭൂമി വാങ്ങാനാഗ്രഹിക്കുന്ന ആളുണ്ടെങ്കിൽപോലും വിൽപന നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആ ഘട്ടത്തിൽ വിൽപന നടത്താൻ സാധിച്ചാൽ ഭൂഉടമയും ഭൂമിയേറ്റെടുക്കാൻ തയ്യാറായി വരുന്ന വ്യക്തിയും തമ്മിൽ ഒരു കരാറുണ്ടാക്കി ജില്ലാ കളക്ടറെ സമീപിച്ചാൽ ആ ഭൂമി വിൽപന ചെയ്ത് പണമടയ്ക്കാനുള്ള സൗകര്യം ഒരുക്കുകയും, ടി പണമടച്ചാൽ ആ ഭൂമി തിരിച്ചുകൊടുക്കാൻ കഴിയുംവിധത്തിലുമുള്ള ഒരു ഭേദഗതിയാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നിരവധി പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിച്ചു. സർവീസ് ചാർജടക്കമുള്ള കാര്യങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ഗൗരവമായി ചർച്ച ചെയ്ത്

തീരുമാനമെടുക്കുന്നതാണ്. നിശ്ചിതമായ ഒരു കാലഘട്ടത്തിനുള്ളിൽ നടപ്പിലാക്കണം എന്ന കാര്യത്തിൽ ഈ നിയമത്തിൽതന്നെ അതുമായി ബന്ധപ്പെട്ട വകുപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രത്യേക ഫോറത്തിൽ അപേക്ഷ കൊടുക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിക്കേണ്ടതുണ്ട്. എന്നാൽ പ്രസ്തുത വിഷയങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചാൽ മാത്രമെ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളു എന്നതിനാൽ അതിനെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ വിശദീകരിക്കുന്നില്ല. വില്ലേജുകളിൽ ഭദ്രമായ വിധത്തിൽ ആളുകളുടെ എണ്ണം ഉണ്ടാകണം എന്നതന്നെയാണ് വകുപ്പിന്റെ അഭിപ്രായം. അതിനുവേണ്ടി പരമാവധി പരിശ്രമിക്കുന്നുണ്ട്. റവന്യൂ ഒരു സേവന വകുപ്പായതുകൊണ്ട് ഓരോ ഘട്ടത്തിലും ചുമതലകൾ വർധിക്കുകയാണ്. കോവിഡ് കാലത്ത് മരണപ്പെട്ടവരുടെ കുടുംബത്തിന് എക്സ്ഗ്രേഷ്യ ആയി അമ്പതിനായിരം രൂപവീതം നൽകാൻ തീരുമാനിച്ചപ്പോൾ ഒരു ഘട്ടത്തിൽ അതിന്റെ പൂർണമായ ചുമതല റവന്യൂ വകുപ്പിന്റെ വില്ലേജുതലം വരെയുള്ള ഉദ്യോഗസ്ഥർ ഏറ്റെടുക്കേണ്ടിവന്നു. കോവിഡ് കാലത്ത് കേരളത്തിൽ ഒരു

ആഴ്ചയിൽ ഞായറാഴ്ചയടക്കമുള്ള ദിവസങ്ങളിൽ പൂർണമായും ആരും വീടുകളിൽനിന്ന് പുറത്തിറങ്ങാൻ പാടില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് തീരുമാനമെടുക്കുമ്പോൾ '..സംസ്ഥാനത്തെ ചീഫ് സെക്രട്ടറിമാർ, റവന്യൂ ഉദ്യോഗസ്ഥന്മാർ ഒഴികെ..' എന്ന് തീരുമാനമെടുക്കേണ്ടി വന്നിരുന്നു. കാരണം ബഹുമാനപ്പെട്ട സുപ്രീംകോടതി, എന്തുകൊണ്ടാണ് മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾ തങ്ങൾക്ക് ലഭിക്കേണ്ട പണത്തെ സംബന്ധിച്ച് അപേക്ഷ കൊടുക്കാത്തതെന്ന് ചോദിക്കുകയും അപേക്ഷ കൊടുക്കൽ ഉൾപ്പെടെയുള്ള ഉത്തരവാദിത്വം റവന്യൂ വകുപ്പ് ഏറ്റെടുക്കണമെന്ന് പറയുകയും ചെയ്തു. ഇത്തരത്തിൽ നിരവധി ചുമതലകൾ വഹിക്കേണ്ടതുകൊണ്ടാണ് റവന്യൂ വകുപ്പിന്റെ സേവനങ്ങൾ സമ്പൂർണമായും ഡിജിറ്റൽ ആക്കണമെന്ന ആശയം സ്വീകരിക്കാനുള്ള സ്ഥിതിയുണ്ടായത്. അതനുസരിച്ച് കേരളത്തിലെ റവന്യൂ വകുപ്പിന്റെ പൂമുഖപ്പടിവാതിൽ എന്ന് വിശേഷിപ്പിക്കാവുന്ന വില്ലേജ് ഓഫീസുകൾ സമ്പൂർണമായി സ്മാർട്ട് ആക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഏകദേശം 680-ഓളം വില്ലേജ് ഓഫീസുകൾ കഴിഞ്ഞ രണ്ട് സർക്കാരുകളുടെ കാലത്തായി സ്മാർട്ടാക്കാനുള്ള

പരിശ്രമങ്ങൾ നടത്തുകയും 80 ശതമാനത്തിലേറെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ബാക്കിയുള്ളത് നബാർഡ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെ ഏകോപിപ്പിച്ച് എത്രയുംവേഗം പൂർത്തിയാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് 62/2022 നമ്പർ സർക്കാർ ഉത്തരവുപ്രകാരം എം.എൽ.എ.-മാർക്ക് വില്ലേജ് ഓഫീസുകളെയും താലൂക്ക് ഓഫീസുകളെയും സ്മാർട്ടാക്കാനും അവിടത്തെ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി സ്പെഷ്യൽ ഫണ്ട് ഉപയോഗിക്കാമെന്ന് നിശ്ചയിച്ചപ്പോൾ നല്ലൊരു ശതമാനം എം.എൽ.എ.-മാരും അതിന് തയ്യാറായത് കൃത്യ ഒഴിവാക്കി ഏറ്റവും വേഗത്തിൽ ആ നടപടിക്രമങ്ങൾ പൂർത്തീകരിക്കണം എന്നുള്ളതുകൊണ്ടാണ്. അത്തരത്തിൽ ആ നടപടികൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. പി. ഉബൈദുള്ള: സർ, സർക്കാർ കുടിശ്ശിക ഒരു ലക്ഷം രൂപയും ബാങ്ക് കുടിശ്ശിക മൂന്ന് ലക്ഷം രൂപവരെയുമാണ് സ്റ്റേ നൽകാനും ഇൻസ്റ്റാൾമെന്റ് കൊടുക്കാനും കളക്ടർമാർക്ക് അധികാരമുള്ളത്. സർക്കാർ കുടിശ്ശിക മൂന്ന് ലക്ഷം രൂപയും ബാങ്ക് കുടിശ്ശിക അഞ്ച് ലക്ഷം രൂപയുമാക്കി

പരിഷ്കരിക്കുമോ; നിലവിൽ ഇൻസ്റ്റാൾമെന്റുകളുടെ കാര്യത്തിൽ 20 എണ്ണത്തിനു മാത്രമാണ് കളക്ടർമാർക്ക് അധികാരമുള്ളത്. അതിൽ വർധനവ് വരുത്തുന്നത് ജനങ്ങൾക്ക് ഏറെ സൗകര്യപ്രദമാകും. ആ രീതിയിൽ മാറ്റം വരുത്താൻ സാധിക്കുമോ?

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഈ ബില്ലിൽ പലയിടത്തും 'ഗവൺമെന്റ്' എന്ന പദം ഉപയോഗിച്ചിട്ടുണ്ട്. അത് സ്റ്റേറ്റ് ഗവൺമെന്റ് ആണോ സെൻട്രൽ ഗവൺമെന്റ് ആണോ എന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ സൂചിപ്പിച്ച ഒന്നുരണ്ട് വിഷയങ്ങളെ സംബന്ധിച്ച് മറുപടി പറഞ്ഞതിനുശേഷം മറ്റ് രണ്ട് അംഗങ്ങൾക്കുള്ള മറുപടി നൽകുന്നതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് വളരെ ഗൗരവമായ പ്രശ്നത്തെക്കുറിച്ച് അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇന്നുതന്നെ ഈ വിഷയം ചർച്ച ചെയ്യാൻ കഴിഞ്ഞത് നന്നായി. കാരണം, ജൂലൈ ഒന്നാം തീയതിയായ ഇന്നുമുതൽ ഭൂമി തരം മാറ്റലുമായി ബന്ധപ്പെട്ട പുതിയ ഒരു നടപടിക്രമത്തിലേയ്ക്ക് കേരളം കടക്കുകയാണ്. ആർ.ഡി.ഒ./സബ് കളക്ടർ തലത്തിലുള്ള 27 പേർക്ക് മാത്രം ഭൂമി തരം മാറ്റൽ

നടപടികളിൽ ഇടപെടാൻ കഴിഞ്ഞിരുന്ന സ്ഥാനത്ത് ജൂലൈ ഒന്നുമുതൽ 71 ഉദ്യോഗസ്ഥർക്കുകൂടി ചുമതല നല്കുന്ന പുതിയൊരു സംവിധാനം കൊണ്ടുവരാൻ കേരളത്തിന് സാധ്യമായി എന്നുള്ളത് ഒരു ചുവടുവയ്പായി കാണാവുന്നതാണ്. ഈ നടപടി ആരംഭിക്കാൻ എട്ടുമാസത്തോളം കാലതാമസമുണ്ടായത് ഈ സഭ പാസ്സാക്കാത്തതുകൊണ്ടല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉൾപ്പെടെ മറ്റെല്ലാ അംഗങ്ങളും അനുകൂലിച്ചതുകൊണ്ടാണ് ആർ.ഡി.ഒ. എന്ന പദം നിർവചിക്കാൻ നിയമസഭ ഐകകണ്ഠ്യേന തീരുമാനിച്ചത്. ആർ.ഡി.ഒ. (റവന്യൂ ഡിവിഷണൽ ഓഫീസർ) എന്നാൽ ഡെപ്യൂട്ടി കളക്ടറിൽ കുറയാത്ത, സർക്കാർ നിശ്ചയിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നാണ്. നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി ഏഴുമാസം കഴിഞ്ഞിട്ടും അത് അനുവദിച്ച് ലഭ്യമായില്ലെന്ന കാര്യവും അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പിറ്റേദിവസമാണ് അത് സാധ്യമാകുന്നത്. മാതൃകാ പെരുമാറ്റച്ചട്ടം കഴിഞ്ഞയുടൻ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിരുന്നു. 71 കേന്ദ്രങ്ങളിലായി ഭൂമി തരംമാറ്റൽ നടപടികൾ

ആരംഭിക്കുന്നതോടെ വളരെ ഗൗരവമായി, വേഗതയോടുകൂടി നടപടികൾ പൂർത്തീകരിക്കാൻ സാധിക്കും.

മി. സ്പീക്കർ: 71 കേന്ദ്രങ്ങൾ എന്നുദ്ദേശിക്കുന്നത് എവിടെയാണ്?

ശ്രീ. കെ. രാജൻ: സർ, 78 താലൂക്കുകളിലായാണ് 71 കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. സാധാരണനിലയിൽ ഒരു താലൂക്കിന് ഒരു ഉദ്യോഗസ്ഥൻ എന്ന രീതിയാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ കുറഞ്ഞ സംവിധാനങ്ങളുള്ള ചില ചെറിയ താലൂക്കുകളിൽ രണ്ട് താലൂക്കിന് ഒരു ഉദ്യോഗസ്ഥൻ എന്ന രീതിയിലും നിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി നടപടിക്രമങ്ങൾ വളരെ വേഗതയിൽ നടപ്പിലാക്കാൻ സാധിക്കും. ഭൂമി തരംമാറ്റലുമായി ബന്ധപ്പെട്ട് സ്വകാര്യ ഏജൻസികൾ പലയിടങ്ങളിലും പലവിധത്തിലുള്ള പ്രചാരണങ്ങൾ നടത്തി ആളുകളെ ബോധപൂർവ്വം കബളിപ്പിച്ച് ഈ രംഗത്ത് ഇടപെടാനുള്ള പരിശ്രമം നടത്തുന്നുണ്ട്. നിയമപരമായി നടക്കുന്ന ഒരു സംവിധാനമല്ലാത്തതിനാൽ സർക്കാർമാത്രം വിചാരിച്ചാൽ അത് തടയാൻ സാധിക്കില്ല. ഇക്കാര്യത്തിൽ വേണ്ടവിധത്തിലുള്ള ഇ-നോളഡ്ജ് ഇല്ലാത്ത ആളുകളെ മുതലെടുത്തുകൊണ്ട്

സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾപോലും അറിയാത്തവിധം അപേക്ഷകളും മറ്റും എഴുതിക്കൊടുക്കാൻ സഹായിക്കുന്ന രീതിയിൽ ഓൺലൈനായി നടപടിക്രമങ്ങൾ ചെയ്തുകൊടുക്കാമെന്ന വ്യാജേന അവരെ കബളിപ്പിക്കുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. അത് ഒരു കാരണവശാലും അംഗീകരിച്ചുകൊടുക്കാനാവില്ല. അക്കാര്യത്തിൽ ശക്തമായ ഇടപെടലുണ്ടാകും. പ്രസ്തുത വിഷയത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ പിന്തുണകൂടി ആവശ്യമുണ്ടെന്ന് അഭ്യർഥിക്കുന്നു. വില്ലേജ് ഓഫീസുകളിൽ നടക്കുന്ന മാറ്റങ്ങളെക്കുറിച്ച് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പ്രതിപാദിച്ചിരുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, ഭരിക്കുന്ന രാഷ്ട്രീയ കക്ഷിയുടെ പിൻബലമുള്ളതുകൊണ്ട് പഞ്ചായത്തുകളിൽ അവരെ നിയന്ത്രിക്കാൻ ഒരു രാഷ്ട്രീയ കേന്ദ്രമുണ്ട്. റവന്യൂ വകുപ്പുകളിൽ അങ്ങനെയൊരു രാഷ്ട്രീയ കേന്ദ്രമില്ല. നിയന്ത്രിക്കാൻ ജനപ്രതിനിധികളുടെ സാന്നിധ്യമില്ല. അതുകൊണ്ടാണ് എല്ലാ മൂന്നാമത്തെ വെള്ളിയാഴ്ചകളിലും ഉച്ചയ്ക്കുശേഷം മൂന്നുമണിക്ക് കേരളത്തിലെ എല്ലാ വില്ലേജ് ഓഫീസുകളിലും എം.എൽ.എ.-മാരുടെയും നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ

കക്ഷികളുടെയും വില്ലേജുതല ജനകീയ സമിതികൾ രൂപീകരിക്കാൻ നിശ്ചയിച്ചത്. എല്ലാ വില്ലേജുകളിലും എം.എൽ.എ.-യുടെ ഒരു പ്രതിനിധിയെങ്കിലും ആ യോഗത്തിൽ പങ്കെടുക്കണമെന്ന് ഞാൻ നെഞ്ചിൽ കൈവച്ച് ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർഥിക്കുന്നു. എത്ര യോഗങ്ങളിൽ നിങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെന്ന് പരിശോധിക്കാനും അവിടെ ഉയർന്നുവരുന്ന ചർച്ചകൾ ഏതെങ്കിലും വിധത്തിൽ അറിയിക്കാനും സാധിച്ചാൽ വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. റവന്യൂ റിക്കവറി നടപടികൾ വേഗത്തിലാക്കുന്നതിനായി ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു അവാർഡ് നൽകുന്നുണ്ട്. അവാർഡുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ആ ഘട്ടത്തിൽ ആലോചിക്കുന്നതാണ്. കുടിശ്ശികയുമായി ബന്ധപ്പെട്ട് കളക്ടർമാർക്ക് സ്റ്റേ നൽകാനുള്ള അധികാരത്തെക്കുറിച്ചും ഇൻസ്റ്റാൾമെന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടും അതിന്റെ തവണകൾ വർധിപ്പിക്കുന്നതിനെക്കുറിച്ചും ശ്രീ. പി. ഉബൈദുള്ള സൂചിപ്പിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്

പ്രകാരം തഹസീൽദാർക്ക് പരമാവധി പത്ത് ഗഡുക്കളും 25,000 രൂപ വരെയും, ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപ സർക്കാർ കുടിശ്ശികയും രണ്ടുലക്ഷം വരെ സ്വകാര്യ ബാങ്കുകളുടെ കുടിശ്ശികയും, റവന്യൂ വകുപ്പുമന്ത്രിക്ക് 5 ലക്ഷം രൂപ വരെയും ധനകാര്യ വകുപ്പുമന്ത്രിക്ക് 5 ലക്ഷം മുതൽ 10 ലക്ഷം വരെയും അതിനുമുകളിൽ വരുന്ന തുകയ്ക്ക് മുഖ്യമന്ത്രിയുടെയും കാബിനറ്റിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലും എന്ന നിലയ്ക്കാണ് ക്രമീകരിച്ചിട്ടുള്ളത്. 1968-ലെ ചട്ടങ്ങളുടെ ഭാഗമായി ഈ ബിൽ പാസ്സായിക്കഴിഞ്ഞാൽ, അതിന്റെ ചട്ടങ്ങളിൽ നോട്ടിഫൈ ചെയ്യാൻ കഴിയുംവിധം ആധികാരികമായി നമുക്ക് നടപടിക്രമങ്ങൾ ഉറപ്പിക്കാൻ സാധിക്കും. ആ ഘട്ടത്തിൽ അതിൽ ഇടപെടുകയും ചെയ്യാം. ശ്രീ. പി. വി. ശ്രീനിജൻ സൂചിപ്പിച്ചതുപോലെ 'ഗവൺമെന്റ്' എന്നത് ഡിഫൈൻ ചെയ്യുമ്പോൾ അക്കാര്യം കൃത്യതയോടുകൂടി ബോധ്യപ്പെടുത്തുന്നതാണ്. ഇവിടെ റവന്യൂ റിക്കവറിയുമായി ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ സർക്കാരിന്റെയോ സ്വകാര്യമേഖലയുടെയോ മധ്യത്തിലുള്ള ഒരു ഉദ്യോഗസ്ഥനായി പ്രവർത്തിക്കുകയാണ്. താലൂക്ക് ലാൻഡ് ബോർഡുകളുടെ

ചെയർമാൻമാർ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരാണെങ്കിലും അവർക്ക് പ്രത്യേക നിയമ പിന്തുണ ലഭ്യമാകുന്നുവെന്ന് പറയുന്നതുപോലെ സർക്കാർ കൊടുക്കാനുള്ള പണമാണെങ്കിലും അതുകൂടി പിരിച്ചെടുക്കാൻ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഉത്തരവാദിത്വമുണ്ട് എന്നുള്ളതുകൊണ്ടാണ് സർക്കാരും സെക്ഷൻ 71 പ്രകാരമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഇത്തരമൊരു സൗകര്യമൊരുക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ബാക്കിയുള്ള കണക്കുകളെക്കുറിച്ച് പിന്നീട് വിശദീകരിക്കാം. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇത് ആറാമത്തെ നിയമഭേദഗതിയാണ്. നമ്മുടെ അംഗങ്ങൾക്കിടയിൽ തർക്കമില്ലാതെ, എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന ഒരു പൊതുവായ ഭേദഗതിയായി ഇതിനെ മാറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ ഭൂപതിവ് നിയമത്തിലെ ഭേദഗതിയും നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ ഭേദഗതിയും മണൽ വാരലുമായി ബന്ധപ്പെട്ടും പത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട അന്യവിറ്റിയുടെ മാറ്റത്തിനുവേണ്ടിയും KBT (Kerala Building Tax)-യുടെ വിവിധങ്ങളായ വിഷയങ്ങൾ തുടങ്ങിയവ

സംബന്ധിച്ച ഭേദഗതികളും ഈ സഭയിൽ അവതരിപ്പിച്ചതുപോലെ തന്നെ ഈ കാലഘട്ടം ചർച്ച ചെയ്യേണ്ട ഏറ്റവും ഗൗരവതരമായ ബില്ലാണ് ഈ സഭയുടെ മുമ്പാകെ ഇന്ന് അവതരിപ്പിക്കുന്നത്. സ്വകാര്യ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളിൽനിന്നും കമ്പനികളിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവരുടെ ഭൂമിയും സ്ഥാപനങ്ങളും ഏകപക്ഷീയമായി പിടിച്ചുകൊടുക്കാൻ വ്യവസ്ഥയുള്ള സർഫാസി ആക്ട് പാസ്സാക്കിയ നാടാണ് ഇന്ത്യ. കോടതി നിയമിക്കുന്ന ഒരു കമ്മീഷണറുടെ സാന്നിധ്യത്തിൽ, ഭൂമിയിൽ ഒരു ബോർഡ് വച്ചുകൊണ്ട് ഇത്തരം സ്ഥാപനങ്ങൾക്ക് ഭൂമിയുടെ കൈവശാവകാശം ഉണ്ടാപിരിവ് പോലെ ഏറ്റെടുത്ത് നൽകാൻ അവസരം കൊടുക്കുകയും കുടിശ്ശികക്കാരന് ഭൂമി തിരികെ ലഭിക്കാൻ യാതൊരു വ്യവസ്ഥകളുമില്ലാത്ത വിധത്തിൽ സൃഷ്ടിക്കുകയും ചെയ്ത ഒരു നിയമമാണ് നമ്മുടെ തലയ്ക്കുമീതെ നിൽക്കുന്നത്. ആ നിയമങ്ങളിൽനിന്ന് വ്യത്യസ്തമായി ആരാണോ കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യപ്പെടുന്നത് അവർക്ക് അത് പിരിച്ചുകൊടുക്കാൻ കഴിയുകയും എന്നാൽ ജീവിതത്തിന്റെ പ്രയാസങ്ങൾകൊണ്ടുമാത്രം

കുടിശ്ശികക്കാരനായി മാറേണ്ടിവരികയും ചെയ്ത ഒരു മനുഷ്യനാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവരെക്കൂടി സഹായിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു ബില്ലാണ് ഇന്ന് സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. ഭൂമിയിൽ നിന്ന് ഈടാക്കേണ്ട പൊതുനികുതി കുടിശ്ശികയുടെ ഒരു വർഷത്തെ പലിശനിരക്ക് 12 ശതമാനത്തിൽനിന്ന് 9 ശതമാനമായി കുറയ്ക്കുകയും 9 ശതമാനത്തിൽ താഴെയാണെങ്കിൽ ആ വിധത്തിൽ മാത്രമെ പണം ഒടുക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിക്കുകയും അറ്റാച്ച്മെന്റ് കഴിഞ്ഞ ഭൂമി ബോട്ട്-ഇൻ-ലാൻഡ് ആകുന്നതിനുമുമ്പ് വില്പന നടത്താനുള്ള അവസരം കൊടുക്കുകയും ബോട്ട്-ഇൻ-ലാൻഡായി മാറിയാൽപ്പോലും അഞ്ചുവർഷത്തേയ്ക്ക് പ്രത്യേക പരിരക്ഷ കൊടുത്ത് അയാളെ സഹായിക്കുകയും ചെയ്യും വിധത്തിലുള്ള ഒരു ഭേദഗതിയാണ് സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം

ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. കെ. അക്ബർ, 2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എൻ. കെ. അക്ബർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2024-ലെ കേരള നികുതി വസൂലാക്കൽ (ഭേദഗതി) ബിൽ ഭ്രനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

ഓർഡർ.....ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ജൂലൈ മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.34-ന് പിരിഞ്ഞു.)

* * * * *

അനുബന്ധം 1

ചോദ്യം നമ്പർ 5(*335)-ന്റെ (എ) പിരിവിന്റെ ഉത്തരത്തിന് ബഹു. ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

തുക കോടിയിൽ (Provisional)

സാമ്പത്തിക വർഷം	ജി.എസ്.ടി ബജറ്റ് എസ്റ്റിമേറ്റ് /പുതുക്കിയ എസ്റ്റിമേറ്റ്	ജി.എസ്.ടി നികുതി വരുമാനം	കൈവരിച്ച ശതമാനം	നോൺ ജി.എസ്.ടി ബജറ്റ് എസ്റ്റിമേറ്റ് /പുതുക്കിയ എസ്റ്റിമേറ്റ്	നോൺ ജി.എസ്.ടി നികുതി വരുമാനം	കൈവരിച്ച ശതമാനം
2021-22	24351.25	23985.29	98.50	22963.31	22446.05	97.75
2022-23	30238	29195.3	96.55	24965.07	26775.01	101.25
2023-24	32595.78	30944.48	94.93	27889.33	27626.61	99.06
2024-25 (മേയ് 2024 വരെ)	35874.63	5546.42	15.46	30267.72	2711.07	8.96

അനുബന്ധം 2

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗ്

6 (*336) ശ്രീ. മുരളി പെരുനെല്ലി:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളത്തിന് നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. രാജ്യങ്ങളെ ബിസിനസ് അന്തരീക്ഷത്തെ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നതിനായി ലോക ബാങ്ക് ആരംഭിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (EoDB) എക്സർസൈസ് പ്രകാരം, 2014 മുതൽ, കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിനുകീഴിലുള്ള

ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT), സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും നടപ്പിലാക്കുന്നതിനായി സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ഈ ഉദ്യമത്തിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. കഴിഞ്ഞ ആറ് വർഷത്തിനിടെ, ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) സംസ്ഥാനങ്ങളിൽ നടപ്പിലാക്കാനായി നല്കുന്ന പരിഷ്കരണ ശിപാർശകൾ നടപ്പാക്കുന്നതിൽ, 2016-ൽ 22.8 ശതമാനം എന്ന സ്കോറിൽനിന്ന്, 2022-ൽ 91 ശതമാനം എന്ന സ്കോറിലേയ്ക്ക്, ഗണ്യമായ വർദ്ധന, സംസ്ഥാനം കൈവരിച്ചിട്ടുണ്ട്. ഇതിലൂടെ രാജ്യത്തെ വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ റാങ്ക് 28-ൽനിന്നും 15-ലേയ്ക്ക് ഉയർന്നിട്ടുണ്ട്.

(ബി) വ്യവസായ സൗഹൃദ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ ലക്ഷ്യം എന്താണ്; പ്രസ്തുത ലക്ഷ്യം നേടുന്നതിനായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

വ്യവസായ സൗഹൃദ റാങ്കിംഗിൽ ഏറ്റവും മുന്നിലെത്തുക എന്നതാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും ഉത്പാദനവും തൊഴിലും വർധിപ്പിക്കുന്നതിനുമായി സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വ്യവസായ വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനാണ് ലക്ഷ്യമിടുന്നത്.

സംയോജിത ശ്രമങ്ങളിലൂടെ പ്രോത്സാഹനാത്മകമായ ബിസിനസ്സ് അന്തരീക്ഷം നിർമ്മിച്ചെടുക്കുക, അതിനാവശ്യമായ നിയമ പരിഷ്കാരങ്ങൾ, നിക്ഷേപകരുമായുള്ള ഇടപാടുകൾ നവീനമാക്കുന്ന ഡിജിറ്റൽ പരിഷ്കാരങ്ങൾ, പരാതി പരിഹാര സംവിധാനങ്ങൾ എന്നിവ ഒരുക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുക തുടങ്ങിയ കാര്യങ്ങളാണ് വ്യവസായ സൗഹൃദ റാങ്കിംഗിന്റെ ഭാഗമായി സംസ്ഥാനം ലക്ഷ്യമിടുന്നത്. അത്തരത്തിൽ വ്യവസായ സൗഹൃദ സൂചികയിലെ സ്ഥാനം മെച്ചപ്പെടുത്തുന്നതിലൂടെ, കൂടുതൽ നിക്ഷേപകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. ഇതിനായി കേന്ദ്രസർക്കാർ പുറത്തിറക്കുന്ന സ്റ്റേറ്റ് ബിസിനസ് റിഫോംസ് ആക്ഷൻ പ്ലാനിൽ (SBRAP) നിർദ്ദേശിച്ചിരിക്കുന്ന പരിഷ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനം നടപ്പിലാക്കാറുണ്ട്. വിവിധ വകുപ്പുകളുടെ പരിധിയിൽ, വിവിധ മേഖലകളിലായി, വ്യാപിച്ചുകിടക്കുന്ന ഇത്തരം പരിഷ്കരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ ബിസിനസ് അന്തരീക്ഷത്തെ മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്നു. ഇതിനായി വിവിധ വകുപ്പുകളുമായി ചേർന്ന് പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുള്ള പദ്ധതികൾ

തയ്യാറാക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങളുടെ വിശദ വിവരങ്ങൾ ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇൻറ്റേണൽ ട്രേഡിന് (DPIIT), സമയബന്ധിതമായി സമർപ്പിക്കുകയും ചെയ്തുവരുന്നു.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള നിയമഭേദഗതികൾ വ്യവസായ സൗഹൃദ റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുന്നതിന് സംസ്ഥാനത്തിന് സഹായകമായിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം മെച്ചപ്പെടുത്തുന്നതിനായി വിവിധ നിയമനിർമ്മാണങ്ങളും നിയമഭേദഗതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച്

വർഷമാക്കി ഉയർത്തുകയും, അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് കൈപ്പറ്റ് സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപ്പറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും

നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാനും അഭിപ്രായ സർവേ എന്നത് ഒരു പ്രധാന മാനദണ്ഡമായിവരുന്ന ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കുവാനും സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ട്.

(ഡി) ഇതിലൂടെ കൈവരിച്ച പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ വ്യവസായ

സൗഹൃദ സൂചിക നിശ്ചയിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനം നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ ഒട്ടനവധിയാണ്. മേൽ സൂചിപ്പിച്ച പരിഷ്കരണ പ്രവർത്തനങ്ങളിലൂടെ ഉണ്ടായിട്ടുള്ള ഇത്തരം പുരോഗതികൾ സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വ്യവസായിക വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്താൻ നടപടി

7 (*337) ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. പി. വി. അൻവർ:

ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് സേവന മേഖലയിലെ നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

ഇന്റലിജൻസ് വിഭാഗം ക്രിയാത്മകമായി പ്രവർത്തിച്ചുവരുന്നു. AI അടക്കമുള്ള (BIFA അഥവാ Business Intelligence & Fraud Analytics) നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ, നിരന്തരമായ അനുസരണ ആസൂത്രണം വഴി നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും, നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സെർച്ച്/ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു.

(ബി) പ്രസ്തുത മേഖലയിൽ നികുതിവെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ?

വിവരസാങ്കേതികവിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, ഇൻഫോർമേഴ്സ്, പരാതികൾ എന്നിവയിലൂടെയും ലഭിക്കുന്ന നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ വകുപ്പ് കൃത്യമായി

അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പ് വരുത്തി സെർച്ച്/ഇൻസ്പെക്ഷൻ നടത്തി പെനാൽറ്റിയും നികുതിയും ഈടാക്കുന്നു.

(സി) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിനെ സംബന്ധിച്ച് സേവന മേഖല താരതമ്യേന ഒരു പുതിയ മേഖലയാണ് എന്നതിനാൽ നികുതി പിരിവ്, നികുതി വെട്ടിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വകുപ്പിലെ ഇന്റലിജൻസ്&എൻഫോഴ്സ്മെന്റ് വിഭാഗം സേവന മേഖലയിൽ വിശദമായി പരിശോധനകൾ നടത്തുകയും ഗണ്യമായ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തുകയും ആയതുപ്രകാരം മുൻ സാമ്പത്തിക വർഷത്തിൽ ഏകദേശം 800 കോടി രൂപയിലധികം സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവ്, നികുതി വെട്ടിപ്പ് തടയൽ തുടങ്ങിയ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്ത സാഹചര്യം നിലവിലില്ല. സേവന മേഖലയിൽ കർശന പരിശോധനകൾ നടന്നുവരികയാണ്.

പരമ്പരാഗത വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ നടപടി

8 (*338) ശ്രീ. സി.സി. മുകുന്ദൻ:

ശ്രീ. വി. ശശി:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിലെ ആകെ തൊഴിലാളികളിൽ ഗണ്യമായ പങ്ക് ജോലി ചെയ്യുന്ന പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങളാരംഭിക്കുന്നതിന് വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകരുൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ പരിഗണന നൽകിക്കൊണ്ട് ഒറ്റത്തവണ സഹായം നൽകാനുമായി 'ആശ' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

പരമ്പരാഗത ആർട്ടിസാൻമാരെ ഒരു കുടയ്ക്കുകീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി 'ആർട്ടിസാൻ ലേബർ ഡേറ്റാബാങ്ക്'' എന്ന പദ്ധതി കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കാഡ്കോ) മുഖാന്തരം നടപ്പിലാക്കുന്നുണ്ട്. 19,612 ആർട്ടിസാന്മാർ ലേബർ ഡാറ്റാ ബാങ്കിൽ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആർട്ടിസാൻമാരെ ന്യായമായി വേതന വ്യവസ്ഥകളോടെ സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിനും അതുവഴി അവരവരുടെ താമസസ്ഥലത്തിന് അടുത്തുതന്നെയുള്ള തൊഴിൽ ലഭ്യത പരമാവധി ഉപയോഗപ്പെടുത്തുന്നതിനുമുള്ള പദ്ധതിയായാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

കയർ വ്യവസായ രംഗത്ത് യന്ത്രവൽക്കരണവും ആധുനികവൽക്കരണവും നടപ്പാക്കുന്നതോടൊപ്പം തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിക്കുന്നതിന് രണ്ടാം കയർ പുനഃസംഘടനവഴി കഴിഞ്ഞു. കയർ മേഖലയുടെ പുനരുദ്ധാരണത്തിനും

തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി.

കേരള സംസ്ഥാന ബാംബൂ മിഷൻ മുള, കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിന് അടിസ്ഥാന പരിശീലനം നൽകുന്നുണ്ട്. നൈപുണ്യ വികസനം, ഡിസൈൻ ഡെവലപ്മെന്റ്, വർക്ക്ഷോപ്പുകൾ, ദേശീയ അന്തർ ദേശീയ വിപണനമേളകളിൽ കേരള കരകൗശലക്കാരെ പങ്കെടുപ്പിക്കുക, സംരംഭകത്വ പ്രോത്സാഹനങ്ങൾ നൽകുക, മുള ഉത്പന്നങ്ങളുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കുക തുടങ്ങിയവയും മിഷൻവഴി നടപ്പാക്കുന്നു.

കൈത്തറി മേഖലയിൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിലൂടെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം കൈത്തറി മേഖലയിൽ യുവതീ-യുവാക്കളെ ആകർഷിക്കുന്ന യുവവീവ് പദ്ധതി നടപ്പിലാക്കിവരുന്നു.

കളിമൺ ഉൽപ്പന്ന നിർമ്മാണത്തിന് സഹായവും പ്രോത്സാഹനവും നൽകുന്നതിന്, കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന

ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC) ചെറുകിട നിർമ്മാതാക്കൾക്ക് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നു.

സംസ്ഥാനത്തെ കയർ, കശുവണ്ടി, കൈത്തറി വ്യവസായ മേഖലകൾ നിലവിൽ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങളും പ്രതിസന്ധികളും സാധ്യതകളും പഠിക്കുന്നതിനും പ്രതിസന്ധി മനസ്സിലാക്കി മേഖലകളുടെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി വിദഗ്ധ സമിതികൾ രൂപീകരിച്ചു. കയർ, കശുവണ്ടി കമ്മിറ്റി ശിപാർശകൾ നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് കയർ, കശുവണ്ടി, കൈത്തറി, ഖാദി എന്നിവയുൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളുടെ നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിപണി മൂല്യമുള്ള ഉല്പന്നങ്ങൾ നവീന ഡിസൈനുകളിൽ നിർമ്മിച്ചെടുക്കുന്നതിന് പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (എൻ.ഐ.ഡി.) ഭോപ്പാലുമായി ചേർന്ന് ഇതിനകം പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

കയർ മേഖലയിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി 136 ഡി.എഫ്. മില്ലുകൾ പ്രവർത്തനക്ഷമമാക്കി. കൂടാതെ നിരവധി സ്വകാര്യ സംരംഭകരും ചകിരി ഉത്പാദന രംഗത്തേയ്ക്ക് കടന്നുവന്നു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സംഘങ്ങളിൽ സ്ഥാപിച്ചു. ഇതോടൊപ്പം മാനേജീരിയൽ സബ്സിഡി, വർക്കിംഗ് ക്യാപ്പിറ്റൽ ഇനത്തിലും എല്ലാ വർഷവും സഹായം നൽകിവരുന്നു.

കരകൗശല മേഖലയിൽ പരമ്പരാഗത മരപ്പണിക്കാർക്ക് ആധുനിക തൊഴിലുപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം വിവിധ തരം

ട്ടൂൾകിറ്റുകൾ വിതരണത്തിന് ലഭ്യമാക്കിവരുന്നു. കഴിഞ്ഞ മൂന്ന് വർഷമായി ആർട്ടിസാൻമാർക്ക് ലോണുകൾ നൽകുക വഴി 89 ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുകയും അതുവഴി 178 പേർക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചു.

ജീവനോപാധികൾ നഷ്ടപ്പെട്ട അവസ്ഥയിലുള്ള ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് പ്രവർത്തന മൂലധനം ഉറപ്പുവരുത്തുകയും ആധുനികവൽക്കരണത്തിനുള്ള മൂലധന സഹായവും പലിശ സഹായവും നൽകുന്നതിനായി 7 കോടി രൂപ 2022-23-ലെ ബജറ്റിൽ വകയിരുത്തിയിരുത്തുകയും ഇതിൽ 2.24 കോടി രൂപ വിതരണം ചെയ്യുകയും ചെയ്തു. കൂടാതെ 2023-24 സാമ്പത്തിക വർഷം ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപ ബജറ്റിൽ വകയിരുത്തുകയും ഇതിൽ 37.28 ലക്ഷം രൂപ ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി ഫാക്ടറികളുടെ അടിസ്ഥാന സൗകര്യ വികസനം, നവീകരണം, ഭാഗിക യന്ത്രവൽക്കരണം എന്നിവയ്ക്കായി സർക്കാർ അനുവദിച്ച് നൽകിയിട്ടുള്ള തുക വിനിയോഗിച്ച് കശുവണ്ടി

വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളും ആധുനികവൽക്കരിച്ചിട്ടുള്ളതും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുള്ളതുമാണ്.

പരമ്പരാഗത വ്യവസായ മേഖലകളുടെ നവീകരണത്തിലൂടെ പുതിയ തൊഴിലവസരങ്ങൾ രൂപപ്പെടുത്താമെന്നത് കണക്കിലെടുത്ത് കൈത്തറി മേഖലയിലും നവീകരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറിയുടെ നവീകരണം/ആധുനികവത്കരണം എന്നിവ ലക്ഷ്യമാക്കി ഗവേഷണത്തിനും വികസനത്തിനുമായി ഐ.ഐ.ടി., ചെന്നൈയുമായി സഹകരിച്ച് 30 ലക്ഷത്തിന്റെ പ്രോജക്ട് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

ഖാദി വ്യവസായത്തെ കാലാനുസൃതമായി ആധുനികവത്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കിവരുന്നു. ഖാദി ബോർഡ് ഖാദി ഗ്രാമ വ്യവസായ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിനും ഖാദി വസ്ത്ര മേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ഖാദി മേഖല ആധുനികവൽക്കരിക്കുന്നതിനും അതിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഖാദി മേഖലയിൽ സോളാർ ചർക്കകൾ സ്ഥാപിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി നെയ്ത്ത്/നൂല്പ് ഉപകരണങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി ഡ്യൂവൽ ഡ്രീവൻ മെക്കാനിസമുള്ള ചർക്ക തയ്യാറാക്കി വിതരണം ചെയ്തുവരുന്നു.

(സി) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവത്കരിക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും ഫലപ്രദമായ

വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കാലാനുസൃതമായി ആധുനികവത്കരിക്കുന്നതിനും ഫലപ്രദമായ വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനുമായി ONDC Platform, E-Shoppe Platform, GEM Platform എന്നിവവഴി ആർട്ടിസാൻ ഉല്പന്നങ്ങൾ വിൽപന നടത്തുന്നതിന് സഹായിക്കുന്നു.

പരമ്പരാഗത കരകൗശല മേഖലയുടെ വികസനത്തിനായി ടി മേഖലയിലുള്ള സുരഭി, കാഡ്കോ, കരകൗശല വികസന കോർപ്പറേഷൻ, കെൽപാം എന്നീ സ്ഥാപനങ്ങളുടെ ആധുനികവത്കരണം, സാങ്കേതിക നവീകരണം, മറ്റ് മൂലധന പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്കായി 50 ലക്ഷം രൂപ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിട്ടുണ്ട്.

കയർ വ്യവസായം ആധുനികവത്കരണത്തിന്റെ ഭാഗമായി ഓട്ടോമാറ്റിക് ലൂമുകൾ, ഡിഫൈബറിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ, ഇ-റാട്ടുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി

പരമ്പരാഗത കയർ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

NCRMI വികസിപ്പിച്ചെടുത്ത ചകിരിച്ചോറിൽനിന്നുള്ള ഉല്പന്നങ്ങളായ കൊകോഫെർട്, കൊക്കോപിത്ത് ബ്രിക്കറ്റ്, ഇനോക്കുലേറ്റഡ് കൊക്കോപിത്ത് എന്നിവ ഉല്പാദിപ്പിച്ച് കയർഫെഡ് വിതരണം ചെയ്യുന്നുണ്ട്. കയർ ഭൂവസ്ത്രത്തിന്റെ ഉല്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

ഖാദി തുണിത്തരങ്ങളെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ഒട്ടുമിക്ക ജില്ലകളിലും റെഡിമെയ്ഡ് വസ്ത്രങ്ങൾ ആധുനിക രീതിയിൽ ഡിസൈൻ ചെയ്ത് വിപണിയിൽ ഇറക്കിയിട്ടുണ്ട്. ഇതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയുമായി സഹകരിച്ച് ഫാഷൻഷോ സംഘടിപ്പിക്കുകയും ടി സ്ഥാപനത്തിൽനിന്നും ബിരുദം നേടി ഇറങ്ങുന്ന ഉദ്യോഗാർഥികൾക്ക് ഖാദിയുടെ തനിമ ചോരാത്ത രീതിയിൽ ഫാഷൻ ഡിസൈനിംഗിനായി കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിൽ അവസരങ്ങൾ നൽകുകയും ചെയ്തുവരുന്നു. നവീനമായ വസ്ത്ര വൈവിധ്യങ്ങൾ വിപണിയിൽ എത്തിക്കുന്നതിനായി പുതിയ ഡിസൈനിലുള്ള വസ്ത്രങ്ങൾ,

കിഡ്സ് വെയർ, ലേഡീസ് ടോപ്സ്, ബർമൂഡ, ഖാദി ക്ലൂ എന്ന പേരിൽ ഖാദി പാന്റ്സ്, ഡോക്ടർസ്/നേഴ്സസ് കോട്ട് തുടങ്ങിയവ വിപണിയിൽ ലഭ്യമാക്കി.

ഖാദി ലോകശ്രദ്ധയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി ഖാദി ഉല്പന്നങ്ങളുടെ വിൽപ്പനയ്ക്ക് വിദേശത്തും അവസരമൊരുക്കി. കൂടാതെ ഈ വർഷം മുതൽ ജർമ്മനിയിലെ MORE LIFE STYLE എന്ന സ്ഥാപനവുമായി സഹകരിച്ച് ഖാദി കിഡ്സ് വെയർ ജർമനിയിലേയ്ക്ക് കയറ്റി അയയ്ക്കാൻ ആരംഭിച്ചു.

കാപെക്സിന്റെ കാഷ്യൂ ഫാക്ടറികളിൽ കാലാനുസൃതമായുള്ള വൈവിധ്യവത്കരണത്തിന്റെ ഭാഗമായി കശുമാങ്ങയിൽനിന്നും വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലിറക്കാൻ കാപെക്സ് തൃശ്ശൂരിലെ കാർഷിക സർവകലാശാലയുമായി ചേർന്ന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ ഔട്ട്ലെറ്റുകളായ കേരള പോലീസ് കാന്റീനുകൾ, സപ്ലൈകോ, ഷിപ്പ്യാർഡ് കാന്റീൻ, മറ്റ് ഫ്രാഞ്ചൈസികൾ, കാപെക്സിന്റെ സ്വന്തം ഔട്ട്ലെറ്റുകൾ എന്നിവവഴി കാപെക്സ് കാഷ്യൂസ് വിറ്റുവരുന്നു.

കേന്ദ്രസർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ആയ ONDC വഴി വില്പന നടക്കുന്നു.

കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടിപ്പരിപ്പും മൂല്യവർധിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ആമസോൺ, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ഫ്രാഞ്ചൈസി മുതലായവ വഴിയും കേരളത്തിലുടനീളം വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വാൻസെയിൽസ്, ട്രേഡ്ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്, കൺസ്യൂമർ ഫെഡ്, സപ്ലൈകോ മുതലായവവഴിയും കശുവണ്ടിപ്പരിപ്പ് വിപണനം നടത്തുന്നു. കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾ വഴിയും വിപണനം വിപുലപ്പെടുത്തി.

വിപണന രംഗത്ത് കൂടുതൽ ഇടപെടുന്നതിനായി കേരള സംസ്ഥാന കളിമൺ പാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ (KSPMMWDC) മൺപാത്ര ഉൽപ്പന്നങ്ങൾക്കായി 'മൺകുരൽ' എന്ന ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഈ പോർട്ടൽ മുഖേന കളിമൺ ഉൽപ്പന്നങ്ങൾ വിപണിയിൽ കൂടുതൽ ആളുകളിലെത്തിക്കാനും പുതിയ വിപണിയിൽ പ്രവേശിക്കാനും കഴിയും.

(ഡി) സംഭരണം, വിതരണം എന്നിവയുൾപ്പെടെ ആവശ്യമായ ലോജിസ്റ്റിക്സ് പിന്തുണ ഒരുക്കിക്കൊണ്ട് പരമ്പരാഗത വ്യവസായ മേഖലയുടെ ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കരകൗശല വികസന കോർപ്പറേഷൻ കേരളത്തിന്റെ തനതായ കരകൗശല ഉൽപ്പന്നങ്ങൾ കൂടുതൽ സംഭരിക്കുവാനും വിപണനം നടത്തുവാനും നടപടികൾ സ്വീകരിക്കുകയുണ്ടായി. ടൂറിസം ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ച് കരകൗശല ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിലേയ്ക്കുള്ള നടപടികൾ ആവിഷ്കരിച്ചുവരുന്നു.

കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് നിലവിൽ ലഭ്യമായ ഗോഡൗണുകൾ, ഷോറൂമുകൾ എന്നിവ സർക്കാർ ധനസഹായം വിനിയോഗിച്ച് വികസിപ്പിച്ചിട്ടുള്ളവയാണ്.

പുതിയ വിപണി കണ്ടെത്തുന്നതിനായി നടപടി സ്വീകരിച്ചതിന്റെ ഭാഗമായി കയർ കോർപ്പറേഷൻ അന്താരാഷ്ട്ര വ്യാപാര ശൃഖംലയായ വാൾമാർട്ടുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതോടൊപ്പം സർക്കാരിന്റെ E-commerce പോർട്ടലിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിലൂടെ പരമ്പരാഗത വ്യവസായങ്ങൾക്ക് കൂടുതൽ വിൽപന നടത്താനുള്ള അവസരമുണ്ടാക്കുന്നതാണ്.

കൈത്തറി വകുപ്പിനുകീഴിൽ കൈത്തറി ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി ജില്ലാ ഹാൻഡ്ലൂം എക്സ്പോ, സ്റ്റേറ്റ് ഹാൻഡ്ലൂം എക്സ്പോ എന്നിവ സംഘടിപ്പിച്ചുവരുന്നു.

ഖാദി ഗ്രാമ വ്യവസായ ഉല്പന്നങ്ങളുടെ വിപണന പ്രവർത്തനത്തിന് ഖാദി ബോർഡിന്റെ കീഴിൽ എറണാകുളത്ത് സെൻട്രൽ ഗോഡൗൺ

പ്രവർത്തിക്കുന്നുണ്ട്. സംഭരണം, വിതരണം എന്നിവയുൾപ്പെടെ ആവശ്യമായ ലോജിസ്റ്റിക്സ് പിന്തുണ ഒരുക്കിക്കൊണ്ട് പരമ്പരാഗത ഖാദി വ്യവസായ മേഖലയുടെ ഉല്പന്നങ്ങൾക്ക് പുതിയ വിപണി കണ്ടെത്തുന്നതിനായി ഖാദി ബോർഡ് നടപടികൾ സ്വീകരിക്കുന്നുണ്ട്. ഷോറൂമുകൾക്ക് പുറമെ എക്സിബിഷനുകൾ സംഘടിപ്പിച്ചും ജർമനി, യു.എസ്., യു.എ.ഇ. തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് ഖാദി വസ്ത്രങ്ങൾ കയറ്റി അയച്ചും വിപണി വർധിപ്പിക്കുന്നു.

കേരള കാഷ്യൂ ബോർഡ് 2018-19 മുതൽ നാളിതുവരെയായി 74975.698 മെടിക് ടൺ തോട്ടണ്ടി വിവിധ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്ത് കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും വില്പന നടത്തിയതിലൂടെ അവയുടെ അധീനതയിലുള്ള സംസ്കരണ ശാലകൾ പ്രവർത്തനക്ഷമമാക്കുവാനും അതുവഴി തൊഴിലാളികൾക്ക് തൊഴിൽ നൽകുവാനും സാധിച്ചു.

കശുവണ്ടി ഉല്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടിപ്പരിപ്പും മൂല്യവർധിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കാപെക്സിന്റെ ചെറുകിട വിൽപ്പന കാപെക്സ് ക്യാഷ്യൂസ് എന്ന ബ്രാൻഡിൽ വിറ്റഴിക്കപ്പെടുന്നു. പുതിയ വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പ്ലാറ്റ്ഫോം ONDC വഴി വില്പന നടക്കുന്നു.

ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന വിഹിതം

9 (*339) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ റിപ്പോർട്ട് പ്രകാരം രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4 ശതമാനം സംസ്ഥാനങ്ങളുടെ ഉത്തരവാദിത്തമാകുന്നുവെന്ന നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ നിലവിലെ വരുമാനത്തിന്റെയും ചെലവിന്റെയും അനുപാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

രാജ്യത്തിന്റെ മൊത്തം വരുമാനത്തിന്റെ 62.7 ശതമാനം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാകുമ്പോൾ ചെലവുകളുടെ 62.4 ശതമാനം സംസ്ഥാനങ്ങളാണ് വഹിക്കുന്നതെന്ന് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽത്തന്നെ പരാമർശിച്ചിട്ടുണ്ട്. ചെലവിന്റെ ഭാരം അധികവും സംസ്ഥാനങ്ങൾക്കാണെന്ന് ഇതിൽനിന്നും മനസിലാക്കാം. എന്നിരുന്നാലും, സംസ്ഥാനങ്ങളുടെ ധനാഗമന അധികാരങ്ങൾ വീണ്ടും വെട്ടിക്കുറയ്ക്കുകയും ചെലവുകൾക്കുമേൽ നിയന്ത്രണം വയ്ക്കുകയും ചെയ്യുന്ന നിലപാടാണ് കേന്ദ്രം സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി/നികുതിയേതര

വരുമാനത്തിൽ ഗണ്യമായ വളർച്ചയാണ് ഇപ്പോൾ ഉണ്ടായികൊണ്ടിരിക്കുന്നത്.

കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റംമൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽവന്ന കുറവ്, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത്, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തത്, സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലെന്ന കാരണമുയർത്തി കേന്ദ്ര ധന കൈമാറ്റത്തിൽ കുറവുവരുത്തിയത് എന്നിവ സംസ്ഥാനത്തിന് കേന്ദ്രത്തിൽനിന്ന് ലഭ്യമാകേണ്ട റവന്യൂ വരുമാനത്തിൽ വലിയ കുറവാണ് വരുത്തുന്നത്. ഇവ സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കത്തിലേയ്ക്ക് തള്ളിവിട്ടുവെങ്കിലും ഈ ആഘാതങ്ങളിൽനിന്നും സംസ്ഥാനം തിരിച്ചുവരവ് നടത്തികൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിൽനിന്നുള്ള വരുമാനത്തിൽ

കുറവുണ്ടാകുമ്പോഴും സംസ്ഥാനത്തിന്റെ തനത് വരുമാനം വർധിപ്പിച്ചുകൊണ്ട് സാമൂഹ്യക്ഷേമ വികസന ചെലവുകൾക്ക് വേണ്ടത്ര ഊന്നൽ നൽകാനും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുന്നതിനുമാണ് സർക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ബി) പത്താം ധനകാര്യ കമ്മീഷൻ കാലയവളവിൽനിന്നും പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിലേയ്ക്ക് എത്തുമ്പോൾ ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചുവന്നിരുന്ന വിഹിതം കുറഞ്ഞുവരുന്ന സാഹചര്യമുണ്ടോ; വിശദമാക്കാമോ?

പത്താം ധനകാര്യ കമ്മീഷൻ മുതൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ വരെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് ശിപാർശ ചെയ്ത വിഹിതം (ശതമാനകണക്കിൽ) പട്ടികയായി ചുവടെ ചേർക്കുന്നു.

ധനകാര്യ കമ്മീഷൻ	കേരളത്തിന് ലഭിച്ച വിഹിതം (ശതമാനത്തിൽ)
X (1995-2000)	3.88
XI (2000-05)	3.06
XII (2005-10)	2.67
XIII (2010-15)	2.34
XIV (2015-20)	2.50

XV	(2020-21)	(2020-21)
	(2021-26)	(2021-26)

ഓരോ കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് വരുമ്പോഴും കേന്ദ്ര നികുതി വരുമാനത്തിന്റെ ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിനുള്ള വിഹിതം കുറഞ്ഞുവരികയാണ്. പത്താം ധനകാര്യ കമ്മീഷനിൽ 3.88 ശതമാനമായിരുന്ന നികുതി വിഹിതം പതിനഞ്ചാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ സംസ്ഥാനത്തുനിന്ന് ജി.എസ്.ടി. നഷ്ടപരിഹാര സെസ്സ് പിരിച്ചെടുക്കുന്നുണ്ടോ; എങ്കിൽ ഇതിൽനിന്നും ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടപരിഹാരം അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേന്ദ്ര സർക്കാർ സംസ്ഥാനത്തുനിന്ന് ജി.എസ്.ടി. നഷ്ടപരിഹാര സെസ്സ് പിരിച്ചെടുക്കുന്നുണ്ട്. ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം അഞ്ച് വർഷത്തേയ്ക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം

നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. സംസ്ഥാനത്തിന് നാളിതുവരെ കോമ്പൻസേഷൻ ഇനത്തിൽ 43,363.51 കോടി രൂപ ലഭിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്രം GST സെസ്സ് പിരിവ് തുടരുന്നുണ്ട്.

(ഡി) സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് ഇനങ്ങളിൽ സംസ്ഥാനത്തുനിന്നും കേന്ദ്രസർക്കാർ പിരിക്കുന്ന തുകയെത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സെസ്സ്, സർചാർജ് ഇനങ്ങളിൽ പിരിച്ചെടുക്കുന്ന തുകകളുടെ സംസ്ഥാനം തിരിച്ചുള്ള കണക്കുകൾ കേന്ദ്രം വെളിപ്പെടുത്തിയിട്ടില്ല.

സഹകരണ വകുപ്പിന്റെ സാമൂഹ്യ ഇടപെടലുകൾ

10(*340) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ശൃംഖല ഉപയോഗപ്പെടുത്തി സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന പുതിയ ഇടപെടലുകൾ നടത്തുന്നതിന്റെ സാധ്യത പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തിന്റെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ രംഗങ്ങളിൽ വളരെയധികം സംഭാവനകൾ നൽകിയിട്ടുള്ള സഹകരണ മേഖല നിലവിൽ നടത്തിവരുന്ന സാമൂഹ്യ ജീവിതത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഇടപെടലുകൾ ചുവടെ ചേർക്കുന്നു.

കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 14 ജില്ലാ സഹകരണ ബാങ്കുകളേയും ലയിപ്പിച്ച് "കേരള ബാങ്ക്" എന്ന ബ്രാൻഡ് നാമത്തിൽ ഒരൊറ്റ സ്ഥാപനമായി മാറുകയും കാർഷിക, വ്യാവസായിക മേഖലകളുടെ വളർച്ചയ്ക്കായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കേരള ബാങ്കിന് പുതുതായി ഒരു ഏകീകൃത സോഫ്റ്റ്വെയറിൽ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞു. കൂടാതെ ആധുനിക ബാങ്കിംഗ് സേവനങ്ങളായ ഡിജിറ്റൽ ബാങ്കിംഗ്, യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നിവ മിതമായ നിരക്കിൽ സാധാരണ ജനങ്ങളിലേയ്ക്ക്

എത്തിക്കാൻ കഴിഞ്ഞു. പ്രാഥമിക സഹകരണ സംഘങ്ങളുടെ ധനവിനിയോഗത്തിനായി പ്രത്യേകം മൊബൈൽ ആപ്ലിക്കേഷനും അവതരിപ്പിച്ചിട്ടുണ്ട്. കേരള സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പുതുതായി 500-ഓളം എ.ടി.എം.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

യുവജനങ്ങളുടെ സ്വാശ്രയത്വവും, സാമൂഹിക സാമ്പത്തിക സുരക്ഷയും ലക്ഷ്യമാക്കിക്കൊണ്ട് ജില്ലാ തലത്തിൽ പ്രവർത്തന പരിധിയായി യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യപ്രവർത്തക സഹകരണ സംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന പദ്ധതിയാണിത്. പ്രസ്തുത

മ്യൂസിയം സ്ഥാപിക്കുന്നതിന് 03-06-2020-ൽ അനുമതി നൽകി. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നൽകിക്കൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷരം മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്ര അടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദപരവും ഭിന്നശേഷി സൗഹാർദപരവുമായിരിക്കും. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാല് ഘട്ടങ്ങളിലായാണ് 'അക്ഷരം മ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരടൂറിസം ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ്. കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയ സെമിനാരി, താഴത്തങ്ങാടി, അവിടുത്തെ ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബിക ക്ഷേത്രം തുടങ്ങിയ സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'അക്ഷരം മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു. ഒമ്പതരക്കോടി രൂപയാണ് ഒന്നാംഘട്ടത്തിന്റെ പദ്ധതി അടങ്കൽ തുക.

25-02-2022-ന് സഹകരണ വകുപ്പുമന്ത്രി ഇന്ത്യാ പ്രസ്സ് കോമ്പൗണ്ടിൽ ടി കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. മ്യൂസിയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ULCCS (ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണസംഘം) ആണ് നിർമ്മാണപ്രവൃത്തികൾ നടത്തുന്നത്.

സഹകരണ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്"എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്കോടുകൂടിയ ഉൽപ്പന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി.

2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയ ദുരന്തത്തിൽ സമ്പൂർണമായും വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചുനൽകുന്നതിനായി സഹകരണ സംഘങ്ങളുടെ സഹായത്തോടെ സഹകരണ വകുപ്പ് നടപ്പിലാക്കിയ ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് 'മുറ്റത്തെ മുല്ല' ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രാഥമിക സഹകരണ ബാങ്ക്/സംഘങ്ങൾ മുഖേന ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിനായി ആട്ടോറിക്ഷ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്ക് വായ്പ

നൽകുന്നതിനുമായി 'സഹായ ഹസ്തം' എന്ന വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു.

ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ നൽകുന്നതിനായി "സഹകരണം സൗഹൃദം" എന്ന പേരിൽ വായ്പാ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

കച്ചവട വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അസംഘടിത തൊഴിലാളികളുടെ സർവതോന്മുഖ അഭിവൃദ്ധിയും വ്യാപാര വാണിജ്യ മേഖലയിൽ തൊഴിലെടുക്കുന്നവർക്കും ഇപ്പോൾ തൊഴിൽ നഷ്ടപ്പെട്ടവർക്കും അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നേടുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തി പരിപോഷിപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഷോപ്പ് & കൊമേഴസ്യൽ എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് & ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (കേരള സ്റ്റേറ്റ് ഷോപ്കോസ് ഫെഡ്) എന്ന പേരിൽ ഒരു സഹകരണ സംഘവും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

കേരള സ്റ്റേറ്റ് സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4512, വയനാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനതലത്തിൽ തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ചിട്ടുണ്ട്. പ്രാദേശിക ദേശീയ, അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേയ്ക്കായി പരിസ്ഥിതി സൗഹാർദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക, സംഘത്തിന്റെ പ്രവർത്തനപരിധിയിലുള്ള സ്റ്റേഡിയങ്ങൾ, കുളങ്ങൾ എന്നിവ പാട്ടത്തിനും പുതുതായും നിർമ്മിച്ച് ഏറ്റെടുത്ത് കുട്ടികൾക്ക് കായിക പരിശീലനം നൽകുക, സ്കൂളുകൾ, കോളേജുകൾ എന്നിവ പ്രാദേശിക അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തി കായികാഭിരുചിയുള്ള വിദ്യാർഥികളെ കണ്ടെത്തി പരിശീലിപ്പിക്കുക, കായിക വിനോദങ്ങൾക്കാവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണം, വിതരണം, സ്പോർട്സ് സ്കൂളുകളും കോളേജുകളും ആരംഭിക്കുക, സ്പോർട്സ്/അത്ലറ്റിക്സ് മത്സരങ്ങൾ ഏറ്റെടുത്ത് നടത്തുക, ആയുഷ് വകുപ്പുമായി സഹകരിക്കുക, യോഗ ക്ലാസ്സുകൾ ആരംഭിക്കുക, പ്രകൃതി

ചികിത്സ, ആയുർവേദ ചികിത്സ എന്നിവ പ്രോത്സാഹിപ്പിക്കുക തുടങ്ങിയവ ടി സംഘത്തിന്റെ പ്രധാന പ്രവർത്തനോദ്ദേശ്യങ്ങളാണ്.

കേരളത്തിലെ തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിനായി 'സ്നേഹതീരം വായ്പാ' പദ്ധതി നടപ്പിലാക്കിവരുന്നു.

പ്രതിസന്ധി നേരിടുന്ന സഹകരണ സംഘങ്ങളുടെ സംരക്ഷണത്തിനായി ‘കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി-2023’ എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെൽക്കർഷകരെ സംരക്ഷിക്കുവാൻ, ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും സംസ്കരിച്ച് അരിയാക്കി മാറ്റി സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി സർക്കാർ നിയന്ത്രണത്തിൽ പൊതുമാർക്കറ്റിൽ എത്തിക്കുകയെന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂർമെന്റ്, പ്രോസ്സസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നം.പി. 1449 (PAPCOS)-ഉം പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ

പ്രവർത്തനപരിധിയായി കോട്ടയം ജില്ലയിലെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ചേർന്ന് കേരള പാഡി പ്രോക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4505 (KAPCOS) എന്ന സഹകരണ സംഘവും രൂപീകരിച്ചിട്ടുള്ളതാണ്.

ആരോഗ്യ പരിപാലന രംഗത്ത് സഹകരണ ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു. സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ചെലവുകൾ കുറച്ച് നിർമ്മാണങ്ങൾ നടത്താനുള്ള ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റികളുണ്ട്.

രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ കീഴിൽ നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷൻ, കെ.എസ്.ആർ.ടി.സി പെൻഷൻ എന്നിവ വിതരണം ചെയ്യുന്നതിനായി സഹകരണ സംഘം/ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണത്തിനായുള്ള തുടർ

നടപടികൾ സ്വീകരിച്ചിട്ടുള്ളതും സാമൂഹ്യസുരക്ഷാ പെൻഷൻ സഹകരണ സംഘം/ബാങ്കുകൾവഴി വിതരണം ചെയ്തുവരുന്നതുമാണ്.

കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർഥികളുടെ ഓൺലൈൻ പഠനം നടത്തുന്നതിനായി സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി പലിശ രഹിത വായ്പ പദ്ധതിയായ വിദ്യാതരംഗിണി വായ്പാ പദ്ധതി നടപ്പിലാക്കി.

കേരളത്തിലെ ഐ.ടി. & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫെഷണലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫെഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യം വച്ച് ഒരു ജില്ലയിൽ ഒന്നുവീതം, 14 പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സഹകരണ വകുപ്പിനുകീഴിൽ ഭിന്നശേഷിക്കാർക്കായി കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

രണ്ട് സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചു. എക്സ്പോയിലൂടെ എല്ലാ സഹകരണ സംഘങ്ങളുടെയും ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും സാധിച്ചു.

(ബി) സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്തി നിക്ഷേപം വർധിപ്പിച്ച് വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണ മേഖലയിലെ നിക്ഷേപം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയുക്തമാക്കുന്നതിനും നിക്ഷേപകരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്തി നിക്ഷേപം വർദ്ധിപ്പിച്ച് വികസനത്തിൽ നിർണ്ണായക പങ്ക്

വഹിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി

പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969-ലെ കേരള സഹകരണ സംഘം നിയമം ചട്ടം 53-ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16-04-2023-ലെ സ.ഉ. (സാധാ)നം. 234/2023/സഹ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ

തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയിമായിട്ടാണ് തുക നൽകുന്നത്. കേരള ബാങ്കിലെ നിക്ഷേപം കേരളത്തിന്റെ വികസനത്തിനായി ഉപയോഗിക്കുന്നതിന്റെ ഭാഗമായി വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേരള ബാങ്കിലെ നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കുന്നതിന്റെ ഭാഗമായി DICGC-യുടെ 5 ലക്ഷം രൂപ വരെയുള്ള പരിരക്ഷ നിക്ഷേപകർക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) സാധാരണക്കാരായ സഹകാരികളെ അവരുടെ വ്യക്തിപരമായ വിഷമ ഘട്ടങ്ങളിൽ സഹായിക്കുന്നതിനായി എന്തെല്ലാം സ്കീമുകളാണ് നിലവിലുള്ളത്?

സാധാരണക്കാരായ സഹകാരികളെ അവരുടെ വ്യക്തിപരമായ വിഷമഘട്ടങ്ങളിൽ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ നിലവിലുണ്ട്. അവ ചുവടെ ചേർക്കുന്നു.

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008" (Risk fund Scheme) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

കേരള സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ

മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനില്ക്കുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സഹകരണ കടാശ്വാസ പദ്ധതി 2008/കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്ന് വായ്പ എടുത്ത ആൾ മരണപ്പെടുകയോ/മാരകരോഗം പിടിപെടുകയോ ചെയ്യുന്ന വായ്പക്കാർക്ക് നഷ്ടപരിഹാരമായി നല്കുന്ന റിസ്ക് ഫണ്ട് ധനസഹായം അനുവദിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ചുനല്കുന്നത് സർക്കാർ അംഗീകരിച്ചുനല്കിയ റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്.

സാധാരണക്കാരായ ഇടപാടുകാരുടെയും സഹകാരികളുടെയും വ്യക്തിപരമായ ആവശ്യങ്ങളും ബുദ്ധിമുട്ടുകളും പരിഗണിച്ചുകൊണ്ട് വിവിധങ്ങളായ സ്കീമുകൾ കേരളബാങ്കിൽക്കൂടി നടപ്പിലാക്കിവരുന്നുണ്ട്.

(ഡി) സാംസ്കാരിക മേഖലയിൽ സഹകരണ വകുപ്പിന്റെ ഇടപെടൽ ശക്തമാക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

സാഹിത്യകാരൻമാർക്കുവേണ്ടി സാഹിത്യകാരൻമാർ അംഗങ്ങളായി രൂപീകരിച്ച സഹകരണ സംഘമാണ് സാഹിത്യപ്രവർത്തക സഹകരണ സംഘം ക്ലിപ്തം നമ്പർ 2458. സാഹിത്യകാരൻമാരുടെ എഷ്യയിലെതന്നെ ആദ്യത്തെ സഹകരണ സംഘമാണിത്. കോട്ടയം ജില്ലയാണ് സംഘത്തിന്റെ ആസ്ഥാനം. അംഗങ്ങളായ സാഹിത്യകാരന്മാരുടെ കൃതികൾ പ്രസിദ്ധീകരിക്കുകയും മറ്റ് സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൃതികളുടെ വിതരണവും വില്പനയും സംഘം നടത്തുന്നുണ്ട്. ടി പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും വിറ്റഴിക്കുന്നത് സംഘത്തിന്റെ വിപണന വിഭാഗമായ നാഷണൽ ബുക്ക് സ്റ്റാൾ വഴിയാണ്.

കേരള സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘം നടപ്പിലാക്കുന്ന ബൃഹദ് പദ്ധതിയാണ് 'അക്ഷരംമ്യൂസിയം' - Museum of

Letter, Literature & Culture. സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിൽ കോട്ടയം നാട്ടകത്തുള്ള സ്ഥലത്താണ് മ്യൂസിയം നിർമ്മിക്കുന്നത്. ഭാഷയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും ഊന്നൽ നല്കിക്കൊണ്ട് വിഭാവനം ചെയ്യുന്ന 'അക്ഷരം മ്യൂസിയം' ഇരുപത്തി അയ്യായിരം ചതുരശ്രഅടിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം പൂർണ്ണമായും പരിസ്ഥിതി സൗഹാർദപരവും ഭിന്നശേഷി സൗഹാർദപരവുമായിരിക്കും. അന്തർദേശീയ നിലവാരത്തിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് മ്യൂസിയം നിർമ്മിക്കുന്നത്. നാലുഘട്ടങ്ങളിലായാണ് 'അക്ഷരം മ്യൂസിയം' പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. അക്ഷരനഗരിയായ കോട്ടയത്തെ അക്ഷരമുറിസം ഹബ്ബ് ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സി.എം.എസ്. കോളേജ്, സി.എം.എസ്. പ്രസ്സ്, മാന്നാനം പ്രസ്സ്, ദീപിക, മലയാള മനോരമ, ദേവലോകം അരമന, പഴയസെമിനാരി, താഴത്തങ്ങാടി, അവിടുത്തെ ജുമാമസ്ജിദ്, പനച്ചിക്കാട് ദക്ഷിണ മൂകാംബികാക്ഷേത്രം തുടങ്ങിയ

സ്ഥലങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് 'അക്ഷരം മ്യൂസിയം' കേന്ദ്രീകരിച്ച് ഒരു ടൂറിസം സർക്യൂട്ടും ഈ പദ്ധതിയോടനുബന്ധിച്ച് വിഭാവനം ചെയ്യുന്നു.

സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ആർട്ട് ഗാലറികൾ, സാംസ്കാരിക വേദികൾ എന്നിവയുടെ രൂപീകരണത്തിന് സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽനിന്നും പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക അനുവദിച്ച് നൽകുന്നത്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി

11 (*341) ശ്രീ. വാഴൂർ സോമൻ:
ശ്രീ വി ശശി:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട, ഇടത്തരം വ്യവസായങ്ങളിൽ പകുതിയോളം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ ആണെന്നത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2022-23 ബജറ്റിൽ കാർഷികാധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു പ്രത്യേക പദ്ധതി പ്രഖ്യാപിക്കുകയും കെ.എഫ്.സി.വഴി നടപ്പിലാക്കുകയുമുണ്ടായി.

(ബി) പ്രസ്തുത വ്യവസായ സംരംഭങ്ങളെ സഹായിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രി സ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. ആരംഭിച്ച സ്കീമാണ് കാർഷികാധിഷ്ഠിത എം.എസ്.എം.ഇ. വായ്പാ പദ്ധതി (KAMS).

(സി) പുതിയ കാർഷികാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, പ്രവർത്തന മൂലധനം തുടങ്ങിയവ പ്രസ്തുത വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പുതിയ കാർഷികാധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കൽ, പ്രവർത്തന മൂലധനം എന്നിവയ്ക്കായി വായ്പാ തുക KAMS പദ്ധതി പ്രകാരം അനുവദിക്കാവുന്നതാണ്. പ്രസ്തുത സ്കീം 31-03-2024-ൽ കാലാവധി

കഴിഞ്ഞതിനാൽ പുനരംഗീകാരത്തിനായി കെ.എഫ്.സി. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) കാർഷികോത്പാദന രംഗത്തിനും നിർമ്മാണ മേഖലയ്ക്കും ആവശ്യമായ സൂക്ഷ്മ-ചെറുകിട യന്ത്രങ്ങൾ നിർമ്മിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻവഴി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കേരള സ്റ്റാർട്ടപ്പ് മിഷനിൽ/Department of Industrial Policy and Promotion (DIPP) Government of India-ൽ രജിസ്റ്റേർഡ് ആയിട്ടുള്ള കാർഷികാധിഷ്ഠിത സ്റ്റാർട്ടപ്പുകൾക്ക് കെ.എഫ്.സി.വഴി വായ്പ നൽകുന്നുണ്ട്. ആശയത്തിൽനിന്നും ഉത്പാദനത്തിലേയ്ക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്.

ഊർജ്ജ കേരള മിഷൻ

12 (*342) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഊർജ്ജ കേരള മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കേരളത്തിലെ വൈദ്യുത വിതരണരംഗം ലോകോത്തര നിലവാരത്തിൽ എത്തിക്കുക എന്ന ലക്ഷ്യവുമായി 'ദ്യുതി', കേരളത്തിലേയ്ക്കുള്ള വൈദ്യുത ഇറക്കുമതിശേഷി വർധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണശൃംഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 'ട്രാൻസ്ഗ്രിഡ് 2.0', കേരളത്തിന്റെ ഗ്രിഡിൽ 1000 MW സൗരോർജ്ജം കൂട്ടിച്ചേർക്കാനായി 'സൗര', ഹരിതഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ചുകൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ

ഫിലമെന്റ് ബൾബുകൾ ഒഴിവാക്കുന്നതിന് വിഭാവനം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം പദ്ധതി', വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് നടപ്പിലാക്കുന്ന 'ഇ-സേഫ് ' പദ്ധതി എന്നിങ്ങനെ അഞ്ച് ഫ്ളാഗ്ഷിപ്പ് പദ്ധതികളടങ്ങുന്നതാണ് ഊർജ്ജ കേരള മിഷൻ.

ദ്യുതി പദ്ധതി

കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച ഊർജ്ജ കേരള മിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 ജൂൺ വരെ നടപ്പിലാക്കിയ പദ്ധതിയാണ് ദ്യുതി-1. ദ്യുതി പദ്ധതിയിൽ ലൈൻ നിർമ്മാണം, standardization പ്രവൃത്തികൾ, ട്രാൻസ്ഫോർമർ നിർമ്മാണം ഉൾപ്പെടെയുള്ള വികസന പ്രവൃത്തികൾക്കായി 3732.03 കോടി രൂപയും കേടായ മീറ്ററുകൾ മാറ്റിവയ്ക്കുന്നതിനായി 204.27 കോടി രൂപയും തുടർ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 50 കോടി രൂപയും SCADA പ്രവൃത്തികൾക്ക് 50 കോടി രൂപയും ഉൾപ്പെടെ 4036.30 കോടി രൂപയുടെ പദ്ധതി രേഖയാണ് തയ്യാറാക്കിയിരുന്നത്.

ആഗോള നിലവാരത്തിൽ തടസ്സരഹിതമായി ഗുണമേന്മയേറിയ വൈദ്യുതി അപകടരഹിതമായി ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപ്പിലാക്കുന്ന 'ദ്യുതി-1' പദ്ധതിയിൽ ഉൾപ്പെടുത്തി എച്ച്.ടി. ലൈൻ/ഭൂഗർഭ കേബിൾ നിർമ്മാണം, എൽ.ടി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ/ശേഷി വർധിപ്പിക്കൽ, ലൈനിന്റെ സ്ഥാപിത ശേഷി കൂട്ടുന്ന പ്രവൃത്തികൾ, എൽ.ടി. ലൈനും എച്ച്.ടി. ലൈനും റീ കണ്ടക്ടറിങ് നടത്തുന്ന പ്രവൃത്തികൾ, ലൈനുകളുടെയും ട്രാൻസ്ഫോർമറുകളുടെയും മറ്റ് പ്രതിഷ്ഠാപനങ്ങളുടെയും standardization പ്രവൃത്തികൾ, വിതരണ നഷ്ടം കുറയ്ക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ നടപ്പിലാക്കിയിരുന്നു.

2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ദ്യുതി-1 പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങൾ, കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, എന്നിവ കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായില്ലെങ്കിലും ഈ പദ്ധതിയിൽ 3765 കോടി രൂപയുടെ പ്രവൃത്തികൾ (ലൈൻ

നിർമ്മാണം/ട്രാൻസ്ഫോർമർ സ്ഥാപിക്കൽ തുടങ്ങിയ വികസന പ്രവൃത്തികൾ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയവ) പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 2018-2022 കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ തുടർച്ചയായി വൈദ്യുതീകരണത്തിനായി 73.6 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

നിലവിലുള്ള ദൃതി-1 പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ആധുനികവത്കരിക്കാനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനുമായി അടുത്ത 5 വർഷത്തേയ്ക്കുള്ള (2022 -23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ) പദ്ധതി രൂപരേഖ (ദൃതി 2.0) കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ദൃതി 2.0-ൽ 4717 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 സാമ്പത്തിക വർഷം മുതൽ 2026-27 വരെ നടപ്പിലാക്കാനായി തീരുമാനിച്ചിട്ടുള്ളത്.

2022-23 മുതൽ ജൂൺ 2024 വരെ 1034 കോടി രൂപയുടെ പ്രവൃത്തികൾ ദൃതി-2 പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ട്രാൻസ്ഗ്രിഡ് പദ്ധതി

വൈദ്യുതി പ്രസരണ രംഗത്ത് ഊർജ്ജ കേരളമിഷന്റെ ഭാഗമായി പ്രഖ്യാപിച്ച വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ് 2.0. വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കുന്നതിനും ലഭ്യമായ വൈദ്യുതി സംസ്ഥാനത്തുടനീളം സുഗമമായി എത്തിക്കുന്നതിനും സംസ്ഥാനത്തിനകത്തുള്ള പ്രസരണ ശൃംഖല ശക്തിപ്പെടുത്തുവാനും പ്രസ്തുത പദ്ധതി വിഭാവനം ചെയ്യുന്നു. 2016-2017 സർക്കാരിന്റെ ബജറ്റ് പ്രസംഗത്തിൽ 6375 കോടി രൂപ 'Special Investment Package' ആയി ഉൾപ്പെടുത്തിയ ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ സർക്കാർ അംഗീകാരം നൽകിയിരുന്നു. ഇതിൽ 5200 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് പദ്ധതി കിഫ്ബി ഫണ്ടിംഗ്വഴി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.എൽ.-നെ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസി മാത്രമായാണ് വിഭാവനം ചെയ്തിരുന്നത്. ഇതുപ്രകാരം ത്രികക്ഷി കരാർ ഉണ്ടാക്കിയിരുന്നതുമാണ്. എന്നാൽ പിന്നീട് ഈ പദ്ധതി നടപ്പിലാക്കാൻ ചെലവഴിച്ച തുകകൾ സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബിയിൽനിന്നും കെ.എസ്.ഇ.ബി.എൽ.-നുള്ള ലോൺ ആക്കി

മാറ്റുകയായിരുന്നു. ഇതിൻപ്രകാരം കെ.എസ്.ഇ.ബി.എൽ.-ഉം കിഫ്ബിയുമായി ലോൺ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ട്. കിഫ്ബിയും ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

ഒന്നാം ഘട്ടം, രണ്ടാം ഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായി 400 kV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 kV-യുടെ 22 സബ്സ്റ്റേഷനുകളും, 3670 km ഹൈ വോൾട്ടേജ് ലൈനുകളുമാണ് പ്രധാനമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ 2711 കോടി രൂപയുടെയും, രണ്ടാം ഘട്ടത്തിൽ 1458 കോടി രൂപയുടെ ഗ്രീൻ കോറിഡോർ പദ്ധതികൾ ഉൾപ്പെടെ 3630 കോടി രൂപയുടെയും പദ്ധതികളാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 2429 കോടി രൂപയുടെ പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞു. ഈ പദ്ധതിയിൽ 5 വർഷങ്ങൾ കൊണ്ടുതന്നെ ഒരു 400 കെ.വി. സബ്സ്റ്റേഷനും (കോട്ടയം) പതിനൊന്ന് (മഞ്ചേരി, ചാലക്കുടി, കോതമംഗലം, ആലുവ, കല്ലൂർ, കുന്നമംഗലം, ചിത്തിരപുരം, ഏറ്റുമാനൂർ, വിഴിഞ്ഞം, തലശ്ശേരി, കുന്നംകുളം)

220 കെ.വി. സബ്സ്റ്റേഷനുകളും 179 സർക്യൂട്ട് കി.മി., 400 കെ.വി. ലൈൻ ഉൾപ്പെടെ 1467 സർക്യൂട്ട് കി.മി. EHT ലൈനുകളും നിർമ്മാണം പൂർത്തിയാക്കി.

ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികളുടെ അവലോകനം വിവിധ ശ്രേണിയിലുള്ള ഓഫീസ് തലങ്ങൾക്ക് പുറമെ ബോർഡ് തലത്തിലും കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നുണ്ട്. സർക്കാരിന്റെ ഫ്ലാഗ്ഷിപ് പ്രോജക്ടിൽ ഉൾപ്പെട്ട ടി പദ്ധതിയുടെ പുരോഗതി കെ.എസ്.ഇ.ബി. ലിമിറ്റഡ് വിലയിരുത്തുന്നതിന് പുറമെ സർക്കാർ തലത്തിലും അവലോകനം ചെയ്തുവരുന്നു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ സർക്കാർ, ബോർഡ് മാർഗനിർദ്ദേശങ്ങൾ അനുസരിച്ച് പ്രത്യേക സംഘം പ്രവർത്തിച്ചുവരുന്നു.

സൗര

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ കേരള മിഷന്റെ ഭാഗമായുള്ള ഒരു പദ്ധതിയാണ് സൗര. ഇത് കെ.എസ്.ഇ.ബി.എൽ. വഴിയാണ് നടപ്പിലാക്കുന്നത്. ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ

വൈദ്യുതി ശൃംഖലയിൽ കൂട്ടിച്ചേർക്കാൻ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിവയിലൂടെയും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ സൗര പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ, സോളാർ പാർക്ക്, KSEBL/സ്വകാര്യ സംരംഭകർ സ്ഥാപിച്ച പുരപ്പുറ/ഭൗമോപരിതല സൗരോർജ്ജ നിലയങ്ങൾ, ഫ്ലോട്ടിങ് സൗരോർജ്ജ നിലയങ്ങൾ എന്നിവയിലൂടെ 733.37MW-ഉം ചേർത്ത് ആകെ 936.71 MW സ്ഥാപിത ശേഷി കൂട്ടിച്ചേർത്തിട്ടുണ്ട്.

ഫിലമെന്റ് ഫ്രീ കേരള പദ്ധതി

'ഫിലമെന്റ് ഫ്രീ കേരള' പദ്ധതിവഴി ഊർജക്ഷമത കുറഞ്ഞ CFL/ICL ലാമ്പുകൾക്ക് പകരം ഊർജക്ഷമത കൂടിയ 9 W LED ബൾബുകൾ മിതമായ നിരക്കിൽ കെ.എസ്.ഇ.ബി.എൽ.-വിതരണം ചെയ്തുവരുന്നു.

ഈ പദ്ധതിവഴി തിരക്കേറിയ സമയങ്ങളിൽ ഏകദേശം 250 മെഗാവാട്ട് വൈദ്യുതി ലാഭിക്കുന്നതിനും അതുവഴി വൈദ്യുതി വാങ്ങലിന്റെ കാര്യത്തിൽ ഗണ്യമായ തുക ലാഭിക്കുന്നതിനും പദ്ധതി വിഭാവനം ചെയ്യുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതിവഴി കെ.എസ്.ഇ.ബി.എൽ. ഗൃണഭോക്താക്കൾക്ക് മൂന്ന് വർഷത്തെ ഗ്യാരന്റിയിൽ 65 രൂപ നിരക്കിൽ എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. ഫിലമെന്റ് രഹിത കേരളം പദ്ധതി നടപ്പിലാക്കാനായി കെ.എസ്.ഇ.ബി.എൽ. ആകെ 1,17,50,000 (ഒരു കോടി പതിനേഴ് ലക്ഷത്തി അൻപതിനായിരം) എൽ.ഇ.ഡി. ബൾബുകൾ ഇ-ടെൻഡർ മുഖേന M/s. Crompton Greaves Consumer Electrical Limited, M/s HQ Lamps Manufacturing Co. Pvt Ltd എന്നീ കമ്പനികളിൽനിന്നും വാങ്ങി.

ഇങ്ങനെ 40W-ന്റെ പരമ്പരാഗത ബൾബുകൾ മാറ്റി 9W-ന്റെ LED സ്ഥാപിക്കുന്നതിലൂടെ ഒരു ബൾബിന്റെ സ്ഥാനത്ത് ഏകദേശം 31 W ലാഭിക്കാൻ സാധിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് വൈദ്യുതി ബില്ലിനത്തിൽ കുറവ്, പരിസ്ഥിതി സംരക്ഷണം,

സംസ്ഥാനത്തിന് കാർബൺ ക്രെഡിറ്റ് മുതലായ നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നു. കൂടാതെ ഊർജ്ജ സംരക്ഷണത്തോടൊപ്പം സംസ്ഥാനത്തിന്റെ പീക്ക് ലോഡിൽ കുറവും ലഭിക്കുന്നുണ്ട്.

ഫിലമെന്റ് രഹിത കേരളം പദ്ധതിവഴി നാളിതുവരെ 1475329 ഉപഭോക്താക്കൾക്കായി 11519377 LED ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഇ-സേഫ് പദ്ധതി

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ സഹകരണത്തോടെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇ-സേഫ് പദ്ധതി. ഈ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം വൈദ്യുത സുരക്ഷാ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കുടുംബശ്രീ, ആശാവർക്കർ, റെസിഡന്റ്സ് അസോസിയേഷൻ, പഞ്ചായത്തുകൾ, വിദ്യാർഥികൾ എന്നിവർക്കായി ബോധവൽകരണ പരിപാടിയും, വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കായി വൈദ്യുത സുരക്ഷാ ക്ലാസ്സുകളും സംഘടിപ്പിച്ചുവരുന്നു. കൂടാതെ, വയർമാൻമാർക്കും സൂപ്പർവൈസർമാർക്കും നിർബന്ധിത

ടെയിനിംഗുകളും സംഘടിപ്പിക്കുന്നു. പത്ര-ദൃശ്യ-ശ്രവ്യ മാദ്ധ്യമങ്ങൾവഴി വൈദ്യുത സുരക്ഷാ സന്ദേശങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നു.

കഴിഞ്ഞ 16 വർഷത്തെ കണക്കുകൾ പ്രകാരം മുൻവർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി അപകടങ്ങൾ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (പ്രസ്തുത കണക്കുകൾ അനുബന്ധമായി ചേർക്കുന്നു).[+] 2022-23 സാമ്പത്തിക വർഷത്തേക്കാൾ 14 ശതമാനത്തോളം അപകടങ്ങൾ 2023-24 വർഷം കുറഞ്ഞുവന്നിട്ടുണ്ട്.

(ബി) ഊർജ്ജ രംഗത്ത് ആഭ്യന്തര ഉല്പാദനം വർധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ആഭ്യന്തര ഉല്പാദനം വർധിപ്പിക്കുന്നതിലൂടെ വൈദ്യുതി വിതരണ മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) സംസ്ഥാനത്ത് അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

നിർമാണം പുരോഗമിക്കുന്നതും, പുതിയ പദ്ധതികളും ഉൾപ്പെടെ വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികൾ മുഖേന 1812 MW അധിക ഉല്പാദന ശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു. ജല വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനായി മൊത്തം 3150 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകിയിട്ടുണ്ട്.

പുനരുപയോഗ ഊർജ്ജ പദ്ധതികളിലൂടെ (പുരപ്പുറ സൗര നിലയങ്ങൾ, സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ്സോളാർ, കാറ്റാടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലയങ്ങൾ) 250-ഓളം MW അധികമായി ഉൽപ്പാദിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിലൂടെ വൈദ്യുതി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് മേൽപ്പറഞ്ഞ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

ആഭ്യന്തര ഉത്പാദനം വർധിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജത്തിൽനിന്നും കാറ്റിൽനിന്നും വൈദ്യുത ഉത്പാദനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായുള്ള ഒരു പദ്ധതിയാണ് സൗര. ഈ പദ്ധതിയിലൂടെ ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിചേർക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിവയിലൂടെയും

കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഇതിൽ സൗര പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ, സോളാർ പാർക്ക്, KSEBL/സ്വകാര്യ സംരംഭകർ സ്ഥാപിച്ച പുരപ്പുറ/ഭൗമോപരിതല സൗരോർജ്ജ നിലയങ്ങൾ, ഫ്ലോട്ടിങ് സൗരോർജ്ജ നിലയങ്ങൾ എന്നിവയിലൂടെ 733.37MW-ഉം ചേർത്ത് ആകെ 936.71 MW സ്ഥാപിത ശേഷി കൂട്ടിച്ചേർത്തിട്ടുണ്ട്.

ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിലൂടെ പുറമെനിന്നും വാങ്ങുന്ന വൈദ്യുതി ഒരളവുവരെ നിയന്ത്രിക്കുന്നതിനും അതിലൂടെ കുറെയെങ്കിലും സ്വയം പര്യാപ്തതയിലേയ്ക്ക് കടക്കുവാനും സാധിക്കുമെന്ന് കരുതുന്നു.

ഇതിന്റെ ഭാഗമായി, പാലക്കാട് കഞ്ചിക്കോടിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് 1.25 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയം, PM KUSUM-Component C സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ഫണ്ടും കെ.എസ്.ഇ.ബി.-യുടെ ഫണ്ടും വിനിയോഗിച്ച് സ്ഥാപിക്കുന്ന 11 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ

നിലയങ്ങൾ, PM KUSUM-Component A സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന 30 MW സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ നിക്ഷേപകർ മുതൽ മുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന 14 MW സ്ഥാപിത ശേഷിയുള്ള കാറ്റാടി നിലയങ്ങൾക്കുള്ള ലെറ്റർ ഓഫ് അവാർഡ് കെ.എസ്.ഇ.ബി.എൽ. നൽകിയിട്ടുണ്ട്.

കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കാൻ NHPC ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു. പദ്ധതിവഴി ഉത്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങാൻ ധാരണയായിട്ടുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

ഊർജ്ജ രംഗത്ത് ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി അനെർട്ട് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:-

- സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു (10 ശതമാനം സംസ്ഥാന സർക്കാർ ധനസഹായത്തോടെ).

- റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് റെസ്കോ (RESCO) മോഡൽ പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് RESCO ആയി സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. കണ്ണൂർ തലശ്ശേരിയിലെ RUBCO-യിൽ 350 KW സൗരോർജ പവർ പ്ലാന്റും എറണാകുളം ജില്ലയിലെ ഇരുമ്പനത്തുള്ള TRACO CABLE കമ്പനിയിൽ 500 KW സൗരോർജ പവർ പ്ലാന്റും പ്രതിഷ്ഠാപനം കഴിഞ്ഞു.

• ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.

• അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.

• മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയായ 'പുനർഗേഹം' പദ്ധതിയിൽ സ്ഥാപിച്ച വീടുകളിൽ 2 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

• സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

- സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- പച്ചക്കറികൾ/പഴങ്ങൾ ഇവ കേടുകൂടാതെ സൂക്ഷിക്കുന്നതിന് സോളാർ കോൾഡ് സ്റ്റോറേജ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

- വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

സഹകരണ ബാങ്കുകളുടെ സോഫ്റ്റ്വെയർ കാര്യക്ഷമമാക്കാൻ നടപടി

13 (*343) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. രമേശ് ചെന്നിത്തല:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ സോഫ്റ്റ്വെയർ കാര്യക്ഷമമാക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും ഇവ പര്യാപ്തമാണോയെന്നും അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളിൽ വിവിധ കമ്പനികളുടെ സോഫ്റ്റ്വെയറുകളാണ് ഉപയോഗിക്കുന്നത്. ഏകീകൃത രൂപമോ, വ്യക്തമായ സുരക്ഷാ മാനദണ്ഡങ്ങളോ പാലിക്കാത്ത സോഫ്റ്റ്വെയറുകളാണ് പല സംഘങ്ങളിലും ഉപയോഗിച്ചുവരുന്നത്. ഡേറ്റാ സുരക്ഷ, പാസ്വേർഡ് പോളിസി തുടങ്ങിയ അടിസ്ഥാനപരമായ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പല സോഫ്റ്റ്വെയറുകളും പാലിക്കുന്നില്ല. മേൽസാഹചര്യങ്ങൾ കണക്കിലെടുത്താണ് സഹകരണ സംഘങ്ങളിൽ സോഫ്റ്റ്വെയർ സുരക്ഷ ഓഡിറ്റ് നടത്തണമെന്നും അടിസ്ഥാനപരമായ സുരക്ഷിതത്വ മാനദണ്ഡങ്ങൾ പാലിക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു. മേൽനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും നിലവിൽ ഉപയോഗിക്കുന്ന പല സോഫ്റ്റ്വെയറുകളിലും ഇത്തരം മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ട പല സംഘങ്ങളിലും സോഫ്റ്റ്വെയറിൽ

കൃത്രിമം കാണിച്ചിട്ടുള്ളതായി വ്യക്തമായിട്ടുണ്ട്. സഹകരണ മേഖലയുടെ വ്യാപ്തിക്കും വളർച്ചയ്ക്കും അനുസൃതമായി നിലവിൽ ഉപയോഗിക്കുന്ന മിക്കവാറും സോഫ്റ്റ്വെയറുകൾ അനുയോജ്യമല്ല എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

(ബി) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുഗമമാക്കാൻ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും പൊതു സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിലേയ്ക്കായി RFP പ്രകാരമുള്ള ടെൻഡർ ക്ഷണിക്കുകയും, e-Tender-ൽ പങ്കെടുത്ത് TCS സമർപ്പിച്ച ടെക്നിക്കൽ, ഫിനാൻഷ്യൽ ബിഡ്ഡുകൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നിർദ്ദേശം (Letter of Intent) TCS-ന് നൽകിയിട്ടുണ്ട്. TCS-മായി കരാറിൽ ഏർപ്പെടുന്ന തീയതി മുതൽ പദ്ധതി ആരംഭിക്കുന്നതാണ്. കരാറിൽ ഏർപ്പെടുന്ന തീയതി

മുതൽ വിവിധ ഘട്ടങ്ങളിലായി 18 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലും, കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി PACS-കൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ്വെയറാണ് സഹകരണ വകുപ്പ് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) സഹകരണ ബാങ്കുകളുടെ ഓഡിറ്റിംഗ് കുറ്റമറ്റതും കാര്യക്ഷമവുമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിലേയ്ക്കായി സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടീം ഓഡിറ്റ് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും

പൈലറ്റ് പദ്ധതിയായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിൽ ആരംഭിക്കുകയും ചെയ്തു. ടി ജില്ലകളിൽ പദ്ധതി വൻവിജയമായതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പിലാക്കുകയുണ്ടായി.

ടീം ഓഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ഓഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

ഇതിനുപുറമേ ജില്ലാതലത്തിൽ ഓഡിറ്റുമായി ബന്ധപ്പെട്ട് മാസ്റ്റേഴ്സ് ട്രെയിനർമാരെ നിയോഗിക്കുന്നതിലേയ്ക്കായി ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് Accounting Standards, Audit in IT environment, Inventory Accounting, Special Report drafting and processing, Audit Planning and Procedures, Analysis of Financial Statement and Stock Verification, Auditing Standards എന്നീ വിഷയങ്ങളെ സംബന്ധിച്ച് വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് GAAP-യിലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ പരിഷ്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വസ്തു ഈടുകളുടെ സാമ്പിൾ തിരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX-ൽ ഓഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ഓഡിറ്റ് MATRIX ഓഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിക്കണം.

Entry Meet, Exit meet, Draft Audit Memo, Audit para System, compliance register, para dropping എന്നിവ സഹകരണ ഓഡിറ്റ് ഡയറക്ടറുടെ സർക്കുലർ നിർദ്ദേശപ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ

14 (*344) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. എസ്. സുപാൽ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

പുതിയ കാലത്തെ മാറ്റങ്ങൾ തിരിച്ചറിഞ്ഞ് സഹകരണ മേഖലയിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ക്രമക്കേടുകൾ തടയുന്നതിനും സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം

ലക്ഷ്യമിട്ടുകൊണ്ടും കേരള സഹകരണ സംഘം ഭേദഗതി നിയമം അംഗീകരിച്ചിട്ടുണ്ട്. ടി നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്ക്തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ സുതാര്യതയും ശേഷിയും ഉയർത്തുന്നതിനും സഹകരണ മേഖലയിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിലേയ്ക്കുമായി ടീം ഓഡിറ്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

അതോടൊപ്പം സഹകരണ നിയമ ഭേദഗതി പ്രകാരം സഹകരണ മേഖലയിലെ അക്കൗണ്ടിംഗ് GAAP-ലേയ്ക്ക് മാറുന്നതിന്റെ ഭാഗമായി സഹകരണ സംഘങ്ങൾക്ക് ഒരു മോഡൽ അക്കൗണ്ടിംഗ് മാന്വൽ

ലഭ്യമാക്കുന്നത് അത്യന്താപേക്ഷിതമാണ്. അക്കൗണ്ടിംഗ് രീതി മാറുന്നതിന്റെ ഭാഗമായും ടീം ഓഡിറ്റ് നടപ്പിലാക്കിയതിന്റെ ഭാഗമായും ഓഡിറ്റിംഗ് മാന്വൽ, ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവയിലും പരിഷ്കരണങ്ങൾ ആവശ്യമാണ്. ആയതിനുള്ള സത്വര നടപടികളുമായി വകുപ്പ് മുന്നോട്ടുപോകുകയാണ്.

വസ്തു ഇടുകളുടെ സാമ്പിൾ തിരഞ്ഞെടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ഓഡിറ്റർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഡിറ്റ് MATRIX-ന്റെ ഉപയോഗത്തിലൂടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനുമുള്ള പരിശീലനം ഓഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവത്കരിക്കുന്നതിനും, അക്കൗണ്ടിംഗ് സിസ്റ്റം സുതാര്യമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും, സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ

ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണസംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit monitoring and Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ

മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെ കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ

ലക്ഷ്യങ്ങളോടെ “കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി” എന്നപേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ "സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" Co-operative Initiative in Technology Driven Agriculture (CITA) എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സഹകരണ പരീക്ഷാ ബോർഡിൽ ഒറ്റത്തവണ രജിസ്ട്രേഷൻ, ഡിജിറ്റൽ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തി സഹകരണ പരീക്ഷാ ബോർഡിന്റെ നിയമന രീതി നവീകരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) സഹകാരികൾക്ക് സൗരോർജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതി സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സഹകാരികൾക്ക് സൗരോർജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്നതിനായി സബ്സിഡിയോടുകൂടി വായ്പകൾ വിതരണം ചെയ്യുന്ന പദ്ധതി സഹകരണ മേഖലയിൽ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന പരിപാടിയുമായി ബന്ധപെട്ട് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന വ്യക്തികൾക്ക് വീടുകളിൽ സൗരോർജം ഉപയോഗിച്ചുള്ള വൈദ്യുത നിലയങ്ങൾ ആരംഭിക്കുന്നതിനായി വായ്പകൾ നൽകുന്നതിനാണ് 'സൗരജ്യോതി' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കേരള സംസ്ഥാനത്തിന്റെ വർധിച്ചുവരുന്ന വൈദ്യുതി ഉപയോഗം, ഭീമമായ വൈദ്യുത ചെലവ് എന്നിവ കുറയ്ക്കുന്നതിനും, പാരമ്പര്യേതര ഊർജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക

എന്നിവ ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് വ്യക്തികൾക്ക് നൽകുന്ന ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങൾവഴി വായ്പ നൽകുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. സൗരോർജ്ജ നിലയം ആരംഭിക്കുന്നതിനായി സബ്സിഡി കഴിഞ്ഞ് ഉപഭോക്താവ് ചെലവഴിക്കേണ്ട ആകെ തുകയുടെ 80 ശതമാനമോ പരമാവധി മൂന്ന് ലക്ഷം രൂപയോ വായ്പയായി അനുവദിക്കുന്നതാണ്. വായ്പയുടെ പലിശ നിരക്ക് പരമാവധി 10 ശതമാനവും, കാലാവധി പരമാവധി 5 വർഷവും ആയിരിക്കും. ടി പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപെട്ട് സഹകരണ സംഘം രജിസ്ട്രാറുടെ 14/23 നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ എന്നിവ മുഖേന 106 വായ്പകളിലായി ആകെ 2.19 കോടി രൂപയുടെ വായ്പ അനുവദിച്ചിട്ടുണ്ട്.

(സി) സാധാരണക്കാരായ വിദ്യാർഥികളെയും യുവാക്കളെയും തൊഴിലന്വേഷകരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് നൈപുണ്യ വികസന വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സാധാരണക്കാരായ വിദ്യാർഥികളെയും യുവാക്കളെയും തൊഴിലന്വേഷകരെയും സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് "നൈപുണ്യ വികസന വായ്പാ പദ്ധതി" നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിയ മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖേന ASAP- KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന തിരഞ്ഞെടുക്കപ്പെട്ട വിവിധ കോഴ്സുകളിൽ വിദ്യാർത്ഥികൾക്കും, ഉദ്യോഗാർഥികൾക്കും പരിശീലനം ലഭിക്കുന്നതിനായി കോഴ്സ് ഫീ വായ്പയായി നൽകുന്നതാണ് പ്രസ്തുത പദ്ധതി. കോഴ്സ് ഫീസോ, ഫീസിനത്തിൽ പരമാവധി ഒന്നര ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക വായ്പയായി അനുവദിക്കുന്നു. പലിശ നിരക്ക് പരമാവധി 10 ശതമാനമാണ്.

കോഴ്സ് തീർന്ന് 6 മാസത്തിനുശേഷമോ, ജോലി ലഭിച്ച് 3 മാസത്തിനുശേഷമോ ഏതാണ് ആദ്യം വരുന്നത് അന്നുമുതൽ പരമാവധി 36 മാസത്തിനുള്ളിൽ വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. സംസ്ഥാനത്ത് നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന 21 വായ്പകളിലായി ആകെ 21.10 ലക്ഷം രൂപ നൈപുണ്യശേഷി വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേയ്ക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് കേരള ബാങ്ക് മുഖേന കെ.ബി. സ്കിൽ ലോൺ നൽകിവരുന്നുണ്ട്.

(ഡി) സഹകരണ മേഖലയിലൂടെ പരമ്പരാഗത ഭക്ഷ്യ, കാർഷികാധിഷ്ഠിത വ്യവസായങ്ങളുടെയും വിനോദസഞ്ചാരത്തിന്റെയും വളർച്ച നേടിയെടുക്കാനും ഇതിലൂടെ പ്രസ്തുത മേഖലകളിൽ ആഗോള അംഗീകാരം നേടിയെടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പിലാക്കിയിട്ടുള്ള "ബ്രാൻഡിംഗ് ആന്റ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന മൂല്യവർധിത ഉല്പന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയവ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ ഉൽപ്പന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ., യു.കെ., ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ എക്സ്പോർട്ട് ബിസിനസ് മീറ്റ്-2024 സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർധിത ഉല്പന്നങ്ങൾ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കുന്നതിന് സഹകരണ സംഘങ്ങൾ സജ്ജമായിട്ടുള്ളതുമാണ്.

കാർഷിക മേഖല അടിസ്ഥാനമാക്കി വ്യവസായ സംരംഭങ്ങൾ ആരംഭിക്കാനുള്ള പദ്ധതികളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്

സൊസൈറ്റി (PAPCOS) രൂപീകരിച്ച് സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തനപരിധിയായി സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപ്പന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും, സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽകൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽകൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യൂയർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ. 4505 (KAPCOS) എന്ന സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിക്കുകയും റൈസ്

മിൽ സ്ഥാപിക്കുന്നതിനായി കോട്ടയം മീനച്ചിൽ താലൂക്കിൽ വാങ്ങിയിട്ടുള്ള സ്ഥലത്ത് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. കേരള ബാങ്ക് മുഖേന കാർഷിക സംസ്കരണ മേഖലയിലും മൂല്യവർധിത ഉല്പന്നങ്ങളുടെ നിർമ്മാണ സംരഭങ്ങൾക്കുമുള്ള വായ്പാ സഹായം നൽകുന്നതിന് കെ.ബി. മൈക്രോ ഫുഡ് പ്രോസസ്സിംഗ് വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ സബ്സിഡിയോടുകൂടി നടപ്പിലാക്കിവരുന്നുണ്ട്. മൂല്യവർധിത ഉല്പാദനത്തിലൂടെ കർഷകരുടെ വരുമാനം വർധിപ്പിക്കൽ, സമ്പദ്ഘടനയുടെ വളർച്ച എന്നിവ ലക്ഷ്യമിട്ടുകൊണ്ട് കാർഷിക ഉൽപ്പാദന സംഘടനകൾക്ക് KB-FPO എന്ന പ്രത്യേക വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

സംസ്ഥാനത്ത് ടൂറിസം മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ വളരെയേറെ നിർണ്ണായകമായ പങ്കാണ് വഹിക്കുന്നത്. സഹകരണ മേഖലയിൽ ടൂറിസം വികസനം ലക്ഷ്യമാക്കി പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളും, സംസ്ഥാനതല ടൂറിസം സംഘങ്ങളും, പ്രാഥമിക ടൂറിസം സഹകരണ സംഘങ്ങളുടെ അപെക്സ് ഫെഡറേഷനായ ടൂർഫെഡും (ടൂറിസം

ഡെവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി) പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. യാത്ര എന്ന ആശയം ഫലപ്രദമായി നടപ്പിലാക്കുന്നതിന് കേരളത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാത്തരം സഹായങ്ങളും നൽകുകയെന്ന ലക്ഷ്യത്തോടെ പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ വിവിധ തരത്തിലുള്ള ദേശീയ, അന്തർദേശീയ ടൂർപാക്കേജുകൾ ടൂർഫെഡ് ഏർപ്പെടുത്തിവരുന്നു. കൂടാതെ ടൂറിസം മേഖലയുടെ വികസനം ലക്ഷ്യം വച്ചുകൊണ്ട് കേരള ബാങ്ക് മുഖേന ടൂറിസം ഡെവലപ്മെന്റ് ലോണും കെ.ബി. ഹോം സ്റ്റേ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

സപ്ലൈ കോഡ് ഭേദഗതി

15 (*345) ശ്രീമതി കാനത്തിൽ ജമീല:

ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. എ. പ്രഭാകരൻ:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടിൽ വ്യവസായങ്ങൾക്ക് ഗാർഹിക നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള സപ്ലൈകോഡ് ഭേദഗതി നിലവിൽ

വന്നിട്ടുണ്ടോ; ഭേദഗതി നിലവിൽ വരുന്നതോടുകൂടി ഈ രംഗത്തുണ്ടാകുന്ന നേട്ടം വിലയിരുത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് കുടിൽ വ്യവസായങ്ങൾക്ക് ഗാർഹിക താരിഫിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നിർദേശം ഉൾപ്പെടുന്ന സപ്ലൈ കോഡിന്റെ കരട് ചട്ടങ്ങൾ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അന്തിമ ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. ഈ ഭേദഗതി നിലവിൽ വരുന്നതോടുകൂടി 5 എച്ച്.പി. അഥവാ നാല് കിലോവാട്ട് വരെയുള്ള കുടിൽ വ്യവസായങ്ങൾക്ക് ഗാർഹിക താരിഫിൽ വൈദ്യുതി ലഭിക്കും. കൂടാതെ വ്യാവസായിക ലോഡുകൾക്ക് ഗാർഹിക കണക്ഷനിൽനിന്ന് വൈദ്യുതി എടുക്കുന്നതിന് സാധിക്കുന്നു. ഇതുമൂലം 5 എച്ച്.പി. അഥവാ നാല് കിലോവാട്ട് വരെയുള്ള കുടിൽ വ്യവസായങ്ങൾക്ക് പ്രത്യേക കണക്ഷൻ ആവശ്യമായി വരില്ല.

(ബി) എന്തെല്ലാം ഭേദഗതികളാണ് സപ്ലൈ കോഡിൽ നിർദേശിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഒട്ടാകെ 65 ഭേദഗതികളാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്.

സപ്ലൈ കോഡ് കരട് ഭേദഗതിയുടെ പകർപ്പ് നിർദേശിച്ചിട്ടുള്ള പ്രധാന മാറ്റങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

(സി) പ്രസ്തുത ഭേദഗതി സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടിയിരുന്നോ; വിശദമാക്കുമോ?

സപ്ലൈ കോഡ് ഭേദഗതിയെ സംബന്ധിച്ച് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പൊതുജനങ്ങളുടെ അഭിപ്രായം തേടിയിരുന്നു.

കരട് കേരള ഇലക്ട്രിസിറ്റി സപ്ലൈ (അഞ്ചാം ഭേദഗതി) കോഡ്, 2024-ന്റെ പൊതുതെളിവെടുപ്പ് മാർച്ച് 19, 2024-ന് കമ്മീഷന്റെ കോർട്ട് ഹാളിൽ വച്ച് ഹൈബ്രിഡ് മോഡിൽ നടത്തിയിരുന്നു. ഇതുകൂടാതെ തപാൽ മുഖേനയും ഇ-മെയിൽ മുഖാന്തരവും ലഭിച്ച കരടിന്മേലുള്ള നിർദേശങ്ങൾ മേയ്, 2024 വരെ കമ്മീഷൻ സ്വീകരിച്ചിരുന്നു.

(ഡി) കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട എല്ലാത്തരം സേവനങ്ങളും ഓൺലൈനാക്കാൻ പ്രസ്തുത ഭേദഗതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ സംബന്ധമായ വിവിധ സേവനങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനൊപ്പം എല്ലാവിധ സേവനങ്ങളും ഓൺലൈൻവഴി നിർബന്ധമാക്കുന്നതിനുമുള്ള വ്യവസ്ഥകൾ കരട് കേരള ഇലക്ട്രിസിറ്റി സപ്ലൈ (അഞ്ചാം ഭേദഗതി) കോഡ്, 2024-ൽ (റഗുലേഷൻ നമ്പർ 75) ഉൾപ്പെടുത്തിയിട്ടുണ്ട്.

ട്രഷറി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ

16 (*346) ശ്രീ. രമേശ് ചെന്നിത്തല:
ശ്രീ. റോജി എം. ജോൺ:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) 2020 ഓഗസ്റ്റ് മാസത്തിൽ വഞ്ചിയൂർ ട്രഷറിയിൽനിന്നും വിരമിച്ച ജീവനക്കാരന്റെ ലോഗിൻ ഐ.ഡി.-യും പാസ്‌വേഡും ഉപയോഗിച്ച് മറ്റൊരു ജീവനക്കാരൻ ട്രഷറിയിൽനിന്നും പണം തട്ടിയെടുത്ത സംഭവം ട്രഷറി സോഫ്റ്റ്‌വെയറിലെ അടക്കമുള്ള പഴുതുകൾ വെളിപ്പെടുത്തുന്നതായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറി ഓഫീസറായി വിരമിച്ച ഉദ്യോഗസ്ഥന്റെ യൂസർ ഐ.ഡി.-യും പാസ്‌വേഡും അനധികൃതമായി കൈക്കലാക്കി ടി ട്രഷറിയിലെ സീനിയർ അക്കൗണ്ടന്റ് ശ്രീ. എം. ആർ. ബിജുലാൽ പണം അപഹരിക്കുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. എം. ആർ. ബിജുലാലിനെ സർവ്വീസിൽനിന്ന് ഡിസ്മിസ് ചെയ്യുകയും ടിയാൻ അപഹരിച്ച പണം തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ തിരുവനന്തപുരം യൂണിറ്റ് VC 07/2022/TVM നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയുമാണ്.

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിന്റെ പശ്ചാത്തലത്തിൽ ട്രഷറി പ്രവർത്തനം കുറ്റമറ്റതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്കായി ട്രഷറി സോഫ്റ്റ്‌വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും കാതലായ മാറ്റം ഇതിനോടകംതന്നെ വരുത്തിയിട്ടുണ്ട്. അതോടൊപ്പം ട്രഷറി

ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ/മാനദണ്ഡങ്ങൾ നടപ്പിൽ വരുത്തുവാൻ തീരുമാനിക്കുകയും ആയത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതഗതിയിലുമാണ്.

(സി) അപ്രകാരം സ്വീകരിച്ച നടപടികൾ കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ട്രഷറി സോഫ്റ്റ്വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും വരുത്തിയ സുരക്ഷാ മാനദണ്ഡങ്ങൾ ഏറെ ഫലപ്രദവും കാര്യക്ഷമവുമാണെന്നും ആയത് ട്രഷറികളിലെ ക്രമക്കേടുകൾ തടയുന്നതിന് സഹായകരമായിട്ടുണ്ടെന്നും ബോധ്യപ്പെട്ടിട്ടുണ്ട്.

ട്രഷറിയിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ:

ട്രഷറി വകുപ്പിൽ എല്ലാ ജീവനക്കാർക്കും PEN അടിസ്ഥാനത്തിൽ ഐ.പി. ബൈൻഡ് ചെയ്ത് നൽകിയിട്ടുണ്ട്. അപ്രകാരം ഐ.പി. ബൈൻഡ് ചെയ്തിട്ടുള്ള കമ്പ്യൂട്ടർ മുഖാന്തരം മാത്രമെ ബന്ധപ്പെട്ട ജീവനക്കാരന് സ്വന്തം

യൂസർ ഐ.ഡി.-യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ. ട്രഷറി ഓഫീസർ UMAS (User Management Authentication system) ആപ്ലിക്കേഷനിൽ എല്ലാ ജീവനക്കാർക്കും അതത് ദിവസത്തെ പ്രവൃത്തി നിശ്ചയിച്ച് (role mapping) നൽകുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ ജീവനക്കാർക്ക് അവരിൽ നിക്ഷിപ്തമായ നിർദിഷ്ട ചുമതല നിർവ്വഹിക്കുവാൻ കഴിയുകയുള്ളൂ. അതിൻപ്രകാരം ട്രഷറി ഇടപാടുകൾ നടത്തുന്നതിനായി ജീവനക്കാരൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിൽ അറ്റൻഡൻസ് രേഖപ്പെടുത്തിയതിനുശേഷം ട്രഷറി ഇടപാടുകൾ നടത്തുന്നതിന് Core-TIS എന്ന ആപ്ലിക്കേഷനിൽ തനിക്ക് നിശ്ചയിച്ചിട്ടുള്ള ഐ.പി. മുഖാന്തരം പ്രവേശിച്ച് ആധാറിന്റെ അവസാനത്തെ എട്ട് അക്കങ്ങൾ രേഖപ്പെടുത്തുമ്പോൾ ജീവനക്കാരന്റെ രജിസ്റ്റേർഡ് മൊബൈൽ നമ്പറിൽ 24 മണിക്കൂർ മാത്രം വാലിഡിറ്റിയുള്ള ഒരു OTP ലഭിക്കുന്നു. ഇത് ഉപയോഗിച്ച് മാത്രമേ അന്നേദിവസം ഇടപാടുകൾ നടത്തുന്നതിനായി ബന്ധപ്പെട്ട ജീവനക്കാരന് ആപ്ലിക്കേഷനിൽ ലോഗിൻ ചെയ്യാൻ കഴിയുകയുള്ളൂ.

ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഇടപാടുകാരുടെ പാസ്‌വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധിതമായി മാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ്‌സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

രണ്ട് ദിവസത്തിലധികം അവധിയിൽ പ്രവേശിക്കുന്നവരുടെയും വിരമിക്കുന്നവരുടെയും എൽ.പി.ആർ.-ൽ പ്രവേശിക്കുന്നവരുടെയും വി.ആർ.എസ്. എടുക്കുന്നവരുടെയും യൂസർ ഐ.ഡി.-യും പാസ്‌വേർഡും സ്വയം നിഷ്ക്രിയമാകുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുണ്ട്. ആയതിന്റെ കാലാവധി കഴിയുന്നമുറയ്ക്ക് വീണ്ടും സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം എല്ലാ ട്രഷറി ആപ്ലിക്കേഷനുകളുടെയും Functional Audit നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

എല്ലാ ട്രഷറി ഇന്റർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളുടെയും സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി SSL (Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കുന്നുമുണ്ട്.

SPARK-ൽ രേഖപ്പെടുത്തിയിട്ടുള്ള ഔദ്യോഗിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ ട്രഷറി ജീവനക്കാർക്ക് ട്രഷറി ആപ്ലിക്കേഷനുകളിലേയ്ക്കുള്ള പ്രവേശനം അനുവദിക്കുന്നുള്ളൂ.

എല്ലാ ട്രഷറികളിലും സി.സി.ടി.വി. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

ഒരു ട്രഷറി ഇടപാട് നടക്കുമ്പോൾ ആയത് ഏത് ജീവനക്കാരന് assign ചെയ്ത് നൽകിയിട്ടുള്ള ഐ.പി. മുഖാന്തരമാണ് നടന്നിട്ടുള്ളതെന്നും ഏത് ജീവനക്കാരന്റെ യൂസർ ഐ.ഡി.-യും പാസ്വേഡും ഉപയോഗിച്ച് എപ്പോഴാണ് ടി ഇടപാട് നടന്നിട്ടുള്ളതെന്നും വ്യക്തമായി മനസ്സിലാക്കുന്നതിനുള്ള സംവിധാനം ട്രഷറിയിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ട്രഷറിയിൽനിന്ന് പണം പിൻവലിക്കുമ്പോൾ പ്രസ്തുത വിവരം SMS മുഖേന അക്കൗണ്ടുടമയുടെ KYC-യിൽ രേഖപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പരിലേയ്ക്ക് അറിയിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾ നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ചെക്ക് ബുക്ക് വിതരണം ചെയ്യുമ്പോഴും മേൽപ്രകാരം അക്കൗണ്ടുടമയ്ക്ക് SMS മുഖേന വിവരം ലഭിക്കുന്നതിനുള്ള സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുകയാണ്.

ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി ഉടൻ പ്രാബല്യത്തിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ള സുരക്ഷാ ക്രമീകരണങ്ങൾ/മാനദണ്ഡങ്ങൾ:

എല്ലാ അക്കൗണ്ടുടമകൾക്കും e-KYC നിർബന്ധമാക്കും.

ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കും.

ഒരു അക്കൗണ്ട് ഉടമയ്ക്ക് ഇഷ്യൂ ചെയ്തിട്ടുള്ള ചെക്ക് ബുക്കിലെ മൂന്ന് ചെക്ക് ലീഫുകൾ അവശേഷിക്കുമ്പോൾ മാത്രമേ പുതിയ ചെക്ക് ബുക്ക് അനുവദിക്കുകയുള്ളൂ.

ഇടപാടുകാരന്റെ മൊബൈലിലേയ്ക്ക് വരുന്ന OTP-യുടെ അടിസ്ഥാനത്തിൽ മാത്രം പുതിയ ചെക്ക് ബുക്ക് ഇഷ്യൂ ചെയ്യുകയുള്ളൂ.

ഇടപാടുകാരുടെ രജിസ്റ്റേർഡ് മൊബൈൽ നമ്പർ മാറ്റുന്നതിന് പഴയ മൊബൈൽ നമ്പരിൽ ലഭിക്കുന്ന ഇ-സന്ദേശത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ.

പെൻഷൻ നിർത്തലാക്കുമ്പോൾതന്നെ പെൻഷണേഴ്സ് ട്രഷറി സേവിംഗ്സ് ബാങ്ക് (PTSB) അക്കൗണ്ടിലെ ഇടപാടുകൾ സ്വയം മരവിക്കും.

ട്രഷറി പെൻഷൻ ആപ്ലിക്കേഷനിൽ LSGD-K-SMART-മായി സംയോജിപ്പിച്ച്, പെൻഷൻകാർ മരണപ്പെടുമ്പോൾ പ്രസ്തുത വിവരം ലഭ്യമാക്കി പെൻഷൻ നിർത്തലാക്കും.

ബാങ്കിങ് സെക്ടറുമായി കിടപിടിക്കുന്ന രീതിയിലുള്ള സോഫ്റ്റ്വെയർ സംവിധാനം നടപ്പിലാക്കുന്നതിനായി ബാങ്കിങ് സോഫ്റ്റ്വെയർ ഡെവലപ്പേഴ്സുമായി ചർച്ചകൾ നടത്തി തുടർക്രമീകരണം നടത്തും.

ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ

17 (*347) ശ്രീ. എ. രാജ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട് സുസ്ഥിര വികസന മാതൃകയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ അതിന്റെ ഉദ്ദേശ്യലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട് എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സുസ്ഥിര വികസന മാതൃകയിലുള്ള പദ്ധതികളാണ്.

17 സുസ്ഥിര വികസന ലക്ഷ്യങ്ങളാണ് യുണൈറ്റഡ് നേഷൻസ് പ്രസിദ്ധീകരിച്ചിട്ടുള്ളതും ഇവതന്നെയാണ് കേരളത്തിലും പിന്തുടരുന്നത്. സുസ്ഥിര വികസന ലക്ഷ്യങ്ങളിലെ 7.3 ഖണ്ഡിക (2030-ഓടെ ഊർജ കാര്യക്ഷമത ഇരട്ടിയാക്കും) കൈവരിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങളാണ് ഇ.എം.സി. ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

ഇ.എം.സി. വിവിധ മേഖലകളിൽ നടപ്പിലാക്കുന്ന ഊർജ സംരക്ഷണ പ്രവർത്തനങ്ങൾ പരിഗണിച്ച് ദേശീയതലത്തിൽ കേരളത്തിന്

അംഗീകാരവും ലഭിക്കുകയുണ്ടായി. 2018 മുതൽ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ഊർജ സംരക്ഷണവും മറ്റ് പ്രവർത്തനങ്ങളും പരിശോധിച്ച് സംസ്ഥാനതല ഊർജ കാര്യക്ഷമത സൂചിക (SEEI) പ്രസിദ്ധീകരിച്ചതിൽ 2018, 2022, 2023 എന്നീ വർഷങ്ങളിൽ കേരളം സൂചികയിൽ മുമ്പിലെത്തി.

ഊർജ സംരക്ഷണം നടപ്പാക്കുന്നതിനും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ലക്ഷ്യം ഇനിയും അകലെയാണ്.

ഊർജ സംരക്ഷണം നടപ്പിലാക്കുന്നതിനും വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനും ആവിഷ്കരിച്ച

(1) DELP (Domestic Efficient Lighting Programme) - പരമ്പരാഗത CFL/ICL ബൾബുകൾക്ക് പകരമായി LED ബൾബുകൾ വിതരണം ചെയ്ത പദ്ധതി,

(2) കേരള സർക്കാരിന്റെ ഫിലമെന്റ് രഹിത പദ്ധതി - പരമ്പരാഗത ബൾബുകൾക്ക് പകരമായി 9W-ന്റെ LED ബൾബുകൾ വിതരണം ചെയ്തുവരുന്ന പദ്ധതി,

(3) നിലാവ് പദ്ധതി - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി LED വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി - എന്നിവ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) എനർജി മാനേജ്മെന്റ് സെന്റർ ഈ ദിശയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

എനർജി മാനേജ്മെന്റ് സെന്റർ ഈ ദിശയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പരിശോധനാ വിധേയമാക്കാറുണ്ട്.

കേരള സംസ്ഥാന പ്ലാനിംഗ് ബോർഡ് ഡിപ്പാർട്ട്മെന്റ്തലത്തിൽ നടത്തുന്ന വിശകലന യോഗങ്ങളിലും കേന്ദ്ര ഊർജ മന്ത്രാലയത്തിന്റെ

കീഴിലുള്ള ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ വിശകലന യോഗങ്ങളിലും, കൂടാതെ വർഷത്തിൽ ഓരോ തവണ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേരുന്ന ഇ.എം.സി.-യുടെ ഗവേണിംഗ് ബോഡി യോഗത്തിലും പ്രവർത്തനം വിശകലനം ചെയ്യാറുണ്ട്.

(സി) വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽകരണ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽകരണ പ്രചാരണ പരിപാടികൾ ഇ.എം.സി. സംഘടിപ്പിക്കാറുണ്ട്. ഗാർഹിക ഉപഭോക്താക്കൾ, സർക്കാർ ഉദ്യോഗസ്ഥർ, വ്യവസായ മേഖലയിലെ ഉദ്യോഗസ്ഥർ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവർ, വൈദ്യുത ഉപകരണങ്ങളുടെ വ്യാപാരികൾ, വിദ്യാർഥികൾ എന്നിവർക്കായി ഇ.എം.സി. വിവിധ തരത്തിലുള്ള ബോധവൽകരണ പ്രചാരണ പരിപാടികൾ നടത്തിവരുന്നു.

വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന ജനങ്ങൾക്ക് ഊർജ സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽകരണത്തിന് വിവിധ തരത്തിലുള്ള വ്യാപക പ്രചാരണ പരിപാടികൾ കെ.എസ്.ഇ.ബി.എൽ. നടത്താറുണ്ട്. അതിനായി വാർത്താക്കുറിപ്പുകൾ, പരസ്യങ്ങൾ, സ്കൂൾ കുട്ടികൾക്കായി വിവിധ മത്സരങ്ങൾ, സ്കളുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവിടങ്ങളിൽ ബോധവൽകരണ ക്ലാസ്സുകൾ, NSS, NCC പ്രവർത്തകർക്കായി വ്യത്യസ്ത പരിപാടികൾ എന്നിവ നടപ്പാക്കുന്നു. ഇക്കഴിഞ്ഞ മാസങ്ങളിൽ വൈദ്യുതി ഉപയോഗം ക്രമാതീതമായ സമയത്ത് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ സഹകരണത്തോടെ ഊർജ സംരക്ഷണ സാക്ഷരത പരിപാടി സംഘടിപ്പിച്ചു. അതിന് മികച്ച തോതിൽ ബഹുജന പിന്തുണ ലഭിക്കുകയും ചെയ്തു.

(ഡി) ഈ ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനായി നടപ്പാക്കുന്ന നൂതന പരിപാടികളെക്കുറിച്ച് വിശദമാക്കുമോ?

ഈ ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനായി നടപ്പാക്കുന്ന നൂതന പരിപാടികളാണ് 'അംഗൻജ്യോതി', 'ക്ലൂൾ റൂഫ് ' എന്നീ പദ്ധതികൾ.

അങ്കണവാടികളെ സമ്പൂർണ ഊർജക്ഷമതയുള്ളതാക്കി മാറ്റുന്നതിന് ലക്ഷ്യം വച്ചുകൊണ്ടാണ് 'അംഗൻ ജ്യോതി' പദ്ധതി നടപ്പിലാക്കുന്നത്.

കേരളത്തിലെ അന്തരീക്ഷ താപനില വർധിക്കുന്ന സാഹചര്യത്തിൽ, 'ക്ലൗ റൂഫ്' സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക വഴി സംസ്ഥാനത്തെ കെട്ടിടങ്ങളിലെ ചൂട് കുറയ്ക്കുവാൻ സാധിക്കും.

ഊർജക്ഷമതയുള്ള വൈദ്യുതി ഉപകരണങ്ങൾ നൽകുന്നതുൾപ്പെടെയുള്ള നൂതന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വൈദ്യുതി കാര്യക്ഷമമായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ വ്യാപകമാക്കാൻ ലക്ഷ്യമിടുന്നു. കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി(BEE)-യുമായി ചേർന്ന് ഊർജക്ഷമതയുള്ള BLDC ഫാൻ കുറഞ്ഞ നിരക്കിൽ എല്ലാ ഉപഭോക്താക്കൾക്കും നൽകാനുള്ള പദ്ധതി, ആദിവാസികൾ ഉൾപ്പെടെ പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗത്തിന് എപ്പോഴും വൈദ്യുതി വെളിച്ചം കുറഞ്ഞ ചെലവിൽ ലഭിക്കാൻ LED വിളക്കുകളുടെ വ്യാപനം എന്നിവ ലക്ഷ്യമിടുന്നു.

ഊർജസംരക്ഷണം ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി.എൽ. കാര്യാലയങ്ങളിലും കെട്ടിടങ്ങളിലും ഊർജക്ഷമതയുള്ള BLDC ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി ആലോചനയിലാണ്.

സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി

18 (*348) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തര വ്യവസായ സ്ഥാപനങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതാണ്. ഈ മേഖലയിൽ ഉല്പാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി--

1. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേയ്ക്ക് സംസ്ഥാനത്തിന്റെ റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

2. ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 25-06-2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 2,67,053 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,644 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ 5,90,681 പേർക്ക് തൊഴിൽ നല്കാൻ സാധിച്ചിട്ടുണ്ട്.

3. 2022-23 സംരംഭക വർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 1,39,840 പുതിയ സംരംഭങ്ങൾ, 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8422 കോടി രൂപയുടെ നിക്ഷേപവും 3,00,051 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. ഈ പദ്ധതിയുടെ തുടർച്ചയെന്നോണം 'സംരംഭക വർഷം 2.0' എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്യുകയും സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ

കേരളത്തിൽ രൂപീകരിക്കപ്പെട്ടു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.65 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. പദ്ധതി ഈ വർഷവും തുടരുന്നുണ്ട്. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി മാത്രം 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 25 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ 2,52,650 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിലൂടെ 16,193 കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 5,37,689 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയ്ക്ക് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം MSME വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചതും കൈമാറ്റം ചെയ്തതുംവഴി വ്യവസായ മേഖലയിൽ ഏകദേശം 72 കോടിയിൽപ്പരം രൂപയുടെ

നിക്ഷേപവും 1574 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു. പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന 50 സെന്റ് ഭൂമി, ബി7 ഷെഡ്ഡ്, 14.95 സെന്റ് ഭൂമി, ഊരകം മിനി വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന 3.8 സെന്റ് ഭൂമി, ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ ഉപയോഗിക്കാതെ കിടന്ന രണ്ട് ഷെഡുകൾ എന്നിവ തിരികെയെടുക്കുകയുണ്ടായി. ആയവ പുതിയ വ്യവസായികൾക്ക് അനുവദിച്ച് നൽകുന്നതിലൂടെ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനും ആയതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കുന്നു. കൂടാതെ ഈ സർക്കാർ അധികാരമേറ്റശേഷം ഉമയനല്ലൂർ, കാസർഗോഡ് എന്നീ വ്യവസായ എസ്റ്റേറ്റുകൾക്ക് സിഡ്കോയുടെ പേരിൽ പട്ടയം ലഭിക്കുകയുണ്ടായി. ആയതുവഴി ടി എസ്റ്റേറ്റിലെ അർഹരായ യൂണിറ്റുകൾക്ക് സെയിൽ ഡീഡ് നൽകുവാനും വ്യവസായ വികസനത്തിനായി അവർക്ക് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുവാനും സാധിക്കുന്നു.

കൂടാതെ 05-08-2021-ലെ G.O.(Rt)No. 817/2021/Id നമ്പർ സർക്കാർ ഉത്തരവുപ്രകാരം പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ 2-ാം ഘട്ട

നവീകരണത്തിനായി 2 കോടി 61 ലക്ഷം രൂപയുടെ ലോൺ അനുവദിച്ച് നൽകുകയും ടി എസ്റ്റേറ്റിന്റെ നവീകരണം പൂർത്തിയാക്കി 30-10-2021-ൽ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

കേരള സിഡ്കോയുടെ വളർച്ചയ്ക്കായി 2022-23 മുതൽ 2031-32 വരെയുള്ള സാമ്പത്തിക വർഷത്തിൽ 135.26 കോടി രൂപയുടെ സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നൽകിയിട്ടുണ്ട്.

കേരള സിഡ്കോയുടെ വളർച്ചയ്ക്കായി സിഡ്കോ സമർപ്പിച്ച യൂണിറ്റുകളുടെ നവീകരണത്തിനുള്ള ഡി.പി.ആർ. സർക്കാർ അംഗീകരിക്കുകയും പ്രൊഡക്ഷൻ യൂണിറ്റുകളെ നവീകരിച്ച് അതിനൂതന സാങ്കേതികവിദ്യയോടുകൂടിയ മെഷീനുകൾ സ്ഥാപിക്കുന്നതിലേയ്ക്കായും 30-05-2019-ലെ സ.ഉ.(ആർ.റ്റി)469/2019/ഐ.ഡി. ഭരണാനുമതി പ്രകാരം 2019-20-ലെ സാമ്പത്തിക വർഷത്തിൽ 9.95 കോടി രൂപ അനുവദിച്ച് നൽകുകയുമുണ്ടായി. കൂടാതെ ഷോർട്ട് ടേം മാസ്റ്റർ പ്ലാനിൽ 8 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ വകയിരുത്തുകയും, മേൽ

പ്രതിപാദിച്ച തുകയ്ക്ക് അനുസൃതമായി പ്രൊഡക്ഷൻ യൂണിറ്റുകളിൽ നവീകരണ പ്രവർത്തികൾ അന്തിമ ഘട്ടത്തിലുമാണ്.

നിലവിൽ സിഡ്കോ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2022-23 സാമ്പത്തിക വർഷം 48 ലക്ഷം രൂപയുടെ പ്രവർത്തന ലാഭം കൈവരിക്കുവാനും, 2023-24 സാമ്പത്തിക വർഷവും തുടർച്ചയായി 1.40 കോടി രൂപയുടെ പ്രവർത്തനലാഭം കൈവരിക്കുവാനും കഴിഞ്ഞു. സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽനിന്നും മറ്റും പിരിഞ്ഞ് കിട്ടാനുള്ള വിവിധ കുടിശ്ശികകൾ ഊർജിതമായി പിരിച്ചെടുത്ത് വരുമാനം വർധിപ്പിച്ചും ദൈനംദിന ഭരണച്ചെലവുകൾ നിയന്ത്രിച്ചും പ്രവർത്തന ലാഭം നേടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമാവധി വിപണനം നേടിയെടുക്കുന്നതിനായി വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സിഡ്കോയുടെ നിയന്ത്രണത്തിലുള്ള പ്രൊഡക്ഷൻ യൂണിറ്റുകൾവഴി പരമ്പരാഗത ഫർണിച്ചർ വർക്കുകൾ, ഫാബ്രിക്കേഷൻ വർക്കുകൾ എന്നിവയ്ക്കും പ്രാധാന്യം കൊടുത്ത് അത്തരത്തിലുള്ള വർക്കുകൾകൂടി ഏറ്റെടുത്ത് ചെയ്തുവരുന്നു.

(സി) കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ നിലവിലെ സ്ഥിതിയെന്താണ്; വിശദമാക്കുമോ?

സിഡ്കോയുടെ കീഴിൽ സംസ്ഥാനത്തൊട്ടാകെയുള്ള 17 വ്യവസായ എസ്റ്റേറ്റുകൾ, 36 മിനി വ്യവസായ എസ്റ്റേറ്റുകൾ, ഏഴ് വ്യവസായ പാർക്കുകൾ എന്നിവിടങ്ങളിലായി ആകെ 316.846 ഏക്കർ ഭൂമിയാണുള്ളത്. ടി 60 എസ്റ്റേറ്റുകളിലായി ഏകദേശം 1475 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ മലമ്പുഴ, ചുള്ളിയാർ ഡാമുകളിൽനിന്നും ശേഖരിച്ച മണൽ സൂക്ഷിച്ചിട്ടുള്ള 1.5 ഏക്കർ ഭൂമി ഉൾപ്പെടെ ആകെ 2.2609 ഏക്കർ, തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റിൽ 3 സെന്റ്, ടി എസ്റ്റേറ്റിലെതന്നെ ദീർഘകാലമായി പ്രവർത്തനരഹിതമായി കിടന്നിരുന്ന യൂണിറ്റിൽനിന്നും ഒഴിപ്പിച്ചെടുത്ത 50 സെന്റ് ഭൂമി, കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വ്യവസായ എസ്റ്റേറ്റിൽ വിവിധ പ്ലോട്ടുകളിലായി 80 സെന്റ്, എറണാകുളം ജില്ലയിൽ പിറവം മിനി എസ്റ്റേറ്റിൽ 12 സെന്റ്, കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ വ്യവസായ എസ്റ്റേറ്റിൽ 15.17 സെന്റ് ഭൂമി, ടി ജില്ലയിലെതന്നെ

മൂടാടി വ്യവസായ പാർക്കിൽ രണ്ട് പ്ലോട്ടുകളിലായി 20 സെന്റ് ഭൂമി, കോട്ടയം ജില്ലയിൽ നാട്ടകം മിനി വ്യവസായ എസ്റ്റേറ്റിൽ 4.09 സെന്റ് ഭൂമി, മലപ്പുറം ജില്ലയിൽ എടവണ്ണ മിനി വ്യവസായ എസ്റ്റേറ്റിൽ 15.296 സെന്റ് ഭൂമി, തൃശ്ശൂർ ജില്ലയിൽ അത്താണി വ്യവസായ പാർക്കിൽ 10 സെന്റ്, തിരുവനന്തപുരം ഉള്ളൂർ മിനി വ്യവസായ എസ്റ്റേറ്റിൽ 5.8 സെന്റ് എന്നിങ്ങനെ ആകെ 4.45 ഏക്കർ ഭൂമി നിലവിൽ ഉപയോഗിക്കാതെ കിടക്കുന്നു. ആയതിൽ പുതിയ വ്യവസായികൾക്ക് അനുവദിച്ചുനൽകുവാൻ അനുയോജ്യമായ ഭൂമി നോട്ടിഫൈ ചെയ്യുകയും ആയതുവഴി ലഭിച്ച അപേക്ഷകൾ അതത് ജില്ലാതല ലാൻഡ് അലോട്ട്മെന്റ് കമ്മിറ്റി മുമ്പാകെ സമർപ്പിച്ച് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒഴിവുള്ള ഭൂമി എപ്രകാരം ഉപയോഗപ്രദമാക്കാം എന്നത് സംബന്ധിച്ച് പരിശോധിക്കാൻ സിഡ്കോ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും പരിധിയിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ അലോട്ട്മെന്റിന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി അലോട്ട്മെന്റ്

പോളിസിയിൽ പൊതുമാനദണ്ഡം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വ്യവസായ വകുപ്പിലെ കിൻഫ്ര, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, സിഡ്കോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ വ്യവസായ പാർക്കുകളിലെ സ്ഥലത്തിന്റെ അലോട്ട്മെന്റിന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിനായി യൂണിഫൈഡ് ലാൻഡ് അലോട്ട് റൂൾ സർക്കാർ പരിശോധിച്ചുവരുന്നു.

കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ട്കളിലെ ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്നതിനും നിശ്ചയിച്ച വ്യവസായ സംരംഭങ്ങൾക്ക് പകരം മറ്റ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുണ്ടായിരുന്ന തടസങ്ങൾ പരിഹരിച്ച് നടപടികൾ ലളിതമാക്കുന്നതിനായി പുതിയ ചട്ടങ്ങൾ (Land Allotment and Assignment for industrial Purpose Rules, 2023) നിലവിൽ വന്നിട്ടുണ്ട്.

ടാക്സ് റിസർച്ച് യൂണിറ്റ്

19 (*349) <u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഐ.ജി.എസ്.ടി. വരുമാനം നേടിയെടുക്കാനും പ്രസ്തുത നികുതി പിരിവ് കാര്യക്ഷമാക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർസംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകളിൽ സംസ്ഥാന നികുതി (State Tax) ഒടുക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക ഐ.ജി.എസ്.ടി. പൂളിൽനിന്നും സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരമാണ് ഇത് നടക്കുന്നത്. ഓരോ അന്തർസംസ്ഥാന സപ്ലൈകളും നൽകുന്ന നികുതിദായകർ, അവർക്ക്

രജിസ്ട്രേഷനുള്ള സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് ഐ.ജി.എസ്.ടി. നികുതി അടയ്ക്കുകയും, പ്രസ്തുത സാധനം/സേവനം സ്വീകരിക്കുന്ന സംസ്ഥാനത്തെ നികുതിദായകർ റിട്ടേൺ ഫയൽ ചെയ്ത് ഐ.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയോ പ്രസ്തുത ഐ.ജി.എസ്.ടി. ക്രെഡിറ്റ്, നികുതി ബാധകമായ സാധനങ്ങളുടെ/സേവനങ്ങളുടെ വിൽപ്പനയ്ക്കല്ല ഉപയോഗിച്ചിട്ടുള്ളത് എന്നോ ബിസിനസ് സംബന്ധമായ ആവശ്യങ്ങൾക്കല്ല ഉപയോഗിച്ചത് എന്നോ ഫയൽ ചെയ്യപ്പെടുന്ന റിട്ടേണുകളിൽ രേഖപ്പെടുത്തി ഐ.ജി.എസ്.ടി. ക്രെഡിറ്റ് റിവേഴ്സൽ നടത്തുമ്പോൾ പ്രസ്തുത ഐ.ജി.എസ്.ടി. തുക ഉപഭോക്തൃ സംസ്ഥാനത്തിലേയ്ക്ക് സെറ്റിൽ ചെയ്യപ്പെടുന്നു.

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ക്രെഡിറ്റ് റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരെയും ഇന്റലിജൻസ്, ടാക്സ് പേയേഴ്സ് സർവീസസ് വിഭാഗങ്ങൾ നിരീക്ഷിച്ചുവരുന്നു. ജി.എസ്.ടി. വരുമാനം

കാര്യക്ഷമമാക്കുന്നതിനായി 2023 മെയ് മാസം IGST ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർസംസ്ഥാന നികുതിദായകരെ നിരീക്ഷിക്കുകയും അവരിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട IGST വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചുവരുന്നു. കൂടാതെ ഇതിന്റെ ഭാഗമായി E-Commerce Operators വഴി ലഭിക്കേണ്ട വരുമാനത്തിലെ ചോർച്ചകൾ കണ്ടെത്തുകയും അവ പരിഹരിക്കുന്നതിനായി ജി.എസ്.ടി. കൗൺസിൽ മുമ്പാകെ പരിഹാര നടപടികൾ സമർപ്പിക്കുകയും ചെയ്തു. അതിന്മേൽ 53-ാമത് ജി.എസ്.ടി. കൗൺസിൽ ഈ വിഷയം ചർച്ച ചെയ്യുകയും കേരളത്തിന്റെ ആവശ്യം അംഗീകരിച്ചുകൊണ്ട് ബന്ധപ്പെട്ട റിട്ടേൺ ഫോമുകളിൽ മാറ്റം വരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

കൂടാതെ, ഇതര സംസ്ഥാന Contractor-മാർ വഴിയുണ്ടാകുന്ന വരുമാന ചോർച്ചയെക്കുറിച്ച് പഠനം നടത്തുകയും അതുവഴിയുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിലേയ്ക്കായി NHAI, PWD തുടങ്ങിയ ഡിപ്പാർട്ട്മെന്റുകളിലെ ഉദ്യോഗസ്ഥർക്ക് ആവശ്യമായ ട്രെയിനിംഗ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങൾ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ സമാനമായ രീതിയിൽ ടാക്സ് റിസർച്ച് യൂണിറ്റ് രൂപീകരിച്ചുകൊണ്ട് ഐ.ജി.എസ്.ടി. വരുമാനം വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് പരിശോധിക്കുവാൻ ഒരു സെൽ 2021-ൽത്തന്നെ രൂപീകരിച്ചിരുന്നു. 2023-ൽ വകുപ്പിന്റെ പുനഃസംഘടനയെ തുടർന്ന് സംസ്ഥാന ജി.എസ്.ടി. സ്പെഷ്യൽ കമ്മീഷണറുടെ കീഴിൽ Tax Research and Policy Division എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാന വരുമാന മേഖലകളിൽ നികുതി നഷ്ടത്തിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിന് മുൻഗണന നൽകിക്കൊണ്ടാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്. ഇതര സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്ന ഐ.ജി.എസ്.ടി. വരുമാനത്തെക്കുറിച്ച് പഠിക്കുന്നതിനാണ് പ്രാഥമിക

പരിഗണന നൽകിയിരിക്കുന്നത്. ഈ റിസർച്ച് വിംഗിന്റെ കണ്ടെത്തലുകളുടെ ഭാഗമായാണ് 53-ാമത് ജി.എസ്.ടി. കൗൺസിൽ മുൻപാകെ കേരളം ഉന്നയിച്ച ആവശ്യം പരിഗണിക്കാൻ കൗൺസിൽ തീരുമാനിച്ചത്.

വ്യവസായ മേഖലയിലെ വിദ്യാർഥി പങ്കാളിത്തം

20 (*350) ശ്രീ. പി. വി. അൻവർ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യാവസായിക മേഖലയിലുണ്ടായ മുന്നേറ്റത്തിന്റെ ഗുണഫലങ്ങൾ വിദ്യാർഥി സമൂഹത്തിനും ലഭ്യമാക്കുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

എഞ്ചിനീയറിങ് കോളേജുകൾ, പോളിടെക്നിക്കുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും പ്രസ്തുത ക്ലബ്ബുകൾക്ക് സംരംഭകത്വ പരിശീലനം

നൽകുന്നതിനും ജില്ലാ വ്യവസായ കേന്ദ്രംവഴി നിലവിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വ്യവസായ വികസന ഓഫീസർമാർവഴി ക്ലബ്ബുകൾക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകിവരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ ഏകദേശം 850 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭക വികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നല്കുകയും ചെയ്തുവരുന്നു. ഒരു സാമ്പത്തിക വർഷം 20,000 രൂപയാണ് ഒരു ED ക്ലബ്ബിന് സാമ്പത്തിക സഹായമായി നിലവിൽ നൽകിവരുന്നത്. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങളും പരിശീലനങ്ങളും നൽകുന്നതിനായാണ് ഈ തുക വിനിയോഗിക്കുന്നത്.

സാങ്കേതിക സർവകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച്

സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ് തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാലവഴി പ്രൊഫഷണൽ വിദ്യാർഥികൾക്ക് ഇന്റേൺഷിപ് ആയി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്.

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ലഭ്യമായ അനുയോജ്യമായ ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. പ്രസ്തുത പദ്ധതിയുടെ മാർഗരേഖ നിലവിൽ വന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന

ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്.

വ്യാവസായിക മേഖലയെയും വിദ്യാർഥികളെയും ബന്ധിപ്പിക്കുന്നതിന് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷൻ ആരംഭിച്ചിട്ടുണ്ട്.

കൊട്ടാരക്കര IHRD കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ലഭ്യമായിരുന്ന കെട്ടിടം Zoho Corporation Pvt. Ltd.-ന്റെ ഗവേഷണ വികസന സെന്റർ ആരംഭിക്കുന്നതിനായി സജ്ജീകരിച്ചത് കേരള സ്റ്റാർട്ടപ്പ് മിഷനാണ്.

(ബി) വ്യവസായ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം ലഭ്യമാക്കുന്നതിന് വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സാങ്കേതിക സർവകലാശാലയുമായി സംയോജിച്ച് സംരംഭകർക്ക് സാങ്കേതിക സഹായം നൽകുന്നതിനായി പുതിയ ഒരു

പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതനുസരിച്ച് സംരംഭങ്ങളിലെ സാങ്കേതികതലത്തിലും മാനേജ്മെന്റ്തലത്തിലും പരിഹരിക്കേണ്ട വിഷയങ്ങൾ കണ്ടെത്തി അവ സാങ്കേതിക സർവകലാശാലവഴി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പായി നൽകുകയും അവ പരിഹരിക്കുന്നതിനുള്ള നടപടി ഇന്റേൺഷിപ്പിന്റെ ഭാഗമായി സ്വീകരിക്കുന്നതുമാണ്.

ഗുണമേന്മയും ഉൽപ്പാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർധിപ്പിക്കുക, പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ നൽകുന്നതിനുള്ള ഗവേഷണം നടത്തുന്നതിന് വിദ്യാർഥികൾക്ക് ഈ പദ്ധതിയിലൂടെ ഗ്രാന്റ് നൽകുന്നു.

വ്യവസായ ആവശ്യത്തിനായി സ്ഥലദൗർലഭ്യം പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള അനുയോജ്യമായ അധിക ഭൂമി

ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. പ്രസ്തുത പദ്ധതിയുടെ മാർഗരേഖ നിലവിൽ വന്നിട്ടുണ്ട്.

(സി) സാങ്കേതിക മേഖലയിൽ മികവ് പുലർത്തുന്ന വിദ്യാർഥികൾക്കായി ഇന്റേൺഷിപ് നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വെളിപ്പെടുത്തുമോ?

ഉണ്ട്. വ്യാവസായിക പ്രവർത്തനത്തെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്തുന്നതിനും നിർമ്മാണ മേഖലയിലെ നവീകരണത്തെ പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക കണ്ടുപിടുത്തങ്ങൾ വികസിപ്പിക്കുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും ഏർപ്പെട്ടിരിക്കുന്ന

വിദ്യാർഥികൾക്ക് ഗ്രാന്റ് മുഖേന സഹായം നൽകുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

സഹായത്തിന്റെ മാതൃക ഇപ്രകാരമാണ്.

ഗവേഷണ പരിപാടിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർഥിക്കും 2023-24 സാമ്പത്തിക വർഷത്തിൽ പരമാവധി 6 മാസത്തേയ്ക്ക് പ്രതിമാസം 10,000 രൂപ ഗ്രാന്റ് നൽകും.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉല്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിയിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ളവയ്ക്ക് മുൻഗണനയുണ്ടാകും.

കേരള സ്റ്റാർട്ടപ്പ് മിഷനിൽ സാങ്കേതിക മേഖലയിലെ വിദ്യാർഥികൾക്ക് അക്കാദമിക് ഇന്റേൺഷിപ് നൽകുന്ന പദ്ധതി

നിലവിലുണ്ട്. 59 വിദ്യാർഥികൾ ഇതിനോടകം ഇന്റേൺഷിപ്പിന് ചേരുകയും അതിൽ 26 പേരുടെ ഇന്റേൺഷിപ് തുടർന്നുവരികയുമാണ്.

സഹകരണ വ്യവസായ പാർക്കുകൾ

21 (*351) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. എം. എം. മണി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യം വർധിപ്പിക്കുന്നതിനും വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വ്യവസായ പാർക്കുകൾ എന്ന ആശയം പ്രാവർത്തികമാക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയരേഖ പ്രകാരം സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ

ആരംഭിക്കുന്നതിനുള്ള നിർദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങളിലൂടെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് കൺസോർഷ്യം രൂപീകരിച്ചോ സ്വന്തമായോ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

(ബി) ഭൂപരിധിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നൽകുന്ന ഇളവുകൾ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഭൂപരിധിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നൽകുന്ന ഇളവുകൾ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾക്കുകൂടി ബാധകമാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള കരട് ചട്ടം സർക്കാർ പരിശോധിച്ചുവരികയാണ്.

സാമ്പത്തിക രംഗം മെച്ചപ്പെടുത്താൻ നടപടി

22 (*352) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. മാത്യു ടി. തോമസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗം കൂടുതൽ മെച്ചപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ നികുതി, നികുതിയേതര വരുമാനം വർധിപ്പിക്കുന്നതിനായുള്ള ഊർജിതമായ നടപടികൾ 2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ലാൻഡ് റവന്യൂ എന്നീ വകുപ്പുകളിലെയും സ്വന്തമായി വൈദ്യുതി ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്കും ലൈസൻസികൾക്കും ഏർപ്പെടുത്തിയിട്ടുള്ള വൈദ്യുതി തീരുവ, ജുഡീഷ്യൽ കോർട്ട് ഫീസ്, ഗാലനേജ് ഫീ എന്നീ ഇനങ്ങളിലെയും നിരക്ക് വർധനവിലൂടെ 2024-25 സാമ്പത്തിക വർഷം ഏകദേശം 1000 കോടി രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയാണ്.

കാര്യക്ഷമമായ രീതിയിൽ സ്ക്രാപ്പിംഗ് നയം രൂപപ്പെടുത്തി നടപ്പാക്കുന്നതിലൂടെ ഏകദേശം 200 കോടി രൂപയുടെ അധികവരുമാനം പ്രതീക്ഷിക്കുന്നു. അതോടൊപ്പം നികുതി ഇനങ്ങളിലെ കുടിശ്ശിക പിരിവ് ഊർജിതമാക്കുന്നതിന്റെ ഭാഗമായുള്ള നടപടികളും തുടരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിലെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിനും, ചെറുകിട മേഖലയ്ക്ക് കൂടുതൽ ഉണർവ് നല്കുന്നതിന്റെ ഭാഗമായും, ജി.എസ്.ടി. വകുപ്പിലെ നികുതി കുടിശ്ശിക തീർപ്പാക്കുക എന്നതിന്റെ ഭാഗമായും 'ആനംസ്റ്റി 2024' പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കിവരുന്നു.

സംസ്ഥാനത്തിന്റെ പ്രധാന നികുതി വരുമാന മേഖലയായ ജി.എസ്.ടി വരുമാനം വർധിപ്പിക്കുന്നതിനായി, ജി.എസ്.ടി നിയമവ്യവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ വകുപ്പിനെ പുനഃസംഘടിപ്പിച്ച് നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വകുപ്പ് പുനഃസംഘടനയിലൂടെ ടാക്സ് പേയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടാക്സ് പേയർ

സർവ്വീസസ്, നികുതിദായകർ റിട്ടേണുകളിൽ കാണിച്ചിരിക്കുന്ന നികുതി ബാധ്യതയുടെ ആധികാരികത പരിശോധനയിലൂടെ വിലയിരുത്തി നടപടികൾ സ്വീകരിച്ചുകൊണ്ട് തനത് നികുതി വരുമാനം കണ്ടെത്തി സർക്കാരിലേയ്ക്ക് ലഭ്യമാക്കിവരുന്നു. ഓഡിറ്റ് വിഭാഗം നികുതിദായകരെ പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി, റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികളെടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. രഹസ്യ അന്വേഷണം, ഇൻഫോർമർമാർ, പരാതികൾ എന്നിവയിലൂടെ ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതിവെട്ടിപ്പ് നടക്കുന്ന മേഖലകൾ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെർച്ച്, ഇൻസ്പെക്ഷൻ എന്നിവ

നടത്തുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്നപക്ഷം നിയമത്തിന് വിധേയമായി പെനാൽറ്റി ഈടാക്കുകയും ചില കേസുകളിൽ അറസ്റ്റ് അടക്കമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതിനും വരുമാനം വർധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. സമ്പൂർണ്ണ ജി.എസ്.ടി. പുനഃസംഘടനയിലൂടെ ജി.എസ്.ടി. വരുമാനം ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

ദീർഘകാലമായി പരിഷ്കരിക്കാത്ത നികുതി-നികുതിയേതര ഇനങ്ങളുടെ നിരക്കുകൾ കാലികമായി വർധിപ്പിക്കുന്നത് വഴിയും പുതിയ ഇനങ്ങൾ കണ്ടെത്തുന്നതിലൂടെയുമുള്ള വിഭവ സമാഹരണ പ്രവർത്തനങ്ങളും സർക്കാർ നടപ്പിലാക്കുന്നുണ്ട്. വിവിധ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാരിന് ലഭിക്കാനുള്ള കുടിശ്ശിക തുക ഈടാക്കുന്നതിനും, നികുതി-നികുതിയേതര വരുമാനം പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമത ഇൻഫർമേഷൻ ടെക്നോളജിയുടെ സാധ്യത ഉപയോഗിച്ച് വർധിപ്പിക്കുന്നതിനുമുള്ള നിർദ്ദേശം വകുപ്പുകൾക്ക് നല്കിയിട്ടുണ്ട്. റവന്യൂ വരുമാനം, റവന്യൂ കുടിശ്ശിക എന്നിവ പിരിച്ചെടുക്കുന്നത്

സംബന്ധിച്ച് സർക്കാർതലത്തിൽ മോണിറ്ററിംഗ് നടത്തുന്നതിനായി പ്രധാന വകുപ്പുകളുടെ അവലോകനയോഗം ചേരുന്നുണ്ട്. അതോടൊപ്പം, ദൈനംദിന ധനകാര്യ മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നുമുണ്ട്. നികുതി പിരിവ് ഊർജിതപ്പെടുത്തിയും സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തിയും പരമാവധി അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും മുൻപോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർത്തിയും, അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും, റിസോഴ്സ് ഗ്യാപ് ക്രമേണ കുറച്ചുകൊണ്ടുവന്ന്, ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തുന്നതിലൂടെയും വരുംവർഷങ്ങളിൽ സംസ്ഥാന സമ്പദ് വ്യവസ്ഥ കൂടുതൽ ശക്തിപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സഹകരണ മേഖലയിലെയും വിദേശ മലയാളികളുടെയും നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പ്രവാസി കേരളീയരുടെ ക്ഷേമപരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജന്മനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡാണ് കിഫ്ബിയുടെ സഹകരണത്തോടെ പദ്ധതി നടപ്പാക്കുന്നത്. നിക്ഷേപകർക്ക് ഈ പദ്ധതിയിൽ 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്നതാണ്. കിഫ്ബിക്ക് കൈമാറുന്ന ഈ തുക സംസ്ഥാനത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കുന്നു. നിക്ഷേപകർക്ക് നിക്ഷേപ തീയതി മുതൽ 3 വർഷം പൂർത്തിയാകുന്നമുറയ്ക്ക് 10 ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ്

പ്രതിമാസം ലഭ്യമാക്കുന്നു. ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ്, നിക്ഷേപ തുകയോടൊപ്പം കൂട്ടിച്ചേർത്ത തുകയ്ക്കാണ് ഇപ്രകാരം ഡിവിഡന്റ് നല്കുന്നത്. നിക്ഷേപകരുടെ കാലശേഷം ജീവിത പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ കാലശേഷം നിക്ഷേപകരുടെ നോമിനിക്ക് ആദ്യ മൂന്ന് വർഷത്തെ ഡിവിഡന്റ് സഹിതം നിക്ഷേപത്തുക തിരികെ നല്കുന്നതാണ്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും പ്രവാസി കുടുംബങ്ങൾക്ക് ദീർഘകാല പ്രതിമാസ വരുമാനം നല്കുന്നതിനുമായി പ്രവാസി നിക്ഷേപം പ്രയോജനപ്പെടുത്തുന്നതിന് ഈ പദ്ധതിവഴി സാധിക്കുന്നു.

സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സ്വീകരിച്ച് സംസ്ഥാനത്തിന്റെ കടബാധ്യത കുറയ്ക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുമുള്ള തീരുമാനങ്ങളൊന്നുംതന്നെ നിലവിൽ പരിഗണനയിലില്ല.

കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ

23 (*353) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിൽ കൺസ്യൂമർഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിലെ പ്രാധാനപ്പെട്ട ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ഉത്സവകാല സബ്സിഡി വിപണികളിലൂടെയും സാധാരണ സമയങ്ങളിൽ പൊതുകമ്പോളത്തേക്കാൾ

വിലക്കുറവിലും അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡ് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിലനിലവാരം നിയന്ത്രിക്കുന്നതിന് ഈ വർഷം ഉത്സവകാല മാർക്കറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സർക്കാർ സബ്സിഡിയോടുകൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോടുകൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ആയതിന് സർക്കാർ ബജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ "ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം" എന്ന ശീർഷകത്തിൽ 75 കോടി രൂപ തൻവർഷവും വകയിരുത്തിയിട്ടുണ്ട്. ഉത്സവകാല വിപണികൾ

ആരംഭിക്കുന്നതിന് കൺസ്യൂമർഫെഡ് പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്.

(സി) ഈ സർക്കാർ വന്നശേഷം കൺസ്യൂമർഫെഡിന്റെ ആസ്തി, ബാധ്യതകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കൺസ്യൂമർഫെഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് 2017-18 വർഷം വരെ മാത്രമെ പൂർത്തീകരിച്ചിട്ടുള്ളൂ. അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് സമകാലീനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ത്രിവേണി ശാക്തീകരണ പദ്ധതി, ഗോഡൗണുകളുടെ നവീകരണം, വാതിൽപ്പടി വിതരണം, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് വിപുലീകരണം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി, ബ്രോക്കൺ വീറ്റ് ഫാക്ടറി എന്നിങ്ങനെ

വിവിധതരം പദ്ധതികൾ നടപ്പിലാക്കുന്നതിന് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നുണ്ട്.

കൈത്തറി വസ്തുക്കളുടെ കയറ്റുമതി

24 (*354) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് പ്രതിവർഷം കയറ്റുമതി ചെയ്യുന്ന കൈത്തറി വസ്തുക്കളുടെ അളവിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ കയറ്റുമതിയിൽ ഇടിവുണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കാമോ?

(എ&ബി) കൈത്തറി വസ്തുങ്ങളുടെ കയറ്റുമതിയിൽ ആഗോളതലത്തിൽ സംഭവിച്ച വിവിധ കാരണങ്ങളാൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.

കൈത്തറി ഉൽപന്നങ്ങൾക്ക്, പവർലൂം ഉൽപന്നങ്ങളോട് താരതമ്യം ചെയ്യുമ്പോൾ, നിർമ്മാണ ചെലവ്/വില കൂടുതലാകുന്നതും, കൈത്തറി

വസ്തുങ്ങൾ കയറ്റുമതി ചെയ്യുന്ന സ്ഥലങ്ങളിലേയ്ക്ക് പവർലൂം വസ്തുങ്ങളുടെയും കയറ്റുമതി നടക്കുന്നുണ്ടെന്നതും കാരണം കൈത്തറി ഉൽപന്ന കയറ്റുമതിയിൽ ഏറ്റക്കുറച്ചിലുകൾ സംഭവിച്ചിട്ടുണ്ട്.

കൂടാതെ, മറ്റ് രാജ്യങ്ങളിൽനിന്നും വസ്തു ഉൽപന്നങ്ങളുടെ കുറഞ്ഞ വിലയ്ക്കുള്ള കയറ്റുമതിയും ഈ മേഖലയെ ബാധിക്കുന്നുണ്ട്.

(സി) പ്രതീക്ഷിച്ച സാമ്പത്തിക നേട്ടമില്ലാത്തതും പരുത്തിയുടെ ഉയർന്ന വിലയും പുതുതലമുറ ഈ മേഖലയിലേയ്ക്ക് കടന്നുവരാത്തതും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

കൈത്തറി മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ ചുവടെ വിവരിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

I) കൈത്തറി നെയ്ത്ത് വ്യവസായ രംഗത്ത് തൊഴിൽരഹിതരായ യുവജനങ്ങളെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് യുവ വീവ് പദ്ധതി. 18-നും 40-നും മധ്യേ പ്രായമുള്ള യുവതീയുവാക്കളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഈ പദ്ധതിയിൽ അംഗമാകുന്നവർക്ക് ആദ്യ

3 മാസം 200/- രൂപ സ്റ്റൈപൻഡോടുകൂടി കൈത്തറി നെയ്ത്ത് പരിശീലനം നൽകുകയും പരിശീലനം പൂർത്തിയാക്കുന്നവർക്ക് അടുത്ത 3 മാസത്തേയ്ക്ക് 125/- രൂപ വേജ് സപ്പോർട്ട് ഇനത്തിൽ അനുവദിച്ച് നൽകുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയായവർക്ക് സൗജന്യമായി തറിയും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നു.

II) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിൽ വരുത്തിയതിലൂടെ കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കുവാനും നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും അധിക വരുമാനം ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

III (a) <u>നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന പരിപാടി (പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം)</u>

ജോലിയുടെ ശാസ്ത്രീയമായ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കിയും, വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിലും, അംഗീകൃത മാർഗനിർദേശപ്രകാരവും നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും

പ്രോത്സാഹനം നൽകി ഉല്പാദനക്ഷമതയും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഏകദേശം 4500 നെയ്ത്തുകാർ/അനുബന്ധ തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

(b) ഇൻകം സപ്പോർട്ട് സ്കീം

ഒരു ദിവസം 75 രൂപയ്ക്കും 100 രൂപയ്ക്കും ഇടയിൽ വരുമാനം ലഭിക്കുന്ന നെയ്ത്ത് തൊഴിലാളികൾക്ക് അവരുടെ ദിവസ വേതനം 150 രൂപയായി നൽകുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇൻകം സപ്പോർട്ട് സ്കീം. ഒരു വർഷം 100 ദിവസങ്ങളിലേയ്ക്കാണ് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നത്.

(c) റിബേറ്റ്

സംസ്ഥാനത്തിനകത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പ്രാഥമിക കൈത്തറി സംഘങ്ങൾ, ഹാന്റെക്സ്, ഹാൻവീവ് എന്നിവയുടെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് വിവിധ ഉത്സവകാലയളവുകളിൽ/യൂണിഫോം വിൽപന സീസണിൽ സംസ്ഥാന സർക്കാർ റിബേറ്റ് നൽകിവരുന്നുണ്ട്.

(d) എക്സിബിഷൻ ഗ്രാന്റ്

കേരളത്തിലെ പരമ്പരാഗത നെയ്ത്ത് സംഘങ്ങൾക്ക് (ഹാന്റക്സ്, ഹാൻവീവ് എന്നിവ ഉൾപ്പെടെ) കേരളത്തിനകത്തോ പുറത്തോ ഉള്ള കൈത്തറി വിപണന മേളകളിൽ പങ്കെടുത്ത് സംഘങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് ഗ്രാന്റ് അനുവദിച്ചുനൽകുന്ന ഒരു പദ്ധതിയാണ് എക്സിബിഷൻ ഗ്രാന്റ്.

പരുത്തിയുടെ വില ക്രമാതീതമായി വർധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽത്തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ശമ്പള വിതരണം

25 (*355) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായി ശമ്പള വിതരണം നടത്തുന്നുണ്ടോ?

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള ഭൂരിഭാഗം പൊതുമേഖലാ സ്ഥാപനങ്ങളിലും കൃത്യമായി ശമ്പളവിതരണം നടക്കുന്നുണ്ട്. വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും/സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ കൃത്യമായ രീതിയിൽ ശമ്പളം നൽകുന്നതിന് താമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃത്യമായി ശമ്പളം വിതരണം ചെയ്യാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള എടരിക്കോട്, കോട്ടയം ടെക്സ്റ്റൈൽസ് എന്നീ യൂണിറ്റുകൾ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മലബാർ കോ-ഓപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലാണ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത്.

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് കൃത്യമായി ശമ്പളം വിതരണം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിയമപരമായ ബാധ്യതകൾ തീർക്കുന്നതിനായി ആദ്യമായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 28 കോടി രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ

കമ്പനികളുടെ സുഗമമായ നടത്തിപ്പിനായി അത്യാവശ്യ പ്രവർത്തന മൂലധന സഹായം ആവശ്യമായ സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം പ്രത്യേകം ബജറ്റിൽ വകയിരുത്തി 36.30 കോടി രൂപയുടെ പ്രവർത്തന മൂലധനം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതുപയോഗിച്ച് നിലവിലെ ഉത്പാദന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയും വിപണന സംവിധാനങ്ങൾ വിപുലപ്പെടുത്തിയും വിപണന മൂല്യമുള്ള ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ചും താത്ക്കാലികമായി സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

26 (*356) ശ്രീ. എം. മുകേഷ്:
ശ്രീമതി യു. പ്രതിഭ:
ശ്രീ ഒ. ആർ. കേളു:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഉൽപാദനത്തിലും സംസ്കരണത്തിലും മൂല്യവർധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്ഥാനത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് കശുവണ്ടി വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനുമായി സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി രൂപീകരിച്ചു. കാർഷിക സർവകലാശാല, മറ്റ് ഗവേഷണ കേന്ദ്രങ്ങൾ വികസിപ്പിച്ച അധികം പടരാത്ത ഉയരം കുറഞ്ഞ അത്യുൽപ്പാദന ശേഷിയുള്ള മൂന്നാം വർഷം മുതൽ കായ്ഫലം തരുന്ന ഗ്രാഫ്റ്റ് തൈകളാണ് കശുമാവ് വ്യാപനത്തിനായി ടി ഏജൻസി വിതരണം ചെയ്യുന്നത്. സർക്കാർ/അർധ സർക്കാർ, ഡി.സി.സി.ഡി. തുടങ്ങിയ അംഗീകൃത നഴ്സറികളിൽനിന്നും കശുമാവ് ഗ്രാഫ്റ്റ് തൈകൾ വാങ്ങി കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി "ജൈവ കശുമാവ് കൃഷിയും തോട്ടണ്ടി

ബാങ്ക് സംഭരണവും" എന്ന പദ്ധതിയിലൂടെയാണ് ഇത് നടപ്പിലാക്കിവരുന്നത്.

കശുവണ്ടിയുടെ ആഭ്യന്തര ഉൽപാദനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോടനുബന്ധിച്ച് അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപാദിപ്പിക്കുന്ന നഴ്സറി സ്ഥാപിച്ചിട്ടുണ്ട്. ഇവിടെനിന്നും കശുമാവ് തൈകൾ കശുമാവ് കർഷകർക്കും കശുമാവ് കൃഷി വികസന ഏജൻസിക്കും വിതരണം ചെയ്തുവരുന്നു.

കൂടാതെ കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500-ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കശുവണ്ടി വികസന കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കൊട്ടിയം, പുത്തൂർ, ചാത്തന്നൂർ, കണ്ണനല്ലൂർ, തെറ്റിക്കുഴി ഫാക്ടറികളിലായി 25 ഏക്കർ സ്ഥലത്ത് മാതൃകാ കശുമാവ് തോട്ട പദ്ധതിയിൽപ്പെടുത്തി അത്യുൽപാദന ശേഷിയുള്ള കശുമാവ് തൈകൾ കൃഷി ചെയ്തിട്ടുണ്ട്.

സംസ്കരണ രംഗത്ത് പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തെരഞ്ഞെടുത്ത 4 ഫാക്ടറികളിൽ (കിളികൊല്ലൂർ, പുല്ലൂർ, മേക്കോൺ, പാൽക്കുളങ്ങര) Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പ്രോസസിംഗ് വിഭാഗത്തിൽ വരുന്ന ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് സെക്ഷനുകളിൽ ഫുൾ കപ്പാസിറ്റി യൂട്ടിലൈസേഷന്റെ ഭാഗമായി പാരിറ്റി സംരക്ഷിക്കത്തക്ക തരത്തിൽ തൊഴിലാളികളെ എടുത്ത് പരമാവധി ഉൽപാദന ക്ഷമത കൈവരിക്കാൻ കഴിഞ്ഞു. ഇപ്രകാരം പുതുതായി ഇതിലേയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനിൽ 535 തൊഴിലാളികളെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചിട്ടുണ്ട്.

കാഷ്യു കോർപ്പറേഷൻ “CDC Cashew” എന്ന ബ്രാൻഡ് നാമത്തിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് പൊതുവിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. കൂടാതെ കശുവണ്ടി പരിപ്പിൽനിന്നും

മൂല്യവർധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂ ബിറ്റ്സ്, ചോക്ലേറ്റ് ഉൽപ്പന്നങ്ങളായ ചോക്കോ കാജൂ, മിൽക്കി കാജൂ എന്നിവയും കശുമാങ്ങയിൽനിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ ജ്യൂസ് എന്നിവയും ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നു. കൂടാതെ കശുമാങ്ങയിൽനിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതി കാപെക്സും ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂരിലെ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഇതിനുള്ള നടപടികൾ കാപെക്സ് തുടങ്ങിയിട്ടുണ്ട്. ഇപ്രകാരം കശുവണ്ടി ഉൽപാദനത്തിലും സംസ്കരണത്തിലും മൂല്യവർധിത ഉൽപ്പന്ന നിർമ്മാണത്തിലും സംസ്ഥാനത്ത് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ മുഖാന്തരം ഈ മേഖലയിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിലയിരുത്തിയിട്ടുണ്ട്. കേരള കാഷ്യൂ ബോർഡ് വഴി തോട്ടണ്ടിയുടെ ലഭ്യത ഉറപ്പാക്കിക്കൊണ്ട് കാഷ്യൂ കോർപ്പറേഷൻ ഇപ്പോൾ സുഗമമായി

പ്രവർത്തിച്ചുവരുന്നു. കൂടാതെ ഓരോ വർഷവും കശുമാവ് സീസണിൽ കർഷകർ, സർക്കാർ ഫാമുകൾ എന്നിവിടങ്ങളിൽനിന്നും സഹകരണ സൊസൈറ്റികൾ മുഖാന്തരവും നാടൻ തോട്ടണ്ടി സംഭരിച്ച് പ്രോസസിംഗ് നടത്തുന്നു.

പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള പ്രോസസിംഗ് സംവിധാനത്തിന് സമാന്തരമായി കോർപ്പറേഷന്റെ തിരഞ്ഞെടുത്ത 4 ഫാക്ടറികളിൽ Fully mechanized processing ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കാഷ്യൂ കോർപ്പറേഷൻ "CDC Cashews" എന്ന ബ്രാൻഡ് നെയ്മിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി പരിപ്പ് പൊതുവിപണിയിൽ ഉയർന്ന നിലവാരം പുലർത്തുന്നവയാണ്. കൂടാതെ കശുവണ്ടി പരിപ്പിൽ നിന്നും മൂല്യവർധിത ഉൽപ്പന്നങ്ങളായ കാഷ്യൂ വിറ്റ, കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, ചോക്കോ കാജു, മിൽക്കി കാജു എന്നിവയും കശുമാങ്ങയിൽനിന്നും കാഷ്യൂ സോഡ, കാഷ്യൂ ആപ്പിൾ സ്ക്വാഷ്, കാഷ്യൂ പൈൻ ജാം, കാഷ്യൂ ആപ്പിൾ

ജ്യൂസ് എന്നിവയും ഉൽപാദിപ്പിച്ച് വിപണനം നടത്തിവരുന്നു. മാർക്കറ്റ്ഫെഡ്, കൺസ്യൂമർഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾവഴി പ്രസ്തുത ഉൽപ്പന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

കശുവണ്ടി ഉൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിൽ ലഭ്യമാകത്തക്ക വിധത്തിൽ കാഷ്യൂ കോർപ്പറേഷൻ കേരളത്തിലുടനീളം വിപണന ശൃംഖല ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി കോർപ്പറേഷൻ ഫാക്ടറികളിൽ ഇപ്പോൾ 18 ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകയും അതുവഴി കശുവണ്ടി പരിപ്പും മൂല്യവർധിത ഉൽപ്പന്നങ്ങളും വിപണനം നടത്തിവരുന്നു. ഇത് കൂടുതൽ ഫാക്ടറികളിലേയ്ക്ക് വ്യാപിപ്പിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കാഷ്യൂ കോർപ്പറേഷന്റെ വെബ്സൈറ്റ് വഴിയും ഓൺലൈൻ സൈറ്റുകൾ വഴിയും, ONDC, ഡിസ്ട്രിബ്യൂട്ടേഴ്സ്/ഫ്രാഞ്ചൈസി മുതലായവവഴി കേരളത്തിലുടനീളം വിപണി സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ വാൻസെയിൽസ്, ട്രേഡ്ഫെയർ, കോർപ്പറേറ്റ് സെയിൽസ്, മാർക്കറ്റ്ഫെഡ്,

കൺസ്യൂമർഫെഡ്, സപ്ലൈകോ മുതലായവവഴിയും കശുവണ്ടി പരിപ്പ് വിപണനം നടത്തുന്നു.

ഫ്ളക്സി പൗച്ചിൽ പരിപ്പ് നിറച്ച് വിപണനത്തിന് സാധ്യമാകുന്ന തരത്തിലുള്ള അത്യാധുനിക ഫില്ലിംഗ് പാക്കിംഗ് മെഷിൻ കോർപ്പറേഷന്റെ അയത്തിൽ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുണ്ട്. കശുവണ്ടി പരിപ്പിൽനിന്നും കശുമാങ്ങയിൽനിന്നുമുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളുടെ ഉൽപാദനം വർധിപ്പിച്ച് പരമാവധി ആഭ്യന്തര വിപണി വിപുലപ്പെടുത്തുന്നതിന് നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൊബൈൽ സെയിൽസ് വാൻ മുഖേന കശുവണ്ടി പരിപ്പിന്റെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിപണനം മെച്ചപ്പെടുത്തുന്നതിന് കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. കൺസ്യൂമർഫെഡുമായി ധാരണാപത്രം ഒപ്പിട്ട് കൺസ്യൂമർഫെഡിന്റെ ഔട്ട്ലെറ്റുകൾവഴിയും വിപണനം വിപുലപ്പെടുത്തി. അതോടൊപ്പം കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

മിൽമയുമായി സഹകരിച്ച് മിൽമയുടെ ഔട്ട്ലെറ്റുകളിലൂടെ കോർപ്പറേഷന്റെ കശുവണ്ടി പരിപ്പും മറ്റ് വാല്യൂ ആഡഡ് പ്രോഡക്ടുകളും വിൽക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കേരളത്തിലുള്ള സ്റ്റാർട്ടപ്പുകളിലൂടെ കശുവണ്ടി പരിപ്പിന്റെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും വിപണന സാധ്യതയും വിലയിരുത്തിവരുന്നു.

ഇപ്രകാരം കശുവണ്ടി വികസന കോർപ്പറേഷന്റെ സമഗ്ര വികസനം മുന്നിൽ കണ്ടുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിന്നും കയറ്റുമതി ചെയ്യപ്പെടുന്ന കശുവണ്ടി പരിപ്പിന്റെയും മൂല്യവർധിത ഉൽപ്പന്നങ്ങളുടെയും ആകെ മൂല്യത്തിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

കശുവണ്ടി പരിപ്പും മൂല്യവർധിത ഉല്പന്നങ്ങളും കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും ഇപ്പോൾ കയറ്റുമതി ചെയ്യുന്നില്ല. Directorate of Cashew and Coco Development (DCCD)-യുടെ കണക്ക് പ്രകാരം 2022-23-ൽ ഇന്ത്യയിലുള്ള മൊത്തം കശുവണ്ടി പരിപ്പിന്റെ ഉൽപ്പാദനം 5,56,000 മെട്രിക് ടൺ ആയിരുന്നു. ഇതിൽ 5,12,000 മെട്രിക് ടൺ (92 ശതമാനം) ആഭ്യന്തര

ഉപഭോഗമാണ്. 44,000 മെടിക് ടൺ കശുവണ്ടി പരിപ്പ് മാത്രമാണ് കയറ്റുമതി ചെയ്തത്.

ഇ-വേ ബിൽ

27 (*357) ശ്രീ. പി. ഉബൈദുള്ള:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇ-വേ ബിൽ നടപ്പാക്കുന്നതോടുകൂടി സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിന് സാധിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിലെ ജി.എസ്.ടി. ചട്ടങ്ങളനുസരിച്ച് രണ്ട് ലക്ഷം രൂപയോ അതിന് മുകളിലുള്ള തുകയോ (അത് സംസ്ഥാന, കേന്ദ്ര ജി.എസ്.ടി. അധികാരികൾ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്നത്, ഏതാണോ കൂടുതൽ അത്) ഉള്ള സ്വർണ്ണത്തിന്റേയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കങ്ങൾക്ക് മാത്രമെ ഇ-വേ ബിൽ ബാധകമാകുന്നുള്ളൂ. ഇത്തരത്തിൽ സംസ്ഥാനത്തിനകത്തുള്ള ചരക്ക്

നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതിലൂടെ സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. നിലവിലെ ചട്ടങ്ങളനുസരിച്ച് സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും അന്തർസംസ്ഥാന ചരക്ക് നീക്കത്തിന് ഇ-വേ ബിൽ ബാധകമാകുന്നില്ല.

(ബി) ഇ-വേ ബിൽ നടപ്പാക്കുന്നതിൽ സ്വർണ്ണ വ്യാപാരികൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇ-വേ ബിൽ നടപ്പാക്കുന്നതിൽ സ്വർണ്ണ വ്യാപാരികൾക്കുള്ള ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്വർണത്തിന് ഇ-വേ ബിൽ കൊണ്ടുവരുന്നതിൽ സ്വർണാഭരണ മേഖലയുടെ പ്രധാന ആശങ്കയായിരുന്ന സെക്യൂരിറ്റി പ്രശ്നം പരിഹരിക്കുന്നതിനായി, ചരക്ക് കൊണ്ടുവരുന്ന വാഹനങ്ങളുടെ വിവരം ഇ-വേ ബില്ലിൽ നൽകേണ്ടതില്ല എന്ന വ്യവസ്ഥ നിലവിലുണ്ട്. സ്വർണ്ണ മേഖലയുമായി ബന്ധപ്പെട്ട വ്യാപാര സംഘടനകളുമായി ഇതുസംബന്ധിച്ച ചർച്ചകൾ നടക്കുന്നുണ്ട്.

(സി) സ്വർണ്ണ വ്യാപാര രംഗത്തെ നികുതി വെട്ടിപ്പ് തടയാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സ്വർണ്ണ വ്യാപാര രംഗത്തെ നികുതി വെട്ടിപ്പ് തടയുന്നതിനായി ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം സ്വർണ്ണ വിൽപ്പന നടത്തുന്ന കടകളിൽ പരിശോധന നടത്തിയും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം വാഹന പരിശോധനകൾ നടത്തിയും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്വർണ്ണത്തിന്റെ കള്ളക്കടത്ത് തടയുന്നതിനായി ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതുവരെയുള്ള പ്രക്രിയയ്ക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സ്വർണ്ണത്തിന്റെ കള്ളക്കടത്ത് തടയുന്നതിനായി ആഭരണങ്ങളുടെ നിർമ്മാണം മുതൽ ഉപഭോക്താവിന്റെ കൈകളിൽ എത്തുന്നതുവരെയുള്ള

പ്രക്രിയയ്ക്ക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികളൊന്നും സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പരിഗണനയിലില്ല.

കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനങ്ങൾ

28 (*358) ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്കിടയിൽ സമ്പാദ്യശീലം വളർത്തുന്നതിനും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനും കുത്തകകളുടെ ചൂഷണത്തിൽനിന്ന് സംരക്ഷണമൊരുക്കുന്നതിനും കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ പ്രയോജനകരമായിട്ടുണ്ടോ; വിശദമാക്കുമോ?

പ്രയോജനകരമായിട്ടുണ്ട്; സമൂഹത്തിന്റെ താഴെത്തട്ടിലുള്ള ജനവിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി ഏറെ ആദായകരമായ ചെറിയ ചിട്ടികൾ കെ.എസ്.എഫ്.ഇ. ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 1000/- രൂപ മുതൽ 10,000/- രൂപ വരെ തവണ സംഖ്യയുള്ള സാമാന്യം കാലാവധി കൂടിയ 6727 ചിട്ടികൾ

തുടങ്ങിയതുവഴി സാധാരണ ജനവിഭാഗങ്ങളിലേയ്ക്ക് ചിട്ടിയുടെ ഗുണഫലം എത്തിക്കാനായി. മാത്രമല്ല, ചിട്ടി പണം നിക്ഷേപിക്കുന്നവർക്ക് ഉയർന്ന പലിശ നിരക്കും കെ.എസ്.എഫ്.ഇ. നൽകിവരുന്നുണ്ട്.

(ബി) സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ കെ.എസ്.എഫ്.ഇ. നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ കെ.എസ്.എഫ്.ഇ. പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി) ഈ സർക്കാരിന്റെ കാലയളവിൽ ഗ്യാരണ്ടി കമ്മീഷൻ, രജിസ്ട്രേഷൻ ചാർജ് തുടങ്ങിയ ഇനങ്ങളിൽ കെ.എസ്.എഫ്.ഇ. സംസ്ഥാന സർക്കാരിലേയ്ക്ക് നൽകിയ തുകയെത്രയാണെന്ന് അറിയിക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഗ്യാരണ്ടി കമ്മീഷൻ ഇനത്തിൽ 316.7 കോടി രൂപയും, രജിസ്ട്രേഷൻ ചാർജിനത്തിൽ 166.3 കോടി രൂപയും, ഡിവിഡന്റ് ആയി 175 കോടി രൂപയും ഉൾപ്പെടെ ആകെ 658 കോടി രൂപ കെ.എസ്.എഫ്.ഇ. സംസ്ഥാന സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്.

കരിമണൽ ഖനനം

29 (*359) ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. വി. ജോയി:

ശ്രീ. എച്ച്. സലാം:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കരിമണൽ അടക്കമുള്ള ധാതുക്കൾ ഖനനം ചെയ്യുന്നതിനുള്ള സാധ്യത അവലോകനം നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ ധാതുമണൽ നിക്ഷേപം സംബന്ധിച്ച് പഠനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള അറ്റോമിക് എനർജി മന്ത്രാലയത്തിലെ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ ആൻഡ് റിസർച്ച് ആണ്. ഈ സ്ഥാപനം പഠനം നടത്തി കൊല്ലം, ആലപ്പുഴ ജില്ലകളിൽ ചുവടെ പറയുന്ന 4 ബ്ലോക്കുകൾ തുടർ നടപടിക്കായി മൈനിംഗ് & ജിയോളജി വകുപ്പിന് നൽകിയിട്ടുണ്ട്.

1) കൊല്ലം ആലപ്പുഴ ജില്ലകളിലായി ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ ഐ.ആർ.ഇ.-ബ്ലോക്ക് IV (3 കി. മീ.)

2) കൊല്ലം ജില്ലയിലെ നോർത്തേൺ സെക്ടർ (പുതുപ്പള്ളി - കരുനാഗപ്പള്ളി) ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ ഫേസ്-II) (9.2 കി. മീ.)

3) കൊല്ലം ജില്ലയിലെ സതേൺ സെക്ടർ (കരുനാഗപ്പള്ളി - അഷ്ടമുടി ലേക്ക്) ചവറ ഈസ്റ്റേൺ എക്സ്റ്റൻഷൻ (ഫേസ്-II) (12.5 കി. മീ.)

4) ആലപ്പുഴ ജില്ലയിലെ കായംകുളം ബാർ - ആറാട്ടപുഴ (10.2 കി. മീ.)

(ബി) മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഖനനാവകാശം പൊതുമേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുണ്ടോ?

മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആൻഡ് റെഗുലേഷൻ) ആക്ട് പ്രകാരം കരിമണൽ അടക്കമുള്ള തീരദേശ ധാതുക്കളുടെ ഖനനാവകാശം പൊതുമേഖലയിലാണ് നിക്ഷിപ്തമാക്കിയിട്ടുള്ളത്.

(സി) എങ്കിൽ സ്വകാര്യമേഖലയ്ക്കുകൂടി ഖനനാവകാശം നൽകുന്നതിനായി പ്രസ്തുത നിയമം ഭേദഗതി ചെയ്യാൻ കേന്ദ്രസർക്കാർ ഒരുങ്ങുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) ധാതുഖനനം സ്വകാര്യമേഖലയ്ക്ക് അനുവദിക്കപ്പെട്ടാൽ അത് സംസ്ഥാനത്തിന്റെ തീരമേഖലയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലിയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ധാതുഖനനം സ്വകാര്യ മേഖലയിൽ അനുവദിക്കപ്പെട്ടാൽ കേരളം പോലുള്ള പാരിസ്ഥിതിക സങ്കീർണ്ണതകളുള്ള സംസ്ഥാനത്ത് പ്രത്യേകിച്ച് തീരദേശപ്രദേശങ്ങളിൽ ഗുരുതരമായ ആഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. ലക്ഷക്കണക്കിന് വർഷങ്ങളിലെ ഭ്രമിശാസ്ത്രപരമായ പരിണാമംകൊണ്ട് രൂപപ്പെട്ട കേരളത്തിന്റെ തീരപ്രദേശവും തീരത്തോട് ചേർന്നുള്ള ഉൾപ്രദേശങ്ങളും അറ്റോമിക് ധാതുക്കളുടെ സാന്നിധ്യമുള്ളതാണ്. പാരിസ്ഥിതിക സങ്കീർണ്ണതയും പ്രാധാന്യവുമുള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണംപോലും ഇല്ലാതായേയ്ക്കാവുന്ന സാഹചര്യമാണ് സ്വകാര്യ

ഖനനത്തിനുള്ള ഭേദഗതിയിലൂടെ സംജാതമാകുന്നത്. കൂടാതെ സ്വകാര്യ വ്യക്തികൾക്ക് ഖനന പ്രവർത്തനങ്ങൾക്ക് അനുമതി നല്കുന്നതിലൂടെ കേരളതീരം പോലെ ജനസാന്ദ്രത വളരെ കൂടിയ പ്രദേശത്ത് ഉണ്ടാകാവുന്ന സാമൂഹിക, സാമ്പത്തിക പ്രത്യാഘാതങ്ങൾ വളരെ വലുതായിരിക്കുകയും ഇത്തരം ധാതുവിഭവങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നതുമാണ്. കേന്ദ്ര സർക്കാർ ആകട്ടിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിരുന്ന ഭേദഗതികൾ ഭരണഘടനാപരവും രാജ്യസുരക്ഷാപരവും പാരിസ്ഥിതിക-സാമൂഹ്യ-സാമ്പത്തികപരവുമായി സംസ്ഥാനത്തിന്റെ പൊതുതാത്പര്യത്തിന് വിരുദ്ധമാണെന്ന് വിലയിരുത്തിയതിനെ തുടർന്ന് കരട് നിയമത്തിലെ വ്യവസ്ഥകൾക്കെതിരെ സംസ്ഥാന സർക്കാർ ഉയർത്തിയ കടുത്ത എതിർപ്പുകളെയും നിരന്തരമായ ഇടപെടലുകളെയും തുടർന്ന് ബീച്ച് സാൻഡ് ഉൾപ്പെടുന്ന നിയമത്തിലെ പാർട്ട്-ബി അറ്റോമിക് മിനറലുകളെ അതേപടി നിലനിർത്തികൊണ്ടാണ് ഭേദഗതി നടത്തിയിട്ടുള്ളത്.

(ഇ) സംസ്ഥാനത്തിന്റെ തീരദേശമേഖലയിൽ നടക്കുന്ന കരിമണൽ ഖനനം കൂടുതൽ ശാസ്ത്രീയവും ആധുനികവും ലാഭകരവുമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഖനന പ്രവൃത്തികളിൽ ഏർപ്പെടുന്ന പൊതുമേഖലാ സ്ഥാപനങ്ങളായ KMML, IREL എന്നിവ നിയമങ്ങൾ അനുസരിച്ചുള്ള എല്ലാ നിബന്ധനകളും പാലിച്ച് തികച്ചും ശാസ്ത്രീയമായ പാരിസ്ഥിതിക-സാമൂഹ്യ സുരക്ഷാ മുൻകരുതലുകൾ സ്വീകരിച്ചാണ് പ്രവർത്തിച്ചുവരുന്നത്. ഖനനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന്റെ ഭാഗമായി ചെന്നൈ IIT നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ Central Water and Power Research Station (CWPRS), Pune ആവിഷ്കരിച്ച ഡിസൈൻ പ്രകാരമുള്ള പുലിമുട്ടുകൾ KMML-ലും IREL-ലും വിവിധ തീരമേഖലകളിൽ സ്ഥാപിച്ചുവരുന്നു. കൂടാതെ ഖനനം നടത്തുമ്പോൾത്തന്നെ ഖനന പ്രദേശങ്ങൾ മണ്ണിട്ടുമൂടുന്നതിന് സഹായകരമാവുന്ന ആധുനിക യന്ത്രങ്ങൾ IREL ഉപയോഗിക്കുന്നുണ്ട്. National Centre for Earth Science Studies (NCESS) നടത്തിയ വിശദമായ പഠന

റിപ്പോർട്ടിൽ ശിപാർശ ചെയ്തത് പ്രകാരമുള്ള സാങ്കേതിക മികവോടെ ഖനനം നടത്തുന്നതിന് പൊതുമേഖലാ സ്ഥാപനമായ KMML നടപടി സ്വീകരിച്ചിട്ടുണ്ട്.

വാണിജ്യ മേഖലയുടെ സമഗ്രവികസനം

30 (*360) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യാപാരി സമൂഹത്തിന്റെ പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനും വ്യാപാര വാണിജ്യ മേഖലയുടെ സമഗ്ര വികസനത്തിനുമായി നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് നിലവിൽ വ്യവസായ വകുപ്പ് നൽകിവരുന്ന സേവനങ്ങളും പദ്ധതികളും താഴെ പറയുന്നു:

1. എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം: സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ വകുപ്പ് എല്ലാ തദ്ദേശ

സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ, സബ്സിഡി തുടങ്ങി ഒരു സംരംഭം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും ഈ എക്സിക്യൂട്ടീവുമാരുടെ സേവനം തേടാവുന്നതാണ്.

2. ഹെൽപ് ഡെസ്ക്: സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ് ഡെസ്കുകൾവഴി സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലും എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവ്മാരുടെ സേവനം പ്രയോജനപ്പെടുത്താം.

3. എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്റർ: താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നല്കാൻ സജ്ജമായ എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സന്മാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

4. OFOE പദ്ധതി: ബാങ്ക് വായ്പയെടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി. ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേയ്ക്ക് പരമാവധി 6 ശതമാനം പലിശയിളവിന് അർഹതയുണ്ട്. 1-4-2022-നോ അതിനുശേഷമോ പ്രവർത്തനമാരംഭിച്ച എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

5. MSME ഇൻഷ്വറൻസ് പദ്ധതി: ഉത്പാദന-സേവന-വ്യാപാര-മേഖലകളിൽപ്പെട്ട സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50 ശതമാനം തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു. ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ

പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ഇൻഷ്വർ ചെയ്യാനുള്ള ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്.

6. സംസ്ഥാന അവാർഡുകൾ: MSME-കളുടെ പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മികച്ച പ്രവർത്തനം കാഴ്ചവച്ച സംരംഭങ്ങൾ/സംരംഭകർക്ക് അവാർഡുകൾ നൽകുന്നു. ജില്ലയിലും സംസ്ഥാനത്തും സൂക്ഷ്മ, ചെറുകിട, ഇടത്തരം, വൻകിട വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കാണ് അവാർഡ്.

(ബി) ഇതിന്റെ ഭാഗമായി പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ വാണിജ്യ വ്യാപാര മേഖലയിലുണ്ടാകുന്ന ഗുണങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ വാണിജ്യ മേഖലയിൽ സാമ്പത്തിക വളർച്ചയും സുസ്ഥിര വികസനവും പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 2018-ൽ രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനങ്ങൾ 2023-ലെ വ്യവസായ നയത്തിനനുസൃതമായി കാര്യക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട്

29-01-2024-ലെ സ.ഉ.(കൈ)നം. 5/2024/ID ഉത്തരവ് പ്രകാരം വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്.

കേരളത്തിലെ വാണിജ്യ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനമാണ് കോമേഴ്സ് മിഷൻ. മാറുന്ന കാലത്തെ ബിസിനസ് അന്തരീക്ഷത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത്, വ്യാപാര വാണിജ്യ മേഖലയ്ക്ക് ഊന്നൽ നൽകുകയെന്നുള്ളതാണ് കോമേഴ്സ് മിഷന്റെ പ്രധാന ലക്ഷ്യം. വ്യാവസായിക, വാണിജ്യ പരിസ്ഥിതിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നയങ്ങൾ ആവിഷ്കരിക്കാനും നടപ്പാക്കാനും അവ നിരീക്ഷിക്കാനും ഇതുവഴി ഉദ്ദേശിക്കുന്നു. ഇതുമൂലം സംസ്ഥാനത്ത് വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ വളരാൻ അനുയോജ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാനും സാധിക്കും.

(സി) എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള ആനുകൂല്യങ്ങൾ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്കുകൂടി നൽകുവാൻ കഴിയുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യയിൽ പ്രവർത്തിച്ചുവരുന്ന ചില്ലറ മൊത്ത വ്യാപാര സ്ഥാപനങ്ങളെ 2021, ജൂലൈ 2-ലെ ഉത്തരവ് നമ്പർ 5/2(2)/2021-E/P&G/Policy പ്രകാരം കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയം എം.എസ്.എം.ഇ.-കളുടെ ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുമുഖേന, വ്യാപാര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന എം.എസ്.എം.ഇ.-കൾക്ക് ഉദ്യം രജിസ്ട്രേഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കും. കൂടാതെ, ട്രേഡ് യൂണിറ്റുകൾക്ക് മുൻഗണനാ മേഖല വായ്പ ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കാനും സാധിക്കും.

എന്റർപ്രണർഷിപ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം, ഹെല്പ് ഡെസ്കിലൂടെയുള്ള സേവനം, എം.എസ്.എം.ഇ. ഫെസിലിറ്റേഷൻ സെന്ററിൽക്കൂടിയുള്ള സേവനങ്ങൾ, KELS പോർട്ടൽവഴി ബാങ്ക് മുഖേന ലഭ്യമാകുന്ന ലോൺ, OFOE പദ്ധതിവഴി ലഭ്യമാകുന്ന പലിശ സബ്സിഡി, MSME ഇൻഷ്വറൻസ് പദ്ധതി, സംസ്ഥാന അവാർഡുകൾ എന്നീ പദ്ധതികളിലെല്ലാം, MSME സംരംഭങ്ങളോടൊപ്പം വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾക്കുകൂടി നൽകിവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

1(4273) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണെന്ന് ജില്ലയും വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾക്ക് വാടകയിനത്തിൽ പ്രതിമാസം എത്ര രൂപ നൽകുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഒഴിഞ്ഞു കിടക്കുന്ന സർക്കാർ കെട്ടിടങ്ങളുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ എണ്ണം വ്യക്തമാക്കുമോ; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾക്ക് പ്രസ്തുത കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ട്രഷറി അക്കൗണ്ടുകൾ സുരക്ഷിതമാക്കാൻ നടപടി

2(4274) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറി അക്കൗണ്ടുകളിൽനിന്നും പണം പിൻവലിച്ചാൽ അക്കൗണ്ട് ഉടമയ്ക്ക് സന്ദേശം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ട്രഷറി അക്കൗണ്ടുകളിൽനിന്നും ചെക്ക് മുഖാന്തരമുള്ള പണം പിൻവലിക്കലുകൾക്ക്, അക്കൗണ്ട് ഉടമ KYC-യിൽ ലഭ്യമാക്കിയിട്ടുള്ള രജിസ്റ്റേർഡ് ഫോൺ നമ്പറിലേയ്ക്ക് SMS ലഭ്യമാകുന്ന സംവിധാനം 2024 ജൂൺ 20 മുതൽ നടപ്പിൽവരുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ ട്രഷറി അക്കൗണ്ടുകൾ ഫോൺ നമ്പറുമായി ബന്ധപ്പെടുത്തി ട്രഷറിയുടെ പ്രവർത്തനം കുറ്റമറ്റതാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ട്രഷറി അക്കൗണ്ടുകളിന്മേലുള്ള KYC-യിൽ നിർബന്ധമായും മൊബൈൽ ഫോൺ നമ്പർ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പണം പിൻവലിക്കപ്പെടുമ്പോൾ, അക്കൗണ്ട് ഉടമകൾ KYC പ്രകാരം നൽകിയിട്ടുള്ള ഫോൺ നമ്പറുകളിൽ SMS ലഭ്യമാകുന്ന സംവിധാനമാണ് നിലവിൽ നടപ്പിൽവരുത്തിയിട്ടുള്ളത്. അപ്രകാരം ട്രഷറി സംവിധാനം കുറ്റമറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചെക്ക് ബുക്ക് അച്ചടിയിൽ കേന്ദ്രീകൃത സ്വഭാവമില്ല എന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ചെക്ക് ബുക്ക് കേന്ദ്രീകൃതമായി അച്ചടിച്ച് ക്രമനമ്പർ രേഖപ്പെടുത്തി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്ന സംവിധാനം ട്രഷറിയിൽ നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

ട്രഷറി വകുപ്പിനാവശ്യമായ ചെക്ക് ബുക്കുകൾ ഗവൺമെന്റ് പ്രസ്സുകൾ മുഖേന കേന്ദ്രീകൃതമായാണ് അച്ചടിക്കുന്നത്. നിലവിൽ ട്രഷറി അക്കൗണ്ടുടമകൾക്ക് നൽകുന്ന ചെക്ക് ബുക്കുകളിൽ ക്രമ നമ്പർ ക്രമാനുഗതമായി അച്ചടിച്ചിട്ടുണ്ടാകും. ട്രഷറികളിൽനിന്നും പ്രസ്തുത ചെക്ക്

ബുക്കുകളിൽ അക്കൗണ്ടുടമയുടെ അക്കൗണ്ട് നമ്പരും ട്രഷറിയുടെ നെയിം സീലും പതിപ്പിച്ച്/രേഖപ്പെടുത്തി ഉടമയ്ക്ക്/ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് ട്രഷറികളിൽനിന്നും നേരിട്ട് നൽകുകയാണ് ചെയ്തുവരുന്നത്.

ചെക്ക് ബുക്കുകൾ കേന്ദ്രീകൃതമായി അക്കൗണ്ട് ഉടമയ്ക്ക് അയച്ചുകൊടുക്കുന്നതിലെ പ്രായോഗികത പരിശോധിക്കുന്നതാണ്.

ധനകാര്യ പരിശോധന വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

3(4275) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ ധനകാര്യവകുപ്പ് ഇൻസ്പെക്ഷൻ വിഭാഗം വിവിധ ഓഫീസുകളിൽ നടത്തിയ പരിശോധനയിൽ ഏതെല്ലാം ഓഫീസുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ക്രമക്കേട് നടത്തിയവർക്കെതിരെ ബന്ധപ്പെട്ട വകുപ്പുകൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കഴക്കൂട്ടം സബ്ട്രഷറിയിൽ നിന്ന് പണം അപഹരിച്ച സംഭവം

4(4276) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സബ്ട്രഷറിയിലെ ജീവനക്കാർ വ്യാജ ചെക്കുണ്ടാക്കി മരണപ്പെട്ടവരുടെ അക്കൗണ്ടിൽനിന്നും പണം അപഹരിച്ചുവെന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

കഴക്കൂട്ടം സബ് ട്രഷറിയിലെ ജീവനക്കാർ വ്യാജ ചെക്കുണ്ടാക്കി മരണപ്പെട്ടവരുടെ അക്കൗണ്ടിൽനിന്നും പണം അപഹരിച്ച സംഭവത്തെ ഗൗരവമായിത്തന്നെ കാണുന്നു. കഴക്കൂട്ടം സബ് ട്രഷറിയിലെ നിലവിലുള്ള നാല് PTSB അക്കൗണ്ടുകളിലേയ്ക്ക് വ്യാജ ചെക്ക് ബുക്കുകൾ ഇഷ്യൂ ചെയ്ത്

ആയതിലെ ചെക്ക് ലീഫുകൾ ദുരുപയോഗം ചെയ്ത് 2024 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ 15,10,000/- രൂപ അപഹരിക്കുകയുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് കഴക്കൂട്ടം സബ് ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി എൻ. എസ്. ശാലി, സീനിയർ അക്കൗണ്ടന്റ് ശ്രീ. ബി. ഗിരീഷ്കുമാർ, ജൂനിയർ അക്കൗണ്ടന്റുമാരായ ശ്രീ. എൻ. ഷാജഹാൻ, ശ്രീ. എസ്. വിജയരാജ്, ട്രഷറർ ശ്രീ. എം. മുജീബ്, തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി എസ്. എസ്. സുജ (കഴക്കൂട്ടം സബ് ട്രഷറിയിലെ മുൻ ജൂനിയർ സൂപ്രണ്ട്) എന്നീ 6 ജീവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്യുകയുണ്ടായി. ഇത് സംബന്ധിച്ച് കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ രണ്ട് FIR-കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ ജൂനിയർ അക്കൗണ്ടന്റ് ശ്രീ. എസ്. വിജയരാജിനെ പോലീസ് അറസ്റ്റ് ചെയ്യുകയും ടിയാൻ റിമാൻഡിൽ തുടരുകയുമാണ്. പോലീസ്/വകുപ്പുതല നടപടികൾ ഊർജ്ജിതമായി മുന്നോട്ടുപോകുന്നു.

(ബി) സമാനമായ തട്ടിപ്പ് മറ്റു സബ്ട്രഷറികളിലും നടക്കാനുള്ള സാധ്യത മുൻനിർത്തി സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഇത്തരത്തിലുള്ള ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുന്നതിലേയ്ക്കായി ട്രഷറി സോഫ്റ്റ്വെയറിലും ട്രഷറി ഇടപാടുകളുടെ നടപടിക്രമങ്ങളിലും കാതലായ മാറ്റം ഇതിനോടകംതന്നെ വരുത്തിയിട്ടുണ്ട്. അതോടൊപ്പം ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തിനും സുതാര്യതയ്ക്കുമായി കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിൽ വരുത്താൻ തീരുമാനിക്കുകയും ആയത് സംബന്ധിച്ചുള്ള നടപടികൾ ത്വരിതഗതിയിലുമാണ്.

(സി) ട്രഷറി സംവിധാനത്തിലെ പഴുതുകൾ അടയ്ക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

ട്രഷറിയിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ ആവർത്തിക്കാതിരിക്കാനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിസ്ഥാന സൗകര്യ വികസന മേഖലയിൽ കൺസൾട്ടൻസി കമ്പനി

5(4277) ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ധനസഹായത്തിനും നടത്തിപ്പിനുമാവശ്യമായ വിശ്വാസ്യതയും പരിചയസമ്പത്തും വൈദഗ്ധ്യവുമുള്ള കൺസൾട്ടൻസി കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ പ്രസ്തുത കമ്പനി ഏതൊക്കെ വൻകിട പദ്ധതികൾക്ക് കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നുണ്ട്; വിശദമാക്കുമോ;

(സി) പ്രസ്തുത കമ്പനി നിലവിൽ വന്നതിനുശേഷം ഈ മേഖലയിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ധനസഹായത്തിനും നടത്തിപ്പിനുമാവശ്യമായ കൺസൾട്ടൻസി കമ്പനി സർക്കാർ രൂപീകരിച്ചിട്ടില്ല.

പൊതുകടത്തിന്റെ തിരിച്ചടവ്

6(4278) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽനിന്നും കടമെടുത്തതിന് 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പലിശയിനത്തിൽ മാത്രം അടച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

പൊതുവിപണിയിൽ നിന്നുമുള്ള വായ്പകൾക്ക് 2022-23, 2023-24 സാമ്പത്തികവർഷങ്ങളിൽ പലിശയിനത്തിൽ മാത്രം അടച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത കാലയളവുകളിൽ എടുത്ത തുകയ്ക്ക് എത്രയാണ് പലിശ നിരക്കെന്നും തിരിച്ചടവ് കാലാവധി എത്രയാണെന്നും അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ പൊതു വിപണിയിൽ നിന്നും എടുത്ത വായ്പകളുടെ പലിശ നിരക്കും തിരിച്ചടവ് കാലാവധിയും വ്യത്യസ്തമാണ്. ടി വായ്പകളുടെ പലിശ നിരക്ക് 7.29 ശതമാനം മുതൽ 7.85 ശതമാനം വരെയും തിരിച്ചടവ് കാലാവധി 10 വർഷം മുതൽ 40 വർഷം വരെയുമാണ്.

(സി) പൊതുവിപണിയിൽനിന്നും 2016 മുതൽ ഇതുവരെ എടുത്തിട്ടുള്ള കടത്തിൽ എത്ര തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഇനി എത്ര തിരിച്ചടക്കാനുണ്ടെന്നും വിശദമാക്കാമോ?

പൊതുവിപണിയിൽനിന്നും 2016-17 മുതൽ 2023-24 വരെ എടുത്തിട്ടുള്ള കടത്തിൽ മാർച്ച് 31, 2024 വരെ 6,636 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്.

(ഡി) 2024-25, 2025-26, 2026-27 എന്നീ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ഇപ്രകാരമുള്ള തിരിച്ചടവിന്റെ ബാധ്യത എത്രയെന്ന് വെളിപ്പെടുത്തുമോ?

2016-17 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പൊതുവിപണിയിൽനിന്നും എടുത്ത വായ്പകളുടെ മുതൽ ഇനത്തിൽ 2024-25,

2025-26, 2026-27 വർഷങ്ങളിൽ തിരിച്ചടയ്ക്കേണ്ട തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മദ്യ-ലോട്ടറി വില്പനയിലൂടെ ലഭിച്ച വരുമാനം

7(4279) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ മദ്യ വില്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ മദ്യ വില്പനയിലൂടെ 19088.86 കോടി രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ ലോട്ടറി വില്പനയിലൂടെ എത്ര രൂപയാണ് വരുമാനമായി ലഭിച്ചതെന്ന കണക്ക് ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ ലോട്ടറി വില്പനയിലൂടെ 12529.26 കോടിരൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) 2023-24 സാമ്പത്തിക വർഷത്തിൽ സ്വർണ്ണ വിൽപ്പനയിൽ നിന്നുള്ള നികുതി ഇനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ഇനം തിരിച്ച് ലഭ്യമാക്കാമോ?

ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവ്വഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കിയാണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണ വില്പനയിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല. ആയതിനാൽ സ്വർണ്ണത്തിൽ നിന്നുള്ള വരുമാനത്തിന്റെ സ്ഥിരീകരിച്ച കണക്കുകൾ പ്രത്യേകമായി വകുപ്പിൽ ലഭ്യമല്ല.

വിദേശ വായ്പകൾ

8(4280) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടെയും വിശദാംശവും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ?

വിദേശ സഹായം സ്വീകരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ (2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ) വിശദാംശങ്ങൾ ക്രോഡീകരിച്ച് അക്കൗണ്ടന്റ് ജനറൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തിയത് അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശവും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതിയ പദ്ധതികൾക്കുള്ള വിദേശ സഹായം സംബന്ധിച്ച വിവരങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്ന ഭരണ വകുപ്പുകളാണ് സൂക്ഷിക്കുന്നത്. ടി വിവരങ്ങൾ ധനവകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

(സി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിന് എന്ത് തുടർനടപടിയാണ് സ്വീകരിച്ചുവരുന്നതെന്നും വിശദമാക്കുമോ?

പുതിയ പദ്ധതികൾക്കുള്ള വിദേശ സഹായം സംബന്ധിച്ച വിവരങ്ങൾ പദ്ധതികൾ നടപ്പിലാക്കുന്ന ഭരണ വകുപ്പുകളാണ് സൂക്ഷിക്കുന്നത്. ടി വിവരങ്ങൾ ധനവകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

(ഡി) ഏതെല്ലാം വിദേശ വായ്പകളാണ് ഇപ്പോൾ തിരിച്ചടച്ചുകൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ?

വിദേശ സഹായം സ്വീകരിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ (2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ) വിശദാംശങ്ങൾ ക്രോഡീകരിച്ച്

അക്കൗണ്ടന്റ് ജനറൽ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ പ്രസിദ്ധപ്പെടുത്തിയത് അനുബന്ധമായി ചേർക്കുന്നു.+

അനുവദനീയമായ കടമെടുപ്പ് പരിധി

9(4281) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനമാണ് കടമെടുക്കുന്നതിന് അനുവദനീയമായ പരിധിയെന്നത് അറിയിക്കാമോ;

(ബി) ഇത് മുൻ വർഷം അനുവദിക്കപ്പെട്ട പരിധിയിൽനിന്നും വർധിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ&ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പാപരിധി നിശ്ചയിച്ചുനൽകുന്നത്. അതനുസരിച്ച് നടപ്പുവർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 12,50,401 കോടി രൂപയുടെ 3 ശതമാനമായ 37,512 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ തനി കടമെടുപ്പ് പരിധി. 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ തനി കടമെടുപ്പ് പരിധി 32,442 കോടി രൂപയായിരുന്നു.

കൊല്ലം-മേഫയൂർ റോഡിന്റെ നവീകരണ പ്രവൃത്തി

10(4282) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിൽ നിന്നും 36 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി ലഭിക്കുകയും ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്ന കൊല്ലം-മേപ്പയൂർ റോഡിന്റെ നവീകരണ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള തടസ്സം നീക്കുന്നതിന് നടപടി സ്വീകരിക്കുമോ?

20-08-2016-ലെ G.O. (Rt) No. 1192/2016/PWD നമ്പർ ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 10

കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭിച്ച കോഴിക്കോട് ജില്ലയിലെ കൊല്ലം-നെല്ലിയാടി-മേപ്പയ്യൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുക്കാനായി 5.098 കോടി രൂപ ഉൾപ്പെടെ 28-10-2020-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 38.95 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളുടെ ഭാഗമായി കൊയിലാണ്ടി താലൂക്കിൽ 1.6555 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 02-11-2021-ലെ G.O. (Rt) No. 3675/2021/RD നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സാമൂഹിക ആഘാത പഠനം പൂർത്തീകരിക്കുകയും ചെയ്തിരുന്നു. 12-10-2023-ലെ APR-1/5676/2022/KIIFB നമ്പർ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി deferred ലിസ്റ്റിൽ ഉൾപ്പെടുത്തി തൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കുന്നതായി കിഫ്ബി നിർവ്വഹണ ഏജൻസിയെ അറിയിച്ചിരുന്നു. എന്നാൽ ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ എസ്.ഐ.എ. പഠനം വരെ മുന്നേറിയതിനാൽ, പ്രസ്തുത പ്രവൃത്തി deferred ലിസ്റ്റിൽനിന്നും ഒഴിവാക്കി ഭൂമിയേറ്റെടുക്കലുമായി മുന്നോട്ടു പോകുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർവ്വഹണ

ഏജൻസി സമർപ്പിച്ച അപേക്ഷ നിലവിൽ കിഫ്ബിയുടെ പരിഗണനയിലാണ്.

അത്തൂർ മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ

11(4283) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കാനാണ് കിഫ്ബി ഫണ്ട് അനുവദിച്ചതെന്നും ആയതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വിശദമാക്കാമോ?

അത്തൂർ മണ്ഡലത്തിൽ ഒരു റെയിൽവേ മേൽപാലം (എഴുപുന്ന റെയിൽവേ മേൽപ്പാലം) കിഫ്ബിയുടെ ധന സഹായത്തോടെ നിർമ്മിക്കാൻ 19-04-2018-ലെ G.O.(Rt) No. 718/2018/PWD പ്രകാരം ഉത്തരവായിട്ടുണ്ട്. ആർ.ബി.ഡി.സി.കെ.-യാണ് പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവഹണ ഏജൻസി.

(ബി) ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ?

എഴുപുന്ന റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതിരേഖ ആർ.ബി.ഡി.സി.കെ. കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള റോഡിലൂടെ അലൈൻമെന്റ് പഠനം നടത്തി വിശദമായ പദ്ധതിരേഖ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെടുകയും അതുപ്രകാരം പുതിയ കൺസൾട്ടന്റിനെ വിശദമായ പദ്ധതിരേഖ തയ്യാറാക്കാനായി ആർ.ബി.ഡി.സി.കെ. നിയമിക്കുകകയും ചെയ്തു. നിലവിലെ റോഡിലൂടെയുള്ള വിശദമായ സർവ്വെ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയും സോയിൽ ഇൻവസ്റ്റിഗേഷനും ട്രാഫിക് സർവ്വെയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണെന്ന് ആർ.ബി.ഡി.സി.കെ. അറിയിച്ചിട്ടുണ്ട്.

ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതി

12(4284) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നഗരങ്ങളിലെ ട്രാഫിക് ബ്ലോക്ക് കുറയ്ക്കാനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ 20 ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് 05-11-2022-ലെ G.O.(Rt) No. 1069/2022/PWD നമ്പർ ഉത്തരവ് പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് 7 ജംഗ്ഷനുകൾക്ക് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തിക്കായി 33.93 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ ജംഗ്ഷനുകളുടെ പേരും യഥാർത്ഥ പ്രതീക്ഷിത ചെലവും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിന് കിഫ്ബി നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കേരള റോഡ് ഫണ്ട് ബോർഡ് (KRFB) ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം പദ്ധതിയിൽ ഉൾപ്പെട്ട ജംഗ്ഷൻ വികസന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ സെൻട്രൽ ബസാർ പ്രോജക്ടിന് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയാണെന്ന് വിശദമാക്കാമോ?

പയ്യന്നൂർ സെൻട്രൽ ബസാർ ജംഗ്ഷൻ വികസന പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഭൂമിയേറ്റെടുക്കലിന് 20-10-2023-ലെ PWD 023-06/AE-1/2023/KIIFB നമ്പർ നടപടിക്രമ ഉത്തരവ് പ്രകാരം 98.305 ലക്ഷം രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്.

(സി) നടപടികൾ പൂർത്തീകരിച്ച് പദ്ധതി വേഗത്തിൽ ആരംഭിക്കുമോ; വ്യക്തമാക്കാമോ?

NH 66-ൽ സ്ഥിതിചെയ്യുന്ന പെരുമ്പയിൽനിന്നും പയ്യന്നൂർ റെയിൽവേ സ്റ്റേഷനിലേയ്ക്കും അന്നൂരിൽ നിന്ന് കണ്ടംകാളിയിലേയ്ക്കുമുള്ള റോഡുകളെ ബന്ധിപ്പിക്കുന്ന പ്രധാന ജംഗ്ഷനാണിത്. പ്രസ്തുത ജംഗ്ഷനിൽനിന്നും പെരുമ്പ ഭാഗത്തേയ്ക്ക് 460 മീറ്ററും, പയ്യന്നൂർ റെയിൽവെ സ്റ്റേഷൻ ഭാഗത്തേയ്ക്ക് 440 മീറ്ററും, അന്നൂർ ഭാഗത്തേയ്ക്ക് 200 മീറ്ററും, കണ്ടംകാളി ഭാഗത്തേയ്ക്ക് 200 മീറ്ററുമായാണ് പ്രവൃത്തി വിഭാവനം ചെയ്തിട്ടുള്ളത്. കെ.ആർ.എഫ്.ബി.,

പൊതുമരാമത്ത് വകുപ്പ് ഹൈവേ ഡിസൈൻ യൂണിറ്റ് ഉദ്യോഗസ്ഥർ ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ 20-02-2023-ന് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കിയ DPR പരിശോധിക്കുകയും ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ DPR പ്രകാരം പദ്ധതിക്കായി 284.27 സെൻറ് ഭൂമി ഏറ്റെടുക്കുന്നതിനായി 34.11 കോടി രൂപയും, കെട്ടിടങ്ങൾ നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരമായി 15.69 കോടി രൂപയും, യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി 10.4 ലക്ഷം രൂപയും ഉൾപ്പെടെ 60.749 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഹൈവേ ഡിസൈൻ യൂണിറ്റിൽ നിന്നും സമർപ്പിച്ചിട്ടുള്ളതെന്നും ആയത് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

നിർവ്വഹണ ഏജൻസി പുതുക്കിയ DPR സമർപ്പിക്കുന്ന മുറയ്ക്ക് ആയത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ

അംഗീകാരത്തിന് വിധേയമായി പുതുക്കിയ ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്. പുതുക്കിയ ധനാനുമതി ലഭിച്ച ശേഷം സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

കഴനി-പഴമ്പാലക്കോട് റോഡ് പ്രവൃത്തി

13(4285) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡ് (പി.ഡബ്ല്യൂ.ഡി. 004-124) പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ മണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡ് 13.6 മീറ്റർ Right of Way-യിൽ മെച്ചപ്പെടുത്തുന്ന പ്രവൃത്തിക്ക് 16-03-2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം 32.89 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നതാണ്. റോഡിന്റെ പല ഭാഗങ്ങളിലും 13.6 മീറ്റർ Right of

Way-യ്ക്ക് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാൽ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി 10.5 മീറ്റർ Right of Way-യിൽ നിർവ്വഹിക്കുന്നത് സംബന്ധിച്ച സാധ്യത കിഫ്ബി 19-09-2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്തിരുന്നു. ഇതനുസരിച്ച് ഒരു പ്രത്യേക കേസായി പരിഗണിച്ച് കഴനി-പഴമ്പാലക്കോട് റോഡ് 10.5 മീറ്റർ Right of Way-യിൽ നിർമ്മിക്കുന്നതിന് കിഫ്ബി തീരുമാനം കൈക്കൊണ്ടിട്ടുള്ളതും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിയായ KRFB-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. 10.5 മീറ്റർ Right of Way-ൽ DPR തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പ് പ്രൊജക്ട് പ്രീപ്പറേഷൻ യൂണിറ്റിനോട് 13-06-2024-ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

14(4286) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽനിന്നും നിലവിൽ ഏതൊക്കെ പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ കിഫ്ബി മുമ്പാകെ ഉണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾക്കായുള്ള പുതിയ പ്രൊപ്പോസലുകളൊന്നും കിഫ്ബി മുൻപാകെ സമർപ്പിച്ചിട്ടില്ല.

(ബി) ഗുരുവായൂർ മണ്ഡലത്തിൽനിന്നും നിലവിൽ കിഫ്ബി മുഖേനയുള്ള എത്ര പദ്ധതികൾ പൂതുക്കിയ ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദീകരിക്കാമോ?

നാളിതുവരെ 3 പ്രവൃത്തികൾക്കാണ് പ്രസ്തുത മണ്ഡലത്തിൽ പുതുക്കിയ ധനാനുമതി കിഫ്ബി മുഖാന്തരം നൽകിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.+ നിലവിൽ പുതുക്കിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനാനുമതിക്കായുള്ള പ്രൊപ്പോസലുകളൊന്നും പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

15(4287) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഓരോന്നിന്റേയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ&ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.[+] ടി പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

16(4288) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും അവ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ?

ടി പദ്ധതികളിൽ പ്രവൃത്തി പൂർത്തിയാകാത്തവയുടെ വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകി പ്രവൃത്തി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള ഉത്തരവാദിത്വം ബന്ധപ്പെട്ട ഭരണവകുപ്പുകൾക്കുകീഴിലുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. എന്നിരുന്നാലും കിഫ്ബിയിലൂടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണം സാധ്യമാക്കുന്നതിനും, പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനും, തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനുമായി സർക്കാർ/ഭരണവകുപ്പ്/എസ്.പി.വി. തലങ്ങളിൽ വിവിധങ്ങളായ അവലോകന യോഗങ്ങൾ കിഫ്ബി നടത്തി വരുന്നുണ്ട്.

കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം

17(4289) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭാ മാർക്കറ്റ് ആധുനികവൽക്കരണം എന്ന വരുമാനദായക പദ്ധതിക്ക് 09-04-2021-ലെ ഉത്തരവ് നം. LSG006-01/APR-1/2020/KIIFB പ്രകാരം 15,23,92,780/- രൂപയുടെ ധനാനുമതി

കിഫ്ബി നൽകിയിരുന്നു. പദ്ധതിക്കാവശ്യമായ Fire NoC, PCB NoC എന്നീ Statutory Clearances പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ IMPACT Kerala Ltd ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ടി പദ്ധതിയുടെ ഡിസൈൻ റിവ്യൂ കിഫ്ബിയിൽ നടന്നുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

പദ്ധതിയുടെ ഡിസൈൻ റിവ്യൂ കിഫ്ബി പൂർത്തിയാക്കിയതിനുശേഷം ടി Structural drawings സൂഷ്മ പരിശോധന നടത്തി പുതുക്കിയ എസ്റ്റിമേറ്റ് എസ്.പി.വി. തയ്യാറാക്കേണ്ടതുണ്ട്. തുടർന്ന് പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി, കരാർ നൽകി, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിക്കുന്നതാണ്.

കല്ലിങ്കൽപാടം സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി

18(4290) <u>ശ്രീ. പി. പി. സുമോദ്:</u> താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ലിങ്കൽപാടം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ (ജി.ഇ.ഡി. 003-11) കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ലിങ്കൽപാടം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് 29-07-2020-ലെ ഉത്തരവ് നം. GED003-11/ APR-1/2020/KIIFB പ്രകാരം 96,26,374/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് 27-07-2023-ലെ ഉത്തരവ് നം. GED003-11/APR-2/2023/KIIFB പ്രകാരം 1,29,99,500/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കില പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 12-02-2024-ൽ ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒരു ടെണ്ടർ മാത്രം ലഭ്യമായതിനാൽ 22-06-2024-ൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻതന്നെ കരാർ

നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിക്കുന്നതാണ്.

നെയ്യാറ്റിൻകര മണ്ഡലത്തിൽ പൂർത്തീകരിച്ച കിഫ്ബി പ്രവൃത്തികൾ

19(4291) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ പൂർത്തീകരിച്ച കിഫ്ബി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ?

(എ&ബി) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പൂർത്തീകരിച്ച കിഫ്ബി പദ്ധതികളും അവയ്ക്ക് ഇതുവരെ ചെലവഴിച്ച തുകയും അനുബന്ധത്തിൽ കാണാവുന്നതാണ്.+

വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനം

20(4292) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വഴിമുക്ക്-കളിയിക്കാവിള റോഡ് വികസനത്തിന് കിഫ്ബിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കരമന-കളിയിക്കാവിള റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തിയായ വഴിമുക്ക്-കളിയിക്കാവിള റോഡിന് 01-07-2023-ലെ G.O.(Rt) No. 891/2023/PWD നമ്പർ ഉത്തരവ് പ്രകാരം 200 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്കായി ഭൂമിയേറ്റെടുക്കുന്നതിനുള്ള രൂപരേഖ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിക്ക് സമർപ്പിച്ചിരുന്നെങ്കിലും, Right of Way സംബന്ധിച്ച് വ്യക്തത കിഫ്ബി ആവശ്യപ്പെട്ടിരുന്നു. 05-06-2024-ന് പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിലെ തീരുമാന പ്രകാരം പ്രധാന ജംഗ്ഷനുകളിൽ 30.2 മീറ്റർ Right of Way-യിലും ശേഷിക്കുന്ന ഭാഗങ്ങളിൽ 23 മീറ്റർ Right of Way-യിലും നിർവ്വഹിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Right of Way സംബന്ധിച്ച അന്തിമ

തീരുമാനമായശേഷം അതുപ്രകാരം പദ്ധതി നിർവ്വഹണ ഏജൻസി DPR കിഫ്ബിയിൽ സമർപ്പിക്കുന്നമുറയ്ക്ക് അത് അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി ജനറൽ ബോഡി/എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ധനാനുമതി നൽകുന്നതിന് കിഫ്ബി നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണമ്പ്ര വ്യവസായ പാർക്ക് പദ്ധതി

21(4293) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയുടെ ഫണ്ടിൽ ഉൾപ്പെടുത്തിയ കണ്ണമ്പ്ര വ്യവസായ പാർക്ക് കിൻഫ്ര (ഐ.എൻ.ഡി. 001-01) പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

കണ്ണമ്പ്ര വ്യവസായ പാർക്കിന്റെ സ്ഥലമേറ്റെടുപ്പിനുള്ള സാമ്പത്തികാനുമതി മാത്രമാണ് കിഫ്ബി നൽകിയിട്ടുള്ളത്. ടി പദ്ധതിയുടെ ഒന്നാംഘട്ടം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 299.43 ഏക്കർ ഭൂമി പദ്ധതി നിർവഹണ ഏജൻസിയായ കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. ടി

പദ്ധതി നടപ്പിലാക്കുന്നതിന് വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ആവശ്യമുള്ളതിനാൽ ആയത് ലഭ്യമാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണെന്നും കൂടാതെ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നുവെന്നും കിൻഫ്ര അറിയിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

22(4294) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി പ്രവൃത്തികളിൽ ഭരണാനുമതി നൽകിയത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയ പദ്ധതികളുടെ അനുവദിച്ച തുകയുൾപ്പെടെയുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

23(4295) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ കിഫ്ബിയുടെ ധനകാര്യ അംഗീകാരത്തിനായി സമർപ്പിച്ച പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡിന് അംഗീകാരം നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണമെന്തെന്ന് അറിയിക്കാമോ;

(ബി) കാഞ്ഞങ്ങാട്നിന്നും മലയോര താലൂക്ക് ആസ്ഥാനമായ വെള്ളരിക്കുണ്ടിലേയ്ക്കും മലയോര പഞ്ചായത്തുകളിലേയ്ക്കും അതിവേഗം എത്താവുന്ന മാർഗ്ഗമെന്ന നിലയ്ക്ക് പ്രസ്തുത പദ്ധതിക്ക് എപ്പോൾ അംഗീകാരം ലഭിക്കുമെന്ന് വിശദമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് പ്രവൃത്തിക്കായി 10-07-2017-ലെ സ. ഉ. (സാധാ) നം. 942/2017/PWD പ്രകാരം തത്വത്തിൽ 60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കെ.ആർ.എഫ്.ബി.-യാണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. തുടർന്ന്, ഒന്നാം ഘട്ടമായി പുളിക്കൽ

പാലം, ആനപ്പെട്ടി പാലം, ബാനം കല്വങ്ക് എന്നിവയ്ക്ക് 26-02-2021-ൽ PWD015-102/APR-2/2021/KIIFB ഉത്തരവ് പ്രകാരം 7.27 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. കൂടാതെ 19-09-2022-ൽ 9.37 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നല്കിയിട്ടുണ്ട്.

10-01-2022-ൽ 8.90 കോടി രൂപയുടെ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തി നിലവിൽ പുരോഗമിച്ചുവരികയാണ്. ഒന്നാം ഘട്ട പ്രവൃത്തികൾ പൂർത്തീകരണത്തിന്റെ അന്തിമ ഘട്ടത്തിൽ എത്തുന്ന മുറയ്ക്ക് രണ്ടാം ഘട്ട റോഡ് പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ കിഫ്ബി കെ.ആർ.എഫ്.ബി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

24(4296) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ അനുമതി ലഭിച്ചിട്ടുള്ളതും നിർമ്മാണം പൂർത്തീകരിച്ചതും നടപ്പാക്കിവരുന്നതുമായ

ഏതെല്ലാം പദ്ധതികളാണുള്ളത്; അവയ്ക്ക് ചെലവായ തുകയും നിർവ്വഹണ ഏജൻസിയുടെ വിവരവും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അനുമതി ലഭിച്ചിട്ടും നാളിതുവരെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തവ ഏതെല്ലാമാണ്; അവ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കിഫ്ബി ആരംഭിച്ചതു മുതൽ നാളിതുവരെ വാമനപുരം മണ്ഡലത്തിൽ കിഫ്ബി അനുമതി നൽകിയതും പ്രവൃത്തി നടന്നു വരുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] അനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുടെ ആയതിന്റെ കാരണം സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പദ്ധതികൾ

25(4297) <u>ശ്രീ. ജോബ് മൈക്കിൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ കിഫ്ബി മുഖേന ഏതെല്ലാം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന അനുമതി നൽകിയിട്ടുള്ള പദ്ധതികളും, അവയുടെ നിലവിലെ സ്ഥിതി ഉൾപ്പടെയുള്ള വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.+

കിഫ്ബി പ്രവൃത്തികൾ

26(4298) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാളിതുവരെ എത്ര പദ്ധതികൾക്കാണ് കിഫ്ബി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നാളിതുവരെ 86,143.49 കോടി രൂപയുടെ 1110 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

നാളിതുവരെ 29100 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി) കിഫ്ബിക്ക് ഏതൊക്കെ സ്രോതസ്സുകളിലൂടെയാണ് പണം സ്വരൂപിച്ചു ലഭിക്കുന്നതെന്ന് വിശദമാക്കാമോ; നാളിതുവരെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദാംശം ലഭ്യമാക്കാമോ;

വിവിധ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവയിൽ നിന്നുള്ള ലോണുകൾ മുഖേനയും, ആഭ്യന്തര വിപണിയിൽ നിന്നുള്ള ബോണ്ടുകൾ മുഖേനയുമാണ് പ്രധാനമായും കിഫ്ബി ധനസമാഹരണം നടത്തി വരുന്നത്. കൂടാതെ കെ.എസ്.എഫ്.ഇ.-യുമായി ചേർന്നുള്ള പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി.-യുടെ ഡിവിഡന്റ് സ്കീം എന്നിവയിലൂടെയും കിഫ്ബി ധനസമാഹരണം നടത്തുന്നുണ്ട്. കൂടാതെ

കിഫ്ബി ധനസഹായം നൽകിയിട്ടുള്ള വരുമാനദായകമായ പദ്ധതികളിൽനിന്നും തിരിച്ചടവ് ഇനത്തിൽ ലഭിക്കുന്ന തുകയും കിഫ്ബി പ്രയോജനപ്പെടുത്തിവരുന്നു. ഇതിനുപുറമെ കിഫ് ആക്ടിൽ വിവക്ഷിക്കുന്ന പ്രകാരം സർക്കാരിൽനിന്നും ആനുവിറ്റി വിഹിതം (വാഹന നികുതിയുടെ വിഹിതം, പെട്രോളിയം സെസ്സിൽ നിന്നുള്ള വിഹിതം) മുഖേനയും ധനസമാഹരണം നടത്തിവരുന്നു.

നാളിതുവരെ ബാങ്കുകൾ, ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ, ബോണ്ടുകൾ, കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി, കെ.എൻ.ആർ.കെ.ഡബ്ല്യൂ.ബി. എന്നിവയിലൂടെ 24665.34 കോടി രൂപയും കിഫ്ബി മുഖേന നടപ്പിലാക്കുന്ന വരുമാനദായകമായ പദ്ധതികളുടെ തിരിച്ചടവ് മുഖേന 1329.09 കോടി രൂപയും സർക്കാരിൽ നിന്നുള്ള ആനുവിറ്റി വിഹിതമായി 16814.63 കോടി രൂപയും സമാഹരിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലം കിഫ്ബി പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിക്കാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിശദമാക്കാമോ?

സാമ്പത്തിക പ്രതിസന്ധിമൂലം പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമൊന്നും കിഫ്ബിയിൽ നിലവിലില്ല.

പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണം

27(4299) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ഷേണായി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കണ്ടങ്കാളി, എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.എച്ച്.എസ്.എസ്. വെള്ളൂർ എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട പയ്യന്നൂർ മണ്ഡലത്തിലെ ഷേണായി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ, കണ്ടങ്കാളി എ.കെ.എ. എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ, ജി.എച്ച്.എസ്.എസ്.വെള്ളൂർ

എന്നീ സ്കൂളുകളുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഷേണായി സ്മാരക ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ

ടി സ്കൂളിന് 01-03-2021-ലെ ഉത്തരവ് നമ്പർ GED006-11/APR-/ 2021/ KIIFB പ്രകാരം 2,76,01,422/- രൂപയുടെ സാമ്പത്തികാനുമതിയും 07-06-2023-ലെ ഉത്തരവ് നമ്പർ GED006-11/APR-2/2023/KIIFB പ്രകാരം 3,82,09,330/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയും 08-05-2023-ന് സാങ്കേതികാനുമതി പദ്ധതി നിർവ്വഹണ ഏജൻസിയും ലഭ്യമാക്കിയിട്ടുണ്ട്. PED (Project Execution Document)-യ്ക്ക് അംഗീകാരം ലഭ്യമാക്കി നിലവിൽ ടെണ്ടർ നടപടികൾ ആരംഭിച്ചതായി പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ കരാർ നൽകി പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

2. കണ്ടങ്കാളി എ.കെ.എ.എസ്.ജി.വി.എച്ച്.എസ്.എസ്. പയ്യന്നൂർ

ടി സ്കൂളിന് 30-10-2020-ലെ ഉത്തരവ് നമ്പർ GED003-27/PE-5-PAD/2020/KIIFB പ്രകാരം 98,65,932/- രൂപയുടെ സാമ്പത്തികാനുമതിയും

04-08-2023-ലെ ഉത്തരവ് നമ്പർ GED003-27/APR-2/ 2023/KIIFB പ്രകാരം 1,27,32,180/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിക്ക് 14-03-2024-ന് സാങ്കേതികാനുമതി പദ്ധതി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ PED (Project Execution Document) പദ്ധതി നിർവഹണ ഏജൻസി 14-06-2024-ന് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

3. <u>ജി.എച്ച്.എസ്.എസ്. വെള്ളൂർ</u>

ടി സ്കൂളിന് 24-09-2021-ലെ ഉത്തരവ് നമ്പർ GED006-26/APR-1/ 2021/KIIFB പ്രകാരം 2,96,37,949/- രൂപയുടെ സാമ്പത്തികാനുമതിയും 27-04-2023-ലെ ഉത്തരവ് നമ്പർ GED006-26/APR-2/2023/KIIFB പ്രകാരം 3,86,88,470/-രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിരുന്നു. ടി പദ്ധതിക്ക് സാങ്കേതികാനുമതി പദ്ധതി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ പുതുക്കിയ PED (Project

Execution Document) കിഫ്ബിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു. PED കിഫ്ബിയിൽ സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസിക്ക് സ്വീകരിക്കാവുന്നതാണ്.

(ബി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസിക്ക് നൽകുന്നതാണ്.

എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി

28(4300) <u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് 2017-2023-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കാമോ?

(എ&ബി) എടച്ചേരി ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിന് 2017-2023-ലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകുന്ന വിഷയം E2564224 എൻ.സി.സി2/43/2023/ധന നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

ആലപ്പുഴ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്

29(4301) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികൾ എത്ര തവണ ടെൻഡർ ചെയ്തുവെന്നും വ്യക്തമാക്കാമോ?

ആസ്തി വികസന ഫണ്ട് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ കരാറിൽ ഏർപ്പെട്ടിട്ടില്ലാത്ത ആലപ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ആലപ്പുഴ പോലുള്ള തീരദേശ മണ്ഡലങ്ങളിലെ പ്രവൃത്തികൾ കരാറിൽ ഏർപ്പെടാത്തതുമൂലം തുക നഷ്ടമാകാനുള്ള സാധ്യതകളും ജനങ്ങളുടെ ക്ലേശങ്ങളും കണക്കിലെടുത്ത് കോസ്റ്റ് ഇൻഡക്സ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നല്കുന്നത്, പ്രവൃത്തി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രദേശത്തെ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി പ്രൈസ് സോഫ്റ്റ്വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആണെന്നതിനാൽ, ഒരു ബദൽ മാർഗത്തിന്റെ ആവശ്യകത കാണുന്നില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം വനിതാ കോളേജിന് കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക

30(4302) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം വനിതാ ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണത്തിന് എം.എൽ.എ.-യുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 230.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും നിർവ്വഹണ ഏജൻസിക്കും കരാറുകാരനും ലഭിക്കേണ്ട ആദ്യ ഗഡു എൺപത്തിയൊൻപത് ലക്ഷത്തി എൺപത്തി അയ്യായിരത്തി തൊണ്ണൂറ്റിയൊൻപത് രൂപ ഇപ്പോഴും അനുവദിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ നോഡൽ സെന്റർ-സി വകുപ്പിലെ 23-03-2024-ലെ സ.ഉ.(സാധാ) നം. 2935/2024/ധന നമ്പർ റീ വാലിഡേറ്റ് ചെയ്ത ഉത്തരവിൽ സംഭവിച്ച സാങ്കേതിക പിഴവുകൾ തിരുത്താൻ വീണ്ടും ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) 2024-2025 സാമ്പത്തിക വർഷത്തിൽ ആദ്യഘട്ട ബിൽ ഉൾപ്പെടെ മുഴുവൻ തുകയും നിർവഹണ ഏജൻസിക്കും കരാറുകാരനും മാറി നൽകാൻ ധനകാര്യ വകുപ്പിന്റെ അനുമതി അടിയന്തരമായി നൽകുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മലപ്പുറം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 230.50 ലക്ഷം രൂപ വിനിയോഗിച്ച് നിർവ്വഹിച്ച മലപ്പുറം വനിത ആർട്സ് & സയൻസ് കോളേജ് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയുടെ ആദ്യ ഗഡുവായി അനുവദിച്ച തുകയായ 89,85,099/- രൂപ 23-03-2024-ലെ സ.ഉ.(സാധാ) നം. 2935/2024/ധന ഉത്തരവ് പ്രകാരം റീവാലിഡേറ്റ് ചെയ്ത് 2023-24 സാമ്പത്തിക വർഷം സിഡ്കോയ്ക്ക് നേരിട്ട് അനുവദിക്കുന്നതിന് ഉത്തരവായിരുന്നു. എന്നാൽ 03-08-2018-ലെ സ.ഉ.(അച്ചടി)118/2018/ധന ഉത്തരവിൽ അക്രെഡിറ്റഡ് ഏജൻസി മുഖാന്തരം നടത്തുന്ന വർക്കുകൾക്ക് കോൺട്രാക്ടറുടെ തുക അക്രെഡിറ്റഡ് ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് നേരിട്ട് നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ 03-08-2018-ലെ ഉത്തരവ് നിലനിൽക്കുന്ന സാഹചര്യത്തിൽ തുക

സിഡ്കോയ്ക്ക് ഒടുക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടും സാമ്പത്തിക വർഷം അവസാനിക്കുന്ന വേളയിലെ ട്രഷറി നിയന്ത്രണങ്ങളും കാരണം തുക 2023-24 സാമ്പത്തിക വർഷം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ആദ്യ ബില്ലായി അനുവദിച്ച 89,85,099/-രൂപ അക്രെഡിറ്റഡ് ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കോൺട്രാക്ടർക്ക് നേരിട്ട് നൽകുന്നതിലേയ്ക്കായി നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നതിനായി 23-03-2024-ലെ സ.ഉ.(സാധാ)2935/2024/-ധന ഉത്തരവിൽ മാറ്റം വരുത്തുന്നതിനുള്ള ശിപാർശ ഉന്നത വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനവകുപ്പിൽ പരിശോധിച്ചുവരികയാണ്.

ഒറ്റപ്പാലം മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാത്ത ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ

31(4304) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ട

പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്തവയുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്നും തുക എത്രയാണെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഒന്നുംതന്നെയില്ല. 2023-24 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ കാണാവുന്നതാണ്.+

(ബി) പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്ന തീയതി എന്നാണ് എന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിലെ പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നാളിതുവരെയും ലഭ്യമായിട്ടില്ല.

വടക്കാഞ്ചേരി മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

32(4305) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടില്ലാത്തതിനാൽ അതത് വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് കണക്കാക്കാനായിട്ടില്ല. നിലവിലെ മാനദണ്ഡ പ്രകാരം, പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ടെൻഡർ സേവിംഗ്സ് അനുവദനീയമല്ല.

അഴീക്കോട് എം.എൽ.എ. ആസ്തി വികസന ഫണ്ട്

33(4306) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ അഴീക്കോട് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ടെൻഡർ സേവിംഗ്സ് തുക എത്രയുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

2017-18 മുതലാണ് ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. 2017-18 മുതൽ 2021-22 വരെയുള്ള കാലയളവിൽ അഴീക്കോട് മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിലെ ടെൻഡർ സേവിംഗ്സ് തുക താഴെ ചേർക്കുന്നു. 2022-23, 2023-24 വർഷങ്ങളിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളും പൂർത്തിയാകാത്തതിനാൽ, ടെൻഡർ സേവിംഗ് കണക്കാക്കാനായിട്ടില്ല.

2017-18 - 18,06,175/-

2018-19 - 42,91,975/-

2019-20 - 22,58,101/-

2020-21 - 26,31,796/-

2021-22 - 27,77,911/-

2021-22 വർഷത്തെ ടെൻഡർ സേവിംഗ്സ് തുക

34(4307) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള 2021-22 സാമ്പത്തിക വർഷത്തെ ടെൻഡർ സേവിംഗ്സ് തുക എത്രയാണെന്ന് വിശദമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെൻഡർ സേവിംഗ്സ് തുക 17,47,922/- രൂപയാണ്.

മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

35(4308) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23, 2023-24 വർഷങ്ങളിൽ മലമ്പുഴ മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കാനായി

ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതിനെല്ലാം ഇനിയും ഭരണാനുമതി നൽകാൻ ബാക്കിയുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പുതുക്കാട് മണ്ഡലത്തിലെ ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി

36(4309) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ 2018-19 വർഷത്തെ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിച്ച എൻപത്തിയൊന്ന് ലക്ഷം രൂപയുടെ ചെമ്പൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണത്തിന്റെ രണ്ടാഘട്ട പ്രവൃത്തിക്ക് പുതുക്കിയ അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2018-2019 സാമ്പത്തിക വർഷത്തെ മണ്ഡലം ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി അനുമതി ലഭിച്ച ചെമ്മൂച്ചിറ ജി.എച്ച്.എസ്.എസ്. കെട്ടിട നിർമ്മാണമെന്ന പ്രവൃത്തിക്കായി പുതുക്കിയ അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

മലമ്പുഴ മണ്ഡലത്തിലെ പ്രവൃത്തികൾക്കുള്ള ഭരണാനുമതി

37(4310) <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാനായി ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാനുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) മലമ്പുഴ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാനായി ശിപാർശ ചെയ്യപ്പെട്ട പ്രവൃത്തികളിൽ ഇനിയും ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ സംബന്ധിച്ചും, പ്രസ്തുത പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാൻ കഴിയാത്തതിന്റെ കാരണം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

കാസർഗോഡ് ജില്ലയിൽ ആസ്തി വികസന നിധിയിൽനിന്നും ചെലവഴിച്ച തുക

38(4311) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന നിധി അനുവദിച്ചുതുടങ്ങിയത് ഏതു വർഷം മുതലാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എം.എൽ.എ. ആസ്തി വികസന നിധി അനുവദിച്ച് തുടങ്ങിയത് 2012-13 മുതലാണ്.

(ബി) 2023-2024 സാമ്പത്തിക വർഷം വരെ കാസർഗോഡ് ജില്ലയിൽ ആസ്തി വികസന നിധിയിൽ നിന്ന് എത്ര തുക വിനിയോഗിച്ചുവെന്ന് വർഷവും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ?

2023-2024 സാമ്പത്തിക വർഷം വരെ കാസർഗോഡ് ജില്ലയിൽ ആസ്തി വികസന നിധിയിൽ നിന്ന് വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത തുക വിനിയോഗിക്കാതെ ഇപ്പോഴും ബാക്കിയുണ്ടെങ്കിൽ ഏതെങ്കിലും അത്യാവശ്യ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാൻ അനുമതി നൽകുമോ എന്ന് വ്യക്തമാക്കാമോ?

ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് അനുമതി നല്കുന്നത് പരിശോധിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എം.എൽ.എ. ആസ്തി വികസന നിധിയിൽ ടെൻഡർ സേവിംഗ്സ് ഫണ്ട് നിശ്ചയിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ഓരോ സാമ്പത്തിക വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ ഉപേക്ഷിക്കുകയോ ചെയ്യുമ്പോൾ ഉണ്ടാകുന്ന സേവിംഗ്സ് ഏതു സാമ്പത്തിക വർഷത്തിലാണോ തിട്ടപ്പെടുത്താൻ സാധിക്കുന്നത് ആ സാമ്പത്തിക വർഷത്തിലോ അതിനടുത്ത സാമ്പത്തിക വർഷത്തിലോ ഉണ്ടാകുന്ന ടെൻഡർ എക്സസിനുവേണ്ടിയോ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടിയോ വിനിയോഗിക്കാവുന്നതാണ്.

(ഇ) 2023-2024 സാമ്പത്തിക വർഷം വരെ എം.എൽ.എ. ആസ്തി വികസന നിധിയിൽ കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ടെൻഡർ സേവിംഗ്സ് ഫണ്ട് എത്രയാണെന്ന് മണ്ഡലവും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ 2023-2024 സാമ്പത്തിക വർഷം വരെ ടെൻഡർ സേവിംഗ്സ് ഫണ്ടിൽ നിന്ന് തുക ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ?

(ഇ&എഫ്) വിവരം ശേഖരിച്ചുവരുന്നു.

ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിന് അനുമതി

39(4312) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിന് അനുമതിയുണ്ടോ; എങ്കിൽ എന്നുമുതലുള്ള പ്രവൃത്തികൾക്കാണ് അനുമതി ഉള്ളതെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് ഉപയോഗിച്ച് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിന് അനുമതിയുണ്ട്. ഇത്തരത്തിൽ ടെൻഡർ

സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 മുതലാണ് പ്രാബല്യമുള്ളത്. ഇത് സംബന്ധിച്ച 04-08-2018-ലെ 119/2018/ധന ഉത്തരവ്, 17-12-2022-ലെ 145/2022/ധന ഉത്തരവ് എന്നിവ അനുബന്ധമായി ചേർക്കുന്നു.+ എന്നാൽ, നിലവിലെ മാനദണ്ഡ പ്രകാരം, പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ ടെൻഡർ സേവിംഗ്സ് വിനിയോഗിക്കുന്നത് അനുവദനീയമല്ല.

(ബി) കൊടുങ്ങല്ലൂർ മണ്ഡലത്തിൽ പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് ബാക്കി ഉള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) പ്രസ്തുത തുകയ്ക്ക് പുതിയ പ്രവൃത്തികൾ ശിപാർശ ചെയ്യുന്നതിനുള്ള കാലാവധി എന്നുവരെ ആണെന്ന് അറിയിക്കാമോ?

(ബി&സി) മാനദണ്ഡ പ്രകാരം, ഒരു വർഷത്തെ എല്ലാ പ്രവൃത്തികളുടെയും അവസാന ബിൽ തയ്യാറായാൽ മാത്രമേ ടെണ്ടർ സേവിംഗസ് തുക കണക്കാക്കാനാകൂ. 2017-18 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ, ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ പ്രവൃത്തികളുടെയും അവസാന ബിൽ തയാറായിട്ടില്ല എന്നതിനാൽ, അതത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷങ്ങളിലെ ടെൻഡർ സേവിംഗ്സ് കണക്കാക്കാനായിട്ടില്ല എന്നാണ് ജില്ലാ ഭരണകൂടം അറിയിച്ചിട്ടുള്ളത്. മാർഗ്ഗരേഖ പ്രകാരം, ഏതു സാമ്പത്തിക വർഷത്തിലാണോ ടെൻഡർ സേവിംഗ്സ് തിട്ടപ്പെടുത്താൻ സാധിക്കുന്നത്, ആ സാമ്പത്തിക വർഷത്തിലോ, തൊട്ടടുത്ത സാമ്പത്തിക വർഷത്തിലോ ഉള്ള പുതിയ പദ്ധതികൾക്കോ, ടെൻഡർ എക്സ്സ്സിനുവേണ്ടിയോ ടി തുക വിനിയോഗിക്കാവുന്നതാണ്.

ഗുരുവായൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

40(4313) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഏതൊക്കെ പദ്ധതികളുടെ ബില്ലുകൾ നിലവിൽ തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി 2023-24-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ ഒന്നുംതന്നെ നിലവിൽ സമർപ്പിക്കപ്പെട്ടിട്ടില്ല.

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലുൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽനിന്നും മാറുന്നതിനുള്ള തടസ്സങ്ങൾ വിശദമാക്കാമോ?

എം.എൽ.എ. ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവയിലുൾപ്പെട്ട പ്രവൃത്തികളുടെ ബില്ലുകൾ ട്രഷറിയിൽനിന്നും മാറുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡങ്ങൾക്കും ട്രഷറി നിയന്ത്രണങ്ങൾക്കും വിധേയമായി ബില്ലുകൾ മാറി നൽകുന്നതാണ്.

സൊസൈറ്റികളുടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ നടപടി

41(4314) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന ഫണ്ട്, പ്രദേശിക വികസന ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി വ്യവസായ വകുപ്പിലും സഹകരണ വകുപ്പിലും രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റികൾക്കും മത്സ്യ സഹകരണ സംഘങ്ങൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക

ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

നിലവിലില്ല.

എം.എൽ.എ. പ്രത്യേക വികസന ഫണ്ട് വിനിയോഗം

42(4315) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം മണ്ഡലത്തിൽ എം.എൽ.എ. പ്രത്യേക വികസന ഫണ്ട് ഉപയോഗിച്ച് 2021-22, 2022-23, 2023-24 വർഷങ്ങളിൽ അനുമതി നൽകിയ പ്രവൃത്തികളും അവയുടെ നിർമ്മാണ പുരോഗതിയും വർഷം തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

ഒറ്റപ്പാലം മണ്ഡലത്തിലെ പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

43(4316) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ ഒറ്റപ്പാലം മണ്ഡലത്തിലെ എം.എൽ.എ. പ്രത്യേക വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാത്തതായി ഉണ്ടോ; എങ്കിൽ അവയുടെ വിവരം തുകയും വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്ന തീയതി എന്നാണ് എന്ന് വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗം

44(4318) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എയ്ഡഡ് സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ, ലാബുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആസ്തി വികസന പദ്ധതിയുടെ ഉദ്ദേശം നിയോജകമണ്ഡലങ്ങളിൽ സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുകയും അടിസ്ഥാന സൗകര്യ വികസനവുമാണ്. ആയതിനാൽ എയ്ഡഡ് സ്ഥാപനങ്ങളുടെ ആസ്തിയിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ, പാർക്കുകൾ, ലാബുകൾ എന്നിവ നിർമ്മിക്കുന്നത് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല.

ആസ്തി വികസന, പ്രത്യേക വികസന നിധികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

45(4319) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയും പ്രത്യേക വികസന നിധിയും ചെലവഴിക്കുന്നതിലെ മാർഗനിർദേശങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നിയമസഭാ സാമാജികരിൽനിന്നും നിർദേശങ്ങൾ സ്വീകരിച്ചതിനുശേഷമുള്ള നടപടികൾ വിശദമാക്കാമോ;

എത്ര നിയമസഭാ സാമാജികരാണ് അഭിപ്രായങ്ങളറിയിച്ചതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നിലമ്പൂർ എം.എൽ.എ. നൽകിയ നിർദ്ദേശങ്ങൾ ഏതെങ്കിലും പരിഗണിച്ചിട്ടുണ്ടോ; പരിഗണനാർഹമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ആസ്തി വികസന പദ്ധതിയും പ്രത്യേക വികസന നിധിയും ചെലവഴിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നത്തേയ്ക്ക് പരിഷ്കരിക്കുമെന്ന് അറിയിക്കുമോ?

(എ-സി) ആസ്തിവികസന ഫണ്ടിന്റെയും പ്രത്യേക വികസന ഫണ്ടിന്റേയും വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങളിൽ വരുത്തേണ്ട ഭേദഗതി സംബന്ധിച്ച ബഹുമാനപ്പെട്ട എം.എൽ.എ.-മാർ അറിയിക്കുന്ന നിർദ്ദേശങ്ങൾകൂടി ഭേദഗതി പ്രൊപ്പോസലിനൊപ്പം പരിഗണിക്കേണ്ടതാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉത്തരവിട്ടിരുന്നു. ആയത് പ്രകാരം ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സമർപ്പിക്കാൻ നിയമസഭാ

സെക്രട്ടേറിയറ്റിനോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ നിലമ്പൂർ എം.എൽ.എ. ഉൾപ്പെടെ പന്ത്രണ്ട് എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇനിയും സാമാജികർ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ താല്പര്യപ്പെടുന്നുണ്ടെകിൽ ആയതുകൂടി വകുപ്പിലേക്ക് ലഭ്യമാക്കണമെന്ന് നിയമസഭാ സെക്രട്ടേറിയറ്റിനോട് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നിർദ്ദേശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

സംസ്ഥാനത്തിനർഹമായ നികുതി വിഹിതം

46(4320) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പിന്തുടരുന്ന സാമ്പത്തിക നയങ്ങൾ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി പ്രതിസന്ധിയിലാക്കുന്ന സാഹചര്യം നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

GST നഷ്ടപരിഹാരം നിർത്തലാക്കിയത്, റവന്യൂ കമ്മി ഗ്രാന്റ് 2023-24-നുശേഷം ലഭ്യമാകാതിരിക്കുന്നത്, സംസ്ഥാന സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന പ്രത്യേക ഉദ്ദേശ സ്ഥാപനങ്ങളായ KIIFB, KSSPL മുതലായവ അവരുടെ സ്വന്തം നിലയ്ക്ക് എടുക്കുന്ന വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിൽ ഉൾപ്പെടുത്തുന്നത്, 2017 ആഗസ്തിനുശേഷം പൊതു കണക്കിനത്തിലെ നീക്കിയിരിപ്പ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി നിർണ്ണയിക്കുന്നതിൽ ഉൾപ്പെടുത്തിയത്, ഡിവിസിബിൾ പൂൾ വഴി സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതി വിഹിതത്തിന്റെ ശതമാനത്തിൽ മുൻ ധനകാര്യ കമ്മീഷനുകളെ അപേക്ഷിച്ച് നിലവിലെ ധനകാര്യ കമ്മീഷന്റെ കാലയളവിൽ കുറവുണ്ടായത് എന്നിവമൂലം 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്ന് ലഭ്യമാകേണ്ട തുകയിൽ ഏകദേശം 57,000 കോടിയുടെ കുറവുണ്ടാകുമെന്നാണ് അനുമാനിക്കുന്നത്.

(ബി) കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട നികുതി വിഹിതം യഥാസമയം സംസ്ഥാന സർക്കാരിന് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേന്ദ്ര സർക്കാരിൽ നിന്നുള്ള നികുതി വിഹിതം ഷെഡ്യൂൾ അനുസരിച്ച് ഇപ്പോൾ ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്നത് 14 ഗഡുക്കളായാണ്. ഇത് ഓരോ മാസവും 10-ാം തീയതിയോട് കൂടിയാണ് ലഭ്യമാകുന്നത്.

സംസ്ഥാനത്തെ നബാർഡ് പദ്ധതികൾ

47(4321) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നബാർഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ?

സംസ്ഥാനത്ത് നബാർഡ് മുഖേന നിലവിൽ 495 പദ്ധതികൾ നടപ്പിലാക്കി വരുന്നു. (അനുബന്ധം കണ്ടാലും). വകുപ്പടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.[+]

(ബി) 2024-2025 സാമ്പത്തികവർഷം നബാർഡ് ധനസഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾ ഏതൊക്കെയെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

2024-2025 സാമ്പത്തിക വർഷം നബാർഡ് ധനസഹായത്തിനായി വിവിധ വകുപ്പുകളിൽ നിന്നായി 69 പദ്ധതികൾ ലഭ്യമാക്കിയിട്ടുണ്ട്. (അനുബന്ധമായി ചേർക്കുന്നു)+. പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ധന വകുപ്പിൽ നിന്നുള്ള അംഗീകാരത്തിനും പരിശോധനകൾക്കും ശേഷം മാത്രമെ നബാർഡ് അംഗീകാരത്തിന് നൽകാൻ സാധിക്കൂ.

(സി) 13-03-2015-ലെ 305/2015-ാം നമ്പർ ഉത്തരവ് പ്രകാരം നബാർഡ് ആർ.ഐ.ഡി.എഫ്. XX-ൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് 36 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നതും എന്നാൽ പ്രളയത്തിനും കോവിഡ് മഹാമാരിക്കുംശേഷം സി.ആർ.ഇസഡ്. ക്ലിയറൻസ് ലഭിച്ചപ്പോഴേയ്ക്കും കാലാവധി അവസാനിച്ചതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ വീരൻപുഴ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട ജൈവ വൈപ്പിൻ പദ്ധതി, ദ്വീപിലെ ജനങ്ങൾ വേലിയേറ്റത്താൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നബാർഡിന്റെയോ മറ്റേതെങ്കിലും പദ്ധതികളിലോ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

ടാഞ്ച 20-ൽ നബാർഡിൽനിന്നും അംഗീകാരം ലഭിച്ച കൃഷി വകുപ്പിന്റെ ഒരു പദ്ധതിയാണ് ജൈവ വൈപ്പിൻ പദ്ധതി. എന്നാൽ തീരദേശ നിയന്ത്രണ ഏജൻസിയിൽനിന്നും യഥാസമയം ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിനാൽ നബാർഡ് പ്രസ്തുത പദ്ധതി ഒഴിവാക്കുകയായിരുന്നു. ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പിൽനിന്നും പദ്ധതികൾ നബാർഡ് ഫണ്ടിംഗിലേക്ക് മാത്രമാണ് ശിപാർശ ചെയ്യുന്നത്.

(ഡി) ഇതുസംബന്ധിച്ച് സ്ഥലം എം.എൽ.എ. 17-10-2022-ന് സമർപ്പിച്ച കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ധന വകുപ്പിന് എം.എൽ.എ. സമർപ്പിച്ച 17-03-2022-ലെ കത്തിന്മേൽ "Deepening and desilting in Jaiva Vypin project area" എന്ന പദ്ധതി നബാർഡ് RIDF-ൽ പരിഗണിക്കാൻ കഴിയില്ലെന്ന് നബാർഡ് അറിയിച്ചതിനാൽ ഫണ്ടിംഗിനായി പകരം സംവിധാനം കണ്ടെത്തി നിലവിലെ തടസ്സങ്ങൾ പരിഹരിച്ചുകൊണ്ട് തുടർനടപടികൾ

സ്വീകരിക്കേണ്ടതാണെന്ന് എം.എൽ.എ.-യെയും ഭരണ വകുപ്പിനെയും അറിയിച്ചിരുന്നു. കൂടാതെ പ്രസ്തുത വിഷയം ജില്ലാ കളക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

തദ്ദേശസ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാർക്ക് പെൻ അനുവദിക്കാൻ നടപടി

48(4322) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച സാഹചര്യത്തിൽ പൊതുസർവ്വീസിൽ ഉൾപ്പെട്ട പഴയ വകുപ്പുകളുടെ (പഞ്ചായത്ത്, നഗരകാര്യം, ഗ്രാമവികസനം തുടങ്ങിയവ) പേര് തന്നെ സ്പാർക്കിൽ തുടരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ഇതു സംബന്ധിച്ച് ഭരണവകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ബി) സ്പാർക്കിൽ തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് എന്ന വകുപ്പ് ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ബാധകമല്ല.

(സി) പൊതുസർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള ഏത് വകുപ്പിലെ ജീവനക്കാർക്കാണ് പെൻ അനുവദിക്കാത്തതെന്നും പ്രസ്തുത ജീവനക്കാർക്ക് പെൻ അനുവദിക്കുന്നതിന് നിയമ തടസ്സമുണ്ടോയെന്നും വ്യക്തമാക്കാമോ?

പൊതുസർവ്വീസിൽ ഉൾപ്പെട്ട കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നല്ലാതെ ശമ്പളം നൽകിവരുന്ന ജീവനക്കാർക്കാണ് 'സ്പാർക്കിൽ' പെൻ നമ്പർ അനുവദിക്കാത്തത്. പ്രസ്തുത ജീവനക്കാർക്കായി 'ജി-സ്പാർക്ക്" സംവിധാനം രൂപപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ഭരണവകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുള്ളതുമാണ്. ടി വകുപ്പിന്റെ ഇക്കാര്യത്തിലുള്ള അഭിപ്രായം ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട വ്യക്തികളുടെ എണ്ണം

49(4323) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുന്ന വ്യക്തികളുടെ ആകെ എണ്ണം എത്രയാണ്?

മെഡിസെപ് ഡാഷ്ബോർഡിലെ 25-06-2024-ലെ കണക്കനുസരിച്ച് 5,49,837 ജീവനക്കാരും 5,81,925 പെൻഷൻകാരുമുൾപ്പെടെ ആകെ 11,31,762 പ്രാഥമിക ഗുണഭോക്താക്കളും 19,26,319 ആശ്രിതരുമുൾപ്പെടെ ആകെ 30,58,081 വ്യക്തികൾ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെടുന്നു.

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ എത്ര പേർക്ക് മെഡിസെപ് ആനുകൂല്യം ലഭിച്ചു; ഇവർക്ക് നൽകിയ ആകെ തുക എത്രയാണ്; വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിൽ പദ്ധതി ആരംഭിച്ച 2022 ജൂലൈ മുതൽ 18-06-2024 വരെ 6,40,628 പേർക്ക് 1315,07,79,474/- രൂപയുടെ ആനുകൂല്യവും അവയവമാറ്റ ശസ്ത്രക്രിയകൾക്കായി 2,286 പേർക്ക് 52,78,81,871/- രൂപയുടെ ആനുകൂല്യവും നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

50(4324) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സർക്കാർ നിയന്ത്രണത്തിൽ ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നുണ്ട്. 05-07-2018-ലെ സ.ഉ.(അച്ചടി) നം. 105/2018/ധന, 11-09-2018-ലെ സ.ഉ.(അച്ചടി)നം. 143/2018/ധന എന്നീ ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പാ പദ്ധതി പരിഷ്കരിച്ചിട്ടുള്ളതും, 18-01-2019-ലെ 6/2019/ധന നമ്പർ പരിപത്രത്തിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ഡി.ഡി.ഒ.-യ്ക്ക് അപേക്ഷ നല്കി ഡി.ഡി.ഒ.-യിൽ നിന്ന് എൻ.ഒ.സി. ലഭ്യമാക്കി ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ/LIC-HFL, DHFL തുടങ്ങിയ നോൺ ബാങ്കിംഗ് ഫിനാൻസ് കോർപ്പറേഷനുകൾ വഴി ഭവന നിർമ്മാണ വായ്പയ്ക്ക് യോഗ്യരായ സർക്കാർ ജീവനക്കാർക്ക് വായ്പകൾ കരസ്ഥമാക്കാവുന്നതാണ്.

(ബി) സർക്കാർ ജീവനക്കാർക്ക് ഭവന നിർമ്മാണത്തിന് സർക്കാർ മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; അതിന്റെ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും വിശദമാക്കുമോ?

05-07-2018-ലെ സ.ഉ(അച്ചടി)നം.105/2018/ധന, 11-09-2018-ലെ സ.ഉ(അച്ചടി)നം.143/2018/ധന എന്നീ ഉത്തരവുകൾ പ്രകാരം ബാങ്കുകൾ/ ബാങ്കിംഗ് ഇതര ധനകാര്യ സ്ഥാപനങ്ങളിൽ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പ പദ്ധതി പ്രകാരം ഭവന വായ്പ എടുക്കുന്നതിന് വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അർഹരായ ജീവനക്കാർ ഭവന വായ്പ എടുത്തതിനുശേഷം ബാങ്കിൽ നിന്ന് ലഭ്യമാക്കുന്ന അനുമതിപത്രം സഹിതം പലിശ സബ്സിഡിക്കായി ഡി.ഡി.ഒ.-മാർ വഴി ധനകാര്യ വകുപ്പിലേയ്ക്ക് ശിപാർശ സമർപ്പിക്കേണ്ടതും ടി ശിപാർശകൾ ധനകാര്യ വകുപ്പ് പരിശോധിച്ച് അർഹരായ ജീവനക്കാർക്ക് പലിശ സബ്സിഡി നല്കുന്നതുമായിരിക്കും. സർക്കാരിലേയ്ക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിക്കുന്നതിനാണ് മേൽ ഉത്തരവ് പ്രകാരം നിർദ്ദേശം നല്കിയിട്ടുള്ളത്. ടി ഓൺലൈൻ സംവിധാനം നിലവിൽ വന്നിട്ടില്ല.

ജീവനക്കാരുടെ യാത്രാബത്ത പരിധി കാലികമാക്കി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി

51(4325) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ യാത്രാബത്തയുടെ പ്രതിമാസ/മൂന്നുമാസ പരിധി നിശ്ചയിച്ചുകൊണ്ട് അവസാനമായി ഉത്തരവ് പുറത്തിറക്കിയത് എന്നാണെന്ന് അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ യാത്രാബത്തയുടെ പ്രതിമാസ/ത്രൈമാസ പരിധി നിശ്ചയിച്ചുകൊണ്ട് അവസാനമായി ഉത്തരവ് പുറത്തിറക്കിയത് 09-09-2016-ലെ സ.ഉ (പി) നം. 137/2016/ധന ഉത്തരവ് അനുസരിച്ചാണ്.

(ബി) 2021-ലെ ശമ്പള പരിഷ്കരണത്തിനുശേഷവും ജീവനക്കാർ 2016-ലെ യാത്രാബത്ത പരിധിയിൽതന്നെ യാത്ര ചെയ്യേണ്ടിവരുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ;

09-09-2016-ലെ സ.ഉ (പി) നം. 137/2016/ധന ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രതിമാസ/ത്രൈമാസ യാത്രാബത്ത പരിധി നിലവിലുള്ളത് എന്നതിനാലാണ് 2021-ലെ ശമ്പള പരിഷ്കരണത്തിനുശേഷവും ജീവനക്കാർ 2016-ലെ യാത്രാബത്ത പരിധിയിൽതന്നെ യാത്ര ചെയ്യേണ്ടി വരുന്നത്.

(സി) എങ്കിൽ ജീവനക്കാരുടെ യാത്രാബത്ത പരിധി കാലികമാക്കി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ജീവനക്കാരുടെ യാത്രാബത്ത പരിധി കാലികമായി പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

മെഡിസെപ് പദ്ധതി

52(4326) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ കരാറിന്റെ രജിസ്ട്രേഷൻ

നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി ആരംഭിച്ച് രണ്ടുവർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാത്തപക്ഷം ഇൻഷ്വറൻസ് കമ്പനിയുമായി ഉണ്ടാക്കിയ എം.ഒ.യു.-വിന് നിയമസാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) മെഡിസെപ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി നടത്തിയ കരാറിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടില്ല. ഒരു ധാരണാപത്രം 1872-ലെ ഇന്ത്യൻ കരാർ നിയമത്തിലെ 10-ാം വകുപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ ആ ധാരണാപത്രം നിയമപരമായി ബാധ്യസ്ഥമായിരിക്കും. നാമപദം എന്തുതന്നെയായിരുന്നാലും ഒരു പ്രമാണത്തിലെ ഉള്ളടക്കവും അതിലെ കക്ഷികളുടെ ഉദ്ദേശ്യവുമാണ് ആയതിനെ നിയമപരമാക്കി തീർക്കുന്നതെന്ന് നിയമ വകുപ്പ്

അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയില്ലെങ്കിലും MoU-ന് നിയമസാധുതയുണ്ട്.

ജീവാനന്ദം പദ്ധതി

53(4327) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വിവിധ ഇൻഷ്വറൻസ് പരിരക്ഷകൾ ജീവനക്കാർക്കുള്ളപ്പോൾ വീണ്ടും ഒരു ഇൻഷ്വറൻസ് പരിരക്ഷ പദ്ധതിയായ ജീവാനന്ദം പദ്ധതികൂടി നടപ്പിലാക്കുന്നതിന്റെ ആവശ്യകത വ്യക്തമാക്കാമോ?

നിലവിൽ സർക്കാർ ജീവനക്കാർക്ക് ഇൻഷ്വറൻസ് വകുപ്പുവഴി നൽകി വരുന്ന പദ്ധതികളെല്ലാംതന്നെ നിർബന്ധിതമായി ചേരേണ്ടതും ജീവനക്കാർ വിരമിക്കുന്നതോടുകൂടി അവസാനിക്കുന്നവയുമാണ്. ആയതിനാൽ ജീവനക്കാർ വിരമിച്ചശേഷവും ഒരു നിശ്ചിത തുക മരണം വരെ ലഭിക്കുന്ന രീതിയിലുള്ള ഒരു ആന്വിറ്റി ഇൻഷ്വറൻസ് പദ്ധതി ജീവാനന്ദം എന്ന പേരിൽ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. മറ്റ് സ്വകാര്യ കമ്പനികൾ

ഇത്തരം ആനുവിറ്റി പോളിസികൾ നൽകുന്നുണ്ടെങ്കിലും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് ജീവാനന്ദം പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത് എന്നതിനാൽ പദ്ധതിയിൽ തുക നിക്ഷേപിക്കുന്നവർക്ക് മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ജീവനക്കാർക്ക് ഇൻഷ്വറൻസ് പരിരക്ഷയോടെ ഒരു പെൻഷൻ പദ്ധതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെങ്കിലും സംഘടനകൾ നിവേദനം നൽകിയിരുന്നോ; എങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല.

(സി) ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളൊന്നും നൽകാതെ പുതിയ ആനുകൂല്യങ്ങൾ നൽകുമെന്ന് വാഗ്ദാനം നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

ജീവനക്കാർക്ക് നിലവിൽ കുടിശികയായ മുഴുവൻ ആനുകൂല്യങ്ങളും അനുവദിക്കുന്ന വിഷയത്തിൽ സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക്

ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കി വരുന്ന എസ്.എൽ.ഐ., ജി.ഐ.എസ്., ജീവൻരക്ഷ പദ്ധതികളുടെ ആനുകൂല്യങ്ങൾ ജീവനക്കാർ വിരമിക്കുന്നതോടെ അവസാനിക്കുന്നവയാണ്. വിരമിച്ച ജീവനക്കാർക്ക് തുടർന്നും ആനുകൂല്യങ്ങൾ ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതികളൊന്നും നിലവിലില്ല. ആയതിനാൽ ജീവനക്കാർ വിരമിച്ചശേഷവും ഒരു നിശ്ചിത തുക മരണം വരെ ലഭിക്കുന്ന രീതിയിൽ ഒരു ആന്വിറ്റി ഇൻഷ്വറൻസ് പദ്ധതി ജീവാനന്ദം എന്ന പേരിൽ നടപ്പാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) ജീവനക്കാർക്ക് നിലവിൽ കുടിശികയായ മുഴുവൻ ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് അനുവദിച്ചു നൽകേണ്ടിയിരുന്ന ശമ്പള പരിഷ്കരണ കുടിശ്ശികയും ജീവനക്കാർക്ക് അർഹമായ ക്ഷാമബത്ത കുടിശ്ശികയും അനുവദിക്കുന്ന വിഷയത്തിൽ സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കോവിഡ് 19 വ്യാപനവുമായി ബന്ധപ്പെട്ട്

സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന്റെ ഭാഗമായി 16-04-2020 മുതൽ പുറപ്പെടുവിച്ച വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം 2020-21 സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തിക വർഷം വരെ (2024-25) ജീവനക്കാരുടെ ആർജ്ജിത അവധി വാർഷിക സറണ്ടർ അനുവദിക്കുന്നതിൽ സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ നിയന്ത്രണങ്ങളുടെ പരിധിയിൽനിന്നും ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ (സബോർഡിനേറ്റ് സർവ്വീസിലെ ഓഫീസ് അറ്റൻഡന്റ്മാർ ഉൾപ്പെടെ), പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, മുൻസിപ്പൽ കണ്ടിജന്റ് ജീവനക്കാർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും മന്ത്രിമാരുടേയും പ്രതിപക്ഷനേതാവിന്റെയും ചീഫ് വിപ്പിന്റെയും പേഴ്സണൽ സ്റ്റാഫിലെ കുക്ക് തസ്തികയിൽ ഉള്ളവർ എന്നിവരെ പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇവർക്കും പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട് ഇല്ലാത്ത ജീവനക്കാർക്കും ഇ.പി.എഫ് (എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്) സ്കീമിന്റെ പരിധിയിൽവരുന്ന ജീവനക്കാർക്കും ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ നിലവിൽ പണമായി അനുവദിക്കുന്നുണ്ട്. പി.എഫ്. അക്കൗണ്ട് ഉള്ള ജീവനക്കാർക്ക്

ഈ തുക വ്യവസ്ഥകൾക്ക് വിധേയമായി പി.എഫ്.-ൽ ലയിപ്പിക്കാനും ഇപ്പോൾ അനുവാദമുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തെ ആർജ്ജിത അവധിയുടെ വാർഷിക സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 16-03-2024-ലെ സ.ഉ.(പി)നം.23/2024/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

മെഡിസെപ് പദ്ധതി മെച്ചപ്പെടുത്താൻ നടപടി

54(4328) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച മെഡിസെപ് പദ്ധതി ഫലപ്രദമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കൂടുതൽ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

മെഡിസെപ് പദ്ധതി നടപ്പിലാക്കി രണ്ട് വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ നാളിതുവരെ ഉയർന്നുവന്ന നിരവധി പരാതികൾ/ ആക്ഷേപങ്ങൾ അതായത് പദ്ധതിയിൽ എംപാനൽ ചെയ്തിരിക്കുന്ന

ആശുപത്രികൾ ഗുണഭോക്താക്കളുടെ പക്കൽനിന്നും സർക്കാർ നിശ്ചയിച്ച് നൽകിയിരിക്കുന്ന പാക്കേജുകൾക്ക് ഉപരിയായി പണം വാങ്ങുന്നുവെന്നുള്ള ആക്ഷേപങ്ങൾ, ആശുപത്രികൾക്ക് ഇൻഷ്വറൻസ് കമ്പനി സമയബന്ധിതമായി ചികിത്സാ ചെലവുകൾ കൊടുത്തു തീർക്കുന്നില്ലെന്നുള്ള പരാതികൾ, നിശ്ചയിച്ചു നൽകിയ പാക്കേജുകളിൽനിന്നും കുറഞ്ഞ തുക ഇൻഷ്വറൻസ് കമ്പനി നൽകുന്നുവെന്ന പരാതികൾ, ഒരു വർഷം പിന്നിട്ടിട്ടും ഗുണഭോക്താക്കൾ അവരുടെ ആശ്രിതരെ പദ്ധതിയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ ബുദ്ധിമുട്ടുകൾ തുടങ്ങി വിവിധ വിഷയങ്ങൾ സർക്കാരിന്റെ മുന്നിൽ എത്തുകയും ആയതിന്മേലുള്ള തീരുമാനങ്ങൾ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ നടത്തുന്ന ദ്വൈവാര അവലോകന യോഗങ്ങളിൽ ചർച്ച ചെയ്ത്, നടപ്പിലാക്കാൻ വ്യക്തമായ നിർദ്ദേശം നൽകുകയും ആയത് സർക്കാർ തലത്തിലും പരിശോധിച്ചുനടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്കൽനിന്നും അധികമായി പണം കൈപ്പറ്റുന്ന ആശുപത്രികളെ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾക്കും ആശുപത്രികൾക്ക് കൊടുത്തുതീർക്കേണ്ട തുക

സമയബന്ധിതമായി കൂടിശ്ശികയില്ലാതെ കൊടുത്തുതീർക്കാനുള്ള നിർദ്ദേശം, ഏകപക്ഷീയമായി ഇൻഷ്വറൻസ് കമ്പനി വെട്ടിക്കുറച്ച പാക്കേജ് നിരക്കുകൾ പുനഃസ്ഥാപിക്കൽ, സമയബന്ധിതമായി ആശ്രിതരെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം നൽകൽ തുടങ്ങി കൈക്കൊണ്ട തീരുമാനങ്ങൾക്കൊപ്പം പരാതികൾ സമർപ്പിക്കാനുള്ള വിപുലമായ ഓൺലൈൻ സംവിധാനവും സർക്കാർതലത്തിലെ ത്രിതല പരാതി പരിഹാര സംവിധാനങ്ങളും പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുന്ന മെഡിസെപ് വെബ്പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ഹാൻഡ് ബുക്കും നിലവിലെ അപാകതകൾ കുറയ്ക്കാനും പദ്ധതിയുടെ ഗുണഫലങ്ങൾ കാര്യക്ഷമമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിൽത്തന്നെ വിഭാവനം ചെയ്തിട്ടുണ്ട്.

മെഡിസെപ് പ്രീമിയം

55(4329) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പിൽ ഇടയ്ക്കുവച്ച് ചേരുന്നവരും മുൻവർഷങ്ങളിലെ പ്രീമിയവും അടയ്ക്കണമെന്ന് നിർദേശിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പുതുതായി സർവ്വീസിൽ പ്രവേശിക്കുന്നവരും മുൻവർഷങ്ങളിലെ പ്രീമിയം അടയ്ക്കണമെന്ന് ആവശ്യപ്പെടാനുള്ള കാരണം വ്യക്തമാക്കുമോ?

മെഡിസെപ് പോളിസിയുടെ വാർഷിക പ്രീമിയം തുക 4800+18% GST ആണ്. പ്രാഥമിക ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 500/- രൂപ വച്ച് ഈടാക്കുന്ന തുകയിൽ പ്രീമിയം കഴിച്ച് ബാക്കി തുക സർക്കാരിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് താൽകാലികമായി മാറ്റുകയും പ്രസ്തുത തുകയിൽ നിന്നാണ് മാരക രോഗങ്ങൾക്കും അവയവമാറ്റ ചികിത്സകൾക്കുമുള്ള ക്ലെയിം തുക സർക്കാർ കമ്പനിക്ക് നൽകുന്നത്. ഇക്കാരണത്താലാണ് മൂന്നു വർഷത്തെ പ്രീമിയം തുകയായ 18,000/- രൂപയും ഒടുക്കുന്നവർക്കുമാത്രമെ അവയവമാറ്റ ശസ്ത്രക്രിയ്ക്കുള്ള Catastrophic Package-ന്റെ ആനുകൂല്യം ഉൾപ്പെടെ പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളുവെന്ന നിബന്ധന കൊണ്ടുവന്നത്.

(സി) മെഡിസെപ് പദ്ധതി ആകർഷകമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

മെഡിസെപ് പദ്ധതി ആകർഷകമാക്കാനായി കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം ഇൻഷ്വറൻസ് കമ്പനിക്ക് നൽകുകയും അനാവശ്യമായി ക്ലെയിമുകൾ നിരസിക്കുന്നതായ പരാതികൾ, പാക്കേജ് നിരക്കുകൾ കുറയ്ക്കുന്നതായ പരാതികൾ എന്നിവ സർക്കാർ തലത്തിൽ പരിഹരിക്കുകയും ക്ലെയിം അപ്രൂവൽ ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ സമയബന്ധിതമായി ഇടപെട്ട് കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ പക്കൽനിന്നും അധികമായി പണം കൈപ്പറ്റുന്ന ആശുപത്രികളെ സസ്പെൻഡ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾക്കും ആശുപത്രികൾക്ക് കൊടുത്തുതീർക്കേണ്ട തുക സമയബന്ധിതമായി കുടിശ്ശികയില്ലാതെ കൊടുത്തുതീർക്കാനുള്ള നിർദ്ദേശം, ഏകപക്ഷീയമായി ഇൻഷ്വറൻസ് കമ്പനി വെട്ടിക്കുറച്ച പാക്കേജ് നിരക്കുകൾ പുനഃസ്ഥാപിക്കൽ, സമയബന്ധിതമായി ആശ്രിതരെ ഉൾപ്പെടുത്താനുള്ള

നിർദ്ദേശം നൽകൽ തുടങ്ങിയ അപാകതകൾക്കുമേൽ കൈക്കൊണ്ട തീരുമാനങ്ങൾക്കൊപ്പം പരാതികൾ സമർപ്പിക്കാനുള്ള വിപുലമായ ഓൺലൈൻ സംവിധാനവും സർക്കാർ തലത്തിലെ ത്രിതല പരാതി പരിഹാര സംവിധാനങ്ങളും പദ്ധതിയുടെ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുന്ന മെഡിസെപ് വെബ്പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ഹാൻഡ് ബുക്കും നിലവിലെ അപാകതകൾ കുറയ്ക്കാനും പദ്ധതിയുടെ ഗുണഫലങ്ങൾ കാര്യക്ഷമമായിത്തന്നെ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന തരത്തിലും തന്നെ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം ആശുപത്രികൾ നൽകിയ ക്ലെയിമുകൾ (97.7 ശതമാനം) ഇൻഷ്വറൻസ് കമ്പനി തീർപ്പാക്കിയിട്ടുണ്ട്.

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനം

56(4330) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് മെഡിസെപ് പദ്ധതി നടപ്പിലാക്കിയതിനുശേഷം മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനം

പഴയ രീതിയിൽ തുടരേണ്ടതില്ലെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

23-06-2022-ലെ ജി.ഒ. (പി) നം.70/2022/ധന പ്രകാരം നടപ്പിലാക്കിയ മെഡിസെപ് പദ്ധതിയുടെ വ്യവസ്ഥകളിൽ നിലവിലെ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സർക്കാർ ആശുപത്രികളിലും ശ്രീചിത്ര, ആർ.സി.സി., എം.സി.സി., സി.സി.സി. എന്നിവിടങ്ങളിൽ മാത്രമായി നിജപ്പെടുത്തുമെന്ന് വ്യക്തമാക്കിയിരുന്നു.

(ബി) മെഡിസെപ് പദ്ധതി കിടത്തി ചികിത്സ നടത്തുന്ന രോഗികൾക്ക് മാത്രമായതിനാൽ ഒ.പി. രീതിയിൽ ചികിത്സ തേടുന്ന സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ചെലവുകൾ തിരികെ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ഇതിനായി വകുപ്പുകൾക്ക് ആവശ്യമായ തുക അനുവദിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ?

മെഡിസെപ് പദ്ധതി കിടത്തി ചികിത്സ നടത്തുന്ന രോഗികൾക്ക് മാത്രമായതിനാൽ ഒ.പി. രീതിയിൽ ചികിത്സ തേടുന്ന സർക്കാർ

ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ ചെലവുകൾ തിരികെ നൽകുന്നതിന് സർക്കാർ തലത്തിൽ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് സംവിധാനം നിലവിലുണ്ട്.

(സി) ഇപ്രകാരമുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംവിധാനത്തിന് വകുപ്പുകൾക്ക് പഴയ രീതിയിൽ തുക അലോട്ട്മെന്റ് നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ?

ഇല്ല.

(ഡി) 2023-24 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളിൽ നിന്ന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനായി ആവശ്യപ്പെട്ടതും അനുവദിച്ചതുമായ അലോട്ട്മെന്റ് തുകയുടെ വിവരങ്ങൾ അറിയിക്കാമോ; 2024-25 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ വിവിധ വകുപ്പുകൾ ആവശ്യപ്പെട്ട എത്ര തുക ഇനി അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷം മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഇനത്തിൽ 92.52 കോടി രൂപ ആവശ്യപ്പെടുകയും പ്രസ്തുത വർഷം

ഈയിനത്തിൽ ബഡ്ജറ്റിൽ 40.53 കോടി രൂപ വകയിരുത്തുകയും ചെയ്തിരുന്നു. 2024-25 സാമ്പത്തിക വർഷം ഈയിനത്തിൽ വിവിധ വകുപ്പുകൾ 88.12 കോടി രൂപ ആവശ്യപ്പെടുകയും ബഡ്ജറ്റിൽ 38.69 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2023-24 സാമ്പത്തിക വർഷത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 36.75 കോടി രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ

57(4331) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾ ഏതൊക്കെ എന്ന് അറിയിക്കുമോ?

കാസർഗോഡ് ജില്ലയിൽ മെഡിസെപ് പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ്സൈറ്റിലെ ഹോസ്പിറ്റൽസ് എന്ന മെനുവിൽ ലഭ്യമാണ്.

(ബി) ഏതൊക്കെ ആശുപത്രികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി പുതുതായി മുന്നോട്ടുവന്നതെന്നും അവയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

മെഡിസെപ് നടത്തിപ്പുമായി ബന്ധപ്പെട്ട് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണപത്രം (MoU) പ്രകാരം ആശുപത്രികള എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. പുതുതായി പദ്ധതിയിൽ ചേർന്ന ആശുപത്രികളുടെ ലിസ്റ്റ് ഇൻഷുറൻസ് കമ്പനി ലഭ്യമാക്കിയത് അനുബന്ധമായി ചേർക്കുന്നു.+

തദ്ദേശസ്വയംഭരണ ഏകീകൃത സർവ്വീസിൽ സ്പാർക്ക് നടപ്പാക്കാൻ നടപടി

58(4332) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) തദ്ദേശ പൊതു സർവ്വീസിന്റെ ഭാഗമായി നിലവിൽ വരേണ്ട ഇന്റർ-ട്രാൻസ്ഫർ പോളിസിക്ക് മുന്നോടിയായി നടപ്പിലാക്കേണ്ട സ്പാർക്ക് അധിഷ്ഠിത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർവ്വീസ് തദ്ദേശ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാർക്കും നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

വിഷയം ധനവകുപ്പ് പരിശോധിച്ചുവരികയാണ്.

(ബി) ഇന്റർ ട്രാൻസ്ഫർ പോളിസി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ ജീവനക്കാരെയും സ്പാർക്ക് അധിഷ്ഠിത സർവ്വീസിലേക്ക് കൊണ്ടുവരുന്നതിന് നിലവിൽ ധനകാര്യ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

'സ്പാർക്ക്', 'ജി-സ്പാർക്ക്' എന്നിവയുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പിന്റെ ഒൻപതോളം നിർദ്ദേശങ്ങൾ അഭിപ്രായത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിരിക്കുകയാണ്. മറുപടി ലഭ്യമാകുന്നതിനനുസരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കിയ മാതൃകയിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ട മുഴുവൻ വകുപ്പിലെയും ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കാൻ അനുമതി നൽകാമോയെന്ന് വ്യക്തമാക്കാമോ?

കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും നേരിട്ടല്ലാതെ, തനത് ഫണ്ടിൽ നിന്നോ ധനസഹായത്തിൽ നിന്നോ ശമ്പളം നൽകുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 'ജി-സ്പാർക്ക്' സംവിധാനമാണുള്ളത്.

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ പൊതുസർവ്വീസ് പ്രിൻസിപ്പൽ ഡയറക്ടർ പ്രായോഗിക ശിപാർശ നല്കിയിട്ടുണ്ടോ; എങ്കിൽ ആയത് അംഗീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ശിപാർശ നാളിതുവരെ നടപ്പാക്കത്തിന്റെ കാരണം വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പ് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളിന്മേൽ പ്രിൻസിപ്പൽ ഡയറക്ടറുടെ മറുപടി ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടില്ല.

വടക്കാഞ്ചേരി മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

59(4333) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പദ്ധതികളാണ് 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ കഴിഞ്ഞ 3 വർഷത്തിൽ ബഡ്ജറ്റിൽ 20 ശതമാനം തുക നീക്കി വച്ച പ്രവൃത്തികൾ ഏതൊക്കെയെന്നറിയിക്കാമോ; അതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ ;

(ഡി) അവയിൽ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ഭരണാനുമതി നൽകാൻ വൈകുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ബാലുശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

60(4334) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച ഏതൊക്കെ വകുപ്പുകളിലെ എത്ര

പ്രവൃത്തികളാണ് ബാലുശ്ശേരി മണ്ഡലത്തിൽ നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) അവയിൽ എത്ര പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാനുള്ളത്; വിശദമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

വിഭവ സമാഹരണം

61(4335) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതികൾ പുതുതായി ഏർപ്പെടുത്തിയും നിലവിലുള്ള നിരക്കിൽ മാറ്റം വരുത്തിയും ഓരോ വർഷവും ബഡ്ജറ്റിൽ അധികവിഭവ സമാഹരണത്തിലൂടെ എത്ര തുക വീതം സമാഹരിക്കുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്; വർഷവും അധിക വിഭവ സമാഹരണ ലക്ഷ്യവും വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ ഇനത്തിലും യഥാർത്ഥത്തിൽ എത്ര തുക സമാഹരിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും അധിക വിഭവ സമാഹരണത്തിലൂടെ ലക്ഷ്യമിട്ട തുകയുടെയും അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭ്യമായ ആകെ റവന്യൂ വരുമാനത്തിന്റെയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

		തുക കോടിയിൽ
വർഷം	ബജറ്റിൽ അധിക വിഭവ സമാഹരണമായി പ്രഖ്യാപിച്ച തുക	അധിക വിഭവ സമാഹരണം ഉൾപ്പെടെ ലഭിച്ച ആകെ റവന്യൂ വരുമാനം
2021-22	-	116640.24
2022-23	602	132724.65
2023-24	2955	122393.31*

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

(സി) 2023-24 സാമ്പത്തിക വർഷം എത്ര തുകയുടെ വരുമാനവും ചെലവുകളുമാണ് ലക്ഷ്യമിട്ടിരുന്നത്;

(ഡി) ഇതിൽ നാളിതുവരെ എത്ര തുക ചെലവാക്കിയെന്നും എത്ര തുക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

(സി&ഡി) 2023-24 സാമ്പത്തിക വർഷം റവന്യൂ വരുമാനം, റവന്യൂ ചെലവ് എന്നീ ഇനങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തുകയും അക്കൗണ്ടന്റ്

ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രസ്തുത വർഷം യഥാക്രമം ഈ ഇനങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്ത കണക്കിന്റെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

		തുക കോടിയിൽ
ഇനം	ബഡ്ജറ്റിൽ വകയിരുത്തിയ തുക	അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം രേഖപ്പെടുത്തിയ തുക
റവന്യൂ വരുമാനം	1,35,418.67	1,22,393.31
റവന്യൂ ചെലവ്	1,59,360.91	1,39,741.80

(ഇ) വരുമാനം കുറഞ്ഞത് കാരണം സർക്കാർ പ്രവർത്തനങ്ങൾക്കായി 2023-24-ൽ ഏതെല്ലാം സ്ഥാപനങ്ങൾ, ബാങ്കുകൾ, രാജ്യാന്തര സ്ഥാപനങ്ങൾ തുടങ്ങിയവകളിൽനിന്നും എത്ര തുക കടം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം പൊതു വിപണിയിൽ നിന്നുള്ള വായ്പ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ ഫണ്ട്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള വേയ്സ് &

മീൻസ് മുൻക്കൂറുകൾ, കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പകൾ എന്നീ ഇനങ്ങളിൽനിന്നും 30038.36 കോടി രൂപ തനി കടമെടുപ്പ് നടത്തിയിട്ടുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ

62(4336) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാന ബഡ്ജറ്റിൽ 2018-19 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ മഞ്ചേശ്വരം മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ നാളിതുവരെ ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾ ഏതെല്ലാം; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

മൂലധന ചെലവ് ഇനത്തിൽ വകയിരുത്തിയ തുക

63(4337) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ ബഡ്ജറ്റിലും മൂലധന ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുക എത്രയായിരുന്നു; ഓരോ വർഷവും അനുവദിച്ച തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ മൂലധന അടങ്കൽ വായ്പാ ചെലവ് എന്നിവയുൾപ്പെടുന്ന ആകെ മൂലധന ചെലവായി ബഡ്ജറ്റിൽ വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്ത തുകയുടെ വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

		തുക കോടിയിൽ
സാമ്പത്തിക വർഷം	ബജറ്റിൽ വകയിരുത്തിയ തുക	ചെലവഴിച്ച തുക
2016-17	10313.50	11286.25
2017-18	9974.06	10289.46
2018-19	11432.40	9753.43
2019-20	17855.32	9665.02
2020-21	14427.93	15438.16

2021-22	14141.21	17046.02
2022-23	16521.62	16787.49
2023-24*	16728.04	16395.65

* അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരമുള്ള ചെലവഴിക്കപ്പെട്ട തുക.

കടവ്പുഴ പാലത്തിന് അനുവദിച്ച തുക

64(4338) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

പാലാ മണ്ഡലത്തിൽ 2021-22 ബഡ്ജറ്റിൽ മൂന്നിലവ് ഗ്രാമ പഞ്ചായത്തിലെ ചില്ലച്ചി തോടിനുകുറുകെ പാലം നിർമ്മിക്കുന്നതിന് 3.5 കോടി രൂപ അനുവദിക്കുകയും എന്നാൽ സാങ്കേതിക കാരണങ്ങളാൽ പദ്ധതി പ്രാവർത്തികമാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക 2021-ലെ കാലവർഷക്കെടുതിയിൽ തകർന്നുപോയ പ്രസ്തുത ഗ്രാമപഞ്ചായത്തിലെ കടവ്പുഴ പാലത്തിന് മാറ്റി അനുവദിക്കുന്നതിന്

എം.എൽ.എ. രേഖാമൂലം ആവശ്യപ്പെട്ടതിന്റെ നിലവിലെ അവസ്ഥയും ആയതിന്മേൽ സ്വീകരിച്ച നടപടിയും വിശദീകരിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

അഴീക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ

65(4339) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2021-22 മുതൽ 2024-25 വരെയുള്ള സംസ്ഥാന ബഡ്ജറ്റുകളിൽ 20 ശതമാനം തുക നീക്കിവച്ചിട്ടുള്ള അഴീക്കോട് മണ്ഡലത്തിലെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ

66(4340) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2016 മുതൽ ബഡ്ജറ്റിൽ 20 ശതമാനം തുക അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിക്കാത്തവ ഏതെല്ലാമെന്ന് അറിയിക്കാമോ; ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിലെ ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നടപടി

67(4341) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിൽ ക്ഷേമപെൻഷനുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയ്ക്ക് സർക്കാർ അനുവദിക്കുന്ന സാമൂഹ്യസുരക്ഷാ പെൻഷൻ അർഹതയുള്ളവർക്കെല്ലാം തന്നെ അനുവദിക്കുന്നതോടൊപ്പം അനർഹർ കൈപ്പറ്റുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതും സർക്കാരിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് അനിവാര്യമാണ്. ആയതിനാലാണ് മസ്റ്ററിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്കായി അക്ഷയ കേന്ദ്രങ്ങൾ മുഖേന സർക്കാർ ചെലവിൽ മസ്റ്ററിംഗ് നിർബന്ധമാക്കിയിരുന്ന അവസരത്തിൽ ലക്ഷക്കണക്കിന് പേരാണ് അനർഹമായി പെൻഷൻ കൈപ്പറ്റുന്നതിൽനിന്നും ഒഴിവാക്കപ്പെട്ടത്. ഒഴിവാക്കപ്പെട്ടവരുടെ കണക്കുകൾ പരിശോധിക്കുമ്പോൾ സർക്കാർ തലത്തിൽ വാർഷിക മസ്റ്ററിംഗ് നടപ്പാക്കുന്നതിന്റെ അനിവാര്യത വ്യക്തമായതിന്റെ അടിസ്ഥാനത്തിലാണ് 2023-ൽ വാർഷിക മസ്റ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. 2022 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ/

ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് 2023 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ വാർഷിക മസ്റ്ററിംഗിനായി സമയം അനുവദിച്ച് 28-03-2023-ലെ സ.ഉ.(കൈ) നം.58/2023/ധന പ്രകാരവും പ്രസ്തുത സമയം 2023 ജൂലൈ 31 വരെ നീട്ടി 27-06-2023-ലെ സ.ഉ.(കൈ) നം.102/2023/ധന പ്രകാരവും ഉത്തരവായിരുന്നു. പിന്നീട് 01-08-2023-ലെ സ.ഉ.(കൈ)നം.118/2023/ധന പ്രകാരം മസ്റ്ററിംഗിനായി അനുവദിച്ചിരുന്ന സമയം 2023 ആഗസ്റ്റ് 31 വരെ അന്തിമമായി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. ആയതിനുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് സെപറ്റംബർ 15 വരെയും സമയം അനുവദിച്ചിരുന്നു. ബയോമെട്രിക് മസ്റ്ററിംഗിന് അവസരം നൽകിയിട്ടുള്ള സമയങ്ങളിലെല്ലാം തന്നെ വിവിധ കാരണങ്ങളാൽ അക്ഷയ കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ കഴിയാത്ത കിടപ്പുരോഗികൾ, 80 വയസ്സിനുമേൽ പ്രായമുള്ളവർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ മുതലായ പെൻഷൻ ഗുണഭോക്താക്കൾ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ രേഖാമൂലം അറിയിക്കുന്ന പക്ഷം, അക്ഷയകേന്ദ്രം പ്രതിനിധികൾ വീട്ടിലെത്തി മസ്റ്റർ ചെയ്യുന്നതിനുള്ള

സൗകര്യം നൽകിയിരുന്നു. കൂടാതെ ബയോമെട്രിക് മസ്റ്ററിംഗ് പരാജയപ്പെടുന്നവർ/ആധാർ ഇല്ലാതെ പെൻഷൻ അനുവദിക്കപ്പെട്ട 85 വയസ്സു കഴിഞ്ഞവർ, 80 ശതമാനത്തിലധികം ശാരീരിക വൈകല്യമുള്ളവർ, എന്നിവർ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുമുള്ള അനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത മസ്റ്ററിംഗ് ഇനിയും പൂർത്തിയാക്കാത്തതിനാൽ പെൻഷൻ തടയപ്പെട്ടിട്ടുള്ള സാമൂഹ്യ സുരക്ഷ/ ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന മസ്റ്റർ ചെയ്യുന്നതിനായും, മസ്റ്ററിംഗ് പരാജയപ്പെടുന്നവർക്ക് ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളിൽ/ ക്ഷേമനിധി ബോർഡുകളിൽ ലൈഫ് സർട്ടിഫിക്കറ്റ് അപ്ലോഡ് ചെയ്ത് മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനായും എല്ലാ മാസവും 1 മുതൽ 20 വരെ (പെൻഷൻ ബിൽ പ്രോസസ്സിംഗിനായി സേവന സൈറ്റ് ക്ലോസ്സ് ചെയ്യുന്നതിന് മുൻപുള്ള കാലയളവ്) സമയവും അനുവദിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിനാണ് ഈ പദ്ധതിയുടെ നിർവ്വഹണ ചുമതല.

നിലവിൽ മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും 2024 മാർച്ച് മാസത്തിലും 2024 ഏപ്രിൽ മാസത്തിലും 2024 മെയ് മാസത്തിലും കേന്ദ്ര വിഹിതം ഉൾപ്പെടെയുള്ള പെൻഷനുകൾ അനുവദിച്ച് വിതരണം നടത്തിയിട്ടുണ്ട്.

(ബി) മസ്റ്ററിംഗ് ചെയ്യാത്ത മാസങ്ങളിലെ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

28-03-2023-ലെ സ.ഉ.(കൈ)നം. 58/2023/ധന പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ മസ്റ്ററിംഗ് പൂർത്തീകരിക്കാത്തവർക്ക് തുടർന്ന് എല്ലാ മാസവും 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്താവുന്നതാണ്. യഥാസമയം മസ്സർ ചെയ്യാത്തതിനാൽ കുടിശ്ശികയാകുന്ന പെൻഷന് 07-10-2022-ലെ സ.ഉ. (എം.എസ്) നം.174/2022/ധന പ്രകാരമുള്ള നിബന്ധനകൾ ബാധകമായിരിക്കും എന്ന് ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം മസ്റ്ററിംഗ് ചെയ്യുന്നതിൽ വന്ന കാലതാമസം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പെൻഷൻ കുടിശ്ശികയായ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം

ചെയ്യുന്ന ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ ഗുണഭോക്താക്കളുടെയും പെൻഷൻ കുടിശ്ശിക വ്യക്തിഗതമായി അനുവദിക്കാൻ കഴിയില്ലെന്നും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി വിലയിരുത്തി കുടിശ്ശിക വിതരണത്തിനായി സർക്കാർ ഫണ്ട് കണ്ടെത്തി ആയത് അനുവദിക്കുമ്പോൾ മാത്രമേ ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ലഭ്യമാകുകയുള്ളൂ.

സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം

68(4342) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ,

കർഷകതൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ചിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്ക് വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണവും തുകയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമുഖേനയുള്ള മരംകയറ്റ തൊഴിലാളി പെൻഷൻ, പിന്നാക്ക വിഭാഗ വികസന വകുപ്പുമുഖേന വിശ്വകർമ്മ പെൻഷൻ, കായിക യുവജനക്ഷേമം വകുപ്പുമുഖേന സർക്കസ് പെൻഷൻ, അവശ കായികതാര പെൻഷൻ, സാംസ്കാരിക വകുപ്പുമുഖേനയുള്ള കലാകാര പെൻഷൻ, അവശകലാകാര പെൻഷൻ, വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

നം.	പെൻഷൻ ഇനം	2021 മേയ്- 2021 ഡിസംബർ		2022 ജനുവരി- 2022 ഡിസംബർ		2023 ജനുവരി- 2023 ഡിസംബർ	
		ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക
1	കർഷകതൊഴിലാളി പെൻഷൻ	391794	5023709700	360468	7082974800	323922	5852395800
2	ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ	2734788	31893903800	2838914	50615950600	2760835	45795637800
3	ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ	399005	5041798200	405461	7688727900	390757	6837915200
4	50 വയസ്സു കഴിഞ്ഞ	85287	1057952500	84982	1595883200	82496	1421777400

	അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ						
5	ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ	1346754	16753786700	1350773	25223616200	1314492	22729545500
	ആകെ	4957628	59771150900	5040598	922071152700	4872502	82637271700

(ബി) 2011-16 കാലഘട്ടത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത തുക എത്രയെന്ന് അറിയിക്കുമോ?

2011-16-ലെ സർക്കാർ കാലയളവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ ശരാശരി 34,43,414 പേർ ആയിരുന്നു. ഇതിനായി 9311.22 കോടി രൂപ ചെലവഴിച്ചു.

വിവിധ ക്ഷേമനിധി ബോർഡുകളിലായി 8,67,110 പെൻഷൻ ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിനായി 1997.93 കോടി രൂപ ചെലവഴിച്ചു.

സാംസ്കാരിക വകുപ്പുമുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾക്കായി 3271 ഗുണഭോക്താക്കൾക്ക് 12.45 കോടി രൂപയും, കായിക യുവജനക്ഷേമ

വകുപ്പു മുഖേന വിതരണം ചെയ്യുന്ന പെൻഷനുകൾക്കായി 1392 ഗുണഭോക്താക്കൾക്ക് 7.22 കോടി രൂപയും ചെലവഴിച്ചു.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നൽകുന്ന വിവിധ ധനസഹായ പദ്ധതികൾക്കായി 333.15 കോടി രൂപ ചെലവഴിച്ചു.

(സി) സാമൂഹ്യ സുരക്ഷ പെൻഷൻ തുക വർധിപ്പിക്കാൻ ഉദ്ദേശമുണ്ടോയെന്ന് വ്യക്തമാക്കാമോ ?

സാമൂഹ്യ സുരക്ഷ പെൻഷൻ തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

നികുതി പിരിവ് ശക്തിപ്പെടുത്താൻ നടപടി

69(4343) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നികുതി ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയെന്ന് കണക്കാക്കാൻ സാധിക്കില്ല. എന്നാൽ നികുതി കുടിശ്ശിക ഇനത്തിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങൾ വാറ്റ്, കെ.ജി.എസ്.ടി., എ.ഐ.ടി. മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തിക വർഷം 31-03-2024 വരെയുള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് പിരിഞ്ഞു കിട്ടാനുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയും 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റ് നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

2023-24 സാമ്പത്തിക വർഷം വരെ ജി.എസ്.ടി. നികുതി കുടിശ്ശിക ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ള ഡിമാന്റ് 2209.99 കോടി രൂപയാണ്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 987.29 കോടി രൂപയും 686.72 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 535.98 കോടി രൂപ മറ്റ് നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

(ബി) സംസ്ഥാനം ലക്ഷ്യമിട്ട രീതിയിൽ നികുതി പിരിച്ചെടുക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

2017 ജൂലൈ മുതലാണ് സംസ്ഥാനത്ത് ജിഎസ്.ടി. നിയമം നടപ്പിലാക്കിയിട്ടുള്ളത്. ജിഎസ്.ടി. നടപ്പിലാക്കുന്ന ഘട്ടത്തിൽ സംസ്ഥാനം ലക്ഷ്യമിട്ടിരുന്നത് 14 ശതമാനം വാർഷിക നികുതി വളർച്ചയാണ്. സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനം അല്ലെങ്കിൽ അതിനു മുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജിഎസ്.ടി. നികുതി നിരക്ക് 28 ശതമാനം (CGST 14%, SGST14%) ആയാണ് തുടക്കത്തിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. കൗൺസിൽ പല ചരക്കുകളുടെയും നികുതി നിരക്കുകൾ 18% (CGST 9%, SGST 9%), 12% (CGST 6% SGST 6%) എന്നീ രീതിയിൽ കുറവ് വരുത്തുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരവ് സാധ്യമാക്കാത്തതിനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്. 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് വ്യാപനം സാമ്പത്തിക വ്യവസ്ഥയെ ബാധിച്ചിട്ടുണ്ട്. ഇത് നികുതി പിരിവിനെയും ബാധിച്ചിട്ടുണ്ട്.

(സി) നികുതി പിരിച്ചെടുത്ത് തനതു നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാശം നൽകുമോ?

നികുതി ചോർച്ച തടയുന്നതിനും നികുതി വകുപ്പ് കാര്യക്ഷമമാക്കുന്നതിനും വേണ്ട നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന ജി.എസ്.ടി. വകുപ്പ് 2023-ൽ ഇതിനായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വകുപ്പിനെ നികുതിദായക സേവനങ്ങൾ, ഓഡിറ്റ്, ഇന്റലിജൻസ് എന്നിങ്ങനെ 3 കേന്ദ്രീകൃത വെർട്ടിക്കലുകളായി തിരിച്ചിരിക്കുന്നു. ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18-ൽ നിന്ന് 41 ആയി ഉയർന്നു. 140 ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകൾ സംസ്ഥാന വരുമാനത്തിന്റെ 90 ശതമാനത്തിലധികം ഓഡിറ്റുചെയ്യുന്നു (ഏകദേശം 12,000 നികുതിദായകർ). ഓഡിറ്റിനുള്ള വിദഗ്ധ പരിശീലനം പൂർത്തിയായിട്ടുണ്ട്. ഓഡിറ്റ് വിഭാഗം നികുതി വെട്ടിപ്പ് തടയുന്നതിലേക്കായി നികുതിദായകരുടെ കണക്കുകൾ ആഴത്തിൽ പരിശോധിക്കുന്നു. ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നികുതി പിരിവിനെ ഊർജ്ജിതപ്പെടുത്തുന്നതിന് സഹായിക്കുന്നുണ്ട്. ടാക്സ് പേയർ സർവീസ് ടീമുകൾ സ്ക്രൂട്ടിനി ഐ.ജി.എസ്.ടി. റിവേഴ്സലുകൾ,

നികുതിദായകരുടെ പരിശീലനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ.ആർ.) രൂപീകരിച്ച് വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കാനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരെയും ഇന്റലിജൻസും ടാക്സ് പെയേഴ്സ് വിങ്ങും നിരീക്ഷിച്ചുവരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മേയിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർസംസ്ഥാന നികുതിദായകരെ

നിരീക്ഷിക്കുകയും അവരിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവ് നിരീക്ഷിച്ചുവരുന്നു.

പ്ലേസ് ഓഫ് സപ്ലൈയുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൈമാറ്റം കൃത്യമായി നടക്കുന്നുണ്ടോ എന്ന വിഷയം പരിശോധിക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിൽ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായി നടത്തിയ 960-ഓളം പരിശോധനകളിൽനിന്നും 1775.28 കോടി രൂപയുടെ ജി.എസ്.ടി നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യയുടെയും ഡാറ്റാ വിശകലനത്തിന്റെയും പിൻബലത്തിൽ വൻ നികുതി വെട്ടിപ്പ് നടത്തുന്ന ഒട്ടേറെ സംഘങ്ങളെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. അടയ്ക്ക, ആക്രി, പ്ലൈവുഡ് മേഖലകളിൽ വ്യാജ രജിസ്ട്രേഷൻ എടുത്ത് കോടികളുടെ വ്യാജ ഇൻപുട്ട് കൈമാറ്റം ചെയ്യുന്ന വെട്ടിപ്പുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. വ്യാജ ബില്ലിനെതിരെയും ബില്ല്

നൽകാതിരിക്കുന്നതിനെതിരെയും വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ 10 പേരെ ഇതുവരെ നികുതി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിൽ ഇ-ഇൻവോയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ച് കോടി വരെ വാർഷിക വിറ്റ് വരവുള്ള നികുതിദായകർക്ക് ഇ-ഇൻവോയ്സ് സംവിധാനം നിർബന്ധമാണ്.

നികുതി വെട്ടിപ്പ് തടയുന്നതിന് നടപടി

70(4344) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നികുതി വെട്ടിപ്പ്

കണ്ടെത്തുന്നതിനും തടയുന്നതിനുമായി വകുപ്പിന്റെ കീഴിൽ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ്, ഓഡിറ്റ് എന്നീ വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇതിൽ ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നടപടികൾ എടുത്തുവരുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും പട്രോളിംഗ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ നികുതി വരുമാനം ഉറപ്പുവരുത്തുകയും നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായി നടപടി എടുക്കുകയും ചെയ്തുവരുന്നു.

ഇന്റലിജൻസ് വിഭാഗം വലിയ തോതിൽ നികുതി വെട്ടിപ്പ് നടക്കുന്ന മേഖലകൾ രഹസ്യ അന്വേഷണം, informers, പരാതികൾ എന്നിവയിലൂടെ കണ്ടെത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സെർച്ച്/ഇൻസ്പെക്ഷൻ നടത്തുകയും നികുതി വെട്ടിപ്പ് നടക്കുന്ന പക്ഷം പെനാൽറ്റി, അറസ്റ്റ്

എന്നിവയ്ക്ക് വിധേയമാക്കി നികുതി വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുപോരുന്നു.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പാണ് കണ്ടെത്തിയിട്ടുള്ളതെന്ന വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ബിസിനസ് ടു ബിസിനസ്, ബിസിനസ് ടു കസ്റ്റമർ എന്നീ ഇനങ്ങളിൽ നികുതി വെട്ടിപ്പിൽ കണ്ടെത്തിയ തുക തരംതിരിച്ച് ലഭ്യമല്ല. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ആകെ കണ്ടെത്തിയ നികുതി വെട്ടിപ്പിന്റെ കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ഇനങ്ങളിൽ വൻതോതിൽ നികുതിവെട്ടിപ്പ് നടന്നിട്ടും ആയത് കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും നികുതി വകുപ്പിന് കാര്യക്ഷമമായ ഇടപെടൽ നടത്താൻ കഴിയുന്നില്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ തരത്തിലുമുള്ള ചരക്ക് സേവന കൈമാറ്റവും വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ നിരന്തരമായി നിരീക്ഷിച്ചുവരുകയും നികുതി വെട്ടിപ്പ് കണ്ടെത്തുന്ന സാഹചര്യത്തിൽ ഇൻസ്പെക്ഷൻ/സെർച്ച് എന്നിവയിലൂടെ ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇതുകൂടാതെ ഗുരുതര ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ എടുത്തുവരുന്നുമുണ്ട്. നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിന് വകുപ്പ് കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

നികുതി ഇളവ്

71(4345) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും ഏതെല്ലാം മേഖലകളിൽ നികുതി ഇളവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നികുതി ഇളവ് നൽകാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശവും ഇളവ് നൽകാനുണ്ടായ കാരണവും താഴെ ചേർക്കുന്നു.

1. <u>സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്</u>

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി.-ക്ക് മുമ്പുള്ള നികുതി നിയമങ്ങളിൽ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ആംനസ്റ്റി പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ഇതിലൂടെ നിശ്ചിത ശതമാനം നികുതി പൂർണ്ണമായും ഒരു നിശ്ചിത സമയത്തിനുള്ളിൽ ഒടുക്കുന്നവർക്ക് പിഴയും പലിശയും പൂർണ്ണമായി ഒഴിവാക്കി നൽകിയിരുന്നു. എന്നാൽ, ഈ പദ്ധതി കേരള പൊതുവിൽപ്പന നികുതി നിയമത്തിൻകീഴിലെ 2004-05 സാമ്പത്തിക വർഷം വരെയുള്ള കുടിശ്ശികകൾക്ക് മാത്രമാണ് ബാധകമായിരുന്നത്. 2005-06 സാമ്പത്തിക വർഷം മുതലുള്ള കേരള പൊതുവിൽപ്പന നികുതി

നിയമത്തിൻകീഴിലെ കുടിശ്ശികകൾക്ക് നികുതിയും പലിശയും പൂർണ്ണമായി ഒടുക്കുന്നപക്ഷം പിഴ മാത്രമാണ് ഒഴിവാക്കി നൽകിയിരുന്നത്.

കോവിഡ്-19-ന്റെ സാഹചര്യത്തിൽ ബാർ ഹോട്ടലുകളുടെ വ്യാപാര നഷ്ടം കണക്കിലെടുത്ത് 5 ശതമാനത്തിൽ അധികമുള്ള ടേൺ ഓവർ ടാക്സ് നിശ്ചിത കാലത്തേയ്ക്ക് (2020 മേയ് 22 മുതൽ ഡിസംബർ 21 വരെയും 2021 ജൂൺ 15 മുതൽ സെപ്റ്റംബർ 25 വരെയും) ഒഴിവാക്കുകയും 5 ശതമാനത്തിൽ കൂടുതലായി അടച്ചവർക്ക് അധികതുക ഭാവി ബാധ്യതകളിലേക്ക് ക്രമീകരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിനകത്തുള്ള ഡിസ്റ്റിലറികളിൽനിന്നും ബിവറേജസ് കോർപ്പറേഷനിലേക്കുള്ള വിതരണത്തിന്മേലുള്ള ടേൺ ഓവർ ടാക്സ് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ, കാലാകാലങ്ങളിൽ ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം അനുവദിക്കപ്പെടുന്ന ഇളവുകൾ സംസ്ഥാനത്തും നടപ്പിലാക്കുന്നുണ്ട്.

വളരെക്കാലമായി പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പരമാവധി പിരിച്ചെടുക്കുക, അതുവഴി പഴയ നിയമങ്ങളുമായി ബന്ധപ്പെട്ട് വ്യാപാരികളും

വകുപ്പും തമ്മിലുള്ള വ്യവഹാരങ്ങൾ തീർപ്പുകല്പിച്ച് ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനായി അവസരം ഉണ്ടാക്കുക, കോവിഡ് കാലത്തുണ്ടായ വ്യാപാരനഷ്ടംമൂലം വ്യാപാരികൾക്കുണ്ടായ പ്രയാസം ലഘൂകരിക്കുക എന്നിവ കണക്കിലെടുത്താണ് മേൽപ്പറഞ്ഞ ഇളവുകൾ നൽകിയത്.

2. സംസ്ഥാന മോട്ടോർ വാഹന വകുപ്പ്

സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ എല്ലാ സാമ്പത്തിക വർഷങ്ങളിലും ഒറ്റത്തവണ നികുതി കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം അതതു വർഷങ്ങളിൽ നാലു വർഷത്തിലധികം കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി അടച്ച് കുടിശ്ശിക തീർക്കാൻ അവസരം നൽകിയിരുന്നു. നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 40 ശതമാനവും ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ആകെ കുടിശ്ശികയുടെ 30 ശതമാനവും മാത്രം ഈടാക്കി തുടർന്ന് ഉപയോഗിക്കാൻ അനുമതി നൽകി.

പൊതു താൽപര്യാർത്ഥം ദീർഘകാലമായി കുടിശ്ശികയിലായിരുന്ന വാഹനങ്ങൾക്കാണ് ഈ സൗകര്യം നൽകിയത്. ലഭിക്കാൻ സാദ്ധ്യതയില്ലാത്ത തുകയാണ് ഇത്തരത്തിൽ സമാഹരിക്കാൻ കഴിഞ്ഞത്.

3. രജിസ്ട്രേഷൻ വകുപ്പ്

രജിസ്ട്രേഷൻ വകുപ്പിൽ താഴെപ്പറയുന്ന ഇളവുകൾ നൽകിയിട്ടുണ്ട്.

ഒരു ആധാരം രജിസ്റ്റർ ചെയ്ത് 3 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ ആയതിന് മുമ്പത്തെ ആധാരത്തിന് ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഇരട്ടി തുകയും, രജിസ്റ്റർ ചെയ്ത് 6 മാസത്തിനുള്ളിൽ വീണ്ടും കൈമാറ്റം ചെയ്യുകയാണെങ്കിൽ മുമ്പത്തെ ആധാരത്തിന് ഈടാക്കിയിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടിയുടെ ഒന്നര ഇരട്ടി തുകയും ഒടുക്കേണ്ടിയിരുന്നത് 2023-ലെ ഫിനാൻസ് ആക്ട് പ്രകാരം ഒഴിവാക്കിയിട്ടുള്ളതാണ്. വസ്തു കൈമാറ്റം പ്രോത്സാഹിപ്പിക്കുന്നതിനാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.

കേരള ഫിനാൻസ് ആക്ട്, 2023 പ്രകാരം ഒരു സ്ഥാവരവസ്തുവിൽ പ്രൊമോട്ടർക്കോ/ഡെവലപ്പർക്കോ നിർമ്മാണപ്രവർത്തനം നടത്താനായി

അധികാരം നൽകുന്ന മുക്ത്യാറുകൾക്കുള്ള മുദ്രവില 8 ശതമാനം നിരക്കിൽ നിന്നും കേരള മുദ്രപത്രനിയമം പട്ടിക 44(ജി) പ്രകാരം 8 ശതമാനം നിരക്കിൽ പരമാവധി ഒരു ലക്ഷം രൂപയായി കുറയ്ക്കുകയുണ്ടായി. കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായാണ് മേൽ ഇളവ് നൽകിയിട്ടുള്ളത്.

സർക്കാർ ഉടമസ്ഥതയിലുള്ളതും 51 ശതമാനം ഗവൺമെന്റ് ഓഹരിയുള്ളതുമായ ഐ.ടി. പാർക്കുകൾ എക്സിക്യൂട്ട് ചെയ്യുന്ന വില, ലീസ്, കരാർ ആധാരങ്ങൾക്ക് G.O.(P) No. 283/2010/TD നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് 25-09-2022-ലെ G.O.(P) No.121/2022/TD നമ്പർ ഉത്തരവ് പ്രകാരം സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കും സബ് ലീസ് ആധാരങ്ങൾക്കുംകൂടി ബാധകമാക്കി. ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.

സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് 17-03-2023-ലെ G.O.(P) No. 40/2023/TD നമ്പർ ഉത്തരവ് പ്രകാരം 1000/-

രൂപയായി നിജപ്പെടുത്തി. 2023-24-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തെ തുടർന്നാണ് സറണ്ടർ ഓഫ് ലീസ് ആധാരങ്ങൾക്കുള്ള രജിസ്ട്രേഷൻ ഫീസ് കുറച്ചിട്ടുള്ളത്.

വില്പനകരാറുകൾ രജിസ്റ്റർ ചെയ്ത ശേഷം, ഇതേ കരാറുമായി ബന്ധപ്പെട്ട് 6 മാസത്തിനുള്ളിൽ വില്പനകരാറിൽ ഏർപ്പെട്ട കക്ഷികൾതന്നെ വിലയാധാരം രജിസ്റ്റർ ചെയ്യുമ്പോൾ വില്പനകരാറിന് ഈടാക്കിയിരുന്ന രജിസ്ട്രേഷൻ ഫീസ് വിലയാധാരം ചെയ്യുമ്പോൾ കുറവ് ചെയ്തു നൽകുകയുണ്ടായി. കരാറുകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് മേൽ ഇളവ് വരുത്തിയിട്ടുള്ളത്.

റവന്യൂ, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകൾ നൽകിയ നികുതി ഇളവുകൾ സംബന്ധിച്ച വിശദാംശം ശേഖരിച്ചുനൽകുന്നതാണ്.

ട്രഷറി നിയന്ത്രണം

72(4346) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് സംസ്ഥാനത്ത് ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സാമ്പത്തിക പ്രതിസന്ധി കാരണമാണോ എന്ന് വിശദമാക്കാമോ;

(ബി) ട്രഷറി നിയന്ത്രണം ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി സാമ്പത്തിക ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനുവേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും സർക്കാർ സ്വീകരിക്കുന്നുണ്ട്. അതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ നിലവിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ളൂ. വെയ്സ് ആന്റ് മീൻസ് പരിധിക്ക് മുകളിലുള്ള വിതരണക്കാർ/കോൺട്രാക്ടർ പേയ്മെന്റുകൾക്ക് നിലവിൽ സർക്കാർ ബി.ഡി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങളുടെ മറ്റ് ബില്ലുകളെ നിലവിൽ വെയ്സ് ആന്റ് മീൻസ് പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് നടത്തിയ പഠനങ്ങൾ

73(4347) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. എം. വിൻസെന്റ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പഠനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ?

കേന്ദ്ര ധന കൈമാറ്റത്തിൽ വന്ന കുറവും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ പല വാദങ്ങൾ ഉയർത്തി ഭീമമായ തോതിൽ വെട്ടിക്കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. അത് തരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുമുണ്ട്. അതുകൊണ്ടുതന്നെ ടി വിഷയത്തിൽ പഠനം നടത്തേണ്ടുന്ന സാഹചര്യവും സംജാതമായിരുന്നില്ല.

ബ്ലാവന പാലം നിർമ്മാണം

74(4348) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പെരിയാർ നദിക്ക് കുറുകെ പുതിയ പാലം (ബ്ലാവന പാലം) നിർമ്മിക്കുന്നതിനായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് കോംപെൻസേറ്ററി ലെവീസ് പേയ്മെന്റ് ലഭ്യമാക്കുന്നതിനായുള്ള പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ പെരിയാർ നദിക്ക് കുറുകെ പുതിയ പാലം (ബ്ലാവന പാലം) നിർമ്മിക്കുന്നതിനായുള്ള മണ്ണ് പരിശോധന നടത്തുന്നതിന് കോംപെൻസേറ്ററി ലെവീസ് പേയ്മെന്റ് ലഭ്യമാക്കുന്നതിനായുള്ള ഭരണ വകുപ്പ് അപേക്ഷ ധനകാര്യ വകുപ്പിന്റെ I&PW-B1/183/2024-FIN (2829975) നമ്പർ ഫയലിൽ പരിശോധനയിലാണ്.

വള്ളിക്കുന്ന് മണ്ഡലത്തിലെ പാലം നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ നടപടി

75(4349) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ മുനമ്പത്ത് കടവ് പാലം, ഇരുമ്പോത്തിങ്കൽ പാലം, കടലുണ്ടിക്കടവ് പാലം എന്നിവയുടെ നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ അയച്ചതും ധനകാര്യ ഇൻഡസ്ട്രീസ് ആന്റ് പി.ഡബ്ല്യു.ഡി. വിഭാഗത്തിൽ പരിശോധിക്കുന്നതുമായ ഫയലുകളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

മുനമ്പത്ത് കടവ് പാലം നിർമ്മാണം സംബന്ധിച്ച് 550 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് വരുന്ന പ്രൊപ്പോസൽ ധനവകുപ്പ് I&PW-B1/402/2023-FIN (E 2646425) ഫയലിൽ പരിശോധിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസ്തുത എസ്റ്റിമേറ്റ് പുന:പരിശോധിക്കുന്നതിന് ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നതും ആയതു പ്രകാരം 531 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ഭരണവകുപ്പ് സമർപ്പിച്ചിട്ടുള്ളതും ഇപ്പോൾ ധനവകുപ്പിന്റെ പരിശോധനയിലുമാണ്.

വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ കൂട്ടുമൂച്ചി-ഇരുമ്പോത്തിങ്കൽ പാലം പുനർനിർമ്മാണം സംബന്ധിച്ച വിഷയം I&PW-B1/37/2022-FIN (E 2015969) ഫയലിൽ ധനവകുപ്പ് പരിശോധിച്ചിരുന്നതും പ്രവൃത്തി defer ചെയ്തിട്ടുള്ളതുമാകുന്നു. പ്രസ്തുത പ്രൊപ്പോസൽ പുന:പരിശോധിക്കണമെന്ന ആവശ്യം സംബന്ധിച്ച് ബഹുമാനപ്പെട്ട വള്ളിക്കുന്ന് എം.എൽ.എ. സമർപ്പിച്ചിട്ടുള്ള കത്ത് ധനവകുപ്പ് പരിശോധിച്ചുവരുന്നു.

കടലുണ്ടികടവ് പാലം പുനർനിർമ്മാണം സംബന്ധിച്ച് 1044 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണ വകുപ്പ് സമർപ്പിക്കുകയും എസ്റ്റിമേറ്റ് പരിശോധിച്ച ചീഫ് ടെക്നിക്കൽ എക്സാമിനർ സ്ഥല പരിശോധന നടത്തുകയും, പ്രസ്തുത പാലത്തിന് reconstruction അതോ rehabilitation ആണോ വേണ്ടതെന്ന് ഭരണവകുപ്പ് തീരുമാനമെടുക്കണമെന്ന് അറിയിച്ചിരുന്നു. എന്നാൽ അക്കാര്യത്തിൽ അന്തിമ തീരുമാനമാകാതെ ഫയൽ വീണ്ടും ധനവകുപ്പിലേക്ക് സമർപ്പിച്ചിരിക്കുന്നു. ഫയൽ ഇപ്പോൾ ധനവകുപ്പിന്റെ പരിശോധനയിലാണ്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഭാഗമായി ധനകാര്യ വകുപ്പിലെ സി.ടി.ഇ. നൽകിയ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പാലം നിർമ്മാണത്തിന്റെ ഭാഗമായി അതാത് ഫയലുകളിൽ സി.ടി.ഇ. ലഭ്യമാക്കിയ അഭിപ്രായത്തിന്റെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ ഫയലുകൾ പരിശോധിച്ച് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഫണ്ട് ആവശ്യമുള്ളപക്ഷം ആയത് പരിശോധിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ്.

ധനകാര്യ സ്ഥാപനങ്ങളുടെ തട്ടിപ്പുകൾ

76(4350) ശ്രീ. യു. എ. ലത്തീഫ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ സ്ഥാപനങ്ങൾ ജനങ്ങളിൽനിന്നും ആകർഷകമായ വ്യവസ്ഥകളിൽ പണം സ്വീകരിച്ച് തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനാരംഭത്തിൽ തന്നെ ഇവയെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ നിയമ സംവിധാനമുണ്ടോ; വിശദമാക്കുമോ;

(സി) അനധികൃതമായി നിക്ഷേപം സ്വീകരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ആകർഷകമായ വ്യവസ്ഥകളിൽ പണം സ്വീകരിച്ച് തട്ടിപ്പ് നടത്തുന്ന സാമ്പത്തിക സ്ഥാപനങ്ങളെ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥർ, ഇന്റലിജൻസ് വിഭാഗം എന്നിവർ രഹസ്യമായി നിരീക്ഷണം നടത്തിവരുന്നു. ഇത്തരം സാമ്പത്തിക

ക്രമക്കേടുകളെ തടയുന്നതിനും അന്വേഷിക്കുന്നതിനുമായി 17-03-2022-ലെ സ.ഉ.(കൈ)നം.51/2022/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യ വിഭാഗം ആരംഭിച്ചിട്ടുണ്ട്. അനധികൃത നിക്ഷേപ പദ്ധതികൾക്കെതിരെ നിയമനടപടികൾ പ്രധാനമായും ബഡ്സ് ആക്ട്, 2019 (Banning of Unregulated Deposits Schemes Act) പ്രകാരമാണ് സ്വീകരിച്ചുവരുന്നത്. ഈ നിയമ പ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറെഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് റൂൾസ്, 25-11-2021-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിക്ഷേപ തട്ടിപ്പിലേർപ്പെടുന്ന സ്ഥാപനങ്ങളുടെ സ്ഥാവര ജംഗമ വസ്തുക്കൾ ബഡ്സ് ആക്ട്, 2019 വകുപ്പ് 7(3) പ്രകാരം താൽക്കാലികമായി കണ്ടുകെട്ടുന്നതിന് ബഡ്സ് കോംപീറ്റന്റ് അതോറിറ്റിക്ക് അധികാരമുണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് അമിത പലിശ വാഗ്ദാനം ചെയ്തുകൊണ്ട് പരസ്യം നൽകുന്നതും ബഡ്സ് നിയമപ്രകാരം കുറ്റകരമാണ്. കൂടാതെ Money Lenders' Act, Co-operative Act, Kerala Protection of Interests of Depositors in Financial Establishment Act, 2013, The Prize

Chits and Money Circulation Schemes (Banning) Act 1978 എന്നീ നിയമങ്ങൾ പ്രകാരം കർശന നടപടികളും അതോടൊപ്പം ബോധവത്കരണവും സ്വീകരിച്ചുവരുന്നു.

കെട്ടിട നിർമ്മാണ മേഖലയിലെ അക്രഡിറ്റേഷൻ

77(4351) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കെട്ടിട നിർമ്മാണ മേഖലയിലെ നൂതന നിർമ്മാണ രീതികൾ നടപ്പിലാക്കുന്ന ഏജൻസികൾക്ക് അക്രഡിറ്റേഷൻ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

കെട്ടിട നിർമ്മാണ മേഖലയിലെ നൂതന നിർമ്മാണ രീതി എന്ന നിലയ്ക്ക് മാത്രമായി ഈ വകുപ്പിൽനിന്ന് അക്രഡിറ്റേഷൻ നല്കുന്നില്ല. എന്നാൽ ജനറൽ സിവിൽ കൺസ്ട്രക്ഷൻ, ഇന്റീരിയർ വർക്സ്, സ്റ്റീൽ വർക്സ്, പ്രീഫാബ് വർക്സ് തുടങ്ങി എല്ലാത്തരം മരാമത്ത് പ്രവൃത്തികളും ചെയ്യുവരുന്ന ഏജൻസികളിൽനിന്നും അപേക്ഷ ക്ഷണിച്ച്, പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, ധനകാര്യ സെക്രട്ടറി, ചീഫ് ടെക്നിക്കൽ എക്സാമിനർ,

പൊതുമരാമത്ത് ചീഫ് എഞ്ചിനീയർമാർ പങ്കെടുക്കുന്ന യോഗത്തിൽവച്ച് പൊതുമരാമത്ത്/സിവിൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അക്രഡിറ്റേഷൻ ഈ വകുപ്പിൽനിന്നും നൽകിവരുന്നുണ്ട്.

കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

78(4352) ശ്രീ. ആന്റണി രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോതമംഗലം മണ്ഡലത്തിൽ ഇഞ്ചത്തൊട്ടിയിൽ പുതിയ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പിൽനിന്നും നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട കോതമംഗലം എം.എൽ.എ. സമർപ്പിച്ചിരുന്ന 26-10-2021-ലെ കത്തിന്മേൽ വ്യക്തമായ ശിപാർശ സഹിതം ഫയൽ ലഭ്യമാക്കാൻ ഭരണ വകുപ്പിനോട് 12-01-2022-ലെ അനൗദ്യോഗിക കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു. എന്നാൽ മേൽ പ്രകാരമുള്ള ശിപാർശ ഭരണ വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടില്ല.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് പ്രത്യേക ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശിപാർശ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് ഉചിതനടപടികൾ സ്വീകരിക്കുന്നതാണ്.

കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

79(4353) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് കരാറുകാർക്കുമാത്രം എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികമൂലം പദ്ധതികൾ തുടർന്നുപോകുന്നതിന് തടസ്സമുണ്ടാകാതിരിക്കാൻ കുടിശിക സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ

തീർപ്പാക്കുന്നതിനാവശ്യമായ അധിക തുക അനുവദിച്ച് ബില്ലുകൾ നിശ്ചിത സമയത്ത് തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 ഒക്ടോബർ മാസം വരെയുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

കോവിഡ് ചികിത്സാ കേന്ദ്രത്തിന് നൽകാനുള്ള പണം

80(4354) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോവിഡ് ഫസ്റ്റ് ലൈൻ ചികിത്സാ കേന്ദ്രമായിരുന്ന മുക്കം കെ.എം.സി.റ്റി. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ഭക്ഷണം വിതരണം ചെയ്ത വകയിൽ മുക്കം നഗരസഭ സി.ഡി.എസ്.-ന് ഇനി എത്ര തുക നൽകാനുണ്ടെന്ന് വിശദമാക്കുമോ?

മുക്കം നഗരസഭയിലെ കോവിഡ് ഫസ്റ്റ് ലൈൽ ട്രീറ്റ്മെന്റ് സെന്ററായ കെ.എം.സി.റ്റി. കോവിഡ് ആശുപത്രിയിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം നൽകിയ ഇനത്തിലുള്ള തുക പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. എന്നാൽ രോഗികളോടൊപ്പം കൂട്ടിരിപ്പുകാരായി ഉണ്ടായിരുന്നവർക്കും

ഭക്ഷണം നൽകിയ ഇനത്തിൽ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ജില്ലാ കളക്ടർക്ക് ലഭ്യമാകുകയും ഇത് SDRF ഫണ്ടിൽനിന്നും നിലവിലുള്ള മാനദണ്ഡ പ്രകാരം അനുവദിക്കാൻ സാധിക്കില്ലെന്ന വിവരം അപേക്ഷകരെ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടം നൽകിയ അപേക്ഷ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

പണം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് ജില്ലാ ഭരണകൂടം ധനകാര്യ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(സി) എങ്കിൽ ഫയലിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ;

(ഡി) പണം അനുവദിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(സി&ഡി) ബാധകമല്ല.

ധനകാര്യ വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി

81(4355) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) 2023-2024 കാലയളവിൽ ഏതൊക്കെ വകുപ്പുകളാണ് ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കാലയളവിൽ ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗം നടത്തിയ പരിശോധനകൾ വ്യക്തമാക്കാമോ?

2023-24 കാലയളവിൽ മുൻ വർഷങ്ങളിലെ ആഭ്യന്തര പരിശോധന റിപ്പോർട്ടുകൾ ലഭ്യമാക്കാത്ത വകുപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗം ഓഡിറ്റ് നടത്തി സമർപ്പിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിൽ ഗുരുതരമായ ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ മാത്രമാണ് ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗം റിവ്യൂ ഓഡിറ്റ് നടത്തുന്നത്. 2023-24 കാലയളവിൽ ഈ വകുപ്പിൽനിന്നും സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന

1. കൊല്ലം ജില്ലാ സാമൂഹ്യനീതി ഓഫീസ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. കൊല്ലം ജില്ലാ പ്രൊബേഷൻ ഓഫീസ്

3. കൊല്ലം ഗവണ്മെന്റ് വൃദ്ധ സദനം എന്നിവിടങ്ങളിലാണ് റിവ്യൂ ഓഡിറ്റ് നടത്തിയിട്ടുള്ളത്.

കൂടാതെ ഗവണ്മെന്റ് സെക്രട്ടേറിയറ്റിനുള്ളിൽ പ്രവർത്തിക്കുന്ന ക്യാന്റീനിലും 2023-24 കാലയളവിൽ ഈ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്.

(ബി) ചില സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചില സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആഭ്യന്തര പരിശോധന കാലാനുസൃതമാക്കാനും, കൃത്യമായ ഇടവേളകളിൽ നടത്താനും, 10-08-2017-ലെ 64-ാം നമ്പർ പരിപത്രം, 20-04-2018-ലെ 33-ാം നമ്പർ പരിപത്രം, 19-10-2019-ലെ 79-ാം നമ്പർ പരിപത്രം (അനുബന്ധം)+ എന്നിവ പുറപ്പെടുവിക്കുകയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിപത്രങ്ങളിൽ നിർദ്ദേശിക്കുന്ന രീതിയിൽ സമയബന്ധിതമായി പരിശോധന റിപ്പോർട്ടും, ന്യൂനതാപരിഹാര റിപ്പോർട്ടും സമർപ്പിക്കുവാനുള്ള നിർദ്ദേശം നല്കുകയുമുണ്ടായി. കൂടാതെ വിവിധ സർക്കാർ വകുപ്പുകളിലെ ഓഡിറ്റ് ടീമംഗങ്ങൾക്ക് ഓഡിറ്റ് നടത്തിപ്പിനെക്കുറിച്ചും റിപ്പോർട്ട് തയ്യാറാക്കുന്നതിനെ കുറിച്ചും ധനകാര്യവകുപ്പിന്റെതന്നെ ട്രെയിനിങ് വിഭാഗമായ CTFM ട്രെയിനിങ്ങും നൽകിവരുന്നുണ്ട്.

(സി) ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങൾ കൂടുതലായി തീർപ്പാക്കാൻ അവശേഷിക്കുന്നത് ഏതൊക്കെ വകുപ്പുകളിലാണെന്നും പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ എണ്ണമെത്രയെന്നും വ്യക്തമാക്കാമോ?

ആഭ്യന്തര പരിശോധനാ വിഭാഗത്തിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും ഓഡിറ്റ് പരാമർശങ്ങൾ കൂടുതലായി തീർപ്പാക്കാൻ അവശേഷിക്കുന്ന വകുപ്പുകളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സർക്കാർ വകുപ്പുകളിലെ നടപടിക്രമങ്ങൾ ചട്ട പ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ രൂപീകരിച്ചിട്ടുള്ള ആഭ്യന്തര പരിശോധനാ വിഭാഗങ്ങൾക്ക് കാലാനുസൃതമായ പരിശീലനം നൽകി ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അതിനായി ധനകാര്യ ആഭ്യന്തര പരിശോധനാ വിഭാഗത്തെ ശക്തിപ്പെടുത്തുമോ എന്ന് അറിയിക്കാമോ?

സർക്കാർ വകുപ്പുകളിലെ നടപടി ക്രമങ്ങൾ ചട്ടപ്രകാരം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ രൂപീകരിച്ചിട്ടുള്ള വിവിധ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങൾക്ക്, ധനകാര്യവകുപ്പിന്റെതന്നെ ടെയിനിങ് വിഭാഗമായ CTFM-നെ നേരിട്ട് ബന്ധപ്പെടുവാനും പരിശീലനം ആവശ്യമുള്ള ഉദ്യോഗസ്ഥരുടെ വിവരങ്ങൾ നൽകുവാനും ആയതിന്റെ അടിസ്ഥാനത്തിൽ, CTFM തയ്യാറാക്കുന്ന ഷെഡ്യൂൾ അനുസരിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി, അപ്രകാരം പരിശീലനം ലഭിക്കുന്ന

വകുപ്പുകളുടെ വിവരങ്ങൾ ധനവകുപ്പിനെ അറിയിക്കുവാനുള്ള സംവിധാനവും ഇതിനകംതന്നെ ഏർപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധന വിഭാഗങ്ങളെ ശക്തിപ്പെടുത്തുന്നതിലേയ്ക്കും ധനകാര്യ ആഭ്യന്തര പരിശോധന വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിലേയ്ക്കും സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു.

(ഇ) ആഭ്യന്തര പരിശോധന കൂറ്റമറ്റ രീതിയിൽ നടത്തി റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് ലഭ്യമാക്കുവാൻ സർക്കാർ വകുപ്പുകൾക്ക് നിർദ്ദേശം നൽകുമോ?

എല്ലാ സർക്കാർ വകുപ്പുകൾക്കും ആഭ്യന്തര പരിശോധന കൂറ്റമറ്റ രീതിയിൽ നടത്തി റിപ്പോർട്ട് യഥാസമയം ധനകാര്യ വകുപ്പിന് ലഭ്യമാക്കുവാനുള്ള നിർദ്ദേശം ഇതിനകം തന്നെ നൽകിയിട്ടുണ്ട്. എന്തെങ്കിലും വീഴ്ച ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആവശ്യമെങ്കിൽ ഈ വിഷയത്തിൽ തുടർ നിർദ്ദേശം നൽകുന്നതാണ്.

ശാസ്ത്ര സാങ്കേതിക മേഖലകളിലെ പ്രവൃത്തികൾക്കുള്ള അക്രഡിറ്റഡ് ഏജൻസികൾ

82(4356) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശാസ്ത്ര സാങ്കേതിക മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അക്രഡിറ്റഡ് ഏജൻസികളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ബഹിരാകാശ പഠനവുമായി ബന്ധപ്പെട്ട് ടെലിസ്കോപ്പുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുന്നതിനായി നിയോഗിക്കപ്പെട്ട അക്രഡിറ്റഡ് ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(സി) ബഡ്ജറ്റിൽ ടോക്കൺ തുക വകയിരുത്തിയ ടെലിസ്കോപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് ഏത് ഏജൻസി വഴിയാണ് തയ്യാറാക്കി അംഗീകാരത്തിനായി നൽകേണ്ടതെന്ന് അറിയിക്കാമോ?

(എ-സി) ശാസ്ത്ര സാങ്കേതിക മേഖലകളിലെ വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി ധനവകുപ്പിൽ നിന്ന് അക്രഡിറ്റേഷൻ നല്കിയിട്ടില്ല.

പൊതുമേഖലാ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ട്രഷറിയിൽ ഒടുക്കിയ തുക

83(4357) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ വിവിധ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരുന്ന തുകകൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് ഒടുക്കണമെന്നാവശ്യപ്പെട്ട് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകിയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾ സംസ്ഥാന ട്രഷറിയിലേയ്ക്ക് അടച്ചിട്ടുണ്ട്; അതിൽ എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകിയിട്ടുണ്ടെന്നും എത്ര തുക വീതം ഏതെല്ലാം സ്ഥാപനങ്ങൾക്ക് തിരികെ നൽകാൻ ബാക്കിയുണ്ടെന്നും വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

(എ&ബി) സാധാരണ ഗതിയിൽ നിയമസഭ അപ്രോപ്രിയേറ്റ് ചെയ്ത് നൽകുന്ന ബജറ്റ് വിഹിതം അതാത് സാമ്പത്തിക വർഷം മാർച്ച് 31-ന്

ലാപ്സാകും. എന്നാൽ ഇതിന് വിരുദ്ധമായി മുൻ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ ബഡ്ജറ്റിൽനിന്നും ബാങ്ക് അക്കൗണ്ടിൽ അനുവദിച്ച ഫണ്ടുകൾ ചില സ്ഥാപനങ്ങൾ/വകുപ്പുകൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും സർക്കാരിൽ തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ടി പശ്ചാത്തലത്തിൽ വിവിധ സ്ഥാപനങ്ങളുടെ/വകുപ്പുകളുടെ ബാങ്ക് അക്കൗണ്ടുകളിൽ മുൻ സാമ്പത്തിക വർഷങ്ങളിൽ ചെലവഴിക്കാതെ നിഷ്ക്രിയമായി സൂക്ഷിച്ചിരുന്നതും സർക്കാർ വിവിധ ആവശ്യങ്ങൾക്ക് ടി സ്ഥാപനങ്ങൾക്ക് നൽകിയതുമായ തുക, സർക്കാരിന്റെ പ്രത്യേക അനുമതി ഇല്ലാത്ത പക്ഷം, തിരികെ ട്രഷറിയിൽ ഒടുക്കാൻ കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 40 (C)-യുടെ അടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ തിരികെ ഒടുക്കിയ തുക സംബന്ധിച്ച വിശദാംശങ്ങൾ അതാത് സ്ഥാപനങ്ങളാണ് സൂക്ഷിക്കുന്നത്.

(സി) സർക്കാരിന്റെ ഈ നടപടി കാരണം ഇത്തരം സ്ഥാപനങ്ങൾക്ക് അവയുടെ തനത് പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത

സ്ഥിതിയുണ്ടാകാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ഈ സാമ്പത്തിക വർഷം ആവർത്തിക്കാതിരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതുക്കാട് മണ്ഡലത്തിലെ പാലപ്പിള്ളി-ചീനിക്കുന്ന് റോഡ് നിർമ്മാണപ്രവൃത്തി

84(4358) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പുതുക്കാട് മണ്ഡലത്തിൽ 2023-24-ൽ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ പാലപ്പിള്ളി-ചീനിക്കുന്ന് റോഡ് ഇന്റർലോക്ക് കട്ടവിരിക്കൽ പ്രവൃത്തിക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽ 2023-24-ൽ ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ പാലപ്പിള്ളി-ചീനിക്കുന്ന് റോഡ് ഇന്റർലോക്ക് കട്ടവിരിയ്ക്കൽ പ്രവൃത്തിക്ക് പ്രത്യേക അനുമതി ലഭ്യമാക്കുന്നതിന് സമർപ്പിച്ചിട്ടുള്ള ശിപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

85(4359) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് കിഫ്ബി മുഖേന വർക്കല മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

പൂർത്തീകരിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ മാർഗനിർദ്ദേശം പദ്ധതി നിർവ്വഹണ ഏജൻസിക്ക് കിഫ്ബി നൽകുന്നതാണ്.

കുറ്റ്യാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

86(4360) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കുറ്റ്യാടി മണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി, പദ്ധതികളുടെ അടങ്കൽ തുക, പൂർത്തീകരണ കാലാവധി എന്നിവ വിശദമാക്കുമോ?

കുറ്റ്യാടി നിയോജകണമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ പുരോഗതി, പദ്ധതികളുടെ അടങ്കൽ തുക, പദ്ധതി പൂർത്തീകരണ കാലാവധി ഉൾപ്പടെയുള്ള വിശദാംശം അനുബന്ധത്തിൽ കാണാവുന്നതാണ്.+

എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

87(4361) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തിയിൽപ്പെട്ട എരിമയൂർ പഞ്ചായത്തിലെ ചുള്ളിമടപാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

31-10-2016-ലെ G.O. (Rt) No. 1496/2016/PWD ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച ചുള്ളിമട പാലം നിർമ്മാണ പ്രവൃത്തിക്ക് 26-05-2018-ലെ നടപടിക്രമ ഉത്തരവ് പ്രകാരം കിഫ്ബി 9.78 കോടി രൂപയുടെ സാമ്പത്തിക അനുമതി നൽകിയിരുന്നു. തുടർന്ന് 11-10-2019-ലെ ഉത്തരവ് പ്രകാരം 9.78 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി 20-05-2020-ലെ കരാർ ഉടമ്പടി പ്രകാരം 9.45 കോടി രൂപയ്ക്ക് കരാർ നൽകി പുരോഗമിച്ചു വരുന്ന നിർമ്മാണ പ്രവൃത്തി നിലവിൽ 92 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ കോൺക്രീറ്റ് പ്രവൃത്തികളും അപ്രോച്ച് റോഡുകളുടെ സംരക്ഷണഭിത്തിയുടെ നിർമ്മാണവും

വെറ്റ് മിക്സ് മെക്കാഡം ലെവൽ വരെയുള്ള ഫില്ലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുള്ളതാണ്. ടാറിംഗ്, പെയിന്റിംഗ് പോലുള്ള ഫിനിഷിംഗ് പ്രവൃത്തികളും ഡ്രെയിനേജ് നിർമ്മാണവുമാണ് ഇനി പൂർത്തീകരിക്കാനുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്രദേശവാസികൾ സ്വമേധയാ സൗജന്യമായി വിട്ടുതന്ന സ്ഥലത്താണ് നിർമ്മാണ പ്രവൃത്തികൾ നടത്തിയിരുന്നത്. എന്നാൽ ഡ്രെയിനേജ് നിർമ്മിക്കാനുള്ള സ്ഥലം വിട്ടുനൽകാൻ ഭൂവുടമകൾ തയ്യാറാകാത്ത സാഹചര്യം നിലവിലുണ്ട്. വെള്ളക്കെട്ട് ഒഴിവാക്കാൻ അനിവാര്യമായ ഡ്രെയിനേജ് നിർമ്മാണം പൂർത്തീകരിച്ചശേഷം ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കുന്നതാണെന്നും ഇതിനായുള്ള സ്ഥലം ലഭ്യമാക്കുന്നതിനായി KRFB ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇടപെട്ട് ഭൂവുടമകളുമായി ചർച്ചകൾ നടത്തി വരികയാണെന്നും KRFB മലപ്പുറം-പാലക്കാട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതായി നിർവ്വഹണ ഏജൻസി

അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 31-08-2024 വരെ നീട്ടി നൽകുന്നതിന് അഭ്യർഥിച്ചുകൊണ്ട് ലഭിച്ച അപേക്ഷ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

മൂലക്കിൽകടവ് പാലം നിർമ്മാണം

88(4362) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽകടവ് പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകുന്ന നടപടിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

10-07-2017-ലെ GO (Rt) No. 942/2017/PWD പ്രകാരം കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹണ ഏജൻസിയായി 25 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ച മൂലക്കിൽകടവ് പാലം നിർമ്മാണ പ്രവൃത്തിക്ക് 20-10-2023-ലെ നടപടിക്രമ ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന്

മാത്രമായി 2.41 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 4(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിർമ്മാണ പ്രവൃത്തിക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി നിർവ്വഹണ ഏജൻസി സമർപ്പിച്ച DPR കിഫ്ബി അവലോകനം നടത്തി ചില തിരുത്തലുകൾ വരുത്താൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ DPR ഉടൻ സമർപ്പിക്കുന്നതാണെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

ആദായ നികുതിയിലെ മാറ്റം

89(4363) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ആദായ നികുതി സെക്ഷൻ 43 ബി (എച്ച്) പ്രകാരം നികുതിയിലുണ്ടാകുന്ന പുതിയമാറ്റം സംസ്ഥാനത്തെ ചെറുകിട വ്യവസായികളെ ഏതെല്ലാം രീതിയിൽ ബാധിക്കുമെന്ന് വിശദാംശം നൽകാമോ?

ആദായ നികുതി നിയമത്തിൽ പുതിയതായി ഉൾപ്പെടുത്തിയ 43 B (h) പ്രകാരം ഒരു MSME സ്ഥാപനത്തിൽനിന്നും വാങ്ങുന്ന സാധനങ്ങൾ/ സേവനങ്ങൾ എന്നിവയ്ക്ക് പരമാവധി 15 ദിവസങ്ങൾക്കുള്ളിൽ ബില്ലിന് അനുസരിച്ചുള്ള തുക നല്കണമെന്നും, ഏതെങ്കിലും തരത്തിലുള്ള കരാറുള്ള പക്ഷം 45 ദിവസം വരെ ആകാമെന്നും ആണ് വിഭാവനം ചെയ്യുന്നത്. ഇതുമൂലം സംരംഭകർക്ക് വളരെ വേഗം തുക ലഭിക്കുകയും അങ്ങനെ അവരുടെ വായ്പയുടെ ഭാരം കുറയ്ക്കുകയും ചെയ്യുക, കൂടുതൽ പ്രവർത്തന മൂലധനം കയ്യിൽ ഉണ്ടായിരിക്കുക എന്നിങ്ങനെയുള്ള ഉദ്ദേശമുണ്ടായിരുന്നു. ഈ അർത്ഥത്തിൽ ടി നിർദ്ദേശം സ്വാഗതാർഹവുമായിരുന്നു.

എന്നാൽ വിറ്റുവരവിന് കാലദൈർഘ്യമുണ്ടാകുന്ന Textile, Garments, റബ്ബർ, പ്ലാസ്റ്റിക് തുടങ്ങിയവയുടെ വില്പനയിൽ ടി നിർദ്ദേശം തടസ്സം സൃഷ്ടിക്കാൻ കാരണമാകുന്നു. തന്മൂലം എല്ലാവരിൽനിന്നും 45 ദിവസം വരെയുള്ള കാലയളവിലേക്കായുള്ള കരാറിൽ ഏർപ്പെടാൻ നിർബന്ധിതമാകും അല്ലാത്തപക്ഷം സംരംഭകർ അവരുടെ MSME എന്ന അംഗീകാരം ഉപേക്ഷിക്കാനും നിർബന്ധിതമാകും.

നാഷണൽ സേവിംഗ്സ് വകുപ്പിലെ ബൈട്രാൻസ്ഫർ നിയമനം

90(4364) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നിലവിലുള്ള നാഷണൽ സേവിംഗ്സ് വകുപ്പ് സ്പെഷ്യൽ റൂൾ 31-05-2008-ലെ ഗസറ്റ് നമ്പർ 1115 പ്രകാരം ഏതൊക്കെ വകുപ്പിലെ ഏതൊക്കെ തസ്തികയിൽ ഉള്ളവർക്കാണ് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ് ബൈട്രാൻസ്ഫർ തസ്തികയിൽ നിയമനം നേടാൻ അർഹതയുള്ളതെന്ന് വിശദമാക്കാമോ?

നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ ഓഫ് നാഷണൽ സേവിംഗ്സ് ബൈട്രാൻസ്ഫർ തസ്തികയിലെ നിയമനത്തിന് ഗ്രാമ വികസന വകുപ്പിലെ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്/ഐ.ആർ.ഡി.), കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിലെ സെലക്ഷൻ ഗ്രേഡ്/സീനിയർ ഗ്രേഡ് അസിസ്റ്റന്റ് എന്നിവർക്കാണ് നിയമനം നേടാൻ അർഹതയുള്ളത്.

(ബി) പ്രസ്തുത ബൈടാൻസ്റ്റർ നിയമന കാറ്റഗറി നമ്പർ 133/2020-ൽ ഫീഡർ തസ്തികയായ എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്/ഐ.ആർ.ഡി.)-ക്ക് പകരം സമാന തസ്തിക അല്ലാത്ത എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ഗ്രേഡ്-2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ വെൽഫെയർ) എന്നീ തസ്തികകൾ സമാന തസ്തികയായി കണക്കാക്കി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പോ നാഷണൽ സേവിംഗസ് വകുപ്പോ കേരള പി.എസ്.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ?

നിർദ്ദേശം നൽകിയിട്ടില്ല.

(സി) മുൻ ഗ്രാമവികസന വകുപ്പിന്റെ 02-08-2008-ലെ സ്പെഷ്യൽ റൂൾ ഗസറ്റ് നമ്പർ 1668 പ്രകാരം എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ഗ്രേഡ്-2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ വെൽഫെയർ) എന്നീ തസ്തികൾക്ക് സ്ഥാനക്കയറ്റത്തിലൂടെ ലഭിക്കുന്ന ജോയിൻറ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്/ഐ.ആർ.ഡി.) ഇവ സമാന തസ്തിക അല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 01-03-2006-ലെ സ.ഉ.(കൈ) നം. 71/2006/LSGD ഉത്തരവ് പ്രകാരം എക്സ്റ്റൻഷൻ ഓഫീസർ (IRD)-യും എക്സ്റ്റൻഷൻ ഓഫീസർ (Housing) Grade-I-ഉം പുനർനാമകരണം ചെയ്ത് ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (Rural Self Employment) എന്നും ജോയിന്റ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ (Rural Housing) എന്നും ഉത്തരവായിട്ടുള്ള വിവരം 20-08-2008-ലെ ഗസറ്റ് നം. 1688 വിജ്ഞാപനത്തിലെ വിശദീകരണക്കുറിപ്പിൽ പരാമർശിച്ചിട്ടുണ്ട് (വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു).+

(ഡി) മുൻ ഗ്രാമവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ടന്റ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിങ്/ ഐ.ആർ.ഡി.) എന്നിവ സമാന തസ്തികകൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മുൻ ഗ്രാമവികസന വകുപ്പിൽ ഹെഡ് ക്ലാർക്ക്, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) ഗ്രേഡ്-2, എക്സ്റ്റൻഷൻ ഓഫീസർ (വിമൺ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെൽഫെയർ), ജനറൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവ സമാന തസ്തികകൾ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ഡി&ഇ) മുൻ ഗ്രാമവികസന വകുപ്പിൽ ജൂനിയർ സൂപ്രണ്ടന്റ്, ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) Grade 1, എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി.) എന്നീ തസ്തികകൾ സമാന ശമ്പള സ്കെയിൽ തസ്തികകളായിരുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) Grade 1, എക്സ്റ്റൻഷൻ ഓഫീസർ (ഐ.ആർ.ഡി.) എന്നീ തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയുമായി Interchangeable അല്ലായിരുന്നു.

(എഫ്) കേരള പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 133/2020-ലെ വിജ്ഞാപനം പ്രകാരം ധനകാര്യ വകുപ്പ്/നാഷണൽ സേവിംഗ്സ് വകുപ്പ് സ്പെഷ്യൽ റൂൾ എന്നിവയിൽ ഫീഡർ തസ്തികയായി പറയാത്ത ഏതെങ്കിലും തസ്തികയെ പ്രസ്തുത കാറ്റഗറി നമ്പറിലെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്താൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് ധനകാര്യ വകുപ്പ്/നാഷണൽ

സേവിംഗ്സ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് അറിയിക്കാമോ; പകർപ്പ് ലഭ്യമാക്കാമോ?

നിർദ്ദേശം നൽകിയിട്ടില്ല.

(ജി) പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് നിർദ്ദേശം നൽകിയിട്ടില്ലെങ്കിൽ പ്രസ്തുത കാറ്റഗറി വിജ്ഞാപനത്തിൽ ഫീഡർ തസ്തികകളായി ഉൾപ്പെടുത്താത്ത തസ്തികയിൽ ഉള്ളവർ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടങ്കിൽ അവരെ റാങ്ക് ലിസ്റ്റിൽനിന്നും ഒഴിവാക്കുന്നതിന് നിയമന വകുപ്പ് എന്ന നിലയിൽ ധനകാര്യ വകുപ്പ് പി.എസ്.സി.-ക്ക് നിർദ്ദേശം നൽകുമോ?

കേരള പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 133/2020-ലെ വിജ്ഞാപനത്തിന്മേലുള്ള റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലുള്ള നിയമന ശിപാർശകൾ ഒന്നുംതന്നെ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. കാറ്റഗറി നമ്പർ 133/2020 റാങ്ക് ലിസ്റ്റുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികളിൽനിന്നും ഈ വിഷയത്തിൽ ലഭ്യമായ പരാതികളിന്മേൽ റിപ്പോർട്ട് ലഭ്യമാക്കാനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം

91(4365) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് ആരംഭിച്ച സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പദ്ധതി സംബന്ധിച്ച് വിദ്യാർഥികൾക്കും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും അവബോധം സൃഷ്ടിക്കുന്നതിനായി ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്യും പത്ര മാധ്യമത്തിലൂടെ പരസ്യം നൽകിയും വ്യാപക പ്രചരണം നൽകിവരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ജില്ലാതലത്തിലും വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചും പദ്ധതി വിപുലീകരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി കൈക്കൊണ്ടുവരുന്നു. പദ്ധതി നിർവ്വഹണ ചുമതലയുള്ള അധ്യാപകർക്ക് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് മുഖേന പരിശീലനം നൽകി വരുന്നുണ്ട്. പദ്ധതി നടത്തിപ്പിന് ആവശ്യമായ പാസ്സ് ബുക്ക്, ഡെയിലി സ്ക്രോൾ,

ലെഡ്ജർ എന്നിവ സ്കൂളുകളിൽ വിതരണം ചെയ്യുന്നുമുണ്ട്. കൂടാതെ ജനപ്രതിനിധികളുടെയും പൊതുപ്രവർത്തകരുടെയും നാഷണൽ സേവിംഗ്സ് സ്കീം പ്രവർത്തകരുടെയും വകുപ്പിലെ ഏജന്റുമാരുടെയും സഹകരണത്തോടെ പദ്ധതി വിപുലീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കാമോ?

സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം സംബന്ധിച്ച മാർഗനിർദ്ദേശം പ്രതിപാദിക്കുന്ന 29-10-2022-ലെ സ.ഉ.(അച്ചടി) നം.132/2022/ധന ഉത്തരവ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

(സി) വൈപ്പിൻ മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

വൈപ്പിൻ മണ്ഡലത്തിൽ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം ആരംഭിച്ചിരിക്കുന്നത് RVUHS ചെറായി, VDSLPS ചെറുവൈപ്പ് എന്നീ രണ്ട് സ്കൂളുകളിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) മണ്ഡലത്തിലെ മറ്റുള്ള വിദ്യാലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലം ഉൾപ്പെടെ എറണാകുളം ജില്ലയിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ എറണാകുളം ജില്ലയിൽ 64 സ്കൂളുകളിൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ മണ്ഡലത്തിൽ വിവിധ സ്കൂളുകളിൽ ദേശീയ സമ്പാദ്യ പദ്ധതി എറണാകുളം ജില്ലാ കാര്യാലയത്തിലെ ഉദ്യോഗസ്ഥർ സന്ദർശനം നടത്തുകയും പദ്ധതി ആരംഭിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്നുള്ള നികുതി വരുമാനം

92(4366) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതു മുതൽ ലഭിച്ച ജി.എസ്.ടി. നികുതി വരുമാനത്തിന്റെ കണക്കുവിവരം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.+

സംസ്ഥാനത്ത് ജി.എസ്.ടി. 2017 ജൂലൈയിലാണ് നിലവിൽ വന്നത്. ജി.എസ്.ടി. നടപ്പിലാക്കിയ ഘട്ടത്തിൽ സംസ്ഥാനം ലക്ഷ്യമിട്ടിരുന്നത് 14 ശതമാനം വാർഷിക നികുതി വളർച്ചയായിരുന്നു. സംസ്ഥാനത്തിന്റെ നികുതി പിരിവിന്റെ സിംഹഭാഗവും 14.5 ശതമാനം അല്ലെങ്കിൽ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും ജി.എസ്.ടി. നികുതി നിരക്ക് 28 ശതമാനം (CGST 14%, SGST 14%) ആയാണ് തുടക്കത്തിൽ നിശ്ചയിച്ചിരുന്നത്. എന്നാൽ ജി.എസ്.ടി. കൗൺസിൽ പിന്നീട് പല ചരക്കുകളുടെയും നികുതി നിരക്കുകൾ 18 ശതമാനം (CGST 9%, SGST 9%), 12 ശതമാനം (CGST 6%, SGST 6%) എന്നീ രീതിയിൽ കുറച്ചുകൊണ്ട് തീരുമാനം എടുത്തിരുന്നു. ഇതാണ് സംസ്ഥാനം പ്രതീക്ഷിച്ച നികുതി വരവ് സാധ്യമാകാത്തതിനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന്. കൂടാതെ, 2019-20, 2020-21 വർഷങ്ങളിലുണ്ടായ കോവിഡ് വ്യാപനം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമ്പത്തിക വ്യവസ്ഥയെ ബാധിച്ചിരുന്നു. ഇതും നികുതി വരുമാനത്തിലുണ്ടായ കുറവിന് കാരണമായി.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ഏതൊക്കെ മേഖലകളിൽ നിന്നുള്ള നികുതി വരുമാനത്തിലാണ് കുറവ് വന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുള്ളതെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; ഓരോ മേഖലയിലും ഇപ്രകാരം കുറവ് സംഭവിക്കാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് H.S.N (Harmonised System Nomenclature) പ്രകാരമാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കിയാണ് ഔട്ട്വേർഡ് സപ്ലൈസ് (B2B & B2C) രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ എച്ച്.എസ്.എൻ. കോഡ് തിരിച്ചോ വിറ്റുവരവിന്റെ കണക്കുകൾ എല്ലാ നികുതിദായകരും രേഖപ്പെടുത്തുന്നില്ല. ഈ

കാരണങ്ങളാൽ മേഖല തിരിച്ചുള്ള കൃത്യമായ കണക്കുകൾ തയ്യാറാക്കുക പ്രായോഗികമല്ല.

എന്നാൽ നികുതി ചോർച്ച തടയുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുംവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ ഇന്റലിജൻസ് വിഭാഗം വിവിധ മേഖലകളിലായി നടത്തിയ 960 ഓളം പരിശോധനകളിൽനിന്നും 1775.28 കോടി രൂപയുടെ ജി.എസ്.ടി. നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെയും ഡാറ്റാ വിശകലനത്തിന്റെയും പിൻബലത്തിൽ വൻ നികുതി വെട്ടിപ്പ് നടത്തുന്ന ഒട്ടേറെ സംഘങ്ങളെ കണ്ടെത്തി നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്.

അടയ്ക്ക, ആക്രി, പ്ലൈവുഡ് മേഖലകളിൽ വ്യാജ രജിസ്ട്രേഷൻ എടുത്ത് കോടികളുടെ വ്യാജ ഇൻപുട്ട് കൈമാറ്റം ചെയ്യുന്ന വെട്ടിപ്പുകാരെ നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ ഇന്റലിജൻസ് വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്.

ഇതുകൂടാതെ ജി.എസ്.ടി. നിയമത്തിൽ ഇ-ഇൻവോയ്സ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അഞ്ചു കോടി വരെ വാർഷിക വിറ്റുവരവുള്ള നികുതിദായകർക്ക് ഇ-ഇൻവോയ്സ് സംവിധാനം നിർബന്ധമാണ്.

പുന:സംഘടനയിൽ വകുപ്പിൽ പുതിയതായി നിലവിൽ വന്ന ഓഡിറ്റ് വിഭാഗം നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേൺ കണക്കുകൾ പരിശോധിച്ച് നികുതി ചോർച്ച കണ്ടെത്തുന്നുണ്ട്. ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സഹായിക്കുന്നുണ്ട്.

വ്യാജ ബില്ലിനെതിരെയും ബില്ല് നൽകാതിരിക്കുന്നതിനെതിരെയും ശക്തമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ നികുതിവെട്ടിപ്പ് നടത്തിയ 10 പേരെ ഇതുവരെ നികുതി വകുപ്പ് അറസ്റ്റ് ചെയ്തിട്ടുണ്ട്.

സ്വർണ്ണ വിൽപ്പനയിലൂടെ ലഭിച്ച നികുതി വരുമാനം

93(4367) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആളോഹരി സ്വർണ്ണ ഉപഭോഗത്തിൽ രാജ്യത്ത് ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്ത് ആകെ സ്വർണ്ണ വിൽപ്പനയുടെ ഇരുപത് ശതമാനത്തിനുപോലും നികുതി ഈടാക്കാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടതായ ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

സ്വർണ്ണത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ടുള്ള നികുതി സർക്കാർ ഖജനാവിലേയ്ക്ക് എത്തിക്കുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ ഇൻസ്പെക്ഷൻ, സെർച്ച് എന്നിവ നടത്തി വെട്ടിച്ച നികുതി അടപ്പിക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്വർണ്ണവുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിനായി മറ്റു ചരക്കുകളുടെ കാര്യത്തിൽ എന്നതുപോലെ സ്വർണ്ണത്തിന്റെ ചരക്കു നീക്കത്തിനും ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന ആവശ്യം കേരളം ജി.എസ്.ടി. കൗൺസിൽ മുമ്പാകെ അവതരിപ്പിച്ചതിനെ തുടർന്നാണ് സ്വർണ്ണത്തിന്റെയും മറ്റു വിലപിടിപ്പുള്ള രത്നങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള ചരക്കു

നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ജി.എസ്.ടി കൗൺസിൽ സ്വീകരിച്ചത്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും സ്വർണ്ണ വിൽപ്പനയിലൂടെ ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ജി.എസ്.ടി സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവ്വഹിച്ചിരിക്കുന്നത് HSN (Harmonised System Nomenclature) അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ എല്ലാ നികുതിദായകരും രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണ വിൽപ്പനയിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക പ്രായോഗികമല്ല.

ആയതിനാൽ സ്വർണ്ണത്തിൽ നിന്നുള്ള വരുമാനത്തിന്റെ സ്ഥിരീകരിച്ച കണക്കുകൾ പ്രത്യേകമായി വകുപ്പിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്തെ സ്വർണ്ണ കച്ചവടത്തിന് ആനുപാതികമായി നികുതി ഈടാക്കാൻ സാധിക്കാത്തതിന്റെ കാരണത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ധനകാര്യ പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഈ വിഷയത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5 ശതമാനമായിയിരുന്ന നികുതി നിരക്ക്. ജി.എസ്.ടി. നിയമം പ്രാബല്യത്തിൽ വന്നപ്പോൾ 3 ശതമാനം നികുതി മാത്രമെ ഈടാക്കാൻ സാധിക്കുകയുള്ളൂ. ഇതിന്റെ പകുതി മാത്രമെ സംസ്ഥാനത്തിന് ലഭ്യമാകുകയുള്ളൂ. സ്വർണത്തിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ടുള്ള നികുതി വെട്ടിപ്പ് ഗൗരവത്തോടെ കാണുകയും ടി വെട്ടിപ്പ് തടയുന്നതിന് ഇന്റലിജൻസ് വിഭാഗം ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിന്റെ ശക്തമായ ആവശ്യംകൂടി കണക്കിലെടുത്താണ്

50-ാമത് ജി.എസ്.ടി. കൗൺസിലിൽ HSN Chapter 71-ന് കീഴിൽ വരുന്ന സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടെയും ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പാക്കുന്നതിന് തീരുമാനിച്ചത്. ഇതനുസരിച്ച് ചട്ടം 138 F ഉൾപ്പെടുത്തിക്കൊണ്ടുള്ള ചട്ട ഭേദഗതി കേന്ദ്ര വിജ്ഞാപനം 2023 ഓഗസ്റ്റ് 4 ലെ നോട്ടിഫിക്കേഷൻ നം.38/2023 സെൻട്രൽ ടാക്സ് പ്രകാരം സി.ജി.എസ്.ടി. റൂളിലും 30-09-2023-ലെ എസ്.ആർ.ഒ. 1062/2023 പ്രകാരം എസ്.ജി.എസ്.ടി. റൂളിലും കൊണ്ടുവന്നിട്ടുണ്ട്. സംസ്ഥാനത്തു ജി.എസ്.ടി. ചട്ടം 138 F പ്രകാരം ഈ-വേ ബിൽ ബാധകമാകുന്ന കുറഞ്ഞ പരിധി രണ്ട് ലക്ഷത്തിനുമുകളിൽ എത്രയെന്നത് തീരുമാനിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ആയത് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് സ്വർണ്ണത്തിനും മറ്റു വിലപിടിപ്പുള്ള ലോഹങ്ങൾക്കും ഇ-വേ ബിൽ ബാധകമാകുന്നതാണ്. ഇതനുസരിച്ചു രജിസ്റ്റേർഡ് ടാക്സ്പെയേഴ്സ് മുഖാന്തരമുള്ള സ്വർണ്ണത്തിന്റെയും മറ്റു വില പിടിപ്പുള്ള രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പിലാകും.

ടൂറിസം മേഖലയിലെ നികുതി വരുമാനം

94(4368) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിൽ മദ്യവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ ചുമത്തുന്ന നികുതി നിരക്കുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ നിന്നും ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച നികുതി വരുമാനവും ലഭിച്ച നികുതി വരുമാനവും എത്രയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് ടൂറിസം മേഖലയിലെ മദ്യവിതരണവുമായി ബന്ധപ്പെട്ട് പ്രത്യേക നികുതി സംവിധാനങ്ങളൊന്നുംതന്നെ ഇല്ല. സംസ്ഥാനത്ത് മദ്യവിതരണവുമായി ബന്ധപ്പെട്ട് നിലവിൽ നികുതി ചുമത്തുന്നത് കേരള പൊതുവിൽപ്പന നികുതി നിയമം-1963 സെക്ഷൻ 5(1)(b) പ്രകാരമുള്ള നികുതിയാണ്. അവയുടെ നിരക്കുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

500 രൂപ മുതൽ 999 രൂപ വരെ വില വരുന്ന ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന് ഒരു ബോട്ടിലിന് 20 രൂപ നിരക്കിലും 1000 രൂപ മുതൽ മുകളിലോട്ട് വില വരുന്ന മദ്യത്തിന് ബോട്ടിലിനു 40 രൂപ നിരക്കിലും ഒരു സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള പൊതു വിൽപ്പന നികുതി നിയമം 1963 പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ 2024-25 (31 മെയ് 2024) വരെയുള്ള മദ്യവിൽപ്പനയിലൂടെ ലഭിച്ചിട്ടുള്ള നികുതി (Non GST) ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	മദ്യവിൽപ്പനയിലൂടെ ലഭിച്ചിട്ടുള്ള നികുതി (Non GST)*
2021-22	12699.67
2022-23	14843.04
2023-24	15170.82
2024-25 (Upto 31 May 2024)	1536.87

*Provisional

സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം

95(4369) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2021, 2022, 2023 വർഷങ്ങളിലെ സ്ഥിതി വിശദമാക്കാമോ; തുടർച്ചയായ വർഷങ്ങളിൽ തനത് നികുതി വരുമാനത്തിൽ വർധനവുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനത്തിൽ 2021, 2022, 2023 വർഷങ്ങളിൽ വർധനവുണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

(എ&ബി) ഉണ്ട്; വിശദാംശം ചുവടെ ചേർത്തിരിക്കുന്നു.

സാമ്പത്തിക വർഷം	സംസ്ഥാനത്തിന്റെ തനത് നികുതിയേതര വരുമാനം (തുക കോടിയിൽ)
2021-22	10462.51
2022-23	15117.96
2023-24*	16318.87

*അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം

ജി.എസ്.ടി. വകുപ്പിന്റെ നികുതി നിർണ്ണയം

96(4370) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ ടാക്സ്പേയർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് ഫയലുകൾ സ്വമേധയാ പരിശോധിച്ച് നികുതി നിർണ്ണയം നടത്താൻ അധികാരമുണ്ടോ?

ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ 08-01-2023-ലെ സർക്കുലർ നമ്പർ 5/2023, 6/2023 എന്നിവ പ്രകാരം ടാക്സ്പേയർ സർവീസസ് വിഭാഗത്തിലെ പ്രോപ്പർ ഓഫീസർമാർക്ക് നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റ് സ്റ്റേറ്റ്മെന്റുകളും സ്ക്രൂട്ടിനി നടത്താനും തുകയുടെ അടിസ്ഥാനത്തിൽ അഡ്ജൂഡിക്കേഷൻ പൂർത്തിയാക്കി നികുതി നിർണ്ണയം നടത്താനുമുള്ള അധികാരമുണ്ട്.

(ബി) നിലവിൽ കേന്ദ്രീകൃതമായി നൽകുന്ന ഫയലുകളിലുള്ള പൊരുത്തക്കേടുകൾക്കുമാത്രം നോട്ടീസ് നൽകി നികുതി നിർണ്ണയം യാന്ത്രികമായി ചെയ്യ തീർക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത രീതിക്ക് മാറ്റം വരുത്തി കേന്ദ്രീകൃതമായി നൽകുന്ന ഫയലുകൾക്ക് പുറമേ

സ്വമേധയാ ക്രമക്കേടുകൾ കണ്ടെത്തി നികുതി നിർണ്ണയം നടത്തി നഷ്ടപ്പെട്ട നികുതി തിരികെ പിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കമ്മീഷണറുടെ 08-01-2023-ലെ സർക്കുലർ നമ്പർ 5/2023, 6/2023 എന്നിവ പ്രകാരം ടാക്സ്പേയർ സർവീസസ് വിഭാഗത്തിലെ പ്രോപ്പർ ഓഫീസർമാരെ നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റ് സ്റ്റേറ്റ്മെന്റുകളും സൂക്ഷ്മനിരീക്ഷണം നടത്താനും തുകയുടെ അടിസ്ഥാനത്തിൽ അഡ്ജൂഡിക്കേഷൻ പൂർത്തിയാക്കി നികുതി നിർണ്ണയം നടത്താനും അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) പുതുതായി നിലവിൽ വന്ന ഇന്റലിജൻസ് വിഭാഗം 20 ലക്ഷം രൂപക്ക് മുകളിൽ നികുതി വെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങളെ മാത്രമേ പരിശോധനക്ക് പരിഗണിക്കാവൂ എന്ന തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ?

ഇല്ല.

(ഡി) നികുതി വെട്ടിപ്പ് പെരുകിയ സാഹചര്യത്തിൽ സംസ്ഥാന വ്യാപകമായി ഒരു സമഗ്ര പരിശോധന നടത്തി നിലവിൽ രജിസ്ട്രേഷൻ

എടുക്കേണ്ടവയായിട്ടും എടുക്കാത്ത സ്ഥാപനങ്ങളെയും വ്യക്തികളെയുംകൂടി നികുതി വലയത്തിനുള്ളിലാക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

നികുതി വെട്ടിപ്പ് തടുക്കുക എന്നത് ഒരു തുടർപ്രക്രിയയാണ്. ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തുടനീളം നിരന്തരം നടത്തിവരുന്ന ഫീൽഡ് സർവ്വേയിലൂടെയും മറ്റ് സ്രോതസ്സുകളിലൂടെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലും വാർഷിക വിറ്റുവരവ് പരിധി കഴിഞ്ഞിട്ടും രജിസ്ട്രേഷൻ എടുക്കാതെ വ്യാപാരം നടത്തുന്നവരെ കണ്ടെത്തി രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നിലവിൽ കോമ്പോസിഷൻ സ്കീമിൽ നികുതി ഒടുക്കുന്ന വിഭാഗത്തിൽ ഭൂരിഭാഗവും പ്രസ്തുത സ്കീമിന്റെ പരിധിയായ 1.5 കോടി രൂപ അധികരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഇത്തരത്തിലുള്ള വെട്ടിപ്പ് കണ്ടെത്തിയാൽ നടപടി സ്വീകരിക്കും.

(എഫ്) പഴയ നികുതി നിയമങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള 13,000 കോടി രൂപ പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

നികുതി കുടിശ്ശിക പിരിക്കുന്നത് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ഡിപ്പാർട്ട്മെന്റിന്റെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് എല്ലാ ജില്ലയിലും ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്. ടി വിഭാഗം കുടിശ്ശികകൾ പിരിക്കുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിച്ചുവരുന്നു. റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി.-ക്ക് മുൻപ് നിലവിലുണ്ടായിരുന്ന നിയമങ്ങളിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വർഷങ്ങളിൽ ആംനസ്റ്റി പദ്ധതിയും നടപ്പാക്കിയിരുന്നു. കൂടാതെ, 2024-25 വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റിൽ പുതിയൊരു ആംനസ്റ്റി പദ്ധതികൂടി പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിമാസം ജനറേറ്റ് ചെയ്യുന്ന ഇ-വേ ബില്ലുകൾ

97(4371) <u>ശ്രീ. ടി. സിദ്ദിഖ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര, സംസ്ഥാനാന്തര ചരക്ക് നീക്കങ്ങൾക്ക് പ്രതിമാസം എത്ര ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യുന്നുവെന്ന കണക്ക്

ലഭ്യമാക്കാമോ; ഇതിൽ എത്ര രൂപയുടെ ക്രയവിക്രയമാണ് നടക്കുന്നത്; 2023 ഏപ്രിൽ 1 മുതൽ 2024 മെയ് 31 വരെയുള്ള കാലയളവിലെ പ്രതിമാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആഭ്യന്തര, സംസ്ഥാനാന്തര ചരക്ക് നീക്കങ്ങളുടെ പ്രതിമാസ ഇ-വേ ബില്ലുകളുടെ ക്രയവിക്രയ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.[+] ഇ-വേ ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ള ചരക്കുകളുടെ മൂല്യത്തിൽ ജോബ് വർക്കിനായി കൊണ്ടുപോകുന്ന ചരക്കുകളും സീറോ റേറ്റഡ് ചരക്കുകളും ഉൾപ്പെടുന്നുണ്ട്.

(ബി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചരക്ക് നീക്കം നടക്കുന്ന മെയ് മാസത്തിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് പഞ്ചനക്ഷത്ര ഹോട്ടലിൽ പരിശീലന പരിപാടി നടന്ന വേളയിൽ 2024 മെയ് 20 മുതൽ 25 വരെ ആറ് ദിവസത്തേയ്ക്ക് സംസ്ഥാനത്തെ റോഡുകളിലൂടെയുള്ള ചരക്ക് നീക്കങ്ങൾ പരിശോധിക്കാൻ സ്വീകരിച്ച ബദൽ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; അതിനായി ഇറക്കിയ ഉത്തരവിന്റെ പകർപ്പ് നൽകാമോ; പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദിവസങ്ങളിൽ ബില്ലില്ലാതെ സാധനങ്ങൾ കടത്താൻ കച്ചവടക്കാർക്ക് അവസരം ഉണ്ടാക്കികൊടുത്തതാണെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ?

ടി പരിശീലന കാലയളവിൽ വാഹന പരിശോധന നടത്തി നികുതി വെട്ടിപ്പ് കണ്ടെത്തി പിഴ ഈടാക്കുന്നതിനായി സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത ദിവസങ്ങളിൽ ഇന്റലിജൻസ് വിഭാഗം 10385 വാഹന പരിശോധനകൾ നടത്തി 15352 ഇ-വേ ബിൽ പരിശോധിച്ച് നിരവധി കേസുകൾ കണ്ടെത്തുകയും ഇതിലൂടെ സർക്കാരിന് വരുമാനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ബില്ലില്ലാതെ സാധനങ്ങൾ കടത്താനുള്ള അവസരം ഉണ്ടായിട്ടില്ല. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത ദിവസങ്ങളിൽ സംസ്ഥാനത്ത് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യപ്പെട്ടത് ശരാശരിയിലും താഴെ ആണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; പഞ്ചനക്ഷത്ര ഹോട്ടലിലെ പരിശീലനം സംബന്ധിച്ചുള്ള മാധ്യമ വാർത്തകളിൽ നിന്ന് ശ്രദ്ധതിരിക്കാനാണോ ഓപ്പറേഷൻ പാംടീ എന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേരിൽ ആക്രി കച്ചവടത്തിന്റെ മറവിലുള്ള തട്ടിപ്പ് കണ്ടെത്താൻ പരിശോധന നടത്തിയതെന്ന് അറിയിക്കാമോ?

പ്രസ്തുത ദിവസങ്ങളിൽ സംസ്ഥാനത്ത് ഇ-വേ ബില്ലുകൾ ജനറേറ്റ് ചെയ്യപ്പെട്ടത് ശരാശരിയിലും താഴെ ആണെന്നത് വസ്തുതയല്ല. ഓപ്പറേഷൻ പാംട്രീ എന്ന ഇന്റലിജൻസ് പരിശോധന ദീർഘ കാലത്തെ അന്വേഷണത്തിന്റെയും വിവരശേഖരണത്തിന്റെയും അടിസ്ഥാനത്തിൽ നടത്തിയ ഒരു വലിയ ഓപ്പറേഷനാണ്. ഇതിന് മാധ്യമ വാർത്തകളുമായി യാതൊരു ബന്ധവുമില്ല. ഇതിലൂടെ വലിയ തോതിലുള്ള നികുതി വെട്ടിപ്പ് കണ്ടെത്തി നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നികുതി വെട്ടിപ്പ് നടത്തിയ രണ്ട് വ്യക്തികളെ ഇതിനകം തന്നെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

സ്വർണ്ണാഭരണ വില്പനയിലെ നികുതി വെട്ടിപ്പ്

98(4372) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വർണ്ണാഭരണ വില്പനനയിലൂടെ നികുതി ഇനത്തിൽ പ്രതിവർഷം എത്ര രൂപ ലഭിക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

എങ്കിൽ 2016 മുതൽ ലഭിച്ച നികുതി വരുമാനം എത്ര രൂപയാണെന്ന് സാമ്പത്തികവർഷം തിരിച്ച് 2016 ഏപ്രിൽ മുതൽ 2024 മാർച്ച് വരെയുള്ള കണക്ക് ലഭ്യമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിൽ ചരക്കുകളുടെയും സേവനങ്ങളുടെയും വ്യവസ്ഥാപിതമായ തരംതിരിക്കൽ നിർവഹിച്ചിരിക്കുന്നത് HSN (Harmonized System of Nomenclature), SAC (Service Accounting Code) എന്നിവയുടെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള ജി.എസ്.ടി. റിട്ടേൺ സംവിധാനത്തിൽ ഒരു നികുതിദായകൻ ടിയാൻ സപ്ലൈ ചെയ്യുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും ആകെ വിറ്റുവരവ് മൊത്തമായി കണക്കാക്കി ആണ് "ഔട്ട് വേർഡ് സപ്ലൈസ് (B2B & B2C)" രേഖപ്പെടുത്തുന്നത്. റിട്ടേണിൽ നികുതി നിരക്ക് തിരിച്ചോ HSN/SAC കോഡ് തിരിച്ചോ ഉള്ള വിറ്റുവരവിന്റെ കണക്കുകൾ ഒരു നികുതിദായകൻ രേഖപ്പെടുത്തുന്നില്ല. ഈ കാരണങ്ങളാൽ സ്വർണ്ണ വില്പനയിലൂടെ മാത്രം ലഭിച്ച നികുതി വരുമാനം കൃത്യമായി കണക്കാക്കുക

പ്രായോഗികമല്ല. ആയതിനാൽ സ്വർണ്ണത്തിൽ നിന്നുള്ള വരുമാനത്തിന്റെ സ്ഥിതീകരിച്ച കണക്കുകൾ പ്രത്യേകമായി വകുപ്പിൽ ലഭ്യമല്ല.

(ബി) വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്ക് പ്രകാരം സ്വർണ്ണത്തിന്റെ ഉപഭോഗം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളം ആണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് നടക്കുന്ന സ്വർണ്ണ വിൽപ്പനയുടെ 20 ശതമാനംപോലും നികുതി വിധേയമാകുന്നില്ലെന്നും രാജ്യത്ത് സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്ന സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണെന്നുമുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഇന്റലിജൻസിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത് സർക്കാരോ നികുതി വകുപ്പോ പരിശോധിച്ചിട്ടുണ്ടോ;

അത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്വർണ്ണാഭരണ നിർമ്മാണശാലകളുള്ളതും നികുതി വിധേയമല്ലാത്ത കച്ചവടങ്ങൾ വ്യാപകമാണെന്ന ആക്ഷേപമുള്ളതുമായ തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് സംസ്ഥാന ജി.എസ്.ടി. വകുപ്പ് എന്തെങ്കിലും പരിശോധനകൾ

നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട് എന്നറിയിക്കാമോ?

പരിശോധനകൾ നടത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ല കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന അഞ്ച് സ്വർണ്ണാഭരണശാലകളിൽ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും ഇക്കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ ഏകദേശം പത്ത് കോടിയോളം രൂപയുടെ നികുതി വെട്ടിപ്പ് കണ്ടെത്തി നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തേയ്ക്ക് കോയമ്പത്തൂർ വിമാനത്താവളം വഴി വൻതോതിൽ സ്വർണ്ണക്കള്ളക്കടത്ത് നടക്കുന്നുവെന്നും അത് റോഡ്, റെയിൽ മാർഗം തൃശ്ശൂർ എത്തുന്നതായും അവിടെനിന്നും ഈ സ്വർണ്ണം ആഭരണമാക്കി സംസ്ഥാനത്തിന്റെ വടക്കൻ ജില്ലകളിലോട്ടും തെക്കൻ ജില്ലകളിലോട്ടും വ്യാപകമായി വിപണനം നടത്തുന്നുവെന്നുമുള്ള ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

വിമാനത്താവളം വഴി സ്വർണ്ണ കള്ളക്കടത്ത് തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കസ്റ്റംസ് നിയമങ്ങൾക്ക്

കീഴിലാണുള്ളത്. ടി നിയമം ചരക്ക് സേവന നികുതി വകുപ്പല്ല നടപ്പിലാക്കുന്നത്. കേരളത്തിലെ വിൽപ്പനയുമായി ബന്ധപ്പെട്ടുള്ള നികുതിവെട്ടിപ്പ് തടുക്കുന്നതിൽ വകുപ്പ് എപ്പോഴും ബദ്ധശ്രദ്ധരാണ്.

(ഇ) സ്വർണ്ണ മേഖലയിലെ നികുതി വെട്ടിപ്പ് തടയാൻ ഇ-വേ ബില്ല് പര്യാപ്തമാണെന്ന അഭിപ്രായം സർക്കാരിനുണ്ടോ; രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബിസിനസ് ആവശ്യത്തിനുള്ള സ്വർണ്ണാഭരണങ്ങളുടെ സംസ്ഥാനാന്തര നീക്കത്തിന് ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിരുന്നോ; എങ്കിൽ എന്ന്; പ്രസ്തുത തീരുമാനത്തിലേക്ക് ജി.എസ്.ടി. കൗൺസിലിനെ നയിച്ചത് സംസ്ഥാന ധനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശ പ്രകാരമായിരുന്നോ; വ്യക്തമാക്കാമോ;

സ്വർണ്ണ മേഖലയിൽ വെട്ടിപ്പ് തടയുന്നതിന് ഇ-വേബിൽ സഹായിക്കും. രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബിസിനസ് ആവശ്യത്തിനുള്ള സ്വർണ്ണാഭരണങ്ങളുടെ സംസ്ഥാനത്തിനകത്തുള്ള നീക്കത്തിന് ഇ-വേ ബിൽ നടപ്പിലാക്കാൻ ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിട്ടുണ്ട്. 2023 ജൂലൈ 11-ന് കൂടിയ 50-ാമത് ജി.എസ്.ടി. കൗൺസിൽ യോഗമാണ്

സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള നീക്കങ്ങൾക്കു ഇ-വേ ബിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.

പ്രസ്തുത തീരുമാനത്തിലേക്ക് ജി.എസ്.ടി. കൗൺസിലിനെ നയിച്ചത് സംസ്ഥാന ധനമന്ത്രിയുടെ നേതൃത്വത്തിലുള്ള ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിന്റെ ശിപാർശ പ്രകാരമായിരുന്നു; മറ്റു ചരക്കുകളെപ്പോലെ സ്വർണ്ണത്തിന്റെ ചരക്കു നീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കണമെന്ന ആവശ്യം കേരളം ജി.എസ്.ടി. കൗൺസിലിൽ മുന്നോട്ടുവെച്ചതിനെ തുടർന്ന് മുപ്പത്തിയേഴാമത് ജി.എസ്.ടി. കൗൺസിൽ ഇത് സംബന്ധിച്ച് പഠിക്കുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി കേരള ധനകാര്യവകുപ്പ് മന്ത്രി കൺവീനറായി മന്ത്രിമാരുടെ കൂട്ടായ്മ (GOM) രൂപീകരിച്ചു. തുടർന്ന് GOM ഇക്കാര്യം ചർച്ച ചെയ്യുകയും ഇത് സംബന്ധിച്ച അന്തിമ തീരുമാനവും ചട്ടങ്ങൾ ഭേദഗതി ചെയ്യുവാനുള്ള നടപടികളും അൻപതാമത് ജി.എസ്.ടി. കൗൺസിൽ ശിപാർശ ചെയ്തു.

(എഫ്) ജി.എസ്.ടി. കൗൺസിലിന്റെ അനുമതി അനുസരിച്ചുള്ള ഇ-വേ ബിൽ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിലവിലെ ജി.എസ്.ടി. ചട്ടങ്ങളനുസരിച്ച് രണ്ടുലക്ഷം രൂപയോ അതിന് മുകളിലുള്ള തുകയോ (അത് സംസ്ഥാന, കേന്ദ്ര ജി.എസ്.ടി. അധികാരികൾ തീരുമാനിച്ച് നോട്ടിഫൈ ചെയ്യുന്നത് ഏതാണോ കൂടുതൽ അത്) ഉള്ള സ്വർണ്ണത്തിന്റെയും വിലയേറിയ രത്നങ്ങളുടേയും സംസ്ഥാനത്തിനകത്തുള്ള നീക്കങ്ങൾക്കു മാത്രമേ ഇ-വേ ബിൽ ബാധകമാകുന്നുള്ളൂ. ഇതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് എത്രയും വേഗം നടപ്പിൽ വരുത്തുന്നതിനുള്ള നോട്ടിഫിക്കേഷനുകൾ പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതിവെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ച നടപടികൾ

99(4373) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിപ്പ് തടയുന്നതിനും റിട്ടേൺ സമർപ്പിക്കുന്നതിലെ ക്രമക്കേടുകൾ കണ്ടെത്താനും ജി.എസ്.ടി. വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പ് പുന:സംഘടിപ്പിക്കുകയും ടാക്സ് പേയർ സർവ്വീസസ്, ഓഡിറ്റ് ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് എന്നീ വിഭാഗങ്ങൾ രൂപീകരിച്ചുകൊണ്ട് നികുതി ചോർച്ച ഒഴിവാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നികുതിദായകർ ഫയൽ ചെയ്യുന്ന റിട്ടേണുകളും മറ്റ് രേഖകളും സൂക്ഷ്മപരിശോധന നടത്തിയും ജി.എസ്.ടി. ബാക്ക് ഓഫീസിൽ ലഭ്യമായ റിപ്പോർട്ടുകൾ പരിശോധിച്ചും പൊരുത്തക്കേടുകൾ കണ്ടെത്തി കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം, 2017 അനുശാസിക്കുന്ന നടപടികൾ, ടാക്സ്പേയർ സർവ്വീസസ് വിഭാഗത്തിലെ ഓഫീസർമാർ സ്വീകരിച്ചുവരുന്നു.

ഓഡിറ്റ് വിഭാഗം നികുതിദായകരെ റിസ്ക് അടിസ്ഥാനത്തിൽ തരംതിരിച്ച് (പല പാരാമീറ്ററുകൾ ഉപയോഗപ്പെടുത്തി) ഓഡിറ്റിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ ഓഡിറ്റ് വിസിറ്റ് നടത്തി നികുതി അടവായിട്ടുണ്ടോ എന്ന് പരിശോധിച്ച് നികുതി ചോർച്ച ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇന്റലിജൻസ് വിഭാഗം നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെയും രഹസ്യ അന്വേഷണം, രഹസ്യ വിവരങ്ങൾ, നിരന്തരമായ ആസൂത്രണം തുടങ്ങിയവ വഴി നികുതിദായകർ സമർപ്പിക്കുന്ന റിട്ടേണുകളുടെ കൃത്യതയും പൂർണ്ണതയും പരിശോധിക്കുകയും, നികുതി വെട്ടിപ്പുകളെ സംബന്ധിച്ച സൂചനകൾ കൃത്യമായി അപഗ്രഥിച്ച് അന്വേഷണം നടത്തുകയും ആയതിലൂടെ നികുതി വെട്ടിപ്പിന്റെ വ്യാപ്തിയും ആധികാരികതയും ഉറപ്പുവരുത്തി സെർച്ച്/ഇൻസ്പെക്ഷൻ നടത്തി വെട്ടിച്ച നികുതി, പലിശയും പിഴയും ചേർത്ത് തിരിച്ചുപിടിക്കുന്നു. എൻഫോഴ്സ്മെന്റ് വിഭാഗം ചരക്ക് നീക്കങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുകയും 24 മണിക്കൂറും

പട്രോളിങ്ങ് ചെയ്ത് ചരക്ക് വാഹനങ്ങളുടെ പരിശോധനയിലൂടെ കൃത്യമായി നടപടി എടുക്കുകയും ചെയ്തുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ടെത്തിയ നികുതി വെട്ടിപ്പ് തുക എത്രയാണെന്നും ഇതിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്നും ബാക്കിയുള്ള തുക പിരിച്ചെടുക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നുമുള്ള വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് എൻഫോഴ്സ്മെന്റ് വിഭാഗം കണ്ടെത്തിയ നികുതി വെട്ടിപ്പ് സംബന്ധിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+ പിരിച്ചെടുക്കേണ്ടതായ തുക കൃത്യമായി സർക്കാരിലേക്ക് ലഭ്യമാക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരുന്നു.

ലക്കി ബിൽ പദ്ധതി

100(4374) <u>ശ്രീ. ടി. ഐ. മധുസൂദനൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നികുതി ചോർച്ച തടയുന്നതിനായി ജി.എസ്.ടി. ബിൽ ചോദിച്ച് വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ലക്കി ബിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പരിഷ്കരിച്ച് കൂടുതൽ ഗ്രണഭോക്താക്കളിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ലക്കി ബിൽ പദ്ധതിക്ക് സമാനമായി കേന്ദ്രസർക്കാർ "മേരാ ബിൽ മേരാ അധികാർ" എന്ന പദ്ധതി നിലവിൽ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരേ തരത്തിലുള്ള പദ്ധതി നടത്തുന്ന സാഹചര്യം ഉണ്ടാകുമെന്നുള്ളതുകൊണ്ട് ലക്കി ബിൽ പദ്ധതി നിലവിലെ രീതിയിൽ തന്നെ തുടരണമോ എന്നുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു.

ജി.എസ്.ടി. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്താൻ നടപടി

101(4375) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജി.എസ്.ടി. വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ടോ; എൻഫോഴ്സ്മെന്റ് പരിശോധന കുറഞ്ഞത് സംസ്ഥാനത്തിന്റെ നികുതി വരുമാന വർദ്ധനവിനെ സാരമായി ബാധിച്ചിട്ടുണ്ടോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പുനഃസംഘടനയിലൂടെ 41 ഇന്റലിജൻസ് യൂണിറ്റുകൾ, 47 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവ രൂപീകരിച്ചുകൊണ്ട് സംസ്ഥാനത്ത് നികുതി വെട്ടിപ്പ് തടയുന്നതിനായുള്ള നടപടികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതിനാൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. കൂടാതെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പരിശോധനകൾ കൂടുതൽ കാര്യക്ഷമമായി നടന്നുവരുന്നുമുണ്ട്.

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ അനാവശ്യ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി വ്യാപക പണപ്പിരിവ് നടത്തുന്നു എന്ന പരാതിയുടെ

അടിസ്ഥാനത്തിലാണോ വാഹന പരിശോധനകൾ കുറക്കാൻ തീരുമാനിച്ചത്; എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനയിലൂടെ വ്യാപകമായ സ്വർണ്ണകള്ളക്കടത്ത് പിടിക്കൂടിയിരുന്നത് ഇല്ലാതാക്കി കള്ളക്കടത്തുകാരെ സഹായിക്കാൻ വേണ്ടിയാണ് ഈ വിഭാഗത്തിന്റെ എണ്ണം കുറച്ചതെന്ന ആക്ഷേപം ശരിയാണോ; വിശദമാക്കാമോ?

അനാവശ്യ സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി വാഹനങ്ങൾ തടഞ്ഞ് പരിശോധന നടത്തി വ്യാപക പണപ്പിരിവ് നടത്തുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനയിലൂടെ വ്യാപകമായ സ്വർണ്ണകള്ളക്കടത്ത് പിടിക്കൂടിയിരുന്നത് ഇല്ലാതാക്കി കള്ളക്കടത്തുകാരെ സഹായിക്കാൻ വേണ്ടിയാണ് ഈ വിഭാഗത്തിന്റെ എണ്ണം കുറച്ചതെന്ന ആക്ഷേപം ശരിയല്ല. പുതിയ ജി.എസ്.ടി. നിയമത്തിന് അനുസൃതമായി ഏറ്റവും കാര്യക്ഷമമായി നികുതി പിരിക്കാൻ ആവശ്യമായ ഘടനയിലേയ്ക്ക് വകുപ്പ് പുനഃ സംഘടിപ്പിക്കുകയാണുണ്ടായത്.

(സി) സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട് കേന്ദ്രീകരിച്ച് അനധികൃതമായി കമ്പി, സിമന്റ്, മറ്റ് നിർമ്മാണ

സാമഗ്രികൾ എന്നിവ ബിൽ ഇല്ലാതെ കടത്തുന്നുണ്ടെന്ന ആക്ഷേപം പരിശോധിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട് കേന്ദ്രീകരിച്ച് അനധികൃതമായി കമ്പി, സിമന്റ്, മറ്റ് നിർമ്മാണ സാമഗ്രികൾ എന്നിവ ബിൽ ഇല്ലാതെ കടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം അതിർത്തി ജില്ലകളിൽ പ്രത്യേകിച്ച് പാലക്കാട്, നികുതി വെട്ടിപ്പിനെതിരെ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കൂടാതെ പ്രധാനമായി സംസ്ഥാന അതിർത്തികളിൽ 23 ANPR ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ഏതെങ്കിലും പ്രത്യേക പ്രവൃത്തി ശ്രദ്ധയിൽപ്പെടുന്നപക്ഷം ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

വിവിധ നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശിക

102(4376) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന് കീഴിൽ കാലഹരണപ്പെട്ട നികുതി നിയമങ്ങളിലേതടക്കമുള്ളവയിൽനിന്നും എത്ര കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ട്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് മുതലായവയുടെ കീഴിൽ 2023-24 സാമ്പത്തിക വർഷം 31-03-2024 വരെയുള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് പിരിഞ്ഞുകിട്ടാനുള്ളത്. ആയതിൽ, റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. ഇതിൽ 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇക്കാര്യത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഇവ ഏതൊക്കെ നികുതി നിയമപ്രകാരമുള്ളവയാണെന്നു അറിയിക്കാമോ; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്താകെ 54870 കുടിശ്ശിക അടയ്ക്കാനുള്ള കേസുകൾ ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് കുടിശ്ശിക. 2023-24 സാമ്പത്തിക വർഷം 31-03-2024 വരെയുള്ള കണക്കുകൾ പ്രകാരം 13559.45 കോടി രൂപയാണ് കുടിശ്ശികയായിട്ടുള്ളത്. ആയതിൽ റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. ഇതിൽ 5106.19 കോടി രൂപ വിവിധ അതോറിറ്റികളുടെ സ്റ്റേയിൽ ഉൾപ്പെട്ടിട്ടുള്ളതും 1568.24 കോടി രൂപ മറ്റുനടപടികളിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്.

(സി) റവന്യൂ റിക്കവറി നടപടികളിൽ കിടക്കുന്ന കേസുകൾ എത്ര; ഈയിനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ജില്ല തിരിച്ച് കേസുകളുടെ എണ്ണം നൽകാമോ; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ എന്നറിയിക്കാമോ?

റവന്യൂ റിക്കവറി, സ്റ്റേ, മറ്റുനടപടികൾ എന്നിവയിൽ ഉൾപ്പെട്ട 54870 കേസുകളുണ്ട്. ആയതിന്റെ ജില്ലാ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.+

റവന്യൂ റിക്കവറി നടപടികളിൽ ഉൾപ്പെട്ടിട്ടുള്ളത് 6885.02 കോടി രൂപയാണ്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് ഈ കുടിശ്ശിക.

(ഡി) റവന്യൂ റിക്കവറി കേസുകളിൽ എത്രയെണ്ണം തുക ഈടാക്കുന്നതിനായി റവന്യൂവകുപ്പിന് കൈമാറിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ; ഈ ഇനത്തിലുള്ള കേസുകളുടെ എണ്ണം എത്ര; ഏത് നികുതി നിയമപ്രകാരം ഉള്ളവയാണവ; ഈ ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടെന്ന് അറിയിക്കാമോ; ഇതിൽ സ്റ്റേയിലുള്ളതും അല്ലാത്തതും വേർതിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ റിക്കവറിയിൽ ഉൾപ്പെട്ട തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+ ഈ തുകയിൽ ഡിപ്പാർട്ട്മെന്റ് തലത്തിലുള്ള റവന്യൂ റിക്കവറിയും റവന്യൂ വകുപ്പിനുകീഴിലുള്ള റവന്യൂ റിക്കവറിയും ഉൾപ്പെടുന്നു.

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന ജി.എസ്.ടി. ഇതര നിയമങ്ങളായ വാറ്റ്, കെ.ജി.എസ്.ടി., അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, ലക്ഷ്വറി ടാക്സ് തുടങ്ങിയവയിൽ ഉൾപ്പെട്ടതാണ് റവന്യൂ റിക്കവറിയായ 6885.02 കോടി രൂപ. ടി തുകയിൽ സ്റ്റേ ഉൾപ്പെടുന്നില്ല.

എല്ലാ ജില്ലയിലും പ്രത്യേക വിഭാഗം (ആർ.ആർ.) രൂപീകരിച്ച് വകുപ്പ് തലത്തിലും തഹസിൽദാർ (ആർ.ആർ.) തലത്തിലും റവന്യൂ റിക്കവറി നടപടികളിലൂടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നികുതി പിരിച്ച് എടുക്കുന്നതിന് ജി.എസ്.ടി. വകുപ്പ് കാര്യക്ഷമമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റവന്യൂ റിക്കവറിയുടെ പ്രാധാന്യം കണക്കിലെടുത്ത് വകുപ്പിന്റെ പുന:സംഘടനയിൽ എല്ലാ ജില്ലയിലും ഇതിനായി പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സാലോജിക് ഈടാക്കിയ ഐ.ജി.എസ്.ടി. നികുതിക്ക് സി.എം.ആർ.എൽ. എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

103(4377) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എക്സാലോജിക് സൊല്യൂഷൻസ് ഇല്ലാത്ത സേവനങ്ങളുടെ പേരിൽ കൊച്ചിയിലുള്ള സി.എം.ആർ.എൽ. കമ്പനിയിൽനിന്നും പണം കൈപ്പറ്റുകയും പ്രസ്തുത പണത്തിന് ആനുപാതികമായി എക്സാലോജിക് ഈടാക്കിയ ഐ.ജി.എസ്.ടി. നികുതിക്ക് സി.എം.ആർ.എൽ. എടുത്ത ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിയമവിരുദ്ധമാണെന്നും അത് പലിശ സഹിതം തിരികെ പിടിക്കേണ്ടതാണെന്നും ചൂണ്ടിക്കാട്ടി സംസ്ഥാന നികുതി വകുപ്പിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ നികുതി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത വിഷയം ജി.എസ്.ടി നിയമം സെക്ഷൻ 158 ന്റെ പരിധിയിൽ വരുന്നതിനാൽ വിശദ വിവരങ്ങൾ നൽകുന്നതിന് പരിമിതിയുണ്ട്.

ഐ.ജി.എസ്.ടി. വരുമാനം

104(4378) ശ്രീ. അൻവർ സാദത്ത്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേ പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ ചരക്ക് സേവനം ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണോയെന്ന് വ്യക്തമാക്കുമോ; ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം നാളിതുവരെയുള്ള ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; ഐ.ജി.എസ്.ടി. വരുമാനത്തിൽ മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും രാജ്യത്ത് കേരളത്തിന്റെ സ്ഥാനം വ്യക്തമാക്കുമോ?

എൻ.എസ്.എസ്.ഒ. സാമ്പിൾ സർവ്വേ സംബന്ധിച്ച വിവരം വകുപ്പിൽ ലഭ്യമല്ല.

2017 ജൂലൈ മുതൽ 2024 മേയ് മാസം വരെ ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക് ഇനങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.+

(ബി) എൺപത് ശതമാനത്തോളം ഉല്പന്നങ്ങളും അന്യസംസ്ഥാനത്തുനിന്നോ വിദേശത്തുനിന്നോ എത്തുന്ന ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ആയതിന് ആനുപാതികമായി ഐ.ജി.എസ്.ടി. വരുമാനം ലഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംയോജിത ചരക്കു സേവന നികുതി നിയമം, 2017 (Integrated Goods and Services Tax Act, 2017) പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി (State Tax) അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിന്റെ അക്കൗണ്ടിലേക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൈമാറുന്നു. Goods and Services Tax Settlement of Fund Rules, 2017 എന്ന ചട്ട പ്രകാരം ഇത് നടക്കുന്നു. ഓരോ ഐ.ജി.എസ്.ടി. സപ്ലൈ നൽകുന്ന വ്യക്തിയും സ്വന്തം സംസ്ഥാനത്ത് റിട്ടേൺ ഫയൽ ചെയ്ത് നികുതി അടയ്ക്കുകയും, പ്രസ്തുത സപ്ലൈ ലഭിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താവ് റിട്ടേൺ ഫയൽ ചെയ്ത് എസ്.ജി.എസ്.ടി. ആയി അടച്ച നികുതിയുടെ ക്രെഡിറ്റ് ഉപയോഗിച്ച് എസ്.ജി.എസ്.ടി. അടയ്ക്കുകയും ചെയ്യുമ്പോൾ ഐ.ജി.എസ്.ടി. അടച്ച തുക ഉപഭോക്തൃ സംസ്ഥാനത്തിലേക്ക് സെറ്റിൽ ചെയ്യപ്പെടുന്നു.

2023-24 സാമ്പത്തിക വർഷം ജി.എസ്.ടി. വരുമാനം വർധിപ്പിക്കുന്നതിനായി ഐ.ജി.എസ്.ടി. ഐ.ടി.സി. റിവേഴ്സൽ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം നടത്തിയിരുന്നു. ഇതിനായി പ്രധാനപ്പെട്ട എല്ലാ നികുതിദായകരേയും ഇന്റലിജൻസും ടാക്സ്പെയേഴ്സ് വിങ്ങും നിരീക്ഷിച്ചു വരുന്നു. ജി.എസ്.ടി. വരുമാനം കാര്യക്ഷമമാക്കുന്നതിനായി 2023 മേയ് മാസത്തിൽ ഐ.ജി.എസ്.ടി. ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം വകുപ്പിൽ ആരംഭിച്ചു. അവർ പ്രധാന അന്തർസംസ്ഥാന നികുതിദായകരെ

നിരീക്ഷിക്കുന്നതോടൊപ്പം അവരിൽനിന്ന് സംസ്ഥാനത്തിന് ലഭ്യമാകേണ്ട ഐ.ജി.എസ്.ടി. വിഹിതത്തിന്റെ വരവും നിരീക്ഷിച്ചുവരുന്നു. കേരളം ആവശ്യപ്പെട്ടതനുസരിച്ച് പ്ലേസ് ഓഫ് സപ്ലൈ-യുടെ അടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. കൃത്യമായി കൈമാറുന്നില്ല എന്നത് പരിശോധിക്കുമെന്ന് ജി.എസ്.ടി. കൗൺസിൽ സമ്മതിച്ചിട്ടുണ്ട്.

ബാറ്ററി വില്പനയുടെ ജി.എസ്.ടി. നിരക്ക്

105(4379) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാറ്ററി വില്പനയുടെ ജി.എസ്.ടി. നിരക്ക് ഏറ്റവും ഉയർന്ന ഇരുപത്തിയെട്ട് ശതമാനം ആണെന്നിരിക്കെ ബാറ്ററി നിർമ്മാതാക്കളും ഇടനില കച്ചവടക്കാരും ഉപഭോക്താക്കളെ ചൂഷണം ചെയ്ത് ഉയർന്ന ജി.എസ്.ടി. നിരക്ക് വാങ്ങുന്നത് സംസ്ഥാന നികുതി വകുപ്പ് പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) ബാറ്ററിയുടെ എം.ആർ.പി.-യിൽ ഉയർന്ന വില കാണിക്കുകയും പഴയ സ്ക്രാപ്പ് ബാറ്ററി തിരികെ വാങ്ങുമ്പോൾ ബില്ല് നൽകുന്നത് പഴയ

ബാറ്ററിയുടെ വില കുറച്ച് ആയതിന് നികുതി ഈടാക്കുകയും ചെയ്യുന്ന രീതി സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എം.ആർ.പി. നിരക്ക് അനിയന്ത്രിതമായി രേഖപ്പെടുത്തുന്ന / ഈടാക്കുന്ന കമ്പനികൾക്കും കച്ചവടക്കാർക്കുമെതിരെ ആന്റി പ്രോഫിറ്ററി ആക്ട് അനുസരിച്ചുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകുമോ?

(എ&ബി) HSN കോഡ് ചാപ്റ്റർ 8507 ൽ ഉൾപ്പെടുന്ന Lithium-ion Batteries, Lithium-ion accumulators, Lithium-ion power bank എന്നിവയ്ക്ക് 18% നികുതിയും മറ്റുള്ള Electric accumulators, including separators therefor, whether or not rectangular (including square) other than Lithium-ion battery and other lithium ion accumulators including lithium ion power banks എന്നിവയ്ക്ക് 28% നികുതിയും ബാധകമാണ്.

സംസ്ഥാനത്ത് ബാറ്ററി വില്പനയിൽ നികുതി വെട്ടിപ്പ് നടത്തുന്നതായി കണ്ടെത്തുന്ന സ്ഥാപനങ്ങളിൽ സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഏതെങ്കിലും ചരക്കിന്റെ വില നിയന്ത്രിക്കുന്നതിന് ജി.എസ്.ടി. നിയമത്തിലൂടെ സാധിക്കില്ല. ചരക്കുസേവന നികുതിയിൽ ഇളവുകൾ പ്രഖ്യാപിക്കുമ്പോൾ അതിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായാണ് ആന്റി പൊഫിറ്ററിംഗ് അതോറിറ്റി പ്രവർത്തിക്കുന്നത്.

ചരക്ക് സേവന നികുതി വകുപ്പിൽ ആഡിറ്റ്

106(4380) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുതുതായി തുടങ്ങിയ ആഡിറ്റ് വിങ്ങിന് ആഡിറ്റ് നടത്താനായി സംസ്ഥാനം ഏതെങ്കിലും മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ പുതിയതായി തുടങ്ങിയ ഓഡിറ്റ് വിങ്ങിന് ഓഡിറ്റ് നടത്താനായി സംസ്ഥാനത്തിന്റേതായ ഓഡിറ്റ് മാന്വൽ തയാറാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) നിലവിൽ സംസ്ഥാന ജി.എസ്.റ്റി. ആഡിറ്റ് വിങ്ങ് ഏത് മാന്വൽ അനുസരിച്ചാണ് ആഡിറ്റ് നടത്തുന്നത്; ആഡിറ്റ് വിങ്ങിലെ ഉദ്യോഗസ്ഥർക്ക് ജി.എസ്.റ്റി. ആക്ട് 70-ാം വകുപ്പ് അനുസരിച്ച് വിവരശേഖരണത്തിന് അധികാരമുണ്ടോയെന്ന് വ്യക്തമാക്കുമോ?

2019-ലെ CBIC ആഡിറ്റ് മാന്വൽ പ്രകാരമാണ് ഇപ്പോൾ സംസ്ഥനത്ത് ആഡിറ്റ് നടത്തുന്നത്. ആഡിറ്റ് വിങ്ങിലെ ഉദ്യോഗസ്ഥർക്ക് ജി.എസ്.ടി നിയമം 70-ാം വകുപ്പ് അനുസരിച്ച് സമൻസ് നൽകാൻ അധികാരമില്ല. ഓഡിറ്റ് ഉദ്യോഗസ്ഥർ 65-ാം വകുപ്പ് അനുസരിച്ചുള്ള GST ADT-01 എന്ന നോട്ടീസ് ആണ് നല്കുന്നത്.

പെട്രോൾ ഡീസൽ അധിക സെസ്സ് പിൻവലിക്കുവാൻ നടപടി

107(4381) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ അധിക സെസ്സ് ഏർപ്പെടുത്തിയതിലൂടെ നാളിതുവരെ സർക്കാരിന് എത്ര രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

2023 -ലെ ധനകാര്യ നിയമ പ്രകാരം 2023 ഏപ്രിൽ 1 മുതലാണ് സംസ്ഥാനത്ത് പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ്സ് ഏർപ്പെടുത്തിയത്. ഇന്ധന വിലയോടൊപ്പം ഈടാക്കുന്ന സാമൂഹ്യ സുരക്ഷാ സെസ്സ് ഇനത്തിൽ പ്രതിവർഷം 750 കോടി രൂപ പ്രതീക്ഷിക്കുന്നു എന്നാണ് 2023-24-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563-ൽ പ്രഖ്യാപിച്ചിരുന്നത്.

2023-ലെ ധനകാര്യ നിയമ പ്രകാരം പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 2023-24 സാമ്പത്തിക വർഷത്തിൽ 954.32 കോടി രൂപയും (Provisional), 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷത്തിൽ 96.61 കോടി രൂപയും (Provisional) പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ബി) പ്രസ്തുത അധിക സെസ്സ് ഏർപ്പെടുത്തിയതിലൂടെ സർക്കാർ എന്താണ് ലക്ഷ്യം വച്ചിരുന്നതെന്നും പ്രസ്തുത ലക്ഷ്യം പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായി സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് വേണ്ടിയാണ് പെട്രോളിനും ഡീസലിനും അധിക സെസ്സ് ഏർപ്പെടുത്തിയത്. പെട്രോളിനും ഡീസലിനും സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതുവഴി 2023-24 സാമ്പത്തിക വർഷത്തിൽ 954.32 കോടി രൂപയും (Provisional), 2024-25 (2024 മേയ് 31 വരെ) സാമ്പത്തിക വർഷത്തിൽ 96.61 കോടി രൂപയും (Provisional) പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യസുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് ഒരു സാമ്പത്തിക വർഷം സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് മാത്രമെ ഉപയുക്തമാകുന്നുള്ളൂ. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ

സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമ പെൻഷനുകൾക്കുള്ള ചെലവുകൾ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽനിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനും ഫണ്ട് കണ്ടെത്തുന്നതിനുമായി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്. ഈ കമ്പനി നടത്തുന്ന താൽക്കാലിക കടമെടുപ്പ് സർക്കാരിന്റെ പൊതുകടമായി കണക്കാക്കുമെന്ന കേന്ദ്ര നിലപാട് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ട്. ആയതിനാൽ പെൻഷൻ വിതരണത്തിനാവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽനിന്നും കണ്ടെത്തേണ്ട സാഹചര്യമാണുള്ളത്. ഇത് പെൻഷൻ വിതരണത്തെ ബാധിക്കുമെങ്കിലും ക്ഷേമപെൻഷനുകൾ പരമാവധി സമയത്തുതന്നെ ലഭ്യമാക്കാൻ സർക്കാർ ശ്രമിക്കുന്നുണ്ട്.

(സി) പ്രസ്തുത അധിക സെസ്സ് പിൻവലിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കേരള പൊതുവില്പന നികുതി നിയമ പ്രകാരം ബാർ ഹോട്ടലുകൾക്കുള്ള നികുതി

108(4382) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാർ ഹോട്ടലുകളിൽ കേരള പൊതുവില്പന നികുതി നിയമം വകുപ്പ് 10 പ്രകാരം നികുതി അടയ്ക്കുന്നവ എത്രയെണ്ണമുണ്ടെന്നും, ബാർ ഹോട്ടലുകളിലെ വില്പന പരിശോധിക്കുവാൻ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്താൻ തയ്യാറാകുമോയെന്നും അറിയിക്കാമോ?

"Power of Government to grant exemption and reduction in rate of Tax" നെ സംബന്ധിച്ചുള്ളതാണ് കേരള പൊതുവില്പന നികുതി നിയമം, 1963 ലെ പത്താം വകുപ്പ്. കെ.ജി.എസ്.ടി. നിയമം, 1963 പ്രകാരം ബാർ ഹോട്ടലുകളിൽനിന്നും നികുതി ഈടാക്കുന്നത് പ്രസ്തുത നിയമത്തിന്റെ വകുപ്പ്

5, 7 എന്നിവ അനുസരിച്ചാണ്. ടി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത 923 ബാർ ഹോട്ടലുകളിൽ 41 എണ്ണം വകുപ്പ് 7 പ്രകാരം കോമ്പൗണ്ടിംഗ് നിരക്കിലും ബാക്കിയുള്ളവ വകുപ്പ് 5 പ്രകാരവും നികുതി അടച്ചുവരുന്നു. നിലവിൽ ബാർ ഹോട്ടലുകൾ കെ.ജി.എസ്.ടി. നിയമം, 1963 പ്രകാരം നികുതി ഒടുക്കുന്നില്ല എന്ന് കണ്ടെത്തുകയോ, നികുതി ഒടുക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, നികുതി പൂർണ്ണമായി അടച്ചില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് കെ.ജി.എസ്.ടി. നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കുകയും കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. തുടർന്നും നികുതി വെട്ടിപ്പ് ശ്രദ്ധയിൽപ്പെടുന്നപക്ഷം കെ.ജി.എസ്.ടി. നിയമം അനുശാസിക്കുന്ന പ്രകാരം നികുതി അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ബാർ ഹോട്ടലുകളിലെ വില്പന പരിശോധിക്കുവാൻ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ബി) പ്രസ്തുത വകുപ്പ് പ്രകാരം നികുതി ഒടുക്കാത്ത ബാറുകളിൽ നിർബന്ധിത പരിശോധന നടത്തി യഥാർഥ ലാഭശതമാനം ടേൺ ഓവർ ടാക്സിന് വിധേയമാക്കുന്ന നയം സർക്കാർ ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇല്ല. നിലവിൽ ബാർ ഹോട്ടലുകൾ വിറ്റുവരവ് കുറച്ചുകാണിച്ചിട്ടുള്ളതായി കണ്ടെത്തുകയോ, നികുതി അടയ്ക്കുന്നത് കുറഞ്ഞ നിരക്കിൽ ആണെന്ന് കണ്ടെത്തുകയോ, അടയ്ക്കേണ്ട നികുതി പൂർണ്ണമായി അടച്ചിട്ടില്ല എന്ന് കണ്ടെത്തുകയോ ചെയ്താൽ അവർക്കെതിരെ കേരള പൊതുവില്പന നികുതി നിയമം, 1963 അനുശാസിക്കുന്ന പ്രകാരമുള്ള അസസ്സ്മെന്റ് നടപടികൾ പൂർത്തീകരിക്കുകയും, കുറവ് വരുത്തിയിട്ടുള്ള നികുതി സംസ്ഥാന ഖജനാവിലേക്ക് ലഭ്യമാക്കാനുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. റിട്ടേൺ ഫയൽ ചെയ്ത് യഥാസമയം നികുതി അടയ്ക്കാത്തവർക്കുമേൽ കേരള പൊതുവില്പന നികുതി നിയമം, 1963 പ്രകാരം പെനാൽറ്റി ചുമത്തി നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, സംസ്ഥാന ജി.എസ്.ടി. ഇന്റലിജൻസ് വിഭാഗവും ഇക്കാര്യത്തിൽ വിശദമായ

പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. തുടർന്നും, റിട്ടേൺ പരിശോധനയിലൂടെയോ മറ്റു ഡിപ്പാർട്ട്മെന്റൽ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായോ ഏതെങ്കിലും ബാർ ഹോട്ടലുകൾ നിയമപ്രകാരമുള്ള നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നുവെന്ന ശ്രദ്ധയിൽപ്പെട്ടാൽ KGST, 1963 നിയമപ്രകാരമുള്ള നടപടികൾക്ക് വിധേയമാകുന്നതാണ്.

കൊണ്ടോട്ടി സബ്ട്രഷറി നവീകരണം

109(4383) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ട്രഷറികളുടെ നവീകരണം ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം എന്നിങ്ങനെ രണ്ട് മേഖലകളിലായാണ് നടത്തിവരുന്നത്.

ഭൗതിക സാഹചര്യം മെച്ചപ്പെടുത്തലുമായി ബന്ധപ്പെട്ട് വകുപ്പിൽ നടത്തിയ നവീകരണ പ്രവൃത്തികൾ

ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയുടെ ഭാഗമായി 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള തത്വത്തിൽ ഭരണാനുമതി ലഭ്യമായതിൽ മൂന്ന് ഫേസുകളിലായി, ട്രഷറി ആസ്ഥാന കാര്യാലയം ഉൾപ്പടെ 27 ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി ട്രഷറി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാലാമത്തെ ഫേസ് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ ജില്ലകളിലായി വകുപ്പിന്റെ പേരിൽ കെട്ടിടം നിർമ്മിക്കാൻ ഭൂമി ലഭ്യമായ, 22 ഇടങ്ങളിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഇ- ടെൻഡറിംഗിലൂടെ M/s. HLL Lifecare Ltd.-നെ PMC ആയി തെരഞ്ഞെടുക്കുകയും പ്രസ്തുത ഏജൻസി തയ്യാറാക്കി സമർപ്പിച്ച 18 കെട്ടിടങ്ങളുടെ DPR -ഉം പ്ലാനും നിലവിൽ പരിശോധിച്ച് വരികയുമാണ്. സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികളുടെ നവീകരണങ്ങൾക്കായി പൊതുമരാത്ത് വകുപ്പ് മുഖേന ട്രഷറി വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും പൊതുമരാത്ത് വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗിച്ചും MLA ഫണ്ട് ഉപയോഗിച്ചും നവീകരണ പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ, സർക്കാർ വകുപ്പുകളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ട്

നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി, കെട്ടിടങ്ങളുടെ റീപെയ്ന്റിങ്ങ്, ടോയ്ലെറ്റ് നിർമ്മാണം, ടോയ്ലെറ്റ് നവീകരണം, റാമ്പ് നിർമ്മാണം എന്നീ പ്രവൃത്തികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന നടത്തുകയും ചെയ്തിട്ടുണ്ട്. സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും CCTV (Closed Circuit Television) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ഒട്ടുമിക്ക ട്രഷറികളിലും ഡീസൽ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കസേര, ഫാൻ, ലൈറ്റ്, വാട്ടർ പ്യൂരിഫയർ, ഇടപാടുകാർക്ക് ഇരിപ്പിടങ്ങൾ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട വകുപ്പിൽ നടത്തിയ നവീകരണ പ്രവൃത്തികൾ

IFMS സംവിധാനം നടപ്പിലാക്കിയതോടെ ട്രഷറി ഇടപാടുകളുടെ ആധുനിക വൽക്കരണത്തിന് തുടക്കം കുറിച്ചു. IFMS സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഇടപാടുകൾ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുന്നതിനുമായി 2.5 കോടി രൂപ മുടക്കി പുതിയ സെൻട്രൽ സെർവർ

സ്ഥാപിച്ചു. കാലപ്പഴക്കം വന്ന 700 കമ്പ്യൂട്ടറുകൾ മാറ്റി പുതിയവ സ്ഥാപിച്ചു. UPS കളിൽ 841 ബാറ്ററികൾ സ്ഥാപിച്ചു. സെൻട്രലൈസ്ഡ് യൂസർ മാനേജ്മെന്റ് സംവിധാനം വകുപ്പിൽ നടപ്പിലാക്കി.

കേരള പെൻഷൻ പോർട്ടൽ, ട്രഷറി സേവിംഗ്സ് ബാങ്കിൽ കോർ ബാങ്കിംഗ്, ഇ-ടി.എസ്.ബി, ടി.എസ്.ബി ഓൺലൈൻ സംവിധാനം, ബില്ലുകളുടെ ഓൺലൈൻ സമർപ്പണം , GeM-മായുള്ള സംയോജനം, ഇ-സ്റ്റാമ്പിങ്, പെൻഷൻ റിക്കാർഡുകളുടെ ഡിജിറ്റൈസേഷൻ, ഇ-ട്രഷറി എന്നിവയും കേരളത്തെ സമ്പൂർണ ഡിജിറ്റൽ ഗവേർണൻസ് സംസ്ഥാനമാക്കുന്നതു ലക്ഷ്യമിട്ട് IFMS-നുള്ള പൊതുവായ URL, ഇ-സൈൻ, ബയോമെട്രിക് അറ്റൻഡൻസ് സിസ്റ്റം, ഇ.ടി.ആർ.5 (e.TR5), ഇ- ഓഫീസ് സംവിധാനം എന്നിവയും ട്രഷറി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് എന്നിവയ്ക്ക് സജ്ജമായ വളരെ ഉയർന്ന നിരക്കിൽ ഡിജിറ്റൽ മോഡിൽ പേയ്മെന്റും ഫണ്ട് ട്രാൻസ്ഫറും നിർവ്വഹിക്കുന്ന ട്രഷറി വകുപ്പിൽ സൈബർ സുരക്ഷാ മേഖലയിൽ വരാവുന്ന വെല്ലുവിളികളെ മറികടക്കാൻ ഉതകുന്ന പ്രതിരോധ സുരക്ഷാ സംവിധാനം

ഒരുക്കുന്നതിന്റെ ഭാഗമായി ISO 27001:2003 സർട്ടിഫിക്കേഷൻ നടപ്പിലാക്കാൻ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പിൽ സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതുമായി ബന്ധപ്പെട്ട് നടപടികളും ട്രഷറി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന ട്രഷറിയിൽ കൂടുതൽ തസ്തികകൾ അനുവദിക്കുമോ; പ്രസ്തുത ട്രഷറി നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ് ട്രഷറിയിലെ തിരക്ക് പരിഗണിച്ച് മലപ്പുറം ജില്ലാ ട്രഷറിയിൽനിന്നും ഒരു അക്കൗണ്ടന്റിനെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ടി സബ് ട്രഷറിയിൽ നിയമിച്ചിട്ടുണ്ട്. കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് എടവണ്ണപ്പാറ/പുളിക്കൽ ആസ്ഥാനമായി മറ്റൊരു സബ് ട്രഷറി സ്ഥാപിക്കുകയോ/നിലവിലുള്ള കൊണ്ടോട്ടി സബ് ട്രഷറിയിൽ കൂടുതൽ തസ്തിക സൃഷ്ടിച്ച് പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടി കൈക്കൊള്ളുകയോ ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ച് വരികയാണ്. കൂടുതൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച മറ്റ്

ശിപാർശകളൊന്നും നിലവിലില്ല. കൊണ്ടോട്ടി സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് അക്രഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേന ടോയ്ലെറ്റ് നിർമ്മാണം, ടോയ്ലെറ്റ് നവീകരണം, പെയിന്റിംഗ്, റാമ്പ് നിർമ്മാണം തുടങ്ങിയ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. രണ്ട് നിലകളിലായി സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കൊണ്ടോട്ടി സബ് ട്രഷറിയിൽ നിലവിൽ ഭൗതിക സാഹചര്യങ്ങളുടെ അഭാവമുള്ളതായി ജില്ലാ ട്രഷറി ഓഫീസർ റിപ്പോർട്ട് ചെയ്യുകയോ ട്രഷറി വകുപ്പിന് ബോധ്യപ്പെടുകയോ ചെയ്തിട്ടില്ല.

സംസ്ഥാനത്തെ ട്രഷറികളിൽ നിന്നുള്ള പണാപഹരണം

110(4384) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-മുതൽ സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്ന തട്ടിപ്പുകളുടെയും ക്രമക്കേടുകളുടെയും വിശദവിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്നിട്ടുള്ള ക്രമക്കേടുകളും തട്ടിപ്പുകളുമായി ബന്ധപ്പെട്ട് വകുപ്പുതല നടപടിക്ക്

വിധേയരായ ജീവനക്കാരുടെ വിശദാംശവും അവർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

(എ & ബി) 2016-മുതൽ സംസ്ഥാനത്തെ വിവിധ ട്രഷറികളിൽ നടന്ന തട്ടിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ട്രഷറികളിൽ നടന്ന തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളുംമൂലം സർക്കാരിന് ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

മേൽ പരാമർശിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സർക്കാരിന് ആകെ 49,28,782/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 3,54,300/- രൂപ സർക്കാർ അക്കൗണ്ടിൽ തിരികെ ഒടുക്കിയിട്ടുണ്ട്. ബാക്കി 45,74,482/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത തട്ടിപ്പുകളും സാമ്പത്തിക ക്രമക്കേടുകളും കാരണം നിക്ഷേപകർക്കോ മറ്റ് വ്യക്തികൾക്കോ ധനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽ പരാമർശിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ഇടപാടുകാർക്ക് ആകെ 33,14,492/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിൽ 16,64,500/-രൂപ ഇടപാടുകാർക്ക് ഇതിനോടകം തന്നെ തിരികെ നൽകിയിട്ടുണ്ട്. 7,85,336/-രൂപ പണാപഹരണം നടത്തിയ ജീവനക്കാരൻ സർക്കാർ അക്കൗണ്ടിൽ ടി തുക തിരികെ ഒടുക്കിയിട്ടുണ്ട്. ആയത് ഇടപാടുകാർക്ക് ഉടൻ തിരികെ നൽകുന്നതാണ്. ബാക്കി 8,82,656/- രൂപ ഇടപാടുകാർക്ക് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ജീവനക്കാർ നടത്തിയതായ പണാപഹരണ കേസുകളിൽ അപഹരിപ്പെട്ടതായ തുക പ്രസ്തുത ജീവനക്കാരിൽനിന്നും തിരിച്ചുപിടിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ട്രഷറി ജീവനക്കാർ ക്രമക്കേട് നടത്തി അപഹരിച്ച തുകയിൽ 26,64,136/-രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. അതോടൊപ്പം 5,49,403/-രൂപ ക്രമക്കേട് നടത്തിയ ജീവനക്കാരനിൽനിന്നും പിഴപ്പലിശയിനത്തിൽ ഈടാക്കി സർക്കാർ അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്.

(എഫ്) സംസ്ഥാനത്തെ ട്രഷറികളിൽ ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ട്രഷറികളിൽ ഓൺലൈൻ ബാങ്കിംഗ് സംവിധാനം ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട് ട്രഷറികളിൽ TSB/PTSB എന്നീ വ്യക്തിഗത ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ട്/അക്കൗണ്ടുകൾ നിലവിലുള്ളതും KYC-യിൽ ആധാർ നമ്പർ, മൊബൈൽ നമ്പർ എന്നിവ ചേർത്തിട്ടുള്ളതുമായ എല്ലാ വ്യക്തികൾക്കും ഓൺലൈൻ ബാങ്കിംഗ് രജിസ്ട്രേഷന് ആരംഭിക്കാവുന്നതും തുടർന്ന് രജിസ്ട്രേഡ് മൊബൈൽ ഫോണിൽ ലഭ്യമാകുന്ന പാസ്സ്വേർഡ് ഉപയോഗിച്ച് ടി വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ട്രഷറി ഓൺലൈൻ ബാങ്കിംഗ് ട്രാൻസാക്ഷനുകൾ നടത്താവുന്നതുമാണ്.

വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്

111(4385) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മാർച്ച് 31-ന് സംസ്ഥാന ട്രഷറിയുടെ വെയ്സ് ആൻഡ് മീൻസ്-ന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2024 മാർച്ച് 31 –ന് സംസ്ഥാന ട്രഷറിയിലെ നീക്കിയിരുപ്പ് 4053.26 കോടി രൂപ ആയിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ട്രഷറി എത്ര ദിവസം വെയ്സ് ആൻഡ് മീൻസ് അഡ്വാൻസിലായിരുന്നുവെന്നും എത്ര ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

അക്കൗണ്ട്സ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 മുതൽ 2022-23 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ വെയ്സ് ആൻഡ് മീൻസ് അഡ്വാൻസ്/ എസ്.ഡി.എഫ്./ ഓവർഡ്രാഫ്റ്റ് സൗകര്യം പ്രയോജനപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വിവിധ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ഭാഗമായി കരാറുകാർക്ക് 2024 ജൂൺ 30 വരെ കൊടുത്ത് തീർക്കാനുള്ള തുക എത്രയാണെന്ന കണക്ക് ലഭ്യമാക്കുമോ?

പൊതുമരാമത്ത്, ജലവിഭവം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിലെ കരാറുകാരുടെ ബില്ലുകൾ സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും കൃത്യമായ സമയക്രമം നിശ്ചയിച്ചുമാണ് തീർപ്പാക്കിവരുന്നത്. ഇപ്രകാരം ബില്ലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ അധിക തുക അനുവദിച്ച് നിശ്ചിത സമയത്ത് ബില്ലുകൾ തീർപ്പാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 2023 ഒക്ടോബർ മാസം വരെയും ജലവിഭവ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളിൽ 2024 ഫെബ്രുവരി മാസം വരെയുമുള്ള ബില്ലുകളുടെ തുക നൽകിയിട്ടുണ്ട്. കൂടാതെ കരാറുകാരുടെ ബില്ലുകൾക്ക് ബി.ഡി.എസ്. സംവിധാനവും നിലവിലുണ്ട്.

ട്രഷറി സംവിധാനം കാര്യക്ഷമമാക്കാൻ നടപടി

112(4386) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം സബ് ട്രഷറിയിൽ ജീവനക്കാർ വ്യാജ ചെക്കുകൾ ഉപയോഗിച്ച് പതിനെട്ട് ലക്ഷത്തോളം രൂപ തട്ടിയെടുത്ത സംഭവത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ മറ്റു ട്രഷറികളിൽ സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുമോ?

കഴക്കൂട്ടം സബ് ട്രഷറിയിൽ സംഭവിച്ചിട്ടുള്ള സാമ്പത്തിക ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ മറ്റു ട്രഷറികളിൽ സമാനമായ ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് അന്വേഷണം നടത്തുന്നതാണ്.

(ബി) ട്രഷറി സംവിധാനത്തിന്റെ വിശ്വാസ്യത ഇല്ലാതാക്കുന്ന ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

1. ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേക്കായി ബില്ല്/ചെക്ക് എന്നിവ ട്രഷറി തലത്തിൽ സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷനുകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

2. ജീവനക്കാർ വിരമിച്ചാലോ ലീവിൽ പ്രവേശിച്ചാലോ എൽ.പി.ആർ.-ൽ പ്രവേശിച്ചാലോ വി.ആർ.എസ് എടുത്താലോ അവരുടെ യൂസർ ഐ.ഡി.-യും പാസ്സ്വേഡും സ്വയം നിർജ്ജീവമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സസ്പെൻഷൻ ആകുന്ന ജീവനക്കാരെ Offboard ചെയ്യുന്നത് ട്രഷറി ഡയറക്ടറേറ്റിലെ വിജിലൻസ് പരിശോധിക്കുന്നുണ്ട്.

3. വകുപ്പിലെ ജീവനക്കാർക്ക് ഓഫീസിൽ ഹാജരായി ബയോമെട്രിക്ക് പഞ്ചിംഗ് ചെയ്യുന്നതിലൂടെ ലഭിക്കുന്ന OTP-യും Password-ഉം മൾട്ടി-ഫാക്ടർ ഓതന്റിഫിക്കേഷൻ എന്നിവ ഉപയോഗിച്ച് മാത്രമേ ട്രഷറി കമ്പ്യൂട്ടർ ആപ്ലിക്കേഷനുകളിൽ ലോഗിൻ ചെയ്യാൻ സാധിക്കുകയുള്ളൂ.

4. ഓരോ ട്രഷറി ജീവനക്കാർക്കും അനുവദിച്ചിട്ടുള്ള IP ഉപയോഗിച്ചുകൊണ്ട് അതേ IP Bind ചെയ്തിട്ടുള്ള കമ്പ്യൂട്ടറിലൂടെ മാത്രമേ ട്രാൻസാക്ഷനുകൾ നടത്താൻ സാധിക്കുകയുള്ളൂ.

5. സൈബർ സുരക്ഷ മുൻനിർത്തി എല്ലാ ട്രഷറി ആപ്ലിക്കേഷനുകളും ദേശീയ ഏജൻസിയായ STQC മുഖേന സെക്യൂരിറ്റി ഓഡിറ്റ് നടത്തിയിട്ടുള്ളതും അവയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് വീണ്ടും സെക്യൂരിറ്റി

ഓഡിറ്റ് നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. അതോടൊപ്പം എല്ലാ ആപ്ലിക്കേഷനുകളുടെയും Functional Audit നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. എല്ലാ ട്രഷറി ഇൻറർനെറ്റ് അധിഷ്ഠിത വെബ്സൈറ്റുകളിലും സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി SSL(Secure Sockets Layer) സർട്ടിഫിക്കറ്റുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആയവ കാലാവധി കഴിയുന്ന മുറയ്ക്ക് പുതുക്കിവരുന്നു.

7. ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക രേഖകൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ട്രഷറി ആപ്ലിക്കേഷനുകളിലേക്കുള്ള പ്രവേശനം SPARK-ൽ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് നൽകി വരുന്നത്.

8. ISO 27001:2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ട്രഷറികളിലും CCTV ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ക്യാമറകൾ സ്ഥാപിച്ചതിലൂടെ ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിച്ച് നിരീക്ഷണ ഫൂട്ടേജുകളുടെ സംഭരണവും മാനേജ്മെന്റും കൂടുതൽ കാര്യക്ഷമവും

സൗകര്യപ്രദവുമായി നിർവ്വഹിക്കാൻ കഴിയുന്നു. ക്രമക്കേടുകൾ കൃത്യമായി കണ്ടെത്തുന്നതിനും സംശയിക്കുന്നവരെ കൂടുതൽ എളുപ്പത്തിലും വേഗതയിലും കൃത്യതയിലും തിരിച്ചറിയുന്നതിനും ക്യാമറയുടെ കൃത്യമായ ഉപയോഗത്തിലൂടെ സാധ്യമാകുന്നുണ്ട്.

9. ഓൺലൈൻ ഇടപാടുകളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ഇടപാടുകാരുടെ പാസ്സ്വേർഡ് നിശ്ചിത ഇടവേളകളിൽ നിർബന്ധിതമായിമാറ്റുന്നതിനുള്ള സംവിധാനം tsbonline.kerala.gov.in എന്ന വെബ് സൈറ്റിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന സംവിധാനങ്ങൾകൂടി പുതുതായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

1. ട്രഷറി അക്കൗണ്ടിൽ നിന്നും പണം പിൻവലിക്കപ്പെടുമ്പോൾ അക്കൗണ്ട് ഉടമയുടെ രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനം നടപ്പിൽ വരുത്തിയിട്ടുണ്ട്.

2 ട്രഷറി അക്കൗണ്ടുടമകളുടെ പേരിൽ ചെക്ക് ബുക്ക് നൽകുമ്പോഴും രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനത്തിന്റെ ടെസ്റ്റിംഗ് നടന്നുകൊണ്ടിരിക്കുന്നു.

3. ഓൺലൈൻ ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി eKYC സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

4. ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. അക്കൗണ്ടുടമ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് (Messenger) ചെക്ക് ബുക്ക് നൽകുന്ന പ്രവണത ഒഴിവാക്കുകയും അക്കൗണ്ടുടമയുടെ പേരിൽ ആയത് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പോസ്റ്റൽ അധികാരികളുമായി പ്രാഥമിക ചർച്ച നടത്തിയിട്ടുള്ളതാണ്.

(സി) പ്രസ്തുത സംഭവത്തിന്റെ അടിസ്ഥാനത്തിൽ ട്രഷറി സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ നടപ്പിലാക്കിയ പദ്ധതികൾ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കഴക്കൂട്ടം സംഭവത്തിന് മുൻപും ശേഷവും മേൽപ്രകാരം നടപ്പിലാക്കിയിട്ടുള്ള /ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ/ സെക്യൂരിറ്റി സംവിധാനങ്ങൾ ട്രഷറി സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിക്കാൻ ഫലപ്രദമായവയാണ്. ട്രഷറി അക്കൗണ്ടുടമകളുടെ പേരിൽ ചെക്ക് ബുക്ക് നൽകുമ്പോഴും രജിസ്റ്റേർഡ് ഫോൺ നമ്പറിലേക്ക് SMS ലഭ്യമാകുന്ന സംവിധാനം ഏർപ്പെടുത്തുന്നതും ഓൺലൈൻ ഇടപാടുകൾ നടക്കുന്ന അക്കൗണ്ടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി e-KYC സംവിധാനം നടപ്പിലാക്കുന്നതും ആറ് മാസം ഇടപാടുകൾ നടത്താത്ത അക്കൗണ്ടുകൾ താൽക്കാലികമായി മരവിപ്പിക്കുന്നതും അക്കൗണ്ടുടമ ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് (Messenger) ചെക്ക് ബുക്ക് നൽകുന്ന പ്രവണത ഒഴിവാക്കുന്നതും അക്കൗണ്ടുടമയുടെ പേരിൽ ആയത് രജിസ്റ്റേർഡ് തപാലിൽ അയച്ചുകൊടുക്കുന്ന വ്യവസ്ഥയും ഏർപ്പെടുത്തുന്നതാണ്.

കേരള ലോട്ടറിയുടെ സബ് ഓഫീസ്

113(4387) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിൽ കേരള ലോട്ടറിയുടെ സബ് ഓഫീസ് തുടങ്ങുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസ് സമയബന്ധിതമായി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിൽ കേരള ലോട്ടറിയുടെ സബ് ഓഫീസ് തുടങ്ങുന്ന കാര്യം നിലവിൽ സർക്കാർ പരിഗണനയിലില്ല.

വ്യാജ ലോട്ടറി ടിക്കറ്റ് വില്പന തടയുന്നതിന് നടപടി

114(4388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വ്യാജലോട്ടറി ടിക്കറ്റ് വിറ്റഴിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത്

തടയുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉണ്ട്. കാലാകാലങ്ങളിൽ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിക്കുകയും, ചട്ടങ്ങൾ പ്രകാരം മാത്രമേ ടിക്കറ്റ് വിൽപ്പന നടത്താൻ പാടുള്ളൂവെന്ന കർശന നിർദ്ദേശം ഏജന്റുമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വ്യാജ ലോട്ടറി വിപണനത്തിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ഇത്തരം വിപണനം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ അവ പോലീസിന് കൈമാറുകയും ജില്ലാ തല മോണിട്ടറിംഗ് സമിതികളിൽ ഇവ സംബന്ധിച്ച് ചർച്ച ചെയ്യുകയും ഇത്തരം വിപണനം അമർച്ച ചെയ്യുന്നതിലേയ്ക്കായി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വ്യാജ ലോട്ടറി വ്യാപാരത്തിനെതിരെ കർശന നടപടി അഭ്യർത്ഥിച്ചുകൊണ്ട് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ 20-07-2023, 10-08-2023 എന്നീ തീയതിയിൽ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കത്ത് നൽകിയിട്ടുമുണ്ട്. ഇത്തരം തട്ടിപ്പുകളിൽപ്പെട്ട് പൊതുജനം

വഞ്ചിക്കപ്പെടാതിരിക്കാൻ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി സന്ദേശങ്ങൾ നൽകുകയും, സംസ്ഥാനത്തുടനീളം ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു. നിയമ വിരുദ്ധ ലോട്ടറി വ്യാപാരങ്ങൾക്കെതിരെ ലഭ്യമായ 87 പരാതികളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനായി ADGP (ക്രമസമാധാനം), സൈബർ സെല്ലിന് കൈമാറിയിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യാജലോട്ടറി വിൽപ്പന സംബന്ധിച്ച് സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സമ്മാനാർഹമായ ടിക്കറ്റുകൾക്ക് പകരം വ്യാജ ടിക്കറ്റ് ഹാജരാക്കിയത് സംബന്ധിച്ച് എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യാജലോട്ടറി വില്പന സംബന്ധിച്ച് സംസ്ഥാനത്ത് 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ സമ്മാനാർഹമായ ടിക്കറ്റുകൾക്ക് പകരം വ്യജ ടിക്കറ്റ് ഹാജരാക്കിയത് സംബന്ധിച്ച് 65 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ടിക്കറ്റുകൾ പരിശോധിച്ച് വ്യാജമല്ല എന്ന് ഉറപ്പാക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ സമ്മാനത്തുകയുടെ വിതരണം നീണ്ടുപോവുകയും ലോട്ടറി കച്ചവടത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇക്കാര്യത്തിൽ അടിയന്തര പരിഹാര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഭാഗ്യക്കുറി വകുപ്പിൽ സമ്മാന വിതണത്തിനായി ഹാജരാക്കുന്ന ടിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷമാണ് സമ്മാന വിതരണം നടത്തുന്നത്. സമ്മാന വിതരണത്തിനായി ഹാജരാക്കുന്ന ഭാഗ്യക്കുറി ടിക്കറ്റുകളിൽ QR CODE സ്കാൻ ആകാത്ത ടിക്കറ്റുകളുടെ ആധികാരികത യഥാസമയം വകുപ്പിന്റെ സെക്യൂരിറ്റി ലാബിൽ പരിശോധനയ്ക്ക് വിധേയമാക്കി ആധികാരികത ഉറപ്പുവരുത്തിയതിനുശേഷം സമയബന്ധിതമായി സമ്മാനം വിതരണം ചെയ്യുന്നു. ആയതിനാൽ ഇത് ഭാഗ്യക്കുറി വില്പനയെ പ്രതികൂലമായി ബാധിക്കപ്പെടുന്നില്ല.

കാരുണ്യ ലോട്ടറിയിലൂടെ ലഭിച്ച തുകയുടെ വിശദാംശം

115(4389) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് കാരുണ്യ ലോട്ടറിയിലൂടെ എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത തുക എന്താവശ്യത്തിനാണ് വിനിയോഗിക്കുന്നതെന്നും വിനിയോഗിച്ച തുക എത്രയെന്നും വർഷം തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ഭാഗ്യക്കുറിയുടെ വിറ്റുവരവിലൂടെ സമാഹരിച്ച തുക യുടെ സാമ്പത്തിക വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	**വിറ്റു വരവ് (തുക കോടിയിൽ)**
2021-22	1003.42
2022-23	1710.24
2023-24	1746.11
ആകെ	**4459.77**

എല്ലാ ഭാഗ്യക്കുറികളിൽ നിന്നുമുള്ള വിറ്റുവരവ് സംസ്ഥാനത്തിന്റെ പൊതു ഖജനാവിലേയ്ക്ക് ഒടുക്കുകയാണ് ചെയ്യാറുള്ളത്.

സെൻറർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ ഓഡിറ്റ്

116(4390) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-02-2009-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 67/2009/ഉന്നത വിദ്യാഭ്യാസം പ്രകാരം സെൻറർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ (സി.സി.ഇ.കെ.) ഓഡിറ്റിന് ചുമതലപ്പെടുത്തിയിരുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പ് സി.സി.ഇ.കെ.-യുടെ ഏത് സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റാണ് പൂർത്തിയാക്കിയത്; വ്യക്തമാക്കാമോ?

സെൻറർ ഫോർ കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ കേരളയുടെ (സി.സി.ഇ.കെ) 2009-10 സാമ്പത്തിക വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഏത് സാമ്പത്തിക വർഷം വരെയുള്ള കണക്കുകളാണ് സി.സി.ഇ.കെ. ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്; അറിയിക്കാമോ?

2009-10 വരെയുള്ള വാർഷികകണക്കുകൾ ആണ് സി.സി.ഇ.കെ. ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളത്.

(സി) സി.സി.ഇ.കെ.-യുടെ വാർഷിക കണക്കുകൾ ലഭ്യമാക്കുന്നതിനും ഓഡിറ്റ് നിർവ്വഹിക്കുന്നതിനും സംസ്ഥാന ഓഡിറ്റ് വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

2010-11 മുതലുള്ള വാർഷിക കണക്കുകളും അനുബന്ധ രേഖകളും ആവശ്യപ്പെട്ടുകൊണ്ട് നിരവധിതവണ കേരള ഓഡിറ്റ് വകുപ്പ് ഡയറക്ടർ CCEK ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. നിക്ഷേപങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ

117(4391) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിലെ വിവിധ വിഭാഗങ്ങളിൽപ്പെട്ടവരുടെ നിക്ഷേപങ്ങൾക്ക് കെ.എസ്.എഫ്.ഇ. നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ;

(ബി) മുതിർന്ന പൗരന്മാർ, സ്ത്രീകൾ എന്നിവരുടെ സ്ഥിര നിക്ഷേപങ്ങൾക്ക് നൽകുന്ന പ്രത്യേക ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

(എ & ബി) 60 വയസ്സ് പൂർത്തിയാക്കിയ മുതിർന്ന പൗരന്മാർക്ക് ഉയർന്ന പ്രതിവർഷ പലിശ നിരക്കോടെ (8.75%) "വന്ദനം" എന്ന പേരിൽ സ്ഥിര നിക്ഷേപ പദ്ധതി നടപ്പാക്കിവരുന്നു. സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങളോടെയുള്ള സ്ഥിര നിക്ഷേപ പദ്ധതികൾ കെ.എസ്.എഫ്.ഇ.-യിൽ നിലവിലില്ല.

(സി) കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

കുട്ടികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് കെ.എസ്.എഫ്.ഇ. ഇപ്പോൾ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്

118(4392) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് എന്നാണ് സ്ഥാപിതമായത്; ഇത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

രാജഭരണത്തിന് കീഴിൽ തിരുവിതാംകൂർ നാട്ടുരാജ്യത്തിൽ 19-ാം നൂറ്റാണ്ടിലാണ് ഇൻഷ്വറൻസ് വകുപ്പ് സ്ഥാപിതമായത്. 1956-ൽ ലൈഫ് ഇൻഷ്വറൻസ് മേഖലയിലെ ദേശസാൽകരണത്തെ തുടർന്ന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കിവന്നിരുന്ന സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി (പബ്ലിക് ബ്രാഞ്ച്) LIC-യിൽ ലയിക്കുകയും ജീവനക്കാർക്കുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസി (ഒഫീഷ്യൽ ബ്രാഞ്ച്) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിലനിർത്തുകയും ചെയ്തു.

ആദ്യകാലത്ത് നിർബന്ധിതമല്ലാതിരുന്ന പ്രസ്തുത പദ്ധതിയാണ് 19-08-1976-ലെ ജി.ഒ. (പി) 257/76/ധന. നമ്പർ ഉത്തരവ് പ്രകാരം പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും നിർബന്ധിതമാക്കിക്കൊണ്ട് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയായി മാറിയത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) എസ്.എൽ.ഐ. അംഗത്വമെടുക്കുന്നതുകൊണ്ട് ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എസ്.എൽ.ഐ. പദ്ധതിയിൽ അംഗമാകുമ്പോൾ പോളിസി ഉടമയ്ക്ക് ലഭിക്കുന്ന പോളിസി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള സുനിശ്ചിത വാശത്ത തുകയും (Sum Assured) ഒടുക്കിയ പ്രീമിയത്തിൻമേലുള്ള ബോണസും ചേർന്ന തുകയാണ് പോളിസി കാലാവധി പൂർത്തിയാകുമ്പോൾ ലഭ്യമാകുന്നത്. പോളിസി കാലയളവിൽ പോളിസി ഉടമ മരണപ്പെടുകയാണെങ്കിൽ സുനിശ്ചിത വാശത്ത തുകയോടൊപ്പം അതുവരെ ആർജിച്ച ബോണസും ചേർന്ന തുകയാണ് അവകാശിക്ക് ആനുകൂല്യമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്നത്. അതോടൊപ്പം മൂന്നു വർഷം പൂർത്തിയായ റദ്ദാകാത്ത പോളിസിയിൻമേൽ വായ്പ എടുക്കുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. എസ്.എൽ.ഐ. പോളിസി ചട്ടങ്ങൾ സംബന്ധിച്ച 16-11-1988-ലെ ജി.ഒ.(പി) 840/88/ധന നമ്പരായുള്ള അടിസ്ഥാന ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(സി) സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് വകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാക്കിയിട്ടില്ല. നിലവിൽ സർക്കാർ അനുമതിയോട് കൂടി വകുപ്പ് സ്വന്തമായി തയ്യാറാക്കിയിട്ടുള്ള "ASWAS' Software ഉപയോഗിച്ച് വിവിധ പദ്ധതികളിലെ ക്ലെയിം തീർപ്പാക്കൽ/പോളിസി നൽകൽ എന്നിവ നിർവ്വഹിച്ച് വരുന്നു. വകുപ്പിൽ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പാകുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ജീവനക്കാരൻ റിട്ടയർ ചെയ്യുന്ന സമയത്ത് തന്റെ എസ്.എൽ.ഐ. പാസ്ബുക്ക്/പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ ജീവനക്കാരൻ അടച്ച തുക തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്; വ്യക്തമാക്കാമോ?

ജീവനക്കാർ വിരമിക്കുന്ന സമയത്ത് എസ്.എൽ.ഐ. പോളിസി സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ 500/- രൂപ മുദ്രപത്രത്തിൽ indemnity Bond ഫയൽ ചെയ്ത് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷക്കൂടി സമർപ്പിക്കേണ്ടതാണ്. പാസ്ബുക്ക് നഷ്ടപ്പെട്ടാൽ പാസ്സ്ബുക്കിന്റെ മാതൃകയിലുള്ള പട്ടികയിൽ പ്രീമിയം അടവ് വിവരങ്ങൾ രേഖപ്പെടുത്തി ഡി.ഡി.ഒ. സാക്ഷ്യപ്പെടുത്തി നൽകുകയോ/സ്പാർക്ക് വഴി ലഭ്യമാകുന്ന deduction statement സാക്ഷ്യപ്പെടുത്തി സമർപ്പിക്കുകയോ ചെയ്യുന്ന മുറയ്ക്ക് പോളിസിയിന്മേലുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം

119(4393) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന് കീഴിലുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം നിലവിൽ വന്നത് എന്നാണ്; ആയത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

09-08-1984 -ലെ സർക്കാർ ഉത്തരവ് നം.G.O.(P)392/84/Fin. പ്രകാരം ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം 01-09-1984-മുതലാണ് നിലവിൽ വന്നത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.+

(ബി) ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം അംഗത്വമെടുക്കുന്നതുകൊണ്ട് ഒരു സർക്കാർ ജീവനക്കാരന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ജി.ഐ.എസ് പദ്ധതിയിൽ ജീവനക്കാർ ഒടുക്കുന്ന തുകയുടെ 70% സേവിംഗ്സ് ഫണ്ടിലും 30% ഇൻഷ്വറൻസ് ഫണ്ടിലുമാണ് നീക്കി വയ്ക്കുന്നത്. സേവനത്തിൽ നിന്നും വിരമിക്കുന്നവർക്ക് സേവിംഗ്സ് ഫണ്ടിൽ ഒടുക്കിയ തുകയും ടി തുകയ്ക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പാദവാർഷിക കൂട്ടുപലിശ (നിലവിൽ 8%) ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് ലഭ്യമാക്കുന്നത്. സേവനത്തിലിരിക്കെ മരണപ്പെടുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാർക്ക് പരിരക്ഷ 2019 വരെ 10/-രൂപയ്ക്ക് 10,000/- (പതിനായിരം രൂപ) രൂപ എന്ന ക്രമത്തിൽ ഇൻഷ്വറൻസ് ഫണ്ടായും മരണം വരെ സേവിംഗ്സ് ഫണ്ടിൽ ഒടുക്കിയ തുകയും ടി തുകയ്ക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന പാദവാർഷിക കൂട്ടുപലിശയും (നിലവിൽ 8%) ഉൾപ്പെടെയുള്ള തുക ആനുകൂല്യമായി ലഭിക്കുന്നു. 13-02-2019-ലെ സ.ഉ. (അച്ചടി) നം. 10/2019/ധന പ്രകാരം 2019 മുതൽ മരണപ്പെടുന്ന ജീവനക്കാരുടെ ഇൻഷ്വറൻസ് പരിരക്ഷ യൂണിറ്റ് 1-ന് 20,000/- രൂപ (ഇരുപതിനായിരം രൂപ) എന്ന നിരക്കിൽ ഇൻഷ്വറൻസ് ഫണ്ടിൽ നിന്നുള്ള ആനുകൂല്യം ഉയർത്തിയിട്ടുണ്ട്.

(സി) ജി.ഐ.എസ്. പൂർണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാർ അടച്ച തുകയുടെ വിവരങ്ങൾ പ്രിന്റ് ഔട്ട് രൂപത്തിൽ ലഭിക്കുമോ; വ്യക്തമാക്കാമോ?

ജി.ഐ.എസ് പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടില്ല. ആയതിനാൽ അടച്ച പ്രീമിയം വിവരങ്ങൾ പ്രിന്റ് ഔട്ട് രൂപത്തിൽ നിലവിൽ ലഭ്യമല്ല. കമ്പ്യൂട്ടർവൽക്കരണ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ജീവനക്കാരൻ റിട്ടയർ ചെയ്യുന്ന സമയത്ത് തന്റെ ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം പാസ്ബുക്ക്/സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയാണെങ്കിൽ ജീവനക്കാരൻ അടച്ച തുക തിരികെ ലഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കേണ്ടത്; വ്യക്തമാക്കാമോ?

സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് നടപ്പാക്കിവരുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പാസ് ബുക്ക് മാത്രമാണുള്ളത്. പാസ് ബുക്ക് നഷ്ടപ്പെടുകയാണെങ്കിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ജീവനക്കാരന്റെ ശമ്പളത്തിൽനിന്നും കിഴിവ് നടത്തിയ തുകയുടെ വിശദാംശങ്ങളുടെ ഒരു സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഡ്രോയിംഗ് ആന്റ് ഡിസ്ബേർസിംഗ് ഓഫീസർ സാക്ഷ്യപ്പെടുത്തി അനുബന്ധ രേഖകൾക്കൊപ്പം നൽകിയാൽ ആനുകൂല്യം ലഭ്യമാകും. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പോളിസി സർട്ടിഫിക്കറ്റ് ഇല്ല.

(ഇ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് പൊതുജനങ്ങൾക്ക് സേവനങ്ങൾ എന്തെങ്കിലും നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുജനങ്ങൾക്ക് നേരിട്ട് സേവനം നൽകുന്ന ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കിവരുന്നില്ല.

(എഫ്) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനിന്നും സർക്കാർ ജീവനക്കാർക്ക് ഏതൊക്കെ തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷയാണ് ലഭ്യമാക്കുന്നത്; സർക്കാർ ജീവനക്കാർക്ക് നൽകുന്ന ഇൻഷ്വറൻസിന് പുറമേ സർക്കാർ കെട്ടിടങ്ങൾക്കും വാഹനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സർക്കാർ ജീവനക്കാർക്കായി സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് (എസ്.എൽ.ഐ), ഗ്രൂപ്പ് ഇൻഷ്വറൻസ്, ജീവൻരക്ഷ (ജി.പി.എ.ഐ.എസ്.) എന്നീ ഇൻഷ്വറൻസ് പദ്ധതികൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പിലാക്കി വരുന്നുണ്ട്. 18-04-2000-ലെ G.O(P) No.819/2000/Fin സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ വാഹനങ്ങൾക്ക് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

120(4394) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനും ജില്ലകളിൽ ഓഫീസ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വിലാസവും ഫോൺ നമ്പറും സഹിതം അറിയിക്കാമോ?

ഉണ്ട്. 27-06-2022 -ലെ GO (P) നം.76/2022/ധന. സർക്കാർ ഉത്തരവ് പ്രകാരം മെഡിസെപ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ നൽകുന്നതിനും അവ പരിഹരിക്കുന്നതിനും ജില്ലകളിലെ ജില്ലാ കളക്ടർ കൺവീനറായ ജില്ലാതല പരാതി പരിഹാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മെഡിസെപ് ക്ലെയിമുമായി ബന്ധപ്പെട്ട പരാതികൾ മെഡിസെപ് പോർട്ടലിലൂടെ ഓൺലൈനായാണ് സമർപ്പിക്കേണ്ടത് .

ആയതിനാൽ വിലാസവും ഫോൺ നമ്പരും നൽകുന്നത് അപ്രായോഗികമാണ് .

(ബി) മെഡിസെപിൽ കൂടുതൽ ആശുപത്രികളെയും സേവനങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

മെഡിസെപ്പിൽ കൂടുതൽ ആശുപത്രികളെയും സേവനങ്ങളെയും ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുകയും ഇൻഷ്വറൻസ് കമ്പനിയുമായി നടത്തുന്ന അവലോകനയോഗങ്ങളിൽ അവയെ ഉൾപ്പെടുത്തുന്നതിന് നിർദ്ദേശം കമ്പനിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട് .

(സി) സർക്കാർ ജീവനക്കാരിൽ നിന്നും പെൻഷൻകാരിൽ നിന്നും 500 രൂപ പ്രതിമാസം ഈടാക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഇല്ല.

മെഡിസെപ് പദ്ധതിയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്താൻ നടപടി

121(4395) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് 18-06-2024 വരെ 2286 അവയവമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെ 6,40,628 ചികിത്സാ ക്ലെയിമുകൾക്ക് 1315.07 കോടി രൂപയുടെ അംഗീകാരവും ആയതിൽ 1294 കോടി രൂപ ആശുപത്രികൾക്ക് നൽകി claim settlement 97.7% ആയി ഉയർത്തിയിട്ടുണ്ട്. ചുവടെ വ്യക്തമാക്കിയിട്ടുള്ള രീതിയിൽ വിവിധ ചികിത്സ ആനുകൂല്യം ലഭ്യമാക്കി കഴിഞ്ഞിരിക്കുന്നു (മെഡിസെപ് വെബ് പോർട്ടൽ ഡാഷ് ബോർഡ്). 3 വർഷ പദ്ധതി കാലയളവിൽ (ജൂലൈ 2022 – ജൂൺ 2025) കരൾ മാറ്റിവയ്ക്കൽ, വൃക്ക മാറ്റിവയ്ക്കൽ, അസ്ഥി മജ്ജ മാറ്റിവയ്ക്കൽ തുടങ്ങിയ 12 ഇന അവയവമാറ്റ ശസ്ത്രക്രിയകൾക്കായി പ്രതിവർഷ പ്രീമിയം വിഹിതത്തിൽനിന്നും

ഇൻഷ്വറൻസ് കമ്പനി കോർപ്പസ് ഫണ്ടിനത്തിൽ നീക്കിവെച്ചിരുന്ന 35 കോടി തീർന്ന മുറയ്ക്ക് ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രതിമാസ മെഡിസെപ് പ്രീമിയം വിഹിതമായ 500/- രൂപയിൽ നിന്നും ഇൻഷ്വറൻസ് കമ്പനിക്ക് നൽകേണ്ട 472/- രൂപ കഴിഞ്ഞിട്ടുള്ള 28/- രൂപ നീക്കിയിരുപ്പാക്കിയ കോർപ്പസ് ഫണ്ടിൽനിന്നും നാളിതുവരെ ഇൻഷ്വറൻസ് കമ്പനിക്ക് 27.21 കോടി രൂപകൂടി അധികമായി അനുവദിക്കുകയുണ്ടായി.

എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ തേടിയ അടിയന്തിര ചികിത്സകളായ ഹൃദയാഘാതം, പക്ഷാഘാതം, റോഡപകടം എന്നീ വിഭാഗങ്ങളിൽ ചികിത്സ തേടിയവർ സമർപ്പിച്ച റീഇംപേഴ്സ്മെന്റ് അപേക്ഷകളിന്മേൽ 3.99 കോടി രൂപ ഇൻഷ്വറൻസ് കമ്പനി അനുവദിച്ചു നൽകിയിട്ടുണ്ട്. മൂന്നാം പോളിസി വർഷത്തിലേക്ക് മെഡിസെപ് പദ്ധതി കടക്കുന്ന ഈ സാഹചര്യത്തിൽ വിവിധ മേഖലകളിൽനിന്നും സർവ്വീസ് സംഘടനകളിൽനിന്നും ജീവനക്കാർ/പെൻഷൻകാർ തുടങ്ങിയ ഗുണഭോക്താക്കളിൽനിന്നും ലഭ്യമാകുന്ന ആശങ്കകൾ, പരാതികൾ എന്നിവ സമയബന്ധിതമായി ത്രിതല പരാതി പരിഹാര തലങ്ങളിൽ [(l) ജില്ലാതല

പരാതി പരിഹാര കമ്മിറ്റി (DGRC), (ii) സംസ്ഥാനതല പരാതി പരിഹാര കമ്മിറ്റി (SGRC), (iii) അപ്പലേറ്റ് അതോറിറ്റി] പരിഹരിച്ചും പദ്ധതിയിൽ ഇനിയും എംപാനൽ ചെയ്യുവാനുള്ള സംസ്ഥാനത്തെ വിവിധ ആശുപത്രികളെ എംപാനൽ ചെയ്യുവാനും ഇൻഷ്വറൻസ് ക്ലെയിമുകളുമായി ബന്ധപ്പെട്ട വിവിധ പരാതികൾ ഇൻഷ്വറൻസ് കമ്പനിയുടെ തലത്തിൽ തീർപ്പാക്കേണ്ട നിർദ്ദേശങ്ങളും കമ്പനിയുമായി നടത്തിവരാറുള്ള ദ്വൈവാര അവലോകന യോഗങ്ങളിൽ നൽകിവരാറുണ്ട്.

മെഡിസെപ്-ൽ നാളിതുവരെ സമീപ സംസ്ഥാനങ്ങളിലെ 12 ആശുപത്രികൾ ഉൾപ്പെടെ ആകെ 553 ആശുപത്രികൾ ഉൾപ്പെടുത്തിയിട്ടുള്ളതിൽ 396 പ്രൈവറ്റ് ആശുപത്രികളും 145 ഗവൺമെന്റ് ആശുപത്രികളും ഉൾപ്പെടുന്നു. ആശുപത്രികളുടെ എണ്ണം കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള ജില്ലകളിൽ താലൂക്കടിസ്ഥാനത്തിൽ കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുക, കൂടുതൽ ആശുപത്രികളെയും/ വിഭാഗങ്ങളെയും എംപാനൽ ചെയ്യുക, പരാതി പരിഹാര സംവിധാനം കൂടുതൽ ശക്തമാക്കുക എന്നുതുടങ്ങി മെച്ചപ്പെട്ട സേവനം ജീവനക്കാർക്കും

പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും മെഡിസെപ്പിലൂടെ നൽകുകയെന്ന ലക്ഷ്യത്തിനായി സർക്കാരും, ഇൻഷ്വറൻസ് കമ്പനിയും, സർക്കാർ/ സ്വകാര്യ ആശുപത്രികളിലെ മേധാവികളും ചേർന്നുള്ള അവലോകന യോഗങ്ങളും മറ്റു നടപടികളും തുടർന്നുവരുന്നു. മറ്റ് ഇൻഷ്വറൻസ് പദ്ധതികളെ അപേക്ഷിച്ച് മെഡിസെപ്പിലെ ക്ലെയിം റിജെക്ഷൻ 4 ശതമാനത്തിൽതാഴെ മാത്രമാണെന്നുള്ളതും പദ്ധതിയുടെ മേന്മയായി കാണാവുന്നതാണ്.

(ബി) ഇതുവരെ മെഡിസെപുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര ക്ലെയിമുകൾ അംഗീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

മെഡിസെപുമായി ബന്ധപ്പെട്ട് നാളിതുവരെ 6,70,557 ക്ലെയിമുകൾ ലഭിക്കുകയും ആയതിൽ 6,40,628 ക്ലെയിമുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽനിന്നും സർക്കാർ പണം എടുക്കുന്നുവെന്ന വസ്തുതാവിരുദ്ധമായ പ്രസ്താവനകൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഇല്ല.

(ഡി) മെഡിസെപ് പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മെഡിസെപ് പദ്ധതിയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനും കാലാനുസൃതമായ പരിഷ്കാരങ്ങൾ വരുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാൻ നടപടി

122(4396) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനും

പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

23-06-2022-ലെ ജി.ഒ. (പി) നം.70/2022/ധന. ഉത്തരവ് പ്രകാരം 01-07-2022-ൽ നിലവിൽ വന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ് . പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണാ പത്രം (MoU) പ്രകാരം പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രക്രിയയുമാണ്. മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്ത് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ അവലോകനയോഗങ്ങളിൽ കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് .

മെഡിസെപ് പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്തിയ സ്വകാര്യ ആശുപത്രികൾ

123(4397) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ് പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പുതുതായി സ്വകാര്യ ആശുപത്രികൾ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രികളുടെ വിശദാംശം നൽകാമോ?

(എ & ബി) ഉണ്ട്. മെഡിസെപ് വെബ്പോർട്ടലിൽ പുതുതായി ഉൾപ്പെടുത്തുന്നതിനായി ഇൻഷ്വറൻസ് കമ്പനി ലഭ്യമാക്കിയ ആശുപത്രികളുടെ ലിസ്റ്റിൽ കണ്ണൂർ ജില്ലയിലെ Indiana Hospital & Heart Institute Ltd. ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ കണ്ണൂർ ജില്ലയിൽ മെഡിസെപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് മെഡിസെപ് വെബ്പോർട്ടലിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

124(4398) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എം. വിൻസെന്റ്:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ?

എസ്.എഫ്.സി. ആക്ട് 1951 പ്രകാരം 1953-ൽ രൂപീകൃതമായ ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)			
	FY 2021-22	FY 2022-23	FY 2023-24
Portfolio	4750.71	6529.40	7368.34
Sanction	2876.78	3207.22	3336.66
Disbursement	2175.20	3555.94	4068.85
Net Profit	13.19	50.18	74.04
Net NPA %	1.28	0.74	0.68

സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭകർക്ക് വ്യാവസായിക മേഖലയിൽ സാമ്പത്തിക സഹായം നൽകുന്നതിന് താഴെ പറയുന്ന പദ്ധതികൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

1. കെ.എഫ്.സി. മുഖേന ഉല്പാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭകവികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പ പരിധി ഒരു കോടി രൂപയിൽനിന്നും രണ്ട് കോടി രൂപയായി വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756 യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

2. കാർഷികാധിഷ്ഠിതവ്യവസായങ്ങളെയും അഗ്രിസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി ആരംഭിച്ച സ്കീമാണ് കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ ലോൺ സ്കീം (KAMS) ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

3. സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽനിന്നും ഉല്പാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവത്കരണത്തിന് 50 ലക്ഷം രൂപയും സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നല്കുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേയ്സ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം അനിൽ അംബാനിയുടെ കമ്പനിയിൽ പണം നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

കെ.എഫ്.സി. അനിൽ അംബാനിയുടെ കമ്പനിയിൽ നേരിട്ട് നിക്ഷേപം നടത്തിയിട്ടില്ല. എന്നാൽ ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി. Reliance Capital & Finance trust limited എന്ന കമ്പനിയുടെ subsidiary കമ്പനിയും സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC (Non- Banking Financial Company) ആയ Reliance Commercial Finance Ltd (RCFL) ന്റെ കടപത്രത്തിൽ 60.80 കോടി രൂപ 9.10% വാർഷിക കൂപ്പണിൽ അവരുടെ Secured Redeemable NCD-യിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

(സി) എങ്കിൽ പ്രസ്തുത തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2018 സെപ്റ്റംബറിൽ NBFC കളിൽ മൊത്തത്തിൽ രാജ്യ വ്യാപകമായി പ്രതിസന്ധികൾ ഉണ്ടാവുകയും, ഇവയെ തുടർന്ന് RCFL-ൽ ലിക്വിഡിറ്റി പ്രശ്നങ്ങൾ ഉണ്ടാവുകയും, ഇത് അവരുടെ സാമ്പത്തിക പ്രകടനത്തെ ബാധിക്കുകയും Rating Agency കൾ RCFL-ന്റെ റേറ്റിംഗ് തരംതാഴ്ത്തുകയും ചെയ്തു.

ഈ അവസരത്തിൽ ധനകാര്യ സ്ഥാപനങ്ങൾക്കുള്ള RCFL-ന്റെ ബാധ്യത 9017 കോടി രൂപയായിരുന്നു. തുടർന്ന് RCFL-ന് വായ്പ നൽകിയ NABARD, SIDBI, SBI, കാനറ ബാങ്ക്, യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബാങ്ക് ഓഫ് ബറോഡ തുടങ്ങിയ പൊതുമേഖലാ ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും നടത്തിയ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ, RBI, ബാങ്ക് ഓഫ് ബറോഡയെ (ബി.ഒ.ബി.) ലീഡ് ബാങ്കായി പ്രഖ്യാപിച്ച് ആർ.ബി.ഐ.യുടെ കീഴിലുള്ള റെസല്യൂഷൻ പ്രക്രിയ ആരംഭിക്കുകയും പിന്നീടത് അംഗീകരിക്കുകയും ചെയ്തു (Prudential Framework for Resolution of Stressed Assets Directions 2019). ബാങ്കുകളുടെയും ധനകാര്യസ്ഥാപനങ്ങളും അംഗീകരിച്ച കോർപ്പറേഷന്റെ താല്പര്യങ്ങൾക്ക് അനുകൂലമല്ലാത്തതിനാൽ ഈ RP ക്കെതിരെ കോർപ്പറേഷൻ ബോംബെ ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്തു. ഇതിനിടെ, സെബി പുറപ്പെടുവിച്ച ഒരു സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഡിബഞ്ചർ ട്രസ്റ്റികൾക്കും ഹോൾഡർമാർക്കും വോട്ടിംഗ് അവകാശം നൽകുന്ന രീതിയെ ചോദ്യം ചെയ്ത് RCFL-ന്റെ കടപ്പത്ര ട്രസ്റ്റിയും ഏതാനും ഡിബഞ്ചർ ഹോൾഡർമാരും ബോംബൈ ഹൈക്കോടതിയെ

സമീപിച്ചു. സർക്കുലറിന് മുൻകാല പ്രാബല്യമില്ലെന്നും നടപടിയെടുക്കാനാകില്ലെന്നും ഡിവിഷൻ ബെഞ്ച് വ്യക്തമാക്കി. ഇതിനെതിരെ സെബി നൽകിയ അപ്പീലിൽ സെബിയുടെ സർക്കുലറിന് ഭരണഘടനയുടെ ആർട്ടിക്കിൾ 142-ലെ വ്യവസ്ഥകൾ ബാധകമാക്കുന്ന മുൻകാല പ്രാബല്യം ഉണ്ടായിരിക്കുമെന്നും BOB മുഖേന ആർ.ബി.ഐ. ഏറ്റെടുക്കുന്ന റെസല്യൂഷൻ പ്രക്രിയയ്ക്ക് സാധുതയുണ്ടെന്നും ബഹു. സുപ്രീംകോടതി 30-08-2022-ൽ ഉത്തരവിട്ടു. സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ നിലവിൽ ബഹുമാനപ്പെട്ട മുംബൈ ഹൈക്കോടതിയിൽ കോർപ്പറേഷൻ ഫയൽ ചെയ്ത റിട്ടിന്റെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർനടപടി എടുക്കുന്നതായിരിക്കും. അതിനുശേഷം മാത്രമേ തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന ചോദ്യത്തിന് വ്യക്തമായ ഒരു ഉത്തരം നൽകാൻ സാധിക്കുകയുള്ളൂ.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

125(4399) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. കെ.ഡി. പ്രസേനൻ:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നയങ്ങൾ ഉൾക്കൊണ്ട് കെ.എഫ്.സി.-യുടെ പ്രവർത്തനങ്ങളിൽ തനതായ മാറ്റങ്ങൾ വരുത്തി ചെറുകിട-ഇടത്തരം സംരംഭക മേഖലയുടെ വളർച്ചയ്ക്ക് ആക്കം കൂട്ടുകയും അതിലൂടെ സംസ്ഥാനത്തിന് സംരംഭക സൗഹൃദ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് കോർപ്പറേഷന്റെ ലക്ഷ്യം. അടിസ്ഥാന സൗകര്യവികസനം, ടൂറിസം, ഐ.ടി മറ്റ് ചെറുകിട-ഇടത്തരം സംരംഭങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കുന്നതിലൂടെ, സംസ്ഥാനത്ത് മെച്ചപ്പെട്ട കണക്റ്റിവിറ്റി, വ്യവസായ സൗഹൃദ അന്തരീക്ഷം, മെച്ചപ്പെട്ട നിക്ഷേപ ആകർഷണം എന്നിവ കൈവരിക്കാൻ കെ.എഫ്.സി.-ക്ക് സാധിച്ചിട്ടുണ്ട്.

ഈ പദ്ധതികൾ സംരംഭകരുടെ ജീവിതനിലവാരം ഉയർത്തുക മാത്രമല്ല, വ്യവസായങ്ങളുടെ അഭിവൃദ്ധി പ്രാപിക്കാൻ അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുകയും, മെച്ചപ്പെട്ട ഉൽപാദനം, നവീകരണം, തൊഴിൽ അവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് മുന്നിൽ കണ്ടുകൊണ്ട് കെ.എഫ്. സി.-യെ സർക്കാരിന്റെ ഏജന്റായി നിയമിച്ചു കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും കെ. എഫ്. സി. ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് നൽകുന്ന വായ്പ പരിധി നിലവിലെ 20 കോടിയിൽ നിന്നും 50 കോടി രൂപയായി ഉയർത്തുകയും ചെയ്തു. കൂടാതെ ഗ്യാരണ്ടി, ബിൽ ഡിസ്കൗണ്ടിങ് എന്നീ സൗകര്യങ്ങളുടെ പരിധിയും 50 കോടിയായി ഉയർത്തി. സംസ്ഥാനത്തെ MSME (Micro Small And Medium Enterprises)-കളെ സഹായിക്കാൻ 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് പ്രസംഗത്തിൽ ബഹു.ധനമന്ത്രി കേരള എം.എസ്.എം.ഇ. ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (കെ.എം.ബി.ഡി.പി.) പ്രഖ്യാപിക്കുകയും കെ.എഫ്.സി. 'കേരള MSME ബിൽ ഡിസ്കൗണ്ടിംഗ് പ്ലാറ്റ്ഫോം (KMBDP)' എന്ന പേരിൽ ഇത് നടപ്പിലാക്കുകയും ചെയ്തു. ഇതിനു പുറമെ

സംസ്ഥാനത്തിന്റെ വ്യവസായവല്കരണത്തിന് സംയോജിത വികസന പിന്തുണ സൃഷ്ടിക്കുന്നതിനായി താഴെ പറയുന്ന പ്രവത്തനങ്ങൾ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടത്തിയിട്ടുണ്ട്.

(1) കെ.എഫ്.സി. മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-I സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 53.80 കോടി രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പ പരിധി ഒരു കോടി രൂപയിൽനിന്നും രണ്ട് കോടി രൂപയായി വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 2756 യൂണിറ്റുകൾക്കായി 791.62 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതുവരെ ഈ പദ്ധതിയിലൂടെ പ്രത്യക്ഷമായും പരോക്ഷമായും 37575 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(2) കാർഷികാധിഷ്ഠിത വ്യവസായങ്ങളെയും അഗ്രിസ്റ്റാർട്ടപ്പുകളെയും പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എഫ്.സി. ആരംഭിച്ച സ്കീമാണ്

കാർഷിക അധിഷ്ഠിത എം.എസ്.എം.ഇ. ലോൺ സ്കീം (KAMS) ഈ സ്കീം പ്രകാരം 39 യൂണിറ്റുകൾക്ക് 86.12 കോടി രൂപ അനുവദിച്ചിട്ടിണ്ട്.

(3) സ്റ്റാർട്ടപ്പുകൾക്കായി കെ.എഫ്.സി. പ്രത്യേക വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു. ആശയത്തിൽനിന്നും ഉൽപാദനത്തിലേക്ക് നീങ്ങാൻ 25 ലക്ഷം രൂപയും വാണിജ്യവല്കരണത്തിന് 50 ലക്ഷം രൂപയും, സ്കെയിലിങ്ങ് അപ്പിന് രണ്ട് കോടി രൂപയും നൽകുന്ന പദ്ധതിയാണ് സ്റ്റാർട്ടപ്പ് കേരളാ പദ്ധതി. ഇതുകൂടാതെ സ്റ്റാർട്ടപ്പുകൾക്ക് പർച്ചേസ് ഓർഡറുകൾ തീർപ്പാക്കുന്നതിനായി പ്രവർത്തന മൂലധന വായ്പ (10 കോടി രൂപ വരെ), വെഞ്ചർ ഡെബ്റ്റ് വായ്പ (10 കോടി രൂപ വരെ) എന്നിവയും നൽകുന്നുണ്ട്. ടി സ്കീം പ്രകാരം 66 യൂണിറ്റുകൾക്കായി 70.28 കോടി രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ 460 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(4) വ്യവസായ പാർക്കിൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും, നിലവിലുള്ള യൂണിറ്റുകളുടെ നവീകരണം, വിപുലീകരണം, വൈവിധ്യവല്കരണം തുടങ്ങി എല്ലാ ഘട്ടങ്ങളിലും യൂണിറ്റുകളെ

സഹായിക്കുന്നതിനായി കെ.എഫ്.സി. പ്രത്യേക പദ്ധതി ആവിഷ്കരിച്ചുനടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സ്ഥാപനത്തിന് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. എസ്.എഫ്.സി. ആക്ട് 1951 പ്രകാരം 1953-ൽ -ൽ രൂപീകൃതമായ ധനകാര്യ സ്ഥാപനമാണ് കേരള ഫിനാൻഷ്യൽ കോർപറേഷൻ. 2022, 2023, 2024 വർഷങ്ങളിൽ സൂക്ഷ്മ, ചെറുകിട,ഇടത്തരം വ്യവസായങ്ങൾക്ക് അനുവദിച്ചതും വിതരണം ചെയ്തതുമായ വായ്പകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)	FY 2021-22 (എ)	FY 2022-23 (ബി)	FY 2023-24 (സി)	വളർച്ച (%) (b to c)
Portfolio	4750.71	6529.40	7368.34	12.85%
Sanction	2876.78	3207.22	3336.66	04.04%
Disbursement	2175.20	3555.94	4068.85	14.42%
Net Profit	13.19	50.18	74.04	47.55%
Net NPA %	1.28	0.74	0.68	

മുകളിൽ നൽകിയിട്ടുള്ള പട്ടിക പ്രകാരം കോർപ്പറേഷന്റെ പെർഫോർമൻസ് മെച്ചപ്പെട്ടതായി മനസ്സിലാക്കാവുന്നതാണ്.

(സി) സംരംഭകർക്കാവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ കൺസൾട്ടൻസി സേവനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

ഉണ്ട്. കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ സംരംഭകർക്കാവശ്യമായ കൺസൾട്ടൻസി സേവനങ്ങൾ നൽകിവരുന്നു.

കേരള ഫിനാൻഷ്യൽ കോർഷറേഷൻ

126(4400) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുകയെന്ന ഉദ്ദേശത്തോടെ രൂപീകരിച്ച കേരള ഫിനാൻഷ്യൽ

കോർപ്പറേഷൻ അനിൽ അംബാനിയുടെ സ്ഥാപനത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ?

കെ.എഫ്.സി അനിൽ അംബാനിയുടെ കമ്പനിയിൽ നേരിട്ട് നിക്ഷേപം നടത്തിയിട്ടില്ല. എന്നാൽ ധനസമാഹരണത്തിന്റെ ഭാഗമായി കെ.എഫ്.സി. Reliance Capital & Finance trust limited എന്ന കമ്പനിയുടെ subsidiary കമ്പനിയും സൂക്ഷ്മ, ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് വായ്പ നൽകുന്ന NBFC(Non Banking Financial Company) ആയ Reliance Commercial Finance Ltd (RCFL)-ന്റെ കടപത്രത്തിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ എത്ര രൂപ, എത്ര പലിശ നിരക്കിൽ നിക്ഷേപിച്ചുവെന്ന് വിശദമാക്കാമോ;

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ Reliance Commercial Finance Ltd. (RCFL) എന്ന ധനകാര്യ സ്ഥാപനത്തിൽ 60.80 കോടി രൂപ 9.10% വാർഷിക കൂപ്പണിൽ അവരുടെ Secured Redeemable NCD (Non Convertible Debentures)-കളിൽ നിക്ഷേപിച്ചു.

(സി) പ്രസ്തുത സ്ഥാപനം അംബാനി കമ്പനിയിൽ നിക്ഷേപിച്ചതിൽ എത്ര തുക തിരികെ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

ഇതുവരെ 13.19 കോടി രൂപ തിരികെ ലഭിച്ചിട്ടുണ്ട്.

സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതിനുള്ള നിയമ നിർമ്മാണം

127(4401) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ നിയമനിർമ്മാണം നടത്തണമെന്ന 2018-ലെ ബഹു. സുപ്രീം കോടതിയുടെ വിധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതി ഉത്തരവ് പരിശോധിച്ചിരുന്നു. ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് നിയമം എന്നരീതിലുള്ള പ്രഭാവം നിലനിൽക്കുന്നതിനാൽ ഇത് സംബന്ധിച്ച് പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ വിധി

നടപ്പിലാക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദേശം നൽകിയിട്ടുണ്ട്. സാക്ഷികൾക്ക് സംരക്ഷണം നൽകുന്നതുമായി ബന്ധപ്പെട്ട് പോലീസ് ആസ്ഥാനത്തുനിന്നും. Executive Directive No. 19/2020 dtd 26-06-2020, Executive Directive No. 2/2024/PHQ dtd 10-02-2024 എന്നിവ പുറപ്പെടുവിച്ചിട്ടുള്ളതും ആയത് കൃത്യമായി നടപ്പിലാക്കിവരുന്നതുമാണ്.

(ബി) എങ്കിൽ ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ;

(സി) ഉണ്ടങ്കിൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട നിയമനിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

(ബി & സി) ഇല്ല. 01-07-2024 മുതൽ നിലവിൽവന്ന ഭാരതീയ ന്യായസുരക്ഷാ സംഹിതയുടെ 398-ാം വകുപ്പിൽ സാക്ഷികൾക്ക് സംരക്ഷണം നൽകുന്നത് സംബന്ധിച്ച നിർദേശമുണ്ട്. പ്രസ്തുത നിർദേശം നടപ്പാക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) സാക്ഷികൾക്ക് സംരക്ഷണം നൽകുന്ന തരത്തിൽ ഏതെങ്കിലും നിയമം സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ?

The Unlawful Activities (Prevention) Act. 1967 (Central Act 37 of 1967) - (Central Act 37 of 1967)-ന്റെ 44- ാം വകുപ്പ്, The National Investigation Agency Act, 2008 (Central Act 34 of 2008) -ന്റെ 17-ാം വകുപ്പ് എന്നീ കേന്ദ്ര ആക്ടുകളിൽ സാക്ഷികളുടെ സംരക്ഷണം (Protection of Witnesses) സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ Bharatiya Nagarik Suraksha Sanhita, 2023 (46 of 2023) യുടെ 216-ാം വകുപ്പ് പ്രകാരം സാക്ഷികളെ ഭീഷണിപ്പെടുത്തുന്ന സംഗതിയിൽ സ്വീകരിക്കേണ്ട നടപടിക്രമം സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത ആക്ടുകൾ സംസ്ഥാനത്തിന് ബാധകമായിരിക്കുന്നതും സംസ്ഥാനത്ത് നിലനിൽക്കുന്നതുമാണ്.

പാലക്കാട് ജില്ലയിലെ നോട്ടറി അഭിഭാഷകർ

128(4402) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സർക്കാർ അംഗീകരിച്ച എത്ര നോട്ടറി അഭിഭാഷകർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ സംസ്ഥാന സർക്കാർ അംഗീകരിച്ച 45 നോട്ടറി അഭിഭാഷകർ ഉണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ 2016-ന് ശേഷം എത്ര അഭിഭാഷകർക്ക് നോട്ടറി അംഗീകാരം നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

പ്രസ്തുത ജില്ലയിൽ 2016 -ന് ശേഷം 13 അഭിഭാഷകർക്ക് സംസ്ഥാന സർക്കാർ നോട്ടറി അംഗീകാരം നൽകിയിട്ടുണ്ട്

(സി) നിലവിൽ പ്രസ്തുത ജില്ലയിൽ നോട്ടറി പദവി ലഭിക്കുന്നതിനായി ഒഴിവുകളുണ്ടോയെന്ന് അറിയിക്കാമോ?

നോട്ടറിമാരുടെ ഒഴിവുകൾ കണക്കാക്കുന്നത് ജില്ലാതലത്തിൽ അല്ല. ഒഴിവുകൾ കണക്കാക്കുന്നത് സംസ്ഥാനതലത്തിലാണ്.

അഭിഭാഷക ക്ഷേമനിധി

129(4403) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഭിഭാഷക ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ഈ ക്ഷേമനിധിയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് നിലവിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

അഭിഭാഷക ക്ഷേമനിധിയിൽ നിലവിൽ 27697 അഭിഭാഷകരെ അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിലേയും, 1981-ലെ കേരള അഭിഭാഷക ക്ഷേമനിധി ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി ക്ഷേമനിധിയിൽനിന്നും അനുവദിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ പറയും പ്രകാരമാണ്.

1. ചികിത്സാ സഹായം:- പ്രധാന ശസ്ത്രക്രിയക്ക് വിധേയരായ അംഗങ്ങൾ, ഒരു മാസമോ അതിൽ കൂടുതലോ ആശുപത്രി വാസം അനുഭവിച്ചവർ, ക്ഷയം, കുഷ്ഠം, പക്ഷാഘാതം, അർബുദം തുടങ്ങിയ ഗുരുതരമായ രോഗ ചികിത്സയ്ക്ക് വിധേയരായ അംഗങ്ങൾ ശാരീരികവൈകല്യം അനുഭവിക്കുന്നവർ മുതലായവർക്ക് ചികിത്സാ

സഹായം നൽകിവരുന്നു. അംഗങ്ങൾക്ക് മൂന്നു വർഷക്കാലയളവിൽ ഒരു ലക്ഷം രൂപ ചികിത്സാ സഹായധനം അനുവദിക്കുന്നതാണ്.

2. മരണാനന്തര ആനുകൂല്യം:- ക്ഷേമനിധിയിലെ ഒരംഗം യഥാർത്ഥ പ്രാക്ടീസ് തുടരുന്ന സമയത്ത് മരണപ്പെടുകയാണെങ്കിൽ ടി അംഗം നാമനിർദ്ദേശം ചെയ്തിട്ടുള്ള ആൾക്കോ അപ്രകാരം നാമനിർദ്ദേശം ചെയ്തിട്ടില്ലെങ്കിൽ ടിയാന്റെ അനന്തരാവകാശികൾക്കോ മൂന്ന് ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് ചെയ്ത വർഷങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി പ്രാക്ടീസ് പൂർത്തീകരിച്ച ഓരോ വർഷത്തിനും 25000/- രൂപ വച്ച്, (പരമാവധി മൊത്തം പത്ത് ലക്ഷം രൂപ) ഏതാണോ കൂടുതൽ തുക, ആയത് അനുവദിക്കുന്നതാണ്.

3. വിരമിക്കൽ ആനുകൂല്യം:- കേരള അഭിഭാഷക ക്ഷേമനിധിയിൽ 15 വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കി പ്രാക്ടീസ് നിർത്തുമ്പോൾ ക്ഷേമനിധിയിലെ ഒരംഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പത്തു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്.

എന്നാൽ ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തുന്നതൊഴികെ നിധിയിൽ പതിനഞ്ച് വർഷത്തെ തുടർച്ചയായ അംഗത്വം പൂർത്തിയാക്കുന്നതിനുമുമ്പ് വിരമിക്കൽ ആനുകൂല്യങ്ങൾ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് അയാൾ അടച്ച മൊത്തം വരിസംഖ്യയും അതിന്റെ ആറ് ശതമാനം നിരക്കിൽ പലിശയും സഹിതം കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്,

എന്നുമാത്രമല്ല അൻപത്തിയഞ്ച് വയസ്സ് പൂർത്തിയാകുന്നതിനുമുമ്പ്, ശാശ്വതമായ കഴിവില്ലായ്മമൂലം പ്രാക്ടീസ് നിർത്തലാക്കൽ തിരഞ്ഞെടുക്കുന്ന ഒരംഗത്തിന് മൊത്തത്തിൽ ഒരു ലക്ഷം രൂപ അല്ലെങ്കിൽ പ്രാക്ടീസ് പൂർത്തീകരിച്ച ഒരോ വർഷത്തിനും 25000/- രൂപ നിരക്കിലുള്ള തുക ഇതിൽ ഏതാണോ കൂടുതൽ അത് നിധിയിൽനിന്നും കൈപ്പറ്റാൻ അർഹതയുണ്ടായിരിക്കുന്നതാണ്.

4. വിദ്യാഭ്യാസ സഹായം:-ക്ഷേമനിധിയിലെ അംഗങ്ങൾക്കും അംഗങ്ങളുടെ ആശ്രിതർക്കും പരമാവധി 5000 രൂപ വിദ്യാഭ്യാസ സഹായത്തിന് അർഹതയുണ്ട്.

5. സ്റ്റൈപ്പൻഡ്:- കേരള ബാർ കൗൺസിൽ പുറപ്പെടുവിച്ചിട്ടുള്ള "ദി കേരള അഡ്വക്കേറ്റ്സ് സ്റ്റൈപ്പൻഡ് റൂൾസ്, 2021"-ലെ വ്യവസ്ഥകൾക്ക് വിധേയമായി അർഹരായ ജൂനിയർ അഭിഭാഷകർക്ക് പ്രതിമാസം 3000/- രൂപ (മൂവായിരം രൂപ മാത്രം) നിരക്കിൽ സ്റ്റൈപ്പൻഡ് 12 മാസം വരെ നൽകി വരുന്നു.

(ബി) പ്രസ്തുത ക്ഷേമനിധിയിൽ നിന്ന് നിലവിൽ അനുവദിച്ച് വരുന്ന തുക പത്ത് ലക്ഷം രൂപയെന്നത് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഈ തുക ഇരുപത് ലക്ഷം രൂപയായി ഉയർത്തുന്നത് പരിഗണിക്കുമോ; വ്യക്തമാക്കാമോ?

കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും വിരമിക്കൽ ആനുകൂല്യമായും മരണാനന്തര ആനുകൂല്യമായും ഒരംഗത്തിന് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുന്ന നിലവിലെ പരമാവധി തുകയായ പത്തു ലക്ഷം രൂപയിൽനിന്നും വർധനവ് വരുത്തുന്നതിനുള്ള കേരള ബാർ കൗൺസിലിന്റെ ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

കാസർകോഡ് വിവേഴ്സ് കോ-ഓഷറേറ്റീവ് പ്രൊഡക്ഷൻ ആൻഡ് സെയിൽ സൊസൈറ്റി

130(4404) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് വിവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആന്റ് സെയിൽ സൊസൈറ്റി ലിമിറ്റഡ് സ്ഥാപിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് വീവേഴ്സ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ഷൻ ആൻഡ് സെയിൽ സൊസൈറ്റി ലിമിറ്റഡ് സ്ഥാപിതമായത് 1938-ൽ ആണ്.

(ബി) ഈ സൊസൈറ്റിയിൽ എത്ര തൊഴിലാളികളുണ്ടെന്നും അവർക്കു ലഭിക്കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കാമോ?

ഈ സൊസൈറ്റിയിൽ 35 തൊഴിലാളികൾ നിലവിൽ ജോലി ചെയ്യുവരുന്നു. തൊഴിലാളികളുടെ ഒരു മാസത്തെ ഉയർന്ന ശരാശരി വേതനം 9000/- രൂപയാണ്.

(സി) ഈ സൊസൈറ്റിയുടെ ഉൽപന്നങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് സാരീസ്, ഡ്രസ്സ് മെറ്റീരിയലുകൾ, സ്കൂൾ യൂണിഫോം തുണിത്തരങ്ങൾ, ബെഡ്ഷീറ്റുകൾ, തോർത്ത്, ലുങ്കി എന്നീ ഉൽപന്നങ്ങളാണ് നിലവിൽ ഈ സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്നത്.

(ഡി) ഭൗമസൂചിക പദവി ലഭിച്ച കാസർകോഡ് സാരി ഈ സൊസൈറ്റിയുടെ ഉല്പന്നമാണോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ വിപണിയെക്കുറിച്ചു വിശദമാക്കുമോ; കാസർകോഡ് സാരിയുടെ വിപണി കൂടുതൽ ജനങ്ങളിലെത്തിക്കാൻ ഇതുവരെ ചെയ്ത പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭൗമസൂചിക പദവി ലഭിച്ച കാസർഗോഡ് സാരി, ഈ സൊസൈറ്റിയുടെ ഉൽപന്നമാണ്. കാസർഗോഡ് സാരിയുടെ വിപണനം സൊസൈറ്റി നേരിട്ടും, ഹാന്റ്ക്സ്, ഹാൻവീവ് എന്നിവ വഴിയുമാണ് നടത്തുന്നത്. കാസർഗോഡ് സാരിയുടെ വിപണി കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനായി എല്ലാ വർഷവും ഉത്സവ

സീസണുകളോടനുബന്ധിച്ച് കൈത്തറി പ്രദർശന വിപണന മേളകളും, ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് ഫാഷൻഷോകളും നടത്താറുണ്ട്. കൂടാതെ, ഈ ഉൽപന്നത്തിന്റെ വിപണിയെ പ്രോത്സാഹിപ്പിക്കുന്നതിനായി വാട്ട്സ്ആപ്പ്, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ മീഡിയ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഇ) നടപ്പ് ബഡ്ജറ്റിൽ സൊസൈറ്റിക്ക് ഫണ്ട് വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആരുടെ നിർദ്ദേശമാണ് ഇക്കാര്യത്തിൽ ഉണ്ടായിരുന്നതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും ഇത് ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ സൊസൈറ്റിക്ക് മാത്രമായി ഫണ്ട് വകയിരുത്തിയിട്ടില്ല. അർഹതയ്ക്ക് അനുസൃതമായി, കൈത്തറി വകുപ്പിലെ പദ്ധതികൾ പ്രസ്തുത സൊസൈറ്റിക്കും ലഭ്യമാകുന്നതാണ്.

കൈത്തറി സഹകരണ സംഘങ്ങൾ

131(4405) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. രജിസ്ട്രേഷനുള്ള കൈത്തറി സഹകരണ സംഘങ്ങൾ സർക്കാരിന് യൂണിഫോം നൽകിയതിന്റെ ഭാഗമായി നൽകാനുള്ള പതിനെട്ട് ശതമാനം ജി.എസ്.ടി. തുക സംഘങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി യൂണിഫോം തുണിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അസംസ്കൃത വസ്തുവായ നൂൽ സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകളിൽനിന്ന് വാങ്ങുകയും ജി.എസ്.റ്റി ഉൾപ്പടെയുള്ള തുക അതിനായി നൽകിവരികയും ചെയ്യുന്നു.

പ്രസ്തുത നൂൽ ഉപയോഗിച്ച് യൂണിഫോം തുണി നെയ്യുന്നതിനുള്ള നെയ്ത്ത് കൂലി നെയ്ത്തുകാർക്ക് നേരിട്ട് ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ വഴി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. ഈ പദ്ധതിക്കായി ഓരോ വർഷവും 40 ലക്ഷത്തോളം മീറ്റർ തുണിയുടെ ഉല്പാദനത്തിന് ആവശ്യമായ നൂലിന്റെ വില

സ്പിന്നിംഗ് മില്ലുകൾക്കും നെയ്ത്ത് കൂലി നെയ്ത്തുക്കാർക്കും നൽകുന്നതിനാൽ, സംഘങ്ങളുമായി പണമിടപാടുകൾ നടത്തുന്നില്ല. എന്നാൽ ഒരു മീറ്റർ തുണി ഉല്പാദിപ്പിക്കുമ്പോൾ 4.92/-രൂപ സംഘങ്ങൾക്ക് മാർജിൻ (administrative cost) ആയി നൽകുന്നുണ്ട്. അതിന്റെ 18% ആണ് സംഘങ്ങൾക്ക് ജി.എസ്.റ്റി. അടയ്ക്കേണ്ടി വരുന്നത്.

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

132(4406) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്-ൽനിന്നും 2016 മുതൽ വിരമിച്ച ജീവനക്കാർക്ക് പി.എഫ്., ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശ്ശികയുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ഈ സ്ഥാപനത്തിൽനിന്നും വിരമിച്ച എത്ര ജീവനക്കാർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ കുടിശ്ശികയുണ്ടെന്ന് വിശദമാക്കുമോ?

കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽനിന്നും 2016 മുതൽ 2024 വരെ വിരമിച്ച 101 ജീവനക്കാർക്ക് ഗ്രാറ്റുവിറ്റിയും, 98 പേർക്ക് പി. എഫ്. ഉം നൽകാനുണ്ട്.

(സി) എന്തുകൊണ്ടാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാത്തതെന്ന് വ്യക്തമാക്കുമോ?

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ നിലനിൽക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലമാണ് പ്രസ്തുത ആനുകൂല്യങ്ങൾ നൽകാൻ കഴിയാത്തത്.

(ഡി) ആനുലകൂല്യങ്ങൾ ലഭിക്കാത്ത ജീവനക്കാർക്ക് അവ അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

(ഡി & ഇ) കമ്പനിയുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻവേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 8.5 കോടി രൂപ

വകയിരുത്തിയിട്ടുണ്ട്. ഇതോടൊപ്പം കമ്പനിക്ക് പ്രവർത്തന മൂലധനം അനുവദിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കമ്പനിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റു പല സ്ഥാപനങ്ങളുമായി ചേർന്ന് ഇ-കാർട്ട്, ഇ-പിക്ക്അപ്പ് (L5 Goods carrier), ഇലക്ട്രിക് ബഗ്ഗി, ഇ-റിക്ഷ പോലുള്ള പുതിയ മോഡലുകൾ നിർമ്മിക്കുവാൻ പദ്ധതിയിടുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറുന്ന മുറയ്ക്ക് കൂടിശ്ശിക ആനുകൂല്യങ്ങൾ നൽകുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ പൊതു മേഖലാ സ്ഥാപനങ്ങൾ

133(4407) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽനിന്നും ലാഭത്തിലായെന്നും എത്ര സ്ഥാപനങ്ങൾ ലാഭത്തിൽനിന്ന് നഷ്ടത്തിലായെന്നും ഇവ ഏതെല്ലാമെന്നും വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ/നഷ്ട കണക്കുകൾ അതത് സാമ്പത്തിക വർഷത്തെ പ്രവർത്തനം വിലയിരുത്തിയാണ് കണക്കാക്കിവരുന്നത്. കമ്പനികളുടെ നിയന്ത്രണത്തിൽ അല്ലാതെ ഉൽപാദന ചെലവുകളിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിൽമൂലവും വിവിധ കാരണങ്ങളാൽ മാർക്കറ്റിൽ ഉണ്ടാകുന്ന അനിശ്ചിതാവസ്ഥയെ തുടർന്ന് വിപണനത്തിൽ നേരിടുന്ന പ്രതിസന്ധികൾമൂലവും ചില സാമ്പത്തിക വർഷങ്ങളിൽ പ്രവർത്തനം മോശമാകുന്ന സാഹചര്യംമൂലം ലാഭ നഷ്ടങ്ങൾ മാറിവരാറുണ്ട്.

മുൻ സർക്കാരിന്റെ കാലയളവിലെ അവസാന സാമ്പത്തിക വർഷമായ 2020-21-ൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 21 സ്ഥാപനങ്ങൾ പ്രവർത്തനലാഭം കൈവരിച്ചിരുന്നു, ഈ സർക്കാരിന്റെ കാലയളവായ 2021-22-ൽ 25 സ്ഥാപനങ്ങളും, 2022-23-ൽ 23 സ്ഥാപനങ്ങളും, 2023-24 -ൽ 20 സ്ഥാപനങ്ങളുമാണ് പ്രവർത്തനലാഭത്തിലുള്ളത്.

മുൻ സർക്കാരിന്റെ കാലയളവിലെ അവസാന സാമ്പത്തിക വർഷമായ 2020-21 -ലും ഈ സർക്കാരിന്റെ കാലയളവിലെ 2023-24 സാമ്പത്തിക

വർഷത്തെയും ലാഭ/നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം യഥാക്രമം അനുബന്ധമായി ചേർക്കുന്നു.+

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

134(4408) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കാമോ?

മറുപടി അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇവയിൽ 2021, 2022, 2023 എന്നീ കാലയളവിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നതും നിലവിൽ ലാഭത്തിലായതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ ലാഭത്തിലാണോ പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി & സി) 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ ലാഭത്തിൽ പ്രവർത്തിച്ച വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ലാഭം/നഷ്ടം അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമല്ലാത്തതിനാൽ ഈ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. മുൻവർഷത്തെ അപേക്ഷിച്ച് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം നടപ്പു സാമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആഡിറ്റ് പൂർത്തീകരിച്ചതിനുശേഷം മാത്രമാണ് ലഭ്യമാകുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ /നഷ്ട കണക്ക്

135(4409) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളിൽ ഓരോന്നും ഓരോ സാമ്പത്തിക വർഷങ്ങളിലും ഉണ്ടാക്കിയ ലാഭ /നഷ്ട കണക്കുകൾ വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖലാ വ്യവസായങ്ങളുടെ 2021-22, 2022-23, 2023-24 എന്നീ കാലയളവിലെ ലാഭ/നഷ്ട കണക്കുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം

136(4410) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് സ്വകാര്യവല്കരിക്കാതെ സംസ്ഥാനത്തിന് വിട്ടുനൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ വിറ്റ് ഒഴിയുന്നതിന് തീരുമാനിച്ചിട്ടുള്ള ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് (ഹിന്ദുസ്ഥാൻ ലൈഫ് കെയർ) ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടെൻഡർ നടപടികളിൽ പങ്കെടുക്കുവാനും സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഏറ്റെടുക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനുമായി കേരള സർക്കാർ KSIDC യെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് KSIDC, കേന്ദ്ര സർക്കാർ നിർദ്ദേശിച്ച സമയ പരിധിക്കുള്ളിൽത്തന്നെ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട EOI (Expression of Interest) സമർപ്പിച്ചിരുന്നു. എന്നാൽ എച്ച്.എൽ.എൽ ലൈഫ് കെയർ ലിമിറ്റഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രക്രിയയുടെ അടുത്ത ഘട്ടത്തിലേക്ക് കേന്ദ്ര സർക്കാർ പ്രസ്തുത EOI ഷോർട്ട് ലിസ്റ്റ് ചെയ്തിരുന്നില്ല.

അതേസമയം സർക്കാർ/സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളെ ടെൻഡർ നടപടിയിൽ പങ്കെടുപ്പിക്കുന്നതിന് നിർവ്വാഹമില്ലെന്ന് കേന്ദ്ര സർക്കാർ നിലപാട് എടുത്തതിനെത്തുടർന്ന് KSIDC-ക്ക് ടെൻഡർ നടപടിയിൽ പങ്കെടുക്കുവാൻ കഴിഞ്ഞിട്ടില്ല. തുടർന്ന് HLL കമ്പനിയുടെ നടത്തിപ്പ് അവകാശം സംസ്ഥാന സർക്കാരിന് കൈമാറുന്നതിനോ, അല്ലെങ്കിൽ ടി സ്ഥാപനത്തിന്റെ ലേല നടപടികളിൽ പങ്കെടുക്കുന്നതിനോ സംസ്ഥാനത്തെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്

ബഹു. പ്രധാനമന്ത്രിക്ക് 24-11-2022-ന് ബഹു. മുഖ്യമന്ത്രി കത്തയച്ചിരുന്നു. എന്നാൽ അനുകൂലമായ മറുപടിയല്ല ലഭിച്ചത്.

(ബി) പാലക്കാടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തെ ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. കേന്ദ്രസർക്കാർ സ്വകാര്യവൽകരിക്കാൻ തീരുമാനിച്ച, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 20-07-2018-ലെ സർക്കാർ ഉത്തരവ് G.O.(MS).No.52/2018/ID പ്രകാരം കമ്പനിയുടെ 31-03-2017 വരെയുള്ള ആസ്തി ബാധ്യതകൾ നിജപ്പെടുത്തി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കുന്നതിന് സംയുക്തമായി തീരുമാനിച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അന്തിമ തീരുമാനം ലഭിക്കാത്തതിനാലാണ് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്.

സംസ്ഥാന സർക്കാർ സൗജന്യമായി ഏറ്റെടുത്ത് നൽകിയ 123.12 ഏക്കർ ഭൂമിയുടെ വിലകൂടി നൽകിയെങ്കിൽ മാത്രമെ കമ്പനി കേരള

സർക്കാരിന് കൈമാറാൻ കഴിയുകയുള്ളുവെന്ന് കേന്ദ്രത്തിന്റെ പുതുക്കിയ നിർദ്ദേശമുള്ളതിനാലാണ് കൈമാറ്റ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കാതിരുന്നത്.

വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങൾ

137(4411) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഏതെങ്കിലും സ്ഥാപനം അടച്ചുപൂട്ടിയിട്ടുണ്ടോ; അവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

(ബി) 2023-24-ലെ സി. & എ.ജി.-യുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ

ലാഭത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ ലാഭം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിൽ നഷ്ടത്തിലുള്ളവ ഏതെല്ലാമാണെന്നും അവയുടെ നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ?

(ബി & സി) 2023-24 സാമ്പത്തിക വർഷത്തെ സി.ആൻഡ് എ.ജി.-യുടെ പൊതുമേഖലകളുടെ ലാഭനഷ്ട കണക്കുകൾ പ്രതിപാദിക്കുന്ന കമേഴ്സ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല.

(ഡി) ജീവനക്കാരുടെ ശമ്പളം കുടിശ്ശികയാക്കിയിട്ടുള്ള പൊതുമേഖല സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ എത്ര മാസത്തെ ശമ്പളം കുടിശ്ശികയാണെന്നുമുള്ള വിവരം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

വിപണിയിൽനിന്നും നേരിടുന്ന കടുത്ത മത്സരത്തിന്റെ ഭാഗമായി വിപണനത്തിന്റെയും/സേവനങ്ങൾ നല്കിയതിന്റെയും ഭാഗമായി കമ്പനികൾക്ക് ലഭിക്കേണ്ട തുകയിൽ കാലതാമസം നേരിടുന്നതിനാൽ

കൃത്യമായ തീയതിയിൽ ശമ്പളം നൽകുന്നതിന് ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ താമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപറേഷൻ ലിമിറ്റഡിന്റെ കീഴിലുള്ള എടരിക്കോട് യൂണിറ്റ്, കോട്ടയം ടെക്സ്റ്റയിൽസ് എന്നീ രണ്ട് യൂണിറ്റുകൾ, സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ്, തൃശ്ശൂർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, മലബാർ കോപ്പറേറ്റീവ് സ്പിന്നിങ് മിൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ്, ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ബാംബൂ കോർപറേഷൻ ലിമിറ്റഡ്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലാണ് ജീവനക്കാരുടെ ശമ്പളം യഥാസമയം നൽകുന്നതിന് ബുദ്ധിമുട്ട് നേരിടുന്നത് സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലസ്റ്റർ വികസന പരിപാടി

138(4412) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമാന മേഖലകളിലെ വ്യവസായ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനായി നടപ്പാക്കുന്ന ക്ലസ്റ്റർ വികസന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചിലവിൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിർമിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്ററിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ.ബിപ്) കേരളത്തിൽ നടപ്പിലാക്കി

വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ ക്ലസ്റ്റർ യൂണിറ്റുകളുടെയും സഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ.- സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 16 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (പൊതു സൗകര്യ കേന്ദ്രങ്ങൾ) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 45,522.7 ലക്ഷം രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ബാക്കി 4,99,730 ലക്ഷം രൂപയുടെ 4 പദ്ധതികൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ?

സൂക്ഷ്മ ചെറുകിട വ്യവസായ മേഖലയിലെ സംരംഭങ്ങൾക്ക് കുറഞ്ഞ ചെലവിൽ ഗുണമേന്മയുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി അത്തരം വ്യവസായ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനായി

കേന്ദ്ര എം.എസ്.എം.ഇ മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതിയുടെ കേരളത്തിലെ ഇംപ്ലിമെന്ററിംഗ് ഏജൻസിയായ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്) കേരളത്തിൽ നടപ്പിലാക്കി വരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റേയും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെയും വ്യവസായ ക്ലസ്റ്റർ യൂണിറ്റുകളുടെയും സഹകരണത്തോടു കൂടിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്.

കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയം പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള (സി.എഫ്.സി) പദ്ധതി വിഹിതം ചുവടെ സൂചിപ്പിച്ചിരിക്കുന്നു.

ഘടകങ്ങൾ	മൊത്തം പദ്ധതി ചെലവ്	പദ്ധതി വിഹിതം		
		കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ	കൺസോർഷ്യം (എസ്. പി. വി.)
കോമൺ ഫെസിലിറ്റി സെന്റർ	5 കോടി മുതൽ 10 കോടി വരെ	70%	20%	10%
	10 കോടി മുതൽ	60%	20%	20%

	30 കോടി വരെ			

ക്ലസ്റ്ററിലെ ആകെ യൂണിറ്റുകളുടെ 50%-ൽ കൂടുതൽ മൈക്രോ യൂണിറ്റുകളോ വനിതാ സംരംഭകരുടെ യൂണിറ്റുകളോ പട്ടികജാതി/ പട്ടികവർഗ വിഭാഗക്കാരുടെ യൂണിറ്റുകളോ ആയാൽ ലഭ്യമാകുന്ന സാമ്പത്തിക സഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഘടകങ്ങൾ	മൊത്തം പദ്ധതി ചെലവ്	പദ്ധതി വിഹിതം		
		കേന്ദ്ര സർക്കാർ	സംസ്ഥാന സർക്കാർ	കൺസോർഷ്യം (എസ്. പി. വി.)
കോമൺ ഫെസിലിറ്റി സെന്റർ	5 കോടി മുതൽ 10 കോടി വരെ	80%	15%	5%
	10 കോടി മുതൽ 30 കോടി വരെ	70%	15%	15%

കേന്ദ്ര സർക്കാരിന്റെ എം.എസ്.ഇ-സി.ഡി.പി. പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 16 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (പൊതു സൗകര്യ കേന്ദ്രങ്ങൾ) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 7,522.45 ലക്ഷം രൂപയുടെ 12 പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കി 4,997.30 ലക്ഷം

രൂപയുടെ 4 പദ്ധതികൾ പദ്ധതി നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(സി) ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഒരു ക്ലസ്റ്റർ എന്നാൽ തിരിച്ചറിയാവുന്നതും ഒരു നിശ്ചിത അകലത്തിൽ ഒരു പ്രദേശത്ത് (ഒരു പരിധി വരെ) സ്ഥിതി ചെയ്യുന്ന ഒരു കൂട്ടം സംരംഭങ്ങളാണ്. ഭൂമിശാസ്ത്രപരമായ പ്രദേശത്തിനപ്പുറത്തേക്ക് പോയി ലിങ്ക് ചെയ്യാവുന്ന സമാന ഉൽപന്നങ്ങൾ/ അനുബന്ധ ഉൽപന്നങ്ങൾ/ സേവനങ്ങൾ നിർമ്മിക്കുന്ന സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ശൃംഖലയെയും ക്ലസ്റ്ററുകളായി പരിഗണിക്കാറുണ്ട്. പൊതുവായ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ ഉപയുക്തമാക്കി സമാനമായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ക്ലസ്റ്ററിലെ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്. ഇപ്രകാരം ക്ലസ്റ്ററുകൾ രൂപീകരിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ ഗുണനിലവാരമുള്ള ഉൽപന്നങ്ങൾ കുറഞ്ഞ ഉൽപാദന ചെലവിൽ നിർമ്മിക്കുന്നതിനും ആ

ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനും ക്ലസ്റ്ററിലെ അംഗങ്ങളായ വ്യവസായ യൂണിറ്റുകൾക്ക് സാധിക്കുന്നതാണ്.

ഒരു ക്ലസ്റ്ററിൽ ഉൾപ്പെടുത്താവുന്ന വ്യവസായ യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിനായി പൊതുവെ സ്വീകരിച്ചുപോരുന്ന മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. ഉൽപാദനം, ഗുണ നിലവാര നിയന്ത്രണം & പരിശോധന, ഊർജ്ജ ഉപഭോഗം, മലിനീകരണ നിയന്ത്രണം മുതലായവയിലെ സമാനത
2. സാങ്കേതിക വിദ്യയുടെയും വിപണനതന്ത്രങ്ങളുടെയും സമാന നിലവാരം /രീതികൾ
3. ക്ലസ്റ്ററിലെ അംഗങ്ങൾക്കിടയിൽ ആശയവിനിമയത്തിനുള്ള സമാന ചാനലുകൾ
4. പൊതുവിപണി & വൈദഗ്ധ്യ ആവശ്യകതകൾ
5. ക്ലസ്റ്റർ അഭിമുഖീകരിക്കുന്ന പൊതുവായ വെല്ലുവിളികളും അവസരങ്ങളും.

സമാന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ഉൽപാദന പ്രക്രിയയിൽ ഏർപ്പെടുന്ന യൂണിറ്റുകളെ കണ്ടെത്തുകയും അവയെ സംയോജിപ്പിച്ച് അവർക്ക് ആവശ്യമായ പൊതു സൗകര്യങ്ങൾ ഒരുക്കുന്നതിനും അതത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് ക്ലസ്റ്ററുകൾ കണ്ടെത്തുന്നത്. ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾ സംയുക്തമായി കമ്പനീസ് ആക്ട് പ്രകാരം പുതിയ കമ്പനികൾ രൂപീകരിച്ചാണ് പൊതുവായ ഉൽപാദന പ്രക്രിയകൾക്കാവശ്യമായ കോമൺ ഫെസിലിറ്റി സെന്ററുകൾ പോലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാകുന്നത്.

(ഡി) ഏതൊക്കെ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വെളിപ്പടുത്തുമോ?

വുഡ്പ്രോസസ്സിംഗ് (ഫർണിച്ചർ) മേഖല, റബ്ബർ, പ്ലാസ്റ്റിക്, പ്ലൈവുഡ്, ടൈൽ, പ്രിന്റിങ്, സ്റ്റീൽ, ജനറൽ എൻജിനീയറിംഗ്, ഭക്ഷ്യസംസ്കരണം (റൈസ്, പപ്പടം) എന്നീ മേഖലകളിൽ ക്ലസ്റ്ററുകൾ രൂപീകരിക്കുവാൻ സാധിച്ചിട്ടുണ്ട്.

നിക്ഷേപക സൗഹൃദ സംഗമങ്ങൾ

139(4413) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിനായി 2001 മുതൽ ഇതുവരെയായി എത്ര നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്; അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ നിക്ഷേപക സംഗമത്തിനുമായി എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

(സി) ഓരോ നിക്ഷേപക സംഗമത്തിന്റെയും ഫലമായി എത്ര തുകയുടെ നിക്ഷേപവും എത്ര പേർക്ക് തൊഴിലും ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യമിട്ട് 2001 മുതൽ ഇതുവരെയായി വ്യവസായ

വാണിജ്യ വകുപ്പ്, കെ.എസ്.ഐ.ഡി.സി. എന്നിവയുടെ ആഭിമുഖ്യത്തിൽ 723 നിക്ഷേപക സംഗമങ്ങൾ നടത്തിയിട്ടുണ്ട്.

2002-2003-ൽ ഗ്ലോബൽ ഇൻവെസ്റ്റേർസ് മീറ്റ് സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്ക് വരുന്ന 96 പദ്ധതികൾക്കുള്ള ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ടി മീറ്റ് സംഘടിപ്പിക്കുന്നതിന് 5.06 കോടി രൂപ ചെലവായി.

2011-2012-ൽ എമർജിങ് കേരള എന്ന നിക്ഷേപ സംഗമം സംഘടിപ്പിച്ചിരുന്നു. അതിന്റെ ഭാഗമായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 19 പദ്ധതികളാണ് ഉണ്ടായിരുന്നത്. ബാക്കിയുള്ളവ മേൽനോട്ടത്തിനായി അതത് വകുപ്പുകൾക്ക് കൈമാറിയിട്ടുണ്ടായിരുന്നു. ടി മീറ്റ് സംഘടിപ്പിക്കുന്നതിനു 19.73 കോടി രൂപ ചെലവായി. ടി നിക്ഷപ സംഗമത്തിന്റെ തൊഴിലവസരങ്ങളുടെ കൃത്യമായ കണക്ക് തിട്ടപ്പെടുത്തിയിട്ടില്ല.

2019-2020, 2020-2021 കാലയളവിൽ ASCEND 2019, ASCEND 2020 എന്നീ വ്യവസായ സംഗമങ്ങൾ കെ.എസ്.ഐ.ഡി.സി സംഘടിപ്പിച്ചിരുന്നു.

പ്രസ്തുത സംഗമത്തിൽ സംസ്ഥാന സർക്കാരുമായി ധാരണ പത്രം/ താല്പര്യപത്രം ഒപ്പ് വെച്ച 151 പദ്ധതികൾവഴി 1,00,355.43 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചത്, അവയിൽ 47 (2,259.26 കോടി) പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 32 (6010.22 കോടി) പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതിലൂടെ നാളിതുവരെ ഇരുപത്തിനായിരത്തിലധികം പേർക്ക് തൊഴിൽ ലഭിച്ചതായി കണക്കാക്കുന്നു.

കൂടാതെ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന ജില്ലാതലത്തിലും താലൂക്ക് തലത്തിലും MSME സംരംഭകരുടെ നിക്ഷേപ സംഗമങ്ങൾ നടത്തിവരുന്നു. 2001 മുതൽ 2024 വരെയുള്ള കണക്ക് പ്രകാരം ജില്ലാ - താലൂക്ക് തലങ്ങളിലായി 719 നിക്ഷേപ സംഗമങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതുവഴി 6195 സംരംഭങ്ങൾ ആരംഭിക്കുകയും 1454.4 കോടി രൂപയുടെ നിക്ഷേപവും 51158 തൊഴിലവസരങ്ങളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത നിക്ഷേപക സംഗമങ്ങൾ നടത്തുന്നതിനായി ആകെ 2.72 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉണ്ട്. ഈ നിക്ഷേപക സംഗമങ്ങൾ സംസ്ഥാനത്തിന് ഒട്ടേറെ ഗുണപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുവാനും നിക്ഷേപകർക്ക് പുതിയ അവസരങ്ങളെപ്പറ്റി മനസ്സിലാക്കുവാനും വ്യാവസായിക ബന്ധങ്ങൾ കെട്ടിപ്പടുക്കുവാനും ഒട്ടനവധിപേർക്ക് തൊഴിൽ നേടുവാനും ഇതിലൂടെ സുസ്ഥിര വികസനം സാധ്യമാക്കുവാനും നിക്ഷേപ സംഗമങ്ങൾവഴി സാധിച്ചു. ഇത്തരത്തിലുള്ള നിക്ഷേപക സംഗമങ്ങൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

വ്യവസായങ്ങൾ ലാഭകരമായി പ്രവൃത്തിക്കുന്നതിന് സഹായം

140(4414) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ വ്യവസായങ്ങൾ ലാഭകരമാകത്തക്കവിധം സഹായകരമായ രീതിയിൽ പ്രവർത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ടോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഇത്തരം പദ്ധതികളിലൂടെ സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക അന്തരീക്ഷം സംസ്ഥാനത്തു രൂപപ്പെടുത്തിയെടുക്കാനും അങ്ങനെ അവർക്ക് സഹായകരമായ രീതിയിൽ പ്രവർത്തിക്കാനും വകുപ്പിന് കഴിഞ്ഞിട്ടുണ്ട്.

(ബി) ഇത്തരം പുതിയ വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിംഗിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സംരംഭക വർഷവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ എണ്ണത്തിൽ കാര്യമായ വർധന ഉണ്ടായിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് വ്യവസായികളിൽ

നിന്നുള്ള ഫീഡ്ബാക്ക് സ്വീകരിക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിച്ചുവരികയും ചെയ്യുന്നുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈനാക്കുന്നതിനും അവയെ കെ-സ്വിഫ്ട് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ - സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽവന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ

ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സൺ-നെ നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു. വ്യവസായ വകുപ്പിനുകീഴിലുള്ള 59 താലൂക്ക് വ്യവസായകേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലുമായി 14 ജില്ലാ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു.

ഇതുകൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 ഇന്റേണുകളെ (Enterprise Development Executives) നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു.

സംരംഭകർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി

രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുന്നതിനായി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സുമായി (ONDC) MoU ഒപ്പ് വച്ചു. ONDC നെറ്റ്വർക്കിലേക്ക്

പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നൽകിവരുന്നു.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ ഉൽപാദകരിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉൽപന്നങ്ങൾക്കായി ഒരു ജി.ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. സംരംഭക വർഷത്തിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി സംസ്ഥാന, ജില്ലാ, തദ്ദേശ സ്ഥാപനതലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചു. വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന സംരംഭങ്ങളുടെ വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള സർക്കാർ 2022-23 സാമ്പത്തിക വർഷം "സംരംഭക വർഷം" ആയി പ്രഖ്യാപിച്ചിരുന്നു. ഒരു വർഷത്തിൽ കേരളത്തിൽ ഒരു ലക്ഷം പുതിയ സംരംഭങ്ങൾ സൃഷ്ടിച്ചുകൊണ്ട് സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം തലത്തിലുള്ള സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഒരു വർഷം കൊണ്ട് ഒരു ലക്ഷം പുതിയ വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തു തുടങ്ങുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതി 2022-23 സാമ്പത്തിക വർഷത്തിൽ 139,840 പുതിയ സംരംഭങ്ങളും

അതിലൂടെ 3 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിച്ചുകൊണ്ട് ചരിത്ര വിജയം കൈവരിച്ചു.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 25 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്ത് ആകെ 2,52,657 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 16192.93 കോടി രൂപയുടെ നിക്ഷേപവും 537,701 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ.) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടികാണാൻ കഴിയാത്ത അപകടസാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷ്വറൻസ്

പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 2500 രൂപ) റീ-ഇംബേഴ്സ്മെന്റായി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേയ്ക്കും പൊതുജനങ്ങളിലേയ്ക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയ്ൻ സംഘടിപ്പിച്ചിട്ടുണ്ട്.

കേരളത്തിലെ MSME-കളിൽനിന്നും തിരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള ബിസിനസുകളായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാരിന്റെ സ്റ്റെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി ഇതുവരെ 149 സംരംഭങ്ങളെ

തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുത്ത സംരംഭങ്ങളിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, 2023 നിലവിൽ വന്നിട്ടുണ്ട്.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായി സംരംഭക സഹായ പദ്ധതി, നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാൻറ് പദ്ധതി, ഒരു കുടുംബം, ഒരു സംരംഭം പദ്ധതി, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി, നിലവിലുള്ള എം.എസ്.ഇ.-കളിൽ

സൂക്ഷ്മ സംരംഭങ്ങളിൽനിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽനിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിന് സഹായം നൽകുന്ന പദ്ധതി, തകർച്ച നേരിടുന്നതും പ്രവർത്തനരഹിതവുമായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി, കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി, പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP), സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

കൂടാതെ, ചീഫ് മിനിസ്റ്റേഴ്സ് അസിസ്റ്റന്റ് സ്കീം, വീ-മിഷൻ പദ്ധതി, സ്റ്റെയിൽ അപ് സപ്പോർട്ട്, സീഡ് ഫണ്ട് അസിസ്റ്റന്റ് എന്നിവ കേരളത്തിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കെ.എസ്.ഐ.ഡി.സി. നൽകുന്ന ധനസഹായ പദ്ധതികളാണ്.

സ്ക്രാപ് ബാറ്ററി പുനരുപയോഗ യോഗ്യമാക്കൽ

141(4415) <u>ശ്രീമതി ഉമ തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സ്ക്രാപ് ബാറ്ററി പുനരുപയോഗ യോഗ്യമാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ നിലവിലുണ്ടോ; എങ്കിൽ സ്ഥാപനങ്ങളുടെ പേരും സ്ഥലവും ലഭ്യമാക്കാമോ?

ഉണ്ട്. പാലക്കാട് ജില്ലയിലെ നൃ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയയിൽ പ്രവർത്തിക്കുന്ന മെസ്സേഴ്സ് ബെസ്റ്റ് സ്മെൽടേർസ് എന്ന വ്യവസായ സംരംഭം സ്ക്രാപ് ബാറ്ററി പുനരുപയോഗയോഗ്യമാക്കുന്നുണ്ട്.

മണലൂർ മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ

142(4416) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സംരംഭകർക്കായി വ്യവസായ വകുപ്പ് എന്തെല്ലാം വായ്പാ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വായ്പാ തുക, പലിശ നിരക്ക്, സബ്സിഡി എന്നിവ എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; വായ്പ ലഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ?

ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5%-10.5%)

6000 ലക്ഷം രൂപവരെ വായ്പയായി നൽകിവരുന്നു. ഓരോ ആറുമാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ, ഈ പ്രൊജക്ടുളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂവേർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജക്ടുളിൽ വായ്പ-ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടട് ഇല്ലാതെയും വായ്പ-ഇക്വിറ്റി അനുപാതം2:1 വരെ 1.5:1-ന മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ പ്രൊജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായിട്ടുള്ള പ്രത്യേക പരിഗണനയും കെ.എസ്.ഐ.ഡി.സി. നൽകിവരുന്നുണ്ട്.

അഞ്ചു കോടി രൂപ വരെയുള്ള വായ്പകൾക്ക് 5% എന്ന കുറഞ്ഞ പലിശ നിരക്കിൽ ചീഫ് മിനിസ്റ്റേഴ്സ് അസിസ്റ്റൻസ് സ്കീം പ്രകാരം വായ്പ

നൽകിവരുന്നുണ്ട്. മൊത്തം പ്രോജക്ട് ചെലവുകളുടെ 80 ശതമാനം വരെ വായ്പ സ്കീമിൽ ലഭിക്കുന്നതാണ്. ഇതുപ്രകാരം സ്ഥാപനങ്ങൾക്ക് ആസ്തി വർധിപ്പിക്കാനും പ്രവർത്തനമൂലധനത്തിനും ഉപയോഗിക്കാവുന്നതാണ്.

വീ മിഷൻ പദ്ധതി: സംസ്ഥാനത്ത് വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ഐ. ഡി.സി. വനിതാ സംരംഭകർക്ക് വായ്പ സഹായം നൽകിവരുന്ന പദ്ധതിയാണ് വനിതാ സംരഭകത്വ മിഷൻ അഥവാ വീ മിഷൻ. നിലവിലുള്ള സംരംഭകത്വത്തിന്റെ വിപുലീകരണം, ആധുനിക വൽക്കരണം, സർട്ടിഫിക്കേഷൻ, അക്രഡിറ്റേഷൻ അനുബന്ധ വൈവിദ്ധ്യവൽക്കരണം മുതലായവയ്ക്കാണ് വായ്പാ സഹായം നല്കിവരുന്നത്. ഈ പദ്ധതി പ്രകാരം നിലവിൽ 10 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള സ്ത്രീ സംരംഭങ്ങൾക്ക് പരമാവധി 50 ലക്ഷം രൂപ വരെ 7.5% പലിശ നിരക്കിൽ 6 വർഷത്തേയ്ക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

സ്റ്റെയിൽ അപ്പ് സപ്പോർട്ട് : മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപ്പന്നം/സേവനം വിജയകരമായി വികസിപ്പിക്കുകയും

വാണിജ്യവൽകരിക്കുകയുംചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

സീഡ് ഫണ്ട് അസ്സിസ്റ്റൻസ്: കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. ഇരുപത്തിയഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ ഇരുപത്തഞ്ചുലക്ഷം രൂപ വരെ നിലവിൽ 6.75% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക്

18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാസഹായം Capital subsidiary Incentive, Investment subsidy തുടങ്ങിയവ ഉൾപ്പെടുന്ന സബ്സിഡികൾ ആണ് ഈ പദ്ധതിയിൽ ഉള്ളത്.

കൂടാതെ വായ്പയെടുത്ത് തുടങ്ങുന്ന പുതിയ സംരംഭകർക്ക് സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, കേന്ദ്രസർക്കാർ ആവിഷ്കരിച്ച് വകുപ്പിലെ വിവിധ സ്ഥാപനങ്ങൾ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നടപ്പിലാക്കുന്ന പി.എം. വിശ്വകർമ്മ പദ്ധതി, പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ ശ്രുപവൽകരണ പദ്ധതി (പി.എം.ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് സ്കീം), പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) എന്നീ പദ്ധതികൾ മുഖേനയും വിവിധ ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു; ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി; വിശദാംശം അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ മണലൂർ മണ്ഡലത്തിൽ 2004 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 3807 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു.

നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി

143(4417) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നൂതന വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് നിക്ഷേപത്തിനും സംരംഭകത്വത്തിനും അനുകൂലമായ ഒരു വ്യാവസായിക എക്കോസിസ്റ്റം ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ വാണിജ്യ മേഖലയിൽ സംസ്ഥാന സർക്കാർ പുതിയതായി ആവിഷ്കരിച്ചുവരുന്ന നയങ്ങളും പദ്ധതികളും അടിസ്ഥാനമാക്കി വ്യവസായ സംരംഭകത്വത്തിന് ഊന്നൽ നൽകുന്ന രീതിയിൽ പുറപ്പെടുവിച്ച പുതിയ നിയമ നിർമ്മാണങ്ങളും നിയമ ഭേദഗതികളും മുൻനിർത്തിയും കേരളത്തെ പരിസ്ഥിതി സൗഹൃദ രീതിയിൽ ശക്തമായ നിക്ഷേപ സംസ്ഥാനമാക്കി മാറ്റുന്നതിനും സംയോജിത നടപടികളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സമഗ്രമായ വ്യവസായ നയം ആവിഷ്കരിച്ചിട്ടുള്ളത്. പരിവർത്തന കാലഘട്ടത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കുന്നതിന് കഴിയുന്ന തരത്തിൽ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം സജ്ജമാക്കുന്നതിനും നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിക്കുന്നതിനും നവീന ആശയങ്ങൾ വളർത്തുന്നതിനും തദ്വാരാ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സഹായകരമായ

രീതിയിൽ 7 സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുവയ്ക്കുന്ന രീതിയിലാണ് കേരള വ്യവസായ നയം 2023 അംഗീകരിച്ച് ഉത്തരവായിട്ടുള്ളത്.

പരിസ്ഥിതി–സാമൂഹികം–ഭരണം, അഥവാ ഇ.എസ്.ജി. തത്വങ്ങളിലൂന്നിയ നിക്ഷേപങ്ങൾക്കുള്ള ഹബ്ബ് ആയി കേരളത്തെ മാറ്റുക എന്നത് പുതിയ വ്യവസായ നയത്തിന്റെ ഒരു ലക്ഷ്യമാണ്. ഇ.എസ്.ജി. നിക്ഷേപങ്ങളുടെ പ്രാധാന്യം സംസ്ഥാനം തിരിച്ചറിയുകയും അതിലധിഷ്ഠിതമായ ഉത്തരവാദിത്ത നിക്ഷേപങ്ങളെ സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഇ.എസ്.ജി. റേറ്റിംഗിനെ അടിസ്ഥാനമാക്കിയുള്ള നവീകരണവും ഹരിത വളർച്ചയും ആവിഷ്കരിക്കുന്നതിനും പ്രകടനത്തെ അടിസ്ഥാനമാക്കി വായ്പകളും പ്രോത്സാഹനങ്ങളും നൽകുന്നതിനും പുതിയ വ്യവസായ നയം വിഭാവന ചെയ്യുന്നു.

(ബി) മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണ മേഖലയിൽ നേടിയെടുത്ത പുരോഗതി വിശദമാക്കുമോ?

കോവിഡിന് ശേഷമുള്ള കാലഘട്ടത്തിൽ, ആരോഗ്യത്തിനും ആരോഗ്യ സംരക്ഷണത്തിനും മുൻഗണന നൽകുന്ന സംസ്ഥാനമെന്ന നിലയിൽ വിനോദസഞ്ചാരികളെയും മറ്റ് പ്രൊഫഷണലുകളെയും ആകർഷിക്കുന്നതിന് കേരളം മുൻഗണന നൽകുന്നുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ മേഖലയിലും ഗവേഷണത്തിലും നിർമ്മാണത്തിലും കേരളത്തിന് വലിയ സാധ്യതകളുണ്ട്. മെഡിക്കൽ ഉപകരണങ്ങളുടെ മേഖലയിൽ രാജ്യത്തെ മുൻനിര ഗവേഷണ കേന്ദ്രമാണ് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം. മെഡിക്കൽ ഉപകരണ വ്യവസായത്തിൽ, ബ്ലഡ് ബാഗുകൾ നിർമ്മിക്കുന്ന പെനിൻസുല പോളിമർ ലിമിറ്റഡും എച്ച്.എൽ.എൽ. ലൈഫ്കെയർ ലിമിറ്റഡും വളരെ കാലങ്ങൾക്ക് മുൻപ് കേരളത്തിൽ തുടങ്ങിയ സ്ഥാപനങ്ങളാണ്. പെനിൻസുല പോളിമർ ലിമിറ്റഡ് 1987-ൽ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയിൽ നിന്ന് ലഭിച്ച സാങ്കേതികവിദ്യ ഉപയോഗിച്ച് ബ്ലഡ് ബാഗുകളുടെ ഉൽപാദനം ആരംഭിച്ചു. പെനിൻസുല പോളിമർ ലിമിറ്റഡിൽനിന്ന് പരിണമിച്ച ടെറുമോ പെൻപോൾ ഇന്ന്

ലോകമെമ്പാടുമുള്ള രക്ത സഞ്ചികളുടെ നിർമ്മാതാക്കളിൽ മുൻനിരയിൽ ഒന്നാണ്. കേരളത്തിലെ നിരവധി സ്ഥാപനങ്ങൾ ഐടി ഉപകരണങ്ങളും ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും വികസിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ 9 ഏക്കറിലായി മെഡിക്കൽ ഡിവൈസസ് പാർക്ക് ജൂൺ 2025-നകം പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. ഇതിനായി 260 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഉൽപാദന മേഖലയിലെ ഉന്നമനത്തിനായി 2 സംരംഭങ്ങൾ ലൈഫ് സയൻസസ് പാർക്കിൽ സ്ഥലം ഏറ്റെടുക്കുകയും, മറ്റു പല ലൈഫ് സയൻസസ് സംബന്ധിച്ച കമ്പനികളുമായി ചർച്ചകൾ നടന്നുവരികയുമാണ്.

(സി) ഈ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരളത്തിന് ഇണങ്ങുന്ന മേഖലകളിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും സംസ്ഥാനത്തെ സാങ്കേതിക വൈദഗ്ധ്യമുള്ള മാനവ വിഭവശേഷിയെ ശരിയാംവണ്ണം വിനിയോഗിക്കാൻ കഴിയുന്ന ആധുനിക

സ്മാർട്ട് വ്യവസായങ്ങൾക്ക് പ്രത്യേക പരിഗണന നൽകുവാനും, അതിലൂടെ ത്വരിതഗതിയിലുള്ള സ്ഥായിയായ വ്യവസായവൽകരണം സാധ്യമാക്കാനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. നാലാം വ്യവസായ വിപ്ലവം തുറന്നുതരുന്ന വിപുലമായ സാധ്യതകളെ സമർത്ഥമായി വിനിയോഗിക്കുന്നതിനുള്ള പ്രത്യേക കർമ്മപദ്ധതി ഈ നയം മുന്നോട്ട് വയ്ക്കുന്നു.

വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 മുൻഗണന മേഖലകളിൽ ഒന്നാണ് മെഡിക്കൽ ഉപകരണങ്ങൾ. സംസ്ഥാനത്തെ മികച്ച മനുഷ്യശേഷിയും ഭൂമിശാസ്ത്രപരമായ പ്രത്യേകതയും മെഡിക്കൽ അനുബന്ധ വ്യവസായത്തിന് അനുയോജ്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>അടിസ്ഥാന സൗകര്യം</u>

മെഡ്സ് പാർക്കിൽ മെഡിക്കൽ അനുബന്ധ ഉപകരണങ്ങളുടെ രൂപകല്പനയ്ക്കും നിർമ്മാണത്തിനും സൗകര്യമുണ്ടായിരിക്കും. ഇത് പങ്കിട്ട് ഉപയോഗിക്കാൻ കഴിയുന്ന സംവിധാനം ഒരുക്കും.

അക്കാദമിക-ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായ സംരംഭങ്ങൾ. സ്റ്റാർട്ടപ്പുകൾ, ഹെൽത്ത്കെയർ സ്ഥാപനങ്ങൾ, സർക്കാർ എന്നിവയ്ക്കിടയിൽ അറിവ് പങ്കിടുന്ന ഒരു ആവാസവ്യവസ്ഥയെ പരിപോഷിപ്പിച്ചുകൊണ്ട് കേരളത്തിലെ മെഡിക്കൽ ഉപകരണ നിർമ്മാണവും സാങ്കേതികവിദ്യയും ത്വരിതപ്പെടുത്തുന്നതിനായി ഒരു 'മെഡിക്കൽ ടെക് ഇന്നൊവേഷൻ പാർക്ക്' കെ.എസ്.ഐ.ഡി.സി.-യുടെ ബയോ 360 ലൈഫ് സയൻസസ് പാർക്കിൽ സ്ഥാപിക്കും.

മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ ഹൈ ടെമ്പറേച്ചർ പ്ലാസ്റ്റിക്, മെഡിക്കൽ ഗ്രേഡ് സിലിക്കൺ റബ്ബർ, മൈക്രോ ഫ്ളൂയിഡ്, മെഡിക്കൽ അല്ലോയ് തുടങ്ങിയവ വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കും.

നിർമ്മിക്കപ്പെടുന്ന മെഡിക്കൽ ഉപകരണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്ക് മെഡ്സ് പാർക്കിൽ സൗകര്യമൊരുക്കും.

നിക്ഷേപ പ്രോത്സാഹനം

ഇവിടെ നിർമ്മിക്കുന്ന മെഡിക്കൽ ഉപകരണങ്ങളുടെ നിലവാരം ഉറപ്പാക്കുന്നതിന് കരസ്ഥമാക്കേണ്ട വിവിധ സർട്ടിഫിക്കറ്റുകൾക്ക് വേണ്ടിവരുന്ന ചെലവിന്റെ അമ്പത് ശതമാനം തിരികെ നൽകും. ഒറ്റത്തവണ മാത്രം നൽകുന്ന ഈ തുക പരമാവധി 25 ലക്ഷം രൂപയായിരിക്കും.

ഗവേഷണവും വികസനവും

അക്കാദമിക് സ്ഥാപനങ്ങളും മെഡിക്കൽ അനുബന്ധ ഉപകരണ നിർമ്മാണരംഗത്തെ വ്യവസായങ്ങളും തമ്മിൽ നടത്തുന്ന ഗവേഷണ വികസന പ്രവർത്തനങ്ങൾക്ക് വേണ്ടി പ്രത്യേക ഫണ്ട് നീക്കിവയ്ക്കും. മെഡിക്കൽ അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുകയും നിലവാര സർട്ടിഫിക്കറ്റ് നേടാൻ സഹായിക്കുകയും മെഡിക്കൽ ഉപകരണങ്ങളുടെ സുരക്ഷാ പരിശോധന നടത്തുകയും ചെയ്യുന്ന അക്കാദമിക് സ്ഥാപനങ്ങളിലും ഗവേഷണ സ്ഥാപനങ്ങളിലും ഇതിനുവേണ്ടി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും.

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ നേടുന്നതിന് ഈടായി ബൗദ്ധിക സ്വത്തവകാശ രേഖ സമർപ്പിക്കാവുന്നതാണ്. ഇതിനായി പ്രത്യേക മാർഗരേഖ പുറത്തിറക്കും.

(ഡി) നൂതന വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും പുതിയ വ്യവസായ നയം ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ദൃഢമായ ഒരു സംരംഭക ആവാസവ്യവസ്ഥ സംജാതമാക്കുക, ഉത്തരവാദിത്വ നിക്ഷേപങ്ങളേയും സുസ്ഥിര വ്യവസായ സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുക, പരമ്പരാഗത വ്യവസായങ്ങളെ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിക്കുക, പുതുതലമുറ സംരംഭങ്ങൾക്ക് ആവശ്യമായ നൂതന അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക, സംരംഭങ്ങളെ പാരിസ്ഥിതിക, സാമൂഹിക, ഭരണ ഘടകങ്ങളിൽ ലോകോത്തര നിലവാരത്തിനനുസരിച്ച്

വേണ്ട മാറ്റങ്ങൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുക, ഉൽപന്നങ്ങൾക്ക് 'കേരള ബ്രാൻഡ്' ലേബലിൽ വിപണനം ചെയ്യുന്നതിന് സൗകര്യമൊരുക്കുക, ഉൽപന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് സഹായിക്കുക എന്നിവയാണ് പുതിയ വ്യവസായ നയത്തിൽ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്.

ഏവർക്കും അനുയോജ്യമായ തൊഴിൽ ലഭിക്കുന്ന ആരോഗ്യകരമായ സംരംഭകത്വ അന്തരീക്ഷം സൃഷ്ടിക്കുക എന്നത് വ്യവസായ നയത്തിന്റെ ലക്ഷ്യമാണ്. ആശയ രൂപീകരണത്തിനും നിർവ്വഹണത്തിനുമുള്ള ഇൻകുബേറ്റർ, ധനസഹായം, എളുപ്പത്തിലുള്ള വായ്പാ ലഭ്യത, നൈപുണ്യ വികസനവും പരിശീലനവും, നിക്ഷേപ സഹായ കേന്ദ്രങ്ങൾ എന്നിവവഴി സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ വ്യവസായ വകുപ്പ് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള വ്യവസായ നയത്തിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നു.

i. സംരംഭകത്വ സഹായക സംവിധാനം

നവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭക സംസ്കാരം വളർത്തുന്നതിനും സംരംഭകർക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്.

(a) സൂക്ഷ്മ -ചെറുകിട -ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിലേക്കായി ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി ആവിഷ്കരിക്കും. ഓരോ ജില്ലയിലും സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതുവഴി തൊഴിലവസരങ്ങൾ വർധിപ്പിക്കും. ശേഷി വികസനവും സഹായക പദ്ധതികളും സാങ്കേതിക വിദ്യയും അറിവും പങ്ക് വയ്ക്കുന്നതും സാങ്കേതിക സഹായവും ധന സഹായവും ഇതിന്റെ ഭാഗമായി ഉണ്ടാകും.

(b) സംരംഭകർക്ക് മാർഗ്ഗ നിർദേശങ്ങൾ നൽകുന്ന മെന്റർഷിപ്പ് സംവിധാനം സർക്കാർ ഏജൻസികൾ വഴിയും ഇൻക്യുബേഷൻ സെന്ററുകൾ വഴിയും നടപ്പാക്കും.

(c) സംരംഭകർക്കായി പുതുതലമുറ പദ്ധതികൾ ആവിഷ്കരിക്കുകയും സംസ്ഥാന സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ട് (KIED) മുഖേന കോളേജുകളിൽ സംരംഭകത്വ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്യും.

(d) സംസ്ഥാനത്ത് എങ്ങനെ ഒരു സംരംഭം തുടങ്ങാമെന്നത് സംബന്ധിച്ച് ലളിതമായി വിവരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും സംശയ നിവാരണ സംവിധാനവും വികസിപ്പിക്കും.

(e) എല്ലാ മേഖലയിലും പുതിയ ഉൽപന്നങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കും.

ii. <u>സംരംഭക ധന സഹായം</u>

സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും സംരംഭക സൗഹൃദ അന്തരീക്ഷം ഒരുക്കുന്നതിന് ധനസഹായം പരമപ്രധാനമാണ്.

(a) നിലവിലുള്ള ധനസഹായ പദ്ധതികളും സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (KSIDC) സീഡ് ഫണ്ട് പദ്ധതിയും ഐ.ടി ഇതര വ്യവസായങ്ങളെക്കൂടി മുന്നിൽ കണ്ട് വിപുലമാക്കും.

(b) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കായുള്ള ഇക്വിറ്റി ഫണ്ടുകൾ ആരംഭിക്കും.

(c) സ്റ്റാർട്ടപ്പുകൾക്കും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കുമായി ഗവേഷണത്തിനും വികസനത്തിനും ഉൾപ്പെടെ കേരള ബാങ്ക്, കെ.എസ്.ഐ.ഡി.സി, കെ.എഫ്.സി, കെ.എസ്.എഫ്.ഇ എന്നിവർ സംയുക്തമായി പ്രതിവർഷം 200 കോടി രൂപയുടെ വെഞ്ചർ ക്യാപിറ്റൽ ഫണ്ട് രൂപീകരിക്കും.

(d) സംസ്ഥാന സംരംഭങ്ങളുടെ ആഗോള വിപണി ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിലേക്കായി പ്രത്യേക പദ്ധതികൾക്ക് രൂപം നൽകും.

(e) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആശയ പ്രോത്സാഹന പരിപാടി (Innovation acceleration) ഊർജ്ജിതമാക്കും.

(f) ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കും.

iii. <u>സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഡിജിറ്റലൈസേഷൻ</u>

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ഡിജിറ്റൽവൽക്കരിക്കുകയും സാങ്കേതിക മികവ് നേടുകയും ചെയ്യുന്നതിലൂടെ ഉൽപാദന ചെലവ് കുറയുകയും വിഭവ വിനിയോഗം കുറയുകയും ഊർജ്ജക്ഷമത വർധിക്കുകയും ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമത വർധിക്കുകയും ചെയ്യും.

(a) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ സാങ്കേതിക ക്ഷമതയും ഡിജിറ്റൽവൽക്കരണവും.

(b) എം.എസ്.എം.ഇ.-കളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും തദ്ദേശീയ വ്യവസായങ്ങളുടെ വളർച്ച സുഗമമാക്കുന്നതിനും ക്ലസ്റ്റർ/മേഖല അടിസ്ഥാന സാങ്കേതിക കേന്ദ്രങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ തുടങ്ങിയവ വികസിപ്പിക്കും.

(c) ഗവേഷണ വികസന (ആർ&ഡി) പ്രവർത്തനങ്ങളുടെ ചെലവ് കുറച്ചുകൊണ്ട് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി സ്റ്റാർട്ടപ്പുകളിലും എം.എസ്.എം.ഇ കളും ഔട്ട് സോഴ്സ് ചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കും.

നിക്ഷേപവും നവീന ആശയങ്ങളും വളർത്തുന്നതിനും അനുകൂലമായ സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ നയം ലക്ഷ്യമിടുന്നു. വ്യവസായ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ചുവടെ നൽകിയിരിക്കുന്ന ഏഴ് സുപ്രധാന നയസ്തംഭങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം ആവശ്യമാണ്;

1. സംരംഭകത്വ പ്രോത്സാഹനം.

2. അടിസ്ഥാന സൗകര്യമൊരുക്കൽ.

3. ഹൈടെക് സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം.

4. നൈപുണ്യ വികസനം.

5. വ്യവസായ സൗഹൃദ അന്തരീക്ഷം.

6. കേരളം എന്ന ബ്രാൻഡിനെ വളർത്തുക.

7. മുൻഗണനാ മേഖലകളിലൂന്നിയ വ്യവസായവത്കരണം:-

അതിവേഗ വളർച്ചയുള്ള 'സൺറൈസ്' സംരംഭങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പുതിയ വ്യവസായ വാണിജ്യ നയത്തിൽ സാമ്പത്തിക പ്രോത്സാഹനങ്ങൾ വിഭാവനം ചെയ്തിരിക്കുന്നത്. അപ്രകാരം, 'സൺറൈസ്'/ മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന സംരംഭങ്ങൾക്ക് വിഭാവനം ചെയ്തിരിക്കുന്ന സാമ്പത്തിക പ്രോത്സാഹനങ്ങൾ ഇവയാണ്:

1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് (4%) വായ്പകൾ ലഭ്യമാക്കൽ;

2. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സബ്സിഡി ലഭ്യമാക്കൽ;

3. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 5 വർഷത്തേയ്ക്ക് 100% വൈദ്യുതി ഡ്യൂട്ടി ഒഴിവാക്കൽ;

4. എം.എസ്.എം.ഇ. സംരംഭങ്ങൾക്ക് പരമ്പരാഗത രീതിയിലുള്ള ധനസമാഹരണത്തിന് പുറമെ ഓഹരി വിപണനത്തിലൂടെ ധനസമാഹരണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, അത്തരം നടപടിക്രമങ്ങൾക്ക് ചെലവാകുന്ന തുകയുടെ 50% തുക, പരമാവധി 1 കോടി രൂപയിൽ കവിയാതെ തിരികെ നൽകുന്നതിനുള്ള ശുപാർശ;

5. വൻകിട, മെഗാ സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% നിക്ഷേപ സബ്സിഡി (പരമാവധി 10 കോടി രൂപ വരെ) ഘട്ടം ഘട്ടമായി അനുവദിക്കുക;

6. വൻകിട, മെഗാ സംരംഭങ്ങൾക്ക് 5 വർഷത്തേക്ക് മൂലധന നിക്ഷേപത്തിന് 100% സംസ്ഥാന ജി.എസ്.ടി റീഇംബേഴ്സ്മെന്റ്;

7. വൻകിട, മെഗാ സംരംഭങ്ങൾക്ക് തൊഴിൽ വർധിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം;

8. സർക്കാർ വ്യവസായ പാർക്കുകളിലും, അംഗീകൃത സ്വകാര്യ വ്യവസായ പാർക്കുകളിലും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രോത്സാഹനം; സ്ത്രീ സംരംഭകർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ള സംരംഭകർക്കും സംസ്ഥാനത്തിന്റെ ഏത് ഭാഗത്തും നിർമ്മാണ വ്യവസായസ്ഥാപനങ്ങൾക്കുവേണ്ടി ഭൂമി വാങ്ങുകയോ പാട്ടത്തിന് എടുക്കുകയോ ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജ്ജ് എന്നിവ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രോത്സാഹനം.

9. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 3 കോടി രൂപ വരെ ധനസഹായം;

10. എല്ലാ വിഭാഗം സംരംഭങ്ങൾക്കും വ്യാപാരമേളകളിൽ പങ്കെടുക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ.

11. ബൗദ്ധിക സ്വത്തവകാശം സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ

12. ഗുണനിലവാര സർട്ടിഫിക്കേഷൻ എടുക്കുന്നതിനുള്ള പ്രോത്സാഹനങ്ങൾ

13. സുസ്ഥിരതയ്ക്കും ഉത്തരവാദിത്ത വ്യവസായവൽക്കരണത്തിനുമുള്ള പ്രോത്സാഹനങ്ങൾ;

14. ഉത്പാദനമേഖലയിലെ ഇൻഡസ്ട്രി 4.0 ഉദ്യമങ്ങൾക്കുള്ള പ്രോത്സാഹനം;

15. സംസ്ഥാനത്തെ സർവ്വകലാശാലകളുമായി ഗവേഷണവികസനത്തിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭങ്ങൾക്കായി ഗവേഷണവികസന പ്രോത്സാഹനം;

16. സംസ്ഥാനത്തെ സ്റ്റാർട്ടപ്പുകൾക്ക് കെ.എസ്.ഐ.ഡി.സിയിലൂടെ ഒരു കോടി രൂപവരെയുള്ള സ്റ്റെയിൽഅപ്പ് വായ്പകൾ ലഭ്യമാക്കൽ;

17. 'മെയ്ഡ് ഇൻ കേരള' സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ചെലവായ തുകയുടെ 50% റീഇംബേഴ്സ്മെന്റ് നൽകൽ;

18. PLI നിക്ഷേപകരെ ആകർഷിക്കുന്നതിന് പ്രത്യേക പാക്കേജ്.

സംരംഭക വർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ

144(4418) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ഉത്തേജിപ്പിക്കുന്നതിനായി പുതിയ ദിശാബോധത്തോടെ സംരംഭകത്വ വികസന പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്ന ഘടകങ്ങളിലൊന്നാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ

സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി സംരംഭകവർഷം പദ്ധതി, സുസ്ഥിരത സർവ്വേ, മിഷൻ 1000, MSME ഇൻഷ്വറൻസ് പദ്ധതി, കേരളബ്രാൻഡ്, ക്യാംപസ് വ്യവസായ പാർക്കുകൾ, ഇൻഡസ്ട്രീസ് അവാർഡ്സ്, മെയ്ക്ക് ഇൻ കേരള, മെന്റർഷിപ്പ് സംവിധാനം എന്നിങ്ങനെ പുതിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ സംയോജനം കൂടുതൽ ശക്തിപ്പെടുത്തുന്നതിലൂടെയും വിവിധ മേഖലകളിൽ ശേഷിവികസനത്തിലൂടെയും, സാങ്കേതികവിദ്യ കൈമാറ്റം, ഗുണനിലവാര

സർട്ടിഫിക്കേഷൻ സ്ഥാപിക്കുക എന്നിവയിലൂടെയും വ്യവസായത്തിന് സുസ്ഥിരമായ ഒരു വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കാൻ പദ്ധതിയിടുന്നു.

(ബി) സംരംഭക വർഷം പദ്ധതിയിലൂടെ തുടർച്ചയായ രണ്ടാം വർഷവും ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായവകുപ്പ് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 1,03,596 പുതിയ സംരംഭങ്ങൾ കേരളത്തിൽ രൂപീകരിക്കപ്പെടുകയും, 7048.66 കോടി രൂപയുടെ നിക്ഷേപവും 2,18,179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയുംചെയ്തു. 2023 ഏപ്രിൽ 1 മുതൽ മാർച്ച് 13 വരെയുള്ള 348 ദിവസത്തെ കാലയളവിലാണ് ഒരു ലക്ഷം പുതിയ സംരംഭങ്ങൾ എന്ന നേട്ടം കൈവരിച്ചിരിക്കുന്നത്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു 1-04-2022 മുതൽ 26-06-2024 വരെയുള്ള കണക്കുപ്രകാരം 2,52,997 സംരംഭങ്ങൾ

ആരംഭിക്കുകയും അതുവഴി 16,212.20 കോടി രൂപയുടെ നിക്ഷേപവും 5,38,348 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുകയും ചെയ്തു.

(സി) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ മേഖലയുടെ വികസനത്തിനായി സർക്കാർ 'മിഷൻ 1000 പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ MSME കളിൽനിന്നും തെരഞ്ഞെടുത്ത 1000 MSME-കളെ നാല് വർഷത്തിനുള്ളിൽ ആകെ ഒരു ലക്ഷംകോടി വിറ്റുവരവുള്ള ബിസിനസ്സുകളായി ഉയർത്തുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതി, മിഷൻ 1000 വിഭാവനം ചെയ്തിട്ടുള്ളത്. വസ്തുനിഷ്ഠവും സുതാര്യവുമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് എം.എസ്.എം.ഇ.-കളെ സ്കെയിൽ അപ്പ് സ്കീമിനായി തെരഞ്ഞെടുക്കുന്നത്.

എം.എസ്.എം.ഇ.-കളുടെ സ്കെയിലിംഗ് അപ്പ് സഹായ പദ്ധതിക്കുള്ള ഭരണാനുമതി നൽകുകയും സ്കീം മാർഗ്ഗനിർദേശങ്ങൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട യൂണിറ്റുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങൾ നൽകുന്നതാണ്:

1. മൂലധന നിക്ഷേപ സബ്സിഡി 40% വരെ (പരമാവധി 2 കോടിരൂപ)

2. പ്രവർത്തന മൂലധന വായ്പകൾക്ക് പലിശ നിരക്കിന്റെ 50% വരെ പലിശ ഇളവ് (50 ലക്ഷംരൂപ വരെ)

3. സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സാമ്പത്തിക സഹായം (ഒരു സംരംഭത്തിന് ഒരുലക്ഷം രൂപ വരെ)

4. സാങ്കേതിക നവീകരണത്തിനും നൈപുണ്യ വികസനത്തിനും പ്രത്യേക സഹായം

5. തെരഞ്ഞെടുത്ത ഓരോ സംരംഭങ്ങൾക്കും അവരുടെ വിവിധ സ്കെയിലിംഗ്-അപ്പ് അനുബന്ധ പ്രവർത്തനങ്ങളിൽ അവർക്കുവേണ്ട മാർഗ്ഗനിർദേശങ്ങൾ നല്കുന്നതിനായും കൈത്താങ്ങ് സഹായം നൽകുന്നതിനായും വ്യവസായവകുപ്പിൽനിന്ന് ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കും

സ്കെയിൽ അപ്പ് മിഷനിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് MSME-കൾക്ക് ആവശ്യമായ മുൻക്കൂർ യോഗ്യതകൾ:

I. UDYAM രജിസ്ട്രേഷനോടുകൂടി കേരളത്തിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം

II. 31-03-2023 വരെ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തനം പൂർത്തീകരിച്ചിരിക്കണം

III. നിർമാണമേഖലയിലോ സേവനമേഖലയിലോ ഉള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ളവ ആയിരിക്കണം

2023 ഏപ്രിൽ 10 ന് എം.എസ്.എം.ഇ.-കൾക്ക് അപേക്ഷിക്കാൻ ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചു (https://mission1000.industry.kerala.gov.in). സ്കീമിന്റെ ഭാഗമായി അപേക്ഷിക്കുവാൻ ആവശ്യമായ മുൻക്കൂർ യോഗ്യതകളുള്ള എം.എസ്.എം.ഇ യൂണിറ്റുകൾ ഈ ഓൺലൈൻ പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയുണ്ടായി. സമർപ്പിച്ച അപേക്ഷകളിലെ വിവരങ്ങളുടെ കൃത്യതയും സമർപ്പിച്ച അനുബന്ധരേഖകളും ബന്ധപ്പെട്ട ഐ.ഇ.ഒ., എ.ഡി.ഐ.ഒ., ജില്ലാ

വ്യവസായ കേന്ദ്രത്തിലെ ജനറൽ മാനേജർ മുതലായവർ പരിശോധിക്കുകയും, ഇങ്ങനെ പരിശോധിച്ച അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലെ ബന്ധപ്പെട്ട ജനറൽ മാനേജർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കൈമാറുകയും ചെയ്യ. തുടർന്ന്, നിക്ഷേപങ്ങൾ, വാർഷിക വിറ്റുവരവുകൾ, ലാഭം, ശേഷിവിനിയോഗം, കയറ്റുമതി, ജീവനക്കാർ, പ്രമോട്ടർമാരുടെ CIBIL സ്കോർ, മുൻഗണനാ മേഖലയിലുള്ള വ്യവസായങ്ങൾ, ലഭിച്ച സർട്ടിഫിക്കേഷനുകളുടെ വിശദാംശങ്ങൾ തുടങ്ങിയ പോർട്ടലിൽ MSME-കൾ സമർപ്പിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി ഒരു സ്കോറിംഗ് മാനദണ്ഡം ഉപയോഗിച്ച് എം.എസ്.എം.ഇ.-കളെ റാങ്ക് ചെയ്യുകയുണ്ടായി.

താഴെ പറയുന്ന മാനദണ്ഡങ്ങൾക്ക് അനുസൃതമായി സ്കോറിംഗ് നടത്തിയാണ് മിഷൻ 1000 പദ്ധതിയിലേക്കുള്ള MSME-കളെ തിരഞ്ഞെടുക്കുന്നത്:

1. എം.എസ്.എം.ഇ. ഏതെങ്കിലും മുൻഗണനാ മേഖലയിലാണോ പ്രവർത്തിക്കുന്നത്.

2. കഴിഞ്ഞ സാമ്പത്തിക വർഷത്തെ വാർഷിക വിറ്റുവരവ്.

3. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ വിറ്റുവരവിലുള്ള ശരാശരി വർദ്ധന

4. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ അറ്റാദായത്തിലുള്ള ശരാശരി വർധന

5. കയറ്റുമതി വിറ്റുവരവ് (കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ ഏറ്റവും ഉയർന്നത്)

6. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ നിക്ഷേപത്തിലുള്ള ശരാശരി വർധന

7. മൊത്തം ഇൻസ്റ്റാൾ ചെയ്ത നിർമ്മാണ/സേവനശേഷിയുടെ ഉപയോഗ ശതമാനം

8. വിപുലീകരണ പ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യം/ഭൂമി ലഭ്യത

9. ക്രെഡിറ്റ്/ഹിസ്റ്ററി

10 പ്രമോട്ടർമാരുടെ CIBIL സ്കോർ

11. സർട്ടിഫിക്കേഷനുകൾ (ISO, ZED, QMS, IS, etc.)

12. കറന്റ് റേഷ്യോ

13. ശമ്പള ചെലവുകൾ വാർഷിക വിറ്റുവരവിന്റെ എത്ര ശതമാനം

14. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തിലെ ജീവനക്കാരുടെ എണ്ണത്തിലെ ശരാശരി വാർഷിക വളർച്ച.

2023 ഡിസംബർ 21-ന് ചേർന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാര കമ്മിറ്റിയുടെ (എസ്.എൽ.എ.സി.) മുമ്പാകെ കൃത്യമായ പരിശോധനകൾക്കുശേഷം 152 അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ ആദ്യബാച്ച് തെരഞ്ഞെടുക്കുവാൻവേണ്ടി സമർപ്പിച്ചു. തുടർന്ന്, 152 അപേക്ഷകളിൽ, 88 അപേക്ഷകൾക്ക് എസ്.എൽ.എ.സി., മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകി.

2024 ഫെബ്രുവരി 29-ന് ചേർന്ന വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല അംഗീകാരകമ്മിറ്റിയുടെ (എസ്.എൽ.എ.സി) മുമ്പാകെ കൃത്യമായ പരിശോധനകൾക്കുശേഷം 103

അപേക്ഷകൾ മിഷൻ 1000 പദ്ധതിയുടെ രണ്ടാം ബാച്ച് തെരഞ്ഞെടുക്കുവാൻ വേണ്ടി സമർപ്പിച്ചു. തുടർന്ന്, 103 അപേക്ഷകളിൽ, 61 അപേക്ഷകൾക്ക് എസ്.എൽ.എ.സി., മിഷൻ 1000 പദ്ധതിയിലേക്ക് അംഗീകാരം നൽകി. ഇതുവരെ ലഭിച്ച അപേക്ഷകളിൽ 255 അപേക്ഷകൾ SLAC-യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും, അവയിൽനിന്നും 60 മാർക്കിന് മുകളിൽ സ്കോർചെയ്ത 149 അപേക്ഷകരെ മിഷൻ 1000 പദ്ധതിയിലേക്ക് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കൂടുതൽ അപേക്ഷകൾ ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

സ്കെയിൽ അപ്പ് മിഷൻ പദ്ധതി കേരളത്തിലെ എം.എസ്.എം.ഇ-കൾക്ക് അവരുടെ ബിസിനസ്സിൽ വളർച്ച കൈവരിക്കാനും വിജയത്തിന്റെ പുതിയ ഉയരങ്ങളിലെത്താനും ഒരു അതുല്യമായ അവസരംനൽകുന്നു. കൂടാതെ, സുതാര്യമായ തെരഞ്ഞെടുപ്പ് സംവിധാനത്തിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന യൂണിറ്റുകൾക്ക് വിവിധ പ്രോത്സാഹനങ്ങൾ നൽകുന്നതുവഴി സംസ്ഥാനത്തെ സംരംഭങ്ങൾക്ക് വളർച്ചയുടെയും വികസനത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യും.

(ഡി) പ്രാദേശിക വ്യാവസായിക ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനും ഓരോ പഞ്ചായത്തും ഒന്നോ രണ്ടോ ഉൽപന്നങ്ങളിൽ കേന്ദ്രീകരിച്ച് സംഘടിതമായി അസംസ്കൃത വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള സാധ്യതകൾ ആരായുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരളത്തിലെ വ്യവസായ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത പദ്ധതിയാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപന്നം (OLOP) പദ്ധതി. ആഗോള വിപണിയിൽ തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും പ്രാത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വിലയും, ഉൽപന്നങ്ങളുടെ മൂല്യവർധനവിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ വരുമാനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

ഉയർന്ന വിപണി സാധ്യതയുള്ള അതുല്യമായ ഉൽപന്നങ്ങൾ വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്ന തരത്തിൽ സമൃദ്ധമായ

പ്രകൃതി വിഭവങ്ങളാൽ അനുഗ്രഹീതമാണ് കേരളം. ഈ വിഭവങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും ആഗോള വിപണിയിലേക്ക് അവയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു ചുവടുവെപ്പാണ് OLOP പദ്ധതി. പദ്ധതി പ്രകാരം, ഓരോ തദ്ദേശ സ്വയംഭരണതലത്തിലും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കാൻ കഴിയുന്ന ഉൽപന്നങ്ങളുടെ ഒരു പട്ടിക കണ്ടെത്താൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ഒരു പഠനം നടത്തിയിട്ടുണ്ട്. ഈ പട്ടികയുടെ അടിസ്ഥാനത്തിൽ വിവിധ തദ്ദേശ സ്ഥാപനങ്ങൾ OLOP പദ്ധതി പ്രകാരം നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള അവരുടെ ഉൽപന്നങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി നിലവിൽ സംസ്ഥാനത്തെ 640 തദ്ദേശസ്ഥാപനങ്ങൾ അവരുടെ ഉൽപന്നങ്ങൾ തെരഞ്ഞെടുത്തു കഴിഞ്ഞു.

വ്യവസായ വകുപ്പ്, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന OLOP പ്രോജക്ടുകളുടെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നു. OLOP പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിലേക്ക്

ഒരു തദ്ദേശ സ്ഥാപനത്തിന് 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകും. ഈ സഹായം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് (ഡി.പി.ആർ) തയ്യാറാക്കുന്നതിന് മുൻകൂറായി 50% തുക.

തദ്ദേശസ്ഥാപന കൗൺസിലിൽനിന്നുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ പൂർത്തിയാക്കിയതിനുശേഷം ബാക്കി 50% തുക.

പ്രസ്തുത പദ്ധതിയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ചു ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ് .

നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം

145(4419) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുൻസർക്കാർ അധികാരത്തിൽ വരുമ്പോൾ ഇന്ത്യയിൽ നിക്ഷേപ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം എത്രയായിരുന്നുവെന്നും 5 വർഷം കൊണ്ട് ഇതിൽ എത്രത്തോളം മുന്നേറ്റമുണ്ടാക്കാൻ സാധിച്ചുവെന്നും അറിയിക്കാമോ;

2016-2017-ലെ സൗഹൃദ റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം 20 ആയിരുന്നു. ടി സ്ഥാനത്തുനിന്നും സംസ്ഥാനത്തിന്റെ റാങ്ക് 15-ലേക്ക് ഉയർന്നിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) നടത്തിവരുന്ന സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ പ്രകാരം സംസ്ഥാനങ്ങൾക്ക് നടപ്പിലാക്കാനായി നൽകുന്ന പരിഷ്കരണ ശിപാർശകളുടെ നടപ്പാക്കൽ സ്കോർ 2016-ൽ 26.9% ആയിരുന്നത് 2022-ൽ 91% ആയി വർധിപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

(ബി) 2021-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ പ്രസ്തുത റാങ്ക് എത്രയായിരുന്നുവെന്നും ഇപ്പോൾ റാങ്ക് എത്രയാണെന്നും അറിയിക്കുമോ?

2021-ൽ ഈ സർക്കാർ അധികാരമേൽക്കുമ്പോൾ, നിക്ഷേപ സൗഹൃദ സൂചിക നിശ്ചയിക്കുന്നതിനായി കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2020-ലെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ (SBRAP 2020) നടപ്പിലാക്കൽ കാലാവധി പൂർത്തിയായിട്ടില്ലായിരുന്നു. ആയത് പൂർത്തിയായത്തോടെ കേരളത്തിന്റെ റാങ്ക് 28-ൽ നിന്നും 15-ലേക്ക് ഉയർന്നു. അതിനുശേഷം കേന്ദ്ര സർക്കാർ പുറത്തിറക്കിയ 2022-ലെ സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ (SBRAP 2022) ഫലപ്രഖ്യാപനം ഇതുവരെയും നടന്നിട്ടില്ല.

(സി) ഇക്കാലയളവിൽ കേരളത്തിൽ നിക്ഷേപം നടത്താൻ തയ്യാറായ പുതിയ പ്രധാന കമ്പനികളും അവയുടെ നിക്ഷേപത്തുക എത്രയെന്നും ഇതുവഴി എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും വിശദമാക്കാമോ?

പ്രസ്തുത കാലയളവിൽ കേരളത്തിൽ നിക്ഷേപം നടത്താൻ നിരവധി സംരംഭകർ തയ്യാറായി മുന്നോട്ട് വന്നിട്ടുണ്ട്. വ്യവസായ സംരംഭകരെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി നടത്തിയ മീറ്റ് ദി ഇൻവെസ്റ്റർ, വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി 11,000

കോടിയിൽപരം വ്യവസായ നിക്ഷേപ താല്പര്യം ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തേക്ക് വന്നിട്ടുള്ള പ്രധാനപ്പെട്ട വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

ടി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിൽ ആയതിനാൽ ഇവയിലൂടെ ഉണ്ടാകുന്ന തൊഴിലവസരങ്ങളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല എന്നിരുന്നാലും അയ്യായിരത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കരുതുന്നു.

കൂടാതെ കിൻഫ്ര പാർക്കിൽ പ്രവർത്തനമാരംഭിക്കുന്നതിന് അനുമതി നൽകിയ പ്രധാന കമ്പനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ സംസ്ഥാനത്ത് 2,67,053 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 17,644 കോടി രൂപയുടെ നിക്ഷേപം കൊണ്ടുവരാനും 5,90,681 പേർക്ക് തൊഴിൽ നൽകുവാനും സാധിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാട്ടാക്കട മണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണം

146(4420) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കുന്താണി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, മേപ്പൂക്കട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സ്ഥലം ലഭ്യമാണോയെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ കുന്താണി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും, മേപ്പൂക്കട മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിൽ സ്ഥലം ലഭ്യമല്ല.

അരുർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

147(4421) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ എത്ര പ്ലോട്ടുകൾ ഒഴിവുണ്ടെന്ന് വിശദമാക്കാമോ?

പ്ലോട്ടുകൾ ഒഴിവില്ല.

(ബി) പ്രസ്തുത എസ്റ്റേറ്റിൽ മലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

അത്തൂർ വ്യവസായ വികസന ഏരിയയിൽ കോമൺ എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് (CETP) സ്ഥാപിക്കുന്നതിലേയ്ക്കായി അത്തൂർ വ്യവസായ വികസന ഏരിയയിൽ മെ. ജിസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിന് അനുവദിച്ചിരുന്ന 185 സെന്റ് സ്ഥലത്തിൽ ഉപയോഗിക്കാതെ കിടന്നിരുന്ന സർവ്വേ നമ്പർ 411/1-എ 7-12, 411/1-എ, 411/2, 411/3- ൽ (Plot No. 27A) ഉൾപ്പെട്ട 100 സെന്റ് സ്ഥലം തിരിച്ചെടുത്തിരുന്നു. എന്നാൽ പ്രസ്തുത സ്ഥലം തിരിച്ചെടുത്ത നടപടിക്കെതിരെ മെസ്സേഴ്സ് ജിസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ് കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ 22-06-2023-ലെ വിധി തീർപ്പാക്കിക്കൊണ്ട് പ്രസ്തുത ഭൂമി തിരിച്ചെടുത്തിട്ടുണ്ട്. CETP സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കുന്ന പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനം ഫയൽ ചെയ്ത CMA No. 1 of 2024 And I.A. Nos 1

and 2 of 2024 in WP(സി) No. 29163 of 2021 കേസിലെ 26-02-2024 -ലെ ബഹു. കോടതിയുടെ ഇടക്കാല ഉത്തരവിൽ സ്ഥലം തിരിച്ചെടുത്ത നടപടി 18-01-2024 മുതൽ 6 മാസത്തേക്ക് സ്റ്റേ ചെയ്തിട്ടുണ്ട്.

(സി) എസ്റ്റേറ്റിൽ പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം നീക്കിവച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

അത്തൂർ വ്യവസായ എസ്റ്റേറ്റിൽ പ്ലോട്ട് നമ്പർ 78-ൽ 24.03 സെന്റ് സ്ഥലം ഫയർ സ്റ്റേഷന് അനുവദിക്കുകയും നിലവിൽ ഫയർ സ്റ്റേഷൻ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. പോലീസ് സ്റ്റേഷന് ഭൂമി അനുവദിച്ചിട്ടില്ല.

(ഡി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ആകെയുള്ള ഭൂമി എത്രയെന്നും എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

അത്തൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 62.9 ഏക്കർ ഭൂമി ഉണ്ട്. അതിൽ 94 വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നു.

കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

148(4422) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നവീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിലെ ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് എരിയ (നിഡ), പുതുശ്ശേരി ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ എന്നിവിടങ്ങളിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ്, എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിടം എന്നിവയുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടുണ്ട്. നിഡയിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ നവീകരണത്തിനായി 7 കോടി 12 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിക്ക്

സാങ്കേതിക അനുമതി ആയിട്ടില്ല. എസ്റ്റേറ്റ് ഓഫീസറുടെ കെട്ടിടത്തിനായി 27 ലക്ഷം രൂപയും അനുവദിച്ചിക്കുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി വ്യവസായ വികസന ഏരിയയിലെ ആഭ്യന്തര റോഡ്, ഡ്രെയിനേജ് എന്നിവയുടെ നവീകരണത്തിനായി 6 കോടി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ആയിട്ടില്ല.

മണലൂർ മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റുകളുടെ വിപുലീകരണം

149(4423) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര വ്യവസായ എസ്റ്റേറ്റുകളാണുള്ളതെന്നും അവയിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

മണലൂർ മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 3 വ്യവസായ എസ്റ്റേറ്റുകളാണുള്ളത്. അവയിൽ 31 ഷെഡ്ഡുകളിലായി 25

വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ യൂണിറ്റുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദാംശം നൽകാമോ?

ഈ വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി (PMEGP), പി.എം. ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ് (PMFME), മാർജിൻ മണിഗ്രാൻഡ് റ്റു നാനോ യൂണിറ്റ്സ് (MMG to NANO Units) എന്നീ വായ്പാ ബന്ധിത പദ്ധതികളും, പലിശ സബ്സിഡി ലഭിക്കുന്ന ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതിയും സ്ഥിര നിക്ഷേപത്തിന് സബ്സിഡി നൽകുന്ന സംരംഭക സഹായ പദ്ധതിയും സംരംഭകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇവയുടെ വിപുലീകരണത്തിന് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനായി പി.പി.പി. മോഡലിൽ വ്യവസായ പാർക്ക് ആവിഷ്കരിക്കുന്നതിനുള്ള കരട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള നിലവിലെ ഭൂമിയിൽ വ്യവസായ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനം നടത്തി, സംരംഭകർക്ക് നൽകാനാകുന്ന വിധത്തിൽ പി.പി.പി. മോഡലിലുള്ള വ്യവസായ ഭൂമി പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. ഈ പദ്ധതിയിൽ 100% ഫണ്ട് പരമാവധി 3 കോടി രൂപവരെ വ്യവസായ വകുപ്പ് ധനസഹായം നൽകുന്നു. കൂടുതലായി വരുന്ന ഭൂമി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടത്തേണ്ടതാകുന്നു.

സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ

150(4424) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയെന്നും അവ ഏതെല്ലാമെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

22 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു :-

കണ്ണൂർ

1. M/s. VMPS Food Park & Ventures.

2. M/s. Haritha.

കോഴിക്കോട്

M/s. Mount Park Industrial Estates (P) Limited.

മലപ്പുറം

1. M/s. Malabar Enterprises.

2. M/s. Classy Industrial Park.

3. M/s. P K Enterprises.

4. M/s. Karikkad Dewasom Traditional Trust.

പാലക്കാട്

1. M/s. Kadambur Industries Park, (for constructing SDF)

2. M/s. Featherlike (P) Limited.

3. M/s. Hi-Tech Industrial Park.

എറണാകുളം

1. M/s. Ozone Granites.

2. M/s. Tuffoply Resines India (P) Limited.

ഇടുക്കി

M/s. Woodon MDF Panel (P) Limited

കോട്ടയം

1. M/s. Indian Virgin Spices (P) Ltd.

2. M/s. Jacob & Richard International (P) Limited.

3. M/s. Sance Steriles (P) Limited.

4. M/s. K-BOARD Rubber Factory (P) Limited.

5. M/s. K-BOARD Wood Industries Private Limited.

6. M/s. K-BOARD Panel Products Private Limited.

പത്തനംത്തിട്ട

1. M/s. Delta Aggregates and Sand Pvt Ltd.

2. M/s. Pathanamthitta Industrial Promotion Pvt Ltd.

കൊല്ലം

M/s. Zehub Technopark (P) Limited.

(ബി) കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്ന് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം അനുവദിച്ചുവെന്നും വ്യക്തമാക്കാമോ;

കോട്ടയം ജില്ലയിൽ നിന്നും 7 അപേക്ഷകൾ ലഭിച്ചിരുന്നു. ആയതിൽ താഴെപ്പറയുന്ന 6 സ്ഥാപനങ്ങൾക്ക് സ്വകാര്യ വ്യവസായ എസ്റ്റേറ്റിന്റെ ഡെവലപർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്.

1. M/s. Indian Virgin Spices (P) Ltd.

2. M/s. Jacob & Richard International (P) Limited.

3. M/s. Sance Steriles (P) Limited.

4. M/s. K-BOARD Rubber Factory (P) Limited.

5. M/s. K-BOARD Wood Industries Private Limited.

6. M/s. K-BOARD Panel Products Private Limited.

ആലപ്പുഴ ജില്ലയിൽ നിന്നും ഒരു അപേക്ഷ ലഭിച്ചിരുന്നു. ആയതിന് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടില്ല.

(സി) കോട്ടയം, ആലപ്പുഴ ജില്ലകളിൽ നാളിതുവരെയും അനുമതി നൽകാത്തതോ, നിരസിച്ചതോ ആയ എത്ര അപേക്ഷകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും അനുമതി നൽകാത്തതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

കോട്ടയം, ആലപ്പുഴ ജില്ലകളിൽനിന്നും നാളിതുവരെയും അനുമതി നൽകാത്തതും പരിഗണിക്കാത്തതുമായ ഓരോ അപേക്ഷ വീതം ഉണ്ട്. കോട്ടയം ജില്ലയിൽനിന്നും ലഭിച്ച മെസ്സേഴ്സ് SITMICOS എന്ന സ്ഥാപനത്തിന്റെ അപേക്ഷ Legal Entity-യുടെ പേരിലല്ലാത്ത ഭൂമി വെച്ച് അപേക്ഷിച്ചതിനാൽ പ്രസ്തുത അപേക്ഷ പരിഗണിക്കപ്പെട്ടിട്ടില്ല.

ആലപ്പുഴ ജില്ലയിൽനിന്നും ലഭിച്ച മെ. കോൺസോ ഇൻഡസ്ട്രിയൽ പാർക്കിന്റെ അപേക്ഷയിന്മേൽ സ്ഥല പരിശോധന നടത്തിയിട്ടുള്ളതാണ്. ഫീസിബിലിറ്റി റിപ്പോർട്ട് ഡെപ്യൂട്ടി കലക്ടർ (LA)-യുടെ അഭിപ്രായത്തിനായി സമർപ്പിച്ചിരുന്നതുമാണ്. എന്നാൽ അപേക്ഷയിൽ ഉൾപ്പെട്ട ഭൂമി കോട്ടയം താലൂക്ക് ലാൻഡ് ബോർഡിന്റെ 08-02-2018-ലെ ഫോം നമ്പർ 3, പാർട്ട് ബി, ക്രമ നമ്പർ 7.8 പ്രകാരം മിച്ച ഭൂമി കേസിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, പ്രസ്തുത

കേസ് സംബന്ധിച്ച് കോട്ടയം താലൂക്ക് ലാൻഡ് ബോർഡിന്റെ അന്തിമ ഉത്തരവ് പ്രകാരം മാത്രമേ മേൽവിഷയത്തിൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്നും ജില്ലാ കലക്ടർ അറിയിച്ചിട്ടുണ്ട്. സ്ഥല പരിശോധനയ്ക്ക് ജില്ലാ കലക്ടറുടെ അംഗീകാരം ലഭിച്ചാൽ മാത്രമെ ടി അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്ക്

151(4425) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിൻ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി നിർമ്മാണം ആരംഭിച്ചതും നിലവിൽ നിർമ്മാണം നിലച്ചിരിക്കുന്നതുമായ പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ കെ.എസ്.ഐ.ഡി.സി-യുടെ മെഗാ ഫുഡ് പാർക്കിന്റെ ഭാഗമായി ആരംഭിച്ച പ്രാഥമിക

മത്സ്യസംസ്കരണ പ്ലാന്റിന്റെ കരാർ കോൺട്രാക്ടർ പിന്മാറിയതിനെത്തുടർന്ന് റദ്ദുചെയ്യുകയും, തുടർന്ന് നിലവിലെ ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരം ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.6 കോടി (GST ഉൾപ്പെടെ) രൂപയ്ക്ക് തയ്യാറാക്കിയിട്ടുമുണ്ട്. ആയതിന്റെ സാങ്കേതിക അനുമതിക്കായി 09-07-2024-ൽ നിശ്ചയിച്ചിരിക്കുന്ന കമ്മറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രാഥമിക മത്സ്യ സംസ്കരണ പ്ലാന്റ് എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്കുള്ള സാങ്കേതിക അനുമതി ലഭിച്ചതിനുശേഷം പ്രാഥമിക മത്സ്യസംസ്കരണ പ്ലാന്റ് ഡിസംബർ 2024-നോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും മാർച്ച് 2025-ഓടുകൂടി പ്രവർത്തനം ആരംഭിക്കാനുമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

(സി) പ്രസ്തുത പ്ലാന്റിന്റെ ഭാഗമായി മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ

നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക ലാപ്സായിട്ടുണ്ടോ; എങ്കിൽ ലാപ്സാകാനുള്ള കാരണം വ്യക്തമാക്കാമോ?

മുനമ്പത്ത് നിർദ്ദേശിക്കപ്പെട്ട ഓക്ഷൻ ഹാൾ, ഐസ് പ്ലാന്റ്, ലാബ്, ഓഫീസ് കെട്ടിടം എന്നിവ നിർമ്മിക്കുന്നതിനായി വകയിരുത്തിയ തുക ലാപ്സായിട്ടില്ല.

(ഡി) ലാപ്സായില്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി മുനമ്പം ഫിഷറീസ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി അനുവദിച്ച 75 സെന്റ് സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിന്റെ അനുമതി നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക ലാപ്സായി പോകാതിരിക്കാൻ ഈ തുക ഉപയോഗിച്ച് വൈപ്പിൻ, തോപ്പുംപടി എന്നിവിടങ്ങളിലെ പ്ലാന്റിന്റെ നിലവിലെ കപ്പാസിറ്റി വർദ്ധിപ്പിച്ച് നിർമ്മിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആയത്

ഡയറക്ടർ, ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (MOFPI) പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന സേവനങ്ങൾ

152(4426) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭകർക്ക് നൽകിയിട്ടുള്ള സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതായതിനാൽ ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന

ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽ വരികയുംചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ

പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധന ഇല്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന് വർഷമാണ് കാലാവധി. മൂന്ന് വർഷത്തിന് ശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേക്ക് മാത്രം കെട്ടിടത്തിനു നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-CIS സംവിധാനം നിലവിൽ വന്നിട്ടുണ്ട്.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുവേണ്ടി വിവിധങ്ങളായ സൗകര്യങ്ങൾ വ്യവസായ വാണിജ്യ വകുപ്പ് ഒരുക്കിയിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സംരംഭക വർഷം പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

2. വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർ പ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

3. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചിട്ടുണ്ട്.

4. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ. ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്.

ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപനതലങ്ങളിലുള്ള ഈ സംവിധാനങ്ങൾവഴി സംരംഭകർക്കാവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതാണ്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022-ലെ 19-ാം നമ്പർ ആക്ട് പ്രകാരം 1999 -ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട്, 1999 (2000-ലെ നിയമം 5)-ന്റെ ഭേദഗതിവഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ

തീരുമാനത്തിൻമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

<u>സംരംഭകരെ സഹായിക്കുന്നതിനായി ചുവടെ പറയുന്ന ധനസഹായ പദ്ധതികൾ നിലവിലുണ്ട്</u>

1. സംരംഭക സഹായ പദ്ധതി (ESS)

2. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

3. ഒരു കുടുംബം, ഒരു സംരംഭം പദ്ധതി

4. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായ പദ്ധതി

5. നിലവിലുള്ള സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള സഹായം

6. കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)

7. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (PMEGP)

8. പ്രധാനമന്ത്രിയുടെ ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽകരണ പദ്ധതി (പി.എം.എഫ്.എം.ഇ. പദ്ധതി)

പശ്ചാത്തല സൗകര്യങ്ങൾ

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ വികസന ഏരിയ/പ്ലോട്ട്കളിലെ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ മതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നു. 'Improving infrastructure in existing DA/DP' എന്ന പദ്ധതി പ്രകാരം ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വർഷംതോറും ഇതിനായി ഫണ്ട് വിനിയോഗിക്കുന്നു.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ

പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിന് പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി. നാളിതുവരെ 22 പേർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്.

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെയും ഭാഗമായുള്ളതാണ് 2023-ലെ ഇൻഡസ്ട്രിയൽ പോളിസി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു.

കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. സീഡ്ഫണ്ട് അസ്സിസ്റ്റൻസ് പദ്ധതിവഴി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു.

ഇതുകൂടാതെ മിനിമം വയബിൾ പ്രോഡക്ട് വികസിപ്പിച്ച് മാർക്കറ്റിൽ ഇറക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്ക് അവരുടെ പദ്ധതികൾ വിപുലീകരിക്കുന്നതിനും മാർക്കറ്റ് വികസിപ്പിക്കുന്നതിനും മാസ്

പ്രൊഡക്ഷനും മറ്റുമായി കെ.എസ്.ഐ.ഡി.സി. സ്കെയിൽ-അപ് സപ്പോർട്ട് നൽകിവരുന്നു.

പുതിയ ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് കെ.എസ്.ഐ.ഡി.സി കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.5% - 10.5%) 6000 ലക്ഷം രൂപ വരെ വായ്പയായി നൽകിവരുന്നു.

സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നത് സുഗമമാക്കുന്ന ലക്ഷ്യത്തോടുകൂടി, കിൻഫ്രയും കെ.എസ്.ഐ.ഡി.സി-യും ചേർന്ന് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിക്ക് രൂപം കൊടുത്തിട്ടുണ്ട്.

സ്റ്റാർട്ടപ്പ്സംരംഭം ആരംഭിക്കുന്നതിന് മുന്നോട്ട് വരുന്നവർക്ക് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച ഉപദേശം നൽകുന്നതിനുള്ള സംവിധാനം സ്റ്റാർട്ടപ്പ്കോമ്മൺസിലൂടെ ലഭ്യമാക്കിവരുന്നു. സാങ്കേതികതയും നൂതനതയും അടിസ്ഥാനമാക്കിയതും സാമൂഹിക പ്രതിബദ്ധതയുമുള്ള ഉൽപന്നങ്ങൾ സംബന്ധിച്ച ആശയം ആദ്യ മാതൃകയായി വികസിപ്പിക്കുന്നതിന് ഐഡിയ ഗ്രാന്റ് നൽകുന്ന ഇന്നൊവേഷൻ ഗ്രാന്റ് പദ്ധതിയും നിലവിലുണ്ട്. ഇതിലൂടെ കൂടുതൽ സംരംഭങ്ങൾ ഉണ്ടാവുകയും

അതിലൂടെ തൊഴിലവസരങ്ങൾ വർധിക്കുന്നതിനുമുള്ള സാഹചര്യമുണ്ടാകുന്നു. സാങ്കേതികതയിലും സംരംഭകത്വത്തിലും വിദ്യാർഥികൾക്ക് പ്രോത്സാഹനവും സഹായവും നൽകുന്നതിനായി കേരളത്തിലുടനീളമുള്ള എഞ്ചിനീയറിംഗ് ആർട്സ് ആൻഡ് സയൻസ്, പോളിടെക്നിക് കോളേജുകളിലായി 481 ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് സെന്ററുകളും സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിൽ നിർമിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടികളും കൂടാതെ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ ഉൽപന്നങ്ങൾ വിപണനം ചെയ്യാനായി Open Network for Digital Commerce (ONDC) -യുടെ നെറ്റ്വർക്കിൽ സംരംഭങ്ങളെ ഓൺബോർഡ് ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ഭൗമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽനിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനുമായി ഇത്തരം ഉൽപന്നങ്ങൾക്കായി ഒരു ജി.ഐ. മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.

എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 4% പലിശയ്ക്ക് വായ്പ നൽകുവാൻ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുമായി (SLBC) ചേർന്ന് കേരള എന്റർപ്രൈസസ് ലോൺ സ്കീം (KELS) അവതരിപ്പിച്ചിട്ടുണ്ട്.

മേൽപറഞ്ഞവ കൂടാതെ താഴെപ്പറയുന്ന സാമ്പത്തിക സഹായ പദ്ധതികളും ആവിഷ്കരിച്ചുനടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി

2. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.

3. സംസ്ഥാന സഹായത്തോടെയുള്ള ക്ലസ്റ്റർ വികസന പരിപാടി

(ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പുതുതായി ആരംഭിച്ച വൻകിട വ്യവസായങ്ങൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം ജില്ലയിൽ അങ്കമാലി ബിസിനസ്സ് പാർക്കിൽ മുരള്യ പ്രോഡക്ട്, മുരള്യ ലോജിസ്റ്റിക്സ്, ആർ.സി.സി. ന്യൂട്രാ ഫിൽ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികൾക്കായി യഥാക്രമം 2, 2.605, 4.848 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. മുരള്യ ഗ്രൂപ്പിന്റെ പദ്ധതിക്ക് 100 കോടി രൂപ നിക്ഷേപവും 300 ഓളം തൊഴിലവസരങ്ങളുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ 2 വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതാണ്. ഭാരത് ബയോടെക്കിന്റെ സഹോദര സ്ഥാപനമായ ആർ.സി.സി. ന്യൂട്രാ ഫിൽ പ്രൈവറ്റ് ലിമിറ്റഡിന് പദ്ധതിക്ക് 50 കോടി രൂപയുടെ നിക്ഷേപവും 40-ഓളം തൊഴിലവസരങ്ങളുമാണ് വിഭാവന ചെയ്തിരിക്കുന്നത്.

കണ്ണൂർ ജില്ലയിൽ, കെ.എസ്.ഐ.ഡി.സി-യുടെ വലിയവെളിച്ചം വ്യവസായ വളർച്ച കേന്ദ്രത്തിൽ അൽ-ഫാസ് വുഡ് പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ്, സ്വിസ്റ്റൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, മിനാർ റീ-റോളിങ്ങ് മിൽസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾക്കായി യഥാക്രമം 9,3,16 ഏക്കർ ഭൂമി അനുവദിച്ചിട്ടുണ്ട്. അൽ-ഫാസ് വുഡ് പ്രോഡക്ടസ് പ്രൈവറ്റ് ലിമിറ്റഡ്, സ്വിസ്റ്റൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളുടെ പദ്ധതിക്ക് 86 കോടി രൂപയുടെ നിക്ഷേപവും 450 -ഓളം തൊഴിലവസരങ്ങളുമാണ് വിഭാവന ചെയ്തിരിക്കുന്നത്. മിനാർ റീ-റോളിങ്ങ് മിൽസ് പ്രൈവറ്റ് ലിമിറ്റഡിന്റെ പദ്ധതിക്ക് 210 കോടി രൂപയുടെ നിക്ഷേപവും 900 ഓളം തൊഴിലവസരങ്ങളുമാണ് വിഭാവന ചെയ്തിരിക്കുന്നത്.

കിൻഫ്രയിൽ അനുവദിച്ച പ്രധാന കമ്പനികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Company	KINFRA Park	Investment in Cr.	Employment Generation
TCS	EMC, Kochi	600	3000
TATA Elxsi Ltd	KFVP, Trivandrum	75	2500-5000 (in phased manner)

GenRobotic Innovations Pvt Ltd	KINFRA, Film & Video Park	10.31	100
V-Guard Ltd	EMC, Kochi	50	350
Agappe Diagnostics Pvt Ltd.	EMC, Kochi	9.3	200
Trans-Asian Shipping Co.	EMC, Kochi	29.03	80
Hykon	EMC, Kochi	40	100
Vinvish Technologies Pvt Ltd.	KIAP, Trivandrum	155	1000
Jolly Coates	Petrochemical Park, Kochi	38	130
Vensure HCM	KFVP Trivandrum	5	150
Jayanthi SMP Tea Private Ltd.	Megafood Park, Palakkad	30	50
G Vein Medic Pvt Ltd.	Defence Park, Ottapalam	24	200
Veins India Life Science Pvt Ltd.	Defence Park, Ottapalam	7	72
Climate Natural Spices Pvt Ltd.	KINFRA Spices Park, Idukki	17	100
Muraco Infotech Pvt Ltd.	SDF, Advanced Technology Park, Ramanattukara	2	40
D- Space	KFVP, Trivandrum	15 (in phased manner)	50 (in phased manner)

അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്ക്

153(4427)ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോ കെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ 61 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ താല്ക്കാലിക വൈദ്യുതി-ജലവിതരണ സംവിധാനങ്ങൾ പൂർത്തിയായി. പാർക്കിലേക്ക് ജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 70 ശതമാനവും വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 40 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ അമ്പലമുകൾ പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായുള്ള ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ 61 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുണ്ട്. പാർക്കിനകത്തെ താല്ക്കാലിക വൈദ്യുതി-ജലവിതരണ സംവിധാനങ്ങൾ പൂർത്തിയായി. പാർക്കിലേക്ക് ജലവിതരണത്തിനായി പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 70 ശതമാനവും വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ 40 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പെട്രോ കെമിക്കൽ പാർക്കിൽ അനുവദിച്ച യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

481.79 ഏക്കർ ഭൂമിയിൽ സ്ഥിതിചെയ്യുന്ന പെട്രോകെമിക്കൽ പാർക്കിൽ 383 ഏക്കർ ഭൂമിയാണ് സംരംഭകർക്ക് അനുവദിക്കാനാവുന്നത്. അതിൽ 170 ഏക്കർ ഭൂമി ആങ്കർ ഇൻവെസ്റ്ററായ ഭാരത് പെട്രോളിയം

കോർപ്പറേഷൻ ലിമിറ്റഡിനാണ് അനുവദിച്ചിട്ടുള്ളത്. 11,000-ത്തോളം തൊഴിലവസരങ്ങളും 10,000 കോടി രൂപയുടെ നിക്ഷേപവും ലക്ഷ്യമിടുന്ന പദ്ധതി നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടത്തിലാണ്.

പ്രസ്തുത പാർക്കിൽ 22 യൂണിറ്റുകൾക്കായി 35.35 ഏക്കർ ഭൂമി വ്യാവസായികാവശ്യങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. അതിൽ 3 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ 3 യൂണിറ്റുകളിലായി 290 കോടി രൂപയുടെ നിക്ഷേപവും 80 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണത്തിലിരിക്കുന്ന 9 യൂണിറ്റുകളിൽ 2 യൂണിറ്റുകളുടെ നിർമ്മാണപ്രവർത്തനം അന്തിമഘട്ടത്തിലാണ്.

തിരുവമ്പാടി മണ്ഡലത്തിലെ സംരംഭങ്ങൾ

154(4428) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷത്തിന്റെ ഭാഗമായി കഴിഞ്ഞ രണ്ട് വർഷങ്ങളിൽ തിരുവമ്പാടി മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ

രജിസ്റ്റർ ചെയ്ത സംരംഭങ്ങളുടെ വിശദാംശം വർഷം, പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

ക്രമ നമ്പർ	തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര്	സൃഷ്ടിക്കപ്പെട്ട സംരംഭങ്ങൾ	
		2022-23	2023-24
1	മുക്കം (M)	187	183
2	പുതുപ്പാടി	152	97
3	കൂടരഞ്ഞി	76	72
4	തിരുവമ്പാടി	130	105
5	കൊടിയത്തൂർ	129	86
6	കാരശ്ശേരി	150	102
7	കോടഞ്ചേരി	139	93
8	കട്ടിപ്പാറ	85	68

(ബി) രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ വഴി മണ്ഡലത്തിൽ എത്ര തൊഴിലവസരം സൃഷ്ടിച്ചുവെന്നും എത്ര നിക്ഷേപം ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

ക്രമ നം.	തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന്റെ പേര്	2022-23		2023-24	
		നിക്ഷേപം (കോടിയിൽ)	സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ	നിക്ഷേപം (കോടിയിൽ)	സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ
1	മുക്കം (M)	14.34	407	9.01	318
2	പുതുപ്പാടി	8.46	284	6.22	223

3	കൂടരഞ്ഞി	6.51	162	15.66	145
4	തിരുവമ്പാടി	9.91	287	13.32	264
5	കൊടിയത്തൂർ	6.03	263	4.65	191
6	കാരശ്ശേരി	12.21	309	2.54	168
7	കോടഞ്ചേരി	6.62	244	11.78	229
8	കട്ടിപ്പാറ	8.22	305	1.73	106
	ആകെ	**72.3**	**2261**	**64.91**	**1644**

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം ഒരു ഉൽപന്നം പദ്ധതി

155(4429) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപന്നം (ഒ.എൽ.ഒ.പി.) പദ്ധതി വഴി സംസ്ഥാനത്ത് എത്ര സംരംഭങ്ങൾ തുടങ്ങിയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ വ്യവസായ-വാണിജ്യ വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത പദ്ധതിയാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപന്നം (OLOP) പദ്ധതി. ആഗോള വിപണിയിൽ തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും

പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക ഉൽപന്നങ്ങൾക്ക് ന്യായമായ വിലയും ഉൽപന്നങ്ങളുടെ മൂല്യവർദ്ധനവിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്കും സംരംഭകർക്കും ഗണ്യമായ വരുമാനവും നൽകാൻ പദ്ധതി ലക്ഷ്യമിടുന്നു.

വ്യവസായ വകുപ്പ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന (OLOP) പ്രോജക്ടുകളുടെ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നു. OLOP പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചെലവിലേക്ക് ഒരു തദ്ദേശ സ്ഥാപനത്തിന് 50,000 രൂപ വരെ സാമ്പത്തിക സഹായം നൽകും. ഈ സഹായം രണ്ട് ഘട്ടങ്ങളിലായാണ് നൽകുന്നത്.

1) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് മുൻകൂറായി 50% തുക.

2) തദ്ദേശ സ്ഥാപന കൗൺസിലിൽ നിന്നുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. പൂർത്തിയാക്കിയതിനുശേഷം ബാക്കി 50% തുക.

പ്രസ്തുത പദ്ധതിയുടെ മാർഗനിർദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) മട്ടന്നൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

നിലവിൽ ആരംഭിച്ചിട്ടില്ല. മാർഗ്ഗനിർദേശങ്ങളനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങൾ

156(4430) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിക്ഷേപം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 1-04-2022 മുതൽ 26-06-2024 വരെയുള്ള കണക്കുപ്രകാരം 252997 സംരംഭങ്ങൾ ആരംഭിക്കുകയും അതുവഴി 16,212.20 കോടി രൂപയുടെ നിക്ഷേപവും 5,38,348 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

(ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര സംരംഭങ്ങൾ ആരംഭിക്കാനും അതുവഴി എത്ര കോടി രൂപയുടെ നിക്ഷേപവും തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ?

ക്രമ നമ്പർ	സംരംഭക വർഷം	ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം	നിക്ഷേപം (കോടി)	തൊഴിലവസരങ്ങൾ
1.	2022-23	1118	73.44	2288
2.	2023-24	811	50.06	1713

ചാവക്കാട് പ്രവാസി വ്യവസായ പാർക്ക്

157(4431) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ധാരാളമുള്ള ഗുരുവായൂർ മണ്ഡലത്തിലെ ചാവക്കാട് പ്രവാസി വ്യവസായ പാർക്ക് പദ്ധതി നടപ്പിലാക്കുമോ എന്ന് അറിയിക്കാമോ;

(ബി) പ്രവാസികൾ ധാരാളം അധിവസിക്കുന്ന ഗുരുവായൂർ മണ്ഡലത്തിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; മണ്ഡലത്തിലെ തീരപ്രദേശത്തുള്ള ഏക്കർ കണക്കിന് റവന്യൂ പുറംപോക്ക് ഭൂമി പ്രസ്തുത ആവശ്യത്തിന് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രവാസി വ്യവസായ പാർക്ക് എന്ന പേരിൽ നിലവിൽ പദ്ധതിയില്ല.

എന്നാൽ പ്രവാസികൾക്കായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും നോർക്കയും ചേർന്ന് അവതരിപ്പിച്ച പ്രവാസി ഭദ്രത പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതി മുഖേന പ്രവാസികൾക്ക് സംരംഭങ്ങൾ

ആരംഭിക്കുന്നതിന് അനുവദിച്ചുവരുന്ന വായ്പ 25 ലക്ഷം മുതൽ 2 കോടി രൂപ വരെയാണ്. പ്രവാസി മലയാളികൾക്ക് ഉപയോഗപ്പെടുത്താവുന്ന പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം എന്ന ഒരു സഹായ പദ്ധതിയും നിലവിലുണ്ട്. ഇതിന്റെ ഭാഗമായി 25 ലക്ഷം രൂപ മുതൽ 2 കോടി രൂപ വരെ വായ്പ ലഭിക്കും. 3% സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്പ്, പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭിക്കുന്നതാണ്. 1 കോടി രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കും.

കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള നിയമനം

158(4432) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് മുഖേന വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമിക്കുന്ന എം.ഡി.-മാരുടെ കാലാവധി എത്രയാണെന്ന് വിശദമാക്കുമോ?

കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡുവഴി നിയമിക്കപ്പെടുന്ന മാനേജിംഗ് ഡയറക്ടർമാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിച്ചുവരുന്നു.

(ബി) നാല് വർഷമോ അതിൽ അധികമോ കാലം എം.ഡി.മാരായി തുടരുന്നവർ എത്ര പേരുണ്ടെന്നും അവർ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്നും വിശദമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള ചുവടെ പറയുന്ന 14 പൊതുമേഖലാ സ്ഥാപനങ്ങളിൽ നാല് വർഷമോ അതിലധികമോ കാലമായി ഒരേ മാനേജിംഗ് ഡയറക്ടർമാർ തുടർന്നുവരികയാണ്.

1. കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ്

2. യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

3. കെ.സി.സി.പി ലിമിറ്റഡ്

4. സെയിൽ-എസ്.സി.എൽ കേരള ലിമിറ്റഡ് (സെയിൽ-ലിൽ നിന്നുള്ള നോമിനി)

5. സ്റ്റീൽ ആന്റ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ്

6. കൊല്ലം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

7. കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

8. ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

9. തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്

10. മാൽകോ ടെക്സ്

11. കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ്

12. കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

13. ഹാന്റെക്സ്

14. കിൻഫ്ര

(സി) മേൽപ്പറഞ്ഞ എം.ഡി.-മാർ കെ.പി.ഇ.എസ്.ആർ.ബി. വഴി നിയമിതരായവരാണോ എന്നും വിശദമാക്കുമോ?

അല്ല. മേൽ പറഞ്ഞിട്ടുള്ള സ്ഥാപനങ്ങളിലെ എം.ഡി.-മാർ കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് പ്രവർത്തനമാരംഭിക്കുന്നതിനുമുൻപ് നിയമിക്കപ്പെട്ടവരാണ്.

(ഡി) ഏതെങ്കിലും പൊതു മേഖലാ സ്ഥാപനത്തിന്റെ എം.ഡിക്കെതിരെ അതേ സ്ഥാപനത്തിന്റെ ചെയർമാൻ പരാതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർക്കെതിരേ പ്രസ്തുത സ്ഥാപനത്തിലെ ചെയർമാൻ സമർപ്പിച്ച പരാതി സർക്കാർ പരിശോധിച്ചുവരികയുമാണ്.

(ഇ) എങ്കിൽ പ്രസ്തുത പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ മാനേജിംഗ് ഡയറക്ടർക്കെതിരേ പ്രസ്തുത സ്ഥാപനത്തിലെ ചെയർമാൻ സമർപ്പിച്ച പരാതി സർക്കാർ പരിശോധിച്ചുവരികയുമാണ്.

സിഡ്കോയുടെ പ്രവർത്തനലാഭം

159(4433) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയ്ക്ക് നിലവിൽ ആകെ എത്ര ഓഫീസ്/യൂണിറ്റുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമാണെന്നും ഓരോ യൂണിറ്റിലും നിലവിലെ ജീവനക്കാരുടെ എണ്ണം എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

പൊതുമേഖലാ സ്ഥാപനമായ കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ (SIDCO)-ൽ നിലവിൽ 1 ഹെഡ് ഓഫീസ്, 1 റീജിയണൽ ഓഫീസ്, 9 പ്രൊഡക്ഷൻ യൂണിറ്റുകൾ, 15 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ, 14 റോ

മെറ്റീരിയൽ ഡിപ്പോകൾ എന്നിവയുണ്ട്. ഇവിടങ്ങളിലെ ആകെ ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. Raw Material Regional Office, Ernakulam - 21

2. RM Depot, Trivandrum - 5

3. RM Depot, Kollam - 8

4. RM Depot, Thiruvalla - 3

5. RM Depot,Alappuzha - 4

6. RM Depot, Kottayam - 3

7. RM Depot, Thodupuzha - 4

8. RM Depot, Ernakulam - 4

9. RM Depot, Ollur - 5

10. RM Depot, Palakkad - 3

11. RM Depot, Manjeri - 4

12. RM Depot, Calicut - 4

13. RM Depot, Wayanad - 2

14. RM Depot, Kannur - 3

15. RM Depot, Kasargod -3

16. Government Instrument Workshop, Pappanamcode -15

17. Pressure Die Casting Unit, Pappanamcode - 9

18. Wood Working Unit, Pappanamcode - 13

19. SIDCO Tools, Umayanalloor, Kollam - 11

20. StrawBoard Factory, Perumala - 10

21. Wood Workshop, Kollakadavu- 7

22. Service Workshop, Ollur - 2

23. Wood Workshop, Calicut - 13

24. Tool Room Cum Training Centre, Calicut - 12

25. Regional Office Ernakulam - 16

26. SIDCO Sales Emporium, Trivandrum – 10

27. SIDCO Marketing Cell, Trivandrum – 8

28. SIDCO Sales Emporium, Kollam – 9

29. SIDCO Marketing Centre, Thiruvalla – 5

30. SIDCO Marketing Centre, Alappuzha – 3

31. SIDCO Sales Emporium, Kottayam – 3

32. SIDCO Sales Emporium, Ernakulam – 5

33. SIDCO Sales Emporium, Thodupuzha – 3

34. SIDCO Marketing Centre, Ollur – 8

35. SIDCO Marketing Centre, Palakkad – 5

36. SIDCO Marketing Centre, Manjeri – 4

37. SIDCO Marketing Centre, Wayanad – 2

38. SIDCO Marketing Centre, Kasargod – 2

39. SIDCO Sales Emporium, Kozhikode - 7

40. SIDCO Sales Emporium, Kannur - 5

41. SIDCO Head Office, Thiruvananthapuram - 105

(ബി) സിഡ്കോയുടെ കഴിഞ്ഞ പ്രവർത്തനവർഷത്തെ ആകെ ലാഭം എത്രയാണെന്നും കഴിഞ്ഞ പ്രവർത്തനവർഷം പ്രവർത്തനലാഭം നേടിയ യൂണിറ്റുകൾ ഏതെല്ലാമാണെന്നും ഓരോ യൂണിറ്റിന്റെയും പ്രവർത്തനലാഭം എത്രയാണെന്നുമുള്ള വിവരം പ്രത്യേകം ലഭ്യമാക്കാമോ;

(സി) സിഡ്കോയുടെ കഴിഞ്ഞ വർഷത്തെ പ്രവർത്തനലാഭത്തിൽ ഇന്ത്യൻറെയിൽവേ സ്ഥലം ഏറ്റെടുത്തതുവഴി ലഭ്യമാക്കിയിട്ടുള്ള നഷ്ടപരിഹാരതുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

(ബി&സി) നിലവിൽ 2021 സാമ്പത്തിക വർഷം വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റാണ് സിഡ്കോയിൽ പൂർത്തീകരിച്ചിട്ടുള്ളത്. ആയതിനാൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിക്കുന്ന മുറയ്ക്കേ പ്രവർത്തനലാഭം സംബന്ധിച്ച വിശദാംശം ലഭ്യമാകുകയുള്ളൂ.

(ഡി) സിഡ്കോയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരിൽ ശമ്പളകുടിശിക നൽകാനുള്ള ജീവനക്കാരുടെ വിവരവും അവർക്ക് നൽകേണ്ട ശമ്പളകുടിശികയുടെ വിവരവും ലഭ്യമാക്കാമോ?

മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) സിഡ്കോയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നവരുടെ ഇ.പി.എഫ്.- ൽ അടയ്ക്കേണ്ട വിഹിതത്തിൽ കുടിശികയുണ്ടോയെന്നും എത്ര മാസത്തെ കുടിശികയുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കുടിശ്ശിക ഉണ്ട്. 39 മാസം.

(എഫ്) സിഡ്കോയിൽനിന്ന് വിരമിച്ച ജീവനക്കാരിൽ എത്രപേർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാനുണ്ടെന്നും എത്ര തുകയാണ് വിരമിക്കൽ ആനുകൂല്യമായി ഇനി കൊടുത്തുതീർക്കാനുള്ളതെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ആകെ 38 പേർക്ക് വിരമിക്കൽ ആനുകൂല്യം നൽകാനുണ്ട്. ഗ്രാറ്റുവിറ്റി നടപടിക്രമം ആയിട്ടുള്ള 21 ജീവനക്കാർക്ക് ഇനി 52,69,036/- രൂപ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗ്രാറ്റുവിറ്റി ഇനത്തിൽ നൽകുവാനുണ്ട്. ടെർമിനൽ ഏൺഡ് ലീവ് സറണ്ടർ ഇനത്തിൽ ഇവർക്ക് 20,02,251/- രൂപയും നൽകുവാനുണ്ട്.

വിരമിച്ച മറ്റ് 17 ജീവനക്കാർക്ക് വിവിധ കാരണങ്ങളാൽ ഗ്രാറ്റുവിറ്റി നടപടിക്രമം പൂർപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

(ജി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന സിഡ്കോയുടെ ഹെഡ് ഓഫീസിന്റെ വാടക കുടിശികയുണ്ടെങ്കിൽ അത് എത്ര മാസത്തേതാണെന്നും അടയ്ക്കേണ്ട ആകെ തുക എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

55 മാസത്തെ വാടക കുടിശ്ശികയുണ്ട്. ആകെ 1.67 കോടി രൂപ.

നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്യവസായ സ്ഥാപനങ്ങൾ

160(4434) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ കാരോട്, കുളത്തൂർ, ചെങ്കൽ, തിരുപുറം, അതിയന്നൂർ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭാ

പ്രദേശത്തുമായി 2020-21, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ എത്ര വ്യവസായ സ്ഥാപനങ്ങളാണ് ആരംഭിച്ചതെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിൽ കാരോട്, കുളത്തൂർ, ചെങ്കൽ, തിരുപുറം, അതിയന്നൂർ പഞ്ചായത്തുകളിലും നെയ്യാറ്റിൻകര നഗരസഭാ പ്രദേശത്തുമായി 2020-21, 2022-23, 2023-24 സാമ്പത്തിക വർഷത്തിൽ 605 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ആരംഭിച്ച വ്യവസായ സ്ഥാപനങ്ങളുടെ പേരുവിവരവും പഞ്ചായത്തും വിശദമാക്കാമോ?

ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാണ്.

വാമനപുരം മണ്ഡലത്തിൽ ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ പദ്ധതി

161(4435) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരംഭക വർഷം (ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ) പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ,

നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ, അനുവദിച്ച ബാങ്ക് വായ്പയുടെ വിവരങ്ങൾ എന്നീ വിശദാംശം പഞ്ചായത്ത്, വർഷം അടിസ്ഥാനത്തിൽ ഇനം തിരിച്ച് നൽകാമോ?

സംരംഭകവർഷം 2022-23 പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ അനുവദിച്ച ബാങ്ക് വായ്പയുടെ വിവരങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു.

പഞ്ചായത്ത്	ആരംഭിച്ച സംരംഭങ്ങൾ	തൊഴിലവസരങ്ങൾ	നിക്ഷേപങ്ങൾ (കോടി)	ലോൺ ഉപഭോക്താക്കളുടെ എണ്ണം
ആനാട്	166	316	5.67	23
കല്ലറ	135	221	12.65	4
നന്ദിയോട്	125	224	3.17	43
നെല്ലനാട്	127	264	6.28	13
പനവൂർ	99	167	3.39	16
പാങ്ങോട്	135	258	5.84	3
പെരിങ്ങമ്മല	164	376	8	7
പുല്ലമ്പാറ	74	148	3.43	10
വാമനപുരം	106	185	3.47	16
	1131	**2159**	**51.90**	**135**

സംരംഭകവർഷം 2023-24 പദ്ധതി പ്രകാരം വാമനപുരം മണ്ഡലത്തിൽ പുതുതായി ആരംഭിച്ച സംരംഭങ്ങൾ, നിക്ഷേപങ്ങൾ, തൊഴിലവസരങ്ങൾ, അനുവദിച്ച ബാങ്ക് വായ്പയുടെ വിവരങ്ങൾ എന്നിവ ചുവടെ കൊടുത്തിരിക്കുന്നു.

പഞ്ചായത്ത്	ആരംഭിച്ച സംരംഭങ്ങൾ	തൊഴിലവസരങ്ങൾ	നിക്ഷേപങ്ങൾ (കോടി)	ലോൺ ഉപഭോക്താക്കളുടെഎണ്ണം
ആനാട്	116	241	5.17	113
കല്ലറ	98	161	3.96	98
നന്ദിയോട്	90	158	2.28	87
നെല്ലനാട്	92	204	4.1	83
പനവൂർ	70	107	2.6	61
പാങ്ങോട്	100	235	2.85	99
പെരിങ്ങമ്മല	118	197	3.76	110
പുല്ലമ്പാറ	52	109	2.26	50
വാമനപുരം	78	159	1.9	72
	814	**1571**	**28.88**	**773**

അരുവിക്കര മണ്ഡലത്തിലെ സൂക്ഷ്മ – ചെറുകിട സംരംഭങ്ങൾ

162(4436) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സംരംഭക വർഷം-1, 2023-2024 സംരംഭക വർഷം-2 എന്നിവയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ ആരംഭിച്ച സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് അറിയിക്കുമോ?

2022-23 സംരംഭക വർഷം-1, 2023-2024 സംരംഭക വർഷം-2 എന്നിവയുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ ആരംഭിച്ച സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്ത്	2022-23 സംരംഭക വർഷം 1.0 ആരംഭിച്ച സൂക്ഷ്മ ചെറുകിട സംരംഭങ്ങളുടെ എണ്ണം	2023-24 സംരംഭക വർഷം 2.0 ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം
ആര്യനാട് ഗ്രാമപഞ്ചായത്ത്	130	91
തൊളിക്കോട് ഗ്രാമപഞ്ചായത്ത്	117	84
പൂവച്ചൽ ഗ്രാമപഞ്ചായത്ത്	201	141

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്	113	79
വിതുര ഗ്രാമപഞ്ചായത്ത്	121	86
വെള്ളനാട് ഗ്രാമപഞ്ചായത്ത്	164	116
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്	92	65
അരുവിക്കര ഗ്രാമപഞ്ചായത്ത്	164	116
ആകെ	**1102**	**778**

(ബി) എത്ര തൊഴിലവസരങ്ങളാണ് ഇതിലൂടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായി കണക്കാക്കിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

അരുവിക്കര മണ്ഡലത്തിൽ 2022-23 സംരംഭക വർഷം-1.0-ന്റെ ഭാഗമായി 2161 തൊഴിലവസരങ്ങളും, 2023-2024 സംരംഭക വർഷം-2.0-ന്റെ ഭാഗമായി 1238 തൊഴിലവസരങ്ങളുമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം

163(4437) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക സഹായത്തിന്റെ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലെ പാർക്കുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ മതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Plant, വൈദ്യുത തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നു. 'Improving infrastructure in existing DA/DP' എന്ന പദ്ധതി പ്രകാരം ഓരോ വർഷത്തെയും ബഡ്ജറ്റ് വിഹിതത്തിന്റെ അടിസ്ഥാനത്തിൽ വർഷംതോറും ഇതിനായി ഫണ്ട് വിനിയോഗിക്കുന്നു. നിലവിലെ വ്യവസായ വികസന ഏരിയ/പ്ലോട്ട്-ലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം 17.59 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യവും ആയതിനൊപ്പം വ്യവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതിയിൻ കീഴിൽ ഡെവലപ്പർ പെർമിറ്റ് ലഭിക്കുന്ന സ്വകാര്യവ്യവസായ എസ്റ്റേറ്റിലെ വൈദ്യുതി, ജലം, റോഡ്, ഡ്രെയിനേജ്, ETP/CETP തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ലബോറട്ടറി, ടെസ്റ്റിംഗ് സർട്ടിഫിക്കേഷൻ തുടങ്ങിയ പൊതുസൗകര്യങ്ങളും ഒരുക്കുന്നതിന് ഡെവലപ്പർക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ട്. ഏക്കറിന് 30 ലക്ഷം രൂപ നിരക്കിൽ പരമാവധി 3 കോടി രൂപ വരെ ഒരു പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ ഡെവലപ്പർക്ക് റി-ഇംബേഴ്സ്മെന്റായി സർക്കാർ ധനസഹായം നൽകുന്നതാണ്. നാളിതുവരെ 22 പേർക്ക് ഡെവലപ്പർ പെർമിറ്റ് നൽകിയിട്ടുണ്ട്. ഡെവലപ്പർ പെർമിറ്റ് ലഭിച്ചിട്ടുള്ള പ്രൈവറ്റ് ഇൻഡസ്ട്രിയൽ

എസ്റ്റേറ്റുകളിലെ അടിസ്ഥാന സൗകര്യ വികസനം പൂർത്തിയാക്കുന്നമുറയ്ക്ക് കൃത്യമായ ബില്ലുകൾ, വൗച്ചറുകൾ, എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ആവശ്യമായ മറ്റ് രേഖകൾ എന്നിവ സമർപ്പിക്കുന്നപക്ഷം ആയത് പരിശോധിച്ച് തുക അനുവദിക്കുന്നു. അപ്രകാരം മേൽപറഞ്ഞ ആവശ്യമായ രേഖകൾ/ റിപ്പോർട്ടുകൾ സഹിതമുള്ള ന്യൂനത രഹിത അപേക്ഷകൾ നിലവിലില്ല.

SME ഇൻഷ്വറൻസ് പദ്ധതി:

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യവകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി 2023 -2024 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിയിട്ടുണ്ട്. MSME-കൾക്ക് അവരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന, മുൻകൂട്ടി കാണാൻ കഴിയാത്ത അപകടസാധ്യതകളിൽനിന്ന് സാമ്പത്തിക പരിരക്ഷ

നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. MSME നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ റീഇംബേഴ്സ്മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.

2023-24 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതിലഭിച്ചിരുന്നു. 2023-24 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി മുഖേന 1547 സംരംഭകർക്ക് ആകെ 22,02,609 രൂപ സഹായമായി അനുവദിച്ചിട്ടുണ്ട്. 529 സംരംഭങ്ങൾക്ക് ആകെ 573,290 രൂപ അനുവദിക്കാനുണ്ട്. പ്രസ്തുത തുക ഈ സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്

<u>ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (Revival of Small and Medium Scale Cashew Factory Units)</u>

2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ "ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (പുതിയത്)" എന്ന പേരിലുള്ള പദ്ധതിക്കായി ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി

യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും നഷ്ടപ്പെട്ട വരുമാനമാർഗം തിരിച്ചുകൊണ്ടുവരുന്നതിനും 2020 മാർച്ചിൽ പ്രവർത്തിച്ചിരുന്നതും ഇപ്പോൾ നിലവിലുള്ളതുമായ ചെറുകിട ഇടത്തരം കശുവണ്ടി യൂണിറ്റുകൾക്ക് രണ്ട് ഘടകങ്ങളായി ധനസഹായം നൽകിവരുന്നു.

മൂലധന ഗ്രാന്റ്: സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവാകുന്ന തുകയുടെ 40% തുക ജനറൽ വിഭാഗത്തിനും 10% അധിക തുക പട്ടികജാതി പട്ടികവർഗ്ഗം/യുവതി യുവാക്കൾ (18 മുതൽ 45 വരെ പ്രായമുള്ളവർ), ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങൾക്കും പരമാവധി 40 ലക്ഷം രൂപ വരെ മൂലധന ഗ്രാന്റ് (Capital Grant) ആയി നൽകുന്നു.

പലിശ സബ്സിഡി: മുൻ സാമ്പത്തികവർഷം കശുവണ്ടി ഫാക്ടറി യൂണിറ്റുകൾ പ്രവർത്തന മൂലധനത്തിന്മേൽ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പയിന്മേൽ ഒടുക്കിയ പലിശയുടെ 50% തുക (പരമാവധി 10 ലക്ഷം രൂപ വരെ) പലിശയിളവ് (Interest Subvention) നൽകുന്നു.

2023-24 സാമ്പത്തിക വർഷം " Scheme for Assistance for Capital grants and Interest Subvention to small and medium Cashew Factory units

for rebuilding lost Livelihood" പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ ആകെ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ) :- കരകൗശല മേഖലയിലെ തൊഴിലാളികൾക്ക് സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരകൗശല മേഖലയിൽ വിപുലമായ പിന്തുണ നൽകാനും സ്ത്രീ സംരംഭകർ ഉൾപ്പെടുന്ന പ്രത്യേക വിഭാഗങ്ങൾക്ക് ബാങ്കുമായി ബന്ധിപ്പിച്ച പദ്ധതികളിൽ ഉചിതമായ ഒറ്റത്തവണ സഹായം നൽകാനും ആശ പദ്ധതി ലക്ഷ്യമിടുന്നു. കരകൗശല മേഖലയിൽ ഏർപ്പെട്ടിരിക്കുന്നതും സംസ്ഥാനത്ത് സ്ഥാപിതമായതുമായ എല്ലാ സൂക്ഷ്മ സംരംഭങ്ങളും, ഉദ്യം രജിസ്ട്രേഷനോ അല്ലെങ്കിൽ MSME മന്ത്രാലയം കാലാകാലങ്ങളിൽ വ്യക്തമാക്കുന്ന മറ്റേതെങ്കിലും രജിസ്ട്രേഷനോ ഉള്ള യൂണിറ്റുകൾക്ക്;

1. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 40% പരമാവധി 3 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക്

ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 40% പരമാവധി 2 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 5 ലക്ഷം രൂപ വരെ പൊതുവിഭാഗങ്ങൾക്ക് ധനസഹായം നൽകുന്നു.

2. സ്ഥിരാസ്തി ആർജ്ജിക്കുന്നതിന് ചെലവായ തുകയുടെ 50% പരമാവധി 4.5 ലക്ഷം രൂപയും, ധനകാര്യ സ്ഥാപനങ്ങൾ അംഗീകരിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ പ്രവർത്തന മൂലധനത്തിന്റെ 50% പരമാവധി 3 ലക്ഷം രൂപയും അങ്ങനെ സ്ഥിരാസ്തിക്കും പ്രവർത്തന മൂലധനത്തിനുമായി ആകെ 7.5 ലക്ഷം രൂപ വരെ സ്ത്രീകൾ/ പട്ടികജാതി/പട്ടികവർഗ്ഗക്കാർ/ യുവതീ-യുവാക്കൾ/ഭിന്നശേഷിക്കാർ എന്നീ പ്രത്യേക വിഭാഗങ്ങളിൽപ്പെട്ടവർക്കും ധനസഹായം നൽകുന്ന പദ്ധതിയാണ് ഇത്.

2023-24 സാമ്പത്തിക വർഷം 11.39 ലക്ഷം രൂപയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന വിതരണം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സൂഷ്മ ചെറുകിട ഇടത്തരം സംരംഭകർക്കായി അതത് വർഷങ്ങളിൽ (2021-2022, 2022-23, 2023-24, 2024-25) അനുവദിച്ചുനൽകിയ തുകയുടെ വിശദാംശങ്ങൾ

അനുബന്ധമായി ചേർക്കുന്നു.+ ബജറ്റ് സീലിംഗ് ലിമിറ്റ് പ്രകാരമുള്ള തുകയാണ് ഓരോ വർഷവും അനുവദിച്ചിട്ടുള്ളത്. സംരംഭക സഹായ പദ്ധതിയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ+ ചേർത്തിരിക്കുന്നത് സംസ്ഥാനതലത്തിൽ വിതരണം ചെയ്ത തുകയുടേതാണ്.

(ബി) ഓരോ ജില്ലയിലും അനുവദിച്ച തുക എത്രയാണെന്നും ഓരോ ജില്ലയിലും എത്ര വീതം സംരംഭങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ഓരോ ജില്ലയിലും അനുവദിച്ച തുക എത്രയാണെന്നും ഓരോ ജില്ലയിലും എത്ര വീതം സംരംഭങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും ചുവടെ ചേർക്കുന്നു.

ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (2023-24)

ക്രമ നമ്പർ	ജില്ല	യൂണിറ്റുകളുടെ എണ്ണം	തുക
1	തിരുവനന്തപുരം	2	5,50,000/-
2	കൊല്ലം	4	28,03,043/-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

3	കാസർഗോഡ്	1	10,00,000/-
	ആകെ	7	43,53,043/-

കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ)2023-24

ക്രമ നമ്പർ	ജില്ല	യൂണിറ്റുകളുടെ എണ്ണം	തുക
1	കൊല്ലം	3	3,00,000/-
2	കോട്ടയം	1	2,94,596/-
3	ആലപ്പുഴ	1	1,00,000/-
4	പാലക്കാട്	5	1,86,813/-
5	വയനാട്	5	2,58,585/
	ആകെ	15	11,39,994/-

MSME ഇൻഷ്വറൻസ് പദ്ധതി:

ക്രമ നമ്പർ	ജില്ലയുടെ പേര്	അനുവദിച്ച തുക	തുക അനുവദിച്ച സംരംഭങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	19,594	24
2	കൊല്ലം	2,37,407	225
3	പത്തനംതിട്ട	93,705	95
4	ആലപ്പുഴ	2,20,000	248
5	കോട്ടയം	1,11,851	66
6	ഇടുക്കി	93,311	69

7	എറണാകുളം	2,91,303	134
8	തൃശ്ശൂർ	3,00,000	97
9	പാലക്കാട്	2,70,000	163
10	കോഴിക്കോട്	1,26,510	87
11	മലപ്പുറം	2,59,097	225
12	വയനാട്	81,060	44
13	കണ്ണൂർ	38,895	28
14	കാസർഗോഡ്	59,876	42
	ആകെ	**22,02,609**	**1547**

(സി) എത്ര തുകയാണ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും ഇത് എത്ര സംരംഭങ്ങൾക്കാണെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

I) ചെറുതും ഇടത്തരവുമായ കശുവണ്ടി ഫാക്ടറി യൂണിറ്റുകളുടെ പുനരുദ്ധാരണം (2023-24) പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 100 ലക്ഷം രൂപയിൽ ആകെ 43.53 ലക്ഷം രൂപ തിരുവനന്തപുരം, കൊല്ലം, കാസറഗോഡ് ജില്ലകളിലെ 7 കശുവണ്ടി യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

ll) കരകൗശല വിദഗ്ധർക്കുള്ള സഹായ പദ്ധതി (ആശ) (2023-24) പദ്ധതിക്കായി ബജറ്റിൽ വകയിരുത്തിയ 30 ലക്ഷം രൂപയിൽ 11.39 ലക്ഷം രൂപ കൊല്ലം, കോട്ടയം, ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിലെ 15 യൂണിറ്റുകൾക്ക് അതത് ജില്ലാ വ്യവസായ കേന്ദ്രം മുഖേന വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്, ഒരു കുടുംബം ഒരു സംരംഭം പദ്ധതി, ഇൻടർസ്റ്റ് സബ് വെൻഷൻ ടു നാനോ ഹൌസ് ഹോൾഡ് എന്റർപ്രൈസസ്, തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി, സബ് വെൻഷൻ ടു ടേം ലോൺ & വർക്കിംഗ് ക്യാപ്പിറ്റൽ (വ്യവസായ ഭദ്രത) എന്നീ വിവിധ പദ്ധതികളിലായി സൂഷ്മ ചെറുകിട ഇടത്തരംസംരംഭങ്ങൾക്ക് ജില്ലാ തലത്തിൽ വിതരണം ചെയ്യുവാൻ കുടിശ്ശികയുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

[+] നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

MSME ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ലയുടെ പേര്	അനുവദിക്കാനുള്ള തുക	തുക അനുവദിക്കാനുള്ള സംരംഭങ്ങളുടെ എണ്ണം
1	തിരുവനന്തപുരം	22,500	9
2	കൊല്ലം	61,196	55
3	പത്തനംതിട്ട	10,271	10
4	ആലപ്പുഴ	2,30,860	270
5	കോട്ടയം	10,188	10
6	ഇടുക്കി	23,965	26
7	എറണാകുളം	9,340	5
8	തൃശ്ശൂർ	66,879	34
9	പാലക്കാട്	53,495	33
10	കോഴിക്കോട്	38,210	35
11	മലപ്പുറം	36,128	32
12	വയനാട്	3,635	3
13	കണ്ണൂർ	0	0
14	കാസർഗോഡ്	6,623	7
	ആകെ	**5,73,290**	**529**

എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങൾ

164(4438) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എം.എസ്.എം.ഇ. വിഭാഗത്തിൽ ആരംഭിക്കപ്പെട്ട സംരംഭങ്ങളുടെ എണ്ണവും ഉണ്ടായ നിക്ഷേപവും സൃഷ്ടിക്കപ്പെട്ട തൊഴിലുകളുടെ എണ്ണവും സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിലെ വിവര ശേഖരണ സംവിധാനങ്ങളായ എം.ഐ.എസ്, വ്യവസായ ജാലകം പോർട്ടലുകളിലെ കണക്കുകൾ പ്രകാരം കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ, 2016 മേയ് മുതൽ 2021 ഏപ്രിൽ വരെ, കേരളത്തിൽ 70095 (എഴുപതിനായിരത്തി തൊണ്ണൂറ്റിയഞ്ച്) പുതിയ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി സംസ്ഥാനത്ത് 6547.36 കോടി രൂപയുടെ നിക്ഷേപവും 248937 തൊഴിൽ അവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(ബി) ഈ സർക്കാർ വന്നശേഷം ആരംഭിക്കപ്പെട്ട എം.എസ്.എം.ഇ.കളിൽ എത്ര സ്ത്രീ സംരംഭകരാണ് ഉള്ളത്; വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിലെ വിവരശേഖരണ സംവിധാനങ്ങളായ എം.ഐ.എസ്, സംരംഭക വർഷം പോർട്ടൽ, വ്യവസായ ജാലകം പോർട്ടലുകളിലെ കണക്കുകൾ പ്രകാരം ഈ സർക്കാർ വന്നശേഷം ആരംഭിക്കപ്പെട്ട എം.എസ്.എം.ഇ- കളിൽ 81,917 വനിതാ സംരംഭകർ ഉണ്ട്.

(സി) എം.എസ്.എം.ഇ. മേഖലയിൽ ഉണ്ടായ വളർച്ച ദേശീയ തലത്തിൽ കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിൽ എത്രത്തോളം സഹായിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ വികസനവുമായി ബന്ധപ്പെട്ടതാണ്. ഈ മേഖലയിൽ ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾവഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി

സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിക്കൊണ്ടിരിക്കുന്നു. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിനൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകുകയുംവഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിക്കൊണ്ടിരിക്കുന്നു.

ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ് റാങ്കിങ്ങിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്.

സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ജൂൺ 25 വരെയുള്ള ദിവസത്തെ കാലയളവിൽ, സംസ്ഥാനത്ത് ആകെ 2,52,553 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ, 16187.53 കോടി രൂപയുടെ നിക്ഷേപവും 537,494 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

കേരളത്തിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങളുടെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ്

ഫെസിലിറ്റേഷൻ ആക്ട്, 2018 നടപ്പിലാക്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരംഭത്തിനാവശ്യമായ എല്ലാ ലൈസൻസുകളും ക്ലിയറൻസുകളും ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് K-SWIFT സോഫ്റ്റ് വെയർ നിലവിലുണ്ട്.

2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിയമസഭ അംഗീകരിക്കുകയും തുടർന്ന് നിയമം നടപ്പിൽവരികയുംചെയ്തു. ഈ നിയമപ്രകാരം സംസ്ഥാന നിയമങ്ങൾ പ്രകാരമുള്ള അനുമതികളിൽനിന്ന് പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുണ്ട്. നിക്ഷേപം സംബന്ധിച്ച് സംരംഭകൻ സമർപ്പിക്കുന്ന സ്വയം സാക്ഷ്യപത്രം ഓൺ ലൈൻ (കെ-സ്വിഫ്റ്റ്) മുഖാന്തരം സ്വീകരിച്ച് ഭൗതിക പരിശോധനയില്ലാതെ ഉടൻതന്നെ ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് കൈപ്പറ്റ് സാക്ഷ്യപത്രം നൽകുന്നു. ലഭിക്കുന്ന കൈപ്പറ്റ് സാക്ഷ്യപത്രത്തിന് മൂന്ന്

വർഷമാണ് കാലാവധി. മൂന്ന് വർഷത്തിനുശേഷം 6 മാസത്തിനകം അനുമതികൾ സംരംഭകൻ കരസ്ഥമാക്കിയാൽ മതിയാകുന്നതാണ്. കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ, അപ്രകാരമുള്ള കൈപ്പറ്റ് സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നമ്പർ അതിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിലേയ്ക്കുമാത്രം കെട്ടിടത്തിന് നൽകപ്പെട്ട താൽക്കാലിക നമ്പരായി കരുതപ്പെടുന്നതാണ്.

സംരഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി

ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ പരിശോധനകൾ ഏകീകരിക്കുന്നതിനായി K-ClS സംവിധാനം നിലവിൽവന്നിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചു വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിലുള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയുംചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സംരംഭക വർഷവുമായി ബന്ധപ്പെട്ട് പദ്ധതികളുടെ

നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ചു പ്രവർത്തനം നടന്നുവരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്.

സംരംഭകർക്ക് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപവരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്.

ഈ സംവിധാനം കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിപ്പിക്കുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 1034 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചു. എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 5 വർഷത്തേയ്ക്ക് 6% പലിശ സബ്സിഡി നൽകിക്കൊണ്ട് കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുവാൻ ഒരു കുടുംബം ഒരു സംരംഭം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായവകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം MSME മേഖലയ്ക്ക് നൽകിയ വിവിധ തരത്തിലുള്ള പ്രോത്സാഹനങ്ങളിലൂടെയാണ് ഈസ് ഓഫ് ഡൂയിങ്ങ് ബിസിനസ്

റാങ്കിങ്ങിൽ 28-ാം സ്ഥാനത്തുനിന്നും 15-ാം സ്ഥാനത്തേക്ക് റാങ്ക് മെച്ചപ്പെടുത്താൻ കേരളത്തിന് സാധിച്ചത്.

ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിന് കീഴിലുള്ള ഭൂമി

165(4439) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിന് കീഴിൽ ആകെ എത്ര ഏക്കർ ഭൂമിയാണുള്ളത്; അതിൽ എത്ര ഭൂമി വ്യവസായത്തിനായി വിവിധ കമ്പനികൾക്ക് നൽകിയിട്ടുണ്ട്?

ഒറ്റപ്പാലം മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കിൻഫ്ര വ്യവസായ പാർക്കിന് കീഴിൽ ആകെ 81.89 ഏക്കർ ഭൂമിയാണുള്ളത്. അതിൽ സംരംഭകർക്ക് അനുവദിക്കാനാവുന്ന 45.21 ഏക്കർ ഭൂമിയിൽ 15 ഏക്കർ ഭൂമി വ്യവസായത്തിനായി വിവിധ കമ്പനികൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. കിൻഫ്രയുടെ ബഹുനില കെട്ടിട സമുച്ചയത്തിലടക്കം 46 കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2024-25 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം കിൻഫ്രയ്ക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്; 2024-25 വർഷത്തെ ബഡ്ജറ്റിൽ ബഹുനില കെട്ടിടസമുച്ചയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ ഒറ്റപ്പാലത്തെ കിൻഫ്ര വ്യവസായ പാർക്കിന് അനുവദിച്ചിട്ടുണ്ട്.

കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റ്

166(4440) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലുള്ള വ്യവസായ വകുപ്പിന്റെ ഭൂമിയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ രാരോത്ത് വില്ലേജിൽ ഉൾപ്പെട്ട 20.43 ഏക്കർ ഭൂമി 89 പ്ലോട്ടുകളായി തിരിച്ച് കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഈ നിർമ്മാണം രണ്ട് ഘട്ടങ്ങളായാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ

ആഭ്യന്തര റോഡ്, ഡ്രെയിനേജ്, കൾവർട്ട്, റീട്ടെയിനിംഗ് വാൾ, റോഡ് മാർക്കിംഗ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിൽ ഈ വ്യവസായ എസ്റ്റേറ്റിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങളാണ് നടക്കുന്നത്. രണ്ടാം ഘട്ടത്തിൽ Overhead Tank, Sump, Pump Room, Compound Wall, Fencing, Piping, Electrical Work എന്നിവ പൂർത്തിയായിട്ടുണ്ട്.

വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിനുമുമ്പായി ചെയ്തീർക്കേണ്ട മറ്റ് പ്രവൃത്തികൾ താഴെ ചേർക്കുന്നു:-

1. അപ്രോച്ച് റോഡ് നിർമ്മാണം:- ഇതിനായി 1,09,50,000/- രൂപയുടെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ജലലഭ്യത ഉറപ്പ് വരുത്തൽ:- എസ്റ്റേറ്റിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേക്കുള്ള സാധ്യതകൾ പരിശോധിക്കുന്നതിലേക്കായി KWA പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് വിവരം കൈമാറിയിട്ടുണ്ട്.

3. ഓഫീസ് കെട്ടിട നിർമ്മാണം

4. ഗ്രൗണ്ട് ലെവലിംങ്

5. മരം മുറിക്കൽ

6. ഇലക്ട്രിക്കൽ എനർജൈസേഷൻ

7. ഇലക്ട്രിക്കൽ ആസ്തികൾ കെ.എസ്.ഇ.ബി-യ്ക്ക് കൈമാറൽ:-

ഇലക്ട്രിക്കൽ ആസ്തികൾ കെ.എസ്.ഇ.ബി-യ്ക്ക് കൈമാറുന്നതിന് മുന്നോടിയായുള്ള സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്.

8. അതിർത്തി നിർണ്ണയിച്ച് പ്ലോട്ട് തിരിക്കൽ

വ്യവസായ പാർക്കുകൾ ആരംഭിക്കാൻ നടപടി

167(4441) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കൈവശമുള്ള ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പാർക്കുകൾ ആരംഭിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ചവറയിലെ കെ.എം.എം.എൽ., ഹിന്ദുസ്ഥാൻ പെട്രോളിയം എന്നീ സ്ഥാപനങ്ങളുടെ കൈയ്യിൽ ഉപയോഗിയ്ക്കാതെ കിടക്കുന്ന ഭൂമിയിൽ വ്യവസായ പാർക്കുകൾ ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

ഫുഡ് പാർക്കുകൾ ആരംഭിക്കുന്നത് സംബന്ധിച്ച്

168(4442) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഫുഡ് പാർക്കുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെങ്കിലും മണ്ഡലത്തിൽ ഫുഡ് പാർക്ക് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൽപാദിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും സൗകര്യമുള്ള 10 ഫുഡ് പ്രോസസ്സിങ് പാർക്കുകൾ

വ്യവസായ വകുപ്പിനുകീഴിൽ ആരംഭിക്കാൻ 100 കോടി രൂപ കിഫ്ബിയിൽനിന്നും അനുവദിക്കുന്നുവെന്ന് 2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത മിനിഹൂഡ് പാർക്കുകൾക്ക് തത്ത്വത്തിൽ അംഗീകാരം നൽകിക്കൊണ്ടും കിൻഫ്രയെ പദ്ധതി നടത്തിപ്പിനായുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിയോഗിച്ചുകൊണ്ടും പദ്ധതിയ്ക്കായുള്ള പ്രദേശങ്ങൾ കണ്ടെത്തി സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിക്കൊണ്ടും 03-04-2023 -ലെ സ.ഉ. (സാധാ) നം. 285/2023/ID പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

നടപടി ത്വരിതപ്പെടുത്തുന്നതിനായി ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 04-07-2023-ന് യോഗം ചേരുകയും പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനുൾപ്പെടെയുള്ള ഫണ്ട് കിഫ്ബി-യിൽനിന്നും ഗ്രാന്റായി അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പദ്ധതി നടത്തിപ്പിനായുള്ള സ്ഥലം കിൻഫ്ര നേരിട്ടോ അനുബന്ധസ്ഥാപനം മുഖാന്തരമോ വാങ്ങുന്നത് സംബന്ധിച്ചുള്ള നിയമസാധുത കിൻഫ്ര

മാനേജിംഗ് ഡയറക്ടർ പരിശോധിച്ച് പ്രപ്പോസൽ സമർപ്പിക്കേണ്ടതാണെന്നും തീരുമാനമെടുത്തിരുന്നു.

നിലവിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈവശം ഇടുക്കി വില്ലേജിൽ, ഇടുക്കി താലൂക്കിൽ 161/1 (part) സർവ്വേ നമ്പരായുള്ള 10 ഏക്കർ റവന്യൂ ഭൂമി മിനി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാൻ ജില്ലാതല സൈറ്റ് സെലക്ഷൻ സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലം കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) ഉദുമ മണ്ഡലത്തിൽ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഒരു മിനി ഫുഡ് പാർക്ക് വികസിപ്പിക്കുവാൻ കുറഞ്ഞത് 10 ഏക്കറെങ്കിലും ആവശ്യമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഉദുമ നിയോജക മണ്ഡലത്തിലെ ചട്ടഞ്ചാലിൽ തെക്കിൽ വില്ലേജ് പരിധിയിൽ ഉൾപ്പെട്ട 2 ഏക്കർ ഭൂമി മിനി ഫുഡ് പാർക്കിനായി പരിഗണിച്ചിരുന്നുവെങ്കിലും ഫുഡ്

പാർക്ക് ആരംഭിക്കുവാൻ ആവശ്യമായ സ്ഥലപരിമിതിമൂലം തുടർനടപടി സ്വീകരിച്ചില്ല.

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിൽ സ്ഥിതി ചെയ്യുന്ന ഉദുമ ടെക്സ്റ്റൈൽ മിൽസിന്റെ കൈവശമുള്ള ഭൂമിയിൽ മില്ലിന്റെ ആവശ്യം കഴിഞ്ഞ് ബാക്കിയുള്ള സ്ഥലം മില്ലിന്റെ വികസനപ്രവർത്തനങ്ങൾക്കായി ആവശ്യമുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചില്ല.

(സി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം സ്കീമുകളാണ് വിഭാവന ചെയ്തിട്ടുള്ളത്?

താഴെപ്പറയുന്ന വ്യവസായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്:

- സുഗന്ധവ്യഞ്ജന സംസ്കരണ യൂണിറ്റുകൾ
- നാളികേര സംസ്കരണ യൂണിറ്റുകൾ
- പഴം-പച്ചക്കറി സംസ്കരണ യൂണിറ്റുകൾ

- ലഘു പാനീയ നിർമ്മാണ യൂണിറ്റുകൾ
- ഐസ്ക്രീം നിർമ്മാണ യൂണിറ്റുകൾ
- കേക്ക്-ബേക്കറി പലഹാര നിർമ്മാണ യൂണിറ്റുകൾ
- റെഡി-ടു-ഈറ്റ്, ലഘുഭക്ഷണ നിർമ്മാണ യൂണിറ്റുകൾ
- അരി/ഗോതമ്പ് അധിഷ്ഠിത ഭക്ഷണപദാർത്ഥങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ
- പാൽ-പാലുൽപന്ന നിർമ്മാണ യൂണിറ്റുകൾ
- പാക്കിംഗ് മെറ്റീരിയലുകൾ, പെറ്റ് ബോട്ടിലുകൾ, പോളീസ്റ്റെറീൻ ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ
- തേൻ സംസ്കരണ യൂണിറ്റുകൾ

കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചെടുക്കുന്ന മിനിഫുഡ് പാർക്കിൽ ഭക്ഷ്യസംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രമോട്ടർമാർക്ക് വ്യവസായ വകുപ്പിന് കീഴിലുള്ള 'Entrepreneur Support Scheme" പ്രകാരമുള്ള സാമ്പത്തികസഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

കുറ്റ്യാടി നാളികേര പാർക്കിലെ രണ്ടാംഘട്ട പ്രവൃത്തി

169(4443) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ജനുവരി മാസം കുറ്റ്യാടി നാളികേര പാർക്കിൽ വ്യവസായങ്ങളെ ക്ഷണിക്കുന്നതിന്റെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ സമയക്രമം വിശദമാക്കാമോ; ലക്ഷ്യം കൈവരിക്കാൻ ഏതാനും മാസം മാത്രം ബാക്കിനിൽക്കെ ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

പുനർനിശ്ചയിച്ച സമയക്രമം അനുസരിച്ച് പാർക്കിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പുരോഗമിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി കൂടുതൽ കൂടി കൈവരിച്ചശേഷം മാത്രമെ വ്യവസായങ്ങളെ ക്ഷണിക്കുന്നതിനുള്ള നടപടിക്രമങ്ങളിൽ കൂടുതൽ വ്യക്തത വരികയുള്ളൂ.

(ബി) പ്രസ്തുത പാർക്കിന്റെ പ്രവൃത്തിക്കായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം ഫോൺ നമ്പർ സഹിതം നൽകാമോ?

ഡെപ്യൂട്ടി ജനറൽ മാനേജർ : 9846280886

അസിസ്റ്റന്റ് മാനേജർ : 6238652051

കൊയിലാണ്ടി മണ്ഡലത്തിലെ വ്യവസായ പാർക്കിലെ സ്ഥാപനങ്ങൾ

170(4444) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന, സിഡ്കോയുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കിൽ പ്രവർത്തിക്കുന്ന പല സ്ഥാപനങ്ങളും പ്രവർത്തനം മുന്നോട്ട് കൊണ്ടുപൊകാനാകാതെ നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം സ്ഥാപനങ്ങൾ നിർത്തലാക്കേണ്ടിവരുന്ന സാഹചര്യങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് ശാസ്ത്രീയമായി പരിശോധന നടത്തി കാര്യക്ഷമമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

(ബി&സി) സിഡ്കോയുടെ മൂടാടി വ്യവസായ പാർക്കിൽ ആകെയുള്ള 18 വ്യവസായ സംരംഭങ്ങളിൽ 12 എണ്ണവും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. വൈദ്യുതി സംബന്ധമായ പ്രശ്നങ്ങൾ നിമിത്തം ചില യൂണിറ്റുകൾക്ക് പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു. ആയത് മനസ്സിലാക്കി, ഈ പാർക്കിൽ ഒഴിവുള്ള 15 സെന്റോളം ഭൂമിയിൽ ഒരു സബ്-സ്റ്റേഷൻ സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി.-യ്ക്ക് സിഡ്കോ സമ്മതപത്രം നൽകിയിട്ടുണ്ട്. തുടർനടപടികൾ കെ.എസ്.ഇ.ബി. ഉടൻതന്നെ പൂർത്തീകരിക്കുന്നതോടെ ഈ പ്രശ്നത്തിന് പരിഹാരമാകും.

സ്വകാര്യ വ്യവസായ പാർക്കുകൾ

171(4445) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഇതുവരെ എത്ര സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; ഈ സാമ്പത്തിക വർഷം കൂടുതൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര എണ്ണം അനുവദിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) 22 സ്വകാര്യ വ്യവസായ പാർക്കുകൾക്കാണ് ഇതുവരെ അനുമതി നൽകിയിട്ടുള്ളത്.

ഈ സാമ്പത്തികവർഷം അനുമതി നൽകാവുന്ന സ്വകാര്യ വ്യവസായ പാർക്കുകളുടെ എണ്ണത്തിൽ പരിമിതി നിശ്ചയിച്ചിട്ടില്ല. അനുയോജ്യമായ അപേക്ഷകൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്പോർട്ടൽ മുഖേന ലഭിക്കുന്നമുറയ്ക്ക് അവ പരിശോധിച്ച് സ്റ്റേറ്റ് ലെവൽ സെലക്ഷൻ കമ്മിറ്റി ചേർന്ന് പുതിയ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിവരുന്നുണ്ട്.

വർക്കല മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ

172(4446) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പുമുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പുമുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നം.	പഞ്ചായത്ത്/ മുൻസിപ്പാലിറ്റി	വകുപ്പുമുഖേന ആരംഭിച്ച വ്യവസായങ്ങൾ (എണ്ണം)	തൊഴിൽ (എണ്ണം)

1	ചെമ്മരുതി	51	67
2	ഇലകമൺ	42	50
3	വെട്ടൂർ	26	31
4	ഇടവ	57	80
5	നാവായിക്കുളം	40	60
6	പള്ളിക്കൽ	17	35
7	മടവൂർ	23	45
8	വർക്കല മുൻസിപ്പാലിറ്റി	58	80
	ആകെ	**314**	**448**

(ബി) മണ്ഡലത്തിൽ വകുപ്പുമുഖേന പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

വ്യവസായ വകുപ്പുവഴി സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും വർക്കല മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കുന്നത് " സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുന്നേൽപ്പ്" എന്ന പദ്ധതിയാണ്.

കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മണ്ഡലത്തിൽപ്പെടുന്ന അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുകയും അതേത്തുടർന്ന് നിക്ഷേപ സന്നദ്ധതയുമായി ഒരു വ്യവസായി കിൻഫ്രയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിക്ഷേപകൻ കിൻഫ്രയുമായി ഒരു ധാരണാപത്രം ഒപ്പിട്ടു നൽകുകയും ഭൂമി അനുവദിക്കുന്നതിന് ആവശ്യമായ ആപ്ലിക്കേഷനും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ കെട്ടിടം

173(4447) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ പറമ്പിൻ മുകളിൽ പ്രവർത്തിച്ചുവരുന്ന മിനി ഇൻഡസ്ട്രിയൽ കെട്ടിടത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിൽ 10 വ്യവസായ ഷെഡ്ഡുകൾ 10 വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചു കൊടുത്തിട്ടുള്ളതാണ്. നിലവിൽ 8 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത ഭൂമി വ്യവസായ സ്ഥാപനങ്ങൾക്ക് ലീസിന് നൽകിയതാണോയെന്നും ഈ ഭൂമി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണോയെന്നും വിശദമാക്കാമോ?

ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റിലെ ഷെഡുകൾ ലീസിന് നൽകിയതല്ല. ആയത് ഹയർ പർച്ചേസ് വ്യവസ്ഥയിൽ അനുവദിച്ചതും, എല്ലാ കെട്ടിടങ്ങളുടെയും ഹയർ പർച്ചേസ് തുക അടച്ചു തീർത്തതുമാണ്. ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതല്ല. ഈ ഭൂമി കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ഉടമസ്ഥതയിലുള്ളതാണ്.

(സി) പ്രസ്തുത ഭൂമി വ്യവസായ വകുപ്പ് അക്വിസിഷൻ നടത്തിയതാണോയെന്നും ഈ ഭൂമിക്ക് ഗ്രാമപഞ്ചായത്തിന് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ബാലുശ്ശേരി മിനി വ്യവസായ എസ്റ്റേറ്റ് ഭൂമി വ്യവസായ വകുപ്പ് അക്വിസിഷൻ നടത്തിയതല്ല. ബാലുശ്ശേരി വില്ലേജ് കോക്കല്ലൂർ ദേശത്ത് റീ. സർവ്വേ 29/7-ൽപ്പെട്ട 32 സെന്റ് സ്ഥലം 28-07-1977-ലെ 1813/1977 നമ്പർ ആധാരപ്രകാരവും റീ സർവ്വേ 28/1-ൽപ്പെട്ട 68 സെന്റ് സ്ഥലം 07-04-1987-ലെ 815/1987, 20-04-1987 -ലെ 891/1987 (SRO Balussery) നമ്പർ ആധാരങ്ങൾ പ്രകാരവും ബാലുശ്ശേരി പഞ്ചായത്ത് കോഴിക്കോട് ഡിസ്ട്രിക്ട് മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ഗിഫ്റ്റ് ആയി രജിസ്റ്റർചെയ്ത് നൽകിയതാണ്.

കോതമംഗലം മണ്ഡലത്തിലെ വ്യവസായ സംരംഭങ്ങൾ

174(4448) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കോതമംഗലം മണ്ഡലത്തിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	യൂണിറ്റുകളുടെ എണ്ണം	നിക്ഷേപം (കോടി രൂപയിൽ)	ലഭ്യമായ തൊഴിൽ അവസരങ്ങൾ
2021-22	112	31.24	600
2022-23	1001	98.02	2580
2023-24	855	104.78	2057
2024-25	62	11.03	204
ആകെ	2030	245.07	5441

വ്യാവസായിക രംഗത്തെ അടിസ്ഥാന സൗകര്യ വികസനം

175(4449) ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ഏതെല്ലാം ഏജൻസികൾ പ്രവർത്തിക്കുന്നുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

(എ&ബി) വ്യവസായ വാണിജ്യ വകുപ്പ്, കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തരം സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും മികച്ച

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളായ ജലം, റോഡ് ഗതാഗതം, വൈദ്യുതി, സുരക്ഷ ഉറപ്പാക്കുന്നതിനായി ചുറ്റുമതിൽ, ഗേറ്റ്, മാലിന്യ സംസ്കരണത്തിനായി Common Effluent Plant, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി Power Feeder എന്നിവ സജ്ജമാക്കുന്നതിന് "Improving infrastructure in existing DA/DP" എന്ന പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. ഇതിനുപുറമേ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ബഹുനില വ്യവസായ സമുച്ചയങ്ങളും നിർമ്മിച്ചുവരുന്നു.

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യാവസായിക വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പാക്കുന്നതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനുമായി സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച

നയത്തിന്റെ ഭാഗമായി സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

വ്യാവസായികാവശ്യങ്ങൾക്കായി ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി.

കിൻഫ്ര

സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി കിൻഫ്ര മുഖാന്തരം നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- പെട്രോകെമിക്കൽ പാർക്ക്, അമ്പലമുഗൾ, കൊച്ചി
- കൊച്ചി-ബംഗളൂരു ഇൻഡസ്ട്രിയൽ കോറിഡോർ
- ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം (ഘട്ടം II) കിൻഫ്ര ഫിലിം ആൻഡ് വീഡിയോ പാർക്ക്, തിരുവനന്തപുരം
- ഇലക്ട്രോണിക്സ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്
- സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
- ഇൻറർനാഷണൽ എക്സിബിഷൻ കം കൺവെൻഷൻ സെൻറർ (ഐ.ഇ.സി.സി.) കാക്കനാട്, കൊച്ചി.
- കിൻഫ്ര ഇൻഡസ്ട്രിയൽ പാർക്ക്, മട്ടന്നൂർ
- വ്യാവസായിക ജലവിതരണം ഇൻഫോ പാർക്ക്, സ്മാർട്ട് സിറ്റി, KEPIP, പാലക്കാട്
- വ്യാവസായിക ജലവിതരണം, പാലക്കാട്
- അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട് (ലാൻഡ് & ബിൽഡിംഗ്)

- കണ്ണൂരിലെ ലാൻഡ് ബാങ്ക്

കെ.എസ്.ഐ.ഡി.സി.

സംസ്ഥാനത്ത് വ്യാവസായിക രംഗത്തെ അടിസ്ഥാനസൗകര്യ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ കെ.എസ്.ഐ.ഡി.സി. വഴി നടപ്പിലാക്കുന്നു,

- ലൈഫ് സയൻസസ് പാർക്ക്, തിരുവനന്തപുരം
- മെഡിക്കൽ ഉപകരണ പാർക്ക് (മെഡ്സ്പാർക്ക്)
- മെഗാ ഫുഡ് പാർക്ക്, ചേർത്തല
- ഐ.ജി.സി -ആലപ്പുഴ
- ഐ.ജി.സി -കോഴിക്കോട്
- ഐ.ജി.സി -കണ്ണൂർ
- ഇൻഡസ്ട്രിയൽ പാർക്ക്, കുറ്റ്യാടി
- KIZ പാലക്കാട്
- കെ.എസ്.ഐ.ഡി.സി.- ബിസിനസ് പാർക്ക്, അങ്കമാലി

കേരള സിഡ്കോ

കേരള സിഡ്കോയുടെ പാലയാട് വ്യവസായ എസ്റ്റേറ്റിന്റെ 2-ാം ഘട്ട നവീകരണത്തിനായി 2 കോടി 61 ലക്ഷം രൂപയുടെ ലോൺ സർക്കാർ അനുവദിച്ചു നൽകുകയും പ്രസ്തുത എസ്റ്റേറ്റിന്റെ നവീകരണം പൂർത്തിയാക്കി 30-10-2021 -ന് ഉദ്ഘാടനം ചെയ്യുകയുംചെയ്തു. തിരുവനന്തപുരം ജില്ലയിലെ പാപ്പനംകോട് വ്യവസായ എസ്റ്റേറ്റ് 79 ലക്ഷം രൂപ ചെലവിലും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര വ്യവസായ എസ്റ്റേറ്റ് 164 ലക്ഷം രൂപ ചെലവിലും നവീകരിക്കാനുള്ള പദ്ധതിക്ക് തത്ത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) പദ്ധതി നടത്തിപ്പിലൂടെ എത്ര തുകയുടെ നിക്ഷേപം ലഭിച്ചുവെന്നും എത്രപേർക്ക് തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കാമോ?

പദ്ധതി നടത്തിപ്പിലൂടെ നാളിതുവരെ വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 40 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിലായി ഏകദേശം 1,768 കോടി രൂപ (ആയിരത്തി എഴുന്നൂറ്റി അറുപത്തിയെട്ട് കോടി രൂപ) യുടെ നിക്ഷേപം സമാഹരിക്കുവാനും ഏകദേശം 40,884 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്.

കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 2,746.356 കോടി രൂപയുടെ (രണ്ടായിരത്തി എഴുന്നൂറ്റി നാൽപത്തിയാറ് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അറുപതിനായിരം രൂപ) നിക്ഷേപവും 25,616 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കെ.എസ്.ഐ.ഡി.സി. വിവിധ പദ്ധതി നടത്തിപ്പിലൂടെ ഏകദേശം 1,105.5071 കോടി രൂപ (ആയിരത്തി ഒരുന്നൂറ്റി അഞ്ച് കോടി അൻപത് ലക്ഷത്തി എഴുപത്തി ഒന്നായിരം രൂപ) യുടെ നിക്ഷേപം സമാഹരിക്കുകയും 8,931 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.

സിഡ്കോയുടെ നിയന്ത്രണത്തിലുള്ള എസ്റ്റേറ്റുകളിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം MSME വ്യവസായ യൂണിറ്റുകൾ പുതുതായി ആരംഭിച്ചതും കൈമാറ്റം ചെയ്തതുംവഴി വ്യവസായ മേഖലയിൽ 72 കോടിയിൽപരം രൂപയുടെ നിക്ഷേപവും ഏകദേശം 1,574 തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിച്ചു.

വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്താൻ നടപടി

176(4450) ശ്രീ. ടി. വി. ഇബ്രാഹിം:
ഡോ. എം. കെ. മുനീർ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ അവ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അവയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അപര്യാപ്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ

സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിൽ കാലഹരണപ്പെട്ടതും, യുക്തിരഹിതവുമായ ഒട്ടേറെ വ്യവസ്ഥകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. അത് കണക്കിലെടുത്ത്, ബിസിനസ്സുമായി ബന്ധപ്പെട്ട എല്ലാ നിയമനിർമ്മാണങ്ങളും സൂക്ഷ്മമായി പരിശോധിക്കുന്നതിനും, കാലഹരണപ്പെട്ട വ്യവസ്ഥകളിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുന്നതിനും അനാവശ്യ നിയമങ്ങൾ റദ്ദാക്കുന്നതിനും ബിസിനസ്സ് നിയമങ്ങളിലെ ക്രിമിനൽ വ്യവസ്ഥകൾ ക്രിമിനൽ രഹിതമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ വൈസ് ചാൻസിലറായ ഡോ. കെ. സി. സണ്ണിയുടെ അധ്യക്ഷതയിൽ ഒരു എക്സ്റ്റേണൽ കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

വ്യവസായ സമൂഹവുമായും വിവിധ വ്യവസായ അസ്സോസ്സിയേഷനുകളുമായും കൂടിയാലോചനകൾ നടത്തി അവരുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിച്ച്, പ്രസക്തമായ എല്ലാ

നിയമങ്ങളുടെയും ചട്ടങ്ങളുടെയും സൂക്ഷ്മ വിശകലനം നടത്തി, അവയിൽ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കാനും കൂറ്റകരമായ നടപടികൾ ലഘൂകരിക്കാനുമുള്ള മാർഗനിർദേശങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ട് പ്രസ്തുത കമ്മിറ്റി സമർപ്പിച്ചു. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നിലവിലുള്ള 12 നിയമങ്ങൾ, 14 ചട്ടങ്ങൾ, എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശകളോടെയാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. ഇതിനെത്തുടർന്ന് നിയമനിർമ്മാണ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുന്നതിനും നടപ്പാക്കുന്നതിനുമായി വിവിധ വകുപ്പുതല വർക്കിംഗ് കമ്മിറ്റികളും രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മറ്റി സമർപ്പിച്ച പരിഷ്കരണ ശിപാർശകളുമായി ബന്ധപ്പെട്ട്, നിലവിൽ, 2020-ലെ കേരള സൂക്ഷ്മ ചെറുകിട, ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങളുടെ ഭേദഗതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ, നിലവിൽ അതത് വകുപ്പുകളുടെ പരിഗണനയിലാണ്.

സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾക്ക് പ്രോത്സാഹനം

177(4451) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-ലെ വ്യവസായ നയപ്രകാരം സുസ്ഥിരവ്യവസായ സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിരുന്നത്; ഇതിൽ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്; വിശദമാക്കുമോ?

സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ വ്യവസായ നയം 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ

പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാസഹായം Capital subsidiary Incentive, Investment subsidy തുടങ്ങിയവ ഉൾപ്പെടുന്ന സബ്സിഡികളാണ് ഈ പദ്ധതിയിലുള്ളത്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഈയിനത്തിൽ നൽകിയ വായ്പകളുടെ വിവരങ്ങൾ നൽകാമോ?

വ്യവസായ നയം 2023 പ്രകാരം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പ നൽകുന്നതിന് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള ലോൺ തുകയ്ക്ക് യൂണിറ്റ് ആരംഭിച്ച തീയതി മുതൽ 5 വർഷം വരെ പദ്ധതി നിബന്ധനകൾക്ക് വിധേയമായി പലിശ സബ്സിഡി നൽകുന്നതിന് "ഒരു കുടുംബം ഒരു സംരംഭം" എന്ന പദ്ധതി പ്രകാരം സംരംഭങ്ങൾക്ക് ആനുകൂല്യം നൽകിവരുന്നു.

ടി പദ്ധതി പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	അപേക്ഷകരുടെ എണ്ണം	അനുവദിച്ച പലിശ സബ്സിഡി തുക (രൂപ)
2022-23	308	42,03,737/-
2023-24	1878	2,56,01,838/-
ആകെ	**2186**	**2,98,05,575/-**

(സി) ഉല്പന്നങ്ങൾക്ക് കേരള ബ്രാൻഡിൽ വിപണനത്തിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേരളത്തിൽ നിർമ്മിക്കപ്പെടുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കേരള ബ്രാൻഡ്. പദ്ധതിയുടെ പൊതുവായ മാനദണ്ഡങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി വെളിച്ചെണ്ണയാണ് കേരളാ ബ്രാൻഡ് നൽകുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നത്. വെളിച്ചെണ്ണ

നിർമ്മാണ സ്ഥാപനങ്ങൾക്ക് കേരളാ ബ്രാൻഡ് നൽകുന്നതിന് അവ പാലിക്കേണ്ട മാനദണ്ഡങ്ങൾ സംസ്ഥാനതലത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

വെളിച്ചെണ്ണയ്ക്ക് കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനദണ്ഡം

പൂർണമായും കേരളത്തിൽനിന്നും സംഭരിക്കുന്ന നാളികേരം/കൊപ്ര മാത്രം ഉപയോഗിച്ചുകൊണ്ട്, കേരളത്തിൽത്തന്നെ നിർമ്മിക്കുന്ന വെളിച്ചെണ്ണയാണ് കേരള ബ്രാൻഡ് നൽകുന്നതിനായി പരിഗണിക്കുന്നത്. വെളിച്ചെണ്ണ വിപണിയിൽ അംഗീകൃതമായ AGMARK, BIS 542, എന്നീ സർട്ടിഫിക്കേഷനുകളിൽ ഏതെങ്കിലും ഒന്നുള്ള, UDYAM റജിസ്ട്രേഷൻ എടുത്തിട്ടുള്ള കേരളത്തിലെ വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകളെയാണ് കേരള ബ്രാൻഡ് നൽകുന്നതിനായി പരിഗണിക്കുക. മേൽപറഞ്ഞ വ്യവസ്ഥകൾ കൂടാതെ, കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവന ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവ ആയിരിക്കണം.

ഇത്തരത്തിലുള്ള ഒരു സ്വയം-സാക്ഷ്യപത്രം അവർ അപേക്ഷയുടെ കൂടെ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ചു ഉറപ്പു വരുത്തുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായുള്ള സമിതി അംഗീകരിക്കുകയും ചെയ്യും.

മറ്റു ഉത്പന്നങ്ങൾക്കോ സേവനങ്ങൾക്കോ കേരള ബ്രാൻഡ് നൽകുന്നതിനുള്ള മാനണ്ഡം

ഏതൊരു വകുപ്പിനും/ഏജൻസിക്കും അതിന്റെ മേഖലകളുമായി ബന്ധപ്പെട്ട ഉൽപന്നങ്ങൾ/ സേവനങ്ങൾ കേരള ബ്രാൻഡിന് കീഴിൽ അവതരിപ്പിക്കാൻ കഴിയും. ബന്ധപ്പെട്ട വകുപ്പുകൾ നിർദ്ദേശിക്കുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾക്കായുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല ഇന്റർ-ഡിസിപ്ലിനറി കമ്മിറ്റി പരിശോധിച്ചു അംഗീകാരം നൽകും. കേരള ബ്രാൻഡിന് പരിഗണിക്കപ്പെടുന്ന ഉൽപന്നങ്ങൾ/സേവനങ്ങൾ, വിപണിയിൽ നിലവിലുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നവ ആയിരിക്കണം. പ്രത്യേക ഗുണനിലവാര മാനദണ്ഡങ്ങൾ നിലവിൽ നിഷ്കർഷിക്കപ്പെടാത്ത ഉത്പന്നങ്ങളുടെ/ സേവനങ്ങളുടെ കാര്യത്തിൽ,

അത്തരം മാനദണ്ഡങ്ങൾ സംസ്ഥാനതല കമ്മിറ്റി നിർദ്ദേശിക്കും. മേൽ പറഞ്ഞ വ്യവസ്ഥകൾ കൂടാതെ, കേരള ബ്രാൻഡിന് അപേക്ഷിക്കുന്ന എല്ലാ യൂണിറ്റുകളും കേരള ബ്രാൻഡിന് കീഴിൽ വിഭാവന ചെയ്തിട്ടുള്ള ഗുണനിലവാരം, ധാർമ്മികത, ഉത്തരവാദിത്ത വ്യവസായ സമ്പ്രദായങ്ങൾ എന്നിവയ്ക്ക് അനുസൃതമായി പ്രവർത്തിക്കുന്നവ ആയിരിക്കണം. ഇത്തരത്തിലുള്ള ഒരു സ്വയം-സാക്ഷ്യപത്രം അവർ അപേക്ഷയുടെകൂടെ സമർപ്പിക്കുകയും താലൂക്കുതല സെലക്ഷൻ കമ്മിറ്റിയുടെ പ്രതിനിധി ഇത് നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യും. കേരള ബ്രാൻഡിനുള്ള അപേക്ഷകൾ ഒരു താലൂക്ക്തല സെലക്ഷൻ കമ്മിറ്റി പരിഗണിക്കുകയും അതത് ഉൽപന്നത്തിന് സേവനത്തിന് സംസ്ഥാനതല കമ്മിറ്റി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി കേരള ബ്രാൻഡ് നൽകുകയും ചെയ്യും.

അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

178(4452) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്വഴി നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

സംരംഭക സഹായ പദ്ധതി (ESS)യിലൂടെ 10,48,802/- രൂപയും ഒരു കുടുംബം ഒരു സംരംഭം (OFOE) പദ്ധതിയിലൂടെ 1,44,000/- രൂപയും പ്രധാനമന്ത്രി ഭക്ഷ്യസംസ്കരണ സംരംഭങ്ങളുടെ രൂപവൽകരണ പദ്ധതി (PMFME)യിലൂടെ 34,02,186/- രൂപയും പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി (PMEGP) യിലൂടെ 1,85,82,165/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) ചെറുകിട വ്യവസായ സംരംഭങ്ങളുടെ വികസനം മുന്നിൽക്കണ്ട് മണ്ഡലത്തിൽ പുതിയതായി ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

അരുവിക്കര നിയോജക മണ്ഡലത്തിലെ വനിതകളെ വരുമാനദായകരാക്കുക എന്ന ഉന്നമനം ലക്ഷ്യമാക്കി 2022-23 ബഡ്ജറ്റിൽ 1 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അരുവിക്കര മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെയും നിർധനരായ വനിതകളെ ഉൾപ്പെടുത്തി ഒരു കോപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുകയും അതിലെ അംഗങ്ങൾക്ക് തൊഴിൽ നൽകുന്നതിനുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്.

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗമായി വ്യവസായ യൂണിറ്റ്

179(4453) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭാഗമായി വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

ഇല്ല. എന്നാലും സംസ്ഥാനത്തെ കോളേജുകളിൽ മിനി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട 2022-23-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക് കോളേജിൽ പ്രസ്തുത കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ 116.92 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിരുന്നു. യൂണിറ്റുകൾ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിലെ വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനത്തിനുകൂടി ഉതകുംവിധം പോളിടെക്നിക്കിനോട് ചേർന്ന് ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്ന വിഷയം പരിഗണിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കൈപ്പമംഗലം മണ്ഡലത്തിലെ സ്റ്റാർട്ടപ്പുകൾ

180(4454) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിൽ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർഥികളടക്കമുള്ള യുവ സംരംഭകരുടെ നൂതനവും വ്യാപാര യോഗ്യവുമായ സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി ഇരുപത്തഞ്ചുലക്ഷം രൂപവരെ മൂലധനസഹായം നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ ഇരുപത്തഞ്ചുലക്ഷം രൂപ വരെ നിലവിൽ 6.75% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകിവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്റ്റാർട്ടപ്പുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ?

പെരിഞ്ഞനം പഞ്ചായത്തിൽ M/s. Museo Lab LLP എന്ന സ്ഥാപനം സ്റ്റാർട്ടപ്പ് സംരംഭമായി ആരംഭിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ കെ-സ്വിഫ്റ്റ് പദ്ധതി

181(4455) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

കെ-സ്വിഫ്റ്റ് പ്ലാറ്റ്ഫോമിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയല്ല, മറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയാണ് ശ്രേണീകരിച്ചിരിക്കുന്നത്.

കെ-സ്വിഫ്റ്റ് പദ്ധതിയിൽ വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവയുടെ അനുമതികൾക്കായി തൃശ്ശൂർ ജില്ലയിൽനിന്നും 678

അപേക്ഷകൾ ലഭിച്ചു അതിൽ 430 എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്. 84 അപേക്ഷകൾ നിരസിച്ചു. 131 എണ്ണത്തിൽ കൃത്യമായ രേഖകൾ സമർപ്പിക്കുന്നതിനായി / ഫീസ് ഒടുക്കുന്നതിനായി അപേക്ഷകന് നിർദ്ദേശം നൽകുകയും 33 അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. തൃശ്ശൂർ ജില്ലയിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണവും സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.+

2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ സുഗമമാക്കൽ നിയമത്തിന്റെ കീഴിൽ, തൃശ്ശൂർ ജില്ലയിൽ കെ-സ്വിഫ്റ്റ് മുഖേന നല്കിയ കൈപ്പറ്റ് സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വ്യവസായ വകുപ്പിനു കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകൾ

182(4456) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ പൊതുമേഖലയിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ നിലവിൽ അടഞ്ഞു കിടക്കുന്നുണ്ടോയെന്നും അവ തുറന്നു പ്രവർത്തിക്കാൻ സാധിക്കുമോയെന്നും വെളിപ്പെടുത്താമോ?

ടെക്സ്ഫെഡിന്റെ കീഴിലുള്ള സഹകരണ സ്പിന്നിംഗ് മിൽ ആയ തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മിൽ നിലവിൽ അടഞ്ഞ് കിടക്കുകയാണ്. പ്രസ്തുത മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സംസ്ഥാന സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തുവാൻ തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ഡെപ്യൂട്ടി രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) സ്വകാര്യ വ്യക്തികൾക്ക് ജോബ് വർക്ക് ത്രുപേണ ഏതെങ്കിലും സ്പിന്നിംഗ് മില്ലുകൾ നടത്തിപ്പിന് കൊടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളായ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ, മാൽക്കോടെക്സ് എന്നീ മില്ലുകൾ

ജോബ് കൺവർഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ മിൽ ഭാഗികമായി ജോബ് കൺവെർഷൻ വ്യവസ്ഥയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

(സി) സംസ്ഥാനത്ത് വ്യവസായ വകുപ്പിനുകീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിലവിലുള്ള എം.ഡി.മാർ ആരൊക്കെയാണ്; അധിക ചുമതലയിൽ ഏതെല്ലാം എം.ഡി. മാർ തുടരുന്നുണ്ട്; അവരുടെ പേര്, വിദ്യഭ്യാസ യോഗ്യത, നിയമന കാലയളവ് എന്നിവ വ്യക്തമാക്കാമോ?

1. മലപ്പുറം സഹകരണ മില്ലിന്റെ മിൽ മാനേജരായ ശ്രീ. പി.എസ്. ശ്രീകുമാറിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആലപ്പി സഹകരണ സ്പിന്നിംഗ് മിൽ ജനറൽ മാനേജർ/CEO ആയും തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറായും അധിക ചുമതല നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ യോഗ്യത : BCA, Diploma In Textile Technology, MBA

2. കണ്ണൂർ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ജനറൽ മാനേജരായ ശ്രീ. സി. ആർ. രമേശ്, പ്രസ്തുത മില്ലിന്റെയും മലബാർ കോപ്പറേറ്റീവ്

ടെക്സ്റ്റൈൽസിന്റെയും മാനേജിംഗ് ഡയറക്ടറായി അധിക ചുമതല വഹിക്കുന്നു.

വിദ്യാഭ്യാസ യോഗ്യത :Diploma In Textile Technology

3. മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. എം. കെ. സലിം ടെക്സ്ഫെഡ്, പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ എന്നിവയിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്നു.

വിദ്യാഭ്യാസ യോഗ്യത: MSW (Specialisation In Personal Management& Labour welfare)

4. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ഫിനാൻഷ്യൽ കൺട്രോളറായ ശ്രീ. ഉമേഷ് കൃഷ്ണൻ പ്രസ്തുത മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു.

വിദ്യാഭ്യാസ യോഗ്യത : Mcom, MBA, Mphil

5. തൃശ്ശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ഷീബ. എസ്. കെ.കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മില്ലിന്റെ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല വഹിക്കുന്നു.

(ഡി) മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ നിന്നും ടെക്സ്ഫെഡിന് കീഴിലുള്ള സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായുള്ള സമഗ്ര പദ്ധതിയിൽ മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന് അസംസ്കൃത വസ്തുവായ പരുത്തി കോട്ടൺ ബോർഡിൽനിന്നും വാങ്ങുന്നതിനായി 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ പുതുതായി ഉദ്ദേശിക്കുന്ന സർജിക്കൽ കോട്ടൺ നിർമ്മാണ പദ്ധതി, ഒരു മെഗാ വാട്ടിന്റെ സോളാർ പ്രോജക്ട്റ്റ് എന്നിവയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

സംരംഭകത്വ വികസന ക്ലബുകൾ

183(4457) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വകുപ്പ് വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന സംരംഭകത്വ വികസന ക്ലബ്ബുകൾ ആലപ്പുഴ മണ്ഡലത്തിലെ കൂടുതൽ വിദ്യാഭാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

വിദ്യാർത്ഥികളിൽ സംരഭക ആശയം രൂപപ്പെടുത്തുന്നതിൽ ED ക്ലബുകൾക്ക് വലിയ തോതിലുള്ള പങ്കുണ്ട്. ED Club -ന്റെ പ്രവർത്തനം വിപുലീകരിക്കാനുള്ള കർമ്മ പദ്ധതികൾ വകുപ്പ് ആസൂത്രണം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ED ക്ലബ് ആരംഭിക്കുന്നതിനുള്ള കാര്യം പരിഗണിച്ചുവരുന്നു.

(ബി) മണ്ഡലത്തിൽ നിലവിൽ ആരംഭിച്ച സംരംഭകത്വ വികസന ക്ലബ്ബുകളുടെ പ്രവർത്തനം ഗുണപരമായിട്ടുണ്ടോ; പ്രസ്തുത ക്ലബ്ബുകൾ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. വിദ്യാർത്ഥികളിൽ സംരംഭകത്വ അഭിരുചി വളർത്തുന്നതിനായി വ്യക്തിത്വ വികസന പരിപാടികൾ, സംരംഭകത്വ പ്രചോദന ക്ലാസുകൾ, ഇൻഡസ്ട്രിയൽ വിസിറ്റ്, കരകൗശല കലാ പ്രദർശനം, സെമിനാറുകൾ, ഇ.ഡി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫുഡ് ഫെസ്റ്റ്, നിക്ഷേപക ബോധവൽകരണ പരിപാടി, പച്ചക്കറികൾ കൃഷിചെയ്യ വിപണനം, പ്ലാസ്റ്റിക് സഞ്ചി നിരോധനത്തോടനുബന്ധിച്ച് തുണി സഞ്ചി വില്പന തുടങ്ങിയ പരിപാടികൾ ക്ലബ്ബുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണം

184(4458) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ വൈവിധ്യവൽക്കരണ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത സ്ഥാപനം നിലവിൽ ഉൽപാദിപ്പിക്കുന്ന ന്യൂസ് പ്രിന്റിന്റെ അളവ് വ്യക്തമാക്കാമോ; ഉൽപാദനം വർധിപ്പിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

5,250 ടൺ ന്യൂസ്പ്രിന്റാണ് സ്ഥാപനത്തിന്റെ 2024 മേയ് മാസത്തെ ഉൽപാദനം.

കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിൽ ആധുനികവൽക്കരണവും സാങ്കേതിക നവീകരണവും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയുടെ നടത്തിപ്പിലൂടെ ഉൽപാദന-ഉൽപാദനക്ഷമതാ വർധനവ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ഉൽപാദന പ്രവർത്തനം സുഗമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള കെ.പി.പി.എല്ലിന്റെ അടിയന്തിര ആവശ്യം പരിഗണിച്ച് വനം വകുപ്പ് 50,000 ടൺ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-03-2024-ന്

ബന്ധപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ഉന്നതതല യോഗം ചേരുകയും കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡിന് വനാധിഷ്ഠിത അസംസ്കൃത വസ്തുക്കളുടെ സുസ്ഥിര ലഭ്യത ഉറപ്പാക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കാസർഗോഡ് ജില്ലയിൽ പുതുതായി ആരംഭിച്ച ചെറുകിട സ്ഥാപനങ്ങൾ

185(4459) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ന് ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2021-ന് ശേഷം കാസർഗോഡ് ജില്ലയിൽ പുതുതായി 9243 ചെറുകിട സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഭക്ഷ്യ സംസ്കരണ മേഖലയിലും, ജില്ലയിലെ പരമ്പരാഗത ഉൽപന്നങ്ങളായ കശുവണ്ടി, അടക്ക എന്നിവയുടെ മൂല്യവർധിത

ഉൽപന്നങ്ങൾ നിർമ്മിക്കുന്നതുമായ എത്ര സ്ഥാപനങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ഭക്ഷ്യ സംസ്കരണ മേഖലയിലും, ജില്ലയിലെ പരമ്പരാഗത ഉല്പന്നങ്ങളായ കശുവണ്ടി, അടക്ക എന്നിവയുടെ മൂല്യവർധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുമായ 1483 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

അനധികൃത ക്വാറികൾക്കെതിരെ നടപടി

186(4460) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോയെന്നും ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ഖനനം നടത്തുന്നതായ ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വകുപ്പ് കർശന പരിശോധനകൾ നടത്തിയിട്ടുള്ളതും പരിശോധനാവേളയിൽ അനധികൃത ക്വാറികൾ കണ്ടെത്തുന്ന പക്ഷം അവയ്ക്ക് നിർത്തൽ ഉത്തരവ് നൽകുകയും അനധികൃത ഖനനം ചെയ്ത് കടത്തിയ ധാതുവിന്റെ അളവ് തിട്ടപ്പെടുത്തി സ്ഥല ഉടമ/ഖനന പ്രവൃത്തി നടത്തിയ ആളിൽനിന്നും റോയൽറ്റിയും ആയതിന്റെ നാലിരട്ടി പിഴയും ഈടാക്കുന്നതിനായി വകുപ്പിൽനിന്നും ഡിമാന്റ് നോട്ടീസ് നൽകുകയും ആയത് ഒടുക്കാത്തപക്ഷം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

(ബി) ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടകവസ്തുക്കൾ നിയമാനുസൃതമായ പരിധിക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോ എന്ന് വകുപ്പുതലത്തിൽ പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ?

ടി വിഷയം മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ അധികാരപരിധിയിൽപ്പെടുന്നതല്ല. ബന്ധപ്പെട്ട പോലീസ് അധികാരികൾ ടി പരിശോധന യഥാസമയം നടത്തിവരുന്നു.

അനധികൃത ഖനന പ്രവർത്തനങ്ങൾ

187(4461) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. ഷംസുദ്ദീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മൈനിംഗ് & ജിയോളജി വകുപ്പിന്റെ 14 ജില്ലാ ആഫീസുകളും 14 ജില്ലാ സ്ക്വാഡുകളും സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുകയും ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ചുംവരുന്നു. ക്വാറികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് റവന്യു, പോലീസ് വകുപ്പുകളിലെ ബന്ധപ്പെട്ട അധികാരികളെയും സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പൊല്യൂഷൻ കൺട്രോൾ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പെട്രോളിയം അൻഡ് എക്സ്പ്ലോസീവ്സ് എന്നീ സ്ഥാപനങ്ങളും ക്വാറികളിൽ പരിശോധന നടത്താറുണ്ട്.

(ബി) റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് അതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. റവന്യൂ ഭൂമിയുടെ സംരക്ഷണം റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. റവന്യൂ പുറമ്പോക്കുകളിൽ അനധികൃത ഖനനം മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന അവസരത്തിൽ 2015 -ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം നിയമനടപടി സ്വീകരിച്ചുവരുന്നു.

(സി) ഖനനത്തിലെ നിയമവിരുദ്ധ പ്രവർത്തനങ്ങളും അനധികൃത ഖനനവും കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിന് പോലീസ്, റവന്യൂ, മൈനിംഗ് ആന്റ് ജിയോളജി ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ലാ സ്ക്വാഡുകൾ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

അനധികൃത ധാതു ഖനന, ഗതാഗത പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും പോലീസ്,

റവന്യൂ, മോട്ടോർ വെഹിക്കൾ ഡിപ്പാർട്ട്മെന്റ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നിവരുടെ സംയുക്ത പരിശോധനകൾ നടത്തുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്.

അനധികൃത ക്വാറികളുടെ പ്രവർത്തനം

188(4462) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കക്ഷികളുടെയും പോലീസ് വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരുടെയും മൗനാനുവാദത്തോടെ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇത്തരം ക്വാറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

(സി) ക്വാറിയിംഗ് പ്രവർത്തനത്തിന് ആവശ്യമായ സ്ഫോടക വസ്തുക്കൾ നിയമാനുസൃതമായ പരിധിക്കപ്പുറം കൈവശം വയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. നിയമാനുസൃതമായ പരിധിക്കപ്പുറമോ, അനധികൃതമായോ, സ്ഫോടക വസ്തുക്കൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടോ എന്ന് നിശ്ചിത കാലയളവിൽ ക്വാറികളിലും എക്സ്പ്ലോസീവ് ലൈസൻസുള്ള സ്ഥാപനങ്ങളിലും പോലീസ് അധികാരികൾ പരിശോധനകൾ നടത്താറുണ്ട്.

പരുത്തിയുടെ വിലക്കയറ്റം തടയാൻ നടപടി

189(4463) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരുത്തിയുടെ വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയാണ് പരുത്തിയുടെ വില നിശ്ചയിക്കുന്നത്. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യ കൈത്തറി മേഖലയിൽ ഉപയോഗപ്രദമായ രീതിയിൽ ഇടപെടൽ നടത്തിയാൽ മാത്രമേ പരുത്തിയുടെ വിലയിലെ അസാധാരണവും അനിയന്ത്രിതവുമായ വർധന നിയന്ത്രിക്കാനാകൂ.

പരുത്തിയുടെ ഉയർന്ന വില ക്രമീകരിക്കുന്നതിനായി സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. പരുത്തിയുടെ വില ക്രമാതീതമായി വർധിച്ച സാഹചര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പരുത്തിയുടെ വിളവെടുപ്പ് സീസണിൽത്തന്നെ അവ വാങ്ങുന്നതിന് സർക്കാർ തീരുമാനിച്ചു. പ്രസ്തുത പ്രക്രിയ സുഗമമായി നടപ്പിലാക്കുന്നതിന് കോട്ടൺ ബോർഡ് രൂപീകരിക്കുകയും അതിന്റെ പ്രവർത്തനം ആരംഭിക്കുകയും പരുത്തി വാങ്ങുന്നതിന് ഈ സാമ്പത്തിക വർഷം 10 കോടി രൂപ

വകയിരുത്തുകയും 70 കോടി രൂപ എൻ.സി.ഡി.സി.-യിൽനിന്നും ലഭ്യമാക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കാനായി രൂപീകരിച്ച കോട്ടൺ ബോർഡിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) സീസണിൽത്തന്നെ താങ്ങാവുന്ന നിരക്കിൽ പരുത്തി വാങ്ങി സംഭരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ബി & സി) സംസ്ഥാനത്തെ സ്പിന്നിങ് മില്ലുകളുടെ തുടർച്ചയായ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ പരുത്തിയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി, പരുത്തി അതിന്റെ വിളവെടുപ്പ് സീസണിൽത്തന്നെ (ഒക്ടോബർ അവസാനം മുതൽ ഫെബ്രുവരി ആരംഭം വരെ) അധിക അളവിൽ (Bulk Purchase) ന്യായമായ വിലയിൽ വാങ്ങുന്നതിനായാണ് സർക്കാർ അഞ്ചംഗ കോട്ടൺ ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ഇത്തരത്തിൽ കോട്ടൺ ബോർഡ് മുഖേനെ സംഭരിക്കുന്ന പരുത്തി സംസ്ഥാനത്തെ സ്പിന്നിംഗ് മില്ലുകൾക്ക് വിതരണം

ചെയ്യുന്നതാണ്. പ്രസ്തുത ബോർഡിന്റെ പ്രവർത്തനത്തിനായി Escrow Account രീതിയിലാണ് ഫണ്ട് മാനേജ്മെന്റ് നടപ്പിലാക്കുന്നത്. നൂൽ വില്പനയിലൂടെ ലഭിക്കുന്ന തുക കോട്ടൺ ബോർഡിലേക്ക് തിരികെ ഒടുക്കുന്ന രീതിയിലായിരിക്കും ബോർഡ് പ്രവർത്തിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയും കോട്ടൺ ബോർഡിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരുത്തി സംഭരിക്കുന്നതിന് 70 കോടി രൂപയുടെ NCDC വായ്പയ്ക്കായി കോട്ടൺ ബോർഡിന് അനുമതി നൽകിയിട്ടുണ്ട്.

സ്കൂൾ യൂണിഫോം പദ്ധതി കൈത്തറി മേഖലയിൽ

190(4464) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കാമോ?

നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും അധിക വരുമാനവും ലഭ്യമാക്കുവാനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ ഏകദേശം 6154 നെയ്ത്തുകാരും 1600 അനുബന്ധ തൊഴിലാളികളും പ്രവർത്തിച്ചുവരുന്നു. പദ്ധതിയുടെ ആരംഭ ഘട്ടം മുതൽ നാളിതുവരെ 339.93 കോടി രൂപ കൂലിയിനത്തിൽ നെയ്ത്തുതൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

2024-25 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ ഒന്ന് മുതൽ ഏഴാം ക്ലാസ് വരെയുള്ള സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും ഒന്ന് മുതൽ നാലാം ക്ലാസ് വരെയുള്ള എയ്ഡഡ് സ്കൂളുകളിലെ കുട്ടികൾക്കുമായി ആകെ 9 ലക്ഷം കുട്ടികൾക്ക് 39.75 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണിയാണ് ഒന്നാം ഘട്ടമായി വിതരണം ചെയ്യുന്നത്. അതിൽ 35.49 ലക്ഷം മീറ്റർ തുണിയുടെ വിതരണം ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ട്.

2024-25 അദ്ധ്യയന വർഷത്തിൽ പുതുതായി ചേർന്ന കുട്ടികൾക്ക്, പൊതു വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം രണ്ടാം ഘട്ടമായി യൂണിഫോം തുണി വിതരണം ചെയ്യുന്നതാണ്.

2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി, ഒരു വർഷത്തേയ്ക്ക് വേണ്ടുന്ന നൂലിന്റെ അളവ് കണക്കാക്കുകയും അത് സ്പിന്നിംഗ് മില്ലുകൾ വഴി തടസ്സം കൂടാതെ കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതോടൊപ്പം നെയ്ത്തുകൂലി കുടിശ്ശിക ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2025-26 അദ്ധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 120 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പൊതു വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തിനായി

സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അദ്ധ്യയന വർഷത്തേയ്ക്ക് വേണ്ടുന്ന യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 2024 മാർച്ച് മാസം മുതൽ ആരംഭിച്ചിട്ടുണ്ട്.

കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം

191(4465) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ നവീകരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനാവശ്യമായ നവീകരണ പദ്ധതികൾ ഘട്ടം ഘട്ടമായി ഓരോ വർഷവും ആസൂത്രണം ചെയ്ത് നടത്തിവരുന്നു. മില്ലുകളുടെ പ്രവർത്തനക്ഷമതയും ഉല്പാദനക്ഷമതയും ഉയർത്തി ലാഭകരമാക്കുന്നതിനായി പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളോട് മാസ്റ്റർ പ്ലാൻ ഉണ്ടാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ

കോർപ്പറേഷന്റെ യൂണിറ്റുകൾക്കായി 2021 മുതൽ 10 വർഷം കൊണ്ട് പൂർത്തിയാക്കുന്ന രീതിയിൽ 318.89 കോടി രൂപയുടെ നവീകരണ വികസന പദ്ധതികൾക്കായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വളരെ പഴക്കംചെന്ന പ്രട്ടറാം മിൽസ്, എടരിക്കോട് ടെക്സ്റ്റൈൽസ് എന്നീ മില്ലുകളിലും ഭാഗികമായി നവീകരിക്കപ്പെട്ട മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മില്ലിലും പുതിയ യൂണിറ്റുകളായ ഉദുമ ടെക്സ്റ്റൈൽ മിൽസ്, കോമളപുരം സ്പിന്നിംഗ് & വീവിംഗ് മിൽസ് എന്നിവയിലും അത്യാധുനിക രീതിയിലുള്ള യന്ത്ര സാമഗ്രികളായ ഓട്ടോകോണർ, യാൺ കണ്ടിഷനിംഗ് മെഷീൻ മുതലായവ സ്ഥാപിക്കുകയും പഴക്കംചെന്നതും കാലഹരണപ്പെട്ടതുമായ ചില യന്ത്ര സാമഗ്രികൾ മാറ്റി സ്ഥാപിക്കുകയുംചെയ്തു. 2021 മുതൽ 2024 വരെ 14.35 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഇതിനോടകം നടത്തിയിട്ടുണ്ട്.

(ബി) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തന സജ്ജമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

മില്ലിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ട് പോകാൻ കഴിയാത്ത സാഹചര്യത്തിൽ മാനേജ്മന്റ് 'ജോബ് വർക്ക് കൺവെർഷൻ' രീതിയിൽ മിൽ പ്രവർത്തിപ്പിക്കുവാൻ ശ്രമിച്ചു. 2024 മാർച്ച് മാസം വരെ ഈ രീതിയിൽ മിൽ പ്രവർത്തിപ്പിച്ചുവെങ്കിലും തൊഴിലാളികളുടെ ഹാജരില്ലായ്മമൂലം അനിവാര്യമായ ഉൽപാദനം കൈവരിക്കുവാൻ സാധിക്കാത്തതിനാൽ 20-03-2024 മുതൽ മിൽ ലേ ഓഫ് ചെയ്യപ്പെടുകയുംചെയ്തു.

2023-24 സാമ്പത്തിക വർഷത്തിൽ പ്രവർത്തന മൂലധനമായി കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ലഭിച്ച 5 കോടി രൂപയിൽ 107.50 ലക്ഷം രൂപ കോട്ടയം ടെക്സ്റ്റൈൽസിനായി വിനിയോഗിച്ചിരുന്നു. വിശദമായ പഠനംനടത്തി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ പദ്ധതി പ്രകാരം കോട്ടയം ടെക്സ്റ്റൈൽസിന്റെ സമഗ്ര വികസനത്തിനായി 59 കോടിയോളം രൂപ അനിവാര്യമായിട്ടുണ്ട്. 2023-24 വർഷത്തിലേക്ക് 15.15 കോടി രൂപയിൽ പരിമിതപ്പെടുത്തിയും ബാക്കി തുക 2024-25 സാമ്പത്തിക വർഷത്തേയ്ക്കും എന്ന കണക്കിൽ മില്ലിന്റെ സമഗ്ര വികസനത്തിനായി 38.04 കോടി രൂപയുടെ ഭരണാനുമതി 2023-24 വർഷത്തിൽ നൽകിയിട്ടുണ്ട്.

(സി) കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണത്തിന്റെ ഭാഗമായി വൈൻഡിങ് വിഭാഗത്തിൽ ഓട്ടോകോണർ മെഷീനുകൾ, Lap Feed ൽ നിന്നും Chute Feed ടെക്നോളജിയിലേക്കുള്ള പരിവർത്തനം, നവീകൃത കോംപാക്ട് സ്പിന്നിംഗ് മുതലായവ നവീകരണത്തിന്റെയും വൈവിധ്യവത്കരണത്തിന്റെയും ഭാഗമായി മാസ്റ്റർ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഖാദി വ്യവസായം പ്രോത്സാഹിഷിക്കുന്നതിനുള്ള നടപടി

192(4466) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് സംസ്ഥാനത്ത് ഖാദി വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ടി മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ ഉൽപാദനവും കൂലിയും ലഭിക്കുന്ന തരത്തിൽ ഖാദി നൂല്പ്/നെയ്ത്ത് ഉപകരണങ്ങൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി വസ്ത്രമേഖലയിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തി ടി മേഖല ആധുനികവൽകരിക്കുന്നതിനായി ഖാദി മേഖലയുടെ സമഗ്ര മാറ്റത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി യെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ അവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. അതനുസരിച്ച് short term, long term പ്ലാനുകൾ നടപ്പാക്കിവരുന്നു. ഖാദി തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തന്നതിനായി ഇൻകം സപ്പോർട്ട് സ്കീമും ആയതിനുപുറമെ ലീവ് സറണ്ടർ, ഹോളിഡേ വേജസ്, ഇൻസെന്റീവ് മറ്റ് ക്ഷേമനിധി ആനുകൂല്യങ്ങൾ എന്നിവയും അനുവദിച്ചുനൽകുന്നുണ്ട്. ടി മേഖലയിലെ

തൊഴിലാളികളെയും ഖാദി വ്യവസായത്തെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഖാദി തുണികൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങളുണ്ടാക്കി ഖാദി ലേബലിൽ വില്പന നടത്താനുള്ള അനുമതി ഗാർമെന്റ് യൂണിറ്റുകൾ നടത്തുന്നവർക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നും അതിന് സർക്കാർ സബ്സിഡി നല്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

ഖാദി തുണികൾ ഉപയോഗിച്ച് റെഡിമെയ്ഡ് വസ്ത്രങ്ങളുണ്ടാക്കി ഖാദി ലേബലിൽ വില്പന നടത്താനുള്ള അനുമതി ഗാർമെന്റ് യൂണിറ്റുകൾ നടത്തുന്നവർക്ക് നൽകിയിട്ടില്ല. എന്നാൽ ഖാദി ലവേഴ്സ് നെറ്റ് വർക്ക് എന്ന കൂട്ടായ്മ എല്ലാ ജില്ലകളിലും രൂപീകരിച്ച് ഇത്തരം കൂട്ടായ്മയിലുള്ളവർക്ക് ഖാദി തുണിത്തരങ്ങൾ ലഭ്യമായ റിബേറ്റിന് പുറമേ 13% ഇളവോടെ വാങ്ങിക്കുന്നതിനും അത്തരം തുണികളിൽ ഈ കൂട്ടായ്മയിലുള്ളവർക്ക് അവരുടേതായ ഡിസൈനിലുള്ള വസ്ത്രങ്ങളാക്കി മാറ്റി വില്പന നടത്തുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്.

(സി) ഖാദി ഉൽപന്നങ്ങളിലൂടെ സ്വയംതൊഴിൽ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നൂതനവും ആകർഷകവുമായ പദ്ധതി ആവിഷ്കരിക്കുമോ എന്ന് വിശദമാക്കുമോ?

ഖാദി വില്പന വർധിപ്പിക്കുന്നതിനും ഖാദിയുടെ പ്രചാരം വർധിപ്പിക്കുന്നതിനും "ഖാദി സൗഭാഗ്യ" എന്ന പേരിൽ ഖാദി ഏജൻസി ഷോറൂമുകൾ കമ്മീഷൻ വ്യവസ്ഥയിൽ ആരംഭിക്കുന്നതിന് അവസരമൊരുക്കിയിട്ടുണ്ട്.

കയർ മേഖലയിലെ പ്രതിസന്ധി

193(4467) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കയർ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്, രൂക്ഷമാകാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നു.

(ബി) കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ച കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് പ്രസ്തുത മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിന് ഇടയാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

കയർ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തിയും കയർ മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ഉറപ്പാക്കിയുമാണ് തൊഴിൽ നൽകിപോരുന്നത്. മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതിവഴി സർക്കാർ വിഹിതവും നൽകിവരുന്നുണ്ട്. പ്രസ്തുത മേഖലയിൽനിന്നും തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിനും കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്.

(സി) നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; അവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ?

നിലവിൽ കയർ മേഖലയിൽ ഏകദേശം 21000 തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്. അവർക്ക് പ്രതിവർഷം ശരാശരി 120 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്.

(ഡി)മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം നിലവിലുണ്ടോ; അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉണ്ട്. അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഇൻകം സപ്പോർട്ട് സ്കീമിൽ ആകെ 45.9 കോടി രൂപ അർഹരായ പരമ്പരാഗത കയർ തൊഴിലാളികൾക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി വിതരണം ചെയ്തിട്ടുണ്ട്.

മണലൂർ മണ്ഡലത്തിലെ കയർ മേഖലയിൽ മൂല്യവർധിത ഉല്പന്നങ്ങളുടെ പ്രോത്സാഹനം

194(4468) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കയർ മേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

മണലൂർ മണ്ഡലത്തിൽ കയർ മേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്ന 2 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കരിക്കൊടി (CVCS 485), ചെമ്മാപ്പിള്ളി (CVCS591) എന്നിവയാണ് പ്രസ്തുത സംഘങ്ങൾ. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനിൽ കയറും, ഡീഫൈബറിംഗ് മെഷീനിൽ ചകിരിയും ചകിരിച്ചോറും ഉല്പാദിപ്പിച്ച് ടി സംഘങ്ങൾ വിതരണം നടത്തുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രസ്തുത സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സംഘങ്ങളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബെറിംഗ് മെഷീൻ, അനുബന്ധ യന്ത്ര സാമഗ്രികൾ എന്നിവ സ്ഥാപിച്ചു. അടിസ്ഥാന സൗകര്യ വികസനം, പ്രവർത്തന മൂലധനം, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ്, തുടങ്ങിയ പദ്ധതികളിൽ ധനസഹായം നൽകുകയും തൊഴിലാളികൾക്ക് പരിശീലനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

കയർ മേഖലയിലെ ഉത്പാദന യൂണിറ്റുകളുടെ വികസനം

195(4469) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ ഉൽപാദന യൂണിറ്റുകളുടെ വികസനത്തിനും പുതിയ യൂണിറ്റുകൾ തുടങ്ങുന്നതിനുമായി നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്?

ഉൽപാദന യൂണിറ്റുകളുടെ വികസനത്തിന് പ്രവർത്തന മൂലധനം, അടിസ്ഥാന സൗകര്യ വികസനപദ്ധതി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിങ് ഇൻസെന്റീവ്, മാനേജീരിയൽ ഗ്രാന്റ്, സർക്കാർ ഓഹരി പങ്കാളിത്തം,

വരുമാനം ഉറപ്പാക്കൽ പദ്ധതി തുടങ്ങിയ പദ്ധതികൾ പ്രകാരം ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. ഇതുകൂടാതെ സംഘങ്ങൾക്ക് ആവശ്യമായ യന്ത്രസാമഗ്രികളും നൽകുന്നുണ്ട്. പുതിയ യൂണിറ്റുകൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, പ്രവർത്തന മൂലധനം എന്നിവ നൽകുകയും തൊഴിലാളികൾക്കാവശ്യമായ പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ എത്ര പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകുകയുണ്ടായി എന്ന് അറിയിക്കാമോ?

എട്ട് സംഘങ്ങളിലെ 85 പേർക്ക് പ്രസ്തുത ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

(സി) കയർ ഉൽപാദകർക്ക് എന്തെല്ലാം വായ്പാ പദ്ധതികൾ നിലവിലുണ്ട്; വിശദമാക്കാമോ?

സഹകരണ മേഖലയിലെ കയർ ഉൽപാദകർക്ക് സർക്കാർ ആനുകൂല്യങ്ങൾ പദ്ധതി വിഹിതമായി അനുവദിക്കുകയാണ് ചെയ്യുന്നത്.

സ്വകാര്യ സംരംഭകർക്ക് സബ്സിഡി അനുവദിക്കുന്നതിനും പദ്ധതിയുണ്ട്. സൂക്ഷ്മ-ചെറുകിട വിഭാഗത്തിലുള്ള കയർ ഉൽപാദകർക്ക് വാണിജ്യ ബാങ്കുകളുടെ വായ്പാപദ്ധതി നിലവിലുണ്ട്.

ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ നടപടി

196(4470) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്താൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ കയർ തൊഴിലാളികൾക്ക് ഈ സർക്കാറിന്റെ കാലത്ത് നാളിതുവരെ ആകെ 31.9 കോടി (മുപ്പത്തിയൊന്ന് കോടി തൊണ്ണൂറ് ലക്ഷം) രൂപ അനുവദിച്ചിട്ടുണ്ട്.

പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ് പദ്ധതിയിൽ ആലപ്പുഴ ജില്ലയിലെ കയർ സംഘങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ

ആകെ 21.9 കോടി (ഇരുപത്തിയൊന്ന് കോടി തൊണ്ണൂറ് ലക്ഷം) രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ മേഖലയിലെ പശ്ചാത്തല വികസനത്തിനും യന്ത്രവൽക്കരണത്തിനും നടപടി സ്വീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായും മാനേജീരിയൽ സബ്സിഡിയായും ധനസഹായം നൽകിവരുന്നു.

(ബി) കയർ മേഖലയ്ക്ക് ഉത്തേജനം പകരുന്ന പുതിയ പാക്കേജ് നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കയർ മേഖലയ്ക്ക് ഉത്തേജനം പകരുന്നതിനായി വിപണി മൂല്യമുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന/പരിശീലന പരിപാടികൾ കയർ കോർപറേഷൻ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഭോപാൽ-ന്റെ കൂടി സഹകരണത്തോടെയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന

തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാനും കയർ സംഘങ്ങൾക്ക് വൈദ്യുതി സബ്സിഡി അനുവദിക്കാനും പദ്ധതിയുണ്ട്.

കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർധിപ്പിക്കാൻ പദ്ധതികൾ

197(4471) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ആഭ്യന്തര വിപണിയിൽ പരമ്പരാഗത ഉൽപന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവവഴി "കയറിനൊപ്പം പ്രകൃതിക്കൊപ്പം" എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ കേരളത്തിലെ പ്രമുഖ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ഇവരുടെ ഉൽപന്നങ്ങൾ ആകർഷകമായ

കോമ്പോ പാക്കുകളായി വിപണിയിലെത്തിക്കുന്നതിനുള്ള പദ്ധതി കയർ കോർപറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

കയർ ഭ്രവസ്തുത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭ്രവസ്തു വിതരണം കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ മുഖാന്തരം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചു. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭ്രവസ്തു വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭ്രവസ്തുത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു.

ഒഡീഷയിലെ അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി കയർ ഭ്രവസ്തുവിതാനം ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ധാരണയാകുകയും 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട്

പൂർത്തീകരിക്കുകയുംചെയ്തു. കൂടാതെ ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിംഗ് കോർപറേഷന്റെ ഏകദേശം 6 ഹെക്ടർ വിസ്തീർണ്ണമുള്ള മൈനുകളിൽ ഭ്രവസ്തുവിതാനം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് കയർ കോർപ്പറേഷൻവഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലാ പഞ്ചായത്തുമായി ചേർന്ന് അഞ്ചരക്കണ്ടിപ്പുഴയോരം ഭ്രവസ്തും ഉപയോഗിച്ച് സംരക്ഷിക്കുന്ന പദ്ധതി കയർഫെഡ് നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന റീട്ടെയിൽ ചെയിൻ നെറ്റുവർക്കുകളുള്ള സ്ഥാപനങ്ങളും മറ്റു മാളുകളുമായി കരാറിലേർപ്പെടുകയും അവർ മുഖേന ഉൽപന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ കേരള സംസ്ഥാന കയർ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു.

കയറ്റുമതി രംഗത്ത് ക്രയവില സ്ഥിരതാ പദ്ധതിവഴി ഉണ്ടാക്കുന്ന വിറ്റുവരവ് കൂടാതെ കയർ കോർപറേഷൻ നേരിട്ട് യു.എസ്.എ. ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കയറുൽപന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.

പ്രമുഖ ബഹുരാഷ്ട്ര വ്യാപാര സ്ഥാപനമായ വാൾമാർട്ടുമായി ഉൽപന്ന വിപണനത്തിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കരാറിൽ ഏർപ്പെടുവാൻ സാധിച്ചത് ഈ രംഗത്ത് ഒരു നാഴികക്കല്ലാണ്. കൂടാതെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ഈ വർഷം ഉൽപന്നങ്ങൾ കയറ്റുമതി നടത്തുന്നതിനും സാധിച്ചു.

(ബി) പ്രസ്തുത നടപടികളിലൂടെ കയർ ഉൽപന്നങ്ങളുടെ വിപണിയിൽ എത്ര ശതമാനത്തിന്റെ അധിക വർദ്ധന ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ?

പ്രസ്തുത നടപടികളിലൂടെ കയർ ഉൽപന്നങ്ങളുടെ വിപണിയിൽ 10% ത്തോളം വർദ്ധന ഉണ്ടായിട്ടുണ്ട്.

കൈപ്പമംഗലം മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്കുള്ള സഹായം

198(4472) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങളെ യന്ത്രവൽക്കരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ ഏഴ് വർഷത്തിനുള്ളിൽ കയർ വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിയത്?

സംഘങ്ങൾക്ക് ആവശ്യമായ ഡിഫൈബറിംഗ് മില്ല്, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ , ഇ- റാട്ട്, വില്ലോയിംഗ് മെഷീൻ, ത്രാസ്, ബെയിലിംഗ് പ്രസ്സ്, സ്പ്ലിംഗ് മെഷീൻ, വൈൻഡിംഗ് മെഷീൻ തുടങ്ങിയ മെഷീനറികളും മെഷീനറികൾ സ്ഥാപിക്കുന്നതിന് ആവശ്യമായ കെട്ടിടങ്ങൾ, പുതിയ വൈദ്യുതി കണക്ഷൻ, മെഷീൻ ഇൻസ്റ്റലേഷൻ തുടങ്ങിയവയ്ക്ക് ആവശ്യമായ തുകകളും അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.

(ബി) സഹായം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ഇത് ഉപയോഗിച്ച് വാങ്ങിച്ച യന്ത്രങ്ങൾമൂലം പ്രസ്തുത മണ്ഡലത്തിലെ കയർ സഹകരണ സംഘങ്ങൾക്ക് മെച്ചപ്പെട്ട ഉൽപാദനശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉണ്ട്. മെഷിനറികൾ ലഭിച്ചതിനുശേഷം സംഘങ്ങൾക്ക് മെച്ചപ്പെട്ട ഉൽപാദന വർദ്ധന ഉണ്ടായിട്ടുണ്ട്. ഇതുവരെ 5531.54 ക്വിന്റൽ കയറും 2461.35 ക്വിന്റൽ ചകിരി നാരും ഉൽപാദിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം സഹകരണ സംഘങ്ങളിൽ ഇത്തരത്തിൽ വാങ്ങിയ യന്ത്രങ്ങൾ ഉപയോഗിക്കാതെയോ പ്രവർത്തന രഹിതമായോ കിടക്കുന്നുണ്ട്; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കൊടുങ്ങല്ലൂർ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 326-ന്റെ നിലവിലുള്ള ഷെഡ്ഡ് 70 വർഷത്തോളം പഴക്കമുള്ളതാണ്. മേൽക്കൂര ഓട് മേഞ്ഞതായതിനാൽ കാലപ്പഴക്കംമൂലം കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 6 എ.എസ്.എം. മെഷീനുകൾ സ്ഥാപിച്ചിരിക്കുന്നത് ഈ ഷെഡ്ഡിലായതിനാൽ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊടുങ്ങല്ലൂർ സി.വി.സി.എസ്. ക്ലിപ്തം നമ്പർ 326-ൽ 2018 സെപ്തംബർ മാസം മുതൽ പ്രവർത്തനമാരംഭിച്ച ഡി.എഫ് മെഷീനിൽ 2023 മാർച്ച് വരെയുള്ള കാലയളവിൽ 1069710 തൊണ്ട് അടിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഈ മെഷീനിന്റെ പ്രവർത്തനം അറ്റകുറ്റപണികൾക്കായി നിർത്തിവച്ചിട്ടുണ്ട്.

മേൽ സംഘത്തിലേയും ഇതര സംഘങ്ങളിലേയും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ ഏറ്റെടുത്ത നടത്തുന്നതിന് കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കയർ വ്യവസായത്തിലെ പ്രതിസന്ധികൾ

199(4473) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി നിലവിൽ എത്ര രൂപയാണെന്നും ഇത് തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ വ്യവസായത്തിൽ തൊഴിലാളികൾക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം കൂലി 350 (കയർ സംഘം വിഹിതം 240, സർക്കാർ വിഹിതമായി ഇൻകം സപ്പോർട്ട് പദ്ധതിയിൽ 110 രൂപ) രൂപയാണ്. കയർ ഉൽപന്ന മേഖലയിൽ ദിവസ വേതനം 815 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ടുകളിലേക്കാണ് സർക്കാർ വിഹിതം നൽകിവരുന്നത്. ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീമിൽ 45 .9 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട് .

(ബി) കയർ സംഘങ്ങളിൽനിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും വിലയായി ആകെ എത്ര രൂപയാണ് നൽകാനുള്ളതെന്നും എന്നുമുതലുള്ള തുകയാണ് ഇപ്രകാരം കുടിശികയുള്ളതെന്നും ഇനവും വർഷവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

കയർ സംഘങ്ങളിൽനിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയുംവിലയായി 2024 ഫെബ്രുവരി മാസം മുതൽ ആകെ 15,63,34,830/-(പതിനഞ്ച് കോടി അറുപത്തിമൂന്ന് ലക്ഷത്തി മുപ്പത്തി

നാലായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) രൂപയാണ് നൽകാനുള്ളത്. ഇതിൽ 14,55,71,418/-(പതിനാല് കോടി അമ്പത്തഞ്ച് ലക്ഷത്തി എഴുപത്തൊന്നായിരത്തി നാനൂറ്റി പതിനെട്ട് രൂപ മാത്രം) രൂപ കയർ വിലയിനത്തിലും 1,07,63,412/-(ഒരു കോടി ഏഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപ ഉൽപന്ന വിലയിനത്തിലുമാണ് നൽകുവാനുള്ളത്. കയർ സംഘങ്ങളിൽനിന്നും കയർഫെഡ് വാങ്ങിയ കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും വിലയായി നൽകുവാനുള്ള തുക ഗഡുക്കളായി കൊടുത്തുതീർത്തുവരുന്നു.

(സി) കയർ മേഖലയിലെ നിലവിലെ പ്രതിസന്ധികൾക്കുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ഇവ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ?

കയർ മേഖലയിൽ പ്രതിസന്ധികൾ ഉണ്ടാവാതിരിക്കുവാൻ ആവശ്യമായ സമയോചിതമായ ഇടപെടലുകൾ സർക്കാർ നടത്തിവരുന്നു. പ്രതിസന്ധിയെക്കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ധ സമിതിയെ

നിയോഗിച്ചിരുന്നു. സമിതി ഇടക്കാല റിപ്പോർട്ട് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗത്തിന്റെയും പ്രതിനിധികളുമായി ചർച്ചനടത്തി സമഗ്രമായ നടപടികൾ സ്വീകരിക്കുന്നതാണ്. പരമ്പരാഗത കയർ ഉൽപന്നങ്ങൾ, വിപണിയിൽ ലഭ്യമായ സമാന ഉപയുക്തതയുള്ള വിവിധങ്ങളായ ഉൽപന്നങ്ങളോട് അവയുടെ വില നിലവാരത്തിലും ഗുണനിലവാരത്തിലും മത്സരിക്കുന്നതിന് പരിമിതികൾ നേരിടുന്നുണ്ട്. ആയത് പരിഹരിക്കുന്നതിനായി യന്ത്രവൽക്കരണത്തിലൂടെ ഉൽപാദനക്ഷമത വർധിപ്പിച്ചും നവീന ഡിസൈനുകളിലും നൂതന സാങ്കേതിക വിദ്യയിലും ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കാൻ പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന/ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഭോപാലുമായി ചേർന്ന് കയർ കോർപറേഷൻ, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം കയർ ഭൂവസ്ത്രത്തിന്റെ നിർമ്മാണവും

വിപണനവും കേരള സംസ്ഥാന കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. കയർ ഉൽപന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ കോർപറേഷൻ, അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾ മാർട്ടുമായി സഹകരിച്ചുവരുന്നു. സ്ഥാപിക്കപ്പെട്ട യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ആവശ്യമായ രീതിയിൽ പരിഷ്കരിക്കുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) -യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കയർമേഖലയുടെ ശാക്തീകരണവും ആധുനികീകരണവും

200(4474) ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയെ ശാക്തീകരിക്കുന്നതിനും ആധുനികീകരിക്കുന്നതിനും നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ) ഉണ്ട്. യന്ത്രവൽക്കരണത്തിലൂടെ ഉൽപാദനക്ഷമത വർധിപ്പിച്ചും നവീന ഡിസൈനുകളിലും നൂതന സാങ്കേതിക വിദ്യയിലും ഉൽപന്നങ്ങൾ നിർമ്മിച്ചെടുക്കാൻ പരമ്പരാഗത കയർ തൊഴിലാളികളെ പ്രാപ്തമാക്കുംവിധം നൈപുണ്യ വികസന/ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും പുരോഗതി കൈവരിക്കാൻ ശ്രമിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഭോപാലുമായി ചേർന്ന് കയർ കോർപറേഷൻ, പരമ്പരാഗത കയർ തൊഴിലാളികൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. ഇതോടൊപ്പം കയർഭൂവസ്ത്രത്തിന്റെ നിർമ്മാണവും വിപണനവും കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്നു. കയർ ഉൽപന്നങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി കയർ കോർപറേഷൻ, അന്താരാഷ്ട്ര വ്യാപാര ശൃംഖലയായ വാൾമാർട്ടുമായി സഹകരിച്ചുവരുന്നു. കയർ സംഘങ്ങളിൽ

സ്ഥാപിക്കപ്പെട്ട യന്ത്രസാമഗ്രികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും ആവശ്യമായ രീതിയിൽ പരിഷ്കരിക്കുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ഇൻകം സപ്പോർട്ട് സ്കീമിൽ 45.9 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

കയർ മേഖല ആധുനികീകരിക്കുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്തിമ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് കയർ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും പ്രതിനിധികളുമായി ചർച്ചനടത്തി സമഗ്രമായ തുടർ നടപടികൾ ആസൂത്രണം ചെയ്യുന്നതാണ്.

(ബി) ഉപയോഗ്യശൂന്യമായ ഉണക്കത്തൊണ്ട്, ചകിരിച്ചോറ് എന്നിവയിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉപയോഗശൂന്യമായ ചകിരിച്ചോറിൽനിന്നും മൂല്യവർധിത ഉൽപന്നങ്ങളായ കൊക്കോ ഫെർട്ട്, ഇനോകുലേറ്റഡ് കൊക്കോ പിത്ത്, പിത്ത് ബ്രിക്കറ്റ് എന്നിവ കയർഫെഡിന്റെ വിവിധ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിച്ചു വിപണനം ചെയ്തുവരുന്നുണ്ട്.

(സി) ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി അതിന്റെ ഉൽപാദനം വർധിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ചകിരി ഉൽപാദനം വർധിപ്പിക്കുന്നതിനായി സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് 2023-2024 സാമ്പത്തിക വർഷം 53 ലക്ഷം രൂപ സംരംഭകർക്ക് സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഉൽപാദനം വർധിപ്പിക്കുന്നതിന് സ്വകാര്യ/സഹകരണ ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് വൈദ്യുതി സബ്സിഡി നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ ചകിരി, കയർ എന്നിവയുടെ ഉൽപാദനതോത് 2015-16-ൽ എത്രയായിരുന്നു; പ്രസ്തുത ഉൽപാദനതോതിന്റെ നിലവിലെ പുരോഗതി വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ ചകിരി, കയർ എന്നിവയുടെ ഉൽപാദനതോത് 2015-16 ൽ യഥാക്രമം 8000 ക്വിന്റൽ, 7000 ടൺ എന്നിങ്ങനെ ആയിരുന്നു. പ്രസ്തുത ഉൽപാദനതോത് നിലവിൽ യഥാക്രമം 18000 ക്വിന്റൽ, 12750 ടൺ എന്നിങ്ങനെയായി വർധിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ചകിരി, കയർ എന്നിവയുടെ ഉൽപാദനം വർധിപ്പിച്ച് തൊണ്ട് തല്ല് - കയർപിരി തൊഴിലാളികൾക്ക് വരുമാനമുണ്ടാക്കുന്നതിനും ഗാർഹിക, ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സംസ്ഥാനത്ത് ചകിരി, കയർ എന്നിവയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിയിട്ടുള്ള യന്ത്രവൽക്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ച മെഷീനുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിനും കാലാനുസൃതമായി ആവശ്യമായ പരിഷ്കരണങ്ങൾ

നടത്തുന്നതിനും കേരള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി (KSCMMC) -ക്ക് ചുമതല നൽകിക്കൊണ്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ യന്ത്രവൽകൃത കയർ സംഘങ്ങളുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിനും വൈദ്യുതി സബ്സിഡി അനുവദിക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതുവഴി കയർ മേഖലയിൽ തൊഴിൽ അവസരങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിടുന്നു.

കശുവണ്ടി മേഖലയിലെ തൊഴിൽ ദിനങ്ങൾ

201(4475) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിൽ ഓരോ വർഷവും തൊഴിലാളികൾക്ക് എത്ര തൊഴിൽ ദിനങ്ങൾ നൽകാൻ കഴിയുന്നുണ്ടെന്ന് അറിയിക്കാമോ?

കശുവണ്ടി വ്യവസായ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി വികസന കോർപ്പറേഷൻ, കാപക്സ് എന്നിവിടങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും

തൊഴിലാളികൾക്ക് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു.

സ്ഥാപനം	വർഷം	ശരാശരി തൊഴിൽ ദിനങ്ങൾ
കശുവണ്ടി വികസന കോർപ്പറേഷൻ	2021	101
	2022	61
	2023	108
	2024 (24-06-24 വരെ)	52
കാപ്പക്സ്	2021	140
	2022	131
	2023	151
	2024 (24-06-24 വരെ)	73

കൂടാതെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫാക്ടറികളിൽ 2021-22, 2022-23, 2023-24 വർഷങ്ങളിൽ തൊഴിലാളികൾക്ക് യഥാക്രമം 186, 193, 215 എന്നിങ്ങനെ ശരാശരി തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) കാഷ്യൂ കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിൽ എത്ര ഫാക്ടറികളുണ്ടെന്നും ഇതിൽ എത്രയെണ്ണം ഇനിയും തുറന്ന് പ്രവർത്തിക്കാനുണ്ടെന്നും അറിയിക്കാമോ?

കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ 30 ഫാക്ടറികളും കാപെക്സിനു കീഴിൽ 10 ഫാക്ടറികളുമാണുള്ളത്. പ്രസ്തുത ഫാക്ടറികൾ എല്ലാംതന്നെ നിലവിൽ തുറന്നു പ്രവർത്തിക്കുന്നു.

ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുതി ലൈൻ

202(4476) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഡുപ്പി- കാസർഗോഡ് 400 കെ. വി. വൈദ്യുത ലൈനിന്റെ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

പൂർത്തീകരിച്ചിട്ടില്ല.

(ബി) ഇല്ലെങ്കിൽ എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും കാലതാമസത്തിനുള്ള കരണമെന്താണെന്നും അറിയിക്കാമോ?

ഉഡുപ്പി കാസർഗോഡ് 400 കെ. വി. വൈദ്യുതി ലൈൻ വലിക്കുന്ന പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. കേന്ദ്ര ഊർജവകുപ്പിന്റെ ഭാഗമായ ആർ.ഇ.സി. ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് ടി.ബി.സി.ബി. (TBCB) വ്യവസ്ഥയിൽ ക്ഷണിച്ച ടെൻഡർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി–കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദ്ദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈനും കരിന്തളം 400 കെവി സബ്സ്റ്റേഷനും നിർമ്മിക്കുന്നത്.

നിർദ്ദിഷ്ട 400 കെ.വി. ഉഡുപ്പി-കരിന്തളം ലൈൻ കർണ്ണാടകയിലെ ഉഡുപ്പി ദക്ഷിണ കന്നട ജില്ലകളിലൂടെയും (കർണ്ണാടകയ്ക്കുള്ളിൽ 68 കി.മീ.) കേരളത്തിലെ കാസറഗോഡ് ജില്ലയിലൂടെയും (കേരളത്തിനുള്ളിൽ 47 കീ.മീ) കടന്നു പോകുന്നു. കേരളത്തിനുള്ളിൽ സ്ഥാപിക്കേണ്ട മൊത്തം 101 ടവറുകളിൽ 93 ടവറുകളുടെ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 79 ടവറുകളുടെയും 0.840 കീ.മീ ലൈനിന്റെയും നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി എട്ട് (കേരളത്തിൽ) ടവറുകളുടെ ഫൗണ്ടേഷൻ

പ്രവൃത്തി വനം വകുപ്പിന്റെ അനുമതി ലഭിച്ചാൽ പൂർത്തീകരിക്കുമെന്നാണ് UKTL കമ്പനിയിൽനിന്നും ലഭിച്ച വിവരം എന്ന് കെ.എസ്.ഇ.ബി.എൽ അറിയിച്ചിട്ടുണ്ട്.

കൂടാതെ ബാക്കിയുള്ള ടവർ സ്ഥാപിക്കുന്നതും ലൈൻ വലിക്കുന്നതുമായ (കേരളത്തിൽ) പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ഇതിനായി ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകേണ്ട ബാധ്യത പ്രവൃത്തി ഏറ്റെടുത്ത UKTL കമ്പനിയിൽ നിക്ഷിപ്തമാണ്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹു.മന്ത്രിതലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ചു ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച കർണ്ണാടകത്തിലെ ഭൂവുടമകളുടെ എതിർപ്പും കർണ്ണാടക ഹൈക്കോടതിയിലെ തീർപ്പു

കൽപിക്കാത്ത വ്യവഹാരങ്ങളും കാരണം കർണ്ണാടക ഭാഗത്ത് വളരെ മന്ദഗതിയിലാണ് 400 KV ലൈൻ വലിക്കുന്ന പ്രവൃത്തി നടക്കുന്നതെന്നാണ് UKTL കമ്പനിയിൽനിന്ന് അറിയാൻ കഴിഞ്ഞതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വൈദ്യുതി ലൈൻ സ്ഥാപിക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

യു.കെ.റ്റി.എൽ. കമ്പനിയിൽനിന്ന് കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400 കെ. വി. ഉഡുപ്പി കാസർഗോഡ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ജോലികളുടെ വിശദാംശങ്ങൾ താഴെ പറയുന്ന പ്രകാരമാണ് .

ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം - 115 കി.മീ.

(കേരളം - 47 കി മീ, കർണ്ണാടക - 68 കി.മീ.)

ആകെ ടവറുകളുടെ എണ്ണം - 278 എണ്ണം

(കേരളം - 101, കർണ്ണാടക - 177)

ടവർ ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായത് - 117 എണ്ണം

(കേരളം - 93, കർണ്ണാടക 24)

ടവർ നിർമ്മാണം പൂർത്തിയായത് -80 എണ്ണം (കേരളം - 79

കർണ്ണാടക - 1)

ലൈൻ നിർമ്മാണം പൂർത്തിയായത് - 0.840 കി.മീ.

കരിന്തളത്ത് 400 KV സബ്സ്റ്റേഷൻ നിർമ്മാണം ഇതിനകം പൂർത്തീകരിച്ചു. ലൈൻ നിർമ്മാണം പൂർത്തിയാകുന്നമുറയ്ക്ക് സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യാവുന്നതാണ്.

കേരളത്തിന്റെ പുനരുപയോഗ ഊർജമേഖല

203(4477) ശ്രീ. എം. എം. മണി:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി.ഐ. മധുസൂദനൻ:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജത്താൽ സമ്പന്നമായ സംസ്ഥാനം എന്ന നേട്ടം കേരളത്തിന് സ്വന്തമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിന് അക്ഷയ ഊർജത്തിന്റെ ഉപയോഗത്തിൽ വളരെ പ്രത്യേകമായ ഒരു സ്ഥാനമാണുള്ളത്. കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം പ്രസിദ്ധീകരിച്ച കണക്ക് പ്രകാരം 2024 മേയ് 31 വരെ കേരളത്തിൽ ആകെ 1128.38 MW ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ വിൻഡ് എനർജി മേഖലയിൽ കേരളത്തിന്റെ സ്ഥാപിതശേഷി 71.275 MW ആണ്. 1000 MW– ൽ അധികം വൈദ്യുതി പുനരുപയോഗ ഊർജമേഖലയിൽനിന്നും ഉൽപാദിപ്പിക്കുന്നുണ്ട്. സൗരോർജത്തിന്റെയോ കാറ്റിന്റെയോ വൻകിട പാർക്കുകളില്ലെങ്കിലും വികേന്ദ്രീകൃതമായ പുരപ്പുറ പദ്ധതികളിലൂടെയാണ് കേരളം അക്ഷയ ഊർജ മേഖലയിൽ നേട്ടം കൈവരിച്ചത്. ഇത്തരം പദ്ധതികളിലൂടെ മാത്രം 1000 മെഗാവാട്ടിലധികം സൗരോർജശേഷി കേരളം കൈവരിച്ചിട്ടുണ്ട്. കൂടാതെ പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന ആദ്യ വിമാനത്താവളവും കേരളത്തിന്റെതാണ്. അതിനാൽത്തന്നെ കേരളം പുനരുപയോഗ ഊർജത്താൽ സമ്പന്നമായ സംസ്ഥാനം എന്നു പറയാൻ കഴിയും.

(ബി) റിന്യൂവബിൾ റിച്ച് പട്ടികയിലേക്കെത്തുന്നതിനായി നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദീകരിക്കുമോ?

റിന്യൂവബിൾ റിച്ച് പട്ടികയിലേക്ക് സംസ്ഥാനം നിലവിൽ കടന്നുകഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ താഴെ പറയുന്ന പ്രവൃത്തികളും നിലവിൽ പുരോഗമിച്ചുവരുന്നു.

1. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് വിനിയോഗിച്ച് 1.25 MW സ്ഥാപിത ശേഷിയുള്ള സൗരോർജ നിലയം സ്ഥാപിക്കുന്നതിന്റെ നടപടികൾ നടന്നുവരുന്നു. കൂടാതെ കെ.എസ്.ഇ.ബി ലിമിറ്റഡ്, Project Management Consultant ആയി തദ്ദേശ സ്വയം ഭരണ/മറ്റ് സർക്കാർ സ്ഥാപനങ്ങൾ മുതൽമുടക്കി സ്ഥാപിക്കുന്ന സൗരോർജ പദ്ധതികൾ പുരോഗമിക്കുന്നു.

2. PM-KUSUM പദ്ധതി- കർഷകരുടെ കൃഷി യോഗ്യമല്ലാത്ത തരിശു ഭൂമിയിൽ സൗരോർജ നിലയങ്ങൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കുകയും അതോടൊപ്പംതന്നെ കർഷകർക്കും വരുമാനം ലഭ്യമാക്കുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണ് 'പ്രധാൻ മന്ത്രി കിസാൻ ഊർജ

സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ യോജന' (PM-KUSUM). ടി പദ്ധതിയുടെ 'Component A' മുഖേന കർഷകർക്കോ/മറ്റു നിക്ഷേപകർക്കോ (കർഷകരുടെ ഭൂമി പാട്ടത്തിനെടുത്ത്) മുതൽ മുടക്കി തരിശു ഭൂമിയിൽ സൗരോർജ്ജ നിലയം സ്ഥാപിക്കാവുന്നതും അതിൽനിന്ന് ഉൽപാദിപ്പിക്കുന്ന വൈദ്യുതി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങുന്നതുമാണ്. ഇപ്രകാരം 30 MW സ്ഥാപിത ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ 'Component C' പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ട് വിനിയോഗിച്ച് 11 MW സ്ഥാപിത ശേഷിയുള്ള സൗരോർജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ഇതിൽ 1.3 MW-ന്റെ സോളാർ നിലയങ്ങൾ 8 ലൊക്കേഷനുകളിലായി സ്ഥാപിച്ചുകഴിഞ്ഞു.

3. നിക്ഷേപകർ മുതൽമുടക്കി താരിഫ് അധിഷ്ഠിത ബിഡ്ഡിംഗിലൂടെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്ന 14 MW സ്ഥാപിതശേഷിയുള്ള കാറ്റാടി നിലയങ്ങൾക്കുള്ള ലെറ്റർ ഓഫ് അവാർഡ് (LOA) കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകിയിട്ടുണ്ട്.

4. കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നിലയം സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. പദ്ധതി നടപ്പിലാക്കാനായി NHPC ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

റിന്യൂവബിൾ റിച്ച് പട്ടികയിലെത്തുന്നതിന് സഹായകരമായി ഗവണ്മെന്റ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് 'ഊർജ കേരള മിഷൻ.' ഊർജ കേരള മിഷന്റെ ഭാഗമായുള്ള പദ്ധതിയാണ് 'സൗര'. ഈ പദ്ധതിവഴി പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും 500 മെഗാവാട്ട് കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് വിഭാവന ചെയ്തിരുന്നത്. പദ്ധതിയുടെ കീഴിൽ 203.34 മെഗാവാട്ടിന്റെ 49,402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, 'പ്രധാന മന്ത്രി സൂര്യ ഘർ യോജന' എന്നീ രണ്ടു സ്കീമുകളിലും സബ്സിഡി കൂടാതെ സ്ഥാപിച്ചതുമായ പ്ലാന്റുകൾ ഉൾപ്പെടെ (എച്ച്. ടി., എൽ. ടി. ഉൾപ്പെടെ) ആകെ 1,48,324 നിലയങ്ങളിൽ നിന്നായി ഇതുവരെ 936.07 MW (പുരപ്പുറ സോളാർ പദ്ധതി) സ്ഥാപിത ശേഷി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി ഗാർഹിക, ഗാർഹികേതര മേഖലയിൽ സബ്സിഡി രഹിത സൗരോർജ പ്ലാന്റ്

സ്ഥാപിച്ചു നൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർക്കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

റിന്യൂവബിൾ റിച്ച് പട്ടികയിലേയ്ക്കെത്തുന്നതിനായി വിൻഡ് എനർജി മേഖലയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അനെർട്ട് മുഖേന നടപ്പിലാക്കിവരുന്നു.

അനെർട്ട് കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ NIWE (National Institute of Wind Energy)-യുടെ സാങ്കേതിക സഹായത്തോടെ രാമക്കൽമേട് ആമപ്പാറ ഭാഗത്ത് വിൻഡ് മാസ്റ്റ് സ്ഥാപിച്ചുനടത്തിയ കാറ്റിൽ നിന്നുള്ള ഊർജത്തിന്റെ പഠനം പൂർത്തിയായിട്ടുണ്ട്.

കാറ്റിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി രൂപീകരിക്കപ്പെട്ട നിലവിലുള്ള നയവുമായി ബന്ധപ്പെട്ട വശങ്ങളും പ്രശ്നങ്ങളും പരിശോധിച്ച് നിലവിലുള്ള കാറ്റാടി ഊർജനയത്തിൽ വരുത്തേണ്ട ആവശ്യമായ ഭേദഗതികളെക്കുറിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ അനർട്ട് CEO ചെയർമാനായുള്ള ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിരുന്നു. (G.O. (Rt.) No.5/2023/POWER Dated 10-01-2023).

പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയെത്തുടർന്ന് സംസ്ഥാനത്ത് കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പദ്ധതി പ്രവർത്തനങ്ങളുടെ വേഗതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു ഏകജാലക സംവിധാനം കൊണ്ടുവരുന്നതിനും കാറ്റിൽ നിന്നുള്ള ഊർജം ഉൽപാദിപ്പിക്കുന്ന നടപടികൾക്ക് വേഗത വർധിപ്പിക്കുന്നതിനുമുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അക്ഷയ ഊർജ ഉപയോഗം വർധിപ്പിക്കുന്നതിന് ഹരിത ഹൈഡ്രജൻ പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നു. പകൽ സമയത്ത് അധികമായി ലഭിക്കുന്ന സൗരോർജമുപയോഗിച്ച് ഹരിത ഹൈഡ്രജൻ ഉൽപാദിപ്പിക്കാനും അത് കാർബൺ പ്രസരണം കുറയ്ക്കാൻ ബുദ്ധിമുട്ടുള്ള മേഖലകളിൽ ഉപയോഗിക്കാനുമാണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്ത് ഗതികോർജ സാങ്കേതിക വിദ്യകളുടെ വികസനത്തിനായി ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തനം വിശദീകരിക്കുമോ?

കേരളത്തിൽ ഹരിതോർജ സാങ്കേതിക വിദ്യകളുടെ വ്യാപനം, ഊർജ കാര്യക്ഷമത മെച്ചപ്പെടുത്തൽ, ഊർജ രംഗത്ത് ഗവേഷണവും സ്റ്റാർട്ടപ്പുകളും പ്രോത്സാഹിപ്പിക്കുന്നതിനായി ഊർജ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളായ കെ.എസ്.ഇ.ബി.എൽ., അനെർട്ട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയെ പ്രതിനിധീകരിച്ച് എനർജി മാനേജ്മെന്റ് സെന്ററും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നോവേഷൻ സ്ട്രാറ്റജിക് കൗൺസിലും (K-DISC) ഡൽഹിയിലുള്ള ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററും ചേർന്ന് കേരളത്തിൽ ക്ലീൻ എനർജി ഇന്നോവേഷൻ ആന്റ് ബിസിനസ് ഇൻകുബേഷൻ സെന്റർ (CEIBIC) 2022 ജൂൺ 22-ന് ആരംഭിക്കുകയുണ്ടായി. ഇതിന്റെ ആദ്യ ഘട്ടമായി ജൂൺ 22-ന് ആരംഭിച്ച ആദ്യ 'ക്ലീൻ ടെക് ചലഞ്ചിൽ' ലഭിച്ച 100 അപേക്ഷകളിൽനിന്ന് 10 വിജയികളെ തെരഞ്ഞെടുക്കുകയുംചെയ്തു. വിജയിച്ച സ്റ്റാർട്ടപ്പുകൾക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സഹായം നൽകിക്കൊണ്ട് അവരുടെ ആശയങ്ങൾ വിപുലീകരിക്കുന്ന പ്രക്രിയ തുടർന്നുവരുന്നു. വിജയികൾക്കായി 2023

ഒക്ടോബർ 05, 06 തീയതികളിൽ അവരുടെ പ്രവർത്തനങ്ങളിലെ പുരോഗമനം അറിയുന്നതിനായി ബൂട്ട് ക്യാമ്പും സംഘടിപ്പിച്ചു.

കുന്നത്തുനാട് മണ്ഡലത്തിലെ ഇ -ചാർജിഗ് സ്റ്റേഷനുകൾ

204(4478) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനുവേണ്ടി എത്ര വൈദ്യുതി ചാർജിങ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം പ്രവർത്തനസജ്ജമായെന്നും അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ. കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ വിവിധ ഭാഗങ്ങളിലായി അഞ്ച് (5) പോൾ മൗണ്ടഡ് ചാർജ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ട്; ഇവയെല്ലാം പ്രവർത്തന സജ്ജമാണ്.

കുന്നത്തുനാട് മണ്ഡലത്തിൽ ഇ-വാഹനങ്ങൾ ചാർജ് ചെയ്യുന്നതിനായി ശ്രീ.ജോയ്. എ. ജെ. എന്ന വ്യക്തി കിഴക്കമ്പലത്ത് സ്ഥാപിച്ച 25 kW-ന്റെ പബ്ലിക് ഇ.വി. ചാർജിങ് സ്റ്റേഷന് Rs.1,50,000/- രൂപ സബ്സിഡി

അനെർട്ട് മുഖേന അനുവദിച്ചിരുന്നു. ഇപ്പോൾ ഈ പബ്ലിക് ഇ-കാർ ചാർജിംഗ് സ്റ്റേഷൻ പ്രവർത്തനക്ഷമമാണ്.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിന്റെ പരിധിയിൽ പുതുതായി ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

2019-ൽ പുറത്തിറക്കിയ കേരള സർക്കാറിന്റെ വൈദ്യുത വാഹനനയം പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചാർജിങ് സംവിധാനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്ക് ചാർജിംഗിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന സർക്കാർ നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിന്റുകളും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് സജീകരിച്ചത്.

എല്ലാ ജില്ലകളിലുമായി പുതുതായി ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിപുലമായ ചാർജിങ് ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വൈദ്യുത വാഹന രംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 1.6 ലക്ഷത്തോളം വൈദ്യുത വാഹനങ്ങളാണ് കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച സ്റ്റേഷനുകൾക്ക് പുറമേ 680-ൽപരം ചാർജിങ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ

മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

കുറഞ്ഞ നിരക്കിൽ ദീർഘകാല വൈദ്യുതി കരാർ

205(4479) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് പ്രകാരം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പിന് അനുപാതമായ ഉൽപാദിപ്പിക്കാൻ കഴിയുന്ന ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജലസംഭരണി	24-06-2024 -ലെ ജലനിരപ്പ് (m)	24.06.2024 ലെ ജലനിരപ്പിന് ആനുപാതികമായ വൈദ്യുതിയുടെ കണക്ക് (MU)

1	ഇടുക്കി	2328.46 Ft.	634.85
2	ഇടമലയാർ	137.07	63.57
3	കക്കി	945.43	167.40
4	പമ്പ	965.90	4.09
5	ബാണാസുരസാഗർ	755.40	22.37
6	കക്കയം	748.89	17.20
7	ഷോളയാർ	2582.00 ft	12.99
8	കുണ്ടള	1741.00	0.26
9	മാട്ടുപെട്ടി	1590.70	95.60
10	ആനയിറങ്കൽ	1189.80	3.35
11	പൊൻമുടി	687.50	14.15
12	പൊരിങ്ങൽകുത്ത്	418.25	5.47
13	കല്ലാർകുട്ടി	451.90	3.18
14	ലോവർപെരിയാർ	245.80	0.85
15	മൂഴിയാർ	188.50	0.19
16	ചെങ്കുളം	846.55	0.10

പ്രധാന ജലസംഭരണികളിലെ നിലവിലെ ജലനിരപ്പ് പ്രകാരം 1044.48 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപാദനത്തിനുള്ള സംഭരണമാണുള്ളത് .

(ബി) വേനൽക്കാലത്ത് ജലാശയങ്ങളിലെ ജലനിരപ്പ് കുറയുന്നതുമൂലം ഉൽപാദനത്തിൽ കുറവും അതേസമയം ഉപഭോഗത്തിൽ വർധനയും

ഉണ്ടാകുന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ. അധിക വൈദ്യുതി ലഭ്യമാക്കിയത് എങ്ങനെയാണെന്ന് വിശദമാക്കാമോ; ഇതുവഴി എത്ര കോടി രൂപയുടെ അധിക ബാധ്യതയാണ് കെ.എസ്.ഇ.ബി.എൽ.-നും അതുവഴി ഉപഭോക്താവിനും വന്നിട്ടുള്ളതെന്ന് വിശദമാക്കാമോ?

കഴിഞ്ഞ കാലവർഷം ദുർബലമായതുമൂലം ഉപഭോഗത്തിൽ ഗണ്യമായ വർധന (ശരാശരി 10 മുതൽ 17%) വന്നിരുന്നു. 2024 വേനൽക്കാലത്ത് ഈ വർധന പ്രതീക്ഷിച്ചുകൊണ്ട് ആവശ്യകതയും ലഭ്യതയും തമ്മിലുള്ള വലിയ അന്തരം ഇല്ലാതാക്കുന്നതിനായി 2024 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലേക്ക് ഹ്രസ്വകാല കരാറിലും ബാങ്കിങ് കരാറിലും (കൈമാറ്റ കരാർ) ഏർപ്പെട്ടിരുന്നു. കരാർ വിശദാംശംങ്ങൾ താഴെ ചേർക്കുന്നു.

(i) ഹ്രസ്വകാലകരാറുകൾ

2024 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഏർപ്പെട്ടിരുന്ന ഹ്രസ്വകാല കരാറുകൾ താഴെ പറയും പ്രകാരമാണ്.

ക്രമ നമ്പർ	മാസം	ലഭ്യത മെഗാവാട്ടിൽ	ഉത്പാദകർ /ട്രേഡർ
1	മാർച്ച്	225	GMR, NVVN, MPL

2	ഏപ്രിൽ	500	GMR, NVVN, Ambitious power, Adani power, PTC, TPTCL
3	മെയ്	475	GMR, NVVN, Ambitious power, Adani Power, TPTCL, Naitwar Mori

(ii) ബാങ്കിങ് കരാറുകൾ

2024 മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ഏർപ്പെട്ടിട്ടുള്ള ബാങ്കിങ് കരാറുകൾ താഴെ പറയും പ്രകാരമാണ്.

ക്രമ നമ്പർ	മാസം	ലഭ്യത മെഗാവാട്ടിൽ	ഉത്പാദകർ /ട്രേഡർ
1	മാർച്ച് (1 മുതൽ -31 വരെ)	200	APPCPL
2	മാർച്ച് (1 മുതൽ -15 വരെ)	100	APPCPL
3	മാർച്ച് (15 മുതൽ -31 വരെ)	200	SAPL
4	ഏപ്രിൽ((1 മുതൽ -15 വരെ)	200	APPCPL

വേനൽകാലത്ത് ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കിയതുവഴി KSEBL-ന് ഏകദേശം 523 കോടി രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ

വൈദ്യുതി പവർ എക്സ്ചേഞ്ച് വഴിയും monthly contract മുഖേനയും ഡീവിയേഷൻവഴി ഗ്രിഡിൽനിന്നും ലഭ്യമാക്കിയതുവഴി KSEBL-ന് 1184 കോടി രൂപയുടെയും അധിക ബാധ്യത ഉണ്ടാക്കിയതായി കണക്കാക്കിയിട്ടുണ്ട്.

എന്നാൽ ടി അധിക ചെലവ് നിരക്ക് വർദ്ധനവിലൂടെ ഉടനടി നികത്തുവാൻ നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പ്രകാരം കഴിയുകയില്ല. എന്നാൽ ടി അധിക ബാധ്യത കണക്കാക്കി ട്രൂ അപ്പ് പെറ്റീഷനിലൂടെയും സർചാർജ് പെറ്റീഷനിലൂടെയും സംസ്ഥാന റെഗുലേറ്ററി കമ്മീഷന് സമർപ്പിക്കുന്ന മുറയ്ക്ക് കമ്മീഷനാണ് നിരക്ക് വർധനവിന്റെ ആവശ്യകതയെ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്നത്.

വേനൽക്കാലത്തെ ഉയർന്ന ഉപഭോഗം കണക്കിലെടുത്ത് എല്ലാവർഷവും ദീർഘകാല കരാറുകൾക്ക് പുറമെ മധ്യകാല ഹ്രസ്വകാല കരാർ പ്രകാരവും ബാങ്കിങ് സംവിധാനത്തിലൂടെയും വൈദ്യുതി ഏർപ്പെടുത്താറുണ്ട്. ഈ മാസങ്ങളിൽ ജലവൈദ്യുതി നിലയങ്ങളിലെ ഉൽപാദനം പരമാവധി ലഭ്യമാക്കുവാൻ ആസൂത്രണം നടത്താറുണ്ട്. ഈ വർഷം വേനൽ മാസങ്ങളിൽവന്ന അതിതീവ്ര വേനൽമൂലമുണ്ടായ

ഉപഭോഗത്തിലെ വർധനയും നീരൊഴുക്കിലെ കുറവുംമൂലമുണ്ടായ ആഭ്യന്തര ഉൽപാദനത്തിലെ കുറവിന്റെയും അന്തരം താഴെ ചേർക്കുന്നു.

മാസം	ഉപഭോഗം (ദശ ലക്ഷം യൂണിറ്റ്)	ആഭ്യന്തര ഉൽപാദനം (ദശ ലക്ഷം യൂണിറ്റ്)	അന്തരം (ദശ ലക്ഷം യൂണിറ്റ്)
മാർച്ച്	3056.76	558.30	2498.46
ഏപ്രിൽ	3191.04	631.38	2559.66
മേയ്	2846.51	598.74	2247.77

ദീർഘകാല കരാർ അടിസ്ഥാനത്തിൽ 4 രൂപ 29 പൈസ നിരക്കിൽ ലഭിച്ചുകൊണ്ടിരുന്ന 465 മെഗാവാട്ടിന്റെ വൈദ്യുതി വാങ്ങൽ കരാറുകൾക്ക് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അനുമതി നിഷേധിച്ചതുമൂലംവന്ന കുറവു നികത്തുന്നതിനായും വേനൽക്കാലത്തെ അധിക ആവശ്യകത കണക്കിലെടുത്തും പാർലമെന്റ് തെരഞ്ഞെടുപ്പുമൂലമുള്ള അധിക ആവശ്യകത മുന്നിൽ കണ്ടുകൊണ്ടും 400 മെഗാവാട്ട് RTC പവറും 200 മെഗാവാട്ട് പീക്ക് സമയത്തേയ്ക്കും ലഭിക്കുവാനുള്ള കരാർ ക്ഷണിച്ചു. എന്നാൽ ആവശ്യപ്പെട്ട 400 മെഗാവാട്ടിന് പകരം 150-ഉം, 200 മെഗാവാട്ടിന് പകരം 50-ഉം ആണ് ഓഫർ കിട്ടിയത്. മാത്രമല്ല വളരെ ഉയർന്ന നിരക്കാണ് ഇതിനു

രേഖപ്പെടുത്തിയതും. അതിനാൽ വൈദ്യുതിയുടെ അധിക ആവശ്യകത കണക്കിലെടുത്ത് ലഭിക്കാവുന്ന ഏറ്റവും കുറഞ്ഞ നിരക്കിൽ പവർ എക്സ്ചേഞ്ചുവഴി മാസാടിസ്ഥാനത്തിൽ വൈദ്യുതി വാങ്ങുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മാർച്ച് 2024	300 മെഗാവാട്ട് (0-24 hrs.) 7 രൂപ 90 പൈസ നിരക്കിൽ
ഏപ്രിൽ 2024	445 മെഗാവാട്ട് മുതൽ 601 മെഗാവാട്ട് വരെ (0-24 hrs.) 8 രൂപ 65 പൈസ മുതൽ 9 രൂപ 56 പൈസ നിരക്കിൽ
മെയ് 2024	547 മെഗാവാട്ട് (0-24 hrs.) 9 രൂപ 25 പൈസ നിരക്കിൽ

2022-ൽ ഏർപ്പെട്ട മധ്യകാല കരാർവഴി 2022, 2023, 2024 വർഷങ്ങളിൽ ജനുവരി മുതൽ ജൂൺ വരെയുള്ള 6 മാസ കാലയളവിൽ 270 മെഗാവാട്ട് 3 രൂപ 26 പൈസ നിരക്കിൽ വൈദ്യുതി ലഭിച്ചുവരുന്നു.

പവർ മാർക്കറ്റിൽനിന്നും Day Ahead, Term Ahead അടിസ്ഥാനത്തിൽ വാങ്ങിയ വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

മാർച്ച് 2024	241.70 ദശലക്ഷം യൂണിറ്റ് - 3 രൂപ 99 പൈസ നിരക്കിൽ
ഏപ്രിൽ 2024	141.58 ദശലക്ഷം യൂണിറ്റ് - 6 രൂപ 40 പൈസ നിരക്കിൽ

മെയ് 2024	59.78 ദശലക്ഷം യൂണിറ്റ് - 9 രൂപ 93 പൈസ നിരക്കിൽ

Deviation വഴി ഗ്രിഡിൽനിന്നും എടുത്ത അധിക വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

മാർച്ച് 2024	39.23 ദശലക്ഷം യൂണിറ്റ് - 3 രൂപ 42 പൈസ നിരക്കിൽ
ഏപ്രിൽ 2024	45.57 ദശലക്ഷം യൂണിറ്റ് - 5 രൂപ 36 പൈസ നിരക്കിൽ
മെയ് 2024	28.09 ദശലക്ഷം യൂണിറ്റ് - 3 രൂപ 34 പൈസ നിരക്കിൽ

വടക്ക് കിഴക്കൻ സംസ്ഥാനത്തിലെ SJVN ജലവൈദ്യുത നിലയത്തിൽ നിന്നും കേന്ദ്രവൈദ്യുതി മന്ത്രാലയം അധികമായി അനുവദിച്ച തെലുങ്കാന STPP-യിൽനിന്നും സംസ്ഥാനത്തിന് പുറത്തെ വിവിധ സൗരോർജ ഉൽപാദകരിൽനിന്നും വേനൽക്കാലത്ത് വൈദ്യുതി ലഭ്യമാക്കിയിരുന്നു.

(സി) സംസ്ഥാനത്തെ ആഭ്യന്തര ഉൽപാദനവും ഉപഭോഗവും തമ്മിൽ വ്യത്യാസമുണ്ടെന്നിരിക്കെ വേനൽക്കാലത്തെ ഉപഭോഗം മുന്നിൽക്കണ്ട്

കുറഞ്ഞ നിരക്കിൽ ദീർഘ കാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയാൽ ഉപഭോക്താക്കളുടെമേൽ അധികഭാരം ഏൽപ്പിക്കാതെ കെ.എസ്.ഇ.ബി.ക്ക് മുന്നോട്ടുപോകാൻ കഴിയില്ലേ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വരുന്ന വർഷങ്ങളിലെ ഉപഭോഗം, ഉൽപാദനം, നിലവിൽ ഏർപ്പെട്ടിട്ടുള്ള ദീർഘകാല കരാർ പ്രകാരമുള്ള വൈദ്യുതി എന്നിവ കണക്കിലെടുത്തും വിവിധ സമയങ്ങളിലെ വൈദ്യുതി ആവശ്യകതയും ലഭ്യതയും മാസാടിസ്ഥാനത്തിൽ കണക്കാക്കുകയും അധികമായി വേണ്ടി വരുന്ന ആവശ്യകത ഏർപ്പാടാക്കാൻ ആസൂത്രണത്തിന്റെയും വിശകലനത്തിന്റെയും ഭാഗമായി നടത്തിവരാറുള്ള കോർ കമ്മിറ്റി, പവർ പൊസിഷൻ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്ത് ദീർഘകാല കരാർ മുഖേനയും മധ്യകാല ഹ്രസ്വകാല കരാറിലൂടെയും ഉചിതമായ നടപടികൾ കൈകൊണ്ടുവരുന്നു. കഴിഞ്ഞ വേനൽക്കാലത്തെ അതിതീവ്ര വേനൽ ചൂടുമൂലം ഉപഭോഗത്തിൽവന്ന വർധനയും ആഭ്യന്തര ഉൽപാദനത്തിൽവന്ന കുറവും ദീർഘകാല കരാർ റദ്ദ് ചെയ്തതുകാരണമുണ്ടായ കുറവും

കണക്കിലെടുത്ത് വൈദ്യുതി ലഭ്യതയിലെ കുറവ് മുൻകൂട്ടി കണക്കാക്കുകയും അധിക വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ ഏർപ്പെടുകയും ചെയ്തിരുന്നു.

7 മുതൽ 25 വർഷത്തേയ്ക്ക് മുഴുവൻ സമയ (എല്ലാദിവസവും 24 മണിക്കൂറും) ലഭ്യതയിൽ ഒരു നിശ്ചിത വൈദ്യുതി വിഹിതം ഉറപ്പു വരുത്തുവാൻ വേണ്ടിയാണ് ദീർഘകാല കരാറുകളിൽ സാധാരണ ഏർപ്പെടുന്നത്. 2014 ൽ KSEBL ഏർപ്പെട്ട 465 MW ന്റെ ദീർഘകാല കരാറുകൾ ടെൻഡർ നടപടി ക്രമങ്ങളിലെ വ്യതിയാനം കാണിച്ച് റെഗുലേറ്ററി കമ്മീഷൻ 10-05-2023-ലെ ഉത്തരവിലൂടെ ആദ്യം റദ്ദാക്കിയെങ്കിലും 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവുപ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയും നിലവിലെ കരാർ പ്രകാരമുള്ള നിരക്കിൽത്തന്നെ വൈദ്യുതി നൽകണമെന്ന് ഉൽപാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വൈദ്യുതി നൽകണമെന്ന് KSEBL ആവശ്യപ്പെട്ടെങ്കിലും വൈദ്യുതി നൽകാൻ ഉൽപാദകർ ഇതുവരെ തയ്യാറായിട്ടില്ല. ദീർഘകാല കരാറുകൾ റദ്ദാക്കിയതിനെത്തുടർന്നുണ്ടായ വൈദ്യുതി ലഭ്യത കുറവ്

നികത്താൻ 07-06-2023-ന് മധ്യകാല അടിസ്ഥാനത്തിൽ 500 MW-ന്റെ ടെൻഡർ ക്ഷണിച്ചുവെങ്കിലും വൈദ്യുതിയുടെ വില സമാന ദീർഘകാല കരാറുകളെ അപേക്ഷിച്ചു വളരെ കൂടുതലായതിനാൽ കരാറിൽ ഏർപ്പെട്ടില്ല. തുടർന്ന് വിളിച്ച മധ്യകാല ടെൻഡറിലും വൈദ്യുതി വില വളരെ കൂടുതൽ ആയിരുന്നു. ഇപ്പോൾ 500 മെഗാവാട്ടിന്റെ മറ്റൊരു ദീർഘകാല ടെൻഡർ ക്ഷണിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. എന്നാൽ അതത് വർഷത്തെ സംഭരണികളിലെ ജലനിരപ്പും കാലാവസ്ഥയെയും അടിസ്ഥാനപ്പെടുത്തി ആവശ്യകതയും ലഭ്യതയും വിലയിരുത്തിയാണ് വേനൽക്കാലത്തേയ്ക്ക് (മാർച്ച്, ഏപ്രിൽ, മേയ്) ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടുന്നത്. പ്രസ്തുത വൈദ്യുതി ആവശ്യകത ഓരോ വർഷത്തെയും മേൽ സൂചിപ്പിച്ച സാഹചര്യത്തിനനുസരിച്ച് വ്യത്യസ്തമായിരിക്കും. അതിനാൽ വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടേണ്ടിവരും.

ഒരു നിശ്ചിത വൈദ്യുതി വിഹിതം ഉറപ്പുവരുത്തുവാൻ വേണ്ടിയാണ് 2014-ൽ KSEBL ഏർപ്പെട്ട 465 MW-ന്റെ ദീർഘകാല കരാറുകൾ ടെൻഡർ

നടപടി ക്രമങ്ങളിലെ വ്യതിയാനം കാണിച്ച് റെഗുലേറ്ററി കമ്മീഷൻ 10-05-2023-ലെ ഉത്തരവിലൂടെ ആദ്യം റദ്ദാക്കിയെങ്കിലും 29-12-2023-ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുനഃസ്ഥാപിക്കുകയും നിലവിലെ കരാർ പ്രകാരമുള്ള നിരക്കിൽത്തന്നെ വൈദ്യുതി നൽകണമെന്ന് ഉൽപാദകരോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. ഇതുപ്രകാരം വൈദ്യുതി നൽകണമെന്ന് KSEBL ആവശ്യപ്പെട്ടെങ്കിലും വൈദ്യുതി നൽകാൻ ഉൽപാദകർ ഇതുവരെ തയ്യാറായിട്ടില്ല. ദീർഘകാല കരാറുകൾ റദ്ദാക്കിയതിനെത്തുടർന്നുണ്ടായ വൈദ്യുതി ലഭ്യത കുറവ് നികത്താൻ 07-06-2023-ന് മധ്യകാല അടിസ്ഥാനത്തിൽ 500 MW -ന്റെ ടെൻഡർ ക്ഷണിച്ചുവെങ്കിലും വൈദ്യുതി വില സമാന ദീർഘകാല കരാറുകളെ അപേക്ഷിച്ച് വളരെ കൂടുതലായതിനാൽ കരാറിൽ ഏർപ്പെട്ടില്ല. തുടർന്ന് വിളിച്ച മധ്യകാല ടെൻഡറിലും വൈദ്യുതി വില വളരെ കൂടുതൽ ആയിരുന്നു. ഇപ്പോൾ 500 മെഗാവാട്ടിന്റെ മറ്റൊരു ദീർഘകാല ടെൻഡർ ക്ഷണിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. എന്നാൽ അതത് വർഷത്തെ സംഭരണികളിലെ ജലനിരപ്പും കാലാവസ്ഥയെയും

അടിസ്ഥാനപ്പെടുത്തി ആവശ്യകതയും ലഭ്യതയും വിലയിരുത്തിയാണ് വേനൽകാലത്തേക്ക് (മാർച്ച്, ഏപ്രിൽ, മേയ്) ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടുന്നത്. പ്രസ്തുത വൈദ്യുതി ആവശ്യകത ഓരോ വർഷത്തെയും മേൽ സൂചിപ്പിച്ച സാഹചര്യത്തിന് അനുസരിച്ച് വ്യത്യസ്തമായിരിക്കും. അതിനാൽ വേനൽകാലത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റാൻ ഹ്രസ്വകാല കരാറുകളിൽ ഏർപ്പെടേണ്ടിവരും.

തിരുരങ്ങാടി മണ്ഡലത്തിൽ വൈദ്യുതിക്ഷാമം

206(4480) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ തിരുരങ്ങാടി മണ്ഡലത്തിൽ രൂക്ഷമായ വൈദ്യുതി ക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്നും അത് പരിഹരിക്കുന്നതിനുള്ള മാർഗങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

തിരുരങ്ങാടി മണ്ഡലത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി നിലവിൽ കെ. എസ്. ഇ. ബി. എൽ. പ്രസരണ വിഭാഗത്തിന്റെ കീഴിലുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

1. 110 കെ.വി പരപ്പനങ്ങാടി സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 25 MVA നിന്നും 40 MVA ആയി വർദ്ധിപ്പിക്കുന്ന പദ്ധതി.

2. 110 കെ.വി പരപ്പനങ്ങാടി സബ്സ്റ്റേഷനിലെ വൈദ്യുതി പ്രതിസന്ധിക്ക് അടിയന്തര പരിഹാരമായി അധികമായി ഒരു 12.5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പദ്ധതി.

3. നിലവിലുള്ള 33 കെ.വി കുരിയാട് സബ് സബ്സ്റ്റേഷനിൽ പുതിയതായി 5 MVA ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പദ്ധതി.

4. നിലവിൽ 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 37.5 MVA യിൽ നിന്നും 52.5 MVA ആയി ഉയർത്തി പുതിയ 11 കെ.വി ഫീഡറുകൾ സ്ഥാപിക്കുന്ന പദ്ധതി.

5. 33 കെ.വി വെന്നിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണം ഈ വർഷത്തോടു കൂടി പൂർത്തിയാക്കുന്നതുവഴി പുതിയതായി നാലു 11 കെ.വി. ഫീഡറുകൾ ഈ മണ്ഡലത്തിലേക്ക് നൽകുവാൻ സാധിക്കും.

6. ഇതിനു പുറമേ വെന്നിയൂർ എന്ന സ്ഥലത്ത് 110 കെ.വി വെന്നിയൂർ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുവഴി ഈ മേഖലയിൽ ഗുണമേന്മയുള്ള തടസ്സരഹിതമായ വൈദ്യുതി വിതരണത്തിനും സാധിക്കും.

7. നിലവിൽ കുരിയാട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്ന രീതിയിൽ ഈ സബ്സ്റ്റേഷനിലേക്ക് ഫീഡ് ചെയ്യുന്ന സിംഗിൾ സർക്യൂട്ട് 33 കെ.വി ലൈൻ ഡബിൾ സർക്യൂട്ട് 33 കെ.വി ലൈൻ ആക്കിമാറ്റുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, വെന്നിയൂർ സെക്ഷനുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ രൂക്ഷമായ വൈദ്യുതക്ഷാമം നിലനിൽക്കുന്നുണ്ട്. ഇവയ്ക്ക് പരിഹാരമായി ദ്യുതി-2, മലപ്പുറം പാക്കേജ്, RDSS എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളുടെ സെക്ഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

207(4481) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിലെ മങ്കൊമ്പിൽ സ്ഥിതി ചെയ്യുന്ന നിലവിലുള്ള കുട്ടനാട്, 66 കെ.വി. സബ്സ്റ്റേഷൻ പ്രളയ പ്രതിരോധ ശേഷിയുള്ള 110 കെ.വി. സബ്സ്റ്റേഷനായി ഉയർത്തുന്ന പദ്ധതി, കിടങ്ങറയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം, കാവാലത്ത് പുതിയ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം എന്നീ മൂന്ന് പദ്ധതികളെ കേരള സർക്കാരിന്റെ റീ ബിൽഡ് കേരളം ഇനിഷ്യേറ്റീവ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

നിർദിഷ്ട പദ്ധതികൾ മേഖലയിലെ വൈദ്യുതി വിതരണം മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനും കുട്ടനാട്ടിലെ കാർഷിക വികസനം സുഗമമാക്കുന്നതിനും വെള്ളപ്പൊക്കത്തെ

അതിജീവിക്കുന്നതിനും പ്രസരണ നഷ്ടം ഗണ്യമായിക്കുറച്ച് ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനും സഹായകമാണ്.

കിടങ്ങറ 33 kV സബ്സ്റ്റേഷൻ (പുരോഗതി: 52%) 31-12-2024-ലും കുട്ടനാട് 110kV സബ്സ്റ്റേഷൻ (പുരോഗതി: 50%) 31-10-2026-ലും കാവാലം 110kV സബ്സ്റ്റേഷൻ (പുരോഗതി: 37%) 31-08-2026-ലും കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കുട്ടനാട്ടിലെ കാർഷിക മേഖലയിൽ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് വിതരണ വിഭാഗത്തിനുകീഴിൽ കൈനകരി സെക്ഷന് കീഴിലെ വലിയകരി മോട്ടോർ തറയ്ക്ക് ഭാഗത്തെ വോൾട്ടേജ് ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി നിലവിലെ 100kVA ട്രാൻസ്ഫോമർ 160 kVA ആയി ശേഷി വർധിപ്പിക്കുന്ന 3.53 ലക്ഷം രൂപയുടെ പ്രവൃത്തി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു പദ്ധതിയായ ദ്യുതി-2-ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മങ്കൊമ്പ് സെക്ഷനുകീഴിലെ കാവുംപടി തറയ്ക്ക് ഭാഗത്തെ വോൾട്ടേജ് ലഭ്യത കുറവ് പരിഹരിക്കുന്നതിനായി ദ്യുതി-2-ൽ ഉൾപ്പെടുത്തി

ഒരു പുതിയ 100kVA ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന 4.91 ലക്ഷം രൂപയുടെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പുഞ്ച, കുമരകം, എന്നീ സെക്ഷനുകളുടെ കീഴിൽവരുന്ന കുട്ടനാട് കാർഷിക മേഖലയിൽ വിവിധ സബ് സ്റ്റേഷനുകളിൽനിന്നും 11 kV ഫീഡറുകൾ വലിച്ച് ബാക്ക് ഫീഡിംഗ് സൗകര്യം ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ചങ്ങനാശ്ശേരി സെക്ഷനുകീഴിൽ കുമരങ്കരി ഭാഗത്ത് 6 കി.മീ. ഓവർഹെഡ് ലൈൻ 23.92 ലക്ഷം രൂപ ചെലവിൽ കവചിത കമ്പി ഉപയോഗിച്ച് മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വെള്ളപ്പൊക്ക ഭീഷണി ഉണ്ടായിരുന്ന അഞ്ചാടി, ഓണാപുരം, പൊരിയനാടി എന്നിവിടങ്ങളിലെ ട്രാൻസ്ഫോമറുകൾ 40.79 ലക്ഷം രൂപ ചെലവിൽ പാടത്തുനിന്ന് സുരക്ഷിതമായി കരയിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ സൗജന്യ വൈദ്യുതി ലഭ്യമാക്കാനും നെൽകൃഷി ചെയ്യുന്നതിന് വേഗത്തിൽ കണക്ഷൻ ലഭ്യമാക്കാനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം, കാർഷികാവശ്യത്തിനുള്ള വൈദ്യുതിക്ക് സൗജന്യം നൽകുന്നതിനുള്ള

അധികാരം കൃഷി വകുപ്പിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ഉത്തരവുകൾ പ്രകാരം, നെൽ കൃഷിക്ക് ഭൂപരിധിയില്ലാത്തതും മറ്റു വിളകൾക്ക് പരമാവധി 2 ഹെക്ടറും ഏറ്റവും ചുരുങ്ങിയത് 30 സെന്റും (അതിൽ 75% കൃഷിക്ക് ഉപയുക്തമായിരിക്കണം) പച്ചക്കറി കൃഷിക്ക് കുറഞ്ഞത് 10 സെന്റും വെറ്റില കൃഷിക്ക് കുറഞ്ഞത് 5 സെന്റുമാണ് സൗജന്യ വൈദ്യുതിക്കുള്ള ഭൂപരിധിയായി കൃഷി വകുപ്പ് നിശ്ചയിച്ചിരിക്കുന്നത്. നിലവിൽ സംസ്ഥാന സർക്കാർ കൃഷിവകുപ്പ് മുഖേന പണം ലഭ്യമാക്കി മേൽ സൂചിപ്പിച്ച ഭൂവിസ്തൃതിയുള്ള കർഷകർക്ക് വൈദ്യുതി സൗജന്യമായാണ് നൽകിവരുന്നത്. ലോ ടെൻഷൻ വിഭാഗത്തിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് യൂണിറ്റ് ഒന്നിന് 85 പൈസ, എനർജി ചാർജിന്മേൽ ഗവൺമെന്റ് സബ്സിഡി നൽകിവരുന്നു.

സാധാരണ ഗതിയിൽ കാർഷിക കണക്ഷനുകൾ ഉൾപ്പെടെ ഏതു വിഭാഗത്തിൽപ്പെട്ട വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനും അപേക്ഷകൻ ഒരു തിരിച്ചറിയൽ രേഖയും ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയും മാത്രം ഹാജരാക്കിയാൽ മതിയാകും. കർഷകർക്ക് കൃഷി വകുപ്പിൽനിന്നും

എന്തെങ്കിലും ആനുകൂല്യം ലഭിക്കണമെങ്കിൽ മാത്രമാണ് കൃഷി വകുപ്പിന്റെയോ മറ്റേതെങ്കിലും വകുപ്പിന്റെയോ അനുമതി ആവശ്യമായി വരുന്നത്. നിലവിൽ മറ്റെല്ലാ കണക്ഷനുകൾക്കും എന്ന പോലെ, കാർഷിക കണക്ഷനുകൾ നൽകുന്നതിനും ആവശ്യമായ തുക (ECSC) അടച്ചതിന് ശേഷം മാത്രമാണ് ലൈൻ വലിക്കുന്ന പ്രവൃത്തികളും മറ്റും പൂർത്തീകരിച്ച് കണക്ഷൻ നൽകാറുള്ളത്. ചില കാർഷിക കണക്ഷനുകളുടെ വൈദ്യുതി ചാർജടയ്ക്കുന്നത് കൃഷിവകുപ്പായതിനാൽ, കൃഷി വകുപ്പ് നിഷ്കർഷിച്ചിരിക്കുന്ന ഭൂവിസ്തൃതിയിലെ മാനദണ്ഡങ്ങൾക്കനുസരിച്ചാണ് കാർഷിക കണക്ഷനുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നൽകി വന്നിരുന്നത്.

കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതിക്ക്, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് വൈദ്യുതി ബിൽ നൽകിവരുന്നത്. വെള്ളം പമ്പ് ചെയ്യേണ്ട ആവശ്യങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കണക്ഷനുകൾ LT-VA താരിഫ് വിഭാഗത്തിലും കന്നുകാലി ഫാമുകൾ, കോഴി വളർത്തുകേന്ദ്രങ്ങൾ, മീൻ വളർത്തൽ ഫാമുകൾ, പട്ടുനൂൽപ്പുഴുവിനെ വളർത്തൽ (Sericulture) തുടങ്ങിയ

ആവശ്യങ്ങൾക്കായുമുള്ള കാർഷിക കണക്ഷനുകൾ LT-VB താരിഫ് വിഭാഗത്തിലുമാണ് നിലവിലെ താരിഫ് ഉത്തരവുപ്രകാരം നിശ്ചയിച്ചിട്ടുള്ളത്.

കാർഷിക കണക്ഷനുകൾക്ക് ഈടാക്കുന്ന വൈദ്യുതി നിരക്ക് ചുവടെ ചേർക്കുന്നു.

താരിഫ്	LT- V A	LT-V B
ഫിക്സഡ് ചാർജ് (രൂപ)/kW/പ്രതിമാസം)	20	20
എനർജി ചാർജ് (രൂപ/kW)	2.30	3.40

വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 ചട്ടം (32) പ്രകാരം, ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സംസ്ഥാന സർക്കാർ നിർദ്ദേശിക്കുകയും അതിനുവേണ്ടി ചെലവാകുന്ന തുക കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡാറ്റയ്ക്ക് അനുസൃതമായി സംസ്ഥാന സർക്കാർ കെ..എസ്.ഇ.ബി.എൽ.-ന് മുൻകൂറായി നൽകുകയാണെങ്കിലെ

അത്തരം ഉപഭോക്താക്കളെ വൈദ്യുത കണക്ഷന്റെ ചെലവ് ഒടുക്കുന്നതിൽനിന്ന് ഒഴിവാക്കാൻ സാധിക്കുകയുള്ളൂ.

കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽനിന്നും കൃഷിവകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടക്കാതെ)കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.

വൈദ്യുതി വ്യവസായത്തിൽ സ്വയംപര്യാപ്തത

208(4482) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുതിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിച്ചാൽ മാത്രമെ വ്യവസായികൾക്കും കർഷകർക്കും

സാധാരണക്കാർക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ കഴിയുകയുള്ള എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സംസ്ഥാനം വൈദ്യുതിയുടെ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി 227.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 11 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൂടാതെ 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട്

അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതോൽപാദനം വർധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി മൊത്തം 3150 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പര്യവേഷണങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

വർധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതക്ഷാമം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത അടുത്ത 25 വർഷത്തേയ്ക്ക് കണക്കാക്കുകയും ഇതിനനുസരിച്ച് കൂടുതൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക, പാരമ്പര്യേതര ഊർജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉൽപാദിപ്പിക്കുക

തുടങ്ങിയ മാർഗങ്ങൾവഴി ആഭ്യന്തര ഉൽപാദനം വരും വർഷങ്ങളിൽ വർധിപ്പിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതി ഉൽപാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിനായി വിവിധ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉൽപാദന പ്രസരണ രംഗങ്ങളിൽ മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ നടപടികൾ കൈക്കൊണ്ടു. പുറമെനിന്ന് വാങ്ങുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ വൈദ്യുതി സംസ്ഥാനത്ത് തടസ്സരഹിതമായി എത്തിക്കാനും വിതരണം ചെയ്യാനും സാധിക്കുംവിധം പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതും തടസ്സരഹിതമായി വൈദ്യുതി എത്തിക്കാൻ സാധിച്ചതും സംസ്ഥാനത്ത് വാണിജ്യ-വ്യവസായ രംഗത്ത് സഹായകരമായി.

ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പദ്ധതി പ്രൊമോഷൻ സെല്ലിന്റെ നേതൃത്വത്തിൽ 50.1 MW ശേഷിയുള്ള വിവിധ ചെറുകിട ജല വൈദ്യുത പദ്ധതികൾ സംസ്ഥാനത്ത് വൈദ്യുതോൽപാദനം സാധ്യമാക്കിയിട്ടുണ്ട്. അതിൽ 47 MW സ്വകാര്യ സംരംഭകർക്ക് അനുവദിച്ച പദ്ധതികളിൽ നിന്നാണ് ഉൽപാദിപ്പിക്കുന്നത്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന പദ്ധതികളാണ് ചെറുകിട ജലവൈദ്യുത പദ്ധതികൾ. ഉദാഹരണമായി, ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും ഉൽപാദിപ്പിച്ച വൈദ്യുതിക്ക് ആദ്യ 12 വർഷം യൂണിറ്റിന് 2.70 രൂപ നിരക്കിലാണ് കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി നൽകിയത്. തുടർന്നുള്ള വർഷങ്ങളിൽ അത് 2.07 രൂപ എന്ന നിരക്കിൽ വൈദ്യുതി നൽകിപ്പോരുന്നു. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിലാണ് ഇവയുടെ നിരക്ക് വരുന്നത്.

ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ ഏറ്റവും അവസാനം പൂർത്തീകരിച്ച ടെൻഡർ നടപടികൾ പ്രകാരം BOOT അടിസ്ഥാനത്തിൽ

സർക്കാർ അലോട്ട് ചെയ്ത പദ്ധതികളിൽ മൂന്ന് പദ്ധതികളിൽനിന്നും 13 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കാൻ സാധിക്കുന്നതാണ്. അതുകൂടാതെ സർക്കാർ അലോട്ട് ചെയ്ത സ്വന്തം ഭൂമിയിൽ സ്ഥാപിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതിയായ ഏഴാംകടവ് (350 കിലോവാട്ട്) ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ ഉൽപാദനശേഷിയിൽ കൂതിച്ചുചാട്ടം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 മുതൽ) 2 മെഗാ വാട്ട് സ്ഥാപിതശേഷിയുള്ള അപ്പർ കല്ലാർ, 24 മെഗാ വാട്ട് സ്ഥാപിത ശേഷിയുള്ള പെരിങ്ങൽക്കുത്ത്, 6 മെഗാ വാട്ട് സ്ഥാപിതശേഷിയുള്ള പെരുവണ്ണാമൂഴി എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

20-02-2021-ൽ കമ്മീഷൻ ചെയ്ത 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചാത്തൻകോട്ടുനട ചെറുകിട ജല വൈദ്യുത പദ്ധതി 25-06-2021-ൽ

പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പ്രൊമോഷൻ സെൽ മുഖേന രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. ഈ രണ്ട് പദ്ധതികൾ കമ്മീഷൻ ചെയ്യുകവഴി 12.5 മെഗാവാട്ട് അധിക വൈദ്യുത സ്ഥാപിതശേഷി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പദ്ധതികളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

I. ആനക്കാംപോയിൽ - 8 മെഗാവാട്ട് (കോഴിക്കോട് ജില്ല)

II. അരിപ്പാറ -4.5 മെഗാവാട്ട് (കോഴിക്കോട് ജില്ല)

അതോടൊപ്പം കണ്ണൂർ ജില്ലയിലെ ഏഴാംകടവ് (350kW) ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി ട്രയൽ റൺ നടത്തിവരുന്നു. വൈദ്യുത നിരക്ക് നിജപ്പെടുത്തുന്നതിനുള്ള ചർച്ചകൾ KSEBL-മായി നടത്തിവരുന്നു.

ഇടുക്കി ജില്ലയിലെ മുക്കുടം (4MW) പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തിച്ചുപോരുന്നു. കൊമേർഷ്യൽ ഓപ്പറേഷൻ ഡിക്ലറേഷൻ (COD) സർട്ടിഫിക്കറ്റ് KSEBL-ൽനിന്ന് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന വൈദ്യുതി നിലയങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; മിനി ഹൈഡൽ, മൈക്രോ ഹൈഡൽ പദ്ധതികൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ 227.536 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 11 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

36 കിലോവാട്ട് സ്ഥാപിതശേഷിയുള്ള പെരിങ്ങൽക്കുത്ത് മൈക്രോ ജല വൈദ്യുത പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ആറ് മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്ത് അധിക വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളുമുൾപ്പെടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വൻകിട/ചെറുകിട ജല വൈദ്യുത പദ്ധതികളുടെ

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+. ഈ പദ്ധതികൾ മുഖേന 1809.536 MW അധിക ഉൽപാദനശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതൽ നടപ്പിൽ വരുത്തുന്നതിനും നിലവിൽ അനുവദിച്ച പദ്ധതികളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും ഉതകുന്ന രീതിയിൽ പുതുക്കിയ ചെറുകിട ജല വൈദ്യുത നയത്തിന്റെ കരട് ഇ.എം.സി. തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത കരട് നയത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളുടെ അഭിപ്രായം സ്വീകരിച്ച്, നിലവിൽ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ശിപാർശകൾകൂടി സ്വീകരിച്ച് ഉടൻതന്നെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതുവഴി സ്വകാര്യ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കൂടാതെ വൈദ്യുതി അധികമുള്ള സമയങ്ങളിൽ അതുപയോഗിച്ച് വെള്ളം ഉയരത്തിലുള്ള റിസർവോയറിലേക്ക് പമ്പ് ചെയ്ത് സൂക്ഷിച്ച് പീക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയങ്ങളിൽ വൈദ്യുതി ഉൽപാദിപ്പിക്കാൻ പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതി (PSP) കൾ നടത്തുന്നതും സർക്കാർ പരിശോധിച്ചുവരുന്നു. ആയതിനായി പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ വികസിപ്പിക്കാനുള്ള സംസ്ഥാന പമ്പ്ഡ് സ്റ്റോറേജ് നയത്തിന്റെ കരട് ഇ.എം.സി. തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത് സർക്കാർ പരിശോധിച്ചുവരുന്നു. ഇ.എം.സി.-യിലെ ചെറുകിട ജലവൈദ്യുത പദ്ധതി പ്രൊമോഷൻ സെൽ മുഖേന സ്വകാര്യ-സഹകരണ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് .

(ഡി) കാലപ്പഴക്കംവന്ന വൈദ്യുതി ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികീകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി അവയുടെ ഉൽപാദനശേഷി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കാലപ്പഴക്കം വന്ന വൈദ്യുതി ജനറേഷൻ യൂണിറ്റുകളിൽ നവീകരണവും ആധുനികീകരണവും വിപുലീകരണ പ്രവർത്തനങ്ങളും നടത്തി അവയുടെ

ഉൽപാദനശേഷി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കുറ്റ്യാടി RMU പദ്ധതി (3x25 MW to 3x27.5 MW)

പ്രസ്തുത പദ്ധതിയുടെ ഭാഗമായി നിലവിലെ കുറ്റ്യാടി ജലവൈദ്യുത പദ്ധതിയിലെ മൂന്ന് 25 MW ശേഷിയുള്ള ജനറേറ്ററുകൾ 27.5 MW ശേഷിയുള്ളതായി ഉയർത്താനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പ്രവൃത്തി M/s. Bharath Heavy Electricals Ltd. എന്ന കമ്പനിയാണ് നിർവഹിച്ചുവരുന്നത്. അവാർഡ് തുക 89.82 കോടി. മോഡൽ ടെസ്റ്റിംഗ്, റിവേഴ്സ് എഞ്ചിനീയറിംഗ് പൂർത്തീകരിച്ചു. വിവിധ യന്ത്രഭാഗങ്ങളുടെ ടെസ്റ്റിംഗ് പുരോഗമിക്കുന്നു. നിർമ്മാണത്തിനാവശ്യമായ യന്ത്രഭാഗങ്ങൾ സൈറ്റിൽ എത്തി തുടങ്ങിയിട്ടുണ്ട്. 2025 ഒക്ടോബർ മാസത്തോടുകൂടി മൂന്ന് ജനറേറ്ററുകളുടെയും നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കപ്പെടുന്ന രീതിയിലാണ് നിലവിൽ ഷെഡ്യൂൾ ചെയ്തിരിക്കുന്നത്.

കഞ്ചിക്കോട് Wind Farm (2.025 MW സ്ഥാപിതശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ മാറ്റി പകരം ഉയർന്നശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി)

കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള 225kW ശേഷിയുള്ള 9 കാറ്റാടി യന്ത്രങ്ങൾ കാലപ്പഴക്കം ചെന്നവയായതിനാൽ, പ്രസ്തുത യന്ത്രങ്ങൾക്ക് പകരം ഉയർന്നശേഷിയുള്ള കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പദ്ധതിയുടെ അനുബന്ധ പ്രവർത്തനങ്ങൾ - ടെൻഡർ ഡോക്യുമെന്റുകൾ തയ്യാറാക്കാൻ സഹായിക്കൽ, ടെക്നോ-ഇക്കണോമിക് ടെൻഡർ മൂല്യനിർണ്ണയം, ഘട്ടം തിരിച്ചുള്ള പരിശോധന, കമ്മീഷൻ ചെയ്യുന്നതുവരെയുള്ള തുടർച്ചയായ നിരീക്ഷണം തുടങ്ങിയ ജോലികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിൻഡ് എനർജി (NIWE), ചെന്നൈ-യെ 15-12-2021-ന് 1.15 കോടി രൂപയ്ക്ക് (GST ഒഴികെ) ഏല്പിച്ചിരിക്കുന്നു. പ്രോജക്ടിന് ലഭ്യമായ ഭൂമിയിലെ വിൻഡ് ടർബൈൻ ജനറേറ്ററുകളുടെ (WTG) കോൺഫിഗറേഷൻ, മെഗാവാട്ട് ശേഷി, സ്ഥാനം എന്നിവ വിലയിരുത്തുന്നതിനുള്ള മൈക്രോസൈറ്റിംഗ് പ്രവർത്തനം NIWE ആണ് നടത്തിയത്. ഡ്രാഫ്റ്റ് ടെൻഡർ ഡോക്യുമെന്റുകൾ സൂക്ഷ്മപരിശോധനയ്ക്കായി NIWE-ലേക്ക് അയച്ചു. NIWE-യുടെ തുടർ നടപടികളും അതുവഴി വിൻഡ് പ്രോജക്ടിന്റെ (റിപവറിംഗ്) ടെൻഡർ

അനുബന്ധ പ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. 29-01-2024-ൽ നടത്തിയ സൈറ്റ് സന്ദർശനത്തെ തുടർന്ന് ടെൻഡർ ഡോക്യുമെന്റ് അന്തിമമാക്കുന്നതിലേക്കായി NIWE-യുടെ പ്രാഥമിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 29-01-2024-നും 27-05-2024-നും NIWE-യുമായി നടത്തിയ മീറ്റിംഗുകളിൽ ടെൻഡർ ഡോക്യുമെന്റിന്റെ അന്തിമരൂപം തീരുമാനിച്ചു.

കരിന്തളം-വയനാട് 400 കെ.വി. ലൈൻ

209(4483) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിന്തളം-വയനാട് 400 കെ.വി., ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ഭൂവുടമകൾക്കും കർഷകർക്കും നഷ്ടപരിഹാരം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

(എ & ബി) കരിന്തളം-വയനാട് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിൽ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്ന

വിഷയത്തിൽ തർക്കം നിലനിൽക്കുന്നുണ്ട്. ഭൂവുടമകൾ ഉയർന്ന നഷ്ടപരിഹാരം നൽകിക്കൊണ്ടുള്ള പാക്കേജ് ആവശ്യപ്പെട്ടു. ഭൂവുടമകൾക്ക് ഉയർന്ന നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിതലത്തിൽ ഉൾപ്പെടെ നിരവധി യോഗങ്ങൾ വിളിച്ച് ചേർക്കുകയുണ്ടായി. ഈ വിഷയം നിലവിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഇരിക്കൂർ മണ്ഡലത്തിലെ എത്ര കർഷകരുടെ എത്ര വിസ്തൃതി സ്ഥലത്തിലൂടെയാണ് പ്രസ്തുത ലൈൻ കടന്നുപോകുന്നതെന്ന് വ്യക്തമാക്കാമോ?

ഇരിക്കൂർ മണ്ഡലത്തിലെ ഏകദേശം 141 ഭൂവുടമകളുടെ സ്ഥലത്താണ് ടവർ നിർമ്മിക്കുന്നത്. ഇതിൽ കർഷകരുടെ ഭൂമി എന്ന തരംതിരിവ് പ്രായോഗികമായി സാധ്യമല്ല. ലൈൻ കടന്നുപോകുന്ന റൈറ്റ് ഓഫ് വേ (RoW) ഏകദേശം 1.681 ചതുരശ്ര കിലോമീറ്റർ ആണ്. എന്നാൽ പൊതുജനങ്ങളുടെ എതിർപ്പ് കാരണം ഭൂവുടമകളുടെയും സ്ഥലത്തിന്റെയും വിസ്തൃതി തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

പൂർത്തിയാകാത്ത വൈദ്യുത പദ്ധതികൾ

210(4484) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അനുമതി ലഭിച്ചിട്ടും ഇനിയും നിർമ്മാണം ആരംഭിക്കാത്ത വൈദ്യുതോൽപാദന പദ്ധതികൾ ഏതെല്ലാമാണെന്ന് അവ ഓരോന്നിനും അനുമതി ലഭിച്ച തീയതികൾ സഹിതം അറിയിക്കുമോ?

സർക്കാർ അനുമതി ലഭിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ സാധിക്കാത്ത പദ്ധതികൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) നിർമ്മാണം ആരംഭിച്ചശേഷം പൂർത്തീകരിക്കാത്ത എത്ര വൈദ്യുതോൽപാദന പദ്ധതികളുണ്ട്; പദ്ധതികളുടെ പേരും തരവും നിർമ്മാണം ആരംഭിച്ച തീയതിയും അറിയിക്കുമോ?

നിർമ്മാണം ആരംഭിച്ചശേഷം പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്ത് താരതമ്യേന ചെലവ് കുറഞ്ഞ എത്ര ജലവൈദ്യുത പദ്ധതികൾ നിർമ്മിക്കാൻ കഴിയുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ജലവൈദ്യുത പദ്ധതികൾ ദീർഘകാലാടിസ്ഥാനത്തിൽ ലാഭകരമാണ്. 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള) വിവിധ ഘട്ടങ്ങളിലാണ്.

കൂടാതെ ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി മൊത്തം 3150 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ പര്യവേഷണങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. ഇതിൽ 2 പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

(ഡി) പ്രസ്തുത പദ്ധതികൾ യാഥാർഥ്യമാക്കുന്നതിലൂടെ ആകെ എത്ര വൈദ്യുതി വരെ ഉൽപാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്ന 11 പദ്ധതികൾ പൂർത്തീകരിക്കുമ്പോൾ പ്രതിവർഷം 674.70 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്.

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 13 ചെറുകിട ജല വൈദ്യുത പദ്ധതികൾ യാഥാർഥ്യമാകുമ്പോൾ പ്രതിവർഷം 262.60 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഇടുക്കി സുവർണ്ണ ജൂബിലി, ശബരിഗിരി എക്സ്റ്റൻഷൻ സ്കീം, ലക്ഷ്മി എന്നീ ജല വൈദ്യുത പദ്ധതികൾ യാഥാർഥ്യമാകുമ്പോൾ പ്രതിവർഷം ഏകദേശം 2482 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്.

കൂടാതെ ഭാവിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന 9 പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ യാഥാർഥ്യമാകുമ്പോൾ പ്രതിവർഷം ഏകദേശം 5989 മില്യൺ യൂണിറ്റ് വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്.

കൊട്ടേക്കാട് പ്രദേശത്തെ വോൾട്ടേജ് വ്യതിയാനം

211(4485) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് വ്യതിയാനവും ഓവർലോഡും കാരണം വൈദ്യുത തടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് വടക്കാഞ്ചേരി മണ്ഡലത്തിലെ ചൂലൂശ്ശേരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതിക പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കിവരുന്നു.

വടക്കാഞ്ചേരി മണ്ഡലത്തിലെ കൊട്ടേക്കാട് പ്രദേശത്തെ കൊട്ടേക്കാട് ഫീഡർ ഓവർലോഡ് ആയതിനാൽ കൊട്ടേക്കാട് ഫീഡറിനെ രണ്ടായി ഭാഗിച്ച് ഒരു ഭാഗം കൊട്ടേക്കാട് ഫീഡറിൽനിന്നും മറുഭാഗം പുഴയ്ക്കൽ ഫീഡറിൽനിന്നും ഫീഡ് ചെയ്യുന്ന നടപടികൾ സ്വീകരിച്ച് ടി ഭാഗത്തെ ഓവർലോഡ് മൂലമുള്ള വൈദ്യുതി തടസ്സവും വോൾട്ടേജ് വ്യതിയാനവും നിലവിൽ പരിഹരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി മണ്ഡലത്തിലെ ചൂലൂശ്ശേരിയിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച്

നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് നിവേദനം നൽകിയതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ചൂലൂശ്ശേരിയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യുടെ കത്ത് കെ.എസ്.ഇ.ബി.എൽ.-ൽ ലഭിച്ചിട്ടുണ്ട്.

ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങൽ

212(4486) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-ലെ അതിരൂക്ഷ വേനൽമൂലമുണ്ടായ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി പുറത്തുനിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഏത് കമ്പനിയിൽ നിന്നാണ് വൈദ്യുതി വാങ്ങിയത്; യൂണിറ്റിന് എത്ര രൂപയ്ക്കാണ് വൈദ്യുതി വാങ്ങിയത്; വ്യക്തമാക്കുമോ?

ഉണ്ട്. അതിതീവ്ര വേനൽമൂലമുണ്ടായ വൈദ്യുതക്ഷാമം നേരിടുന്നതിനായി വിവിധ ദീർഘകാല, മധ്യകാല, ഹ്രസ്വകാല കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കിയിരുന്നു. മേൽപ്പറഞ്ഞ കരാർ വൈദ്യുതിക്ക് പുറമെ

അധിക വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി പവർ എക്സ്ചേഞ്ചുകളിൽനിന്നും പ്രതിമാസ കരാറുകൾ വഴിയും വാങ്ങിയ വൈദ്യുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

മാർച്ച് 2024	300 മെഗാവാട്ട് (0-24 hrs.) 7 രൂപ 90 പൈസ നിരക്കിൽ
ഏപ്രിൽ 2024	445 മെഗാവാട്ട് മുതൽ 601 മെഗാവാട്ട് വരെ (0-24 hrs.) 8 രൂപ 65 പൈസ മുതൽ 9 രൂപ 56 പൈസ വരെ നിരക്കിൽ
മേയ് 2024	547 മെഗാവാട്ട് (0-24 hrs.) 9 രൂപ 25 പൈസ നിരക്കിൽ

പവർ മാർക്കറ്റിൽനിന്നും Day Ahead, Term Ahead അടിസ്ഥാനത്തിൽ വാങ്ങിയ വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

മാർച്ച് 2024	241.70 ദശലക്ഷം യൂണിറ്റ് - 3 രൂപ 99 പൈസ നിരക്കിൽ
ഏപ്രിൽ 2024	141.58 ദശലക്ഷം യൂണിറ്റ് - 6 രൂപ 40 പൈസ നിരക്കിൽ
മേയ് 2024	59.78 ദശലക്ഷം യൂണിറ്റ് - 9 രൂപ 93 പൈസ നിരക്കിൽ

Deviation വഴി ഗ്രിഡിൽനിന്നും എടുത്ത അധിക വൈദ്യുതിയുടെ കണക്ക് താഴെ ചേർക്കുന്നു.

മാർച്ച് 2024	39.23 ദശലക്ഷം യൂണിറ്റ് - 3 രൂപ 42 പൈസ നിരക്കിൽ
ഏപ്രിൽ 2024	45.57 ദശലക്ഷം യൂണിറ്റ് - 5 രൂപ 36 പൈസ നിരക്കിൽ
മേയ് 2024	28.09 ദശലക്ഷം യൂണിറ്റ് - 3 രൂപ 34 പൈസ നിരക്കിൽ

പവർ എക്സ്ചേഞ്ചുകളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് കരാർ വയ്ക്കാറില്ല. പവർ മാർക്കറ്റിൽ വാങ്ങുന്നയാളിനെയും വിൽക്കുന്നയാളിനെയും തിരിച്ചറിയാറില്ല (anonymous bidding). ഇതിനുപുറമെ, വടക്ക് കിഴക്കൻ സംസ്ഥാനത്തിലെ SJVN ജലവൈദ്യുത നിലയത്തിൽനിന്നും കേന്ദ്രവൈദ്യുതി മന്ത്രാലയം അധികമായി അനുവദിച്ച തെലുങ്കാന STPP-യിൽനിന്നും സംസ്ഥാനത്തിന് പുറത്തെ വിവിധ സൗരോർജ ഉത്പാദകരിൽനിന്നും വേനൽക്കാലത്ത് വൈദ്യുതി ലഭ്യമാക്കിയിരുന്നു.

കഴിഞ്ഞ കാലവർഷം ദുർബലമായതുമൂലം ഉപഭോഗത്തിൽ ഗണ്യമായ വർധനവ് (ശരാശരി 10 മുതൽ 17% വരെ) രേഖപ്പെടുത്തി. 2024 വേനൽക്കാലത്ത് ഈ വർധനവ് പ്രതീക്ഷിച്ചുകൊണ്ട് ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം വിലയിരുത്തിയശേഷം കേന്ദ്ര ഗവൺമെന്റ് നിയന്ത്രണത്തിലുള്ള ഡീപ് പോർട്ടലിലൂടെ ഹ്രസ്വകാല കരാറുകൾ

ക്ഷണിക്കുകയും 2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ (1 മുതൽ 15 വരെ) മാസങ്ങളിലേക്ക് കരാറുകളിൽ ഏർപ്പെടുകയും ചെയ്തു. കരാർ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലേക്ക് ഏർപ്പെട്ടിട്ടുള്ള ഹ്രസ്വകാല കരാറുകൾ താഴെപ്പറയും പ്രകാരമാണ്.

മാസം	ഉൽപാദകർ/ട്രേഡർ	ലഭ്യത മെഗാവാട്ടിൽ	ആകെ ലഭ്യത മെഗാവാട്ടിൽ	യൂണിറ്റ് വില രൂപയിൽ
മാർച്ച് 2024	NVVN	100	225 MW	6.13
	NVVN	50		6.13
	GMR Energy Trading	25		6.13
	Manikaran Power Ltd	25		6.25
	Manikaran Power Ltd	25		6.34
ഏപ്രിൽ 2024	GMR Energy Trading	25	500 MW	6.10
	NVVN5	100		6.10
	NVVN	50		6.10
	Adani Power	150		8.69
	PTC	25		8.69
	TPTCL	25		8.69
	Naitwar Mori	50		7.00
	Ambitious power	75		6.24
മേയ് 2024	GMR Energy Trading	25	475 MW	6.12
	NVVN	100		6.12
	NVVN	50		6.12
	Adani Power	150		8.69

	TPTCL	25		8.69
	Naitwar Mori	50		7.00
	Ambitious power	75		6.24
ജൂൺ (1-15) 2024	Naitwar Mori	50	50 MW	7.00

(ബി) ആരുടെ തീരുമാനപ്രകാരം എത്ര കാലത്തേക്കാണ് വൈദ്യുതി വാങ്ങാൻ തീരുമാനിച്ചതെന്ന വിവരം കരാറിന്റെ/പർച്ചേസ് ഓർഡറിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ ബോർഡുതലത്തിലും കോർ കമ്മിറ്റി യോഗങ്ങളിലും ചർച്ച ചെയ്ത് തീരുമാനിച്ച പ്രകാരമാണ് വൈദ്യുതി വാങ്ങാൻ കരാറുകളിലേർപ്പെടുന്നത്.

കാലാവസ്ഥ വ്യതിയാനം നിമിത്തമുണ്ടായ ഉഷ്ണതരംഗംമൂലം കഴിഞ്ഞ വേനൽക്കാലത്ത് 800 മുതൽ 1000 MW-ന്റെ അധിക ആവശ്യകത ഉണ്ടായി. വേനൽക്കാലത്തെ അധിക വൈദ്യുതി ആവശ്യകതയും ലഭ്യതയും മുൻകൂട്ടി കണക്കാക്കി കഴിഞ്ഞ 2023 ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ തന്നെ ചർച്ച ചെയ്യുകയും കുറവ് നികത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരികയും ഉണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ മാർഗരേഖ

അനുസരിച്ച് വൈദ്യുതി ആവശ്യത്തിന് ലഭ്യമാക്കാതിരുന്നാൽ റെഗുലേറ്ററി കമ്മീഷൻ ബാധകമായ പിഴ ചുമത്തിയേക്കും എന്നതിനാലും ആവശ്യകതയിലേയും ലഭ്യതയിലേയും അന്തരം അവലോകനം ചെയ്തതു പ്രകാരമാണ് KSEBL 2024 മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലേക്ക് ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടത്. തത്ഫലമായി സംസ്ഥാനത്ത് കഴിഞ്ഞ വേനൽക്കാലത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ട സാഹചര്യമുണ്ടായില്ല. പ്രസ്തുത കരാറുകളുടെ ലെറ്റർ ഓഫ് അവാർഡിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു[+].

എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കൽ

213(4487) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ പുന്നപ്പറമ്പ് പ്രദേശത്തെ വീടുകളുടെ മുകളിലൂടെ അപകടകരമായ രീതിയിൽ കടന്നു പോകുന്ന എച്ച്.റ്റി. വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയ നിവേദനത്തിന്മേൽ (439/എം(ഇല)/വി.ഐ.പി./ആർ.എൽ./ 2024) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ നഗരസഭയിൽ ഉൾപ്പെടുന്ന പുന്നപ്പറമ്പ് പ്രദേശത്തെ വീടുകളുടെ മുകളിലൂടെ അപകടകരമായ രീതിയിൽ കടന്നുപോകുന്ന HT വൈദ്യുതി ലൈനുകൾമാറ്റി സ്ഥാപിക്കുന്നതിനായി നൽകിയ നിവേദനത്തിന്മേൽ KSEBL സെക്ഷനിൽനിന്ന് പരിശോധന നടത്തുകയും ദശാബ്ദങ്ങളായി നിലനിന്നുവരുന്ന HT ലൈൻ മാറ്റി സ്ഥാപിക്കണമെങ്കിൽ കോട്ടയ്ക്കൽ ഇലക്ട്രിക്കൽ സെക്ഷനിൽ അപേക്ഷ നൽകണമെന്നും പോസ്റ്റുകൾ, സ്റ്റേകൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് വ്യക്തികളിൽനിന്ന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഡെപ്പോസിറ്റ് തുക അടവാക്കുന്ന മുറയ്ക്ക് ലൈൻ മാറ്റി സ്ഥാപിക്കാവുന്നതാണെന്നും നിവേദനത്തിന് മറുപടി നൽകിയിട്ടുണ്ട്. നിലവിൽ പുന്നപറമ്പ് ഏരിയയിൽ HT ലൈനിന് നിയമപരമായ clearence ഉണ്ട്, സുരക്ഷാപ്രശ്നങ്ങൾ ഇല്ല.

(ബി) അപകട ഭീഷണി ഉയർത്തുന്ന പ്രസ്തുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നിലവിൽ പുന്നപറമ്പ് ഏരിയയിൽ HT ലൈനിന് നിയമപരമായ clearence ഉണ്ട്, സുരക്ഷാപ്രശ്നങ്ങൾ ഇല്ല. ഇവിടെ രണ്ട് ലൊക്കേഷനുകളിൽ കെട്ടിട ഉടമകൾ പിന്നീട് ടെസ് വർക്ക് ചെയ്തത കാരണം LT clearence കുറഞ്ഞിട്ടുണ്ട്. സമീപകാലത്ത് ഇത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഉടമസ്ഥരെ അപകടാവസ്ഥയെക്കുറിച്ച് ബോധ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കെട്ടിട ഉടമകൾ ഇതുവരെയും ഷീറ്റുകൾ മാറ്റുകയോ ലൈൻ മാറ്റി സ്ഥാപിക്കാനുള്ള ഡെപ്പോസിറ്റ് തുക അടവാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ അപകടാവസ്ഥയ്ക്ക് അടിയന്തര പരിഹാരമെന്ന നിലയിൽ ഈ റൂട്ടിൽ 2 span LT ABC വലിക്കുന്ന പ്രവൃത്തി അറേഞ്ച് ചെയ്തിട്ടുണ്ട്, കൂടാതെ ജനവാസ മേഖലയിലൂടെ പോകുന്ന ഈ റൂട്ടിലെ 11 കെ.വി. ലൈൻ HT ABC ഉപയോഗിച്ച് റീ കണ്ടക്ടറിംഗ് ചെയ്യാൻ മലപ്പുറം പാക്കേജ് പദ്ധതിയിൽ വർക്കായി ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

വൈദ്യുതി നിരക്ക് വർധനവ്

214(4488) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ എത്ര തവണ വൈദ്യുതി നിരക്ക് വർധിപ്പിച്ചുവെന്ന് വിശദമാക്കുമോ; അതിലൂടെ അധിക വരുമാനമായി ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2016 മേയ് മാസം മുതൽ നാളിതുവരെ നാല് തവണ വൈദ്യുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. 2017, 2019, 2022, 2023 എന്നീ വർഷങ്ങളിലാണ് താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത്. 2017-2018-ൽ 550 കോടി രൂപയുടെയും 2019-2020-ൽ 902.90 കോടി രൂപയുടെയും 2022-2023-ൽ 760 കോടി രൂപയുടെയും അധികവരുമാനം താരിഫ് പരിഷ്കരണത്തിലൂടെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിരുന്നു. 2023-24 -ലെ താരിഫ് പരിഷ്കരണംമൂലം 221.15 കോടി രൂപയുടെ അധികവരുമാനം ലഭ്യമായെന്നാണ് പ്രാഥമികമായി കണക്കാക്കിയിട്ടുള്ളത്.

(ബി) സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും വൈദ്യുതി നിരക്കിലെ കുടിശ്ശികയിനത്തിൽ

കെ.എസ്.ഇ.ബി.എൽ.-ന് എത്ര രൂപ ലഭിക്കാനുണ്ട്; സ്ഥാപനം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ?

സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ ഒഴികെ 31-03-2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 2310.70 കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം). ടി കുടിശ്ശികയുടെ വകുപ്പ് തിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കുടിശ്ശിക ഈടാക്കുന്നതിനായി കുടിശ്ശികവരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷി ഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു.

കുടിശ്ശിക തുക പിരിച്ചെടുക്കാൻ ഉപഭോക്താക്കൾക്ക് തുക ഗഡുക്കളായി അടയ്ക്കുവാനുള്ള സൗകര്യം നിലവിലുണ്ട്. ഇതിനുപുറമെ കുറഞ്ഞ പലിശ നിരക്ക് അനുവദിച്ചുകൊണ്ട് കാലാകാലങ്ങളിൽ വൺ ടൈം സെറ്റിൽമെന്റ് (OTS) പോലത്തെ ആകർഷകമായ പദ്ധതികളും കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കൾക്ക് നൽകാറുണ്ട്.

കോട്ടയ്ക്കൽ മണ്ഡലത്തിലെ ആർ.ഡി.എസ്.എസ്. പദ്ധതി

215(4489) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി റീവാംമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (ആർ.ഡി.എസ്.എസ്.) രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി പുത്തൂരിൽ 33 കെ.വി. യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ സ്ഥാപിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോട്ടയ്ക്കൽ നഗരത്തിലെ വൈദ്യുതി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനായി പുത്തൂർ 33kV യൂണിറ്റൈസ്ഡ് സബ്സ്റ്റേഷൻ, ആർ.ഡി.എസ്.എസ്. രണ്ടാംഘട്ട പദ്ധതിയുടെ കീഴിൽവരുന്ന ആധുനികവത്കരണ/നവീകരണ (Modernization & System Augmentation) ഡി.പി.ആർ.-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത ഡി.പി.ആർ. സൂക്ഷ്മ പരിശോധനയ്ക്കായി നോഡൽ ഏജൻസിയായ പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ചിരിക്കുകയാണ്.

ഈ പദ്ധതിക്കുള്ള കേന്ദ്രാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ 33 കെ.വി. പുത്തൂർ സബ്സ്റ്റേഷൻ പണിയുന്നതിനുള്ള സ്ഥലവും ഇതുവരെ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടില്ല.

(ബി) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഊർജാവശ്യങ്ങൾ നിറവേറ്റുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുമായി ആർ.ഡി.എസ്.എസ്. പദ്ധതിയിലുൾപ്പെടുത്തിയ, കോട്ടയ്ക്കൽ, എടരിക്കോട് ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിൽ പുതിയ 11 കെ.വി. ഫീഡർ സ്ഥാപിക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി സെക്ഷനുകളുടെ പരിധിയിൽ ഹൈടെൻഷൻ

എ.ബി.സി. കേബിൾ വലിക്കുന്ന പ്രവൃത്തി എന്നിവയുടെ പുരോഗതി വിശദമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കുറ്റിപ്പുറം വളാഞ്ചേരി സെക്ഷനുകളുടെ RDSS പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

ക്രമ നം.	സെക്ഷന്റെ പേര്	11 കെ.വി. ഫീഡർ	11 കെ.വി. ഫീഡറുകളുടെ എണ്ണം	ദൂരം (കി.മി.)	ഭരണാനുമതി ലഭിച്ച തുക (രൂപ)	പദ്ധതി
1	കുറ്റിപ്പുറം	UG കേബിൾ	1	0.85	1504500	RDSS
2		ABC	1	6	14705795	
3	വളാഞ്ചേരി	ABC	2	1.1	2695000	RDSS
4	കോട്ടയ്ക്കൽ	ABC	1	2	3236000	RDSS
5	എടരിക്കോട്	UG കേബിൾ	1	3.6	6372000	RDSS

(സി) മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റാൻ കഴിയും വിധത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മേൽവിവരിച്ച പ്രവൃത്തികൾ കൂടാതെ പൊന്നാനി ഡിവിഷന് കീഴിൽ കോട്ടയ്ക്കൽ നിയോജകമണ്ഡല പരിധിയിൽ വൈദ്യുതി ആവശ്യം

നിറവേറ്റുന്നതിന് Dyuthi-2, RDSS കൂടാതെ മലപ്പുറം പാക്കേജ് എന്നീ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകിയിരിക്കുന്നു.

ക്രമ നം.	മണ്ഡലം	11 കെ.വി. ഫീഡർ	11 കെ.വി. ഫീഡറുകളുടെ എണ്ണം	ദൂരം (കി.മി.)	ഭരണാനുമതി ലഭിച്ച തുക (രൂപ)	പദ്ധതി
1	കോട്ടയ്ക്കൽ	UG കേബിൾ	വിവിധ ഫീഡറുകൾ	18.8	75004974	മലപ്പുറം പാക്കേജ്
		ABC		19.15	71194040	
		Covered conductor		12.6	42130448	
		UG കേബിൾ		8.5	34630951	ദ്യുതി-2
		ABC		7.93	18768445	
		Covered conductor		8.5	22138509	
		OH		18.89	28636538	RDSS
		UG കേബിൾ		15.45	27346500	
		ABC		9.15	14804700	

കോട്ടയ്ക്കൽ മണ്ഡലത്തിൽ പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി ഫേസ് 1-ൽ ഉൾപ്പെടുത്തി 9 പ്ലാന്റുകൾ, 120 kW സ്ഥാപിതശേഷിയിലും ഫേസ് 2 ആയി 305 പ്ലാന്റുകൾ 1144 kW സ്ഥാപിതശേഷിയിലും

സ്ഥാപിച്ചിട്ടുണ്ട്. സൗര സബ്സിഡി പദ്ധതി നിലവിൽ 'പ്രധാനമന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്ലി യോജന' എന്ന പേരിൽ നടപ്പാക്കിവരുന്നു. മണ്ഡലത്തിലുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാവുന്നതാണ്.

കോട്ടയ്ക്കൽ മണ്ഡലത്തിലെ വൈദ്യുതി ആവശ്യം പൂർണ്ണമായും നിറവേറ്റുന്ന രീതിയിൽ KSEBL-ന്റെ പ്രസരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 110 കെ.വി. കാടാമ്പുഴ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
2. 110 കെ.വി. എടയൂർ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സാങ്കേതിക പഠനം പുരോഗമിക്കുന്നു.
3. 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 37.5 MVA-യിൽനിന്നും 52.5 MVA ആയി ഉയർത്തി, പുതിയ 11 കെ.വി. ഫീഡറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പ്രയോജനം കോട്ടയ്ക്കൽ മണ്ഡലത്തിലും ലഭിക്കുന്നതാണ്.

4. പുതുതായി വിഭാവനം ചെയ്യുന്ന 33 കെ.വി. വലിയകുന്ന് സബ്സ്റ്റേഷന് വേണ്ടിയുള്ള സ്ഥലലഭ്യതയ്ക്കുള്ള അന്വേഷണവും നടത്തിവരുന്നു.

5. മലപ്പുറം ജില്ലയിലെ തിരൂർ മേഖലയിൽ സ്ഥാപിതമാകുന്ന 220 കെ.വി. വെങ്ങാലൂർ സബ്സ്റ്റേഷൻ പ്രവർത്തന സജ്ജമാകുന്നതോടെ കോട്ടയ്ക്കൽ, തിരൂർ, തിരുരങ്ങാടി, പൊന്നാനി നിയോജകമണ്ഡലങ്ങളിൽ പ്രയോജനം ലഭിക്കുന്നതാണ്.

കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി

216(4490) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന വൈദ്യുതി തടസ്സങ്ങളും വോൾട്ടേജ് പ്രശ്നങ്ങളും കാരണം ഉപഭോക്താക്കൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വൈദ്യുതി തടസ്സവും വോൾട്ടേജ് ക്ഷാമവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കോട്ടയ്ക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും പരിഹരിക്കുന്നതിന് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

(സി) മലപ്പുറം ജില്ലയിൽ നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വൈദ്യുതി തടസ്സവും സംബന്ധിച്ച് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടയ്ക്കൽ മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ദ്യുതി 2 പദ്ധതിയിലും മലപ്പുറം പാക്കേജിലും RDSS വർക്കിലും പുതിയ HT ലൈനുകളും സിംഗിൾ ഫെയ്സിൽനിന്നും ത്രീഫേസിലേക്ക് കൺവേർഷനുകളും പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കലും, നിലവിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രാൻസ്ഫോമറിന് ശേഷി വർധിപ്പിക്കൽ എന്നീ വർക്കുകൾ നിർദേശിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു[+].

കോട്ടയ്ക്കൽ മണ്ഡലത്തിലെ കോട്ടയ്ക്കൽ, കുറ്റിപ്പുറം, വളാഞ്ചേരി ടൗണുകളിൽ കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗം നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. 110 കെ.വി. കാടാമ്പുഴ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.
2. 110 കെ.വി. എടയൂർ സബ്സ്റ്റേഷന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സാങ്കേതിക പഠനങ്ങൾ പുരോഗമിക്കുന്നു.
3. നിലവിലുള്ള 110 കെ.വി. കുറ്റിപ്പുറം സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 40 MVA ആയി ഉയർത്തി പുതുതായി 11 കെ.വി. ഫീഡറുകൾ സ്ഥാപിച്ചുനൽകിയിട്ടുണ്ട്.
4. തിരുരങ്ങാടി മണ്ഡലത്തിലുള്ള 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 52.5 MVA ആയി ഉയർത്തിയതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശേഷം പുതുതായി 11 കെ.വി. ഫീഡറുകൾ സ്ഥാപിച്ചുകഴിഞ്ഞാൽ ഈ പ്രവൃത്തിയുടെ ഗുണം കോട്ടയ്ക്കൽ മേഖലയിലുണ്ടാകും.

മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി.എൽ. സെക്ഷൻ

217(4491) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഉപ്പള കെ.എസ്.ഇ.ബി.എൽ. സെക്ഷൻ പരിധിയിൽ എത്ര ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ?

1. ഗാർഹിക ഉപഭോക്താക്കൾ - 17108 എണ്ണം

2. ഗാർഹികേതര ഉപഭോക്താക്കൾ - 8126 എണ്ണം

ആകെ 25234 എണ്ണം ഉപഭോക്താക്കൾ

(ബി) പ്രസ്തുത സെക്ഷൻ പരിധിയിൽ പ്രതിവർഷം ശരാശരി എത്ര ഉപഭോക്താക്കളുടെ വർധനവാണുണ്ടാകുന്നതെന്ന് അറിയിക്കാമോ?

ശരാശരി മൂന്ന് ശതമാനം (3%) ഉപഭോക്താക്കളുടെ വർധനവാണ് കണക്കാക്കുന്നത്.

(സി) പ്രസ്തുത സെക്ഷൻ ഓഫീസിലെ നിലവിലെ തസ്തികകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ; ഏതെങ്കിലും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക്കൽ സെക്ഷൻ ഉപ്പളയിലെ നിലവിലെ തസ്തികകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Assistant Engineer (Ele) – 1 No.

Sub Engineer (Ele) – 3 Nos.

Senior Superintendent – 1 No.

Cashier – 1 No.

Overseer (Ele) – 5 Nos.

Lineman – 12 Nos.

Ele Worker – 3 Nos.

സാങ്കേതികവിദ്യയിലും പ്രസരണ വിതരണ വിഭാഗങ്ങളിൽവന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റ് വിതരണ കമ്പനികളുമായി താരതമ്യം ചെയ്തതും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി

നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 14-07-2022-ലെ നിർദ്ദേശവും തുടർന്ന് റീ സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് ഊർജ വകുപ്പിന്റെ 19-01-2024-ലെ കത്തിലെ നിർദ്ദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ റീ-സ്ട്രക്ചറിംഗ് എത്രയുംപെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ ഒഴിവുകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഒഴിവുകൾ തിട്ടപ്പെടുത്തുന്ന മുറയ്ക്ക് അവ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഡി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ബന്ധ്യോട് കേന്ദ്രമായി പുതിയ സെക്ഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ

രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുതി ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 എന്ന ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

ആയതിനാൽ സെക്ഷൻ ഓഫീസ് വിഭജനം നിലവിൽ പരിഗണനയിലില്ല.

മലയോര ഹൈവെ നിർമ്മാണത്തിനായി ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

218(4492) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം-മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി എത്ര ഇലക്ട്രിക് പോസ്റ്റുകളാണ് മാറ്റി സ്ഥാപിക്കേണ്ടിയിരുന്നതെന്നും ഇതിന് എത്ര തുകയാണ് കെ.ആർ.എഫ്.ബി. അടവാക്കിയിട്ടുള്ളതെന്നും സെക്ഷനുകൾ തിരിച്ച് വിവരം നൽകാമോ?

മലയോര ഹൈവെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം - മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി മാറ്റി സ്ഥാപിക്കേണ്ട ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം കെ.ആർ.എഫ്.ബി. അടവാക്കിയിട്ടുള്ള തുക എന്നിവ സംബന്ധിച്ചുള്ള വിവരം സെക്ഷനുകൾ തിരിച്ച് ചുവടെ ചേർക്കുന്നു.

ഇലക്ട്രിക്കൽ സെക്ഷൻ	മാറ്റേണ്ട പോസ്റ്റുകളുടെ എണ്ണം	അടച്ച തുക (രൂപ)

നിലമ്പൂർ	225	6977554
പൂക്കോട്ടുംപാടം	186	5394606
അകമ്പാടം	23	1291379
ആകെ	434	1,36,63,539/- രൂപ

(ബി) ഇതിൽ എത്ര ഇലക്ട്രിക് പോസ്റ്റുകൾ ഇതിനകം മാറ്റി സ്ഥാപിച്ചുവെന്നും ഇനിയും മാറ്റാനുണ്ടെങ്കിൽ ആയതിന്റെ കാലതാമസത്തിനുള്ള കാരണവും വ്യക്തമാക്കാമോ?

പൂക്കോട്ടുംപാടം-മൈലാടിപ്പാലം റീച്ചിൽ റോഡ് വീതി കൂട്ടുന്നതിനായി മാറ്റി സ്ഥാപിച്ച ഇലക്ട്രിക് പോസ്റ്റുകളുടെ എണ്ണം ഇനിയും മാറ്റാനുള്ളതിന്റെ കാലതാമസത്തിനുള്ള കാരണം എന്നിവ സംബന്ധിച്ചുള്ള വിവരം സെക്ഷനുകൾ തിരിച്ച് ചുവടെ ചേർക്കുന്നു.

ഇലക്ട്രിക്കൽ സെക്ഷൻ നിലമ്പൂർ: 221 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചു. 4 പോസ്റ്റുകൾ ഇനിയും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. KRFB-യുടെ പാർശ്വഭിത്തി നിർമ്മാണം പുരോഗമിക്കുന്നതുകൊണ്ടാണ് പോസ്റ്റുകൾ മാറ്റാൻ സാധിക്കാത്തത്.

ഇലക്ട്രിക്കൽ സെക്ഷൻ അകമ്പാടം: 23 പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനുള്ളതിൽ 9 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കെ.ആർ.എഫ്.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ടി "റൈറ്റ് ഓഫ് വേ" അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് ബാക്കി പോസ്റ്റുകളും ലൈനും മാറ്റിസ്ഥാപിക്കുന്നതാണ്.

ഇലക്ട്രിക്കൽ സെക്ഷൻ പൂക്കോട്ടുംപാടം: 182 പോസ്റ്റുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 4 പോസ്റ്റുകൾ ഇനിയും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. പൂക്കോട്ടുംപാടം ജംഗ്ഷനിലുള്ള പള്ളിയുടെ ഭാഗത്ത് സ്ഥാപിക്കേണ്ട പോസ്റ്റുകൾ നിയമപരമായ അകലം ഇല്ലാത്തതിനാൽ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. പൂക്കോട്ടുംപാടം ജംഗ്ഷനിലുള്ള മസ്ജിദ് പൊളിച്ചുമാറ്റിയാൽ മാത്രമെ ഇനിയുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. ഇതുമായി ബന്ധപ്പെട്ട് കെ.ആർ.എഫ്.ബി.-യും അമരമ്പലം ഗ്രാമപഞ്ചായത്ത് അധികൃതരും മസ്ജിദ് കമ്മിറ്റിയുമായി ചർച്ച നടത്തി തീരുമാനം അറിയിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) നിലമ്പൂർ ചന്തക്കുന്ന് വെളിയംതോട് മുതൽ മൈലാടിപ്പാലം വരെയുള്ള ആഡ്യൻപാറ ജലവൈദ്യുത പദ്ധതിയിൽനിന്നുള്ള ഹൈടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത ഹൈടെൻഷൻ പോസ്റ്റിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന്റെ റൈറ്റ് ഓഫ് വേ ഇരുവശത്തേക്കും എത്രയെന്നും അറിയിക്കാമോ?

നിലമ്പൂർ ചന്തക്കുന്ന് വെളിയംതോട് മുതൽ മൈലാടിപ്പാലം വരെയുള്ള ആഡ്യൻപാറ ജലവൈദ്യുത പദ്ധതിയിൽനിന്നുള്ള 960 മീറ്റർ ഹൈടെൻഷൻ ലൈനും 23 പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തികളിൽ 9 പോസ്റ്റുകൾ മാത്രം മാറ്റി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ലൈൻ മാറ്റിസ്ഥാപിക്കാൻ സാധിച്ചിട്ടില്ല. വനം വകുപ്പിന്റെ കീഴിലുള്ള സ്ഥലത്തെ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് കെ.ആർ.എഫ്.ബി.-ക്ക് കത്ത് നൽകിയിട്ടുണ്ട്. ടി "റൈറ്റ് ഓഫ് വേ" അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് ബാക്കി പോസ്റ്റുകളും ലൈനും മാറ്റിസ്ഥാപിക്കുന്നതാണ്. "റൈറ്റ് ഓഫ് വേ" 15 മീറ്റർ ആയതിനാൽ ഇരുവശങ്ങളിലേക്കുമായി 7.5 മീറ്റർ വീതമുണ്ടാകണം.

(ഡി) പ്രസ്തുത ഹൈ ടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കുന്ന പദ്ധതിയിൽ എവിടെയെങ്കിലും സർവെ നടപടികൾ ആവശ്യപ്പെട്ടിരുന്നോയെന്നും സർവെ നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഈ ഭാഗത്തെ ഹൈ ടെൻഷൻ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാനാകുമെന്നും അറിയിക്കാമോ?

സർവെ ആവശ്യപ്പെട്ടിരുന്നില്ല. കെ.ആർ.എഫ്.ബി. മരങ്ങൾ മുറിച്ച് മാറ്റിയാൽ മാത്രമെ പോസ്റ്റുകൾ മാറ്റിസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ.

കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതചാർജ് സംബന്ധിച്ച ശ്രീ. വിജയൻ എന്ന കർഷകന്റെ പരാതി

219(4493) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിനായുള്ള വൈദ്യുതചാർജ് ഒഴിവാക്കിയിരുന്ന ശ്രീ. വി. എം. വിജയൻ, വക്കേപ്പറമ്പ് മഠം (ഹൗസ്), വല്ലച്ചിറ പി.ഒ., (കൺസ്യൂമർ നമ്പർ 013722-ചേർപ്പ് കെ.എസ്.ഇ.ബി. ഓഫീസ്) എന്ന കർഷകന് അനുവദിച്ചിരുന്ന പ്രസ്തുത ഇളവ് 2022 ഏപ്രിൽ മുതൽ ഒഴിവാക്കിയ സാഹചര്യത്തിൽ അദ്ദേഹത്തിൽനിന്നും ഇതുസംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടോ?

പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ കർഷകനിൽനിന്നും സർചാർജ് ഈടാക്കുന്ന നടപടി കെ.എസ്.ഇ.ബി.എൽ. പുനഃപരിശോധിക്കുമോ;

(സി) പ്രസ്തുത കർഷകൻ സർചാർജിനത്തിൽ പിന്നീട് അടച്ച തുക തെറ്റായ ഹെഡിൽ രേഖപ്പെടുത്തിയതുമൂലം ടിയാനെ കുടിശ്ശികക്കാരനാക്കി നിലനിർത്തുന്ന നടപടി ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി & സി) വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകേണ്ട വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതും ടി സേവനങ്ങൾക്കായി ഉപഭോക്താവിൽനിന്നും ഈടാക്കാവുന്ന തുക എന്നിവ നിശ്ചയിക്കുന്നതും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനാണ്. കമ്മീഷൻ പുറപ്പെടുവിച്ച സപ്ലൈ കോഡ് 2014 അനുസരിച്ച് വൈദ്യുത ചാർജ് ഒടുക്കുന്നതിൽ കാലതാമസം വരുത്തിയാൽ സർചാർജ് ബാധകമാവും. ഇത്

ഒഴിവാക്കാൻ നിലവിലെ നിയമങ്ങൾ കെ.എസ്.ഇ.ബി.എൽ.-നെ അനുവദിക്കുന്നില്ല.

കാർഷികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമല്ല, നിലവിലുള്ള താരിഫ് ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് അനുസരിച്ചാണ് എല്ലാ കാർഷിക കണക്ഷനുകൾക്കും വൈദ്യുതി ബിൽ നൽകിവരുന്നത്. ഇതിൽനിന്നും കൃഷി വകുപ്പ് അംഗീകരിച്ചിട്ടുള്ള കർഷകർ ഉപയോഗിച്ച വൈദ്യുതിക്കുള്ള ചാർജ് മാത്രമാണ് (കർഷകൻ നേരിട്ട് അടയ്ക്കാതെ) കൃഷി ഭവൻ മുഖേന അടയ്ക്കുന്നത്.

ആകയാൽ കൃഷി വകുപ്പ് മുഖേന അടയ്ക്കേണ്ട പ്രസ്തുത തുക യഥാസമയം അടയ്ക്കാത്തതിനാൽ സർചാർജ് ഈടാക്കുന്ന നടപടി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഒഴിവാക്കാൻ സാധിക്കുകയില്ല.

വൈദ്യുതി ചാർജ് കുടിശ്ശിക

220(4494)ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് കുടിശ്ശിക ഇനത്തിൽ നിലവിൽ കെ.എസ്.ഇ.ബി.എൽ.-ന് എത്ര തുക പിരിച്ചെടുക്കാനുണ്ടെന്ന് അറിയിക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന് വൈദ്യുതി കുടിശ്ശികയിനത്തിൽ പലിശ ഒഴികെ 31-03-2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം 2310.70 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം).

(ബി) പ്രസ്തുത തുക പിരിച്ചെടുക്കാൻ എന്തെങ്കിലും ആംനെസ്റ്റി സ്കീം പ്രഖ്യാപിക്കാൻ വൈദ്യുതി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ്, 2014-ന്റെ 136(5) ചട്ടപ്രകാരം ദീർഘകാല കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (OTS) ലൈസൻസി രൂപീകരിക്കേണ്ടതാണെന്നും അയത് കമ്മീഷന്റെ മുൻകൂർ അനുമതിയോടുകൂടി നടപ്പാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇപ്രകാരം, കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി 20-07-2023 മുതൽ 30-12-2023 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പലിശയിൽ വലിയ തോതിലുള്ള ഇളവുകൾ

നൽകി പദ്ധതി നടപ്പാക്കിയിരുന്നു. ഈ പദ്ധതി കമ്മീഷന്റെ അംഗീകാരത്തോടുകൂടി സർക്കാർ ഉപഭോക്താക്കൾക്കും അർഹതയുള്ള മറ്റ് ഉപഭോക്താക്കൾക്കും 31-03-2024 വരെ നൽകിയിരുന്നു.

സപ്ലൈ കോഡ് ചട്ടങ്ങളനുസരിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കുറഞ്ഞ കാലയളവിലേക്ക് മാത്രമെ നടപ്പാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് പ്രത്യേക സ്കീമുകൾ ഒന്നും തന്നെ നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലില്ല.

മാവേലിക്കര മണ്ഡലത്തിൽ ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കൽ

221(4495) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. മാവേലിക്കര മണ്ഡലത്തിൽ ചെയ്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും നിലവിലെ സ്ഥിതി വിവരം എന്താണെന്നും വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ 2022-23 കാലയളവിൽ 'ദ്യുതി-2' വർക്കിൽ 10.3 കിലോമീറ്റർ എ.ബി. കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതും അതിനായി

Rs.97,11,168/- (തൊണ്ണൂറ്റിയേഴ് ലക്ഷത്തി പതിനൊന്നായിരത്തി ഒരുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം) വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

2023-24 കാലയളവിൽ 'ദ്യുതി-2' വർക്കിൽ 7.608 കിലോമീറ്റർ എ.ബി. കേബിളുകൾ സ്ഥാപിച്ചിട്ടുള്ളതും Rs.99,65,271/- (തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി അറുപത്തി അയ്യായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2023-24-ലെ 6.5 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ സ്ഥാപിക്കുന്ന വർക്കുകൾ [Rs. 38,93,736/- (മുപ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എഴുന്നൂറ്റി മുപ്പത്താറ് രൂപ മാത്രം)] പുരോഗമിക്കുന്നു. വർക്ക് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇലക്ട്രിക്കൽ സെക്ഷൻ	ജോലിയുടെ പേര്	അളവ്	യൂണിറ്റ്	തുക (രൂപ)
1	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	പെല്ലുത്തുമുക്ക് ട്രാൻസ്ഫോമറിന് കീഴിൽ എൽ.ടി. എ.ബി.സി. ഉപയോഗിച്ച് റീകണ്ടക്ടറിംഗ്	1.5	കി.മീ.	1008221.85
2	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	കേശവപ്പിള്ള ട്രാൻസ്ഫോമറിന് കീഴിൽ എൽ.ടി. എ.ബി.സി. ഉപയോഗിച്ച് റീകണ്ടക്ടറിംഗ്	1.5	കി.മീ.	1008221.85
3	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	മിനി താമരക്കുളം ട്രാൻസ്ഫോമറിന് കീഴിൽ എൽ.ടി. എ.ബി.സി. ഉപയോഗിച്ച് റീകണ്ടക്ടറിംഗ്	1.5	കി.മീ.	581165.21
4	ഇലക്ട്രിക്കൽ	അർത്തനാവട്ടം മുതൽ	0.9	കി.മീ.	1117519.57

	സെക്ഷൻ ചാരുംമൂട്	കൈലാസമുക്ക് ട്രാൻസ്ഫോമർ വരെയുള്ള 11 kV ഓവർ ഹെഡ് ലൈൻ -എച്ച്.ടി. എ.ബി.സി. ആക്കിക്കൊണ്ടുള്ള പരിവർത്തനം			
5	ഇലക്ട്രിക്കൽ സെക്ഷൻ വള്ളിക്കുന്നം	LT ലൈൻ സ്റ്റാൻഡേർഡൈസേഷൻ വർക്ക്	2	കി.മീ.	2064139.82
6	ഇലക്ട്രിക്കൽ സെക്ഷൻ മാവേലിക്കര	റെയിൽവെ 4 പോൾ സ്ട്രക്ച്ചറിൽ നിന്ന് തെക്കോട്ട് പടീത്തോട് വരെ എച്ച്.ടി. എ.ബി.സി. വലിക്കുന്ന വർക്ക്	1.6	കി.മീ.	2830646.25
7	ഇലക്ട്രിക്കൽ സെക്ഷൻ മാവേലിക്കര	പുന്നമോട് ഗുരുമന്ദിരം ട്രാൻസ്ഫോമറിന് കീഴിൽ എൽ.ടി. എ.ബി.സി. വലിക്കുന്ന വർക്ക്	1	കി.മീ.	842000.00
8	ഇലക്ട്രിക്കൽ സെക്ഷൻ കായംകുളം ഈസ്റ്റ്	ഓലകെട്ടി IOB TF ഏരിയയ്ക്ക് കീഴിൽ - LT ABC അപ്ഗ്രേഡേഷൻ	0.3	കി.മീ.	259253.11
		ആകെ	10.3	കി.മീ.	9711167.66

2023-24 കാലയളവിൽ പൂർത്തിയാക്കിയ ദ്യുതി 2.0 വർക്കുകൾ

ക്രമ നമ്പർ	ഇലക്ട്രിക്കൽ സെക്ഷൻ	ജോലിയുടെ പേര്	അളവ്	യൂണിറ്റ്	തുക (രൂപ)
1	ഇലക്ട്രിക്കൽ സെക്ഷൻ മാവേലിക്കര	അമരാവതിയിൽ നിന്ന് ബ്ലോക്ക് ജംഗ്ഷൻ വരെ എച്ച്.ടി. എ.ബി.സി. വലിക്കുന്ന വർക്ക്	1.1	കി.മീ.	1699100
2	ഇലക്ട്രിക്കൽ സെക്ഷൻ മാവേലിക്കര	കല്ലുമല ജംഗ്ഷനിൽനിന്ന് വടക്കോട്ടും കിഴക്കോട്ടും എച്ച്.ടി. എ.ബി.സി. വലിക്കുന്ന വർക്ക്	1.5	കി.മീ.	2584191
3	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	ക്രോസ് കൺട്രി ലൈൻ KP റോഡിൽനിന്ന് പാളയംകെട്ടിവിള ട്രാൻസ്ഫോമറിലേക്ക് എച്ച്.ടി. എ.ബി.സി. ഉപയോഗിച്ച്	0.85	കി.മീ.	1537495

		തിരിച്ചുവിടുന്ന വർക്ക്			
4	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	ചാവടി പുത്തൻ ചന്ത മുതൽ കാഞ്ഞിരവിളയിൽ വരെ എ.ബി.സി. ഉപയോഗിച്ച് 11 kV ഓവർഹെഡ് ലൈൻ നിർമ്മാണം	0.788	കി.മീ.	1448008
5	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	ഗുരുനാഥൻ കുളങ്ങര ട്രാൻസ്ഫോമറുടെ കീഴിൽ എൽ.ടി. എ.ബി.സി. ഉപയോഗിച്ച് റീകണ്ടക്ടറിംഗ്	2	കി.മീ.	774886.9
6	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	ഇരപ്പൻ പാറയിൽ 120 sq.mm എബിസി ഉപയോഗിച്ചുള്ള 11 kV OH-ന്റെ നിർമ്മാണം	0.37	കി.മീ.	679902
7	ഇലക്ട്രിക്കൽ സെക്ഷൻ ചാരുംമൂട്	കോട്ടമുക്ക് മുതൽ ചെറുപുഷ്പം കിഴക്ക് വരെ 11 KV OH-ന്റെ എബിസി ഉപയോഗിച്ചുള്ള പരിവർത്തനം	1	കി.മീ.	1241688
		ആകെ	7.608	കി.മീ	9965271

ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദ്യുതി 2.0 വർക്കുകൾ (2023 -24)

ക്രമ നമ്പർ	ഇലക്ട്രിക്കൽ സെക്ഷൻ	ജോലിയുടെ പേര്	അളവ്	യൂണിറ്റ്	തുക (രൂപ)
1	ഇലക്ട്രിക്കൽ സെക്ഷൻ വള്ളിക്കുന്നം	സജിൻ ബ്രിക്സ് ട്രാൻസ്ഫോമറിന്റെ കീഴിലുള്ള എൽ.ടി. എ.ബി.സി. സ്റ്റാൻഡേർഡൈസേഷൻ	3	കി.മീ.	1799782
2	ഇലക്ട്രിക്കൽ സെക്ഷൻ വള്ളിക്കുന്നം	പള്ളിക്കുറ്റി ട്രാൻസ്ഫോമറിന്റെ കീഴിലുള്ള എൽ.ടി. എ.ബി.സി. സ്റ്റാൻഡേർഡൈസേഷൻ	3.5	കി.മീ.	2093954
		ആകെ	6.5	കി.മീ.	3893736

കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജിംഗ് സ്റ്റേഷനുകൾ

222(4496) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജിംഗ് സ്റ്റേഷനുകൾ ഏതൊക്കെ ജില്ലകളിലായി എത്രയെണ്ണമാണ് പ്രവർത്തിച്ചുവരുന്നത്; പുതുതായി എവിടെയൊക്കെയാണ് ഇത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2019-ൽ പുറത്തിറക്കിയ കേരള സർക്കാരിന്റെ വൈദ്യുത വാഹനനയ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചാർജിംഗ് സംവിധാനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്ത് വൈദ്യുത വാഹനങ്ങൾക്ക് ചാർജിംഗിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് ഇ-മൊബിലിറ്റി സുഗമമാക്കുക എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാനസൗകര്യം പ്രദാനം ചെയ്യുന്നതിനായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും 1169 പോൾ മൗണ്ടഡ് ചാർജ് പോയിന്റുകളും സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.എൽ. സജ്ജീകരിച്ചത്.

തിരുവനന്തപുരം-5, കൊല്ലം-5, ആലപ്പുഴ-1, പത്തനംതിട്ട-3, കോട്ടയം-3, എറണാകുളം-10, ഇടുക്കി-3, തൃശ്ശൂർ-11, പാലക്കാട്-5, മലപ്പുറം-3, കോഴിക്കോട്-8, വയനാട്-2, കണ്ണൂർ-3, കാസർഗോഡ്-1 എന്നിങ്ങനെയാണ് 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുള്ളത്. പോൾ മൗണ്ടഡ് സ്റ്റേഷനുകളുടെ ഇലക്ട്രിക്കൽ സർക്കിൾ തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു+.

എല്ലാ ജില്ലകളിലുമായി പുതുതായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നുണ്ട്.

വൈദ്യുത വാഹന രംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 1.6 ലക്ഷത്തോളം വൈദ്യുത വാഹനങ്ങളാണ് കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച സ്റ്റേഷനുകൾക്ക് പുറമെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

680-ൽപരം ചാർജിംഗ് സംവിധാനങ്ങളും സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻപ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

(ബി) ചാർജിംഗ് സ്റ്റേഷനുകളിൽനിന്നും കെ.എസ്.ഇ.ബി.എൽ.-ന് വരുമാനം ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഫാസ്റ്റ് ചാർജിംഗിന് ഒരു യൂണിറ്റിന് 13 രൂപ + GST@ 18% എന്ന നിരക്കിലും സ്ലോ ചാർജിംഗിന് 9 രൂപ + GST@18% എന്ന നിരക്കിലും വരുമാനം ലഭിക്കുന്നുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള വരുമാനം ഉപഭോക്താവ് ഇടപാട് നടത്തിയ ദിവസത്തിന്റെ അടുത്ത ദിവസം

തന്നെ (T+1) കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതിനായി രൂപീകരിച്ച SBI-യുടെ അക്കൗണ്ടിലേക്ക് എത്തുന്നുണ്ട്.

ചാർജിംഗ് സ്റ്റേഷനുകളിൽ നിന്നുള്ള കെ.എസ്.ഇ.ബി.എൽ.-ന്റെ വരുമാനം ചുവടെ കൊടുക്കുന്നു.

വർഷം	വരുമാനം
2021-22	646448.42
2022-23	3362030.35
2023-24	20684669.00

(സി) കെ.എസ്.ഇ.ബി.എൽ.-ന്റെ ഇലക്ട്രിക് പോസ്റ്റുകൾ ഉപയോഗപ്പെടുത്തി ഓട്ടോറിക്ഷകൾക്കും മറ്റും ചാർജിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും എത്ര രൂപയുടെ വരുമാനം ഇതിൽനിന്നും ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിൽ വൈദ്യുത വാഹനങ്ങൾ പ്രത്യേകിച്ച് ഓട്ടോറിക്ഷ, ടൂവീലർ എന്നിവ സൗകര്യപ്രദമായി ചാർജ് ചെയ്യുന്നതിന് ഒരു അസംബ്ലി നിയോജകമണ്ഡലത്തിൽ കുറഞ്ഞത് 5 എണ്ണവും കോർപ്പറേഷൻ നിയോജകമണ്ഡലങ്ങളിൽ 15 എണ്ണവും എന്ന

തോതിൽ മൊത്തം 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പാർക്കിംഗ് സ്ഥല ലഭ്യത കുറവ്, ദേശീയ പാതവികസനം തുടങ്ങിയ കാരണങ്ങളാൽ ചില ചാർജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്റ്റേഷനുകൾ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കാൻ പൊതു മാർഗനിർദേശവും നൽകിയിട്ടുണ്ട്.

കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റിൽ സ്ഥാപിച്ചിട്ടുള്ള പോൾ മൗണ്ടഡ് സ്റ്റേഷൻ വഴി 75,78,442/- (എഴുപത്തിയഞ്ച് ലക്ഷത്തി എഴുപത്തിയെട്ടായിരത്തി നാന്നൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) രൂപയുടെ വരുമാനം 25-06-2024 വരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന് കിട്ടാനുള്ള കുടിശ്ശിക

223(4497) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31-3-2024 വരെ കുടിശ്ശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്; വിശദാംശം നൽകുമോ?

31-03-2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ 2310.69 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്, (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സപ്ലൈകോഡ് 2014 അനുസരിച്ച് എന്തെല്ലാം നടപടികളാണ് കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചത്; വിശദാംശം നൽകുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തുവരുന്നു. ഇതുകൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പാക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽക്കൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ?

കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് സാധിക്കാത്തതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കിവരുന്നു. 12-03-2024-ലെ G.O.(Rt)No.45/2024/POWER പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31-10-2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണത്തീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ)

2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01-11-2023 മുതലുള്ള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30-10-2023-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.

വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വൈദ്യുതി ചാർജ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച കെ.എസ്.ഇ.ബി.എൽ.-ന്റെ ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട്. റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടുകൂടി 20-07-2023-ലെ ബോർഡ് ഉത്തരവ് പ്രകാരം ദീർഘകാലമായി നിലവിലുള്ള കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ

പദ്ധതി 20-07-2023 മുതൽ 30-12-2023 വരെയുള്ള കാലയളവിൽ നടപ്പാക്കുകയുണ്ടായി. ആയത് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 31-03-2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടായിരുന്നു.

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 25-06-2022-ലെ ARR & ERC (Aggregate Revenue Requirement & Expected Revenue from Charges) ഉത്തരവിലെ നിർദേശങ്ങൾ (Directives) പ്രകാരം, സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മുഴുവൻ വൈദ്യുതി ചാർജ് കുടിശ്ശികയും യഥാവിധി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ARREAR RECOVERY TEAM രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി കെ.എസ്.ഇ.ബി.എൽ.-ന്റെ ചീഫ് ഇന്റേണൽ ഓഡിറ്ററിന്റെ (CIA) കീഴിൽ അരിയർ ക്ലിയറൻസ് സെൽ പ്രവർത്തിച്ചുവരുന്നു.

കെ.എസ്.ഇ.ബി.എൽ. പുതിയ സെക്ഷൻ ഓഫീസുകൾ

224(4498)<u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ?

നിലവിൽ കെ.എസ്.ഇ.ബി.എൽ. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന നടപടികൾ നടത്തുന്നില്ല. എന്നാൽ സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാകുകയോ ചെയ്യുമ്പോൾ അത്തരം സെക്ഷൻ ഓഫീസുകളെ മുൻകാലങ്ങളിൽ കെ.എസ്.ഇ.ബി.എൽ. വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതികവിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും

സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്.

ഏത് ഉപഭോക്താവിനും കേരളത്തിലെ ഏത് സെക്ഷൻ ഓഫീസിലും വൈദ്യുത ബിൽ അടയ്ക്കാമെന്നുള്ള സൗകര്യത്തിനുപുറമെ സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വൈദ്യുതി ബില്ലുകൾ അടയ്ക്കുന്നതിനുള്ള e-payment സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും 1912 എന്ന ടോൾ ഫ്രീ നമ്പറും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ

അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496010101 ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

സേവനമേഖല കാര്യക്ഷമമാക്കുന്നതിനായി "സേവനം വാതിൽപ്പടിയിൽ" (Service at doorsteps) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് സെക്ഷൻ ഓഫീസുകളെ സമീപിക്കാതെ തന്നെ വിവിധ സേവനങ്ങൾ വേഗത്തിൽ ലഭ്യമാകുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. എന്നിരുന്നാലും ഗ്രണഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി

കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചുവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോന്നിനും സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

2011-16-ലെ സർക്കാരിന്റെ അവസാന കാലയളവിൽ 30 സെക്ഷനുകൾക്ക് പ്രവർത്തനമാരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിരുന്നു. മേൽപ്പറഞ്ഞ സെക്ഷനുകളിൽ 19 സെക്ഷൻ ഓഫീസുകൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിലാണ് പ്രവർത്തനമാരംഭിച്ചത്. അതുകൂടാതെ 2011-ൽ ഭരണാനുമതി ലഭിച്ച പന്തളം - തെക്കേക്കര സെക്ഷൻ ഓഫീസും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് പ്രവർത്തനം ആരംഭിച്ചത്. അങ്ങനെ ആകെ 20 സെക്ഷൻ ഓഫീസുകളാണ് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചത്.

വാടകയില്ലാതെ കെട്ടിടങ്ങൾ ലഭിക്കുന്ന മുറയ്ക്കും അല്ലെങ്കിൽ 10 സെന്റ് സ്ഥലം പഞ്ചായത്തുകൾ സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന് നൽകുന്ന

മുറയ്ക്കും സെക്ഷൻ ഓഫീസുകൾ തുടങ്ങാനാണ് കെ.എസ്.ഇ.ബി.എൽ.- 2016-ൽ ഭരണാനുമതി നൽകിയത്.

(സി) മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിൾ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിക്കണമെന്ന ദീർഘകാല ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലപ്പുറം മണ്ഡലത്തിലെ മഞ്ചേരി സർക്കിളിന്റെ പരിധിയിലുള്ള വള്ളുവമ്പ്രം, കീഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിക്കാതെതന്നെ കാര്യക്ഷമത വർധിപ്പിക്കുന്നതിനുവേണ്ടി മേൽപ്പറഞ്ഞ സെക്ഷനുകളിലെ ഉപഭോക്താക്കളെ അതിർത്തി പങ്കിടുന്ന, ഉപഭോക്താക്കളുടെ എണ്ണം കുറവുള്ളതോ, വിസ്തീർണ്ണം കുറവുള്ളതോ ആയ മറ്റ് സെക്ഷനിലേക്ക് മാറ്റാനുള്ള സാധ്യത കെ.എസ്.ഇ.ബി.എൽ. നടത്തിവരുന്നു. അതുകൂടാതെ ഗ്രണഭോക്താക്കളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ

പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. കൂടാതെ ഉപഭോക്താക്കളെ കെ.എസ്.ഇ.ബി.എൽ.-ൽ നൽകുന്ന ഓൺലൈൻ സർവീസുകൾ സംബന്ധിച്ച് ബോധവൽക്കരണം നൽകിയും ക്യാഷ് കളക്ഷനുവേണ്ടി ഓൺലൈൻ പെയ്മെന്റ് സിസ്റ്റം പ്രോത്സാഹിപ്പിച്ചുകൊണ്ട് ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് കെ.എസ്.ഇ.ബി.എൽ. നിലവിൽ സ്വീകരിച്ചുവരുന്നത്. ആയതിനാൽ മഞ്ചേരി സർക്കിളിന്റെ പരിധിയിലുള്ള വള്ളുവമ്പ്രം, കീഴിശ്ശേരി, മഞ്ചേരി നോർത്ത് എന്നീ സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്ന നടപടി

225(4499)ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമപഞ്ചായത്തിലെ 15, 16 വാർഡുകളെ ബന്ധിപ്പിക്കുന്ന മുന്നാലിൽ ക്ഷേത്രം-നീരാവിനാൽ റോഡിൽ ഏരിയൽ ബഞ്ച്ഡ് കേബിൾ ഉപയോഗിച്ച് സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുമോ?

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ തഴക്കര ഗ്രാമ പഞ്ചായത്തിലെ 15, 16 വാർഡുകളെ ബന്ധിപ്പിക്കുന്ന മുന്നാലിൽ ക്ഷേത്രം - നീരാവിനാൽ റോഡിൽ 440 മീറ്റർ 1 x 25 + 1 x 25 എൽ.ടി. ഏരിയൽ ബഞ്ച്ഡ് കേബിൾ 24 എണ്ണം, 8 മീറ്റർ പോസ്റ്റുകളും അനുബന്ധ ഉപകരണങ്ങളുമുപയോഗിച്ച് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കുന്നതിന് 3,16,981/-(മൂന്ന് ലക്ഷത്തി പതിനാറായിരത്തി തൊള്ളായിരത്തി എൺപത്തിയൊന്ന് രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതാണ്. നവകേരള സദസ്സ് ALP1092317 എന്ന നമ്പറിൽ ശ്രീ. യശോധരൻ, വലിയപറമ്പിൽ, അരുന്ധതിമംഗലം സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014,

32-ാം റഗുലേഷൻ പ്രകാരം ഈ പ്രവൃത്തിയുടെ നിർവഹണത്തിന് എസ്റ്റിമേറ്റ് തുക 3,16,981/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവു വിളക്കുകൾ സ്ഥാപിച്ച് പരിപാലിക്കുന്ന ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സാധാരണ ഗതിയിൽ ഗ്രണഭോക്താക്കൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, MLA-SDF, MP-LAD വഴിയുള്ള ഫണ്ട് എന്നിവയിലൂടെയാണ് ഇത്തരം പ്രവൃത്തികൾക്ക് തുക ഒടുക്കിവരുന്നത്.

കയ്പമംഗലം നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

226(4500) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും അതിലേക്കായി എത്ര പഴയ ട്രാൻസ്ഫോമറുകൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കൊടുങ്ങല്ലൂർ ഡിവിഷനിലെ കയ്പമംഗലം, എറിയാട്, മതിലകം, പെരിഞ്ഞനം എന്നീ സെക്ഷനുകൾ പൂർണ്ണമായും വലപ്പാട്, കൊടുങ്ങല്ലൂർ നമ്പർ 1, കൊടുങ്ങല്ലൂർ നമ്പർ 2, ഇരിങ്ങാലക്കുട ഡിവിഷനിലെ കാട്ടൂർ എന്നീ

സെക്ഷനുകൾ ഭാഗികമായും ഉൾപ്പെടുന്ന കയ്യമംഗലം നിയോജകമണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മേൽ സെക്ഷൻ പരിധികളിൽ വിതരണ മേഖലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ച് നടത്തുന്ന ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ കാലയളവിലായി 6.09 കി.മീ. ACSR ലൈനുകളുടെ റീ-കണ്ടക്ടറിംഗ് പ്രവൃത്തിയും 32.4 കി.മീ. ലോ ടെൻഷൻ ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ (ABC) ഉപയോഗിച്ചുള്ള ലൈൻ വലിക്കുന്ന പ്രവൃത്തിയും 0.72 കി.മീ. ഹൈ ടെൻഷൻ ലൈൻ വലിക്കുന്ന പ്രവൃത്തിയും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ശേഷി കുറഞ്ഞ പഴയ ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കുന്നതിന്റെ ആവശ്യകത ഇല്ലാത്തതിനാൽ മെച്ചപ്പെട്ട വോൾട്ടേജ് ഉൾപ്പടെയുള്ള വൈദ്യുതിയുടെ ഗുണനിലവാരം കൂട്ടുന്നതിന് പത്ത് പുതിയ 100kVA ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചതുൾപ്പെടെ ആകെ 3.26 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ പല സ്ഥലങ്ങളിലും ട്രാൻസ്ഫോമറുകൾ താഴ്ന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്നതുമൂലം അപകടം സംഭവിക്കുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ ഉയർത്തിവയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ട്രാൻസ്ഫോമറുകൾ താഴ്ന്നപ്രദേശങ്ങളിൽ സ്ഥാപിച്ചിരിക്കുന്നതുമൂലം അപകടങ്ങളൊന്നും ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും 2018-ലെ പ്രളയത്തോടനുബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട താഴ്ന്നപ്രദേശങ്ങളിലെ 18 ട്രാൻസ്ഫോമറുകൾ ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽസ് കേന്ദ്രാവിഷ്കൃത നവീകരണ വിതരണ മേഖല പദ്ധതിയായ RDSS Phase –1-ൽ ഉൾപ്പെടുത്തി 27 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുന്നതാണ്. 2018-ലെ പ്രളയത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ അപകടമൊന്നും ഉണ്ടായിട്ടില്ലെങ്കിലും വരും കാലങ്ങളിൽ പ്രളയം ഉണ്ടാകാനിടയായാൽ ആയതുമൂലം ഉണ്ടായേക്കാവുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനാണ് മേൽ പ്രവൃത്തികൾ ശിപാർശ ചെയ്തിട്ടുള്ളത്.

വെന്നിയൂർ കെ.എസ്.ഇ.ബി.എൽ. ഗസ്റ്റ് ഹൗസ് നിർമ്മാണം

227(4501) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട വെന്നിയൂർ കെ.എസ്.ഇ.ബി.എൽ. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണ നടപടികൾ ഏതുവരെയായി; വിശദാംശം അറിയിക്കാമോ?

2021 ഫെബ്രുവരിയിൽ വെന്നിയൂർ സെക്ഷൻ ഓഫീസ്, പുതുതായി പണി കഴിപ്പിച്ച മിനിവൈദ്യുതി ഭവനിലേക്ക് മാറുകയുണ്ടായി.

NH 66 ദേശീയ പാത വികസനവുമായി ബന്ധപ്പെട്ട് നിലവിലെ റോഡ് 35 മീറ്റർ വീതിയിലാക്കുന്നതിന്റെ ഭാഗമായി, മിനി വൈദ്യുതി ഭവനം സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിൽ തന്നെയുള്ള പഴയ സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ പകുതി ഭാഗം പൊളിച്ച് മാറ്റേണ്ടി വരുമെന്നും ബാക്കി ഭാഗം ഇൻസ്പെക്ഷൻ ബംഗ്ലാവ് ആക്കുന്നതിനുമായി 25 ലക്ഷം രൂപയുടെ പ്രൊപ്പോസൽ, തിരൂർ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ 2021-ൽ തയ്യാറാക്കി നൽകിയിരുന്നു. എന്നാൽ അന്ന് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ നടത്തിയ സൈറ്റ് ഇൻസ്പെക്ഷനിൽ, നിർദിഷ്ട ഇൻസ്പെക്ഷൻ ബംഗ്ലാവിനായി ഉദ്ദേശിച്ചിരുന്ന കെട്ടിടം, ദേശീയ പാതയുടെ ഉപരിതലത്തിൽനിന്നും 3 മീറ്റർ താഴെയായതിനാലും കെട്ടിടത്തിന്റെ പ്രധാനഭാഗങ്ങൾ ഉൾപ്പെടുന്ന മുൻവശം

ദേശീയ പാത വികസനത്തിന് ഏറ്റെടുത്തതിനാലും 25 ലക്ഷം രൂപ ചെലവാക്കി കെട്ടിടം നവീകരിക്കുന്നതുകൊണ്ട് പ്രയോജനമില്ലാത്തതിനാലും നിർദിഷ്ട പദ്ധതിയുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ബാധകമല്ല.

മയിലാട്ടി മുതൽ വിദ്യാനഗർ വരെയുള്ള 110 കെ.വി. ലൈനിനെ സിംഗിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തി

228(4502) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മയിലാട്ടി മുതൽ വിദ്യാനഗർ വരെയുള്ള 110 കെ.വി. ലൈനിനെ സിംഗിൾ സർക്യൂട്ട് ലൈനാക്കി മാറ്റുന്ന പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ മൈലാട്ടി 220 kV സബ്സ്റ്റേഷൻ മുതൽ 110 kV വിദ്യാനഗർ സബ്സ്റ്റേഷൻ വരെയുള്ള 12 കിലോമീറ്റർ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ 220/110 കെ.വി. മൾട്ടി സർക്യൂട്ട് മൾട്ടി

വോൾട്ടേജ് ലൈനായി ഉയർത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഒമിക്രോൺ പവർ എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നത്. ആദ്യ ഘട്ടത്തിലെ 3 കിലോമീറ്റർ ലൈൻ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ടവറുകളുടെ ഫൗണ്ടേഷൻ പ്രവൃത്തി 22 എണ്ണം പൂർത്തിയായി. ഒൻപത് ടവറുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ലൈനിന്റെ ശേഷി കുറഞ്ഞതുമൂലം കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി വേനൽക്കാലങ്ങളിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിട്ടുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അവസ്ഥയ്ക്ക് എപ്പോൾ ശാശ്വത പരിഹാരമുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മുൻ വർഷങ്ങളിൽനിന്ന് വ്യത്യസ്തമായി ലോഡ് വർധിച്ചതു കാരണം ഈ വർഷം വേനൽക്കാലത്ത് വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. ഇതിന് പരിഹാരം കാണുന്നതിനായി പ്രസരണ മേഖലയിൽ

നിരവധി പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണവും നിലവിലെ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർധിപ്പിക്കുന്ന പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ഇതിനുപുറമെ നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന ഉഡുപ്പി - കാസർഗോഡ് - വയനാട് 400 കെ.വി. ലൈനിന്റെയും 400 kV കരിന്തളം സബ്സ്റ്റേഷന്റെയും പൂർത്തീകരണത്തോടെ കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രസരണ മേഖലയിലെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കൈവരിക്കാനാകും.

(സി) കാസർഗോഡ് ജില്ലയിൽ നിലവിൽ റെയിൽവേക്ക് വൈദ്യുതി നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര ഫേസുകളിലാണ് വൈദ്യുതി നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ട്രാക്ഷൻ 110 kV സബ്സ്റ്റേഷനിലേക്കും ഉപ്പള ട്രാക്ഷൻ സബ്സ്റ്റേഷനിലേക്കും 110 കെ.വി. വോൾട്ടേജിൽ മൂന്നു ഫേസ് സപ്ലൈ നൽകുന്നുണ്ട്. എന്നാൽ റെയിൽവെ രണ്ട് ഫേസുകൾ മാത്രമെ ഉപയോഗിക്കുന്നുള്ളൂ.

(ഡി) റയിൽവെ ട്രാക്ഷനുവേണ്ടി വൈദ്യുതി ഉപയോഗിക്കുന്ന സമയങ്ങളിൽ രണ്ട് ഫേസുകളിൽ മാത്രം പെട്ടെന്ന് വോൾട്ടേജ് കുറയുകയും വിവിധ സ്ഥലങ്ങളിലെ ത്രീ ഫേസ് മോട്ടോറുകൾ കത്തിപ്പോകുന്നതുമായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അനന്തപുരം ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് അസോസിയേഷൻ, കാസർഗോഡ്, കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രീസ് അസോസിയേഷൻ എന്നിവർ പരാതി നൽകിയിട്ടുണ്ട്. 33 കെ.വി. അനന്തപുരം സബ്സ്റ്റേഷന് കീഴിലുള്ള അനന്തപുരം വ്യവസായ പ്ലോട്ട്, സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിലെ വോൾട്ടേജ് പ്രശ്നം സംബന്ധിച്ച് കാസർഗോഡ് ജില്ലാ കളക്ടർ മുഖേന ഒരു പരാതി ലഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പൊതുവായുള്ള വൈദ്യുതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും ശേഷി വർധിപ്പിക്കുകയും പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിച്ചും വോൾട്ടേജ് കുറവ്

സംബന്ധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ഇ) കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സബ്സ്റ്റേഷനുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ഇവ സ്ഥാപിക്കാൻ തിരഞ്ഞെടുത്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്നും അവ എപ്പോൾ സ്ഥാപിക്കുമെന്നും വ്യക്തമാക്കാമോ?

നിലവിൽ 27 കോടി രൂപ ചെലവിൽ 110 കെ.വി. കുറ്റിക്കോൽ സബ്സ്റ്റേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. ഇതുവരെ സബ്സ്റ്റേഷൻ വർക്ക് 60% - ഉം ലൈൻ വർക്ക് 13 ശതമാനവും പൂർത്തിയായി.

നിലവിലുള്ള 33 കെ.വി. നീലേശ്വരം സബ്സ്റ്റേഷൻ 110 കെ.വി. ആയി ശേഷി ഉയർത്തുന്ന പ്രവൃത്തി. രണ്ട് 12.5 mvA ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് കപ്പാസിറ്റി വർധിപ്പിക്കുന്ന ഈ പ്രവൃത്തിക്ക് 11.5 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

• പുതുതായി 110 കെ.വി. സീതാംഗോളി സബ്സ്റ്റേഷന് 13 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി അനുയോജ്യമാണെന്ന് കണ്ടെത്തിയ ഭൂമിയുടെ രേഖകൾ പരിശോധിച്ചുവരുന്നു.

• 33 കെ.വി. സബ്സ്റ്റേഷൻ അഡൂർ, പ്രസ്തുത പദ്ധതിക്ക് 10.5 കോടി രൂപയ്ക്ക് എസ്റ്റിമേറ്റും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കെ.എസ്.ഇ.ബി.എൽ. സ്മാർട്ട് മീറ്ററുകൾ

229(4503)ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ. ഉപഭോക്താക്കൾക്കായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

കേന്ദ്ര സർക്കാരിന്റെ ആർ.ഡി.എസ്.എസ്. പദ്ധതിയുടെ ഭാഗമായി സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടമായി 37 ലക്ഷം സ്മാർട്ട്

മീറ്ററുകൾ സ്ഥാപിക്കാൻ 01-04-2023-ന് ടെൻഡർ ചെയ്തിരുന്നു. 15-05-2023-ന് ടെൻഡർ തുറന്നപ്പോൾ ഏറ്റവും കുറഞ്ഞ ബിഡ് Probable Amount of Contract (PAC)-ന്റെ 44.8% മുകളിൽ ഉള്ളതായിരുന്നു. ഇതുപ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്ന കമ്പനിക്ക് സിംഗിൾ ഫേസ് ഉപഭോക്താക്കൾക്ക് പ്രതിമാസം 79.59 രൂപയും ത്രീ ഫേസ്/സി.ടി. മീറ്റർ ഉപഭോക്താക്കൾക്ക് 104.09 രൂപ/283 രൂപ വീതവും നൽകണം. ട്രാൻസ്ഫോമർ ഫീഡർ മീറ്ററുകൾക്ക് പ്രതിമാസം 283 രൂപ /288.20 രൂപ നൽകണം.

TOTEX അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഉണ്ടാകുന്നതിനെതിരെ പ്രതിഷേധ സമരങ്ങളുണ്ടായി. ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും വിവിധ ചർച്ചകൾ നടന്നു. 25-08-2023-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി എന്നിവരുടെ നേതൃത്വത്തിൽ ഉന്നതതല യോഗംചേർന്നു. സാധാരണക്കാർക്ക് വലിയ രീതിയിൽ അധിക ബാധ്യത ഉണ്ടാകാതെ സ്മാർട്ട് മീറ്റർ പദ്ധതി ഘട്ടംഘട്ടമായി നടപ്പാക്കാൻ തീരുമാനമെടുത്തു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരമുള്ള ബദൽ മാതൃക തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, പ്രശസ്ത സ്ഥാപനങ്ങളിൽ നിന്നുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഒരു ഐ.ടി. ഉപദേശക സമിതി രൂപീകരിച്ചു, സ്മാർട്ട് മീറ്റർ മേഖലയിലെ വിവിധ ഒ.ഇ.എം. കമ്പനികളുടെ പങ്കാളിത്തത്തോടെ ശില്പശാല നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഫീഡർ/ബോർഡർ മീറ്ററുകൾ, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമർ മീറ്ററുകൾ, സർക്കാർ ഉപഭോക്താക്കൾ. എച്ച്.ടി. ഉപഭോക്താക്കൾ എന്നിവർക്കായി 3 ലക്ഷം സ്മാർട്ട് മീറ്ററുകൾ KSEBL ഫണ്ടുപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ നടപ്പാക്കാൻ തീരുമാനിച്ചു. 06-11-2023-ൽ നടന്ന യോഗത്തിൽ (National conference of Power and New & Renewable Energy) ബദൽ മാതൃകയുമായി കെ.എസ്.ഇ.ബി.എൽ.-ന് മുന്നോട്ടുപോകാമെന്ന് കേന്ദ്ര ഊർജ വകുപ്പ് സെക്രട്ടറി അറിയിച്ചു. ഐ.ടി. ഉപദേശക സമിതി പല തവണ യോഗങ്ങൾ ചേർന്ന് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള രേഖകൾ (Request for

Proposal) തയ്യാറാക്കി. ടെൻഡർ ഉടൻ വിളിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക ബാധ്യത ആരാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്മാർട്ട് മീറ്റർ പദ്ധതിയുടെ ആദ്യ ഘട്ടം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഫണ്ടുപയോഗിച്ച് CAPEX അടിസ്ഥാനത്തിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഏകദേശം 277 കോടി രൂപ ഇതിനായി ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതുമൂലമുള്ള സാമ്പത്തിക ബാധ്യത ഉപഭോക്താക്കളിൽ വരുമെന്ന ആശങ്ക ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ?

സ്മാർട്ട് മീറ്ററുകൾ ഉപഭോക്താക്കളെ സംബന്ധിച്ച് മൂല്യവർധിത സേവനം നൽകുന്ന സംവിധാനമാണ്. എന്നാൽ, ഇതിന്റെ പേരിൽ ഉപഭോക്താക്കൾക്ക് വലിയ രീതിയിലുള്ള അധിക ബാധ്യത വരാതിരിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ

25-08-2023-ന് നടന്ന യോഗത്തിൽ TOTEX മാതൃകയ്ക്ക് പകരം ബദൽ മാതൃക രൂപീകരിക്കാൻ തീരുമാനിച്ചത്. എന്നാൽ ആദ്യഘട്ടത്തിൽ സാധാരണ ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ സ്ഥാപിക്കാത്തതിനാൽ അവർക്ക് യാതൊരുതരത്തിലുമുള്ള അധിക സാമ്പത്തിക ബാധ്യതയും വരുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ ആശങ്കയ്ക്ക് വകയില്ല.

ട്രാൻസ്ഫോമറുകളുടെ ശേഷി

230(4504) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന വികസന പദ്ധതിയായ 'ദ്യുതി'യിൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. പ്രസ്തുത പ്രവൃത്തികളിൽ 1636 ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്നതിനായി 61.38 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉയർന്ന നിലവാരത്തിലുള്ള റോഡുകൾക്ക് യോജിച്ചതും ആധുനിക രീതിയിലുള്ളതും രൂപഭംഗിയാർന്നതുമായ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്ന പ്രദേശങ്ങളിലും കെ.എസ്.ഇ.ബി. ലിമിറ്റഡിന് ധനസഹായം ലഭ്യമാകുന്ന പദ്ധതികളിലും സ്ഥലത്തിന്റെ പശ്ചാത്തല സൗന്ദര്യത്തിന് ഉതകുന്ന രീതിയിൽ വൈദ്യുതി വിതരണ പ്രതിഷ്ഠാപനങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത രീതിയിലുള്ള പ്രവൃത്തികൾക്ക് ഭീമമായ ചെലവ് വരുമെന്നതിനാലും ഇത് വൈദ്യുതി ചാർജിന്റെ വർധനയ്ക്ക് കാരണമാകുമെന്നതിനാലും കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച് ആയത് മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയില്ല. എന്നാൽ പ്രവൃത്തികൾക്കായുള്ള ചെലവ് വഹിക്കാൻ ഏതെങ്കിലും ഏജൻസികൾ തയ്യാറായാൽ പ്രസ്തുത പ്രവൃത്തികൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്.

ഉയർന്ന നിലവാരത്തിലുള്ള റോഡുകൾക്ക് യോജിച്ചതും ആധുനിക രീതിയിലുള്ളതും രൂപഭംഗിയാർന്നതുമായ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നിലവിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ട്രാൻസ്ഫോമർ പ്രതിഷ്ഠാപനങ്ങളുടെ സ്റ്റാൻഡേർഡൈസേഷൻ പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ദൃതി പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്.

വൈദ്യുതിയുടെ പ്രസരണ നഷ്ടം

231(4505) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണനഷ്ടം എത്ര യൂണിറ്റാണ്; ഇതുതടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത്, വൈദ്യുതിയുടെ പ്രസരണ നഷ്ടം 2022-23 സാമ്പത്തിക വർഷത്തിൽ 2.58 ശതമാനവും അതിന് ആനുപാതികമായ നഷ്ടം 722 ദശലക്ഷം യൂണിറ്റുമാണ്.

സംസ്ഥാനത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപാദനം, വൈദ്യുതി ഉപഭോഗം, പുതിയ ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും പൂർത്തീകരണം എന്നിവയ്ക്കനുസരിച്ച് പ്രസരണ നഷ്ടം വ്യത്യാസപ്പെടുന്നതാണ്. 2012-13 കാലയളവിൽ 5.03 ശതമാനമായിരുന്ന പ്രസരണ നഷ്ടം 2022-23 കാലയളവിൽ 3.6 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ 2023 ഒക്ടോബർ-ഡിസംബർ മാസങ്ങളിലെ ഉപഭോഗമനുസരിച്ച് പ്രസരണ നഷ്ടം കണക്കാക്കിയിട്ടുള്ളത് 3.489 ശതമാനമാണ്.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ സബ്സ്റ്റേഷനുകളുടെയും പ്രസരണ ലൈനുകളുടെയും നിർമ്മാണം, നിലവിലെ വൈദ്യുതി ലൈനുകളുടെയും സബ്സ്റ്റേഷനുകളുടെയും ശേഷി ഉയർത്തൽ, മുതലായ വിവിധ പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കിവരുന്നു. ഇതിനായി വിവിധ പ്രവൃത്തികൾ വാർഷിക പദ്ധതിയിലുൾപ്പെടുത്തി CAPEX 2022-27 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പാക്കിവരുന്നു. പുറമെനിന്നും ലഭ്യമാകുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ

വൈദ്യുതി, പ്രസരണ നഷ്ടം കുറച്ച് സംസ്ഥാനത്തുടനീളം എത്തിക്കുന്നതിന് പ്രസരണ രംഗത്ത് വിഭാവനം ചെയ്ത വൻകിട പദ്ധതിയാണ് ട്രാൻസ്ഗ്രിഡ്. ഒന്നാംഘട്ടം, രണ്ടാംഘട്ടം, ഗ്രീൻ കോറിഡോർ പാക്കേജ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായി 400 kV-യുടെ മൂന്ന് സബ്സ്റ്റേഷനുകളും 220 kV-യുടെ 22 സബ്സ്റ്റേഷനുകളും 3670 km ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിക്കാൻ ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നു. ഇതിൽ നിലവിൽ 12 സബ്സ്റ്റേഷനുകളും 1860 സർക്യൂട്ട് കിലോമീറ്റർ എക്സ്ട്രാ ഹൈ വോൾട്ടേജ് ലൈനുകളും നിർമ്മിച്ചിട്ടുണ്ട്.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് 66 കെ.വി. സിസ്റ്റം ഒഴിവാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള 66 കെ.വി. സബ്സ്റ്റേഷനുകളും ലൈനുകളും വൈദ്യുതിയുടെ ആവശ്യകതയ്ക്കനുസരിച്ച് 110 കെ.വി. ആയി ശേഷി വർധിപ്പിക്കുന്നുണ്ട്.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് കുറഞ്ഞ പ്രതിരോധവും ഉയർന്ന ചാലകതയുമുള്ള കണ്ടക്ടറുകൾ ഉപയോഗിക്കുന്നു (ഉദാഹരണം: അലുമിനിയം കണ്ടക്ടർ സ്റ്റീൽ റീഇൻഫോഴ്സ്ഡ് (ACSR), ഉയർന്ന താപനിലയുള്ള ലോ-

സാഗ് (HTLS) കണ്ടക്ടറുകൾ). ഈ കണ്ടക്ടറുകൾക്ക് കൂടുതൽ വൈദ്യുതി വഹിക്കാനും ഉയർന്ന താപനിലയെ നേരിടാനും കഴിയും, ഇത് ചൂട് കൂടുന്നതും സാഗ് കൊണ്ടുള്ളതുമായ നഷ്ടം കുറയ്ക്കുന്നു.

പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഉപകരണങ്ങളുടെ പരിപാലനവും പരിശോധനയും കൃത്യസമയത്ത് നടത്തി കേടായ ഘടകങ്ങൾ മാറ്റിസ്ഥാപിക്കുകയോ നന്നാക്കുകയോ ചെയ്യുന്നുണ്ട്. കൃത്യമായി ലൈനുകളുടെയും സബ്സ്റ്റേഷൻ ഉപകരണങ്ങളുടെയും അറ്റകുറ്റപ്പണികൾ നടത്തുന്നതുകൊണ്ട് കാര്യക്ഷമത വർധിപ്പിക്കുന്നതിനും നഷ്ടം കുറയ്ക്കുന്നതിനും കഴിയും.

(ബി) ഭൂഗർഭ കേബിളുകളിലൂടെ വൈദ്യുത വിതരണം നടത്തിയാൽ പ്രസരണ നഷ്ടവും അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുന്ന തുകയും ലാഭിക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

ഓവർഹെഡ് ലൈനുകളുമായി താരതമ്യം ചെയ്യുമ്പോൾ ഭൂഗർഭ കേബിളുകളിലൂടെയുള്ള വൈദ്യുതി വിതരണം അറ്റകുറ്റപ്പണികൾ കുറയ്ക്കാനും ഊർജനഷ്ടം കുറയ്ക്കാനും സഹായിക്കുന്നു. എന്നാൽ 2023-24 സാമ്പത്തിക

വർഷത്തിൽ റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച cost data പ്രകാരം ഒരു മീറ്റർ HT ലൈൻ, റാക്കുൺ കണ്ടക്ടറും PSC പോളും ഉപയോഗിച്ച് വലിക്കുന്നതിനുള്ള ചെലവ് 966 രൂപയായും റാക്കുൺ കണ്ടക്ടറും A പോളും ഉപയോഗിച്ച് വലിക്കുന്നതിനുള്ള ചെലവ് 1500 രൂപയായും നിശ്ചയിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു മീറ്റർ 11 കെ.വി. ലൈൻ വലിക്കുന്നതിനുള്ള ശരാശരി ചെലവ് 1233 രൂപയാകുമ്പോൾ, ഒരു മീറ്റർ 11 കെ.വി. UG കേബിൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് 2657 രൂപയാണ്. ഇതുകൂടാതെ റോഡ് റെസ്റ്റോറേഷൻ ചാർജ്ജും മറ്റ് യൂട്ടിലിറ്റി ചാർജ്ജുകളും അധികംവരുന്നതാണ്. ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുത താരിഫിൽ പ്രതിഫലിക്കുന്നതിനാൽ പൂർണ്ണമായും UG കേബിളുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ല. അതിനാൽ ഘട്ടംഘട്ടമായി എച്ച്.ടി./എൽ.ടി. വിതരണ ലൈനുകൾ, അണ്ടർ ഗ്രൗണ്ട് കേബിളുകൾ/കവചിത ചാലകങ്ങൾ ആക്കുവാനാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിച്ചിരിക്കുന്നത്.

പ്രസരണ നഷ്ടം, ഉപയോഗിക്കുന്ന വൈദ്യുത ചാലകത്തിന്റെ സാങ്കേതിക സ്വഭാവങ്ങൾക്കനുസരിച്ച് മാറുന്നതാണ്. ഭൂഗർഭ കേബിൾ

ഉപയോഗിച്ചതുകൊണ്ട് മാത്രം പ്രസരണ നഷ്ടം കുറയുന്നില്ല. എന്നാൽ ഭൂഗർഭ കേബിൾ ഉപയോഗിച്ചാൽ അറ്റകുറ്റപ്പണികൾക്കായുള്ള ചെലവ് ലാഭിക്കാൻ കഴിയും.

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; വേനൽക്കാലത്ത് എ.സി.-യുടെ ഉപയോഗം കൂടുമെന്ന് മുൻകൂട്ടി കണ്ട് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗംമൂലം ഫീഡറുകളിലും ട്രാൻസ്ഫോമറുകളിലും ക്രമാതീതമായ ലോഡ് വർധനവും വോൾട്ടേജ് ക്ഷാമവും ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പ്രസിദ്ധപ്പെടുത്തുന്ന ഇലക്ട്രിക് പവർ സർവെയിൽ പ്രതിപാദിച്ചിരിക്കുന്ന ലോഡ് വർധനവിനനുസരിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓരോ വർഷത്തെയും പ്രവൃത്തികൾ

പ്രധാനമായും ആസൂത്രണം ചെയ്യുവരുന്നത്. കേരളത്തിലെ പീക്ക് ഇലക്ട്രിസിറ്റി ഡിമാൻഡിൽ 5% വർധനവാണ് 20-ാമത്തെ ഇലക്ട്രിക് പവർ സർവെയിൽ പ്രവചിച്ചിരുന്നത്. ഇതിനനുസരിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ്, 2022-23, 2023-24-ലെയും പുതിയ ലൈൻ നിർമ്മാണം, ട്രാൻസ്ഫോമർ സ്ഥാപിക്കൽ, ട്രാൻസ്ഫോമറുകളുടെ ശേഷി വർധിപ്പിക്കുന്ന പ്രവൃത്തികൾ എന്നിവ ആസൂത്രണം ചെയ്ത നടപ്പാക്കിയിരുന്നത്. എന്നാൽ സംസ്ഥാനത്തുണ്ടായ ശക്തമായ ഉഷ്ണ തരംഗം എയർ കണ്ടീഷണറുകളുടെ ഉപയോഗം വർധിപ്പിക്കുകയും തന്മൂലം ക്രമാതീതമായ ലോഡ് വർധനവ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ശൃംഖലയിൽ (ഫീഡറുകളിലും ട്രാൻസ്ഫോമറുകളിലും) ഉണ്ടാവുകയും ചെയ്തു. വൈദ്യുതി വാഹനങ്ങളുടെ എണ്ണത്തിലുണ്ടായ വർധനവും ഡിമാൻഡ് കൂടാൻ കാരണമായി. 2023 മാർച്ച് മാസത്തെ അപേക്ഷിച്ച് 2024 മാർച്ച് മാസത്തിൽ രാജ്യത്തൊട്ടാകെയുള്ള വൈദ്യുതി ഉപഭോഗം കേവലം 1.4% മാത്രം വർധിച്ചപ്പോൾ കേരളത്തിലെ വൈദ്യുതി ഉപഭോഗം 12.79% ആണ് വർധിച്ചത്. 2023 ഏപ്രിൽ മാസത്തിൽ രാജ്യത്തെ വർധന 10.89% ആയിരിക്കെ സംസ്ഥാനത്ത് അത് 15.62% ആയി

വർധിക്കുകയുണ്ടായി. ഈ കാലയളവിൽ ഇന്ത്യയൊട്ടാകെ പീക്ക് ലോഡ് 3.8% വർധനവ് രേഖപ്പെടുത്തിയപ്പോൾ സംസ്ഥാനത്തെ പീക്ക് ടൈം ഉപഭോഗത്തിൽ 12.38 ശതമാനമാണ് വർധനവുണ്ടായത്. നൽകിയ പർച്ചേസ് ഓർഡറുകൾക്കനുസൃതമായി ട്രാൻസ്ഫോമറുകൾ M/s. KEL ലഭ്യമാക്കാതിരുന്നതും ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടി അപ്രതീക്ഷിതമായി ഉണ്ടായ മേൽ ലോഡ് വർധനവ് കൈകാര്യം ചെയ്യുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ബുദ്ധിമുട്ടുണ്ടാക്കി. പ്രസ്തുത സാഹചര്യങ്ങളെ നേരിടാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവൃത്തികളാണ് നടപ്പാക്കിയത്. ഉഷ്ണതരംഗത്തെ തുടർന്ന് അപ്രതീക്ഷിതമായി ഫീഡറുകളിലും ട്രാൻസ്ഫോമറുകളിലുമുണ്ടായ ലോഡ് വർധനവിനെ തുടർന്നുള്ള പ്രതിസന്ധിയെ ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടിയും ലോഡ് റീ അറേഞ്ച് ചെയ്തും വിവിധങ്ങളായ ഡിമാൻഡ് സൈഡ് മാനേജ്മെന്റ് പ്രവൃത്തികൾ നടപ്പാക്കിയും ഒരു പരിധിവരെ നിയന്ത്രണത്തിലാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സാധിച്ചിരുന്നു.

ഊർജ സംരക്ഷണ ക്ലാസുകളും കേബിൾ ടി.വി./FM എന്നിവയിൽ കൂടിയുള്ള പ്രചാരണങ്ങളും വീടുകളും ഫാക്ടറികളും മറ്റു സ്ഥാപനങ്ങളും കേന്ദ്രീകരിച്ചുള്ള ഊർജ സംരക്ഷണ ക്യാമ്പയിനുകളും WhatsApp ഗ്രൂപ്പുകൾ വഴിയുള്ള പ്രചരണങ്ങളും സെക്ഷൻ ഓഫീസ് വഴി ഊർജ സംരക്ഷണ നോട്ടീസുകളുടെ വിതരണവും ഡിമാൻഡ് സൈഡ് മാനേജ്മെന്റിന്റെ ഭാഗമായി നടത്തി വന്നിരുന്നു. പീക്ക് സമയത്തെ ഉപഭോഗം നിയന്ത്രിക്കാൻ HT/EHT ഉപഭോക്താക്കളോടും പൊതുമേഖലാ സ്ഥാപനങ്ങളോടും വാട്ടർ അതോറിറ്റിയോടും വാണിജ്യ സ്ഥാപനങ്ങളിലെ പരസ്യ ബോർഡുകളിലെ ലൈറ്റുകളും മറ്റ് അലങ്കാര ദീപങ്ങളും ഒഴിവാക്കാൻ വാണിജ്യ ഉപഭോക്താക്കളോടും കെ.എസ്.ഇ.ബി. ലിമിറ്റഡ് അഭ്യർഥിക്കുകയും ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. ലിമിറ്റഡുമായി സഹകരിക്കുകയും ചെയ്തിരുന്നു. ഈ വർഷമുണ്ടായ ലോഡ് വർധനവിനനുസരിച്ച് ഓവർലോഡ് ആയ ഫീഡറുകളുടെയും ട്രാൻസ്ഫോമറുകളുടെയും ശേഷി കൂട്ടുന്ന പ്രവൃത്തികൾ 'ദ്യുതി 2'-ൽ പുതുതായി ഉൾപ്പെടുത്താൻ വേണ്ട നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുത പ്രസരണ ശൃംഖലയും സബ്സ്റ്റേഷനുകളുടെ എണ്ണവും വൈദ്യുത ഉപഭോഗത്തിന് അനുസരിച്ച് വർധിപ്പിക്കുക, വൈദ്യുതി ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം എന്നിവയാണ്.

വരുംവർഷങ്ങളിലെ ഉപഭോഗം മുൻകൂട്ടിക്കണ്ട് വാർഷിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്. ഇത് നടപ്പാക്കുന്നത് വഴി വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ കഴിയും.

(ഡി) സംസ്ഥാനത്ത് ഒരു ട്രാൻസ്ഫോമർ പരിധിയിലെ വൈദ്യുതി കണക്ഷനുകൾ ട്രാൻസ്ഫോമർ കപ്പാസിറ്റി അനുസരിച്ചാണോ നൽകി വരുന്നത്; കണക്ഷനുകളും കണക്ടഡ് ലോഡും വർധിക്കുന്നതിനനുസരിച്ച് ട്രാൻസ്ഫോമറുകളുടെ കപ്പാസിറ്റി കൂട്ടുന്നതിനും പഴയ വൈദ്യുതി ലൈനുകൾ

മാറ്റി സ്ഥാപിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

ട്രാൻസ്ഫോമർ കപ്പാസിറ്റി അനുസരിച്ചാണ് ഒരു ട്രാൻസ്ഫോമർ പരിധിയിലെ കണക്ഷനുകൾ നൽകിവരുന്നത്.

വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി ദ്യുതി 1, 2 പദ്ധതികളിലുൾപ്പെടുത്തി ട്രാൻസ്ഫോമറുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തികളും പുതിയ ലൈനുകൾ നിർമ്മിക്കുന്ന പ്രവൃത്തികളും പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളും ലൈനുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തികളും ചെയ്തുവരുന്നു.

വിതരണ ശൃംഖലയുടെ മെച്ചപ്പെടുത്തലിനും വികസനത്തിനുമായി 2018 മുതൽ 2022 ജൂൺ വരെ നടപ്പാക്കിയ പദ്ധതിയാണ് 'ദ്യുതി 1'. 'ദ്യുതി 1' പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 4139 കി.മീ. 11 കെ.വി. OH ലൈനും 842 കി.മീ. 11 കെ.വി. എ.ബി.സി. ലൈനും 582 കി.മീ. HT ഭൂഗർഭ കേബിളുകളും 41.3 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 6546

ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 75250 km എൽ.ടി. ലൈനും 2684 km 11 കെ.വി. OH ലൈനും റി കണ്ടക്ടറിംഗ് നടത്തുകയും 6200 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ 3765 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്.

ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 2242 കി.മീ. HT OH ലൈനും 2246 കി.മീ. HT ABC ലൈനും 77 കി.മീ. covered conductor-ഉം 795 കി.മീ. ഭൂഗർഭ കേബിളും 858 കി.മീ. LT OH ലൈനും 4076 കി.മീ. LT ABC ലൈനും നിർമ്മിക്കാനും 4373 ട്രാൻസ്ഫോമറുകൾ പുതുതായി സ്ഥാപിക്കാനും 1769 ട്രാൻസ്ഫോമറുകൾ മാറ്റി സ്ഥാപിക്കാനുമാണ് DPR തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം 3671 fault pass indicator സ്ഥാപിക്കാനും 5752 കി.മീ. പഴയ HT ലൈനുകളും 28645 കി.മീ. പഴയ LT ലൈനുകളും മാറ്റി പുതിയത് വലിക്കാനും 2637 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റാനും ലക്ഷ്യമിട്ടിട്ടുണ്ട്. 2022-23 മുതൽ ജൂൺ 2024 വരെ 1034 കോടി രൂപയുടെ പ്രവൃത്തികൾ 'ദ്യുതി

2' പദ്ധതിയിൽ പൂർത്തീകരിച്ചിട്ടുണ്ട്. 'ദ്യുതി 2' പദ്ധതിയിലുൾപ്പെടുത്തി 2022-23 മുതൽ ജൂൺ 2024 വരെ പ്രധാനമായും 493 കി.മീ. 11 കെ.വി. OH ലൈനും 334 കി.മീ. 11 കെ.വി. എ.ബി.സി. ലൈനും 52 കി.മീ. HT ഭൂഗർഭ കേബിളുകളും 5 കി.മീ. കവേർഡ് കണ്ടക്ടറുകൾ ഉപയോഗിച്ചുള്ള ലൈനും പുതുതായി നിർമ്മിക്കുകയും അപ്ഗ്രഡേഷൻ ഉൾപ്പെടെ 1753 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 4455 km എൽ.ടി. ലൈനും 1202 km 11 കെ.വി. OH ലൈനും റി കണ്ടക്ടറിംഗ് നടത്തുകയും 782 കി.മീ. എൽ.ടി. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്.

(ഇ) സ്മാർട്ട് മീറ്റർ സംവിധാനത്തിലേക്ക് മാറുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതിയിലെ ഉൽപാദകരെ സാരമായി ബാധിക്കുന്ന നെറ്റ് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

സ്മാർട്ട് മീറ്റർ സംവിധാനത്തിലേക്ക് ഘട്ടംഘട്ടമായി മാറുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. പുരപ്പുറ സോളാർ പദ്ധതിയിലെ സോളാർ ഉൽപാദകർക്ക്, നിലവിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ

അനുമതിയോടുകൂടി നെറ്റ് മീറ്ററിംഗ് സംവിധാനത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ല് ചെയ്തുവരുന്നത്. ടി സംവിധാനം ഉൽപാദകരെ ദോഷകരമായി ബാധിക്കുന്നതായി പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

(എഫ്) പുനരുപയോഗ എനർജി ഉൽപാദകർ നൽകുന്ന വൈദ്യുതിക്ക് സമയബന്ധിതമായി പണം നൽകാൻ നടപടി സ്വീകരിക്കുമോ?

പുനരുപയോഗ എനർജി ഉൽപാദകർ നൽകുന്ന വൈദ്യുതിക്ക് സമയബന്ധിതമായി പണം നൽകാൻ വേണ്ട നിർദ്ദേശം ഫീൽഡ് ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നെറ്റ് മീറ്ററിംഗ് റെഗുലേഷൻ 2020-ലെ ചട്ടം 21.5 പ്രകാരം പുനരുപയോഗ വൈദ്യുതി ഉൽപാദകർ നൽകുന്ന അധിക വൈദ്യുതിക്ക്, റെഗുലേറ്ററി കമ്മീഷൻ അതത് സാമ്പത്തിക വർഷത്തിൽ നിശ്ചയിക്കുന്ന നിരക്കിൽ സമയബന്ധിതമായി പണം നൽകിവരുന്നുണ്ട്.

പുനരുപയോഗ എനർജി ഉൽപാദകർ നൽകുന്ന വൈദ്യുതിക്ക് നിരക്കുകൾ നിശ്ചയിക്കുന്നത് സംസ്ഥാന റെഗുലേറ്ററി കമ്മീഷനാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 23-02-2023-ലെ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ യൂണിറ്റ് ഒന്നിന് 2.69 രൂപയാണ് പുരപ്പുറ സോളാർ പദ്ധതി പ്രകാരം ഉൽപാദകർക്ക് നൽകിയത്. 2023-24 നിരക്ക് സംബന്ധിച്ച ഉത്തരവ് റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് സോളാർ ഉപഭോക്താക്കൾക്ക് ഉടൻതന്നെ തുക നൽകുന്നതായിരിക്കും.

കെ.എസ്.ഇ.ബി.എൽ.-ലെ നിയമനം

232(4506) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ൽ വിവിധ തസ്തികകളിലായി എത്ര പേർക്ക് നിയമനം നൽകിയെന്ന് തസ്തിക തിരിച്ചുള്ള വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിയമനം നൽകിയ വിശദാംശങ്ങൾ തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു.

Assistant Engineer (Electrical) – 89

Assistant Engineer (Civil) – 95

Sub Engineer (Electrical) – 259

Meter Reader – 230

Cashier – 94

Overseer (Civil) – 3

Office Attendant – 37

Driver – 1

PTC Sweeper – 2

(ബി) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകളാണ് നേരിട്ടുള്ള നിയമനത്തിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(ബി-ഡി) സാങ്കേതികവിദ്യയിലും പ്രസരണ-വിതരണ വിഭാഗങ്ങളിൽവന്ന മുന്നേറ്റങ്ങൾക്കനുസൃതമായും മറ്റുവിതരണ കമ്പനികളുമായി താരതമ്യം ചെയ്യും വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022-ലെ നിർദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19-01-2024-ലെ കത്തിലെ നിർദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്ന റീ-സ്ട്രക്ചറിംഗ്

നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമെ ഓരോ തസ്തികയിലെയും അംഗീകൃത എണ്ണം കൃത്യമായി കണക്കാക്കാൻ കഴിയൂ. അതിനനുസരിച്ച് മാത്രമെ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാനും ഒഴിവുകൾ കണ്ടെത്താനും കഴിയുകയുള്ളൂ. ആയതിനുശേഷം കണ്ടെത്തുന്ന ഒഴിവുകൾ കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

വൈദ്യുതി ഉപകരണങ്ങളുടെ വിതരണം സുതാര്യമാക്കാൻ നടപടി

233(4507) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ വൈദ്യുത ഉപകരണങ്ങൾ, പോസ്റ്റുകൾ, സ്മാർട്ട് മീറ്ററുകൾ, ട്രാൻസ്ഫോമറുകൾ, എ.ബി.സി കേബിൾ എന്നിവയ്ക്ക് കടുത്ത ക്ഷാമം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മലബാർ മേഖലയിലെ വിവിധ ജില്ലകളിൽ ട്രാൻസ്ഫോമറുകൾ, എ.ബി.സി. കേബിളുകൾ എന്നിവയ്ക്ക് ക്ഷാമം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മലബാർ മേഖലയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിന്റെ ആദ്യഘട്ടം ആരംഭിക്കുന്നതെയുള്ളൂ. അതിനാൽ സ്മാർട്ട് മീറ്ററിന് ക്ഷാമം ഉണ്ടെന്നത് വസ്തുതാപരമല്ല.

(ബി) എങ്കിൽ ഓരോ ജില്ലയിലെയും ഗ്രണഭോക്താക്കളുടെ എണ്ണത്തിനനുസരിച്ച് മെറ്റീരിയലുകൾ വിതരണം ചെയ്യുന്നതിന് സുതാര്യമായ നടപടി സ്വീകരിക്കുമോ?

ഓരോ ജില്ലയിലും ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസരിച്ച് മാത്രം മെറ്റീരിയൽസ് നൽകുന്ന രീതി നിലവിൽ കെ.എസ്.ഇ.ബി.എൽ.-ൽ ഇല്ല.

ഓരോ ജില്ലയിലും ഓരോ സാമ്പത്തിക വർഷവും ഉപഭോക്താക്കളുടെ എണ്ണം ഉൾപ്പെടെയുള്ള ഘടകങ്ങൾ പരിഗണിച്ച് നിശ്ചയിക്കപ്പെടുന്ന പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.എൽ. ഭരണാനുമതി നൽകി അതിനാവശ്യമായ പ്രധാന സാധന സാമഗ്രികൾ ഏകീകൃത പർച്ചേസ് സംവിധാനംവഴി വാങ്ങി നൽകുന്നതാണ് പതിവ്. എന്നിരുന്നാലും പ്രവൃത്തിയുടെ പ്രാധാന്യവും മുൻഗണനാക്രമവും നോക്കി അത്യാവശ്യ

പ്രവൃത്തികൾക്ക് ഉടനടി സാധന സാമഗ്രികൾ നൽകി ജോലികൾ പൂർത്തിയാക്കി വരികയും ചെയ്യുന്നുണ്ട്.

ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ

234(4508) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. സ്ഥാപിച്ച ഇലക്ട്രിക് ചാർജിംഗ് സ്റ്റേഷനുകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

2019-ൽ പുറത്തിറക്കിയ കേരള സർക്കാരിന്റെ വൈദ്യുത വാഹന നയ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനെ ചാർജിംഗ് സംവിധാനങ്ങൾക്കുള്ള നോഡൽ ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതുപ്രകാരം 'വൈദ്യുത വാഹനങ്ങൾ പ്രചരിപ്പിക്കുക' എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിനായി സംസ്ഥാനമൊട്ടാകെ വിപുലമായ വൈദ്യുത വാഹന ചാർജിംഗ് ശൃംഖല കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലുമായി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും

എല്ലാ നിയോജകമണ്ഡലങ്ങളിലുമായി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുമാണ് ഇത്തരത്തിൽ സ്ഥാപിച്ചിരിക്കുന്നത്. വൈദ്യുത വാഹന രംഗത്ത് വലിയ കുതിച്ചുചാട്ടത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നു. ഇന്നത്തെ നിലയിൽ 1.6 ലക്ഷത്തോളം വൈദ്യുത വാഹനങ്ങളാണ് കേരളത്തിന്റെ നിരത്തുകളിൽ ഓടുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്ഥാപിച്ച സ്റ്റേഷനുകൾക്ക് പുറമെ 680-ൽ പരം ചാർജിംഗ് സംവിധാനങ്ങളും നിലവിലുണ്ട്.

സംസ്ഥാനത്ത് ഇലക്ട്രിക് വെഹിക്കിൾ പോളിസിയുടെ ഭാഗമായി വൈദ്യുത വാഹനങ്ങൾക്ക് ചാർജിംഗിന് അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരുന്ന തുടക്ക കാലത്താണ് 'ഇ-മൊബിലിറ്റി സുഗമമാക്കുക' എന്ന ഗവൺമെന്റ് നയം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പ്രാഥമിക അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനായി ഒരു ചാർജിംഗ് ശൃംഖല കെ.എസ്.ഇ.ബി. ലിമിറ്റഡ് സജ്ജീകരിച്ചത്.

ഈ സ്റ്റേഷനുകൾ എല്ലാംതന്നെ ഇന്ത്യയിൽ അന്ന് നിലവിലുണ്ടായിരുന്നതും സമീപഭാവിയിൽ പ്രതീക്ഷിച്ചിരുന്നതുമായ എല്ലാ

വാഹനങ്ങളും ചാർജ് ചെയ്യാൻ പര്യാപ്തമായിരുന്നു. പ്രധാനമായും നിലവിൽ ഉണ്ടായിരുന്ന കാറുകളും അവയുടെ ചാർജിംഗ് സ്റ്റാൻഡേർഡും താഴെ പറയുന്നു:

1. മഹീന്ദ്ര e-Verito Bharat DC 001
2. മഹീന്ദ്ര e2O Bharat DC 001
3. മഹീന്ദ്ര e2O Plus Bharat DC 001
4. ടാറ്റ Tigor Xpress-T Bharat DC 001
5. ടാറ്റ Nexon CCS 2
6. നിസ്സാൻ ലീഫ് CHAdeMO

എന്നാൽ 2021 മുതൽ ഇങ്ങോട്ട് വിപണിയിൽവന്ന പല കാറുകളും കൂടിയ വോൾട്ടേജിൽ ചാർജ് ചെയ്യുന്ന, CCS 2 എന്ന യൂറോപ്യൻ സ്റ്റാൻഡേർഡിന് യോജിച്ചതായിരുന്നു. ഇക്കാരണത്താൽ ഭാരത് DC 001 ചാർജറുകൾ പൊതുവെ ഉപയോഗം കുറഞ്ഞതായിമാറി.

കെ.എസ്.ഇ.ബി.എൽ. ഇൻസ്റ്റാൾ ചെയ്ത 63 DC ചാർജിംഗ് സ്റ്റേഷനുകളിൽ 58 സ്റ്റേഷനുകളിലും CCS 2 ചാർജറുണ്ട്; DHI, GoI-യുടെ FAME

II സ്കീമിന് കീഴിൽ ഇൻസ്റ്റാൾ ചെയ്ത നിലവിൽ CCS 2 ചാർജർ ഇല്ലാത്ത ശേഷിക്കുന്ന അഞ്ച് സ്ലോ സ്റ്റേഷനുകളിൽ അത്തരം ചാർജറുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

സ്റ്റേഷനുകൾ ഫലപ്രദമായി ഉപയോഗിക്കുക എന്ന ലക്ഷ്യത്തോടെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ചാർജിംഗ് സ്റ്റേഷനുകളുടെ ഉപഭോക്താക്കൾക്ക് മാത്രമായി 24x7 സേവനം ലഭ്യമാക്കുന്ന രീതിയിൽ കോൾസെന്റർ രൂപീകരിച്ചിട്ടുണ്ട്.
2. വെയിലും മഴയുമേൽക്കാതെ സൗകര്യപ്രദമായ ചാർജിംഗിനായി സാധ്യമായ സ്ഥലങ്ങളിൽ മേൽക്കൂരയും ഇരിപ്പിടങ്ങളും സജ്ജമാക്കിയിട്ടുണ്ട്.
3. ഓരോ ചാർജിംഗ് സ്റ്റേഷന്റെയും പരിപാലനത്തിനായി അസിസ്റ്റന്റ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും ഉപഭോക്താക്കൾക്ക് പരാതി പരിഹാരത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും മൊത്തത്തിലുള്ള മേൽനോട്ടത്തിന്

എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

4. പാർക്കിംഗിനുള്ള സ്ഥലലഭ്യതക്കുറവ്, ദേശീയ പാത വികസനം തുടങ്ങിയ കാരണങ്ങളാൽ ചില പോൾ മൗണ്ടഡ് സ്റ്റേഷനുകൾ ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സ്റ്റേഷനുകൾ സൗകര്യപ്രദമായി മാറ്റി സ്ഥാപിക്കാൻ പൊതു മാർഗനിർദേശം നൽകിയിട്ടുണ്ട്.

രാജ്യത്ത് വളർന്നുവരുന്ന ഒരു സാങ്കേതികവിദ്യ ആയതിനാൽ ചാർജിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനത്തിൽ പല പ്രശ്നങ്ങളും ഉയർന്നുവരുന്നുണ്ട്. ഇവ ഉപകരണ നിർമ്മാതാക്കൾ, സോഫ്റ്റ്വെയർ ദാതാക്കൾ, വാഹന നിർമ്മാതാക്കൾ തുടങ്ങി എല്ലാ തത്പരകക്ഷികളുമായി ചേർന്ന് പരിഹരിക്കുന്നതിനുള്ള നിരന്തര ശ്രമം കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നുണ്ട്.

എല്ലാ ജില്ലകളിലുമായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കാൻ കണ്ടെത്തിയ 2392 സ്ഥലങ്ങളുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട ജില്ലാ

കളക്ടർമാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട MLA/MP-മാരുടെ ആസ്തി വികസന ഫണ്ടോ ഇതര സാമ്പത്തിക സഹായമോ ലഭ്യമാക്കുന്നതിനുള്ള ശ്രമവും നടത്തിവരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരം ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നത് ലൈസൻസ് ആവശ്യമില്ലാത്ത പ്രവൃത്തിയാണ്. അതിൻ പ്രകാരം വ്യക്തികൾക്കോ സ്വകാര്യ സംരംഭകർക്കോ സാങ്കേതിക സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് വൈദ്യുത വാഹന ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാവുന്നതാണ്.

വൈദ്യുത വാഹനങ്ങളുടെ വ്യാപനത്തെ തുടർന്ന് സംസ്ഥാനത്ത് ഇപ്പോൾ 350-ൽ പരം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതര സ്ലോ ചാർജിംഗ് സ്റ്റേഷനുകളും 300-ൽ പരം കെ.എസ്.ഇ.ബി. ലിമിറ്റഡ് ഇതര ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളുമുണ്ട്.

വൈദ്യുതിയുടെ വാങ്ങലും വില്പനയും

235(4509) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിച്ചുവെന്ന് അറിയിക്കാമോ?

2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തെ മൊത്തം ആഭ്യന്തര ഉൽപാദനം 6504.28 ദശലക്ഷം യൂണിറ്റാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങിയിട്ടുണ്ടെന്നും യൂണിറ്റിന് നൽകിയ വില എത്രയാണെന്നും വ്യക്തമാക്കാമോ?

കേന്ദ്ര വൈദ്യുതി വിഹിതമായും ദീർഘകാല, മധ്യകാല, ഹ്രസ്വകാല കരാർ മുഖേനയും കൈമാറ്റ കരാറിലൂടെയും (ബാങ്കിംഗ്) കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിന് പുറത്തുനിന്നും ഏകദേശം 23923 ദശലക്ഷം യൂണിറ്റ് വൈദ്യുതി യൂണിറ്റ് ഒന്നിന് ശരാശരി 4.96 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

മേൽപ്പറഞ്ഞ കരാർ വൈദ്യുതിക്ക് പുറമെ അധിക വൈദ്യുതി ആവശ്യം നിറവേറ്റുന്നതിനായി പവർ എക്സ്ചേഞ്ചുകളിൽനിന്നും പ്രതിമാസ കരാറുകൾ വഴി വൈദ്യുതി വാങ്ങിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം പവർ എക്സ്ചേഞ്ചുവഴി 3641.7 ദശലക്ഷം യൂണിറ്റ് വൈദ്യുതി 2119.85 കോടി രൂപയ്ക്ക് വാങ്ങുകയുണ്ടായി, ശരാശരി യൂണിറ്റിന് 5.82 രൂപ നിരക്കിലാണ് വാങ്ങിയത്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഉൽപാദിപ്പിച്ച വൈദ്യുതിയിൽനിന്ന് വില്പന നടത്തിയിട്ടുണ്ടെങ്കിൽ അത് എത്ര മെഗാവാട്ട് ആണെന്നും യൂണിറ്റിന് ലഭ്യമായ വില എത്രയാണെന്നും വ്യക്തമാക്കാമോ?

2023-24 സാമ്പത്തിക വർഷം ആവശ്യകതയിലും ലഭ്യതയിലും വന്ന ഏറ്റക്കുറച്ചിലുകൾമൂലം പവർ എക്സ്ചേഞ്ച് വഴി 71.27 ദശലക്ഷം യൂണിറ്റ് വൈദ്യുതി വില്പന നടത്തുകയുണ്ടായി, ശരാശരി യൂണിറ്റിന് 8.53 രൂപ നിരക്കിലാണ് വില്പന നടത്തിയത്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം ഏതെല്ലാം ഏജൻസികളിൽ നിന്നാണ് വൈദ്യുതി വാങ്ങിയതെന്ന വിവരം ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കിയത് ചുവടെപ്പറയുന്ന മാർഗങ്ങളിലൂടെയാണ്.

കേന്ദ്ര വിഹിതം

- ദീർഘകാല കരാറുകൾ
- DEEP കേന്ദ്ര ഗവൺമെന്റ് പോർട്ടൽ വഴിയുള്ള ഹ്രസ്വകാല കരാറുകൾ
- മധ്യകാല കരാറുകൾ
- പവർ ബാങ്കിംഗ് സംവിധാനം
- പവർ മാർക്കറ്റിലൂടെ മാസാടിസ്ഥാന കരാർ
- പവർ മാർക്കറ്റിലെ തലേദിവസം, തൽസമയം ബിഡിംഗ് സംവിധാനം
- പവർ എക്സ്ചേഞ്ചുകളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് കരാർ വയ്ക്കാറില്ല. പവർ മാർക്കറ്റിൽ വാങ്ങുന്നയാളിനെയും വിൽക്കുന്നയാളിനെയും തിരിച്ചറിയാറില്ല (anonymous bidding).
- 2023-24-ൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങിയ ഉൽപാദകരുടെ/ട്രേഡറുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ഉറുമി ജലവൈദ്യുത പദ്ധതിയുടെ നവീകരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

236(4510) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത പദ്ധതിക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടായ നാശനഷ്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിലെ ഉറുമി ജലവൈദ്യുത രണ്ടാംഘട്ടം പദ്ധതിയിൽ പ്രകൃതിക്ഷോഭം മൂലം നാശനഷ്ടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 04-07-2023-ന് പ്രസ്തുത പദ്ധതിയുടെ പവർ ഹൗസിന്റെ പുറകുവശത്തുനിന്നും 12 മീറ്റർ അകലെയായി പ്രധാന പെൻസ്റ്റോക്കിന്റെ 1.10 മീറ്റർ നീളത്തിലും 0.75 മീറ്റർ വീതിയിലുമുള്ള ഒരു ഭാഗം, പെൻസ്റ്റോക്ക് പൈപ്പിലുണ്ടായ അമിത മർദ്ദംമൂലം അടർന്ന് പോകുകയും അതിനെത്തുടർന്ന് വൈദ്യുതി ഉൽപാദനം നിർത്തിവയ്ക്കേണ്ടതായുംവന്നു. പ്രസ്തുത പെൻസ്റ്റോക്ക് പൈപ്പ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത് പരിഹരിക്കുന്നതിന് എത്ര തുക വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

ഈ തകരാറുകൾ പരിഹരിക്കുന്നതിന് ഇലക്ട്രോ മെക്കാനിക്കൽ, സിവിൽ വിഭാഗങ്ങളിലായി ഏകദേശം 7,18,00,000/- രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(സി) തകരാർ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഇലക്ട്രോ മെക്കാനിക്കൽ വിഭാഗത്തിലെ തകരാർ പരിഹരിക്കുന്നതിനായി ടെൻഡർ വിളിച്ചു. വർക്ക് ഓർഡർ നൽകി. സിവിൽ വിഭാഗത്തിലെ പ്രവൃത്തികൾക്കായി ടെൻഡർ നടപടികൾ ആരംഭിച്ചു.

മാർമല ജലവൈദ്യുത പദ്ധതി

237(4511) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാർമല ജലവൈദ്യുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിലെ മാർമല ചെറുകിട ജല വൈദ്യുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് നടപടികൾ നടന്നുവരുന്നു. സ്ഥലമെടുപ്പ് കഴിഞ്ഞാൽ ഉടനെതന്നെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

അംഗൻ ജ്യോതി പദ്ധതി

238(4512) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ അങ്കണവാടികളിൽ 'അംഗൻ ജ്യോതി' പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ വർക്കല മണ്ഡലത്തിലെ അങ്കണവാടികളിൽ അംഗൻ ജ്യോതി പദ്ധതി നടപ്പാക്കിയിട്ടില്ല.

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും എനർജി മാനേജ്മെന്റ് സെന്റർ വഴി അംഗൻ ജ്യോതി പദ്ധതി വ്യാപിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ നടപടി

239(4513) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർധിച്ചുവരുന്ന വൈദ്യുതി ആവശ്യം കണക്കിലെടുത്ത് സംസ്ഥാനത്ത് പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ജനങ്ങൾക്കും വ്യവസായ മേഖലയ്ക്കും കുറഞ്ഞ ചെലവിൽ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) വർധിച്ചുവരുന്ന വൈദ്യുതി ഉപയോഗം കണക്കിലെടുത്തുകൊണ്ട് സംസ്ഥാനത്ത് വൈദ്യുതിക്ഷാമം ഉണ്ടാകില്ലെന്നുറപ്പ് വരുത്തുന്നതിനായി വൈദ്യുതിയുടെ ആവശ്യകത അടുത്ത 25 വർഷത്തേക്ക് കണക്കാക്കുകയും ഇതിനനുസരിച്ചു കൂടുതൽ ജലവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുക, പാരമ്പര്യേതര ഊർജസ്രോതസ്സുകളിൽ നിന്നും

വൈദ്യുതി ഉൽപാദിപ്പിക്കുക തുടങ്ങിയ മാർഗങ്ങൾവഴി ആഭ്യന്തര ഉൽപാദനം വരും വർഷങ്ങളിൽ വർധിപ്പിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതി ഉൽപാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ സാധിച്ചിട്ടില്ലെങ്കിലും കൂടുതൽ വൈദ്യുതി പുറത്തുനിന്നും കൊണ്ടുവരുന്നതിനായി വിവിധ കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഉൽപാദന പ്രസരണ രംഗത്ത് മുടങ്ങിക്കിടന്ന പദ്ധതികൾ പുനരാരംഭിക്കാൻ നടപടികൾ കൈക്കൊണ്ടു. പുറമെനിന്ന് വാങ്ങുന്നതും ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നതുമായ വൈദ്യുതി സംസ്ഥാനത്ത് തടസ്സരഹിതമായി എത്തിക്കാനും വിതരണം ചെയ്യാനും സാധിക്കുംവിധം പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു, വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചതും തടസ്സരഹിതമായി വൈദ്യുതി എത്തിക്കാൻ സാധിച്ചതും സംസ്ഥാനത്ത് വാണിജ്യ വ്യവസായ രംഗത്ത് സഹായകരമായി.

സംസ്ഥാനത്ത് അധിക വൈദ്യുതി ഉൽപാദിപ്പിക്കുന്നതിനായി നിർമ്മാണം പുരോഗമിക്കുന്നതും പുതിയ പദ്ധതികളുമുൾപ്പെടെ ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന വൻകിട/ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു[+]. ഈ പദ്ധതികൾ മുഖേന 1809.536 MW അധിക ഉൽപാദനശേഷി 2030-ഓടുകൂടി ലക്ഷ്യമിടുന്നു.

ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിനായി 227.536 MW മൊത്തം സ്ഥാപിതശേഷിയുള്ള 11 ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൂടാതെ 92 MW മൊത്തം സ്ഥാപിതശേഷിയുള്ള 13 ചെറുകിട ജല വൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായിട്ടുള്ള പ്രവർത്തനങ്ങൾ (സ്ഥലമേറ്റെടുപ്പ് ഉൾപ്പടെയുള്ള) വിവിധഘട്ടങ്ങളിലാണ്.

ഇടുക്കി സുവർണ്ണ ജൂബിലി പദ്ധതി (800 MW/1301 Mu), ശബരിഗിരി എക്സ്റ്റൻഷൻ സ്കീം (450 MW/834.16 Mu), ലക്ഷ്മി ജല വൈദ്യുത പദ്ധതി (240 MW/347 Mu) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യമായ അനുമതികൾ ലഭ്യമാക്കുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ ഡാമുകളിൽനിന്നും പുറന്തള്ളുന്ന വെള്ളം വീണ്ടും പമ്പ് ചെയ്ത് വൈദ്യുതി ഉൽപാദനം വർധിപ്പിക്കുന്നതിനായി പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ നടപ്പാക്കുന്നതിനായി മൊത്തം 3150 മെഗാവാട്ട് ശേഷിയുള്ള 9 സൈറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2 പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ തത്വത്തിലുള്ള അനുമതി ലഭ്യമായിട്ടുണ്ട്.

കൂടാതെ വിവിധ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ/ഡി.പി.ആർ. തയ്യാറാക്കൽ പ്രവൃത്തികളും നടന്നുവരുന്നു.

സ്വകാര്യ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സംസ്ഥാനത്ത് കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യ സംരംഭകർ സ്വന്തം ഭൂമിയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും സർക്കാർ മുൻഗണന നൽകുന്നുണ്ട്. നിലവിൽ ഈ രീതിയിൽ വിവിധ പദ്ധതികളുടെ

പ്രൊപ്പോസലുകൾ ചെറുകിട പ്രൊമോഷൻ സെൽ മുഖേന സ്വീകരിച്ച് വരുന്നുണ്ട്.

കക്കയം ജലവൈദ്യുത പദ്ധതി

240(4514) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കക്കയം ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ കടന്നുപോകുന്നതിനായി സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുത്തിരുന്നോ; എങ്കിൽ എത്രപേരുടെ ഭൂമിയാണ് ഇതിനായി ഏറ്റെടുത്തിട്ടുള്ളതെന്നും പ്രസ്തുത ഭൂമിക്ക് നഷ്ടപരിഹാരം കൊടുത്തിട്ടുണ്ടോയെന്നും വിശദമാക്കാമോ?

കക്കയം ജലവൈദ്യുത പദ്ധതിയുടെ പെൻസ്റ്റോക്ക് പൈപ്പുകൾ കടന്നുപോകുന്നതിനായി സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കപ്പെട്ട വ്യക്തികളുടെ പേരും നൽകിയ നഷ്ടപരിഹാരത്തുക സംബന്ധിച്ച വിവരങ്ങളും താഴെപ്പറയും പ്രകാരമാണ്.

Sl No	Name of Land Owner	Area ഹെക്ടർ	Amount Given രൂപ
A	ലാൻഡ് വാല്യു കമിറ്റിക ഇനി കൊടുക്കാനുള്ളത്		

1	മത്തായി കുറുമുട്ടത്ത് (Late) കുറുമുട്ടത്ത് വീട്, കക്കയം.	0.27	210000.00
2	ശ്രീമതി ലീല കുവപ്പൊയിൽ, W/o തങ്കപ്പൻ (Late) കുവപ്പൊയിൽ വീട്, കക്കയം.	0.38	210000.00
3	ശ്രീ. ജോസഫ് കുറുമുട്ടത്ത് (Late), ശ്രീമതി ത്രേസ്യ കുറുമുട്ടത്ത്, കുറുമുട്ടത്ത് വീട്, കക്കയം	0.60	300000.00
4	പ്രജീഷ് പൂവത്തിങ്കൽ, പൂവത്തിങ്കൽ വീട്, കക്കയം	0.20	170000.00
5	ശ്രീമതി ത്രേസ്യ പൂവത്തിങ്കൽ പൂവത്തിങ്കൽ (H), കക്കയം	0.20	180000.00
	Total	1.65 Ha	10,70,000/-
B	മുഴുവൻ നഷ്ടപരിഹാരത്തുക നൽകിക്കഴിഞ്ഞത്		
1	മണ്ണനാൽ ഫിലിപ്പ് മണ്ണനാൽ (H)	0.4262 0.7641	1441188
2	വിൻസെന്റ് ജോസഫ്, ടി. വത്സല ജോസ്, ടി. സൂസൻ ജോസ്, ജെസി ജോസ്, ഷൈനി ജോസ് ഷൈന ജോസ്, ടി. ത്രേസ്യാമ്മ, മണ്ണനാൽ (H)	0.8258 0.6514	1788549
3	ജോസഫ് മണ്ണനാൽ (H)	0.0865	104615
4	സ്കറിയാച്ചൻ മണ്ണനാൽ (H)	0.3065	371126
5	അന്നമ്മ തോണക്കരപാറയിൽ	0.6650	805168
6	ടി. സി. ജെയിംസ് തേരകത്തിങ്കൽ, തലയാട്	0.3273	396263
7	ഷേർളി തേരകത്തിങ്കൽ, തലയാട്	0.5219	631904
	Total	4.5747 Ha	5,538,813/-

വൈദ്യുത ബില്ലിലെ വ്യത്യസ്ത ഇനങ്ങൾ

241(4515) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രണഭോക്താക്കൾക്ക് നൽകുന്ന വൈദ്യുത ബില്ലിൽ ഏതെല്ലാം ഇനത്തിലാണ് തുക ഈടാക്കുന്നതെന്ന് വിശദമാക്കുമോ?

ഗ്രണഭോക്താക്കൾക്ക് നൽകുന്ന ബില്ലുകളിൽ താഴെപ്പറയുന്ന ഇനങ്ങളിലാണ് തുക ഈടാക്കുന്നത്.

1.എനർജി ചാർജ്

2. ഫിക്സഡ് ചാർജ്

3. ഇലക്ട്രിസിറ്റി ഡ്യൂട്ടി

4. മീറ്റർ വാടക

5. ഫ്യൂവൽ സർചാർജ്

6. Auto recovery fuel surcharge

7. Late payment surcharge (യഥാസമയം ബിൽ തുക അടയ്ക്കാതിരുന്നാൽ)

8.റീ കണക്ഷൻ ചാർജ് (ഡിസ്കണക്ട് ചെയ്തവർക്കുമാത്രം)

9.പവർ ഫാക്ടർ ഇൻസെന്റീവ്/പെനാൽറ്റി (വ്യാവസായിക കണക്ഷനുകൾക്ക് മാത്രം)

10. Self-generation duty (സോളാർ പ്രൊസ്യൂമർക്ക്)

11. മീറ്റർ വാടകയിന്മേലുള്ള ജി.എസ്.ടി.

(ബി) പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് ചാർജ്, മീറ്റർ വാടക, എനർജി ചാർജ്, ഡ്യൂട്ടി, ഫ്യൂവൽ സർചാർജ്, മന്ത്ലി ഫ്യൂവൽ സർചാർജ് എന്നീ വ്യത്യസ്ത ഇനങ്ങളിലായി പണം ഈടാക്കാനുള്ള കാരണമെന്താണെന്ന് ഇനം തിരിച്ച് വിശദമാക്കുമോ?

വൈദ്യുതി നിയമം - 2003-ലെ 45 (3) (a) വകുപ്പുപ്രകാരം വിതരണ ലൈസൻസി നൽകുന്ന വൈദ്യുതിക്ക്, യഥാർഥ വൈദ്യുതി ഉപയോഗത്തിനുള്ള ചാർജിനുപുറമെ (energy charge) ഫിക്സഡ് ചാർജുകൂടി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 45 (3) (b) പ്രകാരം ലൈസൻസി നൽകുന്ന മീറ്ററിന് വാടക ഈടാക്കാമെന്ന് വ്യവസ്ഥചെയ്യുന്നു. കൂടാതെ ഇലക്ട്രിസിറ്റി ഡ്യൂട്ടിയും സെൽഫ് ജനറേഷൻ ഡ്യൂട്ടിയും 1963-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് വ്യവസ്ഥകൾ പ്രകാരമാണ് ഈടാക്കുന്നത്. Fuel

surcharge, monthly fuel surcharge, late payment surcharge എന്നിവ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിന് വിധേയമായാണ് ഈടാക്കുന്നത്.

1. എനർജി ചാർജ്:

സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗത്തിന്റെ 30% മാത്രമെ ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള 70 ശതമാനവും സംസ്ഥാനത്തിന് പുറമെയുള്ള സ്രോതസ്സുകളിൽനിന്ന് ലഭ്യമാക്കുകയാണ്. ഇപ്രകാരം ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന വൈദ്യുതിയുടെയും പുറമെനിന്ന് വാങ്ങുന്ന വൈദ്യുതിയുടെയും വേരിയബിൾ ചാർജ് ഈടാക്കുന്നതിനുവേണ്ടിയാണ് ഉപഭോക്താക്കളുടെ ഉപഭോഗത്തിന് (consumption) അനുസൃതമായി സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം എനർജി ചാർജ് ഈടാക്കുന്നത്.

2. ഫിക്സഡ് ചാർജ്:

വിതരണ കമ്പനിയുടെ പ്രധാനപ്പെട്ട ചെലവിനങ്ങളായ ഉൽപാദനപ്രസരണ വിഭാഗത്തിലെ ചെലവുകൾ, വൈദ്യുതി വാങ്ങൽ വിലയിലെ ഫിക്സഡ് കോസ്റ്റ്, ഓപ്പറേഷൻ ആൻഡ് മെയിന്റനൻസ് ചെലവുകൾ, പലിശ ചെലവുകൾ, ലാഭവിഹിതം, [return of equity-ROE] മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം എന്നിവയുടെ ഒരു ഭാഗം ഈടാക്കുന്നതിന് വേണ്ടിയാണ് കണക്കുഡ് ലോഡിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയിട്ടുള്ള താരിഫ് ഉത്തരവ് പ്രകാരം ഫിക്സഡ് ചാർജ് അല്ലെങ്കിൽ അവരുടെ വൈദ്യുതി ആവശ്യകതയുടെ (Demand) അടിസ്ഥാനത്തിൽ ഡിമാൻഡ് ചാർജ് ഈടാക്കിവരുന്നത്.

3. <u>ഇലക്ട്രിസിറ്റി ഡ്യൂട്ടി</u>:

സംസ്ഥാന സർക്കാർ പുറത്തിറക്കിയ 1963-ലെ കേരള ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ടിന്റെ വകുപ്പ് (4) പ്രകാരമാണ് ഇലക്ട്രിസിറ്റി ഡ്യൂട്ടി ഈടാക്കുന്നത്.

4. <u>മീറ്റർ വാടക</u>:

സർവീസ് കണക്ഷൻ എടുക്കുന്ന സമയത്ത് ഉപഭോക്താക്കളിൽനിന്ന് മീറ്ററിന്റെ വില ഈടാക്കുന്നില്ല. എന്നാൽ ടി ഇനത്തിൽ ചെലവായ തുക

മീറ്റർ വാടകയുടെ അടിസ്ഥാനത്തിൽ ഈടാക്കുന്നതിന് വൈദ്യുതി നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്. മീറ്ററിന്റെ വില, ഉപയോഗക്ഷമമായ കാലാവധി എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്നതും താരിഫ് ഉത്തരവിലൂടെ പ്രതിപാദിക്കുന്നതുമായ തുകയാണ് മീറ്റർ വാടകയായി ഈടാക്കി വരുന്നത്.

5. ഫ്യൂവൽ സർചാർജ്:

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ താരിഫ് നിർണ്ണയ ചട്ടത്തിൽ ഇന്ധന വിലയിലുണ്ടാകുന്ന വ്യതിയാനങ്ങൾ കാരണം വൈദ്യുതി വാങ്ങൽ വിലയിലുണ്ടാകുന്ന (power purchase cost) ഏറ്റക്കുറച്ചിലുകൾ, ഇന്ധന സർചാർജിലൂടെ ഈടാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2022-23 വരെയുള്ള കാലയളവിലേക്ക് നടത്തിയ power purchase-നാണ് ഫ്യൂവൽ സർചാർജ് കമ്മീഷൻ അംഗീകരിച്ച നിരക്കിൽ, കമ്മീഷൻ അംഗീകരിച്ച കാലയളവിലേക്ക് ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മൂന്നുമാസത്തിൽ ഒരിക്കലാണ് വൈദ്യുതി ബോർഡ് കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിക്കുന്നത്. കമ്മീഷൻ പൊതു തെളിവെടുപ്പ്

നടത്തി അംഗീകരിക്കുന്ന ഇന്ധന സർചാർജ് ഈടാക്കുന്നതായിരുന്നു 2022-23 മാർച്ച് വരെ നിലനിന്നിരുന്നത്. അപ്രകാരം ജൂലൈ മുതൽ ഡിസംബർ 2022 വരെയുള്ള ഇന്ധന സർചാർജായി 248.04 കോടി രൂപ അനുവദിക്കുകയും ജൂൺ മുതലുള്ള ഉപഭോഗത്തിന്മേൽ 9 പൈസ നിരക്കിൽ മേൽപറഞ്ഞ തുക തീരുന്നത് വരെ ഈടാക്കാനും അനുവദിച്ചുകൊണ്ട് 31-5-2023-ൽ കമ്മീഷൻ ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത ഇന്ധന സർചാർജാണ് ബില്ലിൽ fuel surcharge എന്ന പേരിൽ കാണിച്ചിട്ടുള്ളത്.

6. Auto recovery fuel surcharge (Monthly fuel surcharge):

2023 മേയ് മാസം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചട്ടം ഭേദഗതി ചെയ്യുകയും ഏപ്രിൽ 2023 മുതലുള്ള ഇന്ധന സർചാർജ് പ്രതിമാസം കണക്കാക്കി ഉപഭോക്താക്കളിൽനിന്ന് 2023 ജൂൺ മുതൽ പ്രതിമാസം 10 പൈസ വരെ സ്വയമേവ ഈടാക്കാൻ അനുവദിച്ചുകൊണ്ടുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.

2023 ഏപ്രിൽ മുതൽ power purchase cost-നുള്ള ഇന്ധന സർചാർജ് 10 പൈസയായി നിജപ്പെടുത്തി ജൂൺ 2023 മുതൽ ഈടാക്കിവരുന്നു.

ഇതാണ് monthly fuel surcharge എന്ന് ബില്ലിൽ കാണിച്ചിട്ടുള്ളത്. അതായത് ജൂൺ 2024-ലെ ബില്ലിൽ മേൽപറഞ്ഞ 9 പൈസ നിരക്കിൽ ഇന്ധന സർചാർജും ഏപ്രിൽ 2024-ലെ പ്രതിമാസ ഇന്ധന സർചാർജായ 10 പൈസയുമാണ് ഈടാക്കുന്നത്.

അരുവിക്കര മണ്ഡലത്തിലെ സൗരോർജ പ്ലാന്റുകൾ

242(4516) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുള്ള സർക്കാർ സ്ഥാപനങ്ങളുടെയും വീടുകളുടെയും എണ്ണം തരംതിരിച്ച് അറിയിക്കുമോ?

അരുവിക്കര മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 12 സർക്കാർ സ്ഥാപനങ്ങളിലും (സ്ഥാപിതശേഷി 190.44 kW), 163 വീടുകളിലും (സ്ഥാപിതശേഷി 676 kW) അനെർട്ട് മുഖേന വെള്ളനാട് എൽ.പി.എസ്.-ൽ 5 കിലോവാട്ട് ശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ നിലയവും 2 വീടുകളിലായി ആകെ 6 കിലോവാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റുകളും സ്ഥാപിച്ചു.

(ബി) പ്രസ്തുത വിഭാഗങ്ങളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള എത്ര അപേക്ഷകൾ ഇനി ബാക്കിയുണ്ടെന്ന വിവരം നൽകുമോ?

അരുവിക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന കേരള വാട്ടർ അതോറിറ്റിയുടെ അരുവിക്കര 72 MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ റൂഫ്ടോപ്പിൽ സൗരോർജ നിലയം സ്ഥാപിക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ഇ.ബി.എൽ.-ന് ലഭിച്ചിട്ടുണ്ട്. അതിൻപ്രകാരം 50kWp സൗരോർജനിലയം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ വീടുകളിൽ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള 18 അപേക്ഷകൾ ബാക്കിയുണ്ട്.

സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണ പദ്ധതി

243(4517) ശ്രീ. എം. എം. മണി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗ നഗറുകളിലും വീടുകളിലും സോളാർ പാനൽ ഘടിപ്പിച്ച് വൈദ്യുതി വിതരണവും വീട്ടുടമകൾക്ക് വരുമാനവും ലഭ്യമാക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിലവിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഹരിത ഊർജ സംവിധാനങ്ങൾ ഏർപ്പെടുത്തി അവരുടെ ജീവിത സാഹചര്യവും ഒപ്പം വരുമാനവും മെച്ചപ്പെടുത്തുന്നതിന് അനെർട്ട് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് 'ഹരിത ഊർജ വരുമാന' പദ്ധതി. ഈ പദ്ധതി പ്രകാരം ലൈഫ് മിഷൻ/പുനർഗേഹം/ബി.പി.എൽ. വിഭാഗങ്ങളിലുള്ള വീടുകളിലായി 2 കിലോവാട്ട്/3 കിലോവാട്ട് വീതം ശേഷിയുള്ള സൗരോർജ പ്ലാന്റുകൾ സൗജന്യമായി സ്ഥാപിച്ചുനൽകുന്നു. പാലക്കാട് ജില്ലയിലെ നടുപ്പതി ആദിവാസി നഗറിലും കണ്ണൂർ ജില്ലയിലെ ആറളം ഫാമിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് കെ.എസ്.ഇ.ബി.എൽ. മുഖേന ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടുകൂടി 18 എസ്.സി./എസ്.ടി. ഗാർഹിക ഉപഭോക്താക്കൾക്ക് 2022-ലും പെരുമാട്ടി ഗ്രാമപഞ്ചായത്തിന് കീഴിൽ 8 എസ്.ടി. നഗറുകളിലായി 48 ഗാർഹിക ഉപഭോക്താക്കൾക്ക് 2023-ലും 2 kW സോളാർ പ്ലാന്റ് വീതം സ്ഥാപിച്ച് സൗരോർജം ലഭ്യമാക്കിയിട്ടുണ്ട്. 1 kW-ന് 4 യൂണിറ്റ് എന്ന രീതിയിൽ 2 kW പ്ലാന്റിൽനിന്നും ഒരു മാസത്തേക്ക് ഏകദേശം 240 യൂണിറ്റ് വൈദ്യുതി ലഭിക്കുകയും തന്മാസ ഉപഭോഗം കഴിച്ച് ബാക്കി യൂണിറ്റ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഗ്രിഡിലേക്ക് നൽകുകയും ഇപ്രകാരം ഗ്രിഡിലേക്ക് നൽകുന്ന ആകെ യൂണിറ്റിന്, സാമ്പത്തിക വർഷത്തിനൊടുവിൽ റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിനനുസരിച്ച് വരുമാനം ലഭിക്കുന്നതുമാണ്. ഇതിനായി 2022-23-ൽ നിശ്ചയിച്ചിരിക്കുന്ന നിരക്ക് യൂണിറ്റിന് 2.69 രൂപയാണ്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നു.

വിൻഡ് എനർജി മുഖേനയുള്ള വൈദ്യുതി ഉൽപാദനം

244(4518) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിൻഡ് എനർജി മുഖേന സംസ്ഥാനത്ത് പ്രതിദിനം എത്രത്തോളം വൈദ്യുതി ഉൽപാദിപ്പിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

2023-24 കാലയളവിൽ സംസ്ഥാനത്ത് പ്രതിദിനം ശരാശരി 374226 യൂണിറ്റ് വിൻഡ് എനർജിയാണ് ഉൽപാദിപ്പിച്ചത്.

വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കാൻ നടപടി

245(4519) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊട്ടി വീഴുന്ന വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റുള്ള അപകടങ്ങൾകൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ ഇത്തരത്തിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും എത്രപേർ മരണപ്പെട്ടെന്നും എത്ര പേർക്ക് പരുക്കേറ്റെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

KSEBL പ്രതിഷ്ഠാപനങ്ങളിൽനിന്ന് വൈദ്യുതി കമ്പി പൊട്ടിവീണ് ഉണ്ടായ അപകടങ്ങൾ - ഇടുക്കി ജില്ല (തൊടുപുഴ സർക്കിൾ) (SMART SOFTWARE)-ൽനിന്ന്.

വർഷം	അപകടങ്ങളുടെ എണ്ണം	അപകടത്തിൽപ്പെട്ടവരുടെ എണ്ണം	പൊതുജനങ്ങൾക്കുണ്ടായ (മാരകം) അപകടം	പൊതുജനങ്ങൾക്കുണ്ടായ (മാരകമല്ലാത്തത്) അപകടം
20-5-2021 മുതൽ 24-06-2024 വരെ	4	5	1	2

ഇലക്ട്രിക് ഫെൻസിംഗിൽ വൈദ്യുതി കമ്പി പൊട്ടിവീണുണ്ടായ അപകടങ്ങൾ - ഇടുക്കി ജില്ല (തൊടുപുഴ സർക്കിൾ) (SMART SOFTWARE)-ൽനിന്ന്

വർഷം	അപകട	അപകടത്തിൽ	പൊതു	പൊതുജനങ്ങ	മൃഗങ്ങൾക്കു

	ങ്ങളുടെ എണ്ണം	പ്പെട്ടവരുടെ എണ്ണം	ജനങ്ങൾക്കുണ്ടായ (മാരകം) അപകടം	ൾക്കുണ്ടായ (മാരകമല്ലാത്തത്) അപകടം	ണ്ടായ അപകടം
20-5-2021 മുതൽ 24-06-2024 വരെ	1	3	3	0	0

(സി) ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് ഒരു വീട്ടിലെ മൂന്നുപേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കുടുംബത്തിന് എന്തൊക്കെ സമാശ്വാസ സഹായമാണ് വകുപ്പ് അനുവദിച്ചത്; വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് ഒരു വീട്ടിലെ മൂന്നുപേർ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി അപകടം സംബന്ധിച്ച് മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്ക് വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ മരണപ്പെട്ട മൂന്നുപേരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി സുരക്ഷാ

പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായം ടി രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ആയതിലെ പരാമർശങ്ങൾക്ക് വിധേയമായും ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കേണ്ടുന്ന വ്യവസ്ഥകൾ ഉൾകൊള്ളുന്ന ബോർഡ് ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അനുവദിക്കുന്നതാണ്.

(ഡി) മരണമടഞ്ഞവരുടെ ആശ്രിത നിയമനത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്നും ഷോക്കേറ്റ് മരണമടഞ്ഞവരുടെ ആശ്രിതരുടെ ആശ്രിതനിയമനത്തിനായുള്ള അപേക്ഷ KSEBL-ൽ ലഭ്യമായിട്ടില്ല.

(ഇ) ഒരു വീട്ടിലെ മൂന്നുപേർ മരിക്കാനിടയായ സംഭവത്തിൽ മരണമടഞ്ഞവരുടെ ആശ്രിതയ്ക്ക് സമാശ്വാസ പദ്ധതി പ്രകാരം ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സേവനത്തിലിരിക്കെ മരണപ്പെടുന്ന ജീവനക്കാരന്റെ ആശ്രിതർക്കാണ് നിലവിലെ നിയമ വ്യവസ്ഥ അനുസരിച്ച് സമാശ്വാസ തൊഴിൽദാന പദ്ധതിവഴി KSEBL ആശ്രിതനിയമനം നൽകിവരുന്നത്. നിലവിലെ ചട്ടപ്രകാരമുള്ള നഷ്ട പരിഹാരങ്ങൾ സമയബന്ധിതമായി നൽകുന്നതാണ്.

(എഫ്) 2011 മുതൽ നാളിതുവരെ വൈദ്യുതി വകുപ്പിൽ എത്ര പേർക്ക് ഇപ്രകാരം ജോലി നൽകിയിട്ടുണ്ട്; ഓരോ നിയമനവും സംബന്ധിച്ച വിശദാംശം നൽകാമോ?

2011 മുതൽ നാളിതുവരെ വൈദ്യുതി കമ്പി പൊട്ടിവീണ് മരണപ്പെട്ടവരുടെ ആശ്രിതയായ ഒരാൾക്ക് ജോലി നൽകിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വൈക്കം ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിലുള്ള ചെമ്പ് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന വടക്കേമുറി വില്ലേജിലെ ശ്രീമതി. രാധ 29-05-2016-ൽ വൈദ്യുതി കമ്പി പൊട്ടിവീണ് വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുണ്ടായി. അവരുടെ മകനായ സുബിനും ഇവരെ

രക്ഷപ്പെടുത്താനുള്ള ശ്രമത്തിനിടെ മരണപ്പെട്ടു. പരേതയായ രാധയുടെ ഏക മകളായ ശില്പ തന്റെ ദയനീയമായ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിയമനം നൽകണമെന്ന് സർക്കാരിന് നിവേദനം നൽകി.

14-02-2017-ലെ ഗവൺമെന്റ് ഉത്തരവ് G.O.(Ms)No.03/17/PD പ്രകാരം ഒരു പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി ശില്പയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് അനുവദിച്ച് അനുമതിയുണ്ടായി. 14-02-2017-ലെ ഗവൺമെന്റ് ഉത്തരവ് നടപ്പാക്കാൻ 25-07-2017-ൽ BO(DB) No.1916/2017 (Estt.II/1237/2017) പ്രകാരം ഉത്തരവിടുകയും ചെയ്തു. 10/2017-ലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ശ്രീമതി ശില്പ 20-12-2017-ൽ ജോലിയിൽ പ്രവേശിച്ചു.

വൈദ്യുത മേഖലയിലെ അപകടങ്ങൾ

246(4520)ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൈദ്യുത മേഖലയിൽ എത്ര സ്ഥിരം, താൽക്കാലിക ജീവനക്കാർ ഡ്യൂട്ടിക്കിടെയുള്ള അപകടത്തിൽ മരണമടഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വൈദ്യുത മേഖലയിൽ ജോലിക്കിടയിലുള്ള അപകടങ്ങളിൽ മരണപ്പെട്ട കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്ഥിരം ജീവനക്കാർ, കരാർ ജീവനക്കാർ എന്നിവരുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) വൈദ്യുതി മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ മുൻകരുതലുകളും നടപടികളുമാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനുമുമ്പ് വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമെ ജോലി ചെയ്യാൻ പാടുള്ളുവെന്ന് കർശനനിർദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വി-പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.)

സുരക്ഷാ നയം:

വൈദ്യുത മേഖലയിൽ ജോലി ചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുരക്ഷാ നയവുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രൊസിജ്യുവർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും പുസ്തകരൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

സുരക്ഷാകാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിംഗ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മീഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവൃത്തി ഇടങ്ങളിൽ സുരക്ഷ പരിശോധന നടത്തിവരുന്നു.

ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ, എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും ഫീൽഡ് സ്റ്റാഫിന്റെ ജോലി സ്ഥലത്തെ പി.പി.ഇ.-കളുടെ ഉപയോഗം എന്നിവ വിലയിരുത്താൻ

ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി 25 ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ സുരക്ഷാ വിലയിരുത്തൽ നടത്തി.

അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റാണ് നൽകിയിട്ടുള്ളത്.

സുരക്ഷാ നയം എല്ലാ ജീവനക്കാരിലേക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, എല്ലാ ജീവനക്കാർക്കും കരാർ

തൊഴിലാളികൾക്കും വേണ്ടി സുരക്ഷാ നയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണം ഘടിപ്പിച്ച് മാത്രമാണ് എല്ലാ പുതിയ LT സർവീസ് കണക്ഷനുകളും നൽകുന്നത് (സപ്ലൈ കോഡ് 2014 രൂപീകൃതമായതിനുശേഷം). ഇത് ഉപഭോക്താക്കളുടെ പ്രതിഷ്ഠാപനങ്ങളിലെ അപകടങ്ങൾ കുറയ്ക്കും.

സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി (ലൈനുകൾക്ക് സമീപമുള്ള ചക്ക, മാങ്ങ എന്നിവ അടർത്താൻ ലോഹ തോട്ടി ഉപയോഗിക്കുന്നത് തടയാൻ) കെ.എസ്.ഇ.ബി.എൽ. ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴി സുരക്ഷയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററികൾ, ന്യൂസ്

ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ തുടങ്ങിയവ ജനങ്ങളിൽ എത്തിക്കുന്നു.

വൈദ്യുതി മേഖലയിലെ അപകടങ്ങൾ ഒഴിവാക്കാൻ ജീവനക്കാർക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവൽകരണ ക്ലാസുകൾ, ലഘുലേഖ വിതരണം, മൈക്ക് അനൗൺസ്മെന്റ് എന്നിവ നടത്തിവരുന്നു. വീടുകളിലുണ്ടാകുന്ന, ഷോക്കേറ്റുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി ELCB എന്ന ഉപകരണം സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ ബോധവൽകരണം നടത്തിവരുന്നു.

സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന വൈദ്യുതി വിതരണ ശൃംഖല വികസന പദ്ധതികളായ ദ്യുതി 1, 2 എന്നിവയിലുൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ അപകടങ്ങൾക്കോ വൈദ്യുതി തടസ്സത്തിനോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുന്നതിനും ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും ഗ്രൗണ്ടിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും ട്രാൻസ്ഫോമറുകൾക്ക് സംരക്ഷണ വേലി

സ്ഥാപിക്കുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് അതീവ പ്രാധാന്യം നൽകുകയും അതുവഴി വൈദ്യുത അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നതുവഴിയും എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ ഉപയോഗിക്കുന്നതുവഴിയും അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ പദ്ധതിയായതുകൊണ്ടും ഇത്തരത്തിലുണ്ടാകുന്ന ഭീമമായ ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി 117.33 കോടി രൂപ ചെലവഴിച്ച് 842 കി.മീ. HT എ.ബി.സി. കണ്ടക്ടറുകളും 168.04 കോടി രൂപ ചെലവഴിച്ച് 1749.6 കി.മീ. LT എ.ബി.സി. കണ്ടക്ടറുകളും 99.71 കോടി രൂപ ചെലവഴിച്ച് 582 കി.മീ. ഭൂഗർഭകേബിളുകളും 6.51 കോടി രൂപ ചെലവഴിച്ച് 41.34 കി.മീ. കവേർഡ് കണ്ടക്ടറുകളും സ്ഥാപിക്കുകയും 42.06 കോടി രൂപ ചെലവഴിച്ച്

284.24 കി.മീ. HT ഓവർ ഹെഡ് ലൈനുകൾ മാറ്റി എ.ബി.സി. കണ്ടക്ടറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ദ്യുതി 1 പദ്ധതിയിലുൾപ്പെടുത്തി, ശക്തി കുറഞ്ഞതും പൊട്ടി വീഴാൻ സാധ്യതയുള്ളതുമായ AAC കണ്ടക്ടറുകൾ പൂർണ്ണമായും ഒഴിവാക്കി, ACSR കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കണ്ടക്ടറാക്കുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് അതീവ പ്രാധാന്യം നൽകിയിരുന്നു. 77934 കി.മീ. ലൈനുകൾ ഇതുവരെ ദ്യുതി 1 പദ്ധതിയിൽ റീ കണ്ടക്ടറിംഗ് നടത്തിയിട്ടുണ്ട്.

വൈദ്യുതി വിതരണ രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത വരുത്തുന്നതിനുമായി 2022-23 മുതൽ 2026-27 കാലയളവിലേക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പാക്കുന്ന ദ്യുതി 2.0, വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള RDSS പദ്ധതി എന്നിവയിലുൾപ്പെടുത്തി കൂടുതൽ ലൈനുകൾ എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും ഉപയോഗിച്ച് നിർമ്മിച്ചും കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റിക്കൊണ്ടും വൈദ്യുതി കമ്പി പൊട്ടിവീണുണ്ടാകുന്ന വൈദ്യുതി

അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് ശ്രദ്ധിച്ചുവരുന്നു.

ദ്യുതി 2.0 പദ്ധതിയിലുൾപ്പെടുത്തി പ്രധാനമായും 495 കി.മീ. HT ABC ലൈനും 77 കി.മീ. covered conductor-ഉം 795 കി.മീ. ഭൂഗർഭ കേബിളും 4076 കി.മീ. LT ABC ലൈനും നിർമ്മിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്. 5753 കി.മീ. പഴയ HT ലൈനുകളും 28646 കി.മീ. പഴയ LT ലൈനുകളും മാറ്റി പുതിയതു വലിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ എൽ.ടി. ലൈനുകളിലും സ്പേസറുകൾ സ്ഥാപിക്കുന്ന കർമ്മ പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. 2021-22 മുതൽ 2023-24 വരെ 180 ലക്ഷം സ്പേസറുകൾ 2 ലക്ഷം കിലോമീറ്റർ എൽ.ടി. ലൈനുകളിലായി സ്ഥാപിച്ചിട്ടുണ്ട്.

പുതുതായി സ്ഥാപിക്കുന്ന എല്ലാ എൽ.ടി. ലൈനുകളും നിലവിലുള്ള എൽ.ടി. ലൈനുകളുടെ റീ കണ്ടക്ടറിംഗ് പ്രവൃത്തികളും എ.ബി.സി. കണ്ടക്ടർ,

കവേർഡ് കണ്ടക്ടറുകൾ എന്നിവ മാത്രം ഉപയോഗിച്ച് ചെയ്താൽ മതിയെന്ന ഒരു നയപരമായ തീരുമാനം കെ.എസ്.ഇ.ബി. ലിമിറ്റഡ് എടുത്തിട്ടുണ്ട്.

കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം ഒഴിവാക്കാനായി ഇവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കുന്നതിനായി ഹോട്ട് ലൈൻ നമ്പർ (9496061061, 9496010101) ഏർപ്പെടുത്തിയും ഇക്കാര്യത്തിൽ ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചും അപകടം ഒഴിവാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ട്.

തിരുരങ്ങാടി മണ്ഡലത്തിലെ സബ് സ്റ്റേഷനുകൾ

247(4521) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. സബ് സ്റ്റേഷനുകളുടെ കപ്പാസിറ്റി വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

തിരുരങ്ങാടി മണ്ഡലത്തിൽ നിലവിലുള്ള സബ്സ്റ്റേഷനുകൾ പരപ്പനങ്ങാടി 110 കെ.വി. സബ്സ്റ്റേഷൻ, എടരിക്കോട് 110 കെ.വി. സബ്സ്റ്റേഷൻ, കുരിയാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നിവയാണ്.

ഇതുകൂടാതെ നിർമ്മാണത്തിലിരിക്കുന്ന 33 കെ.വി. വെന്നിയൂർ സബ്സ്റ്റേഷനും ഇപ്പോൾ ഭരണാനുമതി ലഭിച്ചിരിക്കുന്ന 110 കെ.വി. വെന്നിയൂർ സബ്സ്റ്റേഷനും തിരുരങ്ങാടി മണ്ഡലത്തിൽ വരുന്നതാണ്.

1. പരപ്പനങ്ങാടി 110 കെ.വി. സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 25 MVA-യിൽനിന്നും 40 MVA ആക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 20 MVA ട്രാൻസ്ഫോമറുകൾ വാങ്ങാനുള്ള നടപടികൾ KSEBL-ന്റെ SCM വിഭാഗത്തിൽ പുരോഗമിക്കുന്നു. ട്രാൻസ്ഫോമറുകൾ ലഭിക്കുന്ന മുറയ്ക്ക് ഈ പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

2. പരപ്പനങ്ങാടി സബ്സ്റ്റേഷനിൽ അടുത്ത വർഷം പ്രതീക്ഷിക്കുന്ന അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുള്ള അടിയന്തര നടപടി എന്ന നിലയിൽ പരപ്പനങ്ങാടി 110 കെ.വി. സബ്സ്റ്റേഷനിൽ ഒരു 12.5 MVA ട്രാൻസ്ഫോമർകൂടി സ്ഥാപിക്കാനുള്ള പദ്ധതിക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

3. നിലവിൽ 16 MVA കപ്പാസിറ്റിയുള്ള 33 കെ.വി. കുരിയാട് സബ്സ്റ്റേഷനിൽ ഒരു 5 MVA ട്രാൻസ്ഫോമർകൂടി സ്ഥാപിക്കുന്നതിനുവേണ്ടി

എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ബോർഡിന്റെ സാങ്കേതിക പരിശോധനയ്ക്കുശേഷം ഈ പദ്ധതി നടപ്പാക്കുന്നതാണ്.

4. നിലവിൽ 37.5 MVA കപ്പാസിറ്റിയുള്ള 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷന്റെ സ്ഥാപിതശേഷി 52.5 MVA ആക്കി ഉയർത്തുന്ന പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 20 MVA ട്രാൻസ്ഫോമർ ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി പൂർത്തിയാക്കാവുന്നതാണ്.

5. തിരൂരങ്ങാടി മണ്ഡലത്തിൽ ഈ വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്ന രീതിയിൽ പുതിയ 33 കെ.വി. വെന്നിയൂർ സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

6. വെന്നിയൂരിൽ ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു പുതിയ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

7. 110 കെ.വി. എടരിക്കോട് സബ്സ്റ്റേഷനിൽനിന്നും 33 കെ.വി. കൂരിയാട് സബ്സ്റ്റേഷനിലേക്ക് നിലവിലുള്ള 33 കെ.വി. സിംഗിൾ സർക്യൂട്ട്

ലൈൻ ഡബിൾ സർക്യൂട്ടായി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) പരപ്പനങ്ങാടി, വെന്നിയൂർ, എടരിക്കോട്, കുരിയാട് സബ് സ്റ്റേഷനുകളെ പരസ്പരം ബന്ധിപ്പിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

110 കെ.വി. പരപ്പനങ്ങാടി സബ്സ്റ്റേഷനെയും നിർദിഷ്ട 110 കെ.വി. വെന്നിയൂർ സബ്സ്റ്റേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന MAT പരപ്പനങ്ങാടി 110 കെ.വി. ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം പുരോഗമിക്കുന്നു. 110 കെ.വി. വെന്നിയൂർ സബ്സ്റ്റേഷനിലേക്കുള്ള 5 കിലോമീറ്റർ ഡബിൾ സർക്യൂട്ട് ലൈനിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ ഈ രണ്ട് 110 കെ.വി. സബ്സ്റ്റേഷനുകളെയും തമ്മിൽ ബന്ധിപ്പിക്കാവുന്നതാണ്.

കെ.എസ്.ഇ.ബി.എൽ.-ന്റെ പുതിയ സബ് സ്റ്റേഷനുകൾ

248(4522) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ. പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സബ്സ്റ്റേഷനുകൾ ഏതെല്ലാമാണെന്നും ഓരോ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.എൽ. 12 പുതിയ സബ് സ്റ്റേഷനുകൾ നിർമ്മിക്കുകയും 9 സബ് സ്റ്റേഷനുകളുടെ ശേഷി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഉദുമ മണ്ഡലത്തിലെ ദേലംപാടി 33 കെ.വി. സബ്സ്റ്റേഷൻ

249(4523) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഉദുമ മണ്ഡലത്തിലെ ദേലംപാടി പഞ്ചായത്തിൽ 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉദുമ മണ്ഡലത്തിലെ അഡൂർ പ്രദേശത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് സാങ്കേതിക പഠനം നടത്തി അനുകൂല റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിക്ക് 10.5 കോടി രൂപയ്ക്ക് എസ്റ്റിമേറ്റും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി. ഭരണാനുമതിക്കുള്ള നടപടിക്രമങ്ങൾ കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

ഉദുമ മണ്ഡലത്തിലെ അഡൂർ വില്ലേജിൽ ഒരു സ്വകാര്യ വ്യക്തിയുടെ 38 സെന്റ് ഭൂമി പ്രസ്തുത പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ലെ ടൈപ്പിസ്റ്റ് ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ

250(4524) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ടൈപ്പിസ്റ്റ് ഗ്രേഡ് 2 തസ്തികയിൽ അംഗീകൃതമായ എത്ര പോസ്റ്റുകളാണുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം തസ്തികകളെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ ഏതെല്ലാം ഓഫീസുകളിൽ എത്ര വീതം ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ അവസാനമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ലെന്ന് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ-ഇ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ടൈപ്പിസ്റ്റ് ഗ്രേഡ് II തസ്തിക ഇല്ല. (എന്നാൽ ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് എന്ന തസ്തികയിലെ അംഗബലം മുമ്പ് 188 ആയിരുന്നു). കെ.എസ്.ഇ.ബി. ലിമിറ്റഡിലെ സമഗ്രമായ കമ്പ്യൂട്ടർവൽകരണത്തെയും ആധുനികവൽകരണത്തെയും തുടർന്ന് പുതുതായി ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് തസ്തികയിലെ നിയമനം ആവശ്യമില്ലെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് തീരുമാനിക്കുകയുണ്ടായി, അപ്രകാരം 09-10-2012-ലെ B.O.(FB)No.1831/2012 (Estt.V/5763/2012) (അനുബന്ധമായി ചേർക്കുന്നു+) പ്രകാരം ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് നിയമനം ആശ്രിത നിയമനം വഴി മാത്രമായി പരിമിതപ്പെടുത്തുകയുണ്ടായി. ആയതിനെ തുടർന്ന് 2012 മുതൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് നിർത്തലാക്കി. പ്രസ്തുത തസ്തികയിൽ അവസാനമായി പി.എസ്.സി. മുഖേന നിയമനം നടന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2008-ലാണ്. ഇതേ തുടർന്ന് 2012 മുതൽ കെ.എസ്.ഇ.ബി.എൽ.- ൽ ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റായി ജോലി ചെയ്തുവരുന്നവരെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ആവശ്യകതയ്ക്കനുസരിച്ച് ആവശ്യമായ ഇടങ്ങളിൽ പുനർവിന്യസിക്കുകയുണ്ടായി. ഇപ്പോൾ ഈ തസ്തികയിൽ അവശേഷിക്കുന്ന 93 പേരെ ജനറൽ ട്രാൻസ്ഫറിലൂടെ ഏറ്റവും ആവശ്യമായി വേണ്ടിവരുന്ന ഇടങ്ങളിലേയ്ക്ക് മാത്രം നിയോഗിച്ചുവരുന്നു.

വൈദ്യുതി ബോർഡിൽ വിവിധ തസ്തികകളുടെ എണ്ണം 30321 ആയി നിജപ്പെടുത്തണമെന്ന കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-07-2022-ലെ നിർദേശവും തുടർന്ന് റീ-സ്ട്രക്ചറിംഗുമായി ബന്ധപ്പെട്ട് സർക്കാരിന്റെ 19-01-2024-ലെ കത്തിലെ നിർദേശപ്രകാരവും ആകെ തസ്തികകളുടെ എണ്ണം 30321 ആയി ക്രമപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി മേൽ വിഷയത്തിന്മേലുള്ള ഒരു റിപ്പോർട്ട് തയ്യാറാക്കുകയും ആയത് വിവിധതലത്തിൽ ചർച്ച ചെയ്തുവരികയുമാണ്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടന്നുവരുന്ന റീ-സ്ട്രക്ചറിംഗ് നടപടികൾ

പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമെ ജൂനിയർ ഫെയർ കോപ്പി അസിസ്റ്റന്റ് തസ്തികയുടെ ആവശ്യമായ അംഗബലം നിർണ്ണയിക്കപ്പെടുകയുള്ളൂ.

കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളിലെ ടൂറിസം വരുമാനം

251(4525) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.എൽ.-ന്റെ ഡാമുകളിൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള അണക്കെട്ടുകളിൽ ടൂറിസം പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനമാണ് കേരള ഹൈഡൽ ടൂറിസം സെന്റർ. സ്വന്തം ഫണ്ടുപയോഗിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിനുകീഴിൽ നിലവിൽ 13 സെന്ററുകളാണുള്ളത്. കോവിഡ്, നിപ്പ, പ്രളയം തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾ കാരണം വരുമാനം നിലച്ചിരുന്ന ഈ സ്ഥാപനത്തിൽ മുൻവർഷങ്ങളിൽ അടയ്ക്കേണ്ടിയിരുന്ന നിയമപരമായ ബാധ്യതകൾ, 11.5% പലിശയ്ക്ക് കെ.എസ്.ഇ.ബി.എൽ.-ൽ നിന്നെടുത്ത വായ്പ, മറ്റ് സാമ്പത്തിക

ബാധ്യതകൾ എന്നിവ ഉൾപ്പെടെ 14,37,32,282/- രൂപ 2021-22 സാമ്പത്തിക വർഷത്തിൽ ഹൈഡൽ ടൂറിസത്തിന് ബാധ്യത ഉണ്ടായിരുന്നു. 2022-23 & 2023-24 സാമ്പത്തിക വർഷങ്ങളിൽ നടത്തിയ വികസന പ്രവർത്തനങ്ങളിലൂടെ മേൽ ബാധ്യതകൾ അടച്ചുതീർക്കുന്നതിനും മെച്ചപ്പെട്ട സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനും സാധിച്ചു. ഈ കാലഘട്ടത്തിൽ പുതിയ ബോട്ടുകൾ വാങ്ങുക, ഹൈഡൽ ടൂറിസത്തിലെ ഇലക്ട്രിക് എഞ്ചിൻ പ്രവർത്തനം ആരംഭിക്കുക, സെന്ററുകളുടെ അടിസ്ഥാന സൗകര്യവികസനം, പാർക്കുകളുടെ വിപുലീകരണം, സെന്ററുകളുടെ സൗന്ദര്യവൽകരണം, ഓൺ ലൈൻ ടിക്കറ്റ് സംവിധാനം, ജീവനക്കാരുടെ ശമ്പള വർധനവ് തുടങ്ങി ധാരാളം പ്രവർത്തനങ്ങൾ ഹൈഡൽ ടൂറിസം സെന്ററുകളിൽ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വടക്കേപുഴയിൽ ഹൈഡൽ ടൂറിസം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത കാലയളവിൽ ടൂറിസം വഴി ലഭിച്ച വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ 3 വർഷത്തെ ഹൈഡൽ ടൂറിസത്തിലെ വരുമാനം ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	വരവ്	ചെലവ്	ലാഭം/നഷ്ടം	
2021-2022	11,35,19,606/-	12,99,21,309/-	1,64,01,703/-	നഷ്ടം
2022-2023	24,75,08,638/-	16,12,59,462/-	8,62,49,176/-	ലാഭം
2023-2024	25,54,55,976/-	17,57,35,601/-	7,97,20,375/-	(ലാഭം) ഓഡിറ്റ് പൂർത്തിയായിട്ടില്ല

അനെർട്ടിന്റെ സോളാർ പാനൽ പദ്ധതി

252(4526) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് അനെർട്ടിന് ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ആകെ 6133 അപേക്ഷകളാണ് അനെർട്ടിന് ലഭിച്ചത്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ എത്ര വീടുകളിൽ പാനൽ സ്ഥാപിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സബ്സിഡി തുക എത്രയാണെന്ന് അറിയിക്കാമോ?

(ബി & സി) പുരപ്പുറ സോളാർ പദ്ധതിയുടെ ഭാഗമായി പ്രാരംഭ ഘട്ടത്തിൽ 6133 അപേക്ഷകർ 'ബൈ മൈ സൺ' പോർട്ടൽ വഴി രജിസ്റ്റർ ചെയ്തെങ്കിലും പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസിയെ പോർട്ടൽ വഴി സെലക്ട് ചെയ്ത ഗുണഭോക്തൃ വിഹിതം അടച്ച് പദ്ധതി പൂർത്തീകരിക്കാൻ തയ്യാറായത് 2625 അപേക്ഷകർ മാത്രമാണ്. ഇപ്രകാരം 2625 അപേക്ഷകർക്ക് സബ്സിഡിയിനത്തിൽ ആകെ 11,89,71,151/- (പതിനൊന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോടി എൺപത്തിയൊൻപത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി നൂറ്റി അൻപത്തിയൊന്ന് രൂപ മാത്രം) രൂപയാണ് അനുവദിച്ചത്.

ഇപ്പോൾ കേന്ദ്ര നവ പുനരുപയോഗ ഊർജ മന്ത്രാലയം (എം.എൻ.ആർ.ഇ.) വീടുകളിൽ സബ്സിഡിയോടുകൂടിയ സൗരോർജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതിയായ 'പി.എം. സൂര്യ ഘർ' പ്രഖ്യാപിക്കുകയും പഴയ സബ്സിഡി പദ്ധതികൾ നിർത്തലാക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ സബ്സിഡി വർധിപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നിലവിൽ 1 kW സിസ്റ്റത്തിന് 30,000 രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000 രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000 രൂപയുമാണ് സബ്സിഡി നൽകുന്നത്.

സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം.

ആലത്തൂർ മണ്ഡലത്തിലെ സോളാർപാനൽ പദ്ധതി

253(4527) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും സോളാർപാനൽ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് മുഖേന സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലുമായി, സൗര ഫേസ്-1 പദ്ധതിയിലുൾപ്പെടുത്തി 2 പുരപ്പുറ സോളാർ നിലയങ്ങൾ സ്ഥാപിച്ചു. എരിമയൂർ ഗവൺമെന്റ് ഹൈ സ്കൂളിൽ 4 kw-ഉം ആലത്തൂർ സബ് ജയിലിൽ 30 kW-ഉം സ്ഥാപിച്ചു. ഇതിനായി ആകെ 14,50,434/- രൂപ ചെലവായി.

ആലത്തൂർ മണ്ഡലത്തിൽ അനെർട്ട് മുഖേന നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ വെറ്ററിനറി ഹോസ്പിറ്റലിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

2. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ GLP സ്കൂളിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

3. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ ഹോമിയോ ഡിസ്പെൻസറിയിൽ 3kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

4. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി പഞ്ചായത്തിലെ PHC-യിൽ 5kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

5. MNRE സബ്സിഡി സ്കീമിൽ ആലത്തൂർ കാവശ്ശേരി ഗ്രാമപഞ്ചായത്ത് ഓഫീസിൽ 2kWp ഓഫ്ഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

6. ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ആലത്തൂർ VFPCK-യിൽ 7kWp ഓൺഗ്രിഡ് സോളാർ പ്ലാന്റ് സ്ഥാപിച്ചു.

(ബി) പ്രസ്തുത പദ്ധതി മണ്ഡലത്തിലെ സർക്കാർ സ്ഥാപനങ്ങളിലും പൊതു വിദ്യാലയങ്ങളിലും നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് സർക്കാർ സ്ഥാപനങ്ങളും പൊതു വിദ്യാലയങ്ങളും കണ്ടെത്തുകയാണെങ്കിൽ പ്ലാന്റുകൾ സ്ഥാപിച്ചു നൽകാൻ കഴിയുന്നതാണ്.

ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

254(4528) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 മുതൽ ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം നൽകുമോ?

1. 2020-21 മുതൽ ആലപ്പുഴ ജില്ലയിൽ തുറമുഖ വകുപ്പിനുകീഴിൽ ജലയാനങ്ങളിൽ ജോലി നോക്കുന്നതിനായി ഉദ്യോഗാർഥികൾക്ക് ബോട്ട് ക്രൂ ട്രെയിനിംഗ് നടത്തുന്നതിനുവേണ്ടി ഒരു മാരിടൈം ട്രെയിനിംഗ് ഹാൾ പണി പൂർത്തിയാക്കിയിട്ടുണ്ട്.

2. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിന് M/s. മുസിരിസ് പ്രൈവറ്റ് ലിമിറ്റഡ് മുഖേന നിർമ്മാണം

ആരംഭിക്കുകയും നവീകരിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയും ചെയ്തു. മ്യൂസിയം പ്രവർത്തന സജ്ജമാകുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

3. ആലപ്പുഴ തുറമുഖത്ത് ജോലി ചെയ്തിരുന്ന കയറ്റിറക്ക് തൊഴിലാളികൾക്ക്/ആശ്രിതർക്ക് ഓണത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5250/- രൂപയുടെ ധനസഹായവും രണ്ടാഴ്ചക്കാലത്തെ സൗജന്യ റേഷനും നൽകിവരുന്നു.

4. ആലപ്പുഴ തുറമുഖ ഓഫീസിലേക്ക് കെ.ഐ.വി. റൂൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ നടത്തുന്നതിന് ഒരു സ്പീഡ് ബോട്ട് വാങ്ങുന്നതിനായി 20,00,000/- രൂപയുടെ (ഇരുപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

5. കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അനവധി ഉൾനാടൻ ജലയാനങ്ങൾ പ്രവർത്തിച്ചുവരുന്ന ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ

ഡ്രൈഡോക്കിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിലേക്കായി PPP Mode/Direct Execution-ൽ ഡ്രൈഡോക്ക് നിർമ്മിക്കുന്നതിനും ഇതിനാവശ്യമായ സ്ഥലം വാങ്ങുന്നതിനും 3 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. Land Acquisition Act 2013, Land Acquisition Rules 2015 എന്നിവ പ്രകാരം സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. ആലപ്പുഴ തുറമുഖത്തെ പഴയ കടൽപ്പാലത്തിന് സമാന്തരമായി ടൂറിസം വകുപ്പ് നിർമ്മിക്കാനുദ്ദേശിക്കുന്ന കടൽപ്പാലത്തിനോട് ചേർന്ന് ഒരു വാർഫ് നിർമ്മിക്കുന്ന പദ്ധതി കേന്ദ്ര സർക്കാരിന്റെ സാഗർമാലാ പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തിലെ തുറമുഖങ്ങളിലെ ചരക്കുനീക്കം

255(4529) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തുറമുഖങ്ങൾവഴി കൈകാര്യം ചെയ്യുവരുന്ന ചരക്കുകൾ ഭ്രരിഭാഗവും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

നിർമ്മാണ സാമഗ്രികൾ, വെനീർ, പ്ലൈവുഡ്, ടൈൽസ്, സാനിട്ടറി ഐറ്റംസ്, ഉണങ്ങിയ തേങ്ങ, മെഷീനറി, POL ഉൽപന്നങ്ങൾ & ജനറൽ കാർഗോ.

(ബി) 2021-22, 2022-23 എന്നീ കാലയളവിൽ കൈകാര്യം ചെയ്ത ചരക്ക് വിഹിതം തുറമുഖം തിരിച്ച് വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ കൈകാര്യം ചെയ്ത വിദേശ ചരക്ക് വിഹിതം തുറമുഖം തിരിച്ച് വിശദമാക്കാമോ?

(ബി & സി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനം

256(4530) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികസനത്തിൽ നിർണ്ണായകമായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കസ്റ്റംസ് അംഗീകാരം ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് ചുവടെപ്പറയുന്ന കസ്റ്റംസ് അംഗീകാരങ്ങൾ ലഭ്യമായിട്ടുണ്ട്.

- Section 7a Approval under Customs Act 1962: 2024 ജൂൺ 15-ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ കസ്റ്റംസ് തുറമുഖമായി പ്രഖ്യാപിച്ചു.
- Section 8 Approval under Customs Act 1962: ലാൻഡിംഗ് സ്ഥലത്തിന്റെ അംഗീകാരത്തിനും സെക്ഷൻ 8 പ്രകാരം കസ്റ്റംസ് ഏരിയയുടെ പരിധി വ്യക്തമാക്കുന്നതിനുമുള്ള കസ്റ്റംസ് അറിയിപ്പ് 2024 ജൂൺ 24-ന് ലഭിച്ചു.
- Section 45 In Principle Approval under Customs Act 1962: 2009-ലെ കസ്റ്റംസ് ഏരിയാ റെഗുലേഷനുകളിലെ ചരക്ക് കൈകാര്യം ചെയ്യുന്നതിനായുള്ള അംഗീകാരം 2024 ജൂൺ 24-ന് ലഭിച്ചു.

(ബി) പ്രസ്തുത അംഗീകാരം നേടിയെടുക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങളാണ് തുറമുഖത്ത് സജ്ജമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഇൻഫ്രാസ്ട്രക്ചർ, ഉപകരണങ്ങൾ, കണ്ടെയ്നറുകൾ ലോഡുചെയ്യുന്നതിനും ഇറക്കുന്നതിനും അടുക്കിവയ്ക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും നിറയ്ക്കുന്നതിനും ഡീ-സ്റ്റഫ് ചെയ്യുന്നതിനും കണ്ടെയ്നറുകളുടെയും ചരക്കുകളുടെയും സംഭരണം, അയയ്ക്കൽ, ഡെലിവറി തുടങ്ങിയവയ്ക്ക് ആവശ്യമായ മനുഷ്യശേഷി തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ, ചുവടെപ്പറയുന്നവയും സജ്ജമാക്കിയിട്ടുണ്ട്.

1. ഓപ്പറേഷൻ ഏരിയയിലും സ്റ്റാക്കിംഗ് ഏരിയയിലും ഉപയോഗിക്കുന്നതിനുള്ള ഹെവി ഡ്യൂട്ടി ഉപകരണങ്ങൾക്കുള്ള സാധാരണ പാത.
2. കസ്റ്റംസ് ജീവനക്കാർക്ക് താമസസൗകര്യങ്ങളും ഗതാഗത സൗകര്യങ്ങളും കൂടാതെ, കസ്റ്റംസ്, കസ്റ്റംസ് ഇലക്ട്രോണിക് ഡാറ്റ ഇന്റർചേഞ്ച് (ഇ.ഡി.ഐ.) സേവന കേന്ദ്രം എന്നിവയ്ക്കായി പൂർണ്ണമായി സജീകരിച്ച ഓഫീസ് സൗകര്യങ്ങൾ.
3. ഉപയോക്തൃ ഏജൻസികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ.

4. ഇറക്കുമതി, കയറ്റുമതി, ട്രാൻസ്ഷിപ്പ്മെന്റ് ചരക്കുകൾക്ക് പ്രത്യേകം സ്റ്റോറേജ് സൗകര്യം.

5. തുറമുഖത്തിനകത്തേക്ക് പ്രവേശിക്കുന്നതിനും പുറത്തേക്ക് പോകുന്നതിനുമായി വെവ്വേറെയുള്ള ഗേറ്റ് സമുച്ചയം.

6. തുറമുഖത്തിലെത്തുന്ന വാഹനങ്ങൾക്ക് മതിയായ പാർക്കിംഗ് സ്ഥലം.

7. ചുറ്റുമതിൽ.

8. ആന്തരിക സർവീസ് റോഡുകൾ.

9. ഇലക്ട്രോണിക് weigh-bridge-ഉം മറ്റ് അളക്കുന്ന ഉപകരണങ്ങളും.

10. സാധനങ്ങളുടെ ലൊക്കേഷനും അക്കൗണ്ടും ഡോക്യുമെന്റുകളും പ്രോസസ്സ് ചെയ്യുന്നതിനുള്ള കമ്പ്യൂട്ടറൈസ്ഡ് സിസ്റ്റം.

11. കസ്റ്റംസ് കമ്മ്യൂണിറ്റി പങ്കാളികൾ തമ്മിലുള്ള വിവരങ്ങൾ കൈമാറുന്നതിനും കസ്റ്റംസ് ഓട്ടോമേറ്റഡ് സിസ്റ്റവുമായുള്ള സുരക്ഷിതമായ കണക്റ്റിവിറ്റിക്കുമായി മതിയായ എയർ കണ്ടീഷൻ ചെയ്ത സ്ഥലവും പവർ ബാക്കപ്പ്, ഹാർഡ്വെയർ, നെറ്റ്വർക്കിംഗ്, മറ്റ് ഉപകരണങ്ങൾ.

(സി) വിഴിഞ്ഞം തുറമുഖത്തിന് പോർട്ട് കോഡ് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിനായുള്ള ലൊക്കേഷൻ കോഡ് (IN NYY 1) 2024 ജൂൺ 21-ന് ലഭ്യമായിട്ടുണ്ട്.

(ഡി) തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതിന് ഏതൊക്കെ അംഗീകാരങ്ങളാണ് ഇനി ലഭ്യമാക്കാനുള്ളതെന്നും ഇവ നേടിയെടുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കാമോ?

തുറമുഖം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുന്നതിന് ചുവടെപ്പറയുന്ന അംഗീകാരങ്ങൾ ലഭ്യമാകേണ്ടതുണ്ട്.

- EDI (Electronic Data Interchange).
- Custodian Code.
- Immigration Check Post (ICP).
- വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ടിനായുള്ള NSPC-യുടെ ഇടക്കാല ക്ലിയറൻസ് 28-03-2024-ന് ലഭ്യമായിട്ടുണ്ട്, ആയതിന്

07-10-2024 വരെ കാലാവധിയുണ്ട്. പൂർണ്ണ അംഗീകാരത്തിനുള്ള ഓഡിറ്റ്/ഇൻസ്പെക്ഷൻ ജൂൺ 2024-ൽ നടന്നു, അംഗീകാരം പ്രതീക്ഷിക്കുന്നു.

- International Code for the Security of Ships and of Port Facilities (ISPS Code) പ്രകാരം നിബന്ധനകൾ പാലിക്കുന്നതിന്മേലുള്ള ഇടക്കാല അംഗീകാരം 02-04-2024-ന് ലഭ്യമായിട്ടുണ്ട്.

ചുവടെപ്പറയുന്ന തുറമുഖ ഘടകങ്ങളുടെ പൂർത്തീകരണത്തിന് നടത്തിയ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനുശേഷമാണ് മറ്റനുമതികൾ ലഭിച്ചത്.

- ബ്രേക്ക് വാട്ടർ: 2960 മീറ്റർ ബ്രേക്ക് വാട്ടറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. സംരക്ഷണ ഭിത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു.
- കണ്ടെയ്നർ ബർത്ത്: 800 മീറ്റർ കണ്ടെയ്നർ ബർത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഇതിൽ 400 മീറ്റർ പ്രവർത്തനസജ്ജമാണ്.
- തുറമുഖത്തെ NH66-മായി ബന്ധിപ്പിക്കുന്ന എൻ.എച്ച്. റോഡ് കണക്ടിവിറ്റി: ആകെ 1700 മീറ്റർ നീളമുള്ള നാലുവരി പാതയുടെ

ആദ്യത്തെ 600 മീറ്ററിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോഡിന്റെ ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

- തുറമുഖത്തേക്കുള്ള യന്ത്രസാമഗ്രികൾ (കാർഗോ കൈകാര്യം ചെയ്യുന്നതിനുള്ള ക്രെയിനുകൾ): ആകെ 31 ക്രെയിനുകൾ വിഴിഞ്ഞം തുറമുഖത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 23 CRMG ക്രെയിനുകളും 8 RMQ ക്രെയിനുകളുമാണ് ഉൾപ്പെടുന്നത്. ഇവയുടെ കമ്മീഷനിംഗിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു.

- തുറമുഖത്തേക്കുള്ള യന്ത്രസാമഗ്രികൾ (ക്രെയിനുകൾ അല്ലാത്തവ):

1. ടഗ്ഗുകൾ: 70 ton BP - 3 എണ്ണം, 55 ton BP - 1 എണ്ണം.
2. പൈലറ്റ് കം സ 1 എണ്ണം വിഴിഞ്ഞത്ത് ലഭ്യമായിട്ടുണ്ട്.
3. മൂറിങ് ലോഞ്ചസ്: 2 എണ്ണത്തിനായുള്ള ഓർഡർ നൽകിയിട്ടുണ്ട്. 2024 സെപ്റ്റംബറിൽ ലഭ്യമാകും.
4. നാവിഗേഷൻ സഹായികൾ: എല്ലാം സ്ഥാപിച്ചിട്ടുണ്ട്.

- പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് (POB), 220 KV GIS സബ് സ്റ്റേഷൻ, ഗേറ്റ് കോംപ്ലക്സ്, 33 KV/11 KV പോർട്ട് സബ് സ്റ്റേഷൻ, സെക്യൂരിറ്റി

ബിൽഡിംഗ്, വർക്ക്ഷോപ്പ് ബിൽഡിംഗ് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടുണ്ട്. പോർട്ട് യൂസർ ബിൽഡിംഗ് (PUB)-ന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുന്നു.

- ചുറ്റുമതിൽ: താൽകാലിക ചുറ്റുമതിലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
- കണ്ടെയ്നർ ബാക്അപ് യാർഡ്: 63 ഹെക്ടർ റിക്ലമേഷൻ പൂർത്തീകരിച്ചു. 12.69 ഹെക്ടർ പേവർ ബ്ലോക്ക് സ്ഥാപിക്കൽ പൂർത്തിയായി.
- കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി: കണ്ടെയ്നർ സ്കാനറുകൾ വാങ്ങുന്നതിലേക്കായുള്ള അറ്റോമിക് എനർജി റെഗുലേഷൻ ബോർഡ് (AERB)-ന്റെ അംഗീകാരം 30-05-2024-ൽ ലഭ്യമായിട്ടുണ്ട്. കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 2024 ആഗസ്റ്റോടെ കണ്ടെയ്നർ സ്കാനിംഗ് ഫെസിലിറ്റി പ്രവർത്തന സജ്ജമാകുന്നതാണ്.

കൊല്ലം നീണ്ടകര പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ്

257(4531) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നീണ്ടകരയിൽ പ്രവർത്തിക്കുന്ന പോർട്ട് മെക്കാനിക്കൽ വർക്ക്ഷോപ്പ് വികസിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കേരള മാരിടൈം ബോർഡിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വർക്ക്ഷോപ്പിനെ വികസിപ്പിച്ച് പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി 11-12-2018-ന് വർക്ക്ഷോപ്പ്, സ്റ്റോർ, ഓഫീസ് കെട്ടിടം എന്നിവയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും 23-02-2021-ൽ പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന് CRZ-ന്റെ അനുമതിക്കായി അപേക്ഷിച്ചിരിക്കുകയാണ്. CRZ-ന്റെ അനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയും. ഈ പുതിയ കെട്ടിടത്തിൽ ടി മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗം വർക്ക്ഷോപ്പ് പ്രവർത്തനക്ഷമമാകുന്നതോടുകൂടി യാനങ്ങളുടെ

അറ്റകുറ്റപ്പണികൾക്കായി നിലവിലുള്ള സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം കൂടുതൽ യന്ത്ര സാമഗ്രികളും ഉപകരണങ്ങളും സജ്ജമാക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്.

(ബി) കൊല്ലം തുറമുഖം വികസിക്കുന്നതോടുകൂടി യാനങ്ങൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള കേന്ദ്രമായി നീണ്ടകരയെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

നീണ്ടകരയിലുള്ള കേരള മാരിടൈം ബോർഡിന്റെ ഭൂമി കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി മാറ്റിവച്ചിരിക്കുകയാണ്. കൊല്ലം തുറമുഖം വികസിക്കുന്നതോടുകൂടി യാനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഒരുക്കാൻ തദ്ദേശീയമായി ഒരു ഫ്ലോട്ടിംഗ് ഡ്രൈഡോക്ക് ഡിസൈൻ ചെയ്ത് നിർമ്മിച്ച് കൊല്ലം തുറമുഖത്ത് വരുന്ന കപ്പലുകൾക്ക് അറ്റകുറ്റപ്പണികൾക്കുള്ള സൗകര്യമുണ്ടാക്കുന്നതിന് 190 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ സാഗർമാല പ്രോജക്ടിൽ ഉൾക്കൊള്ളിച്ച് 50% കേന്ദ്ര സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ പാരിസ്ഥിതികാനുമതി നേടാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

കേരള-ഗൾഫ് യാത്രാ കപ്പൽ തിരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ

258(4532) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള-ഗൾഫ് യാത്രാ കപ്പൽ സർവീസ് ആരംഭിക്കാൻ തിരഞ്ഞെടുക്കപ്പെട്ട തുറമുഖങ്ങൾ ഏതൊക്കെയാണെന്നും പ്രസ്തുത സർവീസ് എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും അറിയിക്കുമോ?

കേരള ഗൾഫ് കപ്പൽ സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി താൽപര്യപത്രം ക്ഷണിക്കുകയും രണ്ട് കമ്പനികൾ താൽപര്യം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്പനി പ്രതിനിധികളുമായി ഇതുസംബന്ധിച്ച് ചർച്ച നടന്നുവരുന്നു. കമ്പനികൾ ഇതിനായുപയോഗിക്കുന്ന കപ്പലിന്റെ ഡ്രാഫ്റ്റ് അനുസരിച്ച് മാത്രമെ ഏത് തുറമുഖത്തിലാണ് ഇവ എത്തിച്ചേരുന്നതെന്നുള്ള കാര്യത്തിൽ അന്തിമ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. വലിയ കപ്പലുകൾ അടുക്കാനുള്ള സൗകര്യം ഇപ്പോൾ കൊച്ചി തുറമുഖത്തിൽ മാത്രമുള്ളതിനാൽ തുടക്കത്തിൽ

കൊച്ചിയിൽ കപ്പൽ എത്തിക്കാനുള്ള സാധ്യതകളാണ് പ്രധാനമായും പരിശോധിക്കുന്നത്. മറ്റ് തുറമുഖങ്ങളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ബേപ്പൂർ അടക്കമുള്ള തുറമുഖങ്ങളിലേക്ക് കപ്പൽ എത്തിക്കാൻ സാധിക്കും. നിരവധി നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ സർവീസ് എന്ന് നടത്താൻ കഴിയുമെന്ന് തീരുമാനിച്ചിട്ടില്ല.

സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി

259(4533)ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനായി നടപ്പാക്കിയ പ്രവർത്തനങ്ങൾ വിജയം കൈവരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

2018, 2019 കാലയളവിലെ പ്രളയം, കോവിഡ് - 19 മഹാമാരി, മലയോര മേഖലകളിൽ വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളാൽ വായ്പാക്കാരിൽ വരുമാനസാധ്യത കുറയ്ക്കുന്ന അവസ്ഥ സംജാതമായത് സഹകരണ സംഘം/ബാങ്കുകളിൽ കുടിശ്ശിക/നിഷ്ക്രിയ ആസ്തി വർധിച്ചുവരുന്ന സാഹചര്യം സൃഷ്ടിച്ചിരുന്നു.

കുടിശ്ശിക നിവാരണത്തിനും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുമായി ആർബിട്രേഷൻ, എക്സ്ടിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇളവുകളോടെ കുടിശ്ശിക വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കാറുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്തംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024

മാർച്ച് 31 വരെയും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

2023-24 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പാക്കിയത് പ്രകാരം 5791.28 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്കിൽ (കേരള ബാങ്കിൽ) 2024 ജൂൺ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവയും നടപ്പാക്കിവരുന്നുണ്ട്.

കേരള സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്കും നിഷ്ക്രിയ ആസ്തി കുറച്ച് കൊണ്ടുവരുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി ബാങ്ക് 2022-23 വർഷം 100 ശതമാനം കുടിശ്ശിക നിവാരണം എന്ന പദ്ധതിയും 2023-24 സാമ്പത്തിക വർഷം No New NPA (NNN) എന്ന പദ്ധതിയും നടപ്പാക്കിയിട്ടുണ്ട്.

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ 31-03-2024-ലെ ബാക്കി നിൽപ്പുള്ള

ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ചു തീർത്ത് നടപടികളിൽനിന്നും ഒഴിവാകുന്നതിനായി "ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 'മുറ്റത്തെ മുല്ല', 'സ്നേഹതീരം' തുടങ്ങിയ വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നിഷ്ക്രിയമായിരിക്കുന്ന ആസ്തികൾ പ്രയോജനപ്പെടുത്തുന്നതിനും നടപടികൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(ബി) നിഷ്ക്രിയ ആസ്തി കുറച്ച് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം സഹകാരികൾക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ട് വരുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമ്പോൾ ഇളവുകളോടെ വായ്പാക്കാർക്ക് കുടിശ്ശിക അടച്ച് തീർക്കുന്നതിനുള്ള അവസരം നൽകിവരുന്നുണ്ട്.

ടി പദ്ധതിയിലൂടെ വായ്പക്കാർക്ക് പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കി നൽകുന്നു. പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകിയും അർഹരായവർക്ക് മാനദണ്ഡങ്ങൾ പാലിച്ച് മുതലിൽ ഇളവ് നൽകിയും വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിന് സാധിക്കുന്നു.

കൂടാതെ സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരക രോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/ പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/ പൂർണ്ണമായോ ഇളവ് നൽകുന്നതിനുള്ള വ്യവസ്ഥകളും നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച കേരള സഹകരണ കടാശ്വാസ പദ്ധതി 2008 (Risk Fund Scheme) കേരള

സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പാക്കി വരുന്നത്.

കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന ഒരു പദ്ധതിയാണ് 'കേരള സഹകരണ കടാശ്വാസ പദ്ധതി 2008'/'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008'.

പ്രസ്തുത പദ്ധതിയുടെ ധനസഹായം അനുവദിച്ച് നൽകുന്നത് സർക്കാർ അംഗീകരിച്ച് നൽകിയ റിസ്ക് ഫണ്ട് നിയമാവലിക്ക് വിധേയമായിട്ടാണ്. സംസ്ഥാനത്തെ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പ എടുത്ത ആൾ മരണപ്പെടുകയോ/മാരക രോഗം പിടിപെടുകയോ ചെയ്യുന്ന

സാഹചര്യത്തിൽ വായ്പാക്കാർക്ക് ചുവടെപ്പറയും പ്രകാരം നഷ്ടപരിഹാരമായി റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ച് നൽകാറുണ്ട്.

1. മരണാനന്തര സഹായം - ഈ പദ്ധതി 2008-ൽ ആരംഭിച്ചുവെങ്കിലും 2010 മുതലാണ് പ്രാവർത്തികമാക്കിയത്. 2010 മുതൽ വായ്പയെടുത്ത് മരണപ്പെടുന്നവർക്ക് വായ്പാ ബാക്കിനിൽപ്പോ, പരമാവധി 3,00,000/- രൂപയോ ധനസഹായമായി സർക്കാർ അംഗീകരിച്ച നിയമാവലിക്ക് വിധേയമായി നൽകിവരുന്നു. ഒരു വായ്പാക്കാരൻ വിവിധ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എത്ര വായ്പകൾ എടുത്താലും പരമാവധി 6,00,000/- രൂപ വരെ മാത്രമെ റിസ്ക് ഫണ്ട് ധനസഹായമായി അനുവദിക്കുകയുള്ളൂ.

2. മാരകരോഗം - ഈ പദ്ധതിയുടെ ആനുകൂല്യം വായ്പ എടുത്തതിന് ശേഷം മാരകരോഗം (കാൻസർ ബാധിതർ, കിഡ്നി സംബന്ധമായ രോഗം മൂലം ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എച്ച്.ഐ.വി. ബാധിച്ചവർ, ടി.ബി., ലിവർ സിറോസിസ്)

പിടിപെടുന്ന അംഗങ്ങൾ എന്നിവർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വായ്പാ ബാക്കി നിൽപ്പോ പരമാവധി 1,25,000/- രൂപയോ ധനസഹായം നൽകിവരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മരണാനന്തര, ചികിത്സാ ധനസഹായമായി 23-06-2024 വരെ 34133 വായ്പകളിലായി 303.97 കോടി രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ ബാങ്കിംഗ് മേഖലയുടെ ആധുനികവൽക്കരണം

260(4534)ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിംഗ് മേഖലയുടെ പരിവർത്തനവും ആധുനികവൽക്കരണവും ലക്ഷ്യമിട്ട് നടത്തുന്ന പ്രവർത്തനങ്ങൾ ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സഹകരണ ബാങ്കിംഗ് മേഖലയുടെ പരിവർത്തനവും ആധുനികവൽക്കരണവും ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകൃതമാവുകയും ആയതിലൂടെ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രധാന ഘടകമായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേരള ബാങ്ക്

കേരളത്തിലെ 13 ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് 29-11-2019-ന് കേരള ബാങ്ക് രൂപീകരിച്ചതിനെ തുടർന്ന് ഒക്ടോബർ 2021-ൽ IT ഇന്റഗ്രേഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. 14 തരത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സംവിധാനങ്ങളെ ഏകീകൃതമായ ഒറ്റ സംവിധാനമായി മാറ്റുന്ന പ്രക്രിയ 2022

ഡിസംബർ 26-ന് പൂർത്തീകരിക്കാൻ സാധിച്ചു. നിലവിൽ കേരള ബാങ്ക് ടി സംവിധാനങ്ങളിലൂടെയുള്ള ഇടപാടുകൾ നടത്തുന്നതിനും വിവിധ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ കേരളത്തിലെ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും പ്രവർത്തന സജ്ജമായിട്ടുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള പൊതു സോഫ്റ്റ്വെയർ

സംസ്ഥാനത്തെ എല്ലാ PACS-ലും ഒരു ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതമായി 2024-25 സാമ്പത്തിക വർഷം 450.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സംവിധാനവുമായി ബന്ധപ്പെടുത്തി

ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലാണ് ടി പദ്ധതി നടപ്പാക്കുന്നത്. നിലവിൽ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഉടൻതന്നെ സേവനദാതാവുമായി കരാറിൽ ഏർപ്പെട്ട് വിവിധ ഘട്ടങ്ങളിലായി 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ആർ.റ്റി.ജി.എസ്./എൻ.ഇ.എഫ്.റ്റി., ഐ.എം.പി.എസ്., യു.പി.ഐ., മൊബൈൽ ബാങ്കിംഗ് എന്നീ സേവനങ്ങളുടെ അഭാവം പരമ്പരാഗത സഹകാരികൾ ഒഴികെയുള്ള ജനതയെയും യുവജനങ്ങളെയും ബാങ്കിംഗ് സേവനങ്ങൾ ഉപയോഗിക്കുന്നതിൽനിന്നും അകറ്റി നിർത്തുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സേവനങ്ങൾകൂടി ഈ രംഗത്ത് നടപ്പാക്കുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

സഹകരണ മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും RTGS, NEFT, IMPS, UPI മൊബൈൽ ബാങ്കിംഗ് തുടങ്ങിയ ആധുനിക ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നിലവിൽ കേരള ബാങ്ക് ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം പൂത്തീകരിക്കുകയും ബാങ്കിന്റെ ഡിജിറ്റൽ സേവനങ്ങൾ ഇടപാടുകാരിലേക്ക് എത്തിക്കുന്നതിനായി KB Prime കൂടാതെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് ഉപയോഗിക്കുന്നതിനായി KB Prime Plus എന്നീ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സംവിധാനങ്ങളായ IMPS, NEFT, RTGS, Mobile Banking, UPI, NACH, ATM, Micro ATM എന്നിവയിലൂടെ ഇടപാടുകൾ നടത്താൻ നിലവിൽ സാധിക്കുന്നതാണ്. കൂടാതെ UPI സംവിധാനത്തിലൂടെ Google Pay, Paytm ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനവും പ്രവർത്തന സജ്ജമാക്കിയിട്ടുള്ളതാണ്. ഇടപാടുകാർക്ക് BBPS സംവിധാനത്തിലൂടെ ബില്ലുകൾ അടയ്ക്കുന്നതിനുള്ള സംവിധാനവും മൊബൈൽ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ടി ഡിജിറ്റൽ സേവനങ്ങളിലൂടെ ഇടപാടുകളിൽ ഗണ്യമായ വർധനവുണ്ടാക്കാൻ കേരള ബാങ്കിന് സാധിച്ചിട്ടുണ്ട്. ബാങ്കിന്റെ KB Prime മൊബൈൽ ആപ്ലിക്കേഷൻ 208000-ൽ അധികം ഇടപാടുകാർ ഉപയോഗിച്ച്

തുടങ്ങിയിട്ടുണ്ട്. കൂടാതെ KB Prime Plus മൊബൈൽ ആപ്ലിക്കേഷൻ 3820-ഓളം വിവിധ സംഘങ്ങളിലും ഉപയോഗിച്ചുവരുന്നു. ഇടപാടുകാർക്ക് സർക്കാരിന്റെ വിവിധ പദ്ധതിയിലൂടെയുള്ള സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, IMPS, ATM, UPI തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലുള്ള ഏകീകൃത സോഫ്റ്റ് വെയറിനായാണ് സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(സി) സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ/പ്രതിപക്ഷ ഭേദമെന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് സർക്കാരിന്റെ 07-06-2024-ലെ 1829-ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07-06-2024-ലെ No.142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. ആയതിന്റെ വകുപ്പ് 28(ജി)-യിൽ "ഒരു സംഘത്തിന്റെ ഉപനിയമങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അധികാരത്തിലുള്ള കമ്മിറ്റി, ഒരു വാണിജ്യ ബാങ്കിലോ കേരള സംസ്ഥാന സഹകരണ ബാങ്കിലോ ഒരു അർബൻ സഹകരണ ബാങ്കിലോ കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലോ ഒരു പ്രാഥമിക സഹകരണ ഗ്രാമ വികസന ബാങ്കിലോ മുൻ ജില്ലാ സഹകരണ ബാങ്കിലോ പെയ്ഡ് സർവീസിൽ ഉള്ളതോ ഉണ്ടായിരുന്നതോ അല്ലെങ്കിൽ ഒരു

സർവീസ് സഹകരണ ബാങ്കിൽ മാനേജർ കേഡറിലോ അല്ലെങ്കിൽ സഹകരണം/സഹകരണ മാനേജ്മെന്റ്, മാനേജ്മെന്റ്, കൃഷി, സാമ്പത്തിക ശാസ്ത്രം, വാണിജ്യം, പബ്ലിക് ഫിനാൻസ്, നിയമം, ഗ്രാമ വികസനം, വിവര സാങ്കേതികവിദ്യ എന്നിവയിൽ വൈദഗ്ധ്യമുള്ള രണ്ട് വ്യക്തികൾ അല്ലെങ്കിൽ പ്രതിനിധികളെ സംഘത്തിന്റെ കമ്മിറ്റിയിൽ അംഗങ്ങളായി കോ-ഓപ്റ്റ് ചെയ്യേണ്ടതാണ്" എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

സമഗ്ര ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ സ്ഥലം

261(4535) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ അധീനതയിൽ എത്ര സെന്റ് സ്ഥലമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മില്ലിന്റെ അധീനതയിൽ കരീലക്കുളങ്ങര പത്തിയൂർ വില്ലേജിൽ കെട്ടിടങ്ങൾ സ്ഥിതി ചെയ്യുന്നതടക്കം 8.72 ഏക്കറും വള്ളിക്കുന്ന് വില്ലേജിൽ 2.59 ഏക്കറും നിലവിലുണ്ട്.

നവകേരളീയം കുടിശ്ശിക നിവാരണം 2023

262(4536) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളീയം കുടിശ്ശിക നിവാരണം-2023, എന്ന് മുതലാണ് നടപ്പാക്കിയതെന്ന് വ്യക്തമാക്കാമോ?

"നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023" ഫെബ്രുവരി 1 മുതൽ നടപ്പാക്കി. 2023 ഫെബ്രുവരി 1-ന് ആരംഭിച്ച ടി പദ്ധതി 2023 ഏപ്രിൽ 30 വരെയും പദ്ധതിയുടെ രണ്ടാംഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും നടപ്പാക്കി.

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംഘം തലത്തിൽ എത്ര രൂപ വരെയുള്ള കിഴിവുകളാണ് തീർപ്പാക്കി നൽകാൻ അനുമതി നൽകിയിരുന്നത്?

പ്രസ്തുത പദ്ധതി പ്രകാരം സംഘം തലത്തിൽ ചുവടെപ്പറയും പ്രകാരമുള്ള കിഴിവുകളാണ് തീർപ്പാക്കാൻ അനുമതി നൽകുന്നത്.

- 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25000/- രൂപ വരെയുള്ള വായ്പകൾ ബാക്കി നില്പ് മുതൽ തുക മാത്രം ഈടാക്കി വായ്പാ ഇളവ് അനുവദിക്കുന്നതിന് സംഘം തല കമ്മിറ്റിക്ക് അനുമതിയുണ്ട്.
- 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25000/- രൂപയ്ക്ക് മുകളിൽ 50000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കി നില്പ് മുതൽ തുകയും പലിശയുടെ 50 ശതമാനവും ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കുന്നതിന് സംഘം തല കമ്മിറ്റിക്ക് അനുമതിയുണ്ട്.
- 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 50 ശതമാനം വരെ ഇളവ് അനുവദിക്കുന്നതിന് സംഘം തല കമ്മിറ്റിക്ക് സാധിക്കും.
- 5 വർഷത്തിൽ താഴെ കുടിശ്ശികയായ 25000/- രൂപയ്ക്ക് മുകളിൽ 50000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ പരമാവധി 30

ശതമാനം വരെ ഇളവ് അനുവദിക്കുന്നതിനും സംഘം തല കമ്മിറ്റിക്ക് സാധിക്കും.

- 50000/- രൂപയ്ക്ക് മുകളിൽ 25 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് പരമാവധി 25 ശതമാനം വരെ പലിശയിൽ സംഘം തല കമ്മിറ്റിക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

(സി) എത്ര രൂപയിൽ കൂടുതലുള്ള ഇളവ് നൽകുന്നതിനാണ് സംസ്ഥാനതല സമിതിയുടെ അംഗീകാരം വേണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്?

സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയില്ലാത്ത മരണപ്പെട്ടതോ, മാരകരോഗങ്ങൾ ബാധിച്ചവരോ ആയവരുടെ കുടിശ്ശിക വായ്പകളിന്മേൽ പലിശ ഭാഗികമായോ/പൂർണ്ണമായോ, മുതലും പലിശയും ചേർന്ന ബാധ്യത ഭാഗികമായോ/പൂർണ്ണമായോ ഇളവ് അനുവദിക്കുന്നതിന് ടി പദ്ധതി പ്രകാരം രൂപീകരിച്ചിട്ടുള്ള വിവിധ കമ്മിറ്റികൾക്ക് അനുമതിയുണ്ട്. ആയതിന്റെ പരിധി ചുവടെപ്പറയും പ്രകാരമാണ്.

- 50000 രൂപ വരെയുള്ള ഇളവുകൾ സംഘം തല കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്.
- 50000 രൂപയ്ക്ക് മുകളിൽ 2 ലക്ഷം രൂപ വരെയുള്ള ഇളവുകൾ ജില്ലാതല കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്.
- 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഇളവുകൾ സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിക്ക് അനുവദിക്കാവുന്നതാണ്.

(ഡി) ഇതുവരെയായി എത്ര നിർദേശങ്ങളാണ് സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി എത്തിയിട്ടുള്ളത്?

23-09-2022-നുശേഷം 26-06-2024 വരെ 158 നിർദേശങ്ങൾ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമായിരുന്നു. ആയതിൽ 145 അപേക്ഷകൾ 20-09-2023-ന് ചേർന്ന സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി തീർപ്പാക്കിയിട്ടുള്ളതാണ്. ബാക്കിയുള്ള 13 അപേക്ഷകളാണ് 20-09-2023-നുശേഷം ലഭ്യമായിട്ടുള്ളത്.

(ഇ) സംസ്ഥാനതല സമിതിയുടെ ഘടന ഏത് രീതിയിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ ഘടന ചുവടെപ്പറയും പ്രകാരമാണ്.

1. ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി - ചെയർമാൻ

2. ബഹുമാനപ്പെട്ട സഹകരണ വകുപ്പ് സെക്രട്ടറി - അംഗം

3. ബഹുമാനപ്പെട്ട സഹകരണ സംഘം രജിസ്ട്രാർ - കൺവീനർ

4. ബഹുമാനപ്പെട്ട സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) - അംഗം

(എഫ്) ഇതുവരെയായി സംസ്ഥാനതല സമിതി ചേർന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സമിതിയുടെ യോഗം ചേരുന്നത് വൈകുന്നതിനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ?

നവകേരളീയം കുടിശ്ശിക നിവാരണം 2023 - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ നടപ്പാക്കിയതിനുശേഷം 20-09-2023 –ന് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി ചേരുകയും ലഭ്യമായ 145 അപേക്ഷകളിന്മേൽ തീർപ്പ് കല്പിക്കുകയും ചെയ്തിട്ടുണ്ട്.

23-09-2022-നുശേഷം ലഭ്യമായ 158 അപേക്ഷകളിൽ 145 അപേക്ഷകൾ 20-09-2023-ന് മുമ്പ് ലഭിച്ചിട്ടുള്ളതാണ്. ബാക്കിയുള്ള 13 അപേക്ഷകളാണ് 20-09-2023-നുശേഷം ലഭ്യമായിട്ടുള്ളത്. ജില്ലകളിൽ ലഭ്യമായിട്ടുള്ള അപേക്ഷകൾ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കി കൂടുതൽ അപേക്ഷകൾ ഉൾപ്പെടുത്തി സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റി കൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ജി) കുടിശ്ശിക തീർപ്പാക്കൽ പദ്ധതി പ്രകാരം സമർപ്പിച്ച ഫയലുകളിൽ സംസ്ഥാനതല സമിതിയുടെ അംഗീകാരം വൈകുന്നതുമൂലം പ്രാഥമിക സംഘങ്ങൾക്ക് ലഭിക്കേണ്ട കുടിശ്ശിക തുക കിട്ടാൻ വൈകുന്നതായും ഇക്കാരണത്താൽ നിഷ്ക്രിയ ആസ്തി ഉയർന്നതോതിൽ നിൽക്കുകയും ചെയ്യുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നാമമാത്രമായ അപേക്ഷകളാണ് സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് ലഭ്യമാകുന്നത്. സംസ്ഥാനതല സമിതിയുടെ അംഗീകാരം വൈകുന്നതുമൂലം പ്രാഥമിക സംഘങ്ങൾക്ക്

ലഭിക്കേണ്ട കുടിശ്ശിക തുക കിട്ടാൻ വൈകുന്നതായും ഇക്കാരണത്താൽ നിഷ്ക്രിയ ആസ്തി ഉയർന്നതോതിൽ നിൽക്കുകയും ചെയ്യുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മൂല്യവർധിത ഉൽപന്നങ്ങളുടെ കയറ്റുമതി

263(4537) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങളുടെ ഗുണനിലവാര പരിശോധന നടത്തി കയറ്റുമതി സാധ്യമാക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുകയെന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുള്ള "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ

സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങളായ വെളിച്ചെണ്ണ, എള്ളെണ്ണ, തേയില, ടപ്പിയോക്കാ വിത്ത് മസാല, ടപ്പിയോക്കാ ഡ്രൈ, ചക്ക ഡ്രൈ, ബനാനാ വാക്വം ഫ്രൈ, പൈനാപ്പിൾ ഡ്രൈ, സ്പൈസസ് തുടങ്ങിയവ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാൻഡ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സഹകരണ ഉൽപന്നങ്ങൾ കൂടുതൽ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നതിനായി യു.എസ്.എ., യു.കെ., ദക്ഷിണാഫ്രിക്ക, മധ്യേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്ന വ്യവസായ ഏജൻസികളെയും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ 'എക്സ്പോർട്ട് ബിസിനസ് മീറ്റ് 2024'

സംഘടിപ്പിച്ചിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച ഓർഡർ പ്രകാരമുള്ള കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങൾ വിദേശത്തേക്ക് കയറ്റി അയയ്ക്കുന്നതിന് സഹകരണ സംഘങ്ങൾ സജ്ജമാക്കിയിട്ടുള്ളതുമാണ്.

അരുവിക്കര മണ്ഡലത്തിൽ സഹകരണ സംഘങ്ങൾ മുഖേന സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ

264(4538) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ വിവിധ സഹകരണ സംഘങ്ങൾ മുഖേനയും അനുബന്ധ സ്ഥാപനങ്ങൾ മുഖേനയും സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങൾ എത്രയെന്നതിന്റെ വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര മണ്ഡലത്തിൽ വിവിധ സഹകരണ സംഘങ്ങൾ മുഖേന 38 സ്ഥിരം തൊഴിലവസരങ്ങളും താൽക്കാലിക കരാർ നിയമനങ്ങളിലൂടെ 40 തൊഴിലവസരങ്ങളും സ്വയം തൊഴിലുൾപ്പെടെയുള്ള വിവിധ വായ്പ പദ്ധതികളിലൂടെ 988 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടപടി

265(4539) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏത് സഹകരണ സംഘത്തെക്കുറിച്ചും കൃത്യമായ വിവരങ്ങൾ ലഭ്യമാക്കി സുതാര്യത ഉറപ്പുവരുത്തുന്നതിനുള്ള കോ-ഓപ്പറേറ്റീവ് ഓഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം പൂർണ്ണതോതിൽ പ്രാവർത്തികമായിട്ടുണ്ടോ?

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സംഘങ്ങളുടെ അംഗീകരിച്ച ഓഡിറ്റ് റിപ്പോർട്ടിലെ വിവരങ്ങളാണ് CAMIS-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് പൂർത്തിയാക്കുന്നമുറയ്ക്ക് സംഘങ്ങളുടെ വിവരങ്ങൾ CAMIS-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിലൂടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ജനങ്ങളുടെ വിശ്വാസ്യത വർധിപ്പിക്കുന്നതിനും യുവജനങ്ങൾ ഉൾപ്പെടെ കൂടുതൽ ജനവിഭാഗങ്ങളെ സഹകരണ മേഖലയിലേക്ക് ആകർഷിക്കുന്നതിനും CAMIS-ലൂടെ സാധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾക്ക് ബദലായി സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

1. കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി

പ്രവർത്തനക്ഷമമായ പദ്ധതികൾ/സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബലമായ സഹകരണസംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുകയും പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങളോടെ 1969-ലെ കേരള സഹകരണ നിയമം ചട്ടം 53-ന്റെ ഭേദഗതി നടത്തി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് 16-04-2023-ലെ സ.ഉ. (സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2.കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെയ്മായിട്ടാണ് തുക നൽകുന്നത്.

ഒരു സംഘം വിവിധ കാരണങ്ങളാൽ തകർച്ചയിലേക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തി സംഘത്തിന്റെ അപേക്ഷയും അംഗീകരിച്ച തിരിച്ചടവ് ഷെഡ്യൂൾ, പുനരുദ്ധാരണ പാക്കേജ് എന്നിവ സഹിതം സഹകരണ സംഘം രജിസ്ട്രാർ ശിപാർശ ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക് സംഘത്തിന്റെ സെക്യൂരിറ്റികൾ/ആസ്തികൾ ഈടായി സ്വീകരിച്ചുകൊണ്ട് നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ

ഗ്യാരന്റി പദ്ധതി - 2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി

കേരള സഹകരണ നിയമം വകുപ്പ് 57 (ഡി) പ്രകാരം രൂപീകരിച്ച "കേരള സഹകരണ കടാശ്വാസ പദ്ധതി 2008 (Risk fund Scheme)" കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേനയാണ് നടപ്പാക്കി വരുന്നത്.

കേരള സഹകരണ നിയമം പ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസങ്ങൾക്കുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പാക്കുന്ന ഒരു

പദ്ധതിയാണ് 'കേരള സഹകരണ കടാശ്വാസ പദ്ധതി 2008'/'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008'.

4. അംഗ സമാശ്വാസ നിധി പദ്ധതി

ഗുരുതര രോഗം ബാധിച്ച സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ധനസഹായം നൽകുന്നതിനായി കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതി മുഖേന അർഹരായവർക്ക് ധന സഹായ വിതരണം നടത്തിവരുന്നു.

1969-ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരമാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുള്ളത്. സർക്കാരിന്റെ 22-6-2018-ലെ സ.ഉ.(കൈ)നം. 22/2018/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 02-11-2020-ലെ സ.ഉ(കൈ) നം.23/2020/സഹ നമ്പർ ഉത്തരവ് പ്രകാരം നിഷ്കർഷിച്ച വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെയാണ് പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. സമഗ്ര നിയമ ഭേദഗതി

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. ടി നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

6. മുറ്റത്തെ മുല്ല

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും ഒഴിവാക്കി, സഹായിച്ചുകൊണ്ട് സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് മുറ്റത്തെ മുല്ല ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പാക്കിവരുന്നു.

7. ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്

സഹകരണ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുകയെന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ്

വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ഉപരിയായി പുതിയ 200 കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനുവേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

8. <u>ഇ-കോമേഴ്സ് പ്ലാറ്റ് ഫോം പദ്ധതി</u>

"ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയുണ്ടായി. കോപ്കേരള (coopkerala) ബ്രാന്റോടുകൂടി 100 ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ

ചെയ്യാൻ ലക്ഷ്യമിട്ടിരുന്നിടത്ത് 92 സംഘങ്ങളുടെ ഉൽപന്നങ്ങൾ ഇതിനകം അപ്‌ലോഡ് ആയിട്ടുള്ളതും ആയതുൾപ്പെടെ മൊത്തത്തിൽ 228 ഉൽപന്നങ്ങൾ, എല്ലാവിധ നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് അപ്‌ലോഡിംഗ് ഘട്ടത്തിലുമാണ്.

കൂടാതെ സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നതുമാണ്.

9. <u>യുവജന സഹകരണ സംഘങ്ങൾ</u>

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി വിവിധ ജില്ലകളിലായി 32 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിലെ വെളിയന്നൂർ ആസ്ഥാനമാക്കി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്ന യുവജനസഹകരണ സംഘമായ ഈനാട് യുവജന

സഹകരണ സംഘം കെ.1233. “ശുചിത്വം സഹകരണം” എന്ന പേരിൽ സംസ്ഥാനതല പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ശുചിത്വത്തിന്റെ പ്രാധാന്യം കുട്ടികളിലൂടെ സമൂഹത്തിൽ മാറ്റമുണ്ടാകുന്നതിന് അങ്കണവാടികളിലും എൽ.പി. സ്കൂളുകളിൽനിന്നും ഡ്രൈവേസ്റ്റ് ശേഖരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തി കേരളത്തിലെ മുഴുവൻ ജില്ലകളിലും ടി പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു. ശുചിത്വ കേരളം എന്ന ലക്ഷ്യം യാഥാർഥ്യമാക്കാൻ ഇ-മാലിന്യങ്ങൾ (ഇലക്ട്രോണിക് മാലിന്യം) ജൈവ-അജൈവ മാലിന്യം എന്നിവയുടെ ശേഖരണവും അവയുടെ സംസ്കരണത്തിന് സംരംഭങ്ങൾ തുടങ്ങുകയും നിലവിലുള്ളവ ഏറ്റെടുത്ത് നടത്തുകയും ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെയാണ് സംഘം പ്രവർത്തിക്കുന്നത്.

10. കോട്ടയം ആസ്ഥാനമായും കേരള സംസ്ഥാനം മുഴുവൻ പ്രവർത്തനപരിധിയായും Kerala State Artist & Artistes Co-operative Society Ltd. No.4506 (AARTICS) എന്ന പേരിൽ കലാകാരന്മാരുടെ സഹകരണസംഘം രജിസ്റ്റർ ചെയ്യുകയുണ്ടായി.

11. പാലിയേറ്റീവ് കെയർ പദ്ധതി

ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിലാണ് പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്.

12. നൈപുണ്യവികസനകേന്ദ്രം (Skill and Knowledge Development Centre)

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിൽ ആലപ്പുഴ ജില്ലയിലെ പുന്നപ്രയിൽ കിംബ് (KIMB) എന്ന സ്ഥാപനത്തെ നൈപുണ്യവികസനകേന്ദ്രമായി (Skill and Knowledge Development Centre) ഉയർത്തിയിട്ടുണ്ട്.

13. കേരളത്തിന്റെ ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഷോപ്സ് ആൻഡ് കൊമേഷ്യൽ

എസ്റ്റാബ്ലിഷ്മെന്റ് എംപ്ലോയീസ് ഫെഡറൽ സഹകരണ സംഘം ക്ലിപ്തം നമ്പർ 4511-ന്റെ നിയമാവലിയിൽ ഭേദഗതി വരുത്തിക്കൊണ്ട് ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരെ അംഗങ്ങളാക്കി കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ് വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (kerala ShopCos Fed) എന്ന പേരിൽ തിരുവനന്തപുരം ആസ്ഥാനമാക്കി കേരളത്തിലെ എല്ലാ ജില്ലകളും പ്രവർത്തന പരിധിയായി നിശ്ചയിച്ചുകൊണ്ടുള്ള നിയമാവലി ഭേദഗതി അംഗീകരിക്കുകയും ചെയ്തു.

14. ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരം ആസ്ഥാനമായി കേരള സ്റ്റേറ്റ് ഐ.റ്റി. പ്രൊഫഷണൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4515 രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രൊഫഷണലുകളെയും ശാസ്ത്രകാരന്മാരെയും അനുഭാവികളെയും അംഗങ്ങളാക്കി തിരുവനന്തപുരം ആസ്ഥാനമായി സയൻസ് ടെക്നോളജി ആൻഡ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ്

സൊസൈറ്റി ഓഫ് പ്രൊഫഷണൽ ആൻഡ് എക്സ്പർട്ട്സ് സംഘം ക്ലിപ്തം നമ്പർ 4520 രൂപീകരിച്ചിട്ടുണ്ട്.

15. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ പുനരധിവാസം, വിദ്യാഭ്യാസ ഉന്നമനം, സാമ്പത്തിക പുരോഗതി, തൊഴിൽ ലഭ്യത എന്നിവ ലക്ഷ്യമാക്കി ഭിന്നശേഷിക്കാർക്കായി കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം രൂപീകരിച്ചിട്ടുണ്ട്.

16. കേരള സംസ്ഥാന സഹകരണ ബാങ്ക്/അർബൻ സഹകരണ ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന "സഹകരണം സൗഹൃദം" എന്ന പേരിൽ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട വ്യക്തികൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

17. ഉത്സവകാലങ്ങളിലുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനുവേണ്ടി സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ

കൺസ്യൂമർഫെഡ് മുഖേന പ്രാഥമിക സഹകരണ സംഘങ്ങളെ കൂട്ടി യോജിപ്പിച്ചുകൊണ്ട് 13 ഇനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകുന്നതിന് സമാനമായ നിരക്കിൽ താൽക്കാലിക വിപണികൾ മുഖേന നൽകിവരുന്നു. സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിൽ നീതി സ്റ്റോറുകൾ നടത്തിവരുന്നു. രോഗികൾക്ക് കുറഞ്ഞ ചെലവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി സഹകരണ സംഘങ്ങളുടെ കീഴിലും കൺസ്യൂമർഫെഡ് നേരിട്ടും നീതി മെഡിക്കൽ സ്റ്റോറുകൾ നടത്തിവരുന്നു.

18. പ്രകൃതി ദുരന്തങ്ങളുടെ, മഹാമാരിയുടെ, മറ്റ് അടിയന്തര സാഹചര്യങ്ങളിൽ വരുമാനം നിലച്ചുപോകുന്ന കുടുംബങ്ങൾക്ക് ഇത്തരം അടിയന്തര സാഹചര്യങ്ങളെ അതിജീവിക്കാൻ പാലക്കാട് ജില്ലയിൽ പൈലറ്റ് പ്രോജക്ടായി "കുടുംബത്തിന് ഒരു കരുതൽ ധനം" എന്ന നിക്ഷേപ പദ്ധതി നടപ്പാക്കി.

19. നിരാലംബരും അശരണരുമായ സഹകാരികളുടെ ചികിത്സാ സഹായത്തിനും ക്ഷേമത്തിനുമായി അശരണരായ സഹകാരികൾക്ക് 'ആശ്വാസനിധി' എന്ന പദ്ധതി കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

20. കേരളത്തിലെ യുവജനങ്ങളെ സഹകരണ മേഖലയിൽ മുന്നോട്ട് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ കോട്ടയം താലൂക്ക് യുവജന വനിതാ സഹകരണ സംഘം ക്ലിപ്തം നമ്പർ K.1244, കണ്ണൂർ ജില്ലാ യുവ വനിതാ മൾട്ടി പർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ സി.2162-ൽ കൊരട്ടി യുവ വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ R.1566 എന്നീ മൂന്ന് യുവ വനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തനൽകിയിട്ടുണ്ട്.

സഹകരണ വകുപ്പിലെ ജീവനക്കാരുടെ പ്രൊമോഷൻ

266(4540)ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകൃത കോഴ്സുകൾ ചെയ്യുന്നതിന് ലീവ് അനുവദിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

സഹകരണ വകുപ്പിൽ ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനാവശ്യമായ അംഗീകൃത കോഴ്സുകൾ ചെയ്യുന്നതിന് ലീവ് അനുവദിക്കാറില്ല. ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലെ ജീവനക്കാർക്ക് ഇൻ-സർവീസ് ട്രെയിനിംഗിനായി വേതനത്തോടുകൂടി ജെ.ഡി.സി. പരിശീലനത്തിന് നിയോഗിക്കുന്നുണ്ട്.

(ബി) ജെ.ഡി.സി./എച്ച്.ഡി.സി./ബി.കോം. കോ-ഓപ്പറേഷൻ യോഗ്യതയുള്ളവർക്ക് പ്രൊമോഷൻ റാങ്ക് ലിസ്റ്റ് വഴിയല്ലാതെ നേരിട്ട് പ്രൊമോഷൻ നൽകുന്നുണ്ടോ; എങ്കിൽ ഏത് തസ്തികയിലേക്കാണ് നിയമിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

കേരള സഹകരണ സബോർഡിനേറ്റ് ചട്ടങ്ങൾ പ്രകാരം സീനിയർ ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I & II എന്നീ തസ്തികകളിൽനിന്നും സഹകരണ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് സീനിയർ ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒരു വർഷത്തെ സേവനവും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I & II തസ്തികയിൽ അഞ്ച് വർഷത്തെ സേവനവും

ജെ.ഡി.സി./എച്ച്.ഡി.സി. യോഗ്യതയും നിർബന്ധിത വകുപ്പുതല പരീക്ഷകളും വിജയിച്ചിരിക്കണം. 06-04-2022-ലെ ജി.ഒ.(എം.എസ്.) നം.10/2022/സഹ സർക്കാർ ഉത്തരവ് പ്രകാരം അംഗീകൃത സർവകലാശാലയിൽനിന്നും ബി.കോം. (കോ-ഓപ്പറേഷൻ) യോഗ്യതയാർജിച്ചിട്ടുള്ളവരെ സീനിയർ ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽനിന്നും സഹകരണ ജൂനിയർ ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് തസ്തികമാറ്റം ലഭിക്കുന്നതിന് ജെ.ഡി.സി./എച്ച്.ഡി.സി. പരിശീലനത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

ഭൂമി തരംമാറ്റം ഒഴിവാക്കാൻ നടപടി

267(4541) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുനിസിപ്പാലിറ്റികളിൽ അഞ്ച് സെന്റ് വരെയും ഗ്രാമപഞ്ചായത്തുകളിൽ പത്ത് സെന്റ് വരെയും ഭൂമി ഉള്ളവർക്ക് പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിന്റെ ആവശ്യകത ഇല്ലെന്നിരിക്കെ ഈ ഭൂമി തരംമാറ്റാതെ ഈടുവച്ച് സഹകരണ ബാങ്കിൽനിന്നും ലോൺ

അനുവദിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

മുനിസിപ്പാലിറ്റികളിൽ അഞ്ച് സെന്റ് വരെയും ഗ്രാമപഞ്ചായത്തുകളിൽ പത്ത് സെന്റ് വരെയും ഭൂമി ഉള്ളവർക്ക് പ്രസ്തുത ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് ഭൂമി തരം മാറ്റുന്നതിന്റെ ആവശ്യകത ഇല്ലെന്നിരിക്കെ ഈ ഭൂമി തരംമാറ്റാതെ ഈടുവച്ച് സഹകരണ ബാങ്കിൽനിന്നും ലോൺ അനുവദിക്കുന്നില്ലെന്നത് സംബന്ധിച്ച പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മൂന്ന് സെന്റും അതിനുമുകളിലും കൈവശ വസ്തുവുള്ള അംഗങ്ങൾക്ക് വസ്തു ജാമ്യത്തിൽ അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും 57/2011 സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിലെ വൈവിധ്യവൽകരണം

268(4542)ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകത്താകമാനം സഹകരണ മേഖലയിൽ സംരംഭകത്വം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ, സ്കിൽ വികസനം എന്നിവ കരുത്താർജിച്ച് വരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ മേഖലയിൽ സംരംഭകത്വം, സ്ത്രീ ശാക്തീകരണം, സാങ്കേതികവിദ്യ എന്നിവ കരുത്താർജിച്ച് വരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനായി സഹകരണ വകുപ്പ് നടപ്പാക്കുന്ന പ്രധാന പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA).

സംരംഭകത്വം, സാങ്കേതികവിദ്യ എന്നിവയിലൂടെ കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ളതാണ് ടി പദ്ധതി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും

അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പ്രാഥമിക മേഖലയിലെ മൂല്യവർധിത പദ്ധതികളുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്ററുകൾ (സഹകരണ സംരംഭകത്വം)/സ്റ്റാർട്ടപ്പുകൾ സ്ഥാപിക്കുന്നതിന് ധനസഹായം അനുവദിക്കുന്നു.

2. വനിത സഹകരണ സംഘങ്ങൾക്കും വനിതഫെഡിനുമുള്ള സഹായം:

വനിത സഹകരണ സംഘങ്ങൾക്കും കേരള സംസ്ഥാന വനിത സഹകരണ ഫെഡറേഷനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കാനുള്ള സഹായം നൽകുകയെന്നതാണ് പദ്ധതിയുടെ

ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തികവർഷം 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിത സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിലുൾപ്പെടുന്നു.

3. കേരള ബാങ്ക് വ്യവസായ സംരംഭകർക്കായി വിവിധങ്ങളായ വായ്പ സ്കീമുകൾ നടപ്പാക്കിവരുന്നു. സാധാരണക്കാരായ തൊഴിലാളികൾ, ചെറുകിട വ്യാപാരികൾ, MSME - ടൂറിസം മേഖലയിലെ സംരംഭകർ, ഹോട്ടൽ റസ്റ്റോറന്റ് ഉടമകൾ തുടങ്ങിയവർക്ക് വേണ്ടിയുള്ള KB Mithra MSME, KB Yuva Mithra MSME, KB GST Mithra, KB-Smart, KB-Vyaparmithra, KB-Vyaparmithra Plus തുടങ്ങിയ വായ്പ കേരള ബാങ്കിൽ നടപ്പാക്കിവരുന്നു.

സ്ത്രീകളുടെ തൊഴിലവസരവും വരുമാനവും വർധിപ്പിക്കുന്നതിനായി വിവിധങ്ങളായ സ്കീമുകൾ കേരള ബാങ്ക് ശാഖകൾ വഴി അനുവദിച്ചുവരുന്നു. സ്ത്രീശാക്തീകരണം ലക്ഷ്യമാക്കി കേരള ഫിഷറീസ് വകുപ്പുമായി സഹകരിച്ച് KB SAF, വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിനായി KB She two Wheeler Loan, കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വനിതകൾക്കും ലളിതമായ വ്യവസ്ഥകളോടുകൂടി അനുവദിക്കുന്ന KB Vanitha Plus Loan, കൂടാതെ സ്ത്രീകൾക്കായുള്ള KB Sahaja വായ്പ എന്നിവ നടപ്പാക്കിവരുന്നു.

കേരളത്തിലെ സാധാരണക്കാരായ എല്ലാ ഉപഭോക്താക്കൾക്കും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ഉറപ്പുനൽകുന്നതിനായി രണ്ട് പുതിയ മൊബൈൽ ആപ്പുകളായ KB Prime Plus, KB prime എന്നിവ കേരള ബാങ്ക് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ സേവനങ്ങളായ Online payment, UPI സേവനങ്ങൾ, IMPS, NEFT തുടങ്ങിയ സംവിധാനങ്ങൾ, Direct benefit Transfer (DBT) ആനുകൂല്യങ്ങൾ ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ലഭിക്കുന്ന സംവിധാനം, സർക്കാർ അനുവദിക്കുന്ന സബ്സിഡികൾ ലഭിക്കുന്നതിനുള്ള PFMS സംവിധാനം തുടങ്ങിയവ കേരള

ബാങ്കിലൂടെ നടപ്പാക്കിവരുന്നു. Skill വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB Skill Loan എന്നിവ ബാങ്കിലൂടെ നടപ്പാക്കിവരുന്നു.

(ബി) ഈ സാഹചര്യത്തിൽ ടെക്നോളജി കൂടുതലായി പ്രയോജനപ്പെടുത്തിക്കൊണ്ട് വൈവിധ്യവൽക്കരണത്തിന് പ്രാധാന്യം നൽകി മുന്നേറാൻ സഹകരണമേഖലയെ പ്രാപ്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ടെക്നോളജി കൂടുതൽ പ്രയോജനപ്പെടുത്തിക്കൊണ്ട് വൈവിധ്യവൽക്കരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് സഹകരണ മേഖലയിൽ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ

കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

വൈവിധ്യവൽകരണത്തിന് പ്രാധാന്യം നൽകി മുന്നേറാൻ സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിന് ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരം ആസ്ഥാനമായി (കേരള സ്റ്റേറ്റ് ഐ.റ്റി. പ്രൊഫഷണൽസ് സഹകരണ സംഘം ക്ലിപ്തം നമ്പർ. 4515) ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ സംഘങ്ങൾ രൂപീകരിക്കുന്നതുവഴി വിവിധ ഐ.റ്റി., ഐ.റ്റി. അനുബന്ധ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള യുവ സാങ്കേതിക വിദഗ്ധർ, പ്രൊഫഷണൽസ് തുടങ്ങിയവരുടെ നൂതന സംരംഭ ആശയങ്ങൾ നടപ്പാക്കി തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി സാമൂഹിക സാമ്പത്തിക സാംസ്കാരിക

ഉന്നമനത്തിനും സമൂഹത്തിന്റെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിക്കുന്നതിനും സഹകരണ മനോഭാവം വളർത്തുന്നതിനും സഹകരണ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പരമാവധി പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സഹായകരമാകുന്നതാണ്. പ്രൊഫഷണലുകളെയും ശാസ്ത്രകാരന്മാരെയും അനുഭാവികളെയും അംഗങ്ങളാക്കി തിരുവനന്തപുരം ആസ്ഥാനമായി സയൻസ് ടെക്നോളജി ആൻഡ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഓഫ് പ്രൊഫഷണൽ ആൻഡ് എക്സ്പർട്ട്സ് സംഘം ക്ലിപ്തം നമ്പർ 4520 രജിസ്റ്റർ ചെയ്തു. പ്രൊഫഷണലുകളെയും ശാസ്ത്രകാരൻമാരെയും അനുഭാവികളെയും അംഗങ്ങളാക്കി അവർക്കിടയിൽ സഹകരണബോധവും സ്വാശ്രയശീലവും പ്രോത്സാഹിപ്പിക്കുക, സാമൂഹിക പ്രതിബദ്ധതയും പുരോഗമന ചിന്താഗതിയും വളർത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക എന്നതാണ് പ്രവർത്തനോദ്ദേശ്യം.

KSCARDB ആധുനിക സാങ്കേതികവിദ്യയുടെ സൗകര്യം പരമാവധി ഉപയോഗപ്പെടുത്തി വായ്പാ വിതരണ സംവിധാനം പരിഷ്കരിക്കാൻ

പരമാവധി പരിശ്രമിച്ചിട്ടുണ്ട്. നൂതന സാങ്കേതികവിദ്യ ഉപയോഗപെടുത്തുന്ന എല്ലാ സംരംഭങ്ങൾക്കും ബാങ്ക് വായ്പയും നൽകുന്നുണ്ട്. ഡിജിറ്റൽ ബാങ്കിംഗ് അനുബന്ധ സേവനങ്ങൾ കേരള ബാങ്കിൽ നടപ്പാക്കിവരുന്നു. കേരളത്തിലെ ഗ്രാമ ഗ്രാമാന്തരങ്ങളിലുള്ള കേരള ബാങ്കിന്റെ എല്ലാ ഉപഭോക്താക്കൾക്കും ഏറ്റവും ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ചെലവ് കുറച്ച് അവരുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നു. കൂടാതെ RBI-യുടെ അനുമതി ലഭിക്കുന്നതിലൂടെ NRI അക്കൗണ്ട് സൗകര്യം ആരംഭിക്കുന്നതിനും കേരള ബാങ്ക് സജ്ജമായിട്ടുണ്ട്. സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുകയെന്ന ലക്ഷ്യത്തോടെ "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി സഹകരണ വകുപ്പ് വിഭാവനം ചെയ്ത് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കൂടാതെ പുതിയ 200 കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിനുവേണ്ടി സന്നദ്ധതയുള്ള പ്രാഥമിക

കാർഷിക വായ്പാ സഹകരണ സംഘങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിയും അന്തിമഘട്ടത്തിലാണ്. അപ്രകാരം ഘട്ടംഘട്ടമായി കോപ്പ്മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷാ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. ഇനിയും കൂടുതൽ സഹകരണ ഉൽപന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമിൽ ഓൺ ബോർഡ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നു.

(സി) ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് വിദ്യാഭ്യാസ, തൊഴിൽ നൈപുണ്യ പദ്ധതികൾ നടപ്പാക്കുന്നതിൽ സഹകരണ സ്ഥാപനങ്ങൾക്ക് കാര്യമായ പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ദേശീയ വിദ്യാഭ്യാസ നയത്തിനനുസരിച്ച് തൊഴിൽ നൈപുണ്യ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സഹകരണ സ്ഥാപനങ്ങൾ മുഖേന വായ്പകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്ന മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സഹകരണ വകുപ്പിന്റെ കീഴിലെ, കേരളത്തിലെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവ മുഖാന്തരം ASAP, KERALA, KASE, ODEPEC, GIFT എന്നിവ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള കോഴ്സ് ഫീസ് വായ്പയായി നൽകുന്നതിനായി "നൈപുണ്യം വായ്പാപദ്ധതി" നടപ്പാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകളിൽ പരിശീലനം ലഭിക്കുന്നതിനുള്ള ഫീസ് വായ്പയായി നൽകുന്നതിനും പ്രസ്തുത

കോഴ്സിനുശേഷം തിരിച്ചടവ് തുടങ്ങുന്നതിനുമാണ് നിലവിൽ പ്രസ്തുത പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. ടി പദ്ധതി പ്രകാരം 21 വായ്പകളിലായി 21,10,000 രൂപ വിതരണം ചെയ്തിട്ടുണ്ട്.

ഇന്ത്യയിലും വിദേശത്തും ഉന്നതവിദ്യാഭ്യാസം നേടുന്നതിന് അർഹരായ വിദ്യാർഥികൾക്ക് അനുവദിക്കുന്ന വിദ്യാഭ്യാസ വായ്പ കേരള ബാങ്കിൽക്കൂടി നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ (ASAP) വിവിധ നൈപുണ്യ വികസന കോഴ്സുകളിലേക്ക് പ്രവേശനം നേടുന്ന വ്യക്തികൾക്ക് അനുവദിക്കുന്ന വായ്പയായ KB Skill Loan ബാങ്കിലൂടെ നടപ്പാക്കിവരുന്നു. തൊഴിലധിഷ്ഠിത നൈപുണ്യ വികസനത്തിന്റെ ഭാഗമായി വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും പരിശീലനം നൽകുന്നതിന് കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണിത്.

(ഡി) നിയമ ഭേദഗതികളുൾപ്പെടെയുള്ള നടപടികളിലൂടെ സംസ്ഥാന സഹകരണ മേഖലയെ നവീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും

നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്രപരിഷ്കരണം ലക്ഷ്യമിട്ട് കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) നിയമം നിലവിൽ വന്നിട്ടുണ്ട്. സമഗ്ര ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുംചെയ്യുന്നു.

മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

269(4543)ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഏതെങ്കിലും നിക്ഷേപം സ്വീകരിച്ചശേഷം അത് തിരികെ കൊടുക്കാൻ കഴിയാതെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

സ്നേഹ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി ലിമിറ്റഡ് നം.1076 B (Regd.No.MSCS/CR/228/2013) എന്ന പേരിലുള്ള ഒരു മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം നിക്ഷേപം തിരികെ കൊടുക്കാൻ കഴിയാതെ സംസ്ഥാനത്ത് പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതായി പരാതി ലഭിച്ചിട്ടുള്ളതാണ്.

(ബി) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽനിന്നും യഥാസമയം നിക്ഷേപം പിൻവലിക്കാൻ കഴിയാത്തത് സംബന്ധിച്ച് സഹകാരികളിൽ നിന്നും പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സഹകരണ സംഘങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

സ്റ്റാർ മൾട്ടി പർപ്പസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് (Registration No.MSCS/CR/940/2014) ഭാരത് ലജന മൾട്ടി സ്റ്റേറ്റ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Registration No. MSCS/CR/235/2006) സ്നേഹ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസ് ബിൽഡിംഗ് സൊസൈറ്റി ലിമിറ്റഡ് നം. 1076 B (Regd. No. MSCS/CR/228/2013) എന്നീ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിൽനിന്നും

നിക്ഷേപം തിരികെ ലഭിക്കാത്തതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

കെയർ ഹോം പദ്ധതി

270(4544) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

2018-ലും 2019-ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടം ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു.

തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന പദ്ധതി പ്രകാരമുള്ള ആദ്യ ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ കണ്ണാടി-2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും കണ്ണൂർ ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

മലപ്പുറം ജില്ലയിൽ എടപ്പാൾ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു.

മറ്റു ജില്ലകളിൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി നിർവഹണത്തിന് അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ സർക്കാർ വന്നതിനുശേഷം കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടം, രണ്ടാംഘട്ടം എന്നിവയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 2093 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. ആയതിൽ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന ഒരു വീടിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. നിർമ്മാണം പൂർത്തീകരിച്ച 2092 വീടുകളിൽ 27 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളത് ഈ സർക്കാർ വന്നതിന് ശേഷമാണ്.

കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് 2021 ഡിസംബർ 6-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ഉദ്ഘാടനം നിർവഹിച്ച് ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുണ്ട്.

ഈ സർക്കാർ വന്നതിനുശേഷം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ കണ്ണാടി - 2 വില്ലേജിൽ 28 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും കണ്ണൂർ

ജില്ലയിൽ പന്നിയൂർ വില്ലേജിൽ 18 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ എടപ്പാൾ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉൾപ്പെട്ട സ്ഥലത്ത് 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു.

ആലപ്പുഴ മണ്ഡലത്തിലെ റിസ്ക് ഫണ്ട്

271(4545) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഇനി എത്രപേർക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് മണ്ഡലം തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി ആലപ്പുഴ ജില്ലയിൽനിന്നും ലഭ്യമായ അപേക്ഷകളിൽ 229 പേർക്ക് റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിന് ബാക്കിനില്പുണ്ട്.

ആയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

- അരൂർ -27
- ചേർത്തല -41
- ആലപ്പുഴ -5
- അമ്പലപ്പുഴ -31
- കുട്ടനാട് -16
- ഹരിപ്പാട് -34
- കായംകുളം -35
- മാവേലിക്കര -18
- ചെങ്ങന്നൂർ -22

(ബി) പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ ഫണ്ട് അനുവദിക്കാത്തവയുടെ വിശദവിവരം ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ ആലപ്പുഴ മണ്ഡലത്തിലെ 19 വായ്പാക്കാരുടെ അപേക്ഷകൾ റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥകൾ പാലിക്കാത്തതിനാൽ നിരസിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(സി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ 5 വായ്പക്കാരുടെ അപേക്ഷകളിലാണ് റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിന് ബാക്കിനില്പുള്ളത്. ആയതിൽ 2 പേരുടെ അപേക്ഷകളിൽ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 3 പേരുടെ അപേക്ഷകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ഓഫീസുകളിൽ നൽകിയിട്ടുണ്ട്.

ബോർഡിൽ ലഭിച്ച റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ സമയബന്ധിതമായി അർഹരായ മുഴുവൻ വ്യക്തികൾക്കും ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിലെ അപേക്ഷകൾ

272(4546) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ശാഖ, ക്ലാസിഫിക്കേഷൻ പുതുക്കൽ, സ്റ്റാഫ് പാറ്റേൺ അനുമതി, പുതിയ പദ്ധതികൾ തുടങ്ങൽ, പൊതു ഫണ്ട് വിനയോഗ അനുമതി തുടങ്ങിയവയ്ക്കായി മലപ്പുറം ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച് 38 അപേക്ഷകളും ക്ലാസിഫിക്കേഷൻ പുതുക്കൽ സംബന്ധിച്ച് 144 അപേക്ഷകളും സ്റ്റാഫ് പാറ്റേൺ അനുമതി സംബന്ധിച്ച് 111 അപേക്ഷകളും പുതിയ പദ്ധതികൾ തുടങ്ങൽ സംബന്ധിച്ച് 134 അപേക്ഷകളും പൊതുഫണ്ട് വിനിയോഗ അനുമതി സംബന്ധിച്ച് 788 അപേക്ഷകളും ഉൾപ്പെടെ ആകെ 1215 അപേക്ഷകൾ മലപ്പുറം ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസുകളിൽ ലഭിച്ചിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച പ്രസ്തുത അപേക്ഷകളിൽ ഇതുവരെ എത്രയെണ്ണം തീർപ്പ് കല്പിച്ചുവെന്നും

എത്രയെണ്ണം നിരസിച്ചുവെന്നും എത്രയെണ്ണം പരിഗണനയിലുണ്ടെന്നും വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ സഹകരണ സംഘങ്ങളിൽനിന്നും ലഭിച്ച പ്രസ്തുത അപേക്ഷകളിൽ 688 എണ്ണം തീർപ്പ് കല്പിക്കുകയും 116 എണ്ണം നിരസിക്കുകയും 411 എണ്ണം നിലവിൽ പരിശോധിച്ചുവരികയുമാണ്.

(സി) തീർപ്പാകാത്ത ഫയലുകളുടെ വിശദവിവരം സംഘത്തിന്റെ പേര് സഹിതം നൽകാമോ; കാലതാമസം ഒഴിവാക്കി പരിഗണനയിലുള്ള എല്ലാ അപേക്ഷകളും അടിയന്തരമായി തീർപ്പാക്കുമോ; വ്യക്തമാക്കാമോ?

എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകൾ

273(4547) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ നേരിട്ടുള്ള നിയമനത്തിനായി 7 ഒഴിവുകൾ നിലവിലുണ്ട്. ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2024 മേയ് 1-നുശേഷം നാളിതുവരെ നേരിട്ടുള്ള നിയമനത്തിനായി പ്രസ്തുത തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്ത തീയതി ഉൾപ്പെടെ വിശദമാക്കാമോ?

2024 മേയ് 1-നുശേഷം നേരിട്ടുള്ള നിയമനത്തിനായി 11-06-2024, 25-06-2024 തീയതികളിൽ 2 NJD ഒഴിവുകളും 25-06-2024-ന് നിലവിലുണ്ടായിരുന്ന 7 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രൊമോഷൻ വഴി നികത്താനായുള്ള ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ?

നിലവിൽ സഹകരണ വകുപ്പിൽ സീനിയർ ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ഓഡിറ്റർ തസ്തികയിലേക്ക് പ്രൊമോഷൻ വഴി നികത്തുന്നതിനായി 11 ഒഴിവുകളുണ്ട്.

(ഡി) ഈ ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

യോഗ്യരായ സീനിയർ ക്ലാർക്ക്/സീനിയർ ടൈപ്പിസ്റ്റുമാരുടെ അഭാവത്തിൽ ടി ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

എറണാകുളം ജില്ലയിലെ സഹകരണ എക്സ്പോ

274(4548) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022, 2023 വർഷങ്ങളിൽ ഏപ്രിൽ മാസം എറണാകുളം ജില്ലയിൽ സഹകരണ എക്സ്പോ നടത്തുകയുണ്ടായോ; എങ്കിൽ എക്സ്പോയിലൂടെ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

2022, 2023 വർഷങ്ങളിൽ ഏപ്രിൽ മാസം എറണാകുളം ജില്ലയിൽ സഹകരണ എക്സ്പോ നടത്തിയിരുന്നു. എക്സ്പോയിലൂടെ വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങൾ ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതു സമൂഹത്തിന് മുന്നിൽകൊണ്ടുവരുന്നതിന് സഹകരണ എക്സ്പോയിലൂടെ കഴിഞ്ഞിട്ടുണ്ട്.
2. സഹകരണ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും അവസരമൊരുക്കാൻ സാധിച്ചു.
3. അന്തർദേശീയ, ദേശീയ, സംസ്ഥാനതലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്.

4. സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

5. സഹകരണ മേഖലയിലെ ഉൽപന്നങ്ങളെ പരിചയപ്പെടുത്താനും അവയ്ക്ക് വിപണിയിൽ സ്ഥാനം ഉറപ്പിക്കുന്നതിനും കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിലേക്ക് സംഘങ്ങളെ നയിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

6. സമൃഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും വർധിച്ച സാന്നിധ്യമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

7. കേരളത്തിലെ സഹകരണ ഉൽപന്നങ്ങളുടെ ഏകീകൃത ബ്രാൻഡായ coopkerala ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്താൻ സാധിച്ചു.

8. സഹകരണ മേഖലയിലെ സ്ഥാപനങ്ങൾ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ എക്സ്പോ വേദിയിൽ ബിസിനസ് മീറ്റ് സംഘടിപ്പിച്ചു.

9. കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾ പുതുതായി വിപണിയിൽ എത്തിക്കുന്ന ഉൽപന്നങ്ങൾ എക്സ്പോ വേദിയിൽ ലോഞ്ച് ചെയ്യാൻ സാധിച്ചിട്ടുണ്ട്.

10. സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതികവിദ്യയും പൊതുസമൂഹത്തിന് പരിചയപ്പെടുത്താൻ സാധിച്ചു.

11. കേരളത്തിലെ സഹകരണ മേഖലയിലെ സേവനങ്ങൾ പരിചയപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

12. കേരളത്തിലെ സഹകരണ മേഖലയിൽനിന്നുള്ള ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്താൻ എക്സ്പോയിലൂടെ തുടക്കമിടാൻ സാധിച്ചിട്ടുണ്ട്.

13. സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കാൻ സാധിച്ചു.

(ബി) പ്രസ്തുത എക്സ്പോകൾ ഓരോന്നും നടത്തുന്നതിനായി എത്ര തുക വീതം ചെലവായിയെന്ന് വെളിപ്പെടുത്താമോ; ഓരോ എക്സ്പോയുടെയും ഇനം തിരിച്ചുള്ള ചെലവുകളുടെ വിശദാംശം നൽകാമോ?

സഹകരണ എക്സ്പോ 2022-ന്റെ നടത്തിപ്പിനായി 2,33,95,210/- രൂപയും സഹകരണ എക്സ്പോ 2023-ന്റെ നടത്തിപ്പിനായി 2,93,26,320/- രൂപയും ചെലവിനത്തിൽ വിനിയോഗിച്ചിട്ടുണ്ട്.

സഹകരണ എക്സ്പോ 2022-ന്റെ ചെലവുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇനം	തുക
1	അക്കോമഡേഷൻ ചെലവ്	6,50,289.80
2	എക്സ്പോ ബ്രാൻഡിംഗ്, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ, പരസ്യം, പ്രസ് മീറ്റ്	65,31,107.00
3	ആംബുലൻസ് & മെഡിക്കൽ ഫെസിലിറ്റി	1,33,268.00
4	മീഡിയ അവാർഡ്, അവാർഡ് കമ്മിറ്റിക്കുള്ള ഓണറേറിയം	78,000.00
5	ഫുഡ്, കാറ്ററിംഗ്, റഫ്രഷ്മെന്റ് ചെലവുകൾ	14,11,764.00
6	കൺസൾട്ടൻസി ചെലവ് (വൈദ്യുതി, ജി.എസ്.ടി.)	6,20,000.00
7	കോപ്മാർട്ട് ബ്രാൻഡിംഗ് ചെലവ്	1,41,100.00
8	വൈദ്യുതി കണക്ഷൻ	16,81,531.00
9	പവലിയൻ, സഹകരണ വകുപ്പിന്റെ സ്റ്റാൾ	85,99,380.00

	തയ്യാറാക്കിയത്	
10	മെമെന്റോ, മറ്റ് ഉപഹാരങ്ങൾ വാങ്ങിയത്	9,14,546.08
11	കലാപരിപാടികൾ സംഘടിപ്പിച്ചത്	19,64,750.00
12	അതിഥികൾക്ക് യാത്രാ ബത്ത അനുവദിച്ചത്	2,67,070.16
13	മറ്റ് ഭരണപരമായ ചെലവുകൾ	4,02,404.40
	ആകെ	2,33,95,210.44

സഹകരണ എക്സ്പോ 2023-ന്റെ ചെലവുകൾ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു.

ക്രമനം.	ഇനം	തുക
1	അക്കോമഡേഷൻ ചെലവ്	10,99,240.00
2	എക്സ്പോ ബ്രാൻഡിംഗ്, പബ്ലിക് റിലേഷൻസ് പ്രവർത്തനങ്ങൾ, പരസ്യം, പ്രസ് മീറ്റ്, കൾച്ചറൽ മീറ്റ്	38,49,033.84
3	പ്രിന്റിംഗ് ചെലവ്	17,51,274.00
4	മീഡിയ അവാർഡ്, അവാർഡ് കമ്മിറ്റിക്കുള്ള ഓണറേറിയം, മീഡിയ സപ്പോർട്ടേഴ്സിന്റെ അലവൻസ്	97,000.00
5	ഫുഡ്, കാറ്ററിംഗ്, റഫ്രഷ്മെന്റ് ചെലവുകൾ	16,88,324.00
6	കൺസൾട്ടൻസി ചെലവ് (ജി.എസ്.ടി.)	74,340.00
7	സഹകരണ വകുപ്പിന്റെ സ്റ്റാൾ തയ്യാറാക്കിയത്	15,93,000.00
8	വൈദ്യുതി കണക്ഷൻ	17,61,058.00
9	പവലിയൻ, പ്രവേശന കവാടം തുടങ്ങിയവ തയ്യാറാക്കിയത്	1,13,53,960.00
10	മെമെന്റോ, പുസ്തകങ്ങൾ, മറ്റ് ഉപഹാരങ്ങൾ വാങ്ങിയത്	14,90,012.00
11	കലാപരിപാടികൾ സംഘടിപ്പിച്ചത്	24,53,700.00
12	ടാക്സി ചാർജ്, ഇന്ധന ചാർജ്, അതിഥികൾക്ക് യാത്രാ ബത്ത അനുവദിച്ചത്	2,26,963.00
13	ജി.സി.ഡി.എ.-ക്ക് സ്ഥല വാടക നൽകിയത്	12,10,090.00
14	സെമിനാർ സംഘടിപ്പിച്ചത്	61,000.00

15	മറ്റ് ഭരണപരമായ ചെലവുകൾ ലൈസൻസ് ഫീ, ക്ലീനിംഗ് ചാർജ്, ഇന്റർനെറ്റ്, സ്റ്റേഷനറി, സ്വാഗത സംഘം രൂപീകരണം, ഓണറേറിയം മുതലായവ	6,17,326.00
	ആകെ	2,93,26,320.84

സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം മാറ്റൽ

275(4549)ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യത്തിന് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപത്തിൽ ആകെ എത്ര കോടി രൂപയാണ് കേരള ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റുന്നതിനായി ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന്റെ നിക്ഷേപം കേരള സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ട്രഷറിയിലേക്ക് മാറ്റുന്ന വിഷയം തൽകാലം പരിഗണനയിലില്ല.

ആരോഗ്യരംഗത്ത് സഹകരണ മേഖലയുടെ സംഭാവനകൾ

276(4550) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. മുകേഷ്:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യരംഗത്ത് സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ആരോഗ്യരംഗത്ത് സഹകരണ മേഖല ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികൾ ആരോഗ്യ മേഖലയെ ചൂഷണം ചെയ്യുന്ന സാഹചര്യത്തിലാണ് ആതുര സേവനരംഗത്ത് സ്വകാര്യ ആശുപത്രികളെ അപേക്ഷിച്ച് കുറഞ്ഞ ഫീസ് ഈടാക്കിക്കൊണ്ട് മിതമായ നിരക്കിൽ മരുന്നുകളും ആരോഗ്യ പരിരക്ഷയും നൽകുന്നതിന് ജനപങ്കാളിത്തത്തോടെ സഹകരണ ആശുപത്രികൾ രൂപീകരിച്ചത്. നിലവിൽ ചെറുതും വലുതുമായ 73-ൽ പരം ആശുപത്രികൾ കേരളത്തിലുടനീളം പ്രവർത്തിക്കുന്നുണ്ട്. ആതുര ശുശ്രൂഷ രംഗത്ത് മാത്രമല്ല മെഡിക്കൽ ലാബുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെല്ലാം സഹകരണ മേഖലയുടെ ഇടപെടലുണ്ടായിട്ടുണ്ട്. സഹകരണ ആശുപത്രികളുടെ കീഴിൽ നഴ്സിംഗ് കോളേജുകളും പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനായി കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസ് കോളേജുകളും

പ്രവർത്തിച്ചുവരുന്നു. കൂടാതെ ആശുപത്രി സംഘങ്ങളുടെ അപെക്സ് സ്ഥാപനമായ ഹോസ്പിറ്റൽ ഫെഡിന്റെ നേതൃത്വത്തിൽ ആശുപത്രി സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഈ മേഖലയെ കൂടുതൽ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതി മുഖേന വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിലേക്കായി സഹകരണ ആശുപത്രികളിൽ മെഡിസെപ്പ് പദ്ധതി എംപാനൽ ചെയ്തിട്ടുണ്ട്.

(ബി) പാലിയേറ്റീവ് കെയർ രംഗത്ത് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സഹകാരി സമൂഹത്തിനും പൊതുജനങ്ങൾക്കും ഗുണകരമായി മാറിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള സർക്കാരിന്റെ രണ്ടാം 100 ദിന പരിപാടിയുടെ ഭാഗമായി ഗുണമേന്മയുള്ള സാന്ത്വന പരിചരണം സഹകരണ മേഖലയിലൂടെ എന്ന

ഉദ്ദേശ്യത്തോടെ സഹകരണ ആശുപത്രികളുടെ നേതൃത്വത്തിൽ നടത്തുന്ന പാലിയേറ്റീവ് കെയർ പദ്ധതി ജനങ്ങൾക്കിടയിൽ നല്ല മതിപ്പുളവാക്കിയിട്ടുണ്ട്. വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവർക്കും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്ന സംവിധാനമാണിത്. ആലപ്പുഴ, വയനാട് ജില്ലകളിൽ ഒഴികെ നിലവിൽ 23 സഹകരണ സംഘ ആശുപത്രികളിൽ പാലിയേറ്റീവ് കെയർ പദ്ധതി നടന്നുവരുന്നു. ടി പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നതിനായി നിശ്ചിത തുക സംഘത്തിൽ ഒടുക്കി രജിസ്റ്റർ ചെയ്യുകയും ചികിത്സാ ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗിയെ ബന്ധപ്പെട്ട സഹകരണ ആശുപത്രിയിലെത്തിച്ച് ആവശ്യമായ ചികിത്സ നൽകി തിരികെ വീടുകളിൽ എത്തിക്കുകയും തുടർചികിത്സ ആവശ്യമാണെങ്കിൽ നിശ്ചിത ഇടവേളകളിൽ താമസ സ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തുകയും മരുന്നുകൾ, ആംബുലൻസ് സൗകര്യം എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) പിന്നാക്ക, ആദിവാസി, പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ചികിത്സയും ആരോഗ്യ സംരക്ഷണവും സഹകരണ മേഖലയിലൂടെ പ്രദാനം ചെയ്യുന്നതിന് പൈലറ്റ് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനം ഉറപ്പുവരുത്തുന്നതിനായി സഹകരണ ആശുപത്രികൾക്ക് ഗ്രാന്റ്, ഓഹരി ഇനങ്ങളിൽ ധനസഹായം നൽകുന്നതിനുള്ള ഒരു പദ്ധതി സഹകരണ വകുപ്പ് ആവിഷ്കരിക്കുകയും ടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ടായി അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി, പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി സഹകരിച്ച് 2017-2022 കാലയളവിൽ വിജയകരമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. അട്ടപ്പാടി മേഖലയിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പദ്ധതി കാലയളവിൽ സൗജന്യമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയിൽ ലഭ്യമാക്കുന്ന പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവഹിച്ചത്. ഗർഭിണികളായ

സ്ത്രീകൾക്കും ശിശുക്കൾക്കും പ്രത്യേക പരിചരണവും പോഷകാഹാരവും ലഭ്യമാക്കുന്നതിനും അട്ടപ്പാടിയിലെ ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ഊന്നൽ നൽകിയാണ് ടി പദ്ധതി നടപ്പാക്കിയത്. ഔട്ട് പേഷ്യന്റ്, ഇൻ പേഷ്യന്റ്, ഇൻവെസ്റ്റിഗേഷൻ എന്നീ വിഭാഗങ്ങളിലായി 6924 പേർക്ക് ടി പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്.

സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടി

277(4551) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരളത്തെ മികച്ച നിലവാരത്തിലുള്ള സംസ്ഥാനമാക്കി മാറ്റുന്നതിലും അടിസ്ഥാന വികസന മേഖലയിൽ വലിയ നേട്ടങ്ങൾ കൈവരിക്കുക, സഹകരണ മേഖലയെ ശക്തിപ്പെടുത്തുക എന്നീ

ലക്ഷ്യത്തോടെയും വിവിധ മേഖലകളിൽ പ്രസ്തുത പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ പ്രതിപക്ഷ ഭേദമെന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന് ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് 07-06-2024-ലെ 1829-ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07-06-2024-ലെ No.142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സമഗ്ര ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽകരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയുടെ സുസ്ഥിരവികസനം സാധ്യമാക്കുന്നതിനായി ആതുരശുശ്രൂഷ, ഉപഭോക്തൃ മേഖല, വിദ്യാഭ്യാസം, കാർഷിക മേഖല, വനിത, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, അടിസ്ഥാന വികസനം തുടങ്ങിയ എല്ലാ മേഖലകളെയും ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതി വിഹിതത്തിലുൾപ്പെടുത്തി 2024-25 സാമ്പത്തിക വർഷം 13442.00 ലക്ഷം രൂപ പദ്ധതി വിഹിതമായി അനുവദിച്ചിട്ടുണ്ട്.

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും നിലനില്പും വർധിപ്പിക്കുന്നതിന് സാങ്കേതികവിദ്യാ പ്രയോഗത്തിനും കൃഷിയിലെ കൂട്ടായ പരിശ്രമങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ട് 2022-23 സാമ്പത്തിക വർഷം

സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA)). കാർഷികോൽപന്നങ്ങളുടെ ഉൽപാദനത്തിലും സംഭരണത്തിലും വിപണനത്തിലുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നത് മുതൽ വിപണനം നടത്തുന്നതുവരെയുള്ള എല്ലാ പ്രവൃത്തികളെയും ടി പദ്ധതിയിലൂടെ പരിപോഷിപ്പിക്കുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക രംഗത്തെയും സഹകരണ മേഖലയുടെയും സുസ്ഥിര വികസനത്തിനും വളർച്ചയ്ക്കും കേരള ബാങ്ക് രൂപീകരണത്തിലൂടെ സാധ്യമായിട്ടുണ്ട്. കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം 2022 ഡിസംബർ മാസത്തോടെ നിലവിൽവന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ UPI സേവനങ്ങൾ, ATM, IMPS, Bill Payment,

AADHAR Enabled Payment System, RTGS, NEFT, CTS, NACH, ECS, PFMS, PBT, Micro ATM മുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്.

സഹകരണ മേഖലയിലേക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവജനങ്ങളുടെ സഹകരണ സംഘങ്ങൾ ആരംഭിക്കുകയുണ്ടായി.

സഹകരണ ആശുപത്രികൾ വഴി നടത്തിവരുന്ന പാലിയേറ്റീവ് കെയർ പദ്ധതി മുഖേന വാർധക്യത്തെയും രോഗത്തെയും അഭിമുഖീകരിക്കുന്നവരും ആരും ആശ്രയമില്ലാതെ കഴിയുന്നവർക്കും ചികിത്സാ സൗകര്യവും പരിചരണവും ലഭ്യമാക്കുന്നു. കേരളത്തിലെ സമസ്ത മേഖലയിലുമുള്ള കലാകാരന്മാരെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച അവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കലാകാരന്മാരുടെ സംഘം രൂപീകരിച്ചു. ഗിഗ്/ഓൺലൈൻ പ്ലാറ്റ് ഫോം മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആൻഡ് ഗിഗ്

വർക്കേഴ്സ് വെൽഫെയർ ഫെഡറൽ സഹകരണ സംഘം (ShopCosFed) എന്ന പേരിൽ സംഘം രൂപീകരിച്ചു. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി കേരള സംസ്ഥാന ഡിഫറൻഷ്യലി ഏബിൾഡ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം കോട്ടയം ജില്ല ആസ്ഥാനമായും സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയാക്കി രൂപീകരിക്കുകയുണ്ടായി. പ്രാദേശിക ദേശീയ അന്തർദേശീയ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിലേക്കായി പരിസ്ഥിതി സൗഹാർദ്ദപരമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് അസ്സോസിയേഷൻ മെമ്പേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആരംഭിക്കുകയുണ്ടായി.

കേരളത്തിലെ ഐ.ടി. & സയൻസ് ആൻഡ് ടെക്നോളജി പ്രൊഫഷണലുകളുടെ ക്ഷേമത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും രൂപീകരിക്കുകയുണ്ടായി.

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവ ജനങ്ങളുടെ പങ്കാളിത്തം സഹകരണ മേഖലയ്ക്ക് ലഭ്യമാക്കുകയെന്ന

ലക്ഷ്യംവച്ച് ഒരു ജില്ലയിൽ ഒന്നു വീതം, 14 പട്ടികജാതി പട്ടികവർഗ്ഗ യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്ത് സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിനും സാമ്പത്തിക സ്വയംപര്യാപ്തതയ്ക്കുമായി പുനർജനി പദ്ധതി 2022-23 വർഷം മുതൽ നടപ്പാക്കിവരുന്നു.

സഹകരണ മേഖലയിൽ വനിതകളെ മുന്നോട്ടുകൊണ്ടു വരികയെന്ന ലക്ഷ്യത്തോടെ കോട്ടയം, കണ്ണൂർ, തൃശ്ശൂർ ജില്ലകളിൽ മൂന്ന് യുവവനിത സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കോട്ടയം ആസ്ഥാനമായി പാലക്കാട് ജില്ല ഒഴിച്ചുള്ള ജില്ലകൾ പ്രവർത്തന പരിധിയായി നെല്ല് സംഭരണം പ്രധാന പ്രവർത്തനോദ്ദേശ്യമായി 27-08-2021 തീയതിയിൽ 4505 നമ്പർ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

കർഷകർക്ക് വരുമാനവും സാധാരണക്കാർക്ക് കുറഞ്ഞ വിലയിൽ അരി ലഭ്യമാക്കുകയുമാണ് ടി സംഘത്തിന്റെ പ്രധാന ലക്ഷ്യം.

സഹകരണ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുക എന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആവിഷ്കരിച്ച " ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി കൂടുതൽ കോപ്പ്മാർട്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും നടപടി സ്വീകരിക്കുകയും ചെയ്തു. സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്കോടുകൂടിയ ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുണ്ടായി.

കേരള സംസ്ഥാന ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) ടൂറിസം, ഹോസ്പിറ്റാലിറ്റി, ഇവന്റ് മാനേജ്മെന്റ് മേഖലയിൽ നൂതനമായ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്ന സ്ഥാപനമാണ്. പ്രാഥമിക കാർഷിക

സഹകരണ സംഘങ്ങൾ മുഖാന്തരം വ്യക്തികൾക്ക് വീടുകളിൽ സൗരോർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിന് പരമാവധി 3 ലക്ഷം രൂപ വിതരണം ചെയ്യുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങൾ മുഖാന്തരം ചെറുകിട, വഴിയോര കച്ചവടം, ചെറുസംരംഭം എന്നിവ ആരംഭിക്കുന്നതിനും ഉപജീവന മാർഗം കണ്ടെത്തുന്നതിനുമായി ഓട്ടോറിക്ഷ വാങ്ങാൻ ഉദ്ദേശിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾ, മെയിന്റനൻസ് എന്നിവയ്ക്കായി പരമാവധി ധന സഹായം നൽകുന്ന ഒരു പദ്ധതി "സഹായ ഹസ്തം" എന്ന പേരിൽ നടപ്പാക്കിയിട്ടുണ്ട്. 1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി പദ്ധതി.

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ പുനരാസൂത്രണം ചെയ്യുകയും പുനരുജ്ജീവിപ്പിക്കുകയും പ്രവർത്തന മൂലധനത്തിന്റെ

അഭാവംമൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ സാഹചര്യത്തിൽ പ്രവർത്തനം നിലച്ചതും എന്നാൽ പ്രവർത്തന സാധ്യതയുള്ളതുമായ സംഘങ്ങളുടെ പുനരുദ്ധാരണം എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി രൂപീകരിക്കുന്നതിന് സർക്കാർ 18-04-2023-ന് സ.ഉ.(സാധാ)നം.234/2023/സഹ നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിൽ പ്രവർത്തിക്കുന്ന ഓരോ സംഘത്തിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്താനും സാമ്പത്തിക കാര്യങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിനും എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ ഭരണ-പ്രതിപക്ഷ ഭേദമെന്യേ ബഹുമാനപ്പെട്ട സഭ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ പാസ്സാക്കുകയുണ്ടായി. പ്രസ്തുത ബില്ലിന്

ബഹുമാനപ്പെട്ട സംസ്ഥാന ഗവർണ്ണർ അംഗീകാരം നൽകുകയുണ്ടായി. ആയത് 07-06-2024-ലെ 1829-ാം നമ്പറായി അസാധാരണ ഗസറ്റിൽ 2024-ലെ 9-ാം നിയമമായി കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023, 07-06-2024-ലെ No.142/Leg.H2/2022/Law നമ്പറായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സമഗ്ര ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ അധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിക്കുകയും കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

സഹകരണ മേഖലയിലെ ചില ഒറ്റപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേക്കായി ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ്

ആരംഭിക്കുകയും ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട് സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള

ഓഡിറ്റ് മോഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്.

റിസ്ക് ഫണ്ട് ആനുകൂല്യത്തിനുള്ള അപേക്ഷ

278(4552) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്ക് കാർഷിക ഗ്രാമ വികസന സഹകരണ സംഘം മുക്കം ശാഖയിൽനിന്നും വായ്പയെടുത്ത ഏറാടി പറമ്പത്ത് മൂസ 2021-ൽ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ കുടുംബം റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) കോഴിക്കോട് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ മുക്കം ശാഖയിൽനിന്നും വായ്പയെടുക്കുകയും മരണപ്പെടുകയും ചെയ്ത മൂസ, ഏറാടി പറമ്പത്ത്, എന്നയാളുടെ വായ്പകളിൽ റിസ്ക് ഫണ്ട്

ധനസഹായത്തിനുള്ള അപേക്ഷകൾ 30-05-2024-നാണ് കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ കോഴിക്കോട് മേഖലാ ഓഫീസിൽ ലഭ്യമായിട്ടുള്ളത്. ടി അപേക്ഷകൾ പരിശോധിച്ചതിൽ റിസ്ക് ഫണ്ട് ധനസഹായത്തിന് നിയമാവലി നിബന്ധനകൾ പ്രകാരം അർഹതയുള്ളതിനാൽ മൂസയുടെ HSFL 654/20-21 നമ്പർ വായ്പയിൽ 25-06-2024-ലെ 000061 നമ്പർ ചെക്ക് പ്രകാരം 49,876/- രൂപയും NRHL 378/20-21 നമ്പർ വായ്പയിൽ 25-06-2024-ലെ 000062 നമ്പർ ചെക്ക് പ്രകാരം 2,00,000/- രൂപയും ഉൾപ്പെടെ ആകെ 2,49,876/- രൂപയുടെ ധനസഹായം അനുവദിക്കുന്നതിനായി ബോർഡ് ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറിയുടെ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സഹകരണ മേഖല കാർഷിക രംഗത്ത് നടപ്പാക്കുന്ന കാർഷിക പദ്ധതികൾ

279(4553) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് വമ്പൻ കുതിപ്പ് നൽകുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

കാർഷിക രംഗത്ത് വമ്പൻ കുതിപ്പ് നൽകുന്നതിനായി സഹകരണ മേഖലയിൽ നടപ്പാക്കുന്ന പദ്ധതികൾ വിലയിരുത്തിയിട്ടുണ്ട്.

പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും ജില്ലകളിൽനിന്നും ലഭിച്ച കണക്കുപ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും കൂടുതലും പച്ചക്കറി കൃഷിയാണ് നടത്തിവന്നത്. കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി.

ഇതിന്റെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പാക്കുകയെന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യവർഷമായി പ്രഖ്യാപിച്ചതിനാൽ ധാന്യവിളകൾക്കും ഈ പദ്ധതി പ്രാധാന്യം നൽകുന്നുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്തുവരുന്നു. വിത്തും തൈകളും ഉൽപാദിപ്പിക്കുന്ന സംഘങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി 370.52 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ 2022-23

സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS)ഉം എന്നീ സഹകരണ സംഘങ്ങളും സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുണ്ട്.

സഹകരണ മേഖലയിൽ സഹകരണ സംഘങ്ങളുടെ ഉൽപന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി നേടുകയെന്ന ലക്ഷ്യത്തോടെ സഹകരണ വകുപ്പ് വിഭാവനം ചെയ്ത് "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടം ആരംഭിച്ച 14 കോപ്പ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്പ്മാർട്ടുകൾകൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്.

സഹകരണ ഉൽപന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവൺമെന്റ് അംഗീകാരമുള്ള coopkerala സർട്ടിഫിക്കേഷൻ മാർക്ക് നൽകുകയും coopkerala മാർക്കോടുകൂടിയ സഹകരണ ഉൽപന്നങ്ങൾക്ക് ഓൺലൈൻ വിപണി ഒരുക്കുകയും ഉൽപന്നങ്ങൾ ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിൽ എത്തിക്കുകയുമുണ്ടായി. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന മൂല്യവർധിത ഉൽപന്നങ്ങൾ അമേരിക്ക, ബ്രിട്ടൻ, ന്യൂസിലാന്റ്, യു.എ.ഇ., ഒമാൻ, ദുബായ്, ഖത്തർ തുടങ്ങിയ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുവരുന്നതുമാണ്.

(ബി) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിലെ നൂതന പദ്ധതിയായി വിഭാവനം ചെയ്ത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രസ്തുത പദ്ധതി പ്രവർത്തനം നിലവിൽ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ?

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യവർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതനപദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു[+].

(സി) നെൽ കർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെൽകർഷകരുടെ സംഭരണ വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പാലക്കാട്ടെ നെൽ കർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചിട്ടുണ്ട്.

പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകളിൽ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും

സംസ്ഥാനത്തെ നെൽക്കൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിച്ചിട്ടുണ്ട്.

(ഡി) സഹകരണ മേഖലയിലെ കാർഷിക കടാശ്വാസ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സഹകരണ മേഖലയിലെ കാർഷിക കടാശ്വാസ പദ്ധതി പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്.

വിവിധ ജില്ലകളിൽ കേരള കർഷക കടാശ്വാസ കമ്മീഷൻ നടത്തുന്ന സിറ്റിംഗുകളിൽ ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ കടാശ്വാസ കമ്മീഷൻ അവാർഡ് പുറപ്പെടുവിച്ച് ഉത്തരവാകുന്നു. ടി അവാർഡുകളിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് ലഭ്യമായ അവാർഡുകൾ പരിശോധന നടത്തുന്നതിനായി കൃഷി വകുപ്പ്, സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കുന്നു. ടി അവാർഡുകളുടെ

അർഹത പരിശോധിച്ച് സഹകരണ സംഘം രജിസ്ട്രാർ കൃഷി വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കുന്നമുറയ്ക്ക് കൃഷി വകുപ്പിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽനിന്നും കൃഷി വകുപ്പ് സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുന്ന തുക സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക്/സ്ഥാപനങ്ങൾക്ക് നൽകിവരികയാണ് ചെയ്തുവരുന്നത്.

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക കടം എഴുതി തള്ളുന്നതിനായി പ്രഖ്യാപിച്ച അവാർഡുകളിൽ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകിയ അവാർഡുകൾ കൃഷി വകുപ്പ് മുഖേന സഹകരണ സംഘം രജിസ്ട്രാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ടി അവാർഡുകളിൽ 18,51,91,679/-രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച അവാർഡുകളിൽ പരിശോധന നടത്തി അർഹതപ്പെട്ട 24404 അപേക്ഷകളിന്മേൽ 184,62,35,179/- രൂപയുടെ കടാശ്വാസ തുക അനുവദിച്ച് കിട്ടുന്നതിലേക്കായി കൃഷി വകുപ്പിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും കടാശ്വാസ കമ്മീഷൻ പ്രഖ്യാപിച്ച

71,45,69,969/- രൂപയുടെ 10437 അപേക്ഷകൾ അർഹതാ പരിശോധനയ്ക്കായി ജില്ലകൾക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങൾ

280(4554) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

തൃശൂർ മണ്ഡലത്തിലെ ആധുനിക സഹകരണ റൈസ് മിൽ പദ്ധതി

281(4555) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശൂർ മണ്ഡലത്തിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന കണ്ണമ്പ്ര ആധുനിക സഹകരണ റൈസ് മിൽ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുംവിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ല പ്രവർത്തന പരിധിയായി പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1449 (PAPCOS) എന്ന പേരിൽ 29-01-2019-ന് സംഘം രജിസ്റ്റർ ചെയ്യുകയും 06-02-2019-ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 36 സംഘങ്ങൾ അംഗങ്ങളായിട്ടുണ്ട്. ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര 1 വില്ലേജിൽ മാങ്ങോട് എന്ന സ്ഥലത്ത് 27.66 ഏക്കർ ഭൂമി 7.03 കോടി രൂപയ്ക്ക് രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുണ്ട്.

പാപ്കോസിന്റെ പദ്ധതി പ്രദേശത്തേക്കുള്ള റോഡിന്റെ വീതി 2.4 കിലോമീറ്ററോളം ഭാഗത്ത് 5 മീറ്റർ മാത്രമാണുള്ളത്, നിയമാനുസൃതം ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിന് 8 മീറ്റർ വീതിയുള്ള റോഡ് ആവശ്യമുണ്ട്. ആയത് ലഭ്യമാക്കുന്നതിനായി 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and

Resettlement Act, 2013 (RFCT LARR Act) പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിന് ഫോറം-2-ൽ ഉള്ള അപേക്ഷയും ഭൂമിയുടെ അലൈൻമെന്റ് സ്കെച്ചും സഹിതം റവന്യൂ വകുപ്പിന്റെ ഭരണാനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അലൈൻമെന്റ് സ്കെച്ച് അനുസരിച്ച് 65.36 സെന്റ് ഭൂമി 19 പേരിൽ നിന്നായി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

സംഘം ഭരണസമിതിയിലെ 13 അംഗങ്ങളിൽ 7 അംഗങ്ങൾ അവർ പ്രതിനിധാനം ചെയ്യുന്ന സംഘങ്ങളിലെ ഭരണസമിതി തിരഞ്ഞെടുപ്പിനെ തുടർന്ന് പ്രസിഡന്റ്/ഡയറക്ടർ സ്ഥാനം നഷ്ടമായതുമൂലം പാപ്കോസിന്റെ ഭരണസമിതിയിൽ തുടരാനാവാത്തതിനാൽ ക്വാറം തികയാത്ത സാഹചര്യം സംജാതമാകുകയും ടി സാഹചര്യത്തിൽ ഭരണസ്തംഭനം ഒഴിവാക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 33(1) പ്രകാരം മൂന്നംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ചുകൊണ്ട് ഉത്തരവാകുകയും 23-12-2023-ന് കമ്മിറ്റി ചാർജെടുക്കുകയും ചെയ്തിട്ടുണ്ട്. സംഘത്തിന്റെ കീഴിൽ ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനായി

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

അക്രഡിറ്റഡ് ഏജൻസികൾക്കും സ്റ്റാർട്ട് അപ്പുകൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ

282(4556) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പ് എന്നിവയ്ക്ക് സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ ലഭിക്കുന്ന പ്രത്യേക ആനുകൂല്യങ്ങളും ഇളവുകളും എന്തൊക്കെയെന്ന് വിശദമാക്കാമോ?

അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പ് എന്നിവയ്ക്ക് സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥ പ്രകാരം ടെൻഡർ നടപടികൾ ഒഴിവാക്കി നിശ്ചിത തുക വരെയുള്ള സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുത്തു നടത്തുന്നതിന് ഇളവുകൾ അനുവദിക്കുന്നുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവയ്ക്ക് ലഭിക്കുന്ന പരിഗണന യുവജന സംരംഭക സഹകരണ സംഘങ്ങൾക്ക് കൂടി നൽകുന്ന വിഷയം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ പദ്ധതികളും പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ അക്രഡിറ്റഡ് ഏജൻസികൾ, സ്റ്റാർട്ട് അപ്പുകൾ എന്നിവയ്ക്ക് ലഭിക്കുന്ന പരിഗണന യുവജന സംരംഭക സഹകരണ സംഘങ്ങൾക്കുകൂടി നൽകിവരുന്നു.

തിരുവനന്തപുരം ജില്ലയിൽ യുവജന സഹകരണ സംഘമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2283 (VYBECOS)-ന് ഉത്തരവാദിത്ത ടൂറിസം മിഷന്റെ കീഴിൽ ഉത്തരവാദിത്ത ടൂറിസം ക്ലബ്ബായി (RT CLUB) 27-09-2022-ൽ സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ കോ-ഓഡിനേറ്റർ അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സൈക്ലിംഗ്, ഹൈറോപ്പ് കോഴ്സ്, സിപ്പ് ലൈൻ എന്നീ ഇനങ്ങളിൽ ആക്കുളം ടൂറിസം വില്ലേജിൽ അഡ്വഞ്ചർ ആക്ടിവിറ്റി പ്രൊവൈഡറായി 30-11-2022 മുതൽ രണ്ട്

വർഷത്തേക്ക് അംഗീകാരം നൽകിക്കൊണ്ട് ടൂറിസം വകുപ്പ് ഡയറക്ടർ 30-11-2022-ന് TVM 139 നമ്പരായി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാണ്.

സഹകരണ മേഖലയുടെ സാങ്കേതിക വിദ്യാധിഷ്ഠിത കൃഷി

283(4557) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രികൾച്ചറിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചറിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയിൽ

ഉൾപ്പെടുത്തി ആരംഭിച്ചിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സഹകരണ സംഘത്തിന്റെ പേര്	അനുവദിച്ച ധനസഹായ തുക (ലക്ഷത്തിൽ)	പദ്ധതി സംബന്ധിച്ച വിവരം
ആനിക്കാട് റീജിയണൽ ഫാർമേഴ്സ് SCB Ltd No.3867, കോട്ടയം	39.00	ബാങ്കിന്റെ കയ്യൂരിലുള്ള 50 സെന്റ് സ്ഥലത്ത് സുഫല ഗാർഡൻസ് എന്ന പേരിൽ ഫലവൃക്ഷ പച്ചക്കറി തൈ നഴ്സറിയുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും ഔദ്യോഗിക ഉദ്ഘാടനം 2024 ജനുവരിയിൽ നടന്നു. ഗുണമേന്മയുള്ള പച്ചക്കറി തൈകളും വിത്തുകളും അലങ്കാരച്ചെടികളും വിതരണം ചെയ്യുന്നു. ഒരു വനിതയ്ക്ക് സ്ഥിരമായും വനിതകൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട്.
പനയാൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.സി 46, കാസർഗോഡ്	115.00	3 ട്രാക്ടർ, 1 കംബയിൻ ഹാർവെസ്റ്റർ, 1 കൊയ്ത്ത് മെഷീൻ, 1 വിന്നോവർ എന്നിവ വാങ്ങിയിട്ടുണ്ട്. പഞ്ചായത്തിൽ തരിശായി കിടന്ന 25 ഏക്കർ സ്ഥലത്ത് ബാങ്ക് നെൽക്കൃഷി ഇറക്കുകയും വിളവെടുപ്പിൽ 19 ടൺ നെല്ലും 650 കെട്ട് വയ്ക്കോൽ എന്നിവ ഉൽപാദിപ്പിച്ചിട്ടുണ്ട്. സ്പെസസ് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തി മഞ്ഞൾ ഗ്രാമം പദ്ധതി പ്രകാരം 1 ടൺ വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. 2 ഏക്കർ സ്ഥലത്ത് ബാങ്ക് സ്വന്തമായി കൃഷി ചെയ്തുവരുന്നു. പൾസസ് വില്ലേജ് പദ്ധതി പ്രകാരം പയർ, ഉഴുന്ന്, ചെറുപയർ തുടങ്ങിയ ധാന്യ വിളകൾ കൃഷി ചെയ്യുന്നതിനായി സബ്സിഡി നിരക്കിൽ വിത്തുകൾ വിതരണം ചെയ്യുന്നു.
മാടപ്പള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം	39.00	ബാങ്കിന് സ്വന്തമായുള്ള 2.5 ഏക്കർ സ്ഥലത്ത് വാഴകൃഷി നടത്തുന്നതിനും മീൻ കുളം നിർമ്മിക്കുന്നതിനും ഫെൻസിംഗ് ചെയ്യുന്നതിനായി മാർക്ക് ചെയ്യുന്നതിനും 6,92,300/- രൂപ

നം.160, കോട്ടയം		ചെലവഴിച്ചിട്ടുണ്ട്.
മാങ്കുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.ഐ 108, ഇടുക്കി	39.00	ടി പദ്ധതിയുടെ ഭാഗമായി പാഷൻ ഫ്രൂട്ട് കൃഷിയുടെ സംഭരണവും സംസ്കരണവും നടന്നുവരുന്നു. 40000 വാഴ വിത്തുകളും 20000 പച്ചക്കറി വിത്തുകളും വിതരണം ചെയ്തു. കൃഷി ഭവനുമായി സഹകരിച്ച് 29370 കിലോ വേപ്പിൻ പിണ്ണാക്കിന്റെ വിതരണ പ്രവർത്തനം നടന്നു. തീറ്റപ്പുല്ല് കൃഷി ജെ.എൽ.ജി. ഗ്രൂപ്പ് വഴിയാണ് കൃഷി ചെയ്യുന്നത്. പാഷൻ ഫ്രൂട്ട് - 100 ഏക്കർ, വാഴ കൃഷി - 100 ഏക്കർ, പച്ചക്കറി – 25 ഏക്കർ എന്നിങ്ങനെ കൃഷി ചെയ്യുന്നു. ബാങ്കിന് സ്വന്തമായുള്ള 44.50 സെന്റ് സ്ഥലത്ത് 1500 സ്ക്വ.ഫീ. തുറന്ന ലേലമാർക്കറ്റ്, 200 സ്ക്വ.ഫീ. കോൾഡ് റൂം, 300 ച.അടി സ്റ്റോറേജ് ഉൾപ്പെടെയുള്ള ഗ്രാമീണ മാർക്കറ്റിന്റെ പ്രവർത്തനം നടന്നുവരുന്നു.
തങ്കമണി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം.കെ 281, ഇടുക്കി	144.00	ഡ്രൈഡ് ഫ്രൂട്ട് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 100 KVA ട്രാൻസ്ഫോമർ വാങ്ങുന്നതിന് ക്വട്ടേഷൻ പൂർത്തീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. 6.10 ലക്ഷം രൂപ ചെലവഴിച്ച് ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്. ഡീഹൈഡ്രേഷൻ ഡ്രയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടി പൂർത്തീകരിക്കുകയും 71 ലക്ഷം രൂപയ്ക്ക് വർക്ക് ഓഡർ നൽകുകയും യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള 90% വർക്കുകളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു. 1. സിവിൽ വർക്കുകൾ, കിണർ നിർമ്മാണം- 53,70,830.00 2. ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ്- 6,85,071.00 3. മെഷിനറി അഡ്വാൻസ് -43,66,204.00 ആകെ -1,04,22,105.00 രൂപ ചെലവഴിച്ചിട്ടുണ്ട്.
പട്ടുവം സർവീസ് സഹകരണ	145.00	കാർഷിക സേവന കേന്ദ്രം ശക്തിപ്പെടുത്തുന്നതിനായി ട്രാക്ടർ, വെയിലർ എന്നിവ ഉൾപ്പെട്ട ഉപകരണങ്ങൾ വാങ്ങുന്നതിന് 14,29,903/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ബാങ്ക് ക്ലിപ്തം നം.സി. 132, കണ്ണൂർ		കൃഷി, കർഷക സേവന പ്രവർത്തനങ്ങൾക്കായി 37,66,470/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിൽനിന്നും 49,11,741/- രൂപ വരുമാനമുണ്ടായിട്ടുണ്ട്. ബാങ്ക് ഉൽപാദിപ്പിച്ച നെല്ല് കുത്തി അരിയാക്കി 'പട്ടുവം കുത്തരി' എന്ന പേരിൽ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ വഴി 4 പേർക്ക് സ്ഥിരമായി തൊഴിൽ ലഭിക്കുന്നു. 4000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നെല്ല് വിത്ത് ലഭ്യമാക്കുന്നതിനായും ചെമ്മീൻ പാടം നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടക്കുന്നു.
ബേഡഡുക്ക ഫാർമേഴ്സ് SCB ക്ലിപ്തം നം.എഫ് 92, കാസർഗോഡ്	50.00	ബാങ്ക് പ്രവർത്തന പരിധിക്കകത്തെ മുഴുവൻ കർഷകരുടെയും പച്ചക്കറികൾ സംഭരിക്കുന്നതിന് ബാങ്ക് നിർമ്മിച്ച കോൾഡ് സ്റ്റോറേജ് ഉപയോഗപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്. 50 ടണ്ണിലധികം പച്ചക്കറികൾ സംഭരിച്ച് വിതരണം ചെയ്തു. 9.45 ലക്ഷം രൂപ വിനിയോഗിച്ച് പിക്ക്അപ് വാൻ വാങ്ങി. 2023-24 സാമ്പത്തിക വർഷം 17.58 ലക്ഷം രൂപയുടെ പച്ചക്കറി സംഭരിച്ച് വില്പന നടത്തി. 4 പേർക്ക് നേരിട്ടും 100-ലധികം പേർക്ക് അല്ലാതെയും തൊഴിൽ നൽകുന്നതിന് സാധിച്ചു.
ഒക്കൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നം. 2181, എറണാകുളം	45.00	മഴമറയുടെ നിർമ്മാണം 2 സ്ഥലത്തായി 930 m^2-ൽ പണി പൂർത്തീകരിക്കുകയും പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. Iron Banana propping pole, Agri waste shredder, Garden tiler, Cultivator, Bund-former എന്നിവ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. Tissue culture, culture Lab & Nursery-യുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി compound wall, fencing എന്നിവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, വിതരണം എന്നീ മേഖലകളിൽ സഹകരണ രംഗത്ത് നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

കൃഷിയെ പ്രോത്സാഹിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം സംഭരണം, മൂല്യ വർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ). 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സംസ്കരണം, വിപണനം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും

സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിച്ചുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് 'സഹകരണ ഉൽപന്നങ്ങളുടെ ഉൽപാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം'.

സഹകരണ ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ സംസ്ഥാനത്ത് കൃഷി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച പുരോഗതി അറിയിക്കാമോ?

കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം സംഭരണം, മൂല്യ വർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ 2022-23 സാമ്പത്തികവർഷം മുതൽ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് 'സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ

സഹകരണ മേഖലയുടെ നൂതന പദ്ധതി' (കോ-ഓപ്പറേറ്റീവ് ഇനിഷ്യേറ്റീവ്സ് ഇൻ ടെക്നോളജി ഡ്രിവൺ അഗ്രിക്കൾച്ചർ - CITA).

സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്ന സഹകരണ സംഘങ്ങൾ മുഖേന 500 ഏക്കർ സ്ഥലത്ത് കൃഷി നടപ്പാക്കുന്ന പദ്ധതി നടപ്പാക്കുകയുണ്ടായി. 14 ജില്ലകളിലുമായി ആകെ 500 ഏക്കർ സ്ഥലത്താണ് കൃഷിത്തോട്ടങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നതെങ്കിലും ജില്ലകളിൽനിന്നും ലഭിച്ച കണക്കുപ്രകാരം 410 സംഘങ്ങൾ 608 ഏക്കർ 24 സെന്റ് സ്ഥലത്ത് കൃഷി ആരംഭിക്കുകയുണ്ടായി. എല്ലാ ജില്ലകളിലും കൂടുതലും പച്ചക്കറി കൃഷിയാണ് നടത്തിവന്നത്. കൂടാതെ തെങ്ങ്, മരച്ചീനി, വാഴ, നെല്ല് എന്നിവയും ഇതിന്റെ ഭാഗമായി കൃഷി ചെയ്യുകയുണ്ടായി.

ഇതിന്റെ തുടർച്ചയായി ഒരു ജില്ലയിൽ 75 ഏക്കറിൽ കുറയാതെ തരിശുഭൂമിയിൽ കൃഷി നടപ്പിലാക്കുക എന്ന പദ്ധതി ആരംഭിക്കുകയുണ്ടായി. 2023 അന്താരാഷ്ട്ര ഭക്ഷ്യ കാർഷിക സംഘടന (FAO) ചെറു ധാന്യവർഷമായി പ്രഖ്യാപിച്ചിരിക്കുന്നതിനാൽ ധാന്യവിളകൾക്കും ഈ പദ്ധതി പ്രാധാന്യം

നൽകുന്നുണ്ട്. മരച്ചീനി, ഏത്തവാഴ, പച്ചക്കറികൾ, മഞ്ഞൾ, ഇഞ്ചി, വാഴ, ചേന, ചേമ്പ്, പൈനാപ്പിൾ, തേയില, കുരുമുളക്, ഏലം, തെങ്ങ്, അടയ്ക്ക തുടങ്ങിയ വിളകൾ പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയും മറ്റ് മിസലേനിയസ് സംഘങ്ങൾ വഴിയും കൃഷി ചെയ്തുവരുന്നു. വിത്തും തൈകളും ഉൽപാദിപ്പിക്കുന്ന സംഘങ്ങളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി 14 ജില്ലകളിലുമായി 370.52 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. പദ്ധതി ഇപ്പോഴും തുടർന്നുവരുന്നു.

സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

284(4558) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ടോ?

സഹകരണ മേഖലയിൽ 2024-ൽ 01-03-2024 മുതൽ 31-03-2024 വരെ നവകേരളീയം കുടിശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

നടപ്പാക്കുന്നതിന് അനുമതി നൽകിയിരുന്നു. ടി പദ്ധതിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഫലകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 30-06-2024 വരെ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുകയെന്ന ഉദ്ദേശ്യത്തോടെ 31-03-2024-ലെ ബാക്കി നില്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക

അടച്ചുതീർത്ത് നടപടികളിൽനിന്നും ഒഴിവാകുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 2024 മാർച്ച് 31-ലെ ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകളിലുൾപ്പെട്ട കുടിശ്ശിക വായ്പക്കാർക്ക് മാത്രമാണ് ടി പദ്ധതി പ്രകാരം ഇളവ് ലഭിക്കുന്നത്.

(ബി) 2010-ന് ശേഷം നിർധനരായ പട്ടികജാതി കുടുംബങ്ങൾ എടുത്ത വായ്പയിൽ വന്നിട്ടുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി കടാശ്വാസ പദ്ധതി നടപ്പാക്കുമോ?

ഒന്നരലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള പട്ടികജാതി/പട്ടികവർഗ്ഗ/പരിവർത്തിത ക്രൈസ്തവ വിഭാഗക്കാർ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 12-11-2009-ലെ സ.ഉ. (അച്ചടി)100/2009/പജ.പവ.വിവ. പ്രകാരം എഴുതി തള്ളിയിട്ടുണ്ട്.

ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘം/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2006-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 50,000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 10-12-2013-ലെ സ.ഉ.(അച്ചടി)99/2013/പജ.പവ.വിവ. പ്രകാരവും എഴുതി തള്ളിയിട്ടുണ്ട്.

കൂടാതെ ഇതേ പദ്ധതിയിൻകീഴിൽ പട്ടികജാതി വിഭാഗക്കാർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1,00,000/- രൂപ വരെയുള്ള വായ്പകൾ സർക്കാരിന്റെ 30-03-2015-ലെ സ.ഉ. (അച്ചടി)24/2015/പജ.പവ.വിവ. പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്.

എന്നാൽ 31-03-2010-നുശേഷം നിർധനരായ പട്ടികജാതി കുടുംബങ്ങൾ എടുത്ത വായ്പയിൽ വന്നിട്ടുള്ള കുടിശ്ശിക ഒഴിവാക്കുന്നതിനായി പ്രത്യേക കടാശ്വാസ പദ്ധതികളൊന്നും തന്നെ നിലവിലില്ല.

(സി) നിർധനരായ മത്സ്യത്തൊഴിലാളികളുടെ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് കടാശ്വാസ പദ്ധതി നടപ്പാക്കുമോ?

നിർധനരായ മത്സ്യത്തൊഴിലാളികളുടെ വായ്പ കുടിശ്ശിക ഒഴിവാക്കുന്നതിന് കടാശ്വസ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. സർക്കാരിന്റെ 06-12-2010-ലെ സ.ഉ.(പി) 91/2010/മ.ത്സ.വ. ഉത്തരവിന്റെയും സർക്കാരിന്റെ 05-08-2021-ലെ സ.ഉ.(സാധാ)379/2021/മ.ത്സ.വ ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി നടപ്പാക്കിവരുന്നത്.

വൈപ്പിൻ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

285(4559) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ബാങ്ക് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽനിന്നും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി 477 അപേക്ഷകളിലായി 389 പേർ

അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകളുടെ ബാങ്ക് അടിസ്ഥാനത്തിലുള്ള വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു+.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് റിസ്ക് ഫണ്ട് ആനുകൂല്യം പാസ്സായിട്ടുണ്ടെന്ന് വിശദമാക്കാമോ?

റിസ്ക് ഫണ്ട് ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ വിവിധ സഹകരണ ബാങ്കുകൾ മുഖേന ലഭ്യമായ 477 അപേക്ഷകളിൽ 238 അപേക്ഷകളിലായി 201 പേർക്ക് 1,85,59,716/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(സി) അവശേഷിക്കുന്ന അപേക്ഷകളിൽ അർഹരായവർക്ക് പ്രസ്തുത ആനുകൂല്യം എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അവശേഷിക്കുന്ന അപേക്ഷകളിൽ ന്യൂനത പരിഹരിച്ച് ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിൽനിന്നും ലഭ്യമാകുന്ന മുറയ്ക്കും ബോർഡിൽ ലഭ്യമായ പുതിയ അപേക്ഷകളിൽ നിയമാവലി നിബന്ധനകൾക്ക് വിധേയമായി സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കേരള ബാങ്ക്, വല്ലാർപാടം ശാഖയിൽനിന്നും എടുത്ത വായ്പ കുടിശ്ശികയില്ലാതെ അടച്ചുവരവെ 15-07-2022-ന് മരണപ്പെട്ട സേവ്യറിന്റെ ഭാര്യ ബീന റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; പ്രസ്തുത ആനുകൂല്യം ടിയാൾക്ക് എന്നത്തേക്ക് ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

കേരള ബാങ്ക്, വല്ലാർപ്പാടം ശാഖയിൽനിന്നും ശ്രീ. സേവ്യർ എടുത്ത 050858/040 നമ്പർ വായ്പയിൽ റിസ്ക് ഫണ്ട് ധനസഹായമായി 33,333/- രൂപ 30-05-2024-ൽ അനുവദിച്ചിട്ടുണ്ട്. ടിയാന്റെ 050768/124 നമ്പർ വായ്പയിൽ മുതലിനത്തിൽ 6 മാസത്തിലധികരിച്ച് കുടിശ്ശികയുള്ളതിനാൽ റിസ്ക് ഫണ്ട് നിയമാവലി നിബന്ധന 4(ബി) പ്രകാരം ധനസഹായത്തിന് അർഹതയില്ലാത്തത് കാരണം 30-05-2024-ൽ നിരസിച്ചിട്ടുള്ളതുമാണ്.

സഹകരണ നിക്ഷേപ സമാഹരണം

286(4560) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21-ലെ സർക്കാരിന്റെ കാലം മുതൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപ സമാഹരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

2016-21-ലെ സർക്കാരിന്റെ കാലം മുതൽ നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച പരിപാടികൾ ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ, അർബൻ ബാങ്കുകൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, മറ്റ് വായ്പാ സഹകരണ സംഘങ്ങൾ, അംഗങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുന്ന മറ്റ് വായ്പേതര സഹകരണ സംഘങ്ങൾ എന്നിവ ഈ ക്യാമ്പയിനുകളുടെ ഭാഗമായിട്ടുണ്ട്.

1. നിക്ഷേപ സമാഹരണ യജ്ഞത്തിന് മുന്നോടിയായി അംഗങ്ങളിൽനിന്നും നിക്ഷേപം ആകർഷിക്കുന്നതിനായി സഹകരണ സംഘങ്ങളിലെയും കേരള ബാങ്കിലെയും നിക്ഷേപങ്ങളുടെ പലിശ നിരക്ക് വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകൾക്കും കേരള സഹകരണ ബാങ്കിനും ടാർജറ്റ് നിർണ്ണയിച്ച് നൽകുകയും ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ ബന്ധപ്പെട്ട താലൂക്കുകൾക്ക് ടാർജറ്റ് നൽകുകയും ചെയ്തു.

3. നിക്ഷേപം സ്വീകരിക്കുന്ന എല്ലാ സംഘങ്ങളും പ്രധാന ജംഗ്ഷനുകളിലും ടൗണുകളിലും ബാനറുകളും പോസ്റ്ററുകളും പ്രദർശിപ്പിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

4. നിക്ഷേപ സമാഹരണ യജ്ഞത്തിൽ പങ്കെടുക്കുന്ന സംഘങ്ങൾ പ്രധാനപ്പെട്ട ടൗണുകൾ, കവലകൾ, സംഘങ്ങളുടെ കവാടങ്ങൾ എന്നിവിടങ്ങളിൽ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട പരസ്യ ബോർഡുകളും ഹോർഡിംഗുകളും സ്ഥാപിച്ചു.

5. സഹകരണ സംഘം ജീവനക്കാർ, ഭരണസമിതി അംഗങ്ങൾ എന്നിവർ ഭവന സന്ദർശനങ്ങൾ നടത്തുകയും കേരള വികസനത്തിന് സഹകരണ പ്രസ്ഥാനത്തിന്റെ പ്രാധാന്യം സംബന്ധിച്ച് ബോധവൽകരണം നടത്തുകയും ചെയ്യ.

6. സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ സംഘങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും സഹകരണ നിക്ഷേപത്തിന്റെ പ്രാധാന്യം പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്യ.

7. നിക്ഷേപ സമാഹരണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി സഹകരണ വകുപ്പുമന്ത്രി എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരുടെയും യോഗം വിളിക്കുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്യ.

8. പത്ര മാധ്യമങ്ങളിൽ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട പരസ്യങ്ങൾ നൽകി.

9. സംഘങ്ങൾ നിക്ഷേപ സമാഹരണവുമായി ബന്ധപ്പെട്ട് അവയുടെ പ്രവർത്തന പരിധിയിൽ മൈക്ക് അനൗൺസ്മെന്റ് നടത്തി.

10. നിക്ഷേപ സമാഹരണ യജ്ഞത്തിന് സംസ്ഥാന വ്യാപകമായി പ്രചാരണം നൽകുന്നതിന്റെ ഭാഗമായി മുൻ വർഷങ്ങളിൽനിന്നും വ്യത്യസ്തമായി 2024 വർഷം എഫ്.എം. റേഡിയോ ചാനലുകൾ, ടി.വി. വാർത്താ ചാനലുകൾ, ലോക്കൽ കേബിൾ ചാനലുകൾ, കെ.എസ്.ആർ.ടി.സി. ബസുകൾ, സിനിമാ തീയേറ്ററുകൾ, പത്രം, സഹകരണ വീഥി മാഗസിൻ, ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ എന്നിവ മുഖേന 44-ാമത് നിക്ഷേപ സമാഹരണ യജ്ഞത്തിന് വ്യാപകമായ പ്രചാരണം നടത്തി.

11. നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ കാലയളവിൽ എല്ലാ ദിവസങ്ങളിലും താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സ്വീകരിച്ച നിക്ഷേപത്തിന്റെ പുരോഗതി വിലയിരുത്തുകയും ബന്ധപ്പെട്ടവർക്ക് നിർദേശങ്ങൾ നൽകുകയും ചെയ്തു.

(ബി) ഈ സർക്കാർ വന്നശേഷം സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക നിവാരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളായി മാറ്റുന്നതിനും കുടിശ്ശികക്കാരായ വായ്പാക്കാർക്ക് ആശ്വാസമാവുക എന്ന ലക്ഷ്യത്തോടും കൂടി “നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി" സഹകരണ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും 2021 ആഗസ്റ്റ് 16 മുതൽ 2022 സെപ്റ്റംബർ 30 വരെയും 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെയും 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെയും 2024 മാർച്ച് 1 മുതൽ 2024 മാർച്ച് 31 വരെയും ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ടി പദ്ധതി നടപ്പാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. പലിശയിൽ പരമാവധി 50 ശതമാനംവരെ ഇളവ് നൽകുന്നു. വായ്പയുടെ

സ്വഭാവം പരിഗണിക്കാതെ എല്ലാത്തരം വായ്പകൾക്കും സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നു. അർഹരായവരുടെ വായ്പ പൂർണ്ണമായോ, ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നതിനും ടി പദ്ധതിയിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്), ഹൗസ് ഫെഡ്/ഹൗസിംഗ് സഹകരണ സംഘങ്ങൾ, സംസ്ഥാന/പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ അതത് മേഖലയിലെ കുടിശ്ശിക ഈടാക്കുന്നതിനായി അനുയോജ്യവും ഗുണകരവുമായ ഒരു പദ്ധതി ആവിഷ്കരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

നടപ്പാക്കുകയാണ് ചെയ്യുന്നത്. കേരള ബാങ്കിന് 30-06-2024 വരെ കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ സഹകരണ സ്ഥാപനങ്ങളിലെ കുടിശ്ശിക പരമാവധി കുറയ്ക്കുക എന്ന ഉദ്ദേശ്യത്തോടെ 31-03-2024-ലെ ബാക്കി നില്പുള്ള ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ പരമാവധി തീർപ്പാക്കുന്നതിനായി ടി കേസുകളിൽ ഉൾപ്പെട്ടവർക്ക് മാത്രമായി ഇളവുകളോടെ കുടിശ്ശിക അടച്ച് തീർത്ത് നടപടികളിൽനിന്നും ഒഴിവാകുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ കേസുകൾ തീർപ്പാക്കൽ - പ്രത്യേക കുടിശ്ശിക നിവാരണം –ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2024 ജൂൺ 15 മുതൽ 2024 ജൂലായ് 31 വരെ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപങ്ങൾക്ക് ഏറ്റവും ഉയർന്ന ഗ്യാരന്റി നൽകുന്ന കാര്യം പരിഗണിക്കുമോ; അതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018</u>

1969-ലെ കേരള സംസ്ഥാന സഹകരണ സംഘം നിയമം പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നതും സ്കീമിൽ അംഗങ്ങളുമായ സംഘങ്ങൾ ലിക്വിഡേഷനിലാകുമ്പോൾ ടി സംഘങ്ങളിലെ നിക്ഷേപകർക്ക് പരമാവധി 5 ലക്ഷം രൂപ വരെയുള്ള നിക്ഷേപം തിരികെ നൽകുന്നതിനുള്ള സഹകരണ വകുപ്പിന്റെ പദ്ധതിയാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി. ലിക്വിഡേറ്റ് ചെയ്ത സംഘത്തിലെ നിക്ഷേപകന് സെറ്റിൽമെന്റ് ഓഫ് ക്ലെമായിട്ടാണ് തുക നൽകുന്നത്.

വിവിധ കാരണങ്ങളാൽ നിക്ഷേപം തിരികെ നൽകാൻ കഴിയാത്ത സംഘങ്ങളിലെ നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേക്കായി നിശ്ചിത തുക ടി സംഘത്തിന് വായ്പയായി അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി-2018 പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ മറ്റ് വാണിജ്യ ബാങ്കുകളിൽ ലഭിക്കുന്ന പരിരക്ഷ പോലെത്തന്നെ കേരള ബാങ്കിലും 5 ലക്ഷം രൂപ വരെയുള്ള

നിക്ഷേപങ്ങൾക്ക് DICGC (Deposit Insurance and Credit Guarantee Corporation) യുടെ പരിരക്ഷ നിക്ഷേപങ്ങൾക്ക് ഉറപ്പുവരുത്തിയിട്ടുണ്ട്.

കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് പദ്ധതി

287(4561)ഡോ. എം. കെ. മുനീർ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യവികസനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

കാർഷിക മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ലഭ്യമാക്കി കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ധനസഹായ പദ്ധതിയായ കാർഷിക അടിസ്ഥാന സൗകര്യ വികസന നിധി (അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്) പദ്ധതി. ഈ പദ്ധതി പ്രകാരം 2 കോടി രൂപ വരെ 3% പലിശ ഇളവ് ലഭിക്കുന്നതും 2 വർഷം മൊറട്ടോറിയം ഉൾപ്പെടെ 7 വർഷം കാലാവധി ലഭിക്കുന്നതും കേന്ദ്ര സംസ്ഥാന

സർക്കാരുകളുടെ വിവിധ പദ്ധതികളുടെയും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതാണ് പദ്ധതിയുടെ സവിശേഷതകൾ. ഈ പദ്ധതി പ്രയോജനപ്പെടുത്തി കേരളത്തിൽനിന്നും നാളിതുവരെ 80.11 കോടി രൂപയുടെ വായ്പകൾ സഹകരണ മേഖലയിലൂടെ വിതരണം ചെയ്തിട്ടുണ്ട്.

കേരളത്തിൽ നബാർഡിന്റെ സഹായത്തോടെ 4% പലിശ നിരക്കിൽ നടപ്പാക്കി വരുന്ന PACS as MSC എന്ന പദ്ധതിയെ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയിൽ ലിങ്ക് ചെയ്ത് 3% പലിശ സബ്സിഡി കൂടി ലഭ്യമാക്കി 1% പലിശ നിരക്കിൽ 2 കോടി രൂപവരെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് സഹകരണ മേഖലയിലൂടെ വായ്പ ലഭ്യമാകുകയും ചെയ്യുന്നു. കൃഷി വകുപ്പാണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

(ബി) കാർഷിക മേഖലയുടെ വികസനത്തിനായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തന ക്ഷമതയും വർധിപ്പിക്കുന്നതിനായി, 2022-2023 സാമ്പത്തിക വർഷം മുതൽ

ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി (Co-operative Initiative in Technology Driven Agriculture (CITA). കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും അതിന്റെ ഉന്നമനത്തിനുമായി സഹകരണ മേഖലയുടെ പിന്തുണയോടെ കാർഷികോൽപന്നങ്ങളുടെ ഉൽപാദനം, സമാഹരണം, സംഭരണം, മൂല്യ വർധിത ഉൽപന്നമാക്കൽ, ചില്ലറ വില്പന എന്നിവയെ പരിപോഷിപ്പിച്ച് അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിൽ കാർഷിക വികസന മുന്നേറ്റമുണ്ടാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 3000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഉൽപാദനത്തിലും സംഭരണത്തിനും വിപണനത്തിനുമുള്ള ഇടപെടലിനോടൊപ്പം കൃഷി ചെയ്യുന്നതു മുതൽ വിപണനം നടത്തുന്നതു വരെയുള്ള എല്ലാ പ്രവൃത്തികളെയും പരിപോഷിപ്പിച്ച് നടപ്പാക്കുന്ന ടി പദ്ധതിയിലുൾപ്പെടുത്തി 20 സഹകരണ സംഘങ്ങൾക്ക് 848.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ ഉൽപന്നങ്ങളുടെ ഉൽപാദനം, സംസ്കരണം, വിപണനം, കയറ്റുമതി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായവും പ്രോത്സാഹനവും നൽകാൻ രൂപീകരിച്ച പദ്ധതിയാണ് 'സഹായം' പദ്ധതി. സഹകരണ ഉൽപന്നങ്ങളുടെ സംഭരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, വിപണനം എന്നിവയിൽ ഏർപ്പെടുന്ന തരത്തിലുള്ള സംഘങ്ങൾക്കാണ് പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം ടി പദ്ധതിക്കായി ആകെ 750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽനിന്നും 50.00 ലക്ഷം രൂപ ഒരു സഹകരണ സംഘത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനും ഗോഡൗൺ നിർമ്മിച്ച് നെല്ല് സംഭരിച്ച് വിപണനം ചെയ്യുന്നതിനുമായുള്ള ആധുനിക റൈസ് മിൽ സൈലോ പദ്ധതിക്കായി പാലക്കാട് പാഡി പ്രൊക്യുവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് 2020-21-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 200.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംരംഭകത്വം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഓഹരി ഇനത്തിൽ 100.00 ലക്ഷം രൂപയും സബ്സിഡി ഇനത്തിൽ 100.00 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 200.00 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കുന്നതിലേക്കായി നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്ന ലക്ഷ്യത്തോടെ പാലക്കാട് പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS), കേരള പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്നീ സംഘങ്ങൾ സഹകരണ മേഖലയിൽ രൂപീകരിച്ചിട്ടുള്ളത്. നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിക്കുകയും സംഘത്തിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ല ഒഴികെയുള്ള ജില്ലകൾ പ്രവർത്തന പരിധിയായി സംസ്ഥാനത്തെ കർഷകരിൽനിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ചും കാർഷിക ഉൽപന്നങ്ങൾ ജില്ലയ്ക്ക് അകത്തും പുറത്തും വിപണനം നടത്തുക, സംസ്കരണ കേന്ദ്രങ്ങൾ, സംഭരണ ശാലകൾ എന്നിവ സ്ഥാപിക്കുക, കൂടാതെ സർക്കാർ, അർദ്ധ-സർക്കാർ, സഹകരണ, സ്വകാര്യ വിപണന സ്ഥാപനങ്ങൾ വഴിയും ഓൺലൈൻ സംവിധാനത്തിലൂടെയും വിപണന സൗകര്യം ഏർപ്പെടുത്തുകയും സ്വന്തമായി വിപണന കേന്ദ്രങ്ങൾ നടത്തുകയും സംഘം പ്രവർത്തന പരിധിയിൽപ്പെട്ട മുഴുവൻ നെൽ കൃഷിക്കാരെ സഹായിക്കുകയും സംസ്ഥാനത്തെ നെൽക്കൃഷി വ്യാപിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ.4505 (KAPCOS) എന്ന നെല്ല് സഹകരണ സംഘം 2021 ആഗസ്റ്റ് 27-ന് രൂപീകരിക്കുകയും റൈസ് മിൽ സ്ഥാപിക്കുന്നതിനായി കോട്ടയം മീനച്ചിൽ താലൂക്കിൽ വാങ്ങിയിട്ടുള്ള

സ്ഥലത്ത് ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

കുട്ടനാടും അപ്പർ കുട്ടനാടും ആധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് റൈസ് മിൽ സ്ഥാപിച്ച് നെല്ല് സംഭരണം, സംസ്കരണം തുടങ്ങിയ പ്രവർത്തനം നടത്തുന്ന പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേരള പാഡി പ്രൊക്യൂവർമെന്റ് പ്രോസസ്സിംഗ് & മാർക്കറ്റിംഗ് സഹകരണ സംഘത്തിന് (KAPCOS)-ന് 2021-22 സാമ്പത്തിക വർഷം 20.00 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

കേരള ബാങ്കിൽ ഹ്രസ്വകാല കാർഷിക വായ്പകളുടെ പലിശ നിരക്ക് 1% കുറവുചെയ്തു. ഹ്രസ്വകാല കാർഷിക വായ്പകളിൽ കൃത്യമായി തിരിച്ചടവ് വരുന്ന വായ്പകൾക്ക് 3% പലിശ സബ് വെൻഷൻ നബാർഡ് മുഖേന ലഭ്യമാക്കിവരുന്നു. തൻവർഷം 5000 കോടി രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പയും 1000 കോടി രൂപയുടെ ദീർഘകാല കാർഷിക വായ്പകളും വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ട്. കേരള ബാങ്കിന്റെ വായ്പാനയത്തിൽ മാറ്റം

വരുത്തി കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷീര മേഖലയുടെ വികസനത്തിനായി ക്ഷീരമിത്ര വായ്പ സ്കീമുകൾ മുഖേന ഹ്രസ്വകാല മധ്യകാല കാർഷിക വായ്പകൾ നൽകിവരുന്നു.

സഹകരണ ജീവനക്കാരുടെ ചികിത്സയ്ക്ക് പ്രത്യേക ഇൻഷ്വറൻസ് പദ്ധതി

288(4562) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ജീവനക്കാരുടെ ചികിത്സക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) സഹകരണ മേഖലയിലെ ജീവനക്കാരുടെ ചികിത്സയ്ക്കുവേണ്ടി പുതുതായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ & ബി) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായി മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് തത്വത്തിൽ

അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ ഒരു കരട് സ്കീം തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയത് പരിശോധിച്ച് ധനകാര്യ വകുപ്പിന്റെകൂടി അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിശോധിച്ചും ഇൻഷ്വറൻസ് കമ്പനികളുമായി കൂടിയാലോചനകൾ നടത്തി Final Package Cost നിലവിലുള്ള നിരക്കിനനുസരിച്ച് പുനർനിർണ്ണയിച്ചും അതിനനുസരിച്ച് പ്രീമിയം തുക നിർണ്ണയിച്ചും ആശ്രുപത്രികളുടെ പങ്കാളിത്തം ഉറപ്പാക്കിയും ഗുണഭോക്തൃവിഹിതം ആവശ്യമുണ്ടെങ്കിൽ അത് നിശ്ചയിച്ചും സ്കീം പുനഃസമർപ്പിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സൊസൈറ്റി (കോയിൻസ്) സമർപ്പിച്ച ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ കരട് സ്കീമിന്മേലും നിർദ്ദേശങ്ങളിന്മേലും ധനകാര്യ, ആരോഗ്യ കുടുംബക്ഷേമ വകുപ്പുകളുമായി ചർച്ച നടത്തുകയും സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള

മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ സ്കീം, ബന്ധപ്പെട്ടവരുമായി തുടർചർച്ചകൾ നടത്തി തയ്യാറാക്കി സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

അംഗ സമാശ്വാസ നിധി പദ്ധതി

289(4563)ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം എത്ര ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെന്നും ആകെ എത്ര തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ വന്നതിനുശേഷം സഹകരണ അംഗസമാശ്വാസ നിധി പദ്ധതി പ്രകാരം ആകെ 39837 ഗുണഭോക്താക്കൾക്കായി ആകെ 83,33,95,000/-രൂപ (എൺപത്തിമൂന്ന് കോടി മുപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

കോട്ടയം ജില്ലയിലെ റിസ്ക് ഫണ്ട്

290(4564)ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കോട്ടയം ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും അവയിൽ എത്ര പേർക്ക് ഫണ്ട് അനുവദിച്ചുവെന്നുമുള്ള വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ഈ സർക്കാർ വന്നശേഷം കോട്ടയം ജില്ലയിൽനിന്നും റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി ആകെ ലഭ്യമായ 2713 അപേക്ഷകളിൽ 938 പേർക്ക് 11,84,27,016/- രൂപയുടെ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. ആയതിന്റെ മണ്ഡലം തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

മേൽപ്രകാരം ധനസഹായം അനുവദിച്ച് നൽകിയതിന്റെ മണ്ഡലം തിരിച്ചുള്ള ബാങ്ക്/സംഘങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപേക്ഷ സമർപ്പിച്ചവരിൽ ഇനി എത്ര പേർക്കാണ് ഫണ്ട് അനുവദിക്കാനുള്ളതെന്നും ഫണ്ട് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

1347 അപേക്ഷകളിലായി 1115 പേർക്ക് റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിന് ബാക്കിനില്പുണ്ട്.

ബാക്കിനില്പുള്ള 1347 അപേക്ഷകളിൽ 750 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക്/സംഘത്തിന് കത്ത് നൽകിയിട്ടുള്ളതും 197 അപേക്ഷകളിൽ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതും 400 അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്.

കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പാക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

മാരകരോഗം ബാധിക്കുന്ന/മരണപ്പെടുന്ന വായ്പാക്കാർക്കുള്ള ചികിത്സാ സഹായവും മരണാനന്തര സഹായവും ലഭിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട ബാങ്ക്/സംഘമാണ് ബോർഡിലേക്ക് സമർപ്പിക്കേണ്ടത്. സംഘം/ബാങ്കുകളിൽനിന്നും കൃത്യമായ രീതിയിൽ അപേക്ഷയും അനുബന്ധങ്ങളും സമർപ്പിക്കാത്തതിനാൽ ന്യൂനതകൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിന് വീണ്ടും സംഘങ്ങൾക്ക് നിർദ്ദേശം നൽകുകയും ആയത് പരിഹരിച്ച് ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകാറുമുണ്ട്.

അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിൽ സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിലേക്ക് ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ഓഫീസുകളിൽ നൽകിയിട്ടുണ്ട്.

കൂടാതെ സഹകരണ സംഘം രജിസ്ട്രാറുടെ അധ്യക്ഷതയിൽ 31-01-2024-ൽ ഒരു അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഫയലുകൾ മാർച്ച് 2024-നകം തീർപ്പാക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-01-2024 വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി തീയതിക്കുശേഷം ബോർഡിൽ ലഭിച്ച റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ ആദായനികുതി വകുപ്പിന്റെ ഇടപെടലുകൾ

291(4565) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായനികുതി വകുപ്പിന്റെ ഇടപെടലുകളും കർശന നടപടികളും സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിക്ഷേപം കുറയ്ക്കുന്നതായുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആദായനികുതി ഉദ്യോഗസ്ഥർ സഹകരണ സ്ഥാപനങ്ങളോടും നിക്ഷേപകരോടും വൈരനിര്യാതനബുദ്ധിയോടെ പെരുമാറുന്ന സാഹചര്യം പരിശോധിക്കുമോ; സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ കുറ്റമറ്റതായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

(എ & ബി)1969-ലെ കേരള സഹകരണ നിയമവും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരമാണ് സഹകരണ സ്ഥാപനങ്ങളുടെ രേഖകൾ സൂക്ഷിച്ചുവരുന്നത്. ഓഡിറ്റ്, പരിശോധന എന്നിവ നടത്തുമ്പോൾ രേഖകൾ സൂക്ഷിക്കുന്നതിൽ വീഴ്ചകൾ കണ്ടെത്തുന്ന പക്ഷം ആയത് പരിഹരിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ

ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി പൊതു സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംഘത്തിന്റെ വരവ്-ചെലവ് കണക്കുകൾ ആധുനിക അക്കൗണ്ടിംഗ് സിസ്റ്റത്തിലേക്ക് മാറ്റുന്നതിനുള്ള നിയമ ഭേദഗതി അംഗീകരിച്ചിട്ടുണ്ട്.

സഹകരണ ഓഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ഓഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാനവിവരങ്ങളും ഓഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS-ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

(സി) സഹകരണ സ്ഥാപനങ്ങളിൽ ആദായനികുതി വകുപ്പിന്റെ അനാവശ്യ ഇടപെടലുകൾ തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ?

കേന്ദ്ര ആദായനികുതി നിയമത്തിൽ കൂട്ടിചേർത്ത 194A, 194N എന്നീ വ്യവസ്ഥകൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. 194A വ്യവസ്ഥകൾ പ്രകാരം നിക്ഷേപത്തിന്മേലുള്ള പലിശ വരുമാനം വർഷം 40000/-രൂപയിൽ കൂടുതലായാൽ സംഘങ്ങൾ TDS അടയ്ക്കുന്നതിന് ബാധ്യസ്ഥമാണ്. ആയത് പ്രകാരം PACS-കൾ കേരള ബാങ്കിൽ നടത്തിയിട്ടുള്ള നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ 40000-ൽ കൂടുതലായാൽ നികുതി പിടിച്ചുനൽകുന്നതിന് നിയമ പ്രകാരം ബാധ്യതയുണ്ട്. ഈ വ്യവസ്ഥയ്ക്കെതിരെ PACS-കൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും സ്റ്റേ നേടിയിട്ടുണ്ട്. കേസ് കോടതിയുടെ പരിഗണനയിലാണ്. 194N-ലെ വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തിൽ 3 കോടി രൂപയിൽ കൂടുതൽ തുക പണമായി പിൻവലിച്ചാൽ 2% നിരക്കിൽ നികുതി നൽകുന്നതിന് സംഘങ്ങൾക്ക് ബാധ്യതയുണ്ട്. ഈ

വ്യവസ്ഥയ്ക്കെതിരെയും സംഘങ്ങൾ കോടതിയിൽനിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിട്ടുണ്ട്. സംസ്ഥാനത്തെ സംഘങ്ങളെ ഈ വ്യവസ്ഥയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ കേന്ദ്ര സഹകരണ മന്ത്രാലയത്തിന് കത്ത് അയച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളുടെ കാർഷിക വികസന വായ്പകൾ

292(4566)ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ വായ്പകളിൽ എത്ര ശതമാനമാണ് കാർഷിക വികസനവുമായി ബന്ധപ്പെട്ട് വായ്പയായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നൽകിയിട്ടുള്ള ആകെ വായ്പയിൽ 19.50 ശതമാനം കാർഷിക വികസന വായ്പയായി (കാർഷിക, കാർഷിക അനുബന്ധ വായ്പ) വിതരണം ചെയ്തിട്ടുണ്ട്.

(ബി) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ കാർഷിക വായ്പാ തോത് എത്ര ശതമാനം വർധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2023-24 സാമ്പത്തിക വർഷത്തിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്ത കാർഷിക വായ്പയുടെ തോത് 1.30 ശതമാനം കുറവുവന്നിട്ടുണ്ട്.

സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കൽ

293(4567) ശ്രീ. രമേശ് ചെന്നിത്തല:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായും സഹകരണ മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടും ക്രമക്കേടുകൾ തടയുന്നതിനുമായി കേരള

സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ നിയമസഭ പാസ്സാക്കുകയും ആയതിന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ അംഗീകാരം ലഭ്യമാകുകയും ചെയ്തിരുന്നു. ടി സമഗ്ര നിയമ ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിലേക്കായി സഹകരണ സംഘം രജിസ്ട്രാർ അധ്യക്ഷനായി സഹകാരികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സമിതി രൂപീകരിച്ച് കരട് ചട്ട ഭേദഗതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെയും യുവാക്കളെയും ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. വിവിധ ഘട്ടങ്ങളിലായി 18 മാസംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട്, സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് മൊഡ്യൂളിന്റെ സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. യൂസർ അക്സപ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനായി താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സഹകരണ സംഘങ്ങളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിലേക്കായി ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അവലോകന യോഗത്തിൽ

സഹകരണ വകുപ്പിൽ ടീം ഓഡിറ്റ് സംവിധാനം നടപ്പാക്കുന്നതിന് നിർദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ സർക്കാർ അംഗീകാരം നൽകുകയും പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുകയും ചെയ്തു. ടി പദ്ധതി വൻ വിജയമായതിനെ തുടർന്ന് എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേക്കായി ഓഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ് ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും

സ്ഥാപനത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതുധനത്തിന്റെയോ ആസ്തികളുടെയോ തിരിമറികൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.

(ബി) കരുവന്നൂർ സഹകരണ ബാങ്കിൽ നിക്ഷേപിച്ച പണം നഷ്ടപ്പെട്ടവർക്ക് ആയത് തിരിച്ച് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകളിൽ സഹകരണ നിയമം വകുപ്പ് 65, വകുപ്പ് 68 എന്നിവ പ്രകാരം അന്വേഷണം നടത്തുകയും ക്രമക്കേടിന് ഉത്തരവാദികളായ ടി ബാങ്ക് ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കെതിരായി സർചാർജ് നടപടികൾ സ്വീകരിച്ചുവരികയാണ്.

രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കിവരുന്ന കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണ പദ്ധതി പ്രകാരം തൃശ്ശൂർ ജില്ലയിലെ സഹകരണ സംഘങ്ങളിൽനിന്നും 27.01 കോടി രൂപയും സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും വായ്പയായി 10 കോടി രൂപയും ടി ബാങ്കിന്റെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിൽ റിസർവ് ഫണ്ട് ഇനത്തിൽ നിക്ഷേപിച്ചിരുന്ന 2 കോടി രൂപയും ഉൾപ്പെടെ ആകെ 39.01

കോടി രൂപയും 28-07-2021 മുതൽ 21-06-2024 വരെ ടി ബാങ്കിലെ വായ്പ കുടിശ്ശിക പിരിച്ചെടുത്തതിലൂടെ 110.81 കോടി രൂപയും സ്വരൂപിച്ചിട്ടുണ്ട്.

ഇത്തരത്തിൽ സ്വരൂപിച്ച തുക വിനിയോഗിച്ച് 28-07-2021 മുതൽ 21-06-2024 വരെ 124.31 കോടി രൂപ നിക്ഷേപകർക്ക് തിരികെ നൽകിയിട്ടുണ്ട്.

<u>കരുവന്നൂർ സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് തുക തിരിച്ച് നൽകാൻ സ്വീകരിച്ച മറ്റ് പ്രധാന നടപടികൾ</u>

- കുടിശ്ശിക വായ്പകൾ ഈടാക്കുന്നതിന് 4 സെയിൽസ് ഓഫീസർമാരുടെ സേവനം വിട്ടുനൽകി.
- ടി ബാങ്കിന് മാത്രമായി പ്രത്യേക ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി അംഗീകരിച്ചുനൽകി.
- ടി ബാങ്കിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കേരള ബാങ്കിൽനിന്നും ഒരു ഉദ്യോഗസ്ഥന്റെ സൗജന്യ സേവനം ലഭ്യമാക്കി.
- കേരള സർക്കാരും സഹകരണ വകുപ്പും ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയും ചേർന്ന് തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജ് പ്രകാരം

നിക്ഷേപകർക്ക് കാലാവധി പൂർത്തീകരിച്ച നിക്ഷേപങ്ങൾ തിരികെ നൽകിവരുന്നു.

- എല്ലാ സേവിംഗ്സ് അക്കൗണ്ടുകളിൽനിന്നും 30-09-2023-ലെ ബാലൻസ് അടിസ്ഥാനമാക്കി പരമാവധി 50,000/- രൂപയും സ്ഥിരനിക്ഷേപം 1,00,000/- രൂപ വരെയുള്ളവയിൽ 30-09-2023-ൽ കാലാവധി പൂർത്തീകരിച്ച നിക്ഷേപങ്ങളുടെ പൂർണ്ണമായ മുതലും പലിശയും തിരികെ നൽകി.
- 2023 ജനുവരി മുതൽ 31-10-2023 വരെ കാലാവധി പൂർത്തീകരിച്ച മറ്റുള്ള സ്ഥിര നിക്ഷേപങ്ങളുടെ മുതൽ തുകയുടെ 10%-വും പൂർണ്ണമായ പലിശയും തിരികെ നൽകിവരുന്നു.
- ബാങ്ക് നടത്തി വരുന്ന GDCS/RD പദ്ധതികൾ പ്രകാരം നിക്ഷേപിച്ചിരുന്ന തുകകൾ അവരുടെ സേവിംഗ്സ് അക്കൗണ്ടുകളിലേക്ക് മാറ്റി ടി, അക്കൗണ്ടുകളിൽനിന്ന് 10% തുക തിരികെ നൽകിവരുന്നു.

- ചികിത്സ, വിവാഹം എന്നീ ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി നിക്ഷേപങ്ങൾ മടക്കി നൽകുന്നുണ്ട്.
- കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും ലഭിച്ച 10 കോടി രൂപ ഉപയോഗപ്പെടുത്തി ബാങ്കിൽനിന്നും ഗോൾഡ് ലോൺ നൽകിവരുന്നു. കൂടാതെ ടി ബാങ്കിൽനിന്നും കാർഷിക വായ്പകൾ, സ്വയംസഹായ സംഘങ്ങൾക്കുള്ള വായ്പകൾ, 10 ലക്ഷം രൂപ വരെ വസ്തു പണയ വായ്പകൾ എന്നിവയും നൽകിവരുന്നു. ഇത്തരത്തിൽ 28-07-2021 മുതൽ 21-06-2024 വരെ 2295 വായ്പകളിലായി 10.28 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

കണ്ടല സർവീസ് സഹകരണ ബാങ്കിന് പ്രത്യേക പാക്കേജ്

294(4568)ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ടല സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ട പ്രത്യേക പാക്കേജ് സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) അതിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികളുടെ വിശദാംശം വ്യക്തമാക്കാമോ; നിക്ഷേപകരുടെ ആശങ്ക ദൂരീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

(എ & ബി) കണ്ടല സർവീസ് സഹകരണ ബാങ്കിനെ പൂർവ്വസ്ഥിതിയിലേക്ക് കൊണ്ടുവരുന്നതിനും നിക്ഷേപകരുടെ നിക്ഷേപതുക തിരികെ നൽകുന്നതിനായും അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 15-03-2024-ന് ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാരിൽ സമർപ്പിച്ചിരുന്നു. സർക്കാർ പാക്കേജ് പരിശോധിക്കുകയും പാക്കേജിലെ ചില നിർദ്ദേശങ്ങൾ പ്രായോഗികമായി നടപ്പാക്കാൻ സാധിക്കാത്തവയാണെന്ന് കണ്ടതിനാൽ കൂടുതൽ ഉചിതവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ മുഖേന സർക്കാരിന് സമർപ്പിക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

നിക്ഷേപകരുടെ ആശങ്ക ദൂരീകരിക്കുന്നതിനായി ബാങ്കിന്റെ ക്രമക്കേടുകൾക്ക് കാരണമായിട്ടുള്ളവർക്കെതിരെ ശക്തമായ നടപടി

സ്വീകരിച്ച്, ബാങ്കിന് നഷ്ടപ്പെട്ട ആസ്തി തിരിച്ച് പിടിക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 65, 68(1) അന്വേഷണ നടപടികൾ സ്വീകരിക്കുകയും തുടർന്ന് ബാങ്കിനുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കിയെടുക്കുന്നതിന് വകുപ്പ് 68(2) പ്രകാരം തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

സഹകരണസംഘങ്ങളിലെ ക്രമക്കേടുകൾ തടയാൻ നടപടി

295(4569)ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില സഹകരണ സംഘങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതിനാൽ ആയത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനുമായി കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) നിയമം അംഗീകരിക്കുകയും ടി സമഗ്ര നിയമ

ഭേദഗതിക്ക് അനുസൃതമായി സഹകരണ ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും താലൂക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് കൂടുതൽ കാര്യക്ഷമവും കുറ്റമറ്റതും ആക്കുന്നതിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ ടീം ഓഡിറ്റ് നടപ്പാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകുകയും എല്ലാ ജില്ലകളിലും ടീം ഓഡിറ്റ് നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാനപ്പെട്ട വിവരങ്ങൾ പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് ലഭ്യമാകുന്നതിനായി Co-operative Audit Monitoring & Information System (CAMIS) എന്ന ഡാഷ്

ബോർഡ് സേവനം www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാണ്. സംഘങ്ങളുടെ അംഗത്വം, നിക്ഷേപം, വായ്പ, ലാഭം/നഷ്ടം തുടങ്ങിയ വിവരങ്ങൾ ഇതിലൂടെ അറിയാൻ കഴിയുന്നതാണ്. സഹകരണ മേഖലയുടെ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇടപാടുകാർക്കും അംഗങ്ങൾക്കും സ്ഥാപനത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനും ഈ സേവനം സഹായിക്കുന്നു.

സഹകരണ നിയമ പ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധനയിലോ ഓഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളിൽ പൊതുധനത്തിന്റെയോ ആസ്തികളുടെയോ തിരിമറികൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട്

ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽവരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സംഘങ്ങളെ ആധുനികവൽക്കരിക്കുന്നതിനും അക്കൗണ്ടിംഗ് സിസ്റ്റം ശക്തമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സഹകരണ മേഖലയിലേക്ക് കൂടുതൽ ജനങ്ങളെ പ്രത്യേകിച്ച് യുവാക്കളെ ആകർഷിക്കുന്നതിനുമായി ഏകീകൃത സോഫ്റ്റ്വെയർ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ ഓഡിറ്റ് റിപ്പോർട്ട്, സോഫ്റ്റ്വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഓഡിറ്റ് മൊഡ്യൂളിന്റെ സോഫ്റ്റ്വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) സഹകരണ സംഘങ്ങളെ കുറ്റമറ്റതാക്കാൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

സഹകരണ സംഘങ്ങളെ കുറ്റമറ്റതാക്കാൻ ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും നിലവിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ടെയിനിംഗ് സെന്ററുകളായ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ടെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI മൺവിള), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (ICM) തിരുവനന്തപുരം, കണ്ണൂർ, സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (KICMA)-ന്റെയും ആഭിമുഖ്യത്തിൽ 1969-ലെ സഹകരണ ചട്ടം 185 (1) (c)-ക്ക് വിധേയമായി ചുവടെപ്പറയുന്ന മേഖലകളിൽ പരിശീലനം നൽകിവരുന്നു.

1. റിക്കവറി മാനേജ്മെന്റ്, വായ്പ ഫയൽ തയ്യാറാക്കൽ എന്നിവയിൽ സഹകരണസംഘം ജീവനക്കാർക്ക് പ്രത്യേക പരിശീലനം നടത്തിവരുന്നു.

2. ലോൺ റിക്കവറി മാനേജ്മെന്റ്, വായ്പ ഡോക്യുമെന്റേഷൻ തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം നൽകാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

3. സൈബർ സെക്യൂരിറ്റി, ഓഡിറ്റ്, കള്ളപ്പണം വെളുപ്പിക്കൽ തടയൽ, ഉപഭോക്തൃ സംരക്ഷണം എന്നീ വിഷയങ്ങളിൽ പ്രത്യേക പരിശീലനം നടത്തുന്നതാണ്.

4. സഹകാരികൾക്കിടയിൽ പൊതു അവബോധം സൃഷ്ടിക്കുന്നതിനും റെക്കോർഡുകൾ പരിശോധിക്കുന്നതിനും സഹകാരികളുടെ നിയമപരവും സാമ്പത്തികവുമായ ബാധ്യതകളെക്കുറിച്ച് ബോധവൽകരിക്കുന്നതിനും സാധാരണ നേതൃത്വ പരിശീലനത്തിൽനിന്നും വ്യത്യസ്തമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

5. ധനാപഹരണം, ഭരണ സമിതി അംഗങ്ങളുടെ സജീവത, അംഗങ്ങളുടെ ഇടപെടൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് വിവിധ താലൂക്കുകളിൽ പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിലെ റിസ്ക് ഫണ്ട് ആനുകൂല്യം

296(4570) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള റിസ്ക് ഫണ്ട് ആനുകൂല്യം എത്ര ആളുകൾക്ക് നൽകിയിട്ടുണ്ട്; സഹകരണ സംഘങ്ങൾ തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോതമംഗലം മണ്ഡലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി മരണാനന്തര/ചികിത്സാ ധനസഹായമായി 23-06-2024 വരെ 680 അപേക്ഷകളിലായി 560 വായ്പാക്കാർക്ക് 6,30,74,912/- രൂപയുടെ ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ സംഘങ്ങൾ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) അർഹരായ മുഴുവൻ വ്യക്തികൾക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അർഹരായ മുഴുവൻ വ്യക്തികൾക്കും സമയബന്ധിതമായി ധനസഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുടിശ്ശിക ഫയലുകൾ തീർപ്പാക്കുന്നതിന് ബോർഡിന്റെ വൈസ് ചെയർമാൻ എല്ലാ സെക്ഷനുകളുടെയും യോഗം ഓൺലൈനായി വിളിച്ചുചേർത്ത് അവലോകനം നടത്തുകയും കൂടാതെ ബോർഡിന്റെ ജോയിന്റ് രജിസ്ട്രാർ/സെക്രട്ടറി ഓൺലൈനായും എറണാകുളം മേഖല ഓഫീസിലും കോഴിക്കോട് മേഖല ഓഫീസിലും നേരിട്ടും അവലോകന യോഗങ്ങൾ നടത്തുകയും പ്രോഗ്രസ്സ് റിപ്പോർട്ട് പരിശോധിച്ച് നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

അപേക്ഷകളിലെ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിൽ സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർ/അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ഓഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ഓഫീസുകളിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സഹകരണ

സംഘം രജിസ്ട്രാറുടെ അധ്യക്ഷതയിൽ 31-01-2024 തീയതി ഒരു അവലോകനയോഗം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക ഫയലുകൾ മാർച്ച് 2024-നകം തീർപ്പാക്കുന്നതിനുള്ള കർമ്മ പരിപാടികൾ തയ്യാറാക്കി നടപടികൾ സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-01-2024 വരെ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി തീയതിക്കുശേഷം ബോർഡിൽ ലഭിച്ച റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ സമയബന്ധിതമായി ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള ഫയൽ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

അഴീക്കോട് മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

297(4571) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദുരമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ എത്ര സഹകരണ സംഘങ്ങളുണ്ടെന്ന വിവരം അവയുടെ പേര് സഹിതം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

അഴീക്കോട് മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ 118 സഹകരണ സംഘങ്ങളുണ്ട്. അവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തനം നിലച്ചുപോയ സഹകരണ സംഘങ്ങളുണ്ടോ; എങ്കിൽ അവയുടെ പേരുവിവരം അറിയിക്കാമോ?

ടി മണ്ഡലത്തിൽ പ്രവർത്തനം നിലച്ചുപോയ 26 സഹകരണ സംഘങ്ങളുണ്ട്. അവയുടെ വിവരം ചുവടെ ചേർക്കുന്നു.

1. പ്രിയദർശിനി കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.
2. കണ്ണാടിപ്പറമ്പ് പട്ടികജാതി സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.
3. കൈരളി പബ്ലിക് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.
4. ചാലാട് പട്ടികജാതി സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. ചിറക്കൽ നിർമ്മാണ തൊഴിലാളി കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് രജി. നം. 1514.

6. ചിറക്കൽ നിർമ്മാണ തൊഴിലാളി സഹകരണസംഘം, രജി. നം. 1529.

7. പുതിയതെരു നിർമ്മാണ തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ്.

8. കാട്ടാമ്പള്ളി നിർമ്മാണം/മണൽ തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ്.

9. വളപട്ടണം ലേബർ കോൺട്രാക്ട് ആൻഡ് പബ്ലിക് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

10. കണ്ണൂർ ജില്ലാ കൺസ്ട്രക്ഷൻ വർക്കേഴ്സ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

11. വളപട്ടണം ലോഡിംഗ് & അൺലോഡിംഗ് വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

12. വളപട്ടണം പുഴയോര ദേശ നിവാസി തൊഴിലാളി ക്ഷേമ സംഘം.

13. വളപട്ടണം ടിംബർ തൊഴിലാളി ക്ഷേമ സഹകരണ സംഘം.

14.കണ്ണൂർ വനിതാ സിമന്റ് ബ്ലോക്ക് നിർമ്മാണ തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറ്റഡ്.

15.കണ്ണൂർ ബ്ലോക്ക് പീപ്പിൾസ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

16.പാപ്പിനിശ്ശേരി കോ-ഓപ്പറേറ്റീവ് സ്റ്റോഴ്സ് ലിമിറ്റഡ്.

17.പാപ്പിനിശ്ശേരി ലേബർ കോൺട്രാക്ട് വെൽഫെയർ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്.

18.പാപ്പിനിശ്ശേരി കെട്ടിട നിർമ്മാണ തൊഴിലാളി വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

19.കണ്ണൂർ ജില്ലാ കൺസ്ട്രക്ഷൻ & ഡ്രെഡ്ജിംഗ് തൊഴിലാളികളുടെ ക്ഷേമ സഹകരണ സംഘം.

20.പാപ്പിനിശ്ശേരി വെസ്റ്റ് ലേബർ കോൺട്രാക്ട് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

21.ഹാജി റോഡ് ലേബർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

22.പ്രവാസി റിട്ടേണേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

23.കൈരളി ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

24.കണ്ണൂർ താലൂക്ക് പ്ലൈവുഡ് & ബ്ലോക്ക്ബോർഡ് വർക്കേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

25.പ്രിയദർശിനി പരമ്പരാഗത തൊഴിൽ ക്ഷേമ സഹകരണ സംഘം ലിമിറ്റഡ്.

26. കല്ല്യാശ്ശേരി പഞ്ചായത്ത് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

കർഷകർക്ക് ഹ്രസ്വകാല വായ്പ

298(4572) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാല വായ്പയായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാല വായ്പയായി 956.39 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ബി) ഇതിൽ പലിശ സബ്സിഡിയായി തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്ന് അറിയിക്കാമോ?

പലിശ സബ്സിഡിയായി തുക അനുവദിച്ചിട്ടില്ല.

ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി

299(4573) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഗസറ്റഡ് ഓഫീസേഴ്സ് ആയ ജീവനക്കാർ രൂപീകരിച്ച എത്ര സൊസൈറ്റികളുണ്ടെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഗസറ്റഡ് ഓഫീസേഴ്സ് ആയ ജീവനക്കാർക്ക് രൂപീകരിച്ച ഒരു സംഘമാണുള്ളത് (കേരള ഗസറ്റഡ് ഓഫീസേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി-424, തിരുവനന്തപുരം).

(ബി) തിരുവനന്തപുരം വഴുതക്കാട് പ്രവർത്തിക്കുന്ന ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 2021 മുതലുള്ള പുതിയ മെമ്പർമാർ ആരെല്ലാമെന്നും പ്രസ്തുത മെമ്പർമാരുടെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കാമോ?

തിരുവനന്തപുരം വഴുതക്കാട് പ്രവർത്തിക്കുന്ന ഗസറ്റഡ് ഓഫീസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ 2021 മുതലുള്ള പുതിയ മെമ്പർമാരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രസ്തുത സൊസൈറ്റിയിൽ മെമ്പർഷിപ്പുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരുടെ അപേക്ഷ പരിഗണനയിലുണ്ടെന്നും തീർപ്പാക്കാനുള്ള അപേക്ഷകളുടെ വിശദാംശവും ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത സൊസൈറ്റിയിൽ മെമ്പർഷിപ്പുമായി ബന്ധപ്പെട്ട് ആറ് ജീവനക്കാരുടെ അപേക്ഷകൾ പരിഗണനയിലുണ്ട്. ആയത് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഡി) ചില പ്രത്യേക വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് അല്ലെങ്കിൽ ഭരണകക്ഷി യൂണിയനിൽപ്പെട്ട ജീവനക്കാർക്ക് മാത്രമെ മെമ്പർഷിപ്പ് നൽകുന്നുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച ആക്ഷേപം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

അംഗത്വത്തിനുള്ള അപേക്ഷ പരിഗണിച്ച് സഹകരണ നിയമം, ചട്ടം, ബൈല വ്യവസ്ഥ എന്നിവയ്ക്ക് വിധേയമായി അർഹരായ അപേക്ഷകർക്ക് അംഗത്വം അനുവദിക്കുന്നുണ്ട്. ഭരണകക്ഷി യൂണിയനിൽപ്പെട്ട ജീവനക്കാർക്ക് മാത്രമെ മെമ്പർഷിപ്പ് നൽകുകയുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) പ്രസ്തുത സൊസൈറ്റിയുടെ പ്രവർത്തന റിപ്പോർട്ടും ബാലൻസ് ഷീറ്റും പ്രകാരമുള്ള ആസ്തി ബാധ്യതകൾ എത്രയാണെന്ന് വ്യക്തമാക്കാമോ; അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത സൊസൈറ്റിയുടെ 2022-23 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം 2023 മാർച്ച് 31-ലെ ആസ്തിയും ബാധ്യതകളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ആസ്തികൾ

1. കൈവശവും ബാങ്കിലുമുള്ള ബാക്കി നില്പ് തുക - 28,56,90,438.83 രൂപ

2. മറ്റ് സ്ഥാപനങ്ങളിലെ ഓഹരി - 12,22,000/-രൂപ

3. അംഗങ്ങൾക്ക് നൽകിയ വായ്പ ബാക്കി നില്പ് - 95,83,36,758/- രൂപ

4. പ്രതിമാസ നിക്ഷേപ പദ്ധതി - 19,42,27,000/- രൂപ

5. സ്ഥാവര ജംഗമ വസ്തുക്കൾ - 57,50,527.43 രൂപ

6. അഡ്വാൻസുകൾ സംഘത്തിന് വരേണ്ടവ - 2,16,60,669.48 രൂപ

ബാധ്യതകൾ

1. ഓഹരി മൂലധനം - 1,03,39,630/- രൂപ

2. സംഘം സ്വീകരിച്ചിട്ടുള്ള നിക്ഷേപ ബാക്കി നില്പ് - 1,01,65,78,432.16 രൂപ

3. പ്രതിമാസ നിക്ഷേപ പദ്ധതി - 15,91,03,500/- രൂപ

4. അഡ്വാൻസുകൾ സംഘത്തിൽനിന്നും നൽകേണ്ടവ - 3,43,90,982.97 രൂപ

5. അറ്റലാഭം (മുൻ വർഷത്തെ വീതിക്കാത്ത ലാഭം ഉൾപ്പെടെ) - 1,16,44,101.66 രൂപ

2022-23 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധങ്ങളായി ചേർത്തിരിക്കുന്നു+.

പുനർജനി പദ്ധതി

300(4574) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പുനർജനി പദ്ധതി നിലവിലുണ്ടോ; പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പുനർജനി പദ്ധതി പ്രകാരം നിലവിൽ ധനസഹായം അനുവദിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൽ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗനിർദേശം 04-05-2022-ലെ സ.ഉ(സാധാ)നം.306/2022/സഹ. നമ്പർ ഉത്തരവ് പ്രകാരം അംഗീകരിച്ചുനൽകിയിട്ടുണ്ട്.

പുനർജനി പദ്ധതി പ്രകാരം ധനസഹായത്തിനായി പരിഗണിക്കുന്ന സംഘത്തിന് തിരഞ്ഞെടുത്ത ഭരണസമിതിയും പെയ്ഡ് സെക്രട്ടറിയും സംഘം നിയമാവലിയിൽ സർക്കാർ ധനസഹായം സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിരിക്കേണ്ടതുമാണ്. ഈ പദ്ധതിയിൻ കീഴിൽ ഒരു സംഘത്തിന് ഒരു തവണ മാത്രമായിരിക്കും ധനസഹായം ലഭിക്കുക. ടി പദ്ധതിയിൽ പ്രോജക്ട് കോസ്റ്റിന്റെ 85% (35% സർക്കാർ ഓഹരിയും 50% സബ്സിഡിയും) സർക്കാർ ധനസഹായമായിരിക്കും. പ്രോജക്ട് കോസ്റ്റിന്റെ

15% സംഘം സ്വയം ചെലവഴിക്കേണ്ടതാണ്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലമുള്ള സംഘങ്ങൾ, സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സംഘങ്ങൾ എന്ന ക്രമത്തിലായിരിക്കും ധനസഹായം അനുവദിക്കുന്നതിലുള്ള മുൻഗണന.

(ബി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം കൊടുവള്ളി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2316, വിലങ്ങാട് പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2309, നടുവണ്ണൂർ പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി-2413 എന്നീ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

ആലപ്പുഴ മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

301(4575) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ആലപ്പുഴ മണ്ഡലത്തിൽ സഹകരണ വകുപ്പിന്റെ കീഴിൽ നിലവിൽ 26 സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ സംഘങ്ങൾ എത്രയെണ്ണമുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കുമോ; ഇവ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നുവെന്നും അവയുടെ ആസ്തി ബാധ്യതകൾ എത്രയാണെന്നും വിശദമാക്കാമോ?

അമ്പലപ്പുഴ താലൂക്കിൽ ആലപ്പുഴ മണ്ഡലത്തിൽ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിലച്ചുപോയ 13 സഹകരണ സംഘങ്ങളുണ്ട്.

അവയുടെ പേരുവിവരങ്ങളും ആസ്തി ബാധ്യതകളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനോ മറ്റ് സംഘങ്ങൾ മുഖാന്തരം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രവർത്തനം നിലച്ചുപോയ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അതിനു സാധിക്കാത്തവയെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രത്യേക കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

നെയ്യാറ്റിൻകര മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങൾ

302(4576) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കാത്ത എത്ര സഹകരണ സ്ഥാപനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; അതിന്റെ പേരുവിവരങ്ങൾ വ്യക്തമാക്കുമോ?

11 എണ്ണം.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. നെയ്യാറ്റിൻകര താലൂക്ക് നിർമ്മാണ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1264.

2. നെയ്യാറ്റിൻകര താലൂക്ക് കള്ള് ചെത്ത് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1472.

3. പൊഴിയൂർ കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1023.

4. കുളത്തൂർ പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1228.

5. നെയ്യാറ്റിൻകര മത്സ്യ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1102.

6. കുളത്തൂർ ജോയിന്റ് ഫാമിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 83.

7. നെയ്യാറ്റിൻകര തയ്യൽ തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 943.

8. നെയ്യാറ്റിൻകര മത്സ്യ വിതരണ സഹകരണ സംഘം.

9. പെരുങ്കടവിള കൺസ്യൂമർ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.839.

10. നെയ്യാറ്റിൻകര താലൂക്ക് റബ്ബർ പ്ലാന്റേഴ്സ് സഹകരണ സംഘം.

11.നെയ്യാറ്റിൻകര പട്ടികജാതി തയ്യൽ തൊഴിലാളി ക്ഷേമ റെഡിമെയ്ഡ് ഗാർമെന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 1083.

സഹകരണ ജീവനക്കാരുടെ പെൻഷൻ പദ്ധതി

303(4577) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളിൽനിന്നും വിരമിക്കുന്ന ജീവനക്കാർക്കായി നടപ്പാക്കിയിട്ടുള്ള പെൻഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

14-03-1995-ലെ ജി.ഒ(പി)നം.44/95/സഹ. ഉത്തരവ് പ്രകാരം 03-06-1993 മുതൽ പ്രാബല്യം നൽകി കേരള സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി നിലവിൽ വരികയും പദ്ധതിയുടെ നടത്തിപ്പിനായി കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് രൂപീകരിക്കുകയുമുണ്ടായി. പെൻഷൻ ഫണ്ടിന്റെ കൈകാര്യവും നടത്തിപ്പ് ചുമതലയും വിരമിക്കുന്ന ജീവനക്കാർക്ക്

പെൻഷൻ അനുവദിക്കുന്നതിന് അംഗീകാരം നൽകുന്നതും 15 അംഗ ഭരണ സമിതിയാണ്. ഭരണ സമിതിയിലെ ഒരു അംഗത്തെ ബോർഡിന്റെ ചെയർമാനായി നിയമിക്കുന്നു.

പ്രസ്തുത ഉത്തരവ് പ്രകാരം പെൻഷൻ പദ്ധതി ബാധകമായിരുന്നത് ഇ.പി.എഫ്.-ൽ ഉൾപ്പെട്ടിട്ടില്ലാത്തതും സഹകരണസംഘം രജിസ്ട്രാറിന് കീഴിലുള്ളതുമായ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായിരുന്നു. ക്രമേണ വിവിധ ഉത്തരവുകൾ മുഖേന മറ്റ് വിഭാഗങ്ങൾക്കും പദ്ധതി ബാധകമാക്കുകയുണ്ടായി. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, ഇതര സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി, സംസ്ഥാന/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാർക്കായുള്ള പെൻഷൻ പദ്ധതി എന്നിവ നിലവിലുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികളെല്ലാം സ്വാശ്രയ പദ്ധതികളാണ്. ജീവനക്കാരുടെ സർവീസ് കാലയളവിലെ വേതനത്തിന്റെ നിശ്ചിത നിരക്കിൽ അടവാക്കുന്ന തൊഴിലുടമ വിഹിതത്തിൽ നിന്നാണ് വിരമിച്ച ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനുള്ള ഫണ്ട് സ്വരൂപിക്കുന്നത്.

നിലവിലെ പെൻഷൻ ഫണ്ട് വിഹിത നിരക്ക് ജീവനക്കാരുടെ (അടിസ്ഥാന ശമ്പളം + ഡി.എ.) -യുടെ 12% ആണ്.

കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 1994 പ്രകാരം 01-01-1974 മുതൽ വിരമിച്ച ജീവനക്കാർക്ക് പെൻഷന് അർഹതയുണ്ട്. സഹകരണ സംഘം രജിസ്ട്രാറിന്റെ കീഴിലുള്ള എല്ലാ പ്രൈമറി, റീജിയണൽ, സെൻട്രൽ, അപ്പക്സ് സ്ഥാപനങ്ങൾക്കും സഹകരണേതര വകുപ്പുകളായ കയർ, ക്ഷീരം, കൈത്തറി, ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്, ഫിഷറീസ്, ഇൻഡസ്ട്രീസ് വകുപ്പുകളുടെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങൾക്കും കൂടാതെ സഹകരണ നിയമ പ്രകാരം രൂപീകരിച്ച വിവിധ ബോർഡുകൾക്കും ഈ പദ്ധതി ബാധകമാണ്. സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി, 2005 പ്രകാരം സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളിൽനിന്ന് (നിലവിൽ കേരള സംസ്ഥാന സഹകരണ ബാങ്ക്) 01-01-1974 മുതൽ വിരമിച്ചവർക്ക് പെൻഷന് അർഹതയുണ്ട്.

(ബി) പ്രസ്തുത പെൻഷൻ പദ്ധതി നിലവിൽ വന്നത് ഏത് വർഷം മുതലാണെന്നും അതിനുമുമ്പ് വിരമിച്ച ജീവനക്കാരുടെയോ അവരുടെ ആശ്രിതരുടെയോ ക്ഷേമത്തിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കി വരുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ സംഘം ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി ഉത്തരവായത് 14-03-1995-ലെ ജി.ഒ(പി)നം. 44/95/സഹ ഉത്തരവ് പ്രകാരമാണ്. ടി ഉത്തരവ് പ്രകാരം 03-06-1993 മുതൽ വിരമിച്ച ജീവനക്കാർക്കാണ് പദ്ധതി ബാധകം. തുടർന്ന് 24-03-2003-ലെ ജി.ഒ(പി)നം.58/2003/സഹ ഉത്തരവ് പ്രകാരം 01-01-1974-നും 03-06-1993-നും ഇടയ്ക്ക് വിരമിച്ചവർക്ക് പദ്ധതി ബാധകമാക്കിയിട്ടുണ്ട്. 1974-ന് മുമ്പ് വിരമിച്ചവർക്കോ അവരുടെ ആശ്രിതർക്കോ ആയി പ്രത്യേകമായി പദ്ധതി ഒന്നും നടപ്പാക്കിയിട്ടില്ല. എന്നാൽ മുൻകാലങ്ങളിൽ പെൻഷൻ പദ്ധതിയിൽ അംഗമായ സഹകരണ സ്ഥാപനങ്ങളിൽനിന്ന് വിരമിച്ച്, പെൻഷൻ ഫണ്ട് അടവാക്കാൻ സാധിക്കാത്തതിനാൽ യാതൊരു പെൻഷനും ലഭിക്കാത്ത 75 വയസ്സ്

പൂർത്തീകരിച്ചവർക്ക് 'ആശ്വാസ് സമാശ്വാസ' പെൻഷൻ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. ആയത് 01-09-2014 മുതൽ പ്രാബല്യത്തിലുണ്ട്. നിലവിൽ പ്രതിമാസ ആശ്വാസ് പെൻഷൻ 1750/-രൂപയാണ്.

(സി) നിലവിലുള്ള പെൻഷൻ പദ്ധതിയിൽ മിനിമം പെൻഷൻ, മാക്സിമം പെൻഷൻ എന്നിങ്ങനെയുള്ള നിബന്ധനകളുണ്ടോ; വിശദമാക്കുമോ?

പെൻഷൻ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന മിനിമം പെൻഷൻ 3600/- രൂപയാണ്. സൂപ്പറാനുവേഷൻ പെൻഷൻ, റിട്ടയറിംഗ് പെൻഷൻ, ഇൻവാലിഡ് പെൻഷൻ എന്നിവ കൈപ്പറ്റുന്നവർക്കാണ് മിനിമം പെൻഷന് അർഹത. പ്രൈമറി പെൻഷൻ പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 17,850/- രൂപയും സംസ്ഥാന/ജില്ല സഹകരണ ബാങ്ക് പദ്ധതി പ്രകാരമുള്ള പരമാവധി പെൻഷൻ 26,180/- രൂപയുമാണ്. പെൻഷന് പുറമെ 600/- രൂപ മെഡിക്കൽ അലവൻസും പ്രതിമാസം അനുവദിക്കുന്നുണ്ട്.

കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം

304(4578) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് സഹകരണ സംഘം സ്ഥാപിതമായത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ?

27-03-2007-ലാണ് സംഘം സ്ഥാപിതമായത്.

(ബി) നിലവിൽ ഈ സംഘത്തിൽ ഓഹരിയായും നിക്ഷേപമായും എത്ര തുകയുണ്ട്; പ്രസ്തുത സംഘത്തിലെ നിലവിലെ സ്വർണ്ണപ്പണയ വായ്പയുടെ വിശദാംശം ലഭ്യമാക്കുമോ?

സംഘത്തിന്റെ 31-03-2024-ലെ താൽക്കാലിക കടധന പട്ടിക പ്രകാരം നിക്ഷേപ ബാക്കി നില്പ് - 10,23,44,345/- രൂപയും ഓഹരി ബാക്കി നില്പ് - 35,31,700/-രൂപയും 881 സ്വർണ്ണപ്പണയ വായ്പകളിലായി 6,72,20,257/- രൂപയും ബാക്കി നില്പുണ്ട്.

(സി) സമീപ കാലത്ത് ഈ സഹകരണ സംഘത്തിൽ തട്ടിപ്പ് നടന്നിരുന്നോയെന്നും ഇതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ; എങ്കിൽ പ്രസ്തുത കേസിൽ എത്ര പ്രതികളുണ്ടെന്നുള്ളത് വ്യക്തമാക്കാമോ?

സംഘത്തിൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടന്നുവരികയാണ്.

(ഡി) പ്രതികൾ തട്ടിപ്പിന് സ്വീകരിച്ച മോഡസ് ഓപ്പറാന്റി എന്തായിരുന്നുവെന്ന് വിശദമാക്കുമോ; എത്ര രൂപയുടെ തട്ടിപ്പാണ് നടന്നതെന്നും പ്രതികളെ മുഴുവൻ പിടികൂടിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ?

സംഘത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ഇ) ഈ തട്ടിപ്പ് കാരണം ഇടപാടുകാർക്ക് ഉണ്ടായിട്ടുള്ളതും ഉണ്ടാകാൻ പോകുന്നതുമായ നഷ്ടം എത്രയാണെന്നും അത് എങ്ങനെ നികത്തുമെന്നും വ്യക്തമാക്കാമോ?

സംഘത്തിൽ നടന്ന ക്രമക്കേട് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നുവരികയാണ്.

(എഫ്) പ്രസ്തുത സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

സംഘം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ജി) കാറഡുക്ക സഹകരണ സംഘം ഉൾപ്പെടെയുള്ള ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രസ്തുത കേസ് ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ജില്ലയിലെ മറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ പ്രസ്തുത കേസ് ബാധിച്ചിട്ടില്ല.

വനിതാ സഹകരണ സംഘങ്ങൾ

305(4579) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് ആകെ 957 വനിതാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ജില്ല	എണ്ണം
തിരുവനന്തപുരം	59
കൊല്ലം	45
പത്തനംതിട്ട	18
ആലപ്പുഴ	17
കോട്ടയം	27
ഇടുക്കി	35
എറണാകുളം	66
തൃശ്ശൂർ	82
പാലക്കാട്	29
മലപ്പുറം	102
കോഴിക്കോട്	154
വയനാട്	10
കണ്ണൂർ	244
കാസർഗോഡ്	69
ആകെ	957

(ബി) വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും 2016 മുതൽ ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

വനിതാ സഹകരണ സംഘങ്ങളുടെ നവീകരണത്തിനും പുനരുജ്ജീവനത്തിനുമായി സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ 'വനിത സഹകരണ സംഘങ്ങൾക്കും വനിതഫെഡിനുമുള്ള സഹായം' എന്ന

പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രത്യേക പ്രോജക്ടുകൾ നടപ്പാക്കാനുള്ള സഹായം നൽകുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ 100 ശതമാനം വനിതകളായിരിക്കും. ടി പദ്ധതിക്കായി 2024-25 സാമ്പത്തിക വർഷം 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വനിതാ സഹകരണ സംഘങ്ങളുടെ കീഴിൽ വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായുള്ള പ്രോജക്ടുകൾക്കുള്ള ധനസഹായം, വിവിധ പരിശീലന പരിപാടികൾ/ശില്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ധനസഹായം, ദുർബല വനിതാ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള സഹായം എന്നീ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നു.

2016-17 സാമ്പത്തികവർഷം മുതൽ 'വനിത സഹകരണ സംഘങ്ങൾക്കും വനിത ഫെഡിനുമുള്ള സഹായം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 1033.77 ലക്ഷം രൂപ വനിതാ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ക്രമക്കേട്

306(4580) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേട് സംബന്ധിച്ച് ബഡ്സ് ആക്ട് പ്രകാരം റെഗുലേറ്ററെ നിയമിച്ചിട്ടുണ്ടോ എന്നും അവർ ആരാണെന്നും റെഗുലേറ്റർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേട് സംബന്ധിച്ച് ബഡ്സ് ആക്ട് പ്രകാരമുള്ള റെഗുലേറ്ററായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ(ജനറൽ)നെ 26-06-2024-ലെ സ.ഉ(സാധാ)320/2024/സഹ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) മുഖ്യ പ്രതികളുടെ ബിനാമികളുടെ പേരിലുള്ള വസ്തുവകകൾ കണ്ടെത്തിയിട്ടും അവരെ പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം

വ്യക്തമാക്കുമോ; ബിനാമികളുടെ പേരിൽ വാങ്ങിയ വസ്തുവകകൾ എങ്ങനെ അറ്റാച്ച് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്ക് ആരെല്ലാമാണ് ഉത്തരവാദികളെന്നും ഓരോരുത്തരും എത്ര രൂപ വീതം സംഘത്തിന് ബാധ്യത വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തുന്നതിലേക്കായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അന്വേഷണം തുടർന്ന് വരുന്നതുമാണ്. ടി അന്വേഷണം പൂർത്തിയായാൽ മാത്രമെ കുറ്റക്കാർക്കെതിരായി സഹകരണ നിയമ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. സംഘം അഡ്മിനിസ്ട്രേറ്റർ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിന്റെയും ആയതിനെ തുടർന്ന് ഫയൽ ചെയ്ത ഇന്റർലൊക്യൂട്ടറി അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടി ക്രമക്കേടിന് ഉത്തരവാദികളെന്ന് സംശയിക്കുന്ന

വ്യക്തികളുടെയും അവരുടെ ബന്ധുക്കളുടെയും പേരിലുള്ള 216 വസ്തുക്കൾ കേരള സഹകരണ നിയമം വകുപ്പ് 78 പ്രകാരം കണ്ടീഷണൽ അറ്റാച്ച്മെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കടകംപള്ളി വില്ലേജിൽ ഇപ്രകാരം കണ്ടെത്തിയ എട്ട് ഏക്കർ ഭൂമി അറ്റാച്ച് ചെയ്യാൻ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സംഘം അഡ്മിനിസ്ട്രേറ്റർ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിന്റെയും ആയതിനെ തുടർന്ന് ഫയൽ ചെയ്ത ഇന്റർലൊക്യൂട്ടറി അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടി ക്രമക്കേടിന് ഉത്തരവാദികളെന്ന് സംശയിക്കുന്ന വ്യക്തികളുടെയും അവരുടെ ബന്ധുക്കളുടെയും പേരിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട വിവിധ സർവെ നമ്പരിലുള്ള 245 ആർ വസ്തുക്കൾ കേരള സഹകരണ നിയമം വകുപ്പ് 78 പ്രകാരം കണ്ടീഷണൽ അറ്റാച്ച് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നാദാപുരം മണ്ഡലത്തിലെ സഹകരണ സംഘങ്ങൾ

307(4581) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടെന്ന വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

നാദാപുരം മണ്ഡലത്തിൽ ആകെ 96 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 86 സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ആയത് പഞ്ചായത്ത് തിരിച്ച് എണ്ണം ചുവടെ ചേർക്കുന്നു.

പഞ്ചായത്ത്	എണ്ണം
നരിപ്പറ്റ	7
എടച്ചേരി	12
തൂണേരി	8
കായക്കൊടി	6
വളയം	7
ചെക്യാട്	7
വാണിമേൽ	8
നാദാപുരം	17
കാവിലും പാറ	8
മരുതോങ്കര	6

(ബി) ഇവയിൽ എത്ര പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

2 എണ്ണം.

1. വിലങ്ങാട് പട്ടികവർഗ്ഗ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വാണിമേൽ പഞ്ചായത്ത്.
2. വിലങ്ങാട് പട്ടികവർഗ്ഗ സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വാണിമേൽ പഞ്ചായത്ത്.

(സി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും പുനരുജ്ജീവനത്തിനും നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിക്കാമോ?

വിലങ്ങാട് പട്ടികവർഗ്ഗ സഹകരണ സംഘത്തിന് പുനർജനി പദ്ധതി പ്രകാരം 10,20,000/- രൂപ ഭക്ഷ്യസംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനായി ധനസഹായം നൽകിയിട്ടുണ്ട്. വിലങ്ങാട് പട്ടികവർഗ്ഗ ലേബർ സഹകരണ സംഘത്തിന് നിർമ്മാണ പ്രവൃത്തികൾക്കാവശ്യമായ ഉപകരണങ്ങൾ

വാങ്ങുന്നതിനും സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനായും 40 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ ഗ്രാന്റ്/ സബ്സിഡി എന്നിവ സംഘങ്ങൾക്ക് നൽകിവരുന്നുണ്ട്.

(ഡി) യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ എത്ര യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

യുവജന സഹകരണ സംഘങ്ങൾ എന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത മണ്ഡലത്തിൽ യുവജന സഹകരണ സംഘങ്ങൾ ഒന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) ഈ മണ്ഡലത്തിൽ പുതിയ യുവജന സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുമോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ വിശദമാക്കുമോ?

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സഹകരണ നിയമത്തിലെയും ചട്ടത്തിലെയും വ്യവസ്ഥകൾപ്രകാരം പരിശോധിച്ച് അനുമതി നൽകുന്നതാണ്.

കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ്

308(4582) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കാറഡുക്ക അഗ്രികൾചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാസർഗോഡ് കാറഡുക്ക അഗ്രികൾചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള വിശദമായ അന്വേഷണം നടന്നുവരികയാണ്.

(ബി) തട്ടിപ്പ് കണ്ടെത്തിയതിനെത്തുടർന്ന് നിർബന്ധിത അവധിയിലായിരുന്ന സൊസൈറ്റി സെക്രട്ടറി, അവധിയിലായിരുന്ന സമയം സൊസൈറ്റിയുടെ ലോക്കർ തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്ന് വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി വായ്പയെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നഷ്ടപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ മൂല്യം എത്രയെന്നും;

ഇത് തിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

സംഘം സെക്രട്ടറി അവധിയിലായിരുന്ന സമയം സൊസൈറ്റിയുടെ ലോക്കർ തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്ന് വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി വായ്പ എടുത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം നഷ്ടപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ മൂല്യം കണ്ടെത്തുന്നതിന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നുവരികയാണ്. കൂടാതെ, ഇതുസംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണവും നടന്നുവരികയാണ്.

നീതി മെഡിക്കൽ സ്റ്റോറുകൾ

309(4583) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ 1092 നീതി മെഡിക്കൽ സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 73 നീതി മെഡിക്കൽ സ്റ്റോറുകളും ഉൾപ്പെടെ ആകെ 1165 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	എണ്ണം
1	തിരുവനന്തപുരം	104
2	കൊല്ലം	59
3	പത്തനംതിട്ട	84
4	ആലപ്പുഴ	68
5	കോട്ടയം	95
6	ഇടുക്കി	61
7	എറണാകുളം	126
8	തൃശ്ശൂർ	185
9	പാലക്കാട്	68
10	മലപ്പുറം	55
11	കോഴിക്കോട്	109
12	വയനാട്	15
13	കണ്ണൂർ	105
14	കാസർഗോഡ്	31
	ആകെ	1165

(ബി) നീതി മെഡിക്കൽ സ്റ്റോറുകൾ വഴി നിലവിൽ എത്ര ശതമാനം വിലക്കിഴിവിലാണ് മരുന്നുകൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

നീതി മെഡിക്കൽ സ്റ്റോറുകൾ വഴി നിലവിൽ 16% മുതൽ 85% വരെ വിലക്കിഴിവിലാണ് ഉപഭോക്താക്കൾക്ക് മരുന്നുകൾ നൽകുന്നത്.

(സി) നീതി മെഡിക്കൽ സ്കീം വഴി ഏതെല്ലാം മരുന്നുകളാണ് കുറഞ്ഞ നിരക്കിൽ നൽകി വരുന്നതെന്ന് വിശദമാക്കുമോ; കൂടുതൽ മരുന്നുകളെ ഇതിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

നീതി മെഡിക്കൽ സ്കീം വഴി കുറഞ്ഞ നിരക്കിൽ നൽകിവരുന്ന മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	മരുന്നുകളുടെ വിഭാഗം	നീതി മെഡിക്കൽ സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് നൽകുന്ന നിരക്ക്
1.	ബ്രാൻഡഡ് മരുന്നുകൾ	എം.ആർ.പി.-യിൽനിന്ന് 16% ഡിസ്കൗണ്ട്
2.	ജനറിക് മരുന്നുകൾ	എം.ആർ.പി.-യിൽനിന്ന് 70% ഡിസ്കൗണ്ട്
3.	ഇൻസുലിൻ	എം.ആർ.പി.-യിൽനിന്ന് 20% മുതൽ 53% വരെ ഡിസ്കൗണ്ട്
4.	ഓങ്കോളജി, നെഫ്രോളജി മരുന്നുകൾ	എം.ആർ.പി.-യിൽനിന്ന് 30% മുതൽ 85% വരെ ഡിസ്കൗണ്ട്
5.	ഡയാലിസിസ് മരുന്നുകൾ	എം.ആർ.പി.-യിൽനിന്ന് 80% വരെ ഡിസ്കൗണ്ട്
6.	ഡയാലിസിസ് എക്വിപ്മെന്റ്സ്	എം.ആർ.പി.-യിൽ 80% വരെ ഡിസ്കൗണ്ട്
7.	ഒ.റ്റി.സി. ഉൽപന്നങ്ങൾ	എം.ആർ.പി.-യിൽനിന്ന് 10% മുതൽ 70%

		വരെ ഡിസ്കൗണ്ട്

ആവശ്യാനുസരണം കൂടുതൽ മരുന്നുകൾ ഉൾപ്പെടുത്താറുണ്ട്.

നീതി മെഡിക്കൽ സ്റ്റോറുകൾ

310(4584) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് സഹകരണ സംഘങ്ങളുടെ കീഴിൽ 1092 നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം സംബന്ധിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	എണ്ണം
1	തിരുവനന്തപുരം	100
2	കൊല്ലം	45
3	പത്തനംതിട്ട	78
4	ആലപ്പുഴ	59
5	കോട്ടയം	91
6	ഇടുക്കി	58
7	എറണാകുളം	119

8	തൃശ്ശൂർ	182
9	പാലക്കാട്	62
10	മലപ്പുറം	47
11	കോഴിക്കോട്	105
12	വയനാട്	13
13.	കണ്ണൂർ	104
14	കാസർഗോഡ്	29
	ആകെ	1092

(ബി) പാലക്കാട് ജില്ലയിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ 62 നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നത്.

അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	സംഘത്തിന്റെ പേര്	എണ്ണം
1.	തടുക്കശ്ശേരി സേവന സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - F534	1
2.	അകത്തേത്തറ സേവന സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - F1514	1
3.	പാലക്കാട് ജില്ല എക്സൈസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ - P955	1
4.	പാലക്കാട് ജില്ല പോലീസ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ - P1021	1
5.	കണ്ണാടി അർബൻ ക്രഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ - P1207	1
6.	കോങ്ങാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P538	1

7.	എലപ്പുള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ –F1193	1
8.	കഞ്ചിക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1199	1
9.	മങ്കര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P363	1
10.	പുതുപരിയാരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1509	1
11.	പാലക്കാട് ജില്ല റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ – P561	1
12.	പാലക്കാട് ജില്ല മൾബറി കൊക്കൂൺ സഹകരണ സംഘം ക്ലിപ്തം നമ്പർ – P1313	1
13.	പാലക്കാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1200	1
14.	പ്രിയദർശിനി മൾട്ടിപർപ്പസ് സഹകരണ സംഘം ക്ലിപ്തം നമ്പർ – P1340	1
15.	കാഞ്ഞിക്കുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1086	1
16.	ആലത്തൂർ പി.സി.എ.ആർ.ഡി.ബി. ക്ലിപ്തം നമ്പർ – F1222	1
17.	വടക്കഞ്ചേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1219	1
18.	കുത്തനൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1563	1
19.	ആലത്തൂർ പ്രവാസി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ – P1427	1
20.	പുതുക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P1151	1
21.	കണ്ണമ്പ്ര സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1221	1
22.	ചിറ്റൂർ ഗവ. സർവന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ - 160	1
23.	പുതുനഗരം റൂറൽ ക്രഡിറ്റ് സഹകരണ സംഘം ക്ലിപ്തം നമ്പർ – P1218	1
24.	ചിറ്റൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 18	1
25.	പാലക്കാട് ജില്ല ഹെൽത്ത് & ഫാമിലി വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ – P965	1
26.	കൊല്ലങ്കോട് മർച്ചന്റ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ – P1193	1
27.	കൊല്ലങ്കോട് സഹകരണ അർബൻ ക്രഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ – F1201	1
28.	നെന്മാറ കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ – P582	1
29.	തൃത്താല സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P593	1
30.	നഗലശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P541	1
31.	തിരുമിറ്റക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P833	1
32.	പട്ടാമ്പി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - P585	2
33.	പള്ളിപ്പുറം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P2532	1
34.	കൊപ്പം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1205	1
35.	ചാലിശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P579	1

36.	അമ്പലപ്പാറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1512	1
37.	ശ്രീകൃഷ്ണപുരം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1213	3
38.	ശ്രീരാമകൃഷ്ണ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P580	1
39.	ഷൊർണ്ണൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - P578	2
40.	കുളപ്പുള്ളി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 4589	1
41.	വാണിയംകുളം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P577	1
42.	ഒറ്റപ്പാലം സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1164	1
43.	വല്ലപ്പുഴ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1207	1
44.	കുലുക്കിലിയാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P591	1
45.	ചെർപ്പുളശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P589	1
46.	കയിലിയാട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P786	1
47.	ഒറ്റപ്പാലം ഭവന നിർമ്മാണ സഹകരണ സംഘം ക്ലിപ്തം നമ്പർ – P608	2
48.	കല്ലടിക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 7489	1
49.	തച്ചമ്പാറ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ - 3150	1
50.	അലനല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1178	2
51.	മണ്ണാർക്കാട് റൂറൽ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ– P922	1
52.	പൊറ്റശ്ശേരി സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – P543	1
53.	ചെത്തല്ലൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1462	1
54.	അരിയൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ – F1566	1
55.	മണ്ണാർക്കാട് താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ – P629	1
56.	കരിമ്പ പഞ്ചായത്ത് കാർഷിക ഉൽപാദന സംഭരണ സംസ്കരണ വിപണന ക്രഡിറ്റ് സൊസൈറ്റി ക്ലിപ്തം നമ്പർ – P1269	1
	ആകെ	62

(സി) പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കാമോ?

വ്യക്തമാക്കാം. സഹകരണ സംഘങ്ങളുടെ കീഴിൽ പുതിയ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

1. നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് നിയമാവലിയിൽ വ്യവസ്ഥ ഉണ്ടായിരിക്കണം.
2. സംഘത്തിൽ പെയ്ഡ് സെക്രട്ടറിയും തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും ഉണ്ടായിരിക്കണം.
3. സംഘത്തിന്റെ ഓഡിറ്റ് കുറഞ്ഞത് 3 വർഷമെങ്കിലും പൂർത്തിയായിരിക്കണം.
4. നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ ഫണ്ട് സംഘത്തിനുണ്ടെന്ന് ഉറപ്പുവരുത്തണം.
5. നീതി മെഡിക്കൽ സ്റ്റോർ ആരംഭിച്ചാലുള്ള വിജയസാധ്യത സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കി സമർപ്പിക്കണം.

6. വാടക കെട്ടിടത്തിലാണ് സ്റ്റോർ ആരംഭിക്കുന്നതെങ്കിൽ 100/- രൂപ മുദ്രപത്രത്തിൽ വാടക കരാർപത്രം സമർപ്പിച്ചിരിക്കണം. സ്വന്തം കെട്ടിടത്തിലാണ് സ്റ്റോർ തുടങ്ങാൻ ഉദ്ദേശിക്കുന്നതെങ്കിൽ സ്ഥലം, കെട്ടിട നമ്പർ, പഞ്ചായത്ത് ഇവ ഉൾപ്പെടുത്തിയിരിക്കണം.

7. നിർദിഷ്ട നീതി മെഡിക്കൽ സ്റ്റോർ തുടങ്ങാനുദ്ദേശിക്കുന്ന സ്ഥലം സർക്കാർ ആശുപത്രികളുടെ (താലൂക്ക് ആശുപത്രി, ജില്ല ആശുപത്രി, സഹകരണ ആശുപത്രി, ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് ആശുപത്രി) സമീപ പ്രദേശമോ, വില്പന കൂടുതലുള്ള പ്രദേശങ്ങളോ ആയിരിക്കണം.

മേൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചിട്ടുള്ള സംഘങ്ങളുടെ അപേക്ഷ അതത് ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ പരിശോധിച്ച് ക്രമപ്രകാരമാണെങ്കിൽ പ്രസ്തുത നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് അംഗീകാരം നൽകിവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 4272, 4303, 4317 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരം നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമല്ല.)

അനുബന്ധം 3

(a) ശ്രീ. വി. കെ. പ്രശാന്ത് എം.എൽ.എ.-യുടെ 01-07-2024-ലെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

കേരളത്തിലെ ജനങ്ങളുടെ ജീവിതശൈലിയിൽ വന്ന കാതലായ മാറ്റങ്ങൾക്കനുസൃതമായി ജീവിതശൈലീ രോഗങ്ങളും വർധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അനിയന്ത്രിത പ്രമേഹത്തിന്റെയും രക്താതിമർദ്ദത്തിന്റെയും പരിണിത ഫലമായിട്ടാണ് വൃക്കരോഗങ്ങൾ പലപ്പോഴും പ്രത്യക്ഷപ്പെടുന്നത്. ഇന്ത്യയിൽ 1 മില്ല്യൺ (10 ലക്ഷം) ജനങ്ങളിൽ 8000 ത്തോളം വൃക്ക രോഗികൾ ഉണ്ടെന്നും കേരളത്തിലും ഏകദേശം ഇതേ അനുപാതത്തിൽ വൃക്ക രോഗികൾ ഉണ്ടെന്നുമാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. വൃക്കരോഗികളുടെ എണ്ണത്തിൽ വലിയ തോതിൽ വർധനവുണ്ടാകുന്നത് കൂടുതൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കുന്നതിന് കാരണമാകുന്നു എന്നത് ഒരു വസ്തുതയാണ്.

ഡയാലിസിസിലേയ്ക്ക് എത്തുന്ന രോഗികളിൽ ബഹുഭൂരിപക്ഷവും രക്തധമനികളിലൂടെയുള്ള ഡയാലിസിസ് പ്രക്രിയയായ ഹീമോ

ഡയാലിസിസാണ് ചെയ്തുവരുന്നത്. സർക്കാർ മേഖലയിൽ താലൂക്ക് തലം മുതൽ മുകളിലേയ്ക്കുള്ള താലൂക്ക് ആശുപത്രി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി എന്നീ ആരോഗ്യ സ്ഥാപനങ്ങളിലെല്ലാം ഹീമോഡയാലിസിസ് ചെയ്യുന്നതിനായുള്ള ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുക എന്നതാണ് ആർദ്രം പദ്ധതിയുടെ ഭാഗമായി സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട്, എൽ.എസ്.ജി.ഡി. ഫണ്ട്, എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, കിഫ്ബി ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് നിലവിൽ 36 ജില്ലാ/ജനറൽ ആശുപത്രികളിൽ 31 ഇടങ്ങളിലും 88 താലൂക്ക് തല ആശുപത്രികളിൽ 57 ഇടങ്ങളിലുമായി ആകെ 88 സ്ഥാപനങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഇതിനുപുറമെ ഉഴവൂർ കെ. ആർ. നാരായണൻ മെമ്മോറിയൽ സ്മാരക സ്പെഷ്യാലിറ്റി ആശുപത്രിയിലും സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ചില സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലും ഉൾപ്പെടെ 12 സ്ഥലങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള ആശുപത്രികളിലായി ആകെ 100 ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ നിലവിലുണ്ട്.

കൂടാതെ പ്രധാന സർക്കാർ മെഡിക്കൽ കോളേജുകളിലും സ്വകാര്യ ആശുപത്രികളിലും സന്നദ്ധ സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

സംസ്ഥാനത്ത് സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലായി ആകെ 1250 ഓളം ഡയാലിസിസ് മെഷീനുകൾ പ്രവർത്തന സജ്ജമാണ്. പ്രതിമാസം 55,895 ഡയാലിസിസ് സെഷനുകളിലായി 5000-ൽ അധികം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. 2020 ജനുവരി മുതൽ 2,18,410 രോഗികൾ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 21,70,944 ഡയാലിസിസ് സെഷനുകൾ നടത്തിയിട്ടുണ്ട്.

നിലവിൽ ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കാത്ത താലൂക്ക്/ജില്ലാതല ആശുപത്രികളിൽ 13 സ്ഥലങ്ങളിൽക്കൂടി ഈ സാമ്പത്തിക വർഷംതന്നെ ഡയാലിസിസ് യൂണിറ്റുകൾ

പ്രവർത്തനമാരംഭിക്കുംവിധം പ്രവൃത്തി പുരോഗമിക്കുന്നു. അതിനുപുറമെ ബാക്കിയുള്ള മുഴുവൻ ആശുപത്രികളിലും 2025-ഓടുകൂടി ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തന സജ്ജമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 26 ഡയാലിസിസ് മെഷീനുകളിൽ (സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ 14, കാരുണ്യ ഡയാലിസിസ് യൂണിറ്റിൽ 10, MICU-1, MDICU-1) നിന്നായി പ്രതിദിനം ഏകദേശം 70-80 ഡയാലിസിസ് ചെയ്തുവരുന്നു. ആലപ്പുഴ ഗവൺമെന്റ് ടി.ഡി. മെഡിക്കൽ കോളേജ് ആശുപത്രിയിലെ നെഫ്രോളജി വിഭാഗത്തിൽ പ്രതിദിനം 15 രോഗികൾക്ക് ഹീമോഡയാലിസിസ് ചെയ്യുന്നുണ്ട്. എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നെഫ്രോളജി വിഭാഗത്തിന് കീഴിൽ 24 മണിക്കൂറും ഡയാലിസിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. നിലവിൽ പ്രതിദിനം 35-40 പേർക്ക് ഡയാലിസിസ് ചെയ്തുവരുന്നു. 20 ഡയാലിസിസ് മെഷീനുകളാണ് ഇവിടെ സജ്ജമാക്കിയിട്ടുള്ളത്. ഗുരുതര കിഡ്നി രോഗങ്ങൾ ബാധിച്ചവർക്കും സ്റ്റേജ്-V കിഡ്നി രോഗികൾക്കും മൂന്ന് ഷിഫ്റ്റുകളിലായി 24

മണിക്കൂറും ഡയാലിസിസ് സേവനം നൽകിവരുന്നു. കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഇപ്പോൾ 22 ഹീമോഡയാലിസിസ് മെഷീനുകളുണ്ട്. ഡയാലിസിസ് രോഗികളുടെ ബാഹുല്യം കണക്കിലെടുത്ത് പുതിയതായി ഒരു ഹിമോഡയാലിസിസ് യൂണിറ്റ് (8 ഹീമോഡയാലിസിസ് മെഷീനുകൾ) കൂടി തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 24 മണിക്കൂറും പ്രവർത്തന സജ്ജമായ 19 ഡയാലിസിസ് മെഷീനുകളാണുള്ളത്. സ്ഥിരമായി 120 രോഗികൾ വീട്ടിൽനിന്നും വന്ന് ഡയാലിസിസ് ചെയ്യുന്നുണ്ട്. കൂടാതെ അഡ്മിറ്റായി ഗുരുതരാവസ്ഥയിലുള്ള ഏകദേശം 15-20 രോഗികൾക്ക് ദിനംപ്രതി ഡയാലിസിസ് ചെയ്യുന്നുണ്ട്. ഡയാലിസിസ് രോഗികളുടെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ എച്ച്.ഡി.എസ്.-ന്റെ കീഴിൽ ആറ് മെഷീനുള്ള ഒരു പുതിയ യൂണിറ്റ് തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ 40-ഓളം ഡയാലിസിസ് മെഷീനുകൾ പ്രവർത്തനക്ഷമമാണ്. ഇതിലൂടെ പ്രതിമാസം ശരാശരി 3240 ഡയാലിസിസ് സെഷനുകൾ നടത്തുന്നുണ്ട്. ഏകദേശം 190 രോഗികൾക്ക്

ഡയാലിസിസ് നൽകിവരുന്നു. കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 13 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് മൂന്ന് ഷിഫ്റ്റുകളിലായി ദിവസേന ഏകദേശം മുപ്പതോളം രോഗികൾക്ക് ഡയാലിസിസ് നൽകിവരുന്നു. കോട്ടയം മെഡിക്കൽ കോളേജ് നെഫ്രോളജി വിഭാഗത്തിൽ പ്രതിമാസം ശരാശരി 2250 ഡയാലിസിസ് സെഷനുകൾ നടന്നുവരുന്നുണ്ട്. 162 രോഗികൾക്ക് ഇവിടെനിന്നും ഡയാലിസിസ് ലഭ്യമാക്കുന്നു. ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിൽ അഡ്മിറ്റ് ആയിരിക്കുന്ന ഏകദേശം 75 ഓളം രോഗികളെ പ്രതിമാസം ഡയാലിസിസ് ചികിത്സയ്ക്ക് വിധേയമാക്കുന്നുണ്ട്.

തിരുവനന്തപുരം ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ (എസ്.എ.റ്റി. ആശുപത്രി) 2006 മുതൽ കുട്ടികൾക്കുള്ള ഹീമോഡയാലിസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ 5 കിടക്കകളുള്ള ഡയാലിസിസ് യൂണിറ്റാണ് പ്രവർത്തിക്കുന്നത്. ഒരു ഡയാലിസിസ് മെഷീൻ ഐ.സി.യു.-വിലെ രോഗികൾക്ക് ഡയാലിസിസ് നൽകാൻ സജ്ജമാണ്. സ്ഥായിയായ വൃക്കരോഗം (Chronic Kidney Disease and End State Kidney

Disease) ഉള്ള കുട്ടികൾക്കും താൽക്കാലിക വൃക്കസ്തംഭനം (Acute Kidney Injury) ഉള്ള കുട്ടികൾക്കും ഇവിടെ ഡയാലിസിസ് ചെയ്യുന്നുണ്ട്.

കേരളത്തിലെ എല്ലാ പ്രധാന ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും നെഫ്രോളജി വിഭാഗം ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യമായി ഡയാലിസിസ് ചെയ്തുകൊടുക്കുന്നുണ്ട്. കാസ്പ്-ൽ അംഗത്വമില്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് (കെ.ബി.എഫ്.) മുഖാന്തരം എംപാനൽ ചെയ്തിട്ടുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ഡയാലിസിസ് നൽകിവരുന്നുണ്ട്. ആരോഗ്യ കേരളം 'പാലിയേറ്റീവ് കെയർ പ്രോജക്ട്' പദ്ധതി പ്രകാരം വൃക്ക രോഗികൾക്ക് വേണ്ട എറിത്രോപോയിറ്റിൻ ഇൻജെക്ഷൻ സൗജന്യമായി നൽകുന്നുണ്ട്.

ഹീമോഡയാലിസിസ് ചെലവേറിയതും ആശുപത്രിയിൽ മാത്രം ചെയ്യാൻ കഴിയുന്നതുമായ പ്രക്രിയയാണ്. രോഗികൾക്ക് കൃത്യമായ

ഇടവേളകളിൽ ആശുപത്രികളെ ആശ്രയിക്കേണ്ടി വരുന്നതും നീണ്ട കാത്തിരിപ്പ് ആവശ്യമായി വരുന്നതും ശാരീരികവും മാനസികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഇതിന് പരിഹാരമായിട്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് താരതമ്യേന ചെലവ് കുറഞ്ഞതും രോഗികൾക്ക് സ്വന്തമായി ചെയ്യാൻ സാധിക്കുന്നതുമായ പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി (CAPD) ആരംഭിച്ചിട്ടുള്ളത്. നിലവിൽ എല്ലാ ജില്ലകളിലും പെരിറ്റോണിയൽ ഡയാലിസിസ് ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായുള്ള മുഴുവൻ ചെലവും സർക്കാരാണ് വഹിക്കുന്നത്. നാളിതുവരെ 640 രോഗികൾ പെരിറ്റോണിയൽ ഡയാലിസിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൂടുതൽ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്നുണ്ടെങ്കിലും ആർദ്രം സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി താലൂക്കാശുപത്രിതലം മുതൽ മുകളിലോട്ടുള്ള ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സജ്ജീകരിക്കുന്നതിന് മാത്രമെ നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളൂ. ഉയർന്ന നിർവ്വഹണ ചെലവും സ്പെഷ്യാലിറ്റി ഡോക്ടർമാർ ഉൾപ്പെടെയുള്ള

മാനവശേഷിയുടെ ദൗർലഭ്യവും കാരണം ഡയാലിസിസ് യൂണിറ്റുകൾക്ക് പാതിവഴിയിൽ പ്രവർത്തനം നിലച്ചുപോകുന്ന സ്ഥിതിവിശേഷം സംജാതമാകാതിരിക്കാൻ ഉദ്ദേശിച്ചാണ് ആർദ്രം സ്റ്റാൻഡേർഡൈസേഷനിൽ ഇത്തരത്തിൽ ഒരു നിയന്ത്രണം ഏർപ്പെടുത്തിയത്. സി.എച്ച്.സി. തലത്തിൽ സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത രീതിയിൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന്റെ പ്രായോഗികത പരിശോധിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

വിദൂര-ദുർഘട പ്രദേശങ്ങളിൽ പരീക്ഷിക്കാവുന്ന ഒന്നാണ് സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റ്. വാഹനങ്ങളിൽ സജ്ജമാക്കുന്ന ഡയാലിസിസ് മെഷീനിലൂടെ രോഗികൾക്ക് എത്തിപ്പെടാൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ വച്ച് ഡയാലിസിസ് നൽകുക എന്നതാണ് മൊബൈൽ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനരീതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്ത സംരംഭമായി സഞ്ചരിക്കുന്ന ഡയാലിസിസ് യൂണിറ്റുകൾ സജ്ജമാക്കാവുന്നതാണ്.

നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകളുടെ പ്രവർത്തനക്ഷമത വർധിപ്പിച്ചുകൊണ്ട് ഷിഫ്റ്റുകളുടെ എണ്ണം വർധിപ്പിക്കുന്നത് കൂടുതൽ രോഗികൾക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗകര്യം സൃഷ്ടിക്കുന്നതാണ്. ഇതിനായി വേണ്ടിവരുന്ന അധിക മാനവശേഷി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വഹിക്കാവുന്നതാണ്.

വരുമാന പരിധിക്ക് വിധേയമായി, എല്ലാ വിഭാഗം വൃക്ക രോഗികൾക്കും ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം, ആഴ്ചയിൽ 1000 രൂപാക്രമത്തിൽ ഒരു മാസം പരമാവധി 4000 രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്ന രീതിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ധനസഹായം സർക്കാർ ആശുപത്രിക്ക് എന്നപോലെ ഡയാലിസിസ് നടത്തിയ സ്വകാര്യ ആശുപത്രിക്കും നൽകാവുന്നതാണെന്ന് 28-05-2022-ലെ സ.ഉ. (കൈ)നം.115/2022/തസ്വഭവ. നമ്പർ ഉത്തരവിൽ (ഖണ്ഡിക 7.6.7 പ്രകാരം) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ

വിഹിതവും പദ്ധതിക്കായി ഉപയോഗിക്കാവുന്നതാണ്. ഡയാലിസിസിനുള്ള ധനസഹായ തുക ജില്ലയ്ക്ക് വെളിയിലുള്ള ആശുപത്രികളിലേയ്ക്കും നൽകാവുന്നതാണെന്ന് 18-09-2022-ലെ ഡി.എ 1/151/2022-തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് വ്യക്തമാക്കിയിട്ടുണ്ട്. ഇതിലൂടെ ഡയാലിസിസ് കേന്ദ്രങ്ങളുടെ അപര്യാപ്തത കുറയ്ക്കുന്നതിനും ജനങ്ങൾക്ക് സൗജന്യമായി സർക്കാർ സംവിധാനത്തിലോ പ്രൈവറ്റ് ആശുപത്രികളിലോ ഡയാലിസിസ് ചെയ്യാവുന്ന രീതി സംജാതമാവുകയും ചെയ്യുന്നു.

(b) <u>ശ്രീ. ഇ. കെ. വിജയൻ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ</u>

നാദാപുരം മണ്ഡലത്തിലെ മലയോര മേഖലയായ വാണിമേൽ ചെക്യാട് ഗ്രാമപഞ്ചായത്തുകളിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡിന് നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെടുത്തി 2.42 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടി പദ്ധതി കരാറുകാരൻ ഉപേക്ഷിച്ചുപോയതിനാൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായ കേരള

സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന റീടെൻഡർ നടത്തി പുതിയ കരാറുകാരനെ ചുമതലപ്പെടുത്തിയെങ്കിലും നബാർഡ് RIDF 20 സ്കീമിന്റെ പൂർത്തീകരണ കാലാവധിയായ 31-03-2022-ൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് പ്രസ്തുത റോഡ് നിർമ്മാണം സംസ്ഥാന സർക്കാർ ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുക ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ്/എൽ.എസ്.ജി.ഡി. മുഖേന അവശേഷിക്കുന്ന റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് PWD എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിരുന്നു. PWD ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രദേശത്തിന്റെ സാഹചര്യമനുസരിച്ച് സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ പരിശോധിച്ച് ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ ശിപാർശ സഹിതം പ്രൊപ്പോസൽ സമർപ്പിക്കാൻ കോഴിക്കോട് TDO-യ്ക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ഉടൻതന്നെ ലഭ്യമാക്കി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് മുമ്പാകെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.